കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 17, തിങ്കൾ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 – നമ്പർ 16

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 17, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം **പേജ്**

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

നെല്ല് സംഭരണം

- ശ്രീ. അനൂപ് ജേക്കബ്

(അവതരണാനുമതി നിഷേധിച്ചു)

III ശ്രദ്ധ ക്ഷണിക്കൽ

(1) സർക്കാർ മേഖലയിൽ കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കൽ

- ശ്രീമതി സി. കെ. ആശ

(2) കേരള റാഗിങ് നിരോധന നിയമ ഭേദഗതി

- ശ്രീ. എൻ. ഷംസുദ്ദീൻ

IV സബ്മിഷൻ

(1) റാന്നിയിലെ കർഷകർക്ക് പട്ടയം

-ശ്രീ. പ്രമോദ് നാരായൺ

(2) ബി.പി.എൽ. കുടുംബങ്ങൾക്ക് ജലനിധി പദ്ധതി പ്രകാരമുള്ള വാട്ടർ ചാർജിൽ കുറവ് വരുത്തൽ

-ശ്രീ. വി. ആർ. സുനിൽ കുമാർ

(3) അത്തിരിലെ വെള്ളക്കെട്ട്

-ശ്രീമതി ദെലീമ

(4) ആലപ്പാട് സമഗ്ര പുലിമുട്ട് പദ്ധതി

-ശ്രീ. സി. ആർ. മഹേഷ്

(5) കുറ്റ്യാടിയിലെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കൽ

-ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

(6) കേരള സഹകരണ ചട്ട ഭേദഗതി

-ശ്രീ. യു. എ. ലത്തീഫ്

(7) വിശ്വകർമ്മ വിഭാഗക്കാർക്ക് പ്രത്യേക സംരക്ഷണ പാക്കേജ്

-ഡോ. മാത്യു കുഴൽനാടൻ

(8) കുണ്ടറ താലൂക്കാശുപത്രിയിലെ സ്റ്റാഫ് നിയമനം

-ശ്രീ. പി. സി. വിഷ്ണുനാഥ്

V ബജറ്റ് രേഖകളിന്മേലുള്ള തിരുത്തലുകളുടെ സമർപ്പണം

-ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ)

VI ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ XII – പൊലീസ്

ധനാഭ്യർഥന നമ്പർ XIII – ജയിലുകൾ

ധനാഭ്യർഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും

ധനാഭ്യർഥന നമ്പർ XXIII – വാർത്താവിതരണവും പ്രചരണവും

ധനാഭ്യർഥന നമ്പർ XXVI – പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 17, തിങ്കൾ

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 16

നിയമസഭ 2025 മാർച്ച് മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*301)

കാൻസർ ഗ്രിഡ്

1 (*301) ശ്രീ. വി. ജോയി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരേ നിലവാരത്തിലുള്ളതും ചെലവ് കുറഞ്ഞതുമായ കാൻസർ പരിചരണം ലഭ്യമാക്കുന്നതിന് കാൻസർ ഗ്രിഡ് സംവിധാനം എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിലൂടെ ഏകീകൃത ചികിത്സാ പ്രോട്ടോക്കോളും മാർഗനിർദേശങ്ങളും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം കാൻസർ രോഗനിർണ്ണയം, ചികിത്സ, ഗവേഷണം എന്നീ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ വിവരിക്കാമോ; വ്യക്തമാക്കുമോ;

(ഡി) എല്ലാ ജനവിഭാഗങ്ങൾക്കും കാൻസർ ചികിത്സ ഉറപ്പാക്കുന്നതിന് കാൻസർ ഗ്രിഡ് മാപ്പിങ് ഫലപ്രദമാണോ; എങ്കിൽ ആയതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, (എ) നവകേരള കർമ്മപദ്ധതി-2 ആർദ്രം മിഷന്റെ ഭാഗമായി പത്ത് പ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഈ കാലഘട്ടത്തിൽ നടന്നുവരുന്നത്. അതിൽ ഒന്നാണ് കാൻസർ രോഗ നിയന്ത്രണവും രോഗ പ്രതിരോധവും. കാൻസർ രോഗികളെയും രോഗ ചികിത്സാ സംവിധാനങ്ങളെയും രോഗനിർണ്ണയത്തിനുള്ള ലാബുകളെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെയും ഏകോപിപ്പിക്കുന്നതിനായി എല്ലാ

ജില്ലകളിലും ആരോഗ്യ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഒരു ശൃംഖലയാണ് കാൻസർ ഗ്രിഡ്. സംസ്ഥാനത്തെ മൂന്ന് കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിലെ കാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് കാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തിക്കുന്നത്.

2025 ഫെബ്രുവരി മാസം നാലാം തീയതി 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ കാമ്പയിൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത സമയത്ത് കാൻസർ ഗ്രിഡിന്റെ പ്രകാശനവും നിർവഹിച്ചു. കാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമായതിലൂടെ വ്യക്തികൾക്ക് തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽത്തന്നെ കാൻസർ സ്ക്രീനിങ്, പ്രാഥമിക രോഗനിർണ്ണയ പരിശോധനകൾ, പ്രാഥമിക ലാബ് പരിശോധനകൾ എന്നിവ നടത്താൻ സാധിക്കുന്നതും തുടർ പരിശോധനകളും ചികിത്സയും ആവശ്യമായിവന്നാൽ അവ ലഭ്യമായ തൊട്ടടുത്തുള്ള ആശുപത്രികൾ വഴിയും തുടർപരിചരണം ആവശ്യമായിവന്നാൽ അത് കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കാനും സാധിക്കും. കാൻസർ രോഗ സാധ്യതയുള്ളവരെ കുടുംബാരോഗ്യ കേന്ദ്രതലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്താനുള്ള ലാബ് നെറ്റ്വർക്ക് സംവിധാനവും കാൻസർ ഗ്രിഡിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കാൻസർ സ്ക്രീനിങ് ആവശ്യമായ വ്യക്തികൾക്കും കാൻസർ രോഗികൾക്കും സേവനദാതാക്കൾക്കും സേവനങ്ങൾ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലൂടെതന്നെ

ലഭ്യമാക്കാൻ സാധിക്കുന്നുയെന്നതാണ് കാൻസർ ഗ്രിഡിന്റെ പ്രത്യേകത. ഇതിലൂടെ രോഗികൾക്ക് ഏറ്റവും സമീപത്തുള്ളതും ചെലവ് കുറഞ്ഞതുമായ ലാബുകളും ചികിത്സാ കേന്ദ്രങ്ങളും തിരഞ്ഞെടുക്കാനും കൃത്യമായ റഫറൽ സംവിധാനം നടപ്പിലാക്കാനും ആശയക്കുഴപ്പങ്ങളും മറ്റ് ബുദ്ധിമുട്ടുകളും ഒഴിവാക്കാനും സാധിക്കുന്നു. ഇതുകൂടാതെ, കാൻസറിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, കാൻസർ പ്രാരംഭഘട്ടത്തിൽതന്നെ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിലൊരുക്കുക, കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെയും ഉൾപ്പെടുത്തി കാൻസർ കെയർ നെറ്റ്വർക്ക് രൂപീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ സംസ്ഥാനത്ത് സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ കാൻസർ പരിരക്ഷ ഉറപ്പാക്കുന്നതിനും കാൻസർ രോഗനിർണ്ണയം, ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് സംസ്ഥാന സർക്കാർ കാൻസർ ഗ്രിഡ് രൂപീകരിച്ചത്. ഇതിലൂടെ വ്യക്തികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തുനിന്നും 50 കിലോമീറ്റർ ചുറ്റളവിൽ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും സൗകര്യമുള്ള ആശുപത്രികളുടെ സേവനം തേടാവുന്നതാണ്.

(ബി) സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പുമായും ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള പ്രോട്ടോക്കോളുകളും മാർഗനിർദേശങ്ങളും പിന്തുടരുന്നതുമായ കാൻസർ ചികിത്സാ കേന്ദ്രങ്ങളെയാണ് കാൻസർ ഗ്രിഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഏകീകൃത മാനദണ്ഡങ്ങളും പ്രവർത്തനരീതികളുമാണ് കാൻസർ

ഗ്രിഡിന്റെ ഭാഗമായ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ടത്. ഇതിലൂടെ എല്ലാ ജില്ലകളിലുമുള്ളവർക്ക് ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ ചികിത്സാ രീതികൾ അവലംബിക്കാൻ സാധിക്കുന്നതാണ്. സർക്കാർ മേഖലയിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ആരംഭിച്ച ഈ ഗ്രിഡിൽ സ്വകാര്യ സംരംഭകരെയും ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ കാൻസർ ചികിത്സാ പ്രോട്ടോക്കോളുകൾ, ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്ന ആശുപത്രികളിലെ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണ് ചെയ്യുന്നത്. സർക്കാർ നിർദേശപ്രകാരം രൂപീകരിച്ച കാൻസർ ചികിത്സാ രംഗത്തെ വിദഗ്ധർ അടങ്ങുന്ന സമിതി വിവിധ അർബുദങ്ങൾക്കുള്ള ചികിത്സാ മാനദണ്ഡങ്ങൾ അടങ്ങിയ പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരത്തിൽ കാൻസർ ചികിത്സാ രംഗത്ത് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിന്റെ ഭാഗമായി വിവിധ അർബുദങ്ങൾക്ക് ചികിത്സാ പ്രോട്ടോക്കോളുകൾ തയ്യാറാക്കിയതിലൂടെ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ചെലവുകൾ കുറയ്ക്കുന്നതിനും രോഗ അതിജീവന സാധ്യത, കാൻസർ അതിജീവിതരുടെ ജീവിത ഗുണനിലവാരം എന്നിവ വർധിപ്പിക്കുന്നതിനും സഹായകരമാകും. 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ കാമ്പയിന്റെ ഭാഗമായും സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവയുടെ സ്ക്രീനിങ്, ലാബ് പരിശോധനകൾ എന്നിവ നടത്തുന്നതിനുള്ള പ്രോട്ടോക്കോളും മാർഗനിർദേശങ്ങളും പ്രസിദ്ധീകരിച്ചിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാൻസർ ചികിത്സാരംഗത്ത്

ഒട്ടനവധി അതിനൂതന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആർദ്രം ആരോഗ്യം ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗനിർണ്ണയ കാമ്പയിന്റെ ഭാഗമായി 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളെയും കാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്ത് രോഗനിർണ്ണയവും ചികിത്സയും ഉറപ്പാക്കുന്നു. കാമ്പയിന്റെ ഭാഗമായി പ്രാഥമിക തലം മുതലുള്ള എല്ലാ ആശുപത്രികളിലും കാൻസർ സ്ക്രീനിങ് നടത്താനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കാൻസർ രോഗ സാധ്യതയുള്ളവരെ കുടുംബാരോഗ്യകേന്ദ്രതലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്താനുള്ള ലാബ് നെറ്റ്വർക്ക് സംവിധാനവും കാൻസർ ഗ്രിഡിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ കാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലകളിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വികേന്ദ്രീകൃത കാൻസർ ചികിത്സയുടെ ഭാഗമായി 25 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും സർക്കാർ മേഖലയിൽ ആദ്യമായി കാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. മലബാർ കാൻസർ സെന്ററിനെ 562.25 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആൻഡ് റിസർച്ചായി ഉയർത്തി. ആർ.സി.സി.-യിലും എം.സി.സി.-യിലും ഡിജിറ്റൽ

പാത്തോളജി മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിച്ചു. ഗർഭാശയഗള കാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' ആർ.സി.സി വികസിപ്പിച്ചു. ഇതിന് യു.എൻ.-ന്റെ പുരസ്കാരവും ലഭിച്ചു. മലബാർ കാൻസർ സെന്ററിൽ അതിനൂതന കാർ ടി-സെൽ തെറാപ്പി, കണ്ണിലെ കാൻസർ ചികിത്സിക്കാനുള്ള ഒക്യുലാർ പ്ലാക് ബ്രാക്കിതെറാപ്പി എന്നിവ വിജയകരമായി നടപ്പിലാക്കി.

വിലകൂടിയ കാൻസർ മരുന്നുകൾ സംസ്ഥാനത്തെ തിരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ് പദ്ധതിയും നടന്നുവരുന്നു. ഈ പദ്ധതി വഴി കേവലം 5 മാസംകൊണ്ട് രണ്ടരക്കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. പൊതുവിപണിയിലെ വിലയേക്കാൾ 88 ശതമാനം വരെ വില കുറച്ച് ലാഭമില്ലാതെയാണ് കാൻസർ മരുന്നുകൾ വിതരണം നടത്തിയത്. ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ കൗണ്ടറുകളാണ് സ്ഥാപിച്ചത്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ആശുപത്രികളിലൂടെ നൽകുന്ന കാൻസർ മരുന്നുകൾക്ക് ഇരട്ടി തുകയാണ് കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ചിട്ടുള്ളത്. 2024-25 വർഷം 27.43 കോടി രൂപയുടെ കാൻസർ മരുന്നുകളാണ് കെ.എം.എസ്.സി.എൽ.-ലൂടെ വിവിധ കാൻസർ ചികിത്സാ കേന്ദ്രങ്ങളായ മെഡിക്കൽ കോളേജ്, ജില്ലാ - ജനറൽ ആശുപത്രികൾ വഴി വിതരണം നടത്തിയത്.

'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ

കാമ്പയിൻ സംസ്ഥാനത്ത് നടപ്പാക്കിയതിലൂടെ ആദ്യ ഒരുമാസക്കാലയളവിൽ മാത്രം 12 ലക്ഷത്തോളം പേർക്ക് കാൻസർ സ്ക്രീനിങ് നടത്തുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് മാത്രമായി നടത്തിയ കാമ്പയിനിൽ 45,000-ഓളം പേരെ കാൻസർ സ്ഥിരീകരണത്തിനുള്ള വിവിധ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തു.

കാൻസറിനെക്കുറിച്ചുള്ള ഗവേഷണം റീജിയണൽ കാൻസർ സെന്ററുകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളും വഴിയാണ് നടപ്പാക്കേണ്ടത്. ഇത്തരത്തിൽ വിവിധ മെഡിക്കൽ കോളേജുകളിൽ കാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിങ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി മുതലായ അത്യാധുനിക സൗകര്യങ്ങൾ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ, റേഡിയേഷൻ ചികിത്സ എന്നിവയും കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി. സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3D CRT, IMRT, Arc Therapy എന്നിവ നൽകിവരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിൽ 2022-ൽ സർജിക്കൽ ഓങ്കോളജി വിഭാഗം

ആരംഭിച്ച്, സർജിക്കൽ ഓങ്കോളജിയും മറ്റു ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക കാൻസർ ശസ്ത്രക്രിയകൾ നടത്തിവരുന്നു. BMT (Bone Marrow Transplantation) ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇവിടെ ഒ.പി./ഐ.പി. വിഭാഗങ്ങളും റഫറൽ സിസ്റ്റവും നന്നായി പ്രവർത്തിച്ചുവരുന്നു. കാൻസർ ഗവേഷണ രംഗത്ത് KMR, SBMR, State-Central സംയുക്ത പ്രോജക്ടുകളും നടന്നുവരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ രണ്ട് ഡോക്ടർമാരും അഡ്വാൻസ്ഡ് ലാപ്രോസ്കോപ്പിക്, തൊറാക്കോസ്കോപ്പിക് ശസ്ത്രക്രിയകളിൽ പരിശീലനമുള്ളവരാണ്. അഡ്വാൻസ്ഡ് ഉപകരണങ്ങൾ വാങ്ങാനായി പ്ലാൻ ഫണ്ടിൽനിന്നും 5.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ലഭ്യമായാൽ നിലവിൽ സ്വകാര്യ ആശുപത്രികളിലും ആർ.സി.സി.-യിലും മാത്രം ചെയ്യുന്ന ആധുനിക ഓങ്കോളജി ശസ്ത്രക്രിയകളും തൃശ്ശൂരിലെ നെഞ്ച് രോഗാശുപത്രിയിൽ ചെയ്യാൻ സാധിക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല കാൻസർ സെന്ററിൽ നിലവിൽവന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതന ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ രോഗ വിഭാഗത്തിൽ പുതുതായി മെഡിക്കൽ ഓങ്കോളജി തസ്തിക അനുവദിക്കുകയും നൂതന ലീനിയർ ആക്സിലറേറ്റർ പ്രവർത്തിച്ചുവരികയുമാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ സംബന്ധമായ ഗവേഷണങ്ങൾ അധ്യാപകരും പി.ജി. വിദ്യാർഥികളും നടത്തിവരുന്നുണ്ട്.

അതോടൊപ്പംതന്നെ ചില മെഡിക്കൽ കോളേജുകളിൽ ഐ.സി.എം.ആർ. സഹായത്തോടെ കാൻസർ ഗവേഷണവും നടക്കുന്നുണ്ട്. ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർദേശീയ ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിപ്പാർട്ടുമെന്റ് ഓഫ് ഓങ്കോളജി 2022-ൽ ആരംഭിച്ചു. അതിനൂതന റേഡിയേഷൻ ചികിത്സാ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Simulator (2024), Treatment Planning System എന്നിവ High Precision, State of the Art റേഡിയേഷൻ ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ഈ സംവിധാനങ്ങൾ വഴി നൂതന റേഡിയേഷൻ ചികിത്സാ രീതികളായ 3D CRT, IMRT, Arc Therapy എന്നിവ നൽകുന്നു. ഈ ചികിത്സാ രീതികൾ സർക്കാർ സ്കീമുകളായ കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.), മെഡിസെപ്, ഇ.എസ്.ഐ. എന്നിവയിൽകൂടി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു. ഈ സ്കീമുകൾ വഴി വിലയേറിയ കാൻസർ മരുന്നുകളും സൗജന്യമായി നൽകുന്നു.

മലബാർ കാൻസർ സെന്ററിൽ തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു. പുതുതായി നിർമ്മിച്ച ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്- സ്കാൻ, സ്പെക്ട് സ്കാൻ, റേഡിയോ ന്യൂക്ലിഡ് തെറാപ്പി യൂണിറ്റ്, പെറ്റ് സി.ടി. സ്കാനർ എന്നിവയുള്ള ന്യൂക്ലിയർ മെഡിസിൻ വകുപ്പ് പ്രവർത്തനക്ഷമമാണ്. ഫോറസ്റ്റ് എഫ്-18 പി.എസ്.എം.എ. സ്കാൻ കേരളത്തിൽ ആദ്യമായി

സ്ഥാപിച്ചു. കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സാ വിഭാഗമായ ഒക്യുലർ ഓങ്കോളജി ആരംഭിച്ചു. ആദ്യത്തെ ഇൻട്രാ അർറ്റീരിയൽ കീമോതെറാപ്പി നടത്തി. അഞ്ചോളം പ്രൊസീജ്യുവർ ഇതുവരെ വിജയകരമായി ചെയ്യാൻ സാധിച്ചു. രോഗബാധിത കോശങ്ങളെ സംഭരിച്ച് ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കാനുള്ള ബയോ ബാങ്ക് സംവിധാനം 05-05-2021-ന് ആരംഭിച്ചു. ഏകദേശം മൂവായിരത്തിലധികം സാമ്പിളുകൾ ഇതുവഴി ശേഖരിക്കാൻ സാധിച്ചു. എല്ലാ ലബോറട്ടറികൾക്കും NABL അക്രഡിറ്റേഷനും NABH റീ-അക്രഡിറ്റേഷനും ലഭിച്ചു. റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി താക്കോൽദ്വാര ശസ്ത്രക്രിയാ രീതി അവലംബിച്ച് കൂടുതൽ സുരക്ഷിതവും ഫലപ്രദവുമായി ചെയ്യാൻ സാധിക്കുന്ന റോബോട്ടിക് ശസ്ത്രക്രിയകൾ 28-05-2024-ന് ആരംഭിച്ചു. ഇതുവരെ 124 റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി. കുട്ടികളുടെ മജ്ജമാറ്റിവയ്ക്കൽ 35 എണ്ണം അടക്കം 257-ലധികം മജ്ജ മാറ്റിവയ്ക്കൽ ചികിത്സ വിജയകരമായി പൂർത്തീകരിച്ചു. കുട്ടികളിലെ താലസീമിയയ്ക്കുള്ള മജ്ജ മാറ്റിവയ്ക്കൽ 18-01-2024-ന് ആരംഭിച്ചു. റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 3 Tesla MRI, Dexa Scan, Galium Generator എന്നിവ ഉപയോഗിച്ചുള്ള രോഗനിർണ്ണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. NABH-ഡിജിറ്റൽ ഹെൽത്ത് സ്റ്റാൻഡേർഡ് അക്രഡിറ്റഡ് - സിൽവർ ലെവൽ അംഗീകാരം ലഭിച്ചു. കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി, തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന CAR-T സെൽ തെറാപ്പി 19-07-2024-ന് പ്രവർത്തനമാരംഭിച്ചു. ഇതുവരെയായി 3 CAR-T സെൽ തെറാപ്പി ചെയ്തുകഴിഞ്ഞു.

കിഫ്ബി ഫേസ് - 1 പദ്ധതിയിലുൾപ്പെടുത്തി 4 നിലകളോടുകൂടിയ കെട്ടിട സമുച്ചയം - ട്രീറ്റ്മെന്റ് ആൻഡ് അക്കാഡമിക് ബ്ലോക്ക്- 84 ബെഡുകളോടുകൂടിയ കീമോതെറാപ്പി വാർഡും പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂഷൻ ഉയർത്തുന്നതിന്റെ ഭാഗമായി റേഡിയേഷൻ, സർജിക്കൽ, മെഡിക്കൽ ഓങ്കോളജി വിഭാഗങ്ങളും ഗവേഷണ സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നവീകരിച്ച ബ്ലഡ്ബാങ്ക്, ബയോകെമിസ്ട്രി ലാബ്, മൈക്രോബയോളജി ലാബ് എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനുള്ള കെട്ടിടവും ഒരുങ്ങിയിട്ടുണ്ട്.

മലബാർ കാൻസർ സെന്റർ ഇന്നൊവേഷൻ, ഇൻകുബേഷൻ നെസ്റ്റ് (MIINT) പ്രവർത്തനമാരംഭിച്ചു. മലബാർ കാൻസർ സെന്ററിന്റെ ഇൻക്യുബേഷൻ ഫെസിലിറ്റിയായ MIINT-ൽ നിലവിൽ മൂന്ന് സ്റ്റാർട്ടപ്പ് കമ്പനികൾ ഇൻക്യുബേറ്റുകളായുണ്ട്. നാലാമത്തെ സ്റ്റാർട്ടപ്പ് കമ്പനിയുടെ ഇൻക്യുബേഷൻ നടപടികൾ നടന്നുവരുകയും ചെയ്യുന്നു. ഫെബ്രുവരി മാസം 15-ാം തീയതി MIINT-ന്റെ നേതൃത്വത്തിൽ നടന്ന ഹാക്കത്തോൺ പരിപാടിയിൽ മെഡിക്കൽ പ്രാക്ടീസ് മേഖലയിൽ ആവശ്യമായ അൻപതിൽപ്പരം പ്രശ്ന പ്രസ്താവനകൾ അവതരിപ്പിക്കപ്പെടുകയും അവയുടെ ശാസ്ത്രീയവും വാണിജ്യപരവുമായ സാധ്യതകളെ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ ഐ.ഐ.ടി. മദ്രാസിലെയും എൻ.ഐ.ടി. കോഴിക്കോടിലെയും വിവിധ എഞ്ചിനീയറിങ് കോളേജുകളിലെയും വിദ്യാർഥികളും സ്റ്റാർട്ടപ്പ് കമ്പനികളും പങ്കെടുത്തു. ഹാക്കത്തോണിൽനിന്നും കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി വിഷയ വിദഗ്ധർ

അടങ്ങുന്ന ഗ്രൂപ്പുകളും രൂപീകരിച്ചു. കേരളത്തിലെ കാൻസർ കേസുകളുടെ ഗണ്യമായ വർധനവിന് അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായ ഇടപെടലുകൾ വികസിപ്പിക്കുന്നതിനും മലബാർ കാൻസർ സെന്ററിൽ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ ബ്രെസ്റ്റ് കാൻസറിന്റെ പാരമ്പര്യ ജനിതക പ്രത്യേകതകൾ മനസ്സിലാക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ വളരെ ഊർജിതമായി നടന്നുവരുന്നു. ബ്രെസ്റ്റ് ഡിസീസ് പോലുള്ള ഉന്നത ജേർണലുകളിൽ ഈ പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ വായിലെ കാൻസറിനെക്കുറിച്ചുള്ള പഠനം ഐ.സി.എം.ആർ. സാമ്പത്തിക സഹായത്തോടെ നടന്നുവരുന്നു. ഗർഭാശയഗള കാൻസറിന്റെ കാരണക്കാരനായ HPV വൈറസിനെ തിരിച്ചറിയാനുള്ള നൂതന ഉപകരണം നിർമ്മിക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ C-MET-മായി ചേർന്ന് നടക്കുന്നു. ഇതുകൂടാതെ കാൻസർ ചികിത്സയ്ക്കാവശ്യമായ വാക്സിനുകൾ, CAR-T സെൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി ഗവേഷണ സ്ഥാപനങ്ങളായ കണ്ണൂർ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് മലബാർ കാൻസർ സെന്റർ പ്രവർത്തിച്ചുവരുന്നു.

കാൻസർ രോഗത്തിന് കാരണക്കാരായ പാരിസ്ഥിതിക കാർസിനോജനുകൾ തിരിച്ചറിയുക എന്നതും വളരെ ആവശ്യമുള്ള കാര്യമാണ്. ഉയർന്ന കാൻസർ നിരക്കുള്ള പ്രദേശങ്ങളിൽ പരിസ്ഥിതി നിരീക്ഷണവും എക്സ്പോഷർ വിലയിരുത്തലും നടത്തുകയും അതുപോലെ നിത്യോപയോഗ സാധനങ്ങളിലുള്ള കാർസിനോജിനുകളുടെ അളവ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും വേണം. അതിനുള്ള

ഗവേഷണ പ്രവർത്തനങ്ങൾ മലബാർ കാൻസർ സെന്ററിൽ ആരംഭിക്കാനുള്ള ശ്രമങ്ങൾ പ്രാഥമിക ഘട്ടത്തിലാണ്.

ട്യൂണിങ് അഫിനിറ്റി വഴി മെച്ചപ്പെട്ട പ്രവർത്തനവും തിരഞ്ഞെടുക്കലുമുള്ള ഒരു പുതിയ CD19 അടിസ്ഥാനമാക്കിയുള്ള CAR-T സിസ്റ്റത്തിന്റെ രൂപകൽപനയും വികസനവും- മലബാർ കാൻസർ സെന്റർ, സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ്, എസ്.ആർ.എം. ചെന്നൈ, എസ്.എസ്.എസ്.ഐ.എച്ച്.എൽ. ഹൈദരാബാദ് ഉൾപ്പെടെയുള്ളവർ ചേർന്നുള്ള ഒരു മൾട്ടി ഇൻസ്റ്റിറ്റ്യൂട്ട് പ്രോജക്ട്. മെച്ചപ്പെട്ട കാൻസർ ചികിത്സാ ഫലങ്ങൾക്കായി CAR-T സെൽ തെറാപ്പി സമഗ്രമായി പര്യവേക്ഷണം ചെയ്യാനും മെച്ചപ്പെടുത്താനും പഠനം ലക്ഷ്യമിടുന്നു.

ട്രിപ്പിൾ നെഗറ്റീവ് സ്തനാർബുദത്തിനെതിരായ മൾട്ടി-എപിടോപ്പ് വാക്സിനുകളുടെ രൂപകൽപനയും വികസനവും - മലബാർ കാൻസർ സെന്റർ- പി.ജി.ഐ.ഒ.എസ്.ആർ, കണ്ണൂർ സർവകലാശാല, കാലിക്കറ്റ് സർവകലാശാല എന്നിവയുൾപ്പെടെയുള്ള മറ്റൊരു മൾട്ടി ഇൻസ്റ്റിറ്റ്യൂട്ട് പ്രോജക്ടാണിത്. ഈ ഗവേഷണത്തിൽ ട്രിപ്പിൾ നെഗറ്റീവ് ബ്രെസ്റ്റ് കാൻസറിനെതിരെയുള്ള വാക്സിൻ വികസിപ്പിക്കാനാണ് പദ്ധതിയിടുന്നത്.

മരുന്ന് പരിശോധനയ്ക്കായി അഡിപ്പോസൈറ്റും രോഗപ്രതിരോധ കോശങ്ങളുമുള്ള സ്തനാർബുദ കോശങ്ങളുടെ ത്രിമാന (3D) ഓർഗാനോടൈപ്പിക് കോ-കൾച്ചർ സിസ്റ്റം വികസിപ്പിക്കൽ - കീമോതെറാപ്പി സ്ക്രീനിങ് ടൂളിനായുള്ള 3D കൾച്ചർ സിസ്റ്റത്തിന്റെ വികസനത്തിൽ ഈ പഠനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഐ.സി.എം.ആർ. ധനസഹായത്തോടെ ഓറൽ കാൻസറിൽ രണ്ട് പ്രോജക്ടുകൾ -

എക്സ്ട്രാ സെല്ലുലാർ വെസിക്കിൾ പ്രോട്ടീൻ പ്രൊഫൈലുകളെ ഉപയോഗിച്ച് ബ്രെയിൻ ട്യൂമർ നിർണ്ണയിക്കാനുള്ള കഴിവിനെ വിശകലനം ചെയ്യുക, മസ്തിഷ്ക അർബുദം നേരത്തേ കണ്ടെത്തുന്നതിനും അപകടസാധ്യതയുള്ള സ്ട്രാറ്റിഫിക്കേഷനും ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് വ്യക്തിഗത ചികിത്സാ തന്ത്രങ്ങൾ നയിക്കുന്നതിനുമുള്ള ബയോമാർക്കർ സിസ്റ്റമായി EV പ്രോട്ടീനുകൾ സ്ഥാപിക്കുക എന്നിവ പദ്ധതി ലക്ഷ്യമിടുന്നു.

ഓറൽ സ്ക്വാമസ് സെൽ കാർസിനോമയുടെ ചികിത്സയ്ക്കായി നിയന്ത്രിത ഇൻട്രാ-ട്യൂമറൽ ഡ്രഗ് ഡെലിവറി കാരിയർ സിസ്റ്റത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുക - ഓറൽ സ്ക്വാമസ് സെൽ കാർസിനോമ (OSCC) ആഗോളതലത്തിൽ ഒരു ശക്തമായ ആരോഗ്യ വെല്ലുവിളിയായി നിലകൊള്ളുന്നു. വിവിധ കീമോ മരുന്നുകൾ ബന്ധിപ്പിക്കുന്നതിനും പുറത്തുവിടുന്നതിനുമുള്ള ചിറ്റോസന്റെയും ടെമ്പോ-ഓക്സിഡൈസ്ഡ് നാനോസെല്ലുലോസ് അടിസ്ഥാനമാക്കിയുള്ള പാച്ചുകളുടെയും ഫലപ്രാപ്തി വിലയിരുത്തുക, നിയന്ത്രിത റിലീസിനൊപ്പം മൾട്ടിഡ്രഗ് കോമ്പിനേഷനുകൾ ലോഡുചെയ്യുന്നതിന് അവയുടെ സാധ്യതകൾ വിലയിരുത്തുക എന്നിവയാണ് പഠനം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ടിഷ്യൂകളിലെ പ്രതികൂല ഫലങ്ങൾ കുറയ്ക്കുന്നതിന് മെച്ചപ്പെട്ട ഓറൽ കാൻസർ ചികിത്സയ്ക്കായി നൂതന ചികിത്സാരീതികൾ സംഭാവന ചെയ്യാൻ ഈ ഗവേഷണം ശ്രമിക്കുന്നു.

റെറ്റിനോബ്ലാസ്റ്റോമയ്ക്കുള്ള നാനോ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള മരുന്ന് വിതരണ സംവിധാനത്തിന്റെ വികസനം - റെറ്റിനോബ്ലാസ്റ്റോമ എന്നത് കുട്ടിക്കാലത്തെ ഏറ്റവും സാധാരണമായ നേത്ര അർബുദമാണ്. ഇത് ആഗോളതലത്തിൽ ഉയർന്ന

മരണനിരക്കിന് കാരണമാകുന്നു. പ്രത്യേകിച്ച് അതിജീവന നിരക്ക് 50 ശതമാനത്തിൽ താഴെയുള്ള താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിൽ കീമോതെറാപ്പി, റേഡിയോ തെറാപ്പി, ന്യൂക്ലിയേഷൻ തുടങ്ങിയ നിലവിലെ ചികിത്സകൾ പലപ്പോഴും വ്യവസ്ഥാപരമായ വിഷാംശത്തിനും ചികിത്സാ പ്രതിരോധത്തിനും കാരണമാകുന്നു. കീമോതെറാപ്പി ഡെലിവറിയുടെ കൃത്യത വർധിപ്പിക്കുന്നതിനും വ്യവസ്ഥാപരമായ വിഷാംശം കുറയ്ക്കുന്നതിനും ചികിത്സാ പ്രതിരോധത്തെ മറികടക്കുന്നതിനും എക്സോസോമുകൾ പ്രയോജനപ്പെടുത്താൻ ഈ പഠനം ലക്ഷ്യമിടുന്നു.

(ഡി) എല്ലാ ജനവിഭാഗങ്ങൾക്കും കാൻസർ ഗ്രിഡ് ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കാൻസർ ഗ്രിഡിനെ ഡിജിറ്റൈസ് ചെയ്യുന്നതിന് ഒരു പദ്ധതി തയ്യാറാക്കുകയും ഇതിന്റെ ഫണ്ട് ലഭ്യമാകുന്നതിന് ദേശീയ ആരോഗ്യ ദൗത്യം വഴി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സ്വകാര്യ ആശുപത്രികളെയും സ്വകാര്യ ലാബുകളെയും ഉൾപ്പെടുത്തി കാൻസർ കെയർ ഗ്രിഡ് വിപുലീകരിക്കുന്നതിനാണ് സർക്കാർ പദ്ധതിയിടുന്നത്. ഇത്തരത്തിൽ കാൻസർ ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെയും ഏകോപിപ്പിക്കാനും സാധിക്കും. കാൻസർ കെയർ ഗ്രിഡ് പ്രകാരം കേരളത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും അവയുടെ രോഗനിർണ്ണയ, ചികിത്സാ സംവിധാനങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാപ്പിങ് നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ ഓരോ വ്യക്തിക്കും അവരുടെ വീടിന്റെ അൻപത് കിലോമീറ്റർ

ചുറ്റളവിൽ രോഗനിർണ്ണയ ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതുവഴി, ചെലവു കുറഞ്ഞതും വേഗത്തിൽ എത്തിപ്പെടാവുന്നതും മികച്ചതുമായ ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതുവഴി എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾക്ക് താങ്ങാവുന്ന ചികിത്സ ലഭ്യമാവുകയാണ്. കൂടാതെ, കാൻസർ ചികിത്സയ്ക്കായി ഇന്ന് സർക്കാരിന്റെ വിവിധ ചികിത്സ സഹായ പദ്ധതികൾ ഈ സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഈ നടപടികൾ എല്ലാ ജില്ലകളിലും പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, വികസിത മുതലാളിത്ത രാജ്യങ്ങൾപോലും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അർബുദ വ്യാപനം. അവിടങ്ങളിലെ മരണനിരക്കിന്റെ മുപ്പത് ശതമാനവും ഇതുമൂലമാണെന്ന കണക്കുകൾ പുറത്തുവന്നിരിക്കുകയാണ്. എന്നാൽ, ഇന്ത്യയിൽ ഇത് പത്ത് ശതമാനത്തോളം മാത്രമേയുള്ളൂ. നിലവിൽ സംസ്ഥാനത്തെ ആരോഗ്യരംഗം മെച്ചപ്പെട്ട നിലയിലാണ്. ലോകത്തുതന്നെ അഭിമാനകരമായ നേട്ടമാണ് പലകാര്യങ്ങളിലും കൈവരിക്കാൻ നമുക്ക് കഴിഞ്ഞത്. സംസ്ഥാനത്ത് വർധിച്ചുവരുന്ന കാൻസർ മഹാമാരിയെ പ്രതിരോധിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ, നവകേരള കർമ്മപദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ പത്ത് പ്രധാന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളിൽ ഒന്ന് കാൻസർ രോഗപ്രതിരോധമാണ്. സംസ്ഥാനത്ത് 65 മുതൽ 75 ശതമാനം വരെ ആളുകളിലും കാൻസർ രോഗം കണ്ടെത്തുന്നത് രോഗത്തിന്റെ മൂന്നാമത്തെയോ നാലാമത്തെയോ ഘട്ടത്തിലായതിനാൽ രോഗവും ചികിത്സയും

സങ്കീർണ്ണമാവുകയാണ്. കൂടാതെ ആരോഗ്യ പരിരക്ഷ സ്കീമുകൾക്ക് പുറത്തുള്ളവർക്കാണെങ്കിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ലോക കാൻസർ ദിനമായ ഫെബ്രുവരി നാലാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഗോള പൊതുജനാരോഗ്യ ചരിത്രത്തിൽ ഏറ്റവും ബൃഹത്തായ "ആരോഗ്യം ആനന്ദം - അകറ്റാം അർബുദം" എന്ന ജനകീയ കാൻസർ പ്രതിരോധ കാമ്പയിന് തുടക്കം കുറിച്ചത്. പന്ത്രണ്ട് മാസം നീണ്ടുനിൽക്കുന്ന ഈ കാമ്പയിന്റെ ആദ്യ ഒരുമാസം സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. 1374662 സ്ത്രീകളെ സ്ക്രീൻ ചെയ്തതിലൂടെ 120 പുതിയ കാൻസർ രോഗികളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കാമ്പയിൻ ഉണ്ടായിരുന്നില്ലെങ്കിൽ അവർക്ക് കാൻസർ രോഗമുണ്ടെന്ന് തിരിച്ചറിയാതെ പോകുമായിരുന്നു. തുടർപരിശോധന ആവശ്യമുള്ളവർക്ക് അതും നടത്തുന്നുണ്ട്. കാൻസർ രോഗംമൂലമുള്ള മരണം കുറയ്ക്കുകയും ടി രോഗത്തെ പ്രതിരോധിക്കുകയുമാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത രോഗം ആദ്യംതന്നെ കണ്ടെത്തി കൃത്യമായ ചികിത്സ ഉറപ്പാക്കുകയാണ് ചെയ്യേണ്ടത്. അതോടൊപ്പം ചികിത്സ വികേന്ദ്രീകരിക്കുന്നതിന് സംസ്ഥാന സർക്കാർ കൃത്യമായ ഇടപെടൽ നടത്തുന്നുമുണ്ട്. റീജിയണൽ കാൻസർ സെന്റർ (ആർ.സി.സി.), മലബാർ കാൻസർ സെന്റർ (എം.സി.സി.), കൊച്ചി കാൻസർ ആൻഡ് റിസർച്ച് സെന്റർ (സി.സി.ആർ.സി.), 6 മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ഹോസ്പിറ്റൽ, 1522 ആരോഗ്യ കേന്ദ്രങ്ങൾ, സി.എച്ച്.സി.-കൾ എന്നിവിടങ്ങളിൽ കാൻസർ സ്ക്രീനിങ് സംവിധാനമൊരുക്കിയിട്ടുണ്ട്. കീമോതെറാപ്പി, റേഡിയേഷൻ ഉൾപ്പെടെയുള്ളവ ജില്ലാ ആശുപത്രികളിലേയ്ക്കുകൂടി വികേന്ദ്രീകരിച്ചിട്ടുണ്ട്. പുതിയ ചികിത്സാ സംവിധാനങ്ങൾ

ആർ.സി.സി., എം.സി.സി എന്നിവിടങ്ങളിൽ വികസിപ്പിക്കുന്നുണ്ട്. ആർ.സി.സി.-ക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം അടുത്തിടെ ലഭിച്ചിട്ടുണ്ടായിരുന്നു. മരണനിരക്ക് കുറയ്ക്കുക, ചികിത്സ വികേന്ദ്രീകരിക്കുക എന്നിവയോടൊപ്പം ചികിത്സാചെലവ് പരമാവധി കുറയ്ക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. വി. ജോയി: സർ, എഴുപത് ശതമാനം അർബുദവും ഒരുപരിധിവരെ ചികിത്സയിലൂടെ തടയാമെന്നാണ് ചില പഠനങ്ങൾ പറയുന്നത്. എന്നാൽ, ഇന്ന് അമ്പത് ശതമാനം ആളുകളും രോഗത്തിന് കീഴ്പ്പെടുന്നതായാണ് കാണുന്നത്. ഇതിനൊരു പ്രധാനപ്പെട്ട കാരണം മരുന്നുകളുടെ വില വർധനവാണ്. കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ കുറയ്ക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

ശ്രീമതി വീണാ ജോർജ്ജ്: സർ, ആരോഗ്യ പരിരക്ഷാസ്കീമുകൾക്ക് പുറത്തുള്ളവർക്ക് കാൻസർ മരുന്നുകൾ മിതമായ വിലയ്ക്ക് നൽകുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. കഴിഞ്ഞ വർഷം സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി 'കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി' ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ഒരു ലാഭവും എടുക്കാതെ കമ്പനിവിലയ്ക്ക് രോഗികൾക്ക് മരുന്നുകൾ നൽകുക എന്നതാണ് ലക്ഷ്യം. ടി പദ്ധതി വലിയ രീതിയിൽ രോഗികൾക്ക് പ്രയോജനപ്രദമായിരുന്നു. ഇതിലൂടെ ആറുമാസംകൊണ്ട് (14-03-2025 വരെ) പൊതുവിപണിയിൽ 3,47,00,000 രൂപ വിലയുള്ള മരുന്നുകൾ 1,13,00,000 രൂപയ്ക്ക് ലഭ്യമാക്കി. ചില മരുന്നുകളുടെ വില ഞാൻ ഇവിടെ സൂചിപ്പിക്കാം. പൊതുവിപണിയിൽ

42,350/- രൂപ വിലയുള്ള പ്രോസ്റ്റേറ്റ് കാൻസറിന്റെ മരുന്ന് 5000/-രൂപയ്ക്ക് നൽകാൻ കഴിഞ്ഞു. 1,11,000 രൂപ വിലയുള്ള മരുന്ന് ഏകദേശം 12,000/- രൂപയ്ക്കാണ് നൽകിയത്. ഓരോ മരുന്നിനും ഗണ്യമായ വില വ്യത്യാസമാണ് ഈ പദ്ധതിയിലൂടെ ഉണ്ടാകുന്നത്. നിലവിൽ 14 ജില്ലകളിലെ 14 കാരുണ്യ ഫാർമസികളിലാണ് ടി പദ്ധതി ആരംഭിച്ചിട്ടുള്ളത്. കൂടുതൽ കാരുണ്യ ഫാർമസികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പൊതുവിപണിയിൽ മൂന്നുകോടി രൂപയിലധികം വിലയുള്ള മരുന്ന് ഈ പദ്ധതിയിലൂടെ നൽകിയതിലൂടെ ജനങ്ങൾക്ക് 2,34,49,000 രൂപയുടെ ലാഭമാണുണ്ടായത്. വലിയ ആശ്വാസമാണ് ജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്. ഇതുകൂടാതെ, മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാസ്പ് വഴിയുള്ള ചികിത്സയിൽ ഏറ്റവും കൂടുതൽ സഹായം നൽകുന്നത് ഓങ്കോളജി ട്രീറ്റ്മെന്റിനാണ്. പരമാവധി സഹായം ഈ സ്കീമിലുൾപ്പെടുത്തി നൽകുന്നതിന് ശ്രമിക്കുന്നുണ്ട്. കാൻസർ രോഗത്തെ ജനങ്ങൾക്ക് ഭയമാണ്. എന്നാൽ അതിന്റെ ആവശ്യമില്ല. പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന രോഗമാണിത്. എന്നാൽ അത് ആദ്യം കണ്ടുപിടിക്കേണ്ടതുണ്ട്. അതിനായി സർക്കാരും ഇടപെടുന്നുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, സയൻസ് ആൻഡ് ടെക്നോളജിയുടെ വളർച്ചയും എ.ഐ. സംവിധാനങ്ങളുമെല്ലാം ചികിത്സാരംഗത്ത് ഉപയോഗപ്പെടുത്തുന്നതിൽ കേരളം മാതൃകയാണ്. ആർ.സി.സി.-യിലും എം.സി.സി.-യിലും റോബോട്ടിക് സർജറി ആരംഭിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. റോബോട്ടിക് സർജറിയുടെ അനുഭവം എന്താണ്; കുഞ്ഞുങ്ങൾക്ക് റോബോട്ടിക്

സർജറി നടത്തിയിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, കാൻസർ ചികിത്സയിൽ സർജിക്കൽ ഇന്റർവെൻഷൻ കൃത്യതയോടുകൂടി നടത്തുന്നതിന് റോബോട്ടിക് സർജറി വലിയ രീതിയിൽ സഹായകമാകുന്നുണ്ട്. രണ്ട് റീജിയണൽ കാൻസർ സെന്ററുകളിലാണ് റോബോട്ടിക് സർജറി ആരംഭിച്ചത്. 30 കോടിയിലധികം രൂപയാണ് റോബോട്ടിക് സർജറി സാധ്യമാക്കുന്നതിന് ചെലവഴിച്ചിട്ടുള്ളത്. ആർ.സി.സി.-യിൽ 300-ഉം എം.സി.സി.-യിൽ 200-ഉം റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഫെബ്രുവരി 27-ാം തീയതി പീഡിയാട്രിക് ഓങ്കോളജിയിൽ റോബോട്ടിക് സർജറി വിജയകരമായി നടത്താൻ കഴിഞ്ഞത് ഏറ്റവും ആശ്വാസകരമാണ്. ആധുനിക ചികിത്സാസംവിധാനങ്ങൾ മികവുറ്റ രീതിയിൽ നമ്മുടെ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇത് സാധ്യമായിരിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, സെർവിക്കൽ കാൻസറിനെതിരായുള്ള എച്ച്.പി.വി. (ഹ്യൂമൻ പാപ്പിലോമാ വൈറസ്) വാക്സിൻ പ്ലസ്1, പ്ലസ്2 തലത്തിലുള്ള പെൺകുട്ടികൾക്ക് എന്നുമുതൽ നൽകാനാകും; കുട്ടികൾ മുതൽ പ്രായമേറിയവർക്കുവരെ കാൻസർ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ചികിത്സയാണ് പ്രോട്ടോൺ - ബീം തെറാപ്പി. ഇത് ഏഷ്യയിൽതന്നെ ചെന്നൈയിൽ മാത്രമാണുള്ളതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പ്രസ്തുത ചികിത്സാ സമ്പ്രദായം സംസ്ഥാനത്തും കൊണ്ടുവരുന്നതിന് മുൻകൈയെടുക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, സെർവിക്കൽ കാൻസറുമായി ബന്ധപ്പെട്ട് സ്ക്രീനിങ്

ആരംഭിച്ചതിനെക്കുറിച്ച് ഞാൻ നേരത്തെ പരാമർശിച്ചിരുന്നു. 1374662 വനിതകൾ സ്ക്രീൻ ചെയ്യപ്പെട്ടപ്പോൾ 120 കേസുകൾ കണ്ടെത്തി. അതിൽ 66 ബ്രെസ്റ്റ് കാൻസറും 44 സെർവിക്കൽ കാൻസറും 10 ഓറൽ കാൻസറുമാണ്. സ്ക്രീൻ ചെയ്തവരുടെ പരിശോധനകൾ പൂർത്തിയായിട്ടില്ല. സെർവിക്കൽ കാൻസറിനെ പ്രതിരോധിക്കുന്നതിന് 99.9 ശതമാനവും ഫലപ്രദമായ എച്ച്.പി.വി. വാക്സിൻ നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ആദ്യം രണ്ട് ജില്ലകളെന്നുള്ള നിലയിലാണ് തിരഞ്ഞെടുത്തത്. പിന്നീട്, അതിനെ പിന്തുണയ്ക്കുന്നതിനുവേണ്ടി ഒട്ടേറെ സംഘടനകൾ മുന്നോട്ടുവരികയും സി.എസ്.ആർ. ഫണ്ട് ലഭ്യമാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസത്തിൽതന്നെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പെൺകുട്ടികൾക്ക് എച്ച്.പി.വി. വാക്സിൻ കൊടുക്കുന്നതിന് സാധിക്കും. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും കൊടുക്കണമെന്നാണ് വൈദ്യശാസ്ത്രം പറയുന്നത്. പക്ഷേ, ആദ്യം പെൺകുട്ടികൾക്ക് കൊടുത്തു തുടങ്ങുന്നുണ്ട്. അവരുടെ ഏജ് ഗ്രൂപ്പ് കൂടി വൈദ്യശാസ്ത്രം പരാമർശിക്കുന്നുണ്ട്. 9 മുതൽ 14 വയസ്സുവരെയുള്ളവർക്ക് ഒരു ഡോസ് മതിയാകും. പിന്നീട് ഹയർ സെക്കന്ററി വിഭാഗക്കാരാണ്. അതിൽ കൃത്യമായ തീരുമാനം എടുത്തുകൊണ്ട് എല്ലാ ജില്ലകളിലും വാക്സിൻ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഉടൻതന്നെ അത് ആരംഭിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പുതിയ രീതിയിലുള്ള ചികിത്സാ സംവിധാനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട് എന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കാൻസർ ഗ്രിഡ് പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കാൻസർ ചികിത്സാരംഗത്ത് എന്തെല്ലാം

മാറ്റങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നത്; കാൻസർ ഗ്രിഡിലുൾപ്പെട്ട ആശുപത്രികളുടെ എണ്ണത്തിൽ വർധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ലെപ്രസി സാനിറ്റോറിയംകൂടി അതിന്റെ ഭാഗമായി ഉൾപ്പെടുത്തുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, കാൻസർ പ്രതിരോധത്തിന്റെയും നിയന്ത്രണത്തിന്റെയും ഭാഗമായാണ് കാൻസർ ഗ്രിഡ് രൂപീകരിച്ചത്. ഇതിന്റെ പ്രയോജനങ്ങളെക്കുറിച്ച് ഉത്തരത്തിൽ വളരെ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സി.എച്ച്.സി.-കളിലും കാൻസർ സ്ക്രീനിങ് സംവിധാനം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു ആശയക്കുഴപ്പവുമില്ലാതെ നമ്മുടെ സമീപത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽ സ്ക്രീൻ ചെയ്യാം. അതിനുശേഷം തുടർ ചികിത്സയ്ക്ക് എവിടെ പോകണം, ഏറ്റവും അടുത്തുള്ള സംവിധാനം എവിടെയാണ് എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാകുന്നതിന് കാൻസർ ഗ്രിഡ് സഹായിക്കും. ഇത് രണ്ട് തലത്തിൽ പ്രയോജനപ്പെടും. ഒന്നാമതായി, പൊതുസമൂഹത്തിന് പ്രയോജനപ്പെടും, രണ്ടാമതായി സേവനദാതാക്കൾക്കും ആരോഗ്യപ്രവർത്തകർക്കും വ്യക്തികളെ ഇതിലേക്ക് ഗൈഡ് ചെയ്യുന്നതിന് സാധിക്കും. കാൻസർ ഗ്രിഡിൽ നിലവിലുള്ള ആശുപത്രികളെ കൂടാതെ സ്വകാര്യ ആശുപത്രികളെയും ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ഇത് ഡിജിറ്റലൈസ് ചെയ്യപ്പെടുകയാണ്. അതൊരു വലിയ പ്രവർത്തനമാണ്. കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. എങ്കിലും ഈ പ്രവർത്തനവുമായി മുന്നോട്ട് പോകേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ നൂറനാട്

ആശുപത്രിയിലും സ്ക്രീനിങ് സംവിധാനം ഒരുക്കാൻ കഴിയും.

ശ്രീ. കെ. പി. എ. മജീദ്: സർ, കാൻസർ രോഗനിർണ്ണയം ആരോഗ്യ വകുപ്പിന്റെയും സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ നടക്കുന്നുണ്ടെങ്കിലും തുടർചികിത്സ ഇപ്പോഴും അന്യമായിരിക്കുകയാണ്. താലൂക്ക് ആശുപത്രികളിലെങ്കിലും കാൻസർ രോഗികളെ ചികിത്സിക്കാനാവശ്യമായ ഡോക്ടർമാരെ നിയോഗിച്ച് ഇക്കാര്യങ്ങൾ മെച്ചപ്പെടുത്താനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, കാൻസർ രോഗം കണ്ടെത്തിക്കഴിഞ്ഞാൽ അതിന് കൃത്യമായ ചികിത്സ ഉറപ്പാക്കേണ്ടതുണ്ട്. അതിനുവേണ്ടി ആർദ്രം മിഷന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലും റീജിയണൽ കാൻസർ സെന്ററുകളിലുമുള്ള ചികിത്സകൾ ജില്ലാതലത്തിലേക്ക് വികേന്ദ്രീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 25 ജില്ലാ ആശുപത്രികളിൽ ഇപ്പോൾ ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, നല്ലൂർനാട് പോലുള്ള ട്രൈബൽ മേഖലയിലെ ആശുപത്രിയിലും പ്രത്യേകമായി കാൻസർ ചികിത്സ നൽകുന്നുണ്ട്. തിരൂർ ആശുപത്രിയിൽ ഓങ്കോളജിയുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട്. പുതിയ കെട്ടിടത്തിന് ലൈസൻസ് ലഭിച്ചാൽ അവിടെ ആധുനിക സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് ഓങ്കോളജി സേവനങ്ങൾ ലഭ്യമാക്കാൻ കഴിയും. ചികിത്സ വികേന്ദ്രീകരിക്കേണ്ടത് അത്യാവശ്യമാണ്. ആർ.സി.സി., എം.സി.സി., സി.സി.ആർ.സി., മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ ചികിത്സയ്ക്കുശേഷം രോഗികളെ ജില്ലാ ആശുപത്രികളിലേക്ക് ബാക്ക് റഫർ ചെയ്യും. ഇത്തരം രോഗികൾക്ക് റേഡിയേഷൻ/കീമോതെറാപ്പി നൽകാനുള്ള സംവിധാനങ്ങൾ എല്ലാ ജില്ലാ

ആശുപത്രികളിലും സർക്കാർ ഒരുക്കിയിട്ടുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, ഇന്നലെ പ്രശസ്തമായ പരുമല കാൻസർ ചികിത്സാ സെന്ററിൽ നടന്ന സെമിനാറിൽ ശ്രീ. വി. പി. ഗംഗാധരനെപോലുള്ള വിദഗ്ധരും അതിജീവനത്തിനായി പൊരുതുന്നവർക്കെല്ലാം ആത്മധൈര്യമേകുന്ന അഭിനേത്രി മംമ്ത മോഹൻദാസും ചൂണ്ടിക്കാണിച്ച ഡാറ്റ വിനിയോഗം, ക്ലിനിക്കൽ ട്രയൽ എന്നിവയിലും പ്രിസിഷൻ മെഡിസിൻ, ഇമ്മ്യൂണോതെറാപ്പി എന്നിവയ്ക്ക് ആധാരമായ ജനറ്റിക് റിസർച്ചിലും അന്താരാഷ്ട്ര സഹകരണം ഉറപ്പാക്കാൻ കേരളം സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, കാൻസറിന്റെ ജനിതക പ്രത്യേകതകൾ മനസ്സിലാക്കാനുള്ള പഠനവും ഗവേഷണവും ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും നടക്കുന്നുണ്ട്. കൂടാതെ, ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രസിദ്ധീകരണങ്ങളും റിപ്പോർട്ടുകളും രണ്ട് കാൻസർ സെന്ററുകളും പബ്ലിഷ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൃഭ സന്ദർശനത്തിന്റെ ഭാഗമായി മലബാർ കാൻസർ സെന്ററും കൃഭ ഇൻസ്റ്റിറ്റ്യൂട്ടും കേന്ദ്രീകരിച്ച് സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ട്രിപ്പിൾ നെഗറ്റീവ് സ്തനാർബുദത്തിനും ലംഗ് കാൻസറിനുമുള്ള വാക്സിൻ കൃഭ ഡെവലപ് ചെയ്തിട്ടുണ്ടായിരുന്നു. മലബാർ കാൻസർ സെന്റർകൂടി ഗവേഷണത്തിന്റെ ഭാഗമായി ചേർന്നുകൊണ്ട് ട്രിപ്പിൾ നെഗറ്റീവ് ബ്രെസ്റ്റ് കാൻസറിനെതിരെയുള്ള വാക്സിൻ വികസിപ്പിക്കാനാണ് പദ്ധതിയിടുന്നത്. ഇത്തരം ഗവേഷണങ്ങളുടെ ഭാഗമായിട്ടാണ് ആർ.സി.സി., സി-ഡാക്കും അഹ്ലാല സ്വീഡിഷ്

യൂണിവേഴ്സിറ്റിയും (Uppsala University) ചേർന്നുകൊണ്ട് 'സെർവി സ്കാൻ' ഡെവലപ് ചെയ്തത്. ഗർഭാശയഗള കാൻസറിന്റെ ഒരു സെല്ലുപോലും വിട്ടുപോകാതെ മെക്കനൈസ്ഡായി കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസംഘടന പ്രത്യേകമായി അതിനെ അംഗീകരിച്ചിരുന്നു. കണ്ണിലുണ്ടാകുന്ന ട്യൂമറായ റെറ്റിനോ ബ്ലാസ്റ്റോമ കണ്ണ് എടുത്തുകളയാതെതന്നെ കൃത്യമായി ചികിത്സിക്കുന്നതിന് വേണ്ടിയുള്ള സംവിധാനം മലബാർ കാൻസർ സെന്ററിൽ ഡെവലപ് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ മലബാർ കാൻസർ സെന്റർ ഉൾപ്പെടെ നാല് ആശുപത്രികളിൽ മാത്രമേ ഈ സംവിധാനമുള്ളൂ. സർക്കാർ ഗവേഷണത്തിന് മികച്ച പ്രാധാന്യം കൊടുക്കുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കഴിഞ്ഞ ഇരുപത് വർഷക്കാലത്തെ കണക്കെടുത്താൽ കാൻസർ രോഗികളുടെ എണ്ണം ഭയാനകമായി വർധിച്ചുവരുന്നുണ്ടെന്നാണ് വിദഗ്ധരുടെ അഭിപ്രായം. ഡോ. വി. പി. ഗംഗാധരനെപോലുള്ള വ്യക്തികൾ ഇതിനെ സപ്പോർട്ട് ചെയ്തുകൊണ്ട് അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്. കേരളത്തിൽ അങ്ങനെയൊരു സാഹചര്യം ഉണ്ടാകാനുള്ള കാരണമെന്താണ്; അത് ശമിപ്പിക്കുന്നതിനായി ദീർഘവീക്ഷണത്തോടെ നടപടികൾ സ്വീകരിക്കാമോ; ചൈൽഡ് കാൻസറാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. 'കേരള കാൻ' എന്നൊരു മൂവ്മെന്റ് അതിനെതിരെ നടക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷനുകളും ഗവൺമെന്റിന് പുറത്തുള്ള സംഘടനകളും ചേർന്ന് ഒരു മാസ് മൂവ്മെന്റിനെക്കുറിച്ച് ആലോചിക്കുമോ; വിദഗ്ധ ചികിത്സ കൊടുക്കുമോ; ചില മരുന്നുകളുടെ വിലയിൽ തമിഴ്നാടിലും കേരളത്തിലും വ്യത്യാസങ്ങളുണ്ട്. അതുപോലുള്ള കാര്യങ്ങളിലും നിഷ്കർഷയോടുകൂടിയ സമീപനം സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാനിതുസംബന്ധിച്ച് പറഞ്ഞുകഴിഞ്ഞതാണ്. ആളുകളെ സ്ക്രീനിങ്ങിലേക്ക് കൊണ്ടുവരുന്നത് പൊതുജനാരോഗ്യ പ്രവർത്തകർ അഭിമുഖീകരിച്ച വലിയൊരു പ്രശ്നമാണ്. അതിനുള്ള ഉത്തരം കൂടിയാണ് ഫെബ്രുവരി 4-ാം തീയതി തുടങ്ങിയ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന ജനകീയ കാമ്പയിനിലൂടെ കേരളം കണ്ടെത്തിയിരിക്കുന്നത്. ഇത് കേരളം ലോകത്തിന് നൽകുന്ന സന്ദേശം കൂടിയാണ്. രാഷ്ട്രീയഭേദമില്ലാതെ സ്ത്രീകളുടെ സംഘടനകളും യുവജനസംഘടനകളും സ്ഥാപനങ്ങളും ഈ കാമ്പയിനിൽ പങ്കെടുക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും അണിചേരുന്ന പന്ത്രണ്ട് മാസത്തെ കാമ്പയിനാണിത്. ആദ്യത്തെ ഒരു മാസം പതിമൂന്ന് ലക്ഷത്തിലധികം വനിതകൾ സ്ക്രീൻ ചെയ്യപ്പെട്ടു. കോട്ടയം ജില്ലയിൽ മാത്രം ഏകദേശം അറുപതിനായിരത്തിന് മുകളിൽ സ്ത്രീകൾ സ്ക്രീൻ ചെയ്യപ്പെട്ടു. ആദ്യമാസം സ്ത്രീകൾക്കുവേണ്ടി മാത്രം ഡെഡിക്കേറ്റ് ചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം കോട്ടയം ജില്ലയിൽ നിന്നുള്ള ജനപ്രതിനിധിയായതുകൊണ്ടാണ് പറഞ്ഞത്. അവിടെ 'കോട്ടയം കാൻ' എന്ന പ്രത്യേക പരിപാടി നടക്കുന്നുണ്ട്. ഓരോ ജില്ല കേന്ദ്രീകരിച്ചും ഇത്തരത്തിലുള്ള പരിപാടികൾ നടക്കുന്നുണ്ട്. ഇതൊരു മാസ് മൂവ്മെന്റാണ്. ഇങ്ങനെയൊരു മാസ് മൂവ്മെന്റ് നടന്നതിന്റെ ഭാഗമായാണ് എച്ച്.പി.വി. വാക്സിന്റെ കാര്യത്തിൽ നമുക്ക് പിന്തുണ ലഭിക്കുന്നത്. അതുപോലെ ആരോഗ്യ പരിരക്ഷ സ്കീമുകൾക്ക് പുറത്തുള്ള രോഗികൾക്ക് കാരുണ്യ സ്പർശം പദ്ധതി പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. 1,11,000 രൂപയുടെ മരുന്ന് 12,000 രൂപയ്ക്കാണ് സർക്കാർ ലഭ്യമാക്കിയത്. ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും ആലോചിക്കുന്നുണ്ട്. പീഡിയാട്രിക് ഓങ്കോളജിയുമായി ബന്ധപ്പെട്ട് നേരത്തെ

പരാമർശിച്ചിട്ടുണ്ട്.

പാതിവില തട്ടിപ്പിലെ ക്രൈംബ്രാഞ്ച് അന്വേഷണം

2 (*302) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതിവില തട്ടിപ്പിലെ മുഖ്യപ്രതി അനന്തകൃഷ്ണനുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിവരുന്ന അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ക്രൈംബ്രാഞ്ച് കണ്ടെത്തിയ പ്രാഥമിക വിവരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) അനന്തകൃഷ്ണൻ നേരിട്ട് നടത്തിയ ഇടപെടലുകളിലൂടെ എത്രപേർക്കാണ് ഇരുചക്ര വാഹനങ്ങൾ ഓഫർ ചെയ്തിരുന്നതെന്നും അതിലൂടെ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) തട്ടിപ്പുമായി ബന്ധപ്പെട്ട് രണ്ട് വർഷത്തിനിടയിൽ പ്രതി നടത്തിയിട്ടുള്ള ബാങ്കിടപാടുകൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഇ) പ്രതിയുടെ സ്വത്തുക്കൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സംസ്ഥാനത്ത് നിരവധിപേരെ വാഗ്ദാനം നൽകി കബളിപ്പിച്ച 'പാതിവില' തട്ടിപ്പുമായി ബന്ധപ്പെട്ട് 12-03-2025 വരെ 1343

കേസുകൾ പൊലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 665 കേസുകൾ ക്രൈംബ്രാഞ്ചിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളം ക്രൈംബ്രാഞ്ച് പൊലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് കേസുകൾ അന്വേഷിക്കുന്നത്. ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-ക്കാണ് അന്വേഷണത്തിന്റെ മേൽനോട്ട ചുമതല. മുഖ്യപ്രതിയുടെ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തി മരവിപ്പിച്ചും വിവിധ കേസുകളിൽ ഉൾപ്പെട്ട രേഖകൾ പിടിച്ചെടുത്തും ക്രൈംബ്രാഞ്ച് അന്വേഷണം നല്ല രീതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. തട്ടിപ്പിന്റെ പ്രധാന സൂത്രധാരനായ അനന്തകൃഷ്ണൻ, രവി പന്നക്കൽ, ബഷീർ പി.പി., റിയാസ്, മുഹമ്മദ് ഷാഫി, ആനന്ദകുമാർ എന്നിവരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണം ആരംഭിച്ച 386 കേസുകളിലെ കണ്ടെത്തലുകൾ പ്രകാരം:-

(1) പകുതി വിലയ്ക്ക് സ്കൂട്ടർ നൽകാമെന്ന് വാഗ്ദാനം നൽകി 49386 പേരിൽനിന്നും 281,43,34,000/- (ഇരുന്നൂറ്റി എൺപത്തിയൊന്ന് കോടി നാല്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരം) രൂപ വാങ്ങിയതിൽ 16438 പേർക്ക് മാത്രമാണ് സ്കൂട്ടർ നൽകിയത്.

(2) ഇപ്രകാരം ലാപ്ടോപ്പ് വാഗ്ദാനം ചെയ്ത് 36891 പേരിൽനിന്ന് 9,22,27,500/- (ഒൻപത് കോടി ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ്) രൂപ വാങ്ങിയതിൽ 29897 പേർക്ക് മാത്രമാണ് ലാപ്ടോപ്പ് നൽകിയത്.

(3) സമാനമായി തയ്യൽ മെഷീൻ വാഗ്ദാനം നൽകി 56082 പേരിൽ നിന്ന് 23,24,27,200/- (ഇരുപത്തിമൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്) രൂപ വാങ്ങിയതിൽ 53478 പേർക്കാണ് മെഷീൻ ലഭിച്ചത്.

(4) 279 കേസുകളുടെ ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭഘട്ടത്തിലാണ്.

(സി) ഇരുചക്ര വാഹനങ്ങൾ നൽകാമെന്ന് വാഗ്ദാനം നൽകി 49386 പേരിൽനിന്നും 281,43,34,000/- (ഇരുന്നൂറ്റി എൺപത്തിയൊന്ന് കോടി നാല്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരം) രൂപ കൈപ്പറ്റിയതായാണ് ഇതുവരെ കണ്ടെത്തിയത്.

(ഡി) പ്രതിയുടെയും പ്രതിയുടെ സ്ഥാപനങ്ങളുടേതുമായി 23 ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. മൂന്ന് ഭ്രസ്വത്തുക്കൾ അറ്റാച്ച് ചെയ്യുന്നതിനുള്ള കോടതി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, സൗജന്യ നിരക്കിൽ എന്തെങ്കിലും നൽകാമെന്ന മോഹനവാഗ്ദാനങ്ങളുടെ വലയിൽ വീഴുന്നവരുടെ എണ്ണം കൂടിവരുന്ന ഒരു കാലഘട്ടമാണിത്. 'പാതിവില തട്ടിപ്പ്' സംഘടിതമായൊരു കൊള്ളയാണെന്നതിൽ തർക്കമില്ല. ഇത്തരം കൊള്ളക്കാർക്ക് കേരളത്തിൽ സ്ഥാനമില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് അവർക്കെതിരെ കർക്കശ നടപടിയെടുത്തുകൊണ്ടാണ് ഇടതുപക്ഷ സർക്കാരും അതിന് നേതൃത്വം നൽകുന്ന ബഹു. മുഖ്യമന്ത്രിയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പാതിവില തട്ടിപ്പ് ആസൂത്രകർ, നേരിട്ട് തട്ടിപ്പിൽ ഇടപെട്ടവർ, ഇടനിലക്കാരായ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്ത് അവരുടെ സ്വത്ത് മരവിപ്പിച്ച് ഗുണഭോക്താക്കൾക്ക് പണം നൽകാനാവശ്യമായ നടപടിയെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട ഒട്ടേറെ വിവരങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. അന്വേഷണഘട്ടത്തിൽ കൂടുതൽ വിവരങ്ങൾ പുറത്തുവരേണ്ടതുണ്ട്. ആനന്ദ കുമാർ ചെയർമാനും അനന്തകൃഷ്ണൻ കോ-ഓർഡിനേറ്ററുമായി രൂപീകരിച്ച സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ ഡെവലപ്മെന്റ് (സീഡ്) സൊസൈറ്റി, എൻ.ജി.ഒ. കോൺഫെഡറേഷൻ എന്നിവ മുഖേനയാണ് പാതിവില തട്ടിപ്പ് നടത്തിയത്. പ്രമുഖ വ്യക്തികളോടൊപ്പം നിൽക്കുന്ന ഫോട്ടോകൾ സമൂഹമാധ്യമത്തിലൂടെ പ്രചരിപ്പിച്ച് ജനങ്ങളുടെ വിശ്വാസ്യത നേടിയായിരുന്നു തട്ടിപ്പ്. സി.എസ്.ആർ. ഫണ്ടുപയോഗിച്ച് സ്കൂട്ടർ ഉൾപ്പെടെയുള്ളവ നൽകാമെന്നായിരുന്നു വാഗ്ദാനം. കേന്ദ്ര ഫണ്ട് ലഭിക്കുമെന്ന ധാരണ പരത്താനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. വിശ്വാസ്യത ആർജിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ കോ-ഓർഡിനേറ്റർമാരെയും ഫീൽഡ് സ്റ്റാഫുകളെയും നിയമിച്ചാണ് ഗുണഭോക്താക്കളെ ആകർഷിച്ചത്. ഇതിന് കോ-ഓർഡിനേറ്റർമാർക്ക് കമ്മീഷൻ നൽകിയിരുന്നതായും വിവരമുണ്ട്. ആദ്യഘട്ടത്തിൽ പദ്ധതിയിൽചേർന്ന മുഴുവൻ സ്ത്രീകൾക്കും പകുതി വിലയ്ക്ക് സ്കൂട്ടറുകൾ നൽകിയതിനെ തുടർന്ന് വിശ്വാസ്യത കൂടുകയും നിരവധി പേർ പദ്ധതിയിൽ ആകൃഷ്ടരാവുകയും ചെയ്തു. പിന്നീട് പദ്ധതിയിൽ ചേർന്നവർക്ക് സ്കൂട്ടർ ഉൾപ്പെടെയുള്ളവ ലഭിക്കാതെവന്നപ്പോഴാണ് ഇതുസംബന്ധിച്ച പരാതികൾ ലഭിച്ചുതുടങ്ങിയത്.

ശ്രീ. മുരളി പെരുനെല്ലി: സർ, രാഷ്ട്രീയ നേതാക്കളാരെങ്കിലും ഈ തട്ടിപ്പിൽ പങ്കാളിയായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതെല്ലാം അന്വേഷണഘട്ടത്തിലാണ്. വിശദമായ അന്വേഷണത്തിനുശേഷം മാത്രമേ ആർക്കൊക്കെ ഇതിൽ പങ്കാളിത്തമുണ്ടെന്ന് പറയാൻ സാധിക്കൂ. ഇപ്പോൾ പങ്കാളിത്തമുണ്ടായിരുന്നവരെക്കുറിച്ച് ചോദ്യത്തിന്റെ ഭാഗമായി ഞാൻ നേരത്തെ മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, തട്ടിപ്പ് സംഘങ്ങളെയും ലഹരി മാഫിയകളെയും പിടികൂടുന്നതിൽ കേരളം മാതൃകാപരമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പാതിവില തട്ടിപ്പിൽ ഏറ്റവും കൂടുതൽ കുടുങ്ങിക്കിടക്കുന്നത് സാധാരണക്കാരാണ്. തട്ടിപ്പാണെന്ന് മനസ്സിലാക്കാൻപോലും അവർക്ക് സാധിക്കുന്നില്ല. ഇതിന് ഇരകളായിട്ടുള്ളവർക്ക് നഷ്ടപ്പെട്ട പണം വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇരകളായവരുടെ താത്പര്യത്തിനൊപ്പം തന്നെയാണ് സർക്കാർ നിൽക്കുന്നത്. പക്ഷേ നിയമപരമായ നടപടികൾ പൂർത്തിയാക്കി മാത്രമേ മറ്റ് നടപടികളിലേക്ക് കടക്കാൻ കഴിയൂ.

ശ്രീമതി ദെലീമ: സർ, പാതിവില തട്ടിപ്പ് നടത്തിയ കൊള്ളക്കാർക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയെ അഭിനന്ദിക്കുകയാണ്. അത്തരം മണ്ഡലത്തിലുള്ളവരാണ് തട്ടിപ്പിന് കൂടുതലായി ഇരയായതെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ, ഇതുസംബന്ധിച്ച് രണ്ടുമൂന്ന് എഫ്.ഐ.ആർ. മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എഫ്.ഐ.ആർ. ഇട്ട കേസുകൾ പിൻവലിച്ചാൽ തട്ടിപ്പിനിരയായ ആയിരക്കണക്കിനാളുകളെ അത് ബാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത തട്ടിപ്പിന് ഇരയായവർ എല്ലാ സ്ഥലത്തും വലിയ തോതിലുണ്ട്. ഓരോ പ്രദേശത്തും അവിടെയാണ് കൂടുതൽ എന്നതോന്നുന്നതാണ്. എല്ലാ കാര്യത്തിലും ശക്തമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. കേസ് പോലീസ് ആദ്യം അന്വേഷിക്കുകയും ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്യുന്ന രീതിയാണ് സ്വീകരിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഇതുപോലെ തട്ടിപ്പ് നടത്തുന്ന സംഘങ്ങൾ ചില്ലറക്കാരല്ല. സംസ്ഥാന-ദേശീയ-അന്തർദേശീയ ബന്ധങ്ങളൊക്കെ തട്ടിപ്പ് സംഘങ്ങൾക്കുണ്ട്. അക്കൗണ്ട് ഹോൾഡർ അറിയാതെ ബാങ്കിൽനിന്നും പണം പിൻവലിക്കുക, വിസ തട്ടിപ്പ്, ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് തുടങ്ങി നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലുമൊക്കെ ഒട്ടനവധി തട്ടിപ്പുകൾ നടക്കുകയാണ്. നൂതന സാങ്കേതികവിദ്യയിലൂടെ മാത്രമേ ഇതൊക്കെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട്, നമ്മുടെ ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്താനായി ആവശ്യമായ പരിശീലനം കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും ഇത്തരം കാര്യങ്ങളിൽ ഗൗരവമായ നിലപാടുതന്നെയാണ് പൊതുവെ അന്വേഷണ ഏജൻസികൾ സ്വീകരിക്കുന്നത്. കേരളത്തിൽ ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള മുന്നറിയിപ്പുകൾ വിവിധ ഏജൻസികൾ നൽകാറുണ്ട് എന്നുള്ളതാണ് വസ്തുത. പക്ഷേ, നിയമപരമായ ഒരു ഘട്ടം വരുമ്പോൾ മാത്രമാണ് അതിൽ ഇടപെടാൻ കഴിയുന്നത്. സർക്കാരിന് നിയമവശംകൂടി നോക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ചില കാര്യങ്ങൾ നടക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടതും അത് കൂടുതലായി നിരീക്ഷിക്കേണ്ടതാണെന്നുമുള്ള റിപ്പോർട്ടുകൾ

പലപ്പോഴും വരാറുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികളുടെ ഫലമായാണ് ചില തട്ടിപ്പുകാരെ കണ്ടെത്താനും പിടികൂടാനും സാധിച്ചത്. അത്തരം നടപടികൾ തുടർന്നുപോകുന്നുമുണ്ട്. പക്ഷേ, സമൂഹം പൊതുവെ ശ്രദ്ധിക്കേണ്ട കാര്യമുണ്ട്. ഇത്തരം തട്ടിപ്പുകാർ നൽകുന്ന മോഹന വാഗ്ദാനങ്ങളിൽ കുടുങ്ങി തത്കാലം ചില്ലറ ലാഭം ലഭിക്കട്ടെ എന്ന മട്ടിൽ അതിന്റെകൂടെ ചേരുമ്പോഴാണ് തട്ടിപ്പിന് പ്രോത്സാഹനമായി മാറുന്നത്. അതാണ് ഇത്തരക്കാർക്ക് അവസരമൊരുക്കുന്നത്. ഇതിന്റെ ഭാഗമായി ആയിരക്കണക്കിനാളുകൾ തട്ടിപ്പിനിരയാകുകയും കോടിക്കണക്കിന് രൂപ നഷ്ടപ്പെടുകയും ചെയ്തു. അതുകൊണ്ട് മോഹന വാഗ്ദാനങ്ങളിൽ കുടുങ്ങാതിരിക്കുന്നതിനുള്ള കരുതൽ സമൂഹത്തിലുണ്ടാക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശരിയായ കാര്യമാണ് പറഞ്ഞത്. അതിബുദ്ധിമാന്മാരും മിടുക്കന്മാരുമാണ് മലയാളികളെന്നാണ് പൊതുധാരണ. പക്ഷേ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ കബളിപ്പിക്കപ്പെടാൻ സാധ്യതയുള്ളവർ മലയാളികളാണെന്നാണ് എനിക്ക് തോന്നുന്നത്. ഏറ്റവും കൂടുതൽ കബളിപ്പിക്കപ്പെടുന്നവരും മലയാളികളാണ്. ഒരു കോടി രൂപ നിക്ഷേപിച്ചാൽ മാസം 12 ലക്ഷം രൂപ അതായത് 12% പലിശ കൊടുക്കാം എന്നുപറഞ്ഞാലുടനെ പണം നിക്ഷേപിക്കുകയാണ്. ഒരു മാസം 12 ശതമാനമായാൽ ഒരു വർഷത്തെ പലിശ 144% ആയി. എന്നാൽ 144% പലിശ ഒരു സ്ഥാപനത്തിനും കൊടുക്കാൻ കഴിയില്ല. പക്ഷേ, ഇതുപോലെയുള്ള തട്ടിപ്പുകൾ വ്യാപകമാവുകയാണ്. ഫോണിൽകൂടിയും ക്രെഡിറ്റ് കാർഡ് വഴിയുമുള്ള തട്ടിപ്പുകളുമുണ്ട്. പണമുണ്ടാക്കാനുള്ള അമിത ആഗ്രഹമാണ്

ഇത്തരം തട്ടിപ്പുകാർക്ക് കേരളം വളമായി മാറുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ജഡ്ജിമാർവരെ പറ്റിക്കപ്പെടുന്നുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും ഇതുതന്നെയാണ് വലിയ പ്രശ്നം. അങ്ങ് അതിന്റെ യഥാർഥവശമാണ് ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ പൊതുസമൂഹത്തെ ബോധവത്കരിക്കേണ്ടത് വളരെ പ്രധാനമാണ്. 'എന്നെയൊന്ന് പറ്റിച്ചോളൂ' എന്നുപറഞ്ഞ് അങ്ങോട്ട് പോയി പറ്റിക്കപ്പെടലിന് നിന്നുകൊടുക്കുന്ന അവസ്ഥ ഉണ്ടാകാതിരിക്കേണ്ടത് ഏറ്റവും പ്രധാനമാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഒരു ക്രൈം നടക്കുന്നതിനുമുമ്പ് തടയുകയോ അല്ലെങ്കിൽ പ്രതികളെ പിടികൂടുകയോ ചെയ്യുന്നതിനെയാണ് യഥാർഥ പൊലീസിങ് എന്നുപറയുന്നത്. നമ്മുടെ സംസ്ഥാനത്ത് മികച്ച ഇന്റലിജൻസ്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങളുണ്ട്. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇവിടെ സൂചിപ്പിച്ചതുപോലെ ധാരാളം തട്ടിപ്പുകൾ കേരളത്തിൽ നടക്കുന്നുണ്ട്. എത്രപറഞ്ഞാലും പഠിക്കില്ലെന്ന് നമ്മൾതന്നെ മലയാളികളെക്കുറിച്ച് പറയാറുണ്ട്, അതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. തട്ടിപ്പിന് സാധ്യതയുള്ള പദ്ധതികളെക്കുറിച്ച് അറിയിപ്പ് ലഭിക്കുമ്പോൾത്തന്നെ അക്കാര്യങ്ങൾ നിരീക്ഷിച്ച് കണ്ടുപിടിച്ച് തടയുന്നതിനോ ജനങ്ങൾ കൂടുതൽ അപകടത്തിൽച്ചെന്ന് ചാടാതിരിക്കുന്നതിനുള്ള മുന്നറിയിപ്പ് നൽകുന്നതിനോ ഇന്റലിജൻസ്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങളുൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് സാധിക്കാത്തത് എന്തുകൊണ്ടാണ്; പോലീസിലെ ഈ വിഭാഗങ്ങൾക്ക് കൂടുതൽ ഉണർവേകിക്കൊണ്ട് ഏറ്റവും

കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നിർദേശം നൽകുകയും ഗവൺമെന്റ് അതിനായുള്ള സംവിധാനമൊരുക്കുകയും ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം നിരന്തരം ബന്ധപ്പെടുന്ന ഒരു പോലീസ് സൂപ്രണ്ടാണ് പ്രസ്തുത വിഷയത്തിൽ സംശയമുണ്ടെന്ന് ആദ്യമായി എന്നോട് സൂചിപ്പിക്കുന്നത്. അതായത്, ഇത്തരം വിഷയങ്ങളിൽ പോലീസ് സംവിധാനങ്ങൾ ആവശ്യമായ കരുതൽ സ്വീകരിക്കുന്നുണ്ട്. എന്നാൽ നടപടികളിലേക്ക് കടക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ട നിയമപരമായ വശങ്ങൾകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ഇത്തരത്തിലുള്ള തട്ടിപ്പ് നടക്കുന്നുണ്ടെന്നും അവർ കാര്യങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും ടി ഉദ്യോഗസ്ഥൻ എന്നോട് ആദ്യമേതന്നെ സൂചിപ്പിച്ചിരുന്നു. അതായത്, അവർ കാര്യങ്ങൾ നിരീക്ഷിക്കുന്നുണ്ടെങ്കിലും പെട്ടെന്നുള്ള ഇടപെടലിന് നിയമപരമായ പരിമിതികൾ ഉണ്ടെന്നതാണ് വസ്തുത.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇക്കാര്യത്തിൽ സഭയിലെ എല്ലാവരും സംസാരിച്ചത് ഒരേ മനസ്സോടെയാണ്. ഒരു തട്ടിപ്പ് സംഭവമുണ്ടായതായി അറിഞ്ഞാലും വീണ്ടും ശ്രദ്ധിക്കാതെ മലയാളികൾ ആവർത്തിച്ച് തട്ടിപ്പിന് വിധേയമായിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്, ഇത് നിരന്തര സംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുമ്പോൾതന്നെ അതിന്റെ സ്വഭാവം പരിശോധിക്കാനും മനസ്സിലാക്കാനും നമ്മുടെ ഇന്റലിജൻസ് സംവിധാനത്തിന് കഴിയേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് ധാരാളം ധനകാര്യ സ്ഥാപനങ്ങൾ നിലവിൽ വരികയും അവർ പുതിയ തരത്തിലുള്ള വാഗ്ദാനങ്ങൾ

നൽകുകയും ചെയ്യുന്നത് സാധാരണമായിട്ടുണ്ടെന്നതിനാൽ അതിന്റെ പശ്ചാത്തലം പരിശോധിക്കാനും ഇത്തരം വിഷയങ്ങളിൽ കൂടുതൽ ആളുകൾ അകപ്പെടാതിരിക്കാനുമായി, പകുതിവിലത്തട്ടിപ്പിന്റെ പശ്ചാത്തലത്തിൽ ഇന്റലിജൻസിന്റെ ഒരു പ്രത്യേക വിഭാഗത്തെ പോലീസിന്റെ ഭാഗമായി നിയമിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ആവർത്തിച്ചുവരുന്ന ഒരു സംശയമാണ്. തട്ടിപ്പിന്റെ വൈപുല്യംകൊണ്ടാണ് ഇങ്ങനെയുള്ള സംശയങ്ങൾ ഉയരുന്നത്. എന്നാൽ പോലീസ് സംവിധാനത്തിനും ഇക്കാര്യത്തിൽ പരിമിതിയുണ്ടെന്നതാണ് യാഥാർഥ്യം. കൂടുതൽ വാഗ്ദാനം നൽകുന്ന ഒരു സ്ഥാപനം, ഒരു വ്യക്തിയുമായി ബന്ധപ്പെട്ട പ്രശ്നത്തെക്കുറിച്ച് ഉയർന്ന റാങ്കിലുള്ള പോലീസ് ഓഫീസർമാർ എന്നോട് ചർച്ചചെയ്ത കാര്യം ഇപ്പോൾ ഓർക്കുകയാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ അറിഞ്ഞയുടനെ അവർക്ക് നടപടി സ്വീകരിക്കാൻ കഴിയില്ല. നിയമനടപടി സ്വീകരിക്കണമെങ്കിൽ ഒരു ക്രൈം നടന്നിരിക്കണം. തട്ടിപ്പ് നടത്താൻ സാധ്യതയുണ്ടെന്ന് പറഞ്ഞുകൊണ്ട് ഒരാൾക്കെതിരെയും കേസെടുക്കാൻ സാധിക്കില്ല. അങ്ങനെ ചെയ്യുന്നത് ശരിയല്ലാത്ത ഒരു നടപടിയാണ്. എന്നിരുന്നാലും മേൽസൂചിപ്പിച്ചതുപോലുള്ള കാര്യങ്ങൾ പോലീസ് സംവിധാനങ്ങൾ ശ്രദ്ധിക്കുന്ന അവസ്ഥ നിലവിലുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ലാഭം വാഗ്ദാനം ചെയ്യുക എന്നതുമാത്രമല്ല ഇവിടെ നടക്കുന്നത്; ചാരിറ്റിയുടെ മറവിൽ വൻതോതിൽ ഭൂമി വാങ്ങിക്കൊടുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളിലും തട്ടിപ്പ് നടക്കുന്നുണ്ട്. അത്തരത്തിലുള്ള ചിന്തകൾകൂടി കേരളത്തിൽ വളർന്നുവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയങ്ങളിൽ നടപടി

സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ചാരിറ്റി പ്രവർത്തനങ്ങൾ നല്ലരീതിയിൽ നടക്കുന്നൊരു സംസ്ഥാനമാണ് കേരളം. അവയിൽ മഹാഭ്രരിപക്ഷവും സദുദ്ദേശ്യത്തോടെയും അർപ്പണബോധത്തോടെയും നടക്കുന്ന പ്രവർത്തനങ്ങളാണ്. അതിൽ ഇവിടെ സൂചിപ്പിച്ചതുപോലുള്ള കാര്യങ്ങളുണ്ടെങ്കിൽ പ്രത്യേകം പരിശോധിക്കാം.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, വിദേശ രാജ്യങ്ങളിലേയ്ക്ക് പഠിക്കാനും ജോലിക്കായി പോകാനും ആഗ്രഹിക്കുന്ന ധാരാളം ചെറുപ്പക്കാർ ഇവിടെയുണ്ട്. ഇത്തരം യുവാക്കളെ സാമ്പത്തികമായി വലിയ രീതിയിൽ ചൂഷണം ചെയ്യുന്ന ചെറുതും വലുതുമായ സംഘങ്ങൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. പറ്റിക്കപ്പെട്ടശേഷം പ്രതിരോധിക്കുക എന്നതിനപ്പുറം പഠനം, ജോലി എന്നിവയ്ക്കായി ആശ്രയിക്കുന്ന വിദേശ സ്ഥാപനങ്ങളുടെ ആധികാരികതയെക്കുറിച്ച് പഠനംനടത്തി വിവരങ്ങൾ നൽകുന്നതിനുള്ള പ്രത്യേക സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; ഇത്തരം തട്ടിപ്പുകളെ പ്രതിരോധിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതൊരു പൊതുവായ പ്രശ്നമാണ്. ഒരു മേശയും നാല് കസേരയുമുണ്ടായാൽ അത് പ്രധാനപ്പെട്ടൊരു സ്ഥാപനമാണെന്ന് പരസ്യം നൽകുന്ന ചില വിദേശ സ്ഥാപനങ്ങളുണ്ട്. വിദേശരാജ്യത്ത് എത്തിക്കഴിയുമ്പോഴാണ് വലയിൽ കുടുങ്ങിയെന്നും യാതൊരു സംവിധാനവുമില്ലാത്ത സ്ഥാപനമാണെന്നും മനസ്സിലാക്കുന്നത്. അത്തരം പ്രശ്നങ്ങൾ വൻതോതിൽ ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. ഏതായാലും അത്തരം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച്

ഗൗരവമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ രൂപീകരണം

3(*303) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജ്ഞാന സമൂഹ സൃഷ്ടിക്കായി ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രാദേശിക വികസന പ്രശ്നങ്ങൾ പരിഹരിച്ച് സമഗ്ര ആവാസ വ്യവസ്ഥയൊരുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് പ്രസ്തുത ക്ലസ്റ്ററുകൾ വഴി സാധ്യമാകുമോ; വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ കഴിഞ്ഞതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ക്ലസ്റ്ററുകൾവഴിയുള്ള നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ തദ്ദേശീയ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) ഉണ്ട്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജ്ഞാന

സമൂഹസൃഷ്ടിക്കായി കെ-ഡിസ്കും കിലയും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നു നടപ്പാക്കുന്ന "ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI)" എന്ന പദ്ധതിയുടെ ഭാഗമായി പതിമൂന്ന് ജില്ലകളിൽ പത്തൊൻപത് ബ്ലോക്കുകളിലായി ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സാധ്യമാകും. തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രാദേശിക വെല്ലുവിളികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽത്തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച് അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾവഴിയും വിദഗ്ധരുടെ കൂട്ടായ്മവഴിയും ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാരമാർഗങ്ങൾ കണ്ടെത്തി, പദ്ധതി രേഖകളാക്കുന്നതിനും അവ നടപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് വേണ്ടിയുള്ള ഒരു ആവാസ വ്യവസ്ഥയൊരുക്കാൻ ഇന്നവേഷൻ ക്ലസ്റ്ററുകൾവഴി സാധിക്കുന്നതാണ്.

(സി) 2024-25-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി, സംസ്ഥാനത്തെ 19 ബ്ലോക്കുകളിൽ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. നേമം, നെടുമങ്ങാട്, മുഖത്തല, പത്തനാപുരം, പറക്കോട്, കഞ്ഞിക്കുഴി, വൈക്കം, ഏറ്റുമാനൂർ, വൈപ്പിൻ, കൊടകര, തളിക്കുളം, മലമ്പുഴ, മങ്കട, തിരൂർ, സുൽത്താൻബത്തേരി, കുന്നമംഗലം, കുന്നുമ്മൽ, പയ്യന്നൂർ, തലശ്ശേരി എന്നീ 19 ബ്ലോക്കുകളിലാണ് ഇന്നവേഷൻ ക്ലസ്റ്ററുകൾ ആരംഭിച്ചിട്ടുള്ളത്.

(ഡി) ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ പ്രവർത്തനമാതൃക

വിശദീകരിക്കുന്നതിലേക്കായി പൈലറ്റ് ബ്ലോക്കുകളിലെ ജനപ്രതിനിധികൾക്ക് വിപുലമായ പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന്, 19 പൈലറ്റ് ബ്ലോക്കുകളിലും ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററിന്റെ സാധ്യതകളും പ്രവർത്തനങ്ങളും വിശദീകരിച്ചുകൊണ്ടും രൂപീകരണ പ്രക്രിയ ചർച്ച ചെയ്യാനുമായി ആലോചനായോഗം നടത്തുകയുണ്ടായി. ബ്ലോക്ക് തലത്തിൽ പ്രശ്നങ്ങളെ കണ്ടെത്തുന്നതിനായി ശില്പശാലകൾ സംഘടിപ്പിച്ച്, പ്രശ്നങ്ങൾ പ്രസ്താവനകളാക്കി, അതിനായി ഹാക്കത്തോൺ, സൊല്യൂഷൻ അഗ്രഗേഷൻ തുടങ്ങിയ രീതികളിലൂടെ പരിഹാരങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ 19 പൈലറ്റ് ബ്ലോക്കുകളിൽ നടപ്പാക്കിവരുന്നു.

അക്കാദമിക സ്ഥാപനങ്ങൾ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന സംവിധാനങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി അക്കാദമിക സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പാക്കുന്നതിന് കേരള സാങ്കേതിക സർവകലാശാലയുമായി കെ-ഡിസ്ക് ഒരു ധാരണാപത്രം ഒപ്പിടുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രശ്നങ്ങളെ പ്രോബ്ലം ഷെൽഫായി മാറ്റി ബി.ടെക് വിദ്യാർഥികളുടെ മിനി പ്രോജക്ടുകളിലൂടെ പരിഹാരം കണ്ടെത്തുന്നതിനുള്ള സംവിധാനമൊരുക്കി വരികയാണ്. കാർബൺ ന്യൂട്രൽ പ്രവർത്തനരംഗത്ത് നൂതനാശയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സർവകലാശാലയുടെ സെന്റർ ഓഫ് എക്സലൻസ് ഇൻ സസ്റ്റെയിനബിലിറ്റി എഞ്ചിനീയറിങ് ആൻഡ് കാർബൺ ന്യൂട്രാലിറ്റിയുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നാഷണൽ സർവീസ് സ്കീം വിദ്യാർഥികളുടെ സഹായത്തോടെ കാർബൺ എമിഷൻ സംബന്ധിച്ച സർവെ നടത്തി ഇന്റേൺസിന്റെ സഹായത്തോടെ എനർജി ഓഡിറ്റിങ്

നടത്താനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, സംസ്ഥാനത്ത് രണ്ടാം തലമുറ വികസന വെല്ലുവിളികളെ നേരിടുന്നതിന് ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ബ്ലോക്കുതലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഗുണപരമായ പരിവർത്തനം വന്നുകൊണ്ടിരിക്കുകയാണ്. അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക, പ്രാദേശിക അടിസ്ഥാന സൗകര്യ വികസനം, അവയുടെ പരിപാലനം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് പരമ്പരാഗതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്തിരുന്നത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ സൃഷ്ടിക്കൽ, രണ്ടാംതലമുറ വികസന വെല്ലുവിളികളെ അഭിസംബോധന ചെയ്യൽ തുടങ്ങിയ ഗുണപരമായ മാറ്റം പ്രാദേശിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനുകൂടി ഉതകുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിച്ചത്. സംസ്ഥാന തലത്തിൽ കെ-ഡിസ്ക് ആവിഷ്കരിച്ച ഇന്നവേഷൻ ഇക്കോ സിസ്റ്റത്തിന്റെ വികേന്ദ്രീകൃത മാതൃകയാണ് ബ്ലോക്കുതലങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ. വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് കേരളത്തെ മാറ്റുന്നതിനും വിജ്ഞാന സമൂഹമായി കേരള സമൂഹത്തെ പരിവർത്തിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ

പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ അക്കാദമിക സ്ഥാപനങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും അറിവിനെയും വൈദഗ്ധ്യത്തെയും നൂതനാശയങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും പ്രാദേശിക സമൂഹവുമായും കണ്ണിചേർത്തുകൊണ്ട് വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ ഒരു ചാലകശക്തിയാക്കി മാറ്റുന്നതിനുള്ള ഒരു പിന്തുണാ സംവിധാനം എന്നനിലയിൽക്കൂടിയാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളെ സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പൈലറ്റ് അടിസ്ഥാനത്തിൽ ഇപ്പോൾ 19 ബ്ലോക്കുകളിൽ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ പങ്ക് എന്താണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിൽ ഉദ്യോഗസ്ഥരുടെ പങ്ക് സംബന്ധിച്ച് വ്യക്തമായ ധാരണ സർക്കാരിനുണ്ട്. കെ-ഡിസ്കിന്റെ നേതൃത്വത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്ത് പ്രത്യേക പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ഉദ്യോഗസ്ഥരെ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിൽ പങ്കാളികളാക്കുന്നതിന് കിലയും കെ-ഡിസ്കും ചേർന്ന് ഒരു ഫ്രെയിംവർക്ക് തയ്യാറാക്കിവരികയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനം കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇത് പഞ്ചായത്തടിസ്ഥാനത്തിൽ കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പൈലറ്റ് അടിസ്ഥാനത്തിൽ ഇപ്പോൾ രൂപീകരിച്ച

ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനത്തിന്റെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ അന്തിമ ചട്ടക്കൂടും പ്രവർത്തന മാതൃകയും വിശദമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കുന്നതാണ്. വിജ്ഞാന സമ്പദ്‌വ്യവസ്ഥയെ ചലിപ്പിക്കുന്ന ഒരു ചാലകശക്തിയായും പ്രാദേശിക സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്താൻ സഹായിക്കുന്ന സംവിധാനമായും ഇതിനെ വികസിപ്പിക്കണമെന്നാണ് സർക്കാർ കരുതുന്നത്. സമഗ്രമായ വളർച്ചയുണ്ടായതുകൊണ്ടുമാത്രം സുസ്ഥിര വികസനമുണ്ടാകണമെന്നില്ല. വളർച്ചയും വികസനവും തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ സാമ്പത്തിക വളർച്ചയെ സുസ്ഥിരവും സമഗ്രവുമാക്കി (Sustainable and Inclusive Development) മാറ്റണമെങ്കിൽ ബോധപൂർവമായ ഇടപെടലുകളുണ്ടാകണം. അതിനായി പ്രാദേശികമായ പ്രത്യേകതകളും യാഥാർഥ്യങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള നൂതന ആശയങ്ങളുടെ നിർമ്മിതിയുണ്ടാകണം. അത്തരം നൂതന ആശയ നിർമ്മിതിക്ക് പ്രോത്സാഹനം നൽകുകയെന്നതാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളിലൂടെ സർക്കാരുദ്ദേശിക്കുന്നത്. അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾ, പ്രാദേശിക സർക്കാരുകൾ എന്നിവയോടൊപ്പം പൊതുജനങ്ങളെക്കൂടി ബന്ധപ്പെടുത്തി നൂതന ആശയങ്ങൾ നിർമ്മിക്കുന്നതിലൂടെ പരിഹരിക്കാൻ സാധിക്കാത്ത പ്രാദേശിക വികസന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ സംവിധാനമൊരുക്കേണ്ടതുണ്ട്. കൂടാതെ പ്രാദേശിക സംരംഭകർക്ക് നൂതന ആശയങ്ങളിലൂടെ സംരംഭങ്ങളെ ആധുനികവത്കരിക്കുന്നതിനും മികച്ച ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നതിനും അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ബ്ലോക്ക്

ഇന്നവേഷൻ സെന്ററുകൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ പ്രവർത്തനം മറ്റ് ബ്ലോക്കുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ പിന്നീട് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനമെന്ന ലക്ഷ്യം കൈവരിക്കാൻ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ സഹായകരമാകുമോ; വിശദീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യം ഇതിനകം വിശദീകരിച്ചുകഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രാദേശിക സാമ്പത്തിക വികസനത്തിനാണ് സർക്കാർ പ്രധാനമായും ഊന്നൽകൊടുക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അടിസ്ഥാന സമീപനംതന്നെ പ്രാദേശിക സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്തലാണ്. അതിനായി നൂതന ആശയങ്ങൾ സൃഷ്ടിക്കാനുതകുന്ന ഒരു ആവാസവ്യവസ്ഥയാണ് സംസ്ഥാനതലത്തിലും അതിന്റെ വികേന്ദ്രീകൃത മാതൃകയെന്നനിലയിൽ ഇപ്പോൾ ബ്ലോക്ക് തലത്തിലും ഈ സംവിധാനത്തിലൂടെ ഒരുക്കിയിട്ടുള്ളത്. സംരംഭകർ, അക്കാദമിക/ഗവേഷണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവയിൽനിന്നുമുണ്ടാകുന്ന നൂതന ആശയങ്ങളെ പദ്ധതികളാക്കി മാറ്റുന്നതിന് ബ്ലോക്ക് ഇന്നവേഷൻ സെന്ററുകളുടെ പിന്തുണയുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. അത് പ്രാദേശിക സാമ്പത്തിക വികസനത്തെയും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനെയും ത്വരിതപ്പെടുത്തുന്ന ഇടപെടലായി മാറുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക തലങ്ങളിലെ വാണിജ്യ വ്യവസായമേഖലകളിലുൾപ്പെടെ സമഗ്ര വികസനത്തിനുതകുന്ന നൂതന ആശയങ്ങൾ വാർത്തെടുക്കാനുതകുന്ന ലക്ഷ്യങ്ങൾ

കൈവരിക്കാൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അതുസംബന്ധിച്ച് ഇവിടെ വിശദീകരിച്ചുകഴിഞ്ഞു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിൽ വിജ്ഞാന സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ. Kerala Knowledge Economy Mission (KKEM) നടത്തിയ സർവെയുടെ ആദ്യഘട്ടത്തിൽ 53 ലക്ഷം തൊഴിലന്വേഷകർ കേരളത്തിലുള്ളതായി കണ്ടെത്തി. എന്നാൽ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) രജിസ്റ്റർ ചെയ്തത് 18 ലക്ഷം പേരാണ്. 53 ലക്ഷംപേരെ കണ്ടെത്തിയെങ്കിലും 18 ലക്ഷം പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ രണ്ട് ലക്ഷത്തിനടുത്ത് തൊഴിലുകൾ മാത്രമാണ് കണ്ടെത്തിയതെന്നാണ് സർക്കാർ റിപ്പോർട്ടിൽ പറയുന്നത്. തൊഴിലന്വേഷകരുടെ പ്രതീക്ഷയും സർക്കാർ കണ്ടെത്തിയ തൊഴിലിന്റെ സ്വഭാവവും തമ്മിൽ വലിയ അന്തരമുണ്ട്. സംസ്ഥാനവ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വിജ്ഞാന കേരളം പദ്ധതി വ്യാപിപ്പിക്കുകയാണ്. 2023-24-ൽ ഇതിനുവേണ്ടി 13 കോടി രൂപ മാത്രമാണ് മാറ്റിവച്ചത്. കേരളത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിന് ഈ തുക മതിയാകാതെ വരും. അതുകൊണ്ട് അതിനാവശ്യമായ തുക അനുവദിക്കുമോ; ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്; ഇനി എത്ര പഞ്ചായത്തുകളിലേയ്ക്കുകൂടി കൊണ്ടുവരാനാണുദ്ദേശിക്കുന്നത്?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തൊഴിലന്വേഷകരായി രജിസ്റ്റർ ചെയ്തവരും തൊഴിലിന് പ്രാപ്തരായി കണ്ടെത്തിയവരും തമ്മിലുള്ള അകലത്തെക്കുറിച്ചാണ്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് തൊഴിൽ

നൈപുണി വികസനത്തിന് സർക്കാർ ഊന്നൽ കൊടുത്തുകൊണ്ടിരിക്കുന്നത്. വിജ്ഞാന കേരളം പദ്ധതി സംസ്ഥാനത്താകെ വിജയകരമായി നടപ്പാക്കുന്നതിന് തുടക്കം കുറിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി മെഗാതൊഴിൽ മേളകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴയിൽ ആദ്യത്തെ തൊഴിൽമേള വളരെ വിജയകരമായാണ് അവസാനിച്ചത്. അത് കേവലമൊരു തൊഴിൽമേള മാത്രമല്ല, തൊഴിൽമേളയിൽ പങ്കെടുത്തവരിൽ തൊഴിലിനർഹരാകാത്ത/നൈപുണി ആർജിക്കാൻ സാധിക്കാത്തവരെ കണ്ടെത്തി അവർക്ക് വൈജ്ഞാനിക മേഖലയിലെ തൊഴിലുകൾ നേടുന്നതിനാവശ്യമായ സ്കിൽ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള തുടർപരിശീലനം വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി നൽകുകയാണ്. നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് സർക്കാർ ചെയ്യുന്നത്. സ്റ്റാർട്ടപ്പ് മിഷന്റെ 5 ലക്ഷം രൂപയുടെ സഹായം സ്വീകരിച്ചുകൊണ്ടാണ് ലോകത്താകെ ശ്രദ്ധേയമായിത്തീർന്ന മാൻഹോൾ വൃത്തിയാക്കുന്നതിനുള്ള ജൻറോബോട്ടിക്സ് സാങ്കേതികവിദ്യയ്ക്ക് എന്റെ നിയോജകമണ്ഡലമായ തൃത്താലയിലെ ഒരു സംഘം ചെറുപ്പക്കാർ രൂപം നൽകിയത്. ഒരു സിനിമയിൽ നിന്ന് ലഭിച്ച ആശയത്തെ നൂതന ആശയമെന്ന നിലയിൽ വികസിപ്പിച്ച് അതൊരു പദ്ധതിയാക്കി മാറ്റുകയാണ് അവർ ചെയ്തത്. നൂറുകണക്കിന് രാജ്യങ്ങളിലേയ്ക്ക് അവരുടെ ഉൽപന്നം കയറ്റി അയയ്ക്കുകയാണ്. സ്റ്റാർട്ട് അപ് മിഷന്റെ സഹായമായി 5 ലക്ഷം രൂപയാണ് ലഭിക്കുന്നത്. തുകയുടെ വലുപ്പമല്ല; അത്തരമൊരു ഇക്കോസിസ്റ്റം ഉണ്ടാക്കുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. സർക്കാർ ഈ പ്രശ്നത്തെ സമഗ്രമായി അഭിസംബോധന ചെയ്യുകയാണ്. കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനും വൈജ്ഞാനിക തൊഴിലുകൾ നേടാൻ

പ്രാപ്തരാക്കുന്നതിനുമാവശ്യമായ സ്കിൽ ആർജിക്കുന്നതുൾപ്പെടെയുള്ള എല്ലാ പിന്തുണയും നൽകാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സമഗ്ര പദ്ധതിയായാണ് വിജ്ഞാന കേരളം പദ്ധതി നടപ്പാക്കുന്നത്.

മി. സ്പീക്കർ: ശ്രീ. അഹമ്മദ് ദേവർകോവിൽ....

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, എന്റെ ചോദ്യത്തിന്റെ മറുപടി പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: ശരി.

ശ്രീ. ടി. ജെ. വിനോദ്: സർ, രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി സ്ഥാപനങ്ങളെയും കമ്പനികളെയും സഹകരിപ്പിച്ചുകൊണ്ടുമാത്രമേ ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ നടപ്പാക്കാൻ കഴിയുകയുള്ളുവെന്നിരിക്കെ കേരളത്തിലും ഇന്ത്യയിലും വിദേശത്തുമുള്ള എത്ര സ്ഥാപനങ്ങളെയും കമ്പനികളെയുമാണ് സർക്കാർ സമീപിച്ചിട്ടുള്ളത്; അങ്ങനെ സമീപിച്ചിട്ടുണ്ടെങ്കിൽ ആ സ്ഥാപനങ്ങളുടെ പേരുവിവരങ്ങളും അവർക്ക് നൽകിയിട്ടുള്ള നിർദേശങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, അക്കാര്യം ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. പ്രാദേശിക തലത്തിലുള്ള ഗവേഷണ/അക്കാദമിക സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളുമായി ബന്ധപ്പെടുത്തുന്ന തരത്തിലാണ് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകൾ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ വിജ്ഞാന കേരളം പദ്ധതി മറ്റൊന്നാണ്. വിജ്ഞാന കേരളം പദ്ധതിയിൽ തൊഴിൽമേളയുടെ ഭാഗമായി തൊഴിൽദാതാക്കളായ എല്ലാ സ്ഥാപനങ്ങളെയും അണിനിരത്തുന്നുണ്ട്. ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്ററുകളും വിജ്ഞാന കേരളം പദ്ധതിയും രണ്ടാണെന്ന കാര്യം വ്യക്തമാക്കുകയാണ്.

ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് മേഖലയിൽ ഉപഭോക്തൃ സംരക്ഷണം

4(*304) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ താൽപര്യങ്ങൾ, വിവരസങ്കേതികവിദ്യ, വിദേശ നിക്ഷേപ നയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് തുടങ്ങിയ വില്പനരീതികൾ വിപുലമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് ബിസിനസ്സുകളിൽ ഉപഭോക്തൃ താൽപര്യസംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ അനിവാര്യത വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഡയറക്ട് സെല്ലിങ് മേഖലയെ നിരീക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ശക്തമായ മാർഗനിർദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത മാർഗനിർദേശങ്ങളുടെ പിൻബലത്തിൽ പിരമിഡ്, പോൺസി സ്കീം, മണി സർക്കുലേഷൻ തുടങ്ങിയ വ്യാപാര രീതികളെല്ലാം പൂർണ്ണമായും നിരോധിക്കാൻ സാധ്യമാണോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, (എ&ബി) സാമ്പത്തിക നയപരിഷ്കരണങ്ങൾ, ആഗോള വിപണി സാധ്യതകൾ, പുത്തൻ സാങ്കേതികവിദ്യകളുടെ ആവിർഭാവം തുടങ്ങിയവമൂലം സേവനങ്ങളുടെയും സാധനങ്ങളുടെയും

വിപണി വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഉപഭോക്തൃ താൽപര്യങ്ങൾ, നൂതന വിവരസാങ്കേതികവിദ്യ, വിദേശ നിക്ഷേപനയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിങ് തുടങ്ങിയ വില്പന രീതികൾ വിപുലമാകുന്നുണ്ട്. വർധിച്ച ആഗോള വ്യാപാരവും ഓൺലൈൻ വ്യാപാരവും ഉപഭോക്താക്കൾക്ക് ഉപകാരപ്രദമായെങ്കിലും പുതിയ രീതിയിലുള്ള തട്ടിപ്പുകളും അധാർമ്മിക കച്ചവടങ്ങളും ഉപഭോക്താക്കൾക്ക് ഭീഷണിയാകുന്നു. ഡയറക്ട് സെല്ലിങ് തുടങ്ങിയ വിൽപനരീതികൾ വിപുലമാകുന്ന സാഹചര്യത്തിൽ ഡയറക്ട് സെല്ലിങ് ബിസിനസ്സുകളിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി 04-10-2024-ലെ ജി.ഒ.(പി)നം. 20/2024/സി.എ.ഡി. പ്രകാരം പുതുക്കിയ ഡയറക്ട് സെല്ലിങ് മാർഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും.

(സി) ഡയറക്ട് സെല്ലിങ് മേഖലയെ നിരീക്ഷിക്കുന്നതിനും ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനുമായി 'സംസ്ഥാനതല മോണിറ്ററിങ് മെക്കാനിസം ഫോർ ഡയറക്ട് സെല്ലിങ് എന്റിറ്റീസ് ആൻഡ് ഡയറക്ട് സെല്ലേഴ്സ് ഇൻ ദി സ്റ്റേറ്റ് ഓഫ് കേരള, 2024' എന്ന പേരിൽ സംസ്ഥാനത്ത് ഡയറക്ട് സെല്ലിങ് മാർഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഡയറക്ട് സെല്ലിങ് ബിസിനസ്സ് നടത്തുന്നതിന് യഥാർഥ ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങൾക്ക് എൻറോൾമെന്റ് സൗകര്യങ്ങൾ ഒരുക്കുക, ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങളുടെ നിയമലംഘനത്തിനെതിരെ

പൊതുജനങ്ങൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽനിന്ന് പരാതികൾ സ്വീകരിക്കുക, നികുതി നിയമങ്ങൾ ലംഘിക്കുന്നത് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് അധികാരികളെ അറിയിക്കുക, നിയമ നിർവഹണ അധികാരികൾ, ഉപഭോക്താക്കൾ, ഡയറക്ട് സെല്ലേഴ്സ്, പൊതുജനങ്ങൾ എന്നിവർക്കിടയിൽ ഡയറക്ട് സെല്ലിങ് സംബന്ധിച്ച് അവബോധം നൽകുക, സംശയാസ്പദവും വ്യാജസ്വഭാവമുള്ളതുമായ സേവനങ്ങളെയും ഉൽപന്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കുക എന്നിവയാണ് മോണിറ്ററിങ് അതോറിറ്റിയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ. അന്യായമായ വ്യാപാര രീതികൾ നിരോധിക്കുക, എല്ലാത്തരം പിരമിഡ് സ്കീമുകളും മണിചെയിൻ പദ്ധതികളും നിരോധിക്കുക, കേരളത്തിലെ ഡയറക്ട് സെല്ലേഴ്സിന്റെയും ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുക/ മേൽനോട്ടം വഹിക്കുക എന്നിവയും മോണിറ്ററിങ് അതോറിറ്റിയുടെ പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

(ഡി) പിരമിഡ് സ്കീമുകൾ, പോൺസി സ്കീമുകൾ, മണിചെയിൻ സ്കീമുകൾ, മറ്റ് അന്യായ വ്യാപാര രീതികൾ എന്നിവ 2021-ലെ ഉപഭോക്തൃസംരക്ഷണ (ഡയറക്ട് സെല്ലിങ്) കേന്ദ്ര ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടുണ്ട്. ആയത് സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കാൻ വേണ്ടിയാണ് ഡയറക്ട് സെല്ലിങ് മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ജി.ഒ.(പി)നം. 20/2024/സി.എ.ഡി. പ്രകാരവും ഉപഭോക്തൃ സംരക്ഷണ (ഡയറക്ട് സെല്ലിങ്) ചട്ടങ്ങൾ 2021-ലെ ചട്ടം 10(b) r.w ചട്ടം 3(f) പ്രകാരവും ഡയറക്ട് സെല്ലിങ് സ്ഥാപനമോ ഡയറക്ട് സെല്ലറോ പിരമിഡ് സ്കീം, മണിചെയിൻ സ്കീം എന്നിവ പ്രോത്സാഹിപ്പിക്കുകയോ അതിൽ ഏർപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ അത്തരം സ്കീമിൽ

ചേർക്കുകയോ അത്തരം ക്രമീകരണത്തിൽ പങ്കെടുക്കുകയോ ചെയ്യരുതെന്നും തെറ്റിദ്ധരിപ്പിക്കുന്നതോ വഞ്ചനാപരമോ അന്യായമോ ആയ ഏതെങ്കിലും വ്യാപാരരീതികൾ പ്രോത്സാഹിപ്പിക്കുകയോ അതിലേർപ്പെടുകയോ ചെയ്യരുതെന്നും നിഷ്കർഷിക്കുന്നു. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഡയറക്ട് സെല്ലിങ് മേഖലയിൽ ശ്രദ്ധിക്കപ്പെടുന്നപക്ഷം അത്തരം സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയും.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഡയറക്ട് സെല്ലിങ് കമ്പനികളെയും ഡയറക്ട് സെല്ലർമാരെയും നിരീക്ഷിക്കുന്നതിനായി മോണിറ്ററിങ് സംവിധാനം രൂപീകരിച്ചതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇപ്രകാരമൊരു സംവിധാനത്തിന്റെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യം വിശദമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, 2021-ലെ ഉപഭോക്തൃ സംരക്ഷണ (ഡയറക്ട് സെല്ലിങ്) കേന്ദ്ര ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാരുകൾ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 11 നിഷ്കർഷിക്കുന്നുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ നിരീക്ഷണ സംവിധാനവും മാർഗരേഖയും രൂപീകരിച്ചത്. ഈ സംവിധാനം ഡയറക്ട് സെല്ലിങ് കമ്പനികളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് ഉപഭോക്താക്കളെ സഹായിക്കുന്നു. കൂടാതെ ചട്ടങ്ങൾ കൃത്യമായി പാലിച്ച് പ്രവർത്തിക്കുന്ന കമ്പനികൾക്ക് അവരുടെ വിശ്വാസ്യത ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിനും സഹായിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഡയറക്ട് സെല്ലിങ് മേഖലയുമായി ബന്ധപ്പെട്ട് വലിയൊരു വിഭാഗം ജനങ്ങൾ തൊഴിലെടുക്കുന്നുണ്ട്. നിയമപരിരക്ഷ നൽകിയാൽ ഇനിയും ധാരാളം ആളുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവരുമെന്നിരിക്കെ ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സംരക്ഷണം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇന്ത്യയിൽ ഡയറക്ട് സെല്ലിങിന്റെ ഭാവി വളരെയധികം പ്രതീക്ഷ നൽകുന്നതാണ്. വരുംവർഷങ്ങളിൽ ഈ വ്യവസായം മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്വാഭാവികമായും ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സർക്കാരിന് നികുതി വരുമാനം ഉറപ്പുവരുത്തുകയും ചെയ്യും. ഉപഭോക്തൃ താൽപര്യം സംരക്ഷിക്കുകയെന്നത് വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽസംരക്ഷണവും ക്ഷേമവും തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ആവശ്യമുള്ളപക്ഷം പ്രസ്തുത വകുപ്പുമായി ടി വിഷയം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഡയറക്ട് സെല്ലിങുമായി ബന്ധപ്പെട്ട് രൂപീകരിച്ച മോണിറ്ററിങ് കമ്മിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണ്; കമ്മിറ്റിയുടെ നിരീക്ഷണത്തിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കുന്നത്?

ശ്രീ. ജി. ആർ. അനിൽ: സർ, കമ്പനികളുടെ എൻറോൾമെന്റ്, ഡയറക്ട് സെല്ലിങ് റൂൾസ് വയലേഷൻസ് സംബന്ധിച്ച പരാതി സ്വീകരിക്കൽ, ഡയറക്ട് സെല്ലിങ് കമ്പനികൾ നടത്തുന്ന നികുതി വെട്ടിപ്പ്, മറ്റ് അനഭിലഷണീയ കച്ചവട പ്രവണതകൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി

ഉറപ്പുവരുത്തുക, സംശയാസ്പദമായ കമ്പനികളും ഉൽപന്നങ്ങളും സംബന്ധിച്ച് ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് നൽകുക എന്നിവയാണ് മോണിറ്ററിങ് അതോറിറ്റിയുടെ ചുമതലകൾ. മോണിറ്ററിങ് കമ്മിറ്റിയുടെ നിരീക്ഷണത്തിൽ കണ്ടെത്തുന്ന പിഴവുകൾ തിരുത്താൻ കമ്പനികൾക്കും ഡയറക്ട് സെല്ലേഴ്സിനും നിർദേശം നൽകുകയും അവ പാലിക്കാതിരുന്നാൽ നിർവഹണ ഉദ്യോഗസ്ഥർ മുഖേന ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഡയറക്ട് സെല്ലിങ് മേഖലയിൽ ആവശ്യമായ സംവിധാനങ്ങളൊരുക്കുന്നതിനും ഉപഭോക്തൃ താൽപര്യം സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുകയും അതിനായി മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തുവെങ്കിലും ഈ മേഖലയിൽ ഒട്ടേറെ തട്ടിപ്പുകൾ നടക്കുകയും ധാരാളം ആളുകൾ പറ്റിക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിൽ ഉപഭോക്തൃ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനും നിരീക്ഷിക്കുന്നതിനും അതുസംബന്ധിച്ച് ഉപഭോക്താവിന് പരാതി ഉന്നയിക്കുന്നതിനുമുള്ള സൗകര്യം മോണിറ്ററിങ് സംവിധാനത്തിന്റെ ഭാഗമായി ലഭ്യമാണോ?

ശ്രീ. ജി. ആർ. അനിൽ: സർ, നിരവധി തട്ടിപ്പുകളും ഉപഭോക്തൃ ചൂഷണങ്ങളും ഈ മേഖലയിലുണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. അതുതന്നെയാണ് ഇത്തരത്തിൽ ശക്തമായൊരു നിരീക്ഷണ സംവിധാനം രൂപീകരിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിങ് കമ്പനികൾ ഉപഭോക്തൃകാര്യ വകുപ്പിൽ എൻറോൾ

ചെയ്യണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നുണ്ട്. വിശദമായ പരിശോധനയ്ക്കുശേഷം യോഗ്യരായ കമ്പനികളുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അത്തരത്തിൽ എൻറോൾ ചെയ്യുന്ന കമ്പനികളുടെ ലിസ്റ്റ് പരിശോധിച്ച് ഉപഭോക്താവിന് കമ്പനിയുടെ വിശ്വാസ്യത ബോധ്യപ്പെടാവുന്നതാണ്. അറിവുണ്ടായിരിക്കുകയെന്നതാണ് ചൂഷണം ഒഴിവാക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത്. ഇത്തരത്തിലുള്ള അറിവ് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുകയെന്നതാണ് മോണിറ്ററിങ് സംവിധാനത്തിലൂടെ സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി നേരത്തെ പറഞ്ഞ മറുപടി നാമെല്ലാം കേട്ടതാണ്. തട്ടിപ്പുകൾ ഒഴിവാക്കാൻ നമ്മൾ വിചാരിച്ചാൽ മാത്രം കഴിയില്ല; ഉപഭോക്താക്കൾക്ക് ജാഗ്രതയുണ്ടായാൽ മാത്രമെ തട്ടിപ്പുകൾ ഒഴിവാക്കാൻ കഴിയൂ.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഡയറക്ട് സെല്ലിങ്ങുമായി ബന്ധപ്പെട്ട മോണിറ്ററിങ് അതോറിറ്റിയുടെ രൂപീകരണത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും തേടിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകൾ, ഡയറക്ട് സെല്ലിങ് കമ്പനികളുടെ അസോസിയേഷനുകൾ എന്നിവയുടെ പ്രതിനിധികളുമായി നിരവധി ചർച്ചകൾ നടത്തിയിരുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി വകുപ്പ് ഈ വിഷയത്തിൽ ഒരു ശിൽപശാലയും സംഘടിപ്പിച്ചിരുന്നു. അത്തരത്തിൽ സ്വരൂപിച്ച അഭിപ്രായങ്ങളും നിർദേശങ്ങളുംകൂടി പരിഗണിച്ചാണ് മോണിറ്ററിങ് സംവിധാനത്തിന്റെ മാർഗരേഖ സർക്കാർ തയ്യാറാക്കിയത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2021-ലെ കേന്ദ്ര ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഡയറക്ട് സെല്ലിങ് കമ്പനികളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ഒരു മോണിറ്ററിങ് മെക്കാനിസം ആരംഭിച്ചിട്ടുണ്ടെങ്കിലും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളിലൂടെ കൃത്യമായ മേൽവിലാസമില്ലാതെ ഉപഭോക്താക്കളെ കബളിപ്പിക്കുന്ന കമ്പനികൾ സംസ്ഥാനത്ത് സജീവമാണ്. ഇതിൽ കൂടുതലും അകപ്പെടുന്നത് ചെറുപ്പക്കാരാണ്. അവരുടെ പർച്ചേസിങ് ഹാബിറ്റ് മാറിയിരിക്കുകയാണ്; ഷോപ്പിലേയ്ക്ക് നേരിട്ട് പോകാതെ വീട്ടിലിരുന്നതന്നെ സാധനങ്ങൾ ഓർഡർ ചെയ്യുകയാണ്. ഇവരൊക്കെ വലിയ പ്രശ്നങ്ങളിലാണ് അകപ്പെടുന്നത്. മോശമായ ഡയറക്ട് സെല്ലിങ് കമ്പനികളുടെ ലിസ്റ്റ് മോണിറ്ററിങ് സംവിധാനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇതുസംബന്ധിച്ച് ഞാൻ നേരത്തെ വിശദീകരിച്ചതാണ്. ഒരുപക്ഷേ, ഇന്ത്യയിലാദ്യമായി കേരളത്തിലാണ് ഇങ്ങനെയൊരു സംവിധാനം നടപ്പാക്കുന്നത്. സംസ്ഥാനത്ത് മോണിറ്ററിങ് സംവിധാനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ; കമ്പനികളുടെ ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. ഉപഭോക്താവിന് സമീപിക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന വ്യക്തമായ വിവരം പ്രസിദ്ധീകരിക്കുന്നതാണ്.

ലഹരിയുടെ സ്വാധീനത്തിൽ നടത്തുന്ന അതിക്രമങ്ങൾ തടയാൻ നടപടി

5(*305) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കൾ നടത്തുന്ന

അതിക്രമങ്ങൾ വർധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ലഹരിയുടെ അമിതോപയോഗംമൂലം യുവാക്കളുണ്ടാക്കുന്ന ക്രമസമാധാന പ്രശ്നം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ലഹരി ഉപയോഗംമൂലമുള്ള അതിക്രമങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിനായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) യുവാക്കളിൽ വർധിച്ചുവരുന്ന അക്രമണോത്സുകതയ്ക്ക് വിവിധ കാരണങ്ങളുണ്ട്. ലഹരി ഉപയോഗം ഇതിനൊരു കാരണമാണ്. ഇതിന്റെ കേരളത്തിലേയ്ക്കുള്ള കടന്നുവരവിനെ പൊലീസും എക്സൈസ് വകുപ്പും കർക്കശമായി തടയുന്നുണ്ട്. മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിനായി പൊലീസ് കർമ്മ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) ലഹരി ഉപയോഗിച്ചശേഷം കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുന്നവർക്കെതിരെ പൊലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ലഹരിക്ക് അടിമപ്പെട്ട യുവാക്കളെയും മറ്റും കണ്ടെത്തി ലഹരി വിമുക്തി കേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ കൗൺസലിങും ചികിത്സയും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളിലും കൗൺസലിങ് സെന്ററുകളിലും ലഹരിക്കടിമപ്പെട്ട് ചികിത്സയ്ക്കായി എത്തുന്ന ആളുകളിലും എക്സൈസ് വകുപ്പ് കണ്ടെത്തുന്ന എൻ.ഡി.പി.എസ്.

കേസുകളിലെ പ്രതികളിലും ഉൾപ്പെടെ പത്ത് വയസ്സിനും പത്തൊൻപത് വയസ്സിനുമിടയിൽ പ്രായമുള്ളവർക്കിടയിൽ 'An analysis of the cause and consequences of drug addiction and illegal drug trafficking among adolescence' എന്ന പേരിലും ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ നേരിടുന്നതിന് സർക്കാർ നടപ്പാക്കിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തുന്നതിനും ലഹരിയുടെ ഉറവിടം, വ്യാപനം, സമൂഹത്തിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൃഷ്യഫലങ്ങളുടെ സ്ഥിതിവിവരങ്ങൾ എന്നിവ വിലയിരുത്തുന്നതിനും ആവശ്യമായ പരിഹാരമാർഗങ്ങൾ കണ്ടെത്തി നടപ്പാക്കുന്നതിലേയ്ക്കുമായി Public Opinion on Substance Abuse എന്ന പേരിലും എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സർവെ നടത്തിയിട്ടുള്ളതാണ്.

(സി) ഇക്കാര്യം അതീവ ഗുരുതര വിഷയമായാണ് സർക്കാർ കാണുന്നത്. ഒറ്റപ്പെട്ടതെങ്കിലും ഗൗരവമേറിയ ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമനടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. അതോടൊപ്പം കുട്ടികളിൽ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഐക്യരാഷ്ട്രസഭപോലും ഉത്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ള ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും വിലയിരുത്തപ്പെടണം.

അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേയ്ക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം. വീട്ടിലെ മുറി എന്ന പെട്ടിയിൽനിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേയ്ക്കും അതിൽനിന്ന് ക്ലാസ്മുറി എന്ന പെട്ടിയിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടുന്ന

ബാല്യം ഒരു ഡിജിറ്റൽ ലോകത്തേയ്ക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷനാവുന്നു. അതിൽനിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു. അധ്യാപകനും വിദ്യാർഥിയും തമ്മിലും രക്ഷകർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ തുടങ്ങി കാരണങ്ങൾ പലതുണ്ട്. മയക്കുമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചുനീക്കുകതന്നെ വേണം. കക്ഷിരാഷ്ട്രീയ ഭേദമില്ലാത്ത ഒരുമയാണ് ഇവിടെ ആവശ്യം.

സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള കാമ്പസിനുമാത്രമേ അരാജകപ്രവണതകളെ തടയാനാവൂ. അതിന് കാമ്പസ്സുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട് ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായക പങ്കുവഹിക്കുവാൻ കഴിയും.

എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈയെടുക്കും. ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി തയ്യാറാക്കും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പൂക്കോട് വെറ്ററിനറി സർവകലാശാല ഹോസ്റ്റലിലും കോട്ടയം നഴ്സിങ് കോളേജ് ഹോസ്റ്റലിലും നടന്ന മനുഷ്യത്വരഹിതമായ റാഗിങ്

ലഹരിയുടെ സ്വാധീനത്താലാണെന്ന് വ്യക്തമായിട്ടുള്ളതാണ്. മദ്യക്കുപ്പികളുടെ വലിയ ശേഖരമാണ് ഇവിടങ്ങളിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. യാതൊരു പരിശോധനയുമുണ്ടാകില്ലെന്ന ധൈര്യത്തിലാണ് മയക്കുമരുന്ന് മാഫിയ ഹോസ്റ്റലുകൾ താവളമാക്കുന്നത്. ചുമതലപ്പെട്ട അധ്യാപകരോ പി.ടി.എ.-യോ ഹോസ്റ്റൽ മുറികളിൽ പരിശോധന നടത്തുന്നില്ല; അവർക്ക് അതിനുള്ള ധൈര്യമില്ല എന്നുള്ളതാണ് വാസ്തവം. അധ്യാപകരും പി.ടി.എ.-യും ഉൾപ്പെടുന്ന ജാഗ്രതാ സമിതി രൂപീകരിച്ച് ഹോസ്റ്റലുകളിൽ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയം സംസ്ഥാനത്ത് സമീപകാലത്ത് അതീവ ഗൗരവമായി മാറിക്കൊണ്ടിരിക്കുകയാണ്. അത് തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള നടപടികൾ മാത്രമല്ല പൊതുസമൂഹത്തേയും വലിയ തോതിൽ അണിനിരത്തേണ്ടതായിട്ടുണ്ട്. ലഹരിക്കിരയാകുന്നവരെ ഇരയായി തന്നെ കാണണം. അതിന് മറ്റ് ചിത്രങ്ങൾ നൽകേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്. നാമുൾപ്പെടുന്ന പൊതുസമൂഹത്തിന് ഇക്കാര്യത്തിൽ ഒന്നിച്ച് നിൽക്കാൻ കഴിയണം. ലഹരിക്കടിമയായവരെ അതിൽനിന്ന് മുക്തമാക്കാൻ ചിലപ്പോൾ ഡീ-അഡിക്ഷൻ സെന്ററിലേയ്ക്ക് കൊണ്ടുപോകുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടിവരും. ലഹരി മുക്തമാക്കുക എന്നതിനോടൊപ്പം ലഹരി വ്യാപനം തടയുന്നതിനാവശ്യമായ ശക്തമായ നടപടികളും സ്വീകരിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. നമുക്ക് കൂട്ടായി അതിനാവശ്യമായ

നടപടികളിലേയ്ക്ക് കടക്കാൻ കഴിയണം. എല്ലാ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രസ്ഥാനങ്ങളും ഇക്കാര്യത്തിൽ ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ട ഘട്ടം വന്നിരിക്കുകയാണ്. അതിഗൗരവമായിത്തന്നെയാണ് സർക്കാർ ഈ വിഷയത്തെ കാണുന്നത്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു)

10.00 a.m]

II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

നെല്ല് സംഭരണം

മി. സ്പീക്കർ: കുട്ടനാടും പരിസരപ്രദേശങ്ങളിലുമുള്ള മില്ലുടമകൾ നെല്ല് സംഭരണത്തിൽനിന്നും പിന്മാറുന്നത് തടയാൻ സർക്കാർ പരാജയപ്പെട്ടതായും അതുമൂലം ദിവസങ്ങളായി പാടശേഖരങ്ങളിൽ നെല്ല് കെട്ടിക്കിടക്കുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, സി. ആർ. മഹേഷ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസിൽ ഉന്നയിച്ചതുപോലെയുള്ള ഗുരുതരമായ സാഹചര്യത്തിലേയ്ക്കെത്തിയിട്ടില്ല. നെല്ല് സംഭരണം സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്.

* അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

നിരവധി പ്രശ്നങ്ങൾ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ദിനംപ്രതി ഉയർന്നുവരാറുണ്ട്. ഉൽപാദിപ്പിച്ച മുഴുവൻ നെല്ലും ഗുണനിലവാര പരിശോധനയില്ലാതെ സംഭരിക്കണമെന്നാണ് കർഷകർ ആഗ്രഹിക്കുന്നത്. എന്നാൽ ഗുണനിലവാര പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ കിഴിവ് ആവശ്യപ്പെടുന്ന സമീപനമാണ് മില്ലുടമകൾ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 64.5 ശതമാനത്തിൽനിന്നും 68 ശതമാനത്തിലേക്ക് ഉയർത്തിയതോടുകൂടി മില്ലുടമകൾ ഗുണനിലവാര പരിശോധന കർശനമാക്കി. കാരണം 100 കിലോഗ്രാം നെല്ലിൽനിന്നും 68 കിലോഗ്രാം അരി അവർ സർക്കാരിലേക്ക് നൽകേണ്ടതുണ്ട്. അതുമാത്രമല്ല, അരി എടുക്കുന്നതിനുമുമ്പ് സർക്കാരും ഗുണനിലവാര പരിശോധന നടത്തും. അതിനുശേഷം മാത്രമേ പൊതുവിതരണത്തിനായി ഉപയോഗിക്കുകയുള്ളൂ. പ്രസ്തുത കാരണത്താൽ നെല്ലിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം മുതൽ മില്ലുടമകൾ കർശന നിലപാട് സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച വസ്തുതാപരമായ ചില കാര്യങ്ങൾ സഭ അറിയേണ്ടതുണ്ട്. നടപ്പുസംഭരണ വർഷം 75600 കർഷകരിൽനിന്നും 208000 മെടിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ ആകെ വിലയായ 591.40 കോടി രൂപയിൽ 387.59 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. ബാക്കി 203.81 കോടി രൂപ നൽകാനുണ്ട്. 2024-25 നടപ്പുസംഭരണ വർഷത്തിൽ ആഗസ്റ്റ് മാസം 1 മുതൽ ഡിസംബർ 31 വരെ ഒന്നാംവിളയും ജനുവരി മാസം 1 മുതൽ ജൂൺ 30 വരെ രണ്ടാംവിളയുമാണ്. പാലക്കാട് ജില്ലയിൽ 38792 കർഷകരിൽനിന്നും 79037 മെടിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ വിലയായ 223.83 കോടി രൂപയിൽ 204 കോടി 18 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

ബാക്കി 19.65 കോടി രൂപ നൽകാനുണ്ട്. അവിടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ചില വിഷയങ്ങൾ ഉയർന്നുവരികയുണ്ടായി. കർഷകർ ചില പാടങ്ങളിൽ വിതയ്ക്കുന്ന നെൽവിത്ത് വെള്ളയാണെങ്കിൽ അതിൽനിന്നും ഉൽപാദിപ്പിക്കുന്ന അരിയും വെള്ളയായിരിക്കും. അതുകൊണ്ട് ചുവപ്പും വെള്ളയും അരി മിക്സ് ചെയ്യുവരുമ്പോൾ സംഭരണത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കും. സ്വാഭാവികമായും മില്ലുകാർ മാത്രമല്ല പൊതുവിതരണ കേന്ദ്രത്തിലും ആ അരിയെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയരും. നിരവധി ചർച്ചകളിലൂടെയാണ് പട്ടാമ്പിയിലെയും ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മണ്ഡലമടക്കമുള്ള പ്രദേശങ്ങളിലെയും അത്തരം വിഷയങ്ങൾ പരിഹരിച്ചത്. നടപ്പുസംഭരണവർഷം ആലപ്പുഴ ജില്ലയിലെ 12930 കർഷകരിൽനിന്നും 43810 മെട്രിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ വിലയായ 124.07 കോടി രൂപയിൽ 109.42 കോടി രൂപ കർഷകർക്ക് നൽകി. ബാക്കി 14.65 കോടി രൂപ നൽകാനുണ്ട്. കോട്ടയം ജില്ലയിലെ 7559 കർഷകരിൽനിന്നും 25767 മെട്രിക് ടൺ നെല്ല് സംഭരിച്ചു. നെല്ലിന്റെ വിലയായ 72 കോടി രൂപയിൽ 44.35 കോടി രൂപ നൽകി. ബാക്കി 27.65 കോടി രൂപ കൊടുക്കാനുണ്ട്. പ്രധാനപ്പെട്ട മൂന്നുനാല് ജില്ലകളുടെ കണക്കാണ് ഞാൻ സൂചിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ 15076 കർഷകരിൽനിന്നും 38529 മെട്രിക് ടൺ നെല്ല് അതായത്, 109 കോടി രൂപയുടെ നെല്ല് ഈ വർഷാവസാന നാളുകളിൽ സംഭരിച്ചു. അതിൽ 14.48 കോടി രൂപ നൽകി. ബാക്കി തുക നൽകാനുണ്ട്. അത് കൃത്യമായി നൽകുന്നതിനുള്ള പരിശ്രമവും അതിനനുസരിച്ചുള്ള നിലപാടുമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിപ്രകാരം ഗുണനിലവാരവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ്

മുന്നോട്ടുവച്ചിട്ടുള്ള നിർദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രമേ സർക്കാരിന് നെല്ല് സംഭരിക്കാൻ സാധിക്കുകയുള്ളൂ. ആ നിർദേശങ്ങളിൽ പറയുന്നത് ബാഹ്യവസ്തുക്കൾ - ജൈവം 1 ശതമാനമാകാം, അജൈവം 1 ശതമാനമാകാം; കേടായത്, മുളച്ചത്, കീടബാധയേറ്റത് - പരമാവധി 4 ശതമാനം വരെയാകാം; നിറം മാറിയത് - 1 ശതമാനമാകാം; പാകമാകാത്തതും ചുരുങ്ങിയതുമായ പതിര് - 3 ശതമാനംവരെയാകാം; താഴ്ന്ന ഇനങ്ങളുടെ കലർപ്പുകൾ 6 ശതമാനംവരെയാകാം; ഈർപ്പം 17 ശതമാനമാകാം എന്നാണ്. മുൻകാലങ്ങളിലും സമാനമായ സാഹചര്യമുണ്ടാകുമ്പോൾ മില്ലുടമകൾ പലപ്പോഴും ചർച്ചകളിലൂടെയുണ്ടാകുന്ന സമ്മർദങ്ങളുടെ ഫലമായി നെല്ല് സംഭരിക്കാൻ സമ്മതിക്കുന്ന അവസ്ഥയുണ്ടാകും. എന്നാൽ നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 68 ശതമാനമായതോടുകൂടി മില്ലുടമകളും പ്രയാസത്തിലാണ്. ഇത്തരം ഘട്ടങ്ങളിലാണ് പലവിധ ചർച്ചകളിലൂടെ ഈ വിഷയങ്ങൾ പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നത്. പ്രധാനമായും കോട്ടയം ജില്ലയിലെ തിരുവാർപ്പ് പഞ്ചായത്തിലെ ജെ ബ്ലോക്ക് ഒൻപതിനായിരം പാടശേഖരത്തിലും അതിന്റെ സമീപ പ്രദേശങ്ങളിലും നെല്ലെടുപ്പുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടായതുകൊണ്ടാണ് ബഹുമാന്യനായ അംഗം പ്രസ്തുത വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തയ്യാറായത്. ഈ വിഷയം സംബന്ധിച്ച് കുട്ടനാട്, ചങ്ങനാശ്ശേരി, അമ്പലപ്പുഴ, വൈക്കം എന്നീ നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ സഭാസമ്മേളനം നടക്കുന്നതിനിടയിൽതന്നെ ബന്ധപ്പെട്ടവരുമായി നിയമസഭാ കോംപ്ലക്സിലെ എന്റെ റൂമിൽവച്ച് കഴിഞ്ഞ ആഴ്ച ചർച്ച നടത്തുകയുണ്ടായി. സമയോചിതമായി അത്തരം വിഷയങ്ങളിൽ ഇടപെടുന്ന രീതിയാണ് ഞാനും ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും സ്വീകരിക്കുന്നത്.

ആ ജില്ലയിലെ മന്ത്രിമാരെന്ന നിലയ്ക്ക് പ്രസ്തുത വിഷയങ്ങളിൽ അടിയന്തരമായി പരിഹാരം കണ്ടെത്താനാണ് ശ്രമിച്ചത്. കിഴിവ് നൽകുന്നത് സംബന്ധിച്ച് മില്ലുടമകൾ തമ്മിലുള്ള തർക്കം ആദ്യഘട്ടത്തിൽ നെല്ലെടുപ്പ് താമസിപ്പിക്കുന്നതിന് ഇടയാക്കിയെങ്കിലും പ്രസ്തുത വിഷയം ചർച്ചകളിലൂടെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. മാർച്ച് മാസം 14, 15 തീയതികളിൽ ഞാൻ ഓൺലൈനായും ബഹു. കൃഷി വകുപ്പുമന്ത്രി നേരിട്ടും ആലപ്പുഴയിൽ യോഗം ചേർന്നിരുന്നു. ബഹു. സഹകരണ വകുപ്പുമന്ത്രിയും ആ വിഷയത്തിലിടപെട്ടു. ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ചും പലവിധത്തിലുള്ള ചർച്ചകൾ നടത്തുകയുണ്ടായി. ഈ ചർച്ചകളുടെയെല്ലാം ഫലമായി രണ്ട് ശതമാനം കിഴിവ് സമ്മതിച്ചുകൊണ്ട് കർഷകരിൽ മഹാഭ്രരിപക്ഷവും മുന്നോട്ടുവരികയുണ്ടായി. എന്നാൽ ഒരു കിഴിവും നൽകില്ലെന്ന നിലപാടിലുറച്ചുനിൽക്കുന്ന സമീപനം ചിലർ സ്വീകരിച്ചു. അതിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ പാർട്ടിയിൽപ്പെട്ട കർഷക സംഘടനയുൾപ്പെടെയുണ്ട്. അതിനുപിന്നിലുള്ള താൽപര്യം സംബന്ധിച്ച വിശദീകരണത്തിലേക്ക് ഞാൻ കടക്കുന്നില്ല. കഴിഞ്ഞ ദിവസം നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിച്ചു. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ നെല്ല് കയറ്റി പോകുന്നതിന്റെ ചിത്രമുൾപ്പെടെ നൽകിയിട്ടുണ്ട്. (ചിത്രത്തിന്റെ കോപ്പി ഉയർത്തിക്കാട്ടി). 1500 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇന്നലെ ഞായറാഴ്ച ആയിരുന്നിട്ടുപോലും 36 ലോഡ് നെല്ല് അവിടെനിന്നും കൊണ്ടുപോയി. ഇന്നും രാവിലെ മുതൽ ആ പ്രക്രിയ നടക്കുകയാണ്. അതുകൊണ്ട് ഓരോ പാടശേഖരവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന വിഷയങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമല്ല എം.എൽ.എ.-മാരും ജനപ്രതിനിധികളും

മന്ത്രിമാരും വളരെ ശ്രദ്ധാപൂർവം ഇടപെട്ട് കർഷകരെ സഹായിക്കുകയും ചേർത്തുനിർത്തുകയും ചെയ്യുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വലിയ രീതിയിൽ മുൻകൈയെടുത്തിട്ടുണ്ടെന്നതും സഭയെ അറിയിക്കുകയാണ്. കർഷകർക്ക് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച കണക്കുകൾ ഞാൻ പറഞ്ഞു. 2025 ഫെബ്രുവരി മാസം 28 വരെ സംഭരിച്ച നെല്ലിന്റെ വിലയായി പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) വായ്പ കൊടുക്കാൻ ബാങ്കിലേക്ക് ലിസ്റ്റും പണവും കൈമാറിയിട്ടുണ്ട്. നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര ഗവൺമെന്റ് ഏകദേശം 1300 കോടി രൂപ നൽകാനുണ്ട്. അതിനിടയിലാണ് സംസ്ഥാനം പലവിധ സാമ്പത്തിക ഞെരുക്കത്തിനിടയിലും കർഷകരെ സഹായിക്കാൻ കഴിയുന്ന സമീപനം സ്വീകരിക്കുന്നത്. ഇതിൽ രാഷ്ട്രീയമായ വിഷയങ്ങൾ കാണേണ്ടതില്ല. കൃഷിക്കാരുടെ പ്രശ്നങ്ങളിൽ ഗവൺമെന്റ് പരമാവധി വേഗതയിൽ നടപടി സ്വീകരിക്കുന്നുണ്ട്. നെല്ല് സംഭരിച്ച വകയിൽ 2025 ഫെബ്രുവരി 20 വരെയുള്ള കുടിശ്ശിക നൽകി. ഫെബ്രുവരി 28 വരെയുള്ളതിന്റെ തുക നൽകുന്നതിനായി ബാങ്കിലേക്ക് ലിസ്റ്റുൾപ്പെടെ കൈമാറിയിട്ടുണ്ട്. പ്രശ്നങ്ങളെ കാണാതെ പോകുന്ന നിലപാടല്ല സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ട് പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല. ഈ വിഷയം നാല് ദിവസങ്ങൾക്കുമുമ്പ് സഭയുടെ മുമ്പിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട അംഗത്തിന് തോന്നിയിരുന്നെങ്കിൽ ശരിയായിരുന്നു. കാരണം പ്രസ്തുത വിഷയം പല അംഗങ്ങളും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾതന്നെ ഞാൻ ഇടപെട്ടിരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നെൽകൃഷി മേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെ

കടന്നുപോകുന്നുവെന്നത് വസ്തുതയാണ്. നെല്ല് സംഭരണം സങ്കീർണ്ണമായ പ്രക്രിയയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുന്നുണ്ട്. ഈ സങ്കീർണ്ണ പ്രക്രിയ അതേ രീതിയിൽ മുന്നോട്ടുപോകുകയും പല പാടശേഖരങ്ങളിലും കൊയ്ത്ത് കഴിഞ്ഞ് നെല്ല് സംഭരിക്കാത്ത അവസ്ഥ തുടരുകയും ചെയ്യുന്നു. ബാങ്ക് ലോൺ എടുത്തും കടം വാങ്ങിയും സ്വർണ്ണം പണയംവച്ചുമൊക്കെ കൃഷി ചെയ്യുന്ന കർഷകരുടെ നെല്ല് പാടശേഖരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന ദയനീയ കാഴ്ച കാണുമ്പോൾ സ്വാഭാവികമായും വലിയ പ്രതിഷേധമുയരും. കർഷകന്റെ കണ്ണുനീർ ഇന്നും പാടശേഖരങ്ങളിൽ വീഴുന്നുവെന്ന വസ്തുത ഗവൺമെന്റ് മനസ്സിലാക്കണം. നെല്ല് സംഭരണത്തിന്റെ പാളിച്ച ഒരു പ്രാവശ്യം കുട്ടനാട്ടിലാണെങ്കിൽ അടുത്ത തവണ പാലക്കാടോ തൃശ്ശൂരോ പത്തനംതിട്ടയിലോ ആയിരിക്കാം. പല സ്ഥലങ്ങളിലും പല തരത്തിൽ ഈ വിഷയം ഒരു തുടർക്കഥപോലെ മുന്നോട്ടുപോകുകയാണ്. കോട്ടയം ജില്ലയിലെ ജെ ബ്ലോക്ക് ഒമ്പതിനായിരം പാടശേഖരത്തിലെ നെല്ല് കഴിഞ്ഞ ദിവസം സംഭരിച്ചുവെന്ന് പറയുമ്പോഴും കഴിഞ്ഞ രണ്ടാഴ്ചയിലേറെയായി (17 ദിവസത്തോളം) അവിടെ നെല്ല് കൂട്ടിയിട്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും കർഷകരുമായി സംസാരിച്ച് അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ശക്തമായ സമ്മർദത്തിന്റെ അടിസ്ഥാനത്തിലാണ് ഏറ്റവുമൊടുവിൽ ചർച്ച നടത്തി രണ്ട് ശതമാനം കിഴിവ് ഈ പാടശേഖരത്തിലെ കർഷകരുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് ഇന്നലെ മുതൽ സംഭരണം ആരംഭിച്ചിരിക്കുന്നത്. അതുതന്നെയാണ് ഞങ്ങളിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. സമീപ പാടശേഖരത്തിൽ ഇതേ രീതിയിൽ കൃഷി ചെയ്ത നെല്ല് കിഴിവില്ലാതെ എടുക്കുകയും ഈ

പാടശേഖരത്തിലെ നെല്ലിന് കിഴിവ് അടിച്ചേൽപ്പിച്ചുവെന്നുള്ളതുമാണ് കർഷകരുടെ ആക്ഷേപം. കിഴിവ് കൊടുക്കണമെന്ന നിർബന്ധബുദ്ധി മില്ലുടമകൾ കാണിക്കേണ്ടതില്ല. ഈ പാടശേഖരത്തെ നെല്ല് സംഭരണത്തിന് കിഴിവ് കൊടുക്കുന്ന സന്ദർഭങ്ങൾ മുൻപുണ്ടായിട്ടില്ല. കാരണം, ഉൽപന്നത്തിന്റെ ക്വാളിറ്റി സംബന്ധിച്ച് കർഷകർക്ക് ആത്മവിശ്വാസമുണ്ട്. പക്ഷേ, രണ്ടാഴ്ചയ്ക്ക് മുകളിൽ നെല്ല് കെട്ടിക്കിടക്കുകയും വേനൽ മഴ അടക്കമുള്ള പ്രതിസന്ധി വരികയും ചെയ്തപ്പോൾ കർഷകർ വലിയ രീതിയിൽ സമ്മർദത്തിലായതിന്റെ അടിസ്ഥാനത്തിലാണ് ഗത്യന്തരമില്ലാതെ ഈ കിഴിവ് സഹിതം സഹിച്ച് നെല്ല് കൊടുക്കേണ്ട സാഹചര്യമുണ്ടായത്. ഈ പാടശേഖരത്തെ നെല്ല് സംഭരണം വൈകിപ്പിച്ചുവെന്ന ആക്ഷേപം നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് കൃഷിവകുപ്പടക്കം അന്വേഷണം നടത്തണമെന്ന് ഈ സഭയിൽ ആവശ്യപ്പെടുകയാണ്. നെല്ലുൽപാദനത്തിന്റെ പൊതുവായ ചിത്രമെന്താണ്? കേരളത്തിൽ നെല്ലുൽപാദനം കുറയുന്നുവെന്നാണ് കാണാൻ കഴിയുന്നത്. 2020-21-ൽ 201 ഹെക്ടർ വിസ്തൃതിയിലാണ് നെൽകൃഷി ചെയ്തിരുന്നെങ്കിൽ 2023-24 ആയപ്പോൾ അത് 178 ഹെക്ടറായി കുറഞ്ഞു. അതുപോലെ 626 മെട്രിക് ടണ്ണിൽ നിന്ന് 530 മെട്രിക് ടണ്ണായി നെല്ലിന്റെ ഉൽപാദനവും കുറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ 20 വർഷത്തെ കാലയളവ് പരിശോധിച്ചാൽ ഉൽപാദനത്തിലും കൃഷിഭൂമിയുടെ വിസ്തൃതിയിലും ഗണ്യമായ കുറവ് സംഭവിച്ചിരിക്കുകയാണ്. അതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന പ്രഖ്യാപനങ്ങളും പദ്ധതികളും ഗുണകരമാകാത്തതിനാൽ കർഷകർ ഈ മേഖലയിൽനിന്നും സ്വയം പിൻവാങ്ങുന്ന സാഹചര്യമുണ്ടായിരിക്കുന്നുവെന്നാണ്. നെൽകർഷകരോടുള്ള ഗവൺമെന്റിന്റെ സമീപനമെന്താണ്; ഈ സർക്കാർ

ചെയ്യേണ്ടതെന്താണ്? നെല്ലിന്റെ താങ്ങുവിലയിലെ സംസ്ഥാന വിഹിതം വർധിപ്പിക്കാൻ തയ്യാറാകുന്നില്ല. സംസ്ഥാന ഗവൺമെന്റ് അത് കൃത്യമായി കുറച്ചുകൊണ്ടുവരുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. നെല്ലിന്റെ താങ്ങുവിലയുമായി ബന്ധപ്പെട്ട് 2022-23-ൽ ഒരു കിലോയ്ക്ക് നിശ്ചയിച്ചിരുന്ന കേന്ദ്ര വിഹിതം 20 രൂപയും സംസ്ഥാന വിഹിതം 7.8 രൂപയുമായിരുന്നു. 2023-ൽ കേന്ദ്രം 20 രൂപയിൽനിന്നും 21 രൂപയായി താങ്ങുവില വർധിപ്പിച്ചു. പക്ഷേ സംസ്ഥാന വിഹിതം 7 രൂപയിൽനിന്ന് 6 രൂപയായും 2024-25-ൽ അത് വീണ്ടും 5.2 രൂപയായും കുറച്ചു. ഇതാണോ നിങ്ങൾക്ക് കർഷകരോടുള്ള നിലപാട്? യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് 2016-ൽ സംസ്ഥാന വിഹിതം 7.8 രൂപയായിരുന്നു. അതാണ് 2024-25 ആയപ്പോൾ 5.2 രൂപയായി കുറഞ്ഞിരിക്കുന്നത്. നിങ്ങൾ അത് വർധിപ്പിക്കേണ്ട; പക്ഷേ നിലനിർത്തിയിരുന്നെങ്കിൽ സ്വാഭാവികമായും കർഷകർക്ക് ഒരു കിലോ നെല്ലിന് 30 രൂപയെങ്കിലും ലഭിക്കുമായിരുന്നു. നെല്ല് സംഭരണം ആരംഭിച്ച കാലംമുതൽ ഹാൻഡ്‌ലിങ് ചാർജ് 12 പൈസ എന്നുള്ളതിൽ ഇന്നുവരെ വർധനവുണ്ടായിട്ടില്ല. ഹാൻഡ്‌ലിങ് ചാർജ് അതേനിലയിൽ നിൽക്കുന്ന സാഹചര്യമാണ്. കുട്ടനാട് അടക്കമുള്ള ചില പ്രദേശങ്ങളിൽ വള്ളത്തിൽ നെല്ല് കൊണ്ടുപോകേണ്ട അവസ്ഥ വരുമ്പോൾ 325 രൂപയുടെ അധികച്ചെലവ് കർഷകർക്കുണ്ടാകുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിൽ നെല്ലിന്റെ ഉൽപാദനച്ചെലവ് വളരെയധികം വർധിച്ചിരിക്കുകയാണ്. കൂലി, മെഷിനറി ചാർജ്, വളത്തിന്റെ വില എന്നിവയെല്ലാം വർധിച്ചിരിക്കുകയാണ്. ഓരോ സീസണിലും രാസവളങ്ങളുടെ വില അഞ്ച് ശതമാനം വരെ വർധിക്കുകയാണ്. വളത്തിന്റെ ലഭ്യതക്കുറവ്, പ്രകൃതിക്ഷോഭങ്ങൾ, വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയവയും കർഷകരെ

പ്രതിസന്ധിയിലാക്കുകയാണ്. ഇത്തരത്തിൽ വിപരീത സാഹചര്യങ്ങളോട് പടവെട്ടി കൃഷി ചെയ്യുന്ന നെല്ല് സംഭരിക്കുന്നതിന് രണ്ടുംമൂന്നും ആഴ്ചകളും മാസവുമൊക്കെ എടുക്കുമ്പോഴും, സംഭരിച്ച നെല്ലിന്റെ തുക അക്കൗണ്ടിലെത്തുന്നതിന് രണ്ടുമാസത്തിലേറെ കാലതാമസം ഉണ്ടാകുമ്പോഴും സ്വാഭാവികമായും കർഷകർക്കുണ്ടാകുന്ന പ്രയാസം വലുതായിരിക്കും. കഴിഞ്ഞ ദിവസം 'ഓപ്പറേഷൻ റൈസ് ബൗൾ' എന്ന പേരിൽ കൃഷിഭവനുകളിൽ വിജിലൻസ് അന്വേഷണം നടത്തി സംഭരണ മേഖലയിലെ വിവിധ തരത്തിലുള്ള ക്രമക്കേടുകൾ ചൂണ്ടിക്കാട്ടുകയുണ്ടായി. ബഹു. കൃഷി വകുപ്പുമന്ത്രിയുടെ കൈവശം അതിന്റെ റിപ്പോർട്ടുണ്ട്. പാഡി മാർക്കറ്റിംഗ് ഓഫീസർമാർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ നടത്തുന്ന വലിയ രീതിയിലുള്ള ക്രമക്കേടാണ് ഈ പരിശോധനയിലൂടെ കണ്ടെത്തിയിരിക്കുന്നത്. അതിനനുസൃതമായി കൃഷി വകുപ്പ് ഇപ്പോൾ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ തെറ്റ്മൂലമുള്ള പ്രയാസവും ബുദ്ധിമുട്ടും കർഷകരുടെ ചുമലിൽ വച്ചുകൊടുക്കാൻ പാടില്ല. സുതാര്യമായ നിലയിൽ നെല്ല് സംഭരിക്കാൻ നടപടിയുണ്ടാകണം. ഇക്കാര്യത്തിൽ സപ്ലൈകോയ്ക്കും ഉത്തവാദിത്വമുണ്ട്. സംസ്ഥാനത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ എന്തെല്ലാമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയോട് ഞാൻ ചോദിച്ച ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടികളിലൊന്ന്, 'സംഭരണ കേന്ദ്രങ്ങളുടെ കുറവ് സപ്ലൈകോയെ സംബന്ധിച്ചുണ്ട്' എന്നാണ്. രണ്ടാമത്തേതാണ് ഏറ്റവും പ്രധാനപ്പെട്ടത്; 'കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം യഥാസമയം ലഭ്യമാകാത്തത് നെല്ല് സംഭരണത്തിൽ വലിയ പ്രതിസന്ധിയുണ്ടാക്കുന്നു' എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി

ഈ സഭയിൽ നൽകിയ മറുപടിയിൽ പറയുന്നതാണ്. 2,135 കോടിയോളം രൂപ രണ്ട് സർക്കാരുകളുംകൂടി സപ്ലൈകോയ്ക്ക് നൽകാനുണ്ട്. സപ്ലൈകോ നെല്ല് സംഭരിക്കുന്നത് ഗവൺമെന്റിനുവേണ്ടിയാണ്. അപ്പോൾ സംഭരിക്കുന്ന നെല്ലിന്റെ വില കൃത്യമായി സപ്ലൈകോയ്ക്ക് നൽകാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? മാവേലിസ്റ്റോറുകളിൽ സബ്സിഡി സാധനങ്ങളുടെ വില വർധിപ്പിക്കില്ലെന്ന തീരുമാനം ഗവൺമെന്റ് എടുത്തു. എന്നാൽ ആ പോളിസി നടപ്പാക്കിയ ഏജൻസിക്കുണ്ടാകുന്ന നഷ്ടം നികത്താൻ ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ? ഈ ഗവൺമെന്റിന്റെ സാമ്പത്തിക അരാജകത്വം പൊതുവിതരണ മേഖലയേയും നെല്ല് സംഭരണത്തെയും സാരമായി ബാധിക്കുന്നുവെന്നാണ് കാണാൻ കഴിയുന്നത്. നെല്ലിന്റെ വില യഥാസമയം കൊടുക്കാതെ വരുമ്പോൾ കർഷകർ പ്രതിസന്ധിയിലാകും. വികേന്ദ്രീകൃത നെല്ല് സംഭരണമാണ് ഇവിടെ നടക്കുന്നത്. നെല്ല് വിനിയോഗം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോ എന്ന ചോദ്യത്തിന് 2017-18 സീസണിലെ ഓഡിറ്റ് റിപ്പോർട്ടാണ് ഏറ്റവുമൊടുവിൽ കേന്ദ്രത്തിന് നൽകിയതെന്നാണ് പറയുന്നത്. കഴിഞ്ഞ ഏഴെട്ട് വർഷങ്ങളായി ഓഡിറ്റ് റിപ്പോർട്ടുകൾ കൃത്യമായി കേന്ദ്രത്തിന് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നതും ഗവൺമെന്റുതന്നെ അംഗീകരിച്ചിരിക്കുകയാണ്. കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട പല ആനുകൂല്യങ്ങളും ഇതുകാരണം വൈകിപ്പോകുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനായി കൃത്യമായ നിലയിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഗ്രാമീൺ ബാങ്ക് അടക്കം വിവിധ ബാങ്കുകൾ പി.ആർ.എസ്. വായ്പകൾ നിഷേധിക്കുന്ന

സാഹചര്യമുണ്ടാകുന്നു. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന കർഷകരുടെ സിബിൽ സ്കോർ പ്രശ്നവും ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള വിഷയമാണ്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ അടിയന്തര നടപടികളും ഇടപെടലുകളുമുണ്ടാകണം. അതുപോലെ മില്ലുകളുടെ അലോട്ട്മെന്റിന്റെ കാര്യത്തിലും വലിയ രീതിയിലുള്ള പ്രായോഗിക ബുദ്ധിമുട്ട് നേരിടുകയാണ്. മില്ലുകൾക്ക് ഓൺലൈൻ അലോട്ടുമെന്റാണുള്ളത്. കഴിഞ്ഞ ദിവസം എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകൾക്കായി പാലക്കാടുള്ള മില്ലുകൾക്കാണ് അലോട്ട്മെന്റ് നൽകിയിരിക്കുന്നത്. സമീപമുള്ള മില്ലുടമകൾപോലും നെല്ല് ഏറ്റെടുക്കാൻ കാലതാമസമുണ്ടാക്കുമ്പോൾ ദൂരെയുള്ളവർ പലപ്പോഴും ഇവിടേയ്ക്ക് വരാൻപോലും വിമുഖത കാണിക്കും. തൊട്ടടുത്ത മില്ലാണെങ്കിൽ കർഷകർതന്നെ വാഹനത്തിൽ കയറ്റി നെല്ല് അവിടെ എത്തിക്കും. യഥാർഥത്തിൽ നിലവിലെ സ്കീം പ്രകാരം മില്ലുടമകൾ ഫീൽഡിൽ വന്ന് നെല്ല് സംഭരിക്കേണ്ടതാണ്. പക്ഷേ, കർഷകന്റെ നിസ്സഹായാവസ്ഥ കാരണം അവർ സ്വന്തം ചെലവിൽ/പാടശേഖര സമിതികളുടെ ചെലവിൽ നെല്ല് അവിടെ എത്തിക്കേണ്ട സാഹചര്യമുണ്ടാകുന്നു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. അനൂപ് ജേക്കബ്: സർ, എന്നാൽ എറണാകുളം ജില്ലയിലുള്ളവർക്ക് പാലക്കാട് കൊണ്ടുപോയി കൊടുക്കാൻ കഴിയുമോ? കഴിയുകയില്ല. അതിനാൽ ഇക്കാര്യത്തിൽ പ്രായോഗിക മാറ്റം കൊണ്ടുവരേണ്ടത് ആവശ്യമാണ്. അലോട്ടുമെന്റിന്റെ കാര്യത്തിൽ സിസ്റ്റത്തിൽ മാറ്റം വരുത്താൻ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ അലോട്ട് ചെയ്തിരിക്കുന്ന

മില്ലുകൾ യഥാസമയം നെല്ല് സംഭരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. സംഭരണത്തിലെ പാളിച്ച ഇപ്പോഴും നിലനിൽക്കുന്നുവെന്നതാണ് രണ്ടുമൂന്നാഴ്ചയായി കോട്ടയത്തെ ജെ ബ്ലോക്കിലുണ്ടായ വിഷയം ചൂണ്ടിക്കാണിക്കുന്നത്. മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട അഴിമതി പ്രശ്നങ്ങളും നിലനിൽക്കുകയാണ്. പി.ആർ.എസ്. വായ്പ, മില്ലുകളുടെ അലോട്ടുമെന്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം കർഷകർ വലിയ പ്രതിസന്ധിയിലാണെന്നത് വസ്തുതയാണ്. ഗവൺമെന്റിന്റെ പ്രയോറിറ്റി എവിടെയാണെന്ന് ഞങ്ങൾ ആവർത്തിച്ച് ചോദിക്കുകയാണ്. ഗവൺമെന്റിന്റെ പ്രയോറിറ്റി കർഷകരോടൊപ്പമാണെങ്കിൽ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. അതുകൊണ്ടുതന്നെ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് പറഞ്ഞത്. നിങ്ങൾ കർഷകരുടെ കണ്ണീരൊപ്പാൻ നിൽക്കുന്നുവെന്ന് പറയുകയും കർഷകരെ വഞ്ചിച്ച് നിരവധി നിലപാടുകൾ സ്വീകരിച്ചവരാണെന്നുമുള്ളകാര്യം മറക്കുകയും ചെയ്യുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിലെ കർഷകരെ സംരക്ഷിക്കാൻ രാജ്യത്തിന് മാതൃകയായ നിലപാടുകൾ സ്വീകരിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകൾ മാത്രമാണെന്നതിൽ സംശയമില്ല. 2025 ഫെബ്രുവരി 28 വരെ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില

നൽകുന്നതിന് ബാങ്കിൽ നൽകിയ ലിസ്റ്റ് സഹിതം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ഞാൻ തയ്യാറാണ്. കർഷകരെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ ഊർജിത നടപടികളാണ് സ്വീകരിക്കുന്നത്. 'കർഷകർക്ക് പണം കൊടുക്കുന്നില്ല' എന്ന പൊതുപ്രസംഗം തുടങ്ങിയിട്ട് എത്ര വർഷമായി; അതിന് യാഥാർഥ്യവുമായി എന്തെങ്കിലും ബന്ധമുണ്ടോ? കഴിഞ്ഞ വർഷം സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകിയതിന്റെ മൊത്തം കണക്കും പ്രത്യേകമായി നാല് ജില്ലകളെ സംബന്ധിച്ചും ഞാൻ പറഞ്ഞതാണ്. അതിൽ കുടിശ്ശികയില്ല, ചില കർഷകരുടെ അവകാശികളുടെ കാര്യത്തിൽ കുറച്ച് പ്രശ്നങ്ങളുള്ളതിനാൽ അവർക്ക് നേരിട്ട് സപ്ലൈകോ പണം നൽകിയിട്ടുണ്ട്. പി.ആർ.എസ്. വായ്പയല്ലാതെ കർഷകർക്ക് പണം നേരിട്ട് നൽകുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കുടിശ്ശിക തീർക്കാനുള്ള നടപടികൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഈ സംഭരണ സീസണിൽ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില 2025 ഫെബ്രുവരി 20 വരെയുള്ളത് നൽകിയിട്ടുണ്ട്. ഫെബ്രുവരി 28 വരെയുള്ളതിന് പി.ആർ.എസ്. വായ്പ നൽകാനായി ബാങ്കിലേക്ക് ലിസ്റ്റ് നൽകിക്കഴിഞ്ഞിരിക്കുകയാണ്. സിബിൽ സ്കോറിന്റെ കാര്യം ഇവിടെ പറഞ്ഞു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകരെ ചേർത്തുപിടിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ എപ്പോഴും സ്വീകരിച്ചിട്ടുള്ളത്. പി.ആർ.എസ്. വായ്പ കുടിശ്ശികയായി കർഷകർക്ക് ബാങ്കുകൾ നോട്ടീസ് നൽകുന്ന സാഹചര്യമുണ്ടായപ്പോൾ 210000 കർഷകരെ സഹായിക്കാനായി 2000 കോടി രൂപ വായ്പയെടുത്ത് ഫലപ്രദമായ ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയത്. അക്കാര്യങ്ങൾ മറച്ചുവച്ചാണ് പ്രതിപക്ഷം സംസാരിക്കുന്നത്. കേന്ദ്ര സർക്കാർ ആയിരത്തി മുന്നൂറോളം കോടി രൂപ നൽകാനുണ്ടെന്നാണ് ഞാൻ നേരത്തെ

സൂചിപ്പിച്ചത്. യഥാർഥത്തിൽ സംസ്ഥാനത്തിന് 1232 കോടി രൂപയാണ് കേന്ദ്ര സർക്കാർ നൽകാനുള്ളത്. എന്നാൽ ആ വിഷയങ്ങളൊന്നും പ്രതിപക്ഷം ഇവിടെ സംസാരിക്കുകയില്ല. നെല്ല് സംഭരണത്തിൽ ഇന്ത്യയ്ക്ക് മാതൃകയായ നിലപാടാണ് കേരള സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ഇത് കാണാൻ സാധിക്കുമോ? ഒരു ക്വിന്റൽ നെല്ലിന് 907 രൂപ ഉൽപാദന ചെലവുള്ള പഞ്ചാബിലും 2,384 രൂപ ഉൽപാദന ചെലവുള്ള കേരളത്തിലും കേന്ദ്ര സർക്കാർ എം.എസ്.പി. (Minimum Support Price) ഒരേ രൂപത്തിലല്ലേ കൊടുക്കുന്നത്; അത് വർധിപ്പിക്കണമെന്ന ആവശ്യം എവിടെയെങ്കിലും നിങ്ങൾ ഉന്നയിക്കുന്നുണ്ടോ? അതെല്ലാം പരിഗണിച്ചുകൊണ്ടാണ് 28 രൂപ നിശ്ചയിച്ചുകൊണ്ട് സ്റ്റേറ്റ് ഇൻസെന്റീവ് നൽകി കർഷകരെ സഹായിക്കുന്നത്. അതൊന്നും പ്രതിപക്ഷം കാണുന്നില്ല. ബഹുമാനപ്പെട്ട അംഗം ഇന്ന് അവതരിപ്പിച്ച ഉപക്ഷേപം നാല് ദിവസത്തിനുമുമ്പ് അവതരിപ്പിച്ചിരുന്നെങ്കിൽ അതിനൊരു പ്രാധാന്യമുണ്ടാകുമായിരുന്നു. തർക്കങ്ങളെല്ലാം ചർച്ച ചെയ്ത് പരിഹരിച്ച് ഇന്നലെയോടുകൂടി നെല്ല് സംഭരിച്ചുതുടങ്ങിയതിനെക്കുറിച്ച് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ മേഖലയിലും അതിന്റെ കിഴിവിനെയുംമറ്റും സംബന്ധിച്ച കൃത്യമായ കണക്ക് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ഒ.ടി.ആർ.-നെ സംബന്ധിച്ച് മില്ലുകാരുടെ നിലപാടിനെക്കുറിച്ച് പറഞ്ഞു. ഒ.ടി.ആർ. 64.5 ശതമാനത്തിൽനിന്നും 68 ശതമാനമാകുന്ന അവസ്ഥ വന്നപ്പോൾ അതിൽനിന്ന് അവർ ഒരു ശതമാനംപോലും പിന്നോട്ടുപോകാൻ തയ്യാറാകാത്ത നിലപാട് സ്വീകരിച്ചു. അതുസംബന്ധിച്ച് പല ചർച്ചകളും നടത്തി. മില്ലുകളുടെ അലോട്ട്മെന്റിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട അംഗം മുൻ ഭക്ഷ്യ വകുപ്പുമന്ത്രിയാണല്ലോ; നമുക്ക് ഇക്കാര്യം നേരിട്ട്

പരിശോധിക്കാം. ഞങ്ങൾക്കൊന്നും അതിൽ യാതൊരു ഭയവുമില്ല. കാരണം, കൂട്ടനാട് ഭാഗത്തെയോ അല്ലെങ്കിൽ കോൾ നിലങ്ങളിലെയോ കിഴിവ് കണ്ടുകൊണ്ടാണ് ചില മില്ലുകൾക്ക് അതിനെ കോമ്പൻസേറ്റ് ചെയ്യുന്നതിനായി നല്ല നെല്ലുൽപാദിപ്പിക്കുന്ന, കിഴിവ് കൊടുക്കേണ്ട അവസ്ഥയില്ലാത്ത പാലക്കാട് ജില്ലയ്ക്കുകൂടി ചേർത്ത് അലോട്ട്മെന്റ് കൊടുക്കുന്നത്. അത്തരത്തിൽ ഇടപെടുന്നതുകൊണ്ടാണ് നെല്ല് സംഭരണം വീഴ്ചയില്ലാതെ മുന്നോട്ടുപോകുന്നത്. അല്ലാതെ സർക്കാരിന് മറ്റൊരു താൽപര്യവുമില്ല. അവിടെ പല താൽപര്യങ്ങളുമുണ്ടായിരുന്നു. എന്നാൽ കർഷകർ അതിന് കൂട്ടുനിന്നില്ല. അതിന്റെ വേവലാതിയിൽ പലരും ഇപ്പോൾ കാലിട്ടടിക്കുന്നുണ്ട്. സത്യമെന്താണെന്നുള്ളത് ബന്ധപ്പെട്ട എല്ലാവർക്കുമറിയാം. ചർച്ചയിൽ അനാവശ്യമായി രാഷ്ട്രീയം കലർത്തേണ്ടെന്ന് കരുതിയാണ് ഞാനത് സൂചിപ്പിക്കാത്തത്. ചില ആളുകളുടെ രാഷ്ട്രീയനിലപാടാണത്. അല്ലാതെ കർഷകരുടെ നിലപാടല്ല. ആ നിലപാടാണ് സംഭരണം വൈകിപ്പിക്കുന്നതിലേയ്ക്കെത്തിച്ചത്. മൂന്നര ശതമാനം കിഴിവ് ആവശ്യപ്പെട്ടത് രണ്ട് ശതമാനത്തിലേയ്ക്കെത്തിച്ച് പ്രശ്നം പരിഹരിക്കാനുള്ള സാഹചര്യമൊരുക്കിയപ്പോൾ അത് പാടില്ലെന്ന് പറഞ്ഞാണ് മൂന്നുനാല് ദിവസം നഷ്ടപ്പെടുത്തിയത്. ഇപ്പോൾ രണ്ട് ശതമാനം കിഴിവെന്നത് കർഷകർ അംഗീകരിച്ച് നെല്ല് സംഭരിച്ചുതുടങ്ങി. ഇന്നലെ 36 ലോഡ് നെല്ല് കൊണ്ടുപോയി. ഇന്ന് രാവിലെയും നെല്ല് സംഭരിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്. അലോട്ടുചെയ്ത മില്ലുകളിൽ ആദ്യം വരാത്തതിന് പകരം മാറ്റിക്കൊടുത്തതടക്കമുള്ള ഫലപ്രദമായ നിലപാടും നടപടിയുമെല്ലാം സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് കർഷകരോട് സ്വീകരിക്കുന്ന അനുകൂല നിലപാട് കണ്ടില്ലെന്ന് നടിക്കുന്നത് അങ്ങേയറ്റം ഖേദകരമാണ്. മുൻ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട അംഗം

ഇപ്പോൾ കർഷകർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കുകയാണ്. 2014 ഡിസംബർ 3-ന് അന്നത്തെ പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞ കാര്യങ്ങൾ സഭാരേഖകളിൽ കണ്ടത് ഇപ്പോൾ ഞാൻ ഓർക്കുകയാണ്. സംഭരണ വില കിട്ടാൻ നാലഞ്ച് മാസം കാലതാമസം വരുന്നുവെന്നാണ് അന്ന് അദ്ദേഹം ഈ സഭയിൽ പറഞ്ഞത്. ഈ ഫെബ്രുവരി 28 വരെയുള്ള കണക്ക് ഞാൻ പറഞ്ഞു. നെല്ലിന്റെ വില ലഭിക്കാൻ നാലും അഞ്ചും ആറും മാസം കാലതാമസമുണ്ടായിരുന്ന അവസ്ഥ മാറ്റിയെടുത്തതിനെക്കുറിച്ച് ഒരു നല്ല വാക്ക് പറയാൻ താങ്കൾക്ക് കഴിഞ്ഞില്ല. കർഷകരോട് ഏറ്റവുമധികം ആഭിമുഖ്യമുള്ളതും അവരെ ചേർത്തുനിർത്തുന്നതുമായ നിലപാടാണ് എക്കാലവും ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. നെല്ല് സംഭരണത്തിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിബന്ധനകൾ അംഗീകരിച്ചില്ലെങ്കിൽ നമുക്ക് എം.എസ്.പി. കൃത്യമായി നൽകില്ലെന്ന ഭീഷണിയുണ്ട്. സംഭരണ കേന്ദ്രം അതായത്, പാഡി പ്രൊക്വയർമെന്റ് സെന്ററുകൾ ആരംഭിക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ പാഡി പ്രൊക്വയർമെന്റ് സെന്ററുകൾ ആരംഭിക്കുന്നത് പ്രായോഗികല്ല. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ നെല്ല് സംഭരിക്കുന്നതുപോലെയാണോ കുട്ടനാടിൽ നെല്ല് സംഭരിക്കുന്നത്? അവിടെ വള്ളത്തിലൂടെ കായൽ കടന്നുപോയി നെല്ല് സംഭരിക്കുകയാണ് ചെയ്യുന്നത്. പാലക്കാടും മറ്റ് സ്ഥലങ്ങളിലും അത്തരം പ്രയാസങ്ങളില്ല. കുട്ടനാട്ടിൽ പാഡി പ്രൊക്വയർമെന്റ് സെന്റർ ആരംഭിച്ചാൽ കർഷകർ നേരിട്ട് അവിടേക്ക് നെല്ല് കൊണ്ടുപോയി കൊടുക്കണം. എന്നാൽ പാലക്കാട് നെല്ല് സംഭരിക്കുന്നത് എങ്ങനെയാണ്; മില്ലുടമകൾ

കർഷകന്റെ വീട്ടിൽപോയി നെല്ല് സംഭരിക്കുകയാണ് ചെയ്യുന്നത്. കേന്ദ്രഗവൺമെന്റിന്റെ പുതിയ നിബന്ധനയനുസരിച്ച് കർഷകൻ ഈ സെന്ററിൽകൊണ്ടുപോയി കൊടുത്ത് ആ നിരീക്ഷണം കേന്ദ്ര ഗവൺമെന്റിന്റെ ഉദ്യോഗസ്ഥർക്ക് കാണാൻകഴിയുന്ന സംവിധാനമൊരുക്കണമെന്നാണ്. എന്നാൽ കേരളത്തിലെ ഗവൺമെന്റും കൃഷി, സിവിൽ സപ്ലൈസ് വകുപ്പുകളും പ്രായോഗിക സംവിധാനമൊരുക്കി വലിയ പരാതിക്കിടയില്ലാതെയാണ് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നത്. കിഴിവിന്റെ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചില കേന്ദ്രങ്ങളിൽ അമിതമായി കിഴിവ് ചോദിച്ചുവെന്നതൊക്കെ വസ്തുതയാണ്. പക്ഷേ അതെല്ലാം സമ്മതിക്കുകയല്ല ചർച്ചകളിലൂടെ പരിഹരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. സംഭരണകാര്യത്തിൽ രണ്ടുമൂന്ന് ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ട്. അത് വളരെവേഗത്തിൽ മാറ്റിയെടുക്കാൻ നമുക്കൊരുമിച്ച് നിൽക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടം നേരിട്ട് സന്ദർശിച്ച് ഞാനിരിക്കുന്ന വേദിയിലാണ് ബഹു. കൃഷി വകുപ്പുമന്ത്രിയെ വിളിച്ച് പ്രശ്നപരിഹാരത്തെക്കുറിച്ച് പറഞ്ഞത്. ഞങ്ങൾ അപ്പോഴും ആ വിഷയത്തിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെപോയി ആ വിഷയം വഷളാക്കണമെന്ന് ആഗ്രഹിച്ചില്ലെന്ന് എനിക്ക് മനസ്സിലായി. അത് പരിഹരിക്കണമെന്നാണ് അദ്ദേഹവും പറഞ്ഞത്. ഞങ്ങളതിൽ ഊർജിതമായി ഇടപെടുകയും ഇന്നലെ അവധി ദിവസമായിരുന്നിട്ടുപോലും നെല്ല് സംഭരിക്കാൻ കഴിയുന്ന ഒരു നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടും ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് പറയുന്നതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്രസ്തുത

വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിലവിൽ നെല്ല് സംഭരണത്തിലെ പ്രശ്നം പരിഹരിച്ചതിനാൽ, നാലുദിവസം മുമ്പ് ഈ വിഷയം സഭയിൽ ഉന്നയിച്ചിരുന്നുവെങ്കിൽ അടിയന്തര പ്രാധാന്യമുണ്ടാകുമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പറഞ്ഞത്. അതിന് അദ്ദേഹം തെളിവായി ചൂണ്ടിക്കാട്ടിയത് ഇന്നത്തെ മലയാള മനോരമ പത്രത്തിലെ നെല്ല് ലോറിയിൽ കയറ്റിക്കൊണ്ടുപോകുന്ന ഒരു ചിത്രത്തെയാണ്. അദ്ദേഹം അതിന്റെ തലക്കെട്ട് എന്താണെന്ന് ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു. മലയാള മനോരമ പത്രത്തിലെ അദ്ദേഹം ചൂണ്ടിക്കാട്ടിയ ചിത്രത്തിന്റെ തലക്കെട്ട് 'കർഷക സങ്കടത്തെ മുതലെടുത്ത് സർക്കാർ' എന്നാണ്. ഞാനത് വായിക്കാം: "ഭരണകൂടത്തിന്റെയും മില്ലുകാരുടെയും സമ്മർദതന്ത്രം ഫലിച്ചു. കാഞ്ഞിരം മലരിക്കൽ ജെ ബ്ലോക്ക് 9000 പാടശേഖരത്തിൽ 2 കിലോഗ്രാം കിഴിവിന് കർഷകർ വഴങ്ങേണ്ടിവരുന്നു. പ്രദേശത്ത് ഇന്നലെ നെല്ല് സംഭരണമാരംഭിക്കാനുള്ള നടപടികൾ തുടങ്ങുകയാണ്. ഇന്നലെ മഴകൂടി എത്തിയതോടെ 100 കിലോഗ്രാം നെല്ല് സംഭരിക്കുമ്പോൾ 2 കിലോഗ്രാം കിഴിവെന്ന മില്ലുകാരുടെ ആവശ്യത്തിന് കൂടുതൽ കർഷകർ ഗതികേടുകൊണ്ട് വഴങ്ങി." അതിനുതാഴെ വേറൊരു വാർത്തയുണ്ട്. "കുറിച്ചിയിലും കെട്ടിക്കിടക്കുന്നു; കിഴിവ്

തർക്കംമൂലം കുറിച്ചി കൃഷിഭവന് കീഴിലുള്ള പാടശേഖരങ്ങളിലെ നെല്ല് ദിവസങ്ങളായി കൂട്ടിയിട്ടിരിക്കുന്നു.” ഒരുപാട് പാടശേഖരങ്ങളിൽ നെല്ല് ഇപ്പോഴും കൂട്ടിയിട്ടിരിക്കുന്ന വാർത്തയാണ് വരുന്നത്. 'രണ്ട് കിലോ കിഴിവ് സമ്മതിച്ചിട്ടില്ലെന്ന് പാടശേഖര സമിതി' എന്നൊരു വാർത്തയും അതിനുതാഴെ കൊടുത്തിട്ടുണ്ട്. പാടശേഖര സമിതിയല്ലാതെ ചില മില്ലുകാരുടെ ഏജന്റുമാരും പാർട്ടിക്കാരും ഒരുമിച്ചിരുന്നാണ് ചർച്ച ചെയ്തത്. ശ്രീ. അനൂപ് ജേക്കബ് പറഞ്ഞതുപോലെ, സ്വർണ്ണം പണയംവച്ചും വട്ടിപ്പലിശക്കാരുടെ കൈയിൽനിന്ന് പണം കടം വാങ്ങിയും കൃഷി ചെയ്ത നെല്ല് കൊയ്തെടുത്ത് പാടത്ത് കൂട്ടിയിട്ടിരിക്കുകയാണ്. സാധാരണ രണ്ടാമത്തെയും മൂന്നാമത്തെയും ദിവസം നെല്ല് കൊണ്ടുപോകുന്നതാണ്. ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അവിടെ പോയപ്പോഴും പാടം മുഴുവനും കൊയ്ത നെല്ല് കൂട്ടിയിട്ടിരിക്കുന്ന കാഴ്ചയാണ് കാണാനിടയായത്. ഓരോ ദിവസവും നെല്ല് മറിക്കാനുള്ള ചെലവും കണ്ടെത്തണം. മില്ലുകാർ കിഴിവ് ചോദിച്ചുകൊണ്ട് കർഷകർക്കുമേൽ സമ്മർദം ചെലുത്തുകയും സമ്മതിച്ചില്ലെങ്കിൽ നെല്ലെടുക്കില്ലെന്ന് പറയുകയുമാണ്. അതിനിടയിൽ മഴയും പെയ്തു; മഴ പെയ്ത് ഈർപ്പം കൂടിയാൽ വലിയതോതിൽ കിഴിവ് നൽകേണ്ടിവരും. 17 ദിവസത്തോളം നെല്ല് പാടശേഖരത്തിൽ കെട്ടിക്കിടക്കുകയും രണ്ടുദിവസം അടുപ്പിച്ച് മഴ പെയ്യുകയും ചെയ്തപ്പോൾ ഒരു നിവൃത്തിയുമില്ലാതെയാണ് രണ്ട് ശതമാനം കിഴിവിന് നെല്ല് എടുത്തുകൊണ്ടുപോകാൻ കർഷകർ സമ്മതിച്ചത്. സർക്കാരും മില്ലുകാർക്കുവേണ്ടി ഒത്താശചെയ്ത് സമ്മർദം ചെലുത്തിയാണ് ആ പാവപ്പെട്ടവരെക്കൊണ്ട് ഇതിന് സമ്മതിപ്പിച്ചത്. രണ്ട് ശതമാനം കിഴിവ് നൽകിയാൽ കുഴപ്പമെന്താണെന്ന് ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ചോദിച്ചു. ഈ പാടശേഖരത്തിന്റെ നെല്ലിനൊരു

പ്രത്യേകതയുണ്ട്; എല്ലായിടത്തുമുള്ള നെല്ല് പോലെയല്ല; പതിരില്ലാത്ത 'എ ക്ലാസ്' നെല്ലാണിത്. നെല്ല് സംഭരണം ആരംഭിച്ചിട്ട് ചരിത്രത്തിൽ ഇന്നുവരെ അവിടെ ഒരു ശതമാനം കിഴിവുപോലും മില്ലുകാർ ആവശ്യപ്പെട്ടിട്ടില്ല. അവിടെ കിഴിവിന്റെ ആവശ്യമില്ല. കുട്ടനാട്ടിൽ ചില സ്ഥലത്തുനിന്നും 5 ശതമാനവും 7 ശതമാനവും കിഴിവ് വാങ്ങും. ഇവിടെനിന്നും ഒരു ശതമാനം കിഴിവുപോലും ഇതുവരെയും വാങ്ങിയിട്ടില്ല. ഈ വർഷം മില്ലുകാർ 2 ശതമാനം കിഴിവാണ് ആവശ്യപ്പെട്ടത്. അടുത്ത വർഷം അത് മൂന്നും തുടർന്ന് നാലും അഞ്ചും ആറുമാകും. ഇത്തരത്തിൽ മില്ലുകാരുടെ സമ്മർദത്തിന് സർക്കാർ വഴങ്ങുന്നത് ശരിയാണോ? നിങ്ങൾ കൂടിയാലോചന നടത്തി ചർച്ച ചെയ്യുവെന്നൊക്കെ പറഞ്ഞു. എന്നാണ് നിങ്ങൾ ചർച്ച തുടങ്ങിയത്? മൂന്ന് ദിവസമായി ചർച്ച തുടങ്ങിയിട്ടെന്ന് പറഞ്ഞു. പക്ഷേ 17 ദിവസമായി നെല്ല് കെട്ടിക്കിടക്കുകയാണ്. 14 ദിവസം കഴിഞ്ഞപ്പോൾ ചർച്ച തുടങ്ങുകയും സമ്മർദം ചെലുത്തുകയും തുടർന്ന് മഴകൂടി പെയ്തപ്പോഴാണ് രണ്ട് ശതമാനം കിഴിവിന് കർഷകർ സമ്മതിച്ചത്. ഇന്നുംകൂടി എടുക്കാതിരുന്നാൽ 10 ശതമാനം കിഴിവ് ചോദിച്ചാലും അവർ നിവൃത്തിയില്ലാതെ സമ്മതിക്കുമായിരുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഒരുകാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയില്ല. കർഷക പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മില്ലുടമകളുടെയും ജോയിന്റായുള്ള ഒരു കമ്മിറ്റി പരിശോധിച്ച് കിഴിവിനെ സംബന്ധിച്ച് തീരുമാനമെടുക്കാമെന്ന നിർദേശം ഗവൺമെന്റ് മുന്നോട്ടുവച്ചു. എന്നാൽ ചില കർഷകർ അതിന് അനുകൂലമായിരുന്നെങ്കിലും മറ്റുചിലർ സമ്മതിച്ചില്ല. കിഴിവ് കൂടുതലാണെന്നും കിഴിവ് കൊടുത്താലേ നെല്ല് സ്വീകരിക്കുവെന്നുള്ള നിലപാടൊന്നും

ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ചർച്ച ചെയ്യാൻ തയ്യാറാകാതെ ചില തടസ്സങ്ങളുണ്ടാക്കിയതിന് പിന്നിലുള്ള കാര്യങ്ങളെക്കുറിച്ചെല്ലാം നിങ്ങൾക്ക് അറിയാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുവരെ കിഴിവില്ലാത്ത ഒരു സ്ഥലത്ത് മില്ലുകാരുടെ ആവശ്യപ്രകാരം കിഴിവ് കൊണ്ടുവരികയാണ്. ഇങ്ങനെയാണ് കുട്ടനാട്ടിലെ കർഷകരെ പറ്റിച്ചുകൊണ്ടിരിക്കുന്നത്. കിഴിവ് തുടങ്ങിത്തുടങ്ങി ഇപ്പോൾ എത്ര ശതമാനമായി? ഈർപ്പത്തിന്റെ പേരിൽ എത്ര ശതമാനമാണ് അവർക്ക് കുറച്ചുകൊടുക്കുന്നത്. സർക്കാർ അതിന് ഒത്താശ ചെയ്തുകൊടുക്കാൻ പാടില്ല. നിങ്ങൾ കർഷകർക്കൊപ്പമാണോ അതോ മില്ലുകാർക്കൊപ്പമാണോ എന്നത് വ്യക്തമാക്കേണ്ടതാണ്. ഒരു കാരണവശാലും കിഴിവ് നൽകാൻ സാധ്യമല്ലെന്ന നിലപാട് സർക്കാർ സ്വീകരിക്കണം. അതിന്റെ സമീപപ്രദേശത്ത് ഒരു ശതമാനംപോലും കിഴിവില്ലാതെ നെല്ല് സംഭരിച്ചു. ഇതുവരെയും കിഴിവില്ലാത്ത പ്രദേശത്ത് ഒരു പുതിയ കാര്യം അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. കുട്ടനാട്ടിലെ പുളിങ്കുന്ന്, കിടങ്ങര തൊള്ളായിരം പാടശേഖരങ്ങളിൽ 10 ദിവസമായി നെല്ല് കെട്ടിക്കിടക്കുകയാണ്. കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിലെ നെല്ലിനോട് മില്ലുകാർക്ക് അവഗണനയാണ്. മില്ലുകാരും ഏജന്റുമാരുമാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. പാവപ്പെട്ടവന്റെ പോക്കറ്റിൽ കൈയിട്ടുവാരുന്ന ഈ കിഴിവിന്റെ കമ്മീഷൻ ഏജന്റുമാരും മില്ലുകാരും ചില ഉദ്യോഗസ്ഥരും വീതംവച്ചെടുക്കുകയാണ് ചെയ്യുന്നത്. ഇതുസംബന്ധിച്ച് 'ഓപ്പറേഷൻ റൈസ് ബൗൾ' എന്ന പേരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള വിജിലൻസ് വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിന്റെ കൈയിലുണ്ട്. പാവപ്പെട്ടവന്റെ പോക്കറ്റിൽനിന്നും കൈയിട്ടുവാരുന്ന കാശ് വീതംവയ്ക്കുകയാണ്

ഇവരെല്ലാവരും ചെയ്യുന്നത്. അതിന് സർക്കാർ ഒരിക്കലും കൂട്ടുനിൽക്കരുതെന്നാണ് അഭ്യർഥിക്കാനുള്ളത്. കിഴിവ് എത്രയാണെന്ന് തീരുമാനിക്കുന്നതും അവരാണ്. അതായത് 5 ശതമാനം കിഴിവെന്നാൽ ഒരു ക്വിന്റൽ നെല്ലെടുക്കുമ്പോൾ 5 ശതമാനം സൗജന്യമെന്നാണ്. ഇത്തരത്തിൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് കിഴിവിന്റെ മറവിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന യാഥാർഥ്യം മനസ്സിലാക്കണം. ഒരു ക്വിന്റൽ നെല്ല് പ്രോസസ്സ് ചെയ്യുമ്പോൾ 68 കിലോഗ്രാം അരി കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് തീരുമാനമെടുത്തതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മില്ലുകാർക്കുവേണ്ടി പറഞ്ഞ ന്യായീകരണം. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അപ്രകാരം തീരുമാനമെടുത്തത്? ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അത് 68 കിലോഗ്രാമാണ്. കേരളത്തിൽ മാത്രമായിരുന്നു 64.5 കിലോഗ്രാം. ദേശീയതലത്തിലുള്ള മാനദണ്ഡത്തിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അങ്ങനെ തീരുമാനമെടുത്തത്. അതോടൊപ്പം മില്ലുകാർക്ക് വലിയ സങ്കടവും നഷ്ടവുമുണ്ടായി. അതുകൊണ്ട് പാവപ്പെട്ട നെൽകർഷകരെ വീണ്ടും പ്രയാസപ്പെടുത്തണമെന്ന് പറയുന്നത് ശരിയാണോ? ഞങ്ങളുടെ ഭരണകാലത്താണ് സംഭരണവില കൃത്യമായി കൊടുക്കാൻ കഴിയാത്തതുകൊണ്ട് പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) ഏർപ്പെടുത്തിയത്. ഈ റെസീപ്റ്റ് ബാങ്കിൽ നൽകിയാൽ കർഷകർക്ക് കൃത്യമായി പണം ലഭിക്കുമായിരുന്നു. പക്ഷേ നിലവിലെ സ്ഥിതിയെന്താണ്? പി.ആർ.എസ്.-ന്റെ അടിസ്ഥാനത്തിൽ ബാങ്ക് കർഷകർക്ക് പണം കൊടുക്കും. പക്ഷേ ബാങ്കിന് സപ്ലൈകോ പണം കൊടുക്കാത്തതിനാൽ ബാങ്കുകാർ കർഷകന്റെ സിബിൽ സ്കോർ താഴ്ത്തി. പാവപ്പെട്ടവൻ മകളുടെ കല്യാണത്തിനോ വീടുവയ്ക്കാനോവേണ്ടി ഭൂമി പണയം വച്ച്

വായ്പയെടുക്കാൻ പോയാൽ സിബിൽ സ്കോർ കുറവായതിനാൽ ലഭിക്കുന്നില്ല. പി.ആർ.എസ്.-ന് സർക്കാർ പണം കൊടുക്കാത്തതിനാലാണ് കർഷകരുടെ സിബിൽ സ്കോർ താഴേയ്ക്കുപോകുന്ന സാഹചര്യമുണ്ടായത്. അങ്ങ് ഇവിടെ പറഞ്ഞ കണക്കിനേക്കാൾ ധാരാളം കോടി രൂപയുടെ കുടിശ്ശികയുണ്ട്. ഞാൻ സപ്ലൈകോയെ കുറ്റപ്പെടുത്തുന്നില്ല. കാരണം, മന്ത്രിയായതിനാൽ അദ്ദേഹത്തിന് പറയാൻ കഴിയില്ല. സപ്ലൈകോയ്ക്ക് കേന്ദ്രസർക്കാർ നൽകാനുള്ള തുകയെക്കുറിച്ച് നിങ്ങൾ ഇവിടെ എന്തുകൊണ്ട് പറഞ്ഞില്ലെന്ന് അങ്ങ് ചോദിച്ചു. അത് അങ്ങ് പറയാൻ പാടില്ലായിരുന്നു. ശ്രീ. അനൂപ് ജേക്കബ് അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. സപ്ലൈകോയ്ക്ക് കേരള ഗവൺമെന്റ് 1058 കോടി രൂപ കൊടുക്കാനുണ്ട്. സപ്ലൈകോയ്ക്ക് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുംകൂടി 2135 കോടി രൂപ കൊടുക്കാനുള്ളതുകൊണ്ടാണ് അവരുടെ പേമെന്റ് വൈകുന്നത്. മാവേലി സ്റ്റോറിൽ സാധനങ്ങൾ വിതരണം ചെയ്ത സപ്ലൈയേഴ്സിനുൾപ്പെടെ നാലായിരത്തോളം കോടി രൂപയുടെ ബാധ്യത സപ്ലൈകോയ്ക്കുണ്ട്. അതിനാൽ നെല്ലിന്റെ വില നൽകാൻ കഴിയുന്നില്ല. ഗവൺമെന്റ് പോളിസിയുടെ ഭാഗമായി ചെയ്യുന്നതിനാൽ ഗവൺമെന്റാണ് സപ്ലൈകോയ്ക്ക് പണം കൊടുക്കേണ്ടത്. അവർക്ക് കൃത്യമായി പണം ലഭിക്കാത്തതിനാലാണ് നെല്ല് സംഭരണത്തിൽ പാളിച്ചകൾ നേരിടുന്നത്. സംസ്ഥാന സർക്കാർ ഇൻസെന്റീവ് കൊടുക്കുന്നത് സംബന്ധിച്ച് അങ്ങ് പറഞ്ഞു. സംസ്ഥാന സർക്കാർ ഇൻസെന്റീവ് കൊടുക്കുന്നത് 28 രൂപയെന്നുള്ള കണക്കിലല്ല. കേന്ദ്ര ഗവൺമെന്റ് നൽകുന്നതിന് ആനുപാതിക തുക സംസ്ഥാന ഗവൺമെന്റ് കൊടുക്കും. 2019-20-ൽ കിലോഗ്രാമിന് 8.80 രൂപയായിരുന്നു സംസ്ഥാനം കൊടുത്തുകൊണ്ടിരുന്നത്. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ താങ്ങുവില 19 രൂപയിൽനിന്നും

വർധിപ്പിച്ച് 23 രൂപയാക്കിയപ്പോൾ സംസ്ഥാനം 8.80 രൂപ ആയിരുന്നത് 5.20 രൂപയാക്കി കുറയ്ക്കുകയാണുണ്ടായത്. കേന്ദ്ര ഗവൺമെന്റ് വർധിപ്പിച്ച തുകയുടെ ആനുകൂല്യം പാവപ്പെട്ട കർഷകർക്ക് ലഭിച്ചില്ല. കേന്ദ്ര ഗവൺമെന്റ് 19 രൂപ നൽകിയിരുന്ന സമയത്ത് കർഷകർക്ക് ലഭിച്ചിരുന്ന 28 രൂപ തന്നെയാണ് 23 രൂപയായി വർധിച്ചപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നത്. അതിന് സംസ്ഥാന ഗവൺമെന്റാണ് ഉത്തരവാദി. കേന്ദ്രഗവൺമെന്റ് പണം നൽകാത്തതുസംബന്ധിച്ച് ഞങ്ങളുടെ എം.പി.-മാർ പാർലമെന്റിൽ ചോദിച്ചു. 2018-19-നുശേഷം ഇതുവരെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാത്തതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് പണം നൽകാത്തതെന്നാണ് എം.പി.-മാർക്ക് ലഭിച്ച മറുപടി. കർഷകരെ ഇതുപോലെ സഹായിച്ചൊരു ഗവൺമെന്റ് ഉണ്ടായിട്ടില്ലെന്നാണ് അങ്ങ് പറഞ്ഞത്. മുമ്പ് ഇവിടെ കർഷക കടാശ്വാസ കമ്മീഷനുണ്ടായിരുന്നു. ഇവിടെ ബഹു. കൃഷി വകുപ്പുമന്ത്രിയുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; എത്ര കോടി രൂപയാണ് കുടിശ്ശികയുള്ളത്? സഹകരണ ബാങ്കുകളിൽ കർഷക കടാശ്വാസ കമ്മീഷൻ പണം അടയ്ക്കാത്തതുകൊണ്ട് ജപ്തി നടപടികൾ ആരംഭിക്കുകയാണ്. കർഷക കടാശ്വാസ കമ്മീഷൻ അക്ഷരാർഥത്തിൽ അടച്ചുപൂട്ടി, അതാണോ നിങ്ങൾ ഇവിടെ പറഞ്ഞ പുതിയ കാര്യം. ഞാൻ ദീർഘിപ്പിക്കുന്നില്ല. കർഷകർ വലിയ പ്രയാസത്തിലാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ നെൽകൃഷിയിൽനിന്നും ആളുകൾ പിന്മാറുകയാണ്. ഇന്ന് നെല്ലിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും കുറഞ്ഞു. മണ്ണിനോട് അഗാധമായ സ്നേഹമുള്ള യാതൊരു നിവൃത്തിയുമില്ലാത്ത കുറച്ച് പാവപ്പെട്ട കർഷകർ മാത്രമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. ഞങ്ങൾ അവിടെ പോയപ്പോൾ അവരുടെ സങ്കടം മനസ്സിലാക്കിയതാണ്. കഠിനാധ്വാനം ചെയ്തും കടം വാങ്ങിയും കൃഷി

ചെയ്യണ്ടാക്കിയ നെല്ല് കൂട്ടിവച്ചിരിക്കുകയാണ്. മില്ലുടമകൾ അവരോട് വില പേശുകയാണ്. ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കണം. നെല്ല് സംഭരണത്തിന് ചിട്ടയായ സംവിധാനം കൊണ്ടുവരണം. കർഷകരെ ബുദ്ധിമുട്ടിക്കരുത്. മഴപെയ്യുന്നതുപോലെ അവരുടെ കണ്ണുനീർ അവിടെ വീഴ്ത്തരുത്. അവർ ഉൽപാദിപ്പിക്കുന്ന നെല്ല് നമ്മുടെ അന്നമല്ലേ; അതിനുമേൽ കർഷകന്റെ കണ്ണുനീർ വീഴുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നെൽകർഷകരോട് ഈ സർക്കാർ കാണിക്കുന്ന കടുത്ത അവഗണനയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ശ്രീ. അനൂപ് ജേക്കബ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപേക്ഷപം അവതരിപ്പിച്ചുകൊണ്ട് ഉന്നയിച്ച പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിലും പ്രതിപക്ഷ നേതാവ് നടത്തിയ പ്രസംഗത്തിലും പറഞ്ഞൊരുകാര്യം വളരെ വ്യക്തമാണ്. നാലുദിവസം മുമ്പുവരെ ഇക്കാര്യത്തിലൊരു അടിയന്തര സാഹചര്യമുണ്ടായിരുന്നുവെന്നാണ് മന്ത്രി സമ്മതിക്കുന്നത്. ആ അടിയന്തര സാഹചര്യം തുടരുന്നുവെന്നതും വ്യക്തമാണ്. കർഷകർക്ക് രക്ഷയില്ലാത്തതുകൊണ്ട് മില്ലുടമകൾ ആവശ്യപ്പെട്ട കിഴിവ് കൊടുത്ത് തൽക്കാലം തടിയൂരിയെന്നേയുള്ളൂ. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം വളരെ ശോചനീയാവസ്ഥയാണുള്ളതെന്ന് എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് നെല്ലിന്റെ വില നൽകി കർഷകരെ രക്ഷപ്പെടുത്തണം. നെല്ല് സംഭരിച്ച വകയിൽ സർക്കാർ സപ്ലൈകോയ്ക്ക് പണം നൽകുന്നില്ല. അതുകൊണ്ട്

സപ്ലൈകോയ്ക്ക് ബാങ്കിനും പണം നൽകാൻ കഴിയുന്നില്ല. ആ സംവിധാനംതന്നെ തകർന്നിരിക്കുകയാണെന്നത് വളരെ വ്യക്തമാണ്. സർക്കാർ ശരിയായ നടപടി സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിലുള്ള ഗവൺമെന്റിന്റെ അനാസ്ഥ ഒഴിവാക്കാനായി ഇനിയെങ്കിലും നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, നെല്ല് സംഭരണത്തിൽ സംസ്ഥാന ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച സമീപനങ്ങളെ വളരെ പ്രതിഷേധത്തോടെയാണ് നെൽകർഷകർ നോക്കിക്കാണുന്നത്. കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും പാടത്ത് കൊയ്ത്ത് കഴിഞ്ഞ് 13-14 ദിവസമായി നെല്ല് കെട്ടിക്കിടന്ന് മുളച്ചുപോകുന്ന അവസ്ഥയിൽ എത്തിയിട്ടും നെല്ല് സംഭരിക്കുന്നില്ല. എല്ലാവർഷവും കൊയ്ത്ത് കഴിഞ്ഞാൽ കൃത്യമായി നെല്ല് സംഭരിക്കാത്തതിന്റെ പേരിൽ പ്രതിസന്ധിയുണ്ടാകുന്നുണ്ട്. ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പും കൃഷി വകുപ്പും കർമ്മപരിപാടി ആവിഷ്കരിക്കാത്തത് നിർഭാഗ്യകരമാണ്. നെല്ല് യഥാസമയം സംഭരിക്കാത്തതിനാൽ നെൽകർഷകർ സങ്കടക്കണ്ണീരിലാകുകയാണ്. അതുകൊണ്ട് ഇതിനൊരു ശാശ്വതപരിഹാരമുണ്ടാക്കാനായി ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകണം. ഗവൺമെന്റ് നെല്ല് സംഭരിക്കുന്നതിൽ പരാജയപ്പെട്ടതിലും അത് തൃപ്തികരമായി പരിഹരിക്കാൻ തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ

പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

10.46 a.m]

III ശ്രദ്ധ ക്ഷണിക്കൽ

(1) സർക്കാർ മേഖലയിൽ കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കൽ

ശ്രീമതി സി. കെ. ആശ: സർ, തീവ്ര ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികളും അവരുടെ രക്ഷിതാക്കളും നേരിടുന്ന പ്രശ്നങ്ങളും സ്പെഷ്യൽ സ്കൂളുകളുമായി ബന്ധപ്പെട്ട വിഷയങ്ങളും ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആയതിന് പരിഹാരം കാണുന്നതിനുമാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. നിലവിൽ ലഭ്യമായ ഡാറ്റകൾപ്രകാരം ഇന്ത്യയിലുള്ള നാല് കോടിയിലേറെ ബൗദ്ധിക ഭിന്നശേഷിക്കാരിൽ രണ്ടരലക്ഷത്തോളം പേരും നമ്മുടെ സംസ്ഥാനത്തുള്ളവരാണ് എന്നാണ്. തീവ്ര ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളും അവരുടെ കുടുംബങ്ങളും ഒരുപരിധിവരെ സർക്കാരിന്റെയും സമൂഹത്തിന്റെയും അവഗണന ഏറ്റുവാങ്ങുന്നവരാണെന്നതാണ് യാഥാർഥ്യം. ഈ വിഭാഗക്കാർ ഏറെയും സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലാണ് അധ്യയനം നടത്തുന്നത്. എന്നാൽ സംസ്ഥാനത്ത് സർക്കാരിന്റെ അധീനതയിൽ ഒരു സ്പെഷ്യൽ സ്കൂൾ മാത്രമാണ് നിലവിലുള്ളത്. ബാക്കിയുള്ള 285 സ്കൂളുകളും എൻ.ജി.ഒ.-കൾ നടത്തുന്നവയാണ്. സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ ഒരു കുട്ടി മാത്രമാണുള്ളതെങ്കിലും അവയ്ക്ക് അംഗീകാരം നൽകും. പക്ഷേ 18 വയസ്സിൽ താഴെയുള്ള 20

കുട്ടികളുണ്ടെങ്കിൽ മാത്രമേ സ്പെഷ്യൽ സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുകയുള്ളൂ. ഇത്തരത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയുമില്ല. കുട്ടികൾക്കാവശ്യമായ മരുന്ന്, ഫിസിയോ തെറാപ്പി, തൊഴിൽ പരിശീലനങ്ങൾ എന്നിവ നൽകുന്നതിന് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടെയോ സഹായം മാത്രമാണ് നിലവിലുള്ളത്. അതുകൊണ്ട് 18 വയസ്സ് എന്നുള്ള പ്രായപരിധി ഒഴിവാക്കി അത്തരം സ്കൂളുകൾക്കും അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണം. 18 വയസ്സിനുശേഷം ഇവർ എങ്ങോട്ടാണ് പോകുന്നത്? രണ്ട് പുനരധിവാസ കേന്ദ്രങ്ങൾ മാത്രമാണ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ളത്; ബാക്കിയുള്ളവ എൻ.ജി.ഒ.-കളുടെ നിയന്ത്രണത്തിലാണ്. അതിതീവ്ര ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാവോ പിതാവോ ആരെങ്കിലും ഒരാൾ മുഴുവൻ സമയവും ഇവരെ സംരക്ഷിക്കേണ്ട സാഹചര്യമാണുള്ളത്. ഇവരുടെ ബുദ്ധിക്ക് യാതൊരു വികാസവും സംഭവിക്കാത്തതുകൊണ്ട് ആജീവനാന്തം അവരെ സംരക്ഷിക്കുന്നതിന് ഒരാൾ പൂർണ്ണമായും അവരോടൊപ്പം നിൽക്കേണ്ട അവസ്ഥയാണ്. അതിനാൽ അവർക്ക് സംരക്ഷണം നൽകുന്നതിനായി സർക്കാർ കൂടുതൽ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കണം. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധിയായി നിശ്ചയിച്ചിരിക്കുന്നത് ഒരു ലക്ഷം രൂപയാണ്. ഇത്തരം വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാരുള്ള ഒരു കുടുംബത്തിൽ ഒരു ലക്ഷം രൂപ പരിധി നിശ്ചയിച്ചാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് വളരെയേറെ പ്രയാസം നേരിടും. അതുകൊണ്ട് ഏറ്റവും ചുരുങ്ങിയത് 5 ലക്ഷം രൂപയായെങ്കിലും വരുമാന പരിധി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

ആശ്വാസകിരണം പദ്ധതി പ്രകാരം 17 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. ഏഴുമാസത്തെ കുടിശ്ശിക കഴിഞ്ഞമാസം നൽകിയതിന് നന്ദി അറിയിക്കുന്നു. അവശേഷിക്കുന്ന പത്ത് മാസത്തേതുകൂടി അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കൂടാതെ, ഈ വിഭാഗക്കാരുടെ 'നിരാമയ' ആരോഗ്യ ഇൻഷ്വറൻസിന്റെ പ്രീമിയം തുക സർക്കാർ അടച്ചുകൊണ്ടിരുന്നതാണ്. എന്നാൽ അത് അടയ്ക്കാത്തതിനാൽ വലിയ പ്രതിസന്ധിയാണ് നിലനിൽക്കുന്നത്. പ്രീമിയം തുക വളരെ കുറവാണ്. അത് കൊടുക്കാനുള്ള നടപടികൂടി സർക്കാർ സ്വീകരിക്കണം. സാമൂഹ്യ സുരക്ഷാ പെൻഷൻ വർധിപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. (യുണീക് ഡിസെബിലിറ്റി ഐഡന്റിറ്റി) കാർഡും സമയബന്ധിതമായി ലഭ്യമാക്കണം. ഈ വിഭാഗത്തിൽപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ സംരക്ഷിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ചേർത്തുപിടിക്കുന്നതിനുമാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരെയും പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളെയും ചേർത്തുപിടിക്കുന്ന ഒരു സർക്കാരാണിത്. The Rights of Persons with Disabilities Act പ്രകാരമുള്ള വ്യവസ്ഥകൾ ഏറ്റവും കാര്യക്ഷമമായും ത്വരിതഗതിയിലുമാണ് നാം നടപ്പാക്കിവരുന്നത്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം,

ആരോഗ്യം, സ്വയംതൊഴിൽ, വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന പ്രീ-സ്കൂൾ തലത്തിൽതന്നെ അനുയോജ്യമായ പരിശീലനവും പരിചരണവും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന സ്പെഷ്യൽ അങ്കണവാടികൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അക്കാദമിക പരിശീലനത്തോടൊപ്പം തെറാപ്പികളും നൈപുണ്യ വികസന പരിശീലനവും നൽകുന്ന മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ, റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററുകൾ, ചൈൽഡ് ഡെവലപ്മെന്റ് റിസർച്ച് സെന്റർ, ഓട്ടിസം സ്ക്രീനിങ്, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠന-ഗവേഷണ പ്രവർത്തനങ്ങൾ, രക്ഷിതാക്കൾക്കും ഡോക്ടർമാർക്കുമുള്ള പരിശീലനം തുടങ്ങിയവ ഉൾക്കൊള്ളുന്ന സ്പെക്ട്രം (SPECTRUM) പദ്ധതി എന്നിവ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്നവയാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും കോഴിക്കോട് IMHANS-ലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് പ്രാരംഭ ഘട്ടത്തിൽത്തന്നെ ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാവിധ തെറാപ്പി സൗകര്യങ്ങളുള്ള റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററും ഗവേഷണ കേന്ദ്രവും ഇരിങ്ങാലക്കുടയിലെ നിപ്മർ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ) കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ നിഷിലും (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്) ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സ്പെഷ്യൽ സ്കൂളുകൾ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലാണ് വരുന്നത്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഉൾച്ചേർക്കൽ വിദ്യാഭ്യാസമെന്ന നയത്തിലൂന്നി ആരംഭിച്ച ഒന്നാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി. 84 സ്കൂളുകൾ ഈ പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ ഇത്തരം കുട്ടികൾക്കുവേണ്ട സൗഹൃദാന്തരീക്ഷമുണ്ടാക്കുന്നതിന് പുറമെ വിവിധ പരിശീലനങ്ങൾ, തെറാപ്പി സൗകര്യങ്ങൾ വർധിപ്പിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. 2023-24 വർഷത്തിൽ സർക്കാർ ഗ്രാന്റിനായി അപേക്ഷ സമർപ്പിച്ചതിൽ 275 സ്കൂളുകൾക്ക് 44,91,00,610/- (നാല്പത്തിനാല് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അറുന്നൂറ്റി പത്ത്) രൂപ സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2024-25 വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജിനായി 288 സ്കൂളുകളുടെ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ഭിന്നശേഷി വിദ്യാർഥികൾക്ക് സമഗ്രശിക്ഷാ അഭിയാന്റെ ഭാഗമായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, വെർച്വൽ ക്ലാസ് മുറികൾ, ചങ്ങാതിക്കൂട്ടം, സ്പെഷ്യൽ കെയർ സെന്ററുകൾ, പർച്ചേസ്/ഡെവലപ്മെന്റ് ഓഫ് ഇൻസ്പെക്ഷണൽ മെറ്റീരിയൽസ്, മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണങ്ങളുടെ വിതരണം, സ്പോർട്സ് & എക്സ്പോഷർ വിസിറ്റ്, തെറാപ്പി സൗകര്യങ്ങൾ, പഠന സാമഗ്രികൾ വികസിപ്പിക്കൽ, ഓമെന്റേഷൻ ഓഫ് ഓട്ടിസം സെന്റേഴ്സ്, എൻവയോൺമെന്റ് ബിൽഡിങ് പ്രോഗ്രാം തുടങ്ങി നിരവധി ഘടകങ്ങൾ ഉൾച്ചേരുന്ന സമഗ്ര പദ്ധതി നടപ്പാക്കുന്നുണ്ട്.

കുടുംബശ്രീയുടെ നേതൃത്വത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ബൗദ്ധിക ഭിന്നശേഷി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നത്. നിലവിൽ 378 ബഡ്സ് സ്ഥാപനങ്ങൾ (166 ബഡ്സ് സ്കൂളുകളും 212 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ 13081 പരിശീലനാർഥികൾക്ക് പുനരധിവാസം, തൊഴിൽ പരിശീലനം, ദൈനംദിന ജീവിതത്തിനാവശ്യമായ പ്രായോഗിക പിന്തുണ എന്നിവയെല്ലാം നൽകിവരുന്നു. ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 36 സ്കൂളുകൾക്ക് 15 ലക്ഷം രൂപ വീതം കുടുംബശ്രീ അനുവദിച്ചുനൽകിയിട്ടുണ്ട്. ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപ വീതം 259 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ബഡ്സ് സ്ഥാപനങ്ങളിലെത്തുന്ന കുട്ടികൾക്കും അമ്മമാർക്കും ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനായി ലൈവ്‌ലിഹുഡ് പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി 230 സ്ഥാപനങ്ങൾക്ക് 4 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശീലനം പൂർത്തീകരിച്ച് ഉൽപന്ന നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. സഞ്ജീവനി-അഗ്രി തെറാപ്പി എന്ന പേരിൽ പഴം/പച്ചക്കറി കൃഷിക്കുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെയും കോഴിക്കോട് യൂണിവേഴ്സിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് & റീഹാബിലിറ്റേഷൻ പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നടപ്പാക്കിവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ

സ്പെഷ്യൽ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 18 വയസ്സിൽ താഴെയുള്ള 20 ഭിന്നശേഷിക്കാർ വേണമെന്ന നിബന്ധന സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ടി പശ്ചാത്തലത്തിൽ അക്കാര്യം പുനഃപരിശോധിക്കുന്നതാണ്. ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂരിൽ പ്രത്യാശാ ഭവനം കൊല്ലത്ത് പ്രിയാ ഹോമും പ്രവർത്തിച്ചുവരുന്നുണ്ട്. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട് മൂന്ന് കേന്ദ്രങ്ങളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാവിധ തെറാപ്പി സൗകര്യങ്ങളും ആരോഗ്യ കേന്ദ്രങ്ങളും തൊഴിൽ ഉൽപാദനപരമായ പ്രവർത്തനങ്ങളും സാധ്യമാകുന്ന വിധത്തിലാണ് പുനരധിവാസ ഗ്രാമങ്ങൾ ഡിസൈൻ ചെയ്യുന്നത്.

'നിരാമയ' ആരോഗ്യ ഇൻഷ്വറൻസിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള മുഴുവൻ വ്യക്തികൾക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ സമഗ്ര ഇൻഷ്വറൻസ് നൽകിവരുന്നുണ്ട്. അതിന് അർഹരാണ് എന്നതിനാലാണ് അപ്രകാരം ചെയ്യുന്നത്. പ്ലാനിങ് ബോർഡിന്റെ തീരുമാനമനുസരിച്ചാണ് നിരാമയ ഇൻഷ്വറൻസിന് പണം അടയ്ക്കാൻ കഴിയാതെ വന്നത്. ഈ വർഷം അത് നിർബന്ധപൂർവം അടയ്ക്കേണ്ടതുണ്ട് എന്ന ആവശ്യമുന്നയിച്ചതിന്റെ പശ്ചാത്തലത്തിൽ അനുമതി ലഭ്യമായിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കണം.

ഡോ. ആർ. ബിന്ദു: സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീമതി സി. കെ. ആശ: സർ, 18 വയസ്സിനുമേൽ അതിതീവ്ര ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള തൊഴിൽ പരിശീലനത്തിനായി ബജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും വിനിയോഗിക്കപ്പെടാതെ ലാപ്സാകുന്ന സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ച് അവർക്ക് തൊഴിൽ പരിശീലനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇതിനകം ഇവിടെ അറിയിച്ച വിവരങ്ങളിൽത്തന്നെ ഇതിനുള്ള മറുപടിയുണ്ട്. ധാരാളം തൊഴിൽ ഉൽപാദനപരമായ പ്രവർത്തനങ്ങളും പരിശീലനങ്ങളും വ്യത്യസ്ത കേന്ദ്രങ്ങൾ ആസ്പദമാക്കി നടന്നുവരുന്നുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനത്തിനാവശ്യമായ നൈപുണ്യ വികസന പദ്ധതികൾ ഉൾച്ചേരുന്ന 'പ്രചോദനം' എന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള പഠന മൊഡ്യൂളുകളെല്ലാം രൂപീകരിച്ചുകഴിഞ്ഞു. ഈ വർഷംതന്നെ ആ പദ്ധതി ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കപ്പെടുന്ന എൻ.ജി.ഒ.-കൾ മുഖാന്തരമാണ് 'പ്രചോദനം' എന്ന സ്കിൽ എൻഹാൻസ്മെന്റുമായി ബന്ധപ്പെട്ട തൊഴിൽ ഉൽപാദന പരിപാടി ആരംഭിക്കുന്നത്. അതുകൂടാതെ ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിന് 4 കോടി രൂപ ഇത്തവണത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള മറ്റൊരു പദ്ധതിയുടെ ഭാഗമായും ഒരു കോടി രൂപ ലഭ്യമായിട്ടുണ്ട്. തീർച്ചയായും 5 കോടി രൂപയുടെ സമഗ്ര പദ്ധതിയിൽ കൂടുതൽ തൊഴിൽ ഉൽപാദനപരമായ പ്രവർത്തനങ്ങൾ

+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

ആരംഭിക്കാവുന്നതാണ്.

11.00 a.m]

(2) കേരള റാഗിങ് നിരോധന നിയമ ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ ചെറുപ്പക്കാരിലും കൗമാരക്കാരിലും ശക്തിപ്പെട്ടുവരുന്ന ആക്രമണോത്സുകതയുടെ വിവിധ പ്രശ്നങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയിൽ വളരെ ശക്തമായി ചർച്ച ചെയ്യപ്പെട്ടു. ചെറുപ്പക്കാരിലേയ്ക്ക് കടന്നുവരുന്ന ലഹരിയുടെ വ്യാപനവും പുതിയ തലമുറയുടെ മനോഭാവത്തിലുള്ള പ്രശ്നങ്ങളുമെല്ലാം ആക്രമണോത്സുകതയ്ക്കും അതുവഴിയുള്ള അരാജകത്വത്തിനും കാരണമായിട്ടുണ്ടെന്നും നമ്മൾ വിലയിരുത്തപ്പെടുകയുണ്ടായി. ഇതിന്റെ മറ്റൊരു പതിപ്പാണ് ഇന്ന് നമ്മുടെ ക്യാമ്പസുകളിൽ നടന്നുകൊണ്ടിരിക്കുന്ന റാഗിങ്. അതിന്റെ പേരിൽ നടക്കുന്ന പൈശാചികതയും സംഹാരതാണ്ഡവവുമാണ് ഓരോ ക്യാമ്പസിലും കണ്ടുകൊണ്ടിരിക്കുന്നത്. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് കോട്ടയം ഗവൺമെന്റ് നഴ്സിങ് കോളേജിലെ ഒരു വിദ്യാർഥി റാഗിങ്ങിന് വിധേയമായത്. അത് എന്ത് റാഗിങ്ങായിരുന്നു? ഒരു കുട്ടിയെ കട്ടിലിൽ കെട്ടിയിട്ട് സഹപാഠികൾ കോമ്പസ്സുകൊണ്ട് ദേഹമാസകലം ക്രൂരമായി കുത്തിമുറിവേല്പിച്ചതിനുശേഷം അതിലേക്ക് ലോഷനൊഴിക്കുകയാണ് ചെയ്തത്. പച്ചമാംസത്തിൽ കോമ്പസ്സുകൊണ്ട് വരക്കുമ്പോഴും ലോഷൻ തട്ടുമ്പോഴുമുണ്ടാകുന്ന വേദനയിൽ കൂട്ടി കരയുമ്പോൾ സഹപാഠികൾ ആർത്ത് ചിരിക്കുകയാണ്. ഇതാണ് നമ്മൾ കോട്ടയത്തെ നഴ്സിങ് കോളേജിൽ കണ്ടത്. ഈ സംഭവം കോട്ടയത്ത് നടക്കുന്നതിന് ഒരു വർഷം മുമ്പാണ് പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ സഹപാഠികളുടെ റാഗിങ് ക്രൂരതയാൽ ഒരു വിദ്യാർഥി കൊല്ലപ്പെട്ട

ലോകമനസ്സാക്ഷിയെ ഞെട്ടിച്ച സംഭവമുണ്ടായത്. ആ കേസുമായി ബന്ധപ്പെട്ട് സർവകലാശാലയുടെ ഭാഗത്തുനിന്നുമുണ്ടായ അലംഭാവം, പ്രതികളെ സഹായിക്കുന്ന സമീപനം, ഒരു വിദ്യാർഥി സംഘടന പ്രതികൾക്കുവേണ്ടി കൈക്കൊണ്ട താൽപര്യം എന്നിവയൊക്കെ കാണേണ്ടതുണ്ട്. ടി വിദ്യാർഥി മരണപ്പെട്ട് ഒരു വർഷം തികയുമ്പോൾ ആ സർവകലാശാല ക്യാമ്പസിൽ ഒരു അനുശോചനമോ അനുസ്മരണമോ നടത്തിയില്ല. എന്നാൽ, അപകടത്തിൽപ്പെട്ട് മരിച്ച മറ്റൊരു വിദ്യാർഥിക്കുവേണ്ടി ആ സമയത്ത് ക്യാമ്പസിൽ അനുസ്മരണ യോഗം നടന്നു. അത് തെറ്റാണെന്ന് പറയുന്നില്ല. കൂടെ പഠിക്കുന്ന ഒരു കുട്ടി മരണപ്പെട്ടപ്പോൾ അതിനെ ഓർക്കാൻ ആ ക്യാമ്പസിന് സാധിച്ചു. എന്തുകൊണ്ടാണ് സിദ്ധാർഥനെ ഓർക്കാൻ സാധിക്കാതെപോയത്? ആ കുട്ടി മരണപ്പെട്ടിട്ടും അവനെ ക്രൂശിക്കാനുള്ള ശ്രമം കലാശാലയിലും പ്രധാനപ്പെട്ട വിദ്യാർഥി സംഘടനയുടെ ഭാഗത്തുനിന്നുമുണ്ടായി. ഒരു വർഷം കഴിഞ്ഞിട്ടും സിദ്ധാർഥൻ ഒരു നോവായും ദുഃഖമായും നമ്മുടെ മുമ്പിൽ അവശേഷിക്കുകയാണ്. പക്ഷേ അവനെ അനുസ്മരിക്കാൻ ആ ക്യാമ്പസിലെ കുട്ടികൾക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല, വേറെ ചിലരുടെ എതിർപ്പ് കാരണമായിരുന്നു അതിന് സാധിക്കാതെ പോയത്. ഇത് ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ ശ്രദ്ധ ക്ഷണിക്കൽ ഏഴ് മിനിട്ട് എടുത്താണ് അവതരിപ്പിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അല്ല. മൂന്നരമിനിട്ടുകൊണ്ട് അവസാനിപ്പിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കാര്യവട്ടം ക്യാമ്പസിൽ സീനിയർ വിദ്യാർഥികൾ

ജൂനിയർ വിദ്യാർഥികളെ വളഞ്ഞിട്ട് ആക്രമിച്ച സംഭവം കഴിഞ്ഞ ആഴ്ച അരങ്ങേറിയിരുന്നു. തുപ്പിയ വെള്ളം കുടിക്കാൻ പരസ്യമായി പറയുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരള റാഗിങ് നിരോധന നിയമത്തിൽ കർശന വ്യവസ്ഥകളില്ലാത്തതുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. പ്രസ്തുത നിയമപ്രകാരം കുറ്റകൃത്യങ്ങളെല്ലാം ബെയ്ലബിളും പരമാവധി ശിക്ഷ രണ്ട് വർഷവുമാണ്. അതുപോലെതന്നെ ഈ കാലഘട്ടത്തിൽ ഉയർന്നുവരുന്ന സൈബർ ആക്രമണങ്ങൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഭീഷണിയോ സമ്മർദങ്ങളോ ഫോൺ വഴിയുള്ള സൈബർ ആക്രമണങ്ങളോ അതിൽപ്പെടുന്നില്ല. ഇത്തരം കാര്യങ്ങൾകൂടി പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ഇത്രയും കാലമായി ഈ നിയമത്തിന്റെ കീഴിൽ ഒരു മാനഭംഗ കേസിൽമാത്രമാണ് ശിക്ഷയുണ്ടായിട്ടുള്ളത്. അതുകൊണ്ട് കേരള റാഗിങ് നിരോധന നിയമം ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ജിഷ്ണു പ്രണോയി സംഭവത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ ഇതുവരെ നടപ്പാക്കിയില്ല. അത് നടപ്പാക്കുമോ? (....മൈക്ക് ഓഫ്...)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് തടയുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും "UGC Regulations on Curbing the Menace of Ragging in Higher

Educational Institutions, 2009" പ്രകാരം രൂപീകരിച്ച ആന്റി റാഗിങ് കമ്മിറ്റി നിലവിലുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട അധ്യാപകരെയും വിദ്യാർഥികളെയും പി.ടി.എ. അംഗങ്ങളെയും സ്ഥലം എസ്.എച്ച്.ഒ.-യെയും ഉൾപ്പെടുത്തിയാണ് പ്രദേശവാസികളുടെ സഹകരണത്തോടെ ആന്റി റാഗിങ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നത്. കൂടാതെ ക്യാമ്പസുകളിലെ റാഗിങ്ങിന്റെ പേരിൽ നടത്തിവരുന്ന അതിക്രമങ്ങൾ ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദേശാനുസരണം 16-07-2009-ലെ സർക്കുലർ നം. 26/2009 പ്രകാരം വ്യക്തമായ നിർദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുള്ളതാണ്. വിദ്യാഭ്യാസ സ്ഥാപനമേധാവികൾക്ക് ലഭിക്കുന്ന റാഗിങ് സംബന്ധിച്ച പരാതികളിന്മേൽ ആന്റി റാഗിങ് കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് മുഖാന്തരം നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റാഗിങ് സംബന്ധിച്ച പരാതികളിൽ പ്രതിസ്ഥാനത്താകുന്നവർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള കർശന നടപടികൾ ആന്റി റാഗിങ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിച്ചുവരുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള കോട്ടയം സർക്കാർ നഴ്സിങ് കോളേജിലെ സീനിയർ വിദ്യാർഥികൾ ജൂനിയർ വിദ്യാർഥിയെ ദേഹോപദ്രവം ഏൽപ്പിക്കുകയും റാഗിങ്ങിന് വിധേയനാക്കുകയും ചെയ്തുവെന്ന പരാതിയിൽ ബി.എൻ.എസ്. (ഭാരതീയ ന്യായ സംഹിത)-ലെ 118(1), 308(2), 351(1), 3 (5), 1998-ലെ കേരള റാഗിങ് നിരോധന ആക്ടിലെ 3, 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 229/2025 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ

ഹാജരാക്കി നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിദ്യാർഥികളുടെ അഡ്മിഷൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. റാഗിങ് തടയുന്നതിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയ വാർഡന്റെ ചുമതലയുള്ള പ്രിൻസിപ്പാളിനെയും അസിസ്റ്റന്റ് വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസറെയും സർവീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തിയ കെയർടേക്കർ-കം-സെക്യൂരിറ്റിയെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്തുകൊണ്ടുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഡ്യൂട്ടി ഫലപ്രദമായി നിർവഹിക്കാതെ വീഴ്ച വരുത്തിയ അധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ആന്റി റാഗിങ് സ്ക്വാഡ് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം നോട്ടീസിൽ പരാമർശിക്കുന്നതുപോലെ റാഗിങ് തടയുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ സർവകലാശാലകളോ സർക്കാരോ യാതൊരുവിധ അലംഭാവവും കാണിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഭരണകക്ഷിയുടെ സഹായം പ്രതികൾക്ക് ലഭിക്കുന്നുവെന്ന സൂചനയോടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വസ്തുതാവിരുദ്ധവും പിൻവലിക്കേണ്ടതുമാണ്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള വയനാട് ജില്ലയിലെ പൂക്കോട് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ രണ്ടാം വർഷ ബി.വി.എസ്.സി. ആൻഡ് എ.എച്ച്. വിദ്യാർഥിയായ സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ക്രിമിനൽ നടപടിക്രമം 174-ാം വകുപ്പുപ്രകാരം ക്രൈം നമ്പർ 77/2024 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. മരണപ്പെട്ട സിദ്ധാർഥൻ റാഗിങ്ങിന് വിധേയനായതായി പരാതി ലഭിച്ചതിനെത്തുടർന്ന് ആന്റി റാഗിങ് സ്ക്വാഡ് നടത്തിയ അന്വേഷണത്തെ തുടർന്ന് ക്രിമിനൽ നടപടിക്രമം 174-ാം വകുപ്പ്, ഐ.പി.സി. 120(b), 341,

323, 324, 342, 355, 306, 34, 1998-ലെ കേരള റാഗിങ് നിരോധന ആക്ടിലെ 3, 4 എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് കേസിലുൾപ്പെട്ട 20 പ്രതികളെ അറസ്റ്റുചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിന്റെ അന്വേഷണം വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് നടന്നുവരവെ സിദ്ധാർഥന്റെ മാതാപിതാക്കളുടെ ആവശ്യപ്രകാരം അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം കാര്യവട്ടം സർക്കാർ കോളേജിലെ വിദ്യാർഥിയായ ബിൻസ് ജോസിനെ റാഗിങ്ങിന് വിധേയനാക്കപ്പെട്ടുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ കഴക്കൂട്ടം പോലീസ് ബി.എൻ.എസ്.-ലെ 189(2), 191(2), 190, 115(2), 191(3), 126(2), 127(2), 118(1), 1998-ലെ കേരള റാഗിങ് നിരോധന ആക്ടിലെ 3, 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 260/2025 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതികളായ ഏഴ് വിദ്യാർഥികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരികയാണ്. റാഗിങ്ങിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരന്തരം ബോധവൽക്കരണ പരിപാടികളും റാഗിങ് വിരുദ്ധ നിയമത്തെക്കുറിച്ചുള്ള ക്ലാസുകളും പൊലീസിന്റെയും ആന്റി റാഗിങ് സെല്ലുകളുടെയും മേൽനോട്ടത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. വിദ്യാർഥികൾക്ക് സുരക്ഷിതവും ഭയരഹിതവുമായ അന്തരീക്ഷം സൃഷ്ടിക്കാനും റാഗിങ് തടയാനും പോസിറ്റീവ് ക്യാമ്പസ് സംസ്കാരം പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിച്ചിട്ടുള്ള യു.ജി.സി. റെഗുലേഷൻ നിർദേശിക്കുന്ന വിധത്തിലുള്ള

ആന്റി റാഗിങ് കമ്മിറ്റികളും ആന്റി റാഗിങ് സ്ക്വാഡുകളും ഇതിനകം രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽ റാഗിങ് നടത്തുകയോ റാഗിങ്ങിന് പിന്തുണ നൽകുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം വിദ്യാർഥിയുടേയും രക്ഷാകർത്താവിന്റെയും ഒപ്പുവച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്. എല്ലാ കോളേജ് ക്യാമ്പസുകളുടേയും വിവിധ ഭാഗങ്ങളിൽ റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാനടപടികളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള, 1998-ലെ കേരള റാഗിങ് നിരോധന നിയമത്തിൽ റാഗിങ്ങിനെതിരെ അതിശക്തമായ നിയന്ത്രണങ്ങളും നിബന്ധനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗിങ് നടന്നതായി തെളിയിക്കപ്പെട്ടാൽ രണ്ട് വർഷം വരെ തടവ് ശിക്ഷയും പതിനായിരം രൂപ വരെ പിഴയും ലഭിക്കുന്നതാണ്. കേരള റാഗിങ് നിരോധന നിയമം പരിഷ്കരിക്കണമെന്ന ആവശ്യം പൊതുവിൽ ഉയർന്നുവന്നിട്ടുണ്ട്. കൂടുതൽ കർക്കശമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത നിയമം പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള റാഗിങ് നിരോധന നിയമത്തിന് നാളിതുവരെ റൂൾസ് ഫ്രെയിം ചെയ്തിട്ടില്ലെന്ന് ബഹു. ഹൈക്കോടതിയുടെ വിമർശനമുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. റാഗിങ് കേസിലെ പ്രതികളായ കുട്ടികൾക്ക് അതേ കോളേജിൽ തുടർന്ന് പഠിക്കുന്നതിനും അതേ വർഷം തന്നെ പരീക്ഷ എഴുതുന്നതിനും വിലക്ക് ഏർപ്പെടുത്തണമെന്ന് ബഹു. ഹൈക്കോടതിയും മറ്റുചില അന്വേഷണ കമ്മീഷനുകളും സൂചിപ്പിച്ചിട്ടുണ്ട്. സർക്കാർ അപ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, റാഗിങ്ങിൽ പ്രതിചേർക്കപ്പെടുന്ന കുട്ടികൾക്കെതിരായി ശക്തമായ തെളിവ് ലഭിക്കുകയും കുറ്റകൃത്യം തെളിയുകയും ചെയ്താൽ തീർച്ചയായും അവരെ പരീക്ഷകളിൽനിന്ന് ഡീബാർ ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

11.11 a.m]

IV സബ്മിഷൻ

(1) റാന്നിയിലെ കർഷകർക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി നിയോജകമണ്ഡലത്തിലെ സങ്കീർണ്ണമായ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എൽ.എ. എന്ന നിലയിൽ നടത്തുന്ന പരിശ്രമങ്ങൾക്ക് സർക്കാരും ബഹു. റവന്യൂ വകുപ്പുമന്ത്രിയും നൽകുന്ന വിലപ്പെട്ട പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നു. തലമുറകളായി ജീവിക്കുന്ന മണ്ണിനുമേലുള്ള അവകാശത്തിനായി പെരുമ്പെട്ടിയിലെ 747 കുടുംബങ്ങളുടെ ആറ് പതിറ്റാണ്ടായുള്ള കാത്തിരിപ്പ് സഫലമാക്കാൻ റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് നടത്തുന്ന ആത്മാർഥ പരിശ്രമങ്ങൾ ഒരു നാടിന്റെ ഹൃദയത്തിലുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തിയ ഡിജിറ്റൽ സർവെയിൽ ടി കുടുംബങ്ങളുടെ ഭൂമി നോട്ടിഫൈഡ് വനത്തിന്റെ പരിധിയിൽ വരുന്നില്ലെന്നും ജണ്ടയ്ക്ക് പൂർണ്ണമായും പുറത്താണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇനിയും കുരുക്കുകൾ സൃഷ്ടിക്കാൻ ആരെയും അനുവദിക്കാതെ മഹസറും സ്കെച്ചും തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ച് പട്ടയം നൽകാനുള്ള നടപടി അതിവേഗത്തിലാക്കണമെന്ന് അഭ്യർഥിക്കുന്നു. സമാനമായ തലത്തിൽ പ്രത്യേക ടീം രൂപീകരിച്ച് സർവെ പൂർത്തീകരിച്ച വെച്ചൂച്ചിറയിലെ എക്സ്-സർവീസ്മെൻ കോളനി പട്ടയത്തിലും സർക്കാർ ഉത്തരവ് അതിവേഗമുണ്ടാകണം.

വിവരശേഖരണം പൂർത്തിയാക്കിയ വലിയപതാൽ, മിച്ചഭൂമി പ്രശ്നമുള്ള മുക്കുഴി, പട്ടയം ഉടൻ നൽകാൻ കഴിയുന്ന വലിയകുളം, കടുമീൻചിറ, കണ്ണന്നമൺ, അരയൻപാറ തുടങ്ങിയ സ്ഥലങ്ങളിലും പട്ടയം നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണം. ആദിവാസി വിഭാഗങ്ങൾ താമസിക്കുന്നതും സംയുക്ത പരിശോധനാ ലിസ്റ്റിലുപ്പെട്ടതുമായ പരുവ, മണക്കയം, കുമ്പൻമൂഴി, കക്കുടുക്ക, മണ്ണടിശ്ശാല, ഒളികല്ല്, അടിച്ചിപ്പുഴ, ചൊള്ളനാവയൽ, അരയാഞ്ഞിലിമൺ, കുടമുരുട്ടി, അട്ടത്തോട് എന്നിവിടങ്ങളിലെ പട്ടയം ലഭിക്കുന്നതിനായി കേന്ദ്രാനുമതിക്കായി കാത്തിരിക്കുകയാണ്. ഇതുസംബന്ധിച്ച് റവന്യൂ-വനം വകുപ്പുമന്ത്രിമാർ കേന്ദ്രമന്ത്രിമാരെ കണ്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾകൂടി വേഗത്തിലാക്കി അവർക്കും അർഹതപ്പെട്ട പട്ടയം നൽകാൻ കഴിയണം. എഴുമറ്റൂരിലെ ഒറ്റക്കൽ ഉന്നതിയിലും ചില നിയമപ്രശ്നങ്ങളുള്ളതും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടതുമായ തെക്കേത്തൊട്ടിയിലും പട്ടയം വേഗത്തിൽ നൽകാൻ കഴിയണം. മലയോര ജനതയ്ക്ക് മണ്ണിനുമേലുള്ള അവകാശം നൽകുന്ന പട്ടയനടപടികൾ വേഗത്തിലാക്കാനുള്ള റവന്യൂ വകുപ്പുമന്ത്രിയുടെ നീതിപൂർവമായ നടപടികളെ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു. 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ' എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പാക്കി അതിവേഗം പട്ടയ നടപടികൾ പൂർത്തീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രശ്നങ്ങൾ പ്രധാനപ്പെട്ടതാണ്. ഒരു സബ്മിഷന് മറുപടിയായി പറഞ്ഞ് പൂർത്തീകരിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ പ്രശ്നങ്ങൾ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. എല്ലാത്തിലും കൃത്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതിൽ ഒൻപത് പ്രധാനപ്പെട്ട സ്ഥലങ്ങളിലെ പട്ടയ പ്രശ്നങ്ങളിന്മേൽ തുടർച്ചയായി യോഗങ്ങൾ ചേർന്ന് നടപടിക്രമങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നുണ്ട്. മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് പൊന്തൻപുഴ പട്ടയ പ്രശ്നം ദീർഘനാളുകളായുള്ളതാണ്. ഒരു പ്രത്യേക ടീമിനെ നിശ്ചയിച്ച് വലിയകാവ് റിസർവ് സ്ഥിതിചെയ്യുന്ന പെരുമ്പെട്ടി വില്ലേജിലെ 540 ഹെക്ടറിലും അങ്ങാടി വില്ലേജിലെ 213 ഹെക്ടറിലും ചേത്തക്കൽ വില്ലേജിലെ 10 ഹെക്ടറിലും ഡിജിറ്റൽ സർവെ പൂർത്തിയാക്കിയപ്പോൾ അവിടെ വനഭൂമി ഉൾപ്പെട്ട് വരുന്നതായാണ് മനസ്സിലാക്കാൻ സാധിച്ചത്. ഫോറസ്റ്റ് നോട്ടിഫിക്കേഷൻ പ്രകാരം വലിയകാവ് റിസർവിന്റെ വിസ്തൃതി 1771 ഏക്കറാണ്. മൂന്ന് വില്ലേജുകളിലായി ഡിജിറ്റൽ റീസർവെയിൽ കണ്ടെത്തിയിട്ടുള്ള വനത്തിന്റെ വിസ്തൃതി 1889.29 ഏക്കറാണ്. ഇത് നോട്ടിഫിക്കേഷൻ പ്രകാരമുള്ള വന വിസ്തൃതിയേക്കാൾ വളരെ കൂടുതലാണ്. പെരുമ്പെട്ടി, ചേത്തക്കൽ വില്ലേജുകളിൽ 9(2) വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞു. പെരുമ്പെട്ടി വില്ലേജിൽ മാത്രം നിലവിൽ 747 കൈവശക്കാരുടെ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. മുൻ സർവെ ഉൾപ്പെട്ട ഭൂമിയുടെ ഇനം സെറ്റിൽമെന്റ് രജിസ്റ്ററിൽ 'പുറമ്പോക്ക്' എന്നും റിമാർക്സ് കോളത്തിൽ 'റിസർവ്' എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജണ്ടയ്ക്കും റിസർവ് വനത്തിന്റെ വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന വിസ്തീർണ്ണത്തിനും അതിർത്തിക്കും പുറത്തുള്ളതും ബി.റ്റി.ആർ.-ലെ റിമാർക്സ് കോളത്തിൽ RF (റിസർവ് വനം) എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയുടെ ബി.റ്റി.ആർ.-ലെ 'RF' എന്ന റിമാർക്സ് കോളത്തിലെ രേഖപ്പെടുത്തൽ മാറ്റുന്നതിനും 13 നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പായി മുഴുവൻ അർഹതപ്പെട്ട കൈവശക്കാർക്കും പട്ടയം

നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു. റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി പട്ടയ പ്രശ്നവും ദീർഘകാലമായുള്ളതാണ്. ഇത് പലവിധത്തിലുള്ള കേസുകളിൽ ഉൾപ്പെടുകയും തുടർന്ന് WP(C) 27193/2017 എന്ന കേസിൽ 07-11-2024-ലെ ഉത്തരവിൽ ആറ് മാസത്തിനുള്ളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്താനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ചത്. എന്നാൽ, പരാമർശ ഭൂമി ജണ്ടയ്ക്ക് പുറത്തായതിനാലും വനാതിർത്തി പങ്കിടാത്ത പ്രദേശമായതിനാലും നിലവിൽ വനം വകുപ്പ് തടസ്സങ്ങൾ ഉന്നയിക്കാത്തതിനാലും ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്യാനും പട്ടയ നടപടിയുമായി മുന്നോട്ടുപോകാനും 17-01-2025-ന് ഞാൻ ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചു. ടി നടപടികളുമായി മുന്നോട്ടുപോകുന്നു. റാന്നി താലൂക്കിലെ ചേത്തയ്ക്കൽ വില്ലേജിലെ വലിയപതാൽ ഉന്നതിയിലെ കൈവശക്കാർക്ക് ഭൂമി കൈവശം വന്നത് 1960-നും 24-01-1986-നും ഇടയിലാണോയെന്ന് കണ്ടെത്തി അർഹത പരിശോധിച്ച് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിലെ എക്സ്-സർവീസ്മെൻ ഉന്നതിയിലും നാന്നൂറിലേറെ കൈവശക്കാരുണ്ട്. നിലവിലെ കൈവശക്കാരിൽ എക്സ്-സർവീസ്മെൻ അല്ലാത്തവരും ഉൾപ്പെട്ടിട്ടുള്ളതിനാൽ, നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത്. റാന്നി താലൂക്കിലെ ടൈബൽ സെറ്റിൽമെന്റുകളായ പരുവ, മണക്കയം, കുറുമ്പൻമൂഴി, കക്കുടുക്ക, മണ്ണടിശ്ശാല, ഒളികല്ല്, അരയാഞ്ഞിലിമൺ, അടിച്ചിപ്പുഴ, കടുമീൻച്ചിറ, കുടമുരുട്ടി എന്നിവിടങ്ങളിൽ ഭൂമിയുടെ ഇനം

'പുറമ്പോക്ക്' എന്നും റിമാർക്സ് കോളത്തിൽ 'വനം' എന്നും തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത്തരം പ്രദേശങ്ങളിലെ പട്ടയം പ്രശ്നം പരിഹരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വടശ്ശേരിക്കര വില്ലേജിലെ മുക്കുഴി, ചേത്തയ്ക്കലിലെ അരയൻപാറ പ്രദേശങ്ങളിലെ പട്ടയപ്രശ്നങ്ങളിലും തീരുമാനമെടുക്കാൻ 17-01-2025-ന് ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. വടശ്ശേരിക്കര വില്ലേജിലെ വലിയകുളം പ്രദേശത്തെ ഭൂമിയിൽ, കരമടയ്ക്കുന്നവരുടെ ഭൂമിയുടെ വിസ്തീർണ്ണം കണക്കാക്കി സ്ഥലപരിശോധന നടത്തി ബാക്കിയുള്ള സ്ഥലം പുറമ്പോക്കിലേക്ക് മാറ്റിയിട്ടുള്ളതും കൈവശ കക്ഷികൾക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. റാന്നി താലൂക്കിലെ പെരുനാട് വില്ലേജിലെ കണ്ണന്നുമൺ പ്രദേശത്തെ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുന്നു. വനഭൂമി പട്ടയത്തിൽ ഒരുകാലത്തുമില്ലാത്ത നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രധാനമായും റാന്നി, കോന്നി നിയോജകമണ്ഡലങ്ങളിൽ എത്രയുംവേഗം നടപടികൾ പൂർത്തീകരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(2) ബി.പി.എൽ. കുടുംബങ്ങൾക്ക് ജലനിധി പദ്ധതി പ്രകാരമുള്ള വാട്ടർ ചാർജിൽ കുറവ് വരുത്തൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയ മാള മൾട്ടി ജി.പി. ജലനിധി പദ്ധതിയിൽ വിതരണനഷ്ടം കുറവ് വരുത്താത്തതിനാൽ ജലവിതരണത്തിൽ പാഴാകുന്ന ജലത്തിനും ജനങ്ങൾക്ക് ബിൽ നൽകുകയാണ്. അതുപോലെ, കേരള വാട്ടർ അതോറിറ്റി ബി.പി.എൽ. കുടുംബങ്ങൾക്ക് നിശ്ചിത അളവ് ജലം പ്രതിമാസം സൗജന്യമായി നൽകുമ്പോൾ ജലനിധി

+ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.

സാധാരണ നിരക്കിലുള്ള വാട്ടർ ചാർജാണ് ഈടാക്കുന്നത്. ഈ രണ്ട് വിഷയത്തിലും മാനുഷിക പരിഗണന നൽകി പരിഹാരമുണ്ടാക്കണമെന്നും ജലനിധി പദ്ധതിയിൽ ഏർപ്പെടുത്തിയ ബൾക്ക് മീറ്റർ ചാർജിൽ കുറവുവരുത്തണമെന്നും അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സംസ്ഥാന ജലവിഭവ വകുപ്പിന്റെ കീഴിൽ ലോക ബാങ്ക് ധനസഹായത്തോടെ ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയ സാമൂഹ്യ കുടിവെള്ള പദ്ധതിയാണ് ജലനിധി. ജലനിധി രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി 115 ഗ്രാമപഞ്ചായത്തുകളിൽ 2174 കുടിവെള്ള വിതരണ പദ്ധതികളാണ് നടപ്പാക്കിയത്. 2.60 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് ഈ പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമായി. ഓരോ പദ്ധതിക്കുവേണ്ടിയും ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുകയും ആകെ നിർമ്മാണ ചെലവിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായും 15 ശതമാനം ഗ്രാമപഞ്ചായത്ത് വിഹിതമായും സംഭരിച്ചാണ് പദ്ധതി യാഥാർഥ്യമാക്കിയത്. ഗ്രാമപഞ്ചായത്തുകളിലെ ടാപ്പ് കണക്ഷൻ ഉൾപ്പെടെയുള്ള വിതരണ ശൃംഖലയുടെ ഏകദേശം 50 കോടി രൂപയുടെ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളുടെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിലാണ് നടന്നത്. ഈ ആസ്തികളുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തുകൾക്കും അതത് പഞ്ചായത്തിലെ ഗുണഭോക്തൃ സമിതികൾക്കുമാണുള്ളത്. കേരള വാട്ടർ അതോറിറ്റി നേരിട്ട് ടാപ്പുകളിലൂടെ വീടുകൾക്ക് നൽകുന്ന വെള്ളത്തിന് ഗാർഹിക തലത്തിലുള്ള മീറ്റർ റീഡിങ്ങിന്റെ അടിസ്ഥാനത്തിൽ ഒരുകിലോ ലിറ്ററിന് 14.41 രൂപയാണ് വാങ്ങുന്നത്. എന്നാൽ ബൾക്ക് വാട്ടർ മീറ്റർ റീഡിങ് പ്രകാരം ഒരുകിലോ ലിറ്ററിന് 16.62 രൂപയാണ്

പഞ്ചായത്ത്/ഗ്രണഭോക്തൃസമിതികൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ടിവരുന്നത്. കേരള വാട്ടർ അതോറിറ്റി നടത്തിക്കൊണ്ടുപോകുന്ന സ്കീമുകളിൽനിന്നും വ്യത്യസ്തമായി ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികളിൽ തുടർന്നുള്ള എല്ലാ ചെലവുകളും (നോൺ റവന്യൂ വാട്ടർ നഷ്ടം, വിതരണ ശൃംഖലയിലും മറ്റ് ആസ്തികളിലുമുള്ള അറ്റകുറ്റപ്പണികൾ, മീറ്റർ റീഡിങ്, പണം പിരിക്കൽ അടക്കമുള്ള തുടർ നടത്തിപ്പ് പരിപാലന ചെലവുകൾ) അതത് സമിതികൾ തന്നെ വഹിക്കണം. ഇതുമാത്രമല്ല കേരള വാട്ടർ അതോറിറ്റി നേരിട്ട് നടപ്പാക്കുന്ന പദ്ധതിയിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകുന്ന സബ്സിഡിയും ബൾക്ക് വാട്ടർ സപ്ലൈ സ്കീമിന് ലഭിക്കുന്നില്ല. മേൽ ചെലവുകൾകൂടി കണക്കാക്കുമ്പോൾ ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികളിലെ ഗ്രണഭോക്താക്കൾ ഒരുകിലോ ലിറ്ററിന് 22 രൂപ മുതൽ 25 രൂപവരെ വെള്ളത്തിന്റെ വിലയായി നൽകേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികൾ നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളുടെയും ഗ്രണഭോക്തൃ സമിതികളുടെയും ജലവിതരണ സംവിധാനത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. കേരള ജല അതോറിറ്റി ഗാർഹിക ഗ്രണഭോക്താക്കൾക്ക് നൽകുന്ന അതേ നിരക്കിൽതന്നെ ബൾക്ക് വാട്ടർ നിരക്ക് നിശ്ചയിച്ച് എല്ലാവർക്കും കുടിവെള്ളം ഒരുപോലെ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(3) അരുരിലെ വെള്ളക്കെട്ട്

ശ്രീമതി ദെലീമ: സർ, അരുർ നിയോജകമണ്ഡലത്തിലെ തീരപ്രദേശത്തെ വെള്ളക്കെട്ട് പ്രശ്നം ഞാൻ നിരന്തരം ഉന്നയിക്കുന്ന വിഷയമാണ്. വേലിയേറ്റവും വേലിയിറക്കവും പ്രകൃതി പ്രതിഭാസമാണ്. മുൻപ് വേലിയേറ്റമുണ്ടാകുന്ന സന്ദർഭങ്ങളിൽ ജലം

തടസ്സമില്ലാതെ ഒഴുകി കടലിൽ പോകുമായിരുന്നു. എന്നാൽ നിലവിൽ അതിന് തടസ്സം നേരിട്ടിരിക്കുകയാണ്. ജനങ്ങൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത രീതിയിലുള്ള വെള്ളക്കെട്ടാണ് തീരദേശമേഖലകളിൽ അനുഭവപ്പെടുന്നത്. വെള്ളക്കെട്ട് രൂക്ഷമാകുന്നതോടെ സെപ്റ്റിക് ടാങ്കുകൾ നിറഞ്ഞ് അതിലെ മാലിന്യം വെള്ളത്തിൽ കലരുന്നതും ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. ഈ മലിനജലത്തിലൂടെ യാത്ര ചെയ്താണ് കുട്ടികൾ സ്കൂളിൽ പോകുന്നത്. കായലുകളിലും കൈവഴികളിലും കരിനിലങ്ങളിലും എക്കലും ചെളിയും മണലും അടിയുന്നതാണ് വെള്ളക്കെട്ട് രൂക്ഷമാകുന്നതിന് പ്രധാന കാരണം. ഇവ നീക്കംചെയ്ത് തീരദേശത്ത് ദുരിതം അനുഭവിക്കുന്ന വീടുകളുടെ സമീപത്തും പരിസരപ്രദേശങ്ങളിലും നിക്ഷേപിച്ച് അവിടം ഉയർത്തുകയാണെങ്കിൽ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. പണ്ടുകാലങ്ങളിൽ തെങ്ങുകൾക്ക് വളമിടുന്നതിനായി കരിനിലങ്ങളിൽനിന്നും ചെളികുത്തിയെടുക്കുമായിരുന്നു. നിലവിൽ പ്രസ്തുത പ്രവൃത്തിയും നടപ്പാക്കുന്നില്ല. ജനങ്ങളുടെ നിസ്സഹായവസ്ഥയും തീരാദുഃഖത്തിനും പരിഹാരം കാണണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആലപ്പുഴ ജില്ലയിലെ വടക്കൻ പ്രദേശമായ അരൂർ നിയോജകമണ്ഡലം വേമ്പനാട് കായലിനോട് ചേർന്നുകിടക്കുന്ന പ്രദേശമാണ്. എല്ലാ വർഷവും നവംബർ മാസത്തിൽ കൃഷിയുമായി ബന്ധപ്പെട്ട് തണ്ണീർമുക്കം, അന്ധകാരനഴി എന്നീ റെഗുലേറ്ററുകളിലെ ഷട്ടറുകൾ അടയ്ക്കുന്നതുമൂലം ഇരുറെഗുലേറ്ററുകൾക്കുമിടയിൽ ഇടത്തോടുകളിലും നീർച്ചാലുകളിലും വെള്ളക്കെട്ട് രൂക്ഷമാവുകയും സമീപപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. അരൂർ

മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന വേലിയേറ്റം തീരദേശവാസികളെ ദുരിതത്തിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരള സദസ്സിലെ പരാതികൾ പരിഹരിക്കുന്നതിനായി അരൂർ മണ്ഡലത്തിന് അനുവദിച്ച 7 കോടി രൂപ വിനിയോഗിച്ച് വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിനായി 9 പ്രവൃത്തികൾ അടങ്ങിയ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി "Restoration of Ecosystem-Rejuvenation of water bodies surrounding Vembanad Lake in Aroor LAC Phase I" എന്ന 28.79 കോടി രൂപയുടെ പ്രവൃത്തി ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭ്യമായത് പരിശോധിച്ചുവരികയാണ്. ഈ വിഷയങ്ങൾ പരിഹരിക്കപ്പെടേണ്ടത് ആവശ്യമാണ്. ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

(4) ആലപ്പാട് സമഗ്ര പുലിമുട്ട് പദ്ധതി

ശ്രീ. സി. ആർ. മഹേഷ്: സർ, സുനാമി ദുരന്തംമൂലം തകർന്നുപോയ പ്രദേശമാണ് ആലപ്പാട് പഞ്ചായത്ത്. ടി.എസ്. കനാലിനും അറബിക്കടലിനും ഇടയിലായി കേവലം പതിനേഴ് കിലോമീറ്റർ നീളമുള്ള പ്രദേശമാണ് ആലപ്പാട്. വർഷങ്ങളായി അവിടെ IREL (Indian Rare Earths Limited) ഖനനം നടത്തുന്നതിനാൽ കടലും കായലും തമ്മിൽ ഒരുമിക്കുന്ന നിമിഷത്തെ ഭീതിയോടുകൂടി ഒരു ജനത കാത്തിരിക്കുകയാണ്. ഈ അവസ്ഥ മുന്നോട്ടുപോയാൽ രാജ്യത്തിന്റെ ഭൂപടത്തിൽനിന്നുപോലും ഈ പ്രദേശം

അപ്രത്യക്ഷമാകുമെന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. അതിരൂക്ഷമായ കടലാക്രമണത്തിൽ അവിടത്തെ ആരാധനാലയങ്ങളും റോഡുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തകരുന്നത് നിത്യസംഭവമാണ്. കഴിഞ്ഞ കടലാക്രമണ സമയത്ത് കേരളത്തിൽ ആലപ്പാട് ഉൾപ്പെടെ പത്ത് ഹോട്ട്സ്പോട്ടുകൾ സർക്കാർ കണ്ടെത്തി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആലപ്പാടിൽ സമഗ്ര പുലിമുട്ട് പദ്ധതി നടപ്പാക്കുമെന്നും അതിനുവേണ്ടി 172.5 കോടി രൂപ വിനിയോഗിക്കുമെന്നും സർക്കാർ 17-04-2023-ൽ ഉത്തരവ് നൽകുകയുണ്ടായി. കഴിഞ്ഞ നാലുവർഷവും ഞാൻ ഇക്കാര്യം നിയമസഭയിൽ സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും ഉന്നയിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ശക്തമായി ഇടപെടുന്ന ബഹു. മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. എന്നാൽ ഇതുസംബന്ധിച്ച ഫയലിൽ മന്ത്രിസഭയുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. ദൈവാധീനത്താലും ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും പ്രാർഥനയുടെയും ഫലമായാണ് ഈ മൺസൂൺ കാലഘട്ടത്തിൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകാതെയിരുന്നത്. അതുകൊണ്ട് അടിയന്തരമായി ടെട്രാപോഡ് ഉപയോഗിച്ചുകൊണ്ടുള്ള കടൽഭിത്തി നിർമ്മാണത്തിന് നടപടി സ്വീകരിക്കണം. യാതൊരു പാരിസ്ഥിതിക പഠനവും നടത്താതെ രാജ്യത്തെ കൊള്ളയടിക്കുന്ന സമീപനമാണ് കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിലവിൽ സ്വീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിയമസഭ സംയുക്തമായി പ്രമേയം പാസ്സാക്കിയതിനെ അഭിനന്ദിക്കുകയാണ്. ടി വിഷയത്തിന്റെ ഭീകരാവസ്ഥയും അതിന്റെ വരുംവരായ്കകളെക്കുറിച്ചും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും വകുപ്പുമന്ത്രിയും അടങ്ങുന്ന സർവകക്ഷി സംഘം പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് ബോധ്യപ്പെടുത്തണമെന്നും ഈ

സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, 2021-22-ലെ റിവൈസ്ഡ് ബജറ്റ് പ്രസംഗത്തിൽ തീരദേശ പരിരക്ഷ നടപടികൾ രൂപകല്പന ചെയ്ത് നടപ്പാക്കുന്നതിനായി 5300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു ബൃഹത് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ലോകബാങ്ക്, എ.ഡി.ബി., കിഫ്ബി തുടങ്ങി വിവിധ സ്രോതസ്സുകളിലൂടെ ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുമെന്നും ഏറ്റവും ദുർബലമായ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആദ്യഘട്ടത്തിന് 1500 കോടി രൂപ വിഹിതം കിഫ്ബി നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന പത്ത് പ്രദേശങ്ങൾ (ഹോട്ട്സ്പോട്ടുകൾ) നിർദേശിച്ചിരുന്നു. ഹോട്ട്സ്പോട്ടുകളിലെ കടൽത്തീര സംരക്ഷണ പ്രവർത്തനങ്ങൾ കിഫ്ബി വഴി നടപ്പാക്കാനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ഹോട്ട്സ്പോട്ടുകളിൽ തീരത്തിനുതകുന്ന തരത്തിലുള്ള സൈറ്റ് സ്പെസിഫിക്കായ തീരസംരക്ഷണ മാർഗങ്ങൾ കണ്ടുപിടിച്ച് ഡിസൈൻ ചെയ്യുന്നതിലേക്കായി ചെന്നൈ ആസ്ഥാനമായ എൻ.സി.സി.ആർ. (നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം വകുപ്പ് തേടുകയും ചെല്ലാനം, ആലപ്പാട്, കൊല്ലംകോട്, ഒറ്റമശ്ശേരി, കാപ്പാട് തുടങ്ങിയ എക്സ്ട്രീം ഹോട്ട്സ്പോട്ടുകളിലെ ഡിസൈൻ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഒറ്റമശ്ശേരി, ചെല്ലാനം ഫേസ്-1 എന്നിവയ്ക്ക് കിഫ്ബി ധനസഹായം തയ്യാറായിട്ടുണ്ട്. അതിൽ ചെല്ലാനം ഫേസ്-1-ന്റെ പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് കണ്ടെത്തിയ ഗുരുതര കടലാക്രമണ ഭീഷണി നേരിടുന്ന പത്ത് പ്രദേശങ്ങളിൽ

(ഹോട്ട്സ്പോട്ടുകൾ) ഉൾപ്പെടുന്നതാണ് ആലപ്പാട്. അവിടെ നിലവിലുള്ള കടൽഭിത്തികൾ വളരെ മുമ്പുതന്നെ നിർമ്മിച്ചതിനാൽ രൂക്ഷമായ കടലാക്രമണംമൂലം അവ പൂർണ്ണമായോ ഭാഗികമായോ തകർന്ന നിലയിലാണ്. ആലപ്പാട് പോലെതന്നെ പ്രാധാന്യമർഹിക്കുന്നതും അടിയന്തര സ്വഭാവമുള്ളതും ജനങ്ങളുടെ ജീവനും സ്വത്തിനും നിരന്തര ഭീഷണി നേരിടുന്നതുമായ സ്ഥലങ്ങളാണ് മറ്റുള്ള 9 ഹോട്ട്സ്പോട്ടുകളും. നിലവിൽ ചെല്ലാനത്ത് 344.20 കോടി രൂപ ചെലവഴിച്ച് ആദ്യ ഫേസ് പ്രവൃത്തി നടത്തുകയുണ്ടായി. ഇതോടൊപ്പം ഫേസ് 2-നും സമാനതുക വേണ്ടിവരും. ഹോട്ട്സ്പോട്ട് മാത്രമല്ല, കടലാക്രമണം നേരിടുന്ന മറ്റു പ്രദേശങ്ങൾക്കും അടിയന്തരഘട്ടങ്ങളിൽ തുക ചെലവാക്കേണ്ടിവരുന്നു. അതുകൊണ്ടുതന്നെ സുസ്ഥിരവും നൂതനവുമായ പ്രവൃത്തികൾ ഹോട്ട്സ്പോട്ടുകളിലുൾപ്പെടെ നടത്തുന്നതിന് ധനസമാഹരണം തടസ്സം സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും ലഭ്യമായ തുകയുടെ അളവനുസരിച്ച് ആലപ്പാട് ഉൾപ്പെടെയുള്ള ഹോട്ട്സ്പോട്ടുകൾക്കും കടലാക്രമണം നേരിടുന്ന മറ്റ് പ്രദേശങ്ങൾക്കും സുസ്ഥിരസംരക്ഷണം ഉറപ്പുവരുത്താനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. ആ പ്രദേശത്തെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളെകുറിച്ച് ഗവൺമെന്റ് പലതവണ ചർച്ച ചെയ്തിട്ടുണ്ട്. എൻ.സി.സി.ആർ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോയ ഒരു ഹോട്ട്സ്പോട്ടാണ് ആലപ്പാടെന്നതുകൊണ്ട് അവിടത്തെ പ്രവൃത്തിക്ക് മുൻഗണന നൽകുന്നതാണ്.

(5) കുറ്റ്യാടിയിലെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കൽ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ യാത്രാപ്രശ്നങ്ങളെക്കുറിച്ചാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 183 കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡിൽ 122 കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തിയതാണ്. ഉന്നതനിലവാരമുള്ള റോഡ് ഉണ്ടെങ്കിലും ബസ് യാത്രാ സൗകര്യമില്ലെന്നത് ഗൗരവമായ പ്രശ്നമാണ്. ജനങ്ങൾ പ്രാദേശികമായി സംഘടിപ്പിക്കുന്ന ജീപ്പുകളിൽ യാത്ര ചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളത്. കുറ്റ്യാടി-വേളം-ചെറുവണ്ണൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുറ്റ്യാടി-വലക്കെട്ട്, പെരുവയൽ-പള്ളിയത്ത് റോഡിലും കുന്നുമ്മൽ-വേളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അമ്പലക്കുളങ്ങര-വട്ടക്കണ്ടിപ്പാറ റോഡ്, പുറമേരി-എളയടം-വിലാതപുരം റോഡ്, കുറ്റ്യാടി-അമ്പലക്കുളങ്ങര റോഡ്, വട്ടോളി-പാതിരപ്പറ്റ റോഡ് തുടങ്ങി ഒട്ടനവധി ഉന്നതനിലവാരമുള്ള റോഡുകളിലും ഗതാഗതസൗകര്യമില്ല. പുറമേരി പഞ്ചായത്തിലെ പുറമേരി-വേറ്റുമൽ റോഡ് ഉന്നതനിലവാരം പുലർത്തുന്നതാണെങ്കിലും അവിടെയും യാതൊരു ഗതാഗത സൗകര്യവുമില്ല. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ ഹബ്ബായി അറിയപ്പെടുന്ന മണിയൂർ പഞ്ചായത്തിലെ റോഡിലൂടെ ആയിരക്കണക്കിന് വിദ്യാർഥികൾ സഞ്ചരിക്കുന്നുണ്ട്. പക്ഷേ ഉന്നതനിലവാരത്തിലുള്ള റോഡുണ്ടെങ്കിലും അവിടെയും ഗതാഗതസൗകര്യമില്ല. വടകര-മണിയൂർ, എളമ്പിലാട്-അട്ടക്കുണ്ട് ഭാഗങ്ങളിലും പ്രത്യേകം ബസ് അനുവദിച്ചുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാകണം. രണ്ടോ മൂന്നോ മിനി ബസുകൾ അനുവദിച്ചാൽ കുറ്റ്യാടി മണ്ഡലത്തിലെ

യാത്രാക്ലേശം പരിഹരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി അതിന് തയ്യാറാകണം. മാനന്തവാടിയിലേക്ക് കോഴിക്കോടുനിന്നും ഏറ്റവും എളുപ്പത്തിൽ എത്താൻ സാധിക്കുന്ന കോഴിക്കോട്-ഉള്ള്യേരി-കുറ്റ്യാടി-മാനന്തവാടി ദേശസാൽകൃത റൂട്ടിലൂടെയും ആവശ്യമായ ബസ് സർവീസ് ഇല്ലാത്തതിന്റെ ഫലമായി വലിയ പ്രയാസമാണ് അനുഭവിച്ചുവരുന്നത്; അതിനും പരിഹാരമുണ്ടാക്കണം. മാനന്തവാടി-കുറ്റ്യാടി-പാല, കോഴിക്കോട്-കുറ്റ്യാടി-മൈസൂർ-ബാംഗ്ലൂർ എന്നീ റൂട്ടുകളിലെ ബസ് സർവീസുകളും യാത്രക്കാരില്ലാത്തതിനാൽ സമീപകാലത്ത് നിർത്തലാക്കുകയുണ്ടായി. റിസർവേഷൻ സൗകര്യം ഇല്ലാത്തതിനാലാണ് യാത്രക്കാരുടെ എണ്ണം കുറഞ്ഞത്. അതിനാൽ അത് പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം. മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി ഏർപ്പെടുത്തിയ പരിഷ്കാരത്തിന്റെ ഭാഗമായി ജനകീയ സദസ്സ് നിർദ്ദേശിച്ച റൂട്ടുകളിലും ബസ് സർവീസ് ആരംഭിക്കണം. ബസ് സർവീസുകളില്ലാത്ത റൂട്ടുകളിൽ പെർമിറ്റിനായി ആർ.ടി.ഒ.-യ്ക്ക് അപേക്ഷ നൽകിയാലും പരിഗണിക്കുന്നില്ല. അതുകൊണ്ട് ആർ.ടി. ഓഫീസിൽ കെട്ടിക്കിടക്കുന്ന പരാതികൾക്ക് തീർപ്പുണ്ടാക്കണമെന്നും വിനയപൂർവം അഭ്യർഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ തൊട്ടിൽപാലം യൂണിറ്റിൽനിന്നും വേളം ഗ്രാമപഞ്ചായത്തിലെ ശാന്തിനഗർ-പെരുവയൽ-പള്ളിയത്ത് വഴി പേരാമ്പ്ര വരെ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവീസ്, ആ ഭാഗം റോഡ് പ്രവൃത്തികൾക്കായി ബ്ലോക്ക് ചെയ്തിരിക്കുന്നതിനാൽ നിലവിൽ വടകര-പള്ളിയത്ത് വഴിയാണ് സർവീസ് നടത്തുന്നത്. വടകര യൂണിറ്റിൽനിന്നും എളമ്പിലാട് ഭാഗത്തേക്ക് ആവശ്യാനുസരണം സർവീസുകൾ

ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുറ്റ്യാടി-വേളം ഗ്രാമപഞ്ചായത്തുകളിലെ ശാന്തിനഗർ, പെരുവയൽ, പള്ളിയത്ത്, പേരാമ്പ്ര, വടകര എന്നീ റൂട്ടുകളിലും വേളം ഗ്രാമപഞ്ചായത്തിലെ വലകെട്ട്, കളിക്കുന്ന്, പള്ളിയത്ത്, കക്കട്ടിൽ, നീട്ടൂർ, അമ്പലക്കുളങ്ങര, മൊകേരി, നെടുവയൽ എന്നീ റൂട്ടുകളിലും സ്വകാര്യ ബസുകൾ ധാരാളമായി സർവീസ് നടത്തുന്നതിനാൽ കെ.എസ്.ആർ.ടി.സി. അവിടെ സർവീസ് നടത്തിയിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച ദേശാസാൽകൃത റൂട്ടുകളിൽ കുറവുള്ള വാഹനങ്ങൾ അനുവദിക്കുന്നതായിരിക്കും. എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ ചേർന്ന ജനകീയ സദസ്സിന്റെ ഭാഗമായി റൂട്ട് ഫോർമുലേറ്റ് ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന ലിസ്റ്റിൽ 503 റൂട്ടുകൾക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ (എസ്.ടി.എ.) അംഗീകാരം ലഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് അടിയന്തരമായി നോട്ടിഫിക്കേഷൻ ഇറക്കി പെർമിറ്റുകൾ അനുവദിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പെർമിറ്റിനുള്ള അപേക്ഷകൾ ആർ.ടി.ഒ.-മാർ തടഞ്ഞുവച്ചിട്ടുണ്ടെങ്കിൽ ഉടൻതന്നെ അത് നൽകാനായി ഉദ്യോഗസ്ഥരെ നേരിട്ട് വിളിച്ചുവരുത്തി നിർദേശം നൽകുന്നതാണ്. ഇത്തരം വിഷയങ്ങൾ ഓരോ ജില്ലയായി പരിഗണിക്കാൻ പോകുകയാണ്. ആ അവസരത്തിൽ കോഴിക്കോട് ജില്ലയിലെ മുഴുവൻ വിഷയങ്ങളും പരിഗണിക്കുന്നതാണ്. ബസ്സുടമകൾ തമ്മിലുള്ള മത്സരവും സർവീസ് നടത്താൻ അവർ ആവശ്യപ്പെടുന്ന സമയം നൽകുന്നതുമുൾപ്പെടെ പല കാരണങ്ങളാൽ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർ ബുദ്ധിമുട്ടുന്നുണ്ട്. അത് തീർപ്പാക്കുന്ന കാര്യവും സർക്കാരിന്റെ ആലോചനയിലുണ്ട്. പാല ബസ് സർവീസ് ഓപ്പറേറ്റ് ചെയ്തിരുന്നെങ്കിലും നിർത്തിയിരുന്നു. ഓപ്പറേറ്റ് ചെയ്യുന്നതിന് ചെലവാകുന്ന ഡീസലിന്റെയും

മെയിന്റനൻസിന്റെയും ചാർജ് പോലും ലഭിക്കാത്തതുകൊണ്ടാണ് നിർത്തലാക്കിയത്. മൈസൂറിലേയ്ക്കുള്ള സർവീസ് കോവിഡ് കാലത്ത് ബ്ലോക്ക് ചെയ്തതാണ്. അതിനുശേഷം ആ പെർമിറ്റ് വേറെ സ്ഥലത്ത് ഉപയോഗിക്കുകയാണ്; അക്കാര്യവും പരിഹരിക്കാം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സ്ഥലങ്ങൾ നോട്ടീസിൽ കൃത്യമായി എഴുതി തന്നിട്ടില്ല. അതുനൽകിയാൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് പരിഹാരം കാണുന്നതായിരിക്കും. അടുത്ത മാസം മുതൽ മിനി ബസ് വന്നുതുടങ്ങും. എല്ലാ എം.എൽ.എ.-മാരും മിനി ബസ് സർവീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. അത് പരിഗണിച്ചുകൊണ്ട് വാഹനങ്ങൾ വരുന്നമുറയ്ക്ക് സർവീസ് ആരംഭിക്കുന്നതായിരിക്കും.

(6) കേരള സഹകരണ ചട്ട ഭേദഗതി

ശ്രീ. യു. എ. ലത്തീഫ്: സർ, 21-02-2025-ന് കേരള ഗവൺമെന്റ് എക്സ്ട്രാ ഓർഡിനറി ഗസറ്റായി ഇറക്കിയ നോട്ടിഫിക്കേഷൻ പ്രകാരം കേരള കോ-ഓപ്പറേറ്റീവ് റൂൾസിൽ 43 B എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തുകയാണ്. ഒരു സൊസൈറ്റി/ബാങ്കിന്റെ ജനറൽ ബോഡിയിലെ 3 അംഗങ്ങൾ അവിശ്വാസപ്രമേയത്തിന് രജിസ്ട്രാർക്ക് നോട്ടീസ് നൽകിയാൽ 5-ാം ഉപവകുപ്പനുസരിച്ച് അദ്ദേഹം മീറ്റിങ് വിളിക്കണമെന്നാണ് അതിൽ പറയുന്നത്. "If the motion is carried with the support of the majority of the number of members of the General Body, the Managing Committee which lost the confidence shall cease to hold office thereafter and shall be deemed to be vacant forthwith, and the Registrar shall issue an order appointing an Administrator or Administrative Committee....." എന്നാണ് 12-ാം

ഉപവകുപ്പിൽ പറയുന്നത്. നിലവിലെ കേരള സഹകരണ സംഘനിയമത്തിലെ സെക്ഷൻ 32-ൽ വ്യക്തമാക്കുന്നത്, "If the Registrar is satisfied that the committee of any society wilfully disobeys or fails to comply with any lawful order or direction issued under this Act, he may, after giving the committee an opportunity to state its objections, if any, by order in writing, remove the committee and appoint in its place one administrator or an administrative committee" എന്നാണ്. പുതുതായി ചേർക്കുന്ന 43 B-ൽ പറയുന്ന മുഴുവൻ കാര്യങ്ങളും നിലവിലെ നിയമത്തിലെ വകുപ്പ് 32-ൽ അടങ്ങിയിട്ടുണ്ട്. അതുപോലെ സഹകരണ ബാങ്കിന്റെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും നീക്കംചെയ്യാനുള്ള വ്യവസ്ഥകൾ വകുപ്പ് 43 A-യിലും പറയുന്നുണ്ട്. എന്നിട്ടും ഇത്തരമൊരു ഭേദഗതി അടിയന്തരമായി കൊണ്ടുവരുന്നത് എന്തിനാണ്? മുമ്പ് എം. വി. രാഘവൻ സ്ഥാപിച്ച സൊസൈറ്റി നിങ്ങൾ പൂട്ടിച്ചു. ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്ക്, കാർഷിക ഗ്രാമ വികസന ബാങ്ക്, സർവീസ് സഹകരണ ബാങ്ക് തുടങ്ങി ധാരാളം സൊസൈറ്റികൾ നിങ്ങൾ പിടിച്ചെടുത്തു. സഹകരണ ജനാധിപത്യത്തെ തകർക്കാൻ ഇവിടത്തെ പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന ബാങ്കുകൾ പിടിച്ചെടുക്കാനുള്ള ഗൂഢശ്രമത്തിന്റെ ഭാഗമായാണ് ചട്ടഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. സണ്ണി ജോസഫ് ഇക്കാര്യം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, ബഹു. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഭേദഗതി കൊണ്ടുവന്നത് എന്നാണ്. ആ വിധി ഏതാണെന്ന് ഞങ്ങൾക്കറിയില്ല. അങ്ങനെയുണ്ടെങ്കിൽതന്നെ റോഡിൽ പന്തൽ കെട്ടരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടും നിങ്ങൾ വീണ്ടും കെട്ടിയില്ലേ? കൊടികളും തോരണങ്ങളും ഫ്ലക്സും

സ്ഥാപിക്കരുതെന്ന് പറഞ്ഞിട്ടും സി.പി.ഐ.(എം.) കേരളത്തിൽ മുഴുവൻ എത്ര കൊടികളാണ് കെട്ടിയത്. എന്തുകൊണ്ടാണ് സഹകരണസംഘങ്ങളെ സംബന്ധിച്ച വിധി മാത്രം നടപ്പാക്കാൻ താല്പര്യം കാണിക്കുന്നത്? കേരള ബാങ്ക് ഒഴികെ ബാക്കി എല്ലാ കാര്യങ്ങളിലും ന്യായമായി ഇടപെടുന്ന ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർഥിക്കുന്നത്, 43 B എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നത് അനാവശ്യമാണെന്നാണ്. അത് മദർ ആക്ടിൽ ഇല്ലാത്തതാണ്. ലോകത്തൊരിടത്തും ഇന്നുവരെ നടപ്പാക്കാത്തതാണ്. ഇത്തരമൊരു ഭേദഗതി സംസ്ഥാനത്ത് അനാവശ്യമായതിനാൽ അതുസംബന്ധിച്ച പ്രൊപ്പോസൽ പിൻവലിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കേരള ബാങ്ക് ഒഴികെ ബാക്കി എല്ലാ കാര്യങ്ങളിലും സർക്കാർ നീതിപൂർവം ഇടപെടുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ സന്തോഷമുണ്ട്. കേരള ബാങ്കിനെ അംഗീകരിക്കാത്തത് അങ്ങേയ്ക്ക് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് നഷ്ടപ്പെട്ടതുകൊണ്ടാണെന്ന വിഷമവും ഞാൻ മനസ്സിലാക്കുന്നുണ്ട്. അതിന് ഇനിയുള്ള മാർഗം വീണ്ടും തിരഞ്ഞെടുപ്പ് നടത്തുകയെന്നതാണ്. അങ്ങ് ഉന്നയിച്ച ഈ വിഷയത്തിന് കൃത്യമായ മറുപടി പറയാം. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സ്പെഷ്യൽ ജനറൽ ബോഡി മീറ്റിങ് നടത്തുന്നതുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് മുൻ എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 05/2022-ന്റെ വിധിന്യായം ഹൈക്കോടതി 27-01-2022-ൽ തള്ളിയിരുന്നു. പ്രസ്തുത വിധിന്യായത്തിനെതിരെ അദ്ദേഹം ഫയൽ ചെയ്ത റിട്ട് അപ്പീൽ നം. 159/2022-ൽ

ഹൈക്കോടതിയുടെ 14-03-2022-ലെ വിധിന്യായത്തിൽ റിട്ട് പെറ്റീഷന്റെ വിധി ശരിവയ്ക്കുകയും സഹകരണ ചട്ടത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദേശിക്കുകയും ചെയ്തിരുന്നു. സഹകരണ നിയമത്തിനനുസൃതമായ വ്യവസ്ഥകൾ വർഷങ്ങൾക്കുശേഷവും ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിന് നടപടി സ്വീകരിക്കണമെന്നുമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിപ്രകാരം സഹകരണ ചട്ടത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. സഹകരണ നിയമം അനുശാസിക്കുന്നവിധത്തിൽ ചട്ടം 43B-Motion of No-Confidence കൂട്ടിച്ചേർക്കുന്നതിനായി കരട് തയ്യാറാക്കുകയും നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം 21-02-2025-ലെ ഗസറ്റ് നമ്പർ 669-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ടി വിഷയത്തിൽ ലഭിച്ചിട്ടുള്ള ഹർജികൾകൂടി പരിശോധിച്ച് ചട്ടം ഭേദഗതി ചെയ്യുന്നതിന് ഉചിത തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) വിശ്വകർമ്മ വിഭാഗക്കാർക്ക് പ്രത്യേക സംരക്ഷണ പാക്കേജ്

ഡോ. മാത്യു കുഴൽനാടൻ: സർ, ലോകത്തിന്റെ സൃഷ്ടികർത്താക്കളെന്നാണ് വിശ്വകർമ്മ സമൂഹത്തെ പറയപ്പെടുന്നത്. അവരുടെ കരവിരുതും കഴിവും അഭിനന്ദനീയമാണ്. മരത്തിലും കല്ലിലും ലോഹത്തിലും പണിയെടുക്കുന്ന വിശ്വകർമ്മ സമൂഹം ജനസമൂഹത്തിന്റെ സ്വപ്നസാക്ഷാത്കാരങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ചവരാണ്. വിശ്വകർമ്മ സമൂഹത്തിന്റെ ഒരു സമ്മേളനത്തിൽ ഞാൻ പങ്കെടുക്കാൻ പോയപ്പോൾ അവർ നിരവധി ആവശ്യങ്ങൾ പറയുകയുണ്ടായി. അവരുടെ വിഭാഗത്തിൽപ്പെട്ട ഒരാൾ നിയമസഭയിലില്ലാത്തതുകൊണ്ടാണ്

ഇക്കാര്യങ്ങളൊന്നും സഭയിൽ ഉന്നയിക്കപ്പെടാത്തത് എന്നരീതിയിൽ അവരുടെ ഭാഗത്തുനിന്നും പറഞ്ഞതുകൊണ്ടാണ് ഈ സബ്മിഷൻ ഞാൻ സഭയിൽ ഉന്നയിക്കുന്നത്. ഒരു സമൂഹത്തിനും അത്തരത്തിലൊരു alienation അനുഭവപ്പെടാൻ പാടില്ല എന്നതുകൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ എത്രതന്നെയായാലും ഞാൻ സഭയിൽ ഉന്നയിക്കുമെന്ന് അവിടെവച്ച് ഉറപ്പുകൊടുക്കുകയും ചെയ്തു. വിശദമായ ആവശ്യങ്ങളുൾപ്പെട്ട ഒരു റെപ്രസെന്റേഷൻ അവർ ഇതിനോടകം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 12 ആവശ്യങ്ങൾ ഉൾപ്പെടുന്ന റെപ്രസെന്റേഷൻ ഞാനും ഗവൺമെന്റിന് ഫോർവേർഡ് ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രസക്തമായി തോന്നിയത്, വിശ്വകർമ്മ സമൂഹത്തിന്റെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണമെന്നതാണ്. ഉമ്മൻ ചാണ്ടി സർക്കാർ നിയന്ത്രിത അവധിയായി നൽകിയ വിശ്വകർമ്മദിനം പൊതുഅവധിയായി പ്രഖ്യാപിക്കണമെന്നുള്ളതും അവരുടെ ഒരു ആവശ്യമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ സർക്കാർ സ്ഥാപനങ്ങളിൽ രണ്ട് ശതമാനം അധിക സംവരണം ലഭിക്കുന്നത്, എയ്ഡഡ് സ്ഥാപനങ്ങളിൽ ലഭിക്കുന്നില്ലെങ്കിൽ അത് അവരുടെ അവകാശത്തിന്മേലുള്ള കൈകടത്തലാണെന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ പരമ്പരാഗത തൊഴിലുകൾ നിലനിർത്തുന്നതിന് പ്രത്യേക പരിഗണനയും അവർ ആവശ്യപ്പെടുന്നു. ഇതുപോലെയുള്ള അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാൻ സർക്കാർ തയ്യാറാകുമോ; വിശ്വകർമ്മ സമൂഹത്തിന് ഒരു alienation അനുഭവപ്പെടാതെ അവരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ട പരിഗണന നൽകാൻ തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാനത്തെ പിന്നാക്ക വിഭാഗ പട്ടികയിൽ ക്രമനമ്പർ 30 ആയി ഉൾപ്പെട്ട സമുദായമാണ് വിശ്വകർമ്മ സമുദായം. 23 ഉപവിഭാഗങ്ങളടങ്ങിയ പാരമ്പര്യ തൊഴിൽ സമുദായമാണ് വിശ്വകർമ്മജർ. വിശ്വകർമ്മ വിഭാഗത്തിന്റെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന നിരവധി പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നു. വിശ്വകർമ്മ വിഭാഗത്തിന് സംസ്ഥാന സർക്കാർ സർവീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ രണ്ട് ശതമാനവും ഇതര തസ്തികകളിൽ മൂന്ന് ശതമാനവും സംവരണം അനുവദിക്കുന്നുണ്ട്. ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗക്കാർക്കുള്ള ഉദ്യോഗം അവർക്ക് ലഭ്യമാക്കണമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ഒരു വിഭാഗത്തിന് മാറ്റിവച്ച തസ്തികകളിൽ അതേ വിഭാഗത്തെ തിരഞ്ഞെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. വിദ്യാഭ്യാസ മേഖലയിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകളിലും എം.ടെക്. കോഴ്സുകളിലും രണ്ട് ശതമാനം സംവരണം അവർക്ക് അനുവദിക്കുന്നുണ്ട്. മറ്റ് കോഴ്സുകളിൽ, അതായത് ഒ.ബി.സി. വിഭാഗത്തിന്റെ 7 ശതമാനത്തിൽ ഉൾപ്പെടുത്തിയ സംവരണം അനുവദിക്കുന്നു. ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബവാർഷിക വരുമാനമുള്ളവർക്ക് സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് കെ.പി.സി.ആർ. (കുമാര പിള്ള കമ്മീഷൻ റിപ്പോർട്ട്) പ്രകാരം ഫീസടക്കമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. ഇതേ ആനുകൂല്യങ്ങൾ സ്വാശ്രയ എഞ്ചിനീയറിങ്

കോഴ്സുകൾ പഠിക്കുന്നവർക്കും ലഭ്യമാണ്. സംസ്ഥാനത്തിനുപുറത്തുള്ള കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗം വിദ്യാർഥികൾക്ക് സംസ്ഥാനത്തിനകത്ത് സി.എ., സി.എം.എ., കമ്പനി സെക്രട്ടറി തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നതിനും 2.5 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി ആനുകൂല്യങ്ങൾ നൽകിവരുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന മത്സര പരീക്ഷാ പരിശീലനം, ഓവർസീസ് സ്കോളർഷിപ്പ്, അഡ്വക്കേറ്റ് ഗ്രാന്റ്, പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സബ്സിഡി, വിവിധ സ്വയംതൊഴിൽ വായ്പകൾ എന്നിവയും അർഹരായ വിശ്വകർമ്മ വിഭാഗത്തിന് ലഭ്യമാക്കുന്നുണ്ട്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, ആർട്ടിസാൻസ് വികസന കോർപ്പറേഷൻ എന്നിവ നടപ്പാക്കുന്ന വിവിധ വായ്പാപദ്ധതികളും വിശ്വകർമ്മജർക്ക് ലഭ്യമാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബവാർഷിക വരുമാനമുള്ള 60 വയസ്സുകഴിഞ്ഞ, വിശ്വകർമ്മജരുടെ നിലവിലെ പെൻഷൻ 1600/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. വിശ്വകർമ്മ വിഭാഗത്തിന്റെ തൊഴിൽശേഷിയും ജീവിത സാഹചര്യവും മെച്ചപ്പെടുത്താൻ പിന്നാക്ക വിഭാഗ വികസന വകുപ്പ് ടൂൾ കിറ്റ് ഗ്രാന്റ് പദ്ധതിയിലൂടെ ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിന് 20,000/- രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്കിൽ ബാങ്ക് രൂപീകരിക്കുന്നതിനും ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിശ്വകർമ്മജർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണിയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനും

നഗരകേന്ദ്രങ്ങളിൽ ഉൽപന്ന പ്രദർശനത്തിനും വിപണനത്തിനും സ്ഥിരം സംവിധാനമടക്കം ഏർപ്പെടുത്തുന്നതിന് വകുപ്പ് പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിശ്വകർമ്മ വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പഠിക്കുന്നതിനായി നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാനുള്ള നടപടികൾ വിവിധ വകുപ്പുകൾ ഇതിനകംതന്നെ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലേ വിശ്വകർമ്മ ദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(8) കുണ്ടറ താലൂക്കാശുപത്രിയിലെ സ്റ്റാഫ് നിയമനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് കുണ്ടറയിൽ കേരള സെറാമിക്സ് ലിമിറ്റഡ് ആരംഭിച്ച സമയത്ത് അവിടത്തെ ജീവനക്കാർക്കും നാട്ടുകാർക്കുംവേണ്ടി ഒരു ഡിസ്പെൻസറിയായി ആരംഭിച്ച ആശുപത്രിയാണ് ഇപ്പോൾ താലൂക്കാശുപത്രിയെന്ന നിലയിൽ പ്രവർത്തിക്കുന്നത്. കിഫ്ബി മുഖേന 76 കോടി രൂപ ചെലവഴിച്ച കെട്ടിടത്തിന്റെ നിർമ്മാണം ഏതാണ്ട് അന്തിമഘട്ടത്തിലാണ്. കെട്ടിടത്തിന്റെ പുരോഗതി വിലയിരുത്താൻ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോടൊപ്പം ഞാനും സന്ദർശനം നടത്തിയിരുന്നു. കെട്ടിടത്തിന്റെ പ്രവർത്തന പുരോഗതി നിരന്തരമായി വിലിയിരുത്തിക്കൊണ്ടിരിക്കുകയാണ്. 2025 മാർച്ച് അവസാനത്തോടുകൂടി നിർമ്മാണം പൂർണ്ണമായും പൂർത്തിയാകുമെന്നാണ് വിശ്വസിക്കുന്നത്. നിലവിൽ 22 ബെഡ് സ്കെങ്ത്തുള്ള ആശുപത്രിയിൽ പുതിയ കെട്ടിടം

പൂർത്തിയാകുന്നതോടുകൂടി 141 ബെഡ് സ്കെങ്തായി മാറുകയും കൂടാതെ ലാബ്, എക്സ്-റേ, സ്കാനിങ്, ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു., മോർച്ചറി, പോസ്റ്റ്മോർട്ടം സംവിധാനം, പേ-വാർഡ് തുടങ്ങിയ എല്ലാ സംവിധാനങ്ങളുമുള്ള ആശുപത്രിയായി മാറുകയും ചെയ്യും. നിലവിലുള്ള സ്റ്റാഫ് സ്കെങ്ത് ഉപയോഗിച്ചുകൊണ്ട് 141 എന്ന ബെഡ് സ്കെങ്തിലേക്ക് മാറുമ്പോൾ ആശുപത്രി പ്രവർത്തിക്കാനാകാത്ത സാഹചര്യമുണ്ടാകും. എം.എൽ.എ. ഫണ്ട് മുഖേന ഡയാലിസിസ് യൂണിറ്റിനുവേണ്ടി തുക അനുവദിച്ചിട്ടുള്ളതിനാൽ ടി യൂണിറ്റും പ്രവർത്തനം ആരംഭിക്കേണ്ടതായിവരും. അതിനാൽ അവിടെ 20 നഴ്സിംഗ് ഓഫീസറുടെയും 10 നഴ്സിംഗ് അസിസ്റ്റന്റിന്റെയും 30 ഹോസ്പിറ്റൽ അറ്റൻഡറിന്റെയും തസ്തികകൾ പുതിയതായി അനുവദിക്കുകയും ഇ.സി.ജി., എക്സ്-റേ ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ നികത്തുകയും ചെയ്തെങ്കിൽ മാത്രമെ ആശുപത്രി നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ സൂപ്രണ്ടിന്റെ സ്ഥിരം തസ്തികയില്ലാത്തതിനാൽ സിവിൽ സർജനാണ് ചാർജ് വഹിക്കുന്നത്. കൂടാതെ അവിടെ സർജറി, ഓർത്തോ, ഇ.എൻ.ടി. വിഭാഗങ്ങളും അനുവദിക്കേണ്ടതുണ്ട്. ഇവയെല്ലാം അനുവദിച്ചുകൊണ്ട് കുണ്ടറ താലൂക്കാശുപത്രിയെ സജീവമായ പ്രവർത്തനത്തിലേക്ക് കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കുണ്ടറ താലൂക്കാശുപത്രിയിൽ കിഫ്ബിയിലൂടെ 76.13 കോടി രൂപ അനുവദിച്ചുകൊണ്ട് 8 നിലകളിലായുള്ള ബഹുനിലകെട്ടിടം പൂർത്തീകരണത്തിലേക്ക് എത്തുകയാണ്. അത്യാഹിത വിഭാഗങ്ങൾ, 2 ഓപ്പറേഷൻ തിയേറ്ററുകൾ, ഒ.പി. വിഭാഗം, ജനറൽ വാർഡുകൾ, മെഡിക്കൽ

വാർഡുകൾ, സർജിക്കൽ വാർഡുകൾ, പേ-വാർഡ്, എക്സ്-റേ, റേഡിയോളജി, ലാബ്, മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സിസ്റ്റം, മലിനജല ശുചീകരണ പ്ലാന്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങളും സംവിധാനങ്ങളുമൊരുക്കിയാണ് ടി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നത്. അവിടെ നിലവിൽ 17 ഡോക്ടർമാരുൾപ്പെടെ (12 സ്ഥിരം തസ്തികയിലുള്ള ഡോക്ടർമാരും എൻ.എച്ച്.എം. മുഖേന നൽകിയ 5 ഡോക്ടർമാരും) 42 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. ഇതുകൂടാതെ 58 താൽക്കാലിക ജീവനക്കാരെ വിവിധ സ്കീമുകളിലൂടെ നൽകിയിട്ടുണ്ട്. ഇവിടെ കൂടുതൽ തസ്തികകളാവശ്യമായി വരുമെന്നുള്ളത് യാഥാർഥ്യമാണ്. ഈ സർക്കാരിന്റെ കാലയളവിൽ നഴ്സിങ് ഓഫീസർ, ഫാർമസിസ്റ്റ് തുടങ്ങിയ തസ്തികകൾ അവിടെ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അവിടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. അതിൽ താമസിയാതെ തീരുമാനമുണ്ടാകും.

11.49 a.m]

V ബജറ്റ് രേഖകളിന്മേലുള്ള തിരുത്തലുകളുടെ സമർപ്പണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് രേഖകളോടൊപ്പം സമർപ്പിച്ച അനുബന്ധം IV-ൽ വന്ന തിരുത്തലുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അനുബന്ധം IV ഞാൻ സമർപ്പിക്കുന്നു. അതോടൊപ്പം പ്രസ്തുത തിരുത്തലുകളുടെ സംക്ഷിപ്തം പട്ടിക 1 ആയും അതിന്റെ അടിസ്ഥാനത്തിൽ ധനാഭ്യർഥന വാല്യം 3-ൽ വരുന്ന വ്യത്യാസം പട്ടിക 2 ആയും

ബജറ്റ്-ഇൻ-ബ്രീഫിൽ വരുന്ന വ്യത്യാസം പട്ടിക 3 ആയും ഞാൻ സമർപ്പിക്കുന്നു.

VI ധനകാര്യം

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ XII	-	പൊലീസ്
ധനാഭ്യർഥന നമ്പർ XIII	-	ജയിലുകൾ
ധനാഭ്യർഥന നമ്പർ XIV	-	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും
ധനാഭ്യർഥന നമ്പർ XXIII	-	വാർത്താവിതരണവും പ്രചരണവും
ധനാഭ്യർഥന നമ്പർ XXVI	-	പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്താവിത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ	ധനാഭ്യർഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2025-2026		
		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)

(1)	(2)	(3)	(4)	(5)
XII	പൊലീസ്	5174,03,48,000	53,49,00,000	5227,52,48,000
XIII	ജയിലുകൾ	217,76,07,000	--	217,76,07,000
XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും	678,47,67,000	8,23,28,000	686,70,95,000
XXIII	വാർത്താവിതരണവും പ്രചരണവും	114,87,47,000	3,30,00,000	118,17,47,000
XXVI	പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്	1989,58,00,000	--	1989,58,00,000

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: അഞ്ച് ധനാഭ്യർഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർഥന നമ്പർ XII - പൊലീസ്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. അനൂപ് ജേക്കബ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസുകാർക്കിടയിൽ വർധിച്ചുവരുന്നതായി പറയപ്പെടുന്ന ആത്മഹത്യാ പ്രവണത തടയേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന സാമ്പത്തിക തട്ടിപ്പുകളും സൈബർ കുറ്റകൃത്യങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസുകാർക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരളത്തിൽ ക്രമസമാധാനം തകർന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ ഷംസുദ്ദീൻ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മയക്കുമരുന്നിന്റെയും മറ്റ് ലഹരിപദാർഥങ്ങളുടെയും വിപണനം തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് വകുപ്പിലെ വിവിധ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ബാധ്യസ്ഥരായ ആഭ്യന്തരവകുപ്പും പോലീസും പരാജയമാണെന്നും നാട്ടിൽ കൊലപാതകങ്ങളും അക്രമങ്ങളും വർധിക്കുന്നതുമൂലം ജനങ്ങൾക്ക് മനസ്സമാധാനത്തോടെ ജീവിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണ്ടാസംഘങ്ങളും ലഹരി സംഘങ്ങളും വർധിച്ചുവരുന്നതായും അതിക്രൂരമായ കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കണ്ണൂർ മുൻ എ.ഡി.എം.-ന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം അട്ടിമറിക്കാൻ ശ്രമം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസുകാർക്കിടയിൽ ആത്മഹത്യാ പ്രവണത വർധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങളിൽ പ്രതിയാകുന്നവർക്കും ശിക്ഷിക്കപ്പെടുന്നവർക്കും രാഷ്ട്രീയ

പാർട്ടികൾതന്നെ സംരക്ഷണം നൽകുന്നതായും ഇതിലൂടെ നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന സ്ഥിതിവിഷയം സംജാതമായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോക്സോ കേസുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നതായും നിയമപരിരക്ഷ നിലനിൽക്കുമ്പോഴും കുട്ടികൾ തുടർച്ചയായി ചൂഷണത്തിന് വിധേയരാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യും ആർ.എസ്.എസ്. പ്രതിനിധികളും തമ്മിൽ കൂടിക്കാഴ്ച നടത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് സേനയുടെ അംഗബലം വർധിപ്പിക്കുകവഴി പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കാനും മാനസിക സംഘർഷം ലഘൂകരിക്കാനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുട്ടികളുടെ ആത്മഹത്യകൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ മരണകാരണത്തെക്കുറിച്ച് പൊലീസ് വസ്തുനിഷ്ഠമായ അന്വേഷണം നടത്തുകയും കണ്ടെത്തലുകൾ ക്രോഡീകരിച്ച് കുട്ടികളുടെ ആത്മഹത്യകൾ തടയുന്നതിനായി കാര്യക്ഷമമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുകയും ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നവകേരള സദസ്സിനെതിരെ പ്രതിഷേധിച്ച യൂത്ത് കോൺഗ്രസ്, കെ.എസ്.യു. പ്രവർത്തകരെ ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ മർദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൂക്കോട് വെറ്ററിനറി കോളേജ് വിദ്യാർഥി സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ പ്രതികളുടെ താല്പര്യം സംരക്ഷിക്കുന്ന സമീപനം സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തൃശ്ശൂർപൂരം അലങ്കോലപ്പെട്ടതിന് പോലീസിന്റെ അനാവശ്യ ഇടപെടലുകൾ കാരണമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (30-09-2024-ലെ 'ദി ഹിന്ദു' ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച മുഖ്യമന്ത്രിയുമായുള്ള അഭിമുഖത്തിൽ സ്വർണ്ണ കള്ളക്കടത്തുമായി മലപ്പുറം ജില്ലയെ ബന്ധപ്പെടുത്തിയുള്ള പരാമർശം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങൾ ഗുണ്ട-ക്രിമിനൽ സംഘങ്ങളുമായി ബന്ധം പുലർത്തുന്നതായും തന്മൂലം ക്രമസമാധാന പരിപാലനത്തിൽ വീഴ്ചയുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. ഉബൈദുള്ള: സർ, പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപയിൽ 5,22,752 രൂപ കുറവുചെയ്യേണ്ടതാണ് (സംസ്ഥാന പോലീസ് സേനയിലെ അംഗബലം വർധിപ്പിക്കുകവഴി പോലീസുകാരുടെ ജോലിഭാരം കുറയ്ക്കാനും മാനസിക സംഘർഷം ലഘൂകരിക്കാനും നിലവിലെ സി.പി.ഒ. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,27,52,48,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ

അവതരിപ്പിച്ചു.

1. ശ്രീ. കെ. പി. എ. മജീദ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
9. ശ്രീ. പി. ഉബൈദുള്ള
10. ശ്രീമതി കെ. കെ. രമ
11. ശ്രീ. ടി. വി. ഇബ്രാഹിം

ധനാഭ്യർഥന നമ്പർ XIII –ജയിലുകൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന കൊടുംകുറ്റവാളികൾക്ക് യഥേഷ്ടം ജാമ്യം അനുവദിക്കുന്നതിനുവേണ്ടി ശിപാർശ ചെയ്യുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് ലഹരി വസ്തുക്കൾ ലഭിക്കുന്ന സാഹചര്യം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്കും പ്രതിചേർക്കപ്പെട്ടവർക്കും സംരക്ഷണവും നിയമ പരിരക്ഷയും ലഭിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ കഴിയുന്ന തടവുകാൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായും മാനദണ്ഡങ്ങൾ പാലിക്കാതെയും കോടതിവിധികൾ മാനിക്കാതെയും തടവുകാർക്ക് യഥേഷ്ടം പരോൾ അനുവദിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിൽ വകുപ്പിൽ തനതുവരുമാനം വർധിപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങളും അധിക സാമ്പത്തിക ബാധ്യതയില്ലാതെ ചെയ്യാനാവുന്ന കാര്യങ്ങളും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിലെ വിവിധ ജോലികൾക്കുള്ള വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടി. പി. വധക്കേസിലെ പ്രതികൾക്ക് അനധികൃത പരോൾ അനുവദിച്ചതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുറ്റവാളികളിൽ മാനസിക പരിവർത്തനം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാർ ലഹരി ഉപയോഗിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന പ്രതികൾക്ക് രാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ പ്രത്യേക പരിഗണനയും തുടർച്ചയായി പരോളും ലഭിക്കുന്നത് പൊതുസമൂഹത്തിന് കുറ്റങ്ങൾ ചെയ്യുന്നതിനുള്ള പ്രേരണയും തെറ്റായ സന്ദേശവും നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ

പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെരിയ ഇരട്ടക്കൊലപാതക കേസിലെ പ്രതികൾക്ക് അനധികൃതമായി ജാമ്യം അനുവദിക്കാൻ ശ്രമം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടി. പി. വധക്കേസിലെ പ്രതികൾക്ക് അനധികൃതമായ ജാമ്യം അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാരണവർ വധക്കേസിലെ പ്രതി ഉൾപ്പെടെ ക്രിമിനൽ കേസുകളിലെ പ്രതികൾക്ക് ജയിലിൽ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതായും ശിക്ഷാ ഇളവ് അനുവദിക്കുവാൻ ശ്രമങ്ങൾ നടക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ക്രിമിനൽ കേസിലെ പ്രതികൾക്ക് ജയിലിൽ മൊബൈൽ ഫോൺ, ലഹരി വസ്തുക്കൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ജയിൽ ഉദ്യോഗസ്ഥർ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകൾ കേന്ദ്രീകരിച്ച് ക്രിമിനലുകളുടെ നേതൃത്വത്തിൽ ലഹരിക്കടത്ത് സംഘങ്ങൾ പ്രവർത്തിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപയിൽ 21,77,607 രൂപ കുറവുചെയ്യേണ്ടതാണ് (കൂടുതൽ ജയിലുകളുടെയും കറക്ഷൻ ഹോമുകളുടെയും നിർമ്മാണത്തിനും നവീകരണത്തിനും തുക വകയിരുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,17,76,07,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. യു. എ. ലത്തീഫ്
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. പി. അബ്ദുൽ ഹമീദ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
9. ശ്രീമതി കെ. കെ. രമ
10. ശ്രീ. പി. ഉബൈദുള്ള
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. റോജി എം. ജോൺ

13. ശ്രീ. അൻവർ സാദത്ത്

14. ശ്രീ. സജീവ് ജോസഫ്

15. ശ്രീ. ചാണ്ടി ഉമ്മൻ

16. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

17. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

18. ശ്രീ. ടി. ജെ. വിനോദ്

19. ശ്രീ. സണ്ണി ജോസഫ്

20. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

21. ശ്രീ. സി. ആർ. മഹേഷ്

ധനാഭ്യർഥന നമ്പർ XIV –സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. മോൻസ് ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ അച്ചടിശാലകൾ ആധുനികവൽക്കരിക്കാത്തതായും സർക്കാർ ഡയറിപോലും സമയത്തിന് അച്ചടിച്ചുനൽകാൻ കഴിയാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളെ സാങ്കേതികമായി ശക്തീകരിക്കുന്നതിനുപകരം സ്വകാര്യ ഏജൻസികൾക്ക് കരാറുകൾ നൽകി അഴിമതിക്ക് കളമൊരുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം, അളവ്, നിരക്ക് ഇവ ഉറപ്പാക്കുന്നതിനും അവയുടെ ദുർവിനിയോഗം തടയുന്നതിനും സംവിധാനമൊരുക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടും സ്റ്റേഷനറിയുടെ ഉപയോഗം കുറയ്ക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണത്തിന് സമയബന്ധിതമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണനിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ

സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവിദ്യാലയങ്ങൾവഴി വിതരണം ചെയ്യുന്ന എല്ലാ പാഠപുസ്തകങ്ങളും സർക്കാർ പ്രസ്സുകൾ മുഖേന അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും സർക്കാർ പ്രസ്സുകളിൽനിന്ന് അച്ചടിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഉയർന്ന കെട്ടിടങ്ങളിൽ ഉണ്ടാകുന്ന അഗ്നിബാധ ശമിപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തീപിടുത്തങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിലും ഫയർ ഫോഴ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ

സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകൾ ആധുനികവൽക്കരിച്ച് സ്വയംപര്യാപ്തമാക്കാതിരിക്കുന്നതുമൂലം സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും അച്ചടി ജോലികൾക്കായി സ്വകാര്യ പ്രസ്സുകൾക്ക് പുറംകരാർ നൽകേണ്ടിവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കടലാസുരഹിതമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഗ്നിശമനസേനയുടെ അംഗബലം വർധിപ്പിക്കുകയും കൂടുതൽ അഗ്നിശമനസേനാ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്ത് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികൾ സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഗസറ്റുകൾ കൃത്യമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണത്തിന് സമയബന്ധിതമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപയിൽ 6,86,709 രൂപ കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കടലാസുരഹിതമാക്കാനുള്ള നടപടികൾ പുരോഗമിക്കുമ്പോഴും കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,86,70,95,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. യു. എ. ലത്തീഫ്

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

5. ശ്രീ. നജീബ് കാന്തപുരം

6. ശ്രീ. മോൻസ് ജോസഫ്

7. ശ്രീ. പി. അബ്ദുൽ ഹമീദ്

8. ശ്രീ. മഞ്ഞളാംകുഴി അലി

9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. പി. ഉബൈദുള്ള

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. എ. പി. അനിൽ കുമാർ

14. ശ്രീ. ടി. ജെ. വിനോദ്

15. ശ്രീ. പി. സി. വിഷ്ണുനാഥ്

16. ശ്രീ. സണ്ണി ജോസഫ്

17. ശ്രീ. സജീവ് ജോസഫ്

18. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

20. ഡോ. മാത്യു കുഴൽനാടൻ

21. ശ്രീ. സി. ആർ. മഹേഷ്

22. ശ്രീ. ചാണ്ടി ഉമ്മൻ

23. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ധനാഭ്യർഥന നമ്പർ XXIII –വാർത്താവിതരണവും പ്രചരണവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ പി.ആർ.ഡി. സംവിധാനങ്ങളുണ്ടായിട്ടും കോടികൾ

മുടക്കി പി.ആർ. ഏജൻസികൾക്ക് കരാർ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ നേട്ടങ്ങൾ പരസ്യപ്പെടുത്തുന്നതിന് സ്വകാര്യ പി.ആർ. ഏജൻസികളെ ആശ്രയിക്കുന്നതുമൂലം വൻ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും പരസ്യ പ്രചരണങ്ങൾക്കായി ഖജനാവിൽനിന്നും വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്രപ്രവർത്തക ക്ഷേമനിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്രപ്രവർത്തകർക്കെതിരെ വർധിച്ചുവരുന്ന ആക്രമണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രസ്സ് ക്ലബ്ബുകൾക്കുള്ള ധനസഹായം വർധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്ര മാധ്യമങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നൽകുന്നതിൽ വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്രപ്രവർത്തകർക്കുള്ള പെൻഷൻ തുക വർധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾ പ്രചരിപ്പിക്കാൻ പി.ആർ.ഡി. ഉണ്ടായിരിക്കെ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും പുറമേനിന്ന്

പി.ആർ. ഏജൻസികളെ നിയമിക്കുന്നതായും തന്മൂലം വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ രേഖകളും റിപ്പോർട്ടുകളും നവമാധ്യമങ്ങൾ വഴി ദുരുപയോഗം ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിക്കിടയിലും സോഷ്യൽ മീഡിയ ടീമിന്റെ പ്രവർത്തനങ്ങൾക്കായി കോടികൾ ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മാധ്യമപ്രവർത്തകരെ വേട്ടയാടുന്നതായും സെക്രട്ടേറിയറ്റിലുൾപ്പെടെ മാധ്യമപ്രവർത്തകർക്ക് പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ നയപരിപാടികളും സമീപനങ്ങളും പ്രവർത്തനങ്ങളും ജനങ്ങളോട് വിശദീകരിക്കാൻ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഏത് സമയത്തും മാധ്യമ സമ്മേളനങ്ങൾ നടത്തുകയോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുകയോ ചെയ്യാമെന്നിരിക്കെ 'നാം മുന്നോട്ട്' എന്ന പരിപാടിക്കുവേണ്ടി കോടികൾ

ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന് നേതൃത്വം നൽകുന്ന പാർട്ടിയുടെ ആശയപ്രചരണങ്ങൾക്കായി പി.ആർ.ഡി.-യുടെ പ്ലാറ്റ്ഫോമുകളും ഖജനാവിലെ പണവും ദുരുപയോഗം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപയിൽ 11,81,747 രൂപ കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകൾ ഡിജിറ്റൽ ആയി മാറിയശേഷവും രേഖകളുടെ ഹാർഡ് കോപ്പി സൂക്ഷിക്കാൻ ധാരാളം പേപ്പർ ഉപയോഗിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,18,17,47,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. പി. എ. മജീദ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എൻ. ഷംസുദ്ദീൻ

5. ശ്രീ. കുറുക്കോളി മൊയ്തീൻ

6. ശ്രീ. നജീബ് കാന്തപുരം

7. ശ്രീ. പി. അബ്ദുൽ ഹമീദ്

8. ശ്രീ. മഞ്ഞളാംകുഴി അലി

9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

10. ശ്രീമതി കെ. കെ. രമ

11. ശ്രീ. പി. ഉബൈദുള്ള

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

14. ശ്രീ. സി. ആർ. മഹേഷ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ശ്രീ. റോജി എം. ജോൺ

17. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

18. ശ്രീ. ടി. ജെ. വിനോദ്

19. ശ്രീ. പി. സി. വിഷ്ണുനാഥ്

20. ശ്രീ. എ. പി. അനിൽ കുമാർ

21. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

22. ശ്രീ. അൻവർ സാദത്ത്

23. ഡോ. മാത്യു കുഴൽനാടൻ

24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

25. ശ്രീ. സജീവ് ജോസഫ്

ധനാഭ്യർഥന നമ്പർ XXVI – പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസത്തിന് അനുവദിക്കുന്ന തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതയി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിദുരന്തങ്ങളിൽ വീടുകൾ തകർന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട് മുണ്ടക്കൈ-ചൂരൽമല ഉൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്തനിവാരണ അതോറിറ്റിയിൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭങ്ങളിൽ സർവവും നഷ്ടപ്പെട്ടവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ വീഴ്ചയുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങളിൽ വീടുകൾ നഷ്ടപ്പെടുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം പുതുക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്ത കാലയളവിൽ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട്ടിലെ ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടലിൽ സർവതും നഷ്ടപ്പെട്ട് നിസ്സഹായരായ ജനങ്ങളുടെ പുനരധിവാസത്തിനും ചികിത്സയ്ക്കും സമയബന്ധിതമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനും ദുരിതാശ്വാസത്തിനും സമയബന്ധിതമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭംമൂലം നാശനഷ്ടങ്ങൾ അനുഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാര വിതരണം കാര്യക്ഷമമായി നടപ്പാക്കേണ്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ പ്രകൃതിക്ഷോഭങ്ങളിൽ മരണപ്പെട്ടവരുടെ

കുടുംബങ്ങൾക്കും നാശനഷ്ടങ്ങൾ നേരിട്ടവർക്കുള്ള നഷ്ടപരിഹാരത്തുക കുടിശ്ശിക തീർത്ത് വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപയിൽ 19,89,580 രൂപ കുറവുചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനുവേണ്ടിയിള്ള അപേക്ഷകൾ കാലതാമസംകൂടാതെ തീർപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,89,58,00,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. കെ. പി. എ. മജീദ്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. നജീബ് കാന്തപുരം
6. ശ്രീ. കുറുക്കോളി മൊയ്തീൻ
7. ശ്രീ. പി. അബ്ദുൽ ഹമീദ്
8. ശ്രീ. മഞ്ഞളാംകുഴി അലി
9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
10. ശ്രീമതി കെ. കെ. രമ

11. ശ്രീ. പി. ഉബൈദുള്ള

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

14. ശ്രീ. പി. സി. വിഷ്ണുനാഥ്

15. ശ്രീ. സണ്ണി ജോസഫ്

16. ഡോ. മാത്യു കുഴൽനാടൻ

17. ശ്രീ. അൻവർ സാദത്ത്

18. ശ്രീ. റോജി എം. ജോൺ

19. ശ്രീ. ടി. ജെ. വിനോദ്

20. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

21. ശ്രീ. സി. ആർ. മഹേഷ്

22. ശ്രീ. ചാണ്ടി ഉമ്മൻ

23. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

24. ശ്രീ. സജീവ് ജോസഫ്

25. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12.00 noon]

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ അഞ്ച് ധനാഭ്യർഥനകളെയും പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു. കേരളത്തിൽ സമാധാനപൂർണ്ണമായ ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആഭ്യന്തര വകുപ്പിന്റെ ഭരണം ഏറ്റവും അഭിമാനകരവും സമർഥവുമായി മുന്നോട്ടുപോകുകയാണ്. സയൻസ് ആൻഡ് ടെക്നോളജിയുടെ വളർച്ചയെയും സമൂഹത്തിലുണ്ടായ പുതിയ മാറ്റങ്ങളെയും നേരിടാൻ സാധിക്കുന്ന നിലയിൽ ആഭ്യന്തര മേഖലയെ ആധുനികവത്കരിക്കാൻ സഹായകരമായ ഒട്ടേറെ പരിഷ്കാരങ്ങൾക്കാണ് കേരള ഗവൺമെന്റ് നേതൃത്വം നൽകുന്നത്. ഇന്ത്യയിലെ പൊലീസ്

സംവിധാനത്തിൽ അന്വേഷണ മികവിലും കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിലും ഏറ്റവും മാതൃകയായ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് രാഷ്ട്രീയമായി പൊലീസ് സേനയെ വേർതിരിച്ചതിന്റെ ഭാഗമായി കേരളത്തിലുണ്ടായ പ്രശ്നങ്ങളെക്കുറിച്ച് നമുക്കറിയാം. കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരോ സംഘടനയിൽപ്പെട്ടവരോ ആയാലും അവർക്കെതിരെ യാതൊരു ദയാദാക്ഷിണ്യവുമില്ലാതെ നടപടി സ്വീകരിക്കാൻ, 'will be prosecuted' എന്ന ശരിയായ കാഴ്ചപ്പാടിനെ ഏറ്റവും സമർഥമായി മുന്നോട്ടുവയ്ക്കാൻ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പൊലീസിലെ രാഷ്ട്രീയവൽക്കരണത്തെ പരിപൂർണ്ണമായും തുടച്ചുനീക്കാൻ കഴിഞ്ഞത് ഏറ്റവും പ്രധാനപ്പെട്ട നേട്ടമാണ്. സാമ്പത്തിക കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന്റെ ഭാഗമായി പൊലീസ് വകുപ്പിൽ ഒരു ഇക്കണോമിക് ഒഫൻസസ് വിങ് രൂപീകരിച്ചു. 4817 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ഏകദേശം 20014 നിയമനങ്ങൾ നടത്തുകയും 451 പേരടങ്ങുന്ന വനിതാ ബറ്റാലിയൻ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെ സംസ്ഥാനത്ത് ഒരു സൈബർ പൊലീസ് സ്റ്റേഷൻ മാത്രമാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ എല്ലാ പൊലീസ് ജില്ലയ്ക്കുകീഴിലും സൈബർ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. 2021-ൽ സ്മാർട്ട് ഇന്ത്യ നടത്തിയ സർവെയിൽ ഏറ്റവുംനല്ല അഴിമതിരഹിത പൊലീസിങ് സംവിധാനത്തിന്റെ തലപ്പത്തേക്ക് കേരളം വന്നതിൽനിന്നും പൊലീസ് സേനയെ എത്രമാത്രം ജനകീയമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നതെന്ന് മനസ്സിലാക്കാനാകും. കഴിഞ്ഞ ദിവസം ഈ സഭയിൽ ബഹുമാനപ്പെട്ട മുൻ

പ്രതിപക്ഷനേതാവ് ഉൾപ്പെടെ താമരശ്ശേരി, വെഞ്ഞാറമൂട് കൊലപാതകങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. കുറ്റകൃത്യങ്ങൾക്കെതിരെ പക്ഷഭേദമില്ലാതെ മാതൃകാപരമായ നിലപാടാണ് കേരള പൊലീസ് സ്വീകരിക്കുന്നത്. അർപ്പണബോധത്തോടെയും സത്യസന്ധമായും മാതൃകാപരമായും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒട്ടേറെ പൊലീസുദ്യോഗസ്ഥരെ നമുക്ക് കാണാൻ സാധിക്കും. എന്ത് കുറ്റകൃത്യം നടത്തിയാലും രക്ഷപ്പെടാൻ കഴിയില്ലെന്ന സന്ദേശമാണ് കേരള പൊലീസ് നൽകുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ വളപട്ടണം പൊലീസ് സ്റ്റേഷൻ പരിധിയിലെ അരി വ്യാപാരിയായ അഷ്റഫിനുണ്ടായ അനുഭവത്തെക്കുറിച്ച് പറയാം. 'അരി എന്നാൽ അഷ്റഫ് അരി' എന്നൊരു പരസ്യം നിങ്ങളുടെയൊക്കെ ശ്രദ്ധയിലുണ്ടാകും. അദ്ദേഹം വീട്ടിലില്ലാതിരുന്ന സമയത്ത് വീട് കുത്തിത്തുറന്ന് ഒരു കോടി രൂപയും ഏതാണ്ട് മുന്നൂറിലേറെ പവനും കവർച്ച ചെയ്തു. ഈ കേസിൽ യാതൊരു തെളിവും ഉണ്ടായിരുന്നില്ല. ഇത് ചെയ്തത് ഇതര സംസ്ഥാനക്കാരാണോ, മാഫിയകളാണോ എന്നതിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ വലിയ ആശങ്കയുണ്ടായി. എന്നാൽ നാല് ദിവസത്തിനുള്ളിൽ അദ്ദേഹത്തിന്റെ വീടിന്റെ സമീപത്തുള്ള ഒരു ഇലക്ട്രീഷ്യനെ പ്രസ്തുത കേസുമായി ബന്ധപ്പെട്ട് വളരെ സമർഥമായി പൊലീസ് പിടികൂടി. ഇതുപോലെ നമ്മുടെ സംസ്ഥാനത്ത് ധാരാളം അനുഭവങ്ങളുണ്ട്. ചെറിപ്പ് കെട്ടിത്തൂക്കി അന്വേഷണം നടത്തിയ അനുഭവങ്ങളും കേരളത്തിലുണ്ടായിട്ടുണ്ട്. എന്നാൽ അതിൽനിന്നും വ്യത്യസ്തവും ശാസ്ത്രീയവുമായി പൊലീസ് സേന ഇന്ന് ഏറ്റവും സമർഥമായി പ്രതികളെ പിടികൂടുകയാണ്. ലഹരിവേട്ടയുടെ ഭാഗമായി തെലങ്കാനയിലെ രാസലഹരി നിർമ്മാണ കേന്ദ്രത്തിൽ പോയി ഉടമയെ അറസ്റ്റ് ചെയ്തത് കേരള പൊലീസാണ്.

കാസർഗോഡുനിന്നും 3407 കിലോഗ്രാം എം.ഡി.എം.എ. കേരള പൊലീസ് പിടിച്ചെടുക്കുകയും പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഏറ്റവും വലിയ മയക്കുമരുന്ന് വേട്ടയായിരുന്നു അത്. പൊലീസ്-എക്സൈസ് വകുപ്പുകൾ സംയുക്തമായി രൂപീകരിച്ച 'ഓപ്പറേഷൻ ഡി-ഹണ്ട്'-ന്റെ ഭാഗമായി സംസ്ഥാനത്തെ രാസലഹരി മാഫിയയെ കീഴ്പ്പെടുത്താൻ പൊലീസ് നടത്തിയ പരിശ്രമം വളരെയധികം വിജയകരമായി മാറി. ഇതിന്റെ ഭാഗമായി മുപ്പതിനായിരത്തിലേറെ കേസുകളെടുക്കുകയും ഒട്ടേറെ കാര്യങ്ങൾ അതിന്റെ ഭാഗമായി കണ്ടെത്താൻ കഴിയുകയും ചെയ്തു. കേരളത്തിലെ പൊലീസുകാരെ എപ്പോഴും വിമർശിക്കാനും കുറ്റപ്പെടുത്താനുമാണ് വലതുപക്ഷ രാഷ്ട്രീയ നേതൃത്വവും ഒരു വിഭാഗം മാധ്യമങ്ങളും ശ്രമിക്കുന്നത്. കോട്ടയം വെസ്റ്റ് പൊലീസ് സ്റ്റേഷനിലെ സി. കെ. ശ്യാമപ്രസാദ് എന്ന പൊലീസുദ്യോഗസ്ഥൻ ഡ്യൂട്ടി കഴിഞ്ഞുപോകുമ്പോൾ ഒരു തെരുവ് ഗുണ്ട ഒരു സാധാരണ മനുഷ്യനെ ആക്രമിക്കുന്നതുകണ്ട് ഇടപെട്ടപ്പോൾ അദ്ദേഹത്തെ ആ തെരുവ് ഗുണ്ട കുത്തിക്കൊലപ്പെടുത്തുകയുണ്ടായി. ഈ സംഭവം ഒരാളും ചർച്ച ചെയ്തില്ല. ഒരു സാധാരണ പൊലീസുകാരൻ അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കണം. ഒരുപക്ഷേ അദ്ദേഹത്തിന് താൻ ഡ്യൂട്ടിയിൽ അല്ലായിരുന്നുവെന്ന് പറഞ്ഞ് അവഗണിച്ച് പോകാമായിരുന്നു. കേരളത്തിലെ പൊലീസുകാരുടെ ആത്മാർഥത, സത്യസന്ധത, നിഷ്പക്ഷ സമീപനം എന്നിവയുടെ ഒരു രക്തസാക്ഷിയായി സി. കെ. ശ്യാമപ്രസാദ് എന്ന സാധാരണ പൊലീസുദ്യോഗസ്ഥൻ മാറുകയാണ്. 'പൊലീസ്' എന്ന വാക്കിന്റെ അർഥവും നിർവചനവുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. പൊലീസുകാർ എത്രമാത്രം ആത്മാർഥതയോടെയാണ് കാര്യങ്ങൾ ചെയ്യുന്നതെന്നതിന് ഒട്ടേറെ സംഭവങ്ങൾ

കേരളത്തിൽതന്നെ ചൂണ്ടിക്കാണിക്കാൻ കഴിയും. സാധാരണ മനുഷ്യന് യാതൊരു ഭയവുമില്ലാതെ പൊലീസ് സ്റ്റേഷനുകളിൽ പോയി പരാതി നൽകാൻ ഇന്ന് ജനകീയ സംവിധാനങ്ങളുണ്ട്. സൗഹൃദതലത്തിലേക്ക് പൊലീസ് വരികയാണ്. എന്നാൽ രാഷ്ട്രീയം ലക്ഷ്യമാക്കി ഒറ്റപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പൊലീസിനെ ആക്ഷേപിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്നും മുഖ്യമന്ത്രിയാണ് അതിന്റെ സംരക്ഷകനെന്നും മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സഭയിലും പുറത്തും പറയുകയുണ്ടായി. അദ്ദേഹം മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും ഇന്ത്യയിലെ പ്രമുഖ കോൺഗ്രസ് നേതാവുമാണ്. ബഹുമാന്യരായ മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാർ ഈ സഭയിൽതന്നെയുണ്ട്. കേരളത്തിലെ പൊലീസ് ഏത് ഘട്ടത്തിലും സ്വീകരിക്കുന്ന അഭിമാനകരവും ശക്തവും ഭരണമികവിന്റെ ഭാഗമായിട്ടുള്ളതുമായ സമീപനങ്ങളെ രാഷ്ട്രീയമായി വേർതിരിക്കാൻ ശ്രമിച്ചത് ആരാണ്? കേരളത്തിന്റെ മുഖ്യമന്ത്രിക്കസേരയിലിരിക്കുന്ന ആളെക്കുറിച്ച് സ്തുതി പാടുകയല്ല ചെയ്യുന്നത്, ഞങ്ങൾ ക്രിട്ടിക്കൽ ഇവാല്യൂവേഷൻ പഠിച്ചവരാണ്. ശ്രീ. പിണറായി വിജയൻ എന്ന വ്യക്തി ആകാശത്തുനിന്ന് ഇറങ്ങിവന്ന് നേരെ മുഖ്യമന്ത്രിക്കസേരയിൽ ഇരുന്ന ഒരാളല്ല. രാഷ്ട്രീയ കേരളത്തിന്റെ ധാരാളം അനുഭവങ്ങൾ അദ്ദേഹത്തിനുണ്ട്. അനുഭവങ്ങളാൽ കരുത്തുള്ളതും ഏത് സാഹചര്യത്തെയും നേരിടാൻ ധൈര്യമുള്ളതും ഒരാളുടെ മുമ്പിലും അനാവശ്യമായി വഴങ്ങാത്തതും ഒരു അഴിമതിയുടെയും ഭാഗമായി മാറാത്തതുമായ തെളിമയാർന്നൊരു മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നത്. രാഷ്ട്രീയ കേരളത്തിൽ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു തുടർഭരണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ നിങ്ങൾക്ക് പ്രയാസമുണ്ടാകും. എന്നാൽ

ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിൽ മൂന്നാമതും വരണമെന്ന ആഗ്രഹത്തിലേക്ക് ജനങ്ങൾ പോകുന്നു. എന്തുകൊണ്ടാണ് അത് സംഭവിക്കുന്നത്? ഏത് രംഗമെടുത്താലും അതിലെല്ലാം മികവ് പുലർത്തുന്ന ഒരു സംവിധാനമായി കേരള പൊലീസ് മാറിയിരിക്കുന്നു. ത്രികാല ജ്ഞാനികളായി വാദമുന്നയിക്കുന്നതിൽ അർഥമില്ല. ഒരു സംഭവത്തിന്മേൽ സ്വീകരിക്കുന്ന നിലപാടും നടപടിയുമാണ് ഏറ്റവും പ്രധാനം. കുറ്റകൃത്യങ്ങൾക്കെതിരെ കക്ഷി-രാഷ്ട്രീയ ഭേദമന്യേ ഏറ്റവും ശക്തിയേറിയ നിലപാടും നടപടിയും സ്വീകരിക്കുന്ന നിലയിലേക്ക് കേരള പൊലീസ് സേന ഇന്ന് മാറിക്കഴിഞ്ഞു. ഇതിനെ രാഷ്ട്രീയ അപവാദപ്രചാരണങ്ങൾകൊണ്ട് ഇല്ലാതാക്കാൻ കഴിയില്ല. അങ്ങനെ പ്രചാരണങ്ങൾ നടത്തിയാൽ അത് വിശ്വസിക്കാൻ കഴിയുമോ? ഏതെങ്കിലും ഒരാളുടെ ഭാഗത്തുനിന്ന് ശരിയല്ലാത്ത നടപടിയുണ്ടായാൽ കേരളത്തിലെ മുഖ്യമന്ത്രിയുൾപ്പെടെ ആഭ്യന്തര വകുപ്പിന്റെ തലപ്പത്തിരിക്കുന്നവർ എന്തെങ്കിലും ദയാദാക്ഷിണ്യം കാണിച്ചിട്ടുണ്ടോ; ആരെയെങ്കിലും സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ? ആധുനിക സമൂഹത്തിന്റെ ഭാഗമായി ചിലരുടെ ഭാഗത്തുനിന്നും അപരിഷ്കൃത രീതികളുണ്ടായപ്പോൾ മുഖം നോക്കാതെ ശക്തമായ നിലപാട് കേരളത്തിലെ പൊലീസ് സ്വീകരിച്ചു. ആർക്കാണ് അതിന് കഴിയുന്നത്? പാതിവില തട്ടിപ്പിന്റെ ഭാഗമായി മൂവാറ്റുപുഴയിൽ ഡിവൈ.എസ്.പി. രജിസ്റ്റർ ചെയ്ത കേസിൽ അതിവേഗതയിൽ നടപടി സ്വീകരിച്ചുവെന്ന് രാവിലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഈ സർക്കാർ ആരോടെങ്കിലും മമത കാണിച്ചോ; പ്രസ്തുത കേസുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട മൂന്നുപേരെ അറസ്റ്റുചെയ്തു. ഇതിൽ പ്രധാനികളായ പലരുമുണ്ട്. അവർ പ്രധാനികളാണെന്ന

നിലപാടല്ല അക്കാര്യത്തിൽ സ്വീകരിച്ചത്. ആര് കുറ്റം ചെയ്താലും അവർക്കെതിരെ നടപടിയെടുത്തിരിക്കും. ചെന്താമരയുടെ വിഷയം നമുക്കറിയാം. അതിന്റെ ഭാഗമായി അതിവേഗതയിലാണ് നടപടി സ്വീകരിച്ചത്. കഴിഞ്ഞ ഒൻപത് വർഷംകൊണ്ട് പൊലീസിനെ കേരളത്തിന്റെ അഭിമാനവും സമർഥവുമായ ഒരു സേനയാക്കി മാറ്റാൻ കഴിഞ്ഞുവെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. കുറ്റമോ തെറ്റോ ചെയ്താൽ ഒരു സംരക്ഷണവും ലഭിക്കില്ലെന്ന തരത്തിൽ കക്ഷി-രാഷ്ട്രീയത്തിനതീതമായി ഏറ്റവും ഉയർന്ന നിലവാരത്തിലേക്ക് പൊലീസ് എത്തിയിരിക്കുന്നു. എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്നാണ് പ്രതിപക്ഷം പറയുന്നത്. എന്നാൽ ഒരു ജനാധിപത്യ വിദ്യാർഥി പ്രസ്ഥാനമായ കെ.എസ്.യു.-വിനെയോ യൂത്ത് കോൺഗ്രസിനെയോ നിരോധിക്കണമെന്ന് ഞാൻ പറയില്ല. ദേവപാലൻ മുതൽ ധീരജ് വരെയുള്ള 35 പേരുടെ ജീവൻ നഷ്ടപ്പെട്ട ഒരു വിദ്യാർഥി പ്രസ്ഥാനമാണ് എസ്.എഫ്.ഐ. സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്ന് ആലേഖനം ചെയ്ത ശുഭ്രപതാകയുള്ള വിദ്യാർഥി സംഘടനയിൽ ഞങ്ങളൊക്കെ പ്രവർത്തകരായിരുന്നു. കേരളത്തിലെ ഒരു രാഷ്ട്രീയ നേതാവിന്റെ വായിൽനിന്ന് ഒരിക്കലും വരാൻ പാടില്ലാത്ത അപക്വവും അപകടകരവുമായ പ്രസ്താവനയാണുണ്ടായത്. ഒരാൾ തെറ്റ് ചെയ്താൽ തിരുത്തിക്കണം. കളമശ്ശേരി പോളിടെക്നിക്കിൽ നടന്ന സംഭവത്തിൽ പൊലീസിന്റെ നർക്കോട്ടിക് വിഭാഗമാണ് അവിടെപോയി പ്രതികളെ പിടികൂടിയത്. എസ്.എഫ്.ഐ. എന്നത് തെറ്റായ കാര്യങ്ങൾ ചെയ്യുന്ന സംഘടനയല്ല. കേരളത്തിന്റെ തെരുവുകളിൽ വിദ്യാഭ്യാസാവകാശ പോരാട്ടത്തിന്റെ ഭാഗമായി ചോറുപാത്രവും പുസ്തകങ്ങളുമെല്ലാം ചിതറി ചോരയിൽ കുളിച്ചുകിടന്ന ഒട്ടേറെ

സമരാനുഭവങ്ങളുണ്ട്. അതിന് നേതൃത്വം നൽകിയ അഭിമാനകരമായ വിദ്യാർഥി പ്രസ്ഥാനത്തെ ആക്ഷേപിക്കാൻ ശ്രമിക്കുന്നത് മര്യാദയല്ല. കേരളം എന്ന നാടിനെ ഏറ്റവും മികച്ച ഭരണ മികവിലേക്ക് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. കഴിഞ്ഞ ദിവസം പൂർത്തീകരിക്കാതിരുന്ന ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് തുടങ്ങാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പ് സംസാരിച്ചപ്പോൾ പറഞ്ഞത് തെറ്റായ കാര്യങ്ങൾ വലിയ സത്യമാണെന്ന രീതിയിൽ അവതരിപ്പിക്കാത്തത് നന്നായെന്നാണ്. തെറ്റായ കാര്യങ്ങൾ വലിയ തത്വശാസ്ത്രംപോലെ അവതരിപ്പിക്കാൻ കഴിവുള്ള ചില അംഗങ്ങൾ ഇവിടെയുണ്ടല്ലോ; സഭയിൽ അവർ പല കാര്യങ്ങളും പല തവണ പറഞ്ഞ് സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ഞങ്ങൾ കൗണ്ടർ ആർഗ്യുമെന്റ് പറയുമ്പോൾ മന്ത്രിമാർ പ്രതിപക്ഷത്തിനെ നോക്കി 'നിങ്ങൾ കേരളത്തിനെതിരാണോ' എന്നാണ് ചോദിക്കുന്നത്. ഈ സ്ട്രാറ്റജിയും ഫിലോസഫിയും ആരാണ് കൊണ്ടുവന്നതെന്നറിയാമോ? ഇത് അമേരിക്കയുടെ ഫിലോസഫിയാണ്. അമേരിക്ക ഇറാഖുമായി യുദ്ധം നടത്തുമ്പോൾ അവർ പ്രഖ്യാപിച്ചത് ഒന്നുകിൽ നിങ്ങൾ ഞങ്ങളുടെകൂടെ, ഞങ്ങളുടെകൂടെയല്ലെങ്കിൽ നിങ്ങൾ ഞങ്ങൾക്കെതിരാണ്, അതായത് നിങ്ങൾ ഇറാഖിന്റെ കൂടെയാണെന്നാണ്; ഇതാണ് അവരുടെ പ്രാകൃത തത്വം. അതുപോലെ നിങ്ങൾ പറയുന്നതിനെയെല്ലാം ഞങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഞങ്ങളെല്ലാം

കേരളത്തിനെതിരാണെന്ന നിലപാടും രീതിയുമൊന്നും ശരിയല്ല. ഞങ്ങൾ കൺസ്ട്രക്ടീവായ ഒരു പ്രതിപക്ഷമാകാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവരാണ്. അത്തരം ചിന്താഗതി എപ്പോഴും കാണിച്ചിട്ടുള്ളവരാണ് യു.ഡി.എഫ്.-ഉം ഞങ്ങളുടെ മുതിർന്ന നേതാക്കളും. ഒരു ഉദാഹരണം പറയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കോവിഡ് മഹാമാരി വന്നത്. അതിനെ നേരിടാൻ ഗവൺമെന്റ് പരിശ്രമിക്കുകയും മുഖ്യമന്ത്രി അതിന്റെ മുന്നിൽനിന്ന് നയിക്കുകയും ചെയ്തെങ്കിലും സ്വാഭാവികമായും കോവിഡ് മാനേജ്മെന്റിൽ ധാരാളം വീഴ്ചകൾ സംഭവിച്ചു. എന്നാൽ ഒരു മഹാമാരിയുണ്ടായ സമയത്ത് ജനങ്ങളിൽ അവിശ്വാസമുണ്ടാക്കാൻ പാടില്ലെന്ന് വിചാരിച്ച് യു.ഡി.എഫ്. നേതാക്കൾ അതിനെ അറ്റാക്ക് ചെയ്യേണ്ടെന്ന് തീരുമാനിച്ചു. ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റും മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും അതിനെക്കുറിച്ച് ഏതാനും കാര്യങ്ങൾ സൂചിപ്പിച്ചതല്ലാതെ ബാക്കിയെല്ലാവരും മൗനംപാലിച്ചു. നിങ്ങൾ ആ അവസരം മുതലെടുത്ത് മികച്ച പി.ആർ. എക്സർസൈസ് നടത്തി. ലോകത്ത് ഏറ്റവും നല്ലനിലയിൽ കോവിഡിനെ മാനേജ് ചെയ്തത് ഞങ്ങളാണെന്ന വലിയ പ്രതീതിയുണ്ടാക്കി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. എങ്ങനെയാണ് കോവിഡിനെ നിങ്ങൾ ഇത്ര സമർഥമായി നേരിടുന്നതെന്ന് അമേരിക്കയിൽനിന്ന് ഫോൺ ചെയ്ത ചോദിച്ചുവെന്നുവരെ പറഞ്ഞു. അതെല്ലാം ഇവിടെ ചർച്ച ചെയ്യേണ്ട സ്ഥിതിയുണ്ടായി. കോവിഡ് സമയത്ത് ഏറ്റവും കൂടുതൽ മരണനിരക്കുണ്ടായ സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്നാണ് ഇപ്പോൾ വരുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രസ്തുത കണക്കുകൾ മറച്ചുവച്ചുയെന്നുള്ള കാര്യങ്ങൾ പുറത്തുവന്നിരിക്കുകയാണ്. ഇപ്പോൾ പുതിയ നറേറ്റീവ് എന്നുപറയുന്നത് വ്യവസായ മേഖലയിൽ നമ്മൾ വലിയ

സംഭവമാണെന്നതാണ്. ഭരണപക്ഷത്തിലെ അംഗങ്ങൾ പ്രസംഗിച്ചപ്പോഴെല്ലാം ഇക്കാര്യം ആവർത്തിച്ച് പറയുകയുണ്ടായി. കേരളത്തിന് നമ്പർ വൺ റാങ്ക് ലഭിച്ചുവെന്ന് നിങ്ങളിൽ പലരും ഇപ്പോഴും വിശ്വസിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഞാൻ അതുകൊണ്ടാണ് ചില കാര്യങ്ങൾ സൂചിപ്പിക്കുന്നത്. വസ്തുതകൾ ചർച്ച ചെയ്യുന്നതിൽ തെറ്റില്ലല്ലോ; കേരളം ഒട്ടും ഇംപ്രൂവ് ചെയ്തില്ലെന്നും ഒന്നുംചെയ്തിട്ടില്ലെന്നും ഞങ്ങളാരും പറയുന്നില്ല. ഞാൻ വേറെയാരും പറഞ്ഞതിലേക്ക് പോകുന്നില്ല. വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞൊരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം, "This time, not only Kerala in the 'Top Achievers' category, but we are also the state that has topped in nine of the 30 reform parameters, the most among all states in the country. In a sense, we can call ourselves the first among equals, Minister for Industries Shri P. Rajeev told in Delhi. ഇതാണ് യഥാർഥ്യം. ഇത് അദ്ദേഹം പറഞ്ഞാൽ ഞങ്ങളും അദ്ദേഹത്തിനോടൊപ്പം നിൽക്കും. കാരണം, In a sense, നമുക്ക് നമ്മളെ തന്നെ പറയാം, പക്ഷേ ഇതുപറഞ്ഞതിനുശേഷം പിന്നീട് അദ്ദേഹം ടൃൺ മാറ്റുകയാണ്. ഇതിനകത്ത് ഒരു മിനിമം honesty ഉണ്ടായിരുന്നു. ഇതൊരു സത്യസന്ധമായ സ്റ്റേറ്റ്മെന്റാണ്. കൺസ്യൂമർ സെൻട്രിക്കും സിറ്റിസൺ സെൻട്രിക്കുമായ ഏഴ് റിഫോംസ് വിഭാഗങ്ങളിലും ബിസിനസ്സ് സെൻട്രിക്കായ രണ്ട് റിഫോംസ് വിഭാഗങ്ങളിലും നമ്മൾ വന്നിട്ടുണ്ട്. ബിസിനസ്സ് സെൻട്രിക്കിൽ ആന്ധ്രാപ്രദേശിന് അഞ്ച് റിഫോംസ് ലഭിച്ച ലിസ്റ്റ് എന്റെ കൈവശമുണ്ട്. അതിനെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞില്ല. നമുക്ക് കൺസ്യൂമർ വായും ക്രിയേറ്റീവായും ചർച്ച ചെയ്യുന്നതിൽ തടസ്സമില്ല. റാങ്കിങ്ങിൽ കേരളം നമ്പർ വൺ ആണെന്ന് ആയിരം തവണ പറയുകയാണ്. അതിനെ

ഞങ്ങൾക്ക് സ്വാഭാവികമായി ചോദ്യം ചെയ്യേണ്ടി വരും. അതിനർഥം ഞങ്ങൾ കേരളത്തിന് എതിരാണെന്നല്ല. അത്തരത്തിൽ കള്ളത്തരവും വ്യാജവും പ്രചരിപ്പിക്കാമെന്ന് വിചാരിക്കരുത്. അങ്ങനെ ചെയ്താൽ ഞങ്ങൾക്ക് അത് ജനങ്ങളുടെ മുമ്പിൽ തുറന്നു കാണിക്കേണ്ടിവരും. എന്നാൽ അതിനർഥം നിങ്ങൾ ചെയ്യുന്ന എല്ലാകാര്യങ്ങളും ഞങ്ങൾ deny ചെയ്യുന്നുവെന്നല്ല. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് സഭയിലുണ്ട്. കൺസ്യൂമർ/സിറ്റിസൺ സെൻട്രിക്കായ ഏഴ് റിഫോംസ് വിഭാഗങ്ങളിൽ അദ്ദേഹത്തിന്റെ വകുപ്പിന്റെ രണ്ട് കാര്യങ്ങളും റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ മൂന്ന് കാര്യങ്ങളും വന്നിട്ടുണ്ട്. ഇവയെല്ലാം ബിസിനസ്സ് സെൻട്രിക്ക് അല്ല, കൺസ്യൂമർ സെൻട്രിക്കാണെന്നുള്ളതാണ് പ്രശ്നം. ഇതെല്ലാം സൂചിപ്പിക്കുമ്പോൾ നിങ്ങളെന്തിനാണ് ഞങ്ങളുടെനേരെ ബഹളമുണ്ടാക്കുന്നത്. ഇക്കാര്യങ്ങളെല്ലാം യഥാർഥ്യത്തോടെ കാണാൻ കഴിയണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. മാത്രമല്ല, ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് എന്നുപറഞ്ഞ് നിങ്ങൾ കൊണ്ടുവന്ന പല പരിഷ്കാരങ്ങളും not ease of business but ease of corruption എന്നതാണ് നിലവിലെ കേരളത്തിലെ അവസ്ഥ. ഇത് എന്റെ വാചകങ്ങളല്ല. All can read today's newspaper. കേരള സർക്കാർ എങ്ങോട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്നും എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും നിങ്ങൾ മനസ്സിലാക്കാൻവേണ്ടി പറയുകയാണ്. Not ease of business but ease of corruption എന്നാണ് പലതിനെക്കുറിച്ചും പറയുന്നത്. വ്യവസായ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനുവേണ്ടി എന്താണ് നമ്മൾ ചെയ്യേണ്ടിയിരുന്നത്? ഇൻഡസ്ട്രി 4.0 കഴിഞ്ഞ് 5.0-ലേക്ക് കടന്നിരിക്കുകയാണ്. നിങ്ങൾ കൊണ്ടുവന്ന റിഫോംസ് എന്താണ്? ഈസ് ഓഫ്

ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി സിംഗിൾ വിൻഡോ ക്ലിയറൻസ് അല്ലെങ്കിൽ കെ-സ്വിഫ്റ്റ് വഴി എല്ലാ കാര്യങ്ങൾക്കും അനുമതി കൊടുക്കുന്നുവെന്നാണ് പറയുന്നത്. അത്തരത്തിൽ അനുമതി നൽകിയപ്പോൾ ഏത് ഇൻഡസ്ട്രിയാണ് ആരംഭിച്ചതെന്ന് ആത്മാർഥമായി പറയണം. ഞങ്ങളുടെ ചുറ്റും കണ്ട കാഴ്ചകൾ പറയാം. അനിയന്ത്രിതമായി ധാരാളം പ്ലൈവുഡ് ഫാക്ടറികളാണ് ഇവിടെ ആരംഭിച്ചത്. ബഹുമാന്യനായ മുഖ്യമന്ത്രി സഭയിലുണ്ട്. എനിക്ക് ഒരവസരം ലഭിച്ചപ്പോൾ അദ്ദേഹത്തോട് ഞാൻ നേരിട്ട് ഒരു കാര്യം പറഞ്ഞു. ഒരു പ്ലൈവുഡ് ഫാക്ടറിക്കുവേണ്ട പാരാമീറ്റേഴ്സും നോംസും നമ്മൾ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ സമീപത്തായി അടുത്തത് വന്നാൽ അതിനെ നിയന്ത്രിക്കാനുള്ള പാരാമീറ്റേഴ്സ് ഇല്ല. ക്വൺ മുളയ്ക്കുന്നതുപോലെ ചുറ്റുപാടും ഇതുപോലെയുള്ള സ്ഥാപനങ്ങൾ വരുമ്പോൾ ഒരു ക്ലസ്റ്റർ സിറ്റുവേഷൻ ഫോം ചെയ്യുമെന്നും അതിനെ അഡ്രസ്സ് ചെയ്യാനുള്ള നിയമം നമ്മുടെ കൈവശമില്ലെന്നും അത് ഗുരുതരമായ അപകടത്തിലേക്ക് കൊണ്ടുപോകുമെന്നും ഏതാണ്ട് ഒന്നരവർഷം മുമ്പ് അങ്ങയോട് നേരിട്ട് സൂചിപ്പിച്ചിരുന്നു. We need a law. കെ-സ്വിഫ്റ്റിലൂടെയാണ് എല്ലാ അനുമതിയും നൽകുന്നത്. പക്ഷേ ചെയ്യേണ്ടത് എന്തായിരുന്നു? പ്രതിപക്ഷം എന്ന നിലയ്ക്ക് ഞങ്ങളോട് അഭിപ്രായം ചോദിച്ചിരുന്നുവെങ്കിൽ നിങ്ങൾ കെ-സ്വിഫ്റ്റിലൂടെ അനുമതി കൊടുക്കേണ്ടിയിരുന്നത് ഇൻഡസ്ട്രി 4.0-നും 5.0-നും ആയിരുന്നുവെന്ന് ഞങ്ങൾ പറയുമായിരുന്നു. ഇൻഡസ്ട്രി 4.0-ഉം 5.0-ഉം എന്നുപറയുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും 3D പ്രിന്റിങും ഉൾപ്പെടെയുള്ളവയുടെ കാലഘട്ടമാണ്. അതുപോലെയുള്ളവയ്ക്ക് കെ-സ്വിഫ്റ്റ് വഴി അനുമതി കൊടുത്തിരുന്നുവെങ്കിൽ ഇവിടെ ധാരാളം വ്യവസായങ്ങൾ വരുമായിരുന്നു. നിങ്ങൾ നിലപാടുകൾ ധാരാളം മാറ്റി,

ഓരോന്നിനെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ മാറ്റിയെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞു. നിങ്ങൾ അഭിമാനത്തോടുകൂടി കേരള സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ, ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുവേണ്ടി കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ തുടങ്ങിയവ അവതരിപ്പിക്കുന്നു. ഇതെല്ലാം സ്വാഗതാർഹമായ പരിഷ്കാരങ്ങളാണ്, ഞങ്ങൾ അതിനെ അനുകൂലിക്കുന്നു. പക്ഷേ അതിനുശേഷം അദ്ദേഹം പറഞ്ഞൊരു ഡയലോഗുണ്ട്. "കാലം മാറുന്നതിനനുസരിച്ച് മാറാതിരിക്കാൻ കഴിയില്ലല്ലോ, ഞങ്ങൾക്കും എന്നും ഒരിടത്തുതന്നെ നിൽക്കാൻ കഴിയുമോ" എന്ന്. അപ്പോൾ നിങ്ങൾ നയം മാറ്റാൻ തീരുമാനിച്ചുവെന്നതും നയങ്ങളിൽ കാതലായ മാറ്റം വരുത്തിയെന്നതും ശരിയാണ്. പക്ഷേ നിങ്ങൾ ഇക്കാര്യങ്ങൾ തിരിച്ചറിഞ്ഞപ്പോഴേക്കും we lost the opportunity. ഒരു കാലഘട്ടം മുഴുവൻ കടന്നുപോയി. ഒരു യുവത്വത്തിനും തലമുറയ്ക്കും എല്ലാ അവസരങ്ങളും നഷ്ടപ്പെട്ടു. അതുകഴിഞ്ഞ് നിങ്ങൾ മനസ്സിലാക്കിയിട്ടെന്ത് കാര്യം; കാലം മാറിയിട്ടല്ല മാറേണ്ടത്, കാലത്തിന് സംഭവിക്കാൻ പോകുന്ന മാറ്റം മുൻകൂട്ടി കണ്ട് മാറുന്നതിലാണ് ഒരു ഭരണാധികാരിയുടെയും പാർട്ടിയുടെയും പ്രത്യയശാസ്ത്രത്തിന്റെയും വിജയം. അങ്ങനെയാണ് ചെയ്യേണ്ടത്. അല്ലാതെ കാലം മാറി കഴിഞ്ഞതിനുശേഷം നമ്മൾ മാറിയിട്ട് കാര്യമുണ്ടോ? 'By the time the bus is gone'. ഇക്കാര്യങ്ങൾ ഇവിടെ പറയണമെന്നുള്ളതുകൊണ്ട് സൂചിപ്പിച്ചതാണ്. കഴിഞ്ഞ ദിവസം ഇത്രയും കാര്യങ്ങൾ അവതരിപ്പിക്കാൻ സമയം ലഭിച്ചിരുന്നില്ല.

ഇന്നത്തെ ധനാഭ്യർഥന ചർച്ചയിൽ അങ്ങയോട് സൂചിപ്പിക്കണമെന്ന് ഉദ്ദേശിച്ച ഒന്നുരണ്ട് കാര്യങ്ങളുണ്ട്. രാജ്യത്തെ ഏറ്റവും അഭിമാനകരമായ പൊലീസ് സേനയാണ്

നമുക്കുള്ളത്. പക്ഷേ അവർക്കുള്ള ഇൻഫ്രാസ്ട്രക്ച്ചർ, അവർക്ക് നമ്മൾ കൊടുക്കുന്ന സപ്പോർട്ട്, മാൻ പവർ എന്നിവ അടിസ്ഥാനപ്പെടുത്തിയാൽ കേരള പൊലീസിന്റെ എഫിഷ്യൻസിയിൽ ഇടിവ് സംഭവിക്കുന്നുവെന്ന് മനസ്സിലാക്കാം. Because we are not giving them sufficient support. I think we have the best police force in the country. പക്ഷേ പല സമയത്തും അവരെ നമ്മൾ പരിഹാസപാത്രമാക്കുകയാണ്. ഒരിക്കലും അങ്ങനെ ചെയ്യരുത്. പൊലീസിന്റെ യൂണിഫോമിനെ ജനങ്ങൾ ബഹുമാനിക്കുന്നത് അവരുടെ കർത്തവ്യവും നിർവഹിക്കുന്ന ഡ്യൂട്ടിയും അടിസ്ഥാനപ്പെടുത്തിയാണ്. ഞാൻ സൂചിപ്പിച്ച കാര്യങ്ങൾ അങ്ങേയ്ക്ക് വേണമെങ്കിൽ നിഷേധിക്കാം. അവർക്ക് വാഹനങ്ങളില്ല, ഉള്ളതിന് ഡീസലടിക്കാൻ പൈസയില്ല, പലതും വർക്ക് ചെയ്യുന്നുമില്ല, തകരാറുകൾ കാരണം വർക്ക്ഷോപ്പിലേക്ക് കൊണ്ടുപോകുന്ന വാഹനങ്ങൾ അവിടെനിന്നും തിരിച്ചുകൊണ്ടുവരാൻ സാധിക്കുന്നില്ല. They are depending many, അവരെക്കൊണ്ട് മറ്റുള്ളവരുടെ കൈയിൽനിന്നും പണം പിരിക്കേണ്ട സ്ഥിതി വരുന്നു. അതുപോലെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമുണ്ട്. അതിനെക്കുറിച്ച് പറയാൻ കുറച്ചുസമയം കൂടി അനുവദിക്കണം.

മി. സ്പീക്കർ: ഒരു മിനിട്ട് കൂടുതൽ അനുവദിക്കാൻ കഴിയില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ശരി. കഴിഞ്ഞ ദിവസം ആദിത്യൻ അടക്കമുള്ള കെ.എസ്.യു. പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നിങ്ങൾ ജയിലിൽ അടച്ചു. ഞാൻ ബോസ്റ്റൽ സ്കൂളിൽ പോയപ്പോൾ അവിടത്തെ കാര്യങ്ങൾ അന്വേഷിച്ചു. കാക്കനാടുള്ള ബോസ്റ്റൽ സ്കൂളിന്റെ കപ്പാസിറ്റി 66 ആണെങ്കിലും നിലവിൽ അവിടെ 120 പേരുണ്ട്. മൂവാറ്റുപുഴ സബ് ജയിലിൽ

64 പേർക്കുള്ള സൗകര്യങ്ങളെയുള്ളൂവെങ്കിലും നിലവിൽ അവിടെ 130 പേരാണ് താമസിക്കുന്നത്. ഏറ്റവും ചെറുപ്രായത്തിൽ കുറ്റവാളികളായി വരുന്നവരെ റിഫോം ചെയ്യാൻ ശ്രമിക്കുമ്പോൾ അവർക്കാവശ്യമായ സൗകര്യങ്ങൾ ബോസ്റ്റൽ സ്കൂളുകളിലില്ലെങ്കിൽ അത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. മറ്റൊരു കാര്യം അങ്ങയോട് ചോദിക്കാൻ ആഗ്രഹിക്കുന്നത് illegal emigrants-ന്റെ എണ്ണം വെളിപ്പെടുത്താത്തതിൽ എന്തെങ്കിലും സ്ട്രാറ്റജിക് വിഷയമുണ്ടോ? കേരളത്തിൽ ധാരാളം illegal emigrants-നെ അറസ്റ്റ് ചെയ്യുന്നുണ്ട്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ധാരാളം ബംഗ്ലാദേശുകാരെ ഇവിടെ അറസ്റ്റ് ചെയ്തുവെന്ന് കേൾക്കുന്നു. ശരിയാണോ ഇല്ലയോ എന്നത് വ്യക്തമല്ല. അങ്ങനെയൊരു സാഹചര്യമുണ്ടോ; അങ്ങനെയുണ്ടെങ്കിൽ എന്തുകൊണ്ടാണ്; How we are tackling the same? ഞാൻ ഈ ധനാഭ്യർഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർഥന ചർച്ചയാണെങ്കിലും വ്യവസായത്തെ കേന്ദ്രീകരിച്ച് കൂടുതൽ പറഞ്ഞതിൽ സന്തോഷമുണ്ട്.

മി. സ്പീക്കർ: മറുപടി അവസാനമല്ലേ പറയുന്നത്?

ശ്രീ. പി. രാജീവ്: സർ, അതുമതിയെങ്കിൽ കുഴപ്പമില്ല. പക്ഷേ ഇപ്പോൾത്തന്നെ വ്യക്തത വരുത്തുന്നതിനുവേണ്ടിയായിരിക്കുമല്ലോ അദ്ദേഹം പറയാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിച്ച് എനിക്ക് കുറിപ്പ് നൽകിയത്. റാങ്കിങ്ങിനെ സംബന്ധിച്ച് ഞാൻ

പത്രസമ്മേളനം നടത്തിയ കാര്യം അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തെക്കുറിച്ച് ഈ സഭയിൽ ഞാൻ കൃത്യമായി മറുപടി നൽകിയിട്ടുണ്ട്. 2015 മുതൽ ഇതേ സംവിധാനമായിരുന്നു. നമ്മെ പോലെതന്നെ കഴിഞ്ഞ തവണ ഏറ്റവും കൂടുതൽ ബിസിനസ്സ്/സിറ്റിസൺ സെൻട്രിക്കിൽ ഒന്നാം റാങ്ക് ലഭിച്ചതിന് ആന്ധ്രാപ്രദേശ് പരസ്യപ്പെടുത്തിയത് അവരുടെ നേട്ടമായി കാണേണ്ടതുണ്ട്, അതുപോലെ കാണണം. അദ്ദേഹം സൂചിപ്പിച്ചത് പ്ലൈവുഡ് ഇൻഡസ്ട്രിയെ കുറിച്ചാണ്. പുതുതായി തുടങ്ങിയ വിവിധ സ്വഭാവത്തിലുള്ള ഇൻഡസ്ട്രികൾ ബഹുമാന്യരായ എം.എൽ.എ.-മാർക്ക് പരിചയപ്പെടുത്താൻ വ്യവസായ വകുപ്പ് പ്രത്യേകമായ ടൂർ ഏർപ്പെടുത്താം. ഇന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സിൽ എസ്.എൽ.ബി.സി.-യുടെ പ്രത്യേക വാർത്തയുണ്ട്. ലോണിന്റെ കാര്യത്തിൽ, 38 ശതമാനം വർധനയുണ്ടെന്നാണ്. മുദ്ര ലോണല്ല, അത് 2015-ൽ തുടങ്ങിയതാണ്. കേരളത്തിലെ എം.എസ്.എം.ഇ.-കൾക്ക് നൽകുന്ന ബാങ്ക് വായ്പ ഈ വർഷം ഒരു ലക്ഷം കോടി രൂപയായി വർധിച്ചിരിക്കുകയാണെന്ന വാർത്ത ഇന്നത്തെ മാധ്യമങ്ങളിലുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. മുഹമ്മദ് മുഹസിൻ)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊലീസ്, ജയിലുകൾ ഉൾപ്പെടെയുള്ള ധനാഭ്യർഥനകളെ പൂർണ്ണമായി അനുകൂലിക്കുന്നു. പഴയ കാലത്തിൽനിന്നും വ്യത്യസ്തമായ ഉത്തരവാദിത്വങ്ങളാണ് പൊലീസിന് ഇന്ന് നിർവഹിക്കാനുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പഴയ കാലത്ത് പൊലീസ് ചെയ്തുകൊണ്ടിരുന്നതിനുമപ്പുറം പുതിയ കാലഘട്ടത്തിലെ ഒട്ടേറെ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് പൊലീസ് സേന നിലവിൽ

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പൊലീസ് സേനയുടെ മാതൃകാപരമായ പ്രവർത്തനങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ ഞാൻ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സൈബർ കുറ്റകൃത്യങ്ങൾ അരങ്ങുവാണ ഒരു വർഷമാണ് കടന്നുപോയത്. ഓൺലൈൻ സേവനങ്ങളും ഇടപാടുകളും വർധിച്ചതോടെ തട്ടിപ്പുകളും ഹൈടെക്കായി. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം 2024-ലെ ആദ്യ ആറ് മാസങ്ങളിൽ രാജ്യത്ത് ഓൺലൈൻ തട്ടിപ്പുകളിലൂടെ നഷ്ടമായത് 11,000 കോടി രൂപയാണ്. സൈബർ കുറ്റകൃത്യങ്ങളിൽ കൂടുതലും സാമ്പത്തിക തട്ടിപ്പുകളാണ്. വിയറ്റ്നാം, കമ്പോഡിയ, ചൈന, മ്യാൻമാർ തുടങ്ങിയ രാജ്യങ്ങൾ കേന്ദ്രീകരിച്ചാണ് സൈബർ ആക്രമണങ്ങൾ കൂടുതലും നടത്തുന്നതെന്നാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. നിർമ്മിത ബുദ്ധിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള തട്ടിപ്പുകളും 2024-ൽ വലിയ തോതിൽ നടന്നു. എ.ഐ. (നിർമ്മിത ബുദ്ധി)യിലൂടെ സൃഷ്ടിക്കുന്ന ഡീപ്ഫേക്ക് വീഡിയോസ്, വോയിസ് ക്ലോണിങ് എന്നിവ ഉപയോഗിച്ചുള്ള സ്കാമുകളിൽ പലരും ഇരയായിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താനും തടയാനുമായി നിരവധി നടപടികളാണ് കേരള പൊലീസ് സ്വീകരിക്കുന്നത്. കാലോചിതമായ മാറ്റമാണ് പൊലീസ് രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ അതിന് തടയിടുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് പ്രത്യേക സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. തട്ടിപ്പിനായി ഉപയോഗിച്ച 27680 ബാങ്ക്

അക്കൗണ്ടുകളും 11999 സിം കാർഡുകളും 17734 വെബ്സൈറ്റുകളും സൈബർ ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ വിങ്ങിന്റെ നേതൃത്വത്തിൽ പ്രവർത്തനരഹിതമാക്കി. 8369 സാമൂഹ്യ മാധ്യമ പ്രൊഫൈലുകളും 537 വ്യാജ മൊബൈൽ ആപ്ലിക്കേഷനുകളും കണ്ടെത്തി നിയമ നടപടി സ്വീകരിച്ചു. വിദേശ രാജ്യങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് കേന്ദ്രങ്ങളിലേക്ക് ഇന്ത്യയിൽനിന്ന് ആളുകളെ നിയോഗിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ 17 കേസുകൾ രജിസ്റ്റർ ചെയ്യുകയും 16 ഏജന്റുമാരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. 'ഓപ്പറേഷൻ പി-ഹണ്ട്' പ്രകാരം നടത്തിയ 2347 പരിശോധനകളിലായി 395 കേസുകൾ രജിസ്റ്റർ ചെയ്യുകയും 37 പേരെ അറസ്റ്റ് ചെയ്യുകയും 881 ഇലക്ട്രോണിക് ഉപകരണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ പോരാട്ടത്തിൽ സൈബർ ഫ്രോഡ് ആൻഡ് സോഷ്യൽ മീഡിയ വിഭാഗത്തിലൂടെ കേരള സൈബർ ഡിവിഷൻ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അവാർഡ് കേരള പൊലീസിനാണ് ഈ കാലയളവിൽ ലഭിച്ചത്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി ആരംഭിച്ച '1930' എന്ന ഹെൽപ്ലൈൻ നമ്പർ മുഖാന്തരം 2023-ൽ മാത്രം 23748 പരാതികൾ ലഭിച്ചു. ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട 201 കോടി രൂപയിൽ 37 കോടി രൂപ തിരിച്ചുപിടിച്ചു. 2024 ആഗസ്റ്റ് വരെ ലഭിച്ച 27723 പരാതികളിൽനിന്ന് നഷ്ടപ്പെട്ട 514 കോടി

രൂപയിൽ 70 കോടി രൂപ തിരിച്ചുപിടിക്കാൻ പോലീസിന് കഴിഞ്ഞു. രജിസ്റ്റർ ചെയ്യുന്ന കേസുകൾ അന്വേഷിച്ച് കുറ്റപത്രം സമർപ്പിക്കുന്നതിൽ കേരളം മുന്നിലാണെന്ന് ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2022-ൽ സംസ്ഥാനത്ത് ഇന്ത്യൻ ശിക്ഷാ നിയമം (ഐ.പി.സി.) പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ 96 ശതമാനത്തിലും പ്രത്യേക സംസ്ഥാന നിയമങ്ങൾ (SLL-Special and Local Laws) പ്രകാരം രജിസ്റ്റർ ചെയ്ത 99 ശതമാനത്തിലും കുറ്റപത്രം സമർപ്പിച്ചുകഴിഞ്ഞു. 2022-ല ക്രൈം റിപ്പോർട്ടിലാണ് ഈ വിവരങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണത്തിലും കേരളം വളരെ മുന്നിലാണ്. 2022-ൽ കേരളത്തിൽ 502311 പേർ ഐ.പി.സി. കേസുകളിൽ ശിക്ഷിക്കപ്പെടുകയുണ്ടായി. ക്രിപ്റ്റോ കറൻസിയിലൂടെയുള്ള തട്ടിപ്പുകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം തട്ടിപ്പുകൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും ഇത്തരം ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി കേരള പൊലീസ് ചെയിൻ അനാലിസിസ് ടൂൾ ഉപയോഗിച്ചുവരുന്നുണ്ട്. ക്രിപ്റ്റോ കറൻസിയിലൂടെയുള്ള തട്ടിപ്പ് കേസുകളിൽ ക്രിപ്റ്റോ കറൻസി ട്രാൻസാക്ഷനുകൾ പരിശോധിച്ച് എക്സ്ചേഞ്ചുകളിലെ ഡെപ്പോസിറ്റ് വാലറ്റുകൾ കണ്ടെത്തി അവയുടെ വിവരങ്ങൾ ശേഖരിച്ച് പ്രതികളിലേക്ക് എത്തിപ്പെടാനും ഇപ്പോൾ സാധിച്ചിരിക്കുകയാണ്. പൊലീസ് വകുപ്പിലെ സൈബർ ഭീഷണികളെ കണ്ടെത്തുന്നതിനും അവ പ്രതിരോധിക്കുന്നതിനും നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിലൂടെ ലോഗുകൾ നിരീക്ഷിക്കുകയും സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തുകയും അതിൽ നിർമ്മിത ബുദ്ധി സംയോജിപ്പിച്ച് അലർട്ടുകൾ നൽകുകയും ചെയ്യുന്നു. എ.ഐ. പവേർഡ് സെക്യൂരിറ്റി

ഓപ്പറേഷൻസ് സെന്റർ നടപ്പാക്കുന്ന ഇന്ത്യയിലെ ആദ്യ പൊലീസ് വിഭാഗമാണ് കേരള പൊലീസ് എന്നതിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. ഡിജിറ്റൽ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വർധിച്ചുവരുന്ന നൂതന സൈബർ തട്ടിപ്പുകളിൽനിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനുമായി കേരള പൊലീസിന്റെ സൈബർ വിഭാഗം വിഭാവനം ചെയ്ത 'സൈബർ വാൾ' പദ്ധതി പ്രാരംഭഘട്ടത്തിലാണ്. പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഫോൺ നമ്പറുകൾ, ഇ-മെയിൽ ഐ.ഡി.-കൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, എക്സിക്യൂട്ടബിൾ ഫയലുകൾ, സ്ക്രീൻ ഷോട്ടുകൾ, എസ്.എം.എസ്., ഇ-മെയിൽ ഉള്ളടക്കമുള്ള മറ്റ് ഡിജിറ്റൽ വിവരങ്ങൾ എന്നിവ പരിശോധിച്ച് വിശകലനം ചെയ്ത് ഒരു ട്രസ്റ്റ് സ്കോർ നൽകി ഡിജിറ്റൽ ഇടങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തി സൈബർ തട്ടിപ്പുകളിൽനിന്നും പൊതുജനങ്ങളെ സംരക്ഷിക്കുക എന്നതാണ് 'സൈബർ വാൾ' പ്രോജക്ടിന്റെ ലക്ഷ്യം. പഴയകാല പൊലീസിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനോടൊപ്പം കാലാനുസൃതമായ, പ്രത്യേകിച്ച്, ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങളും ശാസ്ത്ര-സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് നടത്താവുന്ന പരീക്ഷണങ്ങളുമെല്ലാം നടത്തിക്കൊണ്ടാണ് കേരള പൊലീസ് മുന്നോട്ടുപോകുന്നത്.

കേരള പൊലീസ് സൈബർ ഡിവിഷന്റെ കീഴിൽ പൊതുജനങ്ങൾക്ക് സൈബർ സാമ്പത്തിക തട്ടിപ്പ് പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിന്റെ '1930' എന്ന ഹെൽപ്‌ലൈൻ നമ്പർ പൊലീസ് ആസ്ഥാനത്ത് പബ്ലിക് ഔട്ട് റീച്ച് ഗ്രൂപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഈ നമ്പറിലൂടെ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതിക്കാരുടെ നഷ്ടപ്പെട്ട തുക

ബന്ധപ്പെട്ട ബാങ്കുകളുടെ സഹായത്തോടെ തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുന്നുവെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ഉടമയറിയാതെ അക്കൗണ്ട് നമ്പറുകൾ തെറ്റായ രീതിയിൽ ശേഖരിച്ച് അത് കൈകാര്യം ചെയ്തുകൊണ്ട് പണം പിടിച്ചെടുക്കുന്ന സംവിധാനങ്ങളാണ് ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. മാരക ലഹരിമരുന്നുകൾ പിടിമുറുക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളവും അതിവേഗം മാറുകയാണ്. പിടിക്കപ്പെടുന്ന മയക്കുമരുന്നുകളുടെ അളവിലെ വർധന, വില്പനക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധന, വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമിടയിലെ അതിവേഗ വ്യാപനം എന്നിവ കേരളത്തെ ഭയപ്പെടുത്തുകയാണ്. ഓരോ ദിവസവും പുറത്തുവരുന്ന രാസലഹരി മാഫിയയുടെ പ്രവർത്തനങ്ങളെയും അത് കണ്ടെത്തിയ വാർത്തകളെക്കുറിച്ചുമൊക്കെ കേരളീയ സമൂഹം ഞെട്ടലോടുകൂടിയാണ് കേൾക്കുന്നത്. നിരവധി കുറ്റകൃത്യങ്ങളിൽ മയക്കുമരുന്ന് മുഖ്യകണ്ണിയായി മാറുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ സമീപകാലത്ത് കേരളത്തിലുണ്ടായ നിരവധി ആക്രമണങ്ങളിൽ പ്രതികളുടെ മയക്കുമരുന്ന് ഉപയോഗവും മയക്കുമരുന്ന് സംഘങ്ങളുമായുള്ള ബന്ധവും കാരണമായിട്ടുണ്ടെന്നത് ബോധ്യപ്പെട്ടിട്ടുള്ളതാണ്. പ്രണയനൈരാശ്യത്തിന്റെ പകതീർക്കുന്ന ആക്രമണങ്ങളിലും കൊലപാതകങ്ങളിലും ഉൾപ്പെടെ മയക്കുമരുന്നിന്റെ പങ്ക് പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മയക്കുമരുന്നും ക്വട്ടേഷൻ സംഘങ്ങളും തമ്മിലുള്ള ബന്ധം പലവിധത്തിൽ പുറത്തുവന്നിട്ടുണ്ട്. മയക്കുമരുന്നിന് അടിമകളാകുന്ന ചെറുപ്പക്കാരുടെ എണ്ണം കൂടുന്നതും അവർ മയക്കുമരുന്ന് വാഹകരായി മാറുന്നതും വ്യക്തമാക്കുന്ന കേസുകളും ധാരാളമായി വന്നുകൊണ്ടിരിക്കുകയാണ്.

എത്രതരം ക്രൂരതയും ചെയ്യാൻ മടിയില്ലാത്ത സംഘങ്ങൾ ഇവരിലൂടെ രൂപപ്പെടുന്നുവെന്നത് ഇതിനെക്കുറിച്ച് അറിയാവുന്നവരുടെ ഉറക്കംകെടുത്തുകയാണ്. മയക്കുമരുന്നുകൾ അത്രമേൽ അവരുടെ തലച്ചോറിനെ സ്വാധീനിക്കുന്നുയെന്നത് വെറും നിരീക്ഷണമല്ല; മനോരോഗ വിദഗ്ധരുടെ കണ്ടെത്തലാണെന്നുകൂടി നാം മനസ്സിലാക്കണം. പൊലീസും സൈക്യാട്രിസ്റ്റുകളും ഒരുപോലെ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ കാലത്തിനനുസരിച്ച് ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുംവിധം പൊലീസ് സംവിധാനങ്ങളെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് അടിസ്ഥാനസൗകര്യ വികസനങ്ങൾക്കുപരിയായി സർക്കാർ നടപ്പാക്കിയത്. വിവിധ ആവശ്യങ്ങൾക്കായി പൊലീസ് സ്റ്റേഷനിൽ നേരിട്ടെത്തുന്ന രീതിക്ക് മാറ്റം വരുത്തുക എന്നത് പ്രധാനമായിരുന്നു. പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതിനായി 'തുണ' പോർട്ടൽ, 'പോൽ-ആപ്പ്' എന്നിവ ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ പൊലീസ് സ്റ്റേഷനുകളെയും ജനമൈത്രി പൊലീസ് സ്റ്റേഷനുകളായി ഉയർത്തുകയും അവിടെ എത്തിച്ചേരുന്നവരെ സഹായിക്കുന്നതിന് ഒരു പി.ആർ.ഒ.-യെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വദേശത്തും വിദേശത്തുമുള്ളവർക്ക് പരാതികൾ സമർപ്പിക്കാനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ അറിയുന്നതിന് ഒരു ഓൺലൈൻ വെർച്വൽ പൊലീസിങ് സംവിധാനവും നിലവിലുണ്ട്. എല്ലാ പരാതികളും കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികൾക്ക് ഓൺലൈനായി വീഡിയോ കോൺഫറൻസിങ് സംവിധാനത്തിലൂടെ മൊഴി

രേഖപ്പെടുത്തുന്നതിനും കഴിയുന്നുണ്ട്. സാമ്പത്തിക-സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന ഇക്കാലത്ത് കുറ്റവാളികളെ കണ്ടെത്തുകയെന്നത് പൊലീസിന് വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ഡിജിറ്റൽ സാങ്കേതികവിദ്യയിലധിഷ്ഠിതമായ 'ഫേസ് റെക്കഗ്നിഷൻ സിസ്റ്റം' ഏത് കുറ്റവാളിയെയും തിരിച്ചറിയുന്നതിന് സഹായകരമാണ്. പുതുതായി 33 പൊലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നുണ്ട്. സമൂഹത്തിലെ മുതിർന്ന പൗരൻമാരുടെ സുരക്ഷ മുൻനിർത്തി വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും ഒറ്റയ്ക്ക് താമസിക്കുന്നവർക്കും സഹായകരമായി ജനമൈത്രി ബീറ്റ് ഓഫീസർമാരും കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് പുതുതായി 70 സ്കൂളുകളിൽ എസ്.പി.സി. അനുവദിച്ചിട്ടുണ്ടെന്നുള്ളതും ഈ കാലഘട്ടത്തിലെ പ്രത്യേകതയായി നമുക്ക് കാണാൻ കഴിയും. 15-03-2025-ന് ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പൊലീസ് സബ്ഡിവിഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സംഘടിത പ്രവർത്തനം താഴെത്തട്ടിൽ നടത്തുന്നതിനായി കുടുംബശ്രീയുമായി ചേർന്ന് 'സ്നേഹിത' പദ്ധതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതിന്റെ ഭാഗമായി പൊലീസ് സ്റ്റേഷനുകളിൽ എത്തുന്ന പരിഹരിക്കപ്പെടാത്ത കുടുംബ പ്രശ്നങ്ങൾക്കും സങ്കീർണ്ണമായ വിഷയങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് സൈക്യാട്രിസ്റ്റുകളെകൂടി ഉൾപ്പെടുത്തി കൗൺസലിങ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കാലോചിതമായ വലിയ മാറ്റങ്ങളാണ് പൊലീസ് വകുപ്പിൽ നമുക്ക് കാണാൻ കഴിയുന്നത്. ജയിലുകളുടെ പ്രവർത്തനത്തിലും കാലോചിതമായ മാറ്റങ്ങൾ വരുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. കെ. വി. സുമേഷ് കേരള പൊലീസിന്റെ മികവിനെക്കുറിച്ചും കഴിവുകളെക്കുറിച്ചും പ്രതിപാദിച്ചിരുന്നു. അതിൽ ഞങ്ങൾക്കാർക്കും അഭിപ്രായവ്യത്യാസമില്ല. കേരള പൊലീസ് കഴിവുള്ള വിഭാഗമാണ്; അവർ നല്ല മികവ് കാണിക്കുകയും നിരവധി കേസുകൾ തെളിയിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഭരണകാലത്തും പൊലീസ് അവരുടെ കഴിവുകൾ തെളിയിച്ചിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിൽ ഇപ്പോൾ രാഷ്ട്രീയ ഇടപെടലുകൾ ഇല്ലെന്നുകൂടി അദ്ദേഹം പറയുകയുണ്ടായി. xxxxxxxx+ എന്നുപറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതിന്റെ ശരിയായ അർഥം ശ്രീ. കെ. വി. സുമേഷിന്റെ പ്രസംഗം കേട്ടപ്പോഴാണ് എനിക്ക് മനസ്സിലായത്. (....ബഹളം.....)

ചെയർപേഴ്സൺ: പ്രസ്തുത പദം ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. അങ്ങ് അത് പിൻവലിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരള നിയമസഭയുടെ രേഖ പരിശോധിച്ചാൽ ഇതിനുമുമ്പും പല എം.എൽ.എ.-മാരും പ്രസ്തുത പദം ഉപയോഗിച്ചിട്ടുള്ളതായി കാണാൻ സാധിക്കും.

ചെയർപേഴ്സൺ: ഉപയോഗിച്ചിട്ടുണ്ട്. പക്ഷേ ഇക്കാലത്ത് ആ വാക്ക് ഉപയോഗിക്കുന്നത് ശരിയല്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാനത് പിൻവലിച്ചു. കഴിഞ്ഞദിവസം ബഹുമാന്യനായ എച്ച്. സലാം എം.എൽ.എ., മുസ്ലീം ലീഗിന്റെ യോഗങ്ങളിൽ ചിക്കൻ

+ ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

ബിരിയാണി വിളമ്പുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. കാലം മാറിയിരിക്കുന്നുവെന്നാണ് എനിക്ക് അതുസംബന്ധിച്ച് പ്രിയപ്പെട്ട അംഗത്തോട് പറയാനുള്ളത്. ചിക്കൻ ബിരിയാണി വിളമ്പുന്നതൊക്കെ പഴയ രീതിയാണ്. നിങ്ങൾ കട്ടൻചായയും പരിപ്പുവടയും ഉപേക്ഷിച്ചതുപോലെ ഞങ്ങളും ബിരിയാണിയെ വളരെ മുൻപുതന്നെ ഉപേക്ഷിച്ചു. ഇപ്പോൾ അതിനേക്കാൾ മുന്തിയ ആഹാരങ്ങളാണ് ഞങ്ങളുടെ യോഗത്തിലൊക്കെ വിളമ്പുന്നത്. അതെന്താണെന്ന് പറഞ്ഞാൽ ശ്രീ. എച്ച്. സലാം ഇപ്പോൾതന്നെ വണ്ടികയറി നേരെ പാണക്കാട്ടേക്കുപോയി മുസ്ലീം ലീഗിന്റെ മെമ്പർഷിപ്പ് ചോദിക്കും.

ഇന്ന് ചോദ്യോത്തരവേളയിൽ ഓൺലൈൻ തട്ടിപ്പിനെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. സൈബർ പൊലീസിനെ ശക്തമാക്കണമെന്നതിൽ ഒരു സംശയവുമില്ല. എന്നാൽ ഈ ഓൺലൈൻ തട്ടിപ്പുസംഘം അധികവും വിഹരിക്കുന്നത് ഉത്തരേന്ത്യയിലാണ്. കേസന്വേഷണവുമായി ബന്ധപ്പെട്ട് നമ്മുടെ സൈബർ പൊലീസ് വിങ്ങിന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പോകുന്നതിന് വലിയ ചെലവുവരുമെന്ന് എല്ലാവർക്കുമറിയാം. സർക്കാർ നൽകുന്ന ടി.എ. ലഭിക്കുന്നതിന് വർഷങ്ങളോളം അവർക്ക് കാത്തിരിക്കേണ്ടി വരുന്നുണ്ട്. മാത്രമല്ല, ഒരു ദിവസത്തെ ഡി.എ. ഇനത്തിൽ 600 രൂപയാണ് നൽകുന്നത്. ഉത്തരേന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്ത് ഒരു ദിവസം താമസിക്കുന്നതിന് ടി തുക തികയില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. താമസസൗകര്യം, ഭക്ഷണം തുടങ്ങിയവയ്ക്ക് 600 രൂപ തികയില്ല. അതുകൊണ്ട് പ്രസ്തുത തുക വർധിപ്പിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പങ്കെടുക്കേണ്ട ഒരു പരിപാടി ഈ അടുത്തകാലത്ത് കാസർഗോഡ് ജില്ലയിൽ നടന്നിരുന്നു. അവിടെ സൈബർ ക്രൈം പൊലീസ് സ്റ്റേഷന്റെയും

വനിതാ പൊലീസ് സ്റ്റേഷന്റെയും ഒരു ടർഫിന്റെയും ഉദ്ഘാടനം കഴിഞ്ഞു. കാസർഗോഡ് ജില്ലയ്ക്ക് ഇങ്ങനെയുള്ള സംവിധാനങ്ങൾ നൽകിയതിന് ഞാൻ ആഭ്യന്തര വകുപ്പിനെ അഭിനന്ദിക്കുകയാണ്. പക്ഷേ ഇതിന്റെയെല്ലാം ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈനിലൂടെയാണ് നിർവഹിച്ചത്. എല്ലാ എം.എൽ.എ.-മാരും ആ പരിപാടിയിൽ പങ്കെടുത്തതുകൊണ്ട് പൊലീസ് ഉദ്യോഗസ്ഥർക്ക് വളരെയധികം സന്തോഷമായി. പക്ഷേ മുഖ്യമന്ത്രിയുടെ സാന്നിധ്യം അവിടെയുണ്ടായില്ല. അതുകൊണ്ട് ഇതുപോലുള്ള പരിപാടികളിൽ നേരിട്ട് പങ്കെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. 'ഓൺലൈൻ' എന്നത് കോവിഡ് സമ്മാനിച്ച ഒരു സംഗതിയാണ്. കോവിഡിന്റെ ഒരു ശേഷിപ്പാണ് ഓൺലൈൻ പരിപാടി/ഓൺലൈൻ ഉദ്ഘാടനം. കോവിഡിന്റെ ഏറ്റവും വലിയ ശത്രു ആരാണെന്ന് ചോദിച്ചാൽ അത് കേരളത്തിലെ മുഖ്യമന്ത്രിയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, സംസ്ഥാനത്തുനിന്ന് കോവിഡിനെ ആട്ടിപ്പായിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച ഒരാൾ നമ്മുടെ മുഖ്യമന്ത്രിയാണെന്നാണല്ലോ പറയുന്നത്; ആ മുഖ്യമന്ത്രി കോവിഡിന്റെ ഈ ശേഷിപ്പിനെ ഒരിക്കലും അംഗീകരിക്കാൻ പാടില്ല. കോവിഡിന്റെ മുഖ്യശത്രുവാണെങ്കിൽ കോവിഡിന്റെ പ്രോഡക്ടായ ഈ ഓൺലൈൻ ഉദ്ഘാടനത്തെയും അദ്ദേഹം അംഗീകരിക്കാൻ പാടില്ലെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

മയക്കുമരുന്ന് തടയുന്നതിനെക്കുറിച്ച് സഭയിൽ കുലങ്കഷമായി ചർച്ച ചെയ്തു. പൊലീസ് സ്റ്റേഷനുകളിൽ അതിനായി എന്തെല്ലാം സജ്ജീകരണങ്ങൾ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നതിനെക്കുറിച്ചാണ് നമ്മൾ ചിന്തിക്കേണ്ടത്. മയക്കുമരുന്ന് കേസ്

കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രത്യേക വിങ് രൂപീകരിക്കണം. ഓരോ ജില്ലയിലും നാർക്കോട്ടിക് ഡിവൈ.എസ്.പി.-യും അദ്ദേഹത്തിന് ഒരു ഓഫീസും നാലഞ്ച് കസേരകളും ഒന്നുരണ്ട് ഉദ്യോഗസ്ഥരുമുണ്ടാകും. അവർക്കവിടെ പ്രത്യേകിച്ച് ജോലിയൊന്നുമില്ല. അതുകൊണ്ട് എല്ലാ ജില്ലകളിലും പ്രത്യേക വിങ് ആരംഭിക്കണമെന്നാണ് നിർദേശിക്കാനുള്ളത്. അതുപോലെ സ്ത്രീകളെയും കുട്ടികളെയും ഉപയോഗിച്ച് മയക്കുമരുന്ന് കടത്തുന്നത് വ്യാപകമായിരിക്കുന്നതിനാൽ വനിതാ പൊലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിക്കുകയും മയക്കുമരുന്ന് വ്യാപനം തടയുന്നതിനുവേണ്ടി പൊലീസ് സ്റ്റേഷനുകൾക്ക് സീക്രട്ട് ഫണ്ട് അനുവദിക്കുകയും ചെയ്യണം. നമ്മുടെ ചർച്ചകളിലൊന്നും ഉൾപ്പെടാത്ത, നമുക്ക് ചിന്തിക്കാൻപോലും കഴിയാത്ത മാഫിയയാണ് മയക്കുമരുന്നിന് പിന്നിൽ പ്രവർത്തിക്കുന്നത്. ഒരു മാഫിയാ സംഘത്തെക്കുറിച്ച് മറ്റൊരു മാഫിയയ്ക്ക് മാത്രമേ അറിയാൻ കഴിയുകയുള്ളൂ. ഈയിടെ കാസർഗോഡ് ജില്ലയിലെ ഒരാൾ ഒരു പൊലീസ് ഉദ്യോഗസ്ഥനെ വിളിച്ച് വൻ മാഫിയാ സംഘത്തെക്കുറിച്ച് വിവരം നൽകിയാൽ പകരം എന്ത് നൽകുമെന്ന് ചോദിക്കുകയുണ്ടായി. ഇൻഫോർമർ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കസ്റ്റംസ് ഡിപ്പാർട്ട്മെന്റ് പലപ്പോഴും സ്വർണ്ണവേട്ട നടത്തുന്നത്. അതിന്റെ ഭാഗമായി ഇൻഫോർമാർക്ക് അവർ റിവാർഡ് നൽകുകയും ചെയ്യും. അതുപോലെ മയക്കുമരുന്നുമായി ബന്ധപ്പെട്ട് വിവരം നൽകുന്നവർക്ക് റിവാർഡ് നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. കൂടാതെ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിക്കുന്നതിനും നർക്കോട്ടിക് ഐഡന്റിഫൈയിങ് കിറ്റ് എല്ലാ ജില്ലകളിലും ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. എല്ലാ മയക്കുമരുന്ന് കേസുകളിലും ശരിയായ ഇൻവെസ്റ്റിഗേഷൻ

നടക്കാത്തതിനാൽ പൊലീസിന് പ്രത്യേക ട്രെയിനിങ് നൽകേണ്ടതും പൊലീസ് സേനയുടെ അംഗബലം വർധിപ്പിക്കേണ്ടതുമുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സഭയിൽനിന്ന് അല്പസമയം മാറിനിൽക്കേണ്ടി വരും. എന്നാൽ ആഭ്യന്തര വകുപ്പിന്റെ ചർച്ച നടക്കുന്ന വേളയിൽ ആഭ്യന്തര വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻപോലും നമ്മുടെ ഗാലറിയിൽ ഇല്ലാത്തത് ശരിയായില്ല. വകുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥൻപോലും ഇവിടെ വന്നിട്ടില്ല. ഗവൺമെന്റ് ഗൗരവമായി കാണേണ്ട പ്രശ്നമാണിത്. ഇത്തരത്തിൽ ഈ സഭയിൽ ഇതിനുമുമ്പ് ഒരിക്കലുമുണ്ടായിട്ടില്ല. എന്തൊരു നിരുത്തരവാദപരമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അങ്ങേയ്ക്ക് ഇതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ചെയർപേഴ്സൺ: അങ്ങയുടെ സമയമാണ് നഷ്ടമാകുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇവിടെത്തെ ചർച്ച മുഴുവൻ ഞാൻ ശ്രദ്ധിക്കുന്നുണ്ട്. സർക്കാരിനുവേണ്ടി പാർലമെന്ററികാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ഞാൻ ഈ സഭയിലുണ്ടല്ലോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഈ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേണമെന്നില്ല. പക്ഷേ ഈ വിഷയം അങ്ങ് ഉൾപ്പെടെ പരിശോധിക്കേണ്ടതുണ്ട്. എത്രയോ കാലങ്ങളായി നമ്മളെല്ലാവരും ഈ സഭയിലുള്ളതാണ്.

ചെയർപേഴ്സൺ: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരായിട്ടുണ്ടോ ഇല്ലയോ എന്നുള്ളത്

പരിശോധിക്കാം.

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിലെ ഗൗരവമായ വിഷയം ചർച്ച ചെയ്യുമ്പോൾ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ ഇതുപോലെ അനാസ്ഥ കാണിക്കുന്ന സാഹചര്യം മേലിൽ ആവർത്തിക്കാതിരിക്കാൻ ബഹുമാനപ്പെട്ട ചെയർ ഇടപെടണമെന്ന് അഭ്യർഥിക്കുന്നു.

ചെയർപേഴ്സൺ: തീർച്ചയായും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പറയാൻ ഉദ്ദേശിച്ച കാര്യമാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സാധാരണഗതിയിൽ സഭയിൽ ഏത് വകുപ്പിന്റെ ചർച്ച നടക്കുമ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകേണ്ടത് ആവശ്യമാണ്. ചെയർ എന്നുള്ള നിലയിൽ അങ്ങ് ഇതുസംബന്ധിച്ച് റൂളിങ് നൽകണമെന്ന് ആവശ്യപ്പെടുകയാണ്.

ചെയർപേഴ്സൺ: തീർച്ചയായും അക്കാര്യം പരിശോധിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാമ്പത്തിക പ്രതിസന്ധിക്കിടയിലും ധനകാര്യ വകുപ്പ് ഉൾപ്പെടെ നിരവധി വകുപ്പുകൾ പുതിയ വാഹനങ്ങൾ വാങ്ങിയെന്ന വാർത്ത കഴിഞ്ഞ ആഴ്ചയിലെ പത്രങ്ങളിൽ വന്നിരുന്നു. പൊലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അവിടെ വാഹനങ്ങൾ കുറവാണ്. അതുപോലെ നിലവിലുള്ള വാഹനങ്ങളിൽ പ്രതികളെയും മോഷ്ടാക്കളെയുമൊക്കെ പിടിക്കൂടാൻ പോയാൽ അവരൊക്കെ ഓടിരക്ഷപ്പെട്ടിട്ടുണ്ടാകും.

ചെയർപേഴ്സൺ: അങ്ങയുടെ പ്രസംഗം കൺക്ലൂഡ് ചെയ്യുക. അങ്ങാണ്

വഴങ്ങികൊടുത്തത്. അങ്ങ് വഴങ്ങുമ്പോൾ ആദ്യമേ ചെയർ പറഞ്ഞിരുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മന്ത്രിയും മുൻമന്ത്രിയും ചോദിക്കുമ്പോൾ ഞാൻ വഴങ്ങണ്ടേ? രണ്ട് മിനിട്ടുകൂടി അനുവദിക്കണം. ഹൈവേ പൊലീസിനുള്ള വാഹനങ്ങളുടെ സ്ഥിതി അതിശോചനീയമാണ്. സ്റ്റിയറിങ്ങും സീറ്റും കയറുകൊണ്ട് കെട്ടിയിട്ടാണ് ആ വാഹനങ്ങൾ ഓടിക്കുന്നത്. ഹൈവേ പൊലീസ് വാഹനങ്ങൾ പോഷ് ആയിരിക്കണം. നാഷണൽ ഹൈവേയുടെ പ്രവൃത്തി പൂർത്തിയാകുമ്പോൾ കൂടുതൽ ടൂറിസ്റ്റുകളെ നാം പ്രതീക്ഷിക്കുന്നുണ്ട്. അപ്പോൾ അതിലൂടെ സഞ്ചരിക്കുന്ന ടൂറിസ്റ്റുകൾക്ക് നമ്മുടെ ഹൈവേ പൊലീസിന്റെ വാഹനങ്ങൾ കണ്ടാൽ എന്ത് ഫീലിങ്ങായിരിക്കുമുണ്ടാകുന്നത്; അതുകൊണ്ട് അക്കാര്യത്തിൽകൂടി സർക്കാർ ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ, പൊലീസുകാർക്ക് എട്ട് മണിക്കൂർ ജോലി എന്നത് നമ്മൾ കുറേക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണ്. ഉത്സവങ്ങളും കുടുംബപരിപാടികളുമൊക്കെ ആഘോഷിക്കാൻ സാധിക്കാത്ത ഒരു വിഭാഗമാണ് കേരളത്തിലെ പൊലീസുകാർ. ഓണം, വിഷു, പെരുന്നാൾ, ക്രിസ്തുമസ് തുടങ്ങിയവയൊക്കെ കുടുംബസമേതം ആഘോഷിക്കുകയെന്ന നമ്മുടെയെല്ലാം ആനന്ദമാണ് പൊലീസുകാർക്ക് ഇല്ലാതാകുന്നത്. (...മൈക്ക് ഓഫ്....)

ശ്രീ. ജോബ് മൈക്കിൾ: സർ, പൊലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും, വാർത്താവിതരണവും പ്രചരണവും, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്നീ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ പൊലീസ്

സേന നവീകരണത്തിന്റെ പാതയിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊലീസ് സേനയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. പൊലീസ് വകുപ്പിൽ ഏകദേശം 5000 സ്ഥിരനിയമനങ്ങൾ നൽകിയതോടൊപ്പം 850-ൽപ്പരം താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുകയും പി.എസ്.സി. മുഖേന ഇരുപതിനായിരത്തിലധികം നിയമനങ്ങൾ നടത്തുകയും ചെയ്ത സർക്കാരാണിത്. കേരളത്തിൽ വനിതകൾക്ക് മാത്രമായി ഒരു പൊലീസ് ബറ്റാലിയൻ ആരംഭിച്ച് പാസിങ് ഔട്ട് പരേഡും നടത്തുകയുണ്ടായി. കേന്ദ്രം സാമ്പത്തികമായി പ്രതിസന്ധിയിലാക്കുമ്പോഴും സംസ്ഥാനത്തെ വരുമാനം വർധിപ്പിക്കുന്നതിനും വികസനക്കുതിപ്പുണ്ടാക്കുന്നതിനും സാധിച്ചുവെന്നത് ചെറിയ കാര്യമല്ല. കോവിഡ് കാലത്ത് എന്ത് സംഭവിച്ചുവെന്ന് ഡോ. മാത്യു കുഴൽനാടൻ ചോദിക്കുകയുണ്ടായി. കോവിഡ് കാലത്ത് മുഖ്യമന്ത്രി മാത്രമല്ല, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗത്തുള്ളവരും ജനങ്ങളും ഒറ്റക്കെട്ടായാണ് പ്രവർത്തിച്ചത്. അതിന്റെ ഫലമായി കേരളത്തിലും ഇന്ത്യയിലും മാത്രമല്ല ലോകത്തുതന്നെ ഏറ്റവും നല്ല കോവിഡ് പ്രതിരോധ പ്രവർത്തനം നടത്തിയ സംസ്ഥാനം കേരളമാണെന്നുള്ള അംഗീകാരം ലഭിച്ചു. കോവിഡ് കാലത്ത് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ നടത്തരുതെന്ന് ആവശ്യപ്പെട്ട് അന്നത്തെ പ്രതിപക്ഷം കോടതിയെ സമീപിച്ചത് അങ്ങ് ഓർക്കുന്നുണ്ടാകും. എന്നാൽ കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തി. അന്ന് ആ പരീക്ഷ നടത്താതിരുന്നെങ്കിൽ കേരളത്തിലെ പാവപ്പെട്ട വിദ്യാർഥികളുടെ ഒരു വർഷം നഷ്ടപ്പെടുമായിരുന്നുവെന്നത് പ്രത്യേകമായി ഓർക്കണം. ഇവിടെ കാലത്തിന്റെ മാറ്റമാണ് നയമാറ്റം. കാലത്തിനനുസരിച്ച് നയം മാറുമെന്നതിൽ യാതൊരു തർക്കവും

നമുക്കാർക്കുമില്ല. ശ്രീ. ഇ. ചന്ദ്രശേഖരൻ സൂചിപ്പിച്ചതുപോലെ, മാർച്ച് മാസം 15-ാം തീയതി കേരളത്തിന്റെ പൊലീസ് വകുപ്പ് മുഖ്യമായ ഒരുകാര്യം ഏറ്റെടുത്തു. വനിതകൾക്കും കുട്ടികൾക്കും പരാതിയുമായി കടന്നുചെല്ലാൻ സാധിക്കുന്ന തരത്തിൽ കുടുംബശ്രീയുമായി ചേർന്ന് എല്ലാ ഡിവൈ.എസ്.പി. ഓഫീസിനുകീഴിലും പ്രത്യേക സജ്ജീകരണത്തോടുകൂടി 'സ്നേഹിത' എന്ന പേരിൽ ഒരു സെന്റർ ആരംഭിച്ചു. ചങ്ങനാശ്ശേരി ഡിവൈ.എസ്.പി. ഓഫീസിനുകീഴിലുള്ള സെന്റർ ഞാനാണ് ഉദ്ഘാടനം ചെയ്തത്. സ്ത്രീകൾക്കും കുട്ടികൾക്കും ആഴ്ചയിൽ രണ്ട് ദിവസം അവിടെ വന്ന് പരാതികൾ പറയാനും അവർക്ക് കൗൺസലിങ്ങിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മാറ്റമൊന്നും നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. ഇവിടെ സൈബർ കേസുകളുടെ അന്വേഷണം സംബന്ധിച്ച് സൂചിപ്പിച്ചു; അതിന് നേതൃത്വം നൽകുന്ന ശ്രീ. മനോജ് എബ്രഹാം ഉൾപ്പെടെയുള്ള എല്ലാ പൊലീസ് ഓഫീസർമാരെയും ഞാൻ അനുമോദിക്കുകയാണ്. സൈബർ രംഗത്ത് വളരെ ശക്തമായാണ് അവർ ഇടപെടുന്നത്. കേരളത്തിലെ ഡോക്ടർമാർ, കോളേജ് പ്രൊഫസർമാർ തുടങ്ങിയവർ മാത്രമല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ സൈബർ തട്ടിപ്പിന് വിധേയരായിക്കൊണ്ടിരിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. അതിനൊരു അറുതി വരുത്താൻ കേരള പൊലീസിന് സാധിച്ചതിൽ മുഖ്യമന്ത്രിയെയും പോലീസ് സേനയെയും ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. സൈബർ കുറ്റവാളികളെ കണ്ടുപിടിച്ച് തുറുങ്കിലടയ്ക്കാൻ ശക്തമായ നടപടികളുണ്ടായി. സംസ്ഥാന പൊലീസ് സേനയിലെ 25 പൊലീസ് ഉദ്യോഗസ്ഥർക്ക് ഡാർക്ക് വെബ് മേഖലയിലും 75 പേർക്ക് സൈബർ സെക്യൂരിറ്റിയിലും 50 പേർക്ക് ക്രിപ്റ്റോ കറൻസിയിലും പ്രമുഖ ഏജൻസി മുഖാന്തരം

ആധുനിക പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാന പൊലീസിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 20 സബ് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി സൈബർ കമാൻഡോ വിഭാഗം രൂപീകരിക്കുകയും 360 ഓഫീസർമാർ ഉൾപ്പെടെ 860 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനും തടയുന്നതിനുംവേണ്ടി പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ സൈബർ കുറ്റവാളികൾ ഓടിമറയുകയാണ്. നമ്മുടെ അടുത്ത ലക്ഷ്യം ലഹരിക്കെതിരായ പോരാട്ടമാണ്. ഇന്നലെ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി '24' ന്യൂസ് ചാനലിൽ ശ്രീ. ആർ. ശ്രീകണ്ഠൻനായരുമായുള്ള അഭിമുഖത്തിൽ പറഞ്ഞത്, ലഹരിക്കെതിരെ വളരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ അടുത്ത മാസം മുതൽ ലഹരി മാഫിയയെ പിടിച്ചുകെട്ടുമെന്നും അവയെ ഇനി കേരളത്തിൽ മുന്നോട്ടുപോകാൻ അനുവദിക്കില്ലെന്നുമാണ്. പ്രതിപക്ഷ-ഭരണകക്ഷിയെന്നോ യുവജന/വിദ്യാർഥി സംഘടനയെന്നോ നോക്കാതെ ലഹരികടത്തിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. മുഖം നോക്കി നടപടിയെടുക്കുന്ന പൊലീസല്ലാത്തതുകൊണ്ടാണ് കളമശ്ശേരിയിൽ കൃത്യമായ അറസ്റ്റ്, റിമാൻഡ് എന്നിവയുണ്ടായതും അതിനുശേഷം അവരെ കൽതുറുങ്കിലടച്ചതും. അതിൽ ആരൊക്കെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് നിങ്ങൾ ആലോചിച്ച് പറഞ്ഞാൽ മതി. ഇന്ന് സ്നിഫർ ഡോഗുകൾക്ക് പരിശീലനം നൽകുന്നുണ്ട്. എയർപോർട്ടുകളിൽ പോകുമ്പോൾ ഒരു നായ വന്ന് ബാഗുകളൊക്കെ മണത്ത് നോക്കുന്നത് നാം കാണാറുണ്ട്. അത്തരം സ്നിഫർ ഡോഗുകളെ പരിശീലിപ്പിച്ചുകൊണ്ട് പൊലീസ് ഓരോ ജില്ലയിലെയും ഗ്രാമഗ്രാമാന്തരവും പൊലീസ് സബ്ഡിവിഷൻ കേന്ദ്രീകരിച്ചും പരിശോധന നടത്തണം. പൊലീസിനെയും എക്സൈസിനെയും കൂടുതൽ കാര്യക്ഷമമാക്കി വളരെ ശക്തമായി

ലഹരിക്കെതിരെ പോരാടണം. ബസ് ടെർമിനലുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാഴ്സൽ സർവീസ് സെന്ററുകൾ, ചരക്കുഗതാഗതം നടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിലൊക്കെ ശക്തമായ പരിശോധന നടത്തി ലഹരിയെ അമർച്ച ചെയ്യാൻ നമുക്ക് സാധിക്കണം. കോവിഡ് വ്യാപനത്തിനെതിരെ നടത്തിയ ശക്തമായ പ്രവർത്തനത്തിന് എത്രയോ പൊലീസ് ഉദ്യോഗസ്ഥർക്കും പൊലീസ് സ്റ്റേഷനുകൾക്കും അവാർഡ് ലഭിച്ചു. അന്ന് ജീവൻ പണയം വച്ചുകൊണ്ട് കേരള പൊലീസ് പ്രവർത്തിച്ചെങ്കിൽ ലഹരിക്കെതിരെയുള്ള പോരാട്ടത്തിലും അവർ കേരളത്തിന്റെ മുഖ്യമന്ത്രിക്കൊപ്പം ശക്തമായിട്ടുണ്ടാകും. ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ മതസംഘടനയെന്നോ സാമൂഹ്യ പ്രവർത്തകരെന്നോ വ്യത്യാസമില്ലാതെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ലഹരിക്കെതിരെ പോരാടാൻ രംഗത്തിറങ്ങണമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

01.00 p.m]

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പാർട്ടിയും ഒരാശയത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനവുമെന്ന നിലയിലാണ് ഞാൻ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ കണ്ടിരുന്നത്. എന്നാൽ കാസർഗോഡ് മണ്ഡലത്തിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറഞ്ഞത് അവരുടെ പ്രത്യയശാസ്ത്രവും ആശയവുമെല്ലാം ഭക്ഷണമാണെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ അവർ കാമ്പയിന്റെ ഭാഗമായാണ് ആളുകളെ ക്ഷണിക്കുന്നതെന്ന രൂപത്തിലാണ് അദ്ദേഹമിവിടെ സംസാരിച്ചത്.

എന്തുകൊണ്ടാണ് അങ്ങനെയൊരു മാറ്റം വന്നതെന്ന് എനിക്കറിയില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെപോലെയുള്ളൊരു പാർട്ടിയുടെ പ്രത്യയശാസ്ത്രവും ആശയവും ബിരിയാണിച്ചെമ്പാണെന്ന് പറയുന്നതിന് മടിയില്ലാത്ത അംഗങ്ങളുണ്ടാകുന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം സങ്കടവും ആശങ്കയും ഉളവാക്കുന്നതാണ്. മറ്റൊന്ന്, നേരത്തെ മൂവാറ്റുപുഴ അംഗം ഡോ. മാത്യു കുഴൽനാടൻ പ്രസംഗിച്ചപ്പോൾ, ഇടതുപക്ഷത്തിന് വൈകിയാണ് ബുദ്ധി വരുന്നതെന്നും അതിന്റെ ഭാഗമായി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരുപാട് കാലതാമസമുണ്ടാകുന്നുവെന്നും അതുകൊണ്ട് കേരളത്തിന് വലിയ നഷ്ടമാണുണ്ടായതെന്നും സൂചിപ്പിച്ചു. അദ്ദേഹം എന്തുകൊണ്ടാണ് അങ്ങനെ പറയുന്നതെന്ന് ഞാൻ ആലോചിച്ചു. അപ്പോൾ കോൺഗ്രസിന്റെ നിലപാടെന്താണെന്ന് സ്വാഭാവികമായും പരിശോധിക്കേണ്ടതുണ്ട്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസ് പാർട്ടിയുടെ നിലപാട് ഇന്നത്തെ കാലഘട്ടത്തിനുതകുന്ന വികസന കാഴ്ചപ്പാടുകളെ ഉൾക്കൊള്ളാൻ കഴിയുന്ന നിലയിലാണെങ്കിൽ കെ-റെയിൽ പദ്ധതിക്കായി സ്ഥാപിച്ച മഞ്ഞക്കുറ്റി ഉയർത്തിപ്പിടിച്ചുകൊണ്ട് ആഹ്ലാദ നൃത്തം നടത്തുന്ന കോൺഗ്രസ് പ്രവർത്തകരെ കാണാൻ കഴിയുന്നത് എന്തുകൊണ്ടാണ്? കാലഘട്ടത്തിന്റെ മാറ്റത്തെ ഉൾക്കൊള്ളാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് കഴിയുന്നില്ല. അതുകൊണ്ടാണല്ലോ കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും അംഗീകരിച്ച ദേശീയപാത വികസനം 30 മീറ്റർ വീതിയിൽ നടത്താൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചിട്ടും മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അതിൽ ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിയാതെ ദേശീയപാത അതോറിറ്റിക്ക് ഓഫീസ് പൂട്ടിപ്പോകേണ്ട ഗതികേടുണ്ടായത്. നിങ്ങൾക്ക് എന്ത് കാഴ്ചപ്പാടാണുള്ളത്? കെ-റെയിൽ പോലെ മറ്റൊരു പ്രധാന

പദ്ധതിയായ ഗെയിൽ പൈപ്പ് ലൈനും നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പറയുന്നത് ഏതുതരം രാഷ്ട്രീയ വികസന കാഴ്ചപ്പാടാണ്? എന്റെ നാട്ടിലൂടെ കടന്നുപോകുന്നതും വയനാട് ജില്ലക്കാർക്ക് ഏറ്റവും ആവശ്യമായതുമായ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പറയുന്നത് പ്രതിപക്ഷത്തിന്റെ ഏതുതരം നിലപാടാണ്? ദേശീയപാത വികസനം വന്നപ്പോൾ വയൽ സംരക്ഷിക്കണമെന്ന് പറഞ്ഞ് വയൽകിളികൾക്കൊപ്പം സമരം നടത്തുന്ന കോൺഗ്രസിന്റെ നിലപാട് ഈ കാലഘട്ടത്തിനുതകുന്നതാണോയെന്ന് ആത്മാർഥതയോടെ പരിശോധിക്കേണ്ടത് ഡോ. മാത്യു കുഴൽനാടനും അദ്ദേഹത്തിന്റെ പാർട്ടിയുമാണെന്ന് സന്ദർഭവശാൽ സൂചിപ്പിക്കുകയാണ്. കേരളം വ്യവസായ രംഗത്ത് ഒന്നാമതാണെന്നത് അദ്ദേഹത്തിന് അംഗീകരിക്കാനേ കഴിയുന്നില്ല. കഴിഞ്ഞ ദിവസങ്ങളിലൊക്കെ നടത്തിയ ചർച്ചയുടെ ഭാഗമായി അദ്ദേഹം ഉന്നയിക്കുന്നത് കേരളം ഒന്നാമതല്ല എന്നാണ്. ഞങ്ങൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. രാജ്യത്തെ ഏറ്റവും പ്രമുഖ വ്യവസായികൾ ഇവിടെ വന്ന് നിക്ഷേപം നടത്തി കേരളത്തെ അഭിനന്ദിക്കുമ്പോഴും കേരളം പിറകിലാണെന്ന് പറയുന്ന മാനസികാവസ്ഥ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സഹായമാകുമോയെന്ന് നിങ്ങൾ പരിശോധിക്കണം. ഏതെല്ലാം നിലയിലുള്ള വലിയ വികസന പ്രവർത്തനങ്ങളാണ് വ്യവസായ മേഖലയിൽ നമുക്ക് കൊണ്ടുവരാൻ കഴിഞ്ഞത്. ഓട്ടോമേഷൻ രംഗത്തെ പ്രമുഖ ജർമ്മൻ കമ്പനി ഡി-സ്പേസ് ടെക്നോളജീസിന്റെ പ്രവർത്തനം കേരളത്തിലാണ് ആരംഭിച്ചത്. മാരിടൈം മേഖലയിൽ ലോകോത്തര കമ്പനിയായ കോങ്സ്ബർഗ് കേരളത്തിൽ ഓഫീസ് ആരംഭിച്ചു. 300 കോടി രൂപ മുതൽമുടക്കിൽ കേരളത്തിലെ ആദ്യ ക്രെയിൻ നിർമ്മാണ യൂണിറ്റ് തൃശ്ശൂരിലാണ് ആരംഭിച്ചത്.

ലോകത്തിലെതന്നെ എയ്റോസ്പേസ്, ഡിഫൻസ് മേഖലകളിലെ പ്രധാനികളായ സഫ്രാൻ കേരളത്തിൽ അവരുടെ ആദ്യത്തെ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊച്ചി സർവകലാശാലയിൽ 20 കോടി രൂപ ചെലവിൽ ഇന്നവേഷൻ ലാബ് സ്ഥാപിക്കുമെന്ന് സിന്തൈറ്റ് ഗ്രൂപ്പ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ലോകത്തിലെ പ്രമുഖ വ്യവസായികളും കേരളത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കൊയ്ത സർവ്വശ്രീ യൂസഫലി, രവിപിള്ള പോലെയുള്ളവരും നമ്മുടെ നാടിന്റെ ബിസിനസ് രംഗത്തെ കൈപിടിച്ചുയർത്തുന്ന നിരവധി നിക്ഷേപകരും കേരളത്തെക്കുറിച്ച് അഭിമാനബോധത്തോടുകൂടി സംസാരിക്കുമ്പോൾ കേരളത്തെ മുന്നോട്ടുനയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും ഭാഗമായിട്ടുള്ളവർ കേരളം പിറകിലാണെന്ന് സ്ഥാപിക്കാൻ നടത്തുന്ന വ്യഗ്രത എന്തിനുവേണ്ടിയാണെന്നത് ഗൗരവത്തോടുകൂടി സഭ ചർച്ച ചെയ്യണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

ഈ രാജ്യത്ത് ഏറ്റവും മികച്ചനിലയിൽ പൊലീസിന്റെ പ്രവർത്തനം നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. രാജ്യത്തെ ക്രമസമാധാനപാലന രംഗത്ത് ഏറ്റവും മികച്ചനിലയിൽ പ്രവർത്തിച്ചുകൊണ്ട്, പൊലീസിന്റെ ആത്മാർഥതയെയും അർപ്പണബോധത്തെയും ഏറെ സ്നേഹത്തോടെ ചേർത്തുപിടിക്കുന്ന ഒരു നാടായി കേരളം മാറിയിട്ടുണ്ട്. പൊലീസുകാർക്കിടയിൽ തെറ്റായ പ്രവണതകളുണ്ടാകാറുണ്ട്. എന്നാൽ അതിനോട് മുഖംതിരിഞ്ഞ സമീപനമല്ല ഈ സർക്കാർ സ്വീകരിക്കുന്നത്. കേരള ഗവൺമെന്റിന്റെ ചരിത്രത്തിൽ പൊലീസ് സേനയിലെ 108 പേരെ സർവീസിൽനിന്നും പിരിച്ചുവിട്ട ഒരു ഗവൺമെന്റാണിത്. കുറ്റക്കാരെ സേനയിൽ വച്ചുപൊറുപ്പിക്കുന്ന സ്വഭാവം ഞങ്ങൾക്കില്ല. ഈ

ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ പൊലീസ് സേനയിലുള്ള വനിതകളുടെ അംഗബലം കേവലം 6 ശതമാനം മാത്രമായിരുന്നത് ഇപ്പോൾ പതിനൊന്ന് ശതമാനമായി. ഇരുപതിനായിരത്തോളം പേരെ കഴിഞ്ഞനാളുകളിലായി കേരളത്തിലെ പൊലീസ് സേനയിലേക്ക് പുതിയതായി റിക്രൂട്ട് ചെയ്തിരിക്കുകയാണ്. ഇത്തരത്തിൽ എല്ലാനിലയിലും പൊലീസ് സേനയെ കാര്യക്ഷമമാക്കിയും രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന സൈബർ ക്രൈം പോലെയുള്ള പ്രതിസന്ധികളിൽ ക്രിയാത്മക നടപടികൾ സ്വീകരിച്ചും രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ പൊലീസ് സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു ഗവൺമെന്റായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറുകയാണ്. എല്ലാവർക്കും ഓർമ്മയുള്ളതുപോലെ കേരളത്തിന്റെ മുൻആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കോടിയേരി ബാലകൃഷ്ണനാണ് കേരളത്തിലെ പൊലീസിനെ ജനകീയമാക്കണമെന്ന ആശയം മുന്നോട്ടുവച്ചത്. ജനകീയ പൊലീസ് സംവിധാനം കൊണ്ടുവരുന്നതിനായി ജനമൈത്രി പൊലീസ് എന്ന ആശയം അദ്ദേഹമാണ് കൊണ്ടുവന്നത്. കൂട്ടിപ്പോലീസ് എന്നതും അദ്ദേഹത്തിന്റെ ആശയമായിരുന്നു. സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി കേരളത്തിന്റെ അഭിമാനമായി മാറിക്കഴിഞ്ഞു. ഏതൊരു മനുഷ്യനും ഏതവസരത്തിലും പൊലീസ് സ്റ്റേഷനിലേക്ക് കയറിച്ചെല്ലാനും അവരുടെ ആവശ്യങ്ങളും സങ്കടങ്ങളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ധൈര്യസമേതം പറയാനും കഴിയുന്ന അവസ്ഥയിലേക്ക് പൊലീസ് സ്റ്റേഷനുകൾ മാറിയിട്ടുണ്ടെങ്കിൽ, അത്തരത്തിലുള്ള മാറ്റങ്ങൾ പൊലീസ് സ്റ്റേഷനുകളിൽ വന്നിട്ടുണ്ടെങ്കിൽ അതിൽ ഏറ്റവും നിർണ്ണായക പങ്ക് വഹിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്ന് നിസ്സംശയം പറയാൻ സാധിക്കും.

2024 ജൂലൈ മാസം 30-ാം തീയതി വയനാട് ജില്ലയിലുണ്ടായ വലിയ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് നാം നിൽക്കുന്നതെന്ന് ഈ അവസരത്തിൽ ഓർക്കുകയാണ്. 2025 മാർച്ച് മാസം 27-ാം തീയതി കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി അവിടെ ദുരന്തബാധിതർക്കായി നിർമ്മിക്കുന്ന ടൗൺഷിപ്പിന്റെ തറക്കല്ലിടാൻ പോകുകയാണ്. വളരെ സന്തോഷകരമായ കാര്യമാണ് മാർച്ച് 27-ന് നടക്കുന്നത്. ദുരന്തത്തിന്റെ ഭാഗമായി ആ നാടിനെ ചേർത്ത് പിടിക്കുന്നതിന് കേരള ഗവൺമെന്റ് കാണിച്ച അത്യുജ്ജ്വല പ്രവർത്തനം ഇതിനുപിന്നിലുണ്ട്. അതിനെ ഇകഴ്ത്താൻ യു.ഡി.എഫ്.-ഉം മാധ്യമങ്ങളുമുൾപ്പെടെ എങ്ങനെയൊക്കെ ശ്രമിച്ചാലും സാധിക്കില്ല. വയനാട്ടിലെത്തിയ പ്രധാനമന്ത്രി ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട "നൈസ മോളെ" എടുത്തുചേർത്തുപിടിച്ചുകൊണ്ട് അവളുടെ സ്വപ്നങ്ങളെല്ലാം കേട്ടപ്പോൾ നമുക്ക് വലിയ പ്രതീക്ഷയായിരുന്നു, ആ ദുരന്തമുഖത്തേക്ക് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാകുമെന്ന് കരുതിയിരുന്ന നാളുകളാണ് കഴിഞ്ഞുപോയത്. എന്നാൽ നൈസ മോൾക്ക് ഒരു പുത്തൻ ഉടുപ്പ് വാങ്ങിക്കൊടുക്കാനുള്ള പണം അനുവദിക്കാത്തവരായി കേന്ദ്രഗവൺമെന്റ് മാറുന്ന സാഹചര്യത്തിലാണ്, ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ഏറ്റവും ക്രിയാത്മക ഇടപെടൽ നടത്തുന്നത്. രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായ പുനരധിവാസം നടപ്പാക്കാൻ ഈ ഗവൺമെന്റിന് സാധിക്കും. അതിനാവശ്യമായ ക്രിയാത്മക ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ ഗവൺമെന്റ് നടത്തുന്ന വികസന/ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന നിലയിൽ എല്ലാവരും കൈകോർത്ത് നിന്നതുപോലെ ദുരിതം അനുഭവിക്കുന്ന

ഒറ്റമനുഷ്യനെയും വിട്ടുപോകാതെ എല്ലാവരുടെയും ദുരിതങ്ങളും പ്രയാസങ്ങളും കണ്ടുകൊണ്ട് അവരെ ചേർത്തുപിടിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. എല്ലാവരെയും കാത്തുസംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് നമ്മൾ മുന്നോട്ടുപോകും. അങ്ങനെ മുന്നോട്ടുപോകുന്ന ഘട്ടത്തിലും കേന്ദ്രഗവൺമെന്റ് നമുക്ക് ഒന്നും തരുന്നില്ലെന്നുമാത്രമല്ല, ബഹുമാനപ്പെട്ട ഹൈക്കോടതിക്കുപോലും വിമർശിക്കേണ്ടി വരുന്ന സ്ഥിതിയാണുണ്ടാകുന്നത്. വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഹെലികോപ്ടർ ഉപയോഗിച്ചതിന്റെ ഭാഗമായി 132 കോടി രൂപയും ആവശ്യപ്പെട്ടിരിക്കുകയാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ലിന്റോ ജോസഫ്: സർ, ഇത്തരത്തിൽ കേന്ദ്ര ഗവൺമെന്റ് തെറ്റായ നടപടികൾ സ്വീകരിക്കുമ്പോഴും ദുരന്തമേഖലയായ വയനാടിനെ ചേർത്തുപിടിച്ച് വളരെ സ്നേഹത്തോടെയും കരുതലോടെയുമാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും നാടിന്റെയാകെ പിന്തുണ ഉണ്ടാകണമെന്നുമാത്രം അഭ്യർഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. ക്രമസമാധാനം ഇതുപോലെ തകർന്നൊരു കാലഘട്ടം കേരളത്തിൽ മുൻപുണ്ടായിട്ടുണ്ടോ? ഉറങ്ങാൻ കിടന്നാൽ പിറ്റേദിവസം ഉണർന്നെഴുന്നേൽക്കുമ്പോൾ തലയുണ്ടോയെന്ന് ഉറപ്പിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുള്ള ഭയാനകമായ സാഹചര്യത്തിലൂടെയാണ്

കേരളം മുന്നോട്ടുപോകുന്നത്. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ കേരളത്തിൽ ഏകദേശം 75 കൊലപാതകങ്ങൾ നടന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ കൊലപാതകങ്ങളുടെയൊക്കെ ഉറവിടം അന്വേഷിച്ചുപോകുമ്പോൾ ആഭ്യന്തര വകുപ്പിന്റെ പരാജയം നിഴലിച്ച് കാണാൻ സാധിക്കും. ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത് ലഹരി, ലഹരിമാഫിയ, ലഹരിക്കെതിരെയുള്ള സർക്കാരിന്റെ കാമ്പയിൻ എന്നിവയെക്കുറിച്ചാണ്. സംസ്ഥാനത്തെ എക്സൈസ്, പൊലീസ് സംവിധാനങ്ങളുടെ സമ്പൂർണ്ണ പരാജയം ഇവിടെ കാണാൻ സാധിക്കുന്നുണ്ട്. അടുത്ത ഘട്ടംമുതൽ ലഹരിക്കെതിരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഇപ്പോൾ നിങ്ങൾ പറയുമ്പോൾ അതിന്റെ അർഥം ഈ വിഷയത്തിൽ ഇത്രയുംകാലം ഒന്നുംചെയ്തിട്ടില്ലെന്നും പൂർണ്ണപരാജയമായിരുന്നുവെന്നുമല്ലേ? ഇവിടെയുള്ള എക്സൈസ് സംവിധാനം ഇന്നലെയും ഇന്നുമൊന്നും പൊട്ടിമുളച്ചതല്ല. ഇത്രയുംകാലം നിങ്ങൾ എവിടെയായിരുന്നു; ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന റെയ്ഡ് ഉൾപ്പെടെയുള്ളവ വളരെ നേരത്തേതന്നെ തുടങ്ങേണ്ടതായിരുന്നില്ലേ? ലഹരി മാഫിയാസംഘങ്ങൾ ഇവിടെ വിലസിക്കൊണ്ടിരിക്കുന്നത് നിങ്ങളുടെ തണലിലാണ്. ഈ മാഫിയാ സംഘങ്ങൾക്കെതിരെ ചെറുവിരലനക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. ലഹരിവസ്തുക്കളുടെ ഉറവിടം എവിടെയാണെന്ന് കണ്ടെത്തണ്ടേ; അതിനായി ഏതുതരത്തിലുള്ള പരിശോധനകളാണ് നടത്തുന്നത്; അതിനായി നിങ്ങൾ നൽകുന്ന നിർദേശങ്ങൾ എന്തൊക്കെയാണ്? ഇത്തരം കേന്ദ്രങ്ങളിൽ ലഹരി പാർട്ടികൾ നടത്തുമ്പോൾ അവിടെ നിങ്ങൾ നിശബ്ദരാകുകയാണ്. കേരളത്തിലെ ഇന്റലിജൻസ് വിഭാഗത്തിന് ഇക്കാര്യങ്ങളൊന്നും അറിയാൻ സാധിക്കുന്നില്ലെങ്കിൽ അത്തരമൊരു സംവിധാനം എന്തിനാണ്? ലഹരിപാർട്ടികളും

സംഘട്ടനങ്ങളും നടന്നിട്ടും ലഹരി വസ്തുക്കൾ ആര് കൊണ്ടുവരുന്നു, ഉറവിടം എവിടെയാണ് തുടങ്ങിയ വിവരങ്ങളൊന്നും ഇന്റലിജൻസിന് ലഭ്യമാകുന്നില്ലെങ്കിൽ ഈ സംവിധാനംകൊണ്ട് എന്ത് അർഥമാണുള്ളത്? ഈ നാട് നമ്മുടെ നാട് എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ പ്രസംഗങ്ങളിലും ആവർത്തിക്കുന്ന ഒരു കാര്യമാണ്. പക്ഷേ നമ്മുടെ നാട് കഴിഞ്ഞ പത്ത് വർഷങ്ങളായി കൊലപാതകികളുടെയും അക്രമികളുടെയും ക്രിമിനലുകളുടെയും മയക്കുമരുന്ന് സംഘങ്ങളുടെയും സ്ത്രീപീഡകരുടെയും കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം വന്നുചേർന്നിട്ടുണ്ട്. ക്രമസമാധാനം തകർന്നു എന്നുമാത്രമല്ല, സേനയിൽ അങ്ങേയറ്റം വർഗീയ ചേരിതിരിവ് സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളും നടക്കുകയാണ്. ക്രമസമാധാനച്ചുമതലയുള്ള എ.ഡി.ജി.പി., ആർ.എസ്.എസ്. നേതാക്കളുമായി മണിക്കൂറുകൾ ചർച്ചനടത്തുകയാണ്. എന്തിനെക്കുറിച്ചാണ് ചർച്ച നടത്തിയതെന്ന് ഈ സഭയെ ബോധ്യപ്പെടുത്തിയോ; പ്രസ്തുത പോലീസ് ഓഫീസർക്ക് വർഗീയശക്തികളുമായുള്ള ബന്ധം എന്താണ്? തൃശ്ശൂർപൂരം കലക്കിയതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിലും പ്രസ്തുത വ്യക്തി പങ്കാളിയാകുന്നു. ഇതിലെല്ലാം ഗവൺമെന്റ് എതുതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചത്? സംസ്ഥാനത്തിന്റെ ക്രമസമാധാനച്ചുമതലയുള്ള എ.ഡി.ജി.പി.-ക്ക് വർഗീയ ശക്തികളുമായി ബന്ധമുണ്ടായിട്ടും ഡി.ജി.പി സ്ഥാനത്തേക്കുള്ള ലിസ്റ്റിൽ അദ്ദേഹത്തെ ഉൾപ്പെടുത്തിയെന്നാണ് കേട്ടത്. ഈ വർഗീയശക്തികളുമായി നിങ്ങൾ എത്രമാത്രം ബന്ധപ്പെട്ടുപോകുന്നു എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ് ഈ സംഭവം. ഇത്തരത്തിൽ അനേകം പ്രശ്നങ്ങൾ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

മദ്യനയത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഇവിടെ ഇഷ്ടംപോലെ മദ്യമൊഴുക്കുന്ന

സമീപനമാണ് സ്വീകരിക്കുന്നത്. സ്ത്രീകളെയും കുട്ടികളെയും തീരാവേദനയിലേക്ക് തള്ളിവിടുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടാകുകയാണ്. ഈ നാട്ടിലെ സ്ത്രീകൾ അങ്ങേയറ്റം ദുരിതമനുഭവിക്കുകയാണ്. മദ്യ നിരോധനമല്ല, മദ്യവർജനമാണ് നയമെന്ന് ആണയിടുകയും അതോടൊപ്പം ഇഷ്ടംപോലെ മദ്യശാലകൾ തുറക്കുകയുംചെയ്യുന്ന സമീപനം സ്വീകരിക്കുകയാണ്. ടൂറിസം വികസനമെന്ന് ഏതുനേരവും ഉരുവിട്ടുകൊണ്ടിരിക്കുന്ന ഒരു സർക്കാരായിട്ടും മന്ത്രിമാർ ടൂറിസം എന്ന ലേബലിൽ യാതൊരു മടിയുമില്ലാതെ മദ്യക്കമ്പനികളെ ഇവിടേയ്ക്ക് ആനയിക്കുകയാണ്. കുടിവെള്ളം മുടങ്ങിയാലും മദ്യം വിളമ്പുമെന്ന യുക്തി ഏത് കമ്മ്യൂണിസത്തിന്റേതാണ്? ആ കമ്മ്യൂണിസ്റ്റുകാരാണ് മദ്യക്കമ്പനികളെ ഇവിടേക്ക് ആനയിക്കുന്നത്. സി.പി.ഐ.(എം.)-കാർ മദ്യം കുടിച്ചില്ലെങ്കിലും നാട്ടുകാർ മദ്യം കുടിച്ച് മരിക്കട്ടേ എന്നതാണോ സർക്കാരിന്റെ നയം എന്നറിയാൻ ആഗ്രഹമുണ്ട്. കേരളത്തിലെ ജയിലുകൾ കുറ്റവാളികളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. എന്നാൽ അതിന് ആനുപാതികമായി ഉദ്യോഗസ്ഥരെ നിയമിക്കുന്നില്ല എന്നതാണ് ജയിലുകളിലെ അവസ്ഥ. അട്ടക്കുളങ്ങര വനിതാ ജയിൽ അവിടെനിന്നും മാറ്റാൻപോകുന്നുവെന്നും അതിനുള്ള നിർദേശമുണ്ടായതായും കേൾക്കാനിടയായി. സ്ത്രീകൾമാത്രം തടവുകാരായുള്ള ജയിലുകൾ പുരുഷ തടവുകാർ താമസിക്കുന്ന ഇടങ്ങളിലേക്ക് മാറ്റിക്കഴിഞ്ഞാൽ സ്ത്രീ തടവുകാരും ജീവനക്കാരും വളരെയധികം ദുരിതമനുഭവിക്കുന്ന സാഹചര്യമുണ്ടാകും. ജയിലുകളിലെല്ലാം അങ്ങേയറ്റം മോശമായ സാഹചര്യമാണ് നിലനിൽക്കുന്നത്. വിവിധ കേസുകളിലെ പ്രതികൾക്ക് ജാമ്യം അനുവദിക്കുന്നതിലെ വീഴ്ച ആഭ്യന്തര വകുപ്പിന്റെ പരാജയമാണ്. പ്രതികൾക്കെല്ലാം ഇഷ്ടംപോലെ പരോൾ

അനുവദിക്കുകയാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്ന് ഇരുപത്തിനാല് മണിക്കൂറും ആണയിടുന്ന ഈ സർക്കാർ, ഈ കേസിലെ പ്രതികൾക്ക് പുറത്തുകടക്കാനുള്ള അനുവാദം ഇഷ്ടംപോലെ നൽകുമെന്ന് കാണിക്കുകയാണ്. ആ കേസിലെ കുറ്റവാളികളെ ജയിലിൽ കിടത്താൻ സൗകര്യമില്ല, അവരെ ജയിലിനുപുറത്തുതന്നെ താമസിപ്പിക്കുമെന്നാണ് സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇങ്ങനെ അവർക്കുമാത്രം ഇഷ്ടംപോലെ പരോൾ കിട്ടുന്നത് എങ്ങനെയാണ്? ക്രിമിനൽ കേസുകളിൽ അകപ്പെട്ട എത്രയോപേർ ജയിലുകളിലുണ്ട്. അവർക്കൊക്കെ ഇത്തരത്തിൽ പരോൾ അനുവദിച്ചുകൊടുത്തിട്ടുണ്ടോ? ഇക്കാര്യം പരിശോധിക്കപ്പെടണം. ഏതെങ്കിലും കേസിലെ പ്രതികൾക്ക് ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെപ്പോലെ പരോൾ ലഭ്യമായിട്ടുണ്ടോ? പ്രസ്തുത കേസിലെ പ്രതി കെ. സി. രാമചന്ദ്രന് 1308 ദിവസം പരോൾ ലഭിച്ചു. ഇത് ആറ് മാസം മുമ്പുള്ള കണക്കാണ്. 1308 ദിവസം ഒരു കേസിലെ പ്രതിക്ക് പരോൾ കിട്ടുകയാണ്! ഈ കേസിലെ പ്രതികളായ ടി. കെ. രജീഷിന് 1167 ദിവസവും ട്രൗസർ മനോജിന് 1295 ദിവസവും അണ്ണൻ സിജിത്തിന് 1305 ദിവസവും പരോൾ ലഭിച്ചിരിക്കുകയാണ്. ആയിരവും ആയിരത്തി മുന്നൂറ്റിയഞ്ചും ദിവസങ്ങൾ പരോൾ നൽകിക്കൊണ്ട് നിങ്ങൾ ഈ പ്രതികളെ സംരക്ഷിക്കുന്നത് എന്തിനാണെന്നത് വളരെ വ്യക്തമല്ലേ? ഈ കൊലപാതകത്തിനുപിന്നിൽ, നിങ്ങൾ പറഞ്ഞ ആജ്ഞ നിറവേറ്റുകയാണ് അവർ ചെയ്തത്. അതുകൊണ്ട് അവരെ നിങ്ങൾക്ക് സംരക്ഷിക്കേണ്ടിയിരിക്കുന്നു; അതിന്റെ ഭാഗമായാണ് പ്രസ്തുത നടപടി സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യങ്ങൾ ജയിൽ വകുപ്പ് പരിശോധിക്കുന്നുണ്ടോ? ഇക്കാര്യങ്ങൾക്കെല്ലാം ജയിൽ മേധാവികൾ മറുപടി പറയണം. ഈ

പ്രതികൾക്കുമാത്രം ജയിൽ മേധാവികൾ ഇത്രമാത്രം സംരക്ഷണമൊരുക്കുന്നത് എന്തുകൊണ്ടാണ്? കേരളത്തിലെ ആഭ്യന്തര വകുപ്പിൽ തീർച്ചയായും നല്ല മിടുക്കരായ പോലീസുകാരുണ്ടെന്ന് നമുക്കറിയാം.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. രമ: സർ, പക്ഷേ പൊലീസിനെ രാഷ്ട്രീയ ചട്ടുകമാക്കി മാറ്റുമ്പോൾ ഇത്തരം പ്രവർത്തനങ്ങൾക്ക് കുടപിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കാഴ്ച കാണാൻ സാധിക്കുന്നു. അതിനെതിരായ പ്രവർത്തനം വകുപ്പിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. "കാമ്പസിൽ കഞ്ചാവ് സ്റ്റാർട്ടപ്പോ" എന്നതൊരു പ്രധാന പത്രത്തിന്റെ തലക്കെട്ടായി വന്നിട്ടുള്ളതാണ്. പത്രത്തിൽ മാത്രമല്ല, ഒരു ചാനലിന്റെ ചർച്ചയിലും വന്നതാണ്. പിറ്റേദിവസം കെ.എസ്.യു. പ്രസിഡന്റ് ഈ വിഷയം രാഷ്ട്രീയവൽകരിക്കരുതെന്ന് പറഞ്ഞത് ഉടനെ അവർ ശിരസാ വഹിച്ചു. കാരണം കെ.എസ്.യു.വിന്റെ രണ്ട് വിദ്യാർഥികൾ ഇതിൽ പ്രതികളായിട്ടുണ്ടെന്നാണ് ഒരു പത്രവാർത്തയിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ ഉടനെ ചർച്ചയുടെ വിഷയം മാറി: കാമ്പസിൽ വേണ്ടത് ഉരുക്കുമുഷ്ടിയോ കരുതലോ? ബഹുമാനപ്പെട്ട വടകര അംഗം ഉരുക്കുമുഷ്ടി വേണമെന്ന് പറയുന്നില്ല, റെയ്ഡ് വേണമെന്നാണ് പറഞ്ഞത്. മുഖം നോക്കാതെ നടപടി സ്വീകരിക്കുമെന്നാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. അത്തരം നടപടികളുമായി മുന്നോട്ടുപോകുക തന്നെ ചെയ്യും. രാജ്യത്തെ

വിവിധ സംസ്ഥാനങ്ങളിൽ നിരവധി വർഗീയ കലാപങ്ങൾക്ക് ഈ കാലയളവിൽ നമ്മൾ സാക്ഷ്യം വഹിച്ചു. കഴിഞ്ഞ ഒൻപത് വർഷവും വർഗീയ കലാപങ്ങളുണ്ടായിരുന്നില്ല. ഇത് കേരള പോലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും കരുത്താണ്. കഴിഞ്ഞ ദിവസങ്ങളിലാണ് ഹോളി ആഘോഷം നടന്നത്. യു.പി.-യിലുൾപ്പെടെ മുസ്ലീം ദേവാലയങ്ങൾ ടാർപോളിൻ വച്ച് മറച്ചുകൊണ്ടാണ് പോലീസും ആഭ്യന്തര വകുപ്പും ഹോളി ആഘോഷങ്ങൾ നടത്തിയത്. തെലങ്കാനയിലും ഹോളി ആഘോഷങ്ങൾക്ക് നിയന്ത്രണമുണ്ടായിരുന്നു. ആ ദിവസങ്ങളിൽത്തന്നെയാണ് കേരളത്തിൽ ആറ്റുകാൽ പൊങ്കാല നടന്നത്. അതിന്റെ ഭാഗമായി എല്ലാ ആരാധനാലയങ്ങളും തുറന്നുകൊടുക്കുകയും അവിടെ വിശ്വാസികൾക്ക് കയറാനും വിശ്രമിക്കാനും പ്രാർഥിക്കാനും അവസരമുണ്ടാക്കികൊടുക്കുകയും ചെയ്തു. വീടുകളിലുൾപ്പെടെ അതിനുള്ള സൗകര്യമൊരുക്കി കൊടുത്തിരുന്നു. ഈയൊരു അവസ്ഥയിലേക്ക് നമ്മുടെ സംസ്ഥാനം മാറുന്നതിൽ സർക്കാരിനും ആഭ്യന്തര വകുപ്പിനും പ്രധാന പങ്കുണ്ട്. സാമൂഹ്യജീവിതത്തിൽ സാഹോദര്യവും ഐക്യവും രൂപപ്പെടുത്താൻ കേരളാ പൊലീസ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഉത്തമ മാതൃകയാണ് കേരളത്തിലെ ഉത്സവങ്ങൾ.

നമ്മുടെ സംസ്ഥാനത്ത് 60 ശതമാനവും നഗരവൽക്കരണമായതിനാൽ തിരക്കുള്ള ജീവിതമാണ് ഇന്നുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി, മനുഷ്യൻ കൂടുതൽ വ്യക്തികേന്ദ്രീകൃതമാകുന്ന നഗരവൽക്കരണത്തിനിടയിൽ സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കൂടാനുള്ള സാധ്യതയുണ്ട്. എന്നാൽ അതിവേഗം നഗരവൽക്കരിക്കപ്പെടുമ്പോഴും ക്രമസമാധാനവും കുറ്റകൃത്യങ്ങളും കൂടുതൽ വളരാതെ പിടിച്ചുനിർത്തുന്നത് കേരള പൊലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും മേന്മ തന്നെയാണ്. സംസ്ഥാനത്ത്

അടുത്തിടെയുണ്ടായ ചില ദാരുണ സംഭവങ്ങളെ സാമാന്യവൽകരിച്ചുകൊണ്ട് കേരളത്തിലെ പുതുതലമുറയാകെ മോശക്കാരാണെന്ന തെറ്റായ സമീപനം കണ്ടുവരുന്നുണ്ട്. ലോകത്തിലെ മികച്ച വ്യവസായങ്ങൾ കേരളത്തെ തേടിവരുന്നുണ്ട്. പുതിയ തലമുറയിൽ വിശ്വാസമുള്ളതുകൊണ്ടാണ് അവർ കേരളത്തിലേക്ക് വരുന്നത്. യുവതലമുറയുടെ കഴിവുകൊണ്ടാണ് ഏഷ്യയിലെ മികച്ച സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റമായി കേരളം തിരഞ്ഞെടുക്കപ്പെട്ടത്. ആ കഴിവ് പ്രതിപക്ഷം അംഗീകരിക്കണം. പുതിയ തലമുറയുടെ കഴിവുകളും ആവശ്യങ്ങളും മനസ്സിലാക്കി അവരെക്കൂടി വികസനത്തിന്റെ ഭാഗമാക്കുകയെന്ന സമീപനമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ യുവജന സംഘടനകളുംകൂടി ഇത്തരം പുതിയ സമീപനമേറ്റെടുത്തിരിക്കുന്നു. കഴിഞ്ഞദിവസം ഡി.വൈ.എഫ്.ഐ. 'മവാസോ' സ്റ്റാർട്ടപ്പ് ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും സംരംഭങ്ങൾക്ക് പുതിയ ആശയങ്ങളും ചിന്തകളും പങ്കുവയ്ക്കുകയും ചെയ്തത് ഭാവിയെക്കുറിച്ച് നമുക്കേറെ പ്രതീക്ഷിക്കാനുണ്ടെന്ന സൂചനയാണ് നൽകുന്നത്. ആധുനിക വ്യവസായ സാധ്യതകളും തൊഴിലവസരങ്ങളും കേരളത്തിലേക്ക് കൊണ്ടുവരുന്ന പ്രവൃത്തികളാണ് നടക്കുന്നത്. ഇതിനാവശ്യമായ പശ്ചാത്തലസൗകര്യം രൂപപ്പെടുത്തുന്ന പ്രവർത്തനമാണ് കഴിഞ്ഞ ഒൻപത് വർഷങ്ങളായി നടക്കുന്നത്. വിഴിഞ്ഞം, ഗെയിൽ, കിഫ്ബി, കെ-റെയിൽ, ദേശീയപാത, കെ-ഫോൺ, വയനാട് തുരങ്കം തുടങ്ങിയ പദ്ധതികളെല്ലാം അതിലുൾപ്പെടുന്നതാണ്. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിനെ വിമർശിക്കുകയല്ല, നടപ്പാക്കാൻ സമ്മതിക്കില്ലെന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നിട്ടെന്തായി? വിഴിഞ്ഞത്ത് മദർഷിപ്പുകൾ കൃത്യമായാണ്. കിഫ്ബിയിലൂടെയുണ്ടാക്കിയ റോഡുകളിലൂടെ യാത്ര ചെയ്യില്ലെന്ന്

വാശി പിടിച്ചാൽ പറവൂരിലെ വീട്ടിൽനിന്ന് പുറത്തിറങ്ങാൻ അദ്ദേഹത്തിന് കഴിയില്ല. കൊച്ചിക്കാർക്കൊരു ചായ കുടിക്കണമെങ്കിൽ ഗെയിൽ ഗ്യാസ് വേണം. കെ-ഫോൺ കേരളത്തിന്റെ ഡിജിറ്റൽ ബാക്ക്ബോണായി മാറിയിരിക്കുകയാണ്. വയനാട് തുരങ്കത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ പോകുന്നു. കെ-റെയിൽ വരുന്നതിന് നിങ്ങളുണ്ടാക്കിയ തടസ്സങ്ങൾ നീങ്ങുന്നുവെന്നാണ് മനസ്സിലാകുന്നത്. അതുമായി ബന്ധപ്പെട്ട പദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിട്ടുവേണം ഇന്ത്യയിലാകെ നടപ്പാക്കാനെന്നാണ് കേന്ദ്രം ആലോചിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷനേതാവ് എന്തിനെയെല്ലാം എതിർത്തിട്ടുണ്ടോ അതൊക്കെ പച്ച പിടിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. എന്തൊക്കെ നടപ്പാക്കാൻ കഴിയില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ അതൊക്കെ കേരളത്തിൽ നടപ്പാക്കും. പ്രതിപക്ഷനേതാവിനെക്കൊണ്ട് ഗുണമുള്ള ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കലാണ് വികസനത്തിൽ താൽപര്യമുള്ള എല്ലാവരും ചെയ്യേണ്ടത്, എങ്കിൽ ആ പദ്ധതി തനിയേ വിജയിച്ചുകൊള്ളും. അതാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരള ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമായി ഇത്തരം പ്രവർത്തനങ്ങൾ നടക്കുമ്പോഴും ഒന്നും നടക്കുന്നില്ലെന്ന് വരുത്തിത്തീർക്കാൻ പരിശ്രമിക്കുന്നുണ്ട്. പ്രകൃതിദുരന്തങ്ങൾ തുടർച്ചയായി നേരിടുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. 2017-ൽ ഓഖി ചുഴലിക്കാറ്റും 2018, 2019 വർഷങ്ങളിൽ പ്രളയവും 2024-ൽ വയനാട് ജില്ലയിലെ ചൂരൽമലയിൽ ഉരുൾപൊട്ടലുമുണ്ടായി. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് വളരെ വേഗത്തിലുള്ള ഇടപെടലുകളാണ് നടത്തിയത്. വയനാട് ദുരന്തം സംഭവിച്ച് എട്ട് മാസമായിട്ടും പുനരധിവാസ പ്രവർത്തനങ്ങളൊന്നും നടന്നില്ലെന്ന് ഇവിടെ പറയുകയുണ്ടായി. അവിടെ ടൗൺഷിപ്പിന്

തറക്കല്ലിടാൻ പോകുകയാണ്. അതിവേഗത്തിൽ നടത്തുന്ന ഈ പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ ഒരു സഹായവും ലഭ്യമല്ല. അത്തരത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായമില്ലാതെ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരായിട്ടാണ് ജനങ്ങളെ സംഘടിപ്പിക്കുന്നതിനും അവരെ തെറ്റിദ്ധരിപ്പിക്കുന്നതിനും പരിശ്രമിക്കുന്നതെന്ന് നാം മനസ്സിലാക്കണം. കേരളത്തിൽ എന്ത് നടന്നാലും അതെല്ലാം കാലാകാലങ്ങളായി തനിയേ സംഭവിക്കുന്ന ഒന്നാണെന്ന രീതിയിൽ പ്രചാരണം നൽകുന്നത് നമ്മുടെ നാട്ടിലെ മാധ്യമങ്ങളുടെയും പ്രതിപക്ഷത്തിന്റെയുമൊക്കെ ജോലിയാണ്. ഇത്തരത്തിൽ ഇവർ എല്ലാത്തിനെയും സാമാന്യവൽകരിക്കുകയാണ്. ഞങ്ങളൊന്ന് ചോദിക്കട്ടെ, ഇന്ത്യയിൽ കോൺഗ്രസ് ഭരിച്ച ഏതെങ്കിലും സംസ്ഥാനങ്ങളെ വെളിയിട വിസർജ്യ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതൊരു ചെറിയ കാര്യമല്ല. അങ്ങനെ പ്രഖ്യാപിക്കാൻ കഴിയാത്തത് അവിടെയെല്ലാം സാധാരണക്കാരന് ഭൂമിയില്ലാത്തതുകൊണ്ടാണ്. എന്നാൽ കേരളത്തിൽ 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഭൂരഹിതർക്ക് ഭൂമി നൽകിയതിനാലാണ് എല്ലാവർക്കും സെപ്റ്റിക് ടാങ്കിന് കുഴിയെടുക്കാൻ കഴിഞ്ഞതും സംസ്ഥാനത്തെ വെളിയിട വിസർജ്യ വിമുക്ത സംസ്ഥാനമാക്കി മാറ്റാൻ ഇപ്പോൾ സാധിച്ചതും. ഇത്തരത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ വരുന്ന ഗവൺമെന്റുകൾ മാറിമാറി നടപ്പാക്കുന്ന ജനോപകാരപ്രദമായ നടപടികളുണ്ട്. എന്നാൽ അത്തരം നടപടികൾക്ക് നിങ്ങൾ എല്ലാ കാലത്തും തുരങ്കം വയ്ക്കാറുണ്ട്. നിങ്ങൾ വലിയ സമരത്തിലൂടെ ആ നയങ്ങളെ പുറകോട്ടടിക്കുമ്പോൾ കേരള ജനത അത് തടഞ്ഞ് നിർത്തിയിട്ടുണ്ട്. അക്കാര്യത്തിൽ നിങ്ങൾക്ക് അത്രയെങ്കിലും പങ്കുണ്ട്. എന്നാൽ

ഇക്കാര്യങ്ങളിലൊന്നും ഒരു പങ്കുമില്ലാത്തവരാണ് കേന്ദ്ര ഭരണകക്ഷിയായ ബി.ജെ.പി.; കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് അവരിപ്പോൾ ഇടതുപക്ഷത്തിന്റെ പങ്കിനെ ചോദ്യം ചെയ്യാൻ ശ്രമിക്കുകയാണ്.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പ്രിയപ്പെട്ടവരെ, ഒരുകാര്യം മനസ്സിലാക്കണം. ഈ സഭ ഇന്ത്യയിലെ ജനങ്ങളുടെ സമരായുധമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആ സമരായുധം അതിശക്തമായിത്തന്നെ പ്രവർത്തിപ്പിച്ച് മുന്നോട്ടുപോകും. മൂന്നാമതും ഈ സമരായുധം കേരളത്തിൽ അധികാരത്തിൽ വരുമെന്ന് സൂചിപ്പിക്കുന്നു. ഈ ധനാഭ്യർഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പൊലീസ് സേന ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെയും നിലവിലെ ഇടതുപക്ഷ സർക്കാരിനെയും താരതമ്യപ്പെടുത്തിയാൽ, എല്ലാ രീതിയിലും എന്തായിരുന്നു ആ കാലമെന്നുള്ളത് വളരെ പേടിയോടെയാണ് ഓർക്കുന്നത്. ഉദാഹരണമായി, ഒട്ടനവധി കാര്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. വാളയാർ പെൺകുട്ടികളുടെ ദാരുണമരണം നമുക്ക് ഓർമ്മയുണ്ടല്ലോ; യു.ഡി.എഫ്. അതിനെ മുതലെടുക്കുകയായിരുന്നു. കേരളത്തിലെ മുഴുവൻ ജനങ്ങളും ഞെട്ടിവിറച്ച ഒരു സംഭവമായിരുന്നു വാളയാർ കേസ്. നമ്മുടെ ആഭ്യന്തര വകുപ്പ് ഏറ്റവും നല്ല രീതിയിലാണ് അതുമായി ബന്ധപ്പെട്ട അന്വേഷണവും മറ്റും നടത്തിയിട്ടുള്ളത്. എന്നാൽ യു.ഡി.എഫ്. എന്തായിരുന്നു ചെയ്തത്? യു.ഡി.എഫ്. ആ സംഭവം മുതലെടുപ്പ്

നടത്തി ആഘോഷിക്കുകയായിരുന്നു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുനേരെ എന്തൊക്കെയായിരുന്നു ആഞ്ഞടിച്ചത്? അദ്ദേഹത്തെ വളഞ്ഞിട്ട് ആക്രമിക്കുന്ന രീതിയായിരുന്നു അവർ സ്വീകരിച്ചത്. ആ കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞു. ഈ സഭയിലുള്ള വനിതാ അംഗമടക്കം ഓരോ മുക്കിലും മൂലയിലുംപോയി പ്രസംഗിച്ചത് നമുക്ക് ഓർമ്മയുണ്ട്. വാളയാർ സംഭവവുമായി ബന്ധപ്പെട്ട് ആരെയൊക്കെയോ സംരക്ഷിക്കുന്നതിന് ആഭ്യന്തര വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പും ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും സി.പി.ഐ.(എം.) പ്രവർത്തകരും ഇതിൽ കൂറ്റവാളികളാണെന്നുമെല്ലാം അവർ പറഞ്ഞു. കേസ് സി.ബി.ഐ. അന്വേഷിച്ചു. ആ അന്വേഷണം എത്തിച്ചേർന്നത് എവിടെയായിരുന്നു? സംഭവത്തിലെ പ്രധാന കൂറ്റവാളികളിൽ ഒരാൾ മരണപ്പെട്ട കുട്ടികളുടെ അമ്മ എന്നതായിരുന്നു സി.ബി.ഐ. എത്തിച്ചേർന്ന നിഗമനം. ഈ അമ്മയ്ക്ക് സപ്പോർട്ടായി നിങ്ങൾ എന്തൊരു പ്രസംഗമായിരുന്നു നടത്തിയത്. ജനങ്ങളുടെ സഹതാപം നേടാൻ ആ അമ്മയെ മൊട്ടയടിപ്പിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി ധർമ്മടത്ത് മത്സരിപ്പിക്കുകയും ചെയ്തു. ഇതൊന്നും ജനങ്ങൾ മറക്കില്ല. യു.ഡി.എഫ്.-ഉം അവരുടെ എം.എൽ.എ.-മാരും പറയുന്നത് പച്ചനുണയാണെന്നത് വ്യക്തമായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ മുതലെടുപ്പ് നടത്തിയിട്ടുണ്ട്. ഇതുമാത്രമാണോ? ജിഷ വധക്കേസുമായി ബന്ധപ്പെട്ട് എന്തായിരുന്നു യു.ഡി.എഫ്.-ന്റെ കാലത്ത് നടന്നത്? അന്വേഷണത്തിന്റെ ഭാഗമായി പൊലീസിന് കിട്ടിയ ഒരു ചെരിപ്പ് മരത്തിന്റെ മുകളിൽ കെട്ടിത്തൂക്കി. ഈ ചെരിപ്പെടുക്കാൻ ആരെങ്കിലും വരികയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്ത് കേസിലെ പ്രതിയാക്കാം എന്നാണ് അന്ന് പറഞ്ഞത്. ചെരിപ്പെടുക്കാൻ ആരെങ്കിലും വരുന്നുണ്ടോയെന്ന്

ആഭ്യന്തര വകുപ്പുമന്ത്രി നോക്കിയിരുന്നു. അങ്ങനെയല്ലായിരുന്നോ? കേരളത്തിലുള്ള ജനങ്ങൾ ഇതൊന്നും മറക്കില്ല. എന്നിട്ട് എന്താണുണ്ടായത്? എൽ.ഡി.എഫ്. അധികാരത്തിൽവന്നപ്പോൾ കേസ് ശാസ്ത്രീയമായി അന്വേഷിച്ച് പ്രതികളെ പിടിച്ചു നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് ശിക്ഷിച്ചു. ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. ഇത് മനസ്സിലാക്കണം. ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് പരോൾ കൊടുത്തുവെന്ന് ഇവിടെ പറയുകയുണ്ടായി. കുറ്റവാളികളെ ജയിലിലടയ്ക്കുമ്പോൾ പരോൾ കൊടുക്കണമെന്നുള്ളത് അവരുടെ അവകാശമാണ്; അത് ആർക്കും നിഷേധിക്കാൻ കഴിയില്ല. അങ്ങനെയാണ് പരോൾ കൊടുത്തിട്ടുള്ളത്. എല്ലാ കാലവും തുറുങ്കിലടയ്ക്കുക എന്നുള്ളതല്ല. ടി വധക്കേസിലെ പ്രതിക്ക് ആദ്യം പരോൾ കൊടുത്തത് ആരായിരുന്നു? യു.ഡി.എഫ്.-ന്റെ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയായിരുന്നു ആദ്യം പരോൾ കൊടുത്തത്. എന്നിട്ട് ഇപ്പോൾ ഇവിടെവന്ന് ചോദ്യം ചെയ്യുന്നു. ഒരു വിരൽ എൽ.ഡി.എഫ്.-നെതിരായി ചൂണ്ടുമ്പോൾ നാലുവിരൽ തന്റെ നേരെതന്നെ ചൂണ്ടുന്നുവെന്നുള്ളതാണ് നാം കാണുന്നത്. അവരും നമ്മളും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഓരോ കാര്യത്തിലും മുതലെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ആഭ്യന്തര വകുപ്പ് കേരള പൊലീസിനെ ഏറ്റവും നല്ല രീതിയിൽ കൊണ്ടുപോകുകയാണ്. നമ്മുടെ പൊലീസ് സ്റ്റേഷൻ ഏറ്റവും ജനസൗഹൃദമാക്കിയിരിക്കുന്നു. ആദ്യമായി വനിതാ പൊലീസ് സ്റ്റേഷൻ ആരംഭിച്ചത് കോഴിക്കോട് ജില്ലയിലാണ് എന്നതിൽ അഭിമാനമുണ്ട്. വനിതാ പൊലീസ് സ്റ്റേഷനിലേക്ക് ഇപ്പോൾ കൂടുതൽ പൊലീസുകാരെയും സ്റ്റാഫിനെയും നിയമിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീ സൗഹൃദ, ശിശു സൗഹൃദ പൊലീസ്

സ്റ്റേഷൻ പദ്ധതി സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്. ഇപ്പോൾ 148 പൊലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പൊലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നു.

ഇടതുപക്ഷം ഭരിക്കുമ്പോഴുണ്ടാകുന്ന എന്തോ ഒരു സംഗതിയാണെന്നാണ് ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ യു.ഡി.എഫ്. ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. എല്ലാ കാലങ്ങളിലും ഇതുണ്ട്. ഇന്ന് ഈ വിപത്തിന്റെ പിടിയിൽ കേരളം അകപ്പെട്ടിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇതിന്റെ ഹബ്ബായി പ്രവർത്തിക്കുന്നത് ഗുജറാത്താണ്. ബീഹാറിൽ ഏറ്റവും കൂടുതൽ മയക്കുമരുന്ന് ഉപയോഗിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നു. സമയമില്ലാത്തതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട കണക്കുകൾ ഞാനിവിടെ പറയുന്നില്ല. ചെറുപ്പക്കാർവരെ ലഹരിക്ക് അടിമപ്പെടുന്നു എന്നുള്ളതുകൊണ്ടുതന്നെ വിവിധ സ്കീമുകൾ തയ്യാറാക്കുകയും എല്ലാ ഭാഗങ്ങളിലും ശ്രദ്ധയുണ്ടാകണമെന്ന് പൊലീസ് സേനയ്ക്ക് ജാഗ്രതാ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൊലീസിൽ ഇതുമായി ബന്ധപ്പെട്ട് ധാരാളം കണക്കുകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. പൊലീസുകാർ വെറുതെയിരിക്കുന്നില്ല. ലഹരിക്കടത്ത് പിടിക്കപ്പെടുന്നുണ്ട്. ഇതൊന്നുംതന്നെ കേരളത്തിൽ മാത്രമുള്ള ഒരു പ്രതിഭാസമല്ല. ഇതിനെതിരായി ഐക്യത്തോടെ, ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ഉരുക്കുമുഷ്ടികൊണ്ട് നേരിടേണ്ടതിനെ ആ രീതിയിൽ നേരിടണമെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. യു.ഡി.എഫ്., എൽ.ഡി.എഫ്. എന്നുള്ളതല്ല. എസ്.എഫ്.ഐ.-യുടെ കൊടികൾ എന്ന് നേരത്തെ ഇവിടെനിന്ന് ആരോ വിളിച്ചുപറയുന്നതുകേട്ടു. കെ.എസ്.യു.-ന്റെ ഓഫീസിൽ കഴിഞ്ഞ ദിവസം സംഭവിച്ചതെന്താണെന്നുള്ളത് നമുക്കറിയാം. കളമശ്ശേരി പോളിടെക്നിക്കിൽ സംഭവിച്ച കാര്യങ്ങളും അറിയാം. അതിലെ പ്രതികൾ

കെ.എസ്.യു., എസ്.എഫ്.ഐ. സംഘടനയിൽപ്പെട്ടവരാണെന്നൊന്നും പറയുന്നില്ല. നമ്മുടെ കുട്ടികൾ ഇതിൽ അകപ്പെട്ടിട്ടുണ്ടെങ്കിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ പൊലീസിനെ നിയമിച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മീറ്റിങ് വിളിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രീതിയിൽ കാര്യങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2021-22 സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 80 പൊലീസ് സ്റ്റേഷനുകളിൽ ഫർണിച്ചറും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുണ്ടാക്കി. എന്റെ നിയോജകമണ്ഡലത്തിലടക്കം പുതിയ പൊലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള തീരുമാനമുണ്ട്. ഇത്തരത്തിൽ എൺപതോളം പൊലീസ് സ്റ്റേഷനുകൾ ഇപ്പോൾ നിർമ്മിച്ചിട്ടുണ്ട്. പൊലീസുകാരുടെ സ്ഥിതി നമുക്കറിയാം. അവരെ ഏതുനേരവും കുറ്റപ്പെടുത്തുകയും അക്രമിക്കുകയും ചെയ്യുന്ന രീതിയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. കോവിഡിന്റെ കാലത്ത് ഇപ്പോഴും നാം ഓർക്കാൻ ഇഷ്ടപ്പെടാത്ത സാഹചര്യമാണുണ്ടായിരുന്നത്. പൊരിയുന്ന വെയിലത്തും കാവൽ നിൽക്കുന്ന രീതിയാണ് പൊലീസിനുണ്ടായിരുന്നത്. ആഭ്യന്തര വകുപ്പും ആരോഗ്യ വകുപ്പും ചുമതലപ്പെടുത്തിയതുപ്രകാരം ജനങ്ങളെ സംരക്ഷിക്കാൻ പൊലീസുണ്ടായിരുന്നു. എവിടെയെങ്കിലും ഒരു മെഡിസിൻ ആവശ്യമുണ്ടെങ്കിൽ അത് എത്തിച്ചുകൊടുക്കുന്ന രീതിയാണ് അന്ന് പൊലീസുകാർ സ്വീകരിച്ചത്. ഇതൊന്നും നമുക്ക് മറക്കാൻ കഴിയില്ല. വയനാട് ജില്ലയിലെ ചൂരൽമലയിലുണ്ടായ ദാരുണ സംഭവം നമുക്ക് ഓർമ്മയുണ്ട്. ഇതിനെയെല്ലാംതന്നെ നിഷേധിച്ചുകൊണ്ട്, കേരളം മഹാവിപത്തിലേക്ക്

പൊയ്ക്കൊണ്ടിരിക്കുന്നു, ഒരു കാര്യവും ചെയ്യാൻ കഴിയാത്ത ഒരു ഗവൺമെന്റായി മാറിയിരിക്കുന്നു എന്നൊക്കെയാണ് പറയുന്നത്. മൂന്നാമതും ഞങ്ങൾ അധികാരത്തിൽ വരുമെന്നുള്ളത് തീർച്ചയാണ്. രണ്ട് തവണ അധികാരത്തിൽ വന്നു. ചരിത്രത്തിൽ ആദ്യമായാണ് ഒരു പാർട്ടിക്ക് തുടർച്ചയായി അധികാരം ലഭിച്ചിട്ടുള്ളത്. മൂന്നാമതും ഞങ്ങൾ അധികാരത്തിൽ വരുമെന്നുള്ളത് തീർച്ചയാണ്.

<u>ചെയർപേഴ്സൺ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. യു.ഡി.എഫ്. ഈ വികസനത്തിനെല്ലാം എതിരായി നിൽക്കുന്നുയെന്നുള്ളതാണ് ഇപ്പോൾ കാണുന്നത്. എന്റെ മണ്ഡലത്തിൽക്കൂടിയാണ് തീരദേശ റോഡ് കടന്നുപോകുന്നത്. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് പ്രസംഗിച്ചത് 'ഇത് ഞങ്ങൾ അനുവദിക്കില്ല' എന്നുപറഞ്ഞുകൊണ്ടാണ്. ഇതുപോലെ ഓരോ വികസനത്തെയും എതിർക്കുന്ന രീതിയിലാണ് യു.ഡി.എഫ്. പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുപോകുന്ന പോലീസ് സേനയെ പിന്തുണച്ചുകൊണ്ടുള്ള ധനാഭ്യർഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. കഴിഞ്ഞമാസം തലശ്ശേരിയിൽ നടന്ന ഒരു ക്ഷേത്രോത്സവത്തിൽ സി.പി.ഐ.(എം.) - ബി.ജെ.പി. പ്രവർത്തകർ തമ്മിൽ ഏറ്റുമുട്ടുകയുണ്ടായി. അതിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരും ഗുണ്ടകളുമുണ്ടായിരുന്നു. അവസാനം പൊലീസ് വന്ന് ഇവരെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചപ്പോൾ 'ഞങ്ങളാണ് കേരളം ഭരിക്കുന്നത്, നിന്നെ കാണിച്ചുതരും, നീയൊന്നും ഇവിടെ

ഉണ്ടാകുകയില്ല' എന്ന് വളരെയധികം ഉച്ചത്തിൽ സി.പി.ഐ.(എം.) പ്രവർത്തകർ പ്രഖ്യാപിക്കുകയാണ്. പൊലീസ് ടി ആളുകളെ കസ്റ്റഡിയിലെടുക്കുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. എന്നാൽ അവരെ മോചിപ്പിക്കാൻ സി.പി.ഐ.(എം.)-ന്റെ ക്രിമിനലുകൾ നേതൃത്വം നൽകി. ഗുണ്ടകളുടെ പ്രഖ്യാപനം പാഴ്വാക്കായില്ല. കേസ് രജിസ്റ്റർ ചെയ്ത എസ്.ഐ.-യെ പാലക്കാട് ജില്ലയിലേക്ക് സ്ഥലം മാറ്റി. കേരളത്തിൽ സി.പി.ഐ.(എം.)-ന്റെ ഭരണത്തിൽ rule of law/നിയമവാഴ്ചയല്ല, പാർട്ടി ക്രിമിനൽ വാഴ്ചയാണ് നടക്കുന്നത് എന്നതിന് ഇതിൽപരം തെളിവ് ആവശ്യമുണ്ടോ? എന്റെ നിയോജകമണ്ഡലത്തിൽ നടന്ന വേദനാജനകമായ ഒരു കേസ്സിനെ സംബന്ധിച്ച് പറയാം. സലീമിന്റെയും റജ്നയുടെയും രണ്ട് മക്കളിൽ ഒരാളായ ഒൻപതാം ക്ലാസിൽ പഠിക്കുന്ന മിഹിർ അഹമ്മദ് എന്ന കൊച്ചുമിടുക്കൻ പഠിച്ചിരുന്നത് എറണാകുളത്തെ ഗ്ലോബൽ പബ്ലിക് സ്കൂളിലാണ്. 15-01-2025-ന് 26-ാം നിലയിലെ സ്വന്തം ഫ്ലാറ്റിൽനിന്ന് ആ കുട്ടി ചാടി ആത്മഹത്യ ചെയ്തു. സ്കൂളിലും ബസ്സിലും നടന്ന പീഡനമാണ് ആ കുട്ടി ആത്മഹത്യ ചെയ്തതിനുള്ള യഥാർഥ കാരണം. ഞാൻ ആ വീട്ടിൽ പോയിരുന്നു. ബഹുമാന്യരായ ഡി.ജി.പി.-യെയും കൊച്ചിൻ പൊലീസ് കമ്മീഷണറെയും പൂത്തൻകുരിശ് ഡിവൈ.എസ്.പി.-യെയും വിളിച്ച് ഈ കേസ്സിനെ സംബന്ധിച്ച ഓരോ കാര്യവും അറിയിക്കുകയും ഗൗരവത്തോടുകൂടി അന്വേഷിക്കണമെന്ന് പ്രത്യേകം പറയുകയും ചെയ്തു. ആ കുട്ടി മരിച്ചതിനുശേഷം ആ കേസുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ 'ജസ്റ്റിസ് ഫോർ മിഹിർ' എന്ന പേരിൽ ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിച്ചിരുന്നു. ആ ഗ്രൂപ്പിലെ ഒരു സന്ദേശം ഞാൻ ഇവിടെ വായിക്കാം. ഇന്ന് കേരളത്തിലെ കോളേജുകളിൽ മാത്രമല്ല, സ്കൂളുകളിലടക്കം നടക്കുന്ന അതീവ ഗുരുതരമായ പ്രശ്നത്തെ നമ്മുടെ

പോലീസ് എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്. ആ സന്ദേശത്തിൽ രണ്ട് കുട്ടികളുടെ പേര് പറയുന്നുണ്ടെങ്കിലും ഞാൻ അത് ബോധപൂർവം പറയാതിരിക്കുകയാണ്. “They made Mihir play a game where he spread his fingers out and instead of using a pencil to hit between the gaps of his fingers, they made him use a knife.” ഒരു കളി കളിക്കാൻ ആ കുട്ടിയെ പ്രേരിപ്പിച്ച്, പെൻസിൽ ആ ഫിംഗറിനിടയിൽ ഇടുന്നതിനുപകരം കത്തിയിടുകൊണ്ട് ആ കുട്ടിയെ കളിപ്പിച്ചു. അതിനുശേഷം, “They also made him lick toilet seats and pushed his head into toilets and flushed them.” ടോയ്‌ലെറ്റിന്റെ സീറ്റ്ബെൽറ്റിൽ ആ കുട്ടിയെ നാവുകൊണ്ട് നക്കിച്ചു. അതിനുശേഷം ആ കുട്ടിയുടെ തല ടോയ്‌ലെറ്റിലേക്ക് അമർത്തുകയും ഫ്ലഷ് ചെയ്യുകയും ചെയ്തു. ആ കുട്ടി 26-ാം നിലയിൽനിന്നും ചാടി ആത്മഹത്യ ചെയ്തുവെന്ന വാർത്തയാണ് പിറ്റേദിവസം ഞാനും നിങ്ങളും കേൾക്കുന്നത്. ജ്യേഷ്ഠനോടും സുഹൃത്തുക്കളോടും ഈ കുട്ടി ഇക്കാര്യം പറഞ്ഞിരുന്നു. പുത്തൻകുരിശ് പൊലീസ് ഈ റാഗിങ് കേസ് അന്വേഷിച്ച് ഒരു പ്രതിയെപ്പോലും പിടിച്ചില്ലെന്നുമാത്രമല്ല, ആ കുട്ടി സ്വന്തം ജ്യേഷ്ഠനോട് പറഞ്ഞ കാര്യവും വാട്സ്ആപ്പ് ചാറ്റുകളും പരിശോധിക്കാത്തത് എന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ അതെല്ലാം ഞങ്ങൾ അന്വേഷിക്കാമെന്ന് പറഞ്ഞ് ആ കേസ് മൂടുന്ന അവസ്ഥയിലാണ്. എവിടെ നിന്നാണ് നീതി ലഭിക്കുന്നത്? കൊച്ചുകുട്ടികൾവരെ ആത്മഹത്യ ചെയ്യുന്ന ഈ കാലഘട്ടത്തിൽ അവർക്ക് മരണാനന്തരനീതി ലഭ്യമാക്കുന്നതിനായി ഗുരുതരമായ അപരാധം ചെയ്തിരിക്കുന്നവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് ആവശ്യമായ നടപടി

സ്വീകരിക്കുന്നതിന് ഈ സർക്കാർ നേതൃത്വം നൽകണമെന്ന് വിനീതമായി ആവശ്യപ്പെടുന്നു. ഏറെ ഗൗരവതരമായ സാഹചര്യത്തിലൂടെ സംസ്ഥാനത്തെ ക്യാമ്പസുകൾ കടന്നുപോകുകയാണ്. സ്കൂളുകളും ക്യാമ്പസുകളും ഈ രീതിയിൽ മുന്നോട്ടുപോകാൻ പാടില്ല.

ജയിലുകളുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് നിങ്ങൾ ആലോചിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ജയിലിനകത്ത് പരിശോധന നടത്തിയപ്പോഴാണ് ജയിലിൽവച്ച് മരിച്ചവരുടെ പേരുകൾവച്ച രക്തസാക്ഷി സ്തൂപം കണ്ടെത്തിയത്. ഫോൺ ഉപയോഗം, ഫേസ്ബുക്ക് പോസ്റ്റിടുക, സ്വർണ്ണക്കടത്ത്, ലഹരിക്കടത്ത് എന്നിവയൊക്കെയാണ് ജയിലിൽ ഇപ്പോൾ നടക്കുന്നത്. ജയിലിലേക്ക് പോകുന്ന ആളുകൾക്ക് ഇപ്പോൾ യാത്രയയപ്പ് നൽകുകയും ചെയ്യുന്നുണ്ട്. ശരത്ലാൽ-കൃപേഷ് കൊലപാതകക്കേസിലെ പ്രതികൾ ജയിലിലേക്ക് പോകുമ്പോൾ യാത്ര അയച്ചത് ആരാണ്? നിങ്ങളുടെ ഉത്തരവാദിത്വപ്പെട്ട നേതാക്കളാണ് ഒരു കൊലപാതക കേസ്സിലെ പ്രതികൾ ജയിലിലേക്ക് പോകുമ്പോൾ യാത്രയയപ്പ് നൽകുന്നത്. ഇവിടെ നിയമ വാഴ്ചയാണോ ക്രിമിനൽ വാഴ്ചയാണോ നടക്കുന്നതെന്ന് ഞാൻ ചോദിക്കുന്നു. കേരളത്തിൽ ആ ക്രിമിനലുകൾക്ക് സംരക്ഷണം നൽകുന്നത് നിങ്ങളാണെന്ന് സ്വയം പ്രഖ്യാപിക്കുകയല്ലേ? ഇതിനേക്കാൾ വലിയ മര്യാദകേടും ജനാധിപത്യ വിരുദ്ധപ്രവർത്തനവും വേറെ ഏതെങ്കിലുമുണ്ടോ? നിങ്ങൾ ആലോചിക്കണം. ചില കേസുകൾ holy crimes ആണ്. പാർട്ടി തീരുമാനിച്ച് നടത്തുന്ന കൊലപാതകം holy crimes ആണ്. അതിന്റെ ഭാഗമായ കാര്യങ്ങൾ ശ്രീമതി കെ. കെ. രമ ഇവിടെ പറഞ്ഞു. കെ. സി. രാമചന്ദ്രന് 1308 ദിവസം പരോൾ നൽകിയതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അതിന് കാരണം എന്താണ്?

കെ. സി. രാമചന്ദ്രൻ, കിർമാണി മനോജ്, വായപ്പടച്ചി റഫീഖ് ഉൾപ്പെടെയുള്ള ഓരോ പ്രതിക്കും യഥാക്രമം 1308, 1044, 962 ദിവസങ്ങളാണ് നിങ്ങൾ പരോൾ നൽകിയത്. പരോൾ അനുവദിക്കുന്നതിനുള്ള കാരണം എഴുതിയതാണ് ഏറ്റവും രസകരം. 'Time to spend with family members' എന്നാണ് കാരണം എഴുതിയിരിക്കുന്നത്. ഇങ്ങനെ എഴുതാൻ നിങ്ങൾക്ക് നാണമുണ്ടോ? ഒരു കൊലപാതകത്തിന് നേതൃത്വം നൽകിയ, 52 വെട്ടുവെട്ടി ഒരു പൊതുപ്രവർത്തകനെ കൊന്ന് കശാപ്പുചെയ്ത പ്രതികൾക്ക് കുടുംബത്തിനൊപ്പം താമസിക്കാൻ എന്നുപറഞ്ഞ് ആയിരവും ആയിരത്തിയഞ്ഞൂറും ദിവസം പരോൾ നൽകുന്ന ഈ സർക്കാരിന് നിയമവാഴ്ചയോട് പുല്ലിന്റെ വിലയാണുള്ളത്. ഈ സർക്കാരിന് മാന്യതയും ജനാധിപത്യ നീതിന്യായ ബോധവുമുണ്ടോ? ഓരോ കാര്യവും നിങ്ങൾ പരിശോധിക്കണം. യഥാർഥത്തിൽ നിയമവാഴ്ച ഇവിടെ നടക്കുകയില്ല. ശ്രീ. പി. ജയരാജനെ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ ഉൾപ്പെടുത്താതെ നിങ്ങൾ പുറത്താക്കിയപ്പോൾ അദ്ദേഹത്തിന്റെ മകൻ ഒരു ഫേസ്ബുക്ക് പോസ്റ്റും വാട്ട്സ്ആപ്പ് സ്റ്റാറ്റസുമിട്ടു. ശ്രീ. എം. സ്വരാജിന്റെ 2019-ലെ ഒരു ഫേസ്ബുക്ക് പോസ്റ്റിലെ വരികളാണ് അദ്ദേഹത്തിന്റെ മകൻ പോസ്റ്റ് ചെയ്തത്. ശ്രീ. എം. സ്വരാജിന്റെ ഫേസ്ബുക്ക് പോസ്റ്റിൽ 'രാജ്യം' എന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അതിനെ കേരളം എന്നാക്കുന്നു, 'ഈ കേരളം ഇവർ ഭരിക്കുമ്പോൾ ഇങ്ങനെയൊക്കെ അല്ലാതെ മറ്റ് വല്ലതും സംഭവിക്കുമെന്ന് നിങ്ങൾക്ക് വല്ല ധാരണയുമുണ്ടോ' എന്നാണ്. ഇതിൽക്കൂടുതൽ മറ്റുവല്ലതും സംഭവിക്കുമോ?

ഇന്ന് പോലീസിന്റെ അവസ്ഥ എന്താണ്? പൊലീസ് വകുപ്പിലെ വാഹനങ്ങൾക്ക് ഡീസൽ അടിക്കാൻ കാശില്ല, പൊലീസിന്റെ കൈയിൽ പുതിയ വാഹനങ്ങളോ

ഉപകരണങ്ങളോ ഇല്ല. മുഖ്യമന്ത്രിയുടെ മൂക്കിന് താഴെയുള്ള കന്റോൺമെന്റ് പൊലീസ് സ്റ്റേഷനിലെ ടെലിഫോൺ ബിൽ അടയ്ക്കുന്നതിനുപോലും ഫണ്ടില്ല. പിന്നെ എങ്ങനെയാണ് എൻഫോഴ്സ്മെന്റിന് പൊലീസ് നേതൃത്വം നൽകുന്നത്? പൊലീസ് സേനയിലെ നവീകരണമോ സ്റ്റേസുമായി ബന്ധപ്പെട്ട കാര്യത്തിലേയ്ക്കോ ഞാൻ കടക്കുന്നില്ല. 1991-ലെ എം. കെ. ജോസഫ് റിപ്പോർട്ടിൽ പൊലീസുകാരുടെ ജോലി സമയം എട്ട് മണിക്കൂറാക്കണമെന്ന് കൃത്യമായി പറയുന്നുണ്ട്. എന്നാൽ ഇപ്പോൾ പൊലീസുകാർ എത്ര സമയമാണ് ജോലി നോക്കുന്നത്? പതിനാറ് മണിക്കൂർ മുതൽ ഇരുപത്-ഇരുപത്തിനാല് മണിക്കൂർവരെ തുടർച്ചയായി അവർ ജോലി ചെയ്യുകയാണ്. അഞ്ഞൂറ് ആളുകൾക്ക് ഒരു പൊലീസാണ് ആവശ്യമായിട്ടുള്ളത്. നിങ്ങൾ ആധുനിക ലോകക്രമത്തെ പരിശോധിക്കണം. കേരളത്തിന്റേത് വളരെ മോശമായ അവസ്ഥയാണ്. കേരളത്തിൽ 150 പൊലീസുകാർ VRS (Voluntary Retirement Scheme) എടുത്തു. 118-ഓളം പൊലീസുകാർ വേണ്ടിടത്ത് 44 പേരുമായി ഒരു പൊലീസ് സ്റ്റേഷൻ പ്രവർത്തിക്കുകയാണ്. കേരള പൊലീസിൽ എട്ട് വർഷത്തിനുള്ളിൽ ജീവനൊടുക്കിയ പൊലീസുകാരുടെ എണ്ണം 140 ആണ്. ഇങ്ങനെയൊരു പൊലീസ് സംവിധാനത്തെ നമുക്ക് കൊണ്ടുനടക്കാൻ സാധിക്കുമോ? പൊലീസിന് സ്റ്റേസ്സാണ്.

ചെയർപേഴ്സൺ: അങ്ങേയ്ക്ക് അനുവദിച്ച സമയം അവസാനിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ അവസാനിപ്പിക്കാം. എന്റെ നിയോജകമണ്ഡലമായ കൽപ്പറ്റയിൽ വിനീത് എന്നുപറയുന്ന സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് കമാൻഡോയായ

മിടുക്കനായ പൊലീസുകാരൻ അരീക്കോട് പൊലീസ് ക്യാമ്പിലെ ടോയ്‌ലെറ്റിൽ എ.കെ. 47 തോക്കുപയോഗിച്ച് തന്റെ കഴുത്തിനുതാഴെ നിറയൊഴിച്ചു. കാഞ്ചി വലിച്ചപ്പോൾ ആ ചെറുപ്പക്കാരന്റെ ബ്രെയിൻ തകർന്ന് തലയോട്ടി പൊട്ടി വെടിയുണ്ട പുറത്തുപോയി. അങ്ങനെ എത്ര വിനീതുമാർ കേരളത്തിലുണ്ട്? ഈ ആഭ്യന്തര വകുപ്പിന്റെ ഭരണത്തിനുകീഴിൽ കേരളത്തിലെ ജനങ്ങൾക്ക് രക്ഷയില്ല, പൊലീസുകാർക്കുപോലും രക്ഷയില്ല. നിങ്ങൾ മൂന്നാമതും ഭരണത്തിൽ വരുമെന്ന് പറഞ്ഞു. ഈ പാർട്ടി ഇങ്ങനെ പോയാൽ ഉണ്ടാകില്ല. അതുകൊണ്ട് ഈ ഭരണം അവസാനിപ്പിക്കണമെന്ന് പാർട്ടി പ്രവർത്തകർ തീരുമാനമെടുത്ത സാഹചര്യമാണ് കേരളത്തിലുള്ളത്. അതിനാൽ ഗവൺമെന്റിന്റെ ഈ ധനാഭ്യർഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട കല്പറ്റ അംഗം ഒരു പ്രവചനം നടത്തിയാണ് പ്രസംഗം അവസാനിപ്പിച്ചത്. അതൊരു ആശ്വാസത്തിന് കൊള്ളാം. ഞങ്ങൾ മൂന്നാമതും അധികാരത്തിൽ വരുമെന്ന് പറഞ്ഞത് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും ഡോ. ശശി തരൂരുമാണ്.

ശ്രീ. എം. വിൻസെന്റ്: സർ, അവർ എവിടെ പറഞ്ഞു? (...മൈക്ക് ഓഫ്...)

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അവർ രണ്ടുപേരും പറഞ്ഞത് നോക്കിയാൽ മതി ശ്രീ. എം. വിൻസെന്റേ; അവർ പറഞ്ഞത് ബഡായിയാണെന്ന് വേണമെങ്കിൽ നിങ്ങൾക്ക് പറയാം. ഞാൻ അതിലേയ്ക്കല്ല വരുന്നത്. കേരളത്തിലെ പൊലീസ് സേനയെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ഇന്നുള്ള ഏറ്റവും വലിയ ആത്മവിശ്വാസം എന്താണ്?

ഏത് ആപത്ഘട്ടത്തിലും പൊലീസ് ജനങ്ങളോടൊപ്പമുണ്ടെന്ന തിരിച്ചറിവ് കേരളത്തിൽ സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടമായി ഞങ്ങൾ ഉയർത്തിക്കാണിക്കുന്നത്. കേരള പൊലീസിന്റെ മികവ് എത്രത്തോളം മികച്ചതാണെന്ന് കാണിക്കുന്ന മൂന്ന് കേസുകൾ ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഒന്ന്, നേരത്തെ ഇവിടെ സൂചിപ്പിച്ച വാളയാർ പെൺകുട്ടികളുടെ കേസ്. വടകര അംഗം ഇപ്പോൾ സഭയിൽ ഇല്ല. കൂടെ കൊണ്ടുനടക്കുകയായിരുന്നല്ലോ? ധർമ്മടത്ത് മുഖ്യമന്ത്രിയെ പരാജയപ്പെടുത്താൻ വാളയാർ അമ്മയെയല്ലേ മത്സരിപ്പിച്ചത്? ആ ആശാന്മാർ ഇപ്പോൾ ഒന്നും മിണ്ടുന്നില്ല. രണ്ട്, പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മരണവുമായി ബന്ധപ്പെട്ട കേസ്. മൂന്ന്, ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട കേസ്. കേരളത്തിലെ പൊലീസ് എന്താണോ അന്വേഷിച്ച് കണ്ടെത്തിയത് അതാണ് ശരിയെന്ന് സി.ബി.ഐ.-യും പറഞ്ഞില്ലേ; ആ വാദത്തെ പൂർണ്ണമായി അംഗീകരിക്കാനല്ലേ തയ്യാറായത്? ഇന്ന് കേരളത്തിലെ പൊലീസും എക്സൈസും രാജ്യത്തിനും ലോകത്തിനും മാതൃകയാകുന്ന നിലയിലുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ചിലർ പറയുന്നത് കേട്ടാൽ കേരളത്തിൽ മാത്രമാണ് ലഹരി ഉപയോഗമുള്ളതെന്ന് തോന്നും. ഇന്ന് ലോകത്തുതന്നെ ലഹരി ഒരു ആഗോള പ്രതിഭാസമായി മാറിയിരിക്കുകയാണ്. അടുത്ത കാലത്ത് വന്നിരിക്കുന്ന റിപ്പോർട്ടനുസരിച്ച് 2024-ൽ ഏതാണ്ട് 25,000 കോടി രൂപയുടെ മയക്കുമരുന്നാണ് ഇന്ത്യയിൽ പിടിക്കൂടിയത്. അതിൽ 100 കോടി രൂപയിൽ താഴെയാണ് കേരളത്തിൽനിന്നും പിടിച്ചത്. രാജ്യാന്തരമായി നടന്നുകൊണ്ടിരിക്കുന്നതാണിത്. ഏറ്റവും കൂടുതൽ ലഹരി വസ്തുക്കൾ

വരുന്നത് മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ്. കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന റെയ്ഡുകളും അന്വേഷണങ്ങളും ചെറുതാണോ? 2021-ൽ 2083, 2022-ൽ 3638, 2023-ൽ 4998, 2024-ൽ 4474 എന്നിങ്ങനെ 2021 മുതൽ 2024 വരെ ഏകദേശം 15193 ലഹരി കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത്തരം കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടില്ലേ; ആകെ കേസുകളിൽ 2 ശതമാനത്തിൽ താഴെ മാത്രമാണ് രക്ഷപ്പെട്ട് പോകുന്നത്. പൊലീസും എക്സൈസും ശക്തമായി ഇടപെടുന്നതുകൊണ്ടാണ് പ്രതികളെ പിടിക്കൂടാൻ കഴിയുന്നത്. 150789 എക്സൈസ് റെയ്ഡാണ് ഇവിടെ നടന്നത്. കേരളത്തിൽ ഇത്രയും ശക്തമായി ഇടപെട്ടിട്ടുള്ള കാലമുണ്ടായിട്ടുണ്ടോ? ഈ സംസ്ഥാനത്ത് ഏറ്റവും അവസാനം 2025 ജനുവരി-ഫെബ്രുവരി മാസങ്ങളിലായിമാത്രം 3112 അറസ്റ്റുകളാണ് നടത്തിയത്. ലഹരിക്കെതിരായി അതിശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് പിണറായി സർക്കാർ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ആ സർക്കാരിനെയാണ് ആക്ഷേപിക്കാനും കുറ്റംപറയാനും പ്രതിപക്ഷം തയ്യാറാകുന്നത്. നിങ്ങൾ വല്ലാത്ത വേവലാതിയിലാണ്. നേരത്തെ ചർച്ചയിൽ മൂവാറ്റുപുഴ അംഗം സംസാരിച്ചപ്പോൾ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട കാര്യത്തിലേക്ക് കടന്നില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അതുമായി ബന്ധപ്പെട്ട് പറഞ്ഞു. കാരണം, അവരെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസത്തിലാണ്. കേരളം വ്യവസായ സൗഹൃദത്തിൽ 28-ാം സ്ഥാനത്ത് നിന്നപ്പോൾ കേരളത്തിലെ യു.ഡി.എഫ്.-ന് വലിയ സന്തോഷമായിരുന്നു. ഇപ്പോൾ ഒന്നാം സ്ഥാനത്ത് വന്നപ്പോൾ അവർ വല്ലാത്ത വിഷമത്തിലും വിരോധത്തിലുമാണ്. എന്തിനാണ് നിങ്ങൾ ഇങ്ങനെ വിരോധം കാണിക്കുന്നത്; കേരളത്തിന്റെ വളർച്ച നിങ്ങൾക്ക് സഹിക്കാൻ

കഴിയുന്നില്ലേ? നിങ്ങളുടെ ഭരണകാലത്ത് 2003 ജനുവരി മാസത്തിൽ GIM (Global Investors Meet) സംഘടിപ്പിക്കുകയുണ്ടായി. 26,000 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുമെന്ന് പറഞ്ഞു. എന്നിട്ട് എന്ത് സംഭവിച്ചു? കൊറിയൻ കമ്പനി കപ്പലിന്റെ എഞ്ചിൻ റിപ്പയർ ചെയ്യുന്നതിനുവേണ്ടി വരുന്നുവെന്നാണ് അന്ന് പറഞ്ഞത്. എന്നാൽ ജോയ് ആലൂക്കാസിന്റെ രണ്ട് സ്വർണ്ണക്കടയും ഒരു ജൗളിക്കടയുമാണ് ആകെ വന്നത്. ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിയ വ്യവസായ നിക്ഷേപക സംഗമത്തിലൂടെ നേടാൻ കഴിഞ്ഞിട്ടുള്ളത് അതാണോ? ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിങ് കേരള നടത്തി. അതിനായി 13 കോടി രൂപയും ചെലവഴിച്ചു. 45,000 കോടി രൂപയുടെ നിക്ഷേപം വരുമെന്നാണ് പറഞ്ഞിരുന്നത്. ജർമ്മൻ കമ്പനിയായ ഫോക്സ്വാഗന്റെ 2000 കോടി രൂപയുടെ മുതൽമുടക്കാണ് ഇവിടെ വരുന്നതെന്നും പറഞ്ഞു. എവിടെ വന്നു? ഇത്തരം തട്ടിപ്പുകളാണ് നിങ്ങൾ നടത്തിയിട്ടുള്ളത്. അന്ന് 99 വർഷക്കാലത്തേക്ക് ഭൂമി പാട്ടത്തിന് കൊടുക്കാനെടുത്ത തീരുമാനം ഓർക്കുന്നുണ്ടല്ലോ. ഇന്നത്തെ പ്രതിപക്ഷ നേതാവടക്കമുള്ളവർ അന്ന് ഹരിത എം.എൽ.എ.-മാർ എന്ന നിലയിൽ അതിനെതിരായി നടത്തിയ കലാപങ്ങളും കേരളം കണ്ടിട്ടുള്ളതാണ്. കേരളത്തിൽ ഇന്ന് ക്രമസമാധാന മേഖലയിലും വ്യാവസായിക മേഖലയിലും കൈവരിച്ച നേട്ടങ്ങളെ അംഗീകരിക്കാൻ കഴിയാത്ത മാനസികനിലയാണ് പ്രതിപക്ഷത്തിനുള്ളത്. എന്തും പറയുന്നുവെന്നതിനപ്പുറം എന്തെങ്കിലും അടിസ്ഥാനപരമായ കാര്യമുണ്ടോ? കേരളത്തിലെ പൊലീസിന്റെ ഇന്നത്തെ ശോചനീയാവസ്ഥയെക്കുറിച്ചാണ് ഒരംഗം ഇവിടെ പറഞ്ഞത്. പൊലീസ് സേനയിൽ ഇത്രയധികം നവീകരണം നടന്നൊരു കാലമുണ്ടോ; അടിസ്ഥാനസൗകര്യങ്ങൾ

വികസിപ്പിക്കാനായി ഗവൺമെന്റ് ഇടപെട്ടൊരു കാലമുണ്ടോ? ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 126 പൊലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയത്. അത്യാധുനിക സൗകര്യങ്ങളാണ് പൊലീസ് സേനയ്ക്ക് ഒരുക്കി നൽകിയിട്ടുള്ളത്. പൊലീസ് സ്റ്റേഷനുകൾ, വിവിധ സ്റ്റേഷനുകളുടെ ശിശുസൗഹൃദ ഇടങ്ങൾ, പൊലീസ് ബാരക്കുകൾ, ഫോറൻസിക് സയൻസ് ലാബുകൾ, ജില്ലാ പരിശീലന കേന്ദ്രങ്ങൾ, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ ആസ്ഥാന മന്ദിരം, ജില്ലാ കൺട്രോൾ റൂമുകൾ, ക്രൈംബ്രാഞ്ച് ഓഫീസുകൾ, ആന്റി ടെററിസ്റ്റ് ഓഫീസുകൾ, പൊലീസ് ഗവേഷണ കേന്ദ്രം, നീന്തൽക്കുളം തുടങ്ങിയവയെല്ലാം ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള കാലഘട്ടത്തിൽ പൊലീസ് സേനയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള കാര്യങ്ങളാണ്. 61 പൊലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. പൊലീസിനെ സംബന്ധിച്ചിടത്തോളം ഇത്രയുമധികം ആത്മവിശ്വാസത്തോടുകൂടി അവർക്ക് ചുമതല നിർവഹിക്കാൻ കഴിയുന്ന കാലഘട്ടമുണ്ടായിട്ടുണ്ടോ; ഏതെങ്കിലും ബാഹ്യ ഇടപെടലുകൾ നടക്കുന്നുണ്ടോ? തലശ്ശേരി പൊലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ സി.പി.ഐ.(എം.)-കാർ എന്തൊക്കെയോ പ്രശ്നമുണ്ടാക്കിയെന്ന് ബഹു. കൽപ്പറ്റ അംഗം പറഞ്ഞു. പണ്ട് മണൽ മാഫിയയ്ക്കുവേണ്ടി നിങ്ങളുടെ നിലവിലെ കെ.പി.സി.സി. പ്രസിഡന്റ് കണ്ണൂർ ജില്ലയിലെ വളപട്ടണം പൊലീസ് സ്റ്റേഷനിൽപോയി നടത്തിയ ബഹളവും അന്നുണ്ടായ സംഭവങ്ങളുമെല്ലാം കേരളം മറന്നിട്ടില്ലെന്ന് ഓർക്കണം. അധികാരം ഉപയോഗിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരല്ല ഞങ്ങൾ. അധികാരമുണ്ടെങ്കിലും ഇല്ലെങ്കിലും ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുന്നവരാണ്. പൊലീസിനെ ദുർവിനിയോഗം ചെയ്യേണ്ട ഒരാവശ്യവും

ഞങ്ങൾക്കില്ല. പൊലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന അവസരം സൃഷ്ടിക്കാനാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തയ്യാറായിട്ടുള്ളതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. എന്തെല്ലാം ദുരാരോപണങ്ങളാണ് ഈ കാലയളവിൽ ഉയർത്തിയിട്ടുള്ളത്. ചില കാര്യങ്ങൾ വലിയ പെരുമഴപോലെയല്ലേ നിങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളത്. പക്ഷേ അതെല്ലാം കേരള നാട് അംഗീകരിക്കാതെ തള്ളിക്കളഞ്ഞുവെന്നത് യാഥാർഥ്യമല്ലേ? പൊതുവെ ശുദ്ധനായ ഒരു അംഗമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന്. യു.ഡി.എഫ്.-ലെ അംഗമാണെങ്കിലും ശുദ്ധനായിട്ടേ അദ്ദേഹത്തെ ഞങ്ങൾ കണ്ടിട്ടുള്ളൂ. കേരളത്തിന്റെ ബഹു. മുഖ്യമന്ത്രിയെക്കുറിച്ച് അദ്ദേഹം സഭയിൽ സത്യസന്ധമായൊരു കാര്യം പറഞ്ഞു. അങ്ങനെയൊരു നല്ല വാക്ക് അദ്ദേഹത്തിന്റെ വായിൽനിന്ന് വീണതിൽ അദ്ദേഹത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കോവിഡ് തടഞ്ഞുനിർത്താൻ മറ്റാരേക്കാളും മാതൃകാപരമായി നേതൃത്വം വഹിച്ചത് മുഖ്യമന്ത്രിയാണെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോയിന്റ് ഓഫ് ഓർഡർ.

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്റെ പ്രസംഗത്തെ അദ്ദേഹം ദുർവ്യാഖ്യാനം ചെയ്തിരിക്കുകയാണ്. ഞാൻ പറഞ്ഞത്, മുഖ്യമന്ത്രി കോവിഡിന്റെ ശത്രുവാണെന്ന് പറയുന്നു, അതേ മുഖ്യമന്ത്രിതന്നെ കോവിഡ് ബാക്കിവച്ച ചില സംവിധാനങ്ങളെ ഇപ്പോൾ വാരിപ്പുണരുകയും ചെയ്യുന്നുവെന്നാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അദ്ദേഹം ആദ്യം പറഞ്ഞിട്ടുള്ള കാര്യങ്ങൾ

സഭാരേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. സഭയ്ക്ക് പുറത്തേയ്ക്ക് പോയി തിരിച്ചുവന്നപ്പോൾ അദ്ദേഹത്തെ ആരൊക്കെയോ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം ഇപ്പോൾ മാറ്റിപ്പറഞ്ഞതാണ്. അദ്ദേഹം ശുദ്ധനാണ്. അദ്ദേഹം ആദ്യം പറഞ്ഞത് രേഖകളിലുണ്ട്.

ചെയർപേഴ്സൺ: അങ്ങയുടെ സമയം പോകുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, എന്റെ അരമണിക്കൂർ സമയം പോയാലും കുഴപ്പമില്ല, എങ്കിലും ഞാൻ അദ്ദേഹത്തെ മോശക്കാരനാക്കുന്നില്ല. അദ്ദേഹം നല്ല കാര്യമാണ് പറഞ്ഞത്. ഞങ്ങൾ അതിനെ അഭിനന്ദിക്കുകയാണ്. ലീഗിന്റെ യോഗങ്ങളിൽ നൽകുന്ന ബിരിയാണിയുടെ കാര്യമൊഴികെ ബാക്കിയെല്ലാം കൃത്യമാണ്. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് രണ്ട് കാലഘട്ടങ്ങളിലായി ഒൻപത് വർഷക്കാലം പൂർത്തീകരിക്കുകയാണ്. ഈ ഒൻപത് വർഷക്കാലത്തെ സംബന്ധിച്ച് എന്തെല്ലാം ദുരാരോപണങ്ങളാണ് വന്നിട്ടുള്ളത്. നിങ്ങളെ സഹായിക്കാൻ എത്ര മാധ്യമങ്ങളാണ് മത്സരിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങളല്ലാതെ വേറെയാരെങ്കിലുമായിരുന്നെങ്കിൽ പപ്പടം പൊടിയുന്നതുപോലെ പൊടിഞ്ഞുപോകില്ലേ; വേറെ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനമോ മുന്നണിയോ ആയിരുന്നെങ്കിൽ ഇവിടെ കാണുമായിരുന്നോ? നിങ്ങൾ രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുകയല്ലല്ലോ. ലക്ഷക്കണക്കിനുവരുന്ന കോപ്പികളിൽ വ്യാജവാർത്തകൾ ചമയ്ക്കുകയും വൈകുന്നേരമാകുമ്പോൾ അന്തിചർച്ചകൾ സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. നിങ്ങൾ രക്ഷപ്പെടില്ല. കാരണം, ജനങ്ങൾക്ക് നിങ്ങളെ വിശ്വാസമില്ല. ജനങ്ങൾക്ക് ഭക്ഷണം, വസ്ത്രം,

കിടപ്പാടം എന്നിവ നൽകുമെന്ന വാഗ്ദാനം നിറവേറ്റിയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്.

"അന്ന വസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ"

എന്ന് ശ്രീനാരായണ ഗുരുദേവൻ ദൈവദശകത്തിൽ പറഞ്ഞതുപോലെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് ഇതെല്ലാം പ്രദാനം ചെയ്യുകയാണ്. അതിനാൽ എന്തൊക്കെ ദുരാരോപണങ്ങൾ ഉന്നയിച്ചാലും കള്ളപ്രചാരണം നടത്തിയാലും അതൊന്നും ഈ കേരളത്തിന്റെ മണ്ണിൽ ചെലവാകില്ല. മൂന്നാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും കേരളത്തിൽ അധികാരത്തിൽ വരുമെന്നുള്ളതിൽ ഒരു സംശയവുമില്ലെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും മികച്ച ക്രമസമാധാനനിലയുള്ള സംസ്ഥാനം കേരളമാണെന്നതിൽ ആർക്കും തർക്കമുണ്ടാകില്ല. ഒന്നാം പിണറായി സർക്കാരിന്റിന്റെയും ഈ സർക്കാരിന്റെയും കാലത്ത് (2016 മുതൽ 15-6-2024 വരെ) ഏതാണ്ട് 20014 നിയമനങ്ങളാണ് കേരള പൊലീസിലേക്ക് നടത്തിയിട്ടുള്ളത്. ഓരോ പാസിങ് ഔട്ട് പരേഡ് കഴിയുമ്പോഴും ആ ലിസ്റ്റിൽ ഉൾപ്പെട്ട അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കണക്ക് പത്രങ്ങൾ റിപ്പോർട്ട് ചെയ്യാറുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഈ

സേനയിലേക്ക് കടന്നുവന്ന ഒരു കാലഘട്ടംകൂടിയാണിത്. അതിനനുസരിച്ച് സേനയിൽ വലിയ മാറ്റമുണ്ടായിട്ടുണ്ട്. ആ സേനയ്ക്കാണ് കേരളത്തിലെ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നതെന്നത് അഭിമാനകരമാണ്. കേരളത്തിലെ പോലീസ് സേന ക്രമസമാധാന പാലനം മാത്രമല്ല നടത്തുന്നത്. പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളുണ്ടായ സന്ദർഭത്തിൽ പൊലീസ് സേന ക്രമസമാധാനപാലനത്തിനുപുറമെ ജനങ്ങളുടെ സംരക്ഷകരായി മാറിയ ചിത്രമല്ലേ നമ്മൾ കണ്ടത്? ആ സന്ദർഭങ്ങളിലെല്ലാം അവരുടെ ജീവൻപോലും മാറ്റിവച്ച് കൃത്യനിർവഹണത്തിന്റെ ഭാഗമായി ആരോഗ്യ സേവനമടക്കം ഏറ്റെടുത്തുകൊണ്ട് രംഗത്തുവന്നത് നമ്മളെല്ലാം കണ്ടതാണ്. അതൊരു ലോകമാതൃകയായി മാറിയത് നമുക്കെല്ലാം അറിയാവുന്നതുമാണ്. പ്രളയത്തിന്റെയും കോവിഡിന്റെയും നാളുകളിൽ പൊലീസ് സേന നടത്തിയ പരിശ്രമം എല്ലാവരാലും ശ്രദ്ധിക്കപ്പെട്ടതാണെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുമാത്രമല്ല, കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ മുഖ്യമന്ത്രി ഓരോ ദിവസവും വൈകുന്നേരങ്ങളിൽ ടെലിവിഷൻ ചാനലുകളിലൂടെ പറയുന്ന കാര്യങ്ങൾ എന്താണെന്ന് കാണുന്നതിനും കേൾക്കുന്നതിനുമായി എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ച് വന്നതും നമ്മൾ കണ്ടതല്ലേ? ജനങ്ങളുടെ മനസ്സിൽ പരിഭ്രാന്തിയില്ലാതാക്കാൻ മുഖ്യമന്ത്രി നടത്തിയ ഇടപെടലുകൾ എല്ലാവരാലും സ്വീകരിക്കപ്പെട്ടു. അതിന്റെയൊക്കെ ഭാഗമായാണ് ജനങ്ങളിൽ ആത്മവിശ്വാസം വളർത്തുന്നതിന് ഇടയായതെന്നുകൂടി അഭിമാനപൂരസ്സരം പറയാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ലഹരി ഉപയോഗം അടുത്തകാലത്തായി കൂടിവരുന്നുവെന്നത് സാർവദേശീയ

പ്രതിഭാസമാണ്. പ്രത്യേകിച്ച് കോവിഡ് കാലഘട്ടം കഴിഞ്ഞപ്പോൾ, ആ രോഗം സൃഷ്ടിച്ച ഏകാന്തതയും മറ്റ് പ്രശ്നങ്ങളും കാരണം പല ആളുകളും ലഹരിയുടെ ഭാഗമായി. കേരളത്തിൽ പൊലീസ്, എക്സൈസ് വിഭാഗങ്ങൾ കൃത്യമായി നടത്തുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ധാരാളം കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. എന്നാൽ പ്രതിപക്ഷനേതാവ് അതിനെ തിരിച്ച് പറയുകയാണ്. കേരളത്തിൽ ഇടതുപക്ഷവും വിദ്യാർഥി സംഘടനകളും ലഹരിയെ പ്രോത്സാഹിപ്പിക്കുകയാണെന്നാണ് പറയുന്നത്. പ്രതിപക്ഷനേതാവ് എന്ന ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ഒരാൾ അത്തരത്തിൽ പറയാമോ; ലഹരി ഉപയോഗിക്കുന്നതിൽ എല്ലാ വിഭാഗത്തിലെയും ആളുകളുണ്ട്. ലഹരി ഉപയോഗം കണ്ടെത്തി അത്തരം ആളുകളെ അതിൽനിന്ന് മോചിപ്പിക്കുന്നതിനായി ഒറ്റക്കെട്ടായി പരിശ്രമിക്കുന്നതിനുപകരം പ്രതിപക്ഷനേതാവ് നിരുത്തരവാദപരമായ പ്രസ്താവന നടത്തിയത് അങ്ങേയറ്റം ഖേദകരമാണ്. പറഞ്ഞ പ്രസ്താവന തിരുത്താനെങ്കിലും അദ്ദേഹം തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. പ്രതിപക്ഷനേതാവ് എസ്.എഫ്.ഐ.-യെ കുറ്റപ്പെടുത്തുകയാണ്. ശ്രീ. രമേശ് ചെന്നിത്തലയും ആ നിലയിലൊരു പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. കേരളത്തിലെ ക്യാമ്പസുകളിൽ ലഹരി ഇല്ലാതാക്കാനും റാഗിങ് തടയാനുമായി ഉജ്ജ്വല പ്രക്ഷോഭവും സമര പരമ്പരകളും നടത്തുന്ന പ്രസ്ഥാനമായ എസ്.എഫ്.ഐ.-യെ ഇല്ലാതാക്കി കേരളത്തിലെ ക്യാമ്പസുകളെ ആർക്ക് വിട്ടുകൊടുക്കാനാണ് വാദിക്കുന്നത്; ക്യാമ്പസുകളിൽ രാഷ്ട്രീയം പാടില്ലെന്ന സ്ഥിതി വന്നപ്പോൾ എന്താണ് ഇന്ന് സംഭവിച്ചിരിക്കുന്നത്? ക്യാമ്പസുകളിൽ ഗ്യാങ്ങുകളുടെ അതിപ്രസരം വന്നുകൊണ്ടിരിക്കുകയാണ്. അതിലേക്ക് കോളേജ് ക്യാമ്പസുകളെ

വിട്ടുകൊടുക്കാനാണ് അരാഷ്ട്രീയവാദികൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. എസ്.എഫ്.ഐ. പ്രസ്ഥാനം അതിന്റെ പങ്ക് എല്ലാകാലത്തും കൃത്യമായി നിർവഹിക്കും. കോളേജുകളിൽ റാഗിങ്ങുണ്ടെങ്കിൽ അതിനെ ചെറുക്കാനാവശ്യമായ പരിശ്രമം എസ്.എഫ്.ഐ. നടത്തും. ലഹരി അടക്കമുള്ള കാര്യങ്ങളിൽനിന്നും ക്യാമ്പസുകളെ മോചിപ്പിക്കുന്നതിനാവശ്യമായ പരിശ്രമം എസ്.എഫ്.ഐ. നടത്തുമെന്നതിൽ ആർക്കും ഒരു തർക്കവുമില്ല. ലോകത്ത് ഇന്ന് ആശങ്ക ഉണർത്തുന്ന നിലയിലാണ് ലഹരി ഉപയോഗം വർധിച്ചിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കോവിഡിന് ശേഷമുള്ള സാഹചര്യമാണത്. ഭീകര പ്രസ്ഥാനങ്ങളെ ഒളിഞ്ഞും തെളിഞ്ഞും പ്രോത്സാഹിപ്പിക്കുന്ന പല രാജ്യങ്ങളും ഇന്ന് ലഹരി ഉൽപാദക കേന്ദ്രങ്ങളായി മാറിയിരിക്കുന്നത് നമ്മൾ കാണുകയാണ്. ഇന്നലെ ഗുവാഹത്തിയിലും ബാംഗ്ലൂരിലും നടന്ന റെയ്ഡിൽ ഏതാണ്ട് 88 കോടി രൂപയുടെ ലഹരി വസ്തുക്കളാണ് പിടിച്ചെടുത്തത്. ആ റെയ്ഡിന് ചാർജ് വഹിച്ച ഉദ്യോഗസ്ഥരെ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി അഭിനന്ദിക്കുകയും ചെയ്തിരുന്നു. നരേന്ദ്ര മോദി സർക്കാർ വില്പന നടത്തിയ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവ വഴി നടത്തിയ ലഹരിവേട്ടകളുടെ വാർത്തകൾ നമ്മൾ കണ്ടു. എത്രയധികം കോടി രൂപയുടെ ലഹരി വസ്തുക്കളാണ് തുറമുഖങ്ങളും എയർപോർട്ടുകളും വഴി കടന്നുപോയത്. ഗോവ, കർണ്ണാടക, ഗുജറാത്ത്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നാണ് പ്രധാനമായും ലഹരി വസ്തുക്കൾ എത്തുന്നത്. ഇത്തരം ഉറവിടങ്ങൾ അടയ്ക്കാനും ക്യാരിയർമാരെ പിടികൂടാനും സ്കൂളുകൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കാനും ഗവൺമെന്റ് ഒറ്റക്കെട്ടായാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലഹരി കച്ചവടത്തെ തുരത്തുന്നതിനുവേണ്ടി സർക്കാർ സംവിധാനങ്ങളും ജനങ്ങളും ഉൾപ്പെടുന്ന

കൂട്ടായ പരിശ്രമങ്ങൾക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. ലഹരി കച്ചവടം പിടികൂടുന്നതിന് കേരള പോലീസ് നടത്തിയ ഓപ്പറേഷൻ ഡി-ഹണ്ടിൽ ഏതാണ്ട് 2762 കേസുകൾ രജിസ്റ്റർ ചെയ്യുകയും 2854 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഹൈദരാബാദിൽ വൻകിട മയക്കുമരുന്ന് നിർമ്മാണശാല നടത്തുന്ന വെങ്കിട നരസിംഹരാജു എന്ന വ്യക്തിയെ അദ്ദേഹത്തിന്റെ നാട്ടിൽപോയാണ് തൃശ്ശൂർ സിറ്റി പൊലീസ് അറസ്റ്റ് ചെയ്തത്; ഇതെല്ലാം കാണാതെ പോകുന്നത് എന്തുകൊണ്ടാണ്? ലഹരിക്കടത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രം പിടികൂടുന്നുവെന്നും അതിന്റെ ഉറവിടം തേടിപ്പോകുന്നില്ലെന്നും ചില ആളുകൾ പറയുന്നുണ്ട്. അങ്ങനെ ലഹരിയുടെ ഉറവിടം തേടിപ്പോയപ്പോഴാണ് ഹൈദരാബാദിൽനിന്ന് ലഹരി കച്ചവടത്തിന്റെ തലവനെ പിടിച്ചത്.

2.00 p.m]

കേന്ദ്ര ഗവൺമെന്റ് രാജ്യസഭയിൽ നൽകിയ കണക്കനുസരിച്ച് സംസ്ഥാനത്തെ മയക്കുമരുന്ന് കേസുകളുടെ ശിക്ഷാനിരക്ക് കേരളത്തിൽ 98.19 ശതമാനവും ദേശീയതലത്തിൽ 78.1 ശതമാനവുമാണ്. 2024-ൽ എൻ.ഡി.പി.എസ്. കേസുകളിൽ ഏകദേശം 4474 പേരെ കോടതി ശിക്ഷിക്കുകയും 161 പേരെ വെറുതെവിടുകയും ചെയ്തു. 2023-ൽ 4998 പേർക്ക് ശിക്ഷ ലഭിച്ചപ്പോൾ 100 പേരെ മാത്രമാണ് വെറുതെവിട്ടത്. കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ കണക്കുപ്രകാരം 2023-ൽ 16,100 കോടി രൂപയുടെയും 2024-ൽ ഏകദേശം 25,000 കോടി രൂപയുടെയും മൂല്യമുള്ള മയക്കുമരുന്നാണ് വിവിധ സംസ്ഥാനങ്ങളിൽനിന്നും പിടിച്ചെടുത്തത്. ദേശീയതലത്തിൽ ഒരു വർഷക്കാലയളവിനുള്ളിൽ

മയക്കുമരുന്ന് കച്ചവടത്തിൽ 50 ശതമാനത്തിന്റെ വർധനവുണ്ടായെന്ന് കാണാൻ സാധിക്കും. കേരളത്തിൽ ഈ കാലയളവിൽ ഏതാണ്ട് 100 കോടി രൂപയ്ക്ക് താഴെയുള്ള മയക്കുമരുന്നും ലഹരിപദാർഥങ്ങളുമാണ് പൊലീസ് പിടിച്ചെടുത്തത്. ഇത്തരം കേസുകളിന്മേൽ രാജ്യത്തെ ഏറ്റവും ഉയർന്ന ശിക്ഷാനടപടി സ്വീകരിച്ചതും കേരളത്തിലാണ്. പൊലീസ്-എക്സൈസ് എൻഫോഴ്സ്മെന്റ് ഡ്രൈവുകളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളം ലഹരിവ്യാപനത്തെ പിടിച്ചുകെട്ടുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ മാതാപിതാക്കൾ ഈ ഗവൺമെന്റിനെ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. കേരളത്തിൽ സഖാവ് പിണറായി വിജയൻ ഭരിക്കുമ്പോൾ ലഹരിക്കച്ചവടക്കാർക്ക് ഉയർന്നുവരാൻ കഴിയില്ലെന്ന ധാരണ അവർക്കുണ്ട്. കേരളത്തിലെ ജനങ്ങളെ മുഴുവൻ അണിനിരത്തി ലഹരിക്കച്ചവടക്കാരെയും ഏജന്റുമാരെയും നിയമത്തിനുമുന്നിൽ കൊണ്ടുവരാനാവശ്യമായ പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. കോവിഡ് മഹാമാരി സൃഷ്ടിച്ച മറ്റൊരു പ്രശ്നമാണ് മൊബൈൽ ഫോൺ ഉപയോഗമുൾപ്പെടെയുള്ള ഓൺലൈൻ അഡിക്ഷൻ. ഇന്നത്തെ കാലത്ത് ഓൺലൈൻ തട്ടിപ്പുകൾ വർധിച്ചുവരികയാണ്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ഏറ്റവും മികച്ച സംവിധാനമാണ് കേരള പൊലീസ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 41426 സൈബർ പരാതികളിലായി 736 കോടി രൂപ നഷ്ടപ്പെട്ടതിൽ ഏതാണ്ട് 107.40 കോടി രൂപ കേരള പൊലീസ് വീണ്ടെടുത്ത് നൽകിയിട്ടുണ്ട്. തട്ടിപ്പിലകപ്പെട്ടവരെ സംരക്ഷിച്ച് തുക വീണ്ടെടുക്കുന്നതിൽ കേരളം രാജ്യത്തുതന്നെ നാലാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ്. എറണാകുളത്തെ കാക്കനാട് എന്ന സ്ഥലത്ത് ഒരു റിട്ടയേർഡ് പ്രൊഫസറിൽനിന്നും ഓൺലൈനിലൂടെ തട്ടിയെടുത്ത 4.11 കോടി രൂപയിൽ ഒരു

കോടി രൂപ വീണ്ടെടുക്കാൻ കേരള പൊലീസിന് സാധിച്ചു. സൈബർ കേസുകളും ഓൺലൈൻ തട്ടിപ്പുകേസുകളും കൈകാര്യം ചെയ്യുന്ന തിരുവനന്തപുരത്തെ പ്രഗൽഭനായ അഭിഭാഷകനിൽനിന്നും ഒരു കോടി രൂപ തട്ടിയെടുത്തതുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണം നടക്കുകയാണ്. ഡിജിറ്റൽ അറസ്റ്റെന്ന പേരിലാണ് ഇത്തരം തട്ടിപ്പുകളൊക്കെ നടക്കുന്നത്. ഇതിനോടകം മുന്നൂറിലധികം കുറ്റവാളികളെ പൊലീസ് അറസ്റ്റുചെയ്തിട്ടുണ്ടെന്ന് മാത്രമല്ല, രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ സൈബർ കുറ്റവാളികളെ കുടുക്കിയ സംസ്ഥാനവും കേരളമാണ്. തിരുവനന്തപുരത്ത് ഇതിന് മറ്റൊരു ഉദാഹരണം കൂടിയുണ്ട്. തിരുവനന്തപുരത്തുള്ള ഒരു കൊച്ചുമിടുക്കനായ അശ്വഘോഷ് സൈന്ധവിനെ സൈബർ തട്ടിപ്പ് സംഘം ഓൺലൈനിലൂടെ വിളിച്ച് ഡിജിറ്റൽ അറസ്റ്റിന് ശ്രമിച്ചു. എന്നാൽ തട്ടിപ്പുകാരെ ഒരു മണിക്കൂറോളം ഓൺലൈനിൽ നിർത്തി വിവരങ്ങൾ മുഴുവൻ റെക്കോർഡ് ചെയ്ത് പൊലീസ് സംവിധാനത്തെ അറിയിച്ച കൊച്ചുമിടുക്കനാണ് അശ്വഘോഷ് സൈന്ധവ്. അങ്ങനെ കൃത്യമായ ബോധവൽക്കരണം നടത്തി മുന്നോട്ടുപോകാൻ പൊലീസ് സംവിധാനത്തിന് കഴിയുന്നുണ്ടെന്നത് വളരെ സന്തോഷകരമാണ്. പൊലീസിന്റെ സോഷ്യൽ മീഡിയ ഗ്രൂപ്പുൾപ്പെടെ വളരെ കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, ഒരു എഫ്.എം. ചാനൽകൂടി ആരംഭിച്ച് നിയമപരമായ ക്ലാസുകളും പഠന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽപ്പെടുന്ന മ്യൂസിയം പൊലീസ് സ്റ്റേഷനിൽ നിരവധി പൊലീസുകാർ ജോലി ചെയ്യുകയാണ്. പണ്ടുകാലത്ത് നിർമ്മിച്ചൊരു കെട്ടിടത്തിലാണ് ടി പൊലീസ്

സ്റ്റേഷൻ ഇപ്പോഴും സ്ഥിതിചെയ്യുന്നത്. സ്ഥലപരിമിതിമൂലം അവിടത്തെ ജീവനക്കാർ വളരെ പ്രയാസം അനുഭവിക്കുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പട്ടം കേന്ദ്രീകരിച്ച് പുതിയ പൊലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. എസ്.എ.പി. (Special Armed Police) ക്വാർട്ടേഴ്സിലുൾപ്പെടെ ആവശ്യമായ അഴുക്കുചാൽ സംവിധാനങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണം. സ്ഥലപരിമിതി പരിഹരിക്കുന്നതിന്റെ ഭാഗമായി മ്യൂസിയം പൊലീസ് സ്റ്റേഷനെ നന്ദാവനം എ.ആർ. ക്യാമ്പിലെ കാന്റീൻ പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നകാര്യംകൂടി പരിഗണിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുകയാണ്. 2023 ജനുവരി 12-ാം തീയതി എന്റെ നിയോജകമണ്ഡലത്തിൽ വേദനാജനകമായ ഒരു മരണമുണ്ടായി. 14 വയസ്സുള്ള 9-ാം ക്ലാസിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പോസ്റ്റുമോർട്ടം നടന്നപ്പോഴാണ് ആ പെൺകുട്ടി ലൈംഗികമായി പീഡിപ്പിക്കപ്പെട്ടിരുന്നുവെന്ന ഭീകരമായ യാഥാർഥ്യം ബോധ്യമായത്. 14 വയസ്സുകാരിയായ ഈ പെൺകുട്ടി തൂങ്ങിമരിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുകയാണ്. ഇന്ന് പെരിന്തൽമണ്ണ കോടതിയിൽ ആ കേസ് നടക്കുകയാണ്. പക്ഷേ നമ്മുടെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽനിന്നും ആ കേസ് സംബന്ധിച്ച് നൽകിയിട്ടുള്ള സാമ്പിളുകൾ പരിശോധിച്ച് റിസൾട്ട് ലഭിച്ചിട്ടില്ലെന്ന കാരണത്താൽ കോടതിയിൽ വിചാരണപോലും ആരംഭിക്കാൻ സാധിക്കാതെ കേസ് ഇന്നും നീട്ടിവച്ചിരിക്കുന്നു. നമ്മൾ

പൊലീസിങ്ങിന്റെ മികവിനെയും പൊലീസ് സംവിധാനത്തിന്റെ നേട്ടങ്ങളെക്കുറിച്ചും സംസാരിക്കുമ്പോൾ കെട്ടിക്കിടക്കുന്ന ഫയലുകൾ കാരണം കേസുകളിന്മേൽ വിചാരണ ആരംഭിക്കാൻപോലും കഴിയാത്ത ഒരു പൊലീസ് സംവിധാനമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നതെന്നത് എത്ര ലജ്ജാകരമാണ്. നമ്മുടെ നാട് പുറകോട്ട് നടക്കുകയാണ്. ഏറ്റവും നല്ല ടെക്നോളജി ലോകത്ത് മുഴുവൻ പൊലീസിങ്ങിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഒരു കാലമാണിത്. Data-driven policing-ന്റെയും Predictive Analytics-ന്റെയും Real-Time Crime Centres (RTCC)-ന്റെയും കാലമാണ്. ഇന്റലിജൻസ് വിഭാഗത്തെ ഏറ്റവും നന്നായി കൊണ്ടുപോകാനുള്ള സംവിധാനങ്ങളുണ്ടാകുന്ന ഇക്കാലത്ത് നമ്മുടെ ഇൻഫ്രാസ്ട്രക്ചറിന് എന്തെങ്കിലുമൊരു മികവുണ്ടാക്കാൻ സാധിക്കാത്തത് സങ്കടകരമാണ്. Crime No. 34/2023 ആയി രജിസ്റ്റർ ചെയ്യപ്പെട്ട പ്രസ്തുത കേസിൽ ഇപ്പോൾ ആരോപിക്കപ്പെട്ട പ്രതിക്കെതിരെ നടപടിയെടുക്കാൻ കഴിയാതെ, കോടതിയിൽ ഒരടിപോലും മുന്നോട്ടുപോകാൻ കഴിയാതെ നിൽക്കുമ്പോൾ നമ്മുടെ പൊലീസ് സംവിധാനത്തിലെ ഇൻഫ്രാസ്ട്രക്ചറിന്റെ പരാജയമാണ് ബോധ്യപ്പെടുന്നത്. Crime Mapping, Data-driven policing എന്നീ സംവിധാനങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ? മികവുറ്റ പൊലീസ്, മികവുറ്റ സംവിധാനം, മികവുറ്റ ടെക്നോളജി എന്നുപറയുന്ന വായ്ത്താരികൾ മാത്രമാണ് ഇവിടെയുള്ളത്. ശ്രീ. കെ. വി. സുമേഷ് പ്രസംഗിച്ചപ്പോൾ യാതൊരു തരത്തിലുമുള്ള പക്ഷഭേദമില്ലാതെ, മുഖംനോക്കാതെയാണ് പ്രതികൾക്കെതിരെ ശിക്ഷ നടപ്പാക്കുന്നതെന്ന് പറയുകയുണ്ടായി. ഈ സർക്കാർ മുഖംനോക്കാതെ പ്രതികൾക്കെതിരെ നടപടിയെടുക്കുന്നത് ശരിയാണ്; പക്ഷേ കൊടി നോക്കിയാണ് നടപടിയെടുക്കുന്നതെന്നത് വലിയ യാഥാർഥ്യമാണ്. ഇത് political

patronage ആണ്. ഏത് ക്രൈമിനാണ് നിങ്ങൾ political patronage കൊടുക്കാത്തത്? ഇവിടെ എസ്.എഫ്.ഐ.-യുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി എസ്.എഫ്.ഐ.-യുടെ ഒരു പരിപാടിയിൽ പങ്കെടുത്ത് വിദ്യാർഥികൾക്കുമുന്നിൽ അതിഗംഭീരമായി പ്രസംഗിച്ചത് രക്തസാക്ഷിത്വത്തിന്റെ പവിത്രതയെക്കുറിച്ചാണ്. എസ്.എഫ്.ഐ.-യിലെ കുട്ടികൾപോലും കൊല്ലപ്പെടാത്ത ഒരു ക്യാമ്പസാണ് നമുക്ക് വേണ്ടത്. ഒരു കുട്ടിയും രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ കൊല്ലപ്പെടാത്ത ക്യാമ്പസാണുണ്ടാകേണ്ടത്. രക്തസാക്ഷിത്വം ആഘോഷിക്കുകയും അതിനെ ആദർശവൽക്കരിക്കുകയും ചെയ്ത് കൂടുതൽ രക്തസാക്ഷികളെ സൃഷ്ടിക്കാൻ മത്സരിക്കുന്ന രാഷ്ട്രീയം ഉപേക്ഷിക്കാനാണ് നിങ്ങൾ തയ്യാറാകേണ്ടത്. ഞങ്ങളൊരിക്കലും ക്യാമ്പസിൽ എസ്.എഫ്.ഐ.-യോ മറ്റേതെങ്കിലും രാഷ്ട്രീയപാർട്ടിയോ വേണ്ടെന്ന് പറയുന്നില്ല. രാഷ്ട്രീയത്തെ സർഗാത്മകമാക്കി മാറ്റാൻ കഴിയുന്ന ക്യാമ്പസുകളുണ്ടാകണമെന്ന് പറയുന്നവരാണ് ഞങ്ങൾ. കാരണം, നിങ്ങൾ ആ സർഗാത്മകതയെയാണ് തള്ളിക്കളയുന്നത്. ഈയടുത്ത കാലങ്ങളിൽ എത്രയെത്ര ക്രൈമുകളാണ് ക്യാമ്പസുകളിലുണ്ടായതെന്ന് ഇവിടെ പ്രസംഗിച്ച പലരും സൂചിപ്പിച്ചു. ആ അക്രമങ്ങൾക്ക് പിന്നിലെല്ലാം ഒരു വിദ്യാർഥി രാഷ്ട്രീയ സംഘടനയിലുള്ളവർ പ്രതികളായി കാണുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കണം. എസ്.എഫ്.ഐ.-യുടെ പോക്ക് നേരായ പാതയിലല്ലെന്നും അത് തിരുത്തണമെന്നുമാണ് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന കമ്മിറ്റിപോലും പറഞ്ഞിരിക്കുന്നത്. ഇവിടെ മുൻ എസ്.എഫ്.ഐ.-യുടെ നേതാക്കളുണ്ടല്ലോ; നിങ്ങൾ പ്രവർത്തിച്ച കാലത്തെ എസ്.എഫ്.ഐ.-യാണോ ഇന്നുള്ളത് എന്നത് സംബന്ധിച്ച് നിങ്ങൾ ഒരു

ആത്മവിമർശനത്തിന് തയ്യാറാകണം. ആ സംഘടനയെ തിരിച്ചുകൊണ്ടുവരാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെന്നതാണ് യാഥാർഥ്യം. നിങ്ങൾ മൂന്നാം വരവിനെക്കുറിച്ച് പറയുന്നു. രണ്ടാം വരവായപ്പോഴേയ്ക്കും നിങ്ങളുടെ വിദ്യാർഥി സംഘടനയും യുവജനസംഘടനയുമൊക്കെ ഫ്രീസറിൽവച്ച സ്ഥിതിയിലാണ്. പിന്നെ നിങ്ങൾക്കെന്ത് മൂന്നാമൂഴം? ഈ നാട്ടിലെ ജനങ്ങളോട് നിങ്ങൾക്കൊരു നീതിയും കാണിക്കാൻ കഴിയുന്നില്ല. കാരണം, എല്ലാ കാര്യത്തിലും രാഷ്ട്രീയമായി മാത്രം നിങ്ങൾ പ്രതികളെ നോക്കിക്കാണുകയാണ്. രാഷ്ട്രീയമായി നിങ്ങൾക്ക് എന്ത് ലാഭമുണ്ടാകുമെന്ന് നോക്കുകയാണ്. കുറ്റവാളിയുടെ രാഷ്ട്രീയം മാത്രം നോക്കുന്നത് ഏറ്റവും അപകടകരമാണ്. കളമശ്ശേരി പോളിടെക്നിക്കിലെ ലഹരിക്കേസുമായി ബന്ധപ്പെട്ട വിഷയത്തിൽ, ആദ്യം എസ്.എഫ്.ഐ. പ്രതികളെ നെഞ്ചോടുചേർത്ത് സംസാരിച്ചുവെങ്കിലും അവസാനം അവർക്ക് ഗതികേടുകൊണ്ട് പ്രതികളെ പുറത്താക്കേണ്ട സാഹചര്യമാണുണ്ടായത്. പ്രതികൾ അങ്ങനെയുണ്ടാകണമെന്ന് ഞങ്ങൾ പറയുകയല്ല; പക്ഷേ ഇവിടെ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്താണ്? പൊലീസ് സംവിധാനങ്ങൾക്കകത്തുനിന്ന് നന്നായി പ്രവർത്തിക്കുന്ന പൊലീസുകാർക്കുപോലും അതിന് സാധിക്കുന്നില്ല. പാർട്ടിയുടെ ഏരിയ സെക്രട്ടറിമാരുടെ ഭീഷണിക്ക് വഴങ്ങിയില്ലെങ്കിൽ നാളെ കട്ടപ്പനയിലേയ്ക്ക് വണ്ടി കയറേണ്ടി വരുമെന്ന ഭയമാണ് അവരുടെ മനസ്സിലുള്ളത്. ഏതെങ്കിലും ഒരു റിമോട്ട് ഏരിയയിലേക്ക് സ്ഥലംമാറ്റം കിട്ടുമെന്ന ഭീതിയാണ് അവർക്കുള്ളത്. പാർട്ടിയുടെ political patronage കാരണം പൊലീസുകാർക്കും ഏതുസമയത്തും ആക്രമിക്കപ്പെടുമെന്ന ഭയമാണുള്ളത്. ആ political patronage-നെതിരെ നിലപാടെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ ക്രൈമിന്റെ എണ്ണം ഇനിയും കൂടും. 2016-ൽനിന്ന് 2024-ൽ

എത്തുമ്പോൾ കൊലപാതകങ്ങളും അക്രമങ്ങളും മാനഭംഗ കേസുകളുമെല്ലാം കൂടിയിരിക്കുന്നു. എന്നാൽ ആകെ കുറഞ്ഞ ഒരുകാര്യം മാത്രമേയുള്ളൂ; അത് കിഡ്നാപ്പിങ്ങാണ്. ഇത്തരത്തിൽ ദിനംപ്രതി ക്രൈം കൂടുന്ന സാഹചര്യമുണ്ടാക്കുകയും പൊലീസ് മാനേജ്മെന്റിനെക്കുറിച്ച് അറിയാത്തതും political patronage കൊണ്ടുമാത്രം പൊലീസിങ്ങിനെ കൊണ്ടുപോകാൻ ശ്രമിക്കുന്നതും പൊലീസിനുപോലും സംരക്ഷണം നൽകാത്തതുമായ ഈ ഗവൺമെന്റിന്റെ ധനാഭ്യർഥനകളെ ഞാൻ ഒരിക്കൽകൂടി ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തോട് കേന്ദ്രസർക്കാർ കാണിക്കുന്ന കടുത്ത സാമ്പത്തിക ഉപരോധത്തിനിടയിലും നവകേരളത്തിലേയ്ക്ക് നയിക്കുകയാണ് പിണറായി സർക്കാർ. ഒരു ഉപരോധത്തിനും കേരളത്തെ തകർക്കാൻ സാധിക്കില്ലെന്ന് നാം ലോകത്തോട് പ്രഖ്യാപിക്കുകയാണ്. പൊലീസ് വകുപ്പിനെ ആധുനികവൽക്കരിക്കാൻ 104 കോടി രൂപയാണ് ആഭ്യന്തര വകുപ്പ് പ്രത്യേക നടപടിക്രമത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ലോക ചരിത്രത്തിൽ ക്രൂരമായ ഉപരോധങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന നാടായ ക്യൂബയുടെ ദേശീയ കവിയായ നിക്കോളാസ് ക്രിസ്റ്റോബൽ ഗില്ലെൻ ബാറ്റിസ്റ്റയുടെ അതിമനോഹരമായ കവിതയുണ്ട്. അതിലെ പ്രധാനപ്പെട്ട രണ്ട് വരികളാണ് "ഞങ്ങൾ തോറ്റ ജനതയല്ല, ഞങ്ങൾ മുന്നോട്ടുതന്നെ കുതിക്കും" എന്നത്. തീർച്ചയായും ഈ വരികളെപോലെ ഏത് സാമ്പത്തിക ഉപരോധത്തിനിടയിലും മുന്നോട്ടുകുതിച്ചുകൊണ്ട് നവകേരളം സൃഷ്ടിക്കുകയാണ് പിണറായി വിജയൻ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒൻപത് വർഷങ്ങൾകൊണ്ട് കേരള പൊലീസ് നിരവധി നേട്ടങ്ങൾ കൈവരിച്ചു. ഇന്ന് പ്രതിപക്ഷ നിരയിൽനിന്ന്

ധനാഭ്യർഥനകളുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ച എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടായിരിക്കും. കേരള പൊലീസിനെതിരായും ആഭ്യന്തര വകുപ്പിനെതിരായും ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് വിഷയത്തിൽനിന്നും മറികടന്ന് മറ്റ് പല കാര്യങ്ങളും അവർക്ക് സംസാരിക്കേണ്ടിവന്നത്. പൊലീസ്, ആഭ്യന്തരം എന്നീ വകുപ്പുകളിൽ ഒൻപത് വർഷംകൊണ്ട് മികവുറ്റ നേട്ടങ്ങൾ കൈവരിച്ചുവെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണിത്. കുറ്റാന്വേഷണരംഗത്ത് മുന്നേറ്റങ്ങളുണ്ടാക്കാൻ കേരളത്തിന് സാധിച്ചു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽനിന്നും വരുന്ന വാർത്തകൾ എന്താണ്? ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ആൾക്കൂട്ട കൊലപാതകങ്ങളും വർഗീയ കലാപവും ഭീകരാന്തരീക്ഷവും നിലനിൽക്കുമ്പോൾ ലോകത്തിന് മാതൃകയായ വിധത്തിൽ വർഗീയ കലാപങ്ങളോ സംഘർഷങ്ങളോ ആൾക്കൂട്ട കൊലപാതകങ്ങളോ ഭീതിതമായ സാഹചര്യമോ ഇല്ലാത്തൊരു നാടായി കേരളത്തെ മാറ്റാൻ പ്രിയങ്കരനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ആഭ്യന്തര വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ആലപ്പുഴയിലും പാലക്കാടും എത്രയെത്ര ശ്രമങ്ങളാണ് വർഗീയവാദികൾ നടത്തിയത്. കേരളത്തിന്റെ ആഭ്യന്തര വകുപ്പും പൊലീസ് സംവിധാനവും ഇച്ഛാശക്തിയോടെ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി അവയെല്ലാം അടിച്ചമർത്താൻ സാധിച്ചുവെന്നതാണ് യാഥാർഥ്യം. കുറ്റാന്വേഷണത്തിലും കേരള പൊലീസ് ഒന്നാമതാണ്. പണ്ട് കാലത്ത് മുത്തശ്ശിമാർ പ്രേതകഥകൾ പറഞ്ഞ് പേടിപ്പിക്കുന്നതുപോലെ പൊടിപ്പും തൊങ്ങലും ചേർത്തുകൊണ്ട് ചില നുണക്കഥകൾ പ്രചരിപ്പിച്ച് കേരളം അപകടകരമായ സ്ഥിതിയിലാണെന്ന് വരുത്തിത്തീർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. യാഥാർഥ്യങ്ങളുടെയോ കണക്കുകളുടെയോ വസ്തുതകളുടെയോ

അടിസ്ഥാനത്തിലല്ല അവർ കാര്യങ്ങൾ പറയുന്നത്. ലോകത്തിലെ ഏത് പൊലീസ് സംവിധാനത്തോടും കിടപിടിക്കുന്ന ഒന്നാണ് കേരള പൊലീസ് എന്നത് നമുക്ക് അഭിമാനപൂർവം പറയാൻ സാധിക്കും. കുറ്റകൃത്യങ്ങൾ തടയുന്നതിലും തെളിയിക്കുന്നതിലും നീതിനിർവഹണത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സേന നമ്മുടേതാണ്. പല സംസ്ഥാനങ്ങളിലും ഗുരുതര കുറ്റകൃത്യങ്ങൾക്ക് മാത്രമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. കേരളത്തിൽ കേസുകൾ കൂടുതലാണെന്ന് നിങ്ങൾ പറയുന്നത് എന്തുകൊണ്ടാണ്? കേരള ജനതയ്ക്ക് നിയമസാക്ഷരതയുള്ളതിനാലും പൊലീസിലുള്ള വിശ്വാസം കാരണവും ഏറ്റവും ചെറിയ കുറ്റകൃത്യങ്ങൾപോലും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ഈ കണക്കുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പ്രതിപക്ഷം ഉൾപ്പെടെ കേരളത്തിലെ ആഭ്യന്തര വകുപ്പിനെയും പൊലീസ് സംവിധാനത്തെയും വിമർശിക്കാൻ ശ്രമിക്കുന്നത്. ഇതെല്ലാം സമൂഹം തിരിച്ചറിയുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെയും കുറ്റകൃത്യങ്ങളെയും പ്രതിരോധിക്കാൻ സർക്കാർ മുന്തിയ പരിഗണനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെപ്പോലെ സമാധാനപൂർണ്ണമായ മറ്റൊരു സംസ്ഥാനം ഇന്ത്യയിലുണ്ടോ; ഇത്രയും സമാധാനാന്തരീക്ഷമുള്ള കോൺഗ്രസ് ഭരിക്കുന്ന ഒരു സംസ്ഥാനത്തെ പ്രതിപക്ഷാംഗങ്ങൾക്ക് കാണിച്ച് തരാൻ സാധിക്കുമോ? ക്രമസമാധാന നിലയിൽ നമ്പർ വൺ ആണ് കേരളം. ക്രമസമാധാന പരിപാലനത്തിൽ മാത്രമല്ല പൊലീസ് പ്രവർത്തിക്കുന്നത്. നേരത്തെ ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ചൂരൽമലയിലെ ഉരുൾപൊട്ടൽ, പ്രളയം, കോവിഡ്, നിപ തുടങ്ങിയ ആപത്ഘട്ടങ്ങളിലും പൊലീസ് സേന ഉണർന്ന് പ്രവർത്തിച്ചിട്ടുണ്ട്. കേരളത്തിന്റെ ഓരോ മേഖലയിലെയും നേട്ടത്തിന് പൊലീസിന്റെ പ്രവർത്തനങ്ങൾ പൊൻതൂവലായി

നിൽക്കുന്നുണ്ട്. സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേകം പരിശീലനം ലഭിച്ച നിരവധി ഉദ്യോഗസ്ഥർ കേരളത്തിലുണ്ട്. രാജ്യത്ത് ഓൺലൈൻ തട്ടിപ്പിൽ ഏറ്റവും കൂടുതൽ പ്രതികളെ അറസ്റ്റ് ചെയ്ത സംസ്ഥാനം കേരളമാണ്. സമയപരിമിതികൊണ്ട് അതിന്റെ കണക്കുകൾ ഞാൻ വിശദീകരിക്കുന്നില്ല. ഓൺലൈൻ ട്രേഡിങ് തട്ടിപ്പ് തടയാൻ കർശന നടപടിയാണ് കേരള പൊലീസ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം 748 പേർക്കാണ് കേരള പൊലീസ് സൈബർ ഡിവിഷൻ പണം തിരിച്ചുപിടിച്ച് നൽകിയത്. ഈ വർഷം നൂറോളം കേസുകളിൽ പണം തിരിച്ചുപിടിച്ച് നൽകിയിട്ടുണ്ടെന്നത് അഭിമാനകരമാണ്. പൊലീസ് വകുപ്പിൽ ഏറ്റവും കൂടുതൽ തസ്തിക സൃഷ്ടിച്ചതും പി.എസ്.സി നിയമനം നടത്തിയതും ഈ കാലഘട്ടത്തിലാണ്. കേരളത്തിന്റെ ക്രമസമാധാനനിലയെ കൃത്യമായി പരിപാലിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. നിരവധി അംഗീകാരങ്ങൾ കേരള പൊലീസിനെയും ആഭ്യന്തര വകുപ്പിനെയും തേടിയെത്തുകയാണ്. എന്നാൽ ഇതൊന്നും ചർച്ച ചെയ്യാനല്ല ഇവർ തയ്യാറാകുന്നത്. ബഹുമാന്യരായ പ്രതിപക്ഷനേതാവ്, മുൻ പ്രതിപക്ഷനേതാവ്, ശ്രീ. നജീബ് കാന്തപുരം ഉൾപ്പെടെയുള്ളവരെല്ലാം എസ്.എഫ്.ഐ.-യെ കുറിച്ചാണ് പറയുന്നത്. എസ്.എഫ്.ഐ.-യെ നിരോധിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. ആദ്യം നിങ്ങൾ നിങ്ങളുടെ വിദ്യാർഥി സംഘടനയെക്കുറിച്ച് പഠിക്കൂ. 1970-ൽ രൂപീകരിച്ച എസ്.എഫ്.ഐ. ഈ രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ ഐതിഹാസിക പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത് വിദ്യാർഥി ഹൃദയങ്ങൾ കീഴടക്കിയ പ്രസ്ഥാനമാണ്. രക്തസാക്ഷികളെക്കുറിച്ച് നിങ്ങൾ പറഞ്ഞില്ലേ; എസ്.എഫ്.ഐ.യുടെ കൊടി പിടിച്ചതിന്റെ പേരിൽ കെ.എസ്.യു.കാരും യൂത്ത് കോൺഗ്രസ്സുകാരും

എം.എസ്.എഫ്.-കാരും ആർ.എസ്.എസ്.-കാരും ചേർന്ന് 35 എസ്.എഫ്.ഐ.-ക്കാരെയാണ് കേരളത്തിന്റെ കലാലയങ്ങളിൽ കൊല ചെയ്തത്. കഠാര താഴെവയ്ക്കാൻ നിങ്ങൾ പറഞ്ഞാൽ തന്നെ കേരളത്തിന്റെ ക്യാമ്പസുകളിൽ സമാധാനാന്തരീക്ഷമുണ്ടാകുമെന്ന് തിരിച്ചറിയണം.

ലഹരിയുടെ കാര്യത്തിൽ രാഷ്ട്രീയം പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ അതിന് നിങ്ങൾ എസ്.എഫ്.ഐ.-യെയാണോ പഴിക്കേണ്ടത്? നിങ്ങൾ ആദ്യം കെ.എസ്.യു.-ന് അകത്തുള്ള ലഹരി കലാപത്തെ അവസാനിപ്പിക്കാൻ ശ്രമിക്കണം. ലഹരിയുമായി ബന്ധപ്പെട്ട് കെ.എസ്.യു.-ന്റെ പ്രവർത്തനങ്ങൾ ക്യാമ്പസിനകത്തുണ്ടെന്ന് ദിവസങ്ങൾക്കുമുമ്പ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൂടി കണ്ടുകൊണ്ട് നിങ്ങളാദ്യം നിങ്ങളുടെ വിദ്യാർഥി സംഘടനയെയാണ് കാര്യങ്ങൾ പഠിപ്പിക്കേണ്ടത്. ആർക്കും കയറി കൊട്ടാൻ പറ്റുന്ന ചെണ്ടയാണ് എസ്.എഫ്.ഐ. എന്ന് നിങ്ങൾ ധരിക്കരുത്. ലഹരിക്കെതിരായി അതിശക്ത പോരാട്ടങ്ങൾ ഏറ്റെടുത്തുകൊണ്ട് എസ്.എഫ്.ഐ.-യും ഡി.വൈ.എഫ്.ഐ.-യുമുണ്ട്; 'മവാസോ' പോലുള്ള മികച്ച ക്യാമ്പയിനുകൾ ഏറ്റെടുക്കുന്നുണ്ട്. ലഹരിക്കെതിരായി ശക്തമായ ക്യാമ്പയിനുകൾ മുന്നോട്ടുവയ്ക്കുന്നുണ്ടെന്ന യാഥാർഥ്യം നമ്മുടെ മുന്നിലുണ്ട്. എല്ലാ കാലത്തും പൊലീസ് മികച്ചതാണെന്നാണ് പ്രതിപക്ഷാംഗങ്ങൾ പറഞ്ഞത്. നിങ്ങളുടെ കാലത്തുള്ള കേരളത്തിലെ പൊലീസ് സംവിധാനം എന്താണ്? ജിഷ വധത്തെക്കുറിച്ച് ഇവിടെ സംസാരിച്ചു. ചെരുപ്പ് ളുക്കിയിട്ട് നടത്തിയ നാടകങ്ങൾ, ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി ആയതിനുശേഷമാണ് ആ കേസ് കൃത്യമായി തെളിയിച്ചത്. വാളയാർ പെൺകുട്ടികളുടെ അമ്മയോട് മാപ്പ് പറഞ്ഞ പ്രതിപക്ഷാംഗങ്ങൾ

ഇവിടെയുണ്ടല്ലോ; നിങ്ങൾ വാളയാർ കേസുപറഞ്ഞ് ആരെയാണ് വേട്ടയാടാൻ ശ്രമിച്ചത്? കേരളത്തിന്റെ ജനപ്രിയനായ മുഖ്യമന്ത്രിയെയാണ്. ധർമ്മടത്ത് കുഞ്ഞുടുപ്പ് ചിഹ്നത്തിൽ മത്സരിക്കാൻ നിങ്ങൾ ആ അമ്മയെ കൊണ്ടുവന്നു. ഇന്ന് കാര്യങ്ങൾ തെളിഞ്ഞിരിക്കുന്നു. വാളയാർ അമ്മയ്ക്കുവേണ്ടി പ്രസംഗിച്ച ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ മുഖ്യമന്ത്രിയോട് മാപ്പ് പറയണം. നിങ്ങൾ വാളയാർ അമ്മയോട് മാപ്പുപറഞ്ഞ് നടത്തിയ നാടകമുണ്ടല്ലോ; നിങ്ങൾ മാപ്പ് പറയാൻ തയ്യാറാകുമോ? മാപ്പ് പറയുകയെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. അതോടൊപ്പം നിങ്ങൾ കേരളത്തിന്റെ പൊലീസ് സംവിധാനത്തെ എങ്ങനെയാണ് ഉപയോഗിച്ചത്? നിങ്ങൾ ഇപ്പോൾ എസ്.എഫ്.ഐ.-യെക്കുറിച്ച് പറഞ്ഞില്ലേ; എസ്.എഫ്.ഐ.-യുടെ സമരത്തിനുനേരെ വെടിയുതിർത്ത എ.സി.പി. രാധാകൃഷ്ണപിള്ള നിങ്ങളുടെ ഭരണകാലത്തുണ്ടായിരുന്നു. നിങ്ങൾ അങ്ങനെയാണ് കേരളത്തിലെ പൊലീസിനെ ഉപയോഗിച്ചത്. അതിർത്തിയിലെ ശത്രുവിനെപോലെ ഗ്രനേഡ് ഉപയോഗിച്ച് സമരത്തെ അടിച്ചമർത്തിയവരാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ പൊലീസ്. ആർ.എസ്.എസ്.-മായുള്ള ബന്ധത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ആരാണ് ആർ.എസ്.എസ്.-മായി ചേർന്നുനിന്നത്? തിരുവനന്തപുരം എം.ജി. കോളേജിലെ ആർ.എസ്.എസ്. സംഘം സി.ഐ.-യെ ബോംബെറിഞ്ഞ് കൊല്ലാൻ ശ്രമിച്ച കേസ് തള്ളിക്കളഞ്ഞത് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണെന്ന് നിങ്ങൾ മറന്നുപോകരുത്. ക്രിമിനലുകൾക്കെതിരായി മുഖംനോക്കാതെ ഏറ്റവും ശക്തമായ നടപടിയെടുക്കുന്ന ഒരു സംവിധാനമാണ് കേരളത്തിലെ പൊലീസ്. അതിന് കരുത്തുറ്റ നേതൃത്വമാണ് കേരളത്തിന്റെ പ്രിയപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകുന്നത്. നമ്പർ വൺ ആണ് കേരള പൊലീസും ആഭ്യന്തര വകുപ്പും എന്നത് നിങ്ങൾക്കുതന്നെ സമ്മതിക്കേണ്ടി വരുന്നുണ്ട്. എന്തുകൊണ്ടാണ് നിങ്ങൾ കേരളത്തിന് എതിരാണെന്ന് ഞങ്ങൾ പറയുന്നതെന്ന് മൂവാറ്റുപുഴ അംഗം ഇവിടെ ചോദിച്ചു. കേരളത്തിനെ നിങ്ങൾ എപ്പോഴാണ് സഹായിച്ചിട്ടുള്ളത്; കേന്ദ്രം സാമ്പത്തിക ഉപരോധം തീർത്തപ്പോൾ നിങ്ങൾ ബി.ജെ.പി.-ക്കൊപ്പം ചേർന്നുനിൽക്കുകയല്ലേ ചെയ്തത്; അതോടൊപ്പം നിങ്ങൾ കെ-റെയിൽ പദ്ധതിയെയും എതിർത്തു. ഗെയിൽ പദ്ധതി, നാഷണൽ ഹൈവേ തുടങ്ങിയവയ്ക്കെതിരെ നിങ്ങൾ സമരം നടത്തിയില്ലേ; കേരളത്തിന്റെ മുന്നേറ്റത്തെ തകർത്ത് ബി.ജെ.പി.-യോട് കൂട്ടുചേർന്നുകൊണ്ടാണ് നിങ്ങൾ പ്രവർത്തിക്കുന്നത്. ഇതിനൊക്കെ കേരളത്തിലെ ജനങ്ങൾ നിങ്ങളോട് മറുപടി പറയും. മൂന്നാമതും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ജോയി: സർ, ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കഴിഞ്ഞ രണ്ട് ടേമുകളിലായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതാകട്ടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ടതും അന്വേഷണ മികവിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതുമായ കേരള പൊലീസിനെ അഴിമതിരഹിത സേനയായി ഉയർത്തിക്കൊണ്ടുവരാൻ നടത്തിയ പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. നിരവധി പ്രവർത്തനങ്ങൾ പൊലീസിന്റെ ഭാഗത്തുനിന്നും പുതുതായി ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും അക്കാര്യങ്ങൾ സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല.

സോഷ്യൽ മീഡിയ വഴി വ്യാജപ്രചാരണം നടത്തുന്ന/വ്യാജ പ്രൊഫൈൽ നിർമ്മിച്ച് ബുദ്ധിമുട്ടിക്കുന്ന ധാരാളം ആളുകളുണ്ട്. ഇതിനെല്ലാമെതിരെ നടപടി സ്വീകരിക്കാൻ പൊലീസിന് സാധിക്കുന്നുണ്ടെന്നത് പ്രശംസാർഹമാണ്. സൈബർ കേസന്വേഷണത്തിനാവശ്യമായ പരിശീലനം, സൈബർ കമാൻഡോകളുടെ പരിശീലനം എന്നിങ്ങനെ ആധുനിക കാലഘട്ടത്തിൽ പൊലീസിനെ സജ്ജമാക്കുന്നതിന് സാധിക്കുന്നതെല്ലാം ഗവൺമെന്റ് ചെയ്യുന്നുണ്ട്. വിവിധ സേവനങ്ങൾ നൽകുന്നതിന് നേരത്തെ പല ആപ്പുകൾ പൊലീസ് സേനയ്ക്കുണ്ടായിരുന്നു. എന്നാൽ അതെല്ലാം കൂടിച്ചേർത്ത് 'POL-APP' എന്നൊരു മൊബൈൽ ആപ്പ് പൊലീസ് ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. സ്വാഭാവികമായും ഇതിലൂടെ കൂടുതൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കും. പൊലീസിന്റെ അന്വേഷണ മികവിനെക്കുറിച്ച് പറയുമ്പോൾ, പ്രതിപക്ഷം ഏതെങ്കിലും ചില കാര്യങ്ങൾമാത്രം അടർത്തിയെടുത്ത് അതിനെതിരായി പറയുന്നത് രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടിയാണ്. 12 ദിവസം മാത്രം പ്രായമായ കുട്ടിയെ കാണാതായിട്ട് യാതൊരു തുമ്പുമുണ്ടായിരുന്നില്ല. പക്ഷേ കേരള പൊലീസിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെയും ശാസ്ത്രീയ പരിശോധനയിലൂടെയും ആ കുട്ടിയെ വളരെ വേഗം കണ്ടെത്താനും അവശയായ കുട്ടിക്ക് മുലപ്പാൽ നൽകാനും തയ്യാറായതാണ് കേരള പൊലീസ് എന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സംസ്ഥാനത്തെ നർക്കോട്ടിക് വിങ്ങിനെ കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. അതിന്റെ ഭാഗമായി 'സ്നേഹിത' പോലുള്ള ധാരാളം പദ്ധതികൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട

വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല. സ്കൂൾ കുട്ടികളിലാണ് ലഹരി ഉപയോഗം കൂടുതലായി കണ്ടുവരുന്നത്. അതുകൊണ്ടുതന്നെ വിദ്യാർഥികളുടെ അഡ്മിഷൻ സമയത്ത് ഒരു ബ്ലഡ് ടെസ്റ്റ് നടത്താൻ സാധിക്കുമോയെന്നതിനെക്കുറിച്ച് ആലോചിക്കണം. അങ്ങനെ നടത്തിയാൽ കുറേയേറെ കാര്യങ്ങൾ മനസ്സിലാക്കാനും വിദ്യാർഥികളെ നേരായ മാർഗത്തിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമം നടത്താനും സാധിക്കും.

പ്രതിപക്ഷത്തുനിന്നും ചർച്ച ആരംഭിച്ച ഡോ. മാത്യു കുഴൽനാടന് ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് ഒരക്ഷരമെങ്കിലും പറയാൻ സാധിച്ചോ? ആഭ്യന്തര വകുപ്പിനെതിരെ കാതലായ ഏതെങ്കിലും ഒരു വിഷയമുന്നയിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല. അത്തരത്തിലാണ് ആഭ്യന്തര വകുപ്പ് പ്രവർത്തിക്കുന്നത്. ഈസ് ഓഫ് ഡൂയിങ് ബിസിനസുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് അദ്ദേഹം ഇവിടെ ആവർത്തിച്ച് പറഞ്ഞത്. എന്നാൽ അത് വെറും പുകമറ സൃഷ്ടിക്കാൻ വേണ്ടി മാത്രമാണ്. മകൻ മരിച്ചാലും വേണ്ടില്ല, മരുമകളുടെ താലിയറ്റാൽ മതിയെന്ന ദുഷ്ടലാക്കോടുകൂടി ചിന്തിക്കുന്ന ചിലരുണ്ട്. അവരുടെ രീതിയാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലുടനീളം കണ്ടത്. ഞാനൊരു കാര്യം അവരെ ഓർമ്മപ്പെടുത്തുകയാണ്. യു.ഡി.എഫ്.-നെയും കോൺഗ്രസിനെയും സഹായിക്കുന്ന മലയാള മനോരമ പത്രം പറയുന്നതെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഡോ. മാത്യു കുഴൽനാടനും മറ്റംഗങ്ങളും മനസ്സിലാക്കണം. 2025 ഫെബ്രുവരി 20-ലെ മലയാള മനോരമ പത്രത്തിലെ പത്താം പേജിലെ ഒരു വാർത്തയുടെ തലവാചകം ഇപ്രകാരമായിരുന്നു: 'നിക്ഷേപ സമാഹരണത്തിനുമുമ്പേ പരിഷ്കരണം തീർത്ത് കേരളം'. തൊട്ടുതാഴെ ഒരു സബ്സ്റ്റൈറ്റിൽകൂടി അതോടൊപ്പമുണ്ടായിരുന്നു: 'ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ

ഇക്കൊല്ലവും ടോപ്പ് അച്ചീവറാകാൻ കേരളം'. ഇത് ആരുടെയും സ്റ്റേറ്റ്മെന്റല്ല, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. രാജീവിന്റെ സ്റ്റേറ്റ്മെന്റല്ല. മലയാള മനോരമയുടെ ലേഖകൻ മനസ്സിലാക്കിയ കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഫെബ്രുവരി 20-ാം തീയതിയിൽ ഈ വാർത്ത വന്നിരിക്കുന്നത്. അതിന്റെ അവസാന വരിയിൽ കൊടുത്തിരിക്കുന്നത് "കഴിഞ്ഞവർഷം 9 വിഭാഗങ്ങളിലെ പരിഷ്കരണത്തിന് കേരളം ഒന്നാമത് എത്തിയപ്പോഴാണ് സംസ്ഥാനങ്ങളിൽ ഒന്നാം റാങ്ക് ലഭിച്ചത്" എന്നാണ്. ഇത് കൃത്യമായി മലയാള മനോരമ അടയാളപ്പെടുത്തിയിരിക്കുകയാണ്. അതുപോലും വിശ്വസിക്കാതെ കേരളം പുറകിലാണ്, മോശമാണ് എന്നെല്ലാം വരുത്തിത്തീർക്കാനാണ് ഡോ. മാത്യു കുഴൽനാടൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചില മൃഗങ്ങളുടെ വാൽ കുഴലിനകത്ത് കയറ്റി പന്ത്രീരാണ്ടുകൊല്ലം വച്ചിരുന്നാലും ആ കുഴൽ ഊരിയെടുക്കുമ്പോൾ വാൽ വീണ്ടും പഴയ ആകൃതിയിൽത്തന്നെ വരുമെന്നുള്ളത് ഒരു ചരിത്ര സത്യം മാത്രമാണെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മൂവാറ്റുപുഴ അംഗത്തെയും അദ്ദേഹത്തിന്റെ പേരിനോട് ചേർന്ന കുടുംബപ്പേരിനെയും അധിക്ഷേപിച്ച് അപ്പുറത്തുനിന്നും സംസാരിക്കുന്നത് ഓർഡറിലാണോ?

ചെയർപേഴ്സൺ: അദ്ദേഹം അങ്ങനെ ഉദ്ദേശിച്ചിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. (...ബഹളം....) കുടുംബപ്പേര് ഉദ്ദേശിച്ചല്ല അദ്ദേഹം അങ്ങനെ

പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. വി. ജോയി: സർ, ധാരാളം കാര്യങ്ങളിൽ കേരള പൊലീസിന്റെ മികവ് നമ്മൾ കണ്ടതാണ്. 13-ഉം 9-ഉം വയസ്സുള്ള രണ്ട് പെൺകുട്ടികൾ ആത്മഹത്യ ചെയ്ത സംഭവം വാളയാറിലുണ്ടായി. ആ സംഭവവുമായി ബന്ധപ്പെട്ട് കേരള പൊലീസ് കാര്യക്ഷമമായ അന്വേഷണം നടത്തി. പക്ഷേ അതിൽ വേറെ ആരെയോ പ്രതി ചേർക്കുന്നതിനുവേണ്ടി പ്രതിപക്ഷം വലിയ കോലാഹലം ഇവിടെ നടത്തി. പാലക്കാടിലെ നിലവിലെ എം.എൽ.എ.-യും മുൻ എം.എൽ.എ.യുമൊക്കെ ചേർന്ന് യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ വാളയാർ മുതൽ വണ്ടിപ്പെരിയാർ വരെ പകൽപ്പന്തം എന്ന പേരിൽ പുതിയൊരു പ്രതിഷേധസമരം സംഘടിപ്പിച്ചു. ശ്രീമതി കാനത്തിൽ ജമീല സൂചിപ്പിച്ചതുപോലെ ഇതെല്ലാം കഴിഞ്ഞതിനുശേഷം കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ വാളയാർ അമ്മയെ തല മൊട്ടയടിച്ച് ധർമ്മടത്ത് മത്സരിപ്പിച്ചു. മാത്രമല്ല, നാടായ നാട് മുഴുവൻ കൊണ്ടുനടന്ന് മുഖ്യമന്ത്രിക്കെതിരായി പ്രചാരണം നടത്തുകയും ആക്ഷേപങ്ങൾ ചൊരിയുകയും ചെയ്തു. എന്നിട്ട് ഇപ്പോൾ എന്തായി? ദൈവത്തിന്റെ മുമ്പിൽ കൈകൂപ്പി നിൽക്കുന്നതുപോലെ പാലക്കാട് എം.എൽ.എ. തലമുണ്ഡനം ചെയ്ത വാളയാർ പെൺകുട്ടികളുടെ അമ്മയുടെ മുമ്പിൽ കൈകൂപ്പി നിൽക്കുന്ന ചിത്രം ഇന്ന് ലക്ഷക്കണക്കിന് ആളുകൾ കണ്ടിരിക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരായി എന്തെല്ലാം വാർത്തകളാണ് ഇവിടെ പ്രചരിപ്പിക്കുന്നത്? കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കെതിരായി പറയാൻ നിങ്ങൾക്ക് സാധിക്കുമോ; പത്രമാധ്യമങ്ങൾക്ക് സാധിക്കുമോ? തെലങ്കാന മുഖ്യമന്ത്രി ശ്രീ. എ. രേവന്ത് റെഡ്ഡിയെ പൾസ് ന്യൂസ് ബ്രേക്ക് എന്ന യുട്യൂബ് ചാനലിലൂടെ വിമർശിച്ച

മാധ്യമപ്രവർത്തകയായ രേവതി പൊഡഗാനന്ദയെ തെലങ്കാന പൊലീസ് വീട്ടിൽനിന്നും അറസ്റ്റ് ചെയ്തു. എന്നാൽ സഖാവ് പിണറായി വിജയനെതിരായി അസഭ്യവർഷം ചൊരിയുകയും അപവാദപ്രചാരണങ്ങൾ നടത്തുകയും ചെയ്ത ഏതെങ്കിലുമൊരു പത്രപ്രവർത്തകയെയോ പത്രപ്രവർത്തകനെയോ ഇവിടെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ അവരെല്ലാം ഇപ്പോൾ നിരയായി ജയിലിൽ കിടന്നേനെ. പക്ഷേ അതുണ്ടായില്ല എന്നത് നമ്മൾ മനസ്സിലാക്കണം. മയക്കുമരുന്നുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. തെലങ്കാനയുടെ തലസ്ഥാനമായ ഹൈദരാബാദിൽ ഒരു സിന്തറ്റിക് മയക്കുമരുന്ന് നിർമ്മാണ ലാബ് കണ്ടെത്തുകയും ഉടമയായ സിനിമാ നിർമ്മാതാവിനെ അറസ്റ്റുചെയ്യുകയും ചെയ്തത് കേരള പോലീസാണ്. തെലങ്കാന മുഖ്യമന്ത്രി ശ്രീ. എ. രേവന്ത് റെഡ്ഡിയുടെ മൂക്കിന് താഴെനിന്നാണ് നിർമ്മാതാവിനെ അറസ്റ്റ് ചെയ്തുകൊണ്ടുവന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ചില കേസിലെ പ്രതികൾക്ക് ആയിരക്കണക്കിന് ദിവസങ്ങളാണ് പരോളായി അനുവദിച്ചതെന്ന് ബഹുമാന്യയായ വടകര എം.എൽ.എ. പറയുകയുണ്ടായി. രണ്ട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാർ ഈ സഭയിലുണ്ട്. 2014-ലെ കേരള ജയിലുകളും സംശുദ്ധീകരണ സാന്മാർഗിക സേവനങ്ങളും (നിർവഹണം) ചട്ടങ്ങളാണ് ഇവിടെ നടപ്പാക്കുന്നത്. ജില്ലാകളക്ടർ, പോലീസ് കമ്മീഷണർ, സൂപ്രണ്ട് ഓഫ് പോലീസ്, മേഖലാ ജയിൽ ഡി.ഐ.ജി. തുടങ്ങിയവർ ചേർന്ന് നടത്തുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് പരോൾ അനുവദിക്കുന്നത്. ചട്ടപ്രകാരം ഒരു കലണ്ടർ വർഷം 60 ദിവസം പരോൾ ലഭിക്കാൻ അർഹതയുണ്ട്. 45 ദിവസത്തെ അടിയന്തര അവധിക്കും അർഹതയുണ്ട്. കോവിഡ്-19 മഹാമാരിക്കാലത്ത് എല്ലാവർക്കും പരോൾ അനുവദിച്ചു. എന്നാൽ അതിന്റെ എണ്ണം കൂടി

പരിഗണിച്ചാണ് കൂടുതൽ ദിവസം പരോൾ അനുവദിച്ചുവെന്ന് പ്രതിപക്ഷം പറയുന്നത്. കോൺഗ്രസ് വാർഡുകൾതോറും ഗാന്ധിസ്മൃതി പരിപാടി നടത്തുകയാണ്. പരിപാടിയിൽ സ്വാഭാവികമായും മഹാത്മാഗാന്ധിയെ കൊലചെയ്തവരെക്കുറിച്ച് പറയേണ്ടതായിവരും. നാഥൂറാം വിനായക് ഗോഡ്സെയെക്കുറിച്ച് പറയുമോയെന്ന് എനിക്കറിയില്ല, ഒരുപക്ഷേ പറയേണ്ടതായിവരും. അന്ന് ആർ.എസ്.എസ്.-ന്റെ സർസംഘചാലക് ആയിരുന്ന ഗുരുജി എം. എസ്. ഗോൾവൽക്കറെ ഗാന്ധിവധത്തിനുശേഷം നാലാമത്തെ ദിവസം അറസ്റ്റുചെയ്തു. ആറുമാസക്കാലം ഗോൾവൽക്കർ ജയിലിൽ കിടന്നു. 1947 ഡിസംബർ 8-ന് രണ്ടായിരം ആർ.എസ്.എസ്.-കാരെ അഭിസംബോധന ചെയ്തുകൊണ്ട് ഗാന്ധിജിക്കെതിരായി സംസാരിച്ചതാണ് അറസ്റ്റിന് വിധേയമായ കാരണം. എന്നാൽ ആ ഗോൾവൽക്കറുടെ ചിത്രത്തിന് മുമ്പിൽ ഒന്നല്ല രണ്ടുതവണ തിരികൊളുത്തിയവരാണ് ഗാന്ധിസ്മൃതി പരിപാടിയിൽപോയി വിഷയങ്ങൾ അവതരിപ്പിക്കുന്നത്. ഇത് ഞാൻ പറഞ്ഞതല്ല, ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. ആർ. വി. ബാബു പറഞ്ഞതാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. വി. ജോയി</u>: സർ, ഗാന്ധിസ്മൃതി പരിപാടി നടത്തുമ്പോൾ അണികൾക്ക് നൽകുന്ന സന്ദേശം എന്താണെന്നുകൂടി വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആന്റണി രാജു</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. ആഭ്യന്തര വകുപ്പിന്റെ ഇന്നത്തെ ചർച്ചയിൽ ആഭ്യന്തര വകുപ്പിനെക്കുറിച്ചൊന്നും പറയാനില്ലാതെ വിഷയദാരിദ്ര്യംമൂലം വല്ലാതെ ബുദ്ധിമുട്ടുന്ന പ്രതിപക്ഷത്തോട് സഹതാപം

തോന്നുന്നു. പ്രതിപക്ഷത്തുള്ള മൂവാറ്റുപുഴ എം.എൽ.എ.-യുടെ പ്രസംഗം കേട്ടപ്പോൾ ഇന്നത്തെ ചർച്ച വ്യവസായ വകുപ്പിന്റെ ധനാഭ്യർഥനയാണെന്നുപോലും തോന്നി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് എഴുന്നേറ്റ് മറുപടി പറയേണ്ട അവസ്ഥവന്നു. എന്തൊരു ഗതികേടാണ് പ്രതിപക്ഷത്തിന്റേത്? ഇച്ഛാശക്തിയുള്ള ഒരു സർക്കാരിന്റെ ഇടപെടൽകൊണ്ട് മികച്ച ക്രമസമാധാനം പുലർത്തുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. വർഗീയ കലാപങ്ങളില്ലാത്ത, പൊലീസ് വെടിവയ്പിൽ ഒരാൾ പോലും കൊല്ലപ്പെടാത്ത ഒൻപത് വർഷക്കാലമാണ് കടന്നുപോയത്. ഇത് വെറുതെ യാഥാർഥ്യമായതല്ല. സംസ്ഥാനത്തിന്റെ സ്വൈരജീവിതം തകർക്കാൻ ശ്രമിക്കുന്ന മതതീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സമയബന്ധിതമായി ശേഖരിച്ച് അതുവഴി സമയോചിതമായി മുന്നറിയിപ്പുകൾ നൽകുന്നതിനും വർഗീയ സ്വഭാവമുള്ള പ്രവർത്തനങ്ങളെ മുളയിലേ നുള്ളി സാമുദായിക ഐക്യം സംരക്ഷിക്കുന്നതിനുംവേണ്ടി ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുന്ന ഒരു സർക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം ഭരിക്കുന്നതുകൊണ്ട് മാത്രമാണ് ഇത് യാഥാർഥ്യമാകുന്നത്. മതതീവ്രവാദം, സൈബർ കുറ്റകൃത്യങ്ങൾ, സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ ആശയവിനിമയങ്ങളെയും പ്രവർത്തനങ്ങളെയും നിരീക്ഷിക്കുന്നതിനും ഡിജിറ്റൽ ഡാറ്റ വിശകലനം ചെയ്യുന്നതിനുമായി ടെക്നിക്കൽ ഇന്റലിജൻസ് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഇന്ത്യയ്ക്ക് മാതൃകയായ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കുറ്റകൃത്യങ്ങളെ ഫലപ്രദമായി തടയുന്ന (prevention of crime) സംസ്ഥാനമായും കേരളം മാറിയിട്ടുണ്ട്. അതിനൊന്നും കേരളത്തിലെ പൊലീസിന് അഭിനന്ദനവും വാർത്തയും

ലഭിച്ചെന്നുവരില്ല. ലോകം മുഴുവൻ സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇതിനെ ഫലപ്രദമായി നേരിടുന്നതിന് കേരളത്തിലെ എല്ലാ പൊലീസ് ജില്ലകളിലും സൈബർ ക്രൈം പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കൊടുംകുറ്റകൃത്യങ്ങൾ നടത്തിയ നിരവധി പ്രതികളെ അവരുടെ താവളങ്ങളിൽ പോയി കേരള പൊലീസ് പിടികൂടിയതിനെ ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? ഹൈദരാബാദിലെ മയക്കുമരുന്ന് നിർമ്മാണ കേന്ദ്രങ്ങൾ കണ്ടെത്തിയത് കേരള പൊലീസാണ്. ഇത്തരം നടപടികൾക്ക് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയുടെ പേര് ശ്രീ. പിണറായി വിജയൻ എന്നാണ്. അന്തർ സംസ്ഥാന ലഹരിക്കടത്ത് തലവനെ ഒഡീഷയിൽനിന്ന് പിടിച്ചുകൊണ്ടുവന്നതും ഹരിയാന സംസ്ഥാനത്തെ നൂഹ് ജില്ല താവളമാക്കി ഇന്ത്യയിലാകെ എ.ടി.എം. കൊള്ളനടത്തുന്ന പ്രൊഫഷണൽ സംഘത്തെ തുറുങ്കിലടച്ചതും ചെറുവണ്ണൂർ ജ്വവലറി കവർച്ച കേസ് പ്രതികളെ നേപ്പാൾ അതിർത്തിയിൽനിന്ന് സാഹസികമായി അറസ്റ്റ് ചെയ്തതും സൈബർ തട്ടിപ്പിലൂടെ നാലുകോടി രൂപ അപഹരിച്ച പ്രതികളെ രാജസ്ഥാനിൽനിന്നും അറസ്റ്റ് ചെയ്തുകൊണ്ടുവന്നതും വെർച്വൽ അറസ്റ്റ് തട്ടിപ്പിന്റെ മുഖ്യപ്രതിയെ പശ്ചിമ ബംഗാളിൽനിന്ന് റാഞ്ചിയെടുത്ത് കൊണ്ടുവന്നതും ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഭീതിപടർത്തിയ കുറുവ സംഘത്തെ മണിക്കൂറുകൾക്കുള്ളിൽ കസ്റ്റഡിയിലെടുത്തതും കേരള പൊലീസാണ്. അത്തരത്തിൽ ഇന്ത്യയ്ക്കാകെ അഭിമാനകരമായ നിരവധി നേട്ടങ്ങളാണ് കേരള പൊലീസിന്റെ തൊപ്പിയിലണിയാനുള്ളത്. ശ്രീ. എം. വിൻസെന്റിന് ഇപ്പോൾ അസഹിഷ്ണത കാണും,

അദ്ദേഹം ഇത് മാറ്റിപ്പറയും. ഇപ്പോൾ പ്രതിപക്ഷത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കാൻ ബുദ്ധിമുട്ടുണ്ടാകും. നാളെ ഇതിൽ പശ്ചാത്തപിച്ച് നിങ്ങൾ തന്നെ തിരുത്തിപ്പറയുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഒന്നാം പിണറായി സർക്കാരിൽ പി.ഡബ്ല്യു.ഡി. മന്ത്രിയായിരുന്ന സി.പി.ഐ.(എം.) നേതാവ് ശ്രീ. ജി. സുധാകരന് കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ നൽകിയ ഒരു സർട്ടിഫിക്കറ്റുണ്ട്. എന്താണെന്ന് അറിയാമോ? കേരള ചരിത്രത്തിലെ നീതിമാനായ മന്ത്രിയാണ് ശ്രീ. ജി. സുധാകരൻ എന്നാണ് പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിലെ മന്ത്രിയായിരുന്ന അദ്ദേഹത്തെക്കുറിച്ച് ഞങ്ങളല്ല കേരളത്തിന്റെ പ്രതിപക്ഷനേതാവാണ് പറഞ്ഞത്. ഭരണത്തിലിരുന്നപ്പോൾ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ജി. സുധാകരനെക്കുറിച്ച് പറഞ്ഞത് എന്താണെന്ന് ഞാൻ ഈ സഭയിൽ പറയാൻ ആഗ്രഹിക്കുന്നില്ല. ഇതേ പ്രതിപക്ഷനേതാവ് നാളെ ശ്രീ. പിണറായി വിജയനെക്കുറിച്ചും പറയും. കേരള ചരിത്രത്തിൽ നീതിമാനായ ഒരു മുഖ്യമന്ത്രിയുണ്ടായിരുന്നു, അദ്ദേഹത്തിന്റെ പേരാണ് ശ്രീ. പിണറായി വിജയൻ എന്നുപറയും. ശ്രീ. ജി. സുധാകരനെ കോൺഗ്രസ്സുകാർ ക്ഷണിച്ചത് സി.പി.ഐ.(എം.)-ൽ എന്തെങ്കിലും കുത്തിത്തിരുപ്പുണ്ടാക്കാമെന്നുള്ള ധാരണയോടുകൂടിയാണ്. പക്ഷേ കെ.പി.സി.സി.-യുടെ വേദിയിൽ നിങ്ങളൊരുക്കിയ മൈക്കിലൂടെ നിങ്ങളെ സാക്ഷിയാക്കി നിങ്ങളുടെ ഗോദയിൽവച്ച് കോൺഗ്രസിന്റെ വർക്കിങ് കമ്മിറ്റി മെമ്പറെ എടുത്തിട്ട് അലക്കിയത് കേട്ട് നിങ്ങളൊക്കെ കൈയടിച്ചില്ലേ? ഊതിവീർപ്പിച്ച ബലൂണാണെന്ന് പറഞ്ഞവരൊക്കെ ഊറിച്ചിരിക്കുന്നത് കേരളം കണ്ടില്ലേ? എന്തിനും ഏതിനും പൊലീസിനെ കുറ്റപ്പെടുത്തുന്ന

പ്രതിപക്ഷം ഇനിയെങ്കിലും തിരുത്താൻ തയ്യാറാകണം. അല്ലെങ്കിൽ നിങ്ങളുടെ ഗതി പരിതാപകരമായിരിക്കും. കഴിഞ്ഞ ദിവസത്തെ ചർച്ചയിൽ മുസ്ലീം ലീഗിന്റെ പ്രതിനിധി ശ്രീ. എ. കെ. എം. അഷ്റഫ്, ശ്രീ. പി. സി. ജോർജ് ജാമ്യവ്യവസ്ഥ ലംഘിച്ചതിന്റെ കുറ്റവും കേരള പോലീസിന് ചാർത്തിക്കൊടുക്കുകയുണ്ടായി. ഞാനൊരു കാര്യം ചോദിക്കട്ടെ, ശ്രീ. പി. സി. ജോർജ് ജാമ്യവ്യവസ്ഥ ലംഘിച്ചതിന് പോലീസ് അറസ്റ്റ് ചെയ്യുന്നില്ലെന്നാണ് അദ്ദേഹം പരാമർശിച്ചത്. കോടതിയല്ലേ ജാമ്യം അനുവദിക്കുന്നത്; അദ്ദേഹത്തിന് ജാമ്യം അനുവദിച്ചത് കേരള പോലീസാണോ? ജാമ്യവ്യവസ്ഥ ലംഘിച്ചാൽ കോടതിക്ക് മാത്രമല്ലേ അതിനെതിരെ നടപടിയെടുക്കാൻ കഴിയുകയുള്ളൂ. എന്തിനും ഏതിനും കേരള പോലീസിന്റെയും ഭരണപക്ഷത്തിന്റെയും ആഭ്യന്തര വകുപ്പിന്റെയും മേൽ കുതിര കയറുന്ന നിങ്ങളുടെ ഇരട്ടത്താപ്പിന്റെ ഒരു ഉദാഹരണമാണ് ഞാനിവിടെ സൂചിപ്പിച്ചത്. മുമ്പൊരിക്കൽ ശ്രീ. പി. സി. ജോർജിനെ വീട്ടിൽനിന്ന് കേരള പൊലീസ് അറസ്റ്റ് ചെയ്തപ്പോൾ കെ.പി.സി.സി.-യുടെ തലപ്പത്തിരിക്കുന്ന നിങ്ങളുടെ നേതാവ് പറഞ്ഞതെന്താണെന്ന് ഓർക്കുന്നുണ്ടോ? ഒരു മുൻ ജനപ്രതിനിധിയെ വീട്ടിൽ കയറി അറസ്റ്റ് ചെയ്തത് ശരിയായില്ല എന്നാണ്. ഇത് പറഞ്ഞതും നിങ്ങൾ തന്നെയല്ലേ? എന്നാൽ അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ടാണെന്നാണ് ഇപ്പോൾ മുസ്ലീം ലീഗ് ചോദിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഈ ഇരട്ടത്താപ്പ് അവസാനിപ്പിക്കണം. നിങ്ങളുടെ ഇരട്ടത്താപ്പിന്റെ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കേരള ഹൗസിലെത്തി കേരള മുഖ്യമന്ത്രിയെ സന്ദർശിച്ചതിനെ വിമർശിക്കുകയും അതിന് 'മൂർധാബാദ്' വിളിക്കുകയും ചെയ്ത നിങ്ങൾ, മണിക്കൂറുകൾ കഴിഞ്ഞപ്പോൾ യു.ഡി.എഫ്. എം.പി.-മാർ കേന്ദ്ര ധനകാര്യ

വകുപ്പുമന്ത്രിയെ അവരുടെ വീട്ടിലെ വരാന്തയിൽ പോയി കണ്ട് 'സിന്ദാബാദ്' വിളിച്ചു. 'നിങ്ങളിട്ടാൽ ബർമുഡ, ഞങ്ങളിട്ടാൽ വള്ളിക്കളസം' എന്ന നിലപാട് നിങ്ങൾ മാറ്റണം. യാഥാർഥ്യത്തെ യാഥാർഥ്യമായി കാണാൻ കഴിയണം. കേരള ഹൗസിലെത്തി കേരള മുഖ്യമന്ത്രിയെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കണ്ടതിനെ അഭിനന്ദിക്കുകയല്ലേ ചെയ്യേണ്ടത്; യു.ഡി.എഫ്.-ന്റെ ഏതെങ്കിലും ഒരു മുഖ്യമന്ത്രിയെ ഇതുപോലെ വന്നുകണ്ടിട്ടുണ്ടോ? അതാണ് ശ്രീ. പിണറായി വിജയൻ. നിങ്ങളത് കണ്ടുപഠിക്കണം, അതിന് വിഷമിച്ചിട്ട് കാര്യമില്ല. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണുന്നതിനെ സംഘി എന്നൊക്കെ പറയാമോ; കർണ്ണാടക മുഖ്യമന്ത്രി കേന്ദ്രത്തിലെത്തി ബി.ജെ.പി.-യുടെ കേന്ദ്രമന്ത്രിമാരെ കാണുന്നതിനെ ഏത് സംഘിയെന്നാണ് പറയുന്നത്; ഇത്തരത്തിൽ അവസരോചിതമായി അവസരവാദമായി വർത്തമാനം പറയുന്നത് അവസാനിപ്പിച്ചില്ലെങ്കിൽ ജനം തിരിച്ചടിക്കും.

കേരള പൊലീസിനെ ശക്തിപ്പെടുത്തുന്നതിൽ കേരളം ചരിത്രം കുറിച്ചിരിക്കുകയാണ്. 2016 മുതൽ 2024 ഓഗസ്റ്റ് വരെ പൊലീസിൽ 4817 സ്ഥിരം തസ്തികകളും 855 താൽകാലിക തസ്തികകളും സൃഷ്ടിച്ച ഭരണകൂടമാണ് എൽ.ഡി.എഫ്. -ന്റേത്. 2016 ജൂൺ മുതൽ 2024 ജൂൺ വരെ പി.എസ്.സി. മുഖേന പൊലീസ് വകുപ്പിൽ 20014 എണ്ണം നിയമനങ്ങളാണ് കേരളത്തിൽ നടത്തിയിട്ടുള്ളത്. നിങ്ങളുടെ കാലത്ത് എന്തായിരുന്നു അവസ്ഥ? പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ പുതുതായി 37 പൊലീസ് സ്റ്റേഷനുകളാണ് ആരംഭിച്ചത്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ ക്രമസമാധാന പരിപാലനത്തിന് നിരവധി ദേശീയ പുരസ്കാരങ്ങളാണ് കേരളത്തിന് നേടാൻ കഴിഞ്ഞത്. ഇപ്പോൾ പ്രതിപക്ഷത്തിന് സർക്കാരിനെതിരെ സമരം ചെയ്യാൻ ഒരു വിഷയവുമില്ല. കഴിഞ്ഞ ദിവസം മുസ്ലീം ലീഗിന്റെ

ഒരു സമുന്നത നേതാവ് മലപ്പുറത്ത് ജില്ലാ കമ്മിറ്റിയിൽ പ്രസംഗിച്ചതെന്താണ്? സമരത്തിന് ആഹ്വാനം ചെയ്തപ്പോൾ എന്തിനാണ് സമരം ചെയ്യുന്നതെന്ന് അണികൾ ചോദിച്ചു. അദ്ദേഹം നൽകിയ മറുപടിയെന്താണെന്ന് അറിയാമോ? മഴ പെയ്താൽ വെള്ളക്കെട്ടിന് മുമ്പിൽ മുസ്ലീം ലീഗിന്റെ കൊടിയും പിടിച്ച് സർക്കാരിനെതിരെ സമരം ചെയ്യണം. മഴ പെയ്തില്ലെങ്കിൽ വരൾച്ചയുടെ പേരിൽ സമരം ചെയ്യണം. ഇത് രണ്ടുമില്ലെങ്കിൽ, ആശുപത്രികളുടെ മുന്നിൽ പോയി സമരം ചെയ്യണം എന്നാണ്. വിഷയ ദാരിദ്ര്യത്തിൽ ഉഴലുന്ന ഒരു പ്രതിപക്ഷത്തെ കേരള ചരിത്രത്തിൽ ഇതിനുമുമ്പ് കണ്ടിട്ടുണ്ടാകില്ല. ഇതാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ ഭരണനേട്ടം. ഇവർക്ക് സമരം ചെയ്യാൻ പോലും വിഷയങ്ങളില്ല. നിയമസഭയിൽ ആഭ്യന്തര വകുപ്പിനെതിരെ പറയാൻ ഒന്നുമില്ല. നല്ല ഭരണം നടത്തുന്നതിനെ പിന്തുണയ്ക്കുകയാണ് പ്രതിപക്ഷം ചെയ്യേണ്ടത്. നല്ലതിനെ അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം. എന്തിനെയും എതിർത്താൽ ജനങ്ങൾ തിരിച്ചടിക്കും. അത് നിങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? മൂന്നാം ഭരണത്തിലേക്ക് കടക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ അസൂയയോടും അത്ഭുതത്തോടുമാണ് നിങ്ങൾ നോക്കിക്കാണുന്നത്. അതാണ് യാഥാർഥ്യം. നിങ്ങളുടെ ബോഡി ലാംഗ്വേജ് കാണുമ്പോൾത്തന്നെ അത് മനസ്സിലാകും. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ, ഇത്രയും ദുർബലമായൊരു പ്രതിപക്ഷത്തെ കേരള ചരിത്രത്തിൽ കണ്ടിട്ടില്ല. എന്തുകൊണ്ടാണ്? ഇത് കേരള പോലീസിന്റെ മികവിന്റെ തെളിവാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. ഒരു കവിത ചൊല്ലിക്കൊണ്ട് പ്രസംഗം ആരംഭിക്കാം.

'നമുക്ക് കാവലായി നില്ക്കേണ്ട കാക്കികൾ
അരുതായ്മകൾക്കൊപ്പമായതെന്തേ..
തട്ടിപ്പുകാരുടെ കേന്ദ്രമായി കേരളം
ഗുണ്ടകൾക്കൊക്കെ സുരക്ഷിത താവളം
ദൈവത്തിൻ നാടിത് മാഫിയ ഹബ്ബായി,
ലഹരിയിൽ മുങ്ങി അമർന്നിന്ന് കേരളം.
മതദ്വേഷ ജോർജ്ജുമാർ വാഴുന്ന കേരളം
സർക്കാരിതെന്തോന്ന് നോക്കിനിൽപ്പൂ'

മി. സ്പീക്കർ: ഇത് ആരെഴുതിയ കവിതയാണ്?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എന്റെയൊരു സ്നേഹിതന്റെ കവിതയാണിത്. ഒ.എൻ.വി. കുറുപ്പിന്റെ ചില വരികൾകൂടി സൂചിപ്പിക്കാം.

'എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ
എന്നേക്കുമായസ്തമിച്ചുപോയ്
ഇന്നിനി നമ്മിലൊരാളിന്റെ നിദ്രയ്ക്ക്
മറ്റേയാൾ കണ്ണിമ ചിമ്മാതെ
കാവൽ നിന്നീടണം....'

ഈ രീതിയിലേക്ക് കേരളം മാറിക്കഴിഞ്ഞു. 'ജനങ്ങളുടെ കാവൽക്കാർ' എന്നതിൽനിന്ന് 'അധികാരത്തിന്റെ കാവൽക്കാർ' എന്ന നിലയിലേക്ക് പോലീസ് മാറിയിട്ടുണ്ട്. 1980-ൽ ഇ. കെ. നായനാർ സർക്കാരിന്റെ പൊലീസിന്റെ വെടിയേറ്റ് മരിച്ച ഞങ്ങളുടെ മൂന്ന് സഹോദരങ്ങളുടെ രക്തസാക്ഷിത്വത്തിന്റെ 45 വർഷം തികയുകയാണ്. മജീദ്, റഹ്മാൻ,

കുഞ്ഞിപ്പ എന്നിവരുടെ പാവന സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ തുടങ്ങുന്നു.

'മൃദു ഭാവേ ദൃഢ കൃത്യേ' എന്ന സംസ്കൃത വാക്യമാണ് നമ്മുടെ പൊലീസ് സേനയുടെ ആപ്തവാക്യം. മൃദുവായ പെരുമാറ്റവും ദൃഢമായ പ്രവർത്തനവുമെന്നാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. പക്ഷേ ഇന്ന് എന്തുകൊണ്ടാണ് പൊലീസ് ഈ രീതിയിലാകുന്നത് എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. പൊലീസിന് നിരവധി പരിമിതികളുണ്ട്. കേരളത്തിൽ അമ്പതിനായിരം പൊലീസുദ്യോഗസ്ഥരാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നാണ് പറയുന്നത്. അതിൽ പകുതിയോളം പൊലീസുകാർ മാത്രമാണ് പൊലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്നത്. ജനങ്ങളുമായി എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നത് അവരാണ്. പൊലീസ് സ്റ്റേഷനിലേക്ക് ജനങ്ങൾക്ക് നിർഭയമായി കയറിച്ചെല്ലാൻ കഴിയാത്ത അവസ്ഥയിലേക്ക് പൊലീസുകാരുടെ പെരുമാറ്റരീതിയും സമീപനവും മാറിയിട്ടുണ്ടെങ്കിൽ അവരുടെ മാനസികസമ്മർദമാണ് അതിനുകാരണം. പൊലീസുകാരെ ആ രീതിയിലേക്ക് മാറ്റിയിട്ടുള്ളതിൽ ഇവിടെയുള്ള ഭരണകൂടത്തിനാണ് ഒന്നാമത്തെ ഉത്തരവാദിത്വം. ക്രമസമാധാനപാലനവും കുറ്റാന്വേഷണവും ഓരോ പൊലീസ് സ്റ്റേഷനും നടപ്പാക്കേണ്ടതുണ്ട്. പക്ഷേ അതിനാവശ്യമായ അംഗബലം പൊലീസ് സ്റ്റേഷനുകളിലുണ്ടോ എന്നതാണ് ഏറ്റവും പ്രധാന വിഷയം. പൊലീസുകാർ ഇന്നനുഭവിക്കുന്ന ആത്മസംഘർഷത്തിനും നീതിതേടി എത്തുന്നവരോട് അവർ കാണിക്കുന്ന മോശമായ പെരുമാറ്റത്തിനും ഇതെല്ലാം കാരണമാകുന്നു. അതുകൊണ്ട് പൊലീസ് സേനയിൽ അംഗബലം വർധിപ്പിക്കേണ്ടതുണ്ട്. പൊലീസിന്റെ റാങ്ക് ലിസ്റ്റിൽനിന്ന് കൂടുതൽ പേരെ

നിയമിക്കണം. പൊലീസിന്റെ മേലുള്ള രാഷ്ട്രീയ നിയന്ത്രണം ഇല്ലാതാക്കണം. കാലിൽ ചങ്ങലയിട്ട് ചാടാൻ പറഞ്ഞാൽ ചാടാനാകുമോ; ഒരിക്കലും കഴിയില്ല. ശക്തമായ രാഷ്ട്രീയ നിയന്ത്രണമുള്ളപ്പോൾ പൊലീസുകാർക്ക് ഒരിക്കലും നീതിപൂർവമായി പ്രവർത്തിക്കാൻ കഴിയില്ല. പ്രതിപക്ഷം രണ്ട് പ്രാവശ്യം മയക്കുമരുന്നുമായി ബന്ധപ്പെട്ട വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി അവതരിപ്പിച്ചു. രണ്ട് പ്രാവശ്യവും ബോധവൽകരണം, ക്ലാസുകൾ എന്നതരത്തിൽ സുവിശേഷ പ്രസംഗമാണ് നടത്തിയത്. എന്നാൽ കഴിഞ്ഞ ദിവസവും ഈ വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി അവതരിപ്പിച്ചപ്പോൾ, എന്നും ഈ സുവിശേഷപ്രസംഗവുമായി പോകാനാകില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചിരുന്നു. സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടി ആവശ്യമാണ്. ഞങ്ങളല്ല, നിങ്ങളാണ് നടപടി സ്വീകരിക്കേണ്ടത്. ഇത്തരത്തിൽ ശക്തമായ ഒരു ചർച്ച കേരളമാകെ ഏറ്റെടുത്തപ്പോൾ പൊലീസിന് മാറാൻ കഴിഞ്ഞു. മയക്കുമരുന്നിന്റെ അതിശക്തമായ വ്യാപനത്തിന് തടയിടാൻ പൊലീസിന് സാധ്യമായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. പൊലീസ് ആ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ, റാഗിങ്ങിന്റെ വിഷയത്തിൽ രാഷ്ട്രീയ ഇടപെടൽ ഇല്ലാതാകുമ്പോഴൊക്കെ ശക്തമായ നടപടികളുമായി പൊലീസ് മുന്നോട്ടുപോകുന്നുണ്ട്. അതുകൊണ്ട് പൊലീസ് മാറിക്കൊണ്ടിരിക്കുന്നു എന്നുതന്നെ പറയുകയാണ്. ഇടതുപക്ഷത്തിന്റെ എം.എൽ.എ. ആയിരുന്ന ശ്രീ. പി. വി. അൻവർ കഴിഞ്ഞ കുറച്ച് മാസങ്ങളായി ഉയർത്തിയ വിവാദം നമുക്കെല്ലാവർക്കുമറിയാം. അദ്ദേഹം അന്ന് പറഞ്ഞ കാര്യം ഇപ്പോൾ എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. കാലിക്കറ്റ് എയർപോർട്ടിലെ

സ്വർണ്ണക്കള്ളക്കടത്തിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം ശരിവയ്ക്കുന്ന വിധത്തിൽ രാഷ്ട്രവിരുദ്ധ പ്രവർത്തനത്തിനാണ് ഈ പണമെല്ലാം ഉപയോഗിക്കുന്നതെന്ന രീതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽപോയി ദേശീയ മാധ്യമങ്ങളോട് വളരെ മോശം പരാമർശം നടത്തിയത് നമുക്കെല്ലാവർക്കുമറിയാം. അതിന്റെ പിന്നിൽ ശക്തമായ ദുരുദ്ദേശ്യം ഉണ്ടായിരുന്നെന്നും അറിയാം. പക്ഷേ അന്ന് ശ്രീ. പി. വി. അൻവർ ഉന്നയിച്ച വിഷയം തീർച്ചയായും കേരളം ഇന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. അതിനുശേഷം അത്തരത്തിലുള്ള സ്വർണ്ണക്കള്ളക്കടത്ത് പിടിച്ചില്ലല്ലോ; എന്തുകൊണ്ടാണ് പിടികൂടാത്തത്? കസ്റ്റംസും പൊലീസും തമ്മിലുള്ള nexus ആയിരുന്നു അതിനുകാരണമെന്ന് സമീപകാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നാലുമാസമായി അങ്ങനെ കാണുന്നില്ല. അതുപോലെ പൊലീസിൽ വർഗീയതയുടെ സ്വാധീനമുണ്ട്. ആർ.എസ്.എസ്.-മായി പൊലീസ് സന്ധിചെയ്യുന്നു. ആർ.എസ്.എസ്. മേധാവികളുമായി എ.ഡി.ജി.പി. സംസാരിക്കുന്നു. ഇക്കാര്യങ്ങൾ അന്ന് ശ്രീ. പി. വി. അൻവർ പറഞ്ഞപ്പോൾ ഡോ. കെ. ടി. ജലീൽ അതിനെ ശരിവയ്ക്കുകയും അടുത്തമാസം ഞാനും കുറച്ചുകാര്യങ്ങൾ തുറന്നുപറയാൻ പോകുകയാണെന്ന് പറയുകയുമുണ്ടായി. ജനങ്ങൾ ആകാംക്ഷയോടുകൂടി കേൾക്കാൻ കാത്തുനിന്നു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണുരുട്ടിയതുകൊണ്ടായിരിക്കണം ഡോ. കെ. ടി. ജലീൽ വാലും ചുരുട്ടി ഓടുന്ന ചിത്രം കണ്ടത്. ആകാംക്ഷപൂർവം നോക്കിനിന്ന ജനങ്ങളോട് ഞാൻ തമാശയ്ക്കാണ് പറഞ്ഞതെന്നും എനിക്കും മാധ്യമങ്ങളോട് തമാശയാകാമല്ലോയെന്നുമുള്ള രീതിയിലാണ് പ്രസംഗിച്ചത്. ഞാൻ ആ വിഷയത്തിലേയ്ക്കില്ല പോകുന്നത്. ഡോ. കെ. ടി. ജലീൽ ഓഫർ കൊടുത്തതാണോ എന്നാണ് ശ്രീ. എൻ. ഷംസുദ്ദീന്റെ

അഭിപ്രായം, ഏതെങ്കിലുമാകട്ടെ; ഓഫറാണോ അല്ലയോയെന്നും അതല്ല കണ്ണുരുട്ടിയിട്ടാണോ പേടിച്ചുപോയതെന്നുമുള്ള കാര്യങ്ങൾ അദ്ദേഹം തന്നെ പറയട്ടെ. മലപ്പുറം എസ്.പി.-യുടെ ഔദ്യോഗിക വസതിയിൽനിന്നും മരം മുറിച്ച് കടത്തിയെന്നതും അന്ന് ശ്രീ. പി. വി. അൻവർ ഉയർത്തിയ വിഷയമാണ്. രാജൻ കേസിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അതിന് സമാനമായി മാമി എന്നയാളുടെ തിരോധാനത്തിൽ ഇപ്പോഴും അന്വേഷണം നടക്കുകയാണ്. ഇതിലൊന്നും പരിഹാരം കാണാൻ പൊലീസിന് കഴിഞ്ഞിട്ടില്ല. ആഭ്യന്തര വകുപ്പിനുകീഴിലുള്ള മലപ്പുറം എം.എസ്.പി. സ്കൂളിലെ അധ്യാപക നിയമനങ്ങളിൽ അഴിമതി നടക്കുന്നുണ്ട്. കുട്ടികളുടെ പ്രവേശനത്തിനുപോലും ഡൊണേഷൻ വാങ്ങുന്ന ഈ സ്കൂൾ അഴിമതിയുടെ കേന്ദ്രമായി മാറിയിട്ടുണ്ടെന്ന് വളരെ ഗൗരവമായി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. രാജ്യത്തെ ഏറ്റവും മികച്ച പൊലീസ് സേനയാണ് കേരള പൊലീസെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടതാണ്. 65 വർഷങ്ങൾകൊണ്ട് സ്വയംപര്യാപ്തതയിൽ ഏറെ മുന്നേറാൻ കേരള പൊലീസിന് കഴിഞ്ഞു. കുറ്റാന്വേഷണത്തിലും സാങ്കേതിക വൈദഗ്ധ്യത്തിലും സ്വയംപര്യാപ്തത കൈവരിക്കാൻ കേരള പൊലീസിന് കഴിഞ്ഞുവെന്നതാണ് വാസ്തവം. കേരളത്തിലെ മതനിരപേക്ഷ സമൂഹത്തിന് സംരക്ഷണം ഉറപ്പാക്കാൻ ഈ സർക്കാർ പോലീസിനെ ഫലപ്രദമായി ഉപയോഗിച്ചു. വർഗീയ സംഘർഷങ്ങൾ ഒന്നുംതന്നെ കഴിഞ്ഞ എട്ടരവർഷത്തിനിടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ലെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ആർക്കും ഏതുസമയത്തും ആശ്രയിക്കാവുന്നതും പ്രശ്നപരിഹാരത്തിനായി നിർഭയം കടന്നുചെല്ലാവുന്നതുമായ ഇടമായി പൊലീസ് സ്റ്റേഷനുകൾ മാറി. സംസ്ഥാനത്തെ

ബഹുഭൂരിപക്ഷം പൊലീസ് സ്റ്റേഷനുകളും വനിത-വയോജന-ശിശുസൗഹൃദ സ്റ്റേഷനുകളായി മാറി. സാമ്രാജ്യത്വ ഭരണകാലത്തെ മനോഭാവത്തിൽനിന്നും വലിയ മാറ്റങ്ങളുണ്ടായി. ഒരു ജനകീയ സേനയെന്ന നിലയിലേക്കുള്ള കേരള പൊലീസിന്റെ പരിവർത്തനമാണ് നമുക്ക് കാണാൻ കഴിയുന്നത്. കുറ്റാന്വേഷണ മികവിൽ കേരള പൊലീസിന് പകരം വയ്ക്കാൻ രാജ്യത്ത് മറ്റൊരു സേനയുമില്ല. ഒരിക്കലും തെളിയില്ലെന്ന് കരുതിയ നിരവധി കേസുകൾ കേരള പോലീസ് തെളിയിച്ചു. സംസ്ഥാനത്തിനകത്ത് മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിൽ പോയിവരെ പ്രതികളെ പിടികൂടുകയാണ്. കുറ്റാന്വേഷണത്തിൽ ആധുനിക സാങ്കേതികവിദ്യ ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുന്ന സേന കേരള പൊലീസിന്റേതാണ്. ഇന്റർനെറ്റും സൈബർ കണക്ടിവിറ്റിയും ഇല്ലാത്ത ഒരു പൊലീസ് സ്റ്റേഷനും കേരളത്തിലില്ല. ഭീകരാക്രമണത്തിന് ഉപയോഗിക്കുന്ന ഡ്രോണുകളെ നിശ്ചലമാക്കാനുള്ള തനത് സാങ്കേതികവിദ്യപോലും കേരള പൊലീസിന് സ്വന്തമാണ്. സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ രംഗത്ത് കേരള പൊലീസ് ആർജിച്ച മികവ് അഭിനന്ദനാർഹമാണ്. ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് കേരള പൊലീസ് ശ്രദ്ധേയമായ നടപടികളാണ് സ്വീകരിക്കുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ ചില പ്രത്യേകതകൾ കാണേണ്ടതുണ്ട്. രണ്ട് പതിറ്റാണ്ടായി മനുഷ്യസ്വഭാവത്തിൽ അക്ഷമയും എടുത്തുചാട്ടവും വർധിച്ചിട്ടുണ്ട്. അതുപോലെ സോഷ്യൽ ഡിസ്ക്ലണക്ഷൻ വലിയതോതിൽ സംഭവിക്കുകയാണ്. അതിനുള്ള പ്രധാന കാരണം 'ഡിജിറ്റൽ വിപ്ലവം' തന്നെയാണ്. മുമ്പ് ചെറുപ്പക്കാർക്ക് സന്തോഷം ലഭിക്കാനുള്ള പ്രധാനമാർഗം സൗഹൃദങ്ങളായിരുന്നു. സുഹൃത്തുക്കളെ നേരിട്ട് കാണാനും ഇടപഴകാനും യാത്രചെയ്യാനുമൊക്കെ കഴിഞ്ഞിരുന്നു. ഇന്ന് അവർ തേടുന്നതും നേടുന്നതും ഡിജിറ്റൽ ഉപകരണങ്ങളിലൂടെയാണ്.

ഡിജിറ്റൽ ലോകത്ത് മണിക്കൂറുകൾ സന്തോഷത്തോടുകൂടി ചെലവഴിക്കാനാകുന്നതുമൂലം ഒരു വ്യക്തി സമൂഹത്തിൽനിന്നും അകലുകയാണ്. ഒപ്പം സഹജീവികളുടെ വൈകാരിക അവസ്ഥകൾ മനസ്സിലാക്കാനും അതിനനുസരിച്ച് പ്രതികരിക്കാനും കഴിയാത്ത മാനസികാവസ്ഥയിലേക്ക് എത്തപ്പെടുകയും ചെയ്യുന്നു. ഡിജിറ്റൽ ഉപകരണങ്ങൾ അമിതമായി ഉപയോഗിക്കുന്നതുമൂലം രൂപപ്പെടുന്ന എടുത്തുചാട്ടസ്വഭാവം അപകടകരമാണ്. ആഗ്രഹങ്ങൾ തോന്നുന്നതിനും അത് സഫലമാക്കുന്നതിനും തമ്മിലുള്ള ഇടവേള ഇല്ലാതാകുകയാണ്. ഭക്ഷണം ഓർഡർ ചെയ്താൽ, സിനിമ കാണണമെന്ന് ആഗ്രഹിച്ചാൽ, പ്രണയം തോന്നിയാൽ എല്ലാം വേഗത്തിൽ നിറവേറ്റണമെന്ന ചിന്തയാണ് ഇപ്പോൾ ഉയർന്നുവരുന്നത്. പണ്ട് മനസ്സിൽ ഇത്തരം ആഗ്രഹങ്ങൾ തോന്നിയാൽ നിറവേറ്റുന്നതിന് സമയദൈർഘ്യമുണ്ടായിരുന്നു. ഈ ദൈർഘ്യത്തിനിടയിൽ ആഗ്രഹം സാധ്യമാകാം, ആകാതെയും ഇരിക്കാം. എന്തുതന്നെയായാലും പൊരുത്തപ്പെടാൻ മനസ്സിന് കഴിഞ്ഞിരുന്നു. ആഗ്രഹം നിറവേറ്റിയില്ലെങ്കിലും മറ്റേതെങ്കിലും കാര്യങ്ങൾ ചെയ്ത് സന്തോഷം കണ്ടെത്താൻ മനസ്സ് പാകപ്പെട്ടിരുന്നു. ഇപ്പോൾ എല്ലാം ഇൻസ്റ്റന്റായപ്പോൾ എന്ത് ആഗ്രഹം ഉണ്ടെങ്കിലും രണ്ട് ക്ലിക്ക് നൽകിയാൽ നടപ്പാകണമെന്ന് ആഗ്രഹിക്കുന്നു. ചെയ്യാനാകുമോയെന്ന ന്യായമായ സാധ്യതയോടുപോലും പൊരുത്തപ്പെടാൻ തലച്ചോറിന് സമയം ലഭിക്കുന്നില്ല. ആഗ്രഹങ്ങൾ നിഷേധിക്കുമ്പോൾ എടുത്തുചാടിയുള്ള പ്രതികരണങ്ങൾ ഉണ്ടാകുന്നു. മറ്റുള്ളവരെ ഉപദ്രവിക്കാനോ കൊല്ലാനോ അവനവനെത്തന്നെ ഇല്ലാതാക്കാനോ ഒരുമ്പെടുന്ന സ്ഥിതിയിലേക്ക് എത്തുകയാണ്. ഇതാണ് ഞെട്ടിപ്പിക്കുന്ന കൊലപാതകങ്ങൾക്കും സമാന സംഭവങ്ങൾക്കും ഹേതുവാകുന്ന പശ്ചാത്തലങ്ങളിൽ ഒന്നാമത്തേത്. ഇതോടൊപ്പം ലഹരിയുടെ ഉപയോഗം കൂടിയാകുമ്പോൾ

ആത്മനിയന്ത്രണത്തിന്റെ മസ്തിഷ്ക കേന്ദ്രങ്ങൾ തകരാറിലാകുകയാണ്. വീടുകളിലെ അന്തരീക്ഷത്തിൽ വന്ന മാറ്റങ്ങളും ഗൗരവത്തോടുകൂടി കാണണം. കുട്ടികൾ കൗമാരത്തിലേക്കെത്തുമ്പോൾ മാതാപിതാക്കൾ അവരിൽനിന്നും മാനസികമായി അകലുകയാണ്. വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നിർവഹിക്കുന്നതോടൊപ്പംതന്നെ വൈകാരിക ആവശ്യങ്ങൾകൂടി നിറവേറ്റേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമാണെന്നത് പല രക്ഷിതാക്കളും മനസ്സിലാക്കുന്നില്ല. അങ്ങനെ വരുമ്പോൾ കുട്ടികൾ ഡിജിറ്റൽ ലോകത്ത് ബന്ധങ്ങളോ സൗഹൃദങ്ങളോ കണ്ടെത്തി അതിലേക്ക് പോകും. അത് ലഹരിയുടെ വഴിയാകാം അല്ലെങ്കിൽ അനാരോഗ്യകരമായ മറ്റ് വഴികളാകാം. 'No' എന്ന ഉത്തരം സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് നമ്മുടെ യുവത്വം എത്തിയിരിക്കുന്നു. പ്രതിവിധി മൂന്ന് വിധത്തിലാകണം. വീടുകളിൽനിന്നും ആരംഭിക്കാവുന്നതാണ് ഒന്നാമത്തെ കാര്യം. വീടുകളിൽ ഒരു മണിക്കൂറെങ്കിലും മക്കളോടൊപ്പം ചെലവഴിക്കാനും അവരെ കേൾക്കാനും മാതാപിതാക്കൾ തയ്യാറാകണം. അത് ഉപദേശിക്കാനുള്ള സമയം ആകരുത്. കുട്ടികൾക്ക് പറയാനുള്ള ആശങ്കകൾ ശ്രദ്ധാപൂർവം കേൾക്കാൻ കഴിയണം. തങ്ങളെ കേൾക്കുന്നില്ലെന്ന പരാതി ചെറുപ്പക്കാർക്കുണ്ട്. ക്ഷമയോടെ കേട്ട് വേണ്ട നിർദേശങ്ങൾ നൽകുകയാണ് വേണ്ടത്. ലഹരി വസ്തുക്കൾ, ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവമൂലമുണ്ടാകുന്ന പെരുമാറ്റ പ്രശ്നങ്ങളെക്കുറിച്ച് സ്കൂൾതലത്തിൽതന്നെ കുട്ടികൾക്ക് അവബോധമുണ്ടാക്കണം. ഇവയുടെ അമിത ഉപയോഗം തലച്ചോറിന്റെ പ്രവർത്തനത്തെ ബാധിക്കുകയും പെരുമാറ്റ വൈകല്യങ്ങൾക്ക് കാരണമാകുകയും ചെയ്യുമെന്ന് ബോധ്യപ്പെടുത്തണം. വിദ്യാലയങ്ങളിൽ 'ലൈഫ് സ്കിൽ എഡ്യൂക്കേഷൻ' ആവശ്യമാണ്. അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. ജീവിതത്തിൽ പുതുമയും പ്രയാസവുമുള്ള

സന്ദർഭങ്ങളെ തരണം ചെയ്യാൻ വ്യക്തി ആർജിക്കേണ്ട കഴിവുകളാണത്. അതിനൊരു ഗ്രേഡിങ് നൽകുന്നതും നല്ലതാണ്. പൊതുവെ മൂന്ന് കാര്യങ്ങളിൽ സാക്ഷരത കൈവരിക്കണം. അതായത്, മാനസികാരോഗ്യ സാക്ഷരത, നിയമ സാക്ഷരത, സൈബർ സാക്ഷരത കൂടാതെ അതിനാവശ്യമായ ബോധവൽക്കരണവും അനിവാര്യമാണ്. കേരള പോലീസിന്റെ നേതൃത്വത്തിൽ സാമൂഹ്യ പ്രസക്തിയുള്ള പദ്ധതികളെ ഒരു കുടക്കീഴിലാക്കികൊണ്ട് 'സോഷ്യൽ പൊലീസിങ് ഡിവിഷൻ' (എസ്.പി.ഡി.) രൂപീകരിച്ചത് അഭിനന്ദനാർഹമാണ്. പരാതികൾ പരിഹരിക്കാൻ പോലീസ് സ്റ്റേഷനുകളിൽ 'തുണ' എന്ന പേരിൽ പുതിയ സംവിധാനവും ആരംഭിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ്, എസ്.പി.സി. തുടങ്ങിയ പദ്ധതികൾ രാജ്യത്തിന് മാതൃകയാണ്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതിയാണ് 'സുരക്ഷിത ചാത്തന്നൂർ'. 09-03-2017-ലെ C7A-37601/2017/PHQ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡി.ജി.പി.-യുടെ നിർദേശപ്രകാരം ആരംഭിച്ച പദ്ധതിയാണത്. 'സുരക്ഷിത ചാത്തന്നൂർ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജനമൈത്രി പൊലീസിന്റെ മറ്റൊരു രൂപമാണ്. നൂറ് കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ജനകീയ പട്രോളിങ് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. 140 വാർഡുകളിൽനിന്നും മൂന്ന് വാർഡുകളെ ഓരോ ബീറ്റുകളാക്കി തിരിച്ചുകൊണ്ട് ഒരു വാർഡിൽനിന്ന് പൊലീസ് സെലക്ട് ചെയ്യുന്ന പത്ത് സന്നദ്ധ പ്രവർത്തകർക്ക് ടെയിനിങ് നൽകി എല്ലാ ദിവസവും രണ്ട് വോളന്റിയർമാരെ പട്രോളിങിന് നിയോഗിക്കുന്ന സംവിധാനമാണ്. കൊല്ലം സിറ്റി പൊലീസ് കമ്മീഷണർക്കാണ് അതിന്റെ ചുമതല നൽകിയിരിക്കുന്നത്. അതിന്റെ നടപടികൾ വേഗത്തിൽ നടപ്പാക്കിക്കൊണ്ടിരുന്നപ്പോഴാണ് കോവിഡ് വന്നത്. വളരെ സന്തോഷത്തോടുകൂടി പറയട്ടെ,

അന്ന് കൊല്ലം റൂറൽ എസ്.പി. ആയിരുന്ന ശ്രീ. ഹരിശങ്കർ ഐ.പി.എസ്.-ന്റെ നിയന്ത്രണത്തിലുള്ള ഒരു പൊലീസ് സ്റ്റേഷൻ എന്റെ നിയോജകമണ്ഡലത്തിന്റെ പരിധിയിലായിരുന്നു. അദ്ദേഹം ആ സർക്കുലർ കണ്ടശേഷം അദ്ദേഹത്തിന്റെ പരിധിയിലുള്ള പൊലീസ് സ്റ്റേഷനിൽ നടപ്പാക്കാൻവേണ്ടി 'ഫ്രണ്ട്സ് ഓഫ് പോലീസ്' എന്ന പദ്ധതിക്ക് രൂപം നൽകുകയും ഹാൻഡ്ബുക്ക് തയ്യാറാക്കുകയും വോളന്റിയർമാരെ സെലക്ട് ചെയ്ത് ട്രെയിനിങ് നൽകുകയും ചെയ്തു. അത് നടപ്പാക്കുന്ന ഘട്ടത്തിലെത്തിയപ്പോഴാണ് കോവിഡ് വന്നത്. ഡി.ജി.പി.-യുടെ സർക്കുലർ പ്രകാരം സംസ്ഥാനത്ത് മാതൃകാപരമായി നടപ്പാക്കാൻ കഴിയുന്ന പദ്ധതിയായാണ് അതിനെ അദ്ദേഹം വിശേഷിപ്പിച്ചത്. ഈ പദ്ധതി പ്രകാരം ഒരു മണ്ഡലത്തിലെ ഒരു വാർഡിൽനിന്നും പത്തുപേരെ വീതം നിയോഗിക്കുകയാണ് ചെയ്യുന്നത്. അവർക്ക് പൊലീസ് ട്രെയിനിങ്ങും യൂണിഫോമും നൽകും. 1400-ലധികം ആളുകളെ പൊലീസിന് നിരീക്ഷിക്കാൻവേണ്ടിയാണ്. ആക്ഷനല്ല, ഒബ്സർവേഷൻ മാത്രമാണ് വോളന്റിയർമാർ ചെയ്യുന്നത്. എല്ലാദിവസവും രാത്രികാല പട്രോളിങ്ങുണ്ട്. ട്രെയിനിങ് പ്രോഗ്രാമിൽ ഉരുത്തിരിയുന്ന നിർദേശങ്ങൾക്ക് അനുസരിച്ചുള്ള പട്രോളിങ് സംവിധാനമായിരിക്കും നടപ്പാക്കുന്നത്. ആ പദ്ധതി നടപ്പാക്കുന്നതിന് ഞാൻ വീണ്ടും അപേക്ഷ നൽകിയെങ്കിലും ലോക്ഡൗൺ പ്രഖ്യാപിച്ചതുകൊണ്ട് നടപ്പാക്കാൻ കഴിഞ്ഞില്ല. ജനമൈത്രി പൊലീസിന്റെ ഭാഗമായി പ്രസ്തുത പദ്ധതി നടപ്പാക്കാൻവേണ്ടി ഡി.ജി.പി.-ക്ക് വീണ്ടും കത്തുനൽകിയിട്ടുണ്ട്. ജനമൈത്രി പൊലീസിന്റെ ഭാഗമായുള്ള പദ്ധതിയുടെ രണ്ടാം ഘട്ടമായി എക്സൈസ് വകുപ്പിനെയും മോട്ടോർ വാഹന വകുപ്പിനെയും ഈ പുതിയ പദ്ധതിയെയും ഉപയോഗപ്പെടുത്തിയാൽ അപകടരഹിത പ്രദേശമാക്കുന്നതിനും ലഹരിക്കെതിരെ ശക്തമായ

നിരീക്ഷണം ഏർപ്പെടുത്താനും കഴിയും. അത്തരത്തിൽ 'ഫ്രണ്ട്സ് ഓഫ് പൊലീസ്' പദ്ധതി നടപ്പാക്കുന്നതിനായി മുൻകൈയെടുക്കണമെന്ന് അഭ്യർഥിക്കുകയാണ്. കേരളത്തിലെ എല്ലാ പൊലീസ് സ്റ്റേഷനുകളിലും ക്യൂ.ആർ. കോഡ് സംവിധാനത്തിലൂടെ ജനങ്ങൾക്ക് പൊലീസ് സേവനങ്ങളെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിനായി ഏർപ്പെടുത്തിയതാണ് 'തുണ' പദ്ധതി. പൊലീസ് സ്റ്റേഷനിലെ സേവനങ്ങളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് പരാതി സമർപ്പിക്കാൻ സാധിക്കും. നിലവിൽ പൊലീസ് സ്റ്റേഷൻ അടിസ്ഥാനമാക്കി ആരംഭിച്ചിട്ടുള്ളതാണെങ്കിലും, അടുത്ത ഘട്ടത്തിൽ ഓരോ പൊലീസ് ഉദ്യോഗസ്ഥന്റെയും സേവനങ്ങളെ സംബന്ധിച്ച് ജനാധിപത്യ സംവിധാനത്തിലൂടെ അവരെ വിലയിരുത്താനും മാർക്ക് ഇടാനുമുള്ള അവകാശം ജനങ്ങൾക്ക് ലഭിക്കുന്ന നിലയിലേയ്ക്ക് തുണ പദ്ധതിയിൽ മാറ്റം വരുത്തണം. എന്റെ സേവനം നന്നായിരുന്നോ; നന്നായിരുന്നുവെങ്കിൽ അഭിപ്രായം രേഖപ്പെടുത്തണമെന്ന രീതിയിലുള്ള സമീപനം ചില പ്രൊഫഷണൽ ബാങ്കുകളിലെ ജീവനക്കാർ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഹൈജീനിക് സർവീസ് കൾച്ചറിലേയ്ക്ക് നമ്മുടെ പൊലീസ് സംവിധാനത്തെ കൊണ്ടുപോകുന്നതിന്റെ ആദ്യപടിയാണ് ക്യൂ.ആർ. കോഡ് സംവിധാനം. ഇതിലൂടെ പൊലീസ് സേവനങ്ങളെ വിലയിരുത്താനും പൊതുജനങ്ങൾക്ക് അതിനെക്കുറിച്ച് അറിയാനും സാധിക്കുന്നു. അത്തരത്തിൽ മികവാർന്നതും ലോകത്തിനുതന്നെ മാതൃകയായതുമായ നിരവധി പ്രവർത്തനങ്ങളിലൂടെയും അന്വേഷണ മികവിന്റെ പ്രതീകമായി പൊലീസ് മാറുകയാണ്. തൃശ്ശൂർ ടൗൺ പൊലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1612/24 എന്ന കേസിന്റെ ഹിസ്റ്ററി പരിശോധിച്ചാലും കുന്ദമംഗലം, ഓച്ചിറ, പാറശ്ശാല, വളപട്ടണം, മണ്ണഞ്ചേരി എന്നീ പൊലീസ് സ്റ്റേഷനുകൾ ഈ ക്രൈമുകളെല്ലാം

എങ്ങനെ കൈകാര്യം ചെയ്യുയെന്നതിന്റെ അടിസ്ഥാനത്തിലും മികവിന്റെ പര്യായമായി രാജ്യത്തെ മറ്റ് സംസ്ഥാനത്തെ പൊലീസിന് മാതൃകയായ പ്രവർത്തനം നടത്തുന്നവരായി കേരള പൊലീസിനെ നമുക്ക് കാണാൻ സാധിക്കും. അത്തരത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്നതിന് നേതൃത്വം നൽകുന്ന ആഭ്യന്തര വകുപ്പിനെ അഭിനന്ദിച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

3.00 p.m]

ഡോ. കെ. ടി. ജലീൽ: സർ, "വോ സമാന ഖതം ഹോഗയ, അഭി ഇദർ അണ്ടർവേൾഡ് നഹി ഹേ, വോ അണ്ടർവേൾഡ് കേരള മേം ഹേ". 'ഗജകേസരിയോഗം' എന്ന സിനിമയിൽ ആനയെ അനുസരിപ്പിക്കാൻ ഇന്നസെന്റിനെയും കെ.പി.എ.സി. ലളിതയെയും നമ്മുടെ സഭയിലെ അംഗം കൂടിയായ ശ്രീ. എം. മുകേഷിന്റെ കഥാപാത്രം ഹിന്ദി പഠിപ്പിക്കുന്നുണ്ട്. അദ്ദേഹം പഠിപ്പിച്ചുകൊടുത്ത ഹിന്ദിയിലെ വാചകങ്ങളല്ല ഞാനിവിടെ പറഞ്ഞത്. എതാനും ദിവസങ്ങൾക്ക് മുമ്പ് ഈ സഭയിൽ മുഴങ്ങിയ ഒരു ശബ്ദമായിരുന്നു അത്. ആരായിരുന്നു അത് ഉയർത്തിയത്? പ്രതിപക്ഷ നിരയിലെ എനിക്ക് ഏറെ സ്നേഹവും ബഹുമാനവുമുള്ള വ്യക്തിയായ ശ്രീ. എൻ. എ. നെല്ലിക്കുന്നാണ്. അദ്ദേഹം മുംബൈയിൽ പോയി ആളുകളോട് ചോദിച്ചു, ഇവിടെ ഇപ്പോൾ അധോലോകം ഒന്നുമില്ലേ എന്ന്. അപ്പോൾ അവർ നൽകിയ മറുപടിയാണ് അദ്ദേഹമിവിടെ പറഞ്ഞത്: "വോ സമാന ഖതം ഹോഗയ, അഭി ഇദർ അണ്ടർവേൾഡ് നഹി ഹേ, വോ അണ്ടർവേൾഡ് കേരള മേം ഹേ". 'ഇവിടെ ഇപ്പോൾ അണ്ടർവേൾഡ് ഒന്നുമില്ല, അധോലോകക്കാരെല്ലാം ഇപ്പോൾ കേരളത്തിലേയ്ക്ക് പോയിട്ടുണ്ട്' എന്നാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് കളവ് പറയുന്ന ഒരാളല്ല. അതുകൊണ്ട്

അദ്ദേഹത്തിന്റെ പ്രസ്താവന കേട്ടപ്പോൾ എന്തെങ്കിലും വസ്തുതയില്ലാതിരിക്കില്ല എന്ന് കരുതി. അന്ന് വൈകുന്നേരം അടുത്ത ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഞാൻ കാസർഗോഡ് പോയി. അവിടെയെത്തി പത്രം നോക്കുമ്പോഴാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതിന്റെ സത്യാവസ്ഥ എനിക്ക് ബോധ്യമായത്. നിധി ശേഖരം അന്വേഷിച്ച് കിണറ്റിലിറങ്ങി കുഴിച്ചതിന്റെ പേരിൽ മൊഗ്രാൽപുത്തൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റും മുസ്ലീംലീഗ് നേതാവുമായ ശ്രീ. മുജീബ് കമ്പാറിനെയും സംഘത്തെയും പൊലീസ് അറസ്റ്റ് ചെയ്തു എന്ന വാർത്തയാണ് എനിക്ക് വായിക്കാൻ സാധിച്ചത്. അപ്പോൾ ആരൊക്കെയോ ഇങ്ങോട്ട് വന്നിട്ടുണ്ടെന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്നിന് വിവരം കിട്ടിയിരുന്നു. പക്ഷേ വന്നവർ ആരായിരുന്നുവെന്ന് കാസർഗോഡ് ചെന്ന് പത്രം നോക്കിയപ്പോഴാണ് എനിക്ക് മനസ്സിലായത്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള കിണറ്റിലാണ് മുജീബ് കമ്പാർ ഇറങ്ങിയത്. കിണറ്റിലിറങ്ങി അണ്ടർവേൾഡിനെ പിടിക്കുകയെന്നത് ഒരുപക്ഷേ ലോകചരിത്രത്തിൽ ഇവിടെ മാത്രം നടന്നിട്ടുള്ള സംഭവമാണ്. ഇതാണ് ഈ സർക്കാരിന് എതിരെയുള്ള ജൽപ്പനങ്ങളുടെ നിജസ്ഥിതിയെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. സംസ്ഥാനത്തെ പൊലീസിനെ സംബന്ധിച്ച് പറയുമ്പോൾ നമ്മുടെ രാജ്യത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. എന്താണ് യു.പി.-യിലെ അവസ്ഥ? ഒരുവർഷം ആയിരം എന്ന നിലയിൽ കഴിഞ്ഞ 10 വർഷങ്ങളായി പതിനായിരത്തിലധികം ആളുകളെയാണ് എൻകൗണ്ടറിൽ അവിടെ കൊന്നത്. സമാജ്‌വാദി പാർട്ടി (എസ്.പി.)-യുടെ 5 മുസ്ലീം എം.എൽ.എ.-മാർ ജയിലിലാണ്. ഒരു എം.എൽ.എ. ജയിലിൽ വച്ചാണ് മരിച്ചത്. മുൻ എം.പി.-യും നാല് തവണ എം.എൽ.എ.-യുമായിരുന്ന ആതിഖ് അഹമ്മദിനെ പട്ടാപ്പകൽ

എല്ലാ ക്യാമറ കണ്ണുകളും നോക്കിനിൽക്കെയാണ് അതിക്രൂരമായി വെടിവച്ചുകൊന്നത്. അദ്ദേഹത്തിന്റെ മകനെയും വെടിവച്ചു കൊന്നു, മൂത്ത ആൺ മക്കളെ ജയിലിൽ അടച്ചു, രണ്ട് ചെറിയ മക്കളെ ജുവനൈൽ ഹോമിലേക്ക് അയച്ചു. അദ്ദേഹത്തിന്റെ ഭാര്യയെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചു. അവർക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. ഇതുവരെയും അവരെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ഡൽഹിയിലെ സമരത്തിൽ പങ്കെടുക്കാൻ പോയ സമയത്ത് യു.പി.-യിൽ നിന്നും വന്നൊരാൾ എന്നോട് പറഞ്ഞത്, ആതിഖ് അഹമ്മദിന്റെ ഭാര്യയെ ഇതിനകംതന്നെ കഥകഴിച്ചിട്ടുണ്ടാകുമെന്നാണ്. മഹാരാഷ്ട്ര നിയമസഭയിലെ ബജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സമാജ്‌വാദി പാർട്ടിയിലെ എം.എൽ.എ. ശ്രീ. അബു അസിം ആസ്മി ഔറംഗസേബിന്റെ ഭരണകാലത്ത് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഒരു പ്രസ്താവന നടത്തിയതിന്റെ പേരിൽ ഒരു സെഷനിൽനിന്ന് അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. "അബു അസിം ആസ്മിനെ നിങ്ങൾ ഇങ്ങോട്ട് വിടുക, ഞാൻ കാണിച്ചു തരാം" എന്നാണ് ശ്രീ. യോഗി ആദിത്യനാഥ് പറഞ്ഞത്. ഈ രാജ്യത്തെ സ്ഥിതിയെന്താണ്; ഈ രാജ്യത്തുള്ള പൊലീസിന്റെ സ്ഥിതിയെന്താണ്; ഇതിനെക്കുറിച്ചൊക്കെ മറ്റ് സംസ്ഥാനങ്ങൾക്ക് എന്താണ് പറയാനുള്ളത്? രാജസ്ഥാനിൽ ഒരാളെ റെയ്ഡ് നടത്തി പിടിക്കാൻ ചെന്ന പൊലീസ് ഒരു പിഞ്ചുകുഞ്ഞിനെ ചവിട്ടിക്കൊന്നതിനെക്കുറിച്ച് ആരെങ്കിലും ചോദിച്ചോ; മുഖ്യ പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ് നേതാക്കൾ ആ വീട് സന്ദർശിച്ചോ; മുസ്ലീംലീഗിന് മൂന്നാല് എം.പി.-മാർ ഉണ്ടായിട്ടും ആരെങ്കിലും ഒരാളെ രാജസ്ഥാനിലേയ്ക്ക് പറഞ്ഞയച്ചോ? എന്നാൽ നിങ്ങൾ ലിബറലുകൾ, മത വിരുദ്ധർ എന്നൊക്കെ ആക്ഷേപിക്കുന്ന സി.പി.ഐ.(എം.)-ന്റെ

അഖിലേന്ത്യാ പോളിറ്റ് ബ്യൂറോ അംഗം ശ്രീമതി ബൃന്ദ കാരാട്ട് അവിടെ പോയി ആ സഹോദരിയെ സമാശ്വസിപ്പിച്ചു, ആ ഉമ്മയുടെ കണ്ണീരൊപ്പി. ആരായിരുന്നു ഔറംഗസേബ്? രാജ്യത്ത് ഏറ്റവും അധികകാലം ഭരിച്ച ഭരണാധികാരിയും നാൽപ്പത്തിയൊമ്പതര കൊല്ലം തുടർച്ചയായി ഇന്ത്യ ഭരിച്ച ചക്രവർത്തിയുമായിരുന്നു അദ്ദേഹം. ആ ചക്രവർത്തിയുടെ കാലത്തുണ്ടായ സാമ്പത്തിക പുരോഗതിയെ സംബന്ധിച്ച് ബജറ്റ് ചർച്ചയിൽ ഒരു പരാമർശം നടത്തിയതിനാണ് രാജ്യദ്രോഹിയെന്ന് ശ്രീ. അബു അസിം ആസ്മിയെ വിളിച്ചത്. നമ്മുടെ രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ് അല്ലെങ്കിൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളെന്ന വ്യത്യാസമില്ലാതെ പതിനായിരക്കണക്കിന് മുസ്ലീം ചെറുപ്പക്കാരാണ് വിചാരണപോലും നേരിടാൻ സാധിക്കാതെ, അനന്തമായി വിചാരണ തടവുകാരായി കഴിയുന്നത്. ഈ ഇന്ത്യ മഹാരാജ്യത്ത് കേരളത്തിൽ അങ്ങനെ ഒരാളെ നിങ്ങൾക്ക് കാണിച്ചുതരാൻ സാധിക്കുമോ? നമ്മുടെ സംസ്ഥാനത്ത് നിസ്സാര കാര്യങ്ങൾ പർവതീകരിച്ചാണ് ചില ക്ഷുദ്രശക്തികൾ വർഗീയധ്രുവീകരണത്തിന് ശ്രമിക്കുന്നത്. ഇവിടെ വർഗീയ കലാപമുണ്ടായിട്ടുണ്ടോ? ഇവിടെ ഏതെങ്കിലും മത വിഭാഗത്തിന്റെ ഉത്സവം നടക്കുമ്പോൾ മറ്റൊരു മതവിഭാഗത്തിന്റെ ആരാധനാലയങ്ങൾ മറച്ച് കെട്ടിയിട്ടുണ്ടോ? എതാനും ദിവസങ്ങൾക്ക് മുമ്പല്ലേ ആറ്റുകാൽ പൊങ്കാല നടന്നത്; ആ മഹോത്സവത്തിൽ പങ്കെടുത്തുകൊണ്ട് എല്ലാ വിഭാഗക്കാരും സഹകരിച്ചില്ലേ; പാളയം പള്ളിയുടെ വാതിലുകൾ അതിനായി തുറന്ന് കൊടുത്തില്ലേ? പൊങ്കാലയിൽ പങ്കെടുക്കാൻ വന്നവർക്ക് ചർച്ചിൽ വച്ച് സദ്യയും പാളയം പള്ളിയിൽ വച്ച് ബിരിയാണിയും കൊടുത്തില്ലേ? അതാണ് കേരളത്തിന്റെ സംസ്കാരം. രാത്രിസമയം പാളയം പരിസരത്ത് പോയി നോക്കിയാൽ പാളയം പള്ളി,

മസ്ജിദ്, ക്ഷേത്രം എന്നീ മൂന്ന് ആരാധനാലയങ്ങളുടെയും മുകളിൽ അതിമനോഹര രീതിയിൽ ഒരേ ലൈറ്റുകളാണ് പ്രകാശിക്കുന്നതെന്ന് കാണാം. ഒരേ നിറമുള്ള ലൈറ്റുകളാൽ ഈ മൂന്ന് ആരാധനാലയങ്ങളും പ്രകാശിച്ചുനിൽക്കണമെന്ന് തീരുമാനിക്കുന്നതും അതനുസരിച്ചുള്ള നിർദേശങ്ങൾ നൽകുന്നതിന്റെയും പിന്നിൽ പ്രവർത്തിക്കുന്നവർ ആരാണ്? അതാണ് കേരളം, അങ്ങനെയൊരു സർക്കാരാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനവും ഇതരസംസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസമെന്താണ്; വർഗീയമായുള്ള ഏതെങ്കിലും ചേരിതിരിവ് ഈ നാട്ടിലുണ്ടോ; എൽ.ഡി.എഫ്. ഭരിച്ച ഏതെങ്കിലും ഒരുഘട്ടത്തിൽ ഈ നാട്ടിൽ വർഗീയകലാപം നടന്നിട്ടുണ്ടോ? മാറാട്, പൂന്തുറ, ചാല എന്നിവിടങ്ങളിലെ കലാപങ്ങളും പാലക്കാട് സിറാജുന്നീസ വെടിവയ്പും നടന്നത് എന്നാണെന്നും അന്ന് ആരായിരുന്നു മുഖ്യമന്ത്രിയെന്നും നമുക്കറിയാമല്ലോ. ഫണം വിടർത്തുന്ന അതിശക്തമായ വർഗീയശക്തികൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് രംഗപ്രവേശം ചെയ്യും. എന്നാൽ എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ഇവരൊക്കെ ഏതുമാളത്തിലാണ് ഒളിച്ചിരിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയത്തിന്റെ നേതൃത്വത്തിലുള്ള സർക്കാരും പോലീസും അവരെ പുറത്തിറങ്ങാൻ സമ്മതിക്കില്ല, ഏത് മതവിഭാഗത്തിൽപ്പെട്ട വർഗീയതയോടും സന്ധി ചെയ്യുകയില്ല. അതിന്റെ ഏറ്റക്കുറച്ചിലുകൾ ഏതെങ്കിലും തുലാസിൽ തൂക്കിയിട്ട് കാര്യങ്ങൾ തീരുമാനിക്കാമെന്ന് ശ്രീ. പിണറായി വിജയൻ ഒരുഘട്ടത്തിലും പറഞ്ഞിട്ടില്ല. ഈ രാജ്യത്ത് ജനങ്ങൾ തമ്മിലുള്ള ഐക്യം തകർക്കുന്ന എല്ലാ ഛിദ്രശക്തികൾക്കുമെതിരായി അദ്ദേഹം നിലപാട് സ്വീകരിച്ചതുകൊണ്ടാണ് യു.ഡി.എഫ്-ന്റെ കാലത്ത് ഫണമുയർത്തി ആടുന്ന പല പാമ്പുകളും എൽ.ഡി.എഫ്. വരുമ്പോൾ മാളത്തിലേക്ക്

പോകുന്നത്. അവരൊക്കെ മരിച്ചുപോയവരല്ല, ഈ നാട്ടിൽ യു.ഡി.എഫ്. അധികാരത്തിലെത്തുന്ന ഒരു നാളുണ്ടെങ്കിൽ അവരൊക്കെ വീണ്ടും എഴുന്നേൽക്കുകയും പുറത്തുവരികയും ചെയ്യും. അല്ലാതെ എൽ.ഡി.എഫ്. ഭരിക്കുന്ന ഒരു സമയത്തും അവരാരും പുറത്തുവരില്ല. ബോധപൂർവം ആസൂത്രിതമായി കളമശ്ശേരിയിൽ ഒരു വലിയ കലാപത്തിന് ശ്രമിച്ചു. കളമശ്ശേരിയിലെ ബോംബ് സ്ഫോടനത്തിന്റെ പേരിൽ ഇവിടെ രണ്ടുസമുദായങ്ങൾ തമ്മിൽ വലിയ അകൽച്ച ഉണ്ടാകുമായിരുന്നു. നേരിട്ടുള്ള ഒരു ഏറ്റുമുട്ടലിലേക്കുവരെ കാര്യങ്ങൾ എത്തുമോയെന്ന് നമ്മൾ ഭയപ്പെട്ടു. ആ സമയത്ത് എത്രമാത്രം ദ്രുതഗതിയിലാണ് കേരള പോലീസ് ഉണർന്നുപ്രവർത്തിച്ചത്. കുറ്റവാളികളെ പിടികൂടുകയും സത്യാവസ്ഥ പുറത്തുകൊണ്ടുവരികയും ചെയ്തപ്പോഴല്ലേ കേരളം സമാശ്വാസത്തോടുകൂടി നെടുവീർപ്പിട്ടത്.

ലഹരിക്കെതിരെയുള്ള പോരാട്ടം നമ്മുടെ സംസ്ഥാനത്ത് ശക്തിപ്പെടുകയാണ്. കഴിഞ്ഞ വർഷം പിടിക്കപ്പെട്ട ലഹരി കേസുകളിലെ പ്രതികളിൽ 98 ശതമാനവും ശിക്ഷിക്കപ്പെടുകയും 2 ശതമാനം മാത്രമാണ് ശിക്ഷയിൽനിന്നും ഒഴിവാക്കപ്പെടുകയും ചെയ്തത്. ഇന്ത്യാ മഹാരാജ്യത്ത് നർക്കോട്ടിക്സിനെതിരെയുള്ള യുദ്ധത്തിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുള്ള ലഹരിവേട്ടയും അതിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണവും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. 2021 മുതൽ 2024 വരെയുള്ള നാലുവർഷങ്ങൾക്കിടയിൽ 15193 കേസുകളാണ് ഇവിടെ രജിസ്റ്റർ ചെയ്തത്. അതിൽ 98 ശതമാനവും ശിക്ഷിക്കപ്പെട്ടു. ലഹരിവേട്ടയിൽ കേരളം ഒന്നാംസ്ഥാനത്താണ് നിൽക്കുന്നത്. ഈ അവസരം ആരുടെയെങ്കിലും പേരിൽ പരസ്പരം പഴിചാരാനുള്ളതല്ല. അങ്ങനെ

ചെയ്യുകയാണെങ്കിൽ നമുക്ക് അങ്ങോട്ടുമിങ്ങോട്ടും പഴിചാരാം. പണക്കൊതിയന്മാരും പണം സമ്പാദിക്കാൻ ലക്ഷ്യമിട്ടിറങ്ങിയവരും ഏതുപാർട്ടിക്കാരായാലും അവരുടെ കൈയിൽ വിലങ്ങ് വയ്ക്കണം. ഇവിടെ എസ്.എഫ്.ഐ.-യെക്കുറിച്ചും കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചും പറയുകയുണ്ടായി, ലിബറലുകളും കമ്മ്യൂണിസ്റ്റുകാരുമാണ് ഈ പ്രശ്നങ്ങൾക്ക് കാരണമെന്നും ചില പ്രചാരണങ്ങൾ നടക്കുന്നുണ്ട്. ഈ സഭയിൽ ഏതുപക്ഷത്താണെങ്കിലും ലിബറലുകളാണ് കൂടുതലായുള്ളത്. ലിബറലെന്ന് പറയുന്നവർ സ്വന്തം വ്യക്തിജീവിതത്തിൽ പുലർത്തുന്ന സംശുദ്ധിയും ലിബറലുകളല്ലാത്ത ഞാനടക്കമുള്ളവർ പുലർത്തുന്ന സംശുദ്ധിയും താരതമ്യം ചെയ്തുനോക്കൂ. ലഹരിക്കെതിരായി ശക്തമായ പോരാട്ടമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നുവെന്നുള്ളതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്. ഈ ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്ത് ഒരു ഭരണമില്ലാത്ത അവസ്ഥയാണ്, ഇത്രയും നിറം കെടുത്തിയ ഒരു ധനകാര്യ വകുപ്പും അതിന്റെ പ്രവർത്തനവും ഞങ്ങൾ ആദ്യമായാണ് കാണുന്നത്. ഐ.എ.എസ്. ഉദ്യോഗസ്ഥർ മതാധിഷ്ഠിത വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുകയും മറ്റൊരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ചീഫ് സെക്രട്ടറിക്ക് നോട്ടീസ് അയയ്ക്കുകയും പൊലീസ് തലപ്പത്തുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥൻ ആർ.എസ്.എസ്. മേധാവിയുമായി കൂടിക്കാഴ്ച നടത്തി ഉപദേശം തേടുകയും ഐ.പി.എസ്. തലങ്ങളിൽ ചേരിപ്പോര് രൂക്ഷമാകുകയും ഐ.എ.എസ്. ഉദ്യോഗസ്ഥർ കേന്ദ്ര സർവീസിലേക്ക് ചേക്കേറാൻ കാത്തുനിൽക്കുകയും സിവിൽ സർവീസ്

ബോർഡിന്റെ ഉത്തരവുകളോ ശിപാർശകളോ അംഗീകരിക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് CAT-ൽ പോയി (Central Administrative Tribunal) മുഖ്യമന്ത്രി നൽകിയ ട്രാൻസ്ഫർ ഓർഡറിന് ഐ.എ.എസ്. ഉദ്യോഗസ്ഥർ സ്റ്റേ വാങ്ങുകയും ചെയ്യുന്നു. ഇന്നത്തെ പത്രമൊന്ന് വായിക്കണം. അതിലെ ഒരു തലക്കെട്ട് 'നടക്കുന്നില്ല ഒന്നും' എന്നാണ്. താൻ പറയുന്ന തീരുമാനങ്ങളും തന്റെ യോഗ തീരുമാനങ്ങൾപോലും കേരളത്തിൽ നടപ്പാകുന്നില്ല എന്ന് കേരളത്തിലെ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയോട് പറയുകയാണ്. 'മോന്തായം വളഞ്ഞാൽ കഴുക്കോലും വളയും', സംസ്ഥാനത്ത് സർക്കാരിന്റെ ജീർണ്ണത ഉദ്യോഗസ്ഥരിലേക്കും പടർന്നുപിടിച്ചിരിക്കുന്നുവെന്നതാണ് ഇതിലൂടെ കാണാൻ സാധിക്കുന്നത്. ലഹരിമാഫിയയും ഗുണ്ടകളും കേരളത്തിന്റെ സാമൂഹിക ജീവിതത്തെ താറുമാറാക്കിയിരിക്കുന്നു. പ്രതികൾക്ക് കണ്ണുമടച്ച് ജാമ്യം നൽകുന്ന ന്യായാധിപന്മാരും ഗുണ്ടകൾക്കും ക്രിമിനലുകൾക്കും സംരക്ഷണം നൽകുന്ന സർക്കാരും ഈ നാടിനെ അരാജകത്വത്തിലേക്ക് എത്തിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടിനെ ചെകുത്താന്റെ നാടായി മാറ്റാൻ ഈ ഭരണകൂടം ശ്രമിക്കുകയാണ്. കൊടും ക്രിമിനലുകൾക്ക് വേഗതയിൽ പരോൾ, ജാമ്യം, പൊലീസ് പ്രോസിക്യൂഷൻ തുടങ്ങിയവയ്ക്ക് ഒത്താശ ചെയ്തുകൊടുത്തുകൊണ്ട് നാട്ടിൽ ക്രിമിനലുകൾ വിലസുന്ന ഒരു സുവർണ്ണ കാലഘട്ടമാണ്. ഭാസ്കര കാരണവർ കൊലക്കേസ് പ്രതിയെ ജയിൽമുക്തനാക്കാൻ കാബിനറ്റ് എടുക്കുന്ന തീരുമാനങ്ങളും വാട്ട്സ്ആപ്പ് മെസേജുകളും ഇന്ന് കേരളത്തിന്റെ ക്രമസമാധാനം പരിപൂർണ്ണമായി തകർന്നിരിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ്. ജനമൈത്രി പൊലീസ് ആരംഭിച്ചത് കോടിയേരി ബാലകൃഷ്ണന്റെ കാലത്തായിരുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് ഈ പദ്ധതിയെ മുന്നോട്ടുകൊണ്ടുപോയെങ്കിലും കഴിഞ്ഞ 10

വർഷക്കാലമായി ജനമൈത്രി പൊലീസിനെ ഇല്ലാതാക്കി ജനവിരുദ്ധ പൊലീസാക്കിമാറ്റാൻ പിണറായി വിജയൻ ഗവൺമെന്റ് ശ്രമിച്ചുവെന്നുള്ളതാണ് സത്യം. ഇന്ന് പൊലീസിൽ രണ്ടുതരം നയമാണുള്ളത്, സി.പി.ഐ.(എം.)-കാർക്ക് ഒരു നയവും മറ്റുള്ളവർക്ക് വേറൊന്നും. വഞ്ചിയൂരിൽ സി.പി.ഐ.(എം.) സമ്മേളനത്തിനായി റോഡ് അടച്ച് സ്റ്റേജ് കെട്ടി യോഗം നടത്തിയാൽ പൊലീസ് ഒന്നും ചെയ്യില്ല, സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം ചെയ്യുന്ന പാവപ്പെട്ട ആശാ വർക്കർമാർ പെരുമഴയിൽനിന്നും രക്ഷനേടാൻ ടാർപോളിൻ കെട്ടിയപ്പോൾത്തന്നെ അഴിച്ചുമാറ്റി. ഇവിടെ എന്ത് നിയമമാണ്? പൊലീസിനെ പരിപൂർണ്ണമായി രാഷ്ട്രീയവൽക്കരിച്ചിരിക്കുകയാണ്. വയനാട്ടിലെ ജില്ലാ സെക്രട്ടറി പരസ്യമായി മൈക്കിലൂടെ സർക്കിൾ ഇൻസ്പെക്ടറെ നാളെ സ്ഥലം മാറ്റുമെന്ന് പ്രസംഗിക്കുകയും അടുത്ത ദിവസം അദ്ദേഹത്തെ ഇടുക്കിയിലേക്ക് സ്ഥലം മാറ്റുകയും ചെയ്തു. കൊല്ലും കൊലയും പീഡനവും പിടിച്ചുപറിയുമില്ലാത്ത ഒരു ദിവസം പോലുമില്ല. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ 70 കൊലപാതകങ്ങളാണ് കേരളത്തിലുണ്ടായത്. പൊലീസും ഭരണസംവിധാനവും നിഷ്ക്രിയമാണ്, വർഗീയശക്തികൾ അഴിഞ്ഞാടുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ പറയുകയുണ്ടായി. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ചെറുമകനെ മണിക്കൂറുകളാണ് നെയ്യാറ്റിൻകരയിലെ ആർ.എസ്.എസ്.-കാർ തടഞ്ഞുനിർത്തിയത്. ഇതിൽ ആർ.എസ്.എസ്.-കാരായ പ്രതികളെ നിങ്ങൾ സ്റ്റേഷൻ ജാമ്യത്തിൽ പറഞ്ഞുവിടുകയാണ് ചെയ്തത്. പത്തനംതിട്ടയിൽ വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത സംഘത്തിനുനേരെ പോലീസ് നടത്തിയ നിന്ദ്യവും ക്രൂരവുമായ ദൃശ്യങ്ങൾ നമ്മൾ കണ്ടതല്ലേ? തൃശ്ശൂരിൽ തളിക്കുളം സ്വദേശിയായ പതിനാറുകാരന് ക്രൂരമായ ലോക്കപ്പ്

മർദനമേറ്റതും അമ്പലമേട് പോലീസ് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരനെ ക്രൂരമായി മർദിച്ചതും കുണ്ടറയിലെ തോംസൺ എന്ന സൈനികൻ മരിക്കാനിടയായതും പൊലീസിന്റെ ക്രൂരമായ മർദനംമൂലമാണ്. പറയാനാണെങ്കിൽ ധാരാളം സംഭവങ്ങളുണ്ട്. ഇതെല്ലാം പൊലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന തെറ്റുകളാണ്. കേരള പൊലീസ് ഇന്ത്യയിലെ ഏറ്റവും മികച്ച പൊലീസാണെന്ന് ഞാനാവർത്തിച്ചു പറയുന്നു. പക്ഷേ ആ പൊലീസിലെ സമർഥരായ ഉദ്യോഗസ്ഥരെ നിങ്ങൾ മൂലയ്ക്കിരുത്തുന്നു. ഏറാന്മൂളികളെയും ഇരിക്കാൻ പറഞ്ഞാൽ കിടക്കുന്ന ഉദ്യോഗസ്ഥരെയും നിങ്ങൾ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ നിയമിക്കുമ്പോഴാണ് ഇവിടെ ക്രമസമാധാനനില തകരുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ ഞാനാഗ്രഹിക്കുന്നു. എട്ടുകൊല്ലത്തിനകം സമ്മർദംമൂലം 130 പോലീസുകാരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. രാഷ്ട്രീയ സമ്മർദത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാൻ കഴിയാതെവരുമ്പോഴാണ് ആത്മഹത്യ ചെയ്യുന്നത്. ഇതുകാരണം രാജിവച്ച് പോയവർപോലും പൊലീസിലുണ്ടെന്നതാണ് വാസ്തവം. ഇതാണോ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന പൊലീസ് സംവിധാനം? കേരളം ഭരിക്കുന്നത് ഞങ്ങളാണെന്നും കളിച്ചാൽ തലശ്ശേരി സ്റ്റേഷനിൽ ഉണ്ടാവുകയില്ലെന്നും സി.പി.ഐ.(എം.) ഗുണ്ടകൾ ഭീഷണിപ്പെടുത്തിയത് അങ്ങയുടെ നിയോജകമണ്ഡലത്തിലാണ്; ഒരു ഉത്സവത്തിന് നടന്ന സംഭവമാണിത്. അത് അവർ അക്ഷരംപ്രതി പാലിച്ചു. ആ രണ്ട് പൊലീസ് ഉദ്യോഗസ്ഥരെ മണിക്കൂറുകൾക്കകം തലശ്ശേരി പൊലീസ് സ്റ്റേഷനിൽനിന്നും മാറ്റുകയുണ്ടായി. എഫ്.ഐ.ആർ.-ൽ എഴുതിവച്ച വാചകമാണ് ഞാൻ വായിച്ചത്. ഇതാണോ പൊലീസ് നയം? കേന്ദ്ര ധനകാര്യമന്ത്രി ശ്രീമതി നിർമ്മല സീതാരാമനെ മുഖ്യമന്ത്രി കണ്ടതിനെ ഞങ്ങൾ

വിമർശിച്ചുവെന്ന് ശ്രീ. ആന്റണി രാജു സഭയിൽ പറയുകയുണ്ടായി. കേരളത്തിന്റെ മുഖ്യമന്ത്രിമാരെ ഇതിനുമുൻപും കേന്ദ്രമന്ത്രിമാരും സീനിയർ ഉദ്യോഗസ്ഥരും വന്നുകാണാറുണ്ട്. അതൊക്കെ ഔദ്യോഗിക നടപടിയാണ്. ഞങ്ങൾ വിമർശിച്ചത് എന്തുകൊണ്ടാണ്? പി.ആർ.ഡി.-യുടെ പത്രക്കുറിപ്പ് ഞാൻ വായിക്കാം: "കേന്ദ്ര ധനവകുപ്പുമന്ത്രി നിർമ്മല സീതാരാമൻ ന്യൂഡൽഹി കേരള ഹൗസിൽ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ. വി. തോമസ് തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തി. ബുധനാഴ്ച രാവിലെ ഒൻപതരയോടെ ആയിരുന്നു. അനൗദ്യോഗിക സന്ദർശനമായിരുന്നു. കൂടിക്കാഴ്ചയ്ക്കുശേഷം പ്രഭാത ഭക്ഷണവും കഴിച്ചാണ് കേന്ദ്രമന്ത്രി മടങ്ങിയത്". എന്ത് അനൗദ്യോഗിക സന്ദർശനമാണ് ബഹു. ഗവർണ്ണറുടെ സാന്നിധ്യത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി കേന്ദ്രധനകാര്യ മന്ത്രിയുമായി അവിടെ നടത്തിയതെന്ന് നമുക്കറിയണ്ടേ? ഗവർണ്ണർ നല്ല മനുഷ്യനാണ്. പക്ഷേ അദ്ദേഹത്തിന് ഒരു രാഷ്ട്രീയമുണ്ട്. ഇന്ത്യയിലെ ഗവർണ്ണർമാർ എപ്പോഴും ആ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നുമുണ്ട്. കേരളത്തിലെ മുഖ്യമന്ത്രി പറയണം, മി. ചീഫ് മിനിസ്റ്റർ, നിങ്ങൾ പറയണം. എന്താണ് നിങ്ങൾ കേന്ദ്ര ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തത്? പി.ആർ.ഡി.-യുടെ പത്രക്കുറിപ്പിൽ അക്കാര്യം പരാമർശിക്കുന്നില്ല. ധനകാര്യ വകുപ്പിന്റെയും കോർപ്പറേറ്റ് അഫയേഴ്സിന്റെയും മന്ത്രിയായ ശ്രീമതി നിർമ്മല സീതാരാമനുമായി നിങ്ങൾ എന്ത് അനൗദ്യോഗിക ചർച്ചയാണ് നടത്തിയത്? അത് കേരളത്തിലെ ജനങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്. ഞാൻ പാർലമെന്റ് അംഗമായിരുന്ന വ്യക്തിയാണ്. ശ്രീ. എ. കെ. ആന്റണിയും കെ. കരുണാകരനും മുഖ്യമന്ത്രിമാരായിരുന്നപ്പോൾ ഞങ്ങളുടെ പാർട്ടിയിലുള്ളവർ

കേന്ദ്രമന്ത്രിമാരായപ്പോഴാണ് അവർ വന്നുകാണുന്നത്. എന്നാൽ ബി.ജെ.പി.-യിലെ മൂന്നാംസ്ഥാനം വഹിക്കുന്ന കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന്റെ മുഖ്യമന്ത്രിയെ കേരള ഹൗസിൽവന്ന് കാണണമെങ്കിൽ, അനൗദ്യോഗിക സന്ദർശനം നടത്തുമ്പോൾ അതിനകത്ത് രാഷ്ട്രീയം കാണുന്നതിൽ എന്താണ് തെറ്റ്; അതിന് കേരളത്തിലെ ഗവർണ്ണർ ഒരു പാലമായി പ്രവർത്തിക്കുന്നുവെന്ന് ഞങ്ങൾ പറഞ്ഞാൽ തെറ്റുപറയാൻ സാധിക്കുമോ? ഇന്ത്യയിലെ ഗവർണ്ണർമാർ ഇന്ന് കളിക്കുന്ന രാഷ്ട്രീയം ചെറുതല്ല. ഇന്ന് രാജ്ഭവന് മുന്നിൽ സി.പി.ഐ. (എം.)-ന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിനെതിരായി ഒരു സത്യാഗ്രഹം നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് കഴിഞ്ഞ പത്ത് വർഷത്തിനിടെ കേന്ദ്ര സർക്കാരിനെതിരെയോ പ്രധാനമന്ത്രിക്കെതിരെയോ ആഭ്യന്തരമന്ത്രിക്കെതിരെയോ ഒരക്ഷരം പറഞ്ഞിട്ടുണ്ടോ; അവരുടെ നയങ്ങളെ അങ്ങ് വിമർശിച്ചിട്ടുണ്ടോ? ഇപ്പോൾ അങ്ങേയ്ക്ക് കൂടുതൽ സൗകര്യമായി. ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം ഫാസിസ്റ്റല്ലെന്ന് 2016 മുതൽ എഴുതുന്ന ശ്രീ. പ്രകാശ് കാരാട്ടിന്റെ ലൈൻ അങ്ങയുടെ ലൈനായി മാറുന്നു. സീതാറാം യെച്ചൂരി ഉണ്ടായിരുന്നെങ്കിൽ ഈ ലൈൻ അംഗീകരിക്കില്ലായിരുന്നു. ഇന്ന് ദേശീയതലത്തിൽ 'ഇന്ത്യ' മുന്നണിയോടൊപ്പം നിൽക്കുന്നുവെന്ന് അഭിമാനിക്കുന്ന നിങ്ങൾ കേരളത്തിൽ ബി.ജെ.പി.-യുമായി കൈകോർത്തുപിടിക്കാൻ ശ്രമിക്കുന്നതിന്റെ റിഹേഴ്സലാണ് ഡൽഹിയിൽ നടന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ആ റിഹേഴ്സൽ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. ബി.ജെ.പി.-യുമായി കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ 69 സീറ്റുകളിൽ ധാരണയുണ്ടാക്കി തുടർഭരണമുണ്ടാക്കിയ നിങ്ങൾ ആ സാഹചര്യം ഇനിയുമുണ്ടാക്കാമെന്ന് വിചാരിക്കേണ്ട. കേരളത്തിലെ ജനങ്ങൾ വിഡ്ഢികളല്ലെന്ന് തെളിയിക്കാൻ പോകുകയാണ്.

മി. ചീഫ് മിനിസ്റ്റർ, കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ അക്രമങ്ങളും കൊലപാതകങ്ങളും നടന്ന കാലഘട്ടമുണ്ടായിട്ടുണ്ടോയെന്ന് പറയണം. ഞങ്ങളുടെ ഭരണകാലത്ത് വർഗീയകലാപമുണ്ടായി എന്ന് ഡോ. കെ. ടി. ജലീൽ പറഞ്ഞു. അങ്ങനെയുണ്ടായിരുന്നോ? ഞങ്ങളുടെ കാലത്തും ഇവിടെ പാളയം പള്ളിയും അതിന് തൊട്ടടുത്തായി ഗണപതി ക്ഷേത്രവും മുസ്ലീംപള്ളിയുമുണ്ടായിരുന്നു. (..ബഹളം..) കേരളത്തിലെ ജനങ്ങളുടെ മതേതരബോധവും മതേതര വിശ്വാസവും മതനിരപേക്ഷതയുംകൊണ്ടാണ് കേരളത്തിൽ വർഗീയകലാപം ഉണ്ടാകാതിരിക്കുന്നത്. അത് വളർത്തിയെടുത്തത് യു.ഡി.എഫ്.-ഉം ഇന്ത്യൻ നാഷണൽ കോൺഗ്രസുമാണെന്നതിൽ തർക്കം വേണ്ട. നമ്മുടെ നാട്ടിലെ പാവപ്പെട്ട ചെറുപ്പക്കാരുടെ കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സി.പി.ഒ. നിയമനം സംബന്ധിച്ച് ഞാൻ മുഖ്യമന്ത്രിയോട് നേരിട്ട് സംസാരിച്ചതാണ്. സി.പി.ഒ.-മാരുടെ നിയമനത്തിൽ പകുതിപോലും നടത്തുന്നില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ചെറുപ്പക്കാർ നിയമനത്തിനായി കാത്തുനിൽക്കുന്നു. കൂടാതെ വനിതാ കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റും നിയമത്തിന് കാത്തുകിടക്കുന്നു. അവരുടെ കാര്യത്തിൽ നല്ല സമീപനം അങ്ങ് സ്വീകരിക്കണ്ടേ? വനിതാ എസ്.ഐ.-മാരുടെ നിയമനത്തിലും താമസമുണ്ട്. റാങ്ക് ലിസ്റ്റിൽ പേരുവന്നിട്ടും ഒരു വർഷം മാത്രം റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന സാഹചര്യത്തിൽ അവരിൽ കുറെപ്പേരെയെങ്കിലും നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. കേരളം കണ്ട ഏറ്റവും ദുർബലമായ ആഭ്യന്തര വകുപ്പിന്റെ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി ഞാൻ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ രമേശ് ചെന്നിത്തല

വളരെ ശക്തമായി ചില കാര്യങ്ങൾ അവസാനം പറഞ്ഞു. അതിൽനിന്ന് ആരംഭിക്കാമെന്ന് ഞാൻ കരുതുന്നു. നമ്മുടെ ഈ കാലം ഫാസിസ്റ്റ് കാലമാണെന്ന് പറയണം, എന്നാൽ അങ്ങനെ പറയുന്നില്ലെന്നും സി.പി.ഐ.(എം.) അതിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെ രാജ്യം പല ഘട്ടങ്ങളിലൂടെ കടന്നുവന്നതല്ലേ; അതിൽ ഏറ്റവും പ്രധാനമായ ഒരു കാലം അല്ലെങ്കിൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ ഒരുവശം ജീവിക്കാനുള്ള അവകാശമാണ്. ജീവിക്കാൻ അവകാശമില്ലാതാകുന്നത് ഏത് ഘട്ടത്തിലാണ്? സാധാരണനിലയിൽ ഒരു ജനാധിപത്യ വ്യവസ്ഥയിൽ അതുണ്ടാകില്ല. ഹിറ്റ്ലറുടെ ഫാസിസത്തിന്റെ ഘട്ടത്തിലാണ് അതുണ്ടായത്. ജർമ്മനിയിലും ഇറ്റലിയിലും ഫാസിസം നടപ്പാകുമ്പോൾ സംഭവിച്ചത് എന്തായിരുന്നുവെന്ന് എല്ലാവർക്കും അറിയാമല്ലോ? ഞാൻ അതിന്റെ ചരിത്രത്തിലേക്ക് പോകുന്നില്ല. ജീവിക്കാനുള്ള അവകാശമടക്കമുള്ള മൗലികാവകാശങ്ങളെല്ലാം എടുത്തുകളഞ്ഞ ഒരുകാലം ഇന്ത്യയിലുണ്ടായിരുന്നു; അതായിരുന്നു അടിയന്തരാവസ്ഥക്കാലം. ആ കാലഘട്ടത്തെ സി.പി.ഐ.(എം.) എന്താണ് വിശേഷിപ്പിച്ചതെന്ന് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അറിയാമോ; 'അമിതാധികാരവാഴ്ചയുടെ കാലം' എന്നാണ്. എപ്പോഴും കൃത്യമായ അപഗ്രഥനത്തിനുശേഷമാണ് ഞങ്ങൾ ഓരോ പദവും ഉപയോഗിക്കുന്നത്. അതിന്റെ ഭാഗമായാണ് അന്നത്തെ ഭരണത്തെ അമിതാധികാരവാഴ്ച എന്ന് ഞങ്ങൾ വിശേഷിപ്പിച്ചത്. ഫാസിസത്തിന്റേതായ ഒട്ടേറെ സ്വഭാവവിശേഷങ്ങൾ ആ ഭരണത്തിലുണ്ടായിരുന്നില്ലേ; അന്നത്തെ കഥകളൊന്നും ഞാൻ പറയേണ്ടല്ലോ. എന്തെല്ലാം കാര്യങ്ങൾ നടന്നിരുന്നു. അതാണ് സി.പി.ഐ.(എം.)-ന്റെ രീതി. അതിന്റെ ഭാഗമായി ഈ

കാലത്തെയും ഞങ്ങൾ വിലയിരുത്തി പറഞ്ഞിട്ടുണ്ട്, ഫാസിസ്റ്റ് പ്രവണതയുള്ള ആർ.എസ്.എസ്. നയിക്കുന്ന ബി.ജെ.പി.-യുടെ ഗവൺമെന്റ്. അത് ഞങ്ങളുടെ കൃത്യമായ വിലയിരുത്തലാണ്. 62 സീറ്റിൽ ധാരണയുണ്ടാക്കി എന്നുപറയുന്നത് പണ്ട് നിങ്ങളുണ്ടാക്കിയ ധാരണയെക്കാൾ കൂടുതൽ സീറ്റിൽ ഞങ്ങൾ ധാരണയുണ്ടാക്കി എന്ന് ആക്ഷേപിക്കാനായിരിക്കും എന്നാണ് ധരിക്കേണ്ടത്. 43 സീറ്റിൽ നിങ്ങൾ ഞങ്ങളുമായി ധാരണയുണ്ടാക്കിയതിന്റെ ഭാഗമായല്ലേ അധികാരത്തിലിരിക്കുന്നതെന്ന് നിങ്ങളുടെ മുഖത്തുനോക്കിയാണ് ആർ.എസ്.എസ്. നേതാവ് ചോദിച്ചത്. അക്കാര്യം ഓർമ്മ വേണം. ഞങ്ങൾ അത്തരം രാഷ്ട്രീയ നെറികേട് കാണിക്കുന്നവരല്ല. അതിന്റെ ആവശ്യവും ഞങ്ങൾക്കില്ല. അത്തരം കാര്യങ്ങളെക്കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. കേന്ദ്രമന്ത്രി ശ്രീമതി നിർമ്മല സീതാരാമനെ കണ്ടതുമായി ബന്ധപ്പെട്ട് എന്തോ വല്ലാത്തൊരു സംഭവം നടന്നുവെന്ന മട്ടിലാണ് ബഹുമാന്യനായ രമേശ് ചെന്നിത്തല പ്രതികരിച്ചത്. ഗവർണ്ണറുടെ പാലം കടന്നിട്ടാണ് ചെന്നതെന്ന് പറഞ്ഞതിനെക്കുറിച്ച് ആദ്യം പറയാം. എനിക്ക് ഡൽഹിയിൽ ഒരു പാർട്ടി മീറ്റിങ്ങുണ്ടായിരുന്നു. ബഹു. ഗവർണ്ണർ എല്ലാ എം.പി.-മാർക്കും ഡൽഹിയിലൊരു അത്താഴവിരുന്ന് കൊടുക്കുന്നുണ്ടെന്ന് നേരത്തെതന്നെ എന്നോട് പറഞ്ഞിരുന്നു. ഞാൻ പങ്കെടുക്കില്ലെന്ന് അദ്ദേഹത്തെ അറിയിച്ചിരുന്നു. അത് തീയതി ഓർത്തുകൊണ്ടല്ല, ഡൽഹിയിലുള്ള പരിപാടിക്ക് ഞാൻ ഉണ്ടാകില്ലെന്ന ധാരണയിൽ പറഞ്ഞതാണ്. പക്ഷേ, ഞാൻ സഞ്ചരിക്കുന്ന അതേ വിമാനത്തിലാണ് ആ പരിപാടിക്കായി അദ്ദേഹവും പോകുന്നത്. പിറ്റേ ദിവസമാണ് ബഹു. ഗവർണ്ണറുടെ പരിപാടി. അന്നുതന്നെയാണ് എനിക്കും അവിടെ പി.ബി. മീറ്റിങ്ങുള്ളത്. രാത്രിയിലെ ഫ്ലൈറ്റിനാണ്

ഇവിടെനിന്നും ഡൽഹിയിലേക്ക് പോയത്. ഞങ്ങൾ രണ്ടുപേരും അടുത്തടുത്തിരുന്നപ്പോൾ നാളെയാണ് ആ പരിപാടിയെന്നും വരുമോയെന്നും അദ്ദേഹം എന്നോട് ചോദിച്ചു. യാദൃച്ഛികമാണല്ലോ ഇത്, ആ ദിവസം ഞാൻ അവിടെയുണ്ടാകുമെന്നതിനാൽ എന്തായാലും വരാമെന്ന് പറയുകയും ചെയ്തു. അങ്ങനെയാണ് ആ പരിപാടിയിൽ പോയത്. എം.പി.-മാരൊക്കെ അതിൽ പങ്കെടുത്തിരുന്നു. ബഹു. ഗവർണ്ണറുടെ പരിപാടിയാണ് ഞാനുംകൂടി അവിടെ ഇരുന്നുവെന്ന് മാത്രം. അങ്ങനെ ഇരുന്ന കൂട്ടത്തിൽ, നാളെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയൊരു ബ്രേക്ക്ഫാസ്റ്റിന് വരുന്നുണ്ടെന്നും അങ്ങേയ്ക്കും വരാൻ പറ്റുമെങ്കിൽ സൗകര്യമായിരുന്നെന്നും ഞാൻ പറഞ്ഞപ്പോൾ വരാമെന്ന് അദ്ദേഹം സമ്മതിക്കുകയാണുണ്ടായത്. അദ്ദേഹം ഇട്ട പാലത്തിലൂടെ ഞാൻ അങ്ങോട്ട് പോയതല്ല, ഇങ്ങനെയൊക്കെ നടന്നപ്പോൾ അദ്ദേഹത്തോട് സംസാരിച്ചു, അദ്ദേഹം വന്നു. എല്ലാവർക്കുമറിയാവുന്നതുപോലെ, ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെതന്നെ എനിക്ക് എന്റേതായ രാഷ്ട്രീയവും ബഹു. ഗവർണ്ണർക്ക് അദ്ദേഹത്തിന്റേതായ രാഷ്ട്രീയവും ശ്രീമതി നിർമ്മല സീതാരാമന് അവരുടേതായ രാഷ്ട്രീയവുമുണ്ട്. അതുകൊണ്ട് രാഷ്ട്രീയമുള്ള വ്യക്തിത്വങ്ങൾ തമ്മിൽ കണ്ടാൽ രാഷ്ട്രീയത്തിന് അപ്പോൾത്തന്നെ ഉരുകിപ്പോകുന്ന അവസ്ഥയൊന്നും വരില്ല. അവിടെ ഞങ്ങൾ പൊതുവായ കാര്യങ്ങളാണ് സംസാരിച്ചത്. അത് ഏതെങ്കിലും തരത്തിൽ നമ്മുടെ നാടിന് എതിരായിട്ടുള്ളതല്ല, നാടിന്റെ ഒരുപാട് പ്രശ്നങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു. അതിൽ കേരളത്തിന്റെ കാര്യങ്ങളിൽ ചില ഗൗരവമായ അഭിപ്രായങ്ങൾ ശ്രീമതി നിർമ്മല സീതാരാമനും പ്രകടിപ്പിച്ചു. അങ്ങനെ തീർത്തും സൗഹൃദ സംഭാഷണം മാത്രമായിരുന്നു അത്. മറ്റ് തരത്തിലുള്ള ഏതെങ്കിലുമൊരു നിവേദനം

കൊടുക്കലോ അതിനുള്ള അവസരമാക്കി ആ ബ്രേക്ക്ഫാസ്റ്റ് മീറ്റിങ് മാറ്റുകയോ അല്ല ഞാൻ ചെയ്തത്. അത് വെറുമൊരു ബ്രേക്ക്ഫാസ്റ്റ് മീറ്റിങ് മാത്രമായിരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്.

ഇവിടെ നടന്ന ചർച്ചയിൽ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുവിൽ നല്ല അഭിപ്രായപ്രകടനങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. അതിൽ എല്ലാവരും കഴിയാവുന്നത്ര ശരിയായ നിലപാട് സ്വീകരിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇത്തരം ചർച്ചകളൊക്കെ വരുമ്പോൾ പൊലീസിനെതിരെ വലിയ കടന്നാക്രമണങ്ങൾ വരാറുണ്ട്. എന്നാൽ അങ്ങനെയൊരു ചിത്രമല്ല പൊതുവെ നമ്മൾ കണ്ടത്. വല്ലാതെ കടന്നാക്രമിക്കുമെന്ന് കരുതിയവർതന്നെ വളരെ നല്ല രീതിയിൽ സംസാരിക്കുന്നതായാണ് കണ്ടത്. പൊലീസ് സേനയിലെ എണ്ണത്തിന്റെ കുറവിനെപ്പറ്റിയും പൊലീസ് വാഹനങ്ങളിൽ ഡീസൽ അടിക്കാനായും മറ്റും നേരിടുന്ന സാമ്പത്തിക വിഷമങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞത് വസ്തുതയാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ തന്നെയാണ് സർക്കാർ നടപടികൾ സ്വീകരിച്ചുപോകുന്നത്. അതുപോലെ ദുർഗ്രണപരിഹാര പാഠശാലയിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക എന്നതുതന്നെയാണ് നേരത്തെ മുതൽ പ്രധാനമായി ലക്ഷ്യമിട്ടിരുന്നത്. ഇതിനായി മുന്നും ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ചില പോരായ്മകളുണ്ടെന്നത് ശരിയാണ്. അത് നല്ല രീതിയിൽ ഇടപെട്ട് പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലുള്ള ഒട്ടേറെ കാര്യങ്ങളാണ് ഇവിടെ പൊലീസുമായി ബന്ധപ്പെട്ട് പരാമർശിച്ചത്. ഫോറൻസിക് സയൻസ് ലാബുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 56-ഉം ഈ സർക്കാരിന്റെ കാലത്ത് 28-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ റിപ്പോർട്ട്

ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെന്നത് ശരിയാണ്. അക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ജയിലിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കോവിഡ് കാലത്ത് നൽകിയതുംകൂടി ചേർത്താൽ കുറച്ച് അധിക ദിവസം പരോൾ അനുവദിച്ചതായി തോന്നും. കാരണം, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദേശപ്രകാരം കോവിഡ് കാലത്ത് 655 ദിവസംവരെ അവധി അനുവദിച്ചിരുന്നു. അപ്പോൾ സാധാരണഗതിയിൽ അതുംകൂടി കൂട്ടിയാൽ വലിയ കാലയളവായി തോന്നും. അത് പ്രത്യേക കാലഘട്ടമായിരുന്നു. അന്ന് ഏതെങ്കിലുമൊരു പ്രത്യേക കേസിൽപ്പെട്ടവർക്കുമാത്രം പരോൾ ഇല്ല എന്ന നിലപാട് സർക്കാർ എടുത്തിട്ടില്ല. പൊതുവിൽ ആ ആനുകൂല്യം എല്ലാവർക്കും ലഭിച്ചിട്ടുണ്ട്.

മയക്കുമരുന്നുകളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക വിങ് പോലീസിൽ വേണമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. അതിൽ "ഓപ്പറേഷൻ ഡി-ഹണ്ട്" എന്നൊരു സ്പെഷ്യൽ ഡ്രൈവ് ഇപ്പോൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-ക്കാണ് അതിന്റെ ചുമതല. കാര്യക്ഷമമായി അത് പ്രവർത്തിക്കുന്നുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങളും ശക്തമായ രീതിയിൽതന്നെ നടത്തിവരികയാണ്. അതെല്ലാം കൂടുതൽ ഫലപ്രദമായി നടക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്നതന്നെയാണ് ആലോചിക്കുന്നത്.

സ്വർണ്ണക്കടത്തിനെക്കുറിച്ച് ഇപ്പോഴും എന്തോ പറയുന്നത് കേട്ടു. ഈ വർഷം ഫെബ്രുവരി 28 വരെയുള്ള കണക്കുപ്രകാരം അനധികൃതമായി കടത്തിയ 5.062 കിലോഗ്രാം

സ്വർണ്ണമാണ് കരിപ്പൂർ വിമാനത്താവളത്തിൽനിന്നും പിടിച്ചെടുത്തത്. ഇക്കാര്യത്തിൽ മൂന്ന് കേസുകളിലായി 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഇതേ കാലയളവിൽ എട്ട് കേസുകളിലായി 10 പേരെ അറസ്റ്റ് ചെയ്യുകയും 3.383 കിലോഗ്രാം സ്വർണ്ണം കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. പൊലീസിൽ വളരെ ശാന്തമായ അന്തരീക്ഷമാണ് ഇപ്പോൾ പൊതുവിലുള്ളത്. മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ഐ.പി.എസ്. തലപ്പത്ത് വല്ലാത്ത ചേരിപ്പോര് കേരളം കണ്ടിരുന്നത്. ഡി.ജി.പി. റാങ്കിലായിരുന്ന ശ്രീ. എം. എൻ. കൃഷ്ണമൂർത്തിയുടെ ഫോൺ എസ്.പി. ചോർത്തിയെന്ന പ്രശ്നം ആ ഘട്ടത്തിലായിരുന്നു ഉയർന്നുവന്നത്. മാത്രമല്ല, രണ്ട് ഡി.ജി.പി.-മാർ പരസ്യമായി ഫേസ്ബുക്കിലൂടെ ഐ.പി.എസ്. ചട്ടം ഓർമ്മിപ്പിച്ച് പോരടിച്ചതും അതേ കാലത്തായിരുന്നു. പേരൊക്കെ അദ്ദേഹത്തിന് ഓർമ്മയുള്ളതുകൊണ്ട് ഞാൻ വീണ്ടും പറയുന്നില്ലെന്നുമാത്രം. കോപ്പിയടിച്ചതിന് ഒരു ഐ.ജി.-യെ പിടിച്ചതും ഓർമ്മയുണ്ടാകുമല്ലോ. 1995 മാർച്ച് 22-ന് പുറത്തിറങ്ങിയ പത്രങ്ങളുടെ മുൻപേജിൽ ഒരു വാർത്തയുണ്ടായിരുന്നു. അത് പൊലീസ് ആസ്ഥാനവളപ്പിൽ സ്ഥിതിചെയ്യുന്ന ഫോറൻസിക് ലാബിൽ തീപിടിച്ചുവെന്നും സുപ്രധാന കേസ് ഫയലുകൾ കത്തിപ്പോയെന്നുമായിരുന്നു. അന്നത്തെ ഡി.ജി.പി.-യും ഫോറൻസിക് ഡയറക്ടറും ആരോപണവിധേയരായ ടി കേസ് പിന്നീട് തേഞ്ഞുമാഞ്ഞ് പോവുകയും ചെയ്തു. ഇതൊന്നും ഇപ്പോൾ സംഭവിക്കുന്നില്ല. ഇപ്പോൾ മികച്ച നിലയിൽത്തന്നെയാണ് പൊലീസ് തലപ്പത്ത് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തുതന്നെ കേരളം ഒരു മാതൃകാ സംസ്ഥാനമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്.

വികസന നേട്ടങ്ങൾ, ക്ഷേമനടപടികൾ, സമൂഹോന്മുഖമായ നിയമനിർമ്മാണങ്ങൾ തുടങ്ങിയവയിൽ മാത്രമല്ല, സമൂഹത്തിന്റെ പൊതുസ്ഥിതിയുടെ കാര്യത്തിലും മാതൃകാപരമായാണ് പ്രവർത്തിക്കുന്നത്. ക്രമസമാധാനം മുതൽ സാമുദായിക സാഹോദര്യത്തിൽവരെ മുൻകൈ സ്ഥാനം കേരളത്തിനുണ്ട്. വർഗീയ സംഘർഷങ്ങളൊന്നുമില്ലാത്തൊരു നാടാണ് കേരളമെന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ജനപ്രതിഷേധങ്ങൾക്കുനേർക്ക് ഒരുതരത്തിലുമുള്ള ഒരു വെടിവയ്പുപോലുമുണ്ടാകാത്ത നാട് എന്നുവേണമെങ്കിൽ സൂചിപ്പിക്കാം. എല്ലാതലത്തിലും സമാധാനം പുലരുന്നൊരു നാടായിട്ടാണ് കേരളത്തെ പൊതുവെ കാണുന്നത്. എന്തുകൊണ്ടാണിത് ഇങ്ങനെയാകുന്നത്? ഇവിടെ നേരത്തെ ചിലർ ചൂണ്ടിക്കാണിച്ചതുപോലെ, വർഗീയസ്പർധ വളർത്താൻ ശ്രമിക്കുന്നവരും അതിനുവേണ്ടി ഉപജാപങ്ങൾ നടത്തുന്നവരും ഇവിടെയില്ലേ; ക്രമസമാധാനം തകർത്ത് സൈ്വരജീവിതം തകർക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികൾ നമ്മുടെ നാട്ടിലില്ലേ? അതൊക്കെയുണ്ടെങ്കിലും അതൊന്നും അനുവദിക്കില്ലെന്ന് ഉറപ്പുവരുത്തുന്ന, ഛിദ്രശക്തികളെ തലപൊക്കാൻ അനുവദിക്കാത്തൊരു ഭരണസംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതാണ് നമ്മുടെ നാടിനെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഇപ്പോൾ നിലനിർത്തുന്നത്. രാഷ്ട്രീയം മാറുമ്പോൾ സാമൂഹിക ജീവിതത്തിലും ചില മാറ്റങ്ങൾ വരുന്നുണ്ട്. സമാധാനത്തിലേക്കും ശാന്തിയിലേക്കും മാറിയ കേരളത്തെയാണ് കഴിഞ്ഞ ഒൻപത് വർഷമായി കേരളം മാത്രമല്ല, കേരളത്തിന് പുറത്തുള്ളവരും കണ്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ വിവിധ വർഗീയശക്തികൾക്ക് തരാതരം പോലെ വഴങ്ങിക്കൊടുക്കുന്നതും അവരുടെ

ആനുകൂല്യത്തിൽ അധികാരം നിലനിർത്തുന്നതുമായ ഭരണമല്ല കേരളത്തിലുള്ളത്. അതിന് കുറച്ച് ആത്മധൈര്യം വേണം. കാരണം, അവരുടേതായ എന്തെങ്കിലും ഓശാരം പറ്റാതിരിക്കണം. വർഗീയ വിധ്വംസക പ്രവർത്തനങ്ങൾ ഏത് ശക്തിയുടെ ഭാഗത്തുനിന്നായാലും ഉരുക്കുമുഷ്ടിയോടെ നേരിടാൻ കേരളത്തിന് കഴിയുന്നുണ്ട്. അങ്ങനെ വരുമ്പോൾ നിങ്ങൾ ഞങ്ങളുടെ ശക്തികൊണ്ട് അധികാരത്തിൽ വന്നവരല്ലേ; ഇനിയും നിങ്ങൾക്ക് അധികാരത്തിൽ വരേണ്ടതല്ലേ; അതുകൊണ്ട് പിടിച്ചുവച്ച ഞങ്ങളുടെ ആളെ വിട്ടേക്കു എന്നുപറയാൻ ഒരു വർഗീയശക്തിക്കും ഇന്ന് കേരളത്തിൽ കഴിയില്ല. എന്നുപറഞ്ഞാൽ, ഈ ഭരണത്തോട് അങ്ങനെയൊരു കല്പന നടത്താൻ കഴിവുള്ള ഒരു വർഗീയശക്തിയും കേരളത്തിലില്ല. ഒമ്പത് കൊല്ലത്തിനുമുമ്പുള്ള സ്ഥിതിയെന്തായിരുന്നുവെന്ന് നമുക്കെല്ലാമറിയാം. അതാണ് വ്യത്യാസം. പൊലീസിന് ന്യായയുക്തമായും നിയമപരമായും ചട്ടങ്ങൾക്കനുസൃതമായും പ്രവർത്തിക്കാനുള്ള അനുവാദം പൂർണ്ണമായി ലഭിച്ചുവെന്നതാണ് വന്ന വ്യത്യാസം. ജനങ്ങൾക്കും രാജ്യത്തിനും പൊതുവെ ഇതറിയാം. അതുകൊണ്ടുതന്നെ കേരളം ഇക്കാര്യത്തിലൊരു മാതൃകാ സംസ്ഥാനമായി നിലനിൽക്കുകയാണ്. ഇവിടെ പ്രതിപക്ഷം സങ്കുചിത രാഷ്ട്രീയ ലക്ഷ്യത്തോടെ ചില പ്രചാരണങ്ങൾ നടത്തുന്നുവെന്നത് വസ്തുതയാണ്. എല്ലാ ഘട്ടത്തിലും ആ രീതിതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, ഇപ്പോൾ ഒരു വ്യത്യാസം വന്നിട്ടുണ്ട്. അതെവിടെയും വിലപ്പോകുന്നില്ല. പൊലീസ് മനുഷ്യത്വരഹിതമായും ക്രിരാതമായും പ്രവർത്തിക്കുന്നുവെന്ന് പ്രചരിപ്പിച്ചാലും പൊലീസിന്റെ ഭാഗത്തുനിന്നുള്ള മനുഷ്യത്വരാഹിത്യം കേരളത്തിലെവിടെയും ആർക്കും കാണാൻ സാധിക്കില്ല. ഏതെങ്കിലും അപഭ്രംശമുണ്ടായെങ്കിൽ അതിൽ ശക്തമായ നടപടിയെടുത്തുപോകുന്നതായും കേരളം

അനുഭവത്തിലൂടെ മനസ്സിലാക്കുന്നുണ്ട്. മനുഷ്യത്വരാഹിത്യം ഈയിടെ ഒരിടത്ത് കണ്ടല്ലോ; വെളുപ്പാൻകാലത്ത് ഒരു വീട്ടിലേക്ക് ഇരച്ചുകയറിയ പൊലീസ് ഒരുമാസം മാത്രം പ്രായമുള്ള ഒരു പെൺകുഞ്ഞിനെ ചവിട്ടി ഞെരിച്ച് കൊലപ്പെടുത്തിയ ദാരുണ സംഭവമാണല്ലോ നേരത്തെ ബഹുമാന്യനായ ഡോ. കെ. ടി. ജലീൽ പരാമർശിച്ചത്. രാജസ്ഥാനിലാണ് ഈ സംഭവം നടന്നത്. അമ്മയ്ക്കൊപ്പം കിടന്നുറങ്ങുകയായിരുന്ന പിഞ്ചുകുഞ്ഞിനെയാണ് ചവിട്ടി ഞെരിച്ച് കൊലപ്പെടുത്തിയത്. ആ സംഭവത്തിൽ ശരിയായ പ്രതിഷേധം ഉയർത്താൻ അവിടത്തെ പ്രധാന രാഷ്ട്രീയ പാർട്ടിയായ കോൺഗ്രസിന് കഴിഞ്ഞോ? ഡൽഹിയിൽനിന്ന് ഈ സ്ഥലത്തെത്താൻ അധികസമയമൊന്നും വേണ്ടല്ലോ, രണ്ടുമൂന്ന് മണിക്കൂർ യാത്ര ചെയ്താൽ മതിയാകും. രാജ്യം ശ്രദ്ധിക്കുന്ന തരത്തിൽ ഏതെങ്കിലും ഒരു പ്രധാനപ്പെട്ട നേതാവിന്റെ സന്ദർശനം കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് അവിടെയുണ്ടായോ? അവിടം സന്ദർശിച്ച സി.പി.ഐ.(എം.) പോളിറ്റ്ബ്യൂറോ അംഗം ശ്രീമതി ബൃന്ദ കാരാട്ടിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. എന്നാൽ ദേശീയതലത്തിലെ ഏതെങ്കിലുമൊരു പ്രധാനപ്പെട്ടയാൾ അവിടെപ്പോയി തങ്ങളുടെ വികാരവും സഹാനുഭൂതിയും അവരോട് പ്രകടിപ്പിച്ചുവെന്ന് പറയാൻ കോൺഗ്രസ്സിന് കഴിയുമോ? ഇവിടെ നാം വേറൊരു ചിത്രം കാണണം. പിഞ്ചുകുഞ്ഞിനെ ചവിട്ടിക്കൊല്ലുന്ന ചിത്രമാണ് രാജസ്ഥാനിൽ കണ്ടതെങ്കിൽ കേരളത്തിൽ പന്ത്രണ്ട് ദിവസം മാത്രം പ്രായമായ ഒരു പിഞ്ചുകുഞ്ഞിനെ, നവജാത ശിശുവിനെ മുലപ്പാൽ നൽകി സംരക്ഷിച്ചത് നമ്മുടെ ഒരു വനിതാ പോലീസാണെന്ന് ഓർക്കണം. കുഞ്ഞിന്റെ അമ്മയുടെ അറിവോ സമ്മതമോ ഇല്ലാതെ ഭർത്താവും ഭർതൃമാതാവും കൂടിച്ചേർന്ന് കുഞ്ഞിനെ കടത്തിക്കൊണ്ടുപോയതായിരുന്നു. പാൽ കിട്ടാതെ കുഞ്ഞിന്റെ

ജീവൻ അപകടത്തിലാകുമെന്ന് മനസ്സിലാക്കിയ കേരള പൊലീസിന്റെ സമയോചിതവും മനുഷ്യത്വപരവുമായ ഇടപെടൽ കൊണ്ടുമാത്രമാണ് ആ കുഞ്ഞിന് തുടർന്ന് ജീവിക്കാനായത്. മനുഷ്യത്വമുള്ള ആർക്കെങ്കിലും ഇത് കണ്ടില്ലെന്ന് നടിക്കാനാകുമോ? മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയെങ്കിലും എന്തെങ്കിലും വ്യത്യാസമുണ്ടോ? ഇപ്പോഴും പഴയ സ്ഥിതി തന്നെയാണ്, നിരന്തരം സംഘർഷമാണ്. കഴിഞ്ഞയാഴ്ച തെലങ്കാനയിൽ സർക്കാരിനെ വിമർശിച്ച് ഒരു കർഷകൻ സംസാരിച്ചത് വലിയ കുറ്റമായി കണ്ട്, അത് സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തതിന് രണ്ട് വനിതാ പത്രപ്രവർത്തകരെ അറസ്റ്റ് ചെയ്തു. അവരെക്കുറിച്ച് അവിടത്തെ മുഖ്യമന്ത്രി പറഞ്ഞത് ഇന്നത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്. അത് ബഹുമാന്യനായ രമേശ് ചെന്നിത്തല കണ്ടിരിക്കുമെന്നാണ് തോന്നുന്നത്. കണ്ടില്ലെങ്കിൽ ഇനിയെങ്കിലും നോക്കുന്നത് നല്ലതാണ്. ഞാൻ ഏതായാലും ആ ഭാഗം പറയുന്നില്ല. ഇതൊക്കെ ചെയ്യുന്നവരുടെ ആൾക്കാരും നേതൃത്വത്തിലുള്ളവരുമൊക്കെയാണ് ഇവിടെ ഇരിക്കുന്നതെന്ന് നാം കാണണം. അവരാണ് നമ്മുടെ ക്രമസമാധാനത്തെക്കുറിച്ച് മോശമായ രീതിയിൽ ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. ഞാൻ ആവർത്തിക്കുന്നില്ല, നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത നേരത്തെ ഡോ. കെ. ടി. ജലീൽ പറയുകയുണ്ടായി. ഹോളി ആഘോഷവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ആറ്റുകാൽ പൊങ്കാല ഉത്സവത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതാണ് നമ്മുടെ നാടിന്റെ അവസ്ഥ. മറ്റ് സംസ്ഥാനങ്ങളിൽ എന്തെല്ലാമാണ് സംഭവിക്കുന്നത്? പശുവിന്റെ സംരക്ഷണം എന്ന് പറഞ്ഞുകൊണ്ട് ചെറുപ്പക്കാരനെ പിടിച്ചുകൊണ്ടുപോകുന്നു. ഹോളി ആഘോഷിക്കാൻ വിസമ്മതിച്ച ഒരു ചെറുപ്പക്കാരനെ രാജസ്ഥാനിൽ ബി.ജെ.പി.-ക്കാർ തല്ലിക്കൊന്നുവെന്ന വാർത്ത

വന്നിരിക്കുകയാണ്. ആ ചെറുപ്പക്കാരൻ റവന്യൂ ഓഫീസർ പരീക്ഷയ്ക്കുവേണ്ടി തയ്യാറെടുക്കാൻ ലൈബ്രറിയിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. രാജസ്ഥാനിൽ പണ്ട് പശു സംരക്ഷണത്തിന്റെ പേരിൽ പെഹ്ലുഖാന് സംഭവിച്ചതും ഇതേ ദുരന്തമായിരുന്നുവെന്ന് നമ്മൾ ഓർക്കണം. ഹോളി ആഘോഷവേളയിൽ യു.പി.-യിലെ പല മസ്ജിദുകളും ടാർപോളിൻ കെട്ടിമറയ്ക്കുന്ന നിലയാണുണ്ടായത്. അതാണ് നേരത്തെ ഡോ. കെ. ടി. ജലീൽ പരാമർശിച്ച കേരളത്തിന്റെ വ്യത്യാസം. ബി.ജെ.പി. ഭരിക്കുന്ന യു.പി.-യിലാണ് 'കൻവർ യാത്ര' നടക്കുന്ന പാതയിലുള്ള വഴിയോര കച്ചവടക്കാർ തങ്ങളുടെ തിരിച്ചറിയൽ രേഖ പ്രദർശിപ്പിക്കണമെന്ന് അവിടത്തെ അധികാരികൾ ഉത്തരവിറക്കിയത്. ഹിമാചൽ പ്രദേശിൽ കോൺഗ്രസ്സാണ് ഭരിക്കുന്നത്. പക്ഷേ അവിടെയും സമാനമായൊരു നീക്കമുണ്ടായില്ലേ; ഇവിടെ അങ്ങനെ എന്തെങ്കിലും ഏതെങ്കിലും ഘട്ടത്തിലുണ്ടായോ; എന്തിനാണ് ഇത്തരത്തിൽ തങ്ങളുടെ ഐഡന്റിറ്റി കാർഡ് പ്രദർശിപ്പിക്കാൻ നിർദേശിക്കുന്നത്? ജാതിയും മതവും തിരിച്ചറിയാനാണത്. വർഗീയശക്തികൾ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചാൽ അവർക്കെതിരെ എന്തുനിലപാടാണ് എൽ.ഡി.എഫ്. സർക്കാരും ആഭ്യന്തര വകുപ്പും സ്വീകരിക്കുക എന്നത് ചില ഘട്ടത്തിൽ ഇവിടെ തെളിഞ്ഞിട്ടുണ്ട്. വാട്സ്ആപ്പ് ഹർത്താലിന്റെയും മറ്റുംഘട്ടത്തിൽ നാം അത് കണ്ടതാണ്. ദക്ഷിണേന്ത്യ പല കാര്യങ്ങളിലും വ്യത്യസ്തമായി നിൽക്കുന്നുവെന്നാണല്ലോ നാം കാണാറുള്ളത്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഒന്നിലാണ് ഇക്കഴിഞ്ഞ ദിവസം പരീക്ഷ എഴുതാൻ പോകുകയായിരുന്ന ഒരു ദളിത് വിദ്യാർഥിയുടെ വിരലുകൾ മുറിച്ച സംഭവമുണ്ടായത്. എന്തായിരുന്നു കാരണം? കബഡി കളിയിൽ മേൽജാതിക്കാരനെന്ന് സ്വയംകരുതുന്ന മറ്റൊരു കുട്ടിയെ ഈ കുട്ടി

പരാജയപ്പെടുത്തി. അതാണ് ഇത്തരമൊരു നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചത്. അവിടെത്തന്നെയാണ് വിളവെടുപ്പിന് തയ്യാറായിരുന്ന കൃഷി നശിപ്പിച്ചത്. അതിന്റെ കാരണമെന്തായിരുന്നു? ദളിതർ ഇറക്കിയ കൃഷിയായിരുന്നു അത്. അതിന് നല്ല വിളവ് കിട്ടിയത് ചിലർക്ക് ദഹിച്ചില്ല. അതാണ് അവിടെ സംഭവിച്ചത്. കേരളം വ്യത്യസ്തമായി നിൽക്കുന്നത് ഇത്തരം കാര്യങ്ങളിലാണ്. അങ്ങനെയില്ലെന്ന് ആരുപറഞ്ഞാലും അത് ജനങ്ങൾ അംഗീകരിക്കില്ല. നമ്മുടേത് മികച്ച സാമൂഹ്യാന്തരീക്ഷമാണ്. അതിനെ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. അതങ്ങനെ അല്ലെന്ന് എത്ര പറഞ്ഞാലും, ആര് പറഞ്ഞാലും വസ്തുതകൾ വസ്തുതകളായി തന്നെ നിലനിൽക്കുമെന്നത് നാം കാണേണ്ടതായിട്ടുണ്ട്.

4.00 p.m]

മയക്കുമരുന്നുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നമ്മുടെ സമൂഹം ഇപ്പോൾ വലിയതോതിൽ ചർച്ച ചെയ്യുന്നൊരു ഘട്ടമാണ്. കഴിഞ്ഞ കുറച്ച് കാലങ്ങളിലായി വലിയ രീതിയിൽ ഇന്ത്യയിലേയ്ക്ക് മയക്കുമരുന്നുകൾ വരുന്നുണ്ട്. 2023 മേയ് മാസത്തിലാണ് അറേബ്യൻ കടലിൽ കൊച്ചി തീരത്തോടുചേർന്ന് ഏതാണ്ട് 2500 കിലോഗ്രാം മയക്കുമരുന്ന് പിടിക്കൂടിയത്. 2024 ഫെബ്രുവരിയിലാണ് ഗുജറാത്ത് തീരത്തോട് ചേർന്ന് 3300 കിലോഗ്രാം മയക്കുമരുന്ന് പിടിക്കൂടിയത്. ഏതാനും മാസങ്ങൾക്ക് മുമ്പ് 2024 നവംബറിലാണ് ബംഗാൾ ഉൾക്കടലിൽ ആൻഡമാൻ തീരത്തോടുചേർന്ന് ഏതാണ്ട് 6000 കിലോഗ്രാം മയക്കുമരുന്ന് പിടിക്കൂടിയത്. ഇതൊക്കെ എന്താണ് വ്യക്തമാക്കുന്നത്? കടലിലൂടെ ചില ദിക്കുകളിൽനിന്ന് നമ്മുടെ രാജ്യത്തേയ്ക്ക് മയക്കുമരുന്ന് നിർബാധം വരുന്നുവെന്നാണ്. ഇതിനുപിന്നിൽ

അന്താരാഷ്ട്ര മാഫിയകളുണ്ട്. വിമാനത്തിലൂടെയും കപ്പലിലൂടെയുമാണ് മയക്കുമരുന്ന് ഇന്ത്യയിലേയ്ക്കെത്തുന്നത്. ഇതുൾപ്പെടെയുള്ള നിയമവിരുദ്ധ ഉൽപന്നങ്ങൾ തടയേണ്ടത് ആരുടെ ഉത്തരവാദിത്വമാണ്; പ്രതിപക്ഷം അത്തരം കാര്യങ്ങൾ ശക്തമായി ഉന്നയിക്കേണ്ടതല്ലേ; എന്നാൽ അക്കാര്യത്തിൽ പലപ്പോഴും നിശബ്ദത പാലിക്കുന്നത് എന്തുകൊണ്ടാണ്? അന്താരാഷ്ട്ര മയക്കുമരുന്ന് മാഫിയയും ഇവിടെയുള്ള ചില വൻ രാഷ്ട്രീയ പാർട്ടികളുടെ തിരഞ്ഞെടുപ്പ് ഫണ്ടും തമ്മിൽ വലിയ ബന്ധമുണ്ട് എന്നത് നാം കാണണം. കപ്പലിലും വിമാനത്തിലും വൻതോതിൽ മയക്കുമരുന്ന് കൊണ്ടുവന്നിറക്കുന്നത് അറിഞ്ഞില്ല എന്ന് രാജ്യരക്ഷാ ചുമതല കൂടിയുള്ള ഭരണാധികാരികൾക്ക് പറയാനാകുമോ? ഏതായാലും കേരളത്തിലെ പോലീസും എക്സൈസും മറ്റ് സംവിധാനങ്ങളും ഇക്കാര്യത്തിൽ മാതൃകാപരമായ ഇടപെടലുകളാണ് നടത്തുന്നത്. സമീപകാലത്തുണ്ടായ ചില ഉദാഹരണങ്ങളെടുത്താൽ, ഒരു മയക്കുമരുന്ന് കേസിലെ പ്രതിക്ക് ജാമ്യം അനുവദിച്ചത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽപോയി റദ്ദുചെയ്യിച്ച് തമിഴ്നാട്ടിൽപോയി അയാളെ അതിസാഹസികമായി അറസ്റ്റ് ചെയ്തു. അതുപോലെ മറ്റൊരു പ്രതിയെ ഡൽഹിയിൽ പോയാണ് കേരള പൊലീസ് അറസ്റ്റ് ചെയ്തത്. ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ ചരിത്രത്തിലെ ഏറ്റവും വലിയ മയക്കുമരുന്ന് വേട്ട നടന്നത് കേരള പൊലീസ് മഞ്ചേരിയിൽനിന്നും അറസ്റ്റുചെയ്ത പ്രതികളിൽനിന്നുള്ള ലീഡ് ഉപയോഗിച്ചാണ്. നൂറുകോടി രൂപയുടെ രാസലഹരിയാണ് ആൻഡമാനിലെ ജങ്കാറിൽ കേരള പൊലീസ് കണ്ടെത്തിയത്. കേരളം കണ്ട ഏറ്റവും വലിയ അന്തർസംസ്ഥാന ലഹരിക്കടത്ത് തലവനെ ഒഡീഷയിൽനിന്നുമാണ് പിടികൂടിയത്. ഹൈദരാബാദിലെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ

എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന മയക്കുമരുന്ന് നിർമ്മാണശാലയുടെ ഉടമയായ ശതകോടീശ്വരനെ അറസ്റ്റ് ചെയ്തത് കേരള പൊലീസാണ്. അന്താരാഷ്ട്ര ലഹരി മാഫിയയിലെ കണ്ണികളായ ടാൻസാനിയക്കാരെ അറസ്റ്റുചെയ്തതും കേരള പൊലീസാണ്. എന്താണ് ഇതൊക്കെ സൂചിപ്പിക്കുന്നത്? ഒരു പ്രത്യേക രാഷ്ട്രീയം അന്താരാഷ്ട്ര മയക്കുമരുന്ന് കള്ളക്കടത്തിന് നേർക്ക് കണ്ണടച്ചിരിക്കുന്നു; മറ്റൊരു രാഷ്ട്രീയം അതിനെ ഇഞ്ചോടിഞ്ച് നേരിടുന്നു. ഇതല്ലേ ഇതിലൂടെ വ്യക്തമാകുന്നത്? മയക്കുമരുന്ന് കേസുകളിൽ ഇന്ത്യയിൽ ഏറ്റവുമധികം കൺവിക്ഷൻ റേറ്റുള്ളത് കേരളത്തിലാണ്. ദേശീയ ശരാശരി 78 ശതമാനമായിരിക്കുമ്പോൾ കേരളത്തിലിത് 99 ശതമാനത്തോളമാണ്. തമിഴ്നാട്ടിൽ 82 ശതമാനവും തെലങ്കാനയിലും ആന്ധ്രാപ്രദേശിലും ഇത് 25 ശതമാനത്തിനടുത്തുമാണ്. ക്രമസമാധാനവും നിയമവ്യവസ്ഥയും ഉറപ്പുവരുത്തേണ്ട കേരളത്തിലെ സംവിധാനങ്ങൾ എത്ര കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നതെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന യു.ഡി.എഫ്. മുമ്പ് അധികാരത്തിലുണ്ടായിരുന്ന ഘട്ടത്തിൽ ഇവിടെ എന്തായിരുന്നു സ്ഥിതിയെന്നാണ് ഓർക്കേണ്ടത്. യു.ഡി.എഫ്-ന്റെ അവസാനഘട്ടത്തിൽ നടന്ന നാടിനെ ഞെട്ടിച്ച ജിഷ കൊലപാതക കേസ് തെളിവില്ലാതെ കുഴഞ്ഞുമറിഞ്ഞിരുന്ന ഘട്ടത്തിലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റവാളികളെ ശിക്ഷിച്ചത് എല്ലാവർക്കും ഓർമ്മയുള്ള കാര്യമാണ്. പ്രതിയെ പിടികൂടാനായി ചെരുപ്പ് മരത്തിൽ കെട്ടിത്തൂക്കിയത് ആരായിരുന്നു; ആരുടെ കാലത്താണ് പ്രതിയെ പിടിച്ചത് എന്നെല്ലാം ഓർക്കുന്നത് നല്ലതായിരിക്കും. ഇവിടെ എൽ.ഡി.എഫ്. ഭരണത്തിൽ കേസന്വേഷണത്തിന്റെ കാര്യത്തിൽ കേരള പൊലീസ് രാജ്യത്തിനാകെ മാതൃകയാണ്.

അതേസമയം പൊലീസ് ഉദ്യോഗസ്ഥർ പ്രതിയാകുന്ന കേസുകളിൽ മുഖം നോക്കാതെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. എട്ട് വർഷത്തിനുള്ളിൽ 108 പൊലീസ് ഉദ്യോഗസ്ഥരെയാണ് സർവീസിൽനിന്നും പിരിച്ചുവിട്ടത്. പൊലീസിന്റെ സമസ്തതലങ്ങളും പൂർണ്ണമായും ശുദ്ധവും സുതാര്യവുമാകുന്നുവെന്ന് ഉറപ്പാക്കുന്ന ഇത്തരം നടപടികൾ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? പൊലീസ് തെറ്റ് ചെയ്താൽ, അത് നമ്മുടെ പൊലീസല്ലേ, നമുക്ക് വേണ്ടിയല്ലേ എന്നമട്ടിൽ ന്യായീകരിച്ച് സംരക്ഷിക്കുന്ന സംസ്കാരം ഈ സർക്കാർ മാറ്റിയെടുത്തു. എന്നിട്ടും ഇതൊന്നും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് സർക്കാരിനെതിരെ വ്യാജ ആരോപണം ഉന്നയിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഒരു കുടം ടാറും ഒരു കുറ്റിച്ചൂലുമായി നിൽക്കുന്ന ഒരാളെക്കുറിച്ച് ഈ സഭയിൽ അംഗമായിരുന്ന കവി കടമ്മനിട്ട രാമകൃഷ്ണൻ എഴുതിയിട്ടുണ്ട്. ടാറും ചൂലുമായി തെരുവിൽ ഇറങ്ങി നിൽക്കുന്നത് എന്തിനാണ്? കുളിച്ച് വൃത്തിയായി നടക്കുന്ന ആരുടെയെങ്കിലും മുഖത്ത് കരിപൂശാനാണ്. ഇങ്ങനെ കരിപൂശാൻ നിൽക്കുന്നവൻ അതേ കരിയിൽ കുളിച്ചുനിൽക്കുന്ന ചിത്രമാണ് ഇവിടത്തെ പശ്ചാത്തലത്തിൽ ഇടയ്ക്കിടെ ഓർമ്മവരാറുള്ളത്. കുളിച്ചു വന്നവന്റെ മുഖത്തേയ്ക്ക് തെറിപ്പിക്കാൻ നോക്കുന്ന ടാർ അതുയും അത് നിറച്ചുവന്നവന്റെ മുഖത്തുതന്നെ വീഴുക, അതാണ് ഇപ്പോൾ തുടർച്ചയായി കാണുന്നത്. ഇങ്ങനെ ഒരു ചിത്രം ഓർമ്മവരാൻ കാരണം കഴിഞ്ഞ ഒമ്പത് വർഷത്തോളമായി എൽ.ഡി.എഫ്. സർക്കാരിനെതിരായി ഉയർത്തുന്ന ആരോപണങ്ങളാണ്. ആരോപണങ്ങളുടെ കരിമ്പുക ഉയർത്തി സർക്കാരിനെ അപകീർത്തിപ്പെടുത്താൻ നോക്കുകയാണ്. സത്യത്തിന്റെ കാറ്റും വെളിച്ചവും ഇരമ്പിയെത്തുമ്പോൾ ആ പുകക്കരി ആകെ അകന്നുപോകുകയാണ്. ഈ സർക്കാർ കൂടുതൽ തിളക്കത്തോടെ, പത്തരമാറ്റ് ശക്തിയോടെ

വിളങ്ങി നിൽക്കുകയാണ്. സത്യത്തിന്റെ വെളിച്ചം പടരുന്ന മുറയ്ക്ക് ഈ കരിമ്പുകയാകെ ആരോപണം ഉന്നയിച്ചവരുടെ മുഖത്ത് മാറാത്ത കറകളായി പതിഞ്ഞുനിൽക്കുകയാണ്. ഇതല്ലേ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഇതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നിരത്താൻ കഴിയും. എന്നാൽ എല്ലാം ഇവിടെ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തിന് ചെയ്യാമായിരുന്ന ഒരു നല്ലകാര്യമുണ്ട്. തങ്ങൾക്ക് പറ്റിയ തെറ്റ് തുറന്ന് സമ്മതിച്ച് പരസ്യമായി ഒരു ഖേദപ്രകടനം ഈ സഭയിലൂടെ സംസ്ഥാനത്തെ ജനങ്ങളോട് നടത്തുന്നത് നല്ലതായിരുന്നു. മിനിമം അത്രയെങ്കിലും ചെയ്താലേ ജനമധ്യത്തിൽ അല്പമെങ്കിലും വിശ്വാസ്യതയുണ്ടാകൂവെന്നെങ്കിലും തിരിച്ചറിയണമായിരുന്നു. ഞങ്ങളിതാ ഇനിയൊരു ക്ലീൻ സ്ലേറ്റിൽ തുടങ്ങുന്നു എന്നുപറഞ്ഞിരുന്നെങ്കിൽ ഇനി പറയുന്നതിനെയെങ്കിലും ജനങ്ങൾ കുറച്ചൊക്കെ വിശ്വസിക്കുമായിരുന്നു. വിശ്വാസ്യത വീണ്ടെടുക്കുക എന്നത് നിങ്ങളുടെ അജണ്ടയിലില്ല. അതുകൊണ്ടുതന്നെ തെറ്റ് ഏറ്റുപറയാൻ നിങ്ങൾക്ക് മനസ്സുമുണ്ടാകില്ല. അത് അങ്ങനെ നടക്കട്ടെ, നിങ്ങൾ എന്തൊക്കെയാണ് ഇക്കാലത്ത് പറഞ്ഞിരുന്നത്? വാളയാറിനെക്കുറിച്ചും എ.കെ.ജി സെന്റർ ആക്രമണത്തിന്റെ പേരിലുണ്ടായ കഥയും ആരും ഇപ്പോൾ പറയുന്നില്ലല്ലോ. സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം തീ ഇട്ടതിന്റെ പേരിൽ എന്തെല്ലാം കഥകളാണ് നിങ്ങൾ പറഞ്ഞിരുന്നത്. ഇങ്ങനെ ഏതെല്ലാം തരത്തിലുള്ള ആരോപണങ്ങളാണ് ഉന്നയിക്കാൻ ശ്രമിച്ചിരുന്നത്. ചില കാര്യങ്ങൾ കോടതിയിലേയ്ക്കും കൊണ്ടുപോയിരുന്നു. അതെല്ലാം കോടതി അടിസ്ഥാനരഹിതമെന്ന് മുദ്രയടിച്ച് ചവറ്റുകൊട്ടയിലേയ്ക്ക് എറിയുകയും ചെയ്തു. വാളയാർ കേസിന്റെ കാര്യമെടുത്താൽ, ഈ

സർക്കാരിനെ അപകീർത്തിപ്പെടുത്താൻ എന്തൊക്കെയായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷം ചെയ്തിരുന്നത്. സംസ്ഥാന പൊലീസിന്റെ അന്വേഷണം വിശ്വാസ്യയോഗ്യമല്ലെന്നും സി.ബി.ഐ. വരണമെന്നും പറഞ്ഞു. ഒരാളെ തോളിലേറ്റി നടന്ന് സ്ഥാനാർഥിയാക്കി. എൽ.ഡി.എഫ്.-നെ തോൽപ്പിക്കാൻ കേരളത്തിലാകെ കൊണ്ടുനടന്ന് പ്രസംഗിപ്പിച്ചു. ഒടുവിൽ സി.ബി.ഐ. വന്നു. അതിന് കേരള സർക്കാർ സഹകരിക്കുകയും ചെയ്തു. അവസാനം എന്തുണ്ടായി? കഴിഞ്ഞ ദിവസം ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കുറേ കാര്യങ്ങൾ ഇവിടെ അതുമായി ബന്ധപ്പെട്ട് പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നിങ്ങൾ കൊണ്ടുനടന്നയാൾ തന്നെയാണ് പ്രതി എന്നാണ് ഇപ്പോൾ വന്നിട്ടുള്ളത്. എ.കെ.ജി. സെന്റർ ആക്രമണത്തെക്കുറിച്ച് കോൺഗ്രസ് പ്രചരിപ്പിച്ചിരുന്നത് എന്താണ്? സി.പി.ഐ.(എം.) രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി സ്വന്തം ഓഫീസ് ആക്രമിച്ചിട്ട് തങ്ങളെ ആക്ഷേപിക്കുന്നുയെന്നായിരുന്നു. എന്നാൽ കോൺഗ്രസ് ഇത് ആസൂത്രണം ചെയ്യുകയും തെളിവ് നശിപ്പിക്കുകയും അന്വേഷണം വഴിതെറ്റിക്കാൻ ശ്രമിക്കുകയും ചെയ്തു. ഒടുവിൽ പ്രതിയെ പിടികൂടിയപ്പോഴാണ് അയാൾ കോൺഗ്രസ്സിന്റെ സംസ്ഥാന നേതാക്കളുടെ സന്തതസഹചാരിയാണെന്ന് മനസ്സിലായത്. ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയിൽനിന്നും പ്രതീക്ഷിക്കാൻ കഴിയുന്നതാണോ ഇത്? സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം തീവച്ച കേസിൽ, അന്ന് ബി.ജെ.പി.-യുടെ ഒപ്പംനിന്നുകൊണ്ട് കോൺഗ്രസ് പ്രചരിപ്പിച്ചത് സി.പി.ഐ.(എം.) പ്രവർത്തകരാണ് ഇത് ചെയ്തതെന്നായിരുന്നു. ഒടുവിൽ സംഘപരിവാറുകാർ അറസ്റ്റിലായി. പ്രചരിപ്പിച്ചത് തെറ്റായിപ്പോയി എന്ന് ഏതെങ്കിലും

ഘട്ടത്തിൽ നിങ്ങൾ പറഞ്ഞോ? ബി.ജെ.പി.-ക്കാരുമായി ചേർന്നുനിന്ന് സി.പി.ഐ.(എം.)-നെതിരെ പ്രചാരണം അഴിച്ചുവിട്ടതിനെക്കുറിച്ച് സൂചിപ്പിച്ചല്ലോ? സാന്ദർഭികമായി ഒട്ടേറെ കാര്യങ്ങൾ പരാമർശിക്കാനുണ്ടെങ്കിലും അതിലേക്കൊന്നും ഈ ഘട്ടത്തിൽ കൂടുതലായി കടന്നുപോകുന്നില്ല. രണ്ട് സമീപകാല സംഭവങ്ങളെടുക്കാം. ഈയിടെ ഒരേ ദിവസം രണ്ട് കോടതിവിധികൾ വന്നു. ഒന്ന്, കൽക്കട്ടയിലെ ആർ. ജി. കർ കേസിൽ, മറ്റൊന്ന് കേരളത്തിലെ ഷാരോൺ വധക്കേസിൽ. കൽക്കട്ട കേസിൽ നീതി ലഭ്യമായില്ലെന്ന മുറവിളി ഉയർന്നു. ഷാരോൺ കേസിൽ നീതി നടപ്പായിയെന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. ആർ. ജി. കർ കേസിൽ തെളിവുകൾ ബോധ്യപ്പെടുത്തുംവിധം കണ്ടെത്തി നിരത്തുന്നതിൽ പ്രോസിക്യൂഷന് വീഴ്ച വന്നതാണ് കുറ്റവാളിക്ക് വധശിക്ഷ നൽകാതിരുന്നതിന് കാരണമെന്ന് വിമർശനം ഉയർന്നു. അതേസമയം ഏറെ സങ്കീർണ്ണമായ ഷാരോൺ കേസിൽ ശാസ്ത്രീയ അന്വേഷണത്തിലൂടെ തെളിവുകൾ കണ്ടെത്തി കുറ്റവാളിക്ക് അർഹമായ ശിക്ഷ വാങ്ങിക്കൊടുത്തതിന് കോടതിതന്നെ കേരള പൊലീസിനെ അഭിനന്ദിച്ചിരിക്കുന്നു. ഇതാണ് വ്യത്യാസം. നിർഭാഗ്യവശാൽ നമ്മുടെ പ്രതിപക്ഷത്തിന് ദഹിക്കാത്ത വ്യത്യാസം.

പൊലീസ് രാജ് എന്ന ആരോപണം പ്രതിപക്ഷം ഉന്നയിക്കുന്നുണ്ടല്ലോ? അതൊക്കെ പഴയ ചില ഓർമ്മകൾ വച്ചുകൊണ്ടുമാത്രം പറയുന്ന കാര്യങ്ങളാണ്. കേസന്വേഷണത്തിൽ മാത്രമല്ല ക്രമസമാധാനത്തിലും സേവനകാര്യത്തിലും നമ്മൾ മാതൃകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കഴിഞ്ഞ ശബരിമല തീർഥാടന കാലം. ശബരിമല തീർഥാടനത്തെ ഈ വർഷം എല്ലാവരും മുക്തകണ്ഠം പ്രശംസിക്കുന്നതാണ് നാം കാണുന്നത്. നിങ്ങൾ പലരും തീർഥാടകരായി അവിടെപ്പോയി ഏർപ്പെടുത്തിയ സൗകര്യങ്ങൾ അനുഭവിച്ചവരാണ്

എന്നുള്ളതുകൊണ്ട് കൂടുതലായി ഞാനതിലേക്ക് കടക്കുന്നില്ല. ഉത്തർപ്രദേശിൽ ഇതേ ഘട്ടത്തിൽ കുംഭമേള നടന്നു. യു.പി.-യിലെ മുഴുവൻ പൊലീസിനെയും അവിടെ വിന്യസിക്കുകയും പതിനായിരം കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു. എന്നിട്ടും അവിടെനിന്നും ദുരന്തവാർത്ത നമുക്ക് കേൾക്കേണ്ടി വന്നു. ഇവിടെയോ? ഒരു പ്രശ്നവുമില്ലാതെ, ആക്ഷേപവുമില്ലാതെ ഗംഭീരമായി തീർഥാടനം പൂർത്തിയാക്കിയതിന്റെ വിജയവാർത്തയും. അതു പണമൊന്നും നമുക്കുണ്ടായിരുന്നില്ല. മുഴുവൻ പൊലീസിനെയും അവിടെ വിനിയോഗിക്കാനും സാധിക്കുമായിരുന്നില്ല. എന്നിട്ടും പഴുതടച്ച് ഒരു പരാതിയും ഉണ്ടാകാത്തവിധം നാം ശബരിമല തീർഥാടനം ഉജ്ജ്വല വിജയമാക്കി. അതിൽ മറ്റുള്ളവരോടൊപ്പം പൊലീസും ആഭ്യന്തര വകുപ്പും വലിയ പങ്ക് വഹിക്കുകയുണ്ടായി.

എൽ.ഡി.എഫ്. സർക്കാരിനെ പൊതുസമൂഹത്തിൽ താറടിച്ചു കാട്ടാനായി വലിയ തോതിലുള്ള ആരോപണങ്ങളുടെ പെരുമഴ സൃഷ്ടിക്കാൻ പ്രതിപക്ഷവും ഒരു വിഭാഗം മാധ്യമങ്ങളും വൃഥാ ശ്രമിച്ചുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. ഒരു ആരോപണം ഉന്നയിക്കുകയും വസ്തുതയില്ലെന്ന് കാണുമ്പോൾ അതിൽനിന്ന് ഒളിച്ചോടുകയും തൊട്ടുപിന്നാലെ മറ്റൊരു ആരോപണവുമായി രംഗപ്രവേശം ചെയ്യുകയും അതിനെക്കുറിച്ച് ഇല്ലാത്ത ഉപകഥകൾ സൃഷ്ടിച്ച് ചർച്ച നടത്തുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ അപഹാസ്യമായ പതിവാണ് തുടർന്നുവരുന്നത്. നിങ്ങളുടെ ആരോപണങ്ങൾക്ക് പിന്നിൽ പബ്ലിക് ഇന്ററസ്റ്റല്ല പബ്ലിസിറ്റി ഇന്ററസ്റ്റാണെന്ന് പരാമർശിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. അത് ഓർക്കേണ്ടതാണ്. ഹൈക്കോടതിയിൽ നിന്നുവന്ന ഇത്തരം ഒരു പരാമർശം മറ്റാരെയെങ്കിലും കുറിച്ചാണ് ഉയർന്നുവന്നതെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്ന്

നിങ്ങൾ ആലോചിച്ചുനോക്കൂ. ചീറ്റിപ്പോയ യു.ഡി.എഫ്.-ന്റെ നനഞ്ഞ പടക്കങ്ങളുടെ ഒരു നീണ്ടനിര തന്നെയുണ്ട്. ജനാഭിലാഷത്തിനൊത്ത് പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെതിരെ പറയാൻ ഒന്നും കിട്ടാതെ വന്ന പ്രതിപക്ഷം വ്യാജവാർത്തകളുണ്ടാക്കി പുകമറ സൃഷ്ടിക്കാൻ സാധിക്കുമോയെന്നാണ് നോക്കുന്നത്. എൽ.ഡി.എഫ്.-നെതിരെ കിട്ടുന്ന നിസ്സാര കാര്യംപോലും വലിയ വാർത്തയാക്കാൻ വെമ്പൽകൊള്ളുന്ന കേരളത്തിലെ ചില മാധ്യമങ്ങളുടെ അകമഴിഞ്ഞ സഹായം യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും നല്ല നിലയിൽ കിട്ടുന്നുവെന്നതും നാം കാണുന്ന കാര്യമാണ്. അത്തരം ഉദാഹരണങ്ങൾ ഉണ്ടെങ്കിലും അതിലേക്ക് ഇപ്പോൾ ഞാൻ അധികമായി കടന്നുപോകുന്നില്ല.

നമ്മുടെ സംസ്ഥാനത്ത് അഴിമതിയോട് 'സീറോ ടോളറൻസ്' എന്ന സർക്കാർ നയം പിന്തുടർന്ന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പൊതുജനങ്ങൾക്ക് വേഗത്തിലും അഴിമതിരഹിതവുമായ സേവനങ്ങളാണ് നൽകിവരുന്നത്. കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരെ കുടുക്കാൻ വി.എ.സി.ബി. (വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ)-യുടെ എല്ലാ യൂണിറ്റുകളെയും ഊർജസ്വലമാക്കി 'ഓപ്പറേഷൻ സ്പോട്ട് ട്രാപ്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി 2025 ജനുവരിയിലും ഫെബ്രുവരിയിലുമായി പതിനെട്ടോളം അഴിമതിക്കാരായ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്യുകയും പതിനേഴ് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. വിജിലൻസ് വകുപ്പിന്റെ ചരിത്രത്തിൽ ഒരു മാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ ട്രാപ് കേസുകളും അറസ്റ്റും നടക്കുന്നത് ഇതാദ്യമാണ്. എല്ലാ ഓഫീസുകളിലും വിവരദാതാക്കളുടെ ഒരു ശൃംഖല വികസിപ്പിച്ചെടുക്കുകയും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും കൈക്കൂലി ആവശ്യപ്പെടുന്നതിനെതിരെ

പരാതി നൽകാൻ സാധാരണക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വകുപ്പുകൾക്കുള്ളിലെ അഴിമതികളും ക്രമക്കേടുകളും കണ്ടെത്തി നടപടി സ്വീകരിക്കേണ്ടത് പ്രധാനമാണ്. ഇതിന്റെ ഭാഗമായി ഇന്റേണൽ വിജിലൻസ് ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലവിലെ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തി ആഭ്യന്തര വിജിലൻസ് സെല്ലുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗതമായി അടഞ്ഞ ഇടങ്ങളായി കരുതപ്പെടുന്ന ജയിലുകളെ ക്രിയാത്മകമാക്കി മാറ്റിയെന്നതാണ് സർക്കാരിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. കേരളത്തിലെ ജയിലുകൾ ഇന്ന് കേവലം കുറ്റകൃത്യങ്ങൾ ചെയ്തവരെ പാർപ്പിക്കുന്ന ഇടങ്ങൾ മാത്രമല്ല. കേരളത്തിലെ ജയിലുകളിലെ അന്തേവാസികളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും അവരുടെ മാനസിക പരിവർത്തനം, പുനരധിവാസം എന്നിവയ്ക്ക് സഹായം നൽകുന്നതിനുമായി പുതുതായി രൂപീകരിച്ച മുഖ്യമന്ത്രി അധ്യക്ഷനായ ജയിൽ ഉപദേശക സമിതി രാജ്യത്തിനുതന്നെ മാതൃകയാണ്. ജയിലുകളിലെ തിരക്ക് കുറയ്ക്കുന്നതിനുള്ള നിർണ്ണായക നിർദേശങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ അടിയന്തരമായി നടപ്പാക്കാൻ കഴിയുന്നവയും അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതടക്കമുള്ള പദ്ധതികളും ഉൾപ്പെടുന്നുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. തെറ്റുതിരുത്തൽ പ്രക്രിയ കേവലം ഭരണകൂടത്തിന്റേയും ജയിൽ ഉദ്യോഗസ്ഥരുടേയും മാത്രം ചുമതലയല്ലെന്നും പൊതുസമൂഹത്തിന് ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കാനാകുമെന്നും ബോധ്യപ്പെടുത്താൻ ഈ സമിതിക്ക് സാധിക്കുന്നുണ്ട്. ജയിൽ അന്തേവാസികളുടെ സംശുദ്ധീകരണത്തിനും

സന്മാർഗ്ഗീകരണത്തിനുമൊപ്പം ശിക്ഷ കഴിഞ്ഞ് അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭിക്കുന്നതിനുള്ള തൊഴിൽ പരിശീലനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇതിനകം നടപ്പാക്കിക്കഴിഞ്ഞ വിവിധ സംരംഭങ്ങൾ വഴി അന്തേവാസികൾക്ക് വരുമാനം ലഭിക്കുന്നുവെന്ന് മാത്രമല്ല, ചെറുതല്ലാത്ത തുക സർക്കാർ ഖജനാവിലേക്കും ലഭിക്കുന്നുണ്ട്. അത് അവരുടെ ഉന്നമനത്തിനും സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായാണ് വിനിയോഗിക്കുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽനിന്നുള്ള വരുമാനത്തിന്റെ 50 ശതമാനം പ്രിസൺ ഡെവലപ്മെന്റ് ഫണ്ടിലേക്കാണ് വിനിയോഗിക്കുന്നത്. അന്തേവാസികളുടെ മാനസിക ചികിത്സാ സൗകര്യങ്ങളും കൗൺസലിങ് സേവനങ്ങളും കാലോചിതവും സമഗ്രവുമാക്കുകയും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമുള്ള സാഹചര്യങ്ങൾ വിപുലമാക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. പുരോഗമനോന്മുഖമായ സമൂഹത്തിന് ചേർന്ന വിധത്തിൽ ജയിലുകളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിൽ സർക്കാർ അതീവ ശ്രദ്ധയാണ് നൽകിവരുന്നത്.

ഫയർഫോഴ്സിന്റെ പ്രവർത്തനം എല്ലാതരത്തിലും കാര്യക്ഷമമായി നടക്കുന്ന ഒരു ഘട്ടമാണിത്. ദുരന്തഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്ക് എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റാൻ ഫയർഫോഴ്സിന് കഴിഞ്ഞുവെന്നതാണ് വസ്തുത. ഫയർഫോഴ്സിനെ ആധുനികവത്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്പോൾ യുവതികൾ ഉൾക്കൊള്ളുന്ന നല്ല രീതിയിലുള്ള ഒരു വനിതാ സ്കൂബാ ടീമിനെ സജ്ജമാക്കാൻ ഫയർഫോഴ്സിന് കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെതന്നെ ആദ്യത്തെ സംഭവമാണിത്. കൂടുതൽ

ശക്തമായ രീതിയിൽ ഫയർഫോഴ്സിനെ ഒരുക്കാനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

അച്ചടിയും സ്റ്റേഷനറിയും വകുപ്പുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതികവിദ്യയുടെ വികാസത്തിനനുസരിച്ച് സർക്കാർ പ്രസ്സുകളെ നവീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബജറ്റ് വിഹിതത്തിന് പുറമെ കിഫ്ബി മുഖേന 100 കോടി രൂപ വിനിയോഗിച്ച് ആവശ്യമായ ആധുനികവത്കരണ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം സെൻട്രൽ പ്രസ്സും മണ്ണന്തല ഗവൺമെന്റ് പ്രസ്സും ആധുനികവത്കരിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കാൻ നിർവഹണ ഏജൻസിയായ വാപ്കോസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സാമൂഹിക പ്രശ്നങ്ങൾ, ഇടപെടലുകൾ ആവശ്യമായ വിഷയങ്ങൾ തുടങ്ങിയവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന്മേൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ ജനങ്ങളെ അറിയിക്കുകയെന്ന നിലയിൽ സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള ഒരു പാലമായാണ് വിവര-പൊതുജന സമ്പർക്ക വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ഇപ്രകാരം ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും ജനാഭിലാഷം നിറവേറ്റുന്ന തരത്തിൽ ഭരണനിർവഹണം സാധ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം താലൂക്ക് തലം വരെ ഫലപ്രദമായി നടന്നുവരികയാണ്. അച്ചടി-ദൃശ്യ-ശ്രവ്യ- നവ മാധ്യമങ്ങൾ മുഖേന ജനങ്ങളുമായി നിരന്തര സമ്പർക്കമാണ് വകുപ്പ് പുലർത്തിവരുന്നത്. സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുന്നതിനും അതിന്റെ ഗുണഫലങ്ങൾ അവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് വിവര - പൊതുജന സമ്പർക്ക വകുപ്പ് നടത്തുന്നത്. ആധുനിക ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ,

എ.ഐ, നെറ്റ്‌വർക്ക് സാങ്കേതികവിദ്യകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലവും ശക്തവുമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, സി.പി.ഒ.-മാരുടെ റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ ആളുകളെ നിയമിച്ചിട്ടുണ്ടെന്ന് അങ്ങ് സബ്ജക്ട് കമ്മിറ്റിയിൽവച്ച് എന്നോട് സൂചിപ്പിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽനിന്നും 27% നിയമനം മാത്രമാണ് നടന്നത്. രണ്ടുമാസത്തിനകം ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുകയാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ചെറുപ്പക്കാരായ ഉദ്യോഗാർഥികൾക്ക് ജോലിക്കുള്ള സാധ്യതയുണ്ടോയെന്ന് പരിശോധിച്ച് കുറേ ആളുകൾക്കുകൂടി ജോലി ലഭ്യമാക്കാനുള്ള അവസരമുണ്ടാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പൊതുവെ എല്ലാ റാങ്ക് ലിസ്റ്റുകളോടും അനുഭാവപൂർവമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഏപ്രിൽ മാസത്തിലാണ് സി.പി.ഒ. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത്. അതുമായി ബന്ധപ്പെട്ട് സാധ്യമാകുന്നതെല്ലാം ചെയ്യുമെന്ന ഉറപ്പാണ് ഞാനിപ്പോൾ നൽകുന്നത്.

ദുരന്തനിവാരണ വകുപ്പുമായി ബന്ധപ്പെട്ട് പറഞ്ഞാൽ, സവിശേഷമായ ഭൂപ്രകൃതിയാലും കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങളാലും വിവിധ തരത്തിലുള്ള പ്രകൃതിദുരന്തങ്ങൾ സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്നുണ്ട്. ഇത് കണക്കിലെടുത്ത് ദുരന്തങ്ങളെ നേരിടുന്നതിന് ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന കവചം (KaWaCHaM- Kerala Warnings Crisis and Hazard Management) സംവിധാനം ഈ അടുത്തകാലത്ത് പ്രവർത്തനമാരംഭിച്ചു. വയനാട്ടിലെ മേപ്പാടി ഉരുൾപൊട്ടലിനെ തുടർന്ന് അടിയന്തര രക്ഷാപ്രവർത്തനങ്ങൾ

ഏകോപിപ്പിച്ച് നടത്തുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും കഴിഞ്ഞു. സമാനതകളില്ലാത്ത രക്ഷാ-ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനമാണ് അവിടെ നടത്തിയത്. പുനരധിവാസത്തിനായുള്ള ടൗൺഷിപ്പിന്റെ നിർമ്മാണത്തിന് ഈ മാസം തുടക്കം കുറിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ ദുരന്തനിവാരണ പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതും ദുരന്തനിവാരണത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിന് നിരവധി ബോധവത്കരണ പരിശീലന പരിപാടികൾ നടത്തിവരികയുമാണ്. വകുപ്പുതല ദുരന്തനിവാരണ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം 26 വകുപ്പുകളിൽ പൂർത്തിയാക്കും. വിവിധ വകുപ്പുകളിൽ ദുരന്ത നിവാരണത്തിനായി വെർച്വൽ കേഡർ സൃഷ്ടിച്ചതിനോടൊപ്പം ആവശ്യമായ പരിശീലനവും നൽകുന്നതാണ്. എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും സ്കൂൾ ദുരന്ത നിവാരണ പദ്ധതി ഈ വർഷം പൂർത്തീകരിക്കും. മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വരെയുള്ള എല്ലാ ആശുപത്രികളിലും ആശുപ്രത്രി ദുരന്ത നിവാരണ പദ്ധതിയും തയ്യാറാക്കും. ദുരന്ത നിവാരണ സാക്ഷരത യജ്ഞത്തിന്റെ ഭാഗമായി കുടുംബശ്രീയുമായി സഹകരിച്ച് എല്ലാ അയൽക്കൂട്ടങ്ങൾക്കും പരിശീലനം നൽകാനും ഉദ്ദേശിക്കുന്നുണ്ട്. ഇതോടൊപ്പം ആപ്താമിത്ര, സിവിൽ ഡിഫൻസ്, സന്നദ്ധസേന എന്നിവയുടെ പ്രവർത്തനവും വിപുലീകരിക്കും. ഇതുപോലെയുള്ള കാര്യങ്ങളാണ് വകുപ്പുകളുമായി ബന്ധപ്പെട്ട് പറയാനുള്ളത്. എന്നാൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ സംസ്ഥാനത്ത് നിരവധി കാര്യങ്ങളാണ് ഈ ഘട്ടത്തിൽ നിർവഹിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ നാലാം വാർഷിക ഘട്ടം അടുത്തുവരികയാണ്. അത് നല്ല രീതിയിൽ ആചരിക്കാനും

പൊതുജനങ്ങളിലേക്കാകെ ഇത്തരം കാര്യങ്ങളെത്തിക്കാനും കഴിയേണ്ടതുണ്ട്. അക്കാര്യത്തിൽ നിങ്ങളുടെ എല്ലാ സഹകരണവും ഉണ്ടാകണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ധനാഭ്യർഥന നമ്പർ XII
പൊലീസ്

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, എ. പി. അനിൽ കുമാർ, സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സജീവ് ജോസഫ്, അൻവർ സാദത്ത്, പി. സി. വിഷ്ണുനാഥ്, കെ. ബാബു (തൃപ്പൂണിത്തുറ), എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, രാഹുൽ മാങ്കൂട്ടത്തിൽ, ചാണ്ടി ഉമ്മൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ

66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73
പ്രതികൂലിക്കുന്നവർ - 26
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XIII

ജയിലുകൾ

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, രാഹുൽ മാങ്കൂട്ടത്തിൽ, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോജി എം. ജോൺ, അൻവർ സാദത്ത്, സജീവ് ജോസഫ്, ചാണ്ടി ഉമ്മൻ, ഐ. സി. ബാലകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), ടി. ജെ. വിനോദ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സി. ആർ. മഹേഷ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ

66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതിക്കൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73
പ്രതികൂലിക്കുന്നവർ - 26
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XIV

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും

മി. സ്പീക്കർ: സർവ്വശ്രീ മോൻസ് ജോസഫ്, പി. അബ്ദുൽ ഹമീദ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, കെ. പി. എ. മജീദ്, യു. എ. ലത്തീഫ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ, എ. പി. അനിൽ കുമാർ, ടി. ജെ. വിനോദ്, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ആർ. മഹേഷ്, ചാണ്ടി ഉമ്മൻ, രാഹുൽ മാങ്കൂട്ടത്തിൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26

സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്

27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73
പ്രതികൂലിക്കുന്നവർ - 26
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XXIII
വാർത്താവിതരണവും പ്രചരണവും

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, സണ്ണി ജോസഫ്, ചാണ്ടി ഉമ്മൻ, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, രാഹുൽ മാങ്കൂട്ടത്തിൽ, സി. ആർ. മഹേഷ്, എൽദോസ് പി. കുന്നപ്പിള്ളിൽ, റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, പി. സി. വിഷ്ണുനാഥ്, എ. പി. അനിൽ കുമാർ, കെ. ബാബു (തൃപ്പൂണിത്തുറ), അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം

കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
26. ശ്രീ. ലിന്റോ ജോസഫ്

27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള
63. ശ്രീ. കെ. വി. സുമേഷ്

64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. എം. വിൻസെന്റ്

25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 73
പ്രതികൂലിക്കുന്നവർ - 26
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XXVI
പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, നജീബ് കാന്തപുരം, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ഐ. സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, അൻവർ സാദത്ത്, റോജി എം. ജോൺ, ടി. ജെ. വിനോദ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സി. ആർ. മഹേഷ്, ചാണ്ടി ഉമ്മൻ, രാഹുൽ മാങ്കൂട്ടത്തിൽ, സജീവ് ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം

കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി
14. ശ്രീ. പി. പി. ചിത്തരഞ്ജൻ
15. ശ്രീമതി ദലീമ
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ഡോ. എൻ. ജയരാജ്
21. ശ്രീ. ജോബ് മൈക്കിൾ
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

26. ശ്രീ. ലിന്റോ ജോസഫ്
27. ശ്രീ. ടി. ഐ. മധുസൂദനൻ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. കെ. പി. മോഹനൻ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ
34. ശ്രീ. സി. സി. മുകുന്ദൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. പി. നന്ദകുമാർ
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രഭാകരൻ
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. പ്രമോദ് നാരായൺ
42. ശ്രീ. പി. പ്രസാദ്
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീമതി യു. പ്രതിഭ
45. ശ്രീ. കെ. പ്രേംകുമാർ
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. എ. രാജ
48. ശ്രീ. കെ. രാജൻ
49. ശ്രീ. പി. രാജീവ്
50. ശ്രീ. എം. ബി. രാജേഷ്
51. ശ്രീ. കെ. കെ. രാമചന്ദ്രൻ
52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
53. ശ്രീ. കെ. എം. സച്ചിൻദേവ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എച്ച്. സലാം
56. ശ്രീ. എ. കെ. ശശീന്ദ്രൻ
57. ശ്രീ. വി. ശശി
58. ശ്രീ. ഐ. ബി. സതീഷ്
59. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
60. ശ്രീ. വാഴൂർ സോമൻ
61. ശ്രീ. ജി. സ്റ്റീഫൻ
62. ഡോ. സുജിത് വിജയൻപിള്ള

63. ശ്രീ. കെ. വി. സുമേഷ്
64. ശ്രീ. പി. പി. സുമോദ്
65. ശ്രീ. പി. എസ്. സുപാൽ
66. ശ്രീ. തോമസ് കെ. തോമസ്
67. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
68. ശ്രീ. വി. എൻ. വാസവൻ
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. ഇ. കെ. വിജയൻ
71. ശ്രീ. പിണറായി വിജയൻ
72. ശ്രീ. എം. വിജിൻ
73. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. കെ. ബാബു
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്
13. ഡോ. മാത്യു കുഴൽനാടൻ
14. ശ്രീ. കെ. പി. എ. മജീദ്
15. ശ്രീ. നജീബ് കാന്തപുരം
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീമതി കെ. കെ. രമ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. ടി. സിദ്ദിഖ്
23. ശ്രീ. സണ്ണി ജോസഫ്

24. ശ്രീ. എം. വിൻസെന്റ്
25. ശ്രീ. ടി. ജെ. വിനോദ്
26. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 73
പ്രതികൂലിക്കുന്നവർ - 26
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.31-ന് പിരിഞ്ഞു.)

അനുബന്ധം I

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദ്യാർഥി സംഘട്ടനങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

6 (*306) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരിയിൽ വിദ്യാർഥികൾ തമ്മിൽ നടന്ന സംഘട്ടനത്തിൽ ഷഹബാസ് എന്ന വിദ്യാർഥി മരിക്കാനിടയായ സംഭവത്തിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ഇവർക്കെതിരെ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) താമരശ്ശേരിയിൽ ട്യൂഷൻ സെന്ററിലുണ്ടായ പ്രശ്നങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്ന വിദ്യാർഥി മരണപ്പെട്ട സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസിൽ നിയമവുമായി പൊരുത്തപ്പെടാത്ത 6 കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ജുവനൈൽ ജസ്റ്റിസ് കോടതി മുമ്പാകെ പൊലീസ് ഹാജരാക്കിയ ഇവരെ കോഴിക്കോട് ജില്ലാ ഒബ്സർവേഷൻ ഹോമിൽ പാർപ്പിക്കാൻ ഉത്തരവായിട്ടുള്ളതാണ്.

(സി) പ്രസ്തുത സംഘട്ടനത്തിൽ ബാഹ്യ ഇടപെടൽ നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) വിദ്യാർഥികൾ ചേരിതിരിഞ്ഞ് ഏറ്റുമുട്ടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കുട്ടികളിൽ വർധിച്ചുവരുന്ന ആക്രമണോത്സുകത അതീവ ഗുരുതരമായ ഒരു വിഷയമായാണ് സർക്കാർ കാണുന്നത്. ഒറ്റപ്പെട്ടതെങ്കിലും ഗൗരവമേറിയ ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമനടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. അതോടൊപ്പം കുട്ടികളുടെ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഐക്യരാഷ്ട്രസഭപോലും ഉൽക്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ള ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും വിലയിരുത്തപ്പെടണം. അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥതപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം. വീട്ടിലെ മുറി എന്ന പെട്ടിയിൽനിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേക്കും അതിൽനിന്ന് ക്ലാസ് മുറി എന്ന പെട്ടിയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷൻ ആകുന്നു. അതിൽനിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു. അധ്യാപകനും വിദ്യാർഥിയും തമ്മിലും രക്ഷാകർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽവരുന്ന മാറ്റങ്ങൾ തുടങ്ങി കാരണങ്ങൾ പലതുണ്ട്. മയക്കുമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചുനീക്കുകതന്നെ വേണം. കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ ഒരുമയാണിവിടെ ആവശ്യം. സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള കാമ്പസിന് മാത്രമെ അരാജക പ്രവണതകളെ തടയാനാകുകയുള്ളൂ. അതിന്

കാമ്പസുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട്, ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും. എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈയെടുക്കും. ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി തയ്യാറാക്കും.

സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ നടപടി

7 (*307) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2014 മുതലുള്ള കേന്ദ്ര ഗവൺമെന്റിന്റെ കാലയളവിൽ സംസ്ഥാനത്തിനോടുള്ള കേന്ദ്ര അവഗണന വർധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക, രാഷ്ട്രീയ നയങ്ങളെ എതിർക്കുന്നുവെന്ന കാരണത്താൽ അർഹമായ വിഹിതം നൽകാതിരിക്കുന്നത് സംസ്ഥാനത്തിന്റെ വികസന

ക്ഷേമ മുന്നേറ്റങ്ങളെ തകർക്കാനുള്ള കേന്ദ്രത്തിന്റെ ആസൂത്രിത നീക്കമായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) നികുതി വിതരണത്തിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാത്തതും കാലാകാലങ്ങളിലുള്ള ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ വന്ന കുറവും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും സംസ്ഥാനത്തിന്റെ സുസ്ഥിര വികസന മേഖലയിൽ വിഭാവനം ചെയ്ത വേഗത്തിലുള്ള പുരോഗതിക്ക് കുറവിനുള്ള കാരണമായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന അനുപാതത്തിലെ മാറ്റങ്ങൾ, വേതനം, ഭരണച്ചെലവുകൾ മുതലായ ഉപഘടകങ്ങളിലെ വ്യതിയാനം എന്നിവ പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാൻ കാരണമായിട്ടുണ്ട്. ഇതിനുപുറമെ പദ്ധതികളിലെ ബ്രാൻഡിങ് നിബന്ധനകൾ, സംസ്ഥാനത്തിന്റെ ഭൗതിക-സാമൂഹിക സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത പ്രവർത്തന മാനദണ്ഡങ്ങൾ എന്നിവയും പദ്ധതികൾ നടപ്പാക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കിഫ്ബിയുടെയും സംസ്ഥാന സർക്കാരിനുകീഴിലുള്ള മറ്റ് സ്വതന്ത്ര സ്ഥാപനങ്ങളുടെയും വായ്പകൾ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയത് സർക്കാർ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം ഭീകരമായ വെല്ലുവിളികളെ നേരിടുമ്പോഴും കേരള മോഡൽ വികസനത്തിന്റെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിൽ കേന്ദ്രീകൃതമായ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കുംവേണ്ടി സർക്കാർ ഉറച്ച നിലപാട് കൈക്കൊള്ളുന്നുണ്ട്. ഒരു വശത്ത് സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലും മറുവശത്ത് അധിക ആഭ്യന്തര വരുമാനം

സമാഹരിക്കുന്നതും വഴി സുസ്ഥിര വികസന മേഖലയിൽ ഒരു തിരിച്ചുപോക്ക് ഉണ്ടാകാതിരിക്കാൻ കൃത്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തിന്റെ ദീർഘകാലാവശ്യങ്ങളായ പ്രത്യേക റെയിൽവേ സോൺ, എയിംസ് തുടങ്ങിയവ പരിഗണിക്കാതിരിക്കുകയും സംസ്ഥാന വിഹിതം, തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നത് സംസ്ഥാനത്തെ തകർക്കാനുള്ള നീക്കമായി കണ്ട് അതിനെ സംസ്ഥാനം ഒറ്റക്കെട്ടായി നേരിടേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിന് ഓൾ ഇന്ത്യ മെഡിക്കൽ സയൻസസ് (AIIMS) അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിൽ ഒന്നാണ്. സർക്കാർ ഈ ആവശ്യം ഉന്നയിച്ച് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടംഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് അത് ഇതേവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 61.3424 ഹെക്ടർ ഭൂമിയുടെ കൈവശാവകാശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കൊണ്ട് 29-08-2024-ലെ G.O. (Ms) No.155/2024/RD നമ്പർ പ്രകാരം

റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി.) ഉടമസ്ഥതയിലുള്ളതും കൂടാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമായ 40.6802 ഹെക്ടർ സ്ഥലം അനുവദിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. പ്രസ്തുത വിവരങ്ങൾ അറിയിച്ചുകൊണ്ടും എയിംസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി 17-09-2024-ൽ ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. അതിന് 23-10-2024-ലെ കത്ത് പ്രകാരം നൽകിയ മറുപടിയിൽ Pradan Mantri Sawsthya Surksha Yojana (PMSSY) പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന് 'in-principle' അംഗീകാരം നൽകാൻ കേന്ദ്ര ധനകാര്യ മന്ത്രാലയത്തോട് അഭ്യർഥിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ മന്ത്രി അറിയിക്കുകയുണ്ടായി. പ്രസ്തുത കത്തിന് 13-12-2024-ൽ നൽകിയ മറുപടിയിൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വീണ്ടും അഭ്യർഥിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എയിംസ് അനുവദിക്കുന്ന കാര്യം 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താൻ 09-01-2025-ലെ സർക്കാർ കത്ത് പ്രകാരം കേന്ദ്ര ആരോഗ്യ വകുപ്പ് സെക്രട്ടറിയോടും അഭ്യർഥിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യം ഇത്തവണത്തെ കേന്ദ്ര ബജറ്റിലും ഉൾപ്പെടുത്തുകയുണ്ടായില്ല. സംസ്ഥാനത്തിന്റെ ദീർഘകാലാവശ്യങ്ങളായ പ്രത്യേക റെയിൽവേ സോൺ, എയിംസ് തുടങ്ങിയവ പരിഗണിക്കാതിരിക്കുകയും സംസ്ഥാന വിഹിതം, തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ

വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നതിനെതിരായി പ്രസ്തുത വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിനായി എം.പി.-മാരുടെ സമ്മേളനങ്ങളിൽ എം.പി.-മാരോട് ആവശ്യപ്പെടാറുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ ഇത്തരം പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജനങ്ങളുടെ ഉന്നമനത്തിനും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്ത 25 വർഷംകൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം മധ്യവരുമാന വികസിത രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ വിവിധ മേഖലകളിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

തൊഴിലും വിവരസാങ്കേതിക വിദ്യയും

തൊഴിൽരഹിതരായ 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന ബൃഹത്തായ പദ്ധതികൾക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. ഇതിന് നൈപുണ്യ പരിശീലനം നൽകുന്നതിനായി കേരള നോളഡ്ജ് ഇക്കോണമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയും അവരിൽനിന്ന് യോഗ്യരായവരെ ജോലിക്ക് തിരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക്

അവസരം ഒരുക്കുകയും ചെയ്യുന്നു. നിർമ്മിത ബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യരൂപം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റവല്യൂഷൻ 4.0-യുടെ പ്രയോഗത്തിനും ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുന്നതിനും ഉന്നതവിദ്യാഭ്യാസ സംഘടനയെ സഹായിക്കുന്നതിനും നൂതന സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനും കെ-ഡിസ്ക് (കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) മുൻകൈയെടുക്കുന്നുണ്ട്. ചെറുകിട-സൂക്ഷ്മ സംരംഭങ്ങളുടെ ഇടയിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കും.

കൃഷി

മൂല്യവർധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുക എന്നീ ലക്ഷ്യങ്ങളോടെ മൂല്യവർധിത കൃഷി മിഷൻ (Value Added Agriculture Mission) രൂപീകരിക്കുകയുണ്ടായി.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

കേരള സർവകലാശാല, ഡിജിറ്റൽ സർവകലാശാല, സാങ്കേതിക സർവകലാശാല, ഐ.സി.ടി. അക്കാഡമി തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോപാർക്കിന്റെയും നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്ടുകൾ വിഭാവനം ചെയ്തുവരുന്നു.

സ്റ്റാർട്ടപ്പ് (Startups)

സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം ഉറപ്പാക്കാൻ അന്തർദേശീയ ലോഞ്ച്പാഡ് പ്രോഗ്രാമുകൾ, ഇന്റർനാഷണൽ മാർക്കറ്റ് ആക്സസ് പ്രോഗ്രാം എന്നീ പദ്ധതികൾ ആരംഭിച്ചു.

ഇലക്ട്രോണിക്സ്

കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇലക്ട്രോണിക് ഹാർഡ്വെയർ നിർമ്മാണ യൂണിറ്റുകൾ, അസംബ്ലിങ് യൂണിറ്റുകൾ, ഇൻഫ്രാസ്ട്രക്ചർ യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്കുകൾ സ്ഥാപിക്കും. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പാക്കിയ 'എന്റെ ജില്ല' എന്ന മൊബൈൽ ആപ്പ്, ഉപഭോക്താക്കൾ ജി.എസ്.ടി. ബില്ലുകൾ ചോദിച്ച് വാങ്ങുന്നതിനായി നടപ്പാക്കിയ 'ലക്കി ബിൽ ആപ്പ്' എന്നിവ സാർവത്രികമാക്കും.

ബയോടെക്നോളജി

ലൈഫ് സയൻസ് പാർക്കുകൾ, ബയോ കാമ്പസുകൾ, ലാബ് മൊഡ്യൂളുകൾ തുടങ്ങിയ മികവ് കേന്ദ്രങ്ങളുടെ പ്രവർത്തനം വികസിപ്പിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പോലുള്ള ഗവേഷണാധിഷ്ഠിത സ്ഥാപനങ്ങൾ, ഔഷധരംഗത്ത് ജീനോമിക്സ്/പ്രോട്ടിയോമിക്സ് തുടങ്ങിയ സാങ്കേതിക വിദ്യകൾ എന്നിവയെ പ്രയോജനപ്പെടുത്തിയുള്ള പ്രോജക്ടുകളാണ് വിഭാവനം ചെയ്യുന്നത്.

നാനോ ടെക്നോളജി

തൊഴിലധിഷ്ഠിത നാനോ സാങ്കേതികവിദ്യ കോഴ്സുകൾ വർധിപ്പിക്കും. കൃഷി, വ്യവസായം ഉൾപ്പെടെ വിവിധ മേഖലകൾ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. നാനോ സാങ്കേതികവിദ്യ ആസ്പദമാക്കി സയൻസ് പാർക്കുകൾ സ്ഥാപിക്കും.

ടൂറിസം

അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ വിപുലമായ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കും. അതിന്റെ ഭാഗമായി ഇക്കോ-ടൂറിസം, റെസ്പോൺസിബിൾ ടൂറിസം, സീറോ പ്ലാസ്റ്റിക് സോൺ, ഗ്രീൻ ഡെസ്റ്റിനേഷൻ, കാരവൻ ടൂറിസം തുടങ്ങിയവയെല്ലാം വിപുലീകരിക്കും. സ്പൈസസ് ടൂറിസം, പൈതൃക ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകും.

പ്രവാസികൾ

വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് പഠിക്കുകയും സുരക്ഷിതമായ നിയമന നടപടികൾ പ്രവാസികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യും. പ്രവാസി ഡാറ്റാ ബേസ് തയ്യാറാക്കുകയും അതിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. പ്രവാസി ചിട്ടി, പ്രവാസി ഡിവിഡന്റ് സ്കീം, ലോക കേരളസഭ എന്നിവയെല്ലാം പ്രവാസികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ്.

പൊതുജനാരോഗ്യം

പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും മാനസിക രോഗങ്ങളും അപകടംമൂലമുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കും. സമ്പൂർണ്ണ സാർവത്രിക ഇമ്മ്യൂണൈസേഷൻപോലുള്ള പരിപാടികൾ നടപ്പാക്കും. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റും. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തും. ആരോഗ്യ രംഗത്ത് നൂതന സാങ്കേതികവിദ്യ പൂർണ്ണമായി പ്രയോജനപ്പെടുത്തി മൾട്ടി-സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും അപെക്സ് കാൻസർ സെന്ററുകളും സ്ഥാപിക്കും. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കും.

സഹകരണം

താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് ഒഴിവാക്കി, 'മുറ്റത്തെ മുല്ല' എന്ന പേരിൽ കുടുംബശ്രീ വഴി, ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പാക്കിവരുന്നു.

പാർപ്പിടം (ലൈഫ്)

ലൈഫ് മിഷന്റെ ഭാഗമായി അർഹരായവർക്ക് വീട്/ഫ്ലാറ്റ് അനുവദിച്ച് എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാൽക്കരിക്കും. 'പുനർഗേഹം' പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം പ്രവർത്തികമാക്കി വരുന്നു.

മുൻഗണനാ പദ്ധതികൾ (Priority Projects)

അടിസ്ഥാനസൗകര്യ വികസനത്തിനും വൻകിട പദ്ധതികളുടെ നടത്തിപ്പിനും റോഡുകൾ, പാലങ്ങൾ, റെയിൽവേ, ഐ.ടി. വികസനം, ടെക്നോളജി ഇന്നവേഷൻ സോൺ, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, പൊതുജനാരോഗ്യ രംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ, ജലസേചന കുടിവെള്ള പദ്ധതികൾ, സാംസ്കാരികം, ടൂറിസം, കായികം, കൃഷി, ഊർജം, തുറമുഖം, തീരസംരക്ഷണം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്ര വികസനം ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പാക്കും. വാതിൽപ്പടി സേവനം, നിലാവ് പദ്ധതി, കെ-ഫോൺ തുടങ്ങിയവയെല്ലാം ഇതുമായി ബന്ധപ്പെട്ട മുൻഗണനാ പദ്ധതികളാണ്. ടേക്ക്-എ-ബ്രേക്ക്, റെസ്റ്റ്-സ്റ്റോപ് എന്നീ പദ്ധതികൾ സാർവത്രികമായി നടപ്പാക്കിവരുന്നു. കൂടാതെ പരപ്പനങ്ങാടി, ചെത്തി എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കും.

അഴിമതിരഹിത ഭരണം

സേവന മേഖല ഉൾപ്പെടെ സർവ മേഖലകളും അഴിമതിമുക്തമാക്കുന്നതിന് മുൻഗണന നൽകും. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം ത്വരിതഗതിയിലാക്കാനും കൃത്യമായി നിരീക്ഷിക്കാനുമുള്ള സംവിധാനം വിപുലീകരിക്കും. സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊക്കെ ഡിജിറ്റലൈസേഷൻ പൂർണ്ണമായും നടപ്പാക്കും. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ഉറവിട-മാലിന്യ സംസ്കരണ രീതികളും പ്രോത്സാഹിപ്പിക്കും.

സ്ത്രീ സുരക്ഷ

എല്ലാ പദ്ധതികളും സ്ത്രീ സൗഹൃദവും പരിസ്ഥിതി സൗഹൃദവുമാക്കും. സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് പൊലീസ്, എന്റെ കൂട് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് വിപുലീകരിച്ചുകഴിഞ്ഞു. കുട്ടനാട്, കാസർഗോഡ്, വയനാട്, ഇടുക്കി പാക്കേജുകളുടെ പരിസ്ഥിതി പുനഃസ്ഥാപനത്തിനും സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള സമഗ്ര വികസന പാക്കേജുകൾ നടപ്പാക്കും.

റൂം ഫോർ റിവർ പദ്ധതി

നദികളുടെ ആഴം കൂട്ടി പ്രളയജലം വേഗത്തിൽ ഒഴുക്കി കളയുന്നതിനുള്ള പദ്ധതികൾ സാർവത്രികമാക്കും.

പട്ടിക ജാതി-പട്ടികവർഗ വികസനം

മുഴുവൻ പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്കും അഞ്ച് വർഷത്തിനുള്ളിൽ പാർപ്പിടം നൽകും. റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവ ഉന്നത നിലവാരത്തിലാക്കും. നൈപുണ്യ പരിശീലനം, തുടർ തൊഴിൽ പദ്ധതി എന്നിവയും നടപ്പാക്കും.

വിദ്യാഭ്യാസം

എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ, സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക കെട്ടിട സമുച്ചയങ്ങൾ എന്നിവ ഉറപ്പാക്കും.

പൊതുവിതരണ സമ്പ്രദായം

വാടക വീട്ടിലെ താമസക്കാർ, തെരുവോരത്ത് കഴിയുന്നവർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിലെ അർഹരായവർക്ക് റേഷൻ കാർഡ് വിതരണം ചെയ്തുവരുന്നു. ആദിവാസി ഊരുകൾ, പ്ലാന്റേഷൻ മേഖലകൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റേഷൻ കൈപ്പറ്റുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മൊബൈൽ റേഷൻ കടകൾ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നു. പൊതുവിതരണം കുറ്റമറ്റതും സുതാര്യവുമാക്കുന്നതിനായി പൊതുവിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കൽ, എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ സി.സി.ടി.വി. സംവിധാനമൊരുക്കൽ എന്നിവ നടന്നുവരുന്നു.

ഭക്ഷ്യവകുപ്പിന്റെ നൂതനവും സുതാര്യവുമായ പ്രവർത്തനങ്ങൾ

8 (*308) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വ്യാവസായിക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് മുന്നേറാൻ കഴിഞ്ഞതിന് പരിഗണിക്കപ്പെട്ട ഘടകങ്ങളിൽ മികച്ച രീതിയിലുള്ള പൊതുവിതരണ സമ്പ്രദായവും ഉൾപ്പെട്ടിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. Citizen Centric Services-മായി ബന്ധപ്പെട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഗുണഭോക്താക്കൾക്കായി മികച്ച സേവനം നൽകി വരുന്നു. റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയതിലൂടെ ഇതുമായി ബന്ധപ്പെട്ട

കാലതാമസം ഒഴിവാക്കുന്നതിനും ഈ പ്രക്രിയ സുതാര്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ച 92,46,512 ഓൺലൈൻ അപേക്ഷകളിൽ 92,10,516 എണ്ണം (99.61%) തീർപ്പാക്കാൻ വകുപ്പിന് നിലവിൽ സാധിച്ചിട്ടുണ്ട്. കൂടാതെ ആധാർ അധിഷ്ഠിത പൊതുവിതരണ സംവിധാന (AePDS) പ്രകാരം നിലവിലുള്ള 13979 റേഷൻ ഷോപ്പുകളിൽ 6 എണ്ണം ഒഴികെയുള്ള മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ യഥാർഥ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് വിതരണം ചെയ്യുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ വന്നശേഷം ഭക്ഷ്യവകുപ്പിന് കീഴിലുള്ള നൂതനവും സുതാര്യവുമായ പ്രവർത്തനങ്ങളുടെ ഫലമായി ദേശീയ അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല.

(സി) പ്രസ്തുത മേഖലയിൽ നിലനിന്നിരുന്ന അനഭിലഷണീയമായ പ്രവണതകൾ തടയുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിന്റെയും അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന

പേരിൽ ഒരു പരിശോധനാ പരിപാടി പൊതുവിതരണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ 'യെല്ലോ'-യുടെ ഭാഗമായി വകുപ്പിന്റെ 24x7 പ്രവർത്തിക്കുന്ന മൊബൈൽ നമ്പറിലും (9188527301) ടോൾഫ്രീ നമ്പറിലും (1967) അനർഹമായി മുൻഗണനാ കാർഡ് കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന പരാതികൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും ബന്ധപ്പെട്ട ജില്ലാ/താലൂക്ക്/സിറ്റി റേഷനിങ് ഓഫീസർമാരെ അറിയിക്കുന്നു. ടി പരാതികൾ ലഭ്യമായി 48 മണിക്കൂറിനുള്ളിൽ അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചവരിൽനിന്നും പിഴ ഈടാക്കുന്നതിനും ടി കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നു. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിങ് ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നു. പൊതു വിതരണ സംവിധാനത്തിലെ അനഭിലഷണീയമായ പ്രവണതകൾ തടയുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളായ End-to-End Computerization, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ബയോമെട്രിക് അടിസ്ഥാനത്തിലുള്ള റേഷൻ വിതരണം എന്നിവ പൊതുവിതരണ രംഗത്തെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കി തീർത്തിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ പോർട്ടലിൽ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കാർഡ് ഉടമകൾക്ക് അവരുടെ പ്രതിമാസ ധാന്യ വിഹിതം വാങ്ങുമ്പോൾ അതുസംബന്ധിക്കുന്ന അറിയിപ്പുകൾ എസ്.എം.എസ്. സംവിധാനത്തിലൂടെ അവരവരുടെ ഫോണുകളിൽ

ലഭ്യമാക്കുന്നുണ്ട്. റേഷൻ കാർഡിലെ എല്ലാ അംഗങ്ങളുടെയും ആധാർ അധിഷ്ഠിത ബയോമെട്രിക് വിവരങ്ങൾ ഇ-പോസിൽ ലിങ്ക് ചെയ്യുന്നതിലൂടെ യഥാർഥ ഉപഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. കൂടാതെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ മേഖലയെ അഴിമതിമുക്തമാക്കുന്നതിന് റേഷനിങ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്കുപുറമെ വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിങ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്നപക്ഷം KTPDS (Control) Order, 2021 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) മുഴുവൻ റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; അതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ?

എല്ലാ കാർഡ് വിഭാഗത്തിലുമുള്ള റേഷൻ ഗുണഭോക്താക്കളുടെയും ആധാർ നമ്പറുകൾ പൂർണ്ണമായും റേഷൻ കാർഡുമായി സീഡ് ചെയ്യുന്നതിന് 26-09-2022-നുതന്നെ വകുപ്പിന് സാധിച്ചിട്ടുണ്ട്.

e-KYC അപ്ഡേഷൻ പുരോഗതി

കേന്ദ്ര നിർദേശാനുസരണം ആരംഭിച്ച എൻ.എഫ്.എസ്.എ. റേഷൻ ഗുണഭോക്താക്കളുടെ ((AAY+PHH)/ മഞ്ഞ, പിങ്ക് കാർഡുകൾ) ആദ്യഘട്ട e -KYC അപ്ഡേഷൻ 2024 സെപ്റ്റംബർ മാസം 18 മുതൽ ആരംഭിച്ചു. സെപ്റ്റംബർ 18 മുതൽ 24 വരെ തിരുവനന്തപുരം ജില്ലയിൽ മാത്രവും സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 1 വരെ കൊല്ലം മുതൽ തൃശ്ശൂർ വരെയും ഒക്ടോബർ 3 മുതൽ 8 വരെ പാലക്കാട് മുതൽ കാസർഗോഡ് ജില്ല വരെയും ടി പ്രക്രിയ നടത്തി. ആദ്യഘട്ടം കഴിഞ്ഞപ്പോൾ ആകെ ഗുണഭോക്താക്കളുടെ 83.2% കാർഡ് അംഗങ്ങൾ അപ്ഡേഷൻ നടത്തി. തുടർന്ന് രണ്ടാം ഘട്ടം ഒക്ടോബർ മാസം 13-ന് ആരംഭിച്ചു. ടി ഘട്ടത്തിൽ റേഷൻ കടകളിലെ ഇ-പോസ് മെഷീൻ മുഖേന അപ്ഡേഷൻ നടത്താൻ സാധിക്കാത്തവർക്കായി റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള ഐറിസ് സ്കാനർ മുഖാന്തരം അപ്ഡേഷൻ നടത്താനും കിടപ്പ് രോഗികളുടെ അടുക്കൽ നേരിട്ടെത്തി അപ്ഡേഷൻ നടത്താനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം NIC ഹൈദരാബാദ് വികസിപ്പിച്ചെടുത്ത 'മേരാ KYC' എന്ന Face App സംവിധാനം ഉപയോഗിച്ച് മൊബൈൽ ഫോണിലൂടെ മസ്റ്ററിങ് നടത്തുന്നതിനാവശ്യമായ സൗകര്യം സജ്ജമാക്കി. e-KYC അപ്ഡേഷൻ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുന്നതിലേക്കായി ബോധവൽക്കരണ പോസ്റ്ററുകൾ റേഷൻ കടകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ പതിപ്പിക്കുകയും പ്രമുഖ പത്രമാധ്യമങ്ങളിലൂടെ അപ്ഡേഷൻ സംബന്ധിച്ച വിവരം ഗുണഭോക്താക്കളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2025 ജനുവരി മാസം മുതൽ മൂന്നാം ഘട്ടം ആരംഭിച്ച് ഗോത്രവർഗ മേഖലകളിൽ എസ്.ടി. പ്രൊമോട്ടർമാരുടെ സഹായത്തോടെ ഗുണഭോക്താക്കളെ കണ്ടെത്തി e-KYC

ചെയ്യുകയുണ്ടായി. e-KYC അപ്ഡേറ്റ് ചെയ്യാത്തവരുടെ ലിസ്റ്റ് എല്ലാ മാസവും തയ്യാറാക്കി താലൂക്ക് ഓഫീസുകളിലേക്ക് നൽകുകയും ടി ലിസ്റ്റ് പ്രകാരം ഫീൽഡ് തലത്തിൽ അന്വേഷണം നടത്തി, യോഗ്യരായവരെ കണ്ടെത്തി അവരുടെ അപ്ഡേഷൻ നടത്താനാവശ്യമായ നിർദേശം താലൂക്ക് ഓഫീസുകൾക്ക് നൽകിയിട്ടുമുണ്ട്. റേഷൻ കടകൾ കേന്ദ്രീകരിച്ചും വാർഡ്, താലൂക്കുതല ക്യാമ്പുകൾ സംഘടിപ്പിച്ചും അപ്ഡേഷൻ നടത്തുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിതരണത്തിന് തടസ്സം വരാത്ത വിധത്തിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉളവാക്കാത്ത തരത്തിലുമാണ് e-KYC അപ്ഡേഷനായി ഇത്തരം ക്രമീകരണങ്ങൾ നടത്തിയിരുന്നത്. ഇതിനുപുറമെ റേഷൻ വ്യാപാരികളുടെ സഹായത്തോടെ കിടപ്പ് രോഗികളുടെ അടുക്കൽ നേരിട്ടെത്തി e-KYC അപ്ഡേഷൻ നടത്തുകയുണ്ടായി. നാളിതുവരെ 95.83% ഗുണഭോക്താക്കൾ അവരുടെ e-KYC അപ്ഡേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ NRK സ്റ്റാറ്റസായി RCMS-ൽ നിലനിൽക്കുന്നതിനാൽ അപ്ഡേഷൻ ചെയ്യാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി താലൂക്ക് തലത്തിൽ പരിശോധന നടത്തി ഇത്തരക്കാരെക്കൊണ്ട് മസ്റ്ററിങ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. റേഷൻ ഗുണഭോക്താക്കൾക്ക് എൻ.എഫ്.എസ്.എ. പ്രകാരം അവരുടെ അവകാശത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും അനർഹരായവരെ ഒഴിവാക്കി അർഹരായവർക്ക് റേഷൻ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

വയനാട് ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നൽകിയ നിവേദനങ്ങൾ

9 (*309) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:

ശ്രീ. എം. എം. മണി:

ശ്രീ. പി. നന്ദകുമാർ:

ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിക്കും സംസ്ഥാനത്തെ എം.പി.-മാരുടെ സംഘത്തോടൊപ്പം ആഭ്യന്തരമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ടോ; നിവേദനത്തിലെ ആവശ്യങ്ങൾ വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ സംഭവിച്ച ഉരുൾപൊട്ടൽ ദുരന്തം 'അതിതീവ്ര ദുരന്തം' ആയി പ്രഖ്യാപിക്കണമെന്നും ദേശീയ ദുരന്തമായി നോട്ടിഫൈ ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 06-08-2024-നും 10-08-2024-നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. കേരളത്തിൽ ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ അഡ്വാൻസ്ഡ് റീജിയണൽ സെന്റർ, ഇന്ത്യാ കാലാവസ്ഥാ വകുപ്പ്, നാഷണൽ സീസ്മിക് സെന്റർ, ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷൻ ഇൻഫർമേഷൻ സർവീസസ് എന്നിവയുടെ പ്രത്യേക ശാസ്ത്രീയ കേന്ദ്രങ്ങളും പ്രാദേശിക ഓഫീസുകളും സ്ഥാപിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, 2015-ൽ കോട്ടയത്ത് സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് ഇപ്പോഴും പ്രാരംഭ ഘട്ടത്തിലാണെന്നും ഗവേഷണശേഷി വർധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്ന് ധനസഹായം ആവശ്യമുണ്ടെന്നും മേപ്പാടി ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഗൗരവവും അതിന്റെ ദൂരവ്യാപകമായ പ്രതിഫലനങ്ങളും പരിഗണിച്ചുകൊണ്ട്, കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങളെ കേരള സർക്കാരുമായി സഹകരിക്കാൻ നിർദേശിക്കണമെന്നും പ്രസ്തുത നിവേദനത്തിൽ

ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം, അടിയന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ദീർഘകാല കാലാവസ്ഥാ മാറ്റ അനുയോജ്യ പദ്ധതികൾ നടപ്പാക്കുന്നതിനും സംസ്ഥാനത്തിന് ധനസഹായം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിനുള്ളിൽ രണ്ടുതവണ എൻ.ഡി.ആർ.എ.-യിൽനിന്നും മറ്റ് സംസ്ഥാനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടും കേരളത്തെ തുടർച്ചയായി അവഗണിക്കുന്നത് ഫെഡറൽ തത്വങ്ങൾക്കുതന്നെ നിരക്കാത്തതാണെന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട് മേപ്പാടി ദുരന്തത്തിന്റെ സാഹചര്യത്തിൽ കേരളം പലതവണ ആവശ്യപ്പെട്ടിട്ടും പ്രത്യേക ധനസഹായം അനുവദിക്കപ്പെട്ടിട്ടില്ല എന്നത് യാഥാർഥ്യമാണ്. ഈ സമീപനത്തിൽ മാറ്റം വരുമെന്ന പ്രതീക്ഷയാണ് സർക്കാരിനുള്ളത്.

(സി) ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ഏറ്റവും കുറഞ്ഞ വിഹിതം പ്രഖ്യാപിക്കുന്നതും കേന്ദ്ര ബജറ്റിൽ കേരളത്തോട് അനീതി പുലർത്തുന്നതും നികുതി വിഹിതം കുറയ്ക്കുന്നതും, സംസ്ഥാനത്തിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുവെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം തുടർനടപടികൾക്കാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവും കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക

ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതും സംസ്ഥാനത്ത് പണഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്. പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ (SPVs) എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയ കേന്ദ്രസർക്കാർ നിലപാടുകളും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കത്തിന് കാരണമായി. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും പദ്ധതി ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്.

ആശാവർക്കർക്ക് മിനിമം വേതനം

10 (*310) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യം സംസ്ഥാന ലിസ്റ്റിൽപ്പെട്ട വിഷയമായതിനാൽ ആശാവർക്കർമാരെ സ്ഥിരം തൊഴിലാളികളായി നിയമിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ആശാവർക്കർമാരെ സ്ഥിരം തൊഴിലാളികളാക്കി നിയമിച്ചുകൊണ്ട് ഓണറേറിയത്തിനുപകരം മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 'ആശ' പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ മാർഗരേഖ പ്രകാരം 'ആശ' സന്നദ്ധ പ്രവർത്തകയായ ഒരു വനിതയായിരിക്കണമെന്നും കുറഞ്ഞത് പത്താം ക്ലാസ് യോഗ്യതയുള്ളവരായിരിക്കണമെന്നും സംസ്ഥാനങ്ങൾ ഈ മാനദണ്ഡങ്ങളിൽ യാതൊരു പരിഷ്കാരവും വരുത്താൻ പാടില്ലെന്നും നിർദേശിച്ചിട്ടുണ്ട്. അതിനാൽ ആശ-യെ സ്ഥിര തൊഴിലാളിയായി നിയമിക്കണമെന്ന വിഷയം കേന്ദ്ര സർക്കാർതലത്തിൽ തീരുമാനിക്കേണ്ടതാണ്.

(സി) ഇതിനായി നിയമനിർമ്മാണത്തിനുള്ള സാധ്യത ആരാഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

കേന്ദ്ര സ്കീം ആയതിനാൽ ഈ വിഷയത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

കെ-സ്റ്റോർ പ്രവർത്തനങ്ങൾ

11 (*311) ശ്രീ. എം. നൗഷാദ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് ദിശാബോധം നൽകുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സന്നിവേശത്തിനുമായി കെ-സ്റ്റോർ നടത്തിവരുന്ന

പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ 14 ജില്ലകളെയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായി തിരിച്ച് അവലോകന യോഗങ്ങൾ നടത്താറുണ്ട്. പ്രസ്തുത യോഗങ്ങളിൽ കെ-സ്റ്റോറിലെ സേവനദാതാക്കളായ മിൽമ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, സി.എസ്.സി. (Common Service Centre), എം.എസ്.എം.ഇ. (Micro Small and Medium Enterprises) എന്നിവയുടെ പ്രതിനിധികളെയും കെ-സ്റ്റോർ ലൈസൻസികളെയും പങ്കെടുപ്പിക്കുകയും ലൈസൻസികൾക്ക് പരിശീലനം നൽകുകയും വില്പന അവലോകനം നടത്തുകയും ചെയ്തുവരുന്നു.

(ബി) റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി 'മിനി ബാങ്കിങ്' സംവിധാനം ഒരുക്കുന്നതിനും ചോട്ടു ഗ്യാസ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ എന്നിവയുടെ വില്പനയും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സി.എസ്.സി. (Common Service Centre) ഐ.ഡി. ഉള്ളതും AEPS (Aadhar Enabled Payment System) സൗകര്യമുള്ളതുമായ കെ-സ്റ്റോറുകളിൽ 'മിനി ബാങ്കിങ്' സംവിധാനം ലഭ്യമാണ്. താൽപര്യമുള്ള ഉപഭോക്താക്കൾക്ക് ടി സംവിധാനത്തിലൂടെ 10,000/- രൂപ വരെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനും കഴിയും. പൊതുമേഖലാ സ്ഥാപനമായ മിൽമയുടെ ഉൽപന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള എം.എസ്.എം.ഇ. ഉൽപന്നങ്ങൾ, സപ്ലൈകോയുടെ ശബരി ഉൽപന്നങ്ങൾ എന്നിവയുടെ വില്പനയും സി.എസ്.ഇ. സേവനങ്ങളും കെ-സ്റ്റോറുകൾ മുഖേന നടത്തിവരുന്നു.

(സി) സംസ്ഥാനത്ത് നാളിതുവരെ കെ-സ്റ്റോറുകളിൽ അധിക സേവനങ്ങളിലൂടെ നടത്തിയ വ്യാപാരം സംബന്ധിച്ച് വ്യക്തമാക്കാമോ?

2025 ഫെബ്രുവരി 28 വരെ 1,24,39,715/- രൂപയുടെ ശബരി ഉൽപന്നങ്ങൾ, 1,58,29,243/- രൂപയുടെ മിൽമ ഉൽപന്നങ്ങൾ, 4,86,45,398/- രൂപയുടെ സി.എസ്.സി. സേവനങ്ങൾ, 10,49,40,839/- രൂപയുടെ എം.എസ്.എം.ഇ. ഉൽപന്നങ്ങൾ, 1,43,89,456/- രൂപയുടെ ചോട്ടു ഗ്യാസ് എന്നിങ്ങനെ ആകെ 19,62,44,651/- (പത്തൊൻപത് കോടി അറുപത്തി രണ്ട് ലക്ഷത്തി നാല്പത്തിനാലായിരത്തി അറുന്നൂറ്റി അമ്പത്തിയൊന്ന് രൂപ മാത്രം) രൂപയുടെ വ്യാപാരം കെ-സ്റ്റോറുകൾ മുഖേന നടന്നിട്ടുണ്ട്.

(ഡി) നിലവിലുള്ള റേഷൻ കടകളെ കെ-സ്റ്റോറായി പരിവർത്തനം ചെയ്യുന്നതിനായി എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളാണ് അധികമായി വേണ്ടിവരുന്നതെന്നും, റേഷൻ ഷോപ്പ് ഉടമകൾക്ക് ഇതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലഭ്യമാക്കാൻ കഴിയുന്നതെന്നും വെളിപ്പെടുത്തുമോ?

26-04-2023-ലെ സ.ഉ. (സാധാ)നം.167/2023/ഭ.പൊ.വി.വ., 13-12-2024-ലെ സ.ഉ. (സാധാ)നം.398/2024/ഭ.പൊ.വി.വ. ഉത്തരവുകൾ പ്രകാരം നിലവിലുള്ള റേഷൻ കടകളെ കെ-സ്റ്റോറായി പരിവർത്തനം ചെയ്യുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(a) 300 sq. ft.-ൽ കുറയാത്ത വിസ്തൃതിയുള്ള റേഷൻ കടയായിരിക്കണം

(b) 'കെ-സ്റ്റോറുകളാക്കി മാറ്റാൻ സ്വമേധയാ തയ്യാറായി മുന്നോട്ടുവരുന്ന ലൈസൻസികൾ ആയിരിക്കണം.

കെ-സ്റ്റോറുകൾ മുഖേന വില്പന നടത്തുന്ന ശബരി ഉൽപന്നങ്ങൾ, മിൽമ ഉൽപന്നങ്ങൾ, സി.എസ്.സി. സേവനങ്ങൾ, എം.എസ്.എം.ഇ. ഉൽപന്നങ്ങൾ, ചോട്ടു ഗ്യാസ് എന്നിവയ്ക്ക് ഒരു നിശ്ചിത ശതമാനം തുക മാർജിനായി നിശ്ചയിച്ചിട്ടുണ്ട്. ടി തുക ലൈസൻസികൾക്ക് വരുമാനമായി ലഭിക്കുന്നതാണ്.

സംയോജിത നഗരാസൂത്രണം

12 (*312) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യ വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികച്ച പ്രകടനം കാഴ്ചവച്ച് മാതൃക കാണിച്ചതുവഴി സംസ്ഥാനത്തിന് ദേശീയ-അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജനാധിപത്യ വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികച്ച പ്രകടനം കാഴ്ചവച്ച് മാതൃക കാണിച്ചതുവഴി സംസ്ഥാനത്തിന് ദേശീയ-അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ നേടാൻ കഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിലൂടെ രാജ്യത്തിന് മാതൃകയായി

മാറിയതാണ് കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം. പ്രാദേശിക സർക്കാരുകളെന്ന നിലയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് സാഹചര്യമൊരുക്കിയിട്ടുണ്ട്. അടിസ്ഥാന മേഖലകളുടെ വികസനത്തിന് ഊന്നൽ നൽകിയും ജനപങ്കാളിത്തം ഉറപ്പാക്കിയും നിർണ്ണായക ഇടപെടലുകളും അതുമൂലം നടത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രകൃതി സംരക്ഷണം, മാലിന്യ നിർമ്മാർജനം, നീർത്തടവികസനം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി നിരവധി മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങൾക്കാണ് തദ്ദേശസ്ഥാപനങ്ങൾ നേതൃത്വം നൽകിയിട്ടുള്ളത്. സംസ്ഥാനം പ്രാധാന്യം നൽകുന്ന കുടുംബശ്രീ, സാമൂഹ്യക്ഷേമ പെൻഷനുകൾ, പ്രാദേശിക സാമ്പത്തിക വികസനം, നൈപുണ്യ വികസനം, ദുരന്ത നിവാരണ പദ്ധതികൾ എന്നിങ്ങനെ അനിവാര്യമായ മേഖലകളിൽ ശക്തമായ ഇടപെടലുകൾ നടത്തി ദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിനുവേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ തയ്യാറാക്കിയ 'സ്റ്റാറ്റസ് ഓഫ് ഡെവല്യൂഷൻ റ്റു പഞ്ചായത്ത്സ് ഇൻ സ്റ്റേറ്റ്സ് 2024' പ്രകാരം കേരളത്തിന് രാജ്യത്ത് രണ്ടാം സ്ഥാനമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത അധ്യാപകരടക്കമുള്ള മറ്റ് ജീവനക്കാരുടെ ശമ്പളം കൂടെ ചേർത്തുകൊണ്ടല്ല പഞ്ചായത്തുകൾക്ക് നൽകുന്ന ഫണ്ട് വിഹിതം കേരളം കണക്കാക്കുന്നത്. കൂടാതെ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ സബ് പ്ലാൻ ഫണ്ട് പ്രത്യേകമായി പഞ്ചായത്ത് തലത്തിലടക്കം ബജറ്റിൽ വ്യവച്ഛേദിച്ച് വിതരണം ചെയ്യുന്നത് കേരളം മാത്രമാണ്. കേരളം 2021-ൽ പ്രജ ഫൗണ്ടേഷന്റെ അർബൻ ഗവേണൻസ് ഇൻഡെക്സിൽ മൂന്നാം സ്ഥാനത്തുനിന്ന് 2024-ൽ ഒന്നാം സ്ഥാനത്തേക്ക്

ഉയർന്നിട്ടുണ്ട്. കൂടാതെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ കേരളം തുടർച്ചയായ നാലാം തവണയും (2023-24) ഒന്നാം സ്ഥാനം നിലനിർത്തിയിട്ടുണ്ട്. നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (ഇൻഡെക്സ് 0.002) കേരളം തുടർച്ചയായി രണ്ടാമതും അംഗീകരിക്കപ്പെട്ടതിൽ പ്രാദേശിക സർക്കാരുകൾക്കും വലിയ പങ്കുണ്ട്. വിവിധ വികസന സൂചികകളിൽ കേരളത്തിന് പ്രഥമ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന മികവാണ്. പൗരകേന്ദ്രീകൃതമായ നിയമഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം ആവിഷ്കരിച്ച വ്യവസായ സൗഹൃദപരമായ നയങ്ങളും തദ്ദേശീയ ഭരണ സംവിധാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനം ഉൾച്ചേർത്തതിന്റെയും അടിസ്ഥാനത്തിൽ 2024-ലെ ഉദ്യോഗ് സമാഗം സമ്മേളനത്തിൽ പുറത്തിറക്കിയ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (BRAP) റാങ്കിങ്ങിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ അധികാര കേന്ദ്രീകരണ പ്രവണതകളെ ചെറുക്കുന്നതിന് ബദൽ മാർഗങ്ങൾ കണ്ടെത്താൻ പ്രാദേശികതലത്തിൽ പുതിയ വെല്ലുവിളികളെയും പ്രതീക്ഷകളെയും അഭിസംബോധന ചെയ്യത്തക്കവിധമുള്ള ഇടപെടലിന്റെ ആവശ്യകത സംബന്ധിച്ച് വിശദമാക്കുമോ?

പ്രാദേശിക തലത്തിൽ പദ്ധതി നിർവഹണത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്ന കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 60% ടൈഡ് ഫണ്ടായതിനാൽ പ്രാദേശിക

വികസന ലക്ഷ്യങ്ങളെ മുൻനിർത്തിയുള്ള പദ്ധതി രൂപീകരണത്തിന് പ്രസ്തുത തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. കൂടാതെ രാജ്യത്ത് 2015-ൽ നടപ്പാക്കിയ ജി.പി.ഡി.പി. പോർട്ടലിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും തീം അടിസ്ഥാനമാക്കി മാത്രമെ പ്രോജക്ട് തിരഞ്ഞെടുക്കാൻ കഴിയുകയുള്ള എന്നതിനാൽ, പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ പ്രോജക്ടുകൾ ജി.പി.ഡി.പി. പോർട്ടലിൽ ഉൾപ്പെടുത്താൻ കഴിയില്ല. പകരം നിലവിലുള്ള ലിസ്റ്റിൽനിന്നും ഒരു പ്രോജക്ട് തിരഞ്ഞെടുക്കുന്നതിനുള്ള സാധ്യത മാത്രമേയുള്ളൂ. ഇതിനെ തരണം ചെയ്യുന്നതിനായി, തദ്ദേശഭരണസ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും കൂടുതൽ വർധിപ്പിക്കുന്നതിനുള്ള ശ്രമമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുള്ളത്. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യമായി ഏറ്റെടുക്കാനും തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കി സുസ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രമായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) വികേന്ദ്രീകരണ പ്രക്രിയയും ശേഷി വർധനയും മുന്നോട്ടുകൊണ്ടുപോകുന്നതിന് നല്ല മാതൃകകളും സമ്പ്രദായങ്ങളും സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അധികാരവികേന്ദ്രീകരണത്തോടുള്ള കേരള സർക്കാരിന്റെ പ്രതിബദ്ധത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വിപുലമായ സഹായങ്ങളിൽനിന്നും വ്യക്തമാണ്. കേരളത്തെ വൈജ്ഞാനിക സമൂഹമായി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക,

പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലവസരങ്ങളുടെ സൃഷ്ടി എന്നിവ പതിനാലാം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കാലാവസ്ഥാ വ്യതിയാനത്തെയും തൽഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വികസനം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, പരിസ്ഥിതി സൗഹൃദമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം, മാലിന്യ പരിപാലനം, തൊഴിൽ, ഉപജീവന സുരക്ഷ തുടങ്ങിയ സമഗ്രമായ വികസന ഇടപെടലുകളിലൂടെ കേരളീയരുടെ ജീവിത ഗുണമേന്മ വർധിപ്പിക്കുകയും അതുവഴി സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതിനാണ് പതിനാലാം പഞ്ചവത്സരപദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ നിർദേശങ്ങൾ 19-04-2022-ലെ സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ., സ.ഉ. (കൈ) നം.86/2022/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കേരള അർബൻ പോളിസി കമ്മീഷൻ നടത്തിയ വിപുലമായ കൺസൾട്ടേഷനുകളിലൂടെ, പ്രാദേശിക ഭരണകൂടങ്ങളുടെ ശക്തീകരണത്തിന് നൂതന മാതൃകകൾ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പോലുള്ള പദ്ധതികളിലൂടെ പ്രാദേശിക സർക്കാരുകളുടെ കാര്യശേഷിയും, പ്രശ്ന പരിഹാര ശേഷിയും വർധിപ്പിക്കാനും, 'സ്ഥലപരമായി സന്തുലിതമായ സമൂഹം' എന്ന ലക്ഷ്യത്തിലേക്ക് നീങ്ങാനും സാധിക്കും. കൂടാതെ കേരളത്തിലെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വിവിധ അംഗീകാരങ്ങൾ ലഭിച്ച പഞ്ചായത്തുകളിൽ 'പഞ്ചായത്ത് ലേണിങ് സെന്റർ' ആരംഭിച്ചത് വഴി മറ്റ് പഞ്ചായത്തുകൾക്ക് അനുഭവം പങ്കുവയ്ക്കാനും മികച്ച മാതൃകകൾ നേരിട്ട് കണ്ട് മനസ്സിലാക്കി അവരവരുടെ സ്ഥാപനങ്ങളിലെ പദ്ധതികളിൽ

ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണത്തിന് പ്രാദേശിക കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക കർമ്മപദ്ധതി (Local Action Plan on Climate Change - LAPCC) തയ്യാറാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നൽകിയിട്ടുള്ള മാർഗരേഖകൾ പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന് ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുകയും ആവശ്യമായ എല്ലാ മേഖലകളിലും ദുരന്ത നിവാരണ പ്രോജക്ടുകൾക്ക് രൂപം നൽകുകയും ചെയ്യുന്നുമുണ്ട്. ക്ലൈമറ്റ് റസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പദ്ധതി പ്രവർത്തനങ്ങൾ, കാർബൺ ന്യൂട്രൽ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന ലക്ഷ്യം നേടാനുള്ള പദ്ധതികൾ എന്നിവ കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാവസ്ഥയെ സംബന്ധിച്ചതും അപകടസാധ്യത സംബന്ധിച്ചതുമായ വിവരങ്ങളും അവരുടെ ആസൂത്രണ പ്രക്രിയയിലും വാർഷിക പദ്ധതികളിലും സമന്വയിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഡി-ക്യാറ്റ് പദ്ധതിക്കും തുടക്കംകുറിച്ചിട്ടുണ്ട്.

(ഇ) ദ്രുത നഗരവൽക്കരണത്തിന്റെ വെല്ലുവിളി നേരിടുന്നതിന് സംയോജിത

നഗരാസൂത്രണം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള ദീർഘകാല ആസൂത്രണത്തിനായി 25 വർഷ കാലത്തേക്കുള്ള നഗരനയം ആവിഷ്കരിക്കുന്നതിനായി 2023-ൽ സംസ്ഥാന സർക്കാർ ഒരു അർബൻ പോളിസി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് പുറത്തിറക്കാനുദ്ദേശിക്കുന്ന 'നവ കേരള നഗര നയം 2025' അടുത്ത 25 വർഷത്തേക്കുള്ള സമഗ്രമായ പദ്ധതിയാണ്. കൂടാതെ, മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ കൂടുതൽ ജനാധിപത്യപരവും റിസ്ക്-ഇൻഫോർമ്ഡും ഡിജിറ്റലായി പ്രാപ്തമാക്കപ്പെട്ടതുമാക്കുന്നതിനുള്ള ഗൗരവമായ ശ്രമങ്ങളും നിലവിൽ നടന്നുവരുന്നുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി, വിവിധ ഏജൻസികൾ കേരള സർക്കാരുമായി കൈകോർത്ത് പ്രവർത്തിച്ച് സ്ഥലപരമായി സമതുലിതമായ ഒരു സമൂഹം രൂപപ്പെടുത്തുന്നതിനായും പ്രവർത്തിച്ചുവരുന്നുണ്ട്. നഗരവും ഗ്രാമവും ഉൾക്കൊള്ളിച്ച് സമഗ്രമായ വികസനം ഉറപ്പാക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളുടെ വികസനത്തിന് മെട്രോപൊളിറ്റൻ പ്ലാനിങ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

കെ-സ്മാർട്ട് പദ്ധതി

13 (*313) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് പദ്ധതി ആരംഭിച്ചത് എന്നാണെന്നും പ്രാഥമികഘട്ടത്തിൽ ഏത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പരീക്ഷണാർഥം അത് നടപ്പാക്കിയതെന്നും അറിയിക്കുമോ?

പരീക്ഷണാടിസ്ഥാനത്തിലല്ലാതെതന്നെ 2024 ജനുവരി 1 മുതൽ എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് നടപ്പാക്കിയിട്ടുണ്ട് (കോർപ്പറേഷൻ - 6, മുനിസിപ്പാലിറ്റി-87).

(ബി) കെ-സ്മാർട്ട് നടപ്പാക്കിയതിനുശേഷം ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെ-സ്മാർട്ട് സംവിധാനം വിന്യസിച്ചതിനുശേഷം നഗരസഭ സെക്രട്ടറിമാരുടെ വിവിധ യോഗങ്ങൾ വിളിച്ച് ചേർക്കുകയും അതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+. ഇതുവരെയായി 3264302 അപേക്ഷകൾ ലഭിച്ചതിൽ 2460022 അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇതിൽ 472250 അപേക്ഷകൾ ഒരു മണിക്കൂറിനകം തീർപ്പ് കൽപ്പിച്ചവയാണ്. 912845 അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 149553 അപേക്ഷകൾ അവധി ദിവസങ്ങളിൽ തീർപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൽപ്പിച്ചവയാണ്.

(സി) കെ-സ്മാർട്ടിൽ സിവിൽ രജിസ്ട്രേഷൻ, ബിസിനസ് ഫെസിലിറ്റേഷൻ, വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ്, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിങ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതികൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

സിവിൽ രജിസ്ട്രേഷൻ	ആകെ ഫയലുകൾ-924572	തീർപ്പാക്കിയവ - 811832 (Per 96.4%)
ലൈസൻസ്	ആകെ ഫയലുകൾ-343139	തീർപ്പാക്കിയവ - 286396 (Per 85.4%)

	ഫ്രണ്ട് ഓഫീസ്	ഔട്ട് ഡോർ	ഇ-പേമെന്റ്	മറ്റുള്ളവ	പി.ഒ.എസ്. മെഷീൻ	ആകെ
വസ്തു നികുതി	595.43 കോടി രൂപ	5.01 കോടി രൂപ	292.18 കോടി രൂപ	3.32 കോടി രൂപ	155.91 കോടി രൂപ	1051.85 കോടി രൂപ
മറ്റ് വരവുകൾ	1531.41 കോടി രൂപ	5.64 കോടി രൂപ	426.74 കോടി രൂപ	120.42 കോടി രൂപ	176.53 കോടി രൂപ	2260.74 കോടി രൂപ

കെട്ടിട നിർമ്മാണ അനുമതി	ആകെ ഫയൽ- 91063	തീർപ്പാക്കിയവ - 65589 (Per 72.6%)
പൊതുജന പരാതി പരിഹാരം	ആകെ ഫയൽ -34795	തീർപ്പാക്കിയവ - 10965 (Per 33.1%)

(ഡി) കെ-സ്മാർട്ട് പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഗ്രാമ-ബ്ലോക്ക്-ജില്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെ-സ്മാർട്ട് വിന്യസിക്കുന്നതിന്റെ ഭാഗമായി 2025 ജനുവരി 1 മുതൽ കരകുളം ഗ്രാമപഞ്ചായത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ

പഞ്ചായത്തിലും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും 2025 മാർച്ച് 19-നുതന്നെ പൈലറ്റ് ലോഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന് തുടർച്ചയായി 2025 ഏപ്രിൽ മുതൽ പൂർണ്ണമായും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു (ഗ്രാമപഞ്ചായത്ത് - 941, ബ്ലോക്ക് പഞ്ചായത്ത്- 152, ജില്ലാ പഞ്ചായത്ത്- 14).

കാര്യക്ഷമമായ ഉപഭോക്തൃ തർക്കപരിഹാര സംവിധാനങ്ങൾ

14 (*314) ശ്രീമതി സി. കെ. ആശ:
ശ്രീ പി. എസ്. സുപാൽ:
ശ്രീ വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വില്പനയുടെയും മൾട്ടി ലെവൽ മാർക്കറ്റിങ്ങിന്റെയും കാലഘട്ടത്തിൽ ഉപഭോക്തൃസേവന, തർക്കപരിഹാര സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തർക്കപരിഹാരം, ബോധവൽക്കരണം, നയരൂപീകരണം എന്നിങ്ങനെ സമസ്തമേഖലകളിലും ഉപഭോക്തൃ ശക്തീകരണത്തിനും സേവനങ്ങൾക്കുമായി ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഓൺലൈൻ വില്പനയുടെയും മൾട്ടി ലെവൽ മാർക്കറ്റിങ്ങിന്റെയും കാലഘട്ടത്തിൽ ഉപഭോക്തൃസേവന, തർക്ക പരിഹാര സംവിധാനങ്ങൾ കൂടുതൽ

കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ മേഖലയിലെ ചൂഷണത്തിനും തട്ടിപ്പിനും എതിരെ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളെ കൂടുതലായി ഉപയോഗപ്പെടുത്തുന്നുണ്ട്. സംസ്ഥാന/ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിലെ കേസുകൾ യഥാസമയം പരിഹരിക്കുന്നതിനായി ക്യാമ്പ് സിറ്റിങ്ങുകളും അദാലത്തുകളും മെഗാ അദാലത്തുകളും നടത്തിവരുന്നു. കൂടാതെ മീഡിയേഷൻ സെല്ലുകൾ വഴിയും കേസുകൾ തീർപ്പാക്കുന്നുണ്ട്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലേക്ക് എത്തിച്ചേരാൻ കഴിയുന്ന തരത്തിൽ ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്നു. ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി വീഡിയോ, ഓഡിയോ ഡിസ്പ്ലേ സൗകര്യങ്ങളുള്ള പ്രചാരണ വാഹനം വഴി ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പ്രചാരണം നടത്തിവരുന്നു. ഉപഭോക്തൃ അവബോധത്തിനായി പരസ്യ വീഡിയോകളും ഫിലിമുകളും നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ സവിശേഷതകളും പരിസ്ഥിതി സൗഹൃദ ഉപഭോഗത്തിന്റെ സാധ്യതകളും ആളുകൾക്ക് മനസ്സിലാകുന്ന തരത്തിൽ പരസ്യങ്ങൾ നിർമ്മിച്ച് പ്രചാരണം നടത്തിവരുന്നു. സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന ബില്ലിന്റെ പ്രാധാന്യം, ലേബൽ വായനയുടെ പ്രാധാന്യം, പരാതി പരിഹാര സംവിധാനം, തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരായ സന്ദേശങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരവധി പോസ്റ്ററുകൾ തയ്യാറാക്കി പൊതു സ്ഥലങ്ങളിലും സോഷ്യൽ മീഡിയ വഴിയും പ്രചരിപ്പിക്കുന്നുണ്ട്. സോഷ്യൽ മീഡിയയിലൂടെ ഉപഭോക്തൃ അവബോധം

വർധിപ്പിക്കുന്നതിനായി, പൊതുവിതരണ ഉപഭോക്തൃകാര്യ കാര്യാലയത്തിൽ സോഷ്യൽ മീഡിയ ലാബ് സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലെ പ്രധാന ഉത്തരവുകൾ ഡിജിറ്റലായി പ്രസിദ്ധീകരിക്കുന്നു. ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് 'ദർപ്പണം' എന്ന പേരിൽ ഒരു മൊബൈൽ പ്രദർശന സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉപഭോക്തൃ ശക്തീകരണ സംരംഭങ്ങൾക്ക് ദിശാബോധം നൽകുന്നതിനായി 'ഉപഭോക്തൃ കേരളം' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു. സംസ്ഥാനത്തിന് സ്വന്തമായി ഉപഭോക്തൃനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ സേവനം ഗുണഭോക്താക്കൾ നല്ല തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; സംസ്ഥാനത്ത് ഉപഭോക്തൃ പരാതി പരിഹാര നിരക്കിലെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളും രൂപീകരിക്കുകയുണ്ടായി. പുതുക്കിയ ഉപഭോക്തൃ സംരക്ഷണ നിയമം 2019 ജൂലൈ 20-ന് നിലവിൽവന്നു. ഓൺലൈൻ വ്യാപാരം, നേരിട്ടുള്ള വില്പന തുടങ്ങിയ നിരവധി മേഖലകൾകൂടി ഉൾപ്പെട്ട പുതിയ നിയമം ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ അധികാര പരിധി വർധിപ്പിക്കുകയും സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷന്റെ സാമ്പത്തിക അധികാര പരിധി 2 കോടി രൂപയായും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ സാമ്പത്തിക അധികാര പരിധി 50 ലക്ഷമായും ഉയർത്തുകയുമുണ്ടായി.

പരാതികൾ യഥാസമയം പരിഹരിക്കുന്നതിനായി കോവിഡ് മഹാമാരിയുടെ കാലത്ത് ആരംഭിച്ച ഓൺലൈൻ സംവിധാനം (Online Hybrid Sitting) നിലവിൽ ഒരു സ്ഥിരം സംവിധാനമായി തുടർന്നുവരുന്നു. സാധാരണക്കാരായ പരാതിക്കാർക്ക് നിയമ സഹായം നൽകുന്നതിന് നിയമ വിദഗ്ധരുടെ പാനലിൽനിന്നും സൗജന്യ നിയമ സഹായം നൽകി വരുന്നു. പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിനും ഓൺലൈനായി കമ്മീഷൻ നടപടികളിൽ പങ്കെടുക്കുന്നതിനും കേന്ദ്ര ഉപഭോക്തൃകാര്യ വകുപ്പുമായി സഹകരിച്ച് 'e-jagriti' എന്ന പേരിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എറണാകുളത്തുവച്ച് മാസത്തിൽ 5 ദിവസം ക്യാമ്പ് സിറ്റിങ് നടത്തിവരുന്നു. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽനിന്നും ദൂര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് പരാതികൾ സമർപ്പിക്കുന്നതിന് മാസത്തിൽ 2 അല്ലെങ്കിൽ 3 ദിവസങ്ങളിൽ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ക്യാമ്പ് സിറ്റിങ് നടത്തിവരുന്നു. കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി 2023 മുതൽ എല്ലാ കമ്മീഷനുകളിലും മീഡിയേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷനുകളുടെ നേതൃത്വത്തിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുകയും കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകുകയും ചെയ്യുന്നു. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ ആഴ്ചയിൽ ഒരു ദിവസം വീതം അദാലത്തുകളും കൂടാതെ വർഷംതോറും മെഗാ അദാലത്തുകളും നടത്തിവരുന്നു. സംസ്ഥാന/ജില്ലാ കമ്മീഷനുകൾ ആരംഭിച്ചത് മുതൽ 31-12-2024 വരെ ഫയൽ ചെയ്ത 290912 കേസുകളിൽ 265478 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. (91.25%)

(ഡി) ഉപഭോക്തൃ പരാതികൾക്ക് പരിഹാരം കാണാനുള്ള സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. ഉപഭോക്തൃ പരാതി പരിഹാര സംവിധാനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഇ) സ്കൂൾ-കോളേജ് തലത്തിൽ ബോധവൽക്കരണ ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർഥികളെ ഉപഭോക്തൃ സേവന പ്രചാരകരാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് 301 സ്കൂൾ ഉപഭോക്തൃ ക്ലബ്ബുകളും 2 കോളേജ് ഉപഭോക്തൃ ക്ലബ്ബുകളും ഇതുവരെ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വരുംവർഷങ്ങളിൽ 1000 സ്കൂൾ കൺസ്യൂമർ ക്ലബ്ബുകളും കൂടുതൽ കോളേജ് ഉപഭോക്തൃ ക്ലബ്ബുകളും രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ ഉപഭോക്തൃ ക്ലബ്ബുകളും കോളേജ് ഉപഭോക്തൃ ക്ലബ്ബുകളും രൂപീകരിച്ചതുവഴി വിദ്യാർഥികൾക്ക് മികവുറ്റ രീതിയിൽ ഉപഭോക്തൃ ബോധവൽക്കരണം നടത്തുന്നതിന് സാധിക്കുന്നുണ്ട്. വിദ്യാർഥികളെ ഉപഭോക്തൃ ബോധവൽക്കരണത്തിന്റെ അടിസ്ഥാന സേവന പ്രചാരകരാക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

കുട്ടികളും യുവാക്കളും ഏർപ്പെടുന്ന കുറ്റകൃത്യങ്ങൾ

15 (*315) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരിയിൽ പത്താം ക്ലാസ് വിദ്യാർഥികൾ ഗ്രൂപ്പാലോചന നടത്തി മറ്റൊരു

വിദ്യാർഥിയെ കൊലപ്പെടുത്തിയ സംഭവം ഗൗരവമായി കാണുന്നുണ്ടോ?

താമരശ്ശേരിയിൽ ട്യൂഷൻ സെന്ററിലുണ്ടായ പ്രശ്നങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്ന വിദ്യാർഥി മരണപ്പെട്ട സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസിൽ നിയമവുമായി പൊരുത്തപ്പെടാത്ത 6 കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത്. കേസ് അന്വേഷണഘട്ടത്തിലാണ്. ജുവനൈൽ ജസ്റ്റിസ് കോടതിയിൽ ഹാജരാക്കിയ ഇവരെ കോഴിക്കോട് ജില്ലാ ഒബ്സർവേഷൻ ഹോമിൽ പാർപ്പിക്കാൻ ഉത്തരവായിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്ത് കുട്ടികളും യുവാക്കളും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

നാല് വർഷത്തെ കണക്കുകൾ പ്രകാരം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ ഉൾപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് നേരിയ വർധനവ് കാണുന്നു. എന്നാൽ യുവാക്കൾ ഉൾപ്പെട്ട കേസുകളുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് കുറവാണ്.

(സി) കുട്ടികളും യുവാക്കളും നടത്തുന്ന അതിക്രമങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കുട്ടികളിൽ വർധിച്ചു വരുന്ന ആക്രമണോത്സുകത അതീവ ഗുരുതരമായ ഒരു വിഷയമായാണ് സർക്കാർ കാണുന്നത്. ഒറ്റപ്പെട്ടതെങ്കിലും ഗൗരവമേറിയ ഇത്തരം അക്രമ സംഭവങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമനടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. അതോടൊപ്പം കുട്ടികളിലെ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഐക്യരാഷ്ട്രസഭപോലും

ഉൽക്കണ്ഠ രേഖപ്പെടുത്തിയ ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും വിലയിരുത്തപ്പെടണം. അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥതപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം. വീട്ടിലെ മുറി എന്ന പെട്ടിയിൽനിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേക്കും അതിൽനിന്ന് ക്ലാസ് മുറി എന്ന പെട്ടിയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷൻ ആകുന്നു. അതിൽനിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു. അധ്യാപകനും വിദ്യാർഥിയും തമ്മിലും രക്ഷാകർത്താക്കളും കുട്ടികളും തമ്മിലും ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ തുടങ്ങി കാരണങ്ങൾ പലതുണ്ട്. മയക്കുമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ച് നീക്കുകതന്നെ വേണം. കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ ഒരുമയാണിവിടെ ആവശ്യം. സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള കാമ്പസിന് മാത്രമെ അരാജക പ്രവണതകളെ തടയാനാകുകയുള്ളൂ. അതിന് കാമ്പസുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട്, ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്. എല്ലാവരും ഈ വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈയെടുക്കും. ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ

സംഘടനകൾ, അധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി തയ്യാറാക്കും.

റേഷൻ റൈറ്റ് കാർഡ്

16 (*316) ശ്രീമതി ദെലീമ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സാർവത്രിക ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന 'എല്ലാവർക്കും റേഷൻ കാർഡ്' എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. റേഷൻ കാർഡ് എന്നാൽ റേഷൻ വിതരണത്തിനുള്ള രേഖയാണ്. ഏതാണ്ട് സമ്പൂർണ്ണമായി റേഷൻ കാർഡ് കവറേജുള്ള സംസ്ഥാനമാണ് കേരളം. ആധാർ അധിഷ്ഠിതമായാണ് നിലവിൽ സംസ്ഥാനത്ത് റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 01-11-2016-ൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തുകയും 01-06-2017 മുതൽ എൻ.എഫ്.എസ്.എ. പ്രകാരമുള്ള പുതിയ റേഷൻ കാർഡുകൾ നിലവിൽ വരികയും ചെയ്തു. റേഷൻ കാർഡുകൾ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും നടപടികൾ സുതാര്യവൽക്കരിക്കുന്നതിനുമായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2018 ജൂലൈ മുതൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും ഓൺലൈൻ വഴിയാണ് സ്വീകരിക്കുന്നത്. 2021 ഫെബ്രുവരി മുതൽ e-Ration card സംവിധാനവും 2021 നവംബർ മുതൽ PVC Ration card സംവിധാനവും വകുപ്പ്

ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അക്ഷയ സെന്റർ മുഖേനയും സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയും റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് പരിശോധന നടത്തി 48 മണിക്കൂറിനുള്ളിൽ അപേക്ഷകർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നു. സംസ്ഥാനത്ത് നിലവിൽ ആകെ 9490325 റേഷൻ കാർഡുകൾ നിലവിലുണ്ട്.

(ബി) റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കിയതിലൂടെ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ആധാർ അധിഷ്ഠിതമായാണ് നിലവിൽ സംസ്ഥാനത്ത് റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നത്. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് പരിശോധന നടത്തി 48 മണിക്കൂറിനുള്ളിൽ അപേക്ഷകർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻ കാർഡില്ലാത്ത വ്യക്തികൾക്ക് അവരുടെ ആധാർ നമ്പറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് നൽകുകയും വിവിധ കാരണങ്ങളാൽ ആധാർ കാർഡ് എടുക്കാൻ കഴിയാത്തവർക്ക് പരിശോധന നടത്തി ബോധ്യപ്പെട്ടശേഷം "Aadhar exception module" പ്രകാരം കാർഡ് നൽകി കാർഡിൽ ഉൾപ്പെടുത്തിവരുന്നു. റേഷൻ കാർഡില്ലാതെ വാടക വീടുകളിൽ താമസിക്കുന്നവർക്ക് സാധുവായ വാടക കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ കൂടാതെ അപേക്ഷകന്റെ സ്വയം സാക്ഷ്യപത്ര പ്രകാരം കാർഡ് അനുവദിച്ചുവരുന്നു. റോഡ് വക്കിലും റെയിൽവേ

പുറമ്പോക്കിലും തോട് വക്കിലും ഷെഡ് കെട്ടി താമസിക്കുന്നവർക്ക് ആധാർ കാർഡിന്റ അടിസ്ഥാനത്തിൽ വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നു.

(1) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി അനുവദിച്ച പുതിയ റേഷൻ കാർഡുകളുടെഎണ്ണം:-

PHH (പിങ്ക്) കാർഡുകൾ	116343
NPNS (വെള്ള) കാർഡുകൾ	396065
NPI (ബ്രൗൺ) കാർഡുകൾ	8155
ആകെ	520563 കാർഡുകൾ

(2) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം Convert ചെയ്ത് നൽകിയ റേഷൻ കാർഡുകളുടെ എണ്ണം:

AAY (മഞ്ഞ) കാർഡുകൾ	55158
PHH (പിങ്ക്) കാർഡുകൾ	468628
ആകെ	523786 കാർഡുകൾ

(സി) പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവർ, ട്രാൻസ്ജെൻഡറുകൾ, പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർ തുടങ്ങിയവരുടെ ആധാർ രേഖകളുടെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കാർഡ് നൽകുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും അവർക്ക് ഭക്ഷ്യഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി വഴിയോരത്തും പുറമ്പോക്കിലും ഷെഡ് കെട്ടി താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽപ്രകാരം താമസിക്കുന്ന കുടുംബങ്ങൾക്ക് ബന്ധപ്പെട്ട റേഷനിങ് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന കാർഡുകൾ കാലതാമസം കൂടാതെ മുൻഗണനാവിഭാഗത്തിലേക്ക് തരംമാറ്റി നൽകുകയും ചെയ്തുവരുന്നു.

(ഡി) കേരളത്തിൽ സ്ഥിരതാമസമാക്കിയ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും റേഷൻ സാധനങ്ങൾ കൈപ്പറ്റുന്നതിന് റേഷൻ റൈറ്റ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് റേഷൻ റൈറ്റ് കാർഡ് നൽകുന്ന നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

One Nation One Ration Card (ONORC) പദ്ധതി പ്രകാരം Ration Right Card (RRC) നൽകുന്നതിനായി അന്യസംസ്ഥാന തൊഴിലാളികളെ 1. ആധാർ കാർഡോ റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, 2. ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് ഇല്ലാത്തവർ, 3. ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കുകയും ഇതിൽ ആധാർ കാർഡുള്ളവരും എന്നാൽ

റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവരുമായ അന്യസംസ്ഥാന തൊഴിലാളികൾക്കാണ് റേഷൻ റൈറ്റ് കാർഡ് നൽകിയിട്ടുള്ളത്. ആധാർ കാർഡോ റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് ഇല്ലാത്ത വ്യക്തികൾ എന്നിവർക്ക് ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. അതിലേക്കായി താലൂക്ക് അടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരമാവധി അന്യസംസ്ഥാന തൊഴിലാളികളെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 5192 പേർക്ക് റേഷൻ റൈറ്റ് കാർഡ് അനുവദിച്ചിട്ടുണ്ട്.

'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം – ഒരു ആശയം'

17 (*317) ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം-ഒരു ആശയം' എന്ന പദ്ധതിയിലൂടെ പ്രാദേശിക പ്രശ്നപരിഹാരത്തിനും സാമ്പത്തിക വികസനത്തിനുമായി എന്തെല്ലാം നൂതനാശയങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയിലൂടെ തദ്ദേശസ്ഥാപനങ്ങളിൽനിന്നും പ്രശ്നങ്ങൾ

സമാഹരിക്കുകയും ഇവയുടെ അടിസ്ഥാനത്തിൽ പ്രാദേശിക പ്രശ്നപരിഹാരത്തിനും സാമ്പത്തിക വികസനത്തിനുമായി കണ്ടെത്തുകയും ചെയ്ത നൂതനാശയങ്ങൾ ചുവടെ ചേർക്കുന്നു.

- ഇലക്ട്രോ കെമിക്കൽ പ്രക്രിയ വഴിയുള്ള വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റ് (STP).
- ബയോഫിൽറ്റർ സാങ്കേതികവിദ്യ വഴിയുള്ള വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റ് (STP).
- കക്കൂസ് മാലിന്യ പ്രശ്നത്തിന് വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ ശേഷിയുള്ള യൂസർ ഇന്റർഫേസുകളും കണ്ടെയ്ൻമെന്റ് യൂണിറ്റുകളും ഉൾപ്പെടെയുള്ള നൂതന പ്രോട്ടോടൈപ്പുകൾ
- സെൻട്രലൈസ്ഡ് എ.സി.-യിൽ 30% വരെ വൈദ്യുതോർജം കുറയ്ക്കാൻ സഹായിക്കുന്ന ഊർജക്ഷമതയുള്ള ഡീഹ്യുമിഡിഫിക്കേഷൻ യൂണിറ്റ്.
- വേസ്റ്റ് കളക്ഷനുവേണ്ടിയുള്ള ഇലക്ട്രിക് ടൈസൈക്കിൾ.
- ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്താത്ത പ്രശ്നം പരിഹരിക്കുന്നതിന് സഹായകരമായ 'ഷാഫ്ട്ട്' ടെക്നോളജി.
- അശാസ്ത്രീയമായ കക്ക സംസ്കരണത്തിലൂടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് വരുമാനം വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള ശാസ്ത്രീയ കക്ക സംസ്കരണ മാതൃക.
- ഉപയോഗിച്ച സാനിറ്ററി പാഡുകൾ ശാസ്ത്രീയമായി സംസ്കരിച്ച് പൾപ്പും പ്ലാസ്റ്റിക്കുമാക്കി മാറ്റുന്ന സാങ്കേതികവിദ്യ.

- കനം കുറഞ്ഞതും വിലകുറഞ്ഞതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർധിതമായ കെട്ടിട നിർമ്മാണ സാമഗ്രികളാക്കുന്ന സാങ്കേതികവിദ്യ.
- ഫുഡ് പാക്കിങ്ങിനുപയോഗിക്കുന്ന ബയോ പാക്കുകൾ.
- ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ ജലസ്രോതസ്സുകളിലെ ലവണാംശംമൂലമുള്ള കുടിവെള്ള പ്രശ്നത്തിന് പരിഹാരം.
- കുമരകത്ത് വെള്ളപ്പൊക്കം തടയാൻ ജലാശയങ്ങളിൽനിന്നും നീക്കം ചെയ്യുന്ന ചെളി/എക്കൽ ഉപയോഗിച്ച് പാടശേഖരങ്ങളുടെ ചുറ്റും ബണ്ട് നിർമ്മിക്കുന്നതും ഇതുവഴി ബണ്ടുകൾ ബലപ്പെടുത്തുന്നതും ജലാശയങ്ങളുടെ ആഴം കൂട്ടുന്നതും വഴി പ്രളയം തടയുന്നതിനും 'ബയോ ബണ്ട്' പ്രോജക്ട്

(ബി) 2021-22-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പാക്കിയത് ഏത് മാതൃക അവലംബിച്ചുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

നടപ്പാക്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി രേഖയിൽ നൂതനമായ ആശയങ്ങൾ, നവീന സാങ്കേതികവിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ നിർവഹണ രീതികൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന നിക്ഷേപ രീതികൾ എന്നിവ അവലംബിച്ചുകൊണ്ടുള്ള നൂതന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. കെ-ഡിസ്കും കിലയും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന 'ഒരു തദ്ദേശഭരണ സ്ഥാപനം - ഒരു ആശയം' (OLOI) പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന രണ്ടാം തലമുറ വികസന പ്രശ്നങ്ങൾക്ക്

പരിഹാരം കാണുന്നതിനായി പ്രാദേശിക സർക്കാരുകളെയും അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളെയും സ്റ്റാർട്ടപ്പ് സംരംഭങ്ങളെയും പൊതുജനങ്ങളെയും കണ്ണിചേർത്ത് ക്വാഡ്രുപ്പിൾ ഹെലിക്സ് മോഡലിലൂടെ നൂതനവും ഫലപ്രദവുമായ മാതൃകകൾ സൃഷ്ടിക്കുക എന്ന രീതിശാസ്ത്രത്തെ അവലംബിച്ചുകൊണ്ടാണ് നടപ്പാക്കിവരുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 'സുലേഖ' ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കുമോ?

തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനുമായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സുലേഖ' സോഫ്റ്റ്വെയർ, 2012 മുതൽ തന്നെ ഓൺലൈനായി പ്രവർത്തിക്കുന്നുണ്ട്. 'ഒരു തദ്ദേശഭരണ സ്ഥാപനം - ഒരു ആശയം' എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ വികസനപ്രശ്നങ്ങൾ, പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യപ്പെട്ട നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം തേടുന്നതിനായി 'സുലേഖ' ഓൺലൈൻ പോർട്ടലിൽ സംവിധാനം ഒരുക്കിയിരുന്നു.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് നടപടി

18 (*318) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള ആളുകൾക്ക് പ്രായ വ്യത്യാസമില്ലാതെ പാലിയേറ്റീവ് പരിചരണ സേവനങ്ങൾ നൽകുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള എല്ലാ ആളുകൾക്കും സാമ്പത്തിക പരിധി നോക്കാതെയും പ്രായഭേദമന്യേ സാന്ത്വന പരിചരണ സേവനങ്ങൾ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ദീർഘകാല രോഗങ്ങൾമൂലം പ്രയാസമനുഭവിക്കുന്ന വ്യക്തികൾ ഉൾക്കൊള്ളുന്ന ഓരോ വീടിനെയും/കുടുംബങ്ങളെയും കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ പിന്തുണയോടെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുകയും സാന്ത്വന പരിചരണം ആവശ്യമുള്ളവർക്ക് പ്രസ്തുത സേവനം ഉറപ്പാക്കുകയും ചെയ്യുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും സാന്ത്വന പരിചരണ പരിപാടി നിലവിലുള്ള ഏക സംസ്ഥാനമാണ് കേരളം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ മൊത്തം ബജറ്റിന്റെ നിശ്ചിതവിഹിതം

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തിനുകീഴിലും ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതും പാലിയേറ്റീവ് നഴ്സിനെ ഇതിനായി നിയമിക്കുന്നതും അതത് ഗ്രാമപഞ്ചായത്തുകളാണ്. പ്രദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പിന്തുണയോടുകൂടിയാണ് സാന്ത്വന പരിചരണ പരിപാടി നടപ്പാക്കി വരുന്നത്. മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകരും പാലിയേറ്റീവ് കെയർ നഴ്സും വാളന്റിയർമാരും ഉൾപ്പെടുന്നതാണ് പാലിയേറ്റീവ് കെയർ ടീം. ഇവർ ഗൃഹ സന്ദർശനം നടത്തി സാന്ത്വന പരിചരണം ആവശ്യമുള്ള എല്ലാ ജനങ്ങൾക്കും പരിചരണം നൽകി വരുന്നു. പ്രതിമാസം 50000-ത്തിൽ പരം രോഗികൾക്ക് ഇപ്രകാരം ഭവന സന്ദർശനത്തിലൂടെയുള്ള സേവനങ്ങൾ ലഭിക്കുന്നതിനുപുറമേ, ഫിസിയോതെറാപ്പി സേവനങ്ങളും സന്ദർശനത്തിലൂടെ നൽകുന്നതിനും കൂടാതെ പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് സംഘടനകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ വിവിധ പദ്ധതികൾക്കാവശ്യമായ വാഹന സൗകര്യം, മരുന്നുകളുടെ സംഭരണം, ഉപകരണങ്ങളുടെ സംഭരണവും വിതരണവും എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഫണ്ട് അനുവദിക്കുന്നുണ്ട്. നിലവിൽ സർക്കാർ മേഖലയിൽ 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതും ഇതിലൂടെ 114439 രോഗികൾക്ക് പരിചരണം നൽകി വരികയുമാണ്. സർക്കാരിതര മേഖലകളിൽ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒട്ടനവധി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവയുടെയെല്ലാം സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

'പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ' അനിവാര്യ പ്രോജക്ടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഇതിനുള്ള പ്രോജക്ട് നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനം ഒരുക്കുന്നതിനായി തദ്ദേശസ്വയംഭരണ തലത്തിൽ നടപടികളും സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേക്കായി 20000 ജനസംഖ്യയുള്ള പ്രദേശത്ത് ഒരു ഹോം കെയർ യൂണിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 16-12-2024-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമനഗര വ്യത്യാസമില്ലാതെ പരിചരണം ആവശ്യമായ മുഴുവൻ ആളുകൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കുന്നതിനായി ഒരു ജനകീയ മുന്നേറ്റം ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ആരോഗ്യ വകുപ്പിനുകീഴിൽ സി.എച്ച്.സി., താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് നടത്തിവരുന്ന വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പരിശോധനകളും തീരുമാനങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സെക്കൻഡറിതല സാന്ത്വന പരിചരണമാണ് നടപ്പാക്കിവരുന്നത്. പാലിയേറ്റീവ് കെയർ രോഗികൾക്ക് കിടത്തി ചികിത്സയും ഗൃഹ

സന്ദർശനത്തിലൂടെ നടത്താൻ കഴിയാത്ത കൊളോസ്റ്റമി കെയർ, ട്രാക്കിയോസ്റ്റമി കെയർ, ലിംഫടിമ കെയർ തുടങ്ങിയ ചികിത്സകളും വേദനയ്ക്കായുള്ള മോർഫിൻ ചികിത്സയും ഈ കേന്ദ്രങ്ങളിലൂടെയാണ് നൽകി വരുന്നത്. ഇതിനുപുറമെ ഫിസിയോതെറാപ്പി ക്ലിനിക്കുകളും സെക്കൻഡറിതല ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഇതിനായി ഒരു സ്റ്റാഫ് നഴ്സിനെയും ഒരു ഫിസിയോതെറാപ്പിസ്റ്റിനെയും സാന്ത്വന പരിചരണ പരിപാടിക്ക് മാത്രമായി നിയോഗിച്ചിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്തുന്നതിനും സന്നദ്ധ സംഘടനകളുടെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും പുതുക്കിയ പാലിയേറ്റീവ് കെയർ നയപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാലിയേറ്റീവ് കെയർ ഗ്രിഡ് യാഥാർഥ്യമാകുന്നതോടെ ഈ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്താകെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്താകെയുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് ഗ്രിഡ് സംവിധാനത്തിന്റെ സോഫ്റ്റ്വെയർ ലോഞ്ച് 03-03-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും അനുബന്ധ പരിശീലനങ്ങളും മറ്റ് പ്രവർത്തനങ്ങളും നടന്നുവരികയുമാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ആരോഗ്യ വകുപ്പ് തയ്യാറാക്കിയ 'കേരള കെയർ' എന്ന സാന്ത്വന പരിചരണ ഗ്രിഡ് പാലിയേറ്റീവ് കെയർ രംഗത്തെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും കൂടുതൽ

ഫലപ്രദമായി നടപ്പാക്കുന്നതിനും സഹായിക്കും. പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ രോഗികളെയും എല്ലാ സേവന ദാതാക്കളെയും എല്ലാ സേവന കേന്ദ്രങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയെന്നതാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സൗകര്യത്തോടുകൂടി പുറത്തിറങ്ങുന്ന ഈ ഗ്രിഡിൽ എല്ലാ വിവരങ്ങളും ഡാഷ്ബോർഡിലൂടെ തൽസമയം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും വീക്ഷിക്കുന്നതിന് സാധിക്കും. ഇതിലൂടെ പദ്ധതിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവലോകനങ്ങൾ നടത്തുന്നതിനും സാധ്യമാകുന്നതാണ്. സംസ്ഥാനത്തിനുകീഴിൽ 14 പാലിയേറ്റീവ് കെയർ പരിശീലന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നതും ഈ കേന്ദ്രങ്ങളിലൂടെ BCCPN, BCCPM, ഫൗണ്ടേഷൻ കോഴ്സ്, ഹ്രസ്വകാല പരിശീലന കോഴ്സുകൾ എന്നിവ നടപ്പാക്കി വരികയുമാണ്. എല്ലാ പരിശീലന മോഡ്യൂളുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത പരിശീലന മോഡ്യൂളും പാലിയേറ്റീവ് കെയർ പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ 2019-ലെ കേരള സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ നയപ്രകാരം, എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണമെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 35-ൽപരം എൻ.ജി.ഒ.-കളും സാമൂഹ്യ അധിഷ്ഠിത സംഘടനകളും ആരോഗ്യ വകുപ്പും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കി വരുന്നത്.

ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സജ്ജമാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പാലിയേറ്റീവ് കെയർ നയരേഖ അടിസ്ഥാനമാക്കി മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ മെഡിക്കൽ കോളേജുകളിൽ സ്ഥാപിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളെ വരുംവർഷങ്ങളിൽ പാലിയേറ്റീവ് മെഡിസിൻ വിഭാഗങ്ങളായി ഉയർത്താൻ ലക്ഷ്യംവയ്ക്കുന്നു. പാലിയേറ്റീവ് മെഡിസിൻ സ്പെഷ്യാലിറ്റി കോഴ്സുകൾ ഈ വിഭാഗങ്ങൾ വഴി ആരംഭിക്കാൻ സാധിക്കുന്നതാണ്. അതിനോടൊപ്പം നിലവിലുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്കും മറ്റ് സ്റ്റാഫുകൾക്കുംവേണ്ടി പാലിയേറ്റീവ് കെയർ ട്രെയിനിങ്ങുകൾ സംഘടിപ്പിക്കുന്നുണ്ട്. മെഡിക്കൽ വിദ്യാർഥികൾക്ക് പാലിയേറ്റീവ് കെയറിൽ ആവശ്യമായ പരിശീലനവും നൽകുന്നുണ്ട്. പാലിയേറ്റീവ് കെയർ രംഗത്തെ ഇതുവരെയുള്ള നേട്ടങ്ങൾ ശക്തിപ്പെടുത്തിയും കൂടുതൽ വിപുലപ്പെടുത്തിയും കേരളത്തെ ഒരു സമ്പൂർണ്ണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള എല്ലാവർക്കും വരുമാന പരിധിയില്ലാതെ അവരുടെ വീടുകളിൽ മികച്ച പരിചരണം ലഭിക്കുന്ന തരത്തിൽ സാർവത്രിക പാലിയേറ്റീവ് കെയർ സംവിധാനം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ സന്നദ്ധ സംഘടനകളെയും സന്നദ്ധപ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുകയാണ് ലക്ഷ്യം. സംസ്ഥാനത്തുടനീളമുള്ള പാലിയേറ്റീവ് കെയർ സേവനങ്ങളെ ഏകോപിപ്പിക്കുകയും

മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റ്വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. ഈ സോഫ്റ്റ്വെയർ മുഖാന്തരം സർക്കാർ, സ്വകാര്യ, സന്നദ്ധസേവന മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും ബന്ധിപ്പിക്കുകയും സേവനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. പുതിയ രോഗികളെയും പരിശീലനം നേടിയ വാളന്റിയർമാരെയും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും അതിലൂടെ ലഭ്യമാകുന്നതാണ്.

എൻ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി കേന്ദ്രം നൽകുന്ന തുക

19 (*319) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) 2024-25 കാലയളവിൽ എൻ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് കേന്ദ്രം നൽകാനുള്ള തുക കുടിശ്ശികയാണോ എന്ന് വ്യക്തമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. പദ്ധതിയുടെ ഭാഗമായി കേന്ദ്രം നൽകാനുള്ള തുകയിൽ കുടിശ്ശികയില്ല. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ ക്യാഷ് ഗ്രാന്റിൽ കേരളത്തിന് നൽകാനുള്ള മുഴുവൻ തുകയും കുടിശ്ശികയാണ്.

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാർ ബജറ്റിൽ വകയിരുത്തിയ തൊള്ളായിരത്തോളം കോടി രൂപയ്ക്കുപുറമേ 120 കോടി രൂപ കൂടി അധികമായി അനുവദിച്ചു എന്ന വാദം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ?

2024-25 കാലയളവിൽ കേന്ദ്ര സർക്കാർ 1249.79 കോടി രൂപയാണ് അനുവദിച്ചത്. ഇത് ക്യാഷ് ഗ്രാന്റായി ഒടുവിൽ അനുവദിച്ച 120.45 കോടി രൂപ ഉൾപ്പെടെയുള്ള തുകയാണ്. മിക്ക സംസ്ഥാനങ്ങൾക്കും സാധാരണ പ്രവർത്തനമനുസരിച്ച് ഇത് നൽകാറുണ്ട്.

(സി) ഈ കാലയളവിൽ ഈയിനത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക നേടിയെടുക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ മാർഗനിർദേശ പ്രകാരം കേന്ദ്രത്തിൽനിന്ന് ഫണ്ട് ലഭിക്കാൻ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ എല്ലാംതന്നെ സംസ്ഥാനം പാലിച്ചിട്ടുണ്ട്. ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളുടെ ബ്രാൻഡിങ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ച പ്രകാരം നടത്തുകയും കോ-ബ്രാൻഡിങ് പൂർത്തിയാക്കി ദേശീയ ആരോഗ്യ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങൾ പൂർത്തീകരിച്ചതായും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അമീബിക് മസ്തിഷ്കജ്വരം

20 (*320) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമീബിക് മസ്തിഷ്കജ്വരം വ്യാപിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

വെള്ളത്തിൽ കാണപ്പെടുന്ന നിഗ്ലേറിയ, അകാന്തമീബ, വെർമമീബ മുതലായ ഫ്രീ-ലിവിങ് അമീബ ഗണത്തിൽപ്പെട്ട രോഗാണുക്കളാണ് അമീബിക് മസ്തിഷ്കജ്വരം ഉണ്ടാക്കുന്നത്. അമീബിക് മസ്തിഷ്കജ്വരത്തെ സാധാരണയായി രണ്ടായി തരം തിരിക്കാം.

1. പ്രൈമറി അമീബിക് മെനിംഗോ എൻസഫലൈറ്റിസ്
2. ഗ്രാനുലോമാറ്റസ് അമീബിക് മെനിംഗോ എൻസഫലൈറ്റിസ്

പ്രൈമറി അമീബിക് മെനിംഗോ എൻസെഫലൈറ്റിസ് മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് പകരുന്ന ഒരു പകർച്ചവ്യാധിയല്ല. അണുബാധയുള്ള ജലസ്രോതസ്സുമായുള്ള സമ്പർക്കംമൂലം ഘ്രാണ മ്യൂക്കോസയിലൂടെയും ക്രിബ്രിഫോം പ്ലേറ്റിലൂടെയും (olfactory mucosa and the cribriform plate) പ്രൈമറി അമീബിക് മെനിംഗോ എൻസെഫലൈറ്റിസ് (PAM) അണുബാധ ഉണ്ടാകുന്നത്. 1-2 ആഴ്ചയ്ക്കുള്ളിൽ മരണത്തിന് വരെ കാരണമായേക്കാവുന്ന അണുബാധയാണ് പ്രൈമറി അമീബിക് മെനിംഗോ എൻസെഫലൈറ്റിസ്. കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലസ്രോതസ്സുകളുമായി ബന്ധപ്പെടുന്ന ആൾക്കാരിൽ വളരെ അപൂർവമായി കാണുന്ന രോഗമാണ് അമീബിക് മസ്തിഷ്കജ്വരം. വെള്ളത്തിൽ കാണുന്ന Neagleria, Acanthamoeba തുടങ്ങിയ അമീബകൾ മൂക്കിലൂടെയാണ് മസ്തിഷ്കത്തിലേക്ക് പ്രവേശിക്കുന്നത്. അമീബ കാണപ്പെടുന്ന വെള്ളം മൂക്കിലേക്ക് ഒഴിക്കുകയോ ശക്തമായി കയറുകയോ ചെയ്യുമ്പോഴാണ് അമീബിക് മസ്തിഷ്കജ്വരമുണ്ടാകുന്നത്. ഏത് ജലസ്രോതസ്സിലും അമീബ കാണാൻ സാധ്യതയുണ്ട്. ആഗോള താപനത്തിന്റെ ഭാഗമായി ജലാശയങ്ങളിൽ Neagleria-യുടെ സാന്ദ്രത വർധിച്ചുവരുന്നതായി അനേകം പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. അമീബയുള്ള ജലകണങ്ങൾ മൂക്കിലേക്ക് പ്രവേശിച്ചാൽ അമീബിക് മസ്തിഷ്ക ജ്വരം വരാനുള്ള

സാധ്യത കൂടുതലാണ്. Acanthamoeba എന്നയിനം അമീബകൾ സർവവ്യാപിയാണ് (Ubiquitous). വെള്ളത്തിൽ മാത്രമല്ല പൊടിപടലങ്ങളിലും മറ്റും Acanthamoeba കണ്ടെത്തിയിട്ടുണ്ട്. Acanthamoeba, Balamuthia തുടങ്ങിയ അമീബകൾ മൂക്കിലൂടെയോ തൊലിപ്പുറത്തുകൂടിയോ ശരീരത്തിൽ പ്രവേശിക്കുന്നു. രക്തത്തിലൂടെയോ മൂക്കുവഴിയോ ഇവ മസ്തിഷ്കത്തിലെത്തുകയും മസ്തിഷ്കജ്വരം ഉണ്ടാകുകയും ചെയ്യുന്നു. അമീബയുള്ള വെള്ളം ആവിയായി മൂക്കിലേക്ക് വലിച്ച് കയറ്റിയാലും Acanthamoeba കാരണമുള്ള മസ്തിഷ്കജ്വരം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കൊച്ചു കുട്ടികളുടെ തലയോട്ടി വേണ്ട രീതിയിൽ കട്ടിയില്ലാത്തതിനാൽ അവരിൽ ഈ രോഗം കൂടുതലായി കാണുന്നു. തലയോട്ടിയിൽ മൂക്കിന്റെയോ ചെവിയുടെയോ പ്രശ്നങ്ങൾ വഴി ക്ഷതം സംഭവിച്ചവർക്കും മുമ്പ് തലയോട്ടിയിൽ എല്ലിന്റെ പൊട്ടൽ ഉണ്ടായവർക്കും ഈ അമീബയുള്ള വെള്ളത്തിൽ മുങ്ങിക്കുളിക്കുന്നത് വഴി ഇത് പകരാൻ ഇടയാകും. ചൂട് കൂടുതലുള്ളതും മലിനവുമായ നദികൾ, കുളങ്ങൾ, കനാലുകൾ ഉൾപ്പെടെയുള്ള വെള്ളത്തിൽ മുങ്ങിക്കുളിക്കുന്നതും നീന്തുന്നതും ചാടുന്നതും ഈ സൂക്ഷ്മജീവി മനുഷ്യ ശരീരത്തിൽ പ്രവേശിക്കാൻ കാരണമാകാം. മതപരമായ ചടങ്ങുകളുടെയും മറ്റ് ആചാരങ്ങളുടെയും ഭാഗമായി മൂക്കിലേക്ക് വെള്ളം പ്രവേശിപ്പിക്കുന്നതും (ടാപ്പ് മുഖേന ഉൾപ്പെടെ) ഈ രോഗബാധയ്ക്ക് കാരണമായേക്കാം. കാലാവസ്ഥാ വ്യതിയാനംമൂലം താപനില ഉയരുന്നത് ജലസ്രോതസ്സുകളുടെ താപനില ഉയർത്തുന്നതിനും അമീബയുടെ സാന്നിദ്ധ്യത്തിനും വളർച്ചയ്ക്കും കാരണമായേക്കാം. അമീബയുടെ പ്രധാന ഭക്ഷണം മറ്റ് സൂക്ഷ്മാണുക്കളായ ബാക്ടീരിയകൾ ആണെന്നിരിക്കെ, ജലസ്രോതസ്സുകളുടെ മലിനീകരണവും

അമീബയുടെ വളർച്ചയ്ക്കും തുടർന്ന് മനുഷ്യരുമായി സമ്പർക്കം വരാനുമുള്ള സാഹചര്യം ഒരുക്കുന്നു.

(ബി) പ്രസ്തുത രോഗബാധിതരുടെ ചികിത്സയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്?

2024-ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് അമീബിക് മസ്തിഷ്കജ്വരം കൂടുതലായി കേരളത്തിൽ സ്ഥിരീകരിക്കപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് രാജ്യത്താദ്യമായി കേരളം അമീബിക് മസ്തിഷ്കജ്വരത്തിന്റെ ചികിത്സാ മാർഗരേഖ പുറത്തിറക്കി. കൂടാതെ ഏകാരോഗ്യ (One Health) സമീപനത്തിലൂന്നിയ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു ടെക്നിക്കൽ ശില്പശാലയും ആരോഗ്യ വകുപ്പ് നടത്തുകയുണ്ടായി. അതിൻപ്രകാരം ഒരു സംസ്ഥാനതല ആക്ഷൻ പ്ലാൻ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലക്ഷണങ്ങളുമായി ചികിത്സ തേടുന്ന, കുളങ്ങളും നദികളുമായി സമ്പർക്കമുള്ളവർക്ക് അമീബിക് മെനിംഗോ എൻസെഫലൈറ്റിസ് സംശയിക്കാനും നിർദിഷ്ട പരിശോധനകൾക്കായി ഉയർന്ന സ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യാനും പ്രാഥമിക ആരോഗ്യ കേന്ദ്രം മുതലുള്ള ഡോക്ടർമാർക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ചികിത്സാ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഗുരുതരമായ അവസ്ഥയെ ചികിത്സിക്കാൻ miltefosin ഉൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ഇതുമായി ബന്ധപ്പെട്ട പി.സി.ആർ. പരിശോധന ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജലത്തിന്റെ സാമ്പിളുകളും മനുഷ്യ സ്രവ സാമ്പിളുകളും പരിശോധിക്കാൻ കഴിയും. പ്രധാന മെഡിക്കൽ കോളേജുകളിൽ

രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഇത്തരം രോഗികളെ ചികിത്സിക്കുന്നതിന് ഐ.സി.യു. ഉൾപ്പെടെയുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പൂർണ്ണ ചികിത്സയ്ക്കുള്ള മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് അവബോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രോഗ ചികിത്സ വിലയിരുത്തുന്നതിനുള്ള മെഡിക്കൽ ബോർഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. സർവെയിലൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(സി) രോഗബാധ നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

20-07-2024-ലെ G.O.(Rt)No.1760/2024/H&FWD ഉത്തരവ് പ്രകാരം അമീബിക് മെനിംഗോ എൻസെഫലൈറ്റിസ് തടയൽ, രോഗനിർണ്ണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഏതൊരു Tertiary Care ആശുപത്രികളിലും അമീബിക് മസ്തിഷ്കജ്വരം ചികിത്സിക്കാൻ കഴിയും. മലിനമായതും കെട്ടിക്കിടക്കുന്നതുമായ ജലത്തിൽ കുളിക്കരുതെന്ന സന്ദേശം വിവിധ IEC മെറ്റീരിയലുകളിലൂടെ പരമാവധി പൊതുജനങ്ങളിൽ എത്തിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നീന്തൽ കുളങ്ങൾ, വാട്ടർ തീം പാർക്കുകൾ തുടങ്ങിയവയിലെ വെള്ളം പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉൾപ്പെടെയുള്ള മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ സമഗ്രമായ പ്രവർത്തനങ്ങളിലൂടെ ജലാശയങ്ങളിലെ മാലിന്യ നിർമ്മാർജനത്തിനും രോഗവ്യാപനം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. രോഗലക്ഷണമുള്ളവരെ കണ്ടെത്തുന്നതിനുള്ള സൗകര്യവും ഐ.സി.യു.

ഉൾപ്പെടെയുള്ള കിടത്തി ചികിത്സയും മരുന്നുകളും സജ്ജമാക്കിയിട്ടുണ്ട്. സർവെയിലൻസ് ശക്തിപ്പെടുത്തുകയും രോഗികളെ കണ്ടെത്തിയാൽ ആ വിവരം ജില്ലാ അധികാരികളെ അറിയിക്കുകയും തുടർനടപടികളിൽ സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. മെഡിക്കൽ കോളേജിൽ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഈ അസുഖത്തിന്റെ ചികിത്സയെ സംബന്ധിച്ച് ഡോക്ടർമാർക്കായി പരിശീലന ക്ലാസുകളും ആരോഗ്യ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. മാത്രമല്ല കേരളത്തിൽ അമീബിക് മസ്തിഷ്കജ്വരം കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സമഗ്രമായ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കാനായി ഒരു ടെക്നിക്കൽ വർക്ക്ഷോപ്പ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുകയുണ്ടായി. ഈ ശില്പശാലയിൽ ഏകാരോഗ്യ (one health) സമീപനത്തിൽ ഊന്നിയ ഒരു ആക്ഷൻ പ്ലാൻ അംഗീകരിക്കുകയുണ്ടായി.

മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങൾ

21(*321) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇത്തവണത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി, മഹാത്മാഗാന്ധി പുരസ്കാരം, മഹാത്മാ അയ്യങ്കാളി പുരസ്കാരം, ലൈഫ് മിഷൻ പുരസ്കാരം എന്നിവയ്ക്ക് അർഹമായ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നുവെന്ന്

അറിയിക്കുമോ?

17-02-2025-ലെ സ.ഉ. (സാധാ) നം.488/2025/ത.സ്വ.ഭ.വ. പ്രകാരം 2023-24 വർഷത്തെ സ്വരാജ്, മഹാത്മാഗാന്ധി, മഹാത്മാ-അയ്യങ്കാളി പുരസ്കാരങ്ങൾക്ക് അർഹരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തുകൊണ്ടും 17-02-2025-ലെ സ.ഉ. (സാധാ) നം. 489/2025/ത.സ്വ.ഭ.വ. പ്രകാരം 2023-24 വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ലൈഫ് മിഷൻ പുരസ്കാരത്തിന് അർഹരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തുകൊണ്ടും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം തിരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) ഏതെല്ലാം മേഖലയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുമോ?

മാലിന്യ മുക്തപ്രവർത്തനങ്ങൾ, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ, വാർഷിക പദ്ധതി, പ്രാദേശിക സാമ്പത്തിക വികസനവും ദാരിദ്ര്യ ലഘൂകരണവും, കാർഷിക, ജലസംരക്ഷണ പ്രവർത്തനങ്ങൾ, സദ്ഭരണം, തനതുവരുമാനം, കാലാവസ്ഥാ വ്യതിയാനവും ദുരന്ത നിവാരണവും, ജെൻഡർ സൗഹൃദ പ്രവർത്തനങ്ങൾ-ലിംഗ സമത്വ വികസനം, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി, ആരോഗ്യഗ്രാമം, പശ്ചാത്തല വികസനം, നൂതന ആശയാവിഷ്കാരം എന്നീ മേഖലകളുടെയടിസ്ഥാനത്തിൽ 18-12-2024-ലെ സ.ഉ. (സാധാ) നം. 2490/2024/ത.സ്വ.ഭ.വ., 21-01-2025-ലെ സ.ഉ.(സാധാ) നം. 222/2025/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം മികച്ച തദ്ദേശസ്വയംഭരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അത് അനുബന്ധമായി ചേർക്കുന്നു+. ലൈഫ് ഭവനപദ്ധതി നിർവഹണത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും (കോർപ്പറേഷൻ ഉൾപ്പെടെ) സംസ്ഥാനതലത്തിൽ പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു+.

(സി) തുടർച്ചയായി പുരസ്കാരങ്ങൾ നിലനിർത്തുന്ന തദ്ദേശസ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് അറിയിക്കുമോ?

ഉണ്ട്.

സ്വരാജ് ട്രോഫി (2022-23, 2023-24)

മികച്ച ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാനതലം)

ഒന്നാംസ്ഥാനം - പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

മികച്ച മുനിസിപ്പാലിറ്റി- (2022-23, 2023- 24)

ഒന്നാം സ്ഥാനം - ഗുരുവായൂർ മുനിസിപ്പാലിറ്റി

രണ്ടാം സ്ഥാനം - വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

മൂന്നാം സ്ഥാനം - ആറ്റിങ്ങൽ മുനിസിപ്പാലിറ്റി

മികച്ച മുനിസിപ്പൽ കോർപ്പറേഷൻ- (2022- 23, 2023-24)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം സ്ഥാനം - തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

മഹാത്മാ പുരസ്കാരം – (2022-23, 2023- 24)

മികച്ച ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാനതലം)

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

മഹാത്മാ അയ്യൻകാളി പുരസ്കാരം –(2022- 23, 2023-24)

മികച്ച മുനിസിപ്പാലിറ്റി - വടക്കാഞ്ചേരി, തൃശ്ശൂർ

മികച്ച മുനിസിപ്പൽ കോർപ്പറേഷൻ - കൊല്ലം (2022-23, 2023-24)

ലൈഫ് മിഷൻ പുരസ്കാരം 2023-24

2023-24 വർഷത്തിൽ ആദ്യമായിട്ടാണ് ലൈഫ് മിഷൻ പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) സമ്പൂർണ്ണ മാലിന്യ സംസ്കരണ യജ്ഞത്തിന്റെ ഭാഗമായി വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വ്യത്യസ്ത കാറ്റഗറിയിലുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേകമായ പുരസ്കാരങ്ങൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഏറ്റെടുക്കുന്ന മുഴുവൻ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ മികച്ച മൂന്ന് പഞ്ചായത്തുകൾക്കും മൂന്ന് നഗരസഭകൾക്കുമൊപ്പം മികച്ച മൂന്ന് ജില്ലകൾക്കും 2 ലക്ഷം രൂപ വീതം ശുചിത്വ മിഷൻ മുഖേന പാരിതോഷികമായി നൽകുന്നതിന് 16-02-2025-ലെ സർക്കുലർ നം. WM3/44/2025-LSGD പ്രകാരം നിർദ്ദേശം നിലവിലുണ്ട്. പ്രസ്തുത സർക്കുലർ

അനുബന്ധമായി ചേർക്കുന്നു+.

ലീഗൽ മെട്രോളജി വകുപ്പിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ

22 (*322) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. എം. മണി:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിൽ വയനാട്, കോട്ടയം, കാസർഗോഡ് ജില്ലകളിൽ ഓഫീസ് കെട്ടിട/ലബോറട്ടറി കോംപ്ലക്സ് നിർമ്മാണം, ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായുള്ള പരിഷ്കാരങ്ങളുടെ പൂർത്തീകരണം, സ്പിഗ്മോമാനോമീറ്റർ വെരിഫിക്കേഷൻ ലബോറട്ടറി പ്രവർത്തനോദ്ഘാടനം, എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ സോളാർ പവർ പ്ലാന്റ്, ക്ലിനിക്കൽ തെർമോമീറ്റർ ലാബ് പ്രവർത്തനോദ്ഘാടനം, വകുപ്പിന്റെ സേവനങ്ങൾ സംബന്ധിച്ച പരസ്യ ചിത്ര പ്രകാശനം, ഇ-ഓഫീസ് സംവിധാനം നടപ്പാക്കൽ, വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്ന കർമ്മ പദ്ധതിയായ ഓപ്പറേഷൻ ജാഗ്രത, പെട്രോൾ ഡീസൽ വിതരണ കേന്ദ്രങ്ങളിൽ പരിശോധന നടത്തുന്ന കർമ്മ പദ്ധതിയായ ഓപ്പറേഷൻ ക്ഷമത, പരിശോധന മുടങ്ങിക്കിടക്കുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ വെരിഫിക്കേഷൻ അദാലത്ത്, ഫ്ലോ മീറ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലിബ്രേഷൻ ലാബ് ഉദ്ഘാടനം, ഉപഭോക്തൃ സംരക്ഷണാർഥം വിവിധ മേഖലകളിൽ നടത്തി വരുന്ന പരിശോധനകൾ, നടപടികൾ എന്നിവയാണ് ലീഗൽ മെട്രോളജി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(ബി) പൊതുജനങ്ങൾക്ക് പ്രസ്തുത വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് ലീഗൽമെട്രോളജി വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി "സുതാര്യം" മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അളവു-തൂക്ക സംബന്ധമായ പരാതികൾ നൽകുന്നതിനും പരാതികളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും സുതാര്യം മൊബൈൽ ആപ്പിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. കൂടാതെ നിർവഹണ ഉദ്യോഗസ്ഥരെ ഫോൺ, ഇ-മെയിൽ, എസ്.എം.എസ്. എന്നിവ മുഖേന ബന്ധപ്പെടുന്നതിനും മൊബൈൽ ആപ്പിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. അതോടൊപ്പം പരാതികൾ തീർപ്പാക്കുമ്പോൾ അതുസംബന്ധിച്ച വിവരം അറിയാനും പൊതുജനങ്ങൾക്ക് സാധിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ UMANG എന്ന മൊബൈൽ സേവന പ്ലാറ്റ്ഫോമിൽ സുതാര്യം മൊബൈൽ ആപ്ലിക്കേഷൻ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ, ലീഗൽ മെട്രോളജി വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി 15-03-2025-ന് ലീഗൽ മെട്രോളജി ഗൈഡും പ്രകാശനം ചെയ്തിട്ടുണ്ട്.

(സി) വ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും ന്യൂനതകൾ

പരിഹരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ പ്രായോഗികമായി നടപ്പാക്കുന്നതിനും ലീഗൽ മെട്രോളജി വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സർക്കാരിന്റെ നാലാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി "ജാഗ്രത" എന്ന പേരിൽ സംസ്ഥാന വ്യാപകമായി വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തുകയും ആകെ 20636 പരിശോധനകളിലായി 2026 നിയമലംഘനങ്ങൾ കണ്ടെത്തുകയും 59,99,000/- രൂപ കോമ്പൗണ്ടിങ് ഫീ ഇനത്തിൽ ഈടാക്കുകയും ചെയ്തു.

(ഡി) ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകളിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാന വ്യാപകമായി താലൂക്ക് അടിസ്ഥാനത്തിൽ ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പുകളിലും ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓട്ടോറിക്ഷാമീറ്റർ വെരിഫിക്കേഷനായി ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്ന കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ, മങ്കര, പറളി, കേരളശ്ശേരി, കോങ്ങാട് പഞ്ചായത്തുകളിലെ ഓട്ടോറിക്ഷകൾക്കായി മണ്ണൂർ കേന്ദ്രീകരിച്ച് മീറ്റർ പുനഃപരിശോധനാ ക്യാമ്പുകളും നെന്മാറ മണ്ഡലത്തിലെ ഐലൂർ, നെല്ലിയാംപതി, എലവഞ്ചേരി, പല്ലശ്ശന, കൊല്ലംകോട് പഞ്ചായത്തുകളിലെ ഓട്ടോറിക്ഷകൾക്കായി നെന്മാറ കേന്ദ്രീകരിച്ച് മീറ്റർ പുനഃപരിശോധനാ ക്യാമ്പുകളും ആരംഭിച്ചു.

ലഹരിക്കേസുകളിലെ സ്ഥിരം പ്രതികൾക്ക് കരുതൽ തടങ്കൽ

23 (*323) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) ലഹരിക്കേസുകളിൽ തുടർച്ചയായി പ്രതികളാകുന്നവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കുമോ?

ലഹരിക്കേസുകളിൽ തുടർച്ചയായി പ്രതികളാകുന്നവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഇത്തരം പ്രതികളെ നിരീക്ഷിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. എക്സൈസ് റെയ്ഞ്ച്, സർക്കിൾ, സ്ക്വാഡ് ഓഫീസുകളിലെയും എക്സൈസ് ഇന്റലിജൻസിലെയും ഉദ്യോഗസ്ഥരുടെ സഹായത്തോടെ സ്ഥിരം കുറ്റവാളികളാകുന്നവരെ നിരന്തരമായി നിരീക്ഷിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ച് വേണ്ടനടപടികൾ സ്വീകരിക്കുന്നു. ലഹരി വില്പനക്കാരുടെയും ലഹരി കടത്തുകാരുടെയും പ്രവർത്തനങ്ങൾ കർശനമായി തടയുന്നതിന് രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായത്തോടെ രഹസ്യവിവരശേഖരണം നടത്തി റെയ്ഡുകൾ സംഘടിപ്പിക്കുന്നു. എല്ലാ സ്പെഷ്യൽ ഡ്രൈവ് കാലയളവിലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻകാലങ്ങളിൽ ലഹരി കേസുകളിൽ ഉൾപ്പെട്ടവരെ പ്രത്യേകമായി നിരീക്ഷിക്കുന്നു. പഞ്ചായത്ത്, വാർഡുതല കമ്മിറ്റികൾ രൂപീകരിച്ച് ജനങ്ങളുമായി ആശയവിനിമയം നടത്തി വിവരശേഖരണവും റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു.

(സി) ഒന്നിലേറെ കേസുകളിൽ പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ?

ഒന്നിലേറെ കേസുകളിൽ പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് നിയമ വ്യവസ്ഥയുണ്ട്. NDPS നിയമ പ്രകാരം ഒന്നിലധികം മേജർ/കൊമേഴ്സ്യൽ NDPS കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ 1988-ലെ PIT NDPS ACT-ലെ 10(1) വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) ലഹരി പദാർഥങ്ങളുടെ വ്യാപനം തടയുന്നതിനായി സ്ഥിരം കുറ്റവാളികളായവരെ കരുതൽ തടങ്കലിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

NDPS നിയമ പ്രകാരം ഒന്നിലധികം മേജർ/കൊമേഴ്സ്യൽ NDPS കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ 1988-ലെ PIT NDPS ACT ലെ 10(1) വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചുവരുന്നു. എക്സൈസ് വകുപ്പിൽനിന്നും പ്രൊപ്പോസൽ സമർപ്പിച്ചതിൻപ്രകാരം കോട്ടയം ഡിവിഷനിൽനിന്നും അഷ്കർ അഷറഫ് എന്നയാളെ 16-10-2024-ലെ സ.ഉ(സാധാ) നം.2973/2024/ആഭ്യന്തരം ഉത്തരവ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന പൊലീസിന്റെ തുടരന്വേഷണ മികവ്

24 (*324) ശ്രീ. എം. വിജിൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. എസ്. അരുൺകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ദീർഘനാളായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താൻ കഴിയാതിരുന്ന കുറ്റകൃത്യങ്ങളിൽ തുടരന്വേഷണം നടത്തി പ്രതികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ എത്തിച്ചതിലൂടെ കേരള പൊലീസ് സേനയ്ക്ക് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2016-ൽ മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ 'ലോങ് പെൻഡിങ്' (LP) ആയി മാറിയ ഗുരുതര സ്വഭാവമുള്ളവയും പ്രമാദമായതുമായ കേസുകളിൽ ഊർജിത അന്വേഷണം നടത്തി 155 പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുള്ളതും ഇതിലൂടെ 156 കേസുകൾ കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ സാധിച്ചിട്ടുള്ളതുമാണ്. കൃത്യമായ ഇടവേളകളിൽ ക്രൈം റിവ്യൂ മീറ്റിങ്ങുകൾ ചേർന്ന് നടത്തിയ അവലോകന യോഗങ്ങളുടെകൂടി ഫലമായാണ് ഇത്തരത്തിൽ കുറ്റാന്വേഷണരംഗത്ത് മികവ് തെളിയിക്കാനായത്. ഇനിയും ഇത്തരത്തിലുള്ള കേസുകളിൽ പഴുതടച്ചുള്ള അന്വേഷണം നടത്തി പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) 2016-ലെ സർക്കാർ വരുന്നതിന് മുമ്പുണ്ടായിരുന്നതും അന്വേഷണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാകാതിരുന്നതും വിവാദങ്ങൾ സൃഷ്ടിച്ചതുമായ ഏതെല്ലാം

കേസുകളാണ് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ തുടരന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2016-ലെ സർക്കാർ വരുന്നതിന് മുമ്പുണ്ടായിരുന്നതും അന്വേഷണത്തിലുമായിരുന്ന പ്രമാദമായ 15 കേസുകൾ തെളിവിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) വിവിധ കുറ്റകൃത്യങ്ങളിൽ അകപ്പെട്ടവരെയും പതിറ്റാണ്ടുകളായി ഒളിവിലായിരുന്നവരെയും കണ്ടെത്തുന്നതിലും കാലഹരണപ്പെട്ടവയെന്ന് കരുതിയ കേസുകളിലെ യഥാർഥ വസ്തുത പുറത്തുകൊണ്ടുവരുന്നതിലും പ്രസ്തുത കാലയളവിൽ പൊലീസ് കൈവരിച്ച നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 36 വർഷം പഴക്കമുള്ളതുൾപ്പെടെയുള്ള 8 കേസുകളിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. അതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

മുല്ലപ്പെരിയാർ മേൽനോട്ട സമിതി

25 (*325) ശ്രീ. എ. രാജ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിനും തമിഴ്നാടിനും സ്വീകാര്യമായ പരിഹാരമുണ്ടാക്കുന്നതിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി രൂപീകരിച്ച മുല്ലപ്പെരിയാർ മേൽനോട്ട സമിതിക്ക് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) പുതിയ മേൽനോട്ട സമിതിയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) എന്നിവരെയാണ് സമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) ആയതിനാൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് പകരം ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി)-യെ നിയോഗിക്കണമെന്ന് അഭ്യർഥിച്ച് കേന്ദ്ര ജലശക്തി മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

(സി) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന ശാശ്വതവും സൗഹാർദപരവുമായ നിലപാടുകൾ, തർക്ക വിഷയത്തിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനും പ്രായോഗിക തീരുമാനങ്ങളിൽ എത്തിച്ചേരുന്നതിനും സഹായകമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പഴയതും പുതിയതുമായ മേൽനോട്ട സമിതി യോഗങ്ങളിൽ കേരളത്തിന്റെ ആവശ്യങ്ങളും നിലപാടുകളും വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദേശ പ്രകാരം 2014-ൽ രൂപീകരിച്ച മൂന്നംഗ മുല്ലപ്പെരിയാർ മേൽനോട്ട സമിതി പിന്നീട് അഞ്ചംഗ സമിതിയായി പുനഃസംഘടിപ്പിക്കുകയും അതിനുശേഷം അഞ്ചംഗ മേൽനോട്ട

സമിതിക്ക് പകരം ദേശീയ ഡാം സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിലുള്ള പുതിയ മേൽനോട്ട സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ മേൽനോട്ട സമിതിയുടെ നിയമപരമായ സാധുത കേരളം പരിശോധിച്ചുവരികയാണ്. മേൽനോട്ട സമിതി യോഗങ്ങളിൽ കേരളം സ്വീകരിച്ച നിലപാടുകളും തർക്കവിഷയങ്ങളിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സഹായകരമായ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

- ഡാമിൽ നിലവിലുള്ള ഉപകരണങ്ങളുടെ പോരായ്മകൾ പരിഹരിച്ച് സുരക്ഷയും പ്രവർത്തനവും നിരീക്ഷിക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമാവശ്യമായ ഭൂകമ്പമാപിനികളും മറ്റ് ആധുനിക ഉപകരണങ്ങളും ഉൾപ്പെടെയുള്ള ഒരു സമഗ്രമായ ഇൻസ്ട്രുമെന്റേഷൻ പ്ലാൻ സ്ഥാപിക്കണമെന്ന് കേരളം മേൽനോട്ട സമിതിയിൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് അണക്കെട്ടിന്റെ വിവിധ സ്ഥാനങ്ങളിൽ ഭൂകമ്പമാപിനികൾ സ്ഥാപിച്ചിട്ടുണ്ട്.

- അണക്കെട്ടിന്റെ ഇൻസ്ട്രുമെന്റേഷനിൽ കേരളം ആശങ്ക ഉന്നയിച്ചതിനെത്തുടർന്ന് എൻ.ഐ.ആർ.എം. ബംഗളൂരുവിലെ വിദഗ്ധർ സ്ഥലം സന്ദർശിക്കുകയുണ്ടായി. എൻ.ഐ.ആർ.എം.-ന്റെ നിർദേശങ്ങൾക്ക് അനുസൃതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മേൽനോട്ട സമിതി യോഗത്തിൽ തമിഴ്നാട് അറിയിച്ചിട്ടുണ്ട്.

- കൂടാതെ ഡാമിന്റെ താഴെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനം മാനദണ്ഡങ്ങൾക്കനുസൃതമായി ക്രമീകരിക്കണമെന്നും ഡാമിൽ ഫ്ലഡ് വാർണിങ്

സിസ്റ്റം, അടിയന്തര കർമ്മപദ്ധതി എന്നിവ അടിയന്തരമായി തയ്യാറാക്കണമെന്നും മേൽനോട്ട സമിതിയിൽ ആവശ്യപ്പെട്ടിരുന്നു.

- ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദേശപ്രകാരവും കേരളത്തിന്റെ നിരന്തരമുള്ള ആവശ്യപ്രകാരവും മുല്ലപ്പെരിയാറിൽ സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനം മാനദണ്ഡങ്ങൾക്കനുസൃതമായി ചെയ്യുന്നതിനായി അണക്കെട്ടിൽ സംഭരിക്കാവുന്ന ജലനിരപ്പ് 136 അടി മുതൽ 142 അടി വരെ മാറിവരുന്ന നിരക്കിൽ തമിഴ്നാട് റൂൾ കർവ് രൂപപ്പെടുത്തിയിട്ടുണ്ട്.

- അണക്കെട്ടിന്റെ അടിയന്തര കർമ്മ പദ്ധതി (Upstream & Downstream) തയ്യാറാക്കുന്നതിനായി മേൽനോട്ട സമിതി തമിഴ്നാടിന് നിർദേശം നൽകിയിട്ടുണ്ട്.

- ഡാമിലേക്കുള്ള വൈദ്യുതി വിതരണം പൂർണ്ണമായും പുനഃസ്ഥാപിക്കാൻ കേരളത്തിന്റെ കൃത്യമായ ഇടപെടലുകളിലൂടെ സാധിച്ചിട്ടുണ്ട്.

- വൃഷ്ടിപ്രദേശത്തെ മഴ സംബന്ധിച്ച ഐ.എം.ഡി.-യുടെ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് പ്രവചിക്കുന്ന സംവിധാനത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ കേരളം മേൽനോട്ട സമിതിയംഗങ്ങൾക്ക് എല്ലാ ദിവസവും കൈമാറുന്നുണ്ട്.

- അണക്കെട്ടിലേക്ക് അറ്റകുറ്റപണികൾക്കായുള്ള സാധനസാമഗ്രികൾ കൊണ്ടുപോകാൻ ഉപയോഗിക്കുന്ന വള്ളക്കടവ് ഘട്ട് റോഡ് നന്നാക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടതിനെത്തുടർന്ന് ആയത് യഥാർഥ അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കുന്ന

പ്രവൃത്തിയും 2018-ലെ പ്രളയത്തിൽ ഒലിച്ചുപോയ ഘട്ട് റോഡിലെ കോസ് വെ (Causeway)- യുടെ പുനർനിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

- അണക്കെട്ടിന്റെ നിലവിലെ അവസ്ഥ വിലയിരുത്തുന്നതിന് സമഗ്ര സുരക്ഷാ അവലോകനം ഡാം വിദഗ്ധർ ഉൾപ്പെടുന്ന ഒരു നിഷ്പക്ഷ സമിതിയെക്കൊണ്ട് നടത്തേണ്ടത് അനിവാര്യമാണെന്നുള്ള കേരളത്തിന്റെ നിലപാടിനെ തുടർന്ന് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള പരിഗണനാ വിഷയങ്ങളും വിദഗ്ധരുടെ പാനലും തയ്യാറാക്കി നൽകാൻ തമിഴ്നാട് അധികൃതർക്ക് മേൽനോട്ട സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

- അണക്കെട്ടിന്റെ ബലപ്പെടുത്തൽ പ്രവൃത്തികൾ ഒഴികെയുള്ള അറ്റകുറ്റപണികൾക്കുള്ള സാധനസാമഗ്രികളും യന്ത്രങ്ങളും അണക്കെട്ടിലേക്ക് കൊണ്ടുപോകാൻ അനുമതി നൽകണമെന്നുള്ള തമിഴ്നാടിന്റെ അപേക്ഷയിന്മേൽ വിശദമായ പരിശോധനകൾക്കുശേഷം അനുമതി നൽകാറുണ്ട്.

- കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് ഡാമിന്റെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുവാനായി അണക്കെട്ടിൽനിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകാനും ജലവിതാനം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാനും തമിഴ്നാടിനോടും മേൽനോട്ട സമിതിയുടെ ചെയർമാനോടും ആവശ്യപ്പെടാറുണ്ട്.

- ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്നതിന് മുന്നോടിയായി അടിയന്തര നടപടികൾ സ്വീകരിക്കുന്നത് 24 മണിക്കൂറിനുമുമ്പ് കേരളത്തെ അറിയിക്കണമെന്നും നിയന്ത്രിതമായ അളവിൽ മാത്രം ജലം പുറത്തേക്കൊഴുക്കാനും രാത്രി കാലങ്ങളിൽ കൂടുതൽ ജലം പുറത്തേക്ക് ഒഴുക്കരുതെന്നും തമിഴ്നാടിനോടും മേൽനോട്ട സമിതിയുടെ ചെയർമാനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനോട് തമിഴ്നാട് പൊതുവെ അനുകൂല സമീപനമാണ് സമീപകാലത്ത് സ്വീകരിച്ചുവരുന്നത്.

(ഡി) ഇതുസംബന്ധിച്ച് തീർപ്പാക്കാനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഇരു സംസ്ഥാനങ്ങളുടെയും സംയുക്തയോഗം വിളിച്ചുചേർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അനന്തര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള അന്തർസംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇരു സംസ്ഥാനങ്ങളുടെയും മുഖ്യമന്ത്രിമാർ 25-09-2019-ൽ ചർച്ച നടത്തിയിട്ടുണ്ട്. തുടർന്ന് 12-12-2022-ൽ ചീഫ് സെക്രട്ടറി തലത്തിലും യോഗം നടത്തിയിട്ടുണ്ട്.

ഖരമാലിന്യ നിർമ്മാർജന സംവിധാനം

26(*326) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖരമാലിന്യ നിർമ്മാർജന സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മ സേന വാതിൽപ്പടി ശേഖരണത്തിലൂടെ മാലിന്യം ശേഖരിക്കുകയും എം.സി.എഫ്-കളിൽ അവ തരംതിരിച്ച് റീ-സൈക്ലേഴ്സ്, സിമന്റ് കമ്പനികൾ എന്നിവർക്ക് കൈമാറി നിർമ്മാർജനം ചെയ്യുന്നു. ജൈവ മാലിന്യ നിർമ്മാർജനം പ്രധാനമായും ഉറവിടമാലിന്യ സംസ്കരണത്തിലൂടെയാണ് നടത്തിവരുന്നത്. സമ്പൂർണ മാലിന്യ നിർമ്മാർജനം ലക്ഷ്യമാക്കി കമ്മ്യൂണിറ്റി/ കേന്ദ്രീകൃത പ്ലാന്റുകളും നിർമ്മിച്ചുവരുന്നു. 'മാലിന്യമുക്തം നവകേരളം' കാമ്പയിൻ ആരംഭിച്ചതിനുശേഷം കഴിഞ്ഞ ഒന്നര വർഷമായി ഒട്ടനവധി മാറ്റങ്ങളുണ്ടായി. അന്തർദേശീയ സീറോ വേസ്റ്റ് ദിനമായ മാർച്ച് 30-ന് കേരളത്തെ മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു. വാതിൽപ്പടി ശേഖരണവും യൂസർഫീ പിരിക്കലും 100 ശതമാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടത്തിവരുന്നു. നിലവിൽ വാതിൽപ്പടി ശേഖരണത്തിലടക്കം പുറകെ നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജില്ലാ അടിസ്ഥാനത്തിൽ റിവ്യൂ ചെയ്തിരുന്നു. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി വാതിൽപ്പടി ശേഖരണവും യൂസർ ഫീ പിരിക്കലും നൂറ് ശതമാനം ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു. നിലവിലുള്ള ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+. മാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള അത്യാധുനിക സജ്ജീകരണങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തി. മാലിന്യ മുക്തമാക്കുന്നതിൽ സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ, കവലകൾ തുടങ്ങിയ ഇടങ്ങളിൽ വലിയമാറ്റങ്ങൾ ഇതിനോടകമുണ്ടായി. ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉറവിട മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സെന്ററുകൾ തുടങ്ങി പ്രതിദിനം 100 കിലോഗ്രാമിൽ കൂടുതൽ മാലിന്യം ഉൽപാദിപ്പിക്കപ്പെടുന്ന (ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ്) എല്ലായിടങ്ങളിലും സ്വന്തം നിലയിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദേശിക്കുന്ന പ്രകാരമോ അവരുടെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഉത്തരവാകുകയും അത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഖരമാലിന്യ പരിപാലന ചട്ടം 2016 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുന്നതിനും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനും പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ/വിജിലൻസ് സ്ക്വാഡുകൾ എന്നിവ തദ്ദേശസ്ഥാപന തലത്തിലും, IVO സ്ക്വാഡുകൾ ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ തലത്തിലും പ്രവർത്തിച്ചുവരുന്നു. പൊതു ഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യനിക്ഷേപം നടത്തുന്നതിനെതിരെ 2024-ൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി പ്രകാരം നിയമം കർശനമാക്കുകയും അതുപ്രകാരം നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനാവശ്യമായ ഐ.ഇ.സി. പ്രവർത്തനങ്ങളും കുടുംബശ്രീ, സ്വയംസഹായ

സംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ബദൽ ഉൽപന്ന മേളകളും സംഘടിപ്പിച്ചു. പൊതു ഇടങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മാലിന്യം വലിച്ചെറിയുന്നതിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി 2025 ജനുവരി 1 മുതൽ 7 വരെ വലിച്ചെറിയൽമുക്ത വാരം സംഘടിപ്പിക്കുകയും വിദ്യാർഥികൾ, സന്നദ്ധ സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, വിവിധ ഏജൻസികൾ എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസുകൾ, മറ്റ് ഐ.ഇ.സി. പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചു. വിവിധ ജില്ലകളിലായുള്ള ഡംപ് സൈറ്റുകളിലെ ലെഗസി മാലിന്യം നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ബയോമൈനിങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. മാലിന്യരഹിതമായ ഹരിത അയൽക്കൂട്ടം, ഹരിത ടൗണുകൾ, ഹരിത വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഹരിത ഓഫീസുകൾ, ഹരിത പൊതു സ്ഥലം, ഹരിത മാർക്കറ്റ്, ഹരിത വിദ്യാലയങ്ങൾ എന്നിവയും നൂറ് ശതമാനം പൂർണ്ണതയിലേക്ക് എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യമുക്തം നവകേരളം സംബന്ധിച്ച ഇതുവരെയുള്ള നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്ലാസ്റ്റിക്കും ഇ-മാലിന്യങ്ങളും പുനരുപയോഗിക്കാനും സംസ്കരിക്കാനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പ്ലാസ്റ്റിക്കും ഇ-മാലിന്യങ്ങളും ഹരിത കർമ്മസേനവഴി ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്./ ആർ.ആർ.എഫ്.-കളിൽ എത്തിച്ച് അവയുടെ രണ്ടാം തരംതിരിവ് നടത്തി അവയുടെ മൂല്യത്തിനനുസരിച്ച് ക്ലീൻ കേരള കമ്പനി മുഖേനയോ അംഗീകൃത പ്രൈവറ്റ് ഏജൻസി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേനയോ പുനരുപയോഗത്തിനായോ പുന:ചംക്രമണത്തിനായോ കൈമാറിവരുന്നു. പുന:ചംക്രമണത്തിന് സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിലെ ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിനായി കൈമാറുന്നു.

(സി) മാലിന്യങ്ങൾ ഫലപ്രദമായി തരം തിരിക്കാത്തതിനാൽ അത് ചീഞ്ഞ് രോഗങ്ങൾക്ക് കാരണമാകുമെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാലിന്യങ്ങൾ ഫലപ്രദമായി തരംതിരിക്കാത്തതുമൂലമുണ്ടാകുന്ന അനാരോഗ്യകരമായ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഗാർഹികതലത്തിലും സ്ഥാപനതലത്തിലും ഉൽപാദിപ്പിക്കുന്ന മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും നിരത്തുകളിലുമെത്താതെ ഉറവിടത്തിൽതന്നെ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ബയോബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വിതരണം ചെയ്തുവരുന്നു. കൂടാതെ തുമ്പൂർമുഴി പ്ലാന്റുകൾ, എയ്റോബിക് കമ്പോസ്റ്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ പ്ലാന്റുകൾ, ബയോ ശക്തി പ്ലാന്റുകൾ, ഡീ വാട്സ് പ്ലാന്റുകൾ മുതലായവ കമ്മ്യൂണിറ്റി തലത്തിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിച്ചുവരുന്നു.

(ഡി) ഖരമാലിന്യ നിർമ്മാർജന സംവിധാനം പുനരവലോകനം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ഖര-മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു. ആയത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സർക്കാർ തലത്തിൽ കൃത്യമായ അവലോകനം നടന്നുവരുന്നു.

സ്കൂൾ പരിസരത്തെ ലഹരി വിൽപന തടയാൻ നടപടി

27 (*327) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ സമീപത്തുള്ള കടകളിൽ മിഠായിയിലും ഐസ്ക്രീമിലും അടക്കം ലഹരി കലർത്തി വിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മിഠായിയിലും ഐസ്ക്രീമിലും ലഹരി കലർത്തി വിൽക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെല്ലിക്കോട് വില്ലേജിൽ പൊറ്റമ്മൽ-പാലാഴി റോഡിൽ പൊറ്റമ്മൽ ജങ്ഷന് സമീപം പെട്ടിക്കട നടത്തുന്ന ഉത്തർപ്രദേശ് സ്വദേശി ആകാശ് സോൻവറെ കഞ്ചാവ് അടങ്ങിയ 96.8 ഗ്രാം മിഠായി കച്ചവടം ചെയ്യാനായി സൂക്ഷിച്ചിരുന്നത് പിടിച്ചെടുത്ത് ടിയാന്റെ പേരിൽ 20 (b) II (A) of NDPS Act 1985 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോട്ടയം ഡിവിഷനിൽ ഒരു പൊലീസ് കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ

ചെയ്തിട്ടില്ലായെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രവണതകൾ തടയുന്നതിന് സ്കൂളുകളുടെ സമീപത്തുള്ള കടകളിൽ ലഹരി പദാർഥങ്ങൾ വിൽക്കാതിരിക്കുന്നതിന് ആവശ്യമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. മുൻകാലങ്ങളിൽ പരാതിയുണ്ടായിരുന്ന കടകൾ പ്രത്യേകം നിരീക്ഷിക്കുകയും അത്തരം കടകളിൽ നിരന്തരം പരിശോധനകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ തുടർച്ചയായി ലഹരി വസ്തുകൾ വില്പന നടത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വ്യാപനം തടയുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തിയ ജനജാഗ്രത സമിതികൾ എല്ലാ സ്കൂളുകളിലും പ്രവർത്തിച്ചുവരുന്നു.

(ബി) കോട്ടയത്ത് നാല് വയസ്സുകാരൻ സ്കൂളിൽനിന്നും കഴിച്ച ചോക്ലേറ്റിൽ ലഹരിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്ത ഉടൻതന്നെ കോട്ടയം എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ടി സ്കൂളിലും പരിസരങ്ങളിലും കുട്ടിയുടെ താമസസ്ഥലത്തും അന്വേഷണം നടത്തിയിരുന്നു. കുട്ടി അന്നേ ദിവസം അബാക്കസിന്റെ ക്ലാസിൽ പോയിരുന്നുവെന്നും അവിടെവച്ച് ഡയറി മിൽക്ക് മിഠായി കഴിച്ചതായും അന്വേഷണത്തിൽ കണ്ടെത്തി. ടി മിഠായി കൂടാതെ ചോറ്, ചിക്കൻ, തൈര്, ഓറിയോ ബിസ്കറ്റ് എന്നിവ അന്നേ ദിവസം കുട്ടി കഴിച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞു. ലാബ് റിപ്പോർട്ട് പരിശോധിച്ചതിൽ,

കുട്ടിയുടെ മൂത്ര സാമ്പിളിൽ Benzodiazepine Compound പോസിറ്റീവ് ആയി കാണപ്പെട്ടിരുന്നു. അന്നേ ദിവസം കുട്ടിയുടെ സഹപാഠിയും പ്രസ്തുത മിഠായിയുടെ പങ്ക് കഴിച്ചിട്ടുണ്ടെന്നും, എന്നാൽ സഹപാഠിയായ കുട്ടിക്ക് യാതൊരുവിധ ശാരീരിക ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടിട്ടില്ലെന്നും അറിയാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് നിലവിൽ പൊലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സ്കൂൾ പരിസരങ്ങളിൽ നിരീക്ഷണം കൂടുതൽ ശക്തമാക്കുകയും പൊലീസ്, ആരോഗ്യം, ഭക്ഷ്യ വകുപ്പുകളുമായിച്ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട മുൻകരുതലുകൾ എടുക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

(സി) മെഡിക്കൽ സ്റ്റോറുകളിൽനിന്നും സിന്തറ്റിക്ക് ഡ്രഗ്സിന് സമാനമായ മരുന്നുകൾ കുട്ടികൾ വാങ്ങുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് തടയാൻ ആരോഗ്യ വകുപ്പുമായി ചേർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

മെഡിക്കൽ സ്റ്റോറുകളിൽനിന്നും സിന്തറ്റിക്ക് ഡ്രഗ്സിന് സമാനമായ മരുന്നുകൾ കുട്ടികൾ നേരിട്ട് വാങ്ങിയതായി നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ സിന്തറ്റിക്ക് ഡ്രഗ്സ് കുട്ടികളിൽ എത്തിപ്പെടുന്നത് അതീവ ഗൗരവത്തോടെയാണ് എക്സൈസ് വകുപ്പ് കാണുന്നത്. ആരോഗ്യ വകുപ്പുമായി ചേർന്ന് എല്ലാ റേഞ്ച് തലത്തിലും സർക്കിൾ തലത്തിലും സ്കൂൾ പരിസരത്തെ കടകളിലും ഒഴിഞ്ഞ പ്രദേശങ്ങളിലും കൃത്യമായ ഇടവേളകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗവുമായി ബന്ധപ്പെട്ട അപകട സാധ്യതകളെക്കുറിച്ചും മരുന്നുകളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികൾക്കും

കൗമാരക്കാർക്കും കൗൺസിലിങ്ങും ബോധവൽക്കരണവും നൽകുക, വിമുക്തിയുമായി ബന്ധപ്പെട്ട് പരാതികൾ നൽകുന്ന 'നേർവഴി'-യുടെ നമ്പർ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ പ്രചാരണം നടത്തുക, ദുരുപയോഗം ചെയ്തേക്കാവുന്ന സിന്തറ്റിക്ക് ഡ്രഗ്സിന് സമാനമായ മരുന്നുകൾ വാങ്ങുന്നതിന് കർശനമായ പ്രായപരിധിയും പരിശോധനാ നടപടിക്രമവും നടപ്പാക്കുക, മരുന്നുകളുടെ പർച്ചേസ് വിവരങ്ങൾ, മരുന്ന് വാങ്ങുന്നയാളുടെ വിവരങ്ങൾ (ആധാർ/തിരിച്ചറിയൽ രേഖ), പ്രിസ്ക്രിപ്ഷൻ എന്നിവ ഓൺലൈനായി രേഖപ്പെടുത്താൻ കഴിയുന്ന ഡിജിറ്റൽ മാർഗങ്ങൾ ഓരോ മരുന്ന് വിതരണ കേന്ദ്രങ്ങളിലും സ്ഥാപിച്ച് ഇത്തരം മരുന്നുകളുടെ ക്രയവിക്രയം കണ്ടെത്തുക, മെഡിക്കൽ സ്റ്റോറുകൾക്കും ഫാർമസികൾക്കും നിയന്ത്രിത വസ്തുക്കളുടെ വില്പനയെക്കുറിച്ച് വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുക എന്നീ കാര്യങ്ങൾ ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പാക്കാൻ എക്സൈസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

സർക്കാർ സർവീസിലെ അഴിമതി നിർമ്മാർജനം

28(*328) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കുന്നതിന് വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ തയ്യാറാക്കിയ പട്ടികയുടെ വിശദാംശം നൽകുമോ;

(ബി) പട്ടികയിൽ ഉൾപ്പെട്ടവരെ നിരന്തരം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം വിലയിരുത്തപ്പെടുമ്പോഴും എല്ലാ തലത്തിലുമുള്ള അഴിമതിയും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും എന്നതാണ് സർക്കാരിന്റെ സമീപനം. വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്കിടയിൽനിന്നും തുടർച്ചയായി വിജിലൻസിന് പരാതികൾ ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ പ്രത്യേകമായി നിരീക്ഷിച്ചുവരുന്നു. ഇത്തരത്തിൽ നിരീക്ഷണത്തിലുള്ള ഉദ്യോഗസ്ഥർ തുടർന്നും അഴിമതികൾ നടത്തുന്നതായുള്ള പരാതികൾ ലഭിക്കുന്നപക്ഷം അത്തരം പരാതികളെ കൂടുതൽ ഗൗരവത്തോടെ കാണുകയും വിവരങ്ങൾ സൂക്ഷിക്കുന്നതിനായി 'Suspect Officer Service Sheet' സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിരീക്ഷണത്തിലുള്ള ഉദ്യോഗസ്ഥൻ തുടർ അഴിമതി നടത്തുന്നതായി വെളിപ്പെടുന്നപക്ഷം ട്രാപ്പ് അടക്കമുള്ള അഴിമതി നിരോധന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

'ആരോഗ്യം ആനന്ദം–അകറ്റാം അർബുദം'

29 (*329) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) 'ആർദ്രം ആരോഗ്യം' ജനകീയ കാമ്പയിന്റെ ഭാഗമായി നടത്തിയ സ്ക്രീനിങ്ങിൽ ഏകദേശം പതിനൊന്ന് ലക്ഷത്തോളം പേർക്ക് കാൻസർ സാധ്യത കണ്ടെത്തിയിട്ടുണ്ടോ; രോഗസാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞ ശേഷവും തുടർപരിശോധനയ്ക്കും ചികിത്സയ്ക്കും ഭൂരിഭാഗം ആളുകളും തയ്യാറാകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കാൻസർ രോഗം പ്രാരംഭത്തിലെ കണ്ടെത്തുന്നതിനായി സംസ്ഥാന തലത്തിൽ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' കാൻസർ സ്ക്രീനിങ് കാമ്പയിന് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഫെബ്രുവരി 4-ന് തുടക്കം കുറിച്ചിട്ടുണ്ട്. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന കാൻസർ സ്ക്രീനിങ് പരിപാടിയാണ് ആരോഗ്യം ആനന്ദം-അകറ്റാം അർബുദം. ആദ്യ ഘട്ടത്തിൽ സ്ത്രീകളിലെ സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിൽ സ്ക്രീനിങ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ആരോഗ്യം ആനന്ദം-അകറ്റാം അർബുദം കാമ്പയിനിലൂടെ 12.90 ലക്ഷത്തിലധികം ആളുകളെ അർബുദ നിർണ്ണയത്തിനായി സ്ക്രീനിങ് ചെയ്തിട്ടുണ്ട്. അതിൽ 11.50 ലക്ഷം ആളുകളെ സ്തനാർബുദത്തിനായി സ്ക്രീൻ ചെയ്തതിൽ 22000-ത്തോളം പേരെ തുടർ പരിശോധനയ്ക്കായി റഫർ ചെയ്തിട്ടുണ്ട്. 923000-ത്തോളം പേരെ ഗർഭാശയഗള കാൻസറിനായി സ്ക്രീൻ ചെയ്തതിൽ 25223 പേരെ തുടർ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്. 8 ലക്ഷത്തോളം പേരെ വായിലെ കാൻസറിനായി സ്ക്രീൻ ചെയ്തതിൽ 2740 പേരെ തുടർ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.തുടർപരിശോധനകൾക്കായി റഫർ ചെയ്യപ്പെടുന്നവർ കൃത്യമായി പരിശോധനകൾക്ക് വിധേയമാകുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പിൽ പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ട്. ത്രിതീയ

തലത്തിലെ പരിശോധനകൾ റീജിയണൽ കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ നടത്തി വരുന്നുണ്ട്. അതിലേക്ക് ആവശ്യമായിവരുന്ന അപ്പോയിന്റ്മെന്റുകൾ മെഡിക്കൽ കോളേജുകളിൽനിന്നും മറ്റ് ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നുണ്ട്. കാൻസർ സ്ക്രീനിങ്ങിൽ രോഗം സംശയിക്കുന്നവർക്ക് തുടർ പരിശോധനകൾക്കായി ഹയർ സെന്ററുകളിലേക്ക് റഫർ ചെയ്യുന്നു. ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ത്രിതീയതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ മാമോഗ്രാം, അൾട്രാസൗണ്ട് സ്കാൻ, പാപ്സ്മിയർ, കോൾപോസ്കോപ്പി, FNAC, ബയോപ്സി മുതലായ സൗകര്യങ്ങളും തുടർപരിശോധനകൾക്കായി ഒരുക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെയും ഈ പരിപാടിയുടെ ഭാഗമാക്കിയിട്ടുണ്ട്. ഇതിലൂടെ രോഗം സ്ഥിരീകരിക്കുന്നവരെ കാൻസർ രോഗ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകൾ, ത്രിതീയതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിലേക്ക് റഫർ ചെയ്ത് ചികിത്സ ഉറപ്പാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക കോർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. റേഡിയോതെറാപ്പി, ജനറൽ സർജറി, ഗൈനക്കോളജി, റേഡിയോ ഡയഗ്നോസിസ്, പത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ വകുപ്പ് തലവൻമാർ കമ്മിറ്റിയിൽ മെമ്പർമാരാണ്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. പ്രതിദിന അവലോകനം മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്നുണ്ട്. അതോടൊപ്പംതന്നെ 'ശൈലി' സോഫ്റ്റ്വെയറിലൂടെ രോഗ സാധ്യതയുള്ളവരെ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ സ്ക്രീനിങ്ങിന് വിധേയമാക്കാൻ

ആശാ പ്രവർത്തകർക്ക് നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ പലരും സ്ക്രീനിങ്ങിന് വിധേയമാകാത്തത് പലപ്പോഴും രോഗഭീതി കൊണ്ടാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അതിനൊരു മാറ്റം വരുത്താൻ ബോധവൽക്കരണവും മുൻകൂർ രോഗനിർണ്ണയത്തിന്റെ പ്രസക്തിയും ജനങ്ങളിലേക്ക് എത്തിക്കാനുള്ള നടപടിയുടെ ഭാഗമായി 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന കാമ്പയിന് തുടക്കമിട്ടത്. ഈ വിധത്തിൽ ഒരു മാസത്തിനുള്ളിൽ 12 ലക്ഷത്തോളം സ്ത്രീകൾ സ്ക്രീനിങ്ങിന് വിധേയമായിട്ടുള്ളതായും ഇതിൽനിന്നും പ്രേരണ ഉൾക്കൊണ്ട് സ്ക്രീനിങ് കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാൻ ബോധവൽക്കരണ പരിപാടികളും ആശുപത്രികളിലെ ജീവിത ശൈലീ ക്ലിനിക്കുകളിൽ കാൻസർ സ്ക്രീനിങ് ക്ലിനിക്കുകൂടി ഉൾപ്പെടുത്തി വിപുലീകരിക്കാനും പദ്ധതിയിടുന്നു.

(ബി) 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ കാമ്പയിന്റെ ഭാഗമായി ഒരു വർഷം കൊണ്ടുതന്നെ സംസ്ഥാനത്ത് മുഴുവൻ ജനങ്ങളുടെയും കാൻസർ രോഗസാധ്യത കണ്ടെത്തുന്നതിനും ആരംഭഘട്ടത്തിൽതന്നെ മികച്ച ചികിത്സ ഉറപ്പാക്കുന്നതിനും കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

'ആരോഗ്യം ആനന്ദം-അകറ്റാം-അർബുദം' കാമ്പയിൻ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടിയായിട്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ ആദ്യഘട്ടത്തിൽ ഗർഭാശയഗള കാൻസർ, സ്തനാർബുദം എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. അതിനുശേഷം വരുന്ന എല്ലാ മാസങ്ങളിലും ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റി മാർഗരേഖയുണ്ടാക്കി മറ്റ് കാൻസറുകൾ കൂടി പ്രാരംഭദശയിൽതന്നെ കണ്ടെത്തി ചികിത്സിക്കാനാണ് ഉദ്ദേശിക്കുന്നത്. ശൈലി ആപ്പിലൂടെ കണ്ടെത്തിയിട്ടുള്ള അർബുദം വരാൻ

സാധ്യതയുള്ള എല്ലാവരെയും കാൻസർ സ്ക്രീനിങ്ങിനായി എത്തിക്കുകയും അവർക്ക് ആവശ്യമായ മറ്റ് പരിശോധനകൾ നടത്തുന്നതിനും ലക്ഷ്യമിടുന്നു. ഈ കാമ്പയിനിലൂടെ അർബുദത്തെപ്പറ്റി പൊതുജനങ്ങൾക്കിടയിലെ തെറ്റിദ്ധാരണ മാറ്റാനും രോഗത്തോടുള്ള ഭയം ഒഴിവാക്കാനും രോഗം ആരംഭദശയിൽ കണ്ടെത്തിയാൽ പൂർണ്ണമായും ചികിത്സ നൽകാൻ സാധിക്കുമെന്ന സന്ദേശം എത്തിക്കാനും ഉദ്ദേശിക്കുന്നുണ്ട്. കാമ്പയിന്റെ ആദ്യത്തെ ഒരു മാസക്കാല പ്രവർത്തനങ്ങൾ ഈ പരിപാടിക്ക് ജനങ്ങൾക്കിടയിൽ വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ, പൊതുജന കൂട്ടായ്മകൾ, എൻ.ജി.ഒ.-കൾ എന്നിവയുടെ സഹായത്തോടുകൂടി ക്യാമ്പുകൾ സംഘടിപ്പിക്കാനും സാധിച്ചിട്ടുണ്ട്. എല്ലാതരം കാൻസർ രോഗങ്ങളെയും പ്രാരംഭദശയിൽ കണ്ടെത്തുന്നതിനായി കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന സംസ്ഥാന സർക്കാരിന്റെ ജനകീയ കാമ്പയിനിലൂടെ ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ സംസ്ഥാനത്ത് 1500-ൽ പരം ആരോഗ്യ കേന്ദ്രങ്ങൾ മുഖേന നടന്ന ഒന്നാംഘട്ട സ്ക്രീനിങ്ങിൽ ഏതാണ്ട് 12 ലക്ഷത്തോളം സ്ത്രീകൾ പങ്കെടുത്തതായി കാണുന്നു. ഈ കാമ്പയിൻ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ഈ പദ്ധതിയുടെ കീഴിൽ സ്ക്രീനിങ്ങിനും രോഗനിർണ്ണയത്തിനും വിവിധ തട്ടിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകിയിരുന്നു. കൂടാതെ രോഗ ലക്ഷണം സംശയിക്കുന്ന വ്യക്തികൾക്ക്/രോഗികൾക്ക് തുടർപരിശോധനയും ചികിത്സയും ലഭ്യമാകുന്നതിനുള്ള റഫറൻസ് സംവിധാനത്തിനുള്ള പ്രോട്ടോക്കോളുകളും നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെയും ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ കീഴിലുള്ള മെഡിക്കൽ

കോളേജുകളുടെയും അപ്പക്സ് കാൻസർ സെന്ററുകളുടെയും പ്രവർത്തനങ്ങൾ ഇതിന് സഹായകമായിട്ടുണ്ട്. ഓരോ ജില്ലയിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ക്രമീകരിക്കുന്നതിനും അതത് ജില്ലകളുടെ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരുടെയും മേൽനോട്ടത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽനിന്നും പ്രേരണ ഉൾക്കൊണ്ട് ഈ കാമ്പയിനിന്റെ രണ്ടാം ഘട്ടത്തിൽ പ്രവർത്തന പരിപാടികൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകാനാണ് ലക്ഷ്യമിടുന്നത്. പാവപ്പെട്ടവർക്ക് സ്തനാർബുദ നിർണ്ണയത്തിനുള്ള മാമോഗ്രാം സൗജന്യമായി നടപ്പാക്കാൻ മെഡിക്കൽ കോളേജുകൾക്കും കാൻസർ സെന്ററുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. ഈ കാമ്പയിനിലൂടെ രോഗം നിർണ്ണയിച്ചവർക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ ചികിത്സ തുടങ്ങാനും ചികിത്സാ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ കാമ്പയിനിന്റെ ഭാഗമായി മലബാർ കാൻസർ സെന്ററിൽ സ്ക്രീനിങ് ഡെസ്ക് ആരംഭിക്കുകയും 04-02-2025 മുതൽ 08-03-2025 വരെ നീണ്ടുനിന്ന ഈ കാമ്പയിനിന്റെ ഭാഗമായി എം.സി.സി.-യിൽ ആകെ 202 പേർ സ്ക്രീനിങ്ങിന് വിധേയമായി. ഇതിൽ രോഗ നിർണ്ണയം നടത്തിയ 7 പേർ എം.സി.സി.-യിൽ ചികിത്സ ആരംഭിച്ചിട്ടുണ്ട്.

(സി) കാൻസർ ചികിത്സയ്ക്കായി നൂതന ചികിത്സാ-ഗവേഷണ സംവിധാനങ്ങളൊരുക്കുന്ന കാര്യത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാൻസർ ചികിത്സാരംഗത്ത്

അതിനൂതനമായ ഒട്ടനവധി ചികിത്സാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കാൻസർ രോഗ നിർണ്ണയത്തിന്റെ ഭാഗമായി പ്രാഥമികതലത്തിലുള്ള എല്ലാ ആശുപത്രികളിലും ഗർഭാശയഗളാർബുദം, വദനാർബുദം, സ്തനാർബുദം എന്നിവ കണ്ടെത്തുന്നതിനുള്ള പ്രാരംഭ പരിശോധന ക്ലിനിക്കുകൾ, വികേന്ദ്രീകൃത കാൻസർ ചികിത്സയുടെ ഭാഗമായി 25 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സംവിധാനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. "ആരോഗ്യം ആനന്ദം - അകറ്റാം അർബുദം" എന്ന ബൃഹത് കാൻസർ നിർണ്ണയ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയതിലൂടെ ഒരു മാസകാലയളവിൽ ഏകദേശം 12 ലക്ഷത്തോളം പേർക്ക് കാൻസർ സ്ക്രീനിങ് നടപ്പാക്കുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുവേണ്ടി മാത്രമായി നടത്തിയ കാമ്പയിനിൽ 45000-ഓളം പേരെ കാൻസർ സ്ഥിരീകരണത്തിനായി വിവിധ പരിശോധനകൾക്കായി റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാൻസറിനെക്കുറിച്ചുള്ള ഗവേഷണം റീജിയണൽ കാൻസർ സെന്ററുകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളും വഴിയാണ് നടപ്പാക്കേണ്ടത്. ഇത്തരത്തിൽ വിവിധ മെഡിക്കൽ കോളേജുകളിൽ കാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിങ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി മുതലായ അത്യാധുനിക സൗകര്യങ്ങൾ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ, റേഡിയേഷൻ ചികിത്സ എന്നിവയും കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി. സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3DCRT, IMRT, Arc therapy എന്നിവ നൽകി വരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 2022-ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചുകൊണ്ട് സർജിക്കൽ ഓങ്കോളജിയും മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക കാൻസർ ശസ്ത്രക്രിയകൾ നടത്തിവരുന്നു. BMT ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇവിടെ ഒ.പി./ഐ.പി. വിഭാഗങ്ങളും റഫറൽ സിസ്റ്റവും നന്നായി പ്രവർത്തിച്ചുവരുന്നു. കാൻസർ ഗവേഷണ രംഗത്ത് KMR, SBMR, State- Central സംയുക്ത പ്രോജക്ടുകളും നടന്നുവരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ രണ്ട് ഡോക്ടർമാരും അഡ്വാൻസ്ഡ് ലാപ്രോസ്കോപ്പിക്, തൊറാക്കോസ്കോപ്പിക് എന്നീ ശസ്ത്രക്രിയകളിൽ പരിശീലനമുള്ളവരാണ്. അഡ്വാൻസ്ഡ് ഉപകരണങ്ങൾ വാങ്ങാനായി പ്ലാൻ ഫണ്ടിൽനിന്നും 5.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ലഭ്യമായാൽ നിലവിൽ സ്വകാര്യ ആശുപത്രികളിലും ആർ.സി.സി.-യിലും ചെയ്യുന്ന ആധുനിക ഓങ്കോളജി ശസ്ത്രക്രിയകളും നെഞ്ചുരോഗാശുപത്രി, തൃശ്ശൂരിൽ ചെയ്യാൻ സാധിക്കും.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല കാൻസർ സെന്റർ നിലവിൽവന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ രോഗ വിഭാഗത്തിൽ പുതുതായി

മെഡിക്കൽ ഓങ്കോളജി തസ്തിക അനുവദിക്കുകയും നൂതന ലീനിയർ ആക്സിലറേറ്റർ പ്രവർത്തിച്ചുവരികയുമാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ സംബന്ധമായ ഗവേഷണങ്ങൾ അധ്യാപകരും പി.ജി. വിദ്യാർഥികളും നടത്തി വരുന്നുണ്ട്. അതോടൊപ്പംതന്നെ ചില മെഡിക്കൽ കോളേജുകളിൽ ICMR സഹായത്തോടെ കാൻസർ ഗവേഷണവും നടക്കുന്നുണ്ട്. ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർ ദേശീയ നിലവാരമുള്ള ജേർണലുകളിൽ പ്രസിദ്ധീകരിക്കുന്നുമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് ഓങ്കോളജി 2022-ൽ മെഡിക്കൽ കോളേജിൽ ആരംഭിച്ചു. അതിനൂതനമായ റേഡിയേഷൻ ചികിത്സാ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Simulator (2024), Treatment Planning System എന്നിവ High Precision, State of the Art റേഡിയേഷൻ ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ഈ സംവിധാനങ്ങൾ വഴി നൂതന റേഡിയേഷൻ ചികിത്സാരീതികളായ 3DCRT, IMRT, Arc Therapy എന്നിവ നൽകുന്നു. ഈ ചികിത്സാ രീതികൾ സർക്കാർ സ്കീമുകളായ KASP, KBF, MEDISEP, ESI എന്നിവയിൽകൂടി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു. ഈ സ്കീമുകൾ വഴി വിലയേറിയ കാൻസർ മരുന്നുകൾ സൗജന്യമായും നൽകുന്നു.

മലബാർ കാൻസർ സെന്റർ - PGIOSR-ൽ ചുവടെപ്പറയുന്ന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു.

പുതുതായി നിർമ്മിച്ച ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്- SPECT CT സ്കാൻ, റേഡിയോ ന്യൂക്ലിഡ് തെറാപ്പി യൂണിറ്റ്, PET-CT സ്കാനർ എന്നിവയുള്ള ന്യൂക്ലിയർ മെഡിസിൻ വകുപ്പ് പ്രവർത്തനക്ഷമമാണ്. ഫോറസ്റ്റ് എഫ്-18 പി.എസ്.എം.എ. സ്കാൻ കേരളത്തിൽ ആദ്യമായി സ്ഥാപിച്ചു.

കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സാ വിഭാഗമായ ഒക്യൂലർ ഓങ്കോളജി ആരംഭിച്ചു. ആദ്യത്തെ ഇൻട്രാ അർറ്റീരിയൽ കീമോതെറാപ്പി നടത്തി. 5-ഓളം പ്രൊസീജ്യറുകൾ ഇതുവരെ വിജയകരമായി ചെയ്യാൻ സാധിച്ചു.

രോഗബാധിത കോശങ്ങളെ സംഭരിച്ച് ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കാനുള്ള ബയോ ബാങ്ക് സംവിധാനം 05-05-2021-ന് ആരംഭിച്ചു. ഏകദേശം 3000-ൽ അധികം സാമ്പിളുകൾ ഇതുവഴി ശേഖരിക്കാൻ സാധിച്ചിട്ടുണ്ട്.

എല്ലാ ലബോറട്ടറികൾക്കും NABL അക്രഡിറ്റേഷനും NABH റീ-അക്രഡിറ്റേഷനും ലഭിച്ചു.

റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി താക്കോൽ ദ്വാര ശസ്ത്രക്രിയ രീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യാൻ സാധിക്കുന്ന റോബോട്ടിക് ശസ്ത്രക്രിയകൾ 28-05-2024-ന് ആരംഭിച്ചു. ഇതുവരെ 124 റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി.

കുട്ടികളുടെ മജ്ജമാറ്റിവയ്ക്കൽ 35 അടക്കം, 257-ൽ അധികം മജ്ജ മാറ്റിവയ്ക്കൽ ചികിത്സ വിജയകരമായി പൂർത്തീകരിക്കുകയുണ്ടായി. കുട്ടികളിലെ താലസീമിയയ്ക്കുള്ള മജ്ജ മാറ്റിവയ്ക്കൽ 18-01-2024-ന് ആരംഭിച്ചു.

റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 3 Tesla MRI, Dexa Scan, Galium Generator എന്നിവ ഉപയോഗിച്ചുള്ള രോഗ നിർണ്ണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. NABH-ഡിജിറ്റൽ ഹെൽത്ത് സ്റ്റാൻഡേർഡ് അക്രഡിറ്റഡ് - സിൽവർലെവൽ അംഗീകാരം ലഭിച്ചു.

കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചികിത്സാ രീതിയായ CAR-T സെൽ തെറാപ്പി 19-07-2024-ന് പ്രവർത്തനമാരംഭിച്ചു. ഇതുവരെയായി 3 CAR-T സെൽ തെറാപ്പി ചെയ്യുകഴിഞ്ഞു.

കിഫ്ബി ഫേസ്-1 പദ്ധതിയിൽ ഉൾപ്പെടുത്തി 4 നിലകളോടുകൂടിയ കെട്ടിട സമുച്ചയം- ട്രീറ്റ്മെന്റ് ആൻഡ് അക്കാഡമിക് ബ്ലോക്ക്-84 ബെഡ്ഡുകളോടുകൂടിയ കീമോ തെറാപ്പി വാർഡ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂഷൻ ഉയർത്തുന്നതിന്റെ ഭാഗമായി റേഡിയേഷൻ, സർജിക്കൽ, മെഡിക്കൽ ഓങ്കോളജി വിഭാഗങ്ങളും ഗവേഷണ സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നവീകരിച്ച ബ്ലഡ്ബാങ്ക്, ബയോകെമിസ്ട്രി ലാബ്, മൈക്രോ-ബയോളജി ലാബ് എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനുള്ള കെട്ടിടവും ഒരുങ്ങിയിട്ടുണ്ട്.

മലബാർ കാൻസർ സെന്റർ ഇന്നവേഷൻ ഇൻകുബേഷൻ നെസ്റ്റ് (MIINT) പ്രവർത്തനമാരംഭിച്ചു. മലബാർ കാൻസർ സെന്ററിന്റെ ഇൻകുബേഷൻ ഫെസിലിറ്റിയായ MIINT-ൽ നിലവിൽ മൂന്ന് സ്റ്റാർട്ടപ്പ് കമ്പനികൾ ഇൻകുബേറ്റുകളായുണ്ട്. നാലാമത്തെ സ്റ്റാർട്ടപ്പ് കമ്പനിയുടെ ഇൻകുബേഷൻ നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഫെബ്രുവരി മാസം 15-ാം തീയതി MIINT-ന്റെ നേതൃത്വത്തിൽ നടന്ന ഹാക്കത്തോൺ പരിപാടിയിൽ മെഡിക്കൽ പ്രാക്ടീസ് മേഖലയിൽ ആവശ്യകരമായ 50-ൽപ്പരം പ്രശ്ന പ്രസ്താവനകൾ അവതരിപ്പിക്കപ്പെടുകയും അവയുടെ ശാസ്ത്രീയവും വാണിജ്യപരവുമായ സാധ്യതകളെ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ IIT മദ്രാസ്, NIT കോഴിക്കോട്, വിവിധ എഞ്ചിനീയറിങ് കോളേജുകൾ എന്നിവിടങ്ങളിലെ വിദ്യാർഥികളും സ്റ്റാർട്ടപ്പ് കമ്പനികളും പങ്കെടുത്തു. ഹാക്കത്തോണിൽനിന്നും കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി വിഷയ വിദഗ്ധർ അടങ്ങുന്ന ഗ്രൂപ്പുകളും രൂപീകരിച്ചു. കേരളത്തിലെ കാൻസർ കേസുകളുടെ ഗണ്യമായ വർധനവിന് അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായ ഇടപെടലുകൾ വികസിപ്പിക്കുന്നതിനും മലബാർ കാൻസർ സെന്ററിൽ വിവിധങ്ങളായ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ ബ്രസ്റ്റ് കാൻസറിന്റെ പാരമ്പര്യ ജനിതക പ്രത്യേകതകൾ മനസ്സിലാക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ വളരെ ഊർജിതമായി നടന്നുവരുന്നു. ബ്രസ്റ്റ് ഡിസീസ് പോലുള്ള ഉന്നതമായ ജേർണലുകളിൽ ഈ പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ വായിലെ കാൻസറിനെക്കുറിച്ചുള്ള പഠനം ICMR സാമ്പത്തിക സഹായത്തോടെ നടന്നുവരുന്നു. ഗർഭാശയഗള കാൻസറിന്റെ കാരണക്കാരനായ HPV

വൈറസിനെ തിരിച്ചറിയാനുള്ള നൂതന ഉപകരണം നിർമ്മിക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ C-MET-ഉം ആയി ചേർന്ന് നടക്കുന്നു. ഇതുകൂടാതെ കാൻസർ ചികിത്സയ്ക്കാവശ്യമായ വാക്സിനുകൾ, CAR-T സെൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി ഗവേഷണ സ്ഥാപനങ്ങളായ കണ്ണൂർ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് മലബാർ കാൻസർ സെന്റർ പ്രവർത്തിച്ചുവരുന്നു. കാൻസർ രോഗത്തിന് കാരണക്കാരായ പാരിസ്ഥിതിക കാർസിനോജനുകൾ തിരിച്ചറിയുക എന്നതും വളരെ ആവശ്യകരമായ കാര്യമാണ്. ഉയർന്ന കാൻസർ നിരക്കുള്ള പ്രദേശങ്ങളിൽ പരിസ്ഥിതി നിരീക്ഷണവും എക്സ്പോഷർ വിലയിരുത്തലും നടത്തുകയും അതുപോലെത്തന്നെ നിത്യോപയോഗ സാധനങ്ങളിലുള്ള കാർസിനോജനുകളുടെ അളവ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും വേണം. അതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ മലബാർ കാൻസർ സെന്ററിൽ ആരംഭിക്കാനുള്ള പ്രാഥമിക ഘട്ടത്തിലാണ്.

ട്യൂണിങ് അഫിനിറ്റി വഴി മെച്ചപ്പെട്ട പ്രവർത്തനവും തിരഞ്ഞെടുക്കലുമുള്ള ഒരു പുതിയ CD19 അടിസ്ഥാനമാക്കിയുള്ള CAR-T സിസ്റ്റത്തിന്റെ രൂപകല്പനയും വികസനവും-മലബാർ കാൻസർ സെന്റർ, സെൻട്രൽ യൂണിവേഴ്സിറ്റി-കാസർകോട്, എസ്.ആർ.എം., ചെന്നൈ, എസ്.എസ്.എസ്.ഐ.എച്ച്.എൽ. - ഹൈദരാബാദ് ഉൾപ്പെടെയുള്ളവർ ചേർന്നുള്ള ഒരു മൾട്ടി-ഇൻസ്റ്റിറ്റ്യൂട്ട് പ്രോജക്ട്. കൂടാതെ മെച്ചപ്പെട്ട കാൻസർ ചികിത്സാ ഫലങ്ങൾക്കായി CAR-

T സെൽ തെറാപ്പി സമഗ്രമായി പര്യവേക്ഷണം ചെയ്യാനും മെച്ചപ്പെടുത്താനും പഠനം ലക്ഷ്യമിടുന്നു.

ട്രിപ്പിൾ നെഗറ്റീവ് സ്തനാർബുദത്തിനെതിരായ മൾട്ടി-എപിടോപ്പ് വാക്സിനുകളുടെ രൂപകല്പനയും വികസനവും - മലബാർ കാൻസർ സെന്റർ-പി.ജി.ഐ.ഒ.എസ്.ആർ., കണ്ണൂർ സർവകലാശാല, കാലിക്കറ്റ് സർവകലാശാല എന്നിവയുൾപ്പെടെയുള്ള മറ്റൊരു മൾട്ടി-ഇൻസ്റ്റിറ്റ്യൂട്ട് പ്രോജക്ടാണിത്. ഈ ഗവേഷണത്തിൽ ട്രിപ്പിൾ-നെഗറ്റീവ് ബ്രെസ്റ്റ് കാൻസറിനെതിരെയുള്ള വാക്സിൻ വികസിപ്പിക്കാനാണ് പദ്ധതിയിടുന്നത്.

മരുന്ന് പരിശോധനയ്ക്കായി അഡിപ്പോസൈറ്റും രോഗപ്രതിരോധ കോശങ്ങളുമുള്ള സ്തനാർബുദ കോശങ്ങളുടെ ത്രിമാന (3D) ഓർഗാനോടൈപ്പിക് കോ-കൾച്ചർ സിസ്റ്റം വികസിപ്പിക്കൽ. കീമോതെറാപ്പി സ്ക്രീനിങ് ടൂളിനായുള്ള 3D കൾച്ചർ സിസ്റ്റത്തിന്റെ വികസനത്തിൽ ഈ പഠനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഐ.സി.എം.ആർ. ധനസഹായത്തോടെ ഓറൽ കാൻസറിൽ രണ്ട് പ്രോജക്ടുകൾ - എക്സ്ട്രാ സെല്ലുലാർ വെസിക്കിൾ പ്രോട്ടീൻ പ്രൊഫൈലുകളെ ഉപയോഗിച്ച് ബ്രെയിൻ ട്യൂമർ നിർണ്ണയിക്കാനുള്ള കഴിവിനെ വിശകലനം ചെയ്യുക. മസ്തിഷ്ക അർബുദം നേരത്തേ കണ്ടെത്തുന്നതിനും അപകടസാധ്യതയുള്ള സ്ട്രാറ്റിഫിക്കേഷനും ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനും വ്യക്തിഗത ചികിത്സാ തന്ത്രങ്ങൾ നയിക്കുന്നതിനുമുള്ള ബയോമാർക്കർ സിസ്റ്റമായി EV പ്രോട്ടീനുകൾ സ്ഥാപിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

ഓറൽ സ്ക്വാമസ് സെൽ കാർസിനോമയുടെ ചികിത്സയ്ക്കായി നിയന്ത്രിത ഇൻട്രാ-ട്യൂമറൽ ഡ്രഗ് ഡെലിവറി കാരിയർ സിസ്റ്റത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുക. ഓറൽ സ്ക്വാമസ് സെൽ കാർസിനോമ (OSCC) ആഗോളതലത്തിൽ ഒരു ശക്തമായ ആരോഗ്യ വെല്ലുവിളിയായി നിലകൊള്ളുന്നു, വിവിധ കീമോ മരുന്നുകൾ ബന്ധിപ്പിക്കുന്നതിനും പുറത്തുവിടുന്നതിനുമുള്ള ചിറ്റോസന്റെയും ടെമ്പോ-ഓക്സിഡൈസ്ഡ് നാനോസെല്ലുലോസ് അടിസ്ഥാനമാക്കിയുള്ള പാച്ചുകളുടെയും ഫലപ്രാപ്തി വിലയിരുത്തുക, നിയന്ത്രിത റിലീസിനൊപ്പം മൾട്ടിഡ്രഗ് കോമ്പിനേഷനുകൾ ലോഡുചെയ്യുന്നതിനുള്ള അവയുടെ സാധ്യതകൾ വിലയിരുത്തുക എന്നിവയാണ് പഠനം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ടിഷ്യൂകളിലെ പ്രതികൂല ഫലങ്ങൾ കുറയ്ക്കുന്നതിന്, മെച്ചപ്പെട്ട ഓറൽ കാൻസർ ചികിത്സയ്ക്കായി നൂതനമായ ചികിത്സാരീതികൾ സംഭാവന ചെയ്യാൻ ഈ ഗവേഷണം ശ്രമിക്കുന്നു.

റെറ്റിനോബ്ലാസ്റ്റോമയ്ക്കുള്ള നാനോ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള മരുന്ന് വിതരണ സംവിധാനത്തിന്റെ വികസനം. റെറ്റിനോബ്ലാസ്റ്റോമ എന്നത് കുട്ടിക്കാലത്തെ ഏറ്റവും സാധാരണമായ നേത്ര അർബുദമാണ്, ആഗോളതലത്തിൽ ഉയർന്ന മരണനിരക്കിന് കാരണമാകുന്നു, പ്രത്യേകിച്ച് അതിജീവന നിരക്ക് 50 ശതമാനത്തിൽ താഴെയുള്ള താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിൽ. കീമോതെറാപ്പി, റേഡിയോ തെറാപ്പി, ന്യൂക്ലിയേഷൻ തുടങ്ങിയ നിലവിലെ ചികിത്സകൾ പലപ്പോഴും വ്യവസ്ഥാപരമായ വിഷാംശത്തിനും ചികിത്സാ പ്രതിരോധത്തിനും കാരണമാകുന്നു. കീമോതെറാപ്പി ഡെലിവറിയുടെ കൃത്യത വർധിപ്പിക്കുന്നതിനും വ്യവസ്ഥാപരമായ വിഷാംശം കുറയ്ക്കുന്നതിനും ചികിത്സാ പ്രതിരോധത്തെ മറികടക്കുന്നതിനും എക്സോസോമുകൾ പ്രയോജനപ്പെടുത്താൻ ഈ പഠനം

ലക്ഷ്യമിടുന്നു. റീജിയണൽ കാൻസർ സെന്ററിൽ കാൻസർ ചികിത്സയ്ക്കായി നൂതന സാങ്കേതികവിദ്യയോടുകൂടിയുള്ള ചികിത്സാ സംവിധാനങ്ങൾ ആർ.സി.സി.-യിൽ സജ്ജമാക്കിയിട്ടുണ്ട്. ശസ്ത്രക്രിയ ചെയ്യാനുള്ള റോബോട്ടിക് സർജറി യൂണിറ്റുകളും കീമോതെറാപ്പി നൽകുന്നതിനുള്ള HIPEC യൂണിറ്റുകളും ഇതിനകം ആർ.സി.സി.-യിൽ സജ്ജമായി കഴിഞ്ഞു. ഇതിനുപുറമേ റേഡിയേഷൻ ചികിത്സയിൽ നൂതന സാങ്കേതികവിദ്യയിലൂടെ ചികിത്സയുടെ പാർശ്വഫലം കുറച്ച് ചികിത്സ നടത്താനുള്ള ലീനിയർ ആക്സിലറേറ്ററും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കുട്ടികളിലും മുതിർന്നവരിലും നടത്താനുള്ള സംവിധാനം ആർ.സി.സി.-യിലുണ്ട്. രോഗ നിർണ്ണയത്തിനായി നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ പ്രവർത്തിക്കുന്ന 3D Mammogram machine with Tomosynthesis, Dual Energy Dual Source CT Scan, 3-Tesla MRI machine എന്നിവ ഉപയോഗിച്ചുള്ള സേവനവും ആർ.സി.സി.-യിൽ ലഭ്യമാണ്.

(ഡി) കാൻസർ ചികിത്സ ചെലവുകുറച്ച് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മുന്തിയ പരിഗണന നൽകിവരുന്നുണ്ടോ; 'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്' പദ്ധതി വഴി കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

കാൻസർ ചികിത്സ ചെലവുകുറച്ച് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മുന്തിയ പരിഗണന നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജിൽ ബി.പി.എൽ. രോഗികൾക്ക് സൗജന്യമായാണ് ചികിത്സകൾ നൽകി വരുന്നത്. സ്ക്രീനിങ്ങിന്റെ ഭാഗമായി പരിശോധനകൾക്ക് ബി.പി.എൽ. രോഗികൾക്ക് 100% സൗജന്യവും എ.പി.എൽ.

രോഗികൾക്ക് കുറഞ്ഞ നിരക്കിലുമാണ് പരിശോധനകൾ ചെയ്യുന്നത്. സാധാരണക്കാരന് അപ്രാപ്യമായിരുന്ന വിലയേറിയ മരുന്നുകൾ കാൻസർ രോഗികൾക്ക്, കാരുണ്യ ഫാർമസികൾ വഴി വളരെ തുച്ഛമായ വിലയിൽ നൽകുന്ന പദ്ധതിയാണ് കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ്. ഇതുവഴി രോഗികൾക്ക് മിതമായ വിലയിൽ മരുന്നുകൾ ലഭ്യമാക്കാൻ സാധിക്കുന്നു. രോഗീപരിചരണംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് കുറയ്ക്കുന്നതിനാണ് ഈ പദ്ധതി സഹായകമാകുന്നത്.

മാലിന്യത്തിൽനിന്നും മൂല്യാധിഷ്ഠിത ഉൽപന്നങ്ങൾ

30(*330) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന വിവിധതരം മാലിന്യങ്ങൾ തരം തിരിച്ച് പുനരുപയോഗിക്കാൻ കഴിയുന്നവയെ മൂല്യാധിഷ്ഠിത ഉൽപന്നങ്ങളാക്കി മാറ്റുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ?

അജൈവ മാലിന്യങ്ങൾ തരം തിരിച്ച് പുനരുപയോഗിക്കാൻ കഴിയുന്നവയെ മൂല്യാധിഷ്ഠിത/മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുക എന്നതാണ് നയം.

(ബി) ഇതിനായി പൂർണ്ണ തോതിൽ സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്ലാന്റുകളെക്കുറിച്ച് വിശദമാക്കുമോ?

തരംതിരിച്ച പുനഃചംക്രമണയോഗ്യമായ അജൈവ മാലിന്യങ്ങളെ മൂല്യാധിഷ്ഠിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള ഫെസിലിറ്റികൾ സംസ്ഥാനത്ത് റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. നിലവിൽ പത്തനംതിട്ട ജില്ലയിൽ കുന്നന്താനത്ത് ഈ രീതിയിലുള്ള ആദ്യത്തെ ഫെസിലിറ്റി സർക്കാർ സ്ഥാപനമായ ക്ലീൻ കേരള കമ്പനിയുടെ കീഴിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ ഫെസിലിറ്റിയുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് തയ്യാറായിട്ടുള്ളതും സ്ഥലം ലഭ്യമായിട്ടുള്ള ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ ഫെസിലിറ്റികളുടെ നിർമ്മാണം സാങ്കേതിക അനുമതി ലഭിക്കുന്നമുറയ്ക്ക് ആരംഭിക്കുന്നതുമാണ്. കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (KSWMP)-യുടെ മേഖലാതല പദ്ധതിഘടകത്തിന്റെ ഭാഗമായി പൊതു പുനഃചംക്രമണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയുടെയും പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെയും സംയുക്ത സംരംഭമായി കുന്നന്താനത്ത് ആരംഭിച്ച യൂണിറ്റിൽ, ആദ്യഘട്ടത്തിൽ പ്രതിദിനം 2 ടൺ തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യം ഗ്രാന്യൂൾസ് ആക്കുന്നു. ആയത് കേരളത്തിനകത്തും പുറത്തുമുള്ള റീ-സൈക്ലേഴ്സിന് കൈമാറുന്നു. നിർദിഷ്ട, 5 ടൺ പ്രതിദിന ശേഷിയുള്ള രണ്ടാം ഘട്ടത്തിൽ ഇപ്രകാരം ഉണ്ടാകുന്ന ഗ്രാന്യൂൾസ് ഉപയോഗിച്ച് പൂച്ചട്ടി, ബക്കറ്റ്, മഗ് തുടങ്ങിയ മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കുന്നതിന് വിഭാവനം ചെയ്യുന്നു. പത്തനംതിട്ട ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും പ്രയോജനം ചെയ്യുന്ന രീതിയിലാണ് പ്രസ്തുത യൂണിറ്റ് വിഭാവനം ചെയ്തിട്ടുള്ളത്. സർക്കാർ മേഖലയ്ക്കുപുറമെ സ്വകാര്യ മേഖലയിലും റീസൈക്ലിങ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തുനിന്ന് ഏജൻസികൾ ശേഖരിക്കുന്ന മാലിന്യം ഏത് രീതിയിൽ നിർമ്മാർജനം ചെയ്യുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് റീ-സൈക്കിൾ ചെയ്യാവുന്നവ റീസൈക്ലിങ് പ്ലാന്റുകളിലേക്കും അല്ലാത്തവ ചൂളകളിലെ ഇന്ധനമായി ഉപയോഗിക്കുന്നതിന്, സിമന്റ് ഫാക്ടറികളിലേക്കും ഏജൻസികൾ മുഖാന്തരം അയയ്ക്കുന്നു. ഷ്രെഡ് ചെയ്ത, നിലവാരം കുറഞ്ഞ, പ്ലാസ്റ്റിക് റോഡ് ടാറിങ്ങിന് ഉപയോഗിക്കുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാർ പരിപാടികളിലെ അധ്യക്ഷ സ്ഥാനം

1 (3789) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പങ്കെടുക്കുന്ന സർക്കാർ പരിപാടികളിൽ മണ്ഡലത്തിലെ എം.എൽ.എ.-യോടൊപ്പം ഒരു മന്ത്രികൂടി പങ്കെടുക്കുന്നുവെങ്കിൽ പ്രോട്ടോക്കോൾ പ്രകാരം പ്രസ്തുത യോഗത്തിന്റെ അധ്യക്ഷൻ ആരായിരിക്കണമെന്ന് അറിയിക്കാമോ;

(ബി) വകുപ്പുമന്ത്രിമാർ പങ്കെടുക്കുന്ന സർക്കാർ പരിപാടികളിൽ മണ്ഡലത്തിലെ എം.എൽ.എ.-യോടൊപ്പം ഒന്നിലേറെ മന്ത്രിമാർ പങ്കെടുക്കുന്നുവെങ്കിൽ പ്രസ്തുത യോഗത്തിൽ അധ്യക്ഷൻ ആരായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മണ്ഡലത്തിലെ റോഡ്, കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികളുടെ ഉദ്ഘാടനം വകുപ്പുമന്ത്രിമാർ നിർവഹിക്കുമ്പോൾ പ്രോട്ടോക്കോൾ അനുസരിച്ച് യോഗത്തിൽ സ്ഥലം എം.എൽ.എ. അധ്യക്ഷത വഹിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ടോ?

(എ-സി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനം കൈവരിച്ച മുന്നേറ്റം സംബന്ധിച്ച പ്രഗത്ഭരുടെ അഭിപ്രായപ്രകടനങ്ങൾ

2(3791) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. മുകേഷ്:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി വ്യവസായ മേഖലയിലും മറ്റും കേരളം കൈവരിച്ച മുന്നേറ്റത്തെക്കുറിച്ച് പാർലമെന്റ് അംഗമായ ശ്രീ. ശശി തരൂർ പ്രമുഖ ദേശീയ ഇംഗ്ലീഷ് പത്രത്തിൽ എഴുതിയ ലേഖനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റ് കേരളയുടെ ഉദ്ഘാടന ചിത്രത്തോടൊപ്പം 'സാമ്പത്തിക-വികസന കാര്യങ്ങളിൽ പാർട്ടി വേർതിരിവുകളിൽനിന്നും ഉപരിയായി നിലകൊള്ളണം' എന്ന് അദ്ദേഹം സോഷ്യൽ മീഡിയയിലൂടെ അഭ്യർഥിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂരിൽ നടത്തിയ അന്താരാഷ്ട്ര പഠന കോൺഗ്രസിന്റെ ഭാഗമായി, മുൻ കേന്ദ്രമന്ത്രി ശ്രീ. മണിശങ്കർ അയ്യർ 'പഞ്ചായത്ത് രാജ് നടപ്പാക്കിയതിൽ കേരളം ലോകത്തിന് മാതൃകയാണ്' എന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എല്ലാവരെയും യോജിപ്പിച്ച് നടത്തേണ്ടതാണ് നാടിന്റെ പൊതുവായ വികസനമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിനുള്ള അംഗീകാരമായി ഇതിനെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) കേരളത്തിന്റെ വ്യവസായ വളർച്ച ലോകമാകെ ശ്രദ്ധ നേടിയിരിക്കുകയാണ്. രാജ്യത്ത് ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ കേരളം ഒന്നാമത് എത്തിയതോടെ വൻകിട വ്യവസായങ്ങൾ സംസ്ഥാനത്തേക്ക് വരുന്ന സ്ഥിതി സംജാതമായി. വ്യവസായ വളർച്ചയ്ക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് തൊഴിൽ നൈപുണ്യത്തിന് അവസരമൊരുക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഉദ്യോഗസ്ഥതലം കൂടുതൽ ജനസൗഹൃദമാക്കാനും ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചത്. ഇതോടെ പുതിയൊരു വ്യവസായ വിപ്ലവത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു. കേരളം വ്യവസായ സൗഹൃദമല്ലെന്ന തരത്തിൽ ദീർഘകാലമായി നടന്നുവരുന്ന പ്രചാരണങ്ങൾ സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലിന്റെ ഫലമായി അടിസ്ഥാനമില്ലാത്തതാണെന്ന് സ്ഥാപിക്കാനായി. കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനുള്ള ഒറ്റക്കെട്ടായ പ്രവർത്തനത്തിന്റെ വിജയമാണിത്. 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക ഉച്ചകോടി വ്യവസായ മേഖലയിൽ അഭ്രതപൂർവമായ മാറ്റത്തിന് വഴിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്രകാരം നമ്മുടെ വ്യവസായ രംഗത്തെ കുതിച്ചുചാട്ടത്തിനായി എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് കക്ഷി-രാഷ്ട്രീയ ഭേദമന്യേ വലിയ സ്വീകാര്യതയും പ്രശംസയുമാണ് ലഭിച്ചിട്ടുള്ളത്.

വിവിധ വകുപ്പുകളിലെ കൺസൾട്ടൻസികൾ

3(3792) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജനുവരി മുതൽ 2025 ജനുവരി വരെ വിവിധ വകുപ്പുകളിലായി എത്ര കൺസൾട്ടൻസികൾ/വിദേശ കൺസൾട്ടൻസികൾ പ്രവർത്തിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത കൺസൾട്ടൻസികൾ വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കൺസൾട്ടൻസികൾക്കുവേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചു; അതിന്റെ കണക്കുകളും സർക്കാർ ഉത്തരവുകളും ലഭ്യമാക്കാമോ;

(ഡി) സർക്കാർ അനുമതിയില്ലാതെ ഏതെങ്കിലും സ്വദേശ/വിദേശ കൺസൾട്ടൻസികൾ വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് നിലവിൽ ഇപ്പോൾ എത്ര സ്വദേശ/വിദേശ കൺസൾട്ടൻസികൾ പ്രവർത്തിക്കുന്നുണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ-ഇ) പ്രധാനപ്പെട്ട വികസന പദ്ധതികൾക്കായി വ്യവസ്ഥാപിത മാർഗത്തിലൂടെ കൺസൾട്ടൻസികളെ നിയമിക്കേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ നിയമിക്കപ്പെട്ട കൺസൾട്ടൻസികൾ സംബന്ധിച്ച വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

അഖിലേന്ത്യാ സർവീസ് നിയമനം

4(3793) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അഖിലേന്ത്യാ സർവീസിൽ ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്. തസ്തികകളിലേക്ക് എല്ലാവർഷവും സ്റ്റേറ്റ് സിവിൽ സർവീസിൽ നിന്നല്ലാതെ സെലക്ഷൻ വഴി നിയമനം നടക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

Indian Administrative Service (Appointment by Selection) Regulation, 1997 പ്രകാരം നോൺ സ്റ്റേറ്റ് സിവിൽ സർവീസ് വിഭാഗത്തിൽനിന്ന് സെലക്ഷൻ വഴി ഐ.എ.എ.എസ്.-ലേക്ക് നിയമനം നൽകാറുണ്ട്. ഇന്ത്യൻ പൊലീസ് സർവീസിലേക്കും ഇന്ത്യൻ ഫോറസ്റ്റ് സർവീസിലേക്കും സെലക്ഷൻ വഴിയുള്ള നിയമനമില്ല.

(ബി) എങ്കിൽ കഴിഞ്ഞ പതിനഞ്ച് വർഷം ഇത്തരത്തിൽ നടത്തിയ നിയമനത്തെക്കുറിച്ചുള്ള വിവരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ?

2010 വർഷം മുതൽ സെലക്ഷൻ വഴി നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സെലക്ഷൻ വഴിയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ, മുസ്ലീം, മറ്റ് പിന്നാക്ക വിഭാഗം എന്നിവരുടെ എണ്ണം തിരിച്ചുള്ള വിശദാംശം നൽകാമോ?

(സി&ഡി) ഇല്ല.

(ഇ) ഇത്തരം നിയമനങ്ങളിൽ സുതാര്യതയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കേരളത്തിലെ വിവിധ സർക്കാർ നിയന്ത്രിത പൊതുമേഖലാ സ്ഥാപനങ്ങളിലും കമ്പനികളിലുമുള്ള താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണ നിയമങ്ങൾ പാലിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ജി) കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിൽ ഇങ്ങനെ സ്ഥിരപ്പെടുത്തിയവരുടെ കണക്കുകൾ ജാതി തിരിച്ച് വ്യക്തമാക്കാമോ; യാതൊരു മാനദണ്ഡവുമില്ലാതെ ഇപ്രകാരം നിയമിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ നിയമനം നടന്നതിനെത്തുടർന്ന് സംവരണ സമുദായങ്ങൾക്ക് നഷ്ടപ്പെട്ട തസ്തികകൾ നികത്താൻ മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

(എഫ്&ജി) താൽക്കാലിക നിയമനങ്ങളിൽ സംവരണം പാലിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. താൽക്കാലിക നിയമനം ലഭിച്ചശേഷം റെഗുലറൈസ് ചെയ്യപ്പെട്ടവരുടെ ജാതി തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

പുതുതായി സൃഷ്ടിച്ച തസ്തികകൾ

5(3794) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം 2025 ഫെബ്രുവരി 28 വരെ വിവിധ വകുപ്പുകളിലായി പുതിയ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി

6(3795) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി എടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സർക്കാർ ജീവനക്കാർക്ക് അനുവദിക്കേണ്ട അവധിയുടെ ആവശ്യകതയും യോഗ്യതയും പരിശോധിച്ച് കേരള സർവീസ് ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് ദീർഘകാല അവധി അനുവദിക്കുന്നത്.

(ബി) ദീർഘകാല അവധി നൽകുന്നതിൽ ഏതെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ദീർഘകാല അവധി അനുവദിക്കുന്നതിൽ കേരള സർവീസ് ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക നിയന്ത്രണമേർപ്പെടുത്തിയിട്ടില്ല.

എന്നിരുന്നാലും കേരള സർവീസ് ചട്ടങ്ങൾ ഭാഗം ഒന്ന്, ചട്ടം 65 പ്രകാരം അവധി ഒരു അവകാശമല്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ വകുപ്പിലെ സാഹചര്യങ്ങൾ വിലയിരുത്തി ദീർഘകാല അവധി അനുവദിക്കുന്നതിൽ അവധി അനുവദിക്കുന്ന അധികാരികൾക്കാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(സി) നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർക്ക് പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നപക്ഷം ദീർഘകാല അവധി എടുക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർക്ക് പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നപക്ഷം കേരള സർവീസ് ചട്ടങ്ങൾ ഭാഗം ഒന്ന്, അനുബന്ധം XII-A-ലെ വ്യവസ്ഥകൾക്ക് വിധേയമായി വിദേശത്ത് ജോലി ചെയ്യുന്നതിന് പരമാവധി അഞ്ച് വർഷം വരെ ശൂന്യവേതനാവധി അനുവദനീയമാണ്.

ഓൺലൈൻ സേവനങ്ങൾ

7(3796) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സർക്കാർ വകുപ്പുകളിലാണ് പൂർണ്ണമായും ഓൺലൈൻ സേവനങ്ങൾ നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇ-പോർട്ടൽ മുഖേന ഏത്ര വകുപ്പുകളുടെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചുകൊണ്ട് പൗരന്മാർക്ക് എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ എത്തിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് ഇ-സേവനം പോർട്ടൽ. നിലവിൽ 81 വകുപ്പുകളിലായി 937 ഓൺലൈൻ സേവനങ്ങൾ പോർട്ടലിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രധാന സർട്ടിഫിക്കറ്റ് (ഇ-ഡിസ്ട്രിക്ട്) സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ (കെ-സ്മാർട്ട്, ഐ.എൽ.ജി.എം.എസ്.) ആയി നൽകിവരുന്നു. ഇതിനുപുറമെ, ഈസ് ഓഫ് ഡൂയിങ് ബിസിനസ് പരിഷ്കാരങ്ങളുടെ ഭാഗമായി സംരംഭകർക്കായി എല്ലാ സേവനങ്ങളും കെ-സ്വിഫ്റ്റ് മുഖേന ഓൺലൈനായി ലഭ്യമാക്കി വരുന്നു. ഒന്നിലധികം വെബ്സൈറ്റുകൾ സന്ദർശിക്കാതെ ഒറ്റത്തവണ രജിസ്റ്റർ ചെയ്തുകൊണ്ട് സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി 'ഡിജിറ്റൽ കേരള ആർക്കിടെക്ചർ' പദ്ധതിയുടെ കീഴിൽ യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (യു.എസ്.ഡി.പി.) വികസിപ്പിക്കാൻ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് തത്വത്തിലുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

സെക്രട്ടേറിയറ്റ് ഫയൽ തീർപ്പാക്കൽ യജ്ഞം

8(3797) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയൽ തീർപ്പാക്കൽ യജ്ഞം നടപ്പാക്കിയശേഷം നിലവിൽ സെക്രട്ടേറിയറ്റ് തലത്തിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന 2023 ഡിസംബർ 31 വരെയുള്ള

ഫയലുകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

2023 ഡിസംബർ മാസത്തെ പ്രതിമാസ പ്രവർത്തന പത്രിക പ്രകാരം ഡിസംബർ 31 വരെ സെക്രട്ടേറിയറ്റിൽ 49 വകുപ്പുകളിലായി 293494 ഫയലുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടായിരുന്നു. ആയതിന്റെ വകുപ്പ് തിരിച്ചുള്ള പ്രതിമാസ പ്രവർത്തന പത്രികയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) സെക്രട്ടേറിയറ്റ് തലത്തിലുള്ള ഫയലുകൾ തീർപ്പാക്കാൻ പ്രത്യേക ദൗത്യം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സെക്രട്ടേറിയേറ്റിലെ e-office-ൽ എല്ലാ മാസവും ഇലക്ട്രോണിക്കലി ജനറേറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച് വരുന്ന കാലോചിതമായി പരിഷ്കരിച്ച പുതിയ ഫോർമാറ്റിലുള്ള പ്രതിമാസ പ്രവർത്തന പത്രിക (MBS), പേഴ്സണൽ രജിസ്റ്റർ (EPR) ഫയലുകളുടെ വർഷം തിരിച്ചുള്ള റിപ്പോർട്ട് തുടങ്ങിയവ പരിശോധിച്ച് വിശകലനം ചെയ്ത് കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനും അവലോകന റിപ്പോർട്ടുകൾ തയ്യാറാക്കി ഫയൽ പെൻഡൻസി കുറയ്ക്കുന്നതിനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി എല്ലാ വകുപ്പുകളിലും നോഡൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും എല്ലാ മാസവും അവലോകന റിപ്പോർട്ടുകൾ തയ്യാറാക്കി ഫയൽ പെൻഡൻസി കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഫയൽ പെൻഡൻസി കുറയ്ക്കുന്നതിനായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് റിപ്പോർട്ട് ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറിക്ക് സമർപ്പിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ ഫയലുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്ന വകുപ്പുകളോട് മൂന്ന് മാസത്തിലൊരിക്കൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ

9(3798) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഒഴിവുകൾ നികത്താത്തതിന്റെ കാരണം വിശദമാക്കുമോ?

പ്രതീക്ഷിത ഒഴിവുകൾ നിലവിൽ വരുന്നമുറയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. എൽ.ഡി.സി. (Kannada & Malayalam Knowing), എച്ച്.എസ്.ടി. (Physical Science) തസ്തികകളിൽ ബഹുമാനപ്പെട്ട കോടതിയിൽ കേസ് നിലവിലുള്ളതിനാൽ അവ തീർപ്പാകുന്നമുറയ്ക്ക് മാത്രമെ നിയമന നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ യഥാസമയം നികത്താത്തതിനാൽ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വിശദമാക്കുമോ?

(സി&ഡി) ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

15 വർഷം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ

10(3799) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഹൈവേ മന്ത്രാലയത്തിന്റെ 2023-ലെ ഉത്തരവ് അനുസരിച്ച് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിവിധ വകുപ്പുകളുടെ എത്ര വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

CMVR Rule 52 A പ്രകാരം കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ ആർ.സി. കാലഹരണപ്പെടുന്നതാണ്. VAHAN-ൽ സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ 'Government Owned Vehicle' R.C. കാൻസൽ ആയിട്ടുള്ളതാണ്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾ, അർധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങൾ VAHAN സോഫ്റ്റ്വെയറിൽ തിരിച്ചറിയാൻ സാധ്യമല്ല. അതിനാൽ പ്രസ്തുത വാഹനങ്ങളുടെ ആർ.സി. ഇത്തരം സ്ഥാപനങ്ങൾ അപേക്ഷിക്കുന്നമുറയ്ക്ക് മാത്രമെ കാൻസൽ ചെയ്യാൻ

സാധിക്കുകയുള്ളൂ. സംസ്ഥാനത്ത് സർക്കാർ വകുപ്പ്/സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും 15 വർഷം കഴിഞ്ഞതുമായ 3591 വാഹനങ്ങളുടെ വകുപ്പ്/സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ VEELS Portal-ൽനിന്നും ലഭ്യമായത് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) രജിസ്ട്രേഷൻ റദ്ദ് ചെയ്ത വാഹനങ്ങൾ വീണ്ടും വിവിധ വകുപ്പുകൾ നിയമവിരുദ്ധമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്ന വിവരം വകുപ്പ് തിരിച്ച് നൽകാമോ; നിയമവിരുദ്ധമായ ഇത്തരം നടപടി സർക്കാർ അനുമതിയോടുകൂടിയാണോയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പരിശീലനം

11(3800) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകുന്നുണ്ടോ?

പരിശീലനം ആവശ്യമായ തസ്തികകൾ നിർണ്ണയിച്ചിട്ടുണ്ട്. അത്തരം തസ്തികകളിൽ പരിശീലനം പൂർത്തിയാക്കിയശേഷമാണ് ജോലിയിൽ പ്രവേശിപ്പിക്കുന്നത്.

(ബി) ഇവരെ ജോലിസംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർക്കാർ ജീവനക്കാർക്ക് ഏതൊക്കെ തരത്തിലുള്ള പരിശീലനങ്ങളാണ് ജോലിയിൽ പ്രവേശിച്ച ശേഷം നൽകുന്നത്?

(ബി&സി) വിവിധ വകുപ്പുകൾ ആവശ്യപ്പെടുന്നമുറയ്ക്ക് അതത് വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കുള്ള ഇൻഡക്ഷൻ ട്രെയിനിങ് സംസ്ഥാന പരിശീലന നയത്തിൽ (എസ്.ടി.പി.) ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) പരിശീലനം നൽകിവരുന്നുണ്ട്. ജീവനക്കാരുടെ കാര്യശേഷി വർധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിന് പരിശീലന നയം രൂപീകരിച്ചിട്ടുണ്ട്. അതുപ്രകാരം ഓരോ വകുപ്പിലെയും ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് നൽകേണ്ടുന്ന സേവനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങളോടുള്ള പെരുമാറ്റം സംബന്ധിച്ചും സർക്കാർ ജീവനക്കാർക്ക് ശരിയായ പരിശീലനം നൽകുന്നത് അവരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും സഹായകരമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽതന്നെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി സേവനക്ഷമത ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

(ഡി&ഇ) ഉണ്ട്. സർക്കാർ സർവീസിന്റെ സേവനക്ഷമത ഉറപ്പുവരുത്തുന്നതിന് ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിങ്, കൂടാതെ അതത് വകുപ്പ് ആവശ്യപ്പെടുന്ന വിഷയങ്ങൾ സംബന്ധിച്ച പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) നൽകാറുണ്ട്.

സർക്കാർ സർവീസിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനം

12(3801) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവീസിലേക്ക് സ്പോർട്സ് ക്വാട്ട നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷകൾ ക്ഷണിച്ച് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി വ്യവസ്ഥകൾ പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയാണ് നിയമനം നൽകുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ട നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽനിന്നും എത്രപേർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിയമനം നൽകിയെന്ന് ജില്ലയും വകുപ്പും തിരിച്ച് അറിയിക്കാമോ; ഇതിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിലവിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

2010-2014 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിച്ച ഒഴിവുകളിലേക്ക് 86 പേരടങ്ങിയ സെലക്ട് ലിസ്റ്റിൽനിന്നും 65 പേർക്ക് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. 2018-ലെ ഏഷ്യൻ ഗെയിംസിൽ മെഡലുകൾ നേടിയ അഞ്ച് കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് സ്പോർട്സ് ഓർഗനൈസറുടെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2015-2019 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട

ഒഴിവുകൾ നികത്തുന്നതിനായി 549 പേരടങ്ങിയ സംസ്ഥാന തലത്തിലുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 249 കായികതാരങ്ങളെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 319 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ലഭിച്ച പ്രൊപ്പോസലുകൾ

13(3802) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് എന്തൊക്കെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ഏത് വിഭാഗമാണെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(എ&ബി) നവകേരള സദസ്സിൽ ഉൾപ്പെട്ട അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി ഓരോ നിയമസഭാമണ്ഡലത്തിനും പരമാവധി 7 കോടി രൂപ വരെയുള്ള പദ്ധതികൾക്കായി ബജറ്റിൽ 210 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി അനുവദിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

ഫെയ്സ് റെക്കഗ്നിഷൻ പഞ്ചിങ്ങും ബയോമെട്രിക് പഞ്ചിങ്ങും

14(3803) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ഫെയ്സ് റെക്കഗ്നിഷൻ പഞ്ചിങ്, ബയോമെട്രിക് പഞ്ചിങ് സംവിധാനത്തിന് പകരമായി ഏർപ്പെടുത്തിയതാണോ; ബയോമെട്രിക് സംവിധാനം നിലവിലില്ലാത്ത ഓഫീസുകളിൽ ഫെയ്സ് റെക്കഗ്നിഷൻ ആപ്പ് ഉപയോഗിക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുജനങ്ങളുമായി നിരന്തര സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫേസ് റെക്കഗ്നിഷൻ പഞ്ചിങ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിങ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ച മെഷീനുകളിലെ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിങ് സംവിധാനത്തിന്റെ സുരക്ഷ വർധിപ്പിക്കുന്നതിന് Unique Identification Authority of India (UIDAI) നിർദേശിക്കുകയുണ്ടായി. തുടർന്ന് പഞ്ചിങ് സംവിധാനത്തിലെ എല്ലാ ഡിവൈസുകളും പുതിയ സെൻസറിലേക്ക് മാറ്റുന്നതുവരെ ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേന പഞ്ചിങ് രേഖപ്പെടുത്തുന്ന സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഇത് വിജയകരമെന്ന് വിലയിരുത്തിയ സാഹചര്യത്തിൽ ഇനി മെഷീനുകൾ സ്ഥാപിക്കാനുള്ള എല്ലാ ഓഫീസുകളിലും ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) സമയക്ലിപ്തതയോടുകൂടി പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ, കോളേജുകൾ, ഐ.ടി.ഐ.-കൾ തുടങ്ങിയ വിദ്യാഭ്യാസ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

ഫേസ് റെക്കഗ്നിഷൻ പഞ്ചിങ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന നിർദേശം സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

എല്ലാ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമയബന്ധിതമായി പദ്ധതി നടപ്പിൽ വരുത്തുന്നതിന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

(ഡി) ഫെയ്സ് റെക്കഗ്നിഷൻ ആപ്പിന്റെ പിഴവുകളും നിലവാരമില്ലായ്മയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ നൽകാമോ; ജീവനക്കാരുടെ സ്വകാര്യ വിവരങ്ങൾ ചോരുകയില്ലെന്ന് സർക്കാരിന് ഉറപ്പ് നൽകാൻ കഴിയുമോ; വിശദമാക്കാമോ?

ഇല്ല. ലഭിച്ച പരാതികളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.[+] ആധാർ അധിഷ്ഠിത സംവിധാനമായതിനാൽ സ്വകാര്യ വിവരങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ല.

(ഇ) ബയോമെട്രിക് പഞ്ചിങ് സംവിധാനം പൂർണ്ണമായും നടപ്പാക്കിയ വകുപ്പുകളുടെ ലിസ്റ്റ് നൽകാമോ?

സ്പാർക്കുമായി ബന്ധിപ്പിച്ച് ബയോമെട്രിക് പഞ്ചിങ് സംവിധാനം പൂർണ്ണമായും നടപ്പാക്കിയ ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.[+]

വിവിധ സർക്കാർ വകുപ്പുകളിലെ കാലഘഴക്കം ചെന്ന വാഹനങ്ങൾ

15(3804) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് 15 വർഷം കാലപ്പഴക്കംമൂലം എത്ര വാഹനങ്ങളാണ് നിരത്തിൽനിന്ന് പിൻവലിച്ചിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ വകുപ്പ്/സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും 15 വർഷം കഴിഞ്ഞതുമായ 3591 വാഹനങ്ങളുടെ വകുപ്പ്/സ്ഥാപനം തിരിച്ചുള്ള വിവരങ്ങൾ VEELS Portal-ൽനിന്നും ലഭ്യമായത് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) വാഹനങ്ങൾ പിൻവലിച്ചതിനുശേഷമുള്ള വാഹനക്കുറവ് പരിഹരിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത വാഹനങ്ങൾക്ക് പകരം വാഹനം അനുവദിക്കാൻ വകുപ്പുകൾ സർക്കാരിനെ സമീപിക്കുന്നുണ്ട്. യോഗ്യമായ കേസുകളിൽ സർക്കാരിന്റെ വിഭവലഭ്യത അടിസ്ഥാനമാക്കി പുതിയ വാഹനം വാങ്ങുന്നതിനോ വാടകയ്ക്കെടുക്കുന്നതിനോ അനുമതി നൽകി വരുന്നു.

(സി) പ്രസ്തുത വകുപ്പുകൾ പുതിയ വാഹനങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പിൻവലിക്കപ്പെട്ട വാഹനങ്ങൾ പൊളിച്ച് വിൽക്കുന്നതിനുള്ള ലേല നടപടികളുടെ പുരോഗതി അറിയിക്കാമോ?

(സി&ഡി) 15 വർഷം പൂർത്തിയാകുന്ന വാഹനങ്ങൾ നിരാകരണം ചെയ്യുന്നത്, നിരാകരണം ചെയ്യപ്പെട്ട വാഹനങ്ങൾക്ക് പകരം വാഹനം അനുവദിക്കുന്നത് എന്നിവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ നടപടി

16(3805) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പൊതുപരീക്ഷകളിൽ യോഗ്യത നേടുകയും എസ്.എസ്.എൽ.സി., സർവകലാശാല പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയും ചെയ്യുന്ന, രജിസ്റ്റർ നമ്പർ പോലും വീണ്ടെടുക്കാനാകാതെ പോകുന്ന സാഹചര്യത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് സമയബന്ധിതമായി രജിസ്റ്റർ നമ്പരുകൾ കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

2001 മുതലുള്ള എസ്.എസ്.എൽ.സി.-യിലെ രജിസ്റ്റർ നമ്പർ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഡാറ്റാബേസിൽനിന്നും കണ്ടെത്തി അപേക്ഷകനെ സമയബന്ധിതമായി അറിയിക്കാറുണ്ട്. ഇപ്രകാരം ലഭിച്ച രജിസ്റ്റർ നമ്പറിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. സർവകലാശാല പരീക്ഷകളുടെ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും വീണ്ടെടുക്കാനാകാത്തവിധം, രജിസ്റ്റർ നമ്പർപോലും നഷ്ടപ്പെടുന്ന വിദ്യാർഥികൾക്ക് രജിസ്റ്റർ നമ്പർ കണ്ടെത്തി സർട്ടിഫിക്കറ്റുകളുടെയും മാർക്ക്

ലിസ്റ്റുകളുടെയും ഡ്യൂപ്ലിക്കേറ്റ് സമയബന്ധിതമായി നൽകാനുള്ള സംവിധാനം നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവകലാശാലകളിലുണ്ട്.

(ബി) ഇതിനെ സേവന അവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുമോ?

എസ്.എസ്.എൽ.സി. പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ, ഇവർക്ക് സമയബന്ധിതമായി രജിസ്റ്റർ നമ്പരുകൾ കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സേവന അവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കും. എന്നാൽ, സർവകലാശാലകളെ സംബന്ധിച്ച് വളരെ വർഷങ്ങൾക്ക് മുൻപുള്ളതും വിദ്യാർഥിയെ തിരിച്ചറിയാനുള്ള പൂർണ്ണവിവരങ്ങൾ ലഭ്യമല്ലാത്തതുമായ കേസുകളിൽ ഒന്നിലധികം ടാബുലേഷൻ രജിസ്റ്ററുകളും രേഖകളും കണ്ടെത്തി പരിശോധിച്ച് മാത്രമെ ഡ്യൂപ്ലിക്കേറ്റ് നൽകാനാകുകയുള്ളൂ എന്നതിനാൽ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിശ്ചിത സമയപരിധി നിശ്ചയിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. എന്നിരുന്നാലും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ആദിവാസികളുടെ ഇടയിൽ ബാലവിവാഹം നിരോധിക്കുന്നതിന് നടപടി

17(3806) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ഇടയിൽ പരമ്പരാഗത ആചാരപ്രകാരം പതിനെട്ട് വയസ് തികയാത്തവരുടെ വിവാഹം നടക്കുന്നതായി പറയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇപ്രകാരം ബാലവിവാഹം നടത്തുന്നവരുടെ പേരിൽ പോക്സോ നിയമപ്രകാരം കേസ് എടുത്ത് ശിക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ഇവരുടെ ഇടയിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം ബോധവൽക്കരണ പദ്ധതികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

എസ്.ടി. പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവർ മുഖേനയും സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർ മുഖേനയും കുട്ടികൾക്കും മുതിർന്നവർക്കും ബോധവൽക്കരണ ക്ലാസുകളും ഡി.എൽ.എസ്.എ.-യുടെ സഹകരണത്തോടെ അഭിഭാഷകരുടെ സേവനം പ്രയോജനപ്പെടുത്തി ഉന്നതികളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാറുണ്ട്. ബാലവിവാഹം മുഖ്യപ്രമേയമായി ഡി.എൽ.എസ്.എ. മുഖേന "ഇഞ്ച" എന്ന സിനിമ നിർമ്മിക്കുകയും വയനാട് ജില്ലയിൽ വ്യാപകമായി പ്രദർശിപ്പിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. വനം-പൊലീസ് വകുപ്പുകൾ, ലീഗൽ സർവീസ് വാളന്റിയർമാർ എന്നിവരുടെ സേവനവും പരിപാടികൾക്കായി പ്രയോജനപ്പെടുത്താറുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെയും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസും നൽകാറുണ്ട്.

(ഡി) പരമ്പരാഗത ആചാര പ്രകാരം നടത്തുന്ന വിവാഹം നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിവാഹശേഷം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിനായി പ്രോജക്ട് ഓഫീസുകൾ, ടൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ, ടൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ മുഖേനയും എസ്.റ്റി. പ്രൊമോട്ടർ, സോഷ്യൽ വർക്കർ എന്നിവർ മുഖേനയും ബോധവൽക്കരണം നടത്തിവരുന്നു. വിവാഹ ധനസഹായം നൽകുന്നതിന് വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

കായംകുളം നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിൽ ലഭിച്ച പരാതികൾ

18(3807) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിൽ എത്ര പരാതികൾ ലഭിച്ചിരുന്നുവെന്നും ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

4786 പരാതികൾ ലഭിച്ചതിൽ 4312 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങൾക്ക് നൽകിവരുന്ന സൗകര്യങ്ങൾ

19(3808) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര മന്ത്രിമാർ ഒഴികെയുള്ള എം.പി.-മാർക്ക് കേരളത്തിനകത്തുള്ള ഔദ്യോഗിക കാര്യനിർവഹണത്തിൽ സഹായിക്കുന്നതിനായി സർക്കാർ സർവീസിലെ ഒരു ഉദ്യോഗസ്ഥനെ പേഴ്സണൽ അസിസ്റ്റന്റായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് വരുന്നുണ്ട്. കൂടാതെ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ, കേന്ദ്രമന്ത്രിമാർ എന്നിവർ ഒഴികെ കേരളത്തിൽനിന്നുള്ള ഓരോ പാർലമെന്റ് അംഗത്തിനും ഒരു ഡ്രൈവറെ വീതം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ അല്ലെങ്കിൽ പ്രതിമാസ വേതന വ്യവസ്ഥയിലോ നിയമിച്ചുവരുന്നുണ്ട്. കേരളത്തിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പാർലമെന്റ് അംഗങ്ങൾക്ക് ലോക്സഭാ സെക്രട്ടേറിയറ്റിൽനിന്നുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ പുതിയ താമസസൗകര്യം ലഭ്യമാക്കുന്നതുവരെ ഡൽഹി കേരള ഹൗസിൽ താൽക്കാലിക താമസസൗകര്യം ക്രമീകരിച്ചുനൽകാറുണ്ട്. കൂടാതെ, എം.പി.-മാരുടെ ഔദ്യോഗികാവശ്യങ്ങൾക്കായി ഡൽഹി കേരള ഹൗസിൽ വാഹന സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്. അതോടൊപ്പം, പാർലമെന്റ് അംഗങ്ങളുടെ സംസ്ഥാന സന്ദർശനവേളകളിൽ സർക്കാർ അതിഥിമന്ദിരങ്ങളിൽ ഇളവ് നിരക്കിൽ താമസസൗകര്യം അനുവദിച്ച് നൽകാറുമുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്ന് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മലയാളികളായ എം.പി.-മാർക്കും നോമിനേറ്റ് ചെയ്യപ്പെടുന്ന മലയാളികളായ എം.പി.-മാർക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മലയാളികളായ എം.പി.-മാർക്കും നോമിനേറ്റ് ചെയ്യപ്പെടുന്ന മലയാളികളായ എം.പി.-

മാർക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ല. ഇതര സംസ്ഥാനങ്ങളിൽനിന്നും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഡൽഹി കേരള ഹൗസിൽ മേൽസൂചിപ്പിച്ച സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഇതര സംസ്ഥാനങ്ങളിൽനിന്നും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മലയാളികളായ എം.പി.-മാർക്ക് സംസ്ഥാന സർക്കാർ അതിഥി മന്ദിരങ്ങളിൽ നിരക്കിളവ് അനുവദിച്ച് നൽകാറില്ല.

സിവിൽ സർവീസ് ഉദ്യോഗസ്ഥർ

20(3810) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഐ.എ.എസ്. കേഡറിൽ 77-ഉം ഐ.പി.എസ്. കേഡറിൽ 26-ഉം, ഐ.എഫ്.എസ്. കേഡറിൽ 25-ഉം ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

(ബി) ഒരു വകുപ്പുമേധാവിക്ക് വിവിധ വകുപ്പുകളുടെ ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നേരിട്ടുള്ള നിയമനത്തിലൂടെയും സ്ഥാനക്കയറ്റത്തിലൂടെയുമുള്ള നിയമനം മുഖേനയും കൂടുതൽ അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരെ കേരള കേഡറിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഐ.എ.എസ്. വിഭാഗത്തിൽ സെലക്ഷൻ

പ്രക്രിയയിലൂടെയും ഉദ്യോഗസ്ഥരെ കേഡറിൽ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

(സി) അഖിലേന്ത്യാ സർവീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ, ഐ.എ.എസ്.-ൽ 28-ഉം, ഐ.പി.എസ്.-ൽ 26-ഉം, ഐ.എഫ്.എസ്.-ൽ 15-ഉം ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിലും ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലുമായി സംസ്ഥാനത്തിനുപുറത്ത് സേവനം അനുഷ്ഠിച്ചുവരുന്നു. കൂടാതെ, ആകെ 21 അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർ സംസ്ഥാനത്തിനകത്ത് സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും സേവനം അനുഷ്ഠിച്ചുവരുന്നു.

സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ

21(3811) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം ആരംഭിച്ച വർഷവും ഏത് സർക്കാരിന്റെ കാലത്താണെന്നതും വ്യക്തമാക്കുമോ?

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം 2015-ൽ ആരംഭിച്ചു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ പെർമനന്റ് കേഡർ സ്ട്രെങ്ത്തിൽ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽനിന്നും വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളത്.

(സി) പ്രസ്തുത സ്ഥാപനത്തെ ഡാറ്റാ റിസർച്ച് ആൻഡ് അനാലിസിസ് കേന്ദ്രമാക്കി അക്കാഡമിക് തലത്തിൽ ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട് PLGEA-B1/18/2025-PLGEA നമ്പർ ഫയലിൽ (കമ്പ്യൂട്ടർ നമ്പർ: 3040004) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി&ഡി) പരിശോധിച്ചുവരുന്നു.

കയ്പമംഗലം നിയോജകമണ്ഡലത്തിലെ നവകേരള സദസ്സ്

22(3812) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ എത്ര പരാതികളാണ് ലഭിച്ചത്; എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഇനി എത്ര പരാതികൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വകുപ്പുകൾ തിരിച്ചും പഞ്ചായത്ത് തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ?

4587 പരാതി ലഭിച്ചതിൽ 4403 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള പരാതികൾ വിവിധതലങ്ങളിൽ പരിശോധിച്ചുവരികയാണ്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ നടത്തിയ നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചും പഞ്ചായത്ത് തിരിച്ചും ശേഖരിച്ചിട്ടില്ല.

(ബി) നവകേരള സദസ്സിന്റെ ഭാഗമായി കയ്യമംഗലം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച ഏഴ് കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ഏത് വിഭാഗമാണെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

സംസ്ഥാന ആസൂത്രണ ബോർഡ് സമർപ്പിച്ച മാർഗനിർദേശപ്രകാരം പദ്ധതികളുടെ ഭരണാനുമതി/സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാതലത്തിൽ കൈക്കൊള്ളേണ്ടതാണെന്നുള്ള നിർദേശം സർക്കാർ പരിശോധിച്ചുവരുന്നു.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടർക്കെതിരെയുള്ള പരാതി

23(3813) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീ. ബി. ശ്രീകുമാർ മതസ്പർദ്ധ വളർത്തുന്ന തരത്തിൽ വകുപ്പുതല യോഗത്തിൽ സംസാരിച്ചതായും വകുപ്പുതലത്തിലെ വനിതാ ജീവനക്കാരിയെ അധിക്ഷേപിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പരാതികൾ ഉന്നയിച്ച ഉദ്യോഗസ്ഥർക്കെതിരെ ഡയറക്ടർ പ്രതികാര നടപടികൾ സ്വീകരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വ്യക്തി വകുപ്പിലെ വനിതാ ജീവനക്കാരെ അധിക്ഷേപിച്ചത് സംബന്ധിച്ച് മുമ്പ് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് കെ.എസ്.ആർ.ഇ.സി. ഡയറക്ടർ ശ്രീ. നിസാമുദ്ദീനെ ചുമതലപ്പെടുത്തുകയും ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി ഡയറക്ടറെ നേരിൽ കേൾക്കുകയും എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി ജീവനക്കാരുടെ വിശ്വാസം നേടിയെടുത്ത് പ്രവർത്തിക്കുന്നതിന് ഡയറക്ടർക്ക് നേരിട്ട് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കടമക്കുടി കോതാട്-ചേന്തുർ പാലം നിർമ്മാണം

24(3814) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന

കോതാട് - ചേന്നൂർ പാലത്തിന്റെ നിർമ്മാണ അലൈൻമെന്റിൽ ഉൾപ്പെട്ട സ്ഥലം വാട്ടർ മെട്രോയുടെ കോതാട് ടെർമിനലിന്റെ നിർമ്മാണത്തിനായി ഏറ്റെടുത്തതിനാൽ പാലത്തിന്റെയും ടെർമിനലിന്റെയും നിർമ്മാണത്തിൽ വർഷങ്ങളായി നേരിടുന്ന സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിന് നേരിടുന്ന സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം) തയ്യാറാക്കിയ ഡിസൈനിൽ വാട്ടർ മെട്രോ അധികൃതർ ആവശ്യപ്പെട്ട പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ളതാണ്. ഡിസൈനിൽ മാറ്റങ്ങൾ വരുത്തിയതിനാൽ എസ്റ്റിമേറ്റ് തുക 35.97 കോടി രൂപയായിരുന്നത് 41.14 കോടി രൂപയായി വർധിച്ചിട്ടുണ്ട്. വാട്ടർ മെട്രോ പൊന്നുംവില നടപടി പ്രകാരം ഏറ്റെടുത്തിട്ടുള്ള 6.87 ആർ സ്ഥലം പാലം നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് നിരാക്ഷേപപത്രം (എൻ.ഒ.സി.) നൽകണമെന്നാവശ്യപ്പെട്ട് ട്രാൻസ്പോർട്ട് സെക്രട്ടറിക്ക് 03-02-2025-ൽ ജിഡ കത്ത് നൽകിയിട്ടുണ്ട്. ടി കത്ത് ട്രാൻസ്പോർട്ട് വകുപ്പിലെ E2/30/2025 നമ്പർ ഫയലിൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ പാലത്തിനായുള്ള ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് വാട്ടർ മെട്രോയ്ക്കായി ഏറ്റെടുത്ത സ്ഥലം പാലം നിർമ്മാണത്തിന് വിട്ടുകിട്ടുന്നതിനായി സർക്കാരിന്റെ എൻ.ഒ.സി.-ക്കായി ഗതാഗത വകുപ്പിന് നൽകിയിട്ടുള്ള കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

സ്ഥലത്തിന്റെ എൻ.ഒ.സി.-ക്ക് ട്രാൻസ്പോർട്ട് സെക്രട്ടറിക്ക് 03-02-2025-ൽ ജിഡ കത്ത് നൽകിയിട്ടുണ്ട്. ടി കത്ത് ട്രാൻസ്പോർട്ട് വകുപ്പിലെ E2/30/2025 നമ്പർ ഫയലിൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

25(3815) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് തിരുവനന്തപുരത്ത് മുഖ്യ കാര്യാലയവും ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയറുടെ നേതൃത്വത്തിൽ 3 മേഖലാ കാര്യാലയവും 14 ജില്ലാ കാര്യാലയവും എറണാകുളത്ത് അധികമായി ഒരു ജില്ലാ കാര്യാലയവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു എൻവയോൺമെന്റൽ സർവെയിലൻസ് സെന്ററും കേന്ദ്ര ലബോറട്ടറിയുമുണ്ട്. കൂടാതെ എറണാകുളം മേഖലാ ഓഫീസ് കെട്ടിടത്തിൽ ബോർഡിന്റെ ലീഗൽ സെല്ലും പ്രവർത്തിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ എൻവയോൺമെന്റൽ എഞ്ചിനീയറുടെയും സയന്റിഫിക് ഓഫീസറുടെയും എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്?

തസ്തിക	എണ്ണം
എൻവയോൺമെന്റൽ എഞ്ചിനീയർ	1

അസിസ്റ്റന്റ് എഞ്ചിനീയർ	5
അസിസ്റ്റന്റ് സയന്റിസ്റ്റ്	1
ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്	2

നിലവിൽ ടി തസ്തികകളിൽ ഒഴിവുകളില്ല.

(സി) കണ്ണൂർ ജില്ലയിലെ മലിനീകരണ നിയന്ത്രണ ബോർഡിൽ 31-01-2025-വരെ ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്?

ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ Phoenix/Kran (www.keralapcbonline.com) വെബ്പോർട്ടൽ പ്രകാരം 31-01-2025 വരെ ലഭിച്ച അപേക്ഷകൾ 6534 എണ്ണവും തീർപ്പാക്കിയവ 5684 എണ്ണവും ബാക്കിയുള്ളവ 850 എണ്ണവുമാണ്.

(ഡി) ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൺസന്റ് അപേക്ഷകളുടെ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകൾ കഴിഞ്ഞാൽ പ്രതിമാസം ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്നത് കണ്ണൂർ ജില്ലാ കാര്യാലയത്തിലാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ബോർഡ് കൈക്കൊണ്ടുവരുന്നു. 5 അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 5 താലൂക്കുകൾ (തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, ഇരിട്ടി, പയ്യന്നൂർ) വിഭജിച്ച് നൽകിയാണ് ഓഫീസ് ഓർഡർ ക്രമീകരിച്ച് നൽകിയിരുന്നത്. നിലവിൽ ലഭിച്ച

അപേക്ഷകൾ സമയബന്ധിതമായി പരമാവധി തീർപ്പാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരള സിവിൽ സർവീസ് കോഡ്

26(3816) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ., കെ.എസ്.&എസ്.എസ്.ആർ., കോൺഡക്ട് റൂൾസ് എന്നിവ സംയോജിപ്പിച്ച് കേരള സിവിൽ സർവീസ് കോഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ;

(ബി) 27-11-2024-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം സബോർഡിനേറ്റ് സർവീസിലും സ്റ്റേറ്റ് സർവീസിലും നിരീക്ഷണ കാലയളവ് ഒരു തവണ മാത്രമാക്കുന്നതിനുള്ള വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) പരിശോധിച്ചുവരുന്നു.

ഫോറൻസിക് ഡിപ്പാർട്ട്മെന്റിൽ എം.എസ്സി. ഫോറൻസിക് സയൻസുകാരെ പരിഗണിക്കാൻ നടപടി

27(3817) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് ഡിപ്പാർട്ട്മെന്റിലെ പല തസ്തികകൾക്കും എം.എസ്സി. ഫോറൻസിക് സയൻസ് പഠിച്ചവരെ പി.എസ്.സി. പരിഗണിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് കേരള ഹൈക്കോടതിയുടെ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഹയർ ക്വാളിഫിക്കേഷൻ പല തസ്തികകൾക്കും ഒരു അയോഗ്യതയായി കണക്കാക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിവിധ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യതയിൽ എം.എസ്സി. ഫോറൻസിക് സയൻസ് കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ക്ലാർക്ക് ടൈപിസ്റ്റ്/ടൈപിസ്റ്റ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം

28(3818) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പുതിയ പി.എസ്.സി. വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; എത്രയും വേഗം വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകൾ ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്നതിൽ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതിനകം എതെല്ലാം വകുപ്പുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) പ്രവൃത്തി പഠനത്തിന്റെ ഭാഗമായി ശേഖരിച്ച റിപ്പോർട്ടിൽ ഏതെല്ലാം വകുപ്പുകളാണ് ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിലനിർത്തണമെന്നും, ഏതെല്ലാം വകുപ്പുകളാണ് ഈ തസ്തികയെ ക്ലാർക്ക് തസ്തികയാക്കി മാറ്റണമെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക സംബന്ധിച്ച് പ്രവൃത്തി പഠനം നടക്കുന്നതിനാൽ ഈ തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (ഉപദേശക-സി) വകുപ്പിൽനിന്നും ഉപ.സി.3/59/2024/പി.ആന്റ്.എ.ആർ.ഡി. നമ്പറായി 21-08-2024-ന് പി.എസ്.സി.ക്ക് കത്ത് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; തസ്തികയുടെ പ്രവൃത്തി പഠനം നടക്കുന്നു എന്ന കാരണത്താൽ മാത്രം ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക്, ടൈപ്പിസ്റ്റ് (വിവിധം) തസ്തികയിലേയ്ക്കുള്ള പുതിയ വിജ്ഞാപനം തടഞ്ഞുവച്ചതിന്റെ അടിയന്തര സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽനിന്ന് കൊമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സും പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയും പാസ്സാകുന്ന പതിനായിരത്തിലധികം വരുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള പരിമിതമായ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) ഇരുപതിലധികം വരുന്ന വകുപ്പുകളിലെ, ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിർത്തലാക്കുന്നതിന് പകരം ഈ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ചുമതലകളിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-എഫ്) ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലാർക്ക് നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് അഥവാ ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് കാറ്റഗറി മാറ്റം/പ്രൊമോഷൻ അനുവദിക്കുന്നുണ്ട്. കൂടാതെ, ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ ടൈപ്പിസ്റ്റുമാരുടെ ജോലി കൂടി ക്ലാർക്കുമാർ നിർവഹിക്കുകയാണ്. ആയതിനാൽ, ടൈപ്പിംഗ് ജോലികളിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളെ ക്ലാർക്ക് തസ്തികകളാക്കി മാറ്റുവാൻ കഴിയുമോ

എന്നു പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തി വരുന്നുണ്ട്. പ്രവൃത്തി പഠനം പ്രാരംഭ ഘട്ടത്തിലാണ്. വിവിധ വകുപ്പുകളോട് പ്രവൃത്തി പഠനത്തിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് 54 വകുപ്പുകൾ വിവരം ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി പഠനത്തിനായി തിരഞ്ഞെടുക്കുന്ന വിവിധ വകുപ്പുകൾ/ ഓഫീസുകൾ നേരിട്ട് സന്ദർശിച്ച് വിവരശേഖരണം നടത്തിയും സ്ഥിതിഗതികൾ വിലയിരുത്തിയും മാത്രമെ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. അതിനാൽ, പ്രവൃത്തിപഠനം പൂർത്തിയാക്കി ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതുവരെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ല എന്ന് പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി ക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

ആലപ്പുഴ ജില്ലയിലെ പി.എസ്.സി. നിയമനം

29(3819) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്ന് വകുപ്പ്, തസ്തിക എന്നിവ തിരിച്ച് അറിയിക്കാമോ?

2025 ഫെബ്രുവരി വരെ 3365 ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക എന്നിവ തിരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം ജില്ലയിലെ ക്ലാർക്ക് ടൈപിസ്റ്റ്/ടൈപിസ്റ്റ് ക്ലാർക്ക് തസ്തികയിലെ പുതിയ വിജ്ഞാപനം

30(3820) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപനം എത്രയുംവേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ടൈപ്പ്റൈറ്റിങ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിങ് കെ.ജി.ടി.ഇ. സർട്ടിഫിക്കറ്റും കൊമേഴ്സ്യൽ പ്രാക്ടീസ് സർട്ടിഫിക്കറ്റും സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സ് സർട്ടിഫിക്കറ്റും നേടിയ ഉദ്യോഗാർഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള വിരളമായ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപനത്തിന് കാലതാമസമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലാർക്ക് നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ക്ലാർക്ക് അഥവാ ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് കാറ്റഗറി മാറ്റം/പ്രൊമോഷൻ അനുവദിക്കുന്നുണ്ട്. ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ ടൈപ്പിസ്റ്റുമാരുടെ ജോലി കൂടി വലിയൊരളവുവരെ ക്ലാർക്കുമാർ നിർവഹിക്കുകയാണ്. അതിനാൽ, ടൈപ്പിങ് ജോലികളിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളെ ക്ലാർക്ക് തസ്തികകളാക്കി മാറ്റാൻ

കഴിയുമോ എന്ന് പരിശോധിക്കുന്നതിനായി വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തി വരുന്നുണ്ട്. പഠനം പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമെ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

കൊല്ലം ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

31(3821) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിലായി പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ റാങ്ക് ലിസ്റ്റുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളിലാണ് ഇനിയും നിയമന ശിപാർശകൾ നൽകാൻ ബാക്കിയുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

32(3822) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും 2025 ഫെബ്രുവരി വരെ എത്ര പേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 1045 ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിനുപുറമെ വിവിധ വകുപ്പുകളിൽ 2025-ൽ ഉണ്ടാകുന്ന 28 പ്രതീക്ഷിത ഒഴിവുകൾ ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) 2024, 2025 വർഷങ്ങളിൽ ഡി.പി.സി. കൂടാത്ത വകുപ്പുകൾ ഏതെല്ലാമാണെന്നും; ഇക്കാരണത്താൽ പ്രൊമോഷൻ നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം എൻട്രി ലെവൽ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനെ ബാധിക്കുന്നുവെന്ന ഉദ്യോഗാർഥികളുടെ ആശങ്ക പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഡി.പി.സി. നടപടികൾ പൂർത്തീകരിച്ച് പ്രൊമോഷൻ അനുവദിക്കുന്നതിന് സമയക്ലിപ്തത നിശ്ചയിച്ചുകൊണ്ടുള്ള ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനും എല്ലാ വർഷവും ജനുവരി 31-ന് മുമ്പായി ഡി.പി.സി. നടപടിക്രമങ്ങൾ സംബന്ധിച്ച കൃത്യമായ സമാഹൃത റിപ്പോർട്ട് നിർദിഷ്ട മാതൃകയിൽ വിശദീകരണം സഹിതം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.വി.സി.) വകുപ്പിന് നൽകുന്നതിനും നിർദേശം നിലവിലുണ്ട്.

നോൺ ഗസറ്റഡ് കോമൺ കാറ്റഗറി സർവീസിലെ നിരീക്ഷണകാലം

33(3823) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുകീഴിലുള്ള വിവിധ വകുപ്പുകളിൽ ഒരു ജീവനക്കാരൻ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് നിരീക്ഷണകാലം വിജയകരമായി

പൂർത്തീകരിച്ച് കഴിഞ്ഞാൽ തുടർന്നുള്ള സ്ഥാനക്കയറ്റ തസ്തികകളായ സീനിയർ ക്ലാർക്ക് തസ്തികയിലും ഹെഡ് ക്ലാർക്ക് തസ്തികയിലും നിരീക്ഷണകാലം വീണ്ടും വിജയകരമായി പൂർത്തീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലായെങ്കിൽ ഏത് ചട്ടങ്ങൾ/ഉത്തരവുകൾ/പരിപത്രങ്ങൾ പ്രകാരമാണ് സീനിയർ ക്ലാർക്ക് തസ്തികയിലും ഹെഡ് ക്ലാർക്ക് തസ്തികയിലും നിരീക്ഷണകാലം വേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ചട്ടങ്ങളുടെ/ഉത്തരവുകളുടെ/പരിപത്രങ്ങളുടെ പകർപ്പ് നൽകാമോ?

(എ&ബി) കെ.എസ്&എസ്.എസ്.ആർ. ഭാഗം II ചട്ടം 28 (e) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ നിരീക്ഷണകാലം ആവശ്യമില്ല. എന്നാൽ ജോലി സ്വഭാവം വ്യത്യാസമുള്ള ഹെഡ് ക്ലാർക്ക് തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) കെ.എസ് &എസ്.എസ്.ആർ. 1958 ചട്ടങ്ങളിലെ, ഭാഗം-II പൊതു ചട്ടങ്ങൾ-ചട്ടം 28 (a) (ii)-ലെ രണ്ടാം പ്രൊവിസോ അനുസരിച്ച് ഒരു ജീവനക്കാരൻ ഒരു തസ്തികയിൽ ഏറ്റവും കുറഞ്ഞത് ഒരു വർഷം സർവീസ് പൂർത്തിയാക്കിയതിനുശേഷമെ പ്രൊമോഷന് അർഹനാകൂ എന്നുള്ള വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുള്ള സംസ്ഥാന സർക്കാർ സർവീസിലെ നോൺ ഗസറ്റഡ് കോമൺ കാറ്റഗറി സ്ഥാനക്കയറ്റ തസ്തികകൾ/നോൺ ഗസറ്റഡ് കോമൺ കാറ്റഗറി റേഷ്യോ ബേസ്ഡ് പ്രൊമോഷൻ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കെ.എസ്&എസ്.എസ്.ആർ. ഭാഗം II ചട്ടം 28 (a)(ii)-ലെ വ്യവസ്ഥയിൽ ഇളവ് നൽകുന്ന പൊതു ഉത്തരവുകളില്ല.

(ഡി) മേൽപ്രകാരം ഇളവ് നൽകുന്നതിന് വ്യവസ്ഥയില്ലെങ്കിൽ, സംസ്ഥാന സർക്കാരിനുകീഴിലുള്ള വിവിധ വകുപ്പുകളിൽ നോൺ ഗസറ്റഡ് കോമൺ കാറ്റഗറി തസ്തികകളിലേക്ക് (നോൺ ഗസറ്റഡ് കോമൺ കാറ്റഗറി റേഷ്യോ ബേസ്ഡ് പ്രൊമോഷൻ തസ്തികകളിലേക്ക് ഉൾപ്പെടെ) നിശ്ചിത അർഹത സർവീസ് കാലയളവ് പരിധിയായ ഒരു വർഷം തികയുന്നതിന് മുമ്പ് സ്ഥാനക്കയറ്റങ്ങൾ നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രൊമോഷൻ/ബൈട്രാൻസ്ഫർ പ്രൊമോഷൻ തസ്തികകളിലെ നിരീക്ഷണകാലം

34(3824) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുകീഴിലുള്ള വിവിധ വകുപ്പുകളിൽ, കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട സീനിയർ ക്ലാർക്ക്/ഹെഡ്ക്ലാർക്ക് തസ്തികകളിൽനിന്നും പ്രൊമോഷൻ മുഖാന്തരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് നിയമിതരാകുന്ന ജീവനക്കാർക്കും അതത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് ജൂനിയർ സൂപ്രണ്ടിന്റെ സമാന ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലേക്ക് (ഈ സമാന ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ കൂടാതെ, അതത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് പി.എസ്.സി. മുഖാന്തരമുള്ള നേരിട്ടുള്ള നിയമനംകൂടി ഒരു നിയമന രീതിയായി പറഞ്ഞിട്ടുള്ള സംഗതികളിൽ) ബൈട്രാൻസ്ഫർ

പ്രൊമോഷൻ മുഖാന്തരം നിയമിതരാകുന്ന ജീവനക്കാർക്കും നിരീക്ഷണ കാലയളവ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ബി) മേല്പറഞ്ഞ സംഗതിയിൽ പ്രൊമോഷൻ മുഖാന്തരവും ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖാന്തരവും സ്ഥാനക്കയറ്റം ലഭിക്കുന്നവരെ (ഇവരുടെ നിരീക്ഷണകാലം 17-12-2018-ലെ സ.ഉ. (അച്ചടി) നമ്പർ. 17/2018/ഉ.ഭ.പ.വ. ഖണ്ഡിക 4 (i), (v) പ്രകാരം യഥാക്രമം ഒരു വർഷവും രണ്ട് വർഷവുമായി വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ) രണ്ട് തസ്തികകളും സമാനവും ഇന്റർ ചെയ്ഞ്ചബിളും ആകയാൽ, നിരീക്ഷണ കാലയളവിനുള്ളിൽതന്നെ ഭരണപരമായ കാരണങ്ങളാൽ പരസ്പരം മാറ്റി നിയമിക്കപ്പെടുന്ന സാഹചര്യമുള്ളതിനാൽ ഇവരുടെ നിരീക്ഷണകാലം കണക്കാക്കുന്നത് എപ്രകാരമെന്ന് അറിയിക്കാമോ?

(എ&ബി) ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയിൽ ബൈ ട്രാൻസ്ഫർ നിയമനം

35(3825) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്ന് ബൈട്രാൻസ്ഫർ നിയമനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നത് സംബന്ധിച്ച് ഏറ്റവും ഒടുവിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയത് ഏത് ഉത്തരവ് പ്രകാരമാണെന്നും ഇതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്നും വിശദമാക്കുമോ?

28-02-2011-ലെ സ.ഉ.(പി) നം.65/2011/പൊ.ഭ.വ. പ്രകാരമാണ് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയത്.

(ബി) ഇപ്രകാരം സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽവരുന്ന തീയതിയിൽ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽനിന്ന് ബൈ ട്രാൻസ്ഫർ നിയമനം നടത്തുന്നതിന് എത്ര തസ്തികകൾ ഇയർമാർക്ക് ചെയ്ത് മാറ്റിവയ്ക്കണമായിരുന്നു; അതിൽ എത്ര തസ്തികകൾ യഥാർഥത്തിൽ മാറ്റിവച്ചിരുന്നു; അവ തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ;

(സി) ഇപ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയതിനുശേഷം സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ ആദ്യമായി ജോയിൻ ചെയ്ത വ്യക്തിയുടെ പേരും പെൻ നമ്പരും ജോയിൻ ചെയ്ത തീയതിയും അറിയിക്കുമോ; ടിയാൾക്ക് അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് അർഹതപ്പെട്ട തീയതി എന്നാണെന്നും നിയമനം നൽകിയ തീയതി എന്നാണെന്നും വ്യക്തമാക്കുമോ; രണ്ട് തീയതികളും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ ഇപ്രകാരം വ്യത്യാസമുണ്ടായതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ടിയാൾക്ക് അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് അർഹതപ്പെട്ട തീയതി മുതൽ ബൈട്രാൻസ്ഫർ അനുവദിച്ച തീയതി വരെ

പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിൽ എത്രപേർക്ക് നിയമനം നൽകി; ഇപ്രകാരം നിയമനം നൽകിയവരുടെ പേരും പെൻ നമ്പരും നിയമനം നൽകിയ തീയതിയും നിയമന വിശദാംശങ്ങളും അറിയിക്കുമോ;

(ഇ) ഇപ്രകാരം അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിച്ച പ്രസ്തുത വ്യക്തി തനിക്ക് അർഹതപ്പെട്ട സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് അപേക്ഷ നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

(ബി-ഇ) സ്പെഷ്യൽ റൂൾ പ്രകാരം പൊതുഭരണ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് തസ്തികയുടെ എൻട്രി കേഡറിന്റെ 20% കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവരിൽനിന്നുമുള്ള തസ്തികമാറ്റം 2:1 എന്ന അനുപാതത്തിലാണ്. സ്പെഷ്യൽ റൂൾ ഭേദഗതി കഴിഞ്ഞ് വർഷങ്ങളായതിനാൽ ആദ്യ നിയമനം ലഭിച്ച വ്യക്തി ആരാണെന്നതുൾപ്പെടെയുള്ള വിവരങ്ങൾ നിലവിൽ ലഭ്യമല്ല.

2019-ലെ ശമ്പള പരിഷ്കരണം ദിവസവേതന ജീവനക്കാർക്ക് ബാധകമാക്കുന്നതിന് നടപടി

36(3826) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2019-ലെ ശമ്പള പരിഷ്കരണം ദിവസവേതന ജീവനക്കാരുടെ ദിവസവേതനത്തിന് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം പരിഷ്കരിച്ചുകൊണ്ട് ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം 11-02-2021-ലെ സ.ഉ.(അച്ചടി)നം.29/2021/ധന. പ്രകാരം സംസ്ഥാനത്തെ കരാർ/ദിവസവേതന ജീവനക്കാരുടെ വേതനം വർധിപ്പിച്ചിട്ടുണ്ട്.

പുതുക്കാട് നിയോജകമണ്ഡലത്തിൽ കെ-ഫോൺ പദ്ധതി

37(3827) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജകമണ്ഡലത്തിൽ കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും നിലവിൽ നൽകിയിട്ടുള്ള കണക്ഷനുകളും എത്രയെന്നുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 95 കിലോമീറ്റർ ബാക്ക്ബോൺ, 104 കിലോമീറ്റർ ആക്സസ് കേബിൾ, പോയിന്റ് ഓഫ് പ്രെസൻസുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 147 സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 273 വാണിജ്യ കണക്ഷനുകളും സാമ്പത്തികമായി

പിന്നാക്കം നിൽക്കുന്ന 6 കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷനും നൽകിയിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ അർഹരായ ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും മുൻഗണനാക്രമത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, മഞ്ഞ അല്ലെങ്കിൽ പിങ്ക് റേഷൻ കാർഡുള്ള കുടുംബങ്ങൾക്ക് അപേക്ഷയുടെ മുൻഗണനാക്രമത്തിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തരം അപേക്ഷ നൽകാവുന്നതാണ്. selfcare.kfon.co.in എന്ന വെബ്സൈറ്റിലൂടെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. +91 1800 570 4466 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടും കേരളത്തിലെ സർക്കാർ ഓഫീസുകൾക്കും വാണിജ്യ ഉപഭോക്താക്കൾക്കും കെ-ഫോൺ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്.

യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം

38(3828) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി ഡിജിറ്റൽ കേരള ആർക്കിടെക്ചർ പദ്ധതിയുടെ കീഴിൽ 'യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം' (യു.എസ്.ഡി.പി.) വികസിപ്പിക്കാൻ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ?

സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒന്നിലധികം വെബ്സൈറ്റുകൾ സന്ദർശിക്കാതെ ഒറ്റത്തവണ രജിസ്റ്റർ ചെയ്തുകൊണ്ട് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ തയ്യാറാക്കുന്നതിനും ഡിജിറ്റൽ ആർക്കിടെക്ചറൽ ചട്ടക്കൂട് സ്ഥാപിക്കുന്നതിനും ഗവൺമെന്റ് എന്റർപ്രൈസ് ആർക്കിടെക്ചർ പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. "യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (യു.എസ്.ഡി.പി.)" വികസിപ്പിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്മാർട്ട് ഗവൺമെന്റ് (എൻ.ഐ.എസ്.ജി.)-യെ ചുമതലപ്പെടുത്തുകയും എൻ.ഐ.എസ്.ജി. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 50 സേവനങ്ങളുടെ പഠനം നടത്തി, പഠന റിപ്പോർട്ട് തയ്യാറാക്കുകയുമുണ്ടായി. ഡിജിറ്റൽ കേരള ആർക്കിടെക്ചർ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത്, രണ്ടാംഘട്ട പ്രവർത്തനം

ത്വരിതപ്പെടുത്തുന്നതിനായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനും യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (യു.എസ്.ഡി.പി.) വികസിപ്പിക്കുന്നതിനുമുള്ള സിസ്റ്റം ഇന്റഗ്രേറ്ററായും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (KUDSIT)-യെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സ്റ്റാർട്ടപ്പ് കമ്പനികൾക്കുള്ള സഹായങ്ങൾ

39(3830) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഐ.ടി. ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കായി എന്തൊക്കെ സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇത്തരത്തിൽ ഇന്നവേറ്റർമാർക്കായി ഇതുവരെ എത്ര കോടി രൂപയുടെ സഹായധനം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് യുവ സംരംഭകത്വ പദ്ധതി. കോളേജ് വിദ്യാർഥികൾ മുതൽ പ്രൊഫഷണലുകൾ വരെയുള്ളവരിൽ സംരംഭകത്വവും നൂതന ആശയവും പ്രോത്സാഹിപ്പിക്കുക എന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ്, എഞ്ചിനീയറിങ്, പ്രൊഫഷണൽ, പോളിടെക്നിക്, മെഡിക്കൽ കോളേജുകളിലായി 519 ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

1. ഇന്നവേഷൻ ഗ്രാന്റ്

സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് വൈ.ഇ.ഡി.പി.-യിലൂടെ കേരള സർക്കാർ അവതരിപ്പിച്ച ഇന്നവേഷൻ ഗ്രാന്റ് പദ്ധതി. ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയിലൂടെ അർഹരായ സ്റ്റാർട്ടപ്പുകൾക്ക് പരമാവധി 15 ലക്ഷം രൂപയും വനിതാ സ്റ്റാർട്ടപ്പുകൾക്ക് 20 ലക്ഷം രൂപയും ലഭിക്കും. ഇന്നവേഷൻ ഗ്രാന്റ് ഇനത്തിൽ നാളിതുവരെ 30.87 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

2. ആർ ആൻഡ് ഡി ഗ്രാന്റ്

ആർ ആൻഡ് ഡി ഗ്രാന്റ് (സ്റ്റാർട്ട്അപ് റിസർച്ച് ഗ്രാന്റ്) പദ്ധതിയിലൂടെ അർഹരായ സ്റ്റാർട്ടപ്പുകൾക്ക് പരമാവധി 30 ലക്ഷം രൂപ സഹായ ധനമായി ലഭിക്കും.

a. പ്രാരംഭഘട്ടം – ആശയ രൂപീകരണവും അത് ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 3 ലക്ഷം രൂപ വരെയുള്ള ഐഡിയ ഗ്രാന്റ് നൽകിവരുന്നു. ഈ ഘട്ടത്തിൽ പ്രീ ഇൻകുബേഷൻ സൗകര്യം ആവശ്യമായവർക്ക് അത് നൽകുന്നതിനുള്ള സംവിധാനവും സ്റ്റാർട്ടപ്പ് മിഷൻ ഒരുക്കിയിട്ടുണ്ട്. കൂടാതെ, ആവശ്യമായ വിദഗ്ധരുടെ സഹായം മെന്ററിഷിപ്പ് പരിപാടിയിലൂടെ ലഭ്യമാക്കുന്നു.

b. പ്രൊഡക്ടൈസേഷൻ - ആദ്യ മാതൃകകൾ ഉൽപന്നമാക്കി വികസിപ്പിക്കുന്ന ഈ ഘട്ടത്തിൽ 4 ലക്ഷം രൂപ വരെയുള്ള പ്രൊഡക്ടൈസേഷൻ ഗ്രാന്റ് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകും. ഐഡിയ ഗ്രാന്റ് ലഭിച്ചിട്ടില്ലാത്തവർക്ക് ഈ

ഘട്ടത്തിൽ 7 ലക്ഷം രൂപ വരെയാണ് ഗ്രാന്റിന് അർഹത. ഓൺലൈനിലൂടെയും ഓഫ്‌ലൈനിലൂടെയുമുള്ള ഇൻകുബേഷൻ സൗകര്യങ്ങളും ഈ ഘട്ടത്തിൽ ലഭ്യമാണ്.

c. വാണിജ്യവൽക്കരണ ഘട്ടം (മാർക്കറ്റ് ആക്സസ്)– ഉൽപന്നങ്ങളെ വിപണിയിലെത്തിക്കുന്ന ഈ ഘട്ടത്തിൽ 3 ലക്ഷം രൂപ വരെയുള്ള മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് ലഭ്യമാണ്. ഐഡിയ ഗ്രാന്റ്, പ്രൊഡക്ടൈസേഷൻ ഗ്രാന്റ് എന്നിവ ലഭിക്കാത്തവർക്ക് 10 ലക്ഷം രൂപ വരെയുള്ള ഗ്രാന്റിന് അർഹതയുണ്ട് (വനിതകൾക്ക് ഇത് 12 ലക്ഷം രൂപ വരെയാണ്). കൂടാതെ വിപണിയിൽ ഇടപെടുന്നതിന് വിദഗ്ധരുടെ സഹായവും ദേശീയ/ അന്തർദേശീയ മേളകളിൽ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സീഡ് ലോൺ, ഫണ്ട് ഓഫ് ഫണ്ട്, മറ്റ് നിക്ഷേപകർ എന്നിവയിലൂടെയുള്ള സഹായവും ലഭ്യമാക്കിവരുന്നു.

d. സ്കെയിലപ് സ്റ്റേജ് – കമ്പനി വളർന്ന് പൂർണ്ണതോതിലുള്ള സംരംഭമായി മാറുന്ന ഈ ഘട്ടത്തിൽ 5 ലക്ഷം രൂപ വരെയുള്ള സ്കെയിലപ് ഗ്രാന്റ് ലഭ്യമാണ്. ഐഡിയ ഗ്രാന്റ്, പ്രൊഡക്ടൈസേഷൻ ഗ്രാന്റ്, മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് ലഭിക്കാത്തവർക്ക് അവ ഉൾപ്പെടെ 15 ലക്ഷം രൂപ വരെയുള്ള ഗ്രാന്റിന് അർഹതയുണ്ട്. ഈ ഘട്ടത്തിലും വിപണിയിൽ ഇടപെടുന്നതിന് വിദഗ്ധരുടെ സഹായവും ദേശീയ/അന്തർദേശീയ മേളകളിൽ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സീഡ് ലോൺ, ഫണ്ട് ഓഫ് ഫണ്ട്സ്, മറ്റ് നിക്ഷേപകർ എന്നിവയിലൂടെയുള്ള സഹായവും ലഭ്യമാക്കിവരുന്നു.

3. സീഡ് ഫണ്ട്

നൂതനാശയങ്ങളെ സ്റ്റാർട്ടപ്പുകളായി വികസിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതിയാണിത്. വിദഗ്ധ സമിതിക്ക് മുമ്പാകെ ആശയാവതരണം നടത്തിയാണ് സീഡ് ഫണ്ടിനായി സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുക്കുന്നത്. പ്രാരംഭഘട്ട സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപയും റവന്യൂ സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപയും പ്രതിവർഷം 6% സബ്സിഡി നിരക്കിൽ 12 മാസത്തെ മൊറട്ടോറിയം കാലയളവോടെ നൽകും. 2015-16 മുതൽ 2024-25 വരെ 11.94 കോടി രൂപ സീഡ് ഫണ്ടായി നൽകിയിട്ടുണ്ട്.

4. പലിശ ഇളവ് പദ്ധതി

സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന വായ്പയുടെ പലിശയിന്മേൽ കെ.എഫ്.സി. നൽകുന്ന പലിശ ഇളവായ 2% സബ്സിഡി കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. ഇതുവരെ ഈയിനത്തിൽ 27.87 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

5. പേറ്റന്റ് സപ്പോർട്ട് സ്കീം

പേറ്റന്റ് നേടാൻ കഴിയുന്ന സ്റ്റാർട്ടപ്പുകൾക്കും വിദ്യാർഥി സംരംഭകർക്കും പിന്തുണ നൽകുന്ന പേറ്റന്റ് സപ്പോർട്ട് സ്കീം എന്ന പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി ആരംഭിച്ചു. സ്റ്റാർട്ടപ്പ് സംരംഭകർക്കും വിദ്യാർഥി സംരംഭകർക്കും കൺസൾട്ടേഷൻ ഫീസ് ഉൾപ്പെടെയുള്ള പേറ്റന്റ് ചെലവ് തിരികെ നൽകി പിന്തുണയ്ക്കാൻ പേറ്റന്റ് സപ്പോർട്ട് സിസ്റ്റം ഉദ്ദേശിക്കുന്നു. ഒരൊറ്റ വിഷയത്തിൽ വിദേശ പേറ്റന്റ് ലഭിച്ചാൽ 10 ലക്ഷം രൂപ വരെ തിരികെ ലഭിക്കും. ഫയലിങ്, പ്രോസിക്യൂഷൻ, വിധി എന്നിവയിൽ 3 ഘട്ടങ്ങളിലായാണ് റീ-ഇംബേഴ്സ്മെന്റ്

നടത്തുക. 2016 മുതൽ 2023 വരെ 12 വിദ്യാർഥികൾക്കും 53 സ്റ്റാർട്ടപ്പുകൾക്കും പേറ്റന്റ് പിന്തുണയായി 1.44 കോടി രൂപ നൽകി.

6. ഫണ്ട് ഓഫ് ഫണ്ട്സ്

സെബി അംഗീകാരമുള്ള തിരഞ്ഞെടുക്കപ്പെട്ട ഫണ്ടുകളിൽ നിശ്ചിത തുക നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് മൂലധനമായി ലഭ്യമാക്കുന്ന പദ്ധതി.

7. ഇതര നിക്ഷേപങ്ങൾ

വിവിധ വെഞ്ചർ കാപിറ്റൽ, ഏഞ്ചൽ ഫണ്ടുകൾ, ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകർ എന്നിവരുമായി നിരന്തരം സ്റ്റാർട്ടപ്പുകളെ ബന്ധപ്പെടുത്തുന്നതിനും അതിലൂടെ മൂലധന നിക്ഷേപം ലഭ്യമാക്കുന്നതിനുമുള്ള ഇൻവെസ്റ്റർ കഫേ, ഇഗ്നൈറ്റ്, എലിവേറ്റ്, സീഡിങ് കേരള തുടങ്ങിയ പരിപാടികൾ തുടർച്ചയായി സംഘടിപ്പിച്ചുവരുന്നു. ഇപ്രകാരം സ്റ്റാർട്ടപ്പുകളിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാൻ സാധിക്കുന്നു.

8. ഇൻകുബേഷൻ

പ്രവർത്തനസ്ഥലവും വിദഗ്ധ ഉപദേശവും ആവശ്യമുള്ളവർക്ക് അത് ലഭ്യമാക്കുന്നതിന് ഓൺലൈനായും ഓഫ്ലൈനുമായുമുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. പ്രീ ഇൻകുബേഷൻ, പ്രൊഡക്ടൈസേഷൻ, പൈലറ്റിങ്, സ്കെയിലിങ് അപ് എന്നീ ഘട്ടങ്ങളിലേക്ക് കൃത്യമായി ചിട്ടപ്പെടുത്തിയ പരിപാടികൾ ഉൾപ്പെട്ട ഓൺലൈൻ ഇൻകുബേഷൻ പരിപാടിയാണ് 'ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ്'. ഭൗതികമായ ഇൻകുബേഷൻ നൽകുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള പ്ലഗ് ആൻഡ് പ്ലേ സ്പെയിസ് ഇൻകുബേറ്ററുകൾ കേരള സ്റ്റാർട്ടപ്പ്

മിഷന് നിലവിലുണ്ട്. മറ്റ് ജില്ലകളിലും പ്രദേശങ്ങളിലും ഇത് തുടങ്ങുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. ഈ ഇൻകുബേറ്ററുകളിലൂടെ സ്ഥല സൗകര്യം കൂടാതെ വിവിധ മെന്ററിങ് പരിശീലന പരിപാടികളും സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കി വരുന്നു. ലീപ് ആക്സിലറേറ്റർ എന്ന പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

9. ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്

സർക്കാർ വകുപ്പുകളിലെയും ബന്ധപ്പെട്ട സ്ഥാപനങ്ങളിലെയും ആവശ്യങ്ങൾ നിർവഹിക്കുന്നതിനായി സ്റ്റാർട്ടപ്പുകളിൽനിന്നും നേരിട്ട് വാങ്ങാവുന്ന ഉൽപന്നം/സേവനങ്ങളുടെ പരിധി 50 ലക്ഷമായും ലിമിറ്റഡ് ടെൻഡറിലൂടെ വാങ്ങാവുന്ന ഉൽപന്നം/സേവനങ്ങളുടെ പരിധി 3 കോടിയായും ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്പനികളുടെ പ്രാരംഭഘട്ടമായ സ്റ്റാർട്ടപ്പ് കാലഘട്ടത്തിൽ ആവശ്യമായ ബിസിനസ് ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

10. റിസർച്ച് ആൻഡ് ഇന്നവേഷൻ പ്രോഗ്രാം (ഗവേഷണ വികസന പരിപാടി)

ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നവേറ്റർമാർ, വിദ്യാർഥികൾ, അധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ ബന്ധിപ്പിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉൽപന്നമാക്കി വിപണിയിലെത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി ഒരു പ്രത്യേക പ്ലാറ്റ്ഫോം നിലവിലുണ്ട്. ഇതിലൂടെ സ്ഥാപനങ്ങൾക്കും ശാസ്ത്രജ്ഞർക്കും ഉൽപന്നങ്ങളും അതിന്റെ വിശദാംശങ്ങളും പ്രദർശിപ്പിക്കുന്നതിനും മറ്റ് ബന്ധപ്പെട്ടവർക്ക് അവ ലഭ്യമാകുന്നതിനുമുള്ള അവസരമുണ്ട്. ഇതിലൂടെ ഏതെങ്കിലും ഉൽപന്നം സംരംഭമാക്കി

മാറ്റുന്നതിന് ബന്ധപ്പെട്ടവർ മുന്നോട്ടുവരുന്നപക്ഷം പ്രസ്തുത സാങ്കേതികത കൈമാറുന്നതുമായി ബന്ധപ്പെട്ട ചെലവ് വഹിക്കുന്നതിനുള്ള സഹായം നൽകിവരുന്നു. ഗവേഷണ സ്ഥാപനങ്ങളുടെയും യൂണിവേഴ്സിറ്റികളുടെയും സഹകരണത്തോടുകൂടി കേരള സ്റ്റാർട്ടപ്പ് മിഷൻ റിങ്ക് ഡെമോ ഡേ (RINK DEMO DAY) എന്ന പ്രതിമാസ ഓൺലൈൻ പ്രദർശന പരിപാടി സംഘടിപ്പിച്ചുവരുന്നു. ഗവേഷണ വികസനത്തിൽ അധിഷ്ഠിതമായ വാണിജ്യവൽക്കരിക്കാവുന്ന സാങ്കേതികവിദ്യകളെയും ഉൽപന്നങ്ങളെയും സ്റ്റാർട്ടപ്പുകൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും സംരംഭകർക്കുംമുന്നിൽ പരിചയപ്പെടുത്തുകയാണ് ഡെമോ ഡേയുടെ ഉദ്ദേശ്യം.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

40(3831) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലകളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്?

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ 2000-01 കാലഘട്ടം മുതൽ പ്രവർത്തനം ആരംഭിച്ചിരുന്നു. നിലവിൽ പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

(ബി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ നികുതി, ഫീസ് എന്നിവ സ്വീകരിക്കുന്നതിന്

എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൗരൻമാർക്ക് നികുതി, ഫീസ് എന്നിവ ഒടുക്കുന്നതിനുള്ള സംവിധാനം ഫ്രണ്ട് ഓഫീസുകൾ, കൂടാതെ KSMART, ILGMS എന്നീ പോർട്ടലുകൾ വഴിയും ഏർപ്പെടുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത സേവനം ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ മുഖാന്തരം നൽകുന്നത് നിർത്തലാക്കിയിരിക്കുകയാണ്.

കെ.എസ്.ഇ.ബി. ഇലക്ട്രിസിറ്റി അനുബന്ധ യൂട്ടിലിറ്റി ബില്ലുകൾക്കായി പ്രത്യേക വെബ്സൈറ്റുകൾ പ്രാബല്യത്തിൽ വരുത്തിയതിനാൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ മുഖാന്തരം പ്രസ്തുത സേവനം നൽകുന്നത് നിർത്തലാക്കിയിരിക്കുകയാണ്.

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിവിധ വകുപ്പുകൾ സേവനങ്ങൾ ഓൺലൈനായി നൽകിത്തുടങ്ങിയതും പൗരൻമാർ സ്വന്തം നിലയ്ക്ക് ടി ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തിത്തുടങ്ങിയതും കൂടാതെ അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തനമാരംഭിച്ചതുംമൂലം സ്വാഭാവികമായും കഴിഞ്ഞ പത്ത് വർഷമായി ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിലെ ഇടപാടുകളുടെ എണ്ണം കുറഞ്ഞുവന്നിരുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ടി ഇടപാടുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ കൂടുതൽ ജനകീയമാക്കുന്നകാര്യം ഇപ്പോൾ പ്രസക്തമല്ല.

അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾ

41(3832) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; സേവനാടിസ്ഥാനത്തിൽ നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക് വ്യക്തമാക്കാമോ?

ഉണ്ട്. അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് സേവന നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പ്, തൊഴിൽ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് എന്നീ വകുപ്പുകളിലെ സേവനങ്ങൾക്ക് വകുപ്പുകൾ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതിനുപുറമെ കാർഷിക വകുപ്പ്, പട്ടികജാതി വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, കാഡ്കോ, കെ-ഡിസ്ക്, ലീഗൽ മെട്രോളജി, ITI അഡ്മിഷൻ, e-mulakath, തുണ (പൊലീസ് വകുപ്പ്) എന്നീ വകുപ്പുകളുടെയും പോർട്ടലുകളുടെയും സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെയും നടപടിക്രമങ്ങളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) അക്ഷയ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്ന സേവനവും ഫീസ് നിരക്കും പൊതുജനങ്ങൾക്ക് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചിട്ടുണ്ടോ; അത് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. സേവനനിരക്കുകൾ അടങ്ങിയ ബോർഡ് പൊതുജനത്തിന് കാണത്തക്കവിധത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അക്ഷയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളുടെ പരിശോധനച്ചുമതലയുള്ള ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന സംരംഭകർക്കുമേൽ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ നിർദേശിച്ചിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിന്മേലുള്ള പരാതികൾ നൽകേണ്ട മേൽവിലാസം, ഇ-മെയിൽ, ടെലഫോൺ നമ്പർ എന്നിവ ഇതോടൊപ്പം പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരാതികൾക്കും സംശയനിവാരണത്തിനും 155300 (BSNL) എന്ന നമ്പറിൽ ബന്ധപ്പെടാൻ സേവന നിരക്ക് ചാർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) സേവനത്തിന് ഒടുക്കിയ തുകയും ലഭിച്ച സേവനവും രേഖപ്പെടുത്തുന്ന റെസിപ്റ്റ്/ബിൽ ലഭിക്കാൻ ഗുണഭോക്താവിന് അവകാശമുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഇതുസംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ഓൺലൈൻ ഗെയിമുകൾ നിരോധിക്കാൻ നടപടി

42(3833) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഓൺലൈൻ ഗെയിമുകളിലൂടെയുണ്ടാകുന്ന വൻസാമ്പത്തിക നഷ്ടം ആളുകളെ ആത്മഹത്യയിലേക്ക് നയിക്കുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന സാഹര്യത്തിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഓൺലൈൻ ഗെയിമുകളിലൂടെയുണ്ടാകുന്ന നഷ്ടങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ടെലഗ്രാം, വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ നവമാധ്യമങ്ങൾ വഴി നിരവധി ഹ്രസ്വചിത്രങ്ങളും പോസ്റ്ററുകളും സൈബർ സുരക്ഷാ ടിപ്പുകളും തയ്യാറാക്കി പ്രചരിപ്പിച്ചുവരുന്നു. പ്രശസ്തരായ വ്ലോഗേഴ്സിനെ ഉൾപ്പെടുത്തി സൈബർ കുറ്റകൃത്യങ്ങൾ ആസ്പദമാക്കിയുള്ള ചിത്രങ്ങളും മറ്റും ചിത്രീകരിച്ച് അവബോധം നൽകിവരുന്നു. ഓൺലൈൻ ഗെയിമുകളെക്കുറിച്ചും മറ്റ് സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ജില്ലകളിലും സൈബർ വാളന്റിയർമാരെ നിയോഗിച്ചിട്ടുണ്ട്. ഓൺലൈൻ ഗെയിമുമായി ബന്ധപ്പെട്ട് പണം നഷ്ടപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനായി സൈബർ ഡിവിഷനുകീഴിൽ 2538 പൊലീസ് ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഓൺലൈൻ ഗെയിമുമായി ബന്ധപ്പെട്ട അന്യസംസ്ഥാന പ്രതികളെ 14C-യുടെ സഹായത്തോടെ അറസ്റ്റ് ചെയ്തുവരുന്നു. ഇത്തരം കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള മൊബൈൽ ഫോണുകളും മറ്റും തിരഞ്ഞുകണ്ടുപിടിക്കുന്നതിനും പ്രവർത്തനരഹിതമാക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിലുള്ള (സെൻട്രൽ എക്യുപ്മെന്റ് ഐഡന്റിറ്റി രജിസ്റ്റർ) പോർട്ടൽ സംവിധാനവും ഉപയോഗിച്ചുവരുന്നു. കുട്ടികളിലെ ഓൺലൈൻ ഗെയിം അഡിക്ഷൻ

തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനും 'ചിരി' എന്ന ഹെൽപ്പ്ലൈൻ നമ്പർ (9497900200) പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ഓൺലൈൻ ഗെയിമുമായി ബന്ധപ്പെട്ട പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24x7 പ്രവർത്തിക്കുന്ന നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലിന്റെ (NCRP) 1930 എന്ന ഹെൽപ്പ്ലൈൻ നമ്പർ പ്രവർത്തിച്ചുവരുന്നു.

(ബി) ഓൺലൈൻ ഗെയിം/ചൂതാട്ടം/ഭാഗ്യപരീക്ഷണക്കളികൾ എന്നിവ നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) 1960-ലെ കേരള ഗെയിമിങ് ആക്ടിന്റെ പരിധിയിൽ ഓൺലൈൻ ഗെയിം/ചൂതാട്ടം/ഭാഗ്യപരീക്ഷണ കളികൾ എന്നിവകൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നകാര്യം വിശദമായ പരിശോധനയിലാണ്.

സ്റ്റാർട്ടപ്പ് ജീനോം-ന്റെ 2020-ലെ കരാർ

43(3834) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാർട്ടപ്പ് ജീനോം എന്ന അന്താരാഷ്ട്ര സ്ഥാപനം കേരള സ്റ്റാർട്ടപ്പ് മിഷനുമായി 2020-ൽ ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ-ഫോൺ പ്രവൃത്തിയുടെ പുരോഗതി

44(3835) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കെ-ഫോൺ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പോയിന്റ് ഓഫ് പ്രെസൻസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 208 സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 353 വാണിജ്യ കണക്ഷനുകളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 17 കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷനും നൽകിയിട്ടുണ്ട്.

(ബി) അപേക്ഷ നൽകിയ എല്ലാവർക്കും കെ-ഫോൺ കണക്ഷൻ നൽകുന്നുണ്ടോ; ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ അപേക്ഷ ലഭിച്ച എല്ലാവർക്കും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

വാണിജ്യ കണക്ഷനുകളാണ് അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകി വരുന്നത്. ലഭിച്ച അപേക്ഷകളിൽനിന്നും 353 കണക്ഷനുകൾ നൽകിയിട്ടുണ്ട്. കെ-ഫോണിന്റെ അടിസ്ഥാനസൗകര്യങ്ങൾ നിലവിലുള്ള പ്രദേശങ്ങളിലാണ് കണക്ഷൻ വേഗത്തിൽ നൽകാൻ സാധിക്കുന്നത്. ശേഷിക്കുന്ന കണക്ഷനുകൾ നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

സ്റ്റാർട്ടപ്പ് ജീനോം റിപ്പോർട്ട്

45(3836) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് ജീനോം എന്ന അന്താരാഷ്ട്ര സ്ഥാപനം കേരള സ്റ്റാർട്ടപ്പ് മിഷന്റേതായി റിപ്പോർട്ട് ചെയ്ത 1.7 ബില്യൺ യു.എസ്. ഡോളർ ഇക്കോസിസ്റ്റം മൂല്യത്തിൽ 1 ബില്യൺ യു.എസ്. ഡോളറിൽ കൂടുതൽ മൂല്യമുള്ള ഒരു യൂണിക്കോൺ സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ സ്ഥാപനത്തിന്റെ ഇക്കോസിസ്റ്റം മൂല്യം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യൂണിക്കോൺ സ്ഥാപനത്തിന്റെ പേര് വിവരം നൽകാമോ;

(സി) പ്രസ്തുത സ്ഥാപനം കേരളത്തിൽ രജിസ്റ്റർ ചെയ്തതാണോ എന്ന് വ്യക്തമാക്കാമോ; ആണെങ്കിൽ പേര് വിവരങ്ങൾ നൽകാമോ;

(ഡി) ഈ സ്ഥാപനത്തിന് കേരള സ്റ്റാർട്ടപ്പ് മിഷൻ സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് സഹായം നൽകിയതെന്നും എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

(എ-ഡി) സ്റ്റാർട്ടപ്പ് ജീനോം സ്വതന്ത്രമായും ആധികാരികമായും നടത്തുന്ന പ്രൈമറി/സെക്കൻഡറി വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ടിലെ കണക്കുകൾ ക്രോഡീകരിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു യൂണിക്കോൺ സ്ഥാപനം ഇക്കോസിസ്റ്റം മൂല്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിനെപ്പറ്റിയുള്ള വിവരം ലഭ്യമല്ല.

ഐ.ടി. നയം

46(3838) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ ഐ.ടി. നയം കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതിക പദ്ധതികൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു പുതിയ ഐ.ടി. നയം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഐ.ടി. രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ചിരുന്നു. ഈ വിദഗ്ധ സമിതി പല തലങ്ങളിലുള്ള ചർച്ചകൾ നടത്തി തയ്യാറാക്കിയ കരട് ഐ.ടി. നയത്തിന്മേൽ പൊതുജനങ്ങളുടെയും വിവിധ വകുപ്പുകളുടെയും അഭിപ്രായങ്ങൾ/നിർദേശങ്ങൾ ഉൾപ്പെടുത്തി, ഇതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിലെ ഐ.ടി. നയങ്ങളിലെ വ്യവസ്ഥകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കിയ കരട് വിവരസാങ്കേതിക വിദ്യാനയം - 2025 അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

47(3843) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുകയാണ് അനുവദിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

2018-ലെ പ്രളയ നഷ്ടപരിഹാരം

48(3844) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചതിന്മേൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കുന്നതിനായി പെർമനന്റ് ലോക് അദാലത്തിൽ നൽകിയ പരാതിയുടെ വിധിപ്രകാരം എത്രപേർക്ക് നഷ്ടപരിഹാരം നൽകേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ലഭിക്കുന്നതിനായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ പി.വി. അനിൽവാസ്, ഷാലു കെ. കെ., കെ. സി. അംബ്രോസ്, ഷീജ സത്യൻ തുടങ്ങിയവർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൽ.എ. മുഖാന്തരം മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്ന നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ-സി) 29-08-2023-ലെ SLP(C) 5730/2020(XI-A) ഉത്തരവ് പ്രകാരം 2018-ലെ പ്രളയ ദുരിതാശ്വാസ ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് രണ്ടാം അപ്പീൽ അധികാരിയായി പെർമനന്റ് ലോക് അദാലത്തിനെ നിയമിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. പെർമനന്റ് ലോക് അദാലത്ത് ഉത്തരവ് പ്രകാരമുള്ള നഷ്ടപരിഹാര തുക ലഭിക്കുന്നതിനുവേണ്ടി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ശ്രീ. പി. വി. അനിൽ വാസ്, ശ്രീമതി ഷാലു കെ. കെ., ശ്രീ. കെ. സി. അംബ്രോസ് എന്നിവർ എം.എൽ.എ. മുഖാന്തരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്ന നിവേദനങ്ങളിൽ യഥാക്രമം G3240900777, G3250102694, G3250102699 ഡോക്കെറ്റ് നമ്പർ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി ഷീജ സത്യന്റെ നിവേദനം സി.എം.ഒ. പോർട്ടലിൽ ലഭിച്ചതായി പരിശോധനയിൽ കാണുന്നില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചതിന് വൈപ്പിൻ നിയോജകമണ്ഡലത്തിലെ ശ്രീ. പി. വി. അനിൽ വാസ്, ശ്രീ. കെ. സി. അംബ്രോസ് എന്നിവർക്ക് 10,000/- രൂപ വീതവും ശ്രീമതി ഷാലു കെ. കെ., ശ്രീമതി ഷീജ സത്യൻ എന്നിവർക്ക് 20,000/- രൂപ വീതവും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതിയിൽ പുതിയ പ്രവൃത്തികൾ

49(3845) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഇതിനോടകം അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാണ് ആർ.കെ.ഐ. മുൻഗണന നൽകുന്നത്. ദേവികുളം നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+] പ്രസ്തുത അനുബന്ധത്തിലെ ക്രമനമ്പർ 23 മുതൽ 27 വരെയുള്ള പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുത്തിട്ടുള്ളതാണ്.

ദുരന്തനിവാരണ ഫണ്ടിൽനിന്നും ധനസഹായം

50(3846) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം പ്രത്യേക ദുരന്തമായി സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ദുരന്തനിവാരണ ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവനും സ്വത്തിനുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്, സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്. പ്രസ്തുത ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 03-03-2025-ന് ആനയുടെ ആക്രമണത്തിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ മരണപ്പെട്ട കോട്ടപ്പടി കൂവക്കണ്ടം സ്വദേശി കുഞ്ഞപ്പൻ എന്ന വ്യക്തിയുടെ കുടുംബത്തിന് ദുരന്തനിവാരണ ഫണ്ടിൽനിന്നും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

51(3847) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മെഡിക്കൽ/എക്സ്പെൻഡിച്ചർ

സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള തുകയ്ക്ക് തുല്യമായ ബില്ലുകൾ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചെലവായ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ രേഖപ്പെടുത്തുന്ന കേസുകളിൽ അപേക്ഷകർക്ക് അർഹമായ തുക ലഭിക്കുന്നതിനായി മെഡിക്കൽ ബില്ലുകൾ, ചികിത്സാ രേഖകൾ/ഡിസ്ചാർജ് സമ്മറി എന്നിവ സമർപ്പിക്കേണ്ടതാണെന്ന് 08-05-2023-ലെ REV-DRF-A1/55/2023/REV, 28-06-2022-ലെ REV-DRF-A1/48/2022/REV എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.[+])

(ബി) പ്രസ്തുത കാരണത്താൽ വില്ലേജ് ഓഫീസർമാർ അപേക്ഷകൾ തടഞ്ഞുവയ്ക്കുകയോ നിരസിക്കുകയോ അപേക്ഷകനോട് ബില്ലുകൾ ആവശ്യപ്പെടുകയോ ചെയ്യുന്നതുമൂലം പല അപേക്ഷകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻപാകെ എത്തുന്നതിന് മുമ്പുതന്നെ നിരസിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വില്ലേജ് ഓഫീസർക്ക് അപേക്ഷ നിരസിക്കാനുള്ള അധികാരം ഇല്ലാത്തതാകുന്നു.

തൊഴിലുറപ്പ് ജോലിക്കിടെയുണ്ടായ അപകടമരണത്തിന് നഷ്ടപരിഹാരം

52(3848) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് ജോലിക്കിടെയുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട മൂന്ന് സ്ത്രീ തൊഴിലാളികളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് പരമാവധി സാമ്പത്തിക സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും ഇത് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ രാമന്തളി വില്ലേജിൽ തൊഴിലുറപ്പ് ജോലിക്കിടയിലുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ യശോദ റ്റി. വി., ശ്രീലേഖ വി. പി., ശോഭന പി. വി. എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് ദുരന്തം–സാലറി ചലഞ്ച് ഇനത്തിൽ ലഭിച്ച തുക

53(3849) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂരൽമല ദുരന്തത്തെ തുടർന്നുള്ള വയനാട് പുനരധിവാസത്തിനായി നാളിതുവരെ സാലറി ചലഞ്ച് ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ദുരന്തവുമായി ബന്ധപ്പെട്ട്, ഇക്കാര്യത്തിനായി തുറന്ന ട്രഷറി അക്കൗണ്ടിലെ 10-03-2025 വരെയുള്ള കണക്ക് പ്രകാരം ആകെ 231,20,97,062/- രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഓരോ വകുപ്പിൽനിന്നും ലഭിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

വയനാട് ദുരിതാശ്വാസ നിധി

54(3850) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലുണ്ടായ പ്രകൃതിദുരന്തത്തെ കേന്ദ്രസർക്കാർ ഏത് ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുവഴി സംസ്ഥാന സർക്കാരിന് ഏതൊക്കെ തരത്തിലുള്ള ഫണ്ടുകൾ സ്വരൂപിക്കാൻ അനുമതിയുണ്ടാകുമെന്ന് വിശദമാക്കാമോ?

വയനാട് മേപ്പാടി ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിലവിൽ ലഭ്യമായ തുകയിൽനിന്നും 120 കോടി രൂപ മാനദണ്ഡങ്ങൾക്ക് അതീതമായി മേപ്പാടി ദുരന്തത്തിനായി വിനിയോഗിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി നൽകി. Scheme for Special Assistance to States for Capital Investment (SASCI) പദ്ധതി മുഖേന തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് സംസ്ഥാന സർക്കാർ ശിപാർശ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ചിരുന്ന 16 പദ്ധതികൾ നടപ്പാക്കുന്നതിനായി 529.50 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

Flexi Funds of Central Government Schemes: കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ 25% വരെ ദുരന്ത നിവാരണത്തിന് വിനിയോഗിക്കാൻ സാധിക്കും.

MP LADS: രാജ്യത്തെ മുഴുവൻ എം.പി.-മാർക്കും മേപ്പാടി പുനർനിർമ്മാണത്തിന് തുക അനുവദിക്കാവുന്നതാണ്.

(ബി) കേരളത്തിൽനിന്നുള്ള ഏതൊക്കെ എം.പി.-മാർ തങ്ങളുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് വയനാട് ദുരിതാശ്വാസത്തിനായി എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽനിന്നുള്ള ഓരോ എം.പി.-മാരും തങ്ങളുടെ ശമ്പളത്തിൽനിന്ന് എത്ര രൂപ വീതം വയനാട് ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുണ്ടെന്നത് വിശദമാക്കാമോ?

(ബി&സി) കേരളത്തിലെ എം.പി.-മാർ നിലവിലുള്ള എം.പി. ലാഡ്സ് ഇ-സാക്ഷി പോർട്ടൽ മുഖേന വയനാട് ജില്ലയ്ക്ക് calamity consent ആയി സ്റ്റേറ്റ് നോഡൽ അതോറിറ്റിക്ക് സമർപ്പിച്ച തുകകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഏതെങ്കിലും എം.പി.-മാർ തങ്ങളുടെ ശമ്പളത്തിൽനിന്നോ പ്രാദേശിക വികസന ഫണ്ടിൽനിന്നോ വയനാട് ദുരിതാശ്വാസത്തിനായി തുക നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തിന് പുറത്തുനിന്നുള്ള എം.പി.-മാർ വയനാട് ദുരിതാശ്വാസത്തിനായി ലഭ്യമാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര മന്ത്രാലയത്തിന്റെ പാർലമെന്ററികാര്യ വകുപ്പിൽനിന്നും ശേഖരിച്ച് വരികയാണ്.

താനൂർ ബോട്ട് ദുരന്തം

55(3851) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ബോട്ട് ദുരന്തത്തിൽ പരിക്കുപറ്റിയവരുടെ ചികിത്സ സർക്കാർ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദമാക്കാമോ?

പരിക്കേറ്റവരുടെ ചികിത്സയ്ക്കും തുടർചികിത്സയ്ക്കുമുള്ള ചെലവ് വഹിക്കുന്നതിന് 11-05-2023-ലെ സ.ഉ.(കൈ) നം.4/2023/DMD ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത ബോട്ട് ദുരന്തത്തിൽ പരിക്കുപറ്റിയ എത്രപേർക്ക് സർക്കാർ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്; ആളുകളുടെ പേരും ആശുപത്രിയും ഇനം തിരിച്ച് വ്യക്തമാക്കാമോ?

പരിക്ക് പറ്റിയ ജർഷ, ആയിഷ, മെഹറിൻ എന്നീ കുട്ടികൾക്ക് തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന DEIC-യിലും ജന്ന എന്ന കുട്ടിക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലും തുടർചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം

56(3852) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടൗൺഷിപ്പിനായുള്ള കല്ലിടീൽ ചടങ്ങ് 2025 മാർച്ച് 27-ന് നിർവഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പുനരധിവാസത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അപാകതകൾ ഉള്ളതായി പരാതിയുണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കേണ്ടവരുടെ അന്തിമ പട്ടിക 07-02-2025-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒന്നാംഘട്ടം അന്തിമ ലിസ്റ്റിൽ 242 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പുനരധിവസിപ്പിക്കേണ്ടവരുടെ ഫേസ് 2A കരട് ലിസ്റ്റ് 11-03-2025-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2A ലിസ്റ്റിൽ 87 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. നോ-ഗോ സോണിന് പുറത്തായി സ്ഥിതിചെയ്യുന്ന ദുരന്തം കാരണം ഒറ്റപ്പെട്ടുപോകുന്ന വീടുകളെ ഉൾപ്പെടുത്തിയിട്ടുള്ള കരട് ഫേസ് 2B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽനിന്ന് 50 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന

അവസ്ഥയിലുള്ള വീടുകൾ മാത്രം പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്താൻ 28-02-2025-ലെ സ.ഉ.(കൈ)നം.3/2025/ഡി.എം.ഡി. പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അപ്പീൽ അപേക്ഷകൾ പരിശോധിച്ച് സർക്കാർ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) പുനരധിവാസ നടപടികൾ പൂർണ്ണമായി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

ടൗൺഷിപ്പിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വരൾച്ച നേരിടുന്നതിന് നടപടി

57(3853) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചമൂലമുണ്ടായിട്ടുള്ള കെടുതികൾ വിലയിരുത്തിയിട്ടുണ്ടോ; വരൾച്ച നേരിടുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വരൾച്ചമൂലം സംസ്ഥാനത്തുളവായിട്ടുള്ള അടിയന്തര സാഹചര്യം നേരിടുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വരൾച്ച നേരിടാൻ പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ;

(സി) രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ദുരന്തനിവാരണ വകുപ്പ് കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) ഉഷ്ണകാല നടപടികളുടെ ഭാഗമായി കുടിവെള്ള ദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനായുള്ള നടപടികൾ ബന്ധപ്പെട്ട പഞ്ചായത്തും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സ്വീകരിച്ചിട്ടുണ്ട്. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗ്ഗരേഖ (Heat Action Plan) അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ എല്ലാ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും നിർദേശം നൽകുകയും കൂടാതെ, യോഗങ്ങൾ ചേർന്ന് വേനൽക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുകയും ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) വരൾച്ച നേരിടുന്നതിന് കേന്ദ്രസർക്കാർ മുമ്പാകെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും അവ പരിഗണിച്ചോയെന്നും വ്യക്തമാക്കാമോ?

നിലവിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(ഇ) പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരിൽനിന്ന് സഹായം ലഭ്യമായിട്ടുണ്ടോയെന്നും ആവശ്യപ്പെട്ട സാമ്പത്തിക സഹായം എത്രയായിരുന്നുവെന്നും വിശദമാക്കാമോ?

ബാധകമല്ല.

കായംകുളം നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

58(3855) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കായംകുളം നിയോജകമണ്ഡലത്തിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വാർഡ് 4 കറ്റാനം വില്ലേജ് ഓഫീസ് കാട്ടുരേത്ത് റോഡ്, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 18 പാട്ടത്തിൽ മൂന്ന്-ഗുരുമന്ദിരം-ചക്കാട റോഡ് എന്നീ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തടസ്സങ്ങൾ എന്താണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

പരാമർശിത രണ്ട് റോഡുകളും തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഭരണാനുമതി ലഭ്യമാക്കിയ റോഡുകളാണ്. ഇതിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വാർഡ് 4 കറ്റാനം വില്ലേജ് ഓഫീസ് കാട്ടുരേത്ത് റോഡ് പ്രവൃത്തി 29-05-2023-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 18 പാട്ടത്തിൽ മൂന്ന്-ഗുരുമന്ദിരം-ചക്കാട റോഡ് പ്രവൃത്തിക്ക് wet land-ൽ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ആവശ്യമായിരുന്നതിനാൽ നിശ്ചിത സമയത്തിനുള്ളിൽ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. 04-11-2023-ൽ അവസാനിച്ച ഈ റോഡിന്റെ ഭരണാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

പാലക്കാട് ജില്ലയിലെ റീ-ബിൽഡ് കേരള പദ്ധതികൾ

59(3856) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത അനുബന്ധത്തിലെ ക്രമ നം. 27 മുതൽ 33 വരെയുള്ള പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ ഏറ്റെടുത്തിട്ടുള്ളവയാണ്.

കായംകുളം നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഇൻലാൻഡ് നാവിഗേഷന്റെ എൻ.ഒ.സി.

60(3857) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിലെ കന്നീസക്കടവ് പാലം, കോയിക്കൽപ്പടി പാലം, മാർക്കറ്റ് പാലം, പത്തിയൂർ പാലം എന്നിവയുടെ നിർമ്മാണത്തിനായി ഇൻലാൻഡ് നാവിഗേഷന്റെ എൻ.ഒ.സി. ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയജലപാതയിൽ ഉൾപ്പെടാത്ത ജലപാതകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്കായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി HTL + 3 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസിൽ കന്നീസക്കടവ് പാലം, കോയിക്കൽപ്പടി പാലം, മാർക്കറ്റ് പാലം എന്നിവ നിർമ്മിക്കുന്നതിന് 05-03-2025-ൽ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ ദേവപ്പുരക്കൽ പാലം നിർമ്മാണം

61(3858) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ ദേവപ്പുരക്കൽ പാലം നിർമ്മാണത്തിനുവേണ്ടി വെർട്ടിക്കൽ ക്ലിയറൻസ്, ഹൊറിസോണ്ടൽ ക്ലിയറൻസ് എന്നിവയിൽ ഇളവ് ആവശ്യപ്പെട്ട് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തിന് നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ ജില്ലയിലെ വിവിധ പാലങ്ങൾക്ക് ക്ലിയറൻസിൽ ഇൻലാൻഡ് നാവിഗേഷൻ ഇളവ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജലഗതാഗതമില്ലാത്ത കനാലിന് മുകളിലൂടെ നിർമ്മിക്കുന്ന ദേവപ്പുരക്കൽ പാലത്തിന്റെ വെർട്ടിക്കൽ-ഹൊറിസോണ്ടൽ ക്ലിയറൻസിൽ ഇളവ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

കോവളം-ബേക്കൽ ജലപാത

62(3859) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയായ ഈസ്റ്റ്-വെസ്റ്റ് കനാൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള പ്രധാന ജലപാതകളെ കൂട്ടിയോജിപ്പിച്ചും ആവശ്യമായ ഇടങ്ങളിൽ കനാലുകൾ നിർമ്മിച്ചും കനാലുകളെ വികസിപ്പിച്ചും തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാൽ എന്ന പേരിൽ ജലപാത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. അതിൽ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാതയുമാണ്. വെസ്റ്റ് കോസ്റ്റ് കനാൽ വികസന പ്രവൃത്തിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒന്നാം ഘട്ടത്തിൽ 520 കി.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിലുള്ള വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര-മാഹി കനാലുകൾ ഉൾപ്പെടെ, പൂർണ്ണതോതിൽ വികസിപ്പിക്കുകയും, ജലപാത നിലവാരത്തിൽ കനാൽ വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ പ്രവൃത്തികളും കനാലുകൾക്ക് കുറുകെയുള്ള ഉയരവും വീതിയും നീളവും കുറഞ്ഞ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടിയും നിരവധി ലോക്ക്-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവൃത്തികളും നടന്നുവരുന്നു.

മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ പൂർത്തീകരിക്കുകയും പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പാക്കി 2026-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

(ബി) കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാതയിൽ എത്ര കിലോമീറ്ററാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും പൂർണ്ണതോതിൽ അതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ?

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്-3 സ്റ്റാൻഡേർഡിലേക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള (74.18 കി.മീ.) ഭാഗത്ത് 51 കി.മീ. ഗതാഗതയോഗ്യമാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (NW-3)-ൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ജലഗതാഗതയോഗ്യമാണ്. ഇതിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാകാനുണ്ട്. കോട്ടപ്പുറം - ചാവക്കാട് റീച്ചിൽ തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കിയിട്ടുണ്ട്. ചേറ്റുവ - ചാവക്കാട് ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി ഒരുകോടി രൂപ അനുവദിച്ചു. ടെൻഡർ നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള 2.25

കോടി രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

ചേറ്റുവ-കല്ലായി റീച്ചിൽ പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് ദേശീയജലപാത 3-ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിങ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD – RIDF – Tranche XXIX-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയതിൻപ്രകാരം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ-കം-ലോക്കിന്റെ പര്യവേക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (328 കി.മീ.) കഴിഞ്ഞുവരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന 1118 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള വാട്ടർവേസ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി സർവെ, മണ്ണ് പരിശോധന, മറ്റ് വിവര ശേഖരണങ്ങൾ തുടങ്ങിയ നടപടികൾ പൂർത്തിയാക്കി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു. ഇരഞ്ഞിക്കൽ - വടകര റീച്ചിൽ

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിങ്ങും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു. 17.61 കി.മീ. ദൈർഘ്യമുള്ള വടകര – മാഹി കനാലിന്റെ 9.28 കി.മീ. ദൂരം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. മാഹി-വളപട്ടണം റീച്ചിൽ 26 കി.മീ. ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് നിർദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോവളം-ബേക്കൽ ജലപാതയിൽ കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം (നീലേശ്വരം) വരെ 22.63 കി.മീ. ജലപാത നിലവിലുണ്ട്. നീലേശ്വരം കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരി വരെ 21.92 കി.മീ. നീട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 6.5 കി.മീ. ദൂരത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) കോവളം-ബേക്കൽ ജലപാത വികസനത്തിന്റെ ഒന്നാം ഘട്ടത്തിൽ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയെന്നും രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഏതൊക്കെ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വെസ്റ്റ്കോസ്റ്റ് കനാലിൽ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന പ്രവൃത്തികളും അതിന്റെ പുരോഗതിയും:

കോവളം – കൊല്ലം

1. കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീ. ആക്കുന്നതിനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു.

2. പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണം തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് മുടങ്ങിയിരിക്കുന്നു. അതിർത്തി തിരിച്ച് കല്ലിട്ടതിനുശേഷം പ്രവൃത്തി ആരംഭിച്ച് 2025 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

3. പുത്തൻപാലം സ്റ്റീൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലാൻഡ് അക്വിസിഷൻ നടന്നതിനുശേഷമെ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തി 2025 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

4. ടി.എസ്. കനാലിന് കുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

5. പള്ളിത്തുറ മുതൽ കഠിനംകുളം കായൽ വരെയുള്ള ഭാഗത്ത് കല്ലിടൽ പ്രവൃത്തി നടന്നുവരുന്നു.

6. 16.09 കി.മീ. മുതൽ 22.55 കി.മീ. വരെ വീതിയും ആഴവും കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

7. സെന്റ് ആൻഡ്രൂസ് പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.

8. അനക്കപ്പിള്ള മുതൽ ചാന്നാങ്കര വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.

9. ചാന്നാങ്കര പാലത്തിന് സമീപമുള്ള തീരസംരക്ഷണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

10. ചിലക്കൂർ ടണൽ ഉൾപ്പെടുന്ന ചെ. 46.00 കി.മീ. മുതൽ 49.00 കി.മീ. വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയിൽ ടണൽ ക്ലീനിങ് പൂർത്തീകരിക്കുകയും അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

11. ചെ. 49740 മീ. മുതൽ ചെ. 50900 മീ. വരെയും, ചെ. 50900 മീ. മുതൽ ചെ. 52200 മീ. വരെയുമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസന പ്രവർത്തനങ്ങളുടെ കരാർ ഉടമ്പടിവച്ച് പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

12. വർക്കല റാത്തിക്കൽ ജുമാമസ്ജിദിന് സമീപമുള്ള പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തി, ടി ഭാഗത്തെ ഡ്രെയിൻ നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചു.

13. താഴെവെട്ടൂർ മസ്ജിദിന് സമീപമുള്ള പാർശ്വഭിത്തി നിർമ്മാണം പൂർത്തീകരിച്ചു.

14. പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.

15. കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെയുള്ള വികസന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

16. കല്ലുപാലം പണി പൂർത്തീകരിച്ചു.

17. കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി - വള്ളക്കടവ്, നെല്ലേറ്റിൽ കടവ്, കാപ്പിൽ കടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഗ്രഹാനന്ദപുരം, ചേരിക്കടവ്, തോലുകടവ് എന്നീ ബോട്ടുജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

18. വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവൃത്തികളും നടന്നുവരുന്നു.

19. ടൂറിസം വകുപ്പിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1) കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം - പൂർത്തീകരിച്ചു.

2) പുത്തൻകടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ്.

3) പണയിൽകടവ് ബോട്ടുജെട്ടി നിർമ്മാണം - പൂർത്തീകരിച്ചു.

4) മുരുക്കുംപുഴ ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ്.

20. ഇരവിപുരം അസംബ്ലി മണ്ഡലത്തിലെ ഇരവിപുരത്ത് സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് പള്ളിക്ക് സമീപം കാരുണ്യതീരം മുതൽ ഇരവിപുരം പാലം റീച്ച്-2 ചെ. 330 മീ. മുതൽ 680 മീ. വരെയുള്ള കൊല്ലംതോടിന്റെ വലതുകര സംരക്ഷണ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

21. കായിക്കര കടവ് ബോട്ടുജെട്ടി നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു.

22. കൊല്ലംതോട് റീച്ച് - 6 കൊല്ലംതോടിന്റെ വലതുകരയുടെ അടിയന്തര സംരക്ഷണ പ്രവൃത്തി - 50% പൂർത്തീകരിച്ചു.

ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നടപ്പാക്കി വരുന്ന കോവളം മുതൽ കായംകുളം വരെയുള്ള നിർമ്മാണ പ്രവൃത്തികൾ 2025 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1480 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനകം 639-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.

കോട്ടപ്പുറം – ചാവക്കാട്

തൃശ്ശൂർ - കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരത്തിൽ ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലേക്ക് എത്തിച്ചു. തൃപ്രയാർ, കണ്ടശ്ശൻകടവ്, എനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ അനുമതി നൽകിയതിൻപ്രകാരം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ചേറ്റുവ - ചാവക്കാട് ഭാഗത്ത് ആഴവും വീതിയും കൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി ഒരു കോടി രൂപ അനുവദിച്ചു. ടെൻഡർ നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള 2.25 കോടി രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴംകൂട്ടുന്നതിനുള്ള

പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഉയരം കുറഞ്ഞതും വീതി കുറഞ്ഞതുമായ മറ്റ് 15 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച ശേഷം, ഡിസൈൻ ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB)-ലേക്ക് നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ അതിർത്തി നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ ഇടങ്ങളിൽ നടന്നുവരുന്നു.

ചേറ്റുവ – കല്ലായി

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW 3-ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. 2025 മാർച്ച് മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കി.മീ. ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രഡ്ജിങ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂട്ടായി ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് NABARD – RIDF – Tranche XXIX-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ-കം-ലോക്കിന്റെ പര്യവേക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു. കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കി.മീ. ദൂരത്തിലുള്ള കനോലി കനാലിന്റെ വികസനത്തിനായി "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" എന്ന 1118 കോടി രൂപയുടെ പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് ജലപാതാ വികസന പദ്ധതികളുടെ സ്പെഷ്യൽ

പർപ്പസ് വെഹിക്കിളായ കേരള വാട്ടർവേസ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി സർവെ, മണ്ണ് പരിശോധന, മറ്റ് വിവര ശേഖരണങ്ങൾ തുടങ്ങിയ നടപടികൾ പൂർത്തിയാക്കി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി വരുന്നു.

ഇരഞ്ഞിക്കൽ – വടകര

ഇരഞ്ഞിക്കൽ - കോരപ്പുഴ ഭാഗത്തെ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിങ്ങും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിക്കുന്നു. പെരുന്തുരുത്തി പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വടകര – മാഹി

17.61 കി.മീ. ദൈർഘ്യമുള്ള വടകര – മാഹി കനാലിന്റെ 9.28 കി.മീ. ദൂരം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. കനാൽ നിർമ്മാണം 5 റീച്ചുകളിലായി നടന്നുവരുന്നു.

റീച്ച്-1- 60 % പ്രവൃത്തി പൂർത്തിയായി.

റീച്ച്-2 - പൂർത്തീകരിച്ചു.

റീച്ച്-3 - 52% പൂർത്തീകരിച്ചിട്ടുണ്ട്. 800 മീറ്റർ ഉയർന്ന കട്ടിങ്ങ് ഭാഗത്തെ പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റീച്ച്-4 - കനാൽ എസ്കവേഷൻ പ്രവൃത്തി 93% പൂർത്തിയായിട്ടുണ്ട്.

റീച്ച്-5 – 90% പ്രവൃത്തി പൂർത്തീകരിച്ചു. പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്.

മാഹി – വളപട്ടണം

മാഹി-വളപട്ടണം റീച്ചിന്റെ 26 കി.മീ. ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 2025 ഡിസംബറോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് നിർദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കനാൽ നിർമ്മാണം 3 കട്ടുകളിലായി നടന്നുവരുന്നു.

ഒന്നാം കട്ട് – പുതിയ അലൈൻമെന്റ് അംഗീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

രണ്ടാം കട്ട് – സാമൂഹികാഘാത പഠനം പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തിയുടെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

മൂന്നാം കട്ട് - സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

നീലേശ്വരം – ബേക്കൽ

കോവളം-ബേക്കൽ ജലപാതയിൽ കാസർഗോഡ് ജില്ലയിൽ കൊറ്റി മുതൽ കോട്ടപ്പുറം (നീലേശ്വരം) വരെ 22.63 കി.മീ. ജലപാത നിലവിലുണ്ട്. നീലേശ്വരം കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരി വരെ 21.92 കി.മീ. നീട്ടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 6.5 കി.മീ. ദൂരത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നീലേശ്വരം - ബേക്കൽ ജലപാത (ചെ. 567.90 കി.മീ. മുതൽ 590.53 കി.മീ. വരെ) വികസിപ്പിക്കുന്നതിനായി കവ്വായി - തലിച്ചാലം, മടക്കര – മയ്യിച്ച, കോട്ടപ്പുറം - പെരുമ്പട്ട എന്നീ ഫീഡർ കനാലുകൾ ബന്ധിപ്പിക്കേണ്ടതുണ്ട്. ഇതിൽ കവ്വായി-മടക്കര ഫീഡർ റൂട്ടിൽ തടസ്സമായി നിൽക്കുന്ന മാടക്കൽ, ഇടയിലക്കാട്, തെക്കേക്കാട് എന്നീ ബണ്ടുകൾ പൊളിച്ചുനീക്കി പാലം പണിയുന്നതിലേക്കായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. പാക്കേജ്, വാടക തുക എന്നിവയ്ക്കായി 803 കുടുംബങ്ങൾക്കായി ആകെ 86,58,44,680/- രൂപ അനുവദിച്ചതിൽ 639 കുടുംബങ്ങൾക്ക് 67,42,69,500/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വീടിന്റെ മൂല്യനിർണ്ണയതുകയ്ക്കായി ആകെ 701 കുടുംബങ്ങൾക്ക് 18,39,58,429/- രൂപ അനുവദിച്ചതിൽ 445 കുടുംബങ്ങൾക്ക് വീടിന്റെ മൂല്യനിർണ്ണയ തുകയുടെ ആദ്യ ഗഡുവും ഒരു കുടുംബത്തിന് രണ്ടാം ഗഡുവും ഉൾപ്പെടെ ആകെ 13,81,56,706/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വാടക, പാക്കേജ്, മൂല്യനിർണ്ണയ തുക എന്നിവയ്ക്കായി ആകെ 104,98,03,109/- രൂപ അനുവദിച്ചതിൽ 81,24,26,206/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) വെസ്റ്റ്-കോസ്റ്റ് കനാലിന്റെ ഭാഗമായ പാർവ്വതീപുത്തനാർ, ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും അറിയിക്കുമോ?

പാർവ്വതീപുത്തനാറിന്റെ നവീകരണത്തിന്റെ ഭാഗമായി നടന്നുവരുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

കരിക്കകത്ത് കനാലിന് കുറുകെ KEL ഡിസൈൻ ചെയ്ത ഹൈഡ്രോളിക് ലിഫ്റ്റിങ്ങോടുകൂടിയ പുതിയപാലം - പൂർത്തീകരിച്ചു.

വേളി മുതൽ ആറാട്ടുവഴി വരെയുള്ള ഭാഗത്ത് നാല് ഡ്രഡ്ജിങ് പ്രവൃത്തികൾ - പൂർത്തീകരിച്ചു.

സെന്റ് ആൻഡ്രൂസ് പാലം നിർമ്മാണം - 90% പൂർത്തിയായി.

കഠിനംകുളം കായൽ മൗത്തിലുള്ള ബോട്ട് ജെട്ടി നിർമ്മാണ പ്രവൃത്തി - പൂർത്തീകരിച്ചു.

വർക്കല ഭാഗത്ത് ചെ. 43.78 കി.മീ. മുതൽ 46.00 കി.മീ. വരെ പ്രവൃത്തി - പൂർത്തീകരിച്ചു.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ - പുരോഗമിച്ചുവരുന്നു.

ചാന്നാങ്കര കനാലിന്റെ വലത് ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മാണം - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

വേളി, പൗണ്ട്കടവ്, സ്റ്റേഷൻ കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പനത്തുറ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിന് സമീപവും പുത്തൻ പാലത്തിന് സമീപവും പാർവ്വതീപുത്തനാറിൽ lifting facility-യോടുകൂടിയ steel lattice vehicular bridge നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികളുടെ സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്.

(എഫ്) കോവളം മുതൽ കൊല്ലം വരെയുള്ള ജലപാത വികസനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ഭാഗം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോവളം മുതൽ ആക്കുളം വരെ കനാൽ വികസിപ്പിക്കുന്ന പ്രവൃത്തികൾക്കായി കിഫ്ബി മുഖാന്തരം 183 കോടി രൂപയും പുനരധിവാസത്തിനായി 247.2 കോടി രൂപയും

സർക്കാരിന്റെ പദ്ധതി അടങ്കലിൽനിന്നും വിവിധ പ്രവൃത്തികൾക്കായി 103 കോടി രൂപയും ഉൾപ്പെടെ ആകെ 533.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ജലപാത വികസന പ്രവൃത്തികളിൽ കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗങ്ങളിലെ പ്രവൃത്തികളുടെ പൂർത്തീകരണം ടി ഭാഗത്തെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ മാത്രമെ സാധിക്കുകയുള്ളൂ. 936 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ആക്കുളം മുതൽ കൊല്ലം വരെയുള്ള ഭാഗങ്ങളിലെ പ്രവൃത്തികൾ 2025 ജൂൺ മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കളിയാംവള്ളി പാലം നിർമ്മാണം

63(3860) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം സ്റ്റേറ്റ് ഹൈവേയിലെ ഇന്ത്യൻ നാവിഗേഷൻ ജലപാത കടന്നുപോകുന്ന കളിയാംവള്ളി പാലം നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ വിശദമാക്കുമോ?

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ വടകര - മാഹി കനാലിന്റെ കളിയാംവള്ളി ഭാഗത്ത് ആർച്ച് ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച പദ്ധതി നിർദേശത്തിന് നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXX പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ്. വിഹിതമായി 2628.80 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 657.20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 32.86 കോടി രൂപയുടെ അംഗീകാരം നബാർഡിൽനിന്നും

ലഭ്യമായിട്ടുള്ളതിനെത്തുടർന്ന് 05-11-2024-ൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ന്യൂ കട്ട് റെഗുലേറ്ററിന്റെ ചോർച്ച തടയാൻ നടപടി

64(3861) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ ന്യൂ കട്ട് റെഗുലേറ്ററിന്റെ ചോർച്ച തടയാനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ന്യൂ കട്ട് റെഗുലേറ്ററിന് ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ജലപാതയുടെ ഭാഗമായ ന്യൂ കട്ട് കനാലിന് കുറുകെയുള്ള ന്യൂ കട്ട് റെഗുലേറ്റർ ജലപാതാ മാനദണ്ഡങ്ങൾക്കനുസരിച്ച് ലോക്ക്-കം-റെഗുലേറ്ററായി പുതുക്കിപ്പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) റെഗുലേറ്ററിന്റെ ചോർച്ച കാരണം ശുദ്ധജലം കടലിലേക്ക് ഒഴുകി ഉപയോഗശൂന്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ വിശദാംശം

65(3862) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിദേശ രാജ്യങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മലയാളികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിദേശ രാജ്യങ്ങളിൽ ജോലി തേടിപോകുന്ന മലയാളികളുടെ വിവര ശേഖരണത്തിനായി 2008 മുതൽ പ്രവാസി തിരിച്ചറിയൽ കാർഡ് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വിദേശത്ത് പോകുന്ന എല്ലാപേരും നോർക്കയിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ല. കഴിഞ്ഞ 5 വർഷങ്ങളിലായി 417536 മലയാളികൾ നോർക്ക റൂട്ട്സിൽനിന്ന് തിരിച്ചറിയൽ കാർഡിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അനധികൃത റിക്രൂട്ടിങ് ഏജൻസികളുടെ തട്ടിപ്പിന് ഇരയായി റഷ്യയിൽ കൂലിപ്പട്ടാളത്തിൽ സേവനം ചെയ്യാൻ നിർബന്ധിതരായ മലയാളികളുടെ വിശദാംശം അറിയിക്കാമോ; ഇവരുടെ മോചനത്തിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

അനധികൃത റിക്രൂട്ടിങ് ഏജൻസികളുടെ തട്ടിപ്പിന് ഇരയായി റഷ്യയിൽ കൂലിപ്പട്ടാളത്തിൽ സേവനം ചെയ്യാൻ നിർബന്ധിതരായ മലയാളികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:-

1.ശ്രീ. പ്രിൻസ് സെബാസ്റ്റ്യൻ: നോർക്ക ഇടപെട്ട് ഇന്ത്യൻ എംബസ്സി വഴി നാട്ടിൽ എത്തിച്ചു.

2.ശ്രീ. സന്ദീപ് ചന്ദ്രൻ, ശ്രീ. ബിനിൽ തോലാത്ത്: റഷ്യ - ഉക്രെയിൻ യുദ്ധത്തിൽ മരണപ്പെട്ടു.

3.ശ്രീ. ജെയിൻ കുര്യൻ: യുദ്ധത്തിൽ പരിക്കേറ്റ് നിലവിൽ റഷ്യയിൽ ചികിത്സയിൽ കഴിയുന്നു.

4. ശ്രീ. സന്തോഷ് ഷൺമുഖൻ, ശ്രീ. സിബി ബാബു, ശ്രീ. റെനിൻ തോമസ്: ഇവരെ തിരിച്ചെത്തിക്കാനായി എംബസ്സിയുമായി ബന്ധപ്പെട്ടിട്ടുണ്ട്.

(സി) യുവാക്കളെ വിവിധ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ജോലികൾക്കുമായി വിദേശത്തേക്ക് റിക്രൂട്ട് ചെയ്യുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തുനിന്നും വിദേശത്തേക്ക് ജോലിക്കായി നിയമവിരുദ്ധ റിക്രൂട്ട്മെന്റുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ കേരള പൊലീസും പ്രവാസികാര്യ വകുപ്പും വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി ആരംഭിക്കുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ നമ്പരും (0471-2721547), ഇ-മെയിൽ ഐ.ഡി.-കളും spnri.pol@kerala.gov.in, dyspnri.pol@kerala.gov.in നിലവിലുണ്ട്. കേരള പൊലീസാണ് ഇവ സജ്ജമാക്കിയിട്ടുള്ളത്. വിവിധ മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരവും നൽകി വരുന്നുണ്ട്. വിദേശതൊഴിൽ തട്ടിപ്പ് തടയാനായി ആരംഭിച്ച 'ഓപ്പറേഷൻ ശുഭയാത്ര'-യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, തിരുവനന്തപുരം, എറണാകുളം ഓഫീസുകളിലെ ഉദ്യോഗസ്ഥർ, പൊലീസ് സൂപ്രണ്ട് എൻ.ആർ.ഐ. സെൽ എന്നീ ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. പരാതികളുടെ അന്വേഷണ പുരോഗതി വിലയിരുത്തുന്നതിന് മേൽ ഉദ്യോഗസ്ഥരുടെ യോഗം മാസംതോറും ചേരാൻ

തീരുമാനിച്ചിട്ടുണ്ട്. വ്യാജ റിക്രൂട്ട്മെന്റ്, മനുഷ്യക്കടത്ത് എന്നിവയിലൂടെ വിദേശത്ത് കുടുങ്ങിപ്പോകുന്നവരെ ഇന്ത്യൻ എംബസ്സി, പ്രവാസി സംഘടനകൾ എന്നിവയുടെ സഹായത്തോടെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് നിലവിൽ നോർക്ക വകുപ്പും നോർക്ക റൂട്ട്സും സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ വിപുലമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. പ്രവാസികൾക്ക് നേരിട്ട് പരാതി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശം, വിമാനത്താവളങ്ങൾ എന്നിവ മുഖേനയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾക്കനുസരിച്ച് നിലവിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയുന്നതിന് പൊലീസിന്റെ സൈബർ വിഭാഗത്തിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. ക്രൈംബ്രാഞ്ച് ഐ.ജി. നോഡൽ ഓഫീസറായി സ്റ്റേറ്റ് സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിങ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്.

പ്രവാസി വെൽഫെയർ ബോർഡ് അംഗങ്ങൾക്കുള്ള പെൻഷൻ

66(3863) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി വെൽഫെയർ ബോർഡ് അംഗങ്ങൾക്കുള്ള പെൻഷൻ ലഭിക്കുന്നതിന് സമയബന്ധിതമായി അപേക്ഷിക്കാൻ കഴിയാതെ പോയ 60 വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് കുടിശ്ശികയും പിഴയും അടച്ച് പെൻഷന് അപേക്ഷിക്കാൻ നിലവിലുള്ള

നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

60 വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് കുടിശ്ശികയും പിഴയും അടച്ച് പെൻഷന് അപേക്ഷിക്കാൻ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

പ്രവാസി കേരളീയ ക്ഷേമ ബോർഡ് പെൻഷൻ

67(3864) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ പെൻഷന് അപേക്ഷിക്കുന്നതിനുള്ള പ്രായം എത്രയാണ്?

നിലവിലെ വ്യവസ്ഥകൾപ്രകാരം 18 വയസ്സിനും 55 വയസ്സിനും മധ്യേ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംശദായം തുടർച്ചയായി അടച്ചുവരുന്നവർക്ക് 60 വയസ്സ് പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത മാസം മുതൽ പെൻഷൻ അനുവദിച്ചുവരുന്നു. 55 വയസ്സിനുശേഷം 60 വയസ്സുവരെ അംഗത്വമെടുത്തവർക്ക് 5 വർഷം അംശദായമടച്ച് പൂർത്തിയാക്കുന്നതിന്റെ തൊട്ടടുത്ത മാസം മുതലും പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) പ്രവാസി പെൻഷന് അപേക്ഷിക്കുന്ന 60 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് അംശദായം കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക ഒറ്റത്തവണയായി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

60 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് അംശദായം കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക ഒറ്റത്തവണയായി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ

പരിഗണനയിലില്ല.

കേസില്ലാ സർട്ടിഫിക്കറ്റ്

68(3865) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേസില്ലാ സർട്ടിഫിക്കറ്റ് പുതുരൂപത്തിൽ നൽകിവരുന്നുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശപ്രകാരം സംസ്ഥാനത്ത് 'കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്/ഉൾപ്പെട്ടിട്ടില്ല' (Certificate of Involvement/Non-Involvement In Offences) എന്ന സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റ് രാജ്യത്തിനകത്ത് ഉപയോഗിക്കാവുന്നതാണ്. അപേക്ഷകന് നേരിട്ടോ കേരള പൊലീസിന്റെ POL-APP വഴിയോ THUNA വെബ്സൈറ്റ് വഴിയോ പ്രസ്തുത സർട്ടിഫിക്കറ്റിനായി നിശ്ചിത ഫീസ് ഒടുക്കി ബന്ധപ്പെട്ട പൊലീസ് സ്റ്റേഷനിലോ ജില്ലാ പൊലീസ് മേധാവിമാരുടെ ഓഫീസിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ബി) എഫ്.ഐ.ആർ. ഇട്ടുവെങ്കിലും കുഷായ കേസുകളുടെയും തീർപ്പായ കേസുകളുടെയും വിവരം സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ;

(സി) ക്രിമിനൽ കേസുകളിൽ പ്രതിയായി ജയിലിലാകുന്നവർ പിന്നീട് കുറ്റവിമുക്തരാകുമ്പോൾ ക്രിമിനൽ പശ്ചാത്തലമുണ്ടെന്ന രീതിയിൽ പൊലീസ് സ്റ്റേഷനിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ?

(ബി&സി) ഉൾപ്പെടുത്തും. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശപ്രകാരം നൽകിവരുന്ന സർട്ടിഫിക്കറ്റിൽ അപേക്ഷകൻ ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ ടി കേസ് സംബന്ധമായ വിവരങ്ങളായ Crime No., Sec. of Law, Status of Case, Remarks തുടങ്ങിയവ രേഖപ്പെടുത്തുന്നുണ്ട്.

(ഡി) രാഷ്ട്രീയ കേസുകളിൽപ്പെടുന്നവർക്ക് ഏതുതരം സർട്ടിഫിക്കറ്റാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

'കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്/ഉൾപ്പെട്ടിട്ടില്ല' (Certificate of Involvement/Non-Involvement In Offences) എന്ന തരത്തിൽ തയ്യാറാക്കപ്പെട്ട സർട്ടിഫിക്കറ്റുകളാണ് എല്ലാ അപേക്ഷകർക്കും നൽകിവരുന്നത്.

കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ തടയാൻ നടപടി

69(3866) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കുട്ടികൾക്കെതിരെയാണ് സോഷ്യൽ ബാക്ക് ഗ്രൗണ്ട് റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ബാലനീതി ആക്ട് 2015 വകുപ്പ് 2(12) പ്രകാരം പൂജ്യം മുതൽ പതിനെട്ട് വയസ്സുവരെയുള്ളവരെയാണ് കുട്ടികൾ എന്ന് കണക്കാക്കുന്നത്. ഇതിനുപുറമെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (Child in conflict with Law–CCL), ശ്രദ്ധയും സംരക്ഷണവും

ആവശ്യമുള്ള കുട്ടി (Child in Need of Care and Protection–CNCP) എന്നിങ്ങനെ രണ്ട് വിഭാഗത്തിലാണ് കുട്ടികളുടെ സംരക്ഷണം സമൂഹം ഏറ്റെടുക്കേണ്ടത്. ബാലനീതി ആക്ട് പ്രകാരം 18 വയസ്സുവരെയുള്ള ഏതൊരു കുട്ടിയും ദുരുദ്ദേശ്യത്തിലോ ക്രിമിനൽ ലക്ഷ്യത്തിലോ ചെയ്യുന്ന തെറ്റുകൾ തെളിയിക്കപ്പെടുന്നതുവരെ നിരപരാധിയായി മാത്രമെ അനുമാനിക്കാനാവൂ. സോഷ്യൽ ബാക്ക് ഗ്രൗണ്ട് റിപ്പോർട്ട് പ്രകാരം പാർപ്പിച്ചിട്ടുള്ളവരുടെ കണക്കുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര പേർ കുട്ടികൾക്കുള്ള ജയിലുകളിൽ കഴിയുന്നുണ്ട്; കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസുകളുമായി ബന്ധപ്പെട്ട് നിലവിൽ 10 പേർ കുട്ടികൾക്കുള്ള ജുവനൈൽ ഹോമുകളിലും ദുർഗ്രണ പരിഹാര പാഠശാലകളിലും പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ട്.

(സി) കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സിനിമകൾ, വെബ് സീരീസുകൾ, ഓൺലൈൻ ഗെയിമുകൾ തുടങ്ങിയ മാധ്യമങ്ങളിൽ അമിതമായി ചിത്രീകരിക്കപ്പെടുന്ന ഹിംസയും അക്രമവും യുവതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇത് പലപ്പോഴും അവരെ അസ്വാഭാവികമായ ജീവിത ശൈലിയിലേക്കും അപകടകരമായ തീരുമാനങ്ങളിലേക്കും കുറ്റകൃത്യങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയിലേക്കും എത്തിക്കുന്നു. ഇത്തരം സ്വാധീനങ്ങളിലൂടെ കുട്ടികൾക്കിടയിൽ അക്രമവാസന ഉടലെടുക്കുന്നത് തടയാൻ പൊലീസ് വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന

ശിശു സൗഹൃദ പ്രോജക്ടുകളായ CHIRI, D-DAD, CAP, KOOTTU എന്നീ പദ്ധതികളിലൂടെ കൗൺസിലിങ് ആവശ്യപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിങ് നൽകിവരുന്നു. ഇത്തരം പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ അധ്യായന വർഷാരംഭത്തിൽ പ്രവേശനോത്സവത്തോടനുബന്ധിച്ച് കുട്ടികൾക്കിടയിൽ പ്രചാരണം നടത്തുന്നതിനും കുട്ടികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് അവബോധ വീഡിയോകൾ നിർമ്മിച്ച് പൊലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഇരയാകുന്നതിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ കുട്ടികളുടെ സംരക്ഷണവും നിയമ പരിരക്ഷയും സർക്കാർ തലത്തിൽ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത-ശിശു വികസന വകുപ്പ്, ബാലാവകാശ കമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങി വിവിധ കാര്യവാഹകരുമായി ചേർന്ന് കേരള പൊലീസ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ലഹരി ഉപയോഗിച്ചശേഷം കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിനായി കർമ്മ പദ്ധതികൾ പൊലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയത് ചുവടെപ്പറയുന്നു.

ബോധവൽക്കരണ പരിപാടികൾ

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ നിരീക്ഷണം ശക്തമാക്കുന്നു. ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകുന്നു. ലഹരി ഉപയോഗത്തിനെതിരെ പൊലീസ് ഡ്രാമ ആൻഡ് ഓർക്കസ്ട്ര ടീം മുഖേന ഷോകൾ സംഘടിപ്പിക്കുന്നു.

പ്രത്യേക കർമ്മ പദ്ധതികൾ

"യോദ്ധാവ്" എന്ന പദ്ധതിയിലൂടെ ലഹരി ഉപയോഗവും വിതരണവും തടയാനായി കേരളാ പൊലീസും സർക്കാരും സംയുക്തമായി പ്രവർത്തിക്കുന്നു. "ഡി ഹണ്ട്" എന്ന പദ്ധതിയിലൂടെ ലഹരി മരുന്ന് മാഫിയകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നു.

സഹായ സംവിധാനങ്ങൾ

ലഹരി ഉപയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കാൻ യോദ്ധാവിന്റെ (9995966666) വാട്സ്ആപ് നമ്പർ പൊലീസ് ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ പൊലീസ് മേധാവിയുടെ കീഴിൽ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് രൂപീകരിച്ചു. ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി എ.ഡി.ജി.പി. (L&O)-യെ നോഡൽ ഓഫീസറാക്കി ANTF രൂപീകരിച്ചിട്ടുണ്ട്.

നോ ടു ഡ്രഗ്സ് കാമ്പയിൻ

വിദ്യാർഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നോ ടു ഡ്രഗ്സ് കാമ്പയിൻ. ഈ കാമ്പയിന്റെ

ഭാഗമായി വിവിധ ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് പരിപാടികളും കേരള പൊലീസ് നടത്തുന്നുണ്ട്.

ക്ലിയർ കാമ്പസ് സേഫ് കാമ്പസ്

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനായി കേരള പൊലീസ് ആവിഷ്കരിച്ച പദ്ധതിയാണ് ക്ലിയർ കാമ്പസ് സേഫ് കാമ്പസ്.

ഡാൻസാഫ് (District Anti-Narcotics Special Action Force)

ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഈ വിഭാഗം മയക്കുമരുന്ന് കടത്ത്, വിപണനം എന്നിവ തടയുന്നതിനായി പ്രത്യേക പരിശോധനകൾ നടത്തുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതി:

ജനങ്ങളുമായി സഹകരിച്ച് മയക്കുമരുന്ന് ഉപയോഗവും വിപണനവും തടയാൻ പൊലീസ് നടത്തുന്ന പ്രവർത്തനങ്ങളാണ് ജനമൈത്രി സുരക്ഷാ പദ്ധതി.

എസ്.പി.സി. പദ്ധതി:

എസ്.പി.സി. പദ്ധതിയുടെ കമ്മ്യൂണിറ്റി പ്രോജക്ടായ SPC Against Addiction എന്നതിൽ ഉൾപ്പെടുത്തി കേരളത്തിലാകമാനമുള്ള എസ്.പി.സി. കേഡറ്റുകളുടെ നേതൃത്വത്തിൽ വിദ്യാർഥികളിലെ മദ്യം, മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും അക്രമ വാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതുകൂടാതെ, മയക്കുമരുന്ന് ഉപയോഗിക്കുന്നവരെയും വിൽക്കുന്നവരെയും കുറിച്ചുള്ള വിവരങ്ങൾ പൊലീസിനെ അറിയിക്കുന്നതിനായി വിവിധ സംവിധാനങ്ങൾ പൊലീസ് ഒരുക്കിയിട്ടുണ്ട്. ലഹരി ഉപയോഗംമൂലമുണ്ടാകുന്ന അതിക്രമങ്ങൾ

തടയാൻ പൊലീസിനോടൊപ്പം പൊതുജനങ്ങളുടെ സഹായവും ആവശ്യമാണ്. വിവിധ ജില്ലകളിൽ പൊലീസ് നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങളിൽ ലഭ്യമാക്കി പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

പ്രായപൂർത്തിയാകാത്തവർ പ്രതികളായ കേസുകൾ

70(3867) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോവർഷവും പ്രായപൂർത്തിയാകാത്തവർ പ്രതികളായ എത്ര കൊലപാതക കേസുകൾ, ലൈംഗിക പീഡന കേസുകൾ, അക്രമ കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; പ്രസ്തുത കുറ്റവാളികൾക്ക് ലഭിച്ചിട്ടുള്ള പരമാവധി ശിക്ഷയെന്താണ്; വിശദമാക്കാമോ?

ക്രോഡീകരിച്ചുള്ള വിവരം ലഭ്യമല്ല.

(ബി) കുട്ടികൾ ആസൂത്രിതമായി കുറ്റകൃത്യം ചെയ്യുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ നടപടികളാണ് പൊലീസ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സിനിമകൾ, വെബ് സീരീസുകൾ, ഓൺലൈൻ ഗെയിമുകൾ തുടങ്ങിയ മാധ്യമങ്ങളിൽ അമിതമായി ചിത്രീകരിക്കപ്പെടുന്ന ഹിംസയും അക്രമവും യുവതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇത് പലപ്പോഴും അവരെ അസ്വാഭാവികമായ ജീവിതശൈലിയിലേക്കും അപകടകരമായ തീരുമാനങ്ങളിലേക്കും കുറ്റകൃത്യങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ

തുടങ്ങിയവയിലേക്കും എത്തിക്കുന്നു. ഇത്തരം സ്വാധീനങ്ങളിലൂടെ കുട്ടികൾക്കിടയിൽ അക്രമ വാസന ഉടലെടുക്കുന്നത് തടയാൻ പൊലീസ് വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന ശിശുസൗഹൃദ പ്രോജക്ടുകളായ CHIRI, D-DAD, CAP, KOOTTU എന്നീ പദ്ധതികളിലൂടെ കൗൺസലിങ് ആവശ്യപ്പെടുന്ന കുട്ടികൾക്ക് കൗൺസലിങ് നൽകിവരുന്നു. ഇത്തരം പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പ്രവേശനോത്സവത്തോട് അനുബന്ധിച്ച് അധ്യയന വർഷാരംഭത്തിൽതന്നെ കുട്ടികൾക്കിടയിൽ പ്രചാരണം നടത്തുന്നതിനും അതോടൊപ്പം കുട്ടികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് അവബോധ വീഡിയോകൾ നിർമ്മിച്ച് പൊലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഇരയാകുന്നതിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ കുട്ടികളുടെ സംരക്ഷണവും നിയമപരിരക്ഷയും സർക്കാർ തലത്തിൽ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത ശിശുവികസന വകുപ്പ്, ബാലാവകാശ കമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങി വിവിധ കാര്യവാഹകരുമായി ചേർന്ന് കേരള പൊലീസ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി ഉപയോഗിച്ചശേഷം കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിനായി പൊലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള

കർമ്മ പദ്ധതികൾ ചുവടെച്ചേർക്കുന്നു.

ബോധവൽക്കരണ പരിപാടികൾ: വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ നിരീക്ഷണം ശക്തമാക്കുകയും പൊലീസ് ഡ്രാമ ആൻഡ് ഓർക്കസ്ട്ര ടീം മുഖേന ഷോകളും മറ്റും സംഘടിപ്പിച്ച് ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണം നൽകുകയും ചെയ്യുന്നു.

പ്രത്യേക കർമ്മ പദ്ധതികൾ: ലഹരി ഉപയോഗവും വിതരണവും തടയുന്നതിനായി യോദ്ധാവ്, ഡി ഹണ്ട് എന്നീ പദ്ധതികളിലൂടെ ശക്തമായ നടപടികൾ സ്വീകരിക്കുന്നു. ലഹരി ഉപയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കാൻ യോദ്ധാവിന്റെ (9995966666) വാട്സ്ആപ്പ് നമ്പർ പൊലീസ് ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ പൊലീസ് മേധാവിയുടെ കീഴിൽ ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് രൂപീകരിക്കുകയും അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി എ.ഡി.ജി.പി. (L&O)-യെ നോഡൽ ഓഫീസറാക്കി ANTF രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

നോ ടു ഡ്രഗ്സ് ക്യാമ്പയിൻ: വിദ്യാർഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നോ ടു ഡ്രഗ്സ് കാമ്പയിൻ. ഈ കാമ്പയിന്റെ ഭാഗമായി വിവിധ ബോധവൽക്കരണ ക്ലാസുകളും മറ്റു പരിപാടികളും കേരളാ പൊലീസ് നടത്തുന്നുണ്ട്.

ക്ലിയർ കാമ്പസ് സേഫ് കാമ്പസ്: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനായി കേരളാ പൊലീസ് ആവിഷ്കരിച്ച പദ്ധതിയാണ് ക്ലിയർ കാമ്പസ് സേഫ്

കാമ്പസ്.

ഡാൻസാഫ് (District Anti-Narcotics Special Action Force): ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഈ വിഭാഗം മയക്കുമരുന്ന് കടത്ത്, വിപണനം എന്നിവ തടയുന്നതിനായി പ്രത്യേക പരിശോധനകൾ നടത്തുന്നു.

ജനമൈത്രി സുരക്ഷാ പദ്ധതി: ജനങ്ങളുമായി സഹകരിച്ച് മയക്കുമരുന്ന് ഉപയോഗവും വിപണനവും തടയാൻ പൊലീസ് നടത്തുന്ന പ്രവർത്തനങ്ങളാണ് ജനമൈത്രി സുരക്ഷാ പദ്ധതി.

എസ്.പി.സി. പദ്ധതി: എസ്.പി.സി. പദ്ധതിയുടെ കമ്മ്യൂണിറ്റി പ്രോജക്ടായ SPC Against Addiction എന്നതിൽ ഉൾപ്പെടുത്തി കേരളത്തിലാകമാനമുള്ള എസ്.പി.സി. കേഡറ്റുകളുടെ നേതൃത്വത്തിൽ വിദ്യാർഥികളിലെ മദ്യം, മയക്കുമരുന്ന് ഉപയോഗം തടയുന്നതിനും അക്രമവാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ ക്ലാസുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതുകൂടാതെ, മയക്കുമരുന്ന് ഉപയോഗിക്കുന്നവരെയും വിൽക്കുന്നവരെയും കുറിച്ചുള്ള വിവരങ്ങൾ പൊലീസിനെ അറിയിക്കുന്നതിനായി വിവിധ സംവിധാനങ്ങൾ പൊലീസ് ഒരുക്കിയിട്ടുണ്ട്. ലഹരി ഉപയോഗംമൂലമുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ പൊലീസിനോടൊപ്പം പൊതുജനങ്ങളുടെ സഹായവും ആവശ്യമാണ്. അതിനായി വിവിധ ജില്ലകളിൽ പൊലീസ് നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങളിൽ ലഭ്യമാക്കി പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

ക്ലോസ്ഡ് എ.ആർ.-ലെ ഓഫീസർമാർക്ക് എച്ച്.ആർ.എ.

71(3868) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് വകുപ്പിൽ ഒരേ സ്റ്റാൻഡിങ് ഓർഡർപ്രകാരം ഡ്യൂട്ടി ചെയ്യുന്ന ബറ്റാലിയനിലെയും ക്ലോസ്ഡ് എ.ആർ.-ലെയും എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഓഫീസർമാരിൽ ബറ്റാലിയനിലെ ഓഫീസർമാർക്ക് എച്ച്.ആർ.എ. അനുവദിക്കുകയും ക്ലോസ്ഡ് എ.ആർ.-ലെ ഓഫീസർമാർക്ക് എച്ച്.ആർ.എ. അനുവദിക്കാതിരിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ക്ലോസ്ഡ് എ.ആർ.-ലെ എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഓഫീസർമാർക്ക് എച്ച്.ആർ.എ. ലഭ്യമാക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 10-02-2021-ലെ സ.ഉ.(പി)നം.27/2021/ധന പ്രകാരമുള്ള 11-ാം ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം ആംഡ് പൊലീസ് ബറ്റാലിയനിലെയും ആംഡ് റിസർവിലെയും പൊലീസ് ഉദ്യോഗസ്ഥർക്ക് എച്ച്.ആർ.എ.-ക്കുപകരം ബാരക്ക് അലവൻസ് അനുവദിച്ചിരുന്നു. ബാരക്ക് അലവൻസിന്റെ പരിധിയിൽവരുന്നവർക്ക് എച്ച്.ആർ.എ.-ക്ക് അർഹതയില്ലെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണ ഉത്തരവിലെ പ്രസ്തുത നിബന്ധന ഭേദഗതി ചെയ്ത് ആംഡ് പൊലീസ് ബറ്റാലിയനിലെ എ.എസ്.ഐ. തസ്തിക മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥർക്ക് ബാരക്ക് അലവൻസിനുപകരം എച്ച്.ആർ.എ. അനുവദിച്ചുകൊണ്ട് 27-06-2024-ലെ സ.ഉ.(കൈ) നം.72/2024(57)ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ

ക്ലോസ്ഡ് എ.ആർ. (മുൻപത്തെ ആംഡ് റിസർവ് പൊലീസ്)-ലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ ഈ വിഭാഗത്തിനുകൂടി എച്ച്.ആർ.എ. അനുവദിക്കുന്നതിന് കഴിയുകയില്ല.

സിവിൽ പൊലീസ് ഓഫീസർ തസ്തികയിലെ നിയമനം

72(3869) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പൊലീസ് ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നുള്ള (കാറ്റഗറി നമ്പർ 537/2022) നിയമനത്തിനായി എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സിവിൽ പൊലീസ് ഓഫീസർ തസ്തികയിലേക്ക് (കാറ്റഗറി നമ്പർ 537/2022) 10-03-2025 വരെ 2158 ഒഴിവുകൾ കേരള പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബറ്റാലിയൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികയിലേക്ക് ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പ്രസ്തുത തസ്തികയിലേക്ക് ലഭ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എ.ആർ. ട്രാൻസ്ഫർ വഴിയുള്ള ഒഴിവുകൾ, പ്രൊമോഷൻ ഒഴിവുകൾ, ആർ.ആർ.ആർ.എഫ്., എസ്.ഐ.എസ്.എഫ്. എന്നിവയിലേക്ക് ഡെപ്യൂട്ടേഷനിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോയതുമൂലമുണ്ടായ ഒഴിവുകൾ എന്നിവ എത്രയെന്നും അവ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ഒഴിവുകളുടെ വിവരം ബറ്റാലിയൻ തിരിച്ച് നൽകാമോ?

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഒഴിവുകൾ കണക്കാക്കുന്ന ദിവസം ടി ബറ്റാലിയനിലെ പൊലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾക്കൊപ്പം ടി ബറ്റാലിയനിൽനിന്ന് ബൈ ട്രാൻസ്ഫർ നിയമനം നടക്കുന്ന ജില്ലകളിലും ജില്ലകളിലുള്ള സ്പെഷ്യൽ യൂണിറ്റുകളിലും സിവിൽ പൊലീസ് ഓഫീസർ, പ്രൊമോഷൻ വഴി നികത്തേണ്ട സീനിയർ സിവിൽ പൊലീസ് ഓഫീസർ/അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഒഴിവുകൾകൂടി ചേർത്താണ് ടി ബറ്റാലിയനിലേക്ക് നിയമന ശിപാർശ നൽകുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിനുശേഷം ജില്ലയിലെ ഒഴിവുകൾ ബറ്റാലിയനിൽനിന്നും നികത്തുന്നതിന്റെ ഫലമായി (കെ.സി.പി. ബൈ-ട്രാൻസ്ഫർ നിയമനം) പുതിയ ഒഴിവുകൾ ബറ്റാലിയനിൽ ഉണ്ടാകുന്നില്ല.

(ഡി) 2025 ഏപ്രിലിൽ അവസാനിക്കുന്ന സിവിൽ പൊലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കാറ്റഗറി നമ്പർ 537/2022 റാങ്ക് പട്ടികയ്ക്കുവേണ്ടി ടി റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്ന 14-05-2025 വരെ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ ഒഴിവുകളും കൃത്യമായി അവലോകനം ചെയ്യുകയും ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നിശ്ചിത അനുപാതത്തിൽ

മുൻവർഷങ്ങളിൽ ചെയ്തിരുന്നതുപോലെ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമാണ്.

കായംകുളം പൊലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

73(3870) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പൊലീസ് ക്വാർട്ടേഴ്സ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായി താമസയോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. കാലപ്പഴക്കം ചെന്ന കായംകുളം പൊലീസ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ ലേല നടപടികളിലൂടെ പൊളിച്ച് നീക്കുന്നതിനായി പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽനിന്നും സർവെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സർവെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനായി കായംകുളം ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ബോർഡ് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പൊലീസ് ക്വാർട്ടേഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് നിലവിലെ പദ്ധതിയിലുൾപ്പെട്ടിട്ടില്ല.

പൊലീസ് സൈബർ വാൾ പദ്ധതി

74(3871) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് സൈബർ വാൾ പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ?

വർധിച്ചുവരുന്ന നൂതന സൈബർ തട്ടിപ്പുകളിൽനിന്ന് പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനായി കേരള പൊലീസ് വികസിപ്പിച്ചുവരുന്ന പദ്ധതിയാണ് 'സൈബർ വാൾ'. പൊതുജനങ്ങൾ നൽകുന്ന ഫോൺ നമ്പറുകൾ, ഇ-മെയിൽ ഐഡികൾ, ബാങ്ക് അക്കൗണ്ടുകൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, എക്സികൂട്ടബിൾ ഫയലുകൾ, വെബ്സൈറ്റ്, യു.ആർ.എൽ.-കൾ, സ്ക്രീൻഷോട്ടുകൾ, ഓഡിയോ/വീഡിയോ ഫയലുകൾ, എസ്.എം.എസ്./ഇ-മെയിൽ ഉള്ളടക്കങ്ങൾ എന്നിവ നിർമ്മിത ബുദ്ധി സാങ്കേതികവിദ്യയിലൂടെ പരിശോധിച്ച് വിശകലനം ചെയ്ത് ഒന്ന് മുതൽ നൂറ് വരെയുള്ള ട്രസ്റ്റ് സ്കോർ നൽകി അതുവഴി സൈബർ തട്ടിപ്പുകളിൽനിന്നും പൊതുജനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ കേരള പൊലീസ് ലക്ഷ്യമിടുന്നത്.

(ബി) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കനത്ത ശിക്ഷ നൽകുന്നതിനായി നിയമനിർമ്മാണം കൊണ്ടുവരുന്നകാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

ഇൻഫർമേഷൻ ടെക്നോളജി ആക്ട്, 2000-(കേന്ദ്ര ആക്ട്)-ൽ ഭേദഗതികൾ കൊണ്ടുവരേണ്ടതുണ്ട്.

(സി) കുറ്റകൃത്യങ്ങൾ പെരുകുന്ന സാഹചര്യത്തിൽ ഇതിന് സഹായകരമായി വർത്തിക്കുന്ന ആപ്പുകളും വെബ്സൈറ്റുകളും സിം കാർഡുകളും നിർവീര്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സൈബർ കുറ്റകൃത്യങ്ങൾക്ക് കാരണമാകുന്ന വെബ്സൈറ്റുകൾ, ഓൺലൈൻ ആപ്പുകൾ, സോഷ്യൽ മീഡിയ അക്കൗണ്ട്/പോസ്റ്റ്/പേജ് എന്നിവ സൈബർ

പട്രോളിങ്ങിലൂടെ നീക്കംചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് 32670 വെബ്സൈറ്റുകളും 3172 അനധികൃത ഓൺലൈൻ ആപ്പുകളും 10466 സോഷ്യൽ മീഡിയ പോസ്റ്റുകളും 2127 പ്രൊഫൈലുകളും നിർജീവമാക്കിയിട്ടുണ്ട്. കൂടാതെ 17102 മൊബൈൽ സിം കാർഡ്, 50224 മൊബൈൽ ഡിവൈസുകൾ എന്നിവ ബ്ലോക്ക് ചെയ്ത് പ്രവർത്തനരഹിതമാക്കിയിട്ടുണ്ട്. ആർ.ബി.ഐ. അംഗീകൃത എൻ.ബി.എഫ്.സി.-ക്ക് കീഴിലല്ലാത്ത 1375 വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകളും ആയതുമായി ബന്ധപ്പെട്ട 4761 വ്യാജ വെബ്സൈറ്റുകളും കണ്ടെത്തി ബ്ലോക്ക് ചെയ്തിട്ടുണ്ട്.

പൊലീസ് സേനയുടെ അംഗബലം വർധിപ്പിക്കാൻ നടപടി

75(3872) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊലീസ് സേനയിലേക്കുള്ള സി.പി.ഒ. നിയമനം നടത്തുന്നതിനായി 14-04-2024-ൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയെന്ന് അറിയിക്കാമോ; എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്നും ഇതിന് എന്ന് വരെയാണ് കാലാവധിയെന്നും അറിയിക്കാമോ?

1200 താൽക്കാലിക പൊലീസ് കോൺസ്റ്റബിൾ പരിശീലന തസ്തികകൾക്കുള്ള തുടർ അനുമതി 15-10-2024-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 222/2024/ആഭ്യന്തരം പ്രകാരം നൽകിയിട്ടുണ്ട്. ആയതുപ്രകാരം 01-01-2025 വരെ ലഭ്യമായ എല്ലാ ഒഴിവുകളും 01-07-2025 വരെയുള്ള പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സി.പി.ഒ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി 15-04-2024-ൽ നിലവിൽവന്ന റാങ്ക്

ലിസ്റ്റിൽനിന്നും നാളിതുവരെ നടത്തിയ നിയമനങ്ങളുടെ വിവരം ചുവടെച്ചേർത്തിരിക്കുന്നു. 14-04-2025 വരെയാണ് ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി.

1	എം.എസ്.പി.	434
2	എസ്.എ.പി.	229
3	കെ.എ.പി. I	223
4	കെ.എ.പി. II	336
5	കെ.എ.പി. II	262
6	കെ.എ.പി. IV	351
7	കെ.എ.പി. V	287

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ റിട്ടയർമെന്റ് ഒഴിവുകളിൽ മാത്രം നിയമനം നടത്താനും സ്ഥാനക്കയറ്റം വഴിയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തേണ്ടതില്ലെന്നും നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. സ്ഥാനക്കയറ്റംവഴി നിയമനം നടത്തേണ്ട എല്ലാ തസ്തികകളിലും നിയമനം നടത്തുന്നുണ്ട്.

(സി) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പൊലീസ് ബറ്റാലിയനിൽ സി.പി.ഒ.-മാരുടെ എത്ര തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്; ആയതിൽ നിലവിൽ എത്ര പേരുണ്ട്; നിലവിലെ അംഗസംഖ്യ കുറവായതിന്റെ കാരണങ്ങൾ വിശദമാക്കുമോ; ഇപ്രകാരം വേക്കൻസികൾ തടഞ്ഞുവയ്ക്കപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

സ്പെഷ്യൽ ആംഡ് പൊലീസ് ബറ്റാലിയനിൽ സി.പി.ഒ. തസ്തികയിലെ അനുവദനീയ അംഗബലം 642 ആണ്. പ്രസ്തുത തസ്തികയിലെ നിലവിലെ അംഗബലം 792 (483 സി.പി.ഒ + 309 റിക്രൂട്ട് പൊലീസ് കോൺസ്റ്റബിൾ) ആണ്.

(ഡി) സംസ്ഥാന പൊലീസ് സേനയിലെ അംഗബലം വർധിപ്പിച്ച് പൊലീസുകാരുടെ ജോലിഭാരം കുറക്കാനും മാനസിക സംഘർഷം ലഘൂകരിക്കാനും നിലവിലെ സി.പി.ഒ. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ?

നിലവിലെ സി.പി.ഒ. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വിളകൾ സംരക്ഷിക്കാൻ തോക്ക് ലൈസൻസ്

76(3873) ശ്രീ. ഇ. കെ വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ നാദാപുരം, എടച്ചേരി, വളയം, തൊട്ടിൽപ്പാലം പൊലീസ് സ്റ്റേഷൻ പരിധികളിൽ കാർഷികവിളകൾ സംരക്ഷിക്കാൻ തോക്ക് ലൈസൻസ് ആർക്കൊക്കെ അനുവദിച്ചിട്ടുണ്ടെന്ന് പൊലീസ് സ്റ്റേഷൻ തിരിച്ച് വിവരം ലഭ്യമാക്കാമോ?

വളയം-കുഞ്ഞിഒണക്കൻ, നാണു

തൊട്ടിൽപാലം-കെ. കെ. മൊയ്തു, കെ. പി. രാജൻ, സജി ജോർജ്

(ബി) കാർഷിക വിളകൾ സംരക്ഷിക്കാൻ തോക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രസ്തുത പൊലീസ് സ്റ്റേഷൻ പരിധികളിൽ കാർഷികവിള സംരക്ഷിക്കുന്നതിനായി കർഷകർക്ക് തോക്ക് ലൈസൻസ് അനുവദിക്കുന്നതിന്

തടസ്സങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ കാരണവും വ്യക്തമാക്കാമോ?

(ബി&സി) Arms Act 1959 & Arms Rules 2016 അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് തോക്ക് ലൈസൻസ് അനുവദിക്കുന്നത്.

(ഡി) പ്രസ്തുത ആവശ്യത്തിന് നിലവിൽ എത്ര അപേക്ഷകരുണ്ടെന്നും അവരുടെ പേര് വിവരങ്ങളും ലഭ്യമാക്കാമോ?

തോക്ക് ലൈസൻസിനായി വടകര താലൂക്ക് പരിധിയിൽനിന്നും 22 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി

77(3874) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതിക്കായി ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതിക്കായി ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെച്ചേർക്കുന്നു.

സാമ്പത്തിക വർഷം	ചെലവഴിച്ച തുക
2021-22	16,00,00,000/-
2022-23	15,00,00,000/-
2023-24	11,69,21,000/-
2024-25	7,28,15,443/-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കുട്ടികൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 84731 കുട്ടികൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമ നം.	പൊലീസ് ജില്ല	കേഡറ്റുകളുടെ എണ്ണം
1	തിരുവനന്തപുരം സിറ്റി	3347
2	തിരുവനന്തപുരം റൂറൽ	7229
3	കൊല്ലം സിറ്റി	3076
4	കൊല്ലം റൂറൽ	4270
5	പത്തനംതിട്ട	3033
6	ആലപ്പുഴ	5423
7	കോട്ടയം	4409
8	ഇടുക്കി	4016
9	എറണാകുളം സിറ്റി	1828
10	എറണാകുളം റൂറൽ	4224
11	തൃശ്ശൂർ സിറ്റി	3169
12	തൃശ്ശൂർ റൂറൽ	3256
13	പാലക്കാട്	6456
14	മലപ്പുറം	8177
15	കോഴിക്കോട് സിറ്റി	3028
16	കോഴിക്കോട് റൂറൽ	5098
17	വയനാട്	3333
18	കണ്ണൂർ സിറ്റി	3696
19	കണ്ണൂർ റൂറൽ	4045
20	കാസർഗോഡ്	3618
ആകെ		84731

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കുട്ടികൾക്ക് നിലവിൽ

എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിവരുന്നുവെന്നും പുതുതായി എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കുട്ടികൾക്ക് യൂണിഫോമിനായി 2,000 രൂപയും റിഫ്രെഷ്മെന്റിനായി വർഷത്തിൽ 511/- രൂപയും നൽകുന്നുണ്ട്. കൂടാതെ തുടർപഠനത്തിനായി 20 മാർക്ക് ഗ്രേസ് മാർക്കായി അനുവദിക്കുന്നു. 01-03-2025-ലെ സർക്കാർ ഉത്തരവ് (കൈ) നം.6/2025/P&ARD പ്രകാരം സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർഥികൾക്ക് കേരളാ പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള യൂണിഫോം സർവീസുകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ വെയിറ്റേജ് മാർക്ക് അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

ഗാർഹിക പീഡനംമൂലമുള്ള ആത്മഹത്യ തടയാൻ നടപടി

78(3875) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹിതരായ പെൺകുട്ടികൾ ഗാർഹിക പീഡനംമൂലം ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവാഹിതരായ സ്ത്രീകൾ ഗാർഹിക പീഡനംമൂലം ആത്മഹത്യ ചെയ്യുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം കുറഞ്ഞുവന്നിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരം സംഭവങ്ങൾ തടയുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമാണോയെന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിനായി പൊലീസ് സംവിധാനമായ 'അപരാജിത' എന്ന പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പൊലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. ഇതിനുപുറമെ സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം കൊടുത്തുകൊണ്ട് നിരവധി പദ്ധതികൾ കേരളാ പൊലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വനിതാ പൊലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പൊലീസ്, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവയെല്ലാം സ്ത്രീസുരക്ഷ മുൻനിർത്തി പൊലീസ് നടപ്പിലാക്കിയ പദ്ധതികളാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരളാ പൊലീസ് ആവിഷ്കരിച്ച പദ്ധതിയാണ് വനിതാ സ്വയം പ്രതിരോധ സംഘം. സ്കൂൾ, കോളേജ്, റെസിഡന്റ്സ് അസ്സോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ മുതലായ സ്ഥലങ്ങളിൽ കേരളാ പൊലീസിന്റെ വനിതാ സ്വയം പ്രതിരോധ സംഘം സൗജന്യ ക്ലാസ്സുകൾ ലഭ്യമാക്കുന്നു. 20

മണിക്കൂർ ആണ് കോഴ്സിന്റെ പരമാവധി ദൈർഘ്യം. കൗൺസലിങ്, നിയമം, മോട്ടിവേഷൻ എന്നിവയിലും അടിസ്ഥാനവിവരങ്ങൾ ഈ ക്ലാസ്സുകളിലൂടെ നൽകിവരുന്നു. കേരളത്തിലെ 20 പൊലീസ് ജില്ലകളിലും വനിതാ പൊലീസ് ഉദ്യോഗസ്ഥരുടെ സേവനം ഇത്തരം പരിശീലനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പൊലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽവന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസലിങ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായകമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പദ്ധതി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേലക്ഷ്യത്തോടുകൂടി ജില്ലകളിലും വനിതാ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വനിതാ പൊലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

പോത്തൻകോട് യുവാവിനെ ആക്രമിച്ച സംഭവം

79(3876) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-02-2025-ന് പോത്തൻകോട് പൊലീസ് സ്റ്റേഷൻ പരിധിയിൽ വച്ച്

ഫിർണസ് എന്ന യുവാവിനെ ലഹരിക്ക് അടിമകളായി ആക്രമിച്ചവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ?

സുജിത്ത്, പ്രണവ്, ധീരജ്, അമൽ, പ്രജീഷ് എന്നിവരാണ് പ്രതികളുടെ പട്ടികയിലുള്ളത്.

(ബി) അക്രമി സംഘത്തിൽ ഉൾപ്പെട്ടിരുന്ന പൊലീസ് ഉദ്യോഗസ്ഥന്റെ പേര്, റാങ്ക്, ഡ്യൂട്ടി നിർവഹിക്കുന്ന പൊലീസ് സ്റ്റേഷൻ എന്നിവ വ്യക്തമാക്കുമോ?

തിരുവനന്തപുരം റൂറൽ ഡി.എച്ച്.ക്യൂ.-ൽനിന്നും കഠിനംകുളം പൊലീസ് സ്റ്റേഷനിൽ ഡ്രൈവിങ് ഡ്യൂട്ടി നോക്കിവരുന്ന DVR CPO 18547 സുജിത്ത് കേസിലുൾപ്പെട്ടിട്ടുണ്ട്.

(സി) അക്രമം നടത്തിയവർക്കെതിരെ പോത്തൻകോട് പൊലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പോത്തൻകോട് പൊലീസ് സ്റ്റേഷനിൽ ക്രൈം.നമ്പർ 250/2025 U/s 296(b), 189(2), 190, 126(2), 115(2), 118(1), 118(2) പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) അക്രമി സംഘത്തിലുൾപ്പെട്ട പൊലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

DVR CPO18547 സുജിത്തിനെതിരായ ആരോപണത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടന്നുവരുന്നു.

ക്രിമിനൽ കേസിൽ പ്രതികളായ കുട്ടികൾ

80(3877) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും സംസ്ഥാനത്ത് എത്ര സ്കൂൾ കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്; എത്ര സ്കൂൾ കുട്ടികൾ ലൈംഗിക അതിക്രമത്തിന് ഇരയായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര സ്കൂൾ കുട്ടികൾ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ക്രോഡീകരിച്ചുള്ള വിവരം ലഭ്യമല്ല.

ഹിറ്റ് ആൻഡ് റൺ കേസുകളിലെ നഷ്ടപരിഹാരം

81(3878) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിറ്റ് ആൻഡ് റൺ കേസുകൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ നാല് വർഷം രജിസ്റ്റർ ചെയ്യപ്പെട്ട ഹിറ്റ് ആൻഡ് റൺ കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; നഷ്ടപരിഹാര തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം അപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സാ സഹായം നൽകുന്നതിന് ഇൻഷ്വറൻസ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ അവയുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പൊലീസ് സ്റ്റേഷൻ നിർമ്മാണം

82(3879) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കെട്ടിടത്തിന്റെ അപര്യാപ്തതയുള്ള എത്ര പൊലീസ് സ്റ്റേഷനുകളുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ പൊലീസ് സ്റ്റേഷൻ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) സ്റ്റേറ്റ് പ്ലാൻ സ്കീമിലുൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ നിയോജകമണ്ഡത്തിലെ പൊലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന് പ്രൊപ്പോസലോ അനുമതിയോ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സ്റ്റേറ്റ് പ്ലാൻ സ്കീമിലുൾപ്പെടുത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പൊലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന് അനുമതിക്കായി പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(സി) ചാവക്കാട് പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പുരോഗതി വിശദമാക്കാമോ?

ചാവക്കാട് പൊലീസ് സ്റ്റേഷന്റെ കാലപ്പഴക്കവും കേടുപാടുകളും സൗകര്യക്കുറവും കണക്കിലെടുത്ത് പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി 2024-2025 ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പൊലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 01-10-2024-ൽ പൊതുമരാമത്ത് വകുപ്പിൽനിന്നും തൃശ്ശൂർ സിറ്റി ജില്ലാ പൊലീസ് ഓഫീസിൽ സമർപ്പിച്ച പ്ലാൻ 04-10-2024-ൽ അംഗീകരിച്ച് തിരിച്ച് നൽകിയിരുന്നു. തുടർന്ന്

27-12-2024-ൽ ലഭിച്ച ആർക്കിടെക്ചറൽ ഡ്രോയിങ്ങ് അംഗീകരിച്ച് 16-01-2025-ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. നിലവിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

കായംകുളം കരീലകുളങ്ങര പൊലീസ് സ്റ്റേഷൻ നിർമ്മാണം

83(3880) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കരീലകുളങ്ങര പൊലീസ് സ്റ്റേഷൻ ജീർണ്ണാവസ്ഥയിലായ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൊലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കരീലകുളങ്ങര പൊലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റിന് 26-02-2021-ലെ സ.ഉ. (സാധാ) നം. 650/2021/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി Assistance to States and UTs for Modernization of Police (ASUMP 2022-23) എന്ന കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി 31-10-2022-ലെ സ.ഉ.(സാധാ) നം. 3035/2022/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകി.

കരീലകുളങ്ങര പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

വാടാനപ്പള്ളി പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

84(3881) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പൊലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ കോൺക്രീറ്റ് ഉൾപ്പെടെ 58 ശതമാനം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ കോൺക്രീറ്റിങ്, പ്ലാസ്റ്ററിങ്, കെട്ടിടത്തിനുള്ളിലെ പാർട്ടീഷ്യൻ പണികൾ, ടൈൽ പാകൽ, വാതിൽ സ്ഥാപിക്കൽ, ഇലക്ട്രിക് പണികൾ, പ്ലംബിങ് പണികൾ, പെയിന്റിങ് എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും ഏത് ഏജൻസിയാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്കായി 255.93 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ കെ.പി.എച്ച്.സി.സി. (കേരള പൊലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ) ആണ് നടത്തുന്നത്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും എന്നത്തേക്ക്

പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

വാടാനപ്പള്ളി പൊലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2022 നവംബർ മാസത്തിലാണ്. ഏകദേശം 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വാഴക്കാട് പൊലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

85(3882) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് പൊലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്ത് മുമ്പ് ഉപയോഗിച്ചിരുന്നതും മഴക്കാലത്ത് ചോർന്നൊലിക്കുന്നതുമായ കെട്ടിടത്തിലാണ് നിലവിൽ പ്രസ്തുത പൊലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്നതുവരെ വാടക കെട്ടിടത്തിലേക്ക് പൊലീസ് സ്റ്റേഷൻ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ വാഴക്കാട് പൊലീസ് സ്റ്റേഷൻ നിലവിൽ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പരിമിതികൾ കണക്കിലെടുത്ത് പ്രസ്തുത പൊലീസ് സ്റ്റേഷൻ പ്രവർത്തനം മറ്റൊരു വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതിലേക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പാറശാല നിയോജകമണ്ഡലത്തിൽ പൊലീസ് എയ്ഡ് പോസ്റ്റ്

86(3883) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിർത്തിയോട് ചേർന്ന പാറശാല നിയോജകമണ്ഡലത്തിൽ അതിർത്തി കടന്നുള്ള ലഹരി ഉൽപന്നങ്ങളുടെ കടത്തും വിപണനവും തടയുന്നതിനായി പൊലീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

പാറശാല നിയോജകമണ്ഡലത്തിലെ അതിർത്തി പ്രദേശങ്ങളിൽ ലഹരിക്കടത്തും വിപണനവും തടയുന്നതിനായി ശക്തമായ വാഹന പരിശോധനകളും തമിഴ്നാട് അതിർത്തി പങ്കിടുന്ന പ്രധാന റോഡുകൾ സീൽ ചെയ്തുകൊണ്ടുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങളിലെ വ്യാപാര സ്ഥാപനങ്ങളും മറ്റും കർശനമായി നിരീക്ഷിക്കാറുണ്ട്.

(ബി) അതിർത്തി പ്രദേശങ്ങളായ അമ്പൂരി, കടുക്കറ എന്നിവിടങ്ങളിൽ പൊലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കുട്ടികളുടെ ആത്മഹത്യ

87(3884) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മുതൽ സംസ്ഥാനത്ത് ഓരോ വർഷവും ആത്മഹത്യ ചെയ്ത 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം പുരുഷൻ, സ്ത്രീ വേർതിരിച്ച്, വയസ്സ് സഹിതം

വ്യക്തമാക്കാമോ?

ക്രോഡീകരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

(ബി) കുട്ടികളുടെ ആത്മഹത്യയ്ക്കുള്ള കാരണം കണ്ടെത്താൻ പൊലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനമായും എന്തൊക്കെ കാരണങ്ങളാണ് കുട്ടികളെ ആത്മഹത്യയിലേക്ക് നയിച്ചതായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ഉണ്ട്. കുട്ടികളിലെ അമിതമായ മൊബൈൽ ഫോൺ/ഇന്റർനെറ്റ് ഉപയോഗം, അവ ഉപയോഗിക്കുന്നതിൽ ഏർപ്പെടുത്തുന്ന നിയന്ത്രണം, പഠന സംബന്ധമായ സമ്മർദം, കുടുംബ പ്രശ്നങ്ങൾ, കുട്ടികളിലെ വിഷാദം, ഉത്കണ്ഠ, മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങൾ, പ്രണയ നൈരാശ്യം എന്നിവമൂലമെന്ന വിലയിരുത്തലുകളാണ് പഠനങ്ങളിൽ പ്രധാനമായുള്ളത്.

ലഹരി കേസുകൾ

88(3885) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ ലഹരി ഉപയോഗം ഉൾപ്പെട്ട എത്ര കേസുകളാണ് പൊലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വർഷവും കേസുകളുടെ സ്വഭാവവും ഉപയോഗിക്കപ്പെട്ട ലഹരി പദാർഥത്തിന്റെ ഇനവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

2010 മുതൽ 09-03-2025 വരെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് പൊലീസ് രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസുകളുടെ എണ്ണം, ടി കേസുകൾ രജിസ്റ്റർ ചെയ്ത വർഷം, ഉപയോഗിക്കപ്പെട്ട ലഹരി പദാർഥത്തിന്റെ ഇനം എന്നിവ പട്ടിക

തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+ മേൽവിഷയവുമായി ബന്ധപ്പെട്ട് എക്സൈസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം, വർഷം, ഉപയോഗിക്കപ്പെട്ട ലഹരി പദാർഥത്തിന്റെ ഇനം എന്നിവ സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും തെളിവുകളുടെ അഭാവത്തിൽ പ്രതികളെ വെറുതെവിട്ടിട്ടുള്ളതും അന്വേഷണം പൂർത്തിയാകാത്തതുമായ കേസുകളുടെ എണ്ണം തരംതിരിച്ച് അറിയിക്കുമോ?

പ്രസ്തുത കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും തെളിവുകളുടെ അഭാവത്തിൽ പ്രതികളെ വെറുതെ വിട്ടിട്ടുള്ളതും അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണവും തരംതിരിച്ച് ചുവടെച്ചേർക്കുന്നു.

ബഹുമാനപ്പെട്ട കോടതി തീർപ്പാക്കിയ കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം	ബഹുമാനപ്പെട്ട കോടതി തീർപ്പാക്കിയ കേസുകളിൽ തെളിവുകളുടെ അഭാവത്തിൽ പ്രതികളെ വെറുതെ വിട്ട കേസുകളുടെ എണ്ണം	അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം
89263	896	1451

എക്സൈസ് രജിസ്റ്റർ ചെയ്ത കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും തെളിവുകളുടെ അഭാവത്തിൽ പ്രതികളെ വെറുതെ വിട്ടിട്ടുള്ളതും അന്വേഷണം പൂർത്തിയാകാത്തതുമായ കേസുകളുടെ എണ്ണം തരംതിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതേ കാലയളവിൽ ലഹരി കടത്തുമായി ബന്ധപ്പെട്ട് പൊലീസ് രജിസ്റ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടുള്ള കേസുകൾ എത്രയെന്ന് വർഷവും ലഹരി പദാർഥങ്ങളുടെ ഇനവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

2010 മുതൽ 09-03-2025 വരെയുള്ള കാലയളവിൽ ലഹരി കടത്തുമായി ബന്ധപ്പെട്ട് പൊലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം, ലഹരിപദാർഥങ്ങളുടെ ഇനവും വർഷവും തിരിച്ചുള്ള വിശദാംശവും പ്രസ്തുത കാലയളവിൽ ലഹരി കടത്തുമായി ബന്ധപ്പെട്ട് എക്സൈസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്രയെന്ന് വർഷവും ലഹരി പദാർഥങ്ങളുടെ ഇനവും തിരിച്ചുള്ള കണക്കുകളും അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കേസുകൾ, തെളിവുകളില്ലാതെ വെറുതെ വിട്ട കേസുകൾ, നടപടിക്രമങ്ങൾ പൂർത്തിയാകാത്ത കേസുകൾ എന്നിവയുടെ എണ്ണം തരംതിരിച്ച് അറിയിക്കുമോ?

പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കേസുകൾ, തെളിവുകളില്ലാതെ വെറുതെ വിട്ട കേസുകൾ, നടപടിക്രമങ്ങൾ പൂർത്തിയാകാത്ത കേസുകൾ എന്നിവയുടെ എണ്ണം തരംതിരിച്ച് ചുവടെച്ചേർക്കുന്നു.

ബഹുമാനപ്പെട്ട കോടതി തീർപ്പാക്കിയ കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം	ബഹുമാനപ്പെട്ട കോടതി തീർപ്പാക്കിയ കേസുകളിൽ തെളിവുകളുടെ അഭാവത്തിൽ പ്രതികളെ വെറുതെ വിട്ട കേസുകളുടെ എണ്ണം	അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം
6352	490	993

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സൈസ് രജിസ്റ്റർ ചെയ്ത കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കേസുകൾ, തെളിവുകളില്ലാതെ വെറുതെ വിട്ട കേസുകൾ, നടപടിക്രമങ്ങൾ പൂർത്തിയാകാത്ത കേസുകൾ എന്നിവയുടെ എണ്ണം തരംതിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ഇ) ഈ കേസുകളിൽ പ്രാഥമിക കുറ്റവാളികളെ ശിക്ഷിച്ചതിനുപുറമെ സംസ്ഥാനത്തേക്ക് കടത്തപ്പെട്ട ലഹരി പദാർഥങ്ങളുടെ യഥാർഥ ഉറവിടം കണ്ടെത്തിയ കേസുകളുടെ എണ്ണം എത്രയാണെന്ന് വർഷവും ലഹരി പദാർഥങ്ങളുടെ ഇനവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

2010 മുതൽ 09-03-2025 വരെയുള്ള കാലയളവിൽ ലഹരി കടത്തുമായി ബന്ധപ്പെട്ട് പൊലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പ്രാഥമിക കുറ്റവാളികളെ ശിക്ഷിച്ചതിനുപുറമെ സംസ്ഥാനത്തേക്ക് കടത്തപ്പെട്ട ലഹരി പദാർഥങ്ങളുടെ യഥാർഥ ഉറവിടം കണ്ടെത്തിയ കേസുകളുടെ എണ്ണം ലഹരി പദാർഥങ്ങളുടെ ഇനവും വർഷവും തിരിച്ചുള്ള എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു.+

എക്സൈസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം ചുവടെച്ചേർക്കുന്നു.

കേസുകളുടെ എണ്ണം - 1

വർഷം - 2020

ഇനം - ഗഞ്ചാവ് (62.5 കി.ഗ്രാം).

ഐ.ആർ.ബി. കമാൻഡോകളുടെ സ്ഥലംമാറ്റം

89(3886) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) കേരള പൊലീസിന്റെ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിങ്ങിലേക്ക് പി.എസ്.സി. കാറ്റഗറി നമ്പർ സി.എം.ഡി./2009 നോട്ടിഫിക്കേഷൻ പ്രകാരം നിയമനം നേടിയ ഒരു സേനാംഗത്തിന് പരിശീലന കാലയളവ് മുതൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവരുടെ ഇഷ്ടപ്രകാരം കെ.സി.പി.-യിലേക്ക് ട്രാൻസ്ഫർ മുഖേന മാറുവാൻ യോഗ്യതയുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2010-ൽ ഐ.ആർ.ബി. കമാൻഡോ ആയി സർവീസിൽ പ്രവേശിച്ച് 15 വർഷം കഴിഞ്ഞിട്ടും സന്നദ്ധത അറിയിച്ച ഒരു സേനാംഗത്തെപോലും കെ.സി.പി.-യിലേക്ക് ട്രാൻസ്ഫറിന് സർക്കാർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ട്രാൻസ്ഫർ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ട്രാൻസ്ഫറിന് അർഹതപ്പെട്ട സേനാംഗങ്ങൾക്ക് ട്രാൻസ്ഫർ അനുവദിച്ചുകൊണ്ട് കമാൻഡോ വിങ്ങിലേക്ക് നിലവിലുള്ള ഐ.ആർ.ബി. കമാൻഡോ വിങ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) പരിശീലനകാലം ഒഴിക 10 വർഷ സേവനം (Actual Service) പൂർത്തിയാക്കിയ സേനാംഗങ്ങളെ ജില്ലാ പോലീസിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് പരിഗണിക്കാവുന്നതാണ്. നിലവിലുള്ള സാഹചര്യം വിലയിരുത്തി ഇക്കാര്യം പരിഗണിച്ചിട്ടില്ല.

(ഡി) ഐ.ആർ.ബി.-യിൽ സ്പെഷ്യൽ റൂൾ നിലവിലില്ലെന്നകാര്യം ഗൗരവത്തോടെ

കാണുന്നുണ്ടോ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഐ.ആർ.ബി.-യുടെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

തൊഴിൽ തട്ടിപ്പുകൾ തടയുന്നതിനുള്ള നിയമനിർമ്മാണം

90(3887) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കയിൽനിന്നും അനധികൃത കുടിയേറ്റക്കാരെ നാടുകടത്തുന്നതും ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് തിരികെ അയയ്ക്കുമ്പോൾ സ്വീകരിക്കുന്ന മനുഷ്യത്വരഹിതമായ സമീപനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

അമേരിക്കയിൽനിന്നും അനധികൃത കുടിയേറ്റക്കാരെ നാടുകടത്തുന്നതുമായി ബന്ധപ്പെട്ട നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്ത്യയിലേക്ക് തിരികെ അയയ്ക്കപ്പെട്ടവരിൽ മലയാളികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

(ബി) കേരളത്തിലെ വലിയൊരു വിഭാഗം യുവാക്കളും തൊഴിൽ അന്വേഷിച്ച് വിദേശ രാജ്യങ്ങളിൽ പോകുന്നവരാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2023-ൽ ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ നേതൃത്വത്തിൽ നടത്തിയ സർവെപ്രകാരം കേരളത്തിൽനിന്നുള്ള പ്രവാസികളുടെ എണ്ണം 2.2 ദശലക്ഷമാണ്. 2018-ൽ ഇത് 2.12 ദശലക്ഷം ആയിരുന്നു. കഴിഞ്ഞ 5 വർഷക്കാലംകൊണ്ട്

തൊഴിൽ അന്വേഷിച്ച് വിദേശത്തുപോകുന്ന പ്രവാസികളുടെ എണ്ണത്തിൽ കാര്യമായ വർധനവുണ്ടായിട്ടില്ല.

(സി) വിദേശ രാജ്യങ്ങളിലേക്ക് തൊഴിലവസരങ്ങളും പഠന സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന തരത്തിലുള്ള തട്ടിപ്പുകൾ വർധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സുരക്ഷിത കുടിയേറ്റം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പരിപാടികളുൾപ്പെടെ നടത്തിവരുന്നുണ്ടെങ്കിലും അനധികൃത റിക്രൂട്ട്മെന്റ് ഏജന്റുകളുടെ കെണിയിൽപ്പെട്ട് വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ, പഠനം എന്നിവയ്ക്കായി അനധികൃതമായി കുടിയേറുന്നവർ നിരവധിയാണ്. കേരളത്തിൽനിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ സുതാര്യത ഉറപ്പുവരുത്തി സുരക്ഷിത കുടിയേറ്റം സാധ്യമാക്കണമെന്നത് നാലാം ലോക കേരള സഭയുടെ സുപ്രധാന നിർദേശങ്ങളിലൊന്നായിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ നാലാം ലോക കേരള സഭ സ്റ്റാന്റിങ് കമ്മിറ്റിയുടെ നിർദേശപ്രകാരം കേരളത്തിൽനിന്നുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് രീതികൾ കാര്യക്ഷമമാക്കുന്നതിന് വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ബ്രെയിൻസ്റ്റോമിങ് സെഷൻ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് മേഖലയിലെ നിയമനിർമ്മാണ സാധ്യത പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം തട്ടിപ്പുകൾ കുറയ്ക്കുന്നതിനായി പ്രത്യേക നിയമനിർമ്മാണം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അനധികൃത റിക്രൂട്ട്മെന്റിനെതിരെ നിയമനിർമ്മാണത്തിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിദേശത്തേക്ക് ജോലിക്കായി അനധികൃത റിക്രൂട്ടിങ് നടത്തുന്ന ഏജൻസികളെ നിയന്ത്രിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ 1983-ലെ എമിഗ്രേഷൻ ആക്ടിന്റെ പരിധിയിൽ

വരുന്നതാണ്. പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിനുമാത്രമെ അധികാരമുള്ളൂ. വിദേശ പഠനത്തിനായി പോകുന്ന വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ മേൽ നിയന്ത്രണവും നിയമപരവുമായ ക്രമീകരണങ്ങളുള്ളതായി കാണുന്നില്ല. എന്നാൽ സംസ്ഥാനത്ത് ഇത്തരം അനധികൃത റിക്രൂട്ട്മെന്റുകൾ തടയാൻ 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ലഹരി ഉപയോഗം

91(3888) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉൽപന്നങ്ങളുടെ ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് 2011 മുതൽ 2024 വരെ പൊലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല, വർഷം, 18 വയസിൽ താഴെയുള്ളവർ, മുതിർന്നവർ, മദ്യം, കഞ്ചാവ്, മയക്കുമരുന്ന്, എം.ഡി.എം.എ. തുടങ്ങി ലഹരി ഉൽപന്നങ്ങളുടെ തരം എന്നിവയുടെ കണക്കും പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഓരോ വർഷവും ശിക്ഷിക്കപ്പെട്ടവരുടെ ജില്ല, തരം എന്നിവ തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

ഇപ്രകാരം ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

(ബി) ഇത്തരം ലഹരി കേസുകളിലുൾപ്പെട്ട വ്യക്തികൾ പ്രസ്തുത കാലയളവിൽ നടത്തിയിട്ടുള്ള കൊലപാതകങ്ങൾ, അക്രമ സംഭവങ്ങൾ എന്നിവയുടെ ജില്ല, വർഷം, 18 വയസിൽ താഴെ പ്രായമായവർ, മുതിർന്നവർ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഇത്തരം ലഹരി കേസുകളിൽ ഉൾപ്പെട്ട വ്യക്തികൾ പ്രസ്തുത കാലയളവിൽ നടത്തിയിട്ടുള്ള

കൊലപാതകങ്ങൾ, അക്രമ സംഭവങ്ങൾ എന്നിവയുടെ ജില്ല, വർഷം, 18 വയസിൽ താഴെ പ്രായമായവർ, മുതിർന്നവർ എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) ലഹരി ഉപയോഗം, വിപണനം എന്നിവ തടയുന്നതിന് വകുപ്പ് നടപ്പാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ?

മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിന് സംസ്ഥാനത്ത് എ.ഡി.ജി.പി. (എൽ.&ഒ.)-യുടെ നേതൃത്വത്തിൽ Anti Narcotic Task Force (ANTF)-ഉം റേഞ്ച് തലത്തിൽ റേഞ്ച് ഡി.ഐ.ജി.- മാരുടെ കീഴിൽ NDPS Co-ordination Cell-ഉം ജില്ലകളിൽ നർക്കോട്ടിക് സെല്ലും ഡിവൈ.എസ്.പി.-മാരുടെ നേതൃത്വത്തിൽ DANSAF ടീമും രൂപീകരിച്ച് സംസ്ഥാനത്ത് എം.ഡി.എം.എ. അടക്കമുള്ള സിന്തറ്റിക് ലഹരിയുടെ ഉപയോഗം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

<u>ലഹരിക്കെതിരെ നടപ്പാക്കുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും</u>

<u>ഓപ്പറേഷൻ ഡി-ഹണ്ട്</u>: മയക്കുമരുന്നിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആന്റി നർക്കോട്ടിക്സ് ടാസ്ക് ഫോഴ്സ് തലവനായ ക്രമസമാധാനപാലന വിഭാഗം പൊലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംസ്ഥാന തലത്തിൽ ആന്റി നർക്കോട്ടിക് ഇന്റലിജൻസ് സെല്ലും എൻ.ഡി.പി.എസ്. കോർഡിനേഷൻ സെല്ലും റേഞ്ച് തല ആന്റി നർക്കോട്ടിക് ഇന്റലിജൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. 22-02-2025 മുതൽ 18-03-2025 വരെ 'ഓപ്പറേഷൻ ഡി-ഹണ്ടിന്റെ' ഭാഗമായി മയക്കുമരുന്ന് വില്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 62854 പേരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധനയ്ക്ക് വിധേയമാക്കുകയും വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 6405 കേസുകൾ രജിസ്റ്റർ ചെയ്യുകയും 6645 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. ഈ കേസുകളിൽ എല്ലാംകൂടി രാജ്യാന്തര വിപണിയിൽ ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന മാരക മയക്കുമരുന്നുകളായ എം.ഡി.എം.എ. (3.945 Kg), കഞ്ചാവ് (382.996 Kg), കഞ്ചാ ബീഡി (4513 എണ്ണം) ഇവരിൽനിന്ന് പിടിച്ചെടുക്കുകയുണ്ടായി. സ്ഥിരമായി മയക്കുമരുന്നുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി നിരന്തരമായി നിരീക്ഷണം നടത്തി ഓപ്പറേഷൻ ഡി-ഹണ്ട് തുടർന്നും നടത്തുന്നതാണ്.

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് & ആന്റി-നർക്കോട്ടിക് ക്ലബ്ബ്: ലഹരി പദാർഥങ്ങൾ കടത്തുന്ന ഏജന്റുമാരായി കുട്ടികളെ ഉപയോഗിക്കുന്നത് തടയുന്നതിനായി എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്സ് രൂപീകരിച്ചിട്ടുണ്ട്. 2024 അധ്യയന വർഷം 4469 സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ സ്കൂൾ തലത്തിലും 1776 ആന്റി-നർക്കോട്ടിക് ക്ലബ്ബുകൾ കോളേജ് തലത്തിലും പ്രവർത്തിച്ചുവരുന്നു. 2592 ബോധവൽക്കരണ ക്ലാസുകൾ എസ്.പി.ജി. മുഖാന്തരം സ്കൂളുകളിൽ ഇതിനോടകംതന്നെ നടത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ 610 ക്ലാസുകൾ പൊതുജനങ്ങൾക്കായും എസ്.പി.ജി.-യുടെ നേതൃത്വത്തിൽ ഈ വർഷം നടത്തുകയുണ്ടായി. ആന്റി-നർക്കോട്ടിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ കോളേജുകളിൽ 1053 ബോധവൽക്കരണ ക്ലാസുകൾ നടത്തുവാനും പൊതുജനങ്ങൾക്കായി 570 പരിപാടികളും വിദ്യാർഥികൾക്കായി 1083 സെമിനാറുകളും സംഘടിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. ജനമൈത്രി പൊലീസിന്റെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിലായി ഈ വർഷം 2514 അവയർനെസ് പ്രോഗ്രാമുകളും

വിദ്യാർഥികൾക്കായി 1799-ഉം പൊതുജനങ്ങൾക്കായി 1067 ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

യോദ്ധാവ്: പൊതുജനങ്ങളിലും വിദ്യാർഥികളിലും വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പേരിൽ ഒരു കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. 2022 ഒക്ടോബർ ആറിനാണ് ഇത് ഔദ്യോഗികമായി ലോഞ്ച് ചെയ്തത്. മയക്കുമരുന്ന് ശൃംഖലയുടെ പ്രവർത്തനം തടയുക എന്നത് പൊലീസിന്റെ പ്രധാന ചുമതലകളിലൊന്നാണെങ്കിലും ലക്ഷ്യം കൈവരിക്കുന്നതിന് മയക്കുമരുന്ന് ഉപഭോഗം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവിൽ നിന്നാണ് ഈ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ സ്കൂളിനുള്ളിലെ കുട്ടികളിലുണ്ടാകുന്ന പെരുമാറ്റ വ്യത്യാസം തിരിച്ചറിഞ്ഞ് ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ബോധവൽക്കരിക്കുന്നതിനും പിന്നെയും മയക്കുമരുന്ന് ഉപയോഗത്തിലേക്ക് പോകാതെ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന വ്യാപകമായി 3104 സ്കൂളുകളിലും 418 കോളേജുകളിലും 1790 റസിഡന്റ്സ് അസോസിയേഷനുകളിലുമായി 694351 പേരെ പങ്കെടുപ്പിച്ച് വിവിധ അവബോധ പരിപാടികളും സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലേക്കായി 279-ഓളം ഓഡിയോ/വീഡിയോ സന്ദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുവേദികളിൽ 1724 ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുള്ളതാണ്.

സ്റ്റുഡന്റ് പൊലീസ് കേഡറ്റ്: സംസ്ഥാനത്തിലെ ആഭ്യന്തരം, വിദ്യാഭ്യാസം ഗതാഗതം,

വനം, എക്സൈസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഒരു സ്കൂൾ അധിഷ്ഠിത പദ്ധതിയാണ് കേരളാ പൊലീസിന്റെ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി. യുവാക്കളിൽ നൈസർഗികമായ കഴിവുകൾ പരിപോഷിപ്പിക്കുവാനും അതുവഴി അസഹിഷ്ണത, ലഹരി ഉപയോഗം, അച്ചടക്കമില്ലായ്മ, അക്രമം മുതലായ നിഷേധാത്മക പ്രവണതകളെ പ്രതിരോധിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നു. അതുപോലെതന്നെ വിദ്യാർഥികളിൽ തങ്ങളുടെ കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോട് പ്രതിബദ്ധത വളർത്തുവാനും ഇത് സഹായകമാണ്. അടുത്ത അധ്യയന വർഷം (2025-26) മുതൽ 70 പുതിയ സ്കൂളുകളിൽകൂടി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കേരളത്തിൽ 979 സ്കൂളുകളിലാണ് എസ്.പി.സി. പദ്ധതി സജീവമായി പ്രവർത്തിക്കുന്നത്.

ഇന്റർനാഷണൽ ഡ്രഗ് ഡേ: 2024 ജൂൺ മാസം ലഹരിക്കെതിരെയുള്ള അവബോധം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് എല്ലാ പൊലീസ് സ്റ്റേഷനുകളിലും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 10-06-2024-ന് "ഇവിടെ ലഹരി വിൽക്കുന്നില്ല" എന്ന പോസ്റ്റർ പതിച്ചു. ലഹരിയുടെ ഉപയോഗം വേരോടെ തുടച്ചുനീക്കുന്നതിനായി 2024 ജൂൺ 26 ഇന്റർനാഷണൽ ഡ്രഗ് ഡേ ആചരണത്തിന്റെ ഭാഗമായി സ്കൂളുകളുടെ ആഭിമുഖ്യത്തിൽ പ്രദേശവാസികളെ ഉൾപ്പെടുത്തി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ e-Pledge നടത്തുകയും ലഹരി വിരുദ്ധ സംവാദ സദസ്സ് സംഘടിപ്പിക്കുകയും "ലഹരി വിരുദ്ധ നവകേരളം" എന്ന ആശയത്തിന്റെ പ്രചരണ ഭാഗമായി സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി എല്ലാ

വീടുകളിലും ഈ സന്ദേശം എത്തിക്കുകയും എല്ലാ വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ അസംബ്ലികൾ സംഘടിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ലഹരി വിരുദ്ധ സെമിനാറുകൾ നടത്തുകയും ചെയ്തു.

ഗാന്ധി ജയന്തി സ്പെഷ്യൽ ഡ്രൈവ്: 2024 സെപ്റ്റംബർ മാസം വിദ്യാർഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗവും വ്യാപന ശ്രമങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ 26-09-2024 മുതൽ 02-10-2024 ഗാന്ധിജയന്തി ദിനം വരെ സംസ്ഥാനമൊട്ടാകെ പൊലീസ് പരിധിയിലുള്ള വിവിധ സ്കൂളുകളിലും കോളേജുകളിലുമായി 3836 ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇവയിൽ 856 ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകളും 2239 ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലലും 52 ഫ്ലാഷ് മോബും 177 ലഹരിവിരുദ്ധ ബോധവൽക്കരണ റാലിയും 374 ലഹരി വിരുദ്ധപോസ്റ്റർ പതിപ്പിക്കലും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യചങ്ങല, ഓട്ടംതുള്ളൽ, സൈക്കിൾ റാലി, ചെറുവീഡിയോകളും പോസ്റ്ററുകളും തയ്യാറാക്കി പ്രചരിപ്പിക്കൽ, സെമിനാറുകൾ, കാമ്പസിങ്, തെരുവ് നാടകങ്ങൾ, ശുചീകരണയജ്ഞം തുടങ്ങിയ വിവിധങ്ങളായ മാർഗങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

BLACK SPOT: ലഹരിവസ്തുക്കളുടെ ഉപയോഗമോ വ്യാപാരമോ അടിക്കടി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളെ ബ്ലാക്ക് സ്പോട്ടായി കണക്കാക്കുകയും അവിടെ കൃത്യമായി ഷാഡോ പൊലീസിനെ ടീമായി നിയോഗിക്കുകയും അതേപോലെതന്നെ DANSAF ടീമിന്റെ രഹസ്യനിരീക്ഷണങ്ങളും പരിശോധനകളും കൃത്യമായ ഇടവേളകളിൽ നടത്തിവരികയും ചെയ്യുന്നു. കേരളത്തിലെ 427 പൊലീസ് സ്റ്റേഷൻ പരിധികളിലായി 1377 ബ്ലാക്ക് സ്പോട്ടുകൾ

തിരിച്ചറിഞ്ഞ് നിരന്തരമായി നിരീക്ഷണം നടത്തിവരുന്നു.

നോ ടു ഡ്രഗ്സ് കാമ്പയിൻ: വിദ്യാർഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'നോ ടു ഡ്രഗ്സ് കാമ്പയിൻ'. കാമ്പയിന്റെ ഭാഗമായി വിവിധ ബോധവൽക്കരണ ക്ലാസുകളും മറ്റ് പരിപാടികളും കേരള പൊലീസ് നടത്തുന്നുണ്ട്.

ക്ലിയർ കാമ്പസ് സേഫ് കാമ്പസ്: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനായി കേരളാ പൊലീസ് ആവിഷ്കരിച്ച പദ്ധതിയാണ് ക്ലിയർ കാമ്പസ് സേഫ് കാമ്പസ്.

ഡാൻസാഫ് (District Anti-Narcotics Special Action Force): ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഈ വിഭാഗം മയക്കുമരുന്ന് കടത്ത്, വിപണനം എന്നിവ തടയുന്നതിനായി പ്രത്യേക പരിശോധനകൾ നടത്തുന്നു.

പരാതികൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ:പൊതുജനങ്ങൾക്ക് മയക്കുമരുന്ന് ദുരുപയോഗം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി National Narcotics Helpline നമ്പർ 1933 നിലവിലുണ്ട്. കൂടാതെ ആന്റി നർക്കോട്ടിക് കൺട്രോൾ റൂമിന്റെ 9497979794, 9497927797 എന്നീ നമ്പരുകളും കേരളാ പൊലീസ് ആരംഭിച്ച യോദ്ധാവ് എന്ന പദ്ധതിയിലെ 9995966666 എന്ന വാട്സ്ആപ് നമ്പരും പ്രവർത്തിച്ചുവരുന്നു. മേൽപ്പറയുന്ന നമ്പറുകൾ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് മയക്കുമരുന്ന് ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പൊലീസിന് രഹസ്യവിവരം കൈമാറുന്നതിനായി പൊലീസ്

ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ യോദ്ധാവ് എന്ന മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ വിവരങ്ങളുടെ ടെക്സ്റ്റ് സന്ദേശം, ഫോട്ടോ, വീഡിയോ അല്ലെങ്കിൽ ശബ്ദസന്ദേശം ആയി 9995966666 എന്ന യോദ്ധാവിന്റെ വാട്ട്സ്ആപ് നമ്പറിലേക്ക് റിപ്പോർട്ട് ചെയ്യാം.

ബോധവൽക്കരണ പരിപാടികൾ: മയക്കുമരുന്നിനെതിരെയുള്ള സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ഇതിനായി 'Say No to Drugs' എന്ന പ്രചരണ ബോർഡുകൾ ജനത്തിരക്കേറിയ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാമ്പയിനുകളിൽ എൻ.എസ്.എസ്., എൻ.സി.സി. വിമുക്തി ക്ലബ്, കുടുംബശ്രീ, വിവിധ സ്ഥലങ്ങളിലെ ഗ്രന്ഥശാലകൾ, പ്രാദേശിക ക്ലബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ പൊലീസ് സ്റ്റേഷനുകളിൽ പൊതുജന പങ്കാളിത്തത്തോടെ പ്രവർത്തിച്ചുവരുന്ന ജനമൈത്രി സുരക്ഷാ സമിതികളുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ അവബോധന പ്രവർത്തനങ്ങൾ വ്യാപകമായി സംഘടിപ്പിക്കുവാനും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. വിദ്യാർഥികൾക്കിടയിലെ ലഹരി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുവാൻ പൊലീസ്, വനിതാ-ശിശു വികസനം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, എക്സൈസ്, തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു Standard Operating Procedure തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന് കീഴിൽ പുരോഗമിച്ചുവരികയാണ്.

നിയമ നടപടികൾ

ലഹരി കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഏർപ്പെടുന്നവർക്കെതിരെ KAAPA, PITNDPS Act 1988 പ്രകാരം കരുതൽ തടങ്കലിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതാണ്. 2022 മുതൽ 2025 വരെ PITNDPS നിയമ പ്രകാരം 93 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കൂടാതെ ഇത്തരം കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) കലാലയങ്ങളിൽ നടക്കുന്ന റാഗിങ്, മറ്റ് അക്രമ സംഭവങ്ങൾ, കൊലപാതകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല, ഇനം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ കലാലയങ്ങളിൽ റാഗിങ് മറ്റ് അക്രമ സംഭവങ്ങൾ, കൊലപാതകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല, ഇനം എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ഇ) ലഹരി ഉപയോഗം, വിപണനം, കലാലയങ്ങളിലെ അക്രമങ്ങൾ, റാഗിങ് എന്നിവ തടയുന്നതിന് എന്തെങ്കിലും പുതിയ പ്രവർത്തനങ്ങളോ പദ്ധതികളോ നടപ്പാക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

ലഹരി ഉപയോഗംമൂലമുള്ള അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനമായും മറ്റു സംസ്ഥാനങ്ങളിലെ തുറമുഖങ്ങളിലൂടെ സംസ്ഥാനത്തേക്ക് ഇറക്കുമതിചെയ്യുന്ന രാസമയക്കുമരുന്നുകളുടെ കേരളത്തിലേക്കുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടന്നുവരവിനെ പൊലീസും എക്സൈസ് വകുപ്പും ശക്തമായി തടയുന്നുണ്ട്. മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിനായി വിവിധ കർമ്മ പദ്ധതികൾ പൊലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർഥി സംഘർഷങ്ങൾ ഒഴിവാക്കുന്നതിനായി സ്കൂൾ-കോളേജ് പരിസരങ്ങളിൽ പൊലീസ് പട്രോളിങ് ശക്തമാക്കിയിട്ടുണ്ട്. വിദ്യാർഥികൾ തമ്മിൽ സംഘർഷമുണ്ടായാൽ അത് ഏറ്റുമുട്ടലിലേക്ക് നീങ്ങുന്നതിനുമുമ്പ് പൊലീസിനെ അറിയിക്കുവാൻ സ്കൂൾ അധികൃതരും രക്ഷകർത്താക്കളും ശ്രദ്ധിക്കേണ്ടതാണെന്നുള്ള നിർദേശവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ബാല കുറ്റകൃത്യങ്ങൾ തടയുന്നതിനും കുട്ടികൾ നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ ഇരകളാകാതിരിക്കുന്നതിനും സാധ്യമായ സ്കൂളുകളിലെല്ലാം ജില്ലാ പൊലീസ് മേധാവിമാർ മുൻകൈയെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ 'സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ' രൂപീകരിച്ചിട്ടുണ്ട്. റാഗിങ്ങും അക്രമസംഭവങ്ങളും തടയുന്നതിനായി കലാലയങ്ങളിൽ ആന്റി റാഗിങ് കമ്മിറ്റിയും ആന്റി റാഗിങ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് റാഗിങ് റിപ്പോർട്ട് ചെയ്താൽ The Kerala Prohibition of Ragging Act-1998 പ്രകാരം പൊലീസ് നടപടികൾ സ്വീകരിച്ചുവരുന്നു. റാഗിങ് നിരോധന നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും ചട്ടങ്ങൾ രൂപീകരിക്കുന്നതിനുമായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശപ്രകാരം മൾട്ടി ഡിസിപ്ലിനറി വർക്കിങ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

(എഫ്) 2025-ൽ കലാലയങ്ങളിൽ നടന്ന അക്രമ സംഭവങ്ങളിലും റാഗിങ്മൂലവും

കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

കൊലക്കേസ് പ്രതികളുടെ പരോൾ മാനദണ്ഡങ്ങൾ

92(3889) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന കൊലക്കേസ് പ്രതികൾക്ക് ജയിൽ ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിൽ അനുവദിക്കാൻ കഴിയുന്ന പരമാവധി പരോൾ കാലാവധി എത്രയാണ്?

സാധാരണ അവധി - 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 397 (ബി) പ്രകാരം ഒരു കലണ്ടർ വർഷം ഒരു തടവുകാരന് അറുപത് ദിവസത്തെ സാധാരണ അവധിക്ക് അർഹതയുണ്ട്.

അടിയന്തര അവധി - 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 400 (11) പ്രകാരം ജയിൽ സൂപ്രണ്ടിന് ഒരു സമയം 10 ദിവസം വരെ അടിയന്തര അവധി അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതും അതുൾപ്പെടെ 15 ദിവസം വരെയുള്ള കാലയളവിലേക്ക് ഡയറക്ടർ ജനറലിനും തുടർന്ന് ഒരു പ്രാവശ്യം 15 ദിവസം വരെയുള്ള കാലയളവിലേക്ക് ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കും അവധി അനുവദിക്കാവുന്നതുമാണ്. ചട്ടം 401 പ്രകാരം

പരമാവധി 45 ദിവസം കവിയാതെ അടിയന്തര അവധി ദീർഘിപ്പിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

ഗാർഹിക അവധി - 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 414 പ്രകാരം തുറന്ന ജയിൽ & കറക്ഷണൽ ഹോമുകളിൽ പാർപ്പിച്ചിട്ടുള്ള അന്തേവാസികൾക്ക് ടി ജയിലുകളിൽ ഒരു വർഷം യഥാർഥ ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നമുറയ്ക്ക് 15 ദിവസത്തെ ഗാർഹിക അവധിക്ക് അർഹതയുണ്ട്. സാധാരണ, അടിയന്തര അവധിക്ക് പുറമേയാണിത്.

പരോൾ - 2010-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ആക്ടിലെ സെക്ഷൻ 73 പ്രകാരം സംസ്ഥാന സർക്കാരിന് നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലാവധിയിലേക്ക് ഏതൊരു ശിക്ഷിക്കപ്പെട്ട തടവുകാരനെയും ഏതെങ്കിലും ഗുരുതരമായ അസുഖമോ തടവുകാരന്റെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെയോ അടുത്ത ബന്ധുവിന്റെ മരണമോ മറ്റ് എന്തെങ്കിലും മതിയായ കാരണമോ ഉള്ള സംഗതിയിൽ പരോളിൽ വിട്ടയയ്ക്കാവുന്നതാണ്.

(ബി) പരോൾ ഏതൊക്കെ ഇനങ്ങളിലായി എത്ര തവണയായിട്ടാണ് അനുവദിക്കാവുന്നത്; ഒരോ ഇനം പരോളും അനുവദിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദമാക്കാമോ?

(i) സാധാരണ അവധി - 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 397 (ബി), (സി) എന്നിവ

പ്രകാരം ഒരു കലണ്ടർ വർഷം ഒരു തടവുകാരന് അറുപത് ദിവസത്തെ സാധാരണ അവധിക്ക് അർഹതയുണ്ട്. ഒരു തവണ അവധിയുടെ കാലയളവ് 15 ദിവസത്തിൽ കുറവോ 30 ദിവസത്തിൽ അധികമോ ആയിരിക്കരുത്. സാധാരണ അവധി ഒരു ത്രൈമാസികത്തിൽ 15 ദിവസമോ ഒരു അർധ വർഷത്തിൽ 30 ദിവസമോ കവിയരുത്. തടവുകാരന്/തടവുകാരിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളയത്രയും യാത്രാസമയത്തിനും യാത്രാക്ഷീണിക്കും ഒരു കലണ്ടർ വർഷത്തിലെ രണ്ട് തവണത്തേക്ക് എന്ന തരത്തിൽ മാത്രമെ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഏതുതരത്തിലുമുള്ള അവധിക്കും ഒരു കലണ്ടർ വർഷത്തിൽ ആകെ നാലുതവണ വിടുതൽ ഉണ്ടായിരിക്കുന്നതും എന്നാൽ തുറന്ന ജയിലിലെ തടവുകാർക്ക് മാത്രം ഗാർഹിക അവധിക്കുള്ള വിടുതൽകൂടി കണക്കാക്കി അഞ്ച് തവണയെന്നും നിജപ്പെടുത്തിയിരിക്കുന്നു. 10 ദിവസത്തിലധികമുള്ള അടിയന്തര അവധിക്ക് പോയിവന്നതിനുശേഷമുള്ള ദിവസം മുതൽ തുടർച്ചയായി 6 മാസം ജയിലിൽ കഴിഞ്ഞവർക്ക് മാത്രമെ തുടർന്നുള്ള സാധാരണ അവധിക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 397 (എഫ്) പ്രകാരം ആദ്യത്തെ സാധാരണ അവധി ഡയറക്ടർ ജനറലും തുടർന്നുള്ള അവധി സൂപ്രണ്ടും അനുവദിക്കേണ്ടതാണ്. എന്നാൽ അവധി വ്യവസ്ഥകൾ ലംഘിച്ചാൽ തുടർന്നുള്ള അവധി ഡയറക്ടർ ജനറൽ മാത്രം പരിഗണിക്കേണ്ടതാണ്.

(ii) <u>അടിയന്തര അവധി</u>- 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 400 (11) പ്രകാരം ജയിൽ സൂപ്രണ്ടിന് ഒരു സമയം 10 ദിവസം വരെ അടിയന്തര അവധി അനുവദിക്കാൻ

അധികാരമുണ്ടായിരിക്കുന്നതും അതുൾപ്പെടെ 15 ദിവസം വരെയുള്ള കാലയളവിലേക്ക് ഡയറക്ടർ ജനറലും തുടർന്ന് ഒരു പ്രാവശ്യം 15 ദിവസം വരെയുള്ള കാലയളവിലേക്ക് ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കും അവധി അനുവദിക്കാവുന്നതുമാണ്. ചട്ടം 401 പ്രകാരം പരമാവധി 45 ദിവസം കവിയാതെ അടിയന്തര അവധി ദീർഘിപ്പിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

(iii) പരോൾ- 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ആക്ടിലെ സെക്ഷൻ 73 പ്രകാരം പരോൾ അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) ഏതൊക്കെ സാഹചര്യങ്ങളിലാണ് എമർജൻസി പരോൾ അനുവദിക്കുന്നത്; ഇത് ആകെ എത്ര ദിവസം വരെയാണ് അനുവദിക്കാൻ കഴിയുന്നത്?

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 400 (1) പ്രകാരം ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെയുള്ള ഏതൊരു സദ്സ്വഭാവികളായ തടവുകാർക്കും ചുവടെ വ്യക്തമാക്കിയിട്ടുള്ള വളരെ അടിയന്തര ഘട്ടങ്ങളിൽ അടിയന്തരാവധിക്ക് അർഹതയുണ്ടായിരിക്കും.

(1) പിതാവ്, മാതാവ്, മകൻ, മകൾ, ഭാര്യ, ഭർത്താവ്, സഹോദരൻ, സഹോദരി, അർധ സഹോദരൻ, അർധ സഹോദരി, പൗത്രൻ, പൗത്രി, പിതാ/മാതാമഹൻ, പിതാ/മാതാമഹി, ഭാര്യ പിതാവ്/മാതാവ്, ഭർതൃ പിതാവ്/മാതാവ്, മരുമകൻ, മരുമകൾ, മാതൃ സഹോദരൻ/സഹോദരി, പിതൃ സഹോദരൻ/സഹോദരി, ഭാര്യാ-ഭർതൃ സഹോദരൻ, ഭാര്യാ-

ഭർതൃ സഹോദരി, അനന്തരവൻ, അനന്തരവൾ എന്നിവരുടെ മരണമോ അത്യാസന്ന രോഗാവസ്ഥയോ

(2) മകൻ, മകൾ, സഹോദരൻ, സഹോദരി, പൗത്രൻ, പൗത്രി, ഭാര്യാ-ഭർതൃ സഹോദരൻ, ഭാര്യാ-ഭർതൃ സഹോദരി, നേർ അനന്തരവൻ, നേർ അനന്തരവൾ എന്നിവരുടെ വിവാഹം.

(3) താമസിക്കുന്ന വീട് ഭാഗികമായോ പൂർണ്ണമായോ തകരുക.

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 400 (11) പ്രകാരം ജയിൽ സൂപ്രണ്ടിന് ഒരു സമയം 10 ദിവസം വരെ അടിയന്തര അവധി അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതും അതുൾപ്പെടെ 15 ദിവസം വരെയുള്ള കാലയളവിലേക്ക് ഡയറക്ടർ ജനറലിനും തുടർന്ന് ഒരു പ്രാവശ്യം 15 ദിവസം വരെയുള്ള കാലയളവിലേക്ക് ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കും അവധി അനുവദിക്കാവുന്നതുമാണ്. ചട്ടം 401 പ്രകാരം പരമാവധി 45 ദിവസം കവിയാതെ അടിയന്തര അവധി ദീർഘിപ്പിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

(ഡി) പരോൾ അനുവദിക്കുന്ന കാര്യത്തിൽ ആരെയൊക്കെയാണ് അടുത്ത ബന്ധുക്കളായി കണക്കാക്കുന്നത്; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അടിയന്തര അവധി അനുവദിക്കുന്ന സാഹചര്യത്തിൽ അടുത്ത ബന്ധുക്കളായി കണക്കാക്കുന്നവരുടെ വിശദാംശങ്ങൾ പരാമർശിച്ചിരിക്കുന്ന 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 400-ന്റെ

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

93(3890) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 07-06-2024-ൽ നിലവിൽവന്ന കാറ്റഗറി നം.669/2022 സബ് ഇൻസ്പെക്ടർ ഓഫ് പൊലീസ് റാങ്ക് ലിസ്റ്റ്, കാറ്റഗറി നമ്പർ 672/2022 ആംഡ് പൊലീസ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് എന്നീ ലിസ്റ്റുകളിൽനിന്നും നിയമനത്തിനായി ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ?

കാറ്റഗറി നമ്പർ 669/2022 സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിലേക്ക് 53 ഫ്രഷ് ഒഴിവുകളും 19 എൻ.ജെ.ഡി. ഒഴിവുകളും ഉൾപ്പെടെ ആകെ 72 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാറ്റഗറി നമ്പർ 672/2022 ആംഡ് പൊലീസ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽനിന്നും ഒരു ഫ്രഷ് ഒഴിവും 5 എൻ.ജെ.ഡി. ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്ന് എട്ട് മാസമായിട്ടും ഇവയിൽനിന്നുമുള്ള ഒരു ബാച്ച് ഉദ്യോഗാർഥികൾക്കുപോലും ട്രെയിനിങ് ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

പ്രസ്തുത റാങ്ക്ലിസ്റ്റുകളിൽനിന്നും ആദ്യ ബാച്ച് പരിശീലനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 71 പേരുടെ അഡ്വൈസ് ലഭിച്ചിട്ടുള്ളതും ആയതിൽ 35 പേരുടെ മെഡിക്കൽ പരിശോധന, പൊലീസ് വെരിഫിക്കേഷൻ എന്നിവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത കാലയളവിലുണ്ടായ പ്രൊമോഷൻ/ഡെപ്യൂട്ടേഷൻ ഒഴിവുകളൊന്നുംതന്നെ ഇതുവരെയും റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഒരു ആംഡ് പൊലീസ് സബ് ഇൻസ്പെക്ടറിന് ആംഡ് പൊലീസ് ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ചതിലൂടെയുള്ള ഒഴിവ് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ നിലവിൽ വന്നിട്ടില്ല. ഡയറക്ട് സബ് ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കാണ് ടി തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്. പ്രൊമോഷൻ/ഡെപ്യൂട്ടേഷൻ എന്നിവമൂലം ഡയറക്ട് സബ് ഇൻസ്പെക്ടർ തസ്തികയിലുള്ള ലഭ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പ്രൊമോഷൻ/ഡെപ്യൂട്ടേഷൻ എന്നിവമൂലം സബ് ഇൻസ്പെക്ടർ തസ്തികയിൽ ഇനിയുണ്ടാകുന്ന ഒഴിവുകളും പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 09-12-2024-ലെ ഉപ.സി.3/200/2024/പി&എ.ആർ.ഡി. ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 2025 കലണ്ടർ വർഷത്തിൽ സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ വരാൻ പോകുന്ന ഒഴിവുകൾ മുൻകൂട്ടി 25-12-2024-നുമുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവിറക്കിയിരുന്നിട്ടും എന്തുകൊണ്ടാണ് സബ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളൊന്നും ഇതുവരെയും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്; വിശദമാക്കാമോ?

സബ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നേരിട്ടുള്ള നിയമനം, പ്രൊമോഷൻ 1:1

എന്ന അനുപാതത്തിലാണ് നികത്തപ്പെടുന്നത്. 12 മാസത്തെ അടിസ്ഥാന പരിശീലനവും 10 മാസത്തെ പ്രായോഗിക പരിശീലനവും ആവശ്യമായ മറ്റ് തസ്തികയിൽ പരിശീലനകാലത്തേക്ക് താൽക്കാലിക പരിശീലന തസ്തികകൾ സൃഷ്ടിച്ചുള്ള നിയമന രീതി അവലംബിച്ചിട്ടില്ല. ഡയറക്ട് സബ് ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സിവിൽ പൊലീസ് ഓഫീസർ നിയമനം

94(3891) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പൊലീസ് ഓഫീസർ തസ്തികയിലേക്ക് നിലവിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർഥികൾ ഉൾപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് നാളിതുവരെ നിയമന ശിപാർശ നൽകിയിട്ടുണ്ട്; എത്ര പേർ നിയമനം നേടിയിട്ടുണ്ട്; വിശദമാക്കുമോ?

സിവിൽ പൊലീസ് ഓഫീസർ തസ്തികയിലേക്ക് നിലവിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+ റാങ്ക് ലിസ്റ്റിൽനിന്നും നടത്തിയ നിയമനങ്ങളുടെ വിശദവിവരം ചുവടെച്ചേർക്കുന്നു.

1	എം.എസ്.പി.	434
2	എസ്.എ.പി.	229
3	കെ.എ.പി. I	223
4	കെ.എ.പി II	336
5	കെ.എ.പി. III	262
6	കെ.എ.പി. IV	351

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7	കെ.എ.പി. V	287

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്; പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ വളരെയധികം കുറയാനിടയായ സാഹചര്യമെന്താണ്; വ്യക്തമാക്കുമോ?

പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി 14-04-2025 വരെയാണ്. നിലവിൽ സാധ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പൊലീസ് സേനയിൽ നിലവിൽ പര്യാപ്തമായ അംഗബലമുള്ളതിനാലാണോ സി.പി.ഒ. തസ്തികയിലേക്കുള്ള നിയമനങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞത്; പര്യാപ്തമായ അംഗബലം ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനം നടത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതുവരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ ഒഴിവുകളും കൃത്യമായി അവലോകനം ചെയ്യുകയും ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് നിശ്ചിത അനുപാതത്തിൽ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുക വഴി പരമാവധി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യുവത എന്ന മാസികയുമായി ബന്ധപ്പെട്ട് നടത്തിയ സാമ്പത്തിക ക്രമക്കേട്

95(3892) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ പ്രസിദ്ധീകരിക്കുന്ന യുവത എന്ന

മാസികയുമായി ബന്ധപ്പെട്ട് ഒരു ജീവനക്കാരൻ സെവൻസ്റ്റാർ ഗ്രാഫിക്സ് എന്ന ബിനാമി സ്ഥാപനം മുഖേന സാമ്പത്തിക ക്രമക്കേട് നടത്തിയത് സംബന്ധിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

(എ&ബി) ഒരേ വ്യക്തിയുടേതായി രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്. ആദ്യ പരാതിക്ക് മറുപടി നൽകിയിട്ടുണ്ട്. രണ്ടാമത് ലഭിച്ച പരാതി പരിശോധിച്ചുവരികയാണ്.

മാവേലിക്കര കുടുംബകോടതി കെട്ടിട നിർമ്മാണം

96(3893) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിൽ കുടുംബ കോടതിക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കുടുംബ കോടതിയും ജെ.എഫ്.സി.എം. I&II കോടതികളും ഉൾപ്പെടുന്ന മാവേലിക്കര കോടതി സമുച്ചയത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 1482 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 25-11-2023-ന് തറക്കല്ലിട്ട കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

97(3894) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സ്കൂൾ കുട്ടികളുടെ ഇടയിൽ അക്രമവാസന വർധിക്കുകയും കുട്ടികൾ കൊല്ലപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടും ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിന്റെ ശക്തമായ ഇടപെടലുണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കുട്ടി കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് ഇത്തരം പ്രവണതകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിനിമകൾ, വെബ് സീരീസുകൾ, ഓൺലൈൻ ഗെയിമുകൾ തുടങ്ങിയ മാധ്യമങ്ങളിൽ അമിതമായി ചിത്രീകരിക്കപ്പെടുന്ന ഹിംസയും അക്രമവും യുവതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇത് പലപ്പോഴും അവരെ അസ്വാഭാവികമായ ജീവിതശൈലിയിലേക്കും അപകടകരമായ തീരുമാനങ്ങളിലേക്കും കുറ്റകൃത്യങ്ങൾ, മാനസിക ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയിലേയ്ക്കും എത്തിക്കുന്നു. ഇത്തരം സ്വാധീനങ്ങളിലൂടെ യുവ തലമുറയിൽ അക്രമവാസന ഉടലെടുക്കുന്നത് തടയാൻ പൊലീസ് വകുപ്പിന് കീഴിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കി വരുന്ന ശിശു സൗഹൃദ പ്രോജക്ടുകളായ CHIRI, D-DAD, CAP, KOOTTU എന്നീ പദ്ധതികളിലൂടെ കൗൺസലിങ് ആവശ്യപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസലിങ് നൽകിവരുന്നു. ഇത്തരം പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ അദ്ധ്യയന വർഷാരംഭത്തിൽ പ്രവേശനോത്സവത്തോടനുബന്ധിച്ച് കുട്ടികൾക്കിടയിൽ പ്രചാരണം നടത്തുന്നതിനും കുട്ടികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് അവബോധ വീഡിയോകൾ നിർമ്മിച്ച് പൊലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ പരിസരങ്ങളിൽ ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഇരയാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കുട്ടികളുടെ സംരക്ഷണവും നിയമ പരിരക്ഷയും സർക്കാർ തലത്തിൽ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത-ശിശു വികസന വകുപ്പ്, ബാലാവകാശ കമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങി വിവിധ കാര്യവാഹകരുമായി ചേർന്ന് കേരള പൊലീസ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ലഹരി ഉപയോഗവും സിനിമകളിലെ വയലൻസും

98(3895) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർധിച്ചുവരുന്ന ലഹരി ഉപയോഗവും സിനിമകളിലെ അതിഭീകരമായ വയലൻസും കുട്ടികളുടെ ഇടയിൽപോലും അക്രമവാസന വളർത്തുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ലഹരിയുടെ വില്പനയും ഉപയോഗവും അവസാനിപ്പിക്കുന്നതിനും ലഹരി മാഫിയയെ ഉന്മൂലനം ചെയ്യുന്നതിനും യുവ തലമുറയെ രക്ഷിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സമീപ കാലത്തായി ഇറങ്ങുന്ന സിനിമകളിലെ അതിഭീകരമായ വയലൻസ് രംഗങ്ങൾ കുറ്റകൃത്യങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന തരത്തിലുള്ളവ ആകയാൽ അവ നിയന്ത്രിക്കുന്നതിനും അത്തരം രംഗങ്ങൾ സെൻസർ ബോർഡ് മുഖേന ഒഴിവാക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇപ്രകാരം ലഹരിയും വയലൻസും അവസാനിപ്പിക്കുന്നതിൽ കാര്യക്ഷമമായി ഇടപെട്ടില്ലെങ്കിൽ യുവതലമുറയെ മുഴുവനും കേരളത്തിന് നഷ്ടമാകുമെന്ന വസ്തുത തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ അവരെ രക്ഷിച്ചെടുക്കാനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളുമോ; വിശദമാക്കാമോ?

(എ-ഡി) യുവാക്കളിൽ വർധിച്ചുവരുന്ന അക്രമണോത്സുകതയ്ക്ക് വിവിധ കാരണങ്ങളുണ്ട്. ലഹരിയുടെ ഉപയോഗം ഇതിനൊരു കാരണമാണ്. കേരളത്തിലേക്കുള്ള ഇതിന്റെ കടന്നുവരവിനെ പൊലീസും എക്സൈസ് വകുപ്പും കർക്കശമായി തടയുന്നുണ്ട്. മയക്കുമരുന്ന് വില്പനയും ഉപയോഗവും തടയുന്നതിനായി പൊലീസ് കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലഹരി ഉപയോഗിച്ചശേഷം കുറ്റകൃത്യങ്ങളിൽ

പങ്കാളിയാകുന്നവർക്കെതിരെ പൊലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ലഹരിക്ക് അടിമപ്പെട്ട യുവാക്കളെയും മറ്റും കണ്ടെത്തി ലഹരി വിമുക്തി കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ കൗൺസലിങും ചികിത്സയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ വിമുക്തി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളിലും കൗൺസലിങ് സെന്ററുകളിലും ലഹരിക്ക് അടിമപ്പെട്ട് ചികിത്സയ്ക്കായി എത്തുന്ന ആളുകളിലും എക്സൈസ് വകുപ്പ് കണ്ടെത്തുന്ന എൻ.ഡി.പി.എസ്. കേസുകളിലെ പ്രതികളിലും ഉൾപ്പെടെ 10 വയസ്സിനും 19 വയസ്സിനും പ്രായമുള്ളവർക്കിടയിൽ “An analysis of the cause and consequences of drug addiction and illegal drug trafficking among adolescence” എന്ന പേരിലും ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ നേരിടുന്നതിന് സർക്കാർ നടപ്പാക്കിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലം വിലയിരുത്തുന്നതിനും ലഹരിയുടെ ഉറവിടം, വ്യാപനം, സമൂഹത്തിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗത്തിന്റെ ദൃഷ്യഫലങ്ങളുടെ സ്ഥിതി വിവരങ്ങൾ എന്നിവ വിലയിരുത്തുന്നതിനും ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുന്നതിലേക്കുമായി Public Opinion on Substance Abuse എന്ന പേരിലും എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സർവെ നടത്തിയിട്ടുള്ളതാണ്. ഇക്കാര്യം അതീവ ഗുരുതരമായ ഒരു വിഷയമായാണ് സർക്കാർ കാണുന്നത്. ഒറ്റപ്പെട്ടതെങ്കിലും ഗൗരവമേറിയ ഇത്തരം അക്രമ സംഭവങ്ങൾ തടയുന്നതിനുള്ള എല്ലാ നിയമ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. അതോടൊപ്പം കുട്ടികളുടെ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഐക്യരാഷ്ട്ര സഭപോലും

ഉത്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ള ഈ ഘട്ടത്തിൽ നമ്മുടെ കുട്ടികളുടെ ജീവിത സാഹചര്യങ്ങളും വിലയിരുത്തപ്പെടണം. അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ അസ്വസ്ഥപ്പെടുത്തുന്ന ഒപ്പമുള്ളവർ ശത്രുക്കൾ എന്ന ചിന്തയിലേക്ക് നയിക്കാനിടയാകുന്ന ജീവിത സാഹചര്യവും പരിശോധിക്കപ്പെടണം. വീട്ടിലെ മുറി എന്ന പെട്ടിയിൽനിന്ന് സ്കൂൾ ബസ് എന്ന പെട്ടിയിലേയ്ക്കും അതിൽനിന്ന് ക്ലാസ് മുറിയെന്ന പെട്ടിയിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടുന്ന ബാല്യം ഒരു ഡിജിറ്റൽ ലോകത്തേക്ക് ഒതുങ്ങുന്നു. ഡിജിറ്റൽ അഡിക്ഷൻ ആവുന്നു. അതിൽനിന്ന് അടർത്തി മാറ്റാൻ ശ്രമിക്കുന്നവർ അവന്റെ ശത്രുക്കളാകുന്നു. അധ്യാപകനും വിദ്യാർഥിയും തമ്മിലും രക്ഷാകർത്താക്കളും കുട്ടികളും തമ്മിലുമുള്ള ബന്ധത്തിൽ വരുന്ന മാറ്റങ്ങൾ അങ്ങനെ കാരണങ്ങൾ പലതുണ്ട്. വയലൻസ് ആഘോഷിക്കപ്പെടുന്ന സീരിയലുകളുടെയും സിനിമകളുടെയും ദുഃസ്വാധീനങ്ങളും മറ്റൊരു കാരണമാണ്. ഇക്കാര്യങ്ങൾ പരിശോധിക്കാൻ സെൻസർ ബോർഡ് തയ്യാറാവേണ്ടതുണ്ട്. മയക്കുമരുന്ന് തീർച്ചയായും പ്രധാന കാരണങ്ങളിലൊന്നാണ്. അത് തുടച്ചുനീക്കുകതന്നെ വേണം. കക്ഷിരാഷ്ട്രീയ ഭേദമില്ലാത്ത ഒരുമയാണിവിടെ ആവശ്യം. സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള ക്യാമ്പസിനുമാത്രമെ അരാജക പ്രവണതകളെ തടയാനാവുകയുള്ളൂ. അതിന് ക്യാമ്പസുകളിൽ നമ്മുടെ കുഞ്ഞുങ്ങൾ സാമൂഹ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുതന്നെ പോകേണ്ടതുണ്ട്. നാളത്തെ സമൂഹത്തെ നയിക്കേണ്ട വിദ്യാർഥികൾ ജനാധിപത്യ ബോധ്യങ്ങളെ ഉൾക്കൊണ്ട് ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരേണ്ടതുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പാഠ്യേതര വിഷയങ്ങളിലെ പങ്കാളിത്തത്തിനും നിർണ്ണായകമായ പങ്ക് വഹിക്കുവാൻ കഴിയും. എല്ലാവരും ഈ

വിപത്തിനെതിരെ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ സർക്കാർ മുൻകൈ എടുക്കും. ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും സുപ്രധാന പങ്കുണ്ട്. ഇതിനായി വിദ്യാർഥി-യുവജന സംഘടനകൾ, സിനിമാ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകൾ, അധ്യാപക-രക്ഷാകർതൃ സംഘടനകൾ എന്നിവയുടെ യോഗം ചേർന്ന് വിപുലമായ കർമ്മപദ്ധതി തയ്യാറാക്കും.

കാസർഗോഡ് ജില്ലയിലെ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ

99(3896) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുണ്ടെന്നും ഈ സ്റ്റേഷനുകൾ സ്ഥാപിച്ച വർഷവും വ്യക്തമാക്കാമോ?

കാസർഗോഡ് - 1981, കാഞ്ഞങ്ങാട് - 1999, തൃക്കരിപ്പൂർ–2002, ഉപ്പള – 2010, കുറ്റിക്കോൽ-2011 എന്നീ വർഷങ്ങളിൽ സ്ഥാപിക്കപ്പെട്ട 5 സ്റ്റേഷനുകളാണുള്ളത്.

(ബി) അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ പ്രസ്തുത സ്റ്റേഷനുകൾ നേരിടുന്ന പരിമിതികളും പ്രയാസങ്ങളും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

1. ഉപ്പള ഫയർ സ്റ്റേഷൻ: പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ നിലവിലുള്ള പരിമിതികൾ പരിഹരിക്കപ്പെടുന്നതാണ്.

2. കാസർഗോഡ് ഫയർ സ്റ്റേഷൻ: നിലവിലുള്ള കെട്ടിടത്തിന് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതോടെ ഈ പരിമിതി

പരിഹരിക്കപ്പെടുന്നതാണ്.

3. കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, കൂറ്റിക്കോൽ എന്നീ സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ പ്രയാസങ്ങളില്ല.

(സി) നിലവിൽ സ്റ്റാഫിന്റെ അഭാവമുണ്ടോയെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

ജീവനക്കാരുടെ സ്റ്റേഷൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കാസർഗോഡ് ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ആലോചന ഉണ്ടായിരുന്നോയെന്നും അതിനായി സ്ഥലം കണ്ടെത്തിയിരുന്നോയെന്നും അതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

അനുമതി നൽകിയിട്ടുള്ള ഫയർ സ്റ്റേഷനുകൾ ആരംഭിച്ചശേഷം ആവശ്യകതയും മുൻഗണനയും വിലയിരുത്തി പുതിയവയ്ക്കുള്ള നിർദേശങ്ങൾ പരിഗണിക്കാമെന്നതാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

വെഞ്ഞാറമൂട് ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

100(3897) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഫയർ സ്റ്റേഷന്റെ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

(എ-സി) വെഞ്ഞാറമൂട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള സംരക്ഷണ മതിൽ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിലേക്കായി സിമന്റ് കോൺക്രീറ്റ് ബ്ലോക്കുകൾ പാകൽ എന്നീ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്.

തീരദേശ റെഗുലേഷൻ സോൺ

101(3898) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് തീരദേശ റെഗുലേഷൻ സോൺ മൂന്നിൽനിന്ന് രണ്ടിലേക്ക് അനുമതി ലഭിച്ചിട്ടുള്ളത്?

സംസ്ഥാനത്തെ 66 ഗ്രാമപഞ്ചായത്തുകൾക്കാണ് തീരദേശ റെഗുലേഷൻ സോൺ മൂന്നിൽനിന്ന് രണ്ടിലേക്ക് അനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത പഞ്ചായത്തുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) അറ്റോമിക് മിനറൽസിന്റെ സാന്നിധ്യമുള്ള ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ പ്രദേശങ്ങളെ തീരദേശ റെഗുലേഷൻ സോൺ മൂന്ന് എ-യിലും അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ പ്രദേശങ്ങളെ തീരദേശ റെഗുലേഷൻ സോൺ മൂന്ന് ബി-യിലും ഉൾപ്പെടുത്തിയിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(സി) ഇതിന്റെയടിസ്ഥാനമായ അറ്റോമിക് മിനറൽസിന്റെ സാന്നിധ്യം പ്രസ്തുത പ്രദേശങ്ങളിൽ കണ്ടെത്തിയത് എപ്പോഴാണെന്നും ആര് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ; ടി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സി.ആർ.ഇസഡ്. II-ൽ ഉൾപ്പെടുന്ന ചില പ്രദേശങ്ങളിൽ അറ്റോമിക് മിനറൽസിന്റെ സാന്നിധ്യമുള്ളതായി ഡയറക്ടർ, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലൊറേഷൻ ആൻഡ് റിസർച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ Indian Rare Earth Ltd. (IREL) അറ്റോമിക് മിനറൽസിന്റെ സാന്നിധ്യമുള്ള പ്രദേശങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

മാരകരോഗം ബാധിച്ചവർക്കുള്ള ധനസഹായം

102(3900) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ രോഗങ്ങൾ ബാധിച്ച് ചികിത്സയിലുള്ള നിർധനരായ രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിനുകീഴിൽ എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലേക്ക് ധനസഹായത്തിനായി അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിയമാവലികൾ എന്തൊക്കെയാണെന്നറിയിക്കുമോ; വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതികൾക്കായി പ്രത്യേക അപേക്ഷാഫോറം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ-സി) മാരകമായ രോഗങ്ങൾ ബാധിച്ച നിർധനരായ രോഗികൾക്ക് നോൺ പ്ലാൻ ഫണ്ട് പ്രകാരം ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്. ക്ഷയം, കുഷ്ഠം, കാൻസർ എന്നീ മൂന്ന് രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. പ്രസ്തുത ഫണ്ടിന്റെ ധനസഹായത്തിനായി അപേക്ഷിക്കേണ്ടത് അതത് ജില്ലാ മെഡിക്കൽ ഓഫീസുകളിലാണ്. ചികിത്സയുടെ രേഖകളും ചികിത്സിക്കുന്ന ഡോക്ടറോ അതത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ഉൾപ്പെടെ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ അധീനതയിലുള്ള കമ്മിറ്റി ഇത് പരിശോധിക്കുകയും സാമ്പത്തിക അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു. അപേക്ഷ ഫോറത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+] കൂടാതെ പട്ടികവർഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി (ടൈബൽ സ്കീം) മുഖേന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ദിവസം 200 രൂപ നിരക്കിൽ കൂട്ടിരിപ്പ് അലവൻസ് അനുവദിച്ചുനൽകുന്നു. ജനനി സുരക്ഷ യോജന (JSY) പദ്ധതിയിലൂടെ സർക്കാർ ആശുപത്രിയിൽ പ്രസവം നടക്കുന്ന അമ്മമാർക്ക് സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതി മുഖേന റൂറൽ ഏരിയയിലുള്ളവർക്ക് 700 രൂപയും അർബൻ ഏരിയയിലുള്ളവർക്ക് 600 രൂപയുമാണ് അമ്മയുടെ അക്കൗണ്ടിലേക്ക് നൽകുന്നത്. ഇതിനുപുറമെ വിവിധ ആരോഗ്യ സുരക്ഷാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ശ്രുതിതരംഗം, താലോലം, കാൻസർ സുരക്ഷ, ആർ.ബി.എസ്.കെ., ആരോഗ്യ കിരണം, ഹൃദ്യം തുടങ്ങിയ പദ്ധതികൾ മുഖേന സൗജന്യ ചികിത്സയും നൽകിവരുന്നുണ്ട്.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ

103(3901) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുമാണ് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2025-26 സാമ്പത്തിക വർഷത്തെ ഫണ്ട് ലഭ്യമാക്കുന്നതിന് സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; അതിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2025-26 സാമ്പത്തിക വർഷത്തെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല.

എൻ.എച്ച്.എം.-ന്റെ ഭാഗമായി 2016 മുതൽ വകയിരുത്തിയ തുക

104(3902) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ നൽകാനായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആശാ പ്രവർത്തകർക്ക് ഓണറേറിയം

105(3903) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാപ്രവർത്തകർക്ക് ഓണറേറിയം നൽകുന്നതിന് കേന്ദ്രസർക്കാർ തുക അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആശാ പ്രവർത്തകർക്ക് ഓണറേറിയം നൽകുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ തുക കുടിശ്ശിക ആയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ആശാപ്രവർത്തകർക്ക് ഓണറേറിയം മുഴുവനായും സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽനിന്നുമാണ് നൽകുന്നത്. കേന്ദ്രസർക്കാർ ഇതിനായി തുക അനുവദിക്കുന്നില്ല.

(സി) സംസ്ഥാനത്തെ ആശാപ്രവർത്തകർക്ക് മിനിമം വേതനം നൽകാനും ബംഗാൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാതൃകയിൽ 5 ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യം അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആശാ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ ആശാ പ്രവർത്തകരെ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവരുന്നത് കേന്ദ്രസർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

106(3904) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം, ശ്രുതി തരംഗം, താലോലം, കാൻസർ സുരക്ഷ എന്നീ പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പരമാവധി നൽകുന്ന സഹായം 5 ലക്ഷം രൂപ വരെയാണെന്നിരിക്കെ മേൽപ്പറഞ്ഞ പ്രത്യേക ചികിത്സാസഹായ പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിക്കുന്നതുവഴി പദ്ധതിയിലൂടെ അനുവദിക്കുന്ന പരമാവധി ആനുകൂല്യം ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സാസഹായത്തിന്റെ പരമാവധി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധിയുടെ പേരിൽ സഹായം നിഷേധിക്കാതിരിക്കാൻ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ സാഹചര്യത്തിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പരമാവധി നൽകുന്ന സഹായത്തിന്റെ തുക വർധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി-ഡി) ഒന്ന് മുതൽ പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികളുടെ സമഗ്ര ചികിത്സ (ഒ.പി/ഐ.പി.) സർക്കാർ മേഖലയിലെ ആശുപത്രികളിൽനിന്നും ഉറപ്പുവരുത്തുന്ന പദ്ധതിയായ ആരോഗ്യകിരണം കാസ്പ് പദ്ധതിയിൽ ലയിപ്പിച്ചുവെങ്കിലും കരൾ, വൃക്ക, മജ്ജ മുതലായവയുടെ മാറ്റിവയ്ക്കൽ ഉൾപ്പെടെ ഉയർന്ന ചെലവുവേണ്ടി വരുന്ന വിഭാഗങ്ങളിലെ ചികിത്സകൾക്ക് 5 ലക്ഷം രൂപ എന്ന പരിധി ആരോഗ്യകിരണം പദ്ധതിയിൽ നിശ്ചയിച്ചിട്ടില്ല. ഇത്തരം അസുഖങ്ങൾക്കായി ഉചിതമായ പാക്കേജ് റേറ്റുകൾ പദ്ധതിയുടെ സാങ്കേതിക സമിതി മുഖാന്തരം നിർണ്ണയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള സേവനങ്ങൾ ഗുണഭോക്താക്കൾക്ക് സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ നൽകിവരുന്നുണ്ട്. സമാന സ്വഭാവമുള്ള പദ്ധതികളായ താലോലം, കാൻസർ സുരക്ഷാ പദ്ധതികളും ആരോഗ്യകിരണം പദ്ധതിയിൽ ലയിപ്പിച്ച് മേൽപ്പറഞ്ഞ രീതിയിൽ നടപ്പിലാക്കിവരുന്നു. ശ്രുതിതരംഗം പദ്ധതി കാസ്പ് പദ്ധതിയിൽ ലയിപ്പിച്ചല്ല നടപ്പിലാക്കുന്നത്. ഇതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ പ്രത്യേകം പാക്കേജുകൾ നിർണ്ണയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള സേവനങ്ങളും ഗുണഭോക്താക്കൾക്ക് സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ നൽകിവരുന്നുണ്ട്.

പൊതുജനങ്ങളുടെ ആരോഗ്യ പരിരക്ഷ

107(3905) ശ്രീ. എം. എം. മണി:
ശ്രീ. എം. മുകേഷ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനും ആരോഗ്യ പരിരക്ഷയ്ക്കുമായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം, ശ്രുതി തരംഗം എന്നീ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെച്ചേർക്കുന്നു.

പദ്ധതി	ചെലവഴിച്ച തുക (രൂപയിൽ)
കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (2020 ജൂലൈ - 2025 ഫെബ്രുവരി)	42,09,84,73,707/-
കാരുണ്യ ബെനവലന്റ് ഫണ്ട് (2020 ജൂലൈ - 2025 ഫെബ്രുവരി)	2,48,66,27,863/-
ആരോഗ്യ കിരണം (2020 ജൂലൈ-2025 ഫെബ്രുവരി)	2,98,08,394/-
ആരോഗ്യ കിരണം (OP)	4,80,85,386/-
ശ്രുതി തരംഗം (2023 -2025)	16,91,71,994.77/-
ആകെ	4483,21,67,344.77/-

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി ആരോഗ്യ പരിരക്ഷയുള്ള എത്ര കുടുംബങ്ങളാണ് നിലവിലുള്ളത്; ഇതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദാംശം

നൽകുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 4248137 കുടുംബങ്ങൾക്കായി 4209,84,73,707 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കാരുണ്യ സുരക്ഷാ പദ്ധതി കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണെന്ന വ്യാജപ്രചാരണം നടത്തി ചില കേന്ദ്രങ്ങൾ പണപ്പിരിവ് നടത്തുന്നതായും വ്യാജ ഇൻഷ്വറൻസ് കാർഡുകൾ നൽകുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നൽകുന്ന പേരിൽ പണപ്പിരിവ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സംഘടനകൾ, സ്വകാര്യ ഏജൻസികൾവഴി വ്യാജ ഇൻഷ്വറൻസ് കാർഡുകൾ നൽകിവരുന്നത് ശ്രദ്ധയിൽപ്പെടുകയും ഇതുസംബന്ധിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പൊലീസ് അധികാരികൾക്ക് പരാതി നൽകുകയും പത്ര-നവ മാധ്യമങ്ങൾവഴി പൊതുജന അറിവിലേക്കായി വാർത്ത നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തുക ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ?

വർഷം	കാരുണ്യ സുരക്ഷാ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച തുക (രൂപയിൽ)
2020 -21	1,38,10,61,182/-
2021-22	1,38,89,89,685/-
2022-23	1,51,33,71,432/-
2023-24	1,51,33,71,432/-

2024-25	1,51,33,71,432/-

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

108(3906) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ അനുവദിച്ച് നൽകിയത് എത്രയാണ്; വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി 678.54 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

(ബി) പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ആകെ എത്ര രൂപയുടെ ക്ലെയിമുകൾ സമർപ്പിച്ചിട്ടുണ്ട്; എത്ര രൂപയുടെ ക്ലെയിമുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്; നിലവിൽ എത്ര രൂപയുടെ ക്ലെയിമുകൾ അനുവദിക്കാൻ കുടിശ്ശികയുണ്ട്; വിശദാംശം ഇനംതിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കുടിശ്ശിക തുക അനുവദിക്കുന്നതിനായി അഡീഷണൽ ഓതറൈസേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

21-02-2025-ലെ സ.ഉ. (സാധാ) 502/2025/ആ.കു.വ. പ്രകാരം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി 2210-06-800-81 State Scheme (P) ശീർഷകത്തിൽ 300 കോടി രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

എഴുപത് വയസ്സ് കഴിഞ്ഞവരുടെ സൗജന്യ ചികിത്സയ്ക്ക് കേന്ദ്രസഹായം

109(3907) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുപത് വയസ്സ് കഴിഞ്ഞവർക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള പദ്ധതിക്ക് കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) 'വയ വന്ദന' പദ്ധതിക്ക് പരമാവധി കേന്ദ്ര വിഹിതം ലഭിക്കുന്നത് 73.42 കോടി രൂപയായിരിക്കും. 2023-24 വർഷത്തെ കേരളത്തിലെ വിനിയോഗ രീതിയനുസരിച്ച് 70 വയസ്സിനുമുകളിലുള്ള പൗരന്മാർക്ക് സാമ്പത്തിക പരിരക്ഷ (പ്രീമിയം) നൽകുന്നതിന് ഒരു കുടുംബത്തിന് 2268 രൂപയാണ് ചെലവ്. പുതുതായി ചേർത്ത കുടുംബങ്ങൾക്ക് മൊത്തം കണക്കാക്കിയ ചെലവ് 456.02 കോടി രൂപയായിരിക്കും (2268 രൂപ X 20.10 ലക്ഷം കുടുംബങ്ങൾക്ക്).

എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

110(3908) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ

എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതികളുടെ പേരും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

വടകര താലൂക്കിലെ ആശുപത്രികളിലെ കാരുണ്യ ഇൻഷ്വറൻസ് പദ്ധതി

111(3909) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടകര താലൂക്കിലെ ചില ആശുപത്രികളിൽ കാരുണ്യ ഇൻഷ്വറൻസ് പദ്ധതി താൽക്കാലികമായി അനുവദിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും ചികിത്സാ സഹായം ഉറപ്പാക്കണമെന്ന നിർദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

കാസ്പ്

112(3910) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സൗജന്യ ചികിത്സാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയായ കാസ്പിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കുമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിവിധ കുടുംബങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും SECC അനുസരിച്ചുള്ള ഗുണഭോക്തക്കൾക്കുപകരം NFSA അനുസരിച്ചുള്ള ഗുണഭോക്താക്കളെ ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജന ആരോഗ്യ യോജന പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും നാഷണൽ ഹെൽത്ത് അതോറിറ്റിയോടും കേന്ദ്ര സർക്കാരിനോടും അഭ്യർഥിച്ചിട്ടുണ്ട്. നീതി ആയോഗ്, പാർലമെന്റിന്റെ വിവിധ സമ്മേളനങ്ങളുടെ മുന്നോടിയായുള്ള യോഗങ്ങൾ, സതേൺ സോണൽ കൗൺസിൽ മുതലായവയിലും ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ അനുകൂലമായ മറുപടി കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക ഘട്ടംഘട്ടമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 2021 മുതൽ സംസ്ഥാനം ചെലവഴിച്ച തുകയുടെ കണക്ക്

113(3911) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ

ഓരോ സാമ്പത്തിക വർഷവും അനുവദിച്ച ബജറ്റ് വിഹിതം എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും എത്ര രൂപയുടെ ക്ലെയിമുകളുണ്ടായിട്ടുണ്ട്; എത്ര രൂപയുടെ ക്ലെയിമുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപയുടെ ക്ലെയിമുകൾ നിലവിൽ കുടിശ്ശികയുണ്ട്; ഓരോ സാമ്പത്തിക വർഷവും എത്ര തുക ഈ ഇനത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

114(3912)ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മൃതസഞ്ജീവനി പദ്ധതി

115(3913) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃതസഞ്ജീവനി എന്ന മരണാനന്തര അവയവ കൈമാറ്റ പദ്ധതി ആരംഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ ആകെ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം സർക്കാർ, പൊതുമേഖലാ, സ്വകാര്യ ആശുപത്രികൾ എന്നിങ്ങനെ ഇനംതിരിച്ച് ലഭ്യമാക്കാമോ?

2012 ഓഗസ്റ്റ് മാസത്തിലാണ് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ നടന്ന അവയവമാറ്റ ശസ്ത്രക്രിയകളിൽ 813 എണ്ണം സ്വകാര്യ ആശുപത്രികളിലും 263 എണ്ണം സർക്കാർ ആശുപത്രികളിലുമാണ് നടത്തിയിട്ടുള്ളത്.

(ബി) മൃതസഞ്ജീവനി പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയക്ക് സ്വീകർത്താവിനെ കണ്ടെത്തുന്നതിനും മറ്റും സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

മൃതസഞ്ജീവനി പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയ ചെയ്യുന്നതിനായി രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യാൻ താല്പര്യമുള്ള ആശുപത്രി മുഖേന കെ-സോട്ടോയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. മസ്തിഷ്ക മരണാനന്തര അവയവദാനംവഴി ലഭിക്കുന്ന അവയവങ്ങളുടെ വിന്യാസം 04-12-20212-ലെ സ.ഉ. (എം.എസ്) നം. 37/2012/ആ.കു.വ. ഉത്തരവ് പ്രകാരമാണ് നടക്കുന്നത്. മരണാനന്തര അവയവദാനംവഴി ഒരു അവയവം ലഭിക്കുമ്പോൾ നിലവിലുള്ള മുൻഗണനാ പട്ടികയിൽനിന്നും ഏറ്റവും ഉചിതമായി ചേർച്ചയുള്ള രോഗിക്ക് അവയവം നൽകുന്നതാണ്. വൃക്കയ്ക്കായി രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് രജിസ്ട്രേഷൻ മുൻഗണനാക്രമം അനുസരിച്ചും കരൾ, ഹൃദയം എന്നീ അവയവങ്ങൾക്കായി

രജിസ്റ്റർ ചെയ്ത രോഗികളുടെ ലിസ്റ്റിൽനിന്നും കൂടുതൽ ഗുരുതരാവസ്ഥയുള്ള രോഗിക്കുമായിരിക്കും അവയവം ലഭിക്കുക.

(സി) ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയ സർക്കാർ ആശുപത്രിയും സ്വകാര്യ ആശുപത്രിയും ഏതാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ മേഖലയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും സ്വകാര്യ മേഖലയിൽ കൊച്ചി അമൃത ആശുപത്രിയിലുമാണ് ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുള്ളത്.

(ഡി) നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനുംവേണ്ടി ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളെ ശാക്തീകരിക്കുന്നതിനായി അവർക്ക് ടെയിനിങ് നൽകുകയുണ്ടായി. ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളുടെ സുഗമമായ പ്രവർത്തനത്തിനായി കെ-സോട്ടോ ഒരു എസ്.ഒ.പി. (മാതൃക പ്രവർത്തന മാർഗരേഖ) തയ്യാറാക്കിവരുന്നു. അവയമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളുടെ തീരുമാനത്തിന്മേലുണ്ടാകുന്ന അപ്പീലുകൾ പരിശോധിക്കുന്നതിനും അതിൽ തീരുമാനമെടുക്കുന്നതിനുമായി വിവിധ തലത്തിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി 25-09-2024-ലെ സ.ഉ. (എം.എസ്.) നം. 242/2024/ആ.കു.വ. പ്രകാരം ഒരു സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അവയവം മാറ്റിവയ്ക്കൽ പ്രക്രിയ

കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 25-08-2024-ലെ സ.ഉ. (പി) നം. 78/2024/ആ.കു.വ. പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനം പൂർണ്ണമായും കെ-സോട്ടോയുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. അവയവദാനത്തെക്കുറിച്ച് പൊതുസമൂഹത്തിൽ ബോധവൽക്കരണം നടത്തുന്നതിന് സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

(ഇ) സർക്കാർ ആശുപത്രികളിൽ അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതിന് പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ അതിനുള്ള സൗകര്യമുണ്ടെന്നും അതുവഴി കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയ നടക്കുന്നത് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലാണ്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ മെച്ചപ്പെടുത്തുന്നതിനായി ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. പുതുതായി ഓപ്പറേഷൻ തീയേറ്റർ ലൈറ്റ് സ്ഥാപിച്ചു, എയർ കണ്ടീഷനിങ് സംവിധാനത്തിൽ അറ്റകുറ്റപ്പണികൾ ചെയ്തു. ട്രാൻസ്പ്ലാന്റിലേക്കായി Defibrillator, Patient warmer system, ECG Machine, ABG Machine, Ice Crusher എന്നീ ഉപകരണങ്ങൾ പുതുതായി വാങ്ങിയിട്ടുണ്ട്. അണുബാധ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി മാസത്തിൽ നാലോളം ട്രാൻസ്പ്ലാന്റുകൾ ചെയ്യാൻ സാധിക്കുന്നുണ്ട്. 2022-ൽ അനസ്തേഷ്യ വിഭാഗത്തിലെയും ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെയും കൂടുതൽ ഡോക്ടർമാർക്കും നഴ്സുമാർക്കും പരിശീലനം നൽകിയതിന്റെ ഫലമായി അതിനുശേഷമുള്ള കരൾ മാറ്റിവയ്ക്കൽ

ശസ്ത്രക്രിയകൾ സുഗമമായി നടത്തുവാൻ സാധിച്ചു. Transfusion Medicine വിഭാഗത്തിലെ ROTEM എന്ന ഉപകരണം ഉപയോഗിച്ചതുമൂലം രക്തം കട്ടപിടിക്കുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കാൻ സാധിച്ചു. ഇതിന്റെ നിരീക്ഷണം കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ശേഷമുള്ള പരിചരണത്തിൽ വളരെ പ്രധാനമാണ്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി ത്വക്ക് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനും ത്വക്ക് ബാങ്കിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക, ഹൃദയം, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടന്നുവരുന്നുണ്ട്. ഈ ശസ്ത്രക്രിയകൾക്കായി എല്ലാ വിഭാഗങ്ങൾക്കും മോഡുലാർ ഓപ്പറേഷൻ തീയറ്റർ സൗകര്യങ്ങളും ഐ.സി.യു. സൗകര്യങ്ങളും ലഭ്യമാണ്. എല്ലാ ഒന്നിടവിട്ട ആഴ്ചകളിലും വൃക്കമാറ്റ ശസ്ത്രക്രിയകളും രോഗികൾ തയ്യാറാകുന്നതിനനുസരിച്ച് കരൾ മാറ്റ ശസ്ത്രക്രിയകളും മരണാനന്തര അവയവദാനത്തിലൂടെ ലഭിക്കുന്ന അവയവങ്ങളുടെ അലർട്ട് ലഭിക്കുന്നതിനനുസരിച്ചുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്തുന്നുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക, ഹൃദയം എന്നീ അവയവങ്ങൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ മരണാനന്തര അവയവദാനം വഴിയുള്ളതും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്തുന്നുണ്ട്. പുതുതായി രക്തഗ്രൂപ്പ് മാറ്റിയുള്ള വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടന്നുവരുന്നു.

ആരോഗ്യ കേന്ദ്രങ്ങളുടെ ശുചിത്വവും വൃത്തിയും ഉറപ്പുവരുത്തുന്നതിന് നടപടി

116(3915) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആർദ്രം മിഷൻ പദ്ധതിയിലൂടെ നവീകരിച്ചുവരുന്ന ആരോഗ്യകേന്ദ്രങ്ങളുടെ ശുചിത്വവും വൃത്തിയും ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയോ ആശുപത്രി വികസന സമിതി ഫണ്ട് വിനിയോഗിച്ചോ കുടുംബശ്രീ/എംപ്ലോയ്മെന്റ് എന്നിവിടങ്ങളിൽനിന്ന് താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ മേഖലയിൽ പ്രാദേശിക തലത്തിൽ ഇടപെടൽ നടത്തുന്നതിന് നിരവധി പദ്ധതികൾ ഏറ്റെടുക്കാൻ പ്രാദേശിക സർക്കാരുകളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 19-04-2022-ലെ സ.ഉ. (കൈ) നം. 84/2022/ത.സ്വ.ഭ.വ., 19-04-2022-ലെ സ.ഉ. (കൈ) നം. 86/2022/ത.സ്വ.ഭ.വ., 28-05-2022-ലെ സ.ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. എന്നീ മാർഗരേഖകൾപ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൈമാറി കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെ ഉൾപ്പെടെ ജീവനക്കാരെ നിയമിച്ച് വേതനം നൽകുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ മേഖലയിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനും മറ്റ് പദ്ധതികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടും മാർഗരേഖ വ്യവസ്ഥകളിൽ വ്യക്തത വരുത്തിക്കൊണ്ട് സർക്കാർ 25-10-2023-ലെ ഡി.എ.1/363/2023-ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നിർദേശിച്ചിട്ടുള്ളതാണ്. കേരള സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി

അടിസ്ഥാനസൗകര്യങ്ങളും പ്രവർത്തനപരമായ മാറ്റങ്ങളും എഫ്.എച്ച്.സി.-കളിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള മറ്റ് ആശുപത്രികളിലും കൊണ്ടുവന്നിട്ടുണ്ട്. കേരള സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾക്കനുസൃതമായി എച്ച്.എം.സി. രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ആയത് പ്രകാരം നിർണ്ണായകമായ മാനവവിഭവശേഷി നൽകൽ, സൗജന്യ ഭക്ഷണം, കാന്റീൻ, ആശുപത്രിയിലെ ശുചിത്വ പരിപാലനം, സബ്സിഡിയോടെയുള്ള മെഡിക്കൽ ഷോപ്പ് സേവനങ്ങൾ, ജനറൽ സ്റ്റോർ, അലക്കുസേവനങ്ങൾ, ആശുപത്രി സേവനങ്ങളുടെ ഗുണനിലവാരം നിരീക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ എച്ച്.എം.സി-ക്ക് ഏറ്റെടുക്കാൻ കഴിയും. ആശുപത്രികളുടെ ശുചിത്വം ഉറപ്പാക്കാൻ നിലവിൽ പാർടൈം സ്വീപ്പർമാരുണ്ട്. കൂടാതെ, ആവശ്യമുണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിനായി ജീവനക്കാരെ നിയമിക്കാൻ എച്ച്.എം.സി.-ക്ക് തീരുമാനിക്കാവുന്നതാണ്.

ആരോഗ്യ സബ് സെന്ററുകളുടെ നവീകരണത്തിനുള്ള കേന്ദ്ര ഫണ്ട്

117(3916) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ സബ് സെന്ററുകൾ നവീകരിക്കുന്നതിന് കേന്ദ്ര സഹായത്തോടെ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സബ് സെന്ററുകളെയാണ് ഫണ്ട് അനുവദിക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് മുഖേന കെട്ടിടം ഇല്ലാത്ത ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മാണത്തിനായി സ്കീം-1 പ്രകാരം 2021-22 വർഷത്തെ ഹെൽത്ത് ഗ്രാന്റിൽനിന്നും 2 ജനകീയാരോഗ്യ കേന്ദ്രങ്ങൾക്കായി 50 ലക്ഷം

രൂപയും 2022-23 വർഷത്തെ ഹെൽത്ത് ഗ്രാന്റിൽനിന്നും 513 സബ്സെന്ററുകൾക്കായി 142.3575 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിൽ ഏതെല്ലാം സെന്ററുകൾക്ക് ഒന്നാംഘട്ടം പണം അനുവദിച്ചുവെന്നും ഏതെല്ലം സബ്സെന്ററുകളുടെ പ്രവൃത്തി ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുവഴി കെട്ടിടം ഇല്ലാത്ത ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം പണി തീർക്കുവാൻ 513 സ്ഥാപനങ്ങൾക്ക് ഒന്നാം ഗഡു അനുവദിച്ചതിൽ 392 സ്ഥാപനങ്ങളിൽ കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. എൻ.എച്ച്.എം. വഴി വയനാട് ജില്ലയിലെ നൂൽപ്പുഴ പഞ്ചായത്തിലെ തേലമ്പാറ്റ ജനകീയാരോഗ്യ കേന്ദ്രം, കല്ലൂർ ജനകീയാരോഗ്യ കേന്ദ്രം എന്നീ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

(സി) ആരോഗ്യ സബ്സെന്ററുകളുടെ പ്രവൃത്തി നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണം നാഷണൽ ഹെൽത്ത് മിഷൻ മുഖേനയും 2022-23 സാമ്പത്തിക വർഷത്തെ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുമാണ് നടത്തുന്നത്.

(ഡി) സബ്സെന്ററുകളിലെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുടെ നിർമ്മാണ പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും നാഷണൽ ഹെൽത്ത് മിഷൻ മുഖേനയുമാണ് നടപ്പിലാക്കുന്നത്. 2021-22 വർഷത്തെ ജനകീയാരോഗ്യ കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. തലത്തിലും അവലോകനം ചെയ്യുന്നുണ്ട്.

(ഇ) സബ്സെന്ററുകളുടെ പ്രവൃത്തി നടക്കാത്തതുകാരണം അടുത്ത ഗഡു ലഭിക്കാത്ത പ്രശ്നമുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ സ്കീം-1 ഹെൽത്ത് ഗ്രാന്റ് 50% ചെലവഴിച്ചാൽ മാത്രമെ 2023-24 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് ലഭ്യമാകുകയുള്ളൂ.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

118(3917) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതികളുടെ പേരും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകളുടെ വിവരങ്ങൾ

119(3918) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പ്രസവ സംബന്ധമായ ചികിത്സയ്ക്കുള്ള സൗകര്യങ്ങളില്ലാത്ത ഏതൊക്കെ പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രികളിലുമാണ് ഗൈനക്കോളജിസ്റ്റുകൾ ജോലി ചെയ്യുന്നതെന്നുള്ള വിവരം അവരുടെ പേര് വിവരം സഹിതം ലഭ്യമാക്കാമോ?

നിലവിൽ പ്രസവ ചികിത്സ നടക്കാത്ത മഞ്ചേശ്വരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഗൈനക്കോളജിസ്റ്റിനെയും നീലേശ്വരം താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റിനെയും ജോലി ക്രമീകരണ വ്യവസ്ഥയിൽ യഥാക്രമം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും നിയമിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുന്നു.

പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രി

120(3919) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യങ്ങൾ ഒരുക്കിയിട്ടും കിടത്തി ചികിത്സ ആരംഭിക്കാത്തത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രി കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കിടത്തി ചികിത്സാസൗകര്യം നിലവിൽ ലഭ്യമല്ല.

(സി) ഈ പ്രദേശത്ത് കിടത്തി ചികിത്സയുള്ള ആശുപത്രികളില്ലാത്തത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കാമോ?

പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിയിൽനിന്നും 9 കിലോമീറ്റർ അകലെയുള്ള തിരൂരങ്ങാടി താലൂക്ക് ആശുപത്രി, 20 കിലോമീറ്റർ അകലെയുള്ള തിരൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ കിടത്തി ചികിത്സ ലഭ്യമാണ്. കൂടാതെ സമീപ പ്രദേശത്തുള്ള നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒബ്സർവേഷൻ സൗകര്യം ലഭ്യമാണ്.

ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ക്വാർട്ടേഴ്സുകൾ

121(3920) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ക്വാർട്ടേഴ്സുകൾ ആരോഗ്യ വകുപ്പിന് കീഴിലാണോ പൊതുമരാമത്ത് വകുപ്പിന് കീഴിലാണോ സംരക്ഷിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ കെട്ടിടങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലാണ് സംരക്ഷിച്ചുവരുന്നത്.

(ബി) ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കണമെന്ന് ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് എച്ച്.ആർ.എ. കുറവ് ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കുകയാണെങ്കിൽ അവ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എച്ച്.ആർ.എ. മുൻകാല പ്രാബല്യത്തോടെ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കുന്ന കാര്യത്തിലും അവ അനുവദിച്ച് കിട്ടിയിരുന്ന ജീവനക്കാരുടെ എച്ച്.ആർ.എ. പുനഃസ്ഥാപിച്ച് നൽകുന്ന കാര്യത്തിലും വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഇ) ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ സർക്കാർ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിരിക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളായപ്പോൾ പ്രവർത്തനത്തിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിലൂടെ ലഭ്യമാക്കുന്ന 7 ലക്ഷം രൂപ വിനിയോഗിച്ച് ജനകീയ ആരോഗ്യ കേന്ദ്രത്തിൽ വെൽനസ് മുറി, ജീവനക്കാർക്കുള്ള ഓഫീസ് സൗകര്യം, കുത്തിവയ്പ്പ് മുറി, ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നവർക്കുള്ള കാത്തിരിപ്പ് സൗകര്യം അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് ജനകീയ ആരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ചില സ്ഥലങ്ങളിൽ അവിടെ ഉണ്ടായിരുന്ന ക്വാർട്ടേഴ്സ് ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ ക്വാർട്ടേഴ്സ്

അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ ശമ്പളത്തിൽനിന്നും എച്ച്.ആർ.എ. കുറവ് ചെയ്യുന്നുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ക്വാർട്ടേഴ്സ് ഏറ്റെടുത്ത സ്ഥലങ്ങളിൽ ജീവനക്കാർക്ക് എച്ച്.ആർ.എ. അനുവദിച്ചുനൽകുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് നടപടിയെടുക്കും.

അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികളുടെ രജിസ്ട്രേഷൻ

122(3921) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികൾക്ക് രജിസ്ട്രേഷൻ ടിക്കറ്റ് എടുക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ റിസപ്ഷനിൽ 5 കൗണ്ടറുകളും വാർഡ് 10-ന്റെ അടുത്തായി ഒരു സ്പെഷ്യാലിറ്റി കൗണ്ടറും കിയോസ്കിന്റെ അടുത്തായി ഒരു റീവിസിറ്റ് കൗണ്ടറും പ്രവർത്തിക്കുന്നുണ്ട്. റിസപ്ഷനിലുള്ള 5 കൗണ്ടറിൽ ഒരെണ്ണം ഓൺലൈൻ കൗണ്ടറും ഒരെണ്ണം മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമായും ഒരെണ്ണം പുതിയതായി വരുന്നവർക്കായും രണ്ട് കൗണ്ടറുകൾ റീവിസിറ്റിന് വരുന്നവർക്കായും ക്രമീകരിച്ചിരിക്കുന്നു.

(ബി) പകൽ സമയങ്ങളിൽ ഒ.പി. വിഭാഗങ്ങളിൽ എത്തിച്ചേരുന്ന രോഗികൾക്ക് ഒ.പി. ടിക്കറ്റ് നൽകുന്ന അതേ കൗണ്ടറുകളിൽ നിന്നാണോ അത്യാഹിത വിഭാഗത്തിലും പേവിഷ പ്രതിരോധ ക്ലിനിക്കിലും എത്തിച്ചേരുന്ന രോഗികൾ രജിസ്ട്രേഷൻ നടത്തേണ്ടത്; എങ്കിൽ

ഇത്തരം രോഗികൾക്ക് മുൻഗണന നൽകുന്നതിന് എന്ത് സംവിധാനമാണുള്ളത്; അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് ഒ.പി. ടിക്കറ്റ് ലഭിക്കുന്നതിന് ക്യൂ നിൽക്കേണ്ടതില്ലെന്ന തരത്തിൽ നോട്ടീസ് ബോർഡോ അറിയിപ്പോ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉച്ചയ്ക്ക് ഒരു മണിവരെ അത്യാഹിത വിഭാഗത്തിൽ വരുന്ന രോഗികൾക്ക് ക്യൂ നിൽക്കാതെ ഏത് കൗണ്ടറിൽനിന്നും ഒ.പി. ടിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ വരുന്ന രോഗികളെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചതിനുശേഷം മാത്രമാണ് ഒ.പി. ടിക്കറ്റ് എടുക്കുന്നത്. അവർക്ക് ക്യൂ നിൽക്കാതെ ഒ.പി. ടിക്കറ്റ് എടുക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്.

(സി) അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് അവരുടെ കൂടെ എത്തുന്ന വ്യക്തി ഒ.പി. വിഭാഗങ്ങളിൽ എത്തിച്ചേരുന്നവർക്കൊപ്പം വളരെയധികം സമയം ക്യൂവിൽ ചെലവഴിക്കേണ്ട നിലവിലെ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇവർക്ക് ക്യൂവിൽ മുൻഗണനയുണ്ടെന്ന തരത്തിൽ വ്യക്തമായ അറിയിപ്പ് പ്രദർശിപ്പിക്കാമോ?

അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് ക്യൂ നിൽക്കാതെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള വിവരങ്ങളുള്ള ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കാലതാമസം കൂടാതെ ബോർഡുകൾ സ്ഥാപിക്കുന്നതാണ്.

കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണം

123(3922) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിലുണ്ടാവുകയെന്നും അറിയിക്കുമോ; വിശദമാക്കാമോ?

എൻ.എച്ച്.എം., ആർ.ഒ.പി.-യിൽ ഉൾപ്പെടുത്തി 143 ലക്ഷം രൂപ അനുവദിച്ച എഫ്.എച്ച്.സി. കക്കയത്തിന്റെ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിലുൾപ്പെടുത്തിയ സൗകര്യങ്ങൾ ചുവടെച്ചേർക്കുന്നു.

- വെയിറ്റിങ് ഏരിയ
- ഒ.പി. ടിക്കറ്റ് കൗണ്ടർ
- പ്രീ-ചെക്ക് ഏരിയ
- മൂന്ന് ഒ.പി. റൂമുകൾ
- നഴ്സസ് റൂം & ചേഞ്ചിങ് റൂം
- പ്രൊസീജ്യർ റൂം
- ഐ.യു.ഡി. റൂം
- ടോയ്ലറ്റ് കോംപ്ലക്സ്
- ഫാർമസി & സ്റ്റോർ
- ഇമ്മ്യൂണൈസേഷൻ & ഐ.എൽ.ആർ. റൂം

കൂടാതെ, ആർദ്രം പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 15.5 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ നിർമ്മാണ ചുമതല ഏജൻസിയായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്. പുതിയ കെട്ടിടത്തിലേക്ക് ആവശ്യമായ സൗകര്യങ്ങളും ഇന്റീരിയർ

വർക്കുകളുമാണ് പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച് കെട്ടിടം കാലതാമസമില്ലാതെ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി

124(3923) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം അനുമതി ലഭിച്ച പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് നാലാം ഘട്ടത്തിനാണ് പ്രവൃത്തി ഉത്തരവ് നൽകിയിരുന്നത്. പ്രീ-എഞ്ചിനീയറിങ് സ്ട്രക്ചറൽ വർക്കുകളും റൂഫിങ് ഷീറ്റ് വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സൂപ്പർ സ്ട്രക്ചറൽ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി 30-04-2025 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി ഏതാണെന്നും എത്ര തുകയുടെ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായി കേരള മെഡിക്കൽ സർവീസസ്

കോർപ്പറേഷനെയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഫൗണ്ടേഷൻ പ്രവൃത്തിയും പ്രീ-എഞ്ചിനീയറിങ് സ്ട്രക്ചറൽ വർക്കുകളും റൂഫിങ് ഷീറ്റ് വർക്കുകളും പൂർത്തിയായ ഇനത്തിൽ (മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ) ആകെ 92,15,673 രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

മഞ്ചേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം

125(3924) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജിൽ മഞ്ചേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി മഞ്ചേശ്വരം സാമൂഹികാരോഗ്യകേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 3 കോടി 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർദിഷ്ട സ്ഥലത്തെ അൺഫിറ്റായ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും കുഴൽക്കിണർ സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. ജില്ലാതല ടെക്നിക്കൽ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ.-ന് അനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

കൊല്ലം ജില്ലയിൽ പി.എച്ച്.സി. സബ്സെന്ററുകൾ അനുവദിക്കുന്നതിനുള്ള നടപടി

126(3925) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ പഞ്ചായത്തിൽ പന്ത്രണ്ടാം വാർഡ് മാക്കുളം പ്രദേശത്ത് താമസിക്കുന്നവർക്ക് പത്ത് കിലോമീറ്ററിൽ അധികം ദൂരെയുള്ള പഞ്ചായത്ത് പി.എച്ച്.സി.-യിൽ യാത്രാ ബുദ്ധിമുട്ടുകൾ കാരണം എത്തിച്ചേരാൻ കഴിയാത്തതിനാൽ ഇവിടെ പി.എച്ച്.സി.-യുടെ സബ്സെന്റർ അനുവദിക്കണമെന്ന നിലയിൽ നിവേദനം ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കാമോ; മേൽവിഷയത്തിൽ ആരോഗ്യ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ പഞ്ചായത്തിൽ 12-ാം വാർഡ് മാക്കുളം പ്രദേശത്ത് താമസിക്കുന്നവർക്ക് 10 കി. മീ. അധികം ദൂരെയുള്ള പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് യാത്രാബുദ്ധിമുട്ടുകൾ കാരണം എത്തിച്ചേരാൻ കഴിയാത്തതിനാൽ അവിടെ ജനകീയ ആരോഗ്യ കേന്ദ്രം അനുവദിക്കുന്നതിനുള്ള നിവേദനം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്ന് 25-05-2012-ലെ കത്ത് നം F.17029/59/2012-NRHM-IV പ്രകാരം ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം കൂട്ടുന്നതിനും ആ പദ്ധതിയിലുള്ള തസ്തികകൾ കൂട്ടുന്നതിനും കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

(ബി) കൊല്ലം ജില്ലയിൽത്തന്നെ ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗക്കാർ

തിങ്ങിപ്പാർക്കുന്ന മാമ്പഴത്തറ, ഇരുട്ടുതറ ചതുപ്പ് ഗിരിജൻ കോളനിയിലെ ആളുകൾക്ക് ആശുപത്രി സൗകര്യങ്ങൾക്കായി പുനലൂർ, തെന്മല, കുളത്തൂപ്പുഴ എന്നിവിടങ്ങളിലേക്ക് വാഹനങ്ങൾ വാടകയ്ക്കെടുത്ത് എത്തിപ്പെടേണ്ട സാഹചര്യമാണ് നിലവിലുള്ളത് എന്നതിനാൽ ആദിവാസികളും തോട്ടം തൊഴിലാളികളുമുൾപ്പെടെയുള്ളവർ അധിവസിക്കുന്ന തമിഴ്നാട് അതിർത്തിയോട് ചേർന്ന ഈ മേഖലയിൽ തെന്മല പി.എച്ച്.സി.-യുടെ ഒരു സബ്സെന്റർ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; മേൽവിഷയത്തിൽ ആരോഗ്യ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; വിശദമാക്കാമോ?

ഇല്ല.

(സി) കൊല്ലം ജില്ലയിലെ പുനലൂരിൽ കരവാളൂർ പഞ്ചായത്തിലെ മൂന്ന് വാർഡുകൾക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ കരവാളൂർ ചേറുകുഴി കേന്ദ്രമാക്കി കുടുംബക്ഷേമ കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടി ജില്ലാ മെഡിക്കൽ ഓഫീസർ നല്കിയ പ്രൊപ്പോസൽ, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; മേൽവിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ?

കൊല്ലം ജില്ലയിലെ പുനലൂരിൽ കരവാളൂർ ഗ്രാമപഞ്ചായത്തിലെ മൂന്ന് വാർഡുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കരവാളൂർ ചേറുകുഴി കേന്ദ്രമാക്കി കുടുംബക്ഷേമ കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും പഞ്ചായത്ത് സമിതി തീരുമാനത്തിന്റെയും പകർപ്പുകൾ

അനുബന്ധമായി ചേർക്കുന്നു.[+] എന്നാൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നുള്ള 25-05-2012-ലെ കത്ത് നം F.17029/59/2012-NRHM-IV പ്രകാരം സബ്സെന്ററുകളുടെ എണ്ണം കൂട്ടുന്നതിനും ആ പദ്ധതിയിലുള്ള തസ്തികകൾ കൂട്ടുന്നതിനും കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

പാലാ ഗവൺമെന്റ് ആശുപത്രിയിലെ അടിസ്ഥാനസൗകര്യ വികസനം

127(3926) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ഗവൺമെന്റ് ആശുപത്രിയിൽ അടിസ്ഥാനസൗകര്യം ഇല്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഹൈടെക് ലാബ്, ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, അൾട്രാസൗണ്ട് സ്കാനിങ് മെഷീൻ, സി.റ്റി. സ്കാനിങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ സംവിധാനങ്ങൾ ഉൾപ്പെടുത്തി ജനങ്ങൾക്ക് മതിയായ ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പാലാ ജനറൽ ആശുപത്രിയിൽ ലാബ്, എക്സ്റേ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. ഇവിടെ ഹൈടെക് ലാബ്, ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, അൾട്രാസൗണ്ട് സ്കാനിങ് മെഷീൻ, സി.റ്റി. സ്കാനിങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ഡയഗ്നോസ്റ്റിക് ബ്ലോക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ സബ്സെന്ററുകൾ

128(3927) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ എത്ര സബ്സെന്ററുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളവ, ഇല്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കുമോ?

(ബി) പ്രസ്തുത സബ്സെന്ററുകൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുവാൻ 2016-17 മുതൽ സ്വീകരിച്ച നടപടികളും അനുവദിക്കപ്പെട്ട തുകയും വിശദമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	വിശദാംശം
1	ഉമ്പ്രനാട്	പുതിയ കെട്ടിട നിർമ്മാണത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 55.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്
2	തഴക്കര ഈസ്റ്റ്	
3	വെട്ടിയാർ	
4	കൊട്ടക്കാട്ടുശ്ശേരി	
5	താമരക്കുളം	
6	കോമല്ലൂർ	പുതിയ കെട്ടിട നിർമ്മാണത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്
7	പനയിൽ	
8	മെയിൻ സെന്റർ വള്ളികുന്നം	
9	മെയിൻ സെന്റർ പാലമേൽ	
10	മെയിൻ സെന്റർ ചുനക്കര	
11	മെയിൻ സെന്റർ നൂറനാട്	

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12	മെയിൻ സെന്റർ താമരക്കുളം	
13	നൂറനാട് നോർത്ത്	2018-19 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. ROP-ൽ ഉൾപ്പെടുത്തി 43.94 ലക്ഷം രൂപ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ചു.

(സി) അനുവദിക്കപ്പെട്ട തുകയിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്ന് അറിയിക്കുമോ?

അനുവദിച്ച തുകയിൽ എൻ.എച്ച്.എം. ROP മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികൾക്ക് 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ കേന്ദ്ര ഫണ്ടാണ്.

(ഡി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സബ്സെന്ററുകൾക്ക് അവ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	വിശദാംശം
1	ഉമ്പ്രനാട്	പുതിയ കെട്ടിട നിർമ്മാണത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 55.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്
2	തഴക്കര ഈസ്റ്റ്	
3	വെട്ടിയാർ	
4	കൊട്ടക്കാട്ടുശ്ശേരി	
5	താമരക്കുളം	
6	കോമല്ലൂർ	പുതിയ കെട്ടിട നിർമ്മാണത്തിനായി പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്
7	പനയിൽ	
8	മെയിൻ സെന്റർ വള്ളികുന്നം	
9	മെയിൻ സെന്റർ പാലമേൽ	
10	മെയിൻ സെന്റർ ചുനക്കര	
11	മെയിൻ സെന്റർ നൂറനാട്	

12	മെയിൻ സെന്റർ താമരക്കുളം	
13	നൂറനാട് നോർത്ത്	2018-19 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. ROP-ൽ ഉൾപ്പെടുത്തി 43.94 ലക്ഷം രൂപ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ചു.

കുമ്പള സി.എച്ച്.സി. ആശുപത്രിക്ക് പുതിയ കെട്ടിടം

129(3928) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമ്പള സി.എച്ച്.സി. ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് സ്കീമിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2023-24 വർഷത്തിൽ കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തെ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

മുതുകുളം, ചെറുതന സി.എച്ച്.സി.-കളുടെ കെട്ടിട നിർമ്മാണം

130(3929) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ 20% പ്രൊവിഷൻ വകയിരുത്തിയ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മുതുകുളം, ചെറുതന സി.എച്ച്.സി.-കളുടെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

മുതുകുളം സി.എച്ച്.സി.-യിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഐ.പി. കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിങ് അംഗീകാരത്തിനായി ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കുകയും ആയതിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വ്യക്തത വരുത്തുന്നതിനായി തിരികെ നൽകിയിട്ടുമുണ്ട്. ചെറുതന സി.എച്ച്.സി.-യിൽ പുതിയ കെട്ടിടനിർമ്മാണത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മുതുകുളം സി.എച്ച്.സി.-യുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിലേക്ക് ഫോർവേർഡ് ചെയ്യാത്തതിന്റെ കാരണം അറിയിക്കാമോ?

മുതുകുളം സി.എച്ച്.സി.-യിലെ കെട്ടിട നിർമ്മാണത്തിനുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറിൽനിന്ന് ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കുന്നതിന് വകുപ്പിൽ എന്തെങ്കിലും ക്രമീകരണമോ സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) മുതുകുളം, ചെറുതന സി.എച്ച്.സി.-കളുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി സത്വര നടപടി സ്വീകരിക്കുമോ?

(സി&ഡി) മുതുകുളം സി.എച്ച്.സി.-യിലെ കെട്ടിട നിർമ്മാണത്തിനുള്ള പരിഷ്കരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ചെറുതന സി.എച്ച്.സി.-യിൽ

പുതിയ കെട്ടിടനിർമ്മാണത്തിനുള്ള അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ സർക്കാർ പരിശോധിച്ചുവരുന്നു.

ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് നിർമ്മാണം

131(3930) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റും ബ്ലോക്കും സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്?

ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റും ബ്ലോക്കും സ്ഥാപിക്കുന്നതിന് 3,90,62,100 (മൂന്ന് കോടി തൊണ്ണൂറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഒരുനൂറു രൂപ മാത്രം) രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്.

(ബി) ഇതിൽ എത്ര രൂപയാണ് പി.ബ്ലൂ.ഡി. വകുപ്പിന് കൈമാറിയിട്ടുള്ളതെന്നും ശേഷിക്കുന്ന തുക എന്നത്തേക്ക് കൈമാറുമെന്നും അറിയിക്കാമോ?

ഹരിപ്പാട് താലൂക്ക് ആശുപത്രി വിപുലീകരണത്തിനും ഇലക്ട്രിക്കൽ വർക്കുകൾക്കുമായി 2,15,65,382 (രണ്ട് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) രൂപ 2024-ൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ശേഷിക്കുന്ന തുകയായ 1,74,96,718 (ഒരു കോടി എഴുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുനൂറ്റി പതിനെട്ട് രൂപ മാത്രം) രൂപ "Setting up of Dialysis Units in Major Hospital" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുകയും 03-03-2025-ലെ സ.ഉ.(ആർ.ടി.) 615/2025/H&FWD ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തതിനെത്തുടർന്ന്

ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസ് മുഖാന്തരം പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സ) ഭരണാനുമതി ഉത്തരവിലെ തുകയ്ക്ക് അനുസൃതമായിട്ടാണോ നിർദിഷ്ട പ്രവൃത്തിയുടെ നിർവഹണത്തിനായി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഭരണാനുമതി ഉത്തരവിലെ തുകയ്ക്ക് അനുസൃതമായിട്ടാണ് ടി പ്രവൃത്തിയുടെ നിർവഹണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ഡയാലിസിസ് ബ്ലോക്കിൽ ഉപയോഗിക്കേണ്ട മെഡിക്കൽ ഉപകരണങ്ങൾ എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ 21 മെഷീനുകളും ആർ.ഒ. പ്ലാന്റും ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽനിന്ന് 2,03,73,665 (രണ്ട് കോടി മൂന്ന് ലക്ഷത്തി എഴുപത്തി മൂവായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് 2025-2026-ൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്.

തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി ബ്ലോക്ക്

132(3931) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന്

കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

(എ&ബി) തളിപ്പറമ്പ് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനം കിഫ്ബി ഫണ്ടുപയോഗിച്ച് കിറ്റ്കോ മുഖേന നടപ്പാക്കുന്നതിന് സർക്കാർ 19.53 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) കിറ്റ്കോ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബി പരിശോധിച്ചുവരുന്നു.

ചാവക്കാട് താലൂക്കാശുപത്രിയിലെ ഒഴിവുകൾ

133(3932) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്കാശുപത്രിയിൽ ഡോക്ടർ ഉൾപ്പെടെയുള്ള തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആകെ 10 ഒഴിവുകൾ നിലവിലുണ്ട്.

തസ്തിക	ഒഴിവുകൾ	സ്വീകരിച്ച നടപടികൾ

കൺസൾട്ടന്റ് ഗൈനക്കോളജി	1	ഈ ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
നഴ്സിങ് ഓഫീസർ	3	പി.എസ്.സി. അഡ്വൈസ് ലഭിച്ച 2 നഴ്സിങ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. നഴ്സിങ് ഓഫീസർ തസ്തികയിലേക്ക് ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതുവഴി ബാക്കിയുള്ള ഒരൊഴിവ് നികത്തുന്നതാണ്.
നഴ്സിങ് അസിസ്റ്റന്റ്	2	നഴ്സിങ് അസിസ്റ്റന്റ് തസ്തികയിലേക്ക് ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതുവഴി ഒഴിവ് നികത്തുന്നതാണ്.
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - I	3	ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I തസ്തികയിലേക്ക് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II ജീവനക്കാർക്ക് ഉടൻതന്നെ പ്രൊമോഷൻ നൽകി ടി ഒഴിവ് നികത്തുന്നതാണ്.
പി.ടി.എസ്.	1	പി.ടി.എസ്. തസ്തികയിലേക്ക് നിയമനം ഉടൻ നടത്തുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ച ലിസ്റ്റിലെ ഉദ്യോഗാർഥികൾക്ക് കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. ആയതിന്റെ നിയമന പ്രക്രിയകൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ചാവക്കാട് താലൂക്കാശുപത്രിയിൽ രാത്രികാലങ്ങളിൽ ഒരു ഡോക്ടറുടെ സേവനം മാത്രം ലഭ്യമായ സാഹചര്യത്തിൽ അധികമായി ഒരു ഡോക്ടറെക്കൂടി നഗരസഭ മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആവശ്യപ്പെട്ടിരുന്നു. ഡോക്ടർമാരുടെ കുറവ് സംബന്ധിച്ച് 03-03-2025-ലെ THQH-Chavakkad/B1-1063/25 കത്ത് പ്രകാരം ചാവക്കാട് നഗരസഭയെ അറിയിച്ചിട്ടുണ്ട്.

ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതി

134(3933) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിനുശേഷം 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും നാല് കോടി രൂപ വിനിയോഗിച്ച് ഓരോ നിയോജകമണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി പയ്യന്നൂർ നിയോജകമണ്ഡലത്തിൽനിന്ന് ഇതിനായി ഏത് ആശുപത്രിയെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) 26-07-2021-ലെ സ.ഉ. (ആർ.റ്റി.) 1555/2021/ആ.കു.വ. നമ്പർ പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി കിഫ്ബി ഫണ്ടും എം.എൽ.എ. ആസ്തി വികസന ഫണ്ടും തുല്യമായി ചേർത്ത് 1,75,96,748 രൂപ അനുവദിച്ചിരുന്നു. സ്ഥല ലഭ്യതയനുസരിച്ച് 90 സ്ഥലങ്ങളിലാണ് പ്രവൃത്തി ഉത്തരവ് നൽകിയത്. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിവെള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രമാണ് ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരുന്നത്. എന്നാൽ കരിവെള്ളൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം അപര്യാപ്തമായതിനാൽ ആദ്യഘട്ടത്തിൽ പ്രവൃത്തി ഉത്തരവ് നൽകിയ സ്ഥലങ്ങളിൽ കരിവെള്ളൂർ സാമൂഹികാരോഗ്യകേന്ദ്രം ഉൾപ്പെട്ടിട്ടില്ല.

വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി

135(3934) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തികൾ നിലവിൽ 85 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ ഫിറ്റിങ്സ്, ഹാൻഡ് റെയിൽ വർക്ക്, പെയിന്റിങ് എന്നിവയാണ് അവശേഷിക്കുന്ന പ്രവൃത്തികൾ.

(ബി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഐസൊലേഷൻ സെന്ററിൽ ഒരുക്കുന്നതെന്നറിയിക്കുമോ?

10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിനുവേണ്ട ഗ്യാസ് സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാവിധ മെഡിക്കൽ ഉപകരണങ്ങളും 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിങ് സ്ട്രച്ചറുകളും ഉപയോഗിച്ചുള്ള നിർമ്മാണമാണ് നടത്തിവരുന്നത്. 10 ICU, Doctor room-1, Nursing Station, Procedure room, 7 Toilets, Medical Gas Plant എന്നീ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നത്.

(സി) എത്ര തുകയാണ് ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണത്തിനായി ചെലവഴിക്കുന്നത് എന്നറിയിക്കുമോ?

കിഫ്ബി ഫണ്ടും എം.എൽ.എ. ആസ്തി വികസന ഫണ്ടും തുല്യമായി വിനിയോഗിച്ച് ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ആകെ 1,75,96,748 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ ഐസൊലേഷൻ വാർഡിന്റെ ഫിനിഷിങ് പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ആയവ പൂർത്തീകരിച്ച് ഇലക്ട്രിക് കണക്ഷനും വാട്ടർ കണക്ഷനും ലഭിക്കുന്നമുറയ്ക്ക് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതാണ്.

വൈക്കം താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി വിഭാഗവും കാത്ത് ലാബും

136(3935) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും താലൂക്ക് ആശുപത്രികളിൽ കാർഡിയോളജി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുന്നതിനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കാമോ?

ഉണ്ട്. കൊല്ലം ജില്ലയിൽ പുനലൂർ താലൂക്ക് ആശുപത്രിയിൽ ഒരു കാർഡിയോളജിസ്റ്റ് തസ്തികയുണ്ട്.

(ബി) ഏതെങ്കിലും താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കാമോ;

(സി) വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗവും കാത്ത് ലാബും അനുവദിക്കുന്ന വിഷയം പരിഗണയിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(ബി&സി) എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിനുകീഴിൽ ഒരു ആശുപത്രിയിൽ (ജില്ലാ തല ആശുപത്രിയിൽ) ആണ് കാത്ത് ലാബ് പ്രവർത്തനസജ്ജമാക്കാൻ നിലവിലെ മാനദണ്ഡപ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ 12 ജില്ലകളിൽ ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് പ്രവർത്തിക്കുന്നുണ്ട്. മറ്റ് രണ്ട് ജില്ലകളിൽ കാത്ത് ലാബ് സജ്ജമായിക്കൊണ്ടിരിക്കുന്നു. സൂപ്പർ സ്പെഷ്യാലിറ്റി കേഡർ വിഭാഗത്തിലെ കാർഡിയോളജിസ്റ്റുകൾക്കുപുറമേ കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ സ്പെഷ്യലിസ്റ്റുകളെയും/അസിസ്റ്റന്റ് സർജൻമാരെയും ഉപയോഗപ്പെടുത്തിയാണ് നിലവിൽ ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഒരുക്കിവരുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രികൾക്കുപുറമേ എല്ലാ ജില്ലയിലും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സർവീസുകൾ ഒരുക്കുന്നതിനാണ് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ കോട്ടയം മെഡിക്കൽ കോളേജിനുപുറമേ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലും കാർഡിയോളോജിസ്റ്റിന്റെ സേവനവും കാത്ത് ലാബ് സൗകര്യവും ലഭ്യമാണ്. 2022 ഫെബ്രുവരി മുതൽ കാഞ്ഞിരപ്പള്ളി ആശുപത്രിയിൽ കാത്ത് ലാബ് പ്രവർത്തിച്ചുവരുന്നു.

അടിമാലി താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തന പ്രൊപ്പോസൽ

137(3936) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിലുൾപ്പെടുത്തി അടിമാലി താലൂക്ക് ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്; എന്തൊക്കെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ഇടുക്കി പാക്കേജിലുൾപ്പെടുത്തി അടിമാലി താലൂക്ക് ആശുപത്രിയിൽ മൾട്ടി സ്റ്റോറീഡ് ബിൽഡിങ് നിർമ്മിക്കുന്നതിന് 32.22 കോടി രൂപയുടെ പ്രൊപ്പോസൽ എൻ.എച്ച്.എം. തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട് (ആദ്യഘട്ടം 4.99 കോടി രൂപ, രണ്ടാംഘട്ടം 15.65 കോടി രൂപ, മൂന്നാംഘട്ടം 11.57 കോടി രൂപ എന്നിങ്ങനെയാണ് പ്രൊപ്പോസൽ). ആദ്യഘട്ട നിർമ്മാണത്തിന് പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് ഡീറ്റെയിൽഡ് ലാൻഡ് സ്കെച്ച്, റിക്വയർമെന്റ് ഡീറ്റെയിൽസ് എന്നിവ നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന 4.99 കോടി രൂപയ്ക്ക് പുതുതായി കിഫ്ബി ഫണ്ടുപയോഗിച്ച് പണി കഴിപ്പിച്ച് കൈമാറിയിട്ടുള്ള ഒ.പി. ഡയഗ്നോസ്റ്റിക് ബ്ലോക്കിന്റെ മുകളിൽ 2 നിലകളിലായി പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഓപ്പറേഷൻ തിയേറ്റർ എന്നിവ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പുളിയംപറമ്പ് സബ് സെന്റർ ആരംഭിക്കാൻ നടപടി

138(3937) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്കുകീഴിൽ പുളിയംപറമ്പ് സബ് സെന്റർ ആരംഭിക്കുന്നതിനായി സ്ഥാപനമേധാവികൾ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ അന്തിമ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) പുതുതായി ജനകീയാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് 14 ജില്ലകളിൽനിന്നും ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ലഭ്യമായ പ്രൊപ്പോസലുകളിൽ മുൻഗണന നൽകേണ്ടത് ഏതൊക്കെയാണെന്ന് കണ്ടെത്തി സമാഹൃത പ്രൊപ്പോസലായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരുന്നു.

ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാക്കുന്നതിന് നടപടി

139(3939) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമല്ലാത്തത് പ്രതിരോധ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വ്യക്തമാക്കാമോ;

(ബി) പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ

അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം അനുസരിച്ച് ഹെപ്പറ്റൈറ്റിസ് ബി ബർത്ത് ഡോസ് വാക്സിൻ, പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ജനിച്ച് 24 മണിക്കൂറിനുള്ളിൽ കുഞ്ഞിന് നൽകുന്നതാണ് ഹെപ്പറ്റൈറ്റിസ് ബി ബർത്ത് ഡോസ് വാക്സിൻ. കൂടാതെ സർക്കാർ ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകർക്കും ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാക്കിയിരുന്നു.

മുതിർന്നവർക്കുള്ള ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഉൾപ്പെടുത്തിയിട്ടില്ല.

എറണാകുളം ജില്ലയിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാണ്. ആയതിനാൽ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനെ ബാധിച്ചിട്ടില്ല.

(സി) 2025-ൽ നാളിതുവരെ എറണാകുളം ജില്ലയിൽ എത്രപേർക്ക് ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ നൽകിയിട്ടുണ്ട് എന്നത് ആശുപത്രിയുടെ പേരും നൽകിയ വാക്സിന്റെ എണ്ണവും തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

ഇരിക്കൂർ താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം

140(3940) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇരിക്കൂർ താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ താലൂക്കാശുപത്രിയിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 11.30 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തി ആദ്യഘട്ടനിർമ്മാണം പൂർത്തിയായി. നിലവിൽ റീട്ടെയ്നിങ് വാളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) കെട്ടിടനിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോടും പൊതുമരാമത്ത് വകുപ്പിനോടും നിർദേശിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ ബഹുനില കെട്ടിടം

141(3941) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 80.41 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടും

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പദ്ധതി പ്രദേശത്തെ പഴയ ഓർത്തോ ഒ.പി., വെക്ടർ കൺട്രോൾ യൂണിറ്റ്, പഴയ ഓഫീസ് കെട്ടിടം, എൻ.സി.ഡി. യൂണിറ്റ്, ബയോമെഡിക്കൽ സ്റ്റോറേജ് യൂണിറ്റ് എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിലുണ്ടായ കാലതാമസം കാരണമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്.

(സി) ടി കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള ഏതെല്ലാം കെട്ടിടങ്ങളാണ് പൊളിച്ചുനീക്കേണ്ടതെന്ന് വ്യക്തമാക്കുമോ; അവയിൽ ഏതെല്ലാം കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനാണ് അനുമതി ലഭിക്കാനുള്ളതെന്നും അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ?

പദ്ധതി പ്രദേശത്തെ പഴയ ഓർത്തോ ഒ.പി., വെക്ടർ കൺട്രോൾ യൂണിറ്റ്, പഴയ ഓഫീസ് കെട്ടിടം, എൻ.സി.ഡി. യൂണിറ്റ്, ബയോമെഡിക്കൽ സ്റ്റോറേജ് യൂണിറ്റ് എന്നിവയാണ് പൊളിച്ചുമാറ്റാനുള്ളത്. ഇതിൽ പഴയ ഓഫീസ് കെട്ടിടം, പഴയ ഓർത്തോ ഒ.പി. എന്നിവ പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വെക്ടർ കൺട്രോൾ യൂണിറ്റ്, എൻ.സി.ഡി. യൂണിറ്റ്, ബയോമെഡിക്കൽ സ്റ്റോറേജ് യൂണിറ്റ് എന്നിവ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ ഫിറ്റാണെന്ന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ വിലയിരുത്തിയ സാഹചര്യത്തിൽ പൊളിച്ചുനീക്കുന്ന നടപടിക്രമങ്ങളിൽ

കാലതാമസമുണ്ടായി.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

142(3942) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-നുശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

2016-നുശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽനിന്നും ഉയർത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ചുവടെച്ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പേര്
1	അജാനൂർ ഗ്രാമപഞ്ചയാത്ത്	കുടുംബാരോഗ്യ കേന്ദ്രം, അജാനൂർ കുടുംബാരോഗ്യ കേന്ദ്രം, ആനന്ദാശ്രമം
2	മടിക്കൈ ഗ്രാമപഞ്ചയാത്ത്	കുടുംബാരോഗ്യ കേന്ദ്രം, മടിക്കൈ
3	കിനാനൂർ കരിന്തളം ഗ്രാമപഞ്ചയാത്ത്	കുടുംബാരോഗ്യ കേന്ദ്രം, കരിന്തളം
4	പനത്തടി ഗ്രാമപഞ്ചയാത്ത്	കുടുംബാരോഗ്യ കേന്ദ്രം, പാണത്തൂർ
5	കോടോം-ബേളൂർ ഗ്രാമപഞ്ചയാത്ത്	കുടുംബാരോഗ്യ കേന്ദ്രം, എണ്ണപ്പാറ
6	ബളാൽ ഗ്രാമപഞ്ചയാത്ത്	കുടുംബാരോഗ്യ കേന്ദ്രം, കൊന്നക്കാട്

ജങ്ക് ഫുഡുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടി

143(3943) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീരോഗ നിയന്ത്രണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടുത്തുള്ള കടകളിൽ ജങ്ക് ഫുഡുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ജങ്ക് ഫുഡുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്തുള്ള കടകളിൽ നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ IEC പ്രവർത്തനങ്ങളുടെ ഭാഗമായി ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് ബോധവൽക്കരണ പരിപാടികൾ നൽകിയിരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 'നിറമല്ല രുചി' എന്ന ക്യാമ്പയിൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജീവിതശൈലീരോഗങ്ങൾ തടയുന്നതിനും ജങ്ക് ഫുഡുകളുടെ ഉപയോഗം കുറയ്ക്കുന്നതിനുമായി മലപ്പുറം ജില്ലയിൽ 'നെല്ലിക്ക' എന്ന പദ്ധതിയും ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ വിദ്യാർഥികൾക്ക് ജങ്ക് ഫുഡിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കൃത്യമായ വിവരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുവഴിയും നൽകിവരുന്നുണ്ട്. സ്കൂൾ കാന്റീനുകളിൽ ജങ്ക് ഫുഡ് വിതരണം ചെയ്യരുത് എന്നുള്ള നിർദേശം വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുമുണ്ട്.

(ബി) ജങ്ക് ഫുഡുകൾമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രദർശിപ്പിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജങ്ക് ഫുഡുകൾമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ സോഷ്യൽ മീഡിയ, പ്രിന്റ് മീഡിയ എന്നിവ വഴി ജങ്ക് ഫുഡുകളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതോടൊപ്പം ഇവയുടെ

ദോഷവശങ്ങളെക്കുറിച്ച് വിദ്യാർഥികളിൽ ബോധവൽക്കരണവും ഭക്ഷ്യസുരക്ഷാ വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു. അതുകൂടാതെ വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളിലെ എൻ.എസ്.എസ്. വിഭാഗവുമായി ചേർന്നുകൊണ്ട് ജങ്ക് ഫുഡിനെതിരെയുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടി ആരോഗ്യ വകുപ്പ് നടത്തിവരുന്നു. സ്കൂളിലെ ഹെൽത്ത് ക്ലബ്ബുകൾ മുഖേനയും എൻ.സി.സി., എസ്.പി.സി., സ്കൗട്ട് ആൻഡ് ഗൈഡ് തുടങ്ങിയ യൂണിറ്റുകളിലൂടെയും വ്യായാമത്തെക്കുറിച്ചും ഭക്ഷണരീതിയെക്കുറിച്ചുമുള്ള ബോധവൽക്കരണവും നടത്തിവരുന്നു.

ആശാ പ്രവർത്തകർക്ക് ഓണറേറിയം

144(3944) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാ പ്രവർത്തകർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന ഇന്ത്യൻ സംസ്ഥാനം കേരളമാണെന്ന വാദമുയർത്തി ആശാ പ്രവർത്തകരുടെ ഓണറേറിയം വർധനവെന്ന ആവശ്യത്തെ പ്രതിരോധിക്കുന്നത് വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ആശമാരോട് അനുഭാവപൂർവമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിന്റെയടിസ്ഥാനത്തിൽ 2016 മുതൽ ആശമാരുടെ ഓണറേറിയത്തിൽ കാലാനുസൃതമായ വർധനവ് വരുത്തിയിട്ടുണ്ട്. അവസാനമായി 6,000 രൂപയായിരുന്ന ഓണറേറിയം 2023 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 7,000 രൂപയായി വർധിപ്പിച്ചു. ഈ

സമീപനം തന്നെയാണ് ആശമാരുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ളത്.

(ബി) സിക്കിം സർക്കാർ നിലവിൽ ആശാ പ്രവർത്തകർക്ക് ഓണറേറിയമായി പതിനായിരം രൂപ നൽകുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്റ്റേറ്റ് മിഷന്, സിക്കിം സ്റ്റേറ്റ് മിഷൻ നോഡൽ ഓഫീസർ അയച്ചുനൽകിയ ഉത്തരവിൽ അവരുടെ ഓണറേറിയം 6,000 രൂപയാണ്.

(സി) കർണ്ണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഓണറേറിയം പതിനായിരം രൂപയാക്കി വർധിപ്പിച്ച സാഹചര്യത്തിൽ ആശാ പ്രവർത്തകരെ സ്ഥിരം തൊഴിലാളികളാക്കി ഓണറേറിയത്തിനുപകരം മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കർണ്ണാടക സംസ്ഥാനം നേരത്തെ നൽകിയ 5,000 രൂപ വർധിപ്പിച്ച് 6,000 രൂപയായി ആശാ ഓണറേറിയം ഉയർത്തിയാണ് ഇപ്പോൾ ബജറ്റ് പ്രഖ്യാപനം നടത്തിയിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശാ പദ്ധതിയിൽ ആശമാരെ സന്നദ്ധ സേവകരായി നിശ്ചയിച്ചിരിക്കുന്നതിനാൽ ആവശ്യമായ മാറ്റങ്ങൾ കേന്ദ്ര ഗൈഡ്ലൈനിൽ ഉണ്ടാകേണ്ടതുണ്ട്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി

145(3945) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ

സഹകരണത്തോടെ നടന്നുവരുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിലും സാന്ത്വന പരിചരണ പരിപാടി നിലവിലുള്ള ഏക സംസ്ഥാനമാണ് കേരളം. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ മൊത്തം ബജറ്റിന്റെ ഒരു നിശ്ചിതവിഹിതം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തിനുകീഴിലും ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതും ഒരു പാലിയേറ്റീവ് നഴ്സിനെ ഇതിനായി നിയമിക്കുന്നതും അതത് ഗ്രാമപഞ്ചായത്തുകളാണ്. പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി സഹകരിച്ചുകൊണ്ടാണ് സാന്ത്വന പരിചരണ പരിപാടി നടപ്പിലാക്കിവരുന്നത്. പാലിയേറ്റീവ് കെയർ നഴ്സും വോളണ്ടിയർമാരും ഉൾപ്പെടുന്നതാണ് പാലിയേറ്റീവ് കെയർ ടീം. ഇവർ ഗൃഹസന്ദർശനം നടത്തി സാന്ത്വന പരിചരണം ആവശ്യമുള്ള എല്ലാ ജനങ്ങൾക്കും ആവശ്യമായ പരിചരണം നൽകിവരുന്നു. പ്രതിമാസം അൻപതിനായിരത്തിപ്പരം രോഗികൾക്ക് ഇപ്രകാരം ഭവനസന്ദർശനത്തിലൂടെയുള്ള സേവനങ്ങൾ ലഭിക്കുന്നുണ്ട്. ഇതിനുപുറമേ, ഗൃഹസന്ദർശനത്തിലൂടെ ഫിസിയോതെറാപ്പി സേവനങ്ങളും നൽകുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് സംഘടനകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാലിയേറ്റീവ് പദ്ധതികൾക്ക് ആവശ്യമായ വാഹന സൗകര്യം, മരുന്നുകളുടെ സംഭരണം, ഉപകരണങ്ങളുടെ സംഭരണവും വിതരണവും എന്നിവയും

നടത്തിവരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിലവിൽ സർക്കാർ മേഖലയിൽ 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇവ മുഖാന്തരം 114439 രോഗികൾക്ക് പരിചരണം നൽകിവരുന്നു. സർക്കാരിതര മേഖലകളിൽ അർപണബോധത്തോടെ പ്രവർത്തിക്കുന്ന ഒട്ടനവധി പാലിയേറ്റീവ് കെയർ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവയുടെയെല്ലാം സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 'പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ' അനിവാര്യ പ്രോജക്ടുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപറേഷനുകളും ഇതിനുള്ള പ്രോജക്ട് നിർബന്ധമായും വാർഷികപദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനമൊരുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ 20000 ജനസംഖ്യയുള്ള പ്രദേശത്ത് ഒരു ഹോം കെയർ യൂണിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 16-12-2024-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമ-നഗര വ്യത്യാസമില്ലാതെ പരിചരണം ആവശ്യമായ മുഴുവൻ ആളുകളെയും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മികച്ച പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജനകീയ മുന്നേറ്റം ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി 'പാലിയേറ്റീവ് കെയർ ഗ്രിഡ്' രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഗ്രിഡ് രൂപകല്പന നടത്തിയത്

ഏത് ഏജൻസിയാണെന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പാലിയേറ്റീവ് കെയർ ഗ്രിഡ് രാജ്യത്താദ്യമായി സംസ്ഥാനത്ത് വികസിപ്പിക്കുകയും 2025 മാർച്ച് 3-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മാർഗനിർദേശപ്രകാരമാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപകല്പന ചെയ്തിരിക്കുന്നത്. പാലിയേറ്റീവ് കെയർ രോഗികളെയും സേവനദാതാക്കളെയും കോർത്തിണക്കുന്ന ഒരു ശൃംഖലയായിട്ടാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തനം നിലവിലുള്ള സാന്ത്വന പരിചരണ പ്രവൃത്തികളെ ശക്തീകരിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും സഹായകരമാവുംവിധമാണ് രൂപകല്പന ചെയ്തിരിക്കുന്നത്. പ്രസ്തുത ഗ്രിഡിന്റെ സാക്ഷാത്കാരം ദേശീയാരോഗ്യ ദൗത്യത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ദേശീയാരോഗ്യ ദൗത്യം ഈ ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനെ എൽപ്പിക്കുകയും സ്റ്റാർട്ടപ്പ് മിഷൻ തിരഞ്ഞെടുത്ത Pupil First എന്ന സ്റ്റാർട്ടപ്പ് കമ്പനിയെ ഇതിന്റെ രൂപകല്പന നടത്തുന്നതിന് ഏൽപ്പിക്കുകയും ചെയ്തു.

(സി) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത അവലോകനയോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

അവശതയനുഭവിക്കുന്ന എല്ലാ ജനങ്ങൾക്കും പ്രായഭേദമന്യെയും സാമ്പത്തികഭേദമന്യെയും സാന്ത്വന പരിചരണം ലഭിക്കണമെന്നുള്ള കർശനനിർദേശമാണ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത അവലോകനയോഗത്തിൽ പ്രധാന തീരുമാനമായി കൈക്കൊണ്ടിട്ടുള്ളത്. പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04-12-2024, 09-12-2024, 16-12-2024 തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്.

പ്രധാന തീരുമാനങ്ങൾ:

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനായി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രജിസ്ട്രേഷൻ നൽകാനുള്ള സംവിധാനം ഒരുക്കുന്നതാണ്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവരുടെ അധികാരപരിധിയിലെ പാലിയേറ്റീവ് കെയർ സ്ഥാപനത്തിന്റെയും സംഘടനകളുടെയും വിശദാംശം സമാഹരിച്ച് രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഗൃഹപരിചരണം ആവശ്യമായ എല്ലാവർക്കും ഗുണമേന്മയുള്ള സേവനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഓരോ യൂണിറ്റിലും പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ പിന്തുണ ഉറപ്പുവരുത്തേണ്ടതുണ്ട്.

ബി.പി.എൽ./എ.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും പരിചരണം ഉറപ്പാക്കുംവിധം 'ഡൊമിസിലിയറി കെയർ' പദ്ധതിയായി വിപുലീകരിച്ച് മികച്ച പരിചരണം ഉറപ്പാക്കുന്നതിനും ഓരോ രോഗിക്കും നൽകേണ്ട പരിചരണമനുസരിച്ച് വ്യക്തിഗത പാലിയേറ്റീവ് പരിചരണ പ്രക്രിയ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ 20000 ജനസംഖ്യയുള്ള പ്രദേശത്ത് ഒരു ഹോം കെയർ യൂണിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കേണ്ടതാണ്.

പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ച് പദ്ധതി കാര്യക്ഷമമാക്കാവുന്നതാണ്.

സർക്കാർ, സ്വകാര്യ, അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലെല്ലാം പാലിയേറ്റീവ് കെയർ സേവനം ഉറപ്പാക്കുക. വയോമിത്രം പദ്ധതി ഇതിന്റെ ഭാഗമാക്കാൻ സാധിക്കണം.

സൗജന്യ ചികിത്സക്ക് ചെലവഴിച്ച തുക

146(3946) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സൗജന്യ ചികിത്സ നൽകുന്നതിന് പ്രതിവർഷം എത്ര കോടി രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം, ശ്രുതി തരംഗം എന്നീ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	പദ്ധതി	ചെലവഴിച്ച തുക
2020-2021	കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി , കാരുണ്യ ബെനവലന്റ് ഫണ്ട്	646 .05 കോടി
2021-2022	കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി , കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം	1,603.61 കോടി
2022-2023	കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി,കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം	1,733.70 കോടി

2023-2024	കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം	1,734.18 കോടി
2023-2024	ശ്രുതി തരംഗം	3.725 കോടി
2024-2025	ശ്രുതി തരംഗം	13.19 കോടി
2024-2025	കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം	1,419.15 കോടി

2025 ഫെബ്രുവരി വരെയുള്ള ആരോഗ്യകിരണം ഒ.പി. പോർട്ടൽ മുഖേന 4,80,85,386 രൂപ ചെലവഴിച്ചിട്ടുണ്ട്.

കാൻസർ മരുന്നുകളുടെ അമിതവില ഒഴിവാക്കുന്നതിനുള്ള നടപടി

147(3947) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ മരുന്നുകളുടെ അമിതവിലയിൽനിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

കേരളത്തിലുടനീളമുള്ള കാൻസർ രോഗബാധിതരായ സാധാരണക്കാരായ ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞനിരക്കിൽ കാൻസർ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ 'കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി-കാൻസർ മെഡിസിൻ കൗണ്ടർ' കേരള മെഡിക്കൽ സർവീസസ് കോർപറേഷനുകീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ആരംഭിച്ചു. നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 കാരുണ്യ ഫാർമസികളിലായി കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി-കാൻസർ മെഡിസിൻ

കൗണ്ടറുകൾ പ്രവർത്തിക്കുന്നു.

(ബി) കാരുണ്യ സ്പർശം പദ്ധതി വഴി എത്ര കോടി രൂപയുടെ മരുന്ന് വിൽപനയാണ് ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

'കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി-കാൻസർ മെഡിസിൻ കൗണ്ടർ' മുഖേന, 28-02-2025 വരെ 1,76,78,554 രൂപ വിലവരുന്ന മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സീറോ പ്രോഫിറ്റ് കൗണ്ടറുകൾ മുഖാന്തരം 57,93,963 രൂപയ്ക്ക് രോഗികളിൽ എത്തിക്കാൻ കഴിഞ്ഞു. ഇതിൽനിന്നും 28-02-2025 വരെ 1,18,84,591 രൂപയുടെ നേട്ടമാണ് രോഗികൾക്കായി ലഭ്യമായിരിക്കുന്നത്.

(സി) കാരുണ്യ സ്പർശം കൗണ്ടറുകൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണുള്ളത്; ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 കാരുണ്യ ഫാർമസികളിലായി കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി-കാൻസർ മെഡിസിൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നു.

ജില്ല കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

- തിരുവനന്തപുരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
- കൊല്ലം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ഗവ. വിക്ടോറിയ ആശുപത്രി, കൊല്ലം
- പത്തനംതിട്ട കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, പത്തനംതിട്ട

- ആലപ്പുഴ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
- കോട്ടയം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, കോട്ടയം
- ഇടുക്കി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, താലൂക്കാശുപത്രി, നെടുങ്കണ്ടം
- എറണാകുളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, കളമശ്ശേരി
- തൃശ്ശൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
- പാലക്കാട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, പാലക്കാട്
- മലപ്പുറം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, തിരൂർ, മലപ്പുറം
- കോഴിക്കോട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, കോഴിക്കോട്
- വയനാട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി, മാനന്തവാടി
- കണ്ണൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മെഡിക്കൽ കോളേജ്, പരിയാരം
- കാസർഗോഡ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജനറൽ ആശുപത്രി, കാസർഗോഡ്.

ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.

വിദ്യാർഥിനികൾക്ക് സൗജന്യ എച്ച്.പി.വി. വാക്സിനേഷൻ

148(3948) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗർഭാശയമുഖ കാൻസർ പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ വിദ്യാർഥിനികൾക്ക് വാക്സിനേഷൻ നൽകുന്നതിന് കർമ്മപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഗർഭാശയഗള കാൻസർ അഥവാ സെർവിക്കൽ കാൻസർ ഉണ്ടാകുന്നത് പ്രധാനമായും ഹ്യൂമൻ പാപ്പിലോമ വൈറസ് എന്ന ഒരു അണുബാധമൂലമാണ്. ആയത് പ്രതിരോധിക്കുന്നതിനായി കൗമാരക്കാരായ പെൺകുട്ടികൾക്ക് ഹ്യൂമൻ പാപ്പിലോമ വൈറസിനെതിരെയുള്ള വാക്സിനേഷൻ നൽകുകയെന്നതാണ് ഏക പ്രതിരോധമാർഗം. 13 വയസ്സ് മുതലുള്ള കുട്ടികൾക്ക് ഈ വാക്സിൻ നൽകാവുന്നതാണ്. സംസ്ഥാന സർക്കാർ ഹ്യൂമൻ പാപ്പിലോമ വൈറസിനെതിരെയുള്ള എച്ച്.പി.വി. വാക്സിനേഷൻ പദ്ധതി ആരംഭിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയതിന്റെ ഭാഗമായി ആലപ്പുഴ, വയനാട് ജില്ലകളെ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. കൂടാതെ കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജിയിൽ ഗർഭാശയഗള കാൻസർ പ്രതിരോധിക്കുന്നതിനായി വിദ്യാർഥിനികളിൽ എച്ച്.പി.വി. വാക്സിനേഷൻ നൽകുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 05-03-2025-ലെ സ.ഉ.(സാധാ)നം.645/2025/ആ.കു.വ. ഉത്തരവുപ്രകാരം ഇതിലേക്കായി വിദഗ്ധരടങ്ങുന്ന സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 06-03-2025-ൽ യോഗം ചേരുകയും ഇതിനായുള്ള മാർഗരേഖ തയ്യാറാക്കുകയും ചെയ്തു.

(ബി) സൗജന്യ എച്ച്.പി.വി. വാക്സിനേഷനുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സൗജന്യ എച്ച്.പി.വി. വാക്സിനേഷൻ നൽകുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിനോട് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ വാക്സിനേഷൻ പദ്ധതി കേന്ദ്രസർക്കാർ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയുടെ ഭാഗമായി നടത്തുമെന്ന് അറിയിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) ഇതിനായുള്ള മുന്നൊരുക്കങ്ങൾ ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വാക്സിനേഷൻ നൽകാനുദ്ദേശിക്കുന്ന ജില്ലയിലെ പ്ലസ് വൺ, പ്ലസ് ടു വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കണക്കുകൾ ക്രോഡീകരിക്കുകയും അതിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ലിസ്റ്റ് പ്രത്യേകം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ വാക്സിൻ നിർമ്മാതാക്കളുമായി ചർച്ചചെയ്യുകയും ഏറ്റവും കുറഞ്ഞനിരക്കിൽ വാക്സിൻ ലഭ്യമാക്കുന്നതിനുള്ള ധാരണയിൽ എത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത സൗജന്യ വാക്സിനേഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം കേന്ദ്രസഹായം ലഭ്യമാകാത്തതിനാലാണോ; വ്യക്തമാക്കാമോ?

ഫണ്ടിന്റെ അപര്യാപ്തതയാണ് വാക്സിനേഷൻ നടപ്പാക്കുന്നതിന് കാലതാമസം സൃഷ്ടിക്കുന്നത്. കേന്ദ്രസർക്കാർ പദ്ധതിയായി എച്ച്.പി.വി. വാക്സിനേഷൻ അനുവദിക്കുമെന്ന് അറിയിച്ചുവെങ്കിലും ആയത് സംബന്ധിച്ച നിർദേശങ്ങളൊന്നും ലഭിക്കാത്തതിനെത്തുടർന്നാണ് സംസ്ഥാനം വാക്സിനേഷൻ പദ്ധതിയുമായി മുന്നോട്ടുപോയത്.

ഇപ്പോൾ സപ്ലിമെന്ററി PIP-യിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിനോട് ദേശീയ ആരോഗ്യ ദൗത്യം മുഖേന ഈ പദ്ധതിക്കായി ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പ്രസ്തുത സൗജന്യ വാക്സിനേഷൻ നടപ്പിലാക്കുന്നതിനായി കേന്ദ്രവുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല; എച്ച്.പി.വി. വാക്സിനേഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ധാരണകളൊന്നും കേന്ദ്രസർക്കാരുമായി ഏർപ്പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത വാക്സിനേഷൻ സംബന്ധിച്ച് പൊതുസമൂഹത്തിന് അവബോധം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. പുതിയ ഒരു വാക്സിനേഷൻ പദ്ധതി സമൂഹത്തിൽ അവതരിപ്പിക്കുമ്പോൾ വാക്സിനേഷനുമായി ബന്ധപ്പെട്ട ആശങ്കകൾ ജനങ്ങൾക്ക് ഉണ്ടാകുന്നതിന് സാധ്യതയുണ്ട്. പ്രത്യേകിച്ച് കൗമാരക്കാരായ പെൺകുട്ടികൾക്ക് വാക്സിനേഷൻ നൽകുമ്പോൾ സമൂഹത്തിൽ ഇതിനെക്കുറിച്ചുള്ള അവബോധം ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ വാക്സിനേഷൻ പദ്ധതി ആരംഭിക്കുന്നതിനു മുന്നോടിയായി കാര്യക്ഷമമായ ഒരു ബോധവൽക്കരണ പരിപാടി സമൂഹത്തിൽ എല്ലാവിഭാഗം ജനങ്ങളെയും ഉദ്ദേശിച്ചുകൊണ്ട് നടത്തുന്നതിന് ആരോഗ്യ വകുപ്പ് പദ്ധതിയിടുന്നു. ഇതിന്റെ ഉള്ളടക്കം തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എം.സി.സി. (പി.ജി.ഐ.ഒ.എസ്.ആർ.) നടത്തുന്ന എല്ലാ പൊതുജനാർബുദ ബോധവൽക്കരണ പരിപാടികളിലും എച്ച്.പി.വി. വാക്സിനെക്കുറിച്ച് പ്രതിപാദിക്കാറുണ്ട്. ഒൻപത് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് ഈ വാക്സിൻ

നൽകുന്നത് പ്രോത്സാഹിപ്പിക്കാറുണ്ട്. കൂടാതെ സ്കൂൾ പി.ടി.എ. തലത്തിലുള്ള ബോധവൽക്കരണ പരിപാടികളിൽ വാക്സിനെക്കുറിച്ച് അവബോധം നൽകാറുമുണ്ട്. കൂടാതെ സ്കൂൾ അധ്യാപകർക്കായുള്ള അർബുദ പ്രതിരോധ പരിശീലന പരിപാടികളിൽ ഇതൊരു വിഷയമായി അവതരിപ്പിക്കാറുണ്ട്. ഇത്തരത്തിൽ പൊതുജനങ്ങൾക്കുള്ള സംശയം ദൂരീകരിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്.

ആദിവാസി മേഖലകളിലെ ആരോഗ്യ പ്രവർത്തനങ്ങൾ

149(3950) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ പരിഗണിച്ച് ആരോഗ്യപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

- കേരളത്തിന്റെ ജനസംഖ്യയുടെ 1.5% വരുന്ന പട്ടികവർഗ ജനവിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുവാൻ വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനും മാനവശേഷി വികസനത്തിനും ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ആദിവാസി മേഖലയിൽ നടന്നിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യനീതി, മാതൃ-ശിശു സംരക്ഷണം, പട്ടികജാതി വികസനം, വിദ്യാഭ്യാസം

തുടങ്ങി വിവിധ വകുപ്പുകൾ, സാമൂഹിക സുരക്ഷാ മിഷൻ, ദേശീയാരോഗ്യ ദൗത്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു. ആരോഗ്യ വകുപ്പ് മുഖേനയുള്ള എല്ലാ പദ്ധതികളും പ്രവർത്തനങ്ങളും ആദിവാസി മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. ഇവയിൽ അടിസ്ഥാന സൗകര്യവികസനം, മാതൃ-ശിശുസംരക്ഷണം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ചേതര വ്യാധികളുടെ നിയന്ത്രണം, സാന്ത്വനപരിചരണം, വയോജന സംരക്ഷണം എന്നിവ പ്രാഥമികതലം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. ആരോഗ്യ വകുപ്പ് മുഖേനയുള്ള ദേശീയ പദ്ധതികളും ആദിവാസി മേഖലയിൽ നടപ്പിലാക്കുന്നു. ഈ മേഖലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ 195 ആരോഗ്യ സ്ഥാപനങ്ങൾവഴി സേവനം നൽകിവരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ വിഭാഗങ്ങൾക്കായി നൽകിവരുന്നു. സേവനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

* പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവുള്ള കുട്ടികൾക്കുവേണ്ടി പ്രത്യേക പരിചരണത്തിനായി Nutrition Rehabilitation Centre (NRC)-കൾ പ്രവർത്തിക്കുന്നുണ്ട്.

* ആരോഗ്യ വകുപ്പ്, ആരോഗ്യ കേരളം, പട്ടികവർഗ വകുപ്പ് എന്നിവ മുഖേന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

* സ്ഥിരം ആരോഗ്യപ്രവർത്തകർക്കുപുറമേ പട്ടികവർഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും ആരോഗ്യ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആരോഗ്യകേരളം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ പ്രവർത്തരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. ഇതുവരെ 513 ഉരുമിത്രങ്ങളെ 11 ജില്ലകളിലായി തിരഞ്ഞെടുത്ത് മൂന്ന് ഘട്ട module പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്.

* പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന 'Digitally Connected Tribal Colonies' പദ്ധതി മുഖേന C-DAC-ഉമായി ചേർന്ന് ആധുനിക കാൻസർ സ്ക്രീനിങ് സംവിധാനം വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

* കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, വയനാട് ജില്ലയിലെ നല്ലൂർനാട് ആശുപത്രി എന്നിവ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ആശുപത്രികളാണ്.

* അരിവാൾ രോഗമുള്ളവരെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ പരിചരണം നൽകുന്നതിനും ട്രൈബൽ മേഖലയിൽ മിഷൻ മോഡിൽ പ്രവർത്തനം നടത്തുകയും ഡിജിറ്റൽ ഡാറ്റാബേസ് രൂപീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ വയനാട് ജില്ലയിലും മലപ്പുറം ജില്ലയിലെ നിലമ്പൂരിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലും ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പട്ടികവർഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ ആരോഗ്യ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷ. സംസ്ഥാനത്തെ എല്ലാ സർക്കാർ

ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും മലബാർ കാൻസർ സെന്റർ തലശ്ശേരി, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പട്ടികവർഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു. രോഗിക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണത്തിനും ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ആദിവാസി മേഖലകളിലെ ആരോഗ്യ ഇടപെടലുകൾക്ക് ലോകാരോഗ്യ സംഘടന പിന്തുണ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആദിവാസി മേഖലയിലെ ആരോഗ്യപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻവേണ്ടി ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല ശിൽപശാല നടത്തിയാണ് ഇതിന് രൂപം നൽകിയത്. ഈ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ലോകാരോഗ്യസംഘടന സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഫെബ്രുവരി 8-ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിലാണ് പ്രതിനിധികൾ സന്നദ്ധത അറിയിച്ചത്.

(സി) രക്തസമ്മർദം, അനീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗങ്ങളുള്ള ആദിവാസികൾക്ക് വ്യക്തിപരമായി ആരോഗ്യപരിചരണം ഉറപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജീവിതശൈലീരോഗങ്ങളുള്ള ആളുകളെ കണ്ടെത്തുന്നതിന് 'ശൈലി പദ്ധതി', സ്ത്രീകളിലും പെൺകുട്ടികളിലും അനീമിയ കണ്ടെത്തുന്നതിനുള്ള 'വിവ പദ്ധതി', അരിവാൾ രോഗ നിയന്ത്രണപരിപാടി എന്നിവ ട്രൈബൽ മേഖലയെ പ്രത്യേകം

പരിഗണിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്. ജീവിതശൈലീരോഗം, അനീമിയ എന്നിവ കണ്ടെത്തുന്ന സാഹചര്യത്തിൽ തുടർചികിത്സ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യകേന്ദ്രങ്ങൾവഴിയാണ് ബന്ധപ്പെട്ട ഇടപെടലുകൾ നടത്തിവരുന്നത്. വയനാട്, അട്ടപ്പാടി, നിലമ്പൂർ മേഖലകളിലാണ് അരിവാൾരോഗ പരിപാടി നടക്കുന്നത്. ഒപ്പം സ്ക്രീൻ ചെയ്യപ്പെടുന്ന മുഴുവൻ ആളുകൾക്കും ഐ.ഡി. കാർഡുകൾ നൽകി ജനിതക വിഷയങ്ങൾ ഉൾപ്പെടെയുള്ള അവബോധവും നടപ്പിലാക്കിവരികയാണ്.

(ഡി) ആദിവാസി നഗറുകളിലെ ആരോഗ്യപ്രശ്നങ്ങൾ കാലതാമസം കൂടാതെ ആരോഗ്യ വകുപ്പ് ജീവനക്കാരെ അറിയിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ കാലതാമസം കൂടാതെ ആരോഗ്യ വകുപ്പ് ജീവനക്കാരെ അറിയിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എങ്കിലും ആദിവാസി മേഖലയിലെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയാരോഗ്യ ദൗത്യം, പട്ടിക വർഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന ആദിവാസി മേഖലയിൽ വിവിധ ജില്ലകളിലായി 48 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

ശ്രുതിതരംഗം പദ്ധതി

150(3951) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രവണവൈകല്യം നേരിടുന്ന 5 വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാനായി നടപ്പിലാക്കുന്ന ശ്രുതിതരംഗം പദ്ധതിയിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് മുൻപായി അടിയന്തര സാഹചര്യങ്ങളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തേണ്ടിവരുന്ന കുട്ടികളെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാതെതന്നെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രുതിതരംഗം പദ്ധതിപ്രകാരം സർജറി വിഭാഗത്തിൽ ലഭിക്കുന്ന വൈദ്യശാസ്ത്രപരമായി അടിയന്തരപ്രാധാന്യമുള്ള അപേക്ഷകൾ (ഉദാ: മെനിഞ്ചൈറ്റിസ് ബാധയുടെ അനന്തരഫലമായുണ്ടാകുന്ന ഗുരുതരമായ കേൾവി തകരാറുകൾ) ഇതിനോടകംതന്നെ ഈ രീതി അവലംബിച്ച് തീർപ്പാക്കിവരുന്നുണ്ട്. ഇതിനായി പദ്ധതിയുടെ സാങ്കേതിക സമിതിയുടെ പരിശോധനകൾ ദ്രുതഗതിയിൽ പൂർത്തിയാക്കുകയും യോഗ്യരായവർക്ക് അംഗീകാരവും ആശുപത്രിതലത്തിൽനിന്നുള്ള സേവനങ്ങളും നൽകിവരുന്നുണ്ട്.

ആശാ വർക്കർമാർ

151(3952) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാ പദ്ധതിക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചത് എപ്പോഴാണ്; കേരളമടക്കം മറ്റ് സംസ്ഥാനങ്ങളിൽ ഈ പദ്ധതിക്ക് തുടക്കം കുറിച്ചത് എപ്പോഴാണെന്നത് സംസ്ഥാനവും

വർഷവും തിരിച്ച് വ്യക്തമാക്കാമോ?

2006-ലാണ് ആശാ പദ്ധതിക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചത്. കേരളത്തിൽ 2007-ലാണ് പദ്ധതി നടപ്പിലാക്കിയത്. മറ്റ് സംസ്ഥാനങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.

(ബി) കേരളത്തിൽ തുടക്കത്തിൽ എത്ര ആശാ വർക്കർമാരുണ്ടായിരുന്നെന്നും നിലവിൽ എത്രപേരുണ്ടെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ജില്ല	**നിലവിലുള്ള ആശമാരുടെ എണ്ണം**	**തുടക്കത്തിൽ സേവനത്തിലുണ്ടായിരുന്ന ആശമാരുടെ എണ്ണം**
തിരുവനന്തപുരം	2563	3470
കൊല്ലം	1951	2729
പത്തനംതിട്ട	1041	1345
ആലപ്പുഴ	1965	2375
കോട്ടയം	1540	1965
ഇടുക്കി	1042	1220
എറണാകുളം	2375	2170
തൃശ്ശൂർ	2341	2940
പാലക്കാട്	2317	2686
മലപ്പുറം	3165	3822
കോഴിക്കോട്	2040	2777
വയനാട്	922	835
കണ്ണൂർ	1936	2354
കാസർഗോഡ്	927	1100
ആകെ	26125	31788

മാനദണ്ഡങ്ങൾ

അതത് വാർഡ്/ഡിവിഷൻ പരിധിയിലെ സ്ഥിരതാമസക്കാരിൽനിന്നും ആശാ പ്രവർത്തകരെ തിരഞ്ഞെടുക്കേണ്ടതും തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിൽനിന്നും അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലെ മറ്റ് വാർഡുകളിൽനിന്നുമുള്ളവരെ പരിഗണിക്കാവുന്നതുമാണ്. ഇവർ വിവാഹിതരും 25-നും 45-നും ഇടയിൽ പ്രായമുള്ളവരും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായിരിക്കണം. കൂടാതെ നേതൃപാടവവും ആശയവിനിമയശേഷിയും വിവേചനരഹിതമായി സമൂഹത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന വ്യക്തിയുമായിരിക്കണം. ഇങ്ങനെ ആശയെ തിരഞ്ഞെടുക്കുന്നത് താഴെപ്പറയുന്ന വ്യക്തികളടങ്ങിയ അഞ്ചംഗ കമ്മിറ്റിയായിരിക്കും.

1.പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ/കോർപറേഷൻ മേയർ

2.ബന്ധപ്പെട്ട വാർഡ് മെമ്പർ/കൗൺസിലർ

3.ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ സൂപ്രണ്ട്/മെഡിക്കൽ ഓഫീസർ

4.വാർഡ് ഉൾപ്പെടുന്ന സബ് സെന്ററിന്റെ ചുമതലയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

5.ഡിസ്ട്രിക്ട് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ പ്രതിനിധി/ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ നിർദേശിക്കുന്ന വ്യക്തി

ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആശയുടെ വിവരം ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജരെ രേഖാമൂലം അറിയിക്കുകയും അംഗീകാരം നേടിയതിനുശേഷം ആവശ്യമായ പ്രാഥമിക പരിശീലനങ്ങൾ പൂർത്തിയാക്കിയെന്ന് ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ സാക്ഷ്യപ്പെടുത്തി ഫീൽഡുതല പ്രവർത്തനങ്ങൾക്ക്

വിനിയോഗിക്കുന്നതുമാണ്.

(സി) ഇവർക്ക് ശമ്പളമാണോ ഓണറേറിയമാണോ നൽകുന്നതെന്നും ഓണറേറിയം ആണെങ്കിൽ ശമ്പള വ്യവസ്ഥിതിയിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

ഇവർക്ക് സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽനിന്നും ഓണറേറിയവും കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും 60:40 എന്ന അനുപാതത്തിൽ ഇൻസെന്റീവുകളുമാണ് നൽകുന്നത്. ആശാ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ ആശമാരെ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവരുന്നത് കേന്ദ്രസർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.

(ഡി) കേരളത്തിൽ ആശാവർക്കർമാർക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് കേന്ദ്രസംസ്ഥാന വിഹിതംതിരിച്ച് വ്യക്തമാക്കാമോ?

ഓരോ ആശമാർക്കും അവർ ചെയ്യുന്ന സേവനങ്ങൾക്കനുസരിച്ച് വിവിധ സ്കീമുകളിലൂടെ 3,000 രൂപ വരെ ഇൻസെന്റീവുകളും 3,000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവും പ്രതിമാസം 200 രൂപ ടെലിഫോൺ അലവൻസും സംസ്ഥാന സർക്കാർ മാസം തോറും നൽകുന്ന 7,000 രൂപ ഓണറേറിയവും നൽകിവരുന്നു. ഇതിൽ ഇൻസെന്റീവുകളും ടെലിഫോൺ അലവൻസും 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നു. ഓണറേറിയം മുഴുവൻ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽനിന്നുമാണ് അനുവദിക്കുന്നത്.

(ഇ) സർക്കാർ നിർദ്ദേശിച്ച ചില മാനദണ്ഡങ്ങൾ പൂർത്തിയാക്കിയാൽ മാത്രമെ

പ്രതിമാസ ഓണറേറിയം ആശാ വർക്കർമാർക്ക് ലഭിക്കുകയുള്ള എന്ന് നിയമമുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രതിമാസ ഓണറേറിയം 7,000 രൂപ 10 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നൽകിവന്നിരുന്നത്. പ്രസ്തുത 10 മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഡ് ആരോഗ്യ റിപ്പോർട്ട് തയ്യാറാക്കുക
2. വാർഡ് അവലോകന യോഗം നടത്തുക
3. ജനകീയ ആരോഗ്യ കേന്ദ്രത്തിലെ (സബ് സെന്റർ) അവലോകന യോഗത്തിൽ പങ്കെടുക്കുക.
4. ആശുപത്രിയിൽ ഒരു ഡ്യൂട്ടി (DH, TH, THQH, UPHC, UHWC, CHC, FHC, PHC)
5. ചൊവ്വ - സ്ത്രീകൾ, കുട്ടികൾ, കൗമാരക്കാർക്കുള്ള ക്ലിനിക്
   മാസത്തിൽ ഒരു ഡ്യൂട്ടി (well women clinic) @ ജനകീയ ആരോഗ്യ കേന്ദ്രത്തിലോ അതത് വാർഡിലെ Out Reach
6. വ്യാഴം - ജീവിതശൈലീ രോഗികൾ, വയോജനങ്ങൾ (NCD Clinic) എന്നിവരുടെ ക്ലിനിക് - മാസത്തിൽ ഒരു ഡ്യൂട്ടി ജനകീയ ആരോഗ്യ കേന്ദ്രത്തിലോ അതത് വാർഡിലെ Out Reach
7. പാലിയേറ്റീവ് കെയർ ഡ്യൂട്ടി (Home care, follow up) മാസത്തിൽ ഒരു ഡ്യൂട്ടി
8. ഔട്ട് റീച്ച് കുത്തിവയ്പ് -മാസത്തിൽ ഒരു ഡ്യൂട്ടി
9. ജനകീയ ആരോഗ്യ കേന്ദ്രത്തിലെ വിഷയാധിഷ്ഠിത ക്ലിനിക്കുകളിലും ഗ്രൂപ്പ് യോഗങ്ങളിലും പങ്കെടുക്കുന്നതിന്
10. ഒറ്റയ്ക്ക് താമസിക്കുന്നവർ, അതിദരിദ്രർ, കട്ടിലിൽനിന്നും എഴുന്നേൽക്കാൻ പരസഹായം ആവശ്യമുള്ളതും 60 വയസ് കഴിഞ്ഞവരുമായ 15 വീടുകളിൽ സന്ദർശനം നടത്തി ആവശ്യമായ സേവനങ്ങൾ നൽകുക

എന്നാൽ 2025 ജനുവരി മുതൽ 10 മാനദണ്ഡങ്ങളിൽ 5 എണ്ണം പൂർത്തീകരിച്ചാൽ മുഴുവൻ

ഓണറേറിയമായ 7,000 രൂപ ലഭിക്കുന്നതാണെന്നും നിശ്ചയിച്ചിരുന്നു. നിലവിൽ ആശമാർക്ക് മാനദണ്ഡങ്ങൾ ഒഴിവാക്കി ഓണറേറിയം അനുവദിക്കുന്നതിന് 12-03-2025-ലെ സ.ഉ.(സാധാ)നം.736/2025/ആ.കു.വ. ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ആശാ വർക്കർമാർക്ക് നൽകാനുള്ള കേന്ദ്രവിഹിതത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ അതിന്റെ വർഷംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ബജറ്റിൽ അനുവദിച്ച തുകയ്ക്കുപുറമെ അധികതുക കേന്ദ്രം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വർഷംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷം ആശമാർക്ക് നൽകാനുള്ള ഇൻസെന്റീവ് ഉൾപ്പെടെയുള്ള കേന്ദ്രവിഹിതം കുടിശ്ശികയാണ്. പ്രസ്തുത സാമ്പത്തിക വർഷത്തിൽ നാഷണൽ ഹെൽത്ത് മിഷന്റെ ക്യാഷ് ഗ്രാന്റ് ഇനത്തിലുള്ള കേന്ദ്രവിഹിതം 358.61 കോടി രൂപയാണ് കുടിശ്ശികയായത്. മറ്റ് സംസ്ഥാനങ്ങൾക്ക് എന്നപോലെ ചെയ്യുന്ന പ്രവർത്തനങ്ങൾക്കനുസൃതമായി 2024-25 സാമ്പത്തിക വർഷത്തിൽ കേരളം പൂർത്തിയാക്കിയ പ്രവർത്തനങ്ങൾക്ക് ബജറ്റ് വിഹിതം ഉൾപ്പെടെ ആകെ 1,249.79 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (467.48 കോടി രൂപ ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള ക്യാഷ് ഗ്രാന്റ് ഇനത്തിലും 722.68 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് ഇനത്തിലുള്ള റീ-ഇംബേഴ്സ്മെന്റായും 59.63 കോടി രൂപ കേന്ദ്രത്തിൽനിന്നും നേരിട്ട് ലഭിക്കുന്ന മരുന്നും മറ്റ് അനുബന്ധ സാധനങ്ങളായും).

(ജി) ആശാ വർക്കർമാർക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നൽകുന്ന ഓണറേറിയം എത്രയാണെന്ന കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടെങ്കിൽ വിശദാംശം

നൽകാമോ?

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങൾ ആശമാർക്ക് നൽകുന്ന ഓണറേറിയം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അവശ്യമരുന്നുകളുടെ സംഭരണം

152(3953) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എം.ഇ./ഡി.എച്ച്.എസ്. എന്നിവ ആവശ്യപ്പെട്ടപ്രകാരമുള്ള അവശ്യമരുന്നുകളുടെ സംഭരണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുക ആവശ്യമായിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; നാളിതുവരെ എത്ര തുക അനുവദിച്ചു നൽകി; എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ചു വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ആവശ്യപ്പെട്ടപ്രകാരമുള്ള മരുന്നുകളുടെ സംഭരണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ 934.28 കോടി രൂപ ആവശ്യമാണെന്നാണ് കണക്കാക്കിയിരുന്നത്. നടപ്പുസാമ്പത്തിക വർഷത്തിൽ ഈ ആവശ്യത്തിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന് ബജറ്റിൽ അനുവദിച്ചിരുന്ന 356.4 കോടി രൂപയും കൂടാതെ അഡീഷണൽ ഓതറൈസേഷനായി 150 കോടി രൂപയുംകൂടി അനുവദിച്ചുനൽകിയിട്ടുണ്ട്. മേൽപ്രകാരം ആകെ അനുവദിച്ച 506.4 കോടി രൂപയും നടപ്പുസാമ്പത്തിക വർഷത്തേക്കുള്ള അവശ്യമരുന്നുകളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭരണത്തിനായി ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) ഡി.എം.ഇ./ഡി.എച്ച്.എസ്. എന്നിവ ആവശ്യപ്പെട്ടപ്രകാരമുള്ള അവശ്യമരുന്നുകളുടെ സംഭരണത്തിനായി 2025-26 സാമ്പത്തിക വർഷത്തിൽ എത്ര തുക ആവശ്യമായിവരുമെന്നാണ് കണക്കാക്കിയത്; 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ആവശ്യപ്പെട്ടപ്രകാരമുള്ള മരുന്നുകളുടെ സംഭരണത്തിനായി 2025-26 സാമ്പത്തിക വർഷം 1014.92 കോടി രൂപ ആവശ്യമായിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി 356.4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ആശാപ്രവർത്തകർക്ക് നൽകിവരുന്ന ഓണറേറിയം

153(3954) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ, സിക്കിം സർക്കാരിനോട് സിക്കിമിലെ ആശാപ്രവർത്തകർക്ക് നൽകിവരുന്ന ഓണറേറിയം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച ഇ-മെയിൽ/രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സിക്കിം സർക്കാർ നൽകിയ മറുപടിയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ചില ആശമാർ ഓണറേറിയത്തിൽ വർധനവ്

ആവശ്യപ്പെട്ട് സമരത്തിലായതിനാൽ ഇതരസംസ്ഥാനങ്ങളിലെ ആശമാരുടെ ഓണറേറിയം സംബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷൻ സംസ്ഥാന മിഷനിൽനിന്നും വിവരശേഖരണം നടത്തിയിരുന്നു. സിക്കിമിലെ ആശ ഓണറേറിയം ഉത്തരവ് ലഭിക്കുന്നതിനായി നോഡൽ ഓഫീസറെ ബന്ധപ്പെട്ടപ്പോൾ 6,000 രൂപയുടെ ഉത്തരവാണ് നിലവിലുള്ളത് എന്നാണ് 2025 ഫെബ്രുവരി മാസത്തിൽ അറിയിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

2023-24 സാമ്പത്തിക വർഷത്തിൽ ആശാവർക്കർമാരുടെ കേന്ദ്ര വിഹിതം നഷ്ടപ്പെടാനുള്ള കാരണം

154(3955) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ ആശാ വർക്കർമാരുടെ ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ആശമാർക്ക് ഓണറേറിയം അനുവദിക്കുന്നത് സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽനിന്നാണ്. കേന്ദ്ര-സർക്കാർ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിലൂടെ അനുവദിക്കുന്നത് ആശമാരുടെ ഇൻസെന്റീവാണ്. അതിനായി 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചത് 112.73 കോടി രൂപയാണ്. എന്നാൽ ക്യാഷ് ഗ്രാന്റ് ഒന്നുംതന്നെ ആ സാമ്പത്തിക വർഷത്തിൽ കേന്ദ്രം അനുവദിച്ചിട്ടില്ല. 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ നാഷണൽ ഹെൽത്ത് മിഷന് ആ സാമ്പത്തിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വർഷത്തിൽ കുടിശ്ശികയായത് (278.27 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് ഇനത്തിലും 358.61 കോടി രൂപ ദേശീയ ആരോഗ്യ മിഷന്റെ പദ്ധതികൾക്കുള്ള ക്യാഷ് ഗ്രാന്റ് ഇനത്തിലും).

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ഇനി എത്ര തുക ലഭിക്കാനുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് തുക ലഭിക്കാനുള്ളതെന്നും അറിയിക്കുമോ; പ്രസ്തുത തുക കുടിശ്ശികയാകാനുള്ള കാരണം എന്തായിരുന്നു എന്നറിയിക്കുമോ; ഈ തുക ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്ന് 636.88 കോടി രൂപയാണ് കേന്ദ്ര വിഹിതത്തിൽ ലഭിക്കാനുള്ളത്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പദ്ധതികൾക്കുള്ള ക്യാഷ് ഗ്രാന്റ് ഇനത്തിൽ 358.61 കോടി രൂപ ആ വർഷം ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ മാർഗനിർദേശപ്രകാരം കേന്ദ്രത്തിൽനിന്ന് ഫണ്ട് ലഭിക്കാൻ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ എല്ലാംതന്നെ സംസ്ഥാനം പാലിച്ചിരുന്നുവെങ്കിലും ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളുടെ ബ്രാൻഡിങ് കൂടി വേണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചു. ഇതുമായി ബന്ധപ്പെട്ട് കോ-ബ്രാൻഡിങ് പൂർത്തിയാക്കിയതായും ദേശീയ ആരോഗ്യ മിഷൻ പദ്ധതിയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങൾ പൂർത്തീകരിച്ചതായും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിരുന്നു. അതിനെത്തുടർന്ന് ആയുഷ്മാൻ ഭാരത് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളുടെ പേര് 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' എന്ന് പുനർനാമകരണം

ചെയ്യണമെന്നും പുതിയ ബ്രാൻഡിങ് ഡിസംബർ 31-നകം പൂർത്തീകരിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു. കോ ബ്രാൻഡിങ് സാധ്യമാക്കി കേന്ദ്രം നിഷ്കർഷിച്ച എല്ലാ നിബന്ധനകളും പൂർത്തീകരിക്കുമെന്ന് സംസ്ഥാനം ഉത്തരവ് പുറപ്പെടുവിച്ചിട്ടും 2023-24-ലെ ക്യാഷ് ഗ്രാന്റ് സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല.

വനിതകളിലെ കാൻസർ രോഗസാധ്യത നിർണയം

155(3956) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വനിതകളിലെ കാൻസർ രോഗസാധ്യത നിർണ്ണയിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ നടപ്പിലാക്കിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ 30 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കും ഒരു വർഷംകൊണ്ട് കാൻസർ രോഗസാധ്യത കണ്ടെത്തുന്നതിനും കണ്ടെത്തുന്നവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 മാസം നീണ്ടുനിൽക്കുന്ന ക്യാമ്പയിനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യഘട്ടമായി ലോക കാൻസർ ദിനമായ ഫെബ്രുവരി 4 മുതൽ ലോക വനിതാ ദിനമായ മാർച്ച് 8 വരെ സ്ത്രീകൾക്ക് മാത്രമായി സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവ നിർണ്ണയിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ ഊർജിതമായി നടത്തുകയുണ്ടായി. ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ കാൻസർ സ്ക്രീനിങ് ക്ലിനിക്കുകളും ക്യാമ്പുകളും സജ്ജീകരിക്കുകയും 30 വയസ്സ് കഴിഞ്ഞ സ്ത്രീകളെ ഇവിടേക്കെത്തിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീ

സംഘടനകൾ, കുടുംബശ്രീ, സന്നദ്ധസംഘടനകൾ, വനിതാ വികസനത്തിനായി പ്രവർത്തിക്കുന്ന സംഘങ്ങൾ, വിവിധ വകുപ്പുകളിലെ സ്ത്രീ ജീവനക്കാർ, സ്വകാര്യ മേഖലയിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്ത്രീ ജീവനക്കാർ, ടെക്നോപാർക്കിലെ സ്ത്രീ ജീവനക്കാർ തുടങ്ങി സമസ്ത മേഖലകളിലെയും സ്ത്രീ ജീവനക്കാരുടെ സഹകരണം ഈ പദ്ധതിക്ക് ലഭിച്ചിരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളുടെയും സന്നദ്ധ സംഘടനകൾ നടത്തുന്ന ആതുരാലയങ്ങളുടെയും സഹകരണം ഈ പദ്ധതിക്ക് നിർലോഭമായി ലഭിച്ചിരുന്നു. ഈ കാലയളവിൽ 1270948 പേർ സ്ത്രീനിങ്ങിന് വിധേയമായിട്ടുണ്ട്. 45516 പേരെ വിവിധ കാൻസറുകൾ സ്ഥിരീകരിക്കുന്നതിനായി വിദഗ്ധ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തിട്ടുണ്ട്. ഇതിൽ 24869 പേരെ ഗർഭാശയഗളാർബുദത്തിനായും 2692 പേരെ വദനാർബുദത്തിനായും 21894 പേരെ സ്തനാർബുദത്തിനായും റഫർ ചെയ്തിട്ടുണ്ട്. നൂറിൽപരം പുതിയ കാൻസർ കേസുകൾ സ്ഥിരീകരിക്കുവാൻ സാധിച്ചുവെന്നത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ സാധൂകരിക്കുന്നു. എല്ലാ പ്രാഥമികതല ആരോഗ്യകേന്ദ്രങ്ങളിലും കാൻസർ നിർണ്ണയത്തിനായി പരിശോധനാ സംവിധാനങ്ങളേർപ്പെടുത്തുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു. ഇ-ഹെൽത്ത് വികസിപ്പിച്ച കാൻസർ കെയർ പോർട്ടൽ വിവരശേഖരണത്തിനായി വിജയകരമായി പ്രവർത്തിച്ചുവരുന്നു. കാൻസറിനെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ വർധിപ്പിക്കുന്നതിന് പതിനായിരത്തിലധികം ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഇപ്രകാരം കണ്ടെത്തുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ ഒരുക്കുന്നതിനുള്ള നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് പൂർണ്ണമായും സൗജന്യമാക്കിക്കൊണ്ടും എ.പി.എൽ.

വിഭാഗത്തിലുള്ളവർക്ക് സൗജന്യനിരക്കിലുമാണ് പരിശോധനകൾ നടത്തിവരുന്നത്. ഈ ക്യാമ്പയിനിന്റെ തുടർച്ചയായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും കാൻസർ സ്ക്രീനിങ്ങിനായി പ്രത്യേക ക്ലിനിക്കുകളും സംവിധാനങ്ങളും ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. തുടർപരിശോധനകൾക്കായി റഫർ ചെയ്യപ്പെടുന്നവർ കൃത്യമായി പരിശോധനകൾക്ക് വിധേയമാകുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പാക്കുന്നതിനായി വകുപ്പിൽ പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ട്. കാൻസർ സ്ക്രീനിങ്ങിൽ രോഗം സംശയിക്കുന്നവർക്ക് തുടർപരിശോധനകൾക്കായി ഹയർ സെന്ററുകളിലേക്ക് റഫർ ചെയ്യുന്നു. ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ത്രിതീയതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ മാമോഗ്രാം, അൾട്രാസൗണ്ട് സ്കാൻ, പാപ്സ്മിയർ, കോൾപോസ്കോപ്പി, FNAC, ബയോപ്സി മുതലായ സൗകര്യങ്ങളും തുടർപരിശോധനകൾക്കായി ഒരുക്കിയിട്ടുണ്ട്. സ്വകാര്യമേഖലയിലുള്ള ആശുപത്രികളെയും ഈ പരിപാടിയിൽ ഭാഗമാക്കിയിട്ടുണ്ട്. ഇതിലൂടെ രോഗം സ്ഥിരീകരിക്കുന്നവരെ കാൻസർ രോഗ ചികിത്സക്കായി മെഡിക്കൽ കോളേജുകൾ, ത്രിതീയതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിലേക്ക് റഫർ ചെയ്ത് ചികിത്സ ഉറപ്പാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക കോർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. റേഡിയോതെറാപ്പി, ജനറൽ സർജറി, ഗൈനക്കോളജി, റേഡിയോ ഡയഗ്നോസിസ്, പത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ വകുപ്പുതലവൻമാർ കമ്മിറ്റിയിൽ മെമ്പർമാരാണ്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. പ്രതിദിന അവലോകനം മെഡിക്കൽ

കോളേജുകളിൽ നടന്നുവരുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെകീഴിൽ സമൂഹത്തിൽ കണ്ടുവരുന്ന പ്രധാനപ്പെട്ട കാൻസറുകളായ സ്തനാർബുദം, ഗർഭാശയഗളാർബുദം, വദനാർബുദം എന്നിവയുടെ മുൻകൂർ രോഗനിർണ്ണയവും തുടർനിരീക്ഷണവും നടന്നുവരുന്നു. ആർ.സി.സി.-യുടെ നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ നീണ്ടകരയിലും എറണാകുളം ജില്ലയിലെ കലൂരിലും പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും പ്രവർത്തിക്കുന്ന മുൻകൂർ രോഗനിർണ്ണയകേന്ദ്രങ്ങളിൽ ഈ സേവനങ്ങൾ ലഭ്യമാണ്. സംസ്ഥാനത്ത് മുൻകൂർ രോഗനിർണ്ണയത്തിനായി സമൂഹത്തിലെ എല്ലാതട്ടിലുള്ള ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിലാണ് സംസ്ഥാന ഗവൺമെന്റ് കാൻസർ ഗ്രിഡ് രൂപീകരിച്ചത്. ഗ്രിഡ് ആശുപത്രികളിൽ തുടർപരിശോധനക്കും നിരീക്ഷണത്തിനും സൗകര്യം ലഭ്യമാണ്.

'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' പരിപാടിയുടെ ഭാഗമായി എം.സി.സി. (പി.ജി.ഐ.എ.എസ്.ആർ.)-യിൽ ഒരു സ്ക്രീനിങ് ഡെസ്ക് പ്രവർത്തനമാരംഭിച്ചു. ജീവനക്കാരും പൊതുജനങ്ങളും ആ സേവനം വിനിയോഗിച്ചു. 202 ആളുകൾ സ്ക്രീൻ ചെയ്യപ്പെട്ടു. (സ്തനപരിശോധന-193, ഗർഭാശയഗളപരിശോധന-177, പാപ്സ്മിയർ പരിശോധന-175, മാമോഗ്രാം - 38, അൾട്രാസൗണ്ട് സ്കാൻ-15). ഈ പരിശോധനയിലൂടെ രോഗം നിർണ്ണയിക്കപ്പെട്ട 7 പേർ എം.സി.സി.-യിൽ ചികിത്സയിലാണ്. ഈ പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി MLSP, ഡോക്ടർമാർ, ടെക്നീഷ്യന്മാർ എന്നിവർക്ക് പരിശീലനം നൽകി. കൂടാതെ പി.എച്ച്.സി./എഫ്.എച്ച്.സി.-കളിൽ നേരത്തെ അർബുദം നിർണ്ണയിക്കുന്നതിനുള്ള ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങളും

പരിശീലനവും നൽകിക്കഴിഞ്ഞു.

ആശാവർക്കർമാരുടെ ഓണറേറിയം

156(3957) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രസർക്കാരിൽനിന്നും ഓരോ സാമ്പത്തിക വർഷവും ആശാ വർക്കർമാരുടെ ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി എത്ര തുക വീതം ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക വീതം ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും എത്ര തുക ഏതൊക്കെ ഇനത്തിൽ കുടിശ്ശിക ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനംതിരിച്ചു ലഭ്യമാക്കുമോ?

ആശാ വർക്കർമാരുടെ ഓണറേറിയത്തിനുള്ള തുക മുഴുവനും സംസ്ഥാന ബജറ്റിൽ വകയിരുത്തിയാണ് നൽകുന്നത്. ഇവർക്കുള്ള ഇൻസെന്റീവ് മാത്രമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ നൽകുന്നത്. 2021-22 സാമ്പത്തിക വർഷം മുതൽ കേന്ദ്രത്തിൽനിന്നും എൻ.എച്ച്.എം. പദ്ധതിയിൽ ആശാ വർക്കർമാർക്കുള്ള ഇൻസെന്റീവിന് ഉൾപ്പെടെ കേന്ദ്രവിഹിതമായി ലഭിച്ച ക്യാഷ് ഗ്രാന്റ് ചുവടെ സൂചിപ്പിക്കുന്നത് പ്രകാരമാണ്.

വർഷം	**ഗ്രാന്റ്** **(രൂപ കോടിയിൽ)**
2021-22	327.25
2022-23	603.64
2023-24	0
2024-25	467.48

ഈ തുകയോടൊപ്പം ആനുപാതിക സംസ്ഥാനവിഹിതവും ചേർത്ത് എൻ.എച്ച്.എം.-ന്റെ വിവിധ പദ്ധതികൾക്ക് ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്രം അംഗീകരിച്ച 2,522 കോടി രൂപയുടെ പദ്ധതികളുടെ പദ്ധതി അടങ്കൽ തുക 1,376.7 കോടി രൂപയായിരുന്നു (826.02 കോടി രൂപ കേന്ദ്രവിഹിതവും 550.68 കോടി രൂപ സംസ്ഥാനവിഹിതവും). അപ്രകാരം കേന്ദ്രവിഹിതത്തിൽ ലഭിക്കേണ്ടിയിരുന്ന 826.02 കോടി രൂപയിൽ 189.14 കോടി രൂപ മാത്രമാണ് 2023-24 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ചത്. അത്തരത്തിൽ 636.88 കോടി രൂപയാണ് കേന്ദ്രവിഹിതത്തിൽ ആ വർഷം എൻ.എച്ച്.എം.-ന് ലഭിക്കേണ്ട തുകയിൽ കുടിശ്ശികയായത്.

(ബി) സംസ്ഥാന സർക്കാർ തുക ചെലവഴിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലോ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിനാലോ ഏതെങ്കിലും ഫണ്ട് നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ തുക ചെലവഴിക്കുന്നതിലെ മാനദണ്ഡമല്ല, എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും പുനർനാമകരണം വേണമെന്ന നിബന്ധനയാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചത്. കോ-ബ്രാൻഡിങ് പൂർത്തീകരിച്ചുകൊണ്ട് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ കേന്ദ്രസർക്കാരിനെ അറിയിക്കുകയും ആരോഗ്യ കേന്ദ്രങ്ങളുടെ ഫോട്ടോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അപ്‌ലോഡ് ചെയ്യുകയും കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ആശാ വർക്കർമാർമാരുടെ നിയമനരീതി

157(3958) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാ വർക്കർമാരുടെ നിയമനരീതി എങ്ങനെയാണെന്ന് വിശദമാക്കുമോ?

അതത് വാർഡ്/ഡിവിഷൻ പരിധിയിലെ സ്ഥിര താമസക്കാരിൽനിന്നാണ് ആശാപ്രവർത്തകരെ തിരഞ്ഞെടുക്കേണ്ടതെങ്കിലും തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിൽനിന്നും അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ മാത്രം തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലെ മറ്റ് വാർഡുകളിൽനിന്നുമുള്ളവരെ പരിഗണിക്കാവുന്നതുമാണ്. ഇവർ വിവാഹിതരും 25-നും 45-നും ഇടയിൽ പ്രായമുള്ളവരും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായിരിക്കണം. കൂടാതെ നേതൃപാടവവും ആശയവിനിമയശേഷിയും വിവേചനരഹിതമായി സമൂഹത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന വ്യക്തിയുമായിരിക്കണം. ഇങ്ങനെ ആശാപ്രവർത്തകരെ തിരഞ്ഞെടുക്കുന്നത് താഴെപ്പറയുന്ന വ്യക്തികളടങ്ങിയ അഞ്ചംഗ കമ്മിറ്റിയായിരിക്കും.

1. പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർപേഴ്സൺ/കോർപറേഷൻ മേയർ

2. ബന്ധപ്പെട്ട വാർഡ് മെമ്പർ/ കൗൺസിലർ

3. ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർ

4. വാർഡ് ഉൾപ്പെടുന്ന സബ് സെന്ററിന്റെ ചുമതലയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

5. ഡിസ്ട്രിക്ട് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ പ്രതിനിധി/ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ നിർദേശിക്കുന്ന വ്യക്തി

ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആശയുടെ വിവരം ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജരെ രേഖാമൂലം അറിയിച്ച് അംഗീകാരം നേടിയതിനുശേഷം ആവശ്യമായ പ്രാഥമിക പരിശീലനങ്ങൾ പൂർത്തിയാക്കിയെന്ന് ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ സാക്ഷ്യപ്പെടുത്തി ഫീൽഡുതല പ്രവർത്തനങ്ങൾക്ക് വിന്യസിക്കുന്നതുമാണ്.

(ബി) ആശാവർക്കർമാർക്ക് എന്നുമുതലാണ് ഇൻസെന്റീവ് മാറ്റി ഓണറേറിയം നൽകാൻ തീരുമാനിച്ചതെന്നും വിശദമാക്കുമോ?

ഇപ്രകാരം തീരുമാനിച്ചിട്ടില്ല. ആശമാർക്ക് ഇൻസെന്റീവുകളും ഓണറേറിയവും നൽകിവരുന്നുണ്ട്. ആശമാർക്ക് ഫിക്സഡ് ഇൻസെന്റീവുകളും ചെയ്യുന്ന സേവനങ്ങൾക്കനുസരിച്ച് വിവിധ ആരോഗ്യ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സർക്കാർ വിഹിതത്തിൽനിന്നും സംസ്ഥാന വിഹിതത്തിൽനിന്നും 60:40 എന്ന അനുപാതത്തിൽ നൽകിവരുന്നുണ്ട്. ഓണറേറിയം മുഴുവനായും സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽനിന്നുമാണ് നൽകുന്നത്.

(സി) ഓണറേറിയം നൽകുന്നതിൽ കേന്ദ്രസർക്കാർ നൽകേണ്ട വിഹിതത്തിൽ കുടിശ്ശികയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയാണെന്നും എന്നുമുതലാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ഓണറേറിയം മുഴുവനായും സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽനിന്നുമാണ്

നൽകുന്നത്.

(ഡി) ആശാ വർക്കർമാർക്ക് നൽകിവരുന്ന ഓണറേറിയം തുക ഇതരസംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങൾ ആശമാർക്ക് നൽകുന്ന ഓണറേറിയം സംബന്ധിച്ച തുക വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മെഡിക്കൽ പി.ജി. വിദ്യാർഥികൾക്ക് ലീവ്, സ്റ്റൈപൻഡ് എന്നിവ അനുവദിക്കുന്നതിന് നടപടി

158(3959) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി.ജി. വിദ്യാർഥികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ലീവ്, സ്റ്റൈപ്പൻഡ് എന്നിവ അനുവദിക്കുന്നതിന് പല സ്വകാര്യ മെഡിക്കൽ കോളേജുകളും വീഴ്ചവരുത്തുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് അവരിൽ മാനസികസംഘർഷം രൂപപ്പെടുത്തുന്നതിനും അതുവഴി പഠനം, വ്യക്തി-സാമൂഹ്യ ജീവിതം എന്നിവയെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നതിനാൽ ഇക്കാര്യത്തിൽ വിദ്യാർഥികൾക്ക് നീതി ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ പി.ജി. വിദ്യാർഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിലെ സ്റ്റൈപ്പന്റിനുതുല്യമായ തുക സ്റ്റൈപ്പന്റ് നൽകുവാൻ നിർദേശിച്ച് കേരള ആരോഗ്യ സർവ്വകലാശാല സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രോസ്പെക്ടസ് വ്യവസ്ഥകൾപ്രകാരം മെഡിക്കൽ പി.ജി. വിദ്യാർഥികൾക്ക് പ്രതിവാര അവധിക്കുപുറമെ പ്രതിവർഷം 20 ആകസ്മികാവധിയും കോൺഫറൻസുകളിലും സെമിനാറുകളിലും പങ്കെടുക്കാനായി 15 ദിവസത്തെ പ്രത്യേക അവധിയും അനുവദിക്കുന്നുണ്ട്. കൂടാതെ സ്ത്രീ റസിഡന്റുമാർക്ക് 6 മാസത്തെ പ്രസവാവധിയും അനുവദിക്കുന്നുണ്ട്. മെഡിക്കൽ പി.ജി. വിദ്യാർഥികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ലീവുകൾ അനുവദിക്കുന്നതിനായി കോളേജുകൾക്ക് കേരള ആരോഗ്യ സർവകലാശാല നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, Student Support and Guidance Programme (SSGP) എന്ന പദ്ധതിവഴി വിദ്യാർഥിയുടെ ആരോഗ്യ-മാനസികാരോഗ്യ-പഠന വൈകല്യപ്രശ്നങ്ങളിൽ കേരള ആരോഗ്യ സർവകലാശാല ഫലപ്രദമായി ഇടപെടുന്നുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിലെ അധ്യാപക തസ്തികകൾ

159(3960) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ വിഭാഗം പ്രൊഫസർ തസ്തികയിൽ 2 ഒഴിവുകൾ, അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 2 ഒഴിവുകൾ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 22 ഒഴിവുകൾ എന്നിവ നിലവിലുണ്ട്. ഒഴിഞ്ഞുകിടക്കുന്ന പ്രൊഫസർ തസ്തിക സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. യോഗ്യരായ ഫാക്കൽറ്റികൾ ഇല്ലാത്തതിനാൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക

നികത്താൻ കഴിഞ്ഞിട്ടില്ല. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. കൂടാതെ കണ്ണൂർ മെഡിക്കൽ കോളേജിലെ ബയോകെമിസ്ട്രി, ഫാർമക്കോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഓരോ ഒഴിവുകളും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽനിന്നും നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ആശുപത്രികളുടെ സുഗമമായ നടത്തിപ്പും പരിഗണിച്ച് എൻടി കേഡർ അധ്യാപക തസ്തികകളിൽ, പി.എസ്.സി. വഴി നിയമനം നടക്കുന്നതുവരെ കരാർ വ്യവസ്ഥയിൽ നേരിട്ട് നിയമനം നടത്തുന്നതിന് അതത് കോളേജ് പ്രിൻസിപ്പൽമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ ഡോക്ടർ – രോഗി അനുപാതം

160(3961) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തലത്തിലുള്ള ആരോഗ്യകേന്ദ്രങ്ങളിലും ആശുപത്രികളിലും നിശ്ചിയിച്ചിട്ടുള്ള ഡോക്ടർ-രോഗി അനുപാതം എത്രയാണെന്നും അവ ഏറ്റവുമൊടുവിൽ നിശ്ചയിച്ചത് എന്നാണെന്നും വിശദമാക്കാമോ?

സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961-ലാണ് ഒരു സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുള്ളത്. പിന്നീട് കാലാനുസൃതമായി നിരവധി പരിഷ്കാരങ്ങൾ ആരോഗ്യമേഖലയിൽ സർക്കാർ വരുത്തിയിട്ടുണ്ട്. 1983-ൽ മെഡിക്കൽ വിദ്യാഭ്യാസം

പ്രത്യേക വകുപ്പായി രൂപീകരിക്കപ്പെട്ടു. ഇന്ന് ആരോഗ്യമേഖലയിലെ തസ്തികകളിലും ഉത്തരവാദിത്വങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമാക്കി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സർവീസുകൾ മെച്ചപ്പെടുത്തുന്നതിന് മേജർ ആശുപത്രികളിലും ഘട്ടംഘട്ടമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അധിക തസ്തികകൾ സൃഷ്ടിച്ചുവരുന്നു. കൂടാതെ എൽ.എസ്.ജി.ഡി., എൻ.എച്ച്.എം., എച്ച്.എം.സി., അഡ്ഹോക്ക് മുതലായവപ്രകാരം ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ആവശ്യകത അനുസരിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചുവരുന്നുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിൽ സീറ്റുകൾക്ക് ആനുപാതികമായാണ് ഡോക്ടർമാരെ നിയമിക്കുന്നത്. അതിനായി എൻ.എം.സി. കാലാകാലങ്ങളിൽ മിനിമം സ്റ്റാൻഡേർഡ് റിക്വയർമെന്റ് (MSR) പുറപ്പെടുവിക്കുന്നതിന് അനുസൃതമായാണ് ഡോക്ടർമാരെ നിയമിക്കുന്നത്. പുതുതായി ആരംഭിച്ച ഇടുക്കി, കോന്നി, വയനാട്, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ എൻ.എം.സി. മാനദണ്ഡപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(ബി) രോഗികളുടെ എണ്ണത്തിലെ വർധനവിനനുസരിച്ച് ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും എണ്ണം വർധിപ്പിക്കാത്തത് സംസ്ഥാനത്ത് മെച്ചപ്പെട്ട ചികിത്സ

ഉറപ്പുവരുത്താൻ കഴിയാത്തതിന് കാരണമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആരോഗ്യ രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ ഇത്തരം പരിമിതികൾ പ്രതികൂലമായി ബാധിക്കാൻ ഇടയാക്കിയിട്ടുണ്ടെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാരമാർഗങ്ങളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) മെഡിക്കൽ കോളേജുകളുടെ അക്കാദമിക നിലവാരം ഉയർത്താനും അതോടൊപ്പംതന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മേയ് മുതൽ നാളിതുവരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 4642 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന നവകേരളം കർമ്മ പദ്ധതിയിലൂടെ ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യതലം മുതൽ ആരോഗ്യമേഖലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനായി വിവിധ നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. എല്ലാ ജില്ലകളിലും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റിയടക്കമുള്ള സേവനങ്ങളും താലൂക്ക്, താലൂക്കുതല ആശുപത്രികളിൽ വിവിധ സ്പെഷ്യാലിറ്റിയടക്കമുള്ള സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു. ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കുതല ആശുപത്രി, ഓരോ ബ്ലോക്കിലും ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം എന്നിങ്ങനെ ആർദ്രം പദ്ധതിപ്രകാരം മികവാർന്ന സേവനം ലഭ്യമാക്കിവരുന്നു. ആർദ്രം മാനദണ്ഡപ്രകാരം ഓരോ തലങ്ങളിലായി ആശുപത്രികളെ പരിവർത്തനം ചെയ്യുകയും ടി സ്ഥാപനങ്ങളിലേക്ക് മാനവവിഭവശേഷി പ്രദാനം ചെയ്യുകയും ചെയ്തു. പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ്

ജീവനക്കാരുടെയും തസ്തിക ഘട്ടംഘട്ടമായി സൃഷ്ടിച്ചുവരുന്നു. കൂടാതെ എൽ.എസ്.ജി.ഡി., എൻ.എച്ച്.എം., എച്ച്.എം.സി., കാസ്പ്, അഡ്ഹോക്ക് വ്യവസ്ഥയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ആവശ്യകതയനുസരിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. 2016 മുതൽ നാളിതുവരെ പൊതുജനസേവനം മെച്ചപ്പെടുത്തുന്നതിനായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ആകെ 4325 തസ്തികകൾ ആരോഗ്യവകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.

ആശാ വർക്കർമാർക്ക് നൽകിയിരിക്കുന്ന ചുമതലകൾ

161(3962) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാരെ എന്തെല്ലാം ജോലികൾക്കാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മാതൃ-ശിശുസംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ-ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ

തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന ശ്രുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യ പരിപാടി തുടങ്ങിയവയാണ് ആശാപ്രവർത്തകരുടെ പ്രധാന ചുമതലകൾ.

(ബി) ആശാ വർക്കർമാർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട എന്തെല്ലാം പരിശീലന ബോധവൽക്കരണ പരിപാടികളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ എല്ലാ ആശമാർക്കും രണ്ട് ഘട്ടങ്ങളിലായി കമ്പ്യൂട്ടർ പരിശീലനം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ ഒന്നാം ഘട്ടത്തിൽ 24046 ആശമാരും രണ്ടാം ഘട്ടത്തിൽ 20988 ആശമാരും ടെയിനിങ് പൂർത്തിയാക്കി. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ ഒരു സ്ഥാപനത്തിനുകീഴിലെ 4 ആശമാരെ തിരഞ്ഞെടുത്ത് അക്ഷയ കേന്ദ്രം വഴി 5028 ആശമാർക്ക് കമ്പ്യൂട്ടർ റിഫ്രഷർ പരിശീലനവും നൽകി. അത്തരത്തിൽ റിഫ്രഷർ പരിശീലനത്തിൽ ആശമാരെ തിരഞ്ഞെടുത്തപ്പോൾ രണ്ട് ഘട്ടങ്ങളിലും കമ്പ്യൂട്ടർ പരിശീലനം പൂർത്തിയാകാത്തവർക്ക് മുൻഗണന നൽകാൻ നിർദ്ദേശവും നൽകിയിരുന്നു.

കേരള സാക്ഷരതാ അതോറിറ്റിയുടെ സഹായത്തോടെ 2022-23 സാമ്പത്തിക വർഷത്തിൽ 2039 ആശമാരെ പത്താം തരം തുല്യത കോഴ്സിന് പ്രവേശിപ്പിച്ചു. കൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ 729 ആശമാരെ കേരള സാക്ഷരതാ അതോറിറ്റിയുടെ പന്ത്രണ്ടാംതരം കോഴ്സിനും പ്രവേശിപ്പിച്ചു.

(സി) ആശാ വർക്കർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവർത്തകർക്ക് നിലവിൽ ഓണറേറിയവും ഇൻസെന്റീവുമായി നൽകുന്ന തുക, ഈ

ഇനത്തിൽ ഇതരസംസ്ഥാനങ്ങൾ നൽകിവരുന്ന തുകയുമായി താരതമ്യം ചെയ്ത് അറിയിക്കാമോ?

അതത് വാർഡ്/ഡിവിഷൻ പരിധിയിലെ സ്ഥിരതാമസക്കാരിൽനിന്നും ആശാപ്രവർത്തകരെ തിരഞ്ഞെടുക്കേണ്ടതും തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിൽനിന്നും അപേക്ഷകരില്ലാത്ത സാഹചര്യത്തിൽമാത്രം തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലെ മറ്റ് വാർഡുകളിൽനിന്നുമുള്ളവരെ പരിഗണിക്കാവുന്നതുമാണ്. ഇവർ വിവാഹിതരും 25-നും 45-നും ഇടയിൽ പ്രായമുള്ളവരും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായിരിക്കണം. കൂടാതെ നേതൃപാടവവും ആശയവിനിമയശേഷിയും വിവേചനരഹിതമായി സമൂഹത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന വ്യക്തിയുമായിരിക്കണം. ഇങ്ങനെ ആശയെ തിരഞ്ഞെടുക്കുന്നത് താഴെപ്പറയുന്ന വ്യക്തികളടങ്ങിയ അഞ്ചംഗ കമ്മിറ്റിയായിരിക്കും.

1.പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർപേഴ്സൺ/കോർപറേഷൻ മേയർ

2.ബന്ധപ്പെട്ട വാർഡ് മെമ്പർ/കൗൺസിലർ

3.ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർ

4.വാർഡ് ഉൾപ്പെടുന്ന സബ് സെന്ററിന്റെ ചുമതലയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

5.ഡിസ്ട്രിക്ട് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ പ്രതിനിധി/ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ നിർദേശിക്കുന്ന വ്യക്തി

ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആശയുടെ വിവരം ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജരെ രേഖാമൂലം അറിയിക്കുകയും അംഗീകാരം നേടിയതിനുശേഷം

ആവശ്യമായ പ്രാഥമിക പരിശീലനങ്ങൾ പൂർത്തിയാക്കിയെന്ന് ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ സാക്ഷ്യപ്പെടുത്തി ഫീൽഡുതല പ്രവർത്തനങ്ങൾക്ക് വിന്യസിക്കുന്നതുമാണ്.

വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 7000 രൂപ ഓണറേറിയവും 3000 രൂപ (60:40 എന്ന രീതിയിൽ) പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ആശമാർക്ക് നൽകിവരുന്നത്. ഈ ഇനങ്ങളിലുള്ള തുക മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങൾ ആശമാർക്ക് നൽകുന്ന ഓണറേറിയം സംബന്ധിച്ച തുക വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) നിലവിൽ നിയോഗിച്ചിട്ടുള്ള ജോലിക്കുപുറമെ തദ്ദേശസ്ഥാപനങ്ങളിൽ നടക്കുന്ന മറ്റ് പരിപാടികൾക്കും പ്രസ്തുത പ്രവർത്തകരെ നിർബന്ധപൂർവ്വം പങ്കെടുപ്പിക്കാറുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടില്ല

(ഇ) ആശാ വർക്കർമാരെ നിലവിൽ ഏതെങ്കിലും ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഇല്ല

ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടി

162(3963) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തസ്തികയുടെ പേര് ഡെന്റൽ ഹൈജീൻ ഓഫീസർ എന്നാക്കണമെന്ന ആരോഗ്യ വകുപ്പ് ശിപാർശ നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകൾ പുനർനാമകരണം ചെയ്യുന്നതിനുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലിൽ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ നാമം പുനർനാമകരണം ചെയ്യുന്ന വിഷയം പരിഗണിച്ചുവരുന്നു. 'Dental Mechanic' എന്ന തസ്തികനാമം 'Dental Technician' എന്ന് പുനർനാമകരണം ചെയ്യണമെന്ന ആവശ്യത്തിന്മേൽ, കേന്ദ്ര സർക്കാർ ഡെന്റൽ കൗൺസിൽ ആക്ട് ഭേദഗതി ചെയ്ത് തസ്തികാനാമം തിരുത്തിയാൽമാത്രമെ അത്തരത്തിൽ തസ്തികയുടെ നാമം മാറ്റുന്നതിന് ചട്ടപ്രകാരം കഴിയുകയുള്ളൂ എന്ന് കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിൽ മറുപടി നൽകിയിട്ടുണ്ട്. 'ഡെന്റൽ ഹൈജീനിസ്റ്റ്' തസ്തികയുടെ പുനർനാമകരണം സംബന്ധിച്ചും കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിലിന്റെ അനുമതി ആവശ്യമായതിനാൽ കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിലേക്ക് അയച്ചുകൊടുത്ത് അഭിപ്രായം ആരായുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിരമിച്ച അങ്കണവാടി ജീവനക്കാരുടെയും ഹെൽപർമാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച്

163(3965) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിരമിച്ച അങ്കണവാടി ജീവനക്കാർക്കും ഹെൽപർമാർക്കും യഥാക്രമം 2500, 1500 രൂപ മാത്രമാണ് പെൻഷനായി നിലവിൽ ലഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിരമിച്ച 9582 അങ്കണവാടി വർക്കർമാരെയും 10047 അങ്കണവാടി ഹെൽപർമാരെയും ചേർത്ത് ആകെ 19629 പേർക്ക് യഥാക്രമം 2,500 രൂപ, 1,500 രൂപ എന്ന നിരക്കിൽ പെൻഷൻ നൽകിവരുന്നു.

(ബി) പ്രസ്തുത പെൻഷൻ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ കുടിശ്ശിക എപ്പോൾ നൽകാൻ സാധിക്കുമെന്നും അറിയിക്കുമോ?

2023 വരെ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2024 ഏപ്രിലിൽ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള കുടിശ്ശിക 15-03-2025-നകവും 12/2024 മുതലുള്ള കുടിശ്ശിക പെൻഷൻ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിരമിച്ച അങ്കണവാടി ജീവനക്കാരുടെയും ഹെൽപർമാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പെൻഷൻ തുക വർധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

കോട്ടയം ജില്ലയിലെ ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ് ജീവനക്കാരുടെ പ്രൊമോഷൻ

164(3966) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നഴ്സിംഗ് അസിസ്റ്റന്റായി 01-09-2003 മുതൽ 31-12-2007

വരെയുള്ള കാലയളവിൽ ജോലിയിൽ കയറിയവരുടെ 14-09-2015-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽനിന്നും ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നഴ്സിംഗ് അസിസ്റ്റന്റ് ജീവനക്കാരുടെ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ രണ്ടുവർഷമായി തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിൽ ആരോഗ്യ വകുപ്പിലെ നഴ്സിങ് അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാർക്ക് കോട്ടയം ജനറൽ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ആശുപത്രി അറ്റൻഡർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയശേഷം യഥാക്രമം ജൂനിയർ ലാബ് അസിസ്റ്റന്റ്, എക്സ്റേ അറ്റൻഡർ തുടങ്ങിയ തസ്തികകളിലേക്കുമാണ് കോട്ടയം ജില്ല മെഡിക്കൽ ഓഫീസർ സ്ഥാനക്കയറ്റം നൽകിവന്നിരുന്നത്. എന്നാൽ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് മുതൽ ആരോഗ്യ വകുപ്പിന് ആശുപത്രി അറ്റൻഡർ എന്ന തസ്തിക ഇല്ല. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 തസ്തികയിൽനിന്ന് നഴ്സിങ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് 06-09-1975-ലെ G.O. (MS) No.201/75/Health എന്ന ഉത്തരവ് നിലവിലുണ്ട്. നഴ്സിങ് അസിസ്റ്റന്റ് തസ്തികയിൽനിന്നും ജൂനിയർ ലാബ് അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ്, എക്സ്റേ അറ്റൻഡർ, ഹോസ്പിറ്റൽ അറ്റൻഡർ, അദർ അറ്റൻഡർ, ലാബ് അറ്റൻഡർ, തിയേറ്റർ അറ്റൻഡർ, മെഡിക്കൽ റെക്കോർഡ് അറ്റന്റർ എന്നീ തസ്തികകളിലേക്ക് വിവിധ ജില്ലകളിൽ ജില്ല മെഡിക്കൽ ഓഫീസർമാർ സ്ഥാനക്കയറ്റം നൽകിവരുന്നു. എന്നാൽ നഴ്സിങ് അസിസ്റ്റന്റ് തസ്തികയിൽനിന്നും മേൽപറഞ്ഞ

തസ്തികകളിലേക്കുള്ള നിയമനരീതി വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾസ്/എക്സ്ട്രാ ഓർഡിനറി ഉത്തരവുകൾ ഒന്നുംതന്നെ ലഭ്യമല്ല. ആയതിനാൽ ഈ വിഷയത്തിൽ ഒരു ഏകീകൃത സമ്പ്രദായം കൊണ്ടുവരുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നഴ്സിങ് അസിസ്റ്റന്റ് തസ്തികയിൽനിന്നുമുള്ള പ്രൊമോഷൻ ചാനൽ നിർണ്ണയിക്കുന്നത് സംബന്ധിച്ചും പ്രസ്തുത തസ്തികയിലെ നിയമനരീതി വ്യക്തമാക്കുന്ന എക്സ്ട്രാ ഓർഡിനറി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും സർക്കാർ പരിശോധിച്ചുവരികയാണ്.

വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ

165(3967) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ എപ്രകാരമാണെന്നും ഓരോ വിഭാഗത്തിലും എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്നുമുള്ള വിവരം തസ്തികതിരിച്ച് ലഭ്യമാക്കാമോ; നിലവിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺപ്രകാരം ജീവനക്കാരുടെ കുറവുണ്ടോയെന്ന വിവരം അറിയിക്കാമോ?

നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ഇതിനുപുറമേ എൻ.എച്ച്.എം. മുഖാന്തരം 3 മെഡിക്കൽ ഓഫീസർമാർ, 4 സ്റ്റാഫ് നഴ്സ് ഉൾപ്പെടെ 19 താൽക്കാലിക ജീവനക്കാരുടെ സേവനം അധികമായി ലഭ്യമാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണ്; വിശദാംശം ലഭ്യമാക്കാമോ?

22-01-2021-ലെ സ.ഉ.(സാധാ)നം.207/2021/ആ.കു.വ. പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആരോഗ്യകേന്ദ്രത്തിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുസൃതമായ സ്റ്റാഫ് പാറ്റേൺ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ ഗ്യാപ്പ് അനാലിസിസ് നടത്തി തസ്തിക സൃഷ്ടിക്കുന്ന നടപടി ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു.

(ഡി) വെള്ളറട സാമൂഹികാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) പ്രസ്തുത ആരോഗ്യകേന്ദ്രത്തിൽ 2011 മുതലുള്ള സർക്കാരുകളുടെ കാലത്ത് നടപ്പാക്കിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

1. പാലിയേറ്റീവ് കെയർ ബ്ലോക്ക് -40 ലക്ഷം രൂപ -പദ്ധതി പൂർത്തീകരിച്ചു.

2. ഐസൊലേഷൻ വാർഡ്-1.75 കോടി രൂപ-പദ്ധതി പൂർത്തിയായിവരുന്നു.

3. ഒ.പി. ബിൽഡിങ്-2 കോടി രൂപ-സൂപ്പർ സ്ട്രക്ച്ചർ നിർമ്മാണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

കൂടാതെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് മോർച്ചറിക്കായി ഒരു കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്.

വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തെ എൻ.എച്ച്.എം. മുഖേന ആർദ്രം പദ്ധതിയുടെ ഭാഗമായി ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പ്രവൃത്തിക്കായി സംസ്ഥാന പ്ലാൻ ഫണ്ടായ 40 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. KSIE എന്ന ഏജൻസിക്കാണ് നിർവഹണ ചുമതല നൽകിയിട്ടുള്ളത്. നിലവിൽ 90% പ്രവൃത്തികൾ പൂർത്തീകരിച്ചു.

ഒപ്പോമെട്രിസ്റ്റ് തസ്തിക

166(3968) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഫ്താൽമോളജിസ്റ്റ് തസ്തികയുള്ള താലൂക്കാശുപത്രികളിലും ജില്ല ജനറൽ ആശുപത്രികളിലും ഒപ്പോമെട്രിസ്റ്റ് തസ്തികയില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് മതിയായ നേത്രചികിത്സ ലഭ്യമാകുന്നതിൽ തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറൽ ആശുപത്രി തിരുവനന്തപുരം, താലൂക്കാശുപത്രി ഫറോഖ് കോഴിക്കോട്, താലൂക്കാശുപത്രി കായംകുളം, താലൂക്കാശുപത്രി ഫോർട്ട് കൊച്ചി, താലൂക്കാശുപത്രി കുന്നംകുളം, ടൈബൽ ഹോസ്പിറ്റൽ കോട്ടത്തറ, പാലക്കാട് എന്നിവിടങ്ങളിൽ

ഒഫ്താൽമോളജിസ്റ്റ് തസ്തികയുണ്ടെങ്കിലും ഒപ്ടോമെട്രിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്തതിനാൽ നേത്ര ചികിത്സ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ദിനംപ്രതി 200-ലധികം രോഗികൾ നേത്രചികിത്സക്കെത്തുന്ന താലൂക്ക്, ജില്ലാ ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ഒഫ്താൽമോളജിസ്റ്റ് തസ്തികയുള്ള താലൂക്കാശുപത്രികളിലും ജില്ലാ ജനറൽ ആശുപത്രികളിലും ഒപ്ടോമെട്രിസ്റ്റ് തസ്തികയില്ലെങ്കിൽ NPCB പ്രോഗ്രാമിന്റെ ഭാഗമായി NHM-ROP വഴി കരാറടിസ്ഥാനത്തിൽ നിയമിച്ച് ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം നൽകിവരുന്നു.

(ഡി) താലൂക്കാശുപത്രികളായും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായും ഉയർത്തപ്പെട്ട ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഇ) സർക്കാർ മെഡിക്കൽ കോളേജുകളിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകളാണ് ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ കാര്യത്തിൽ നിലവിലുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. അതനുസരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒരു റിഫ്രാക്ഷനിസ്റ്റ് (ഒപ്റ്റോമെട്രിസ്റ്റ്) തസ്തികയാണ് ആവശ്യമായുള്ളത്. ഇതിനുപുറമേ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലെ

രോഗികളുടെ വർധനവ് കണക്കിലെടുത്തും തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആകെ 41 ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുണ്ട്. ടി തസ്തികകളിൽ 40 ജീവനക്കാർ ജോലി ചെയ്യുന്നു. നിലവിൽ റാങ്ക് പട്ടികയുണ്ട്.

(എഫ്) രോഗികളുടെ എണ്ണം പതിന്മടങ്ങ് വർധിക്കുകയും ആധുനികമായ നിരവധി ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിലെ ഒപ്ടോമെട്രിസ്റ്റുകളുടെ എണ്ണം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ പുതിയ തസ്തിക സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഇതിനുപുറമേ രോഗികളുടെ വർധനവ് കണക്കിലെടുത്തും ആധുനികമായി നിരവധി ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിലും പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ജി) പുതുതായി രൂപീകരിച്ച മഞ്ചേരി, വയനാട്, കണ്ണൂർ, ഇടുക്കി, പാലക്കാട് മെഡിക്കൽ കോളേജുകളിൽ ഒപ്ടോമെട്രിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പുതുതായി രൂപീകരിച്ച മഞ്ചേരി, വയനാട്, ഇടുക്കി, മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ

വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. പാലക്കാട് മെഡിക്കൽ കോളേജ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമല്ല.

ഫാർമസിസ്റ്റുകളുടെ സ്ഥലംമാറ്റ നിയമനം

167(3969) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽനിന്നും ഫാർമസിസ്റ്റ് ഗ്രേഡ്-1 ആയി പ്രൊമോഷൻ ലഭിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിലുണ്ടാകുന്ന അടുത്ത ഓപ്പൺ വേക്കൻസിയിലേക്ക് തിരിച്ച് നിയമനം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥലംമാറ്റപ്പെട്ട ഫാർമസിസ്റ്റുകൾക്ക് തിരികെ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫാർമസിസ്റ്റ് ഗ്രേഡ് - I ആയി സ്ഥാനക്കയറ്റംവഴി സ്വന്തം ജില്ലയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് ജില്ലകളിലേക്ക് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ ഒഴിവുവരുന്നമുറയ്ക്ക് സ്റ്റേഷൻ സീനിയോരിറ്റിയനുസരിച്ച് സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്ന് സ്ഥലംമാറ്റപ്പെട്ട് ആദ്യം മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതികൂടി പരിഗണിച്ചുകൊണ്ട് മാനദണ്ഡപ്രകാരമാണ് തിരികെ സ്വന്തം ജില്ലയിലേക്ക് നിയമനം നൽകുന്നത്. ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്ന് പ്രൊമോഷൻ ലഭിച്ച് സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാരെ

തിരികെ തിരുവനന്തപുരം ജില്ലയിൽ നിയമിക്കാറുണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനുകീഴിൽ ഫാർമസിസ്റ്റ് നിയമനം സംസ്ഥാനതലത്തിൽ ആകയാൽ ഫാർമസിസ്റ്റ് ഗ്രേഡ്-I ആയി റേഷ്യോ പ്രൊമോഷൻ ലഭിക്കുമ്പോൾ മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം നൽകിവരുന്നില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽനിന്നും ജനറൽ ട്രാൻസ്ഫർ മുഖേന മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിച്ച ഫാർമസിസ്റ്റ് ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഒാപ്പൺ വേക്കൻസിയിൽ നിയമനം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽനിന്ന് സ്ഥലംമാറ്റപ്പെട്ട് ആദ്യം മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് മറ്റ് ജില്ലകളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിക്കുടി പരിഗണിച്ചുകൊണ്ട് മാനദണ്ഡപ്രകാരമാണ് തിരികെ തിരുവനന്തപുരം ജില്ലയിലേക്ക് നിയമനം നൽകുന്നത്.

(സി) ഡി.എച്ച്.എസ്.-ന്റെ ആ.വ.ഡ.11771/2023/ഇഇ 4 നമ്പർ ഉത്തരവുപ്രകാരമുള്ള ട്രാൻസ്ഫർ മുഖേന ജില്ലക്ക് പുറത്തുപോയ ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിലെ നിലവിലെ ഒാപ്പൺ വേക്കൻസികളിൽ നിയമനം നൽകി നിലവിലുള്ള ചട്ടങ്ങൾ അട്ടിമറിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചട്ടവിരുദ്ധമായ ഇത്തരം സ്ഥലമാറ്റങ്ങൾ പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥലംമാറ്റം നൽകുന്നത് 25-02-2017-ലെ സ.ഉ.(പി)നം. 3/2017/ഉ.ഭ.പ.വ. എന്ന ഉത്തരവിലെ വ്യവസ്ഥകൾപ്രകാരമാണ്. ചട്ടവിരുദ്ധമായി

സ്ഥലംമാറ്റം നൽകുന്നില്ല.

കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബിവഴി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന് ഭരണാനുമതി

168(3970) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബിവഴി നിർമ്മിക്കുന്ന കെട്ടിടസമുച്ചയത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി, കരാറുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, പൂർത്തീകരണ കാലാവധി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

കിഫ്ബിമുഖേന കായംകുളം താലൂക്കാശുപത്രിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് 24-08-2019-ലെ G.O.(Rt)No.2074/2019/H&FWD ഉത്തരവുപ്രകാരം 64.70 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 45.67 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ള ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി 04-03-2020-ലെ G.O.(Rt)No.500/2020/H&FWD നമ്പർ ഉത്തരവുപ്രകാരം നൽകുകയും ഇതിന്റെ നിർമ്മാണജോലികൾ 21-07-2021-ന് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡാണ് പദ്ധതിയുടെ നിർവഹണ ഏജൻസി (SPV). ജി.കെ.വി. അസോസിയേറ്റ്സ്, മൂവാറ്റുപുഴ എന്ന സ്ഥാപനമാണ് ഈ പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി നിർമ്മാണപ്രവൃത്തിയുടെ നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ കാലാവധി

30-06-2024 ആയിരുന്നു. നിലവിലെ തീരുമാനപ്രകാരം സിവിൽ നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിന് 30-06-2025 വരെ കാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ഇതുവരെ 64% ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേനയാണ് ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കരാർപ്രകാരം ഇലക്ട്രിക്കൽ ജോലികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും പ്ലംബിങ്ങ് ജോലികൾ സിവിൽ കോൺട്രാക്ടറുമാണ് നിർവഹിക്കേണ്ടത്. G+3 ഫോർമാറ്റിൽ അഞ്ച് ബ്ലോക്കുകളായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ, എച്ച്.വി.എ.സി., ഫയർ ആൻഡ് സേഫ്റ്റി, ഇ.എൽ.വി., സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പ്ലംബിങ്, ലിഫ്റ്റ്, മെഡിക്കൽ ഗ്യാസ് സർവീസ്, ഫർണിച്ചർ വാങ്ങലും കർട്ടൻ സ്ഥാപിക്കലും എന്നീ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

മഞ്ഞപ്പിത്ത രോഗവ്യാപനം

169(3972) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ഓരോ വർഷവും എത്രപേർക്ക് മഞ്ഞപ്പിത്തം ബാധിച്ചുവെന്നും എത്രപേർ മഞ്ഞപ്പിത്തം ബാധിച്ച് മരിച്ചുവെന്നുമുള്ള വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2021 മുതൽ 10-03-2025 വരെ മഞ്ഞപ്പിത്തരോഗമായ ഹെപ്പറ്റൈറ്റിസ്-എ ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടർന്നുപിടിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മഞ്ഞപ്പിത്തരോഗമായ ഹെപ്പറ്റൈറ്റിസ്-എ ഔട്ട്ബ്രേക്കുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ ജില്ലകളിൽ രോഗം പടർന്നുപിടിക്കാനുള്ള സാഹചര്യങ്ങളെക്കുറിച്ച് ജില്ല-സംസ്ഥാനതല ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ ടീമുകൾ പഠനം നടത്തിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതും അശാസ്ത്രീയമായ കുടിവെള്ള പദ്ധതികളുമാണ് ഈ ജലജന്യരോഗം പടർന്നുപിടിക്കാനുള്ള കാരണമായി ജലസാമ്പിളുകളുടെ പഠനത്തിൽനിന്നും വ്യക്തമാകുന്നത്. പ്രധാനമായും ചില ചടങ്ങുകളിലും പരിപാടികളിലുമായി നടന്ന ഭക്ഷണവിതരണം, ഭക്ഷണശാലകളിൽനിന്നും മതിയായ ശുചിത്വം പാലിക്കാതെ തയ്യാറാക്കിനൽകിയ ഭക്ഷണങ്ങൾ വിതരണം ചെയ്തത് എന്നിവയാണ് ഔട്ട്ബ്രേക്കിന് കാരണമായത്. പൊതുപരിപാടികളിൽ ഉപയോഗിക്കുന്ന കുടിവെള്ളം പലപ്പോഴും ശുദ്ധമാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല, മാത്രവുമല്ല പാനീയങ്ങൾ തയ്യാറാക്കാൻ ഉപയോഗിച്ചിരുന്ന ഐസിന്റെ നിലവാരവും ഉറപ്പുവരുത്തിയിട്ടില്ല. ചില ഔട്ട്ബ്രേക്കുകളിൽ ഹെപ്പറ്റൈറ്റിസ് പോലുള്ള ജലജന്യരോഗങ്ങൾ പൂർണ്ണമായും സുഖപ്പെടുന്നതിനുമുമ്പ് ആളുകൾ ഭക്ഷണമുണ്ടാക്കുന്ന ജോലികളിൽ ഏർപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മഞ്ഞപ്പിത്തരോഗവ്യാപനം നിയന്ത്രണവിധേയമാക്കുന്നതിന് എന്തൊക്കെ അടിയന്തരനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് മഞ്ഞപ്പിത്ത രോഗബാധക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള കർശനനടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വീടുകളിലെയും സ്ഥാപനങ്ങളിലെയും കിണറുകൾ ക്ലോറിനേഷൻ നടത്തുന്നതിന് ആരോഗ്യവിഭാഗം കൃത്യമായ ഇടപെടൽ നടത്തുന്നുണ്ട്. 'ഹെൽത്തി കേരള' എന്ന പേരിൽ എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങളിലും മൂന്നാമത്തെ ചൊവ്വാഴ്ച ഭക്ഷണസാധനങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലും സമയബന്ധിതമായി പരിശോധനകൾ നടത്തുന്നു. ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സ്രോതസ്സുകളിൽ നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും ആറുമാസത്തിലൊരിക്കൽ ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ പ്രവർത്തകരും ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധനയ്ക്കയക്കുന്നു. വിവാഹവും മറ്റ് പൊതുപരിപാടികളും നടത്തുമ്പോൾ ചെയ്യേണ്ട മുൻകരുതലുകൾ സംബന്ധിച്ച് കൃത്യമായ ബോധവൽക്കരണം നൽകുന്നു. സ്വയംചികിത്സ ഒഴിവാക്കുന്നതിനും വിദഗ്ധ പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നതിനുമായി വിവിധതലത്തിലുള്ള ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ നടത്തിവരുന്നു. മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിനുകീഴിൽവരുന്ന RPEID സെൽ മുഖേന സ്കൂളുകളിലും മറ്റ് പൊതുസ്ഥാപനങ്ങളിലും മഞ്ഞപ്പിത്തത്തിനെതിരെ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. മഴക്കാലപൂർവ ആരോഗ്യ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിയിട്ടുണ്ട്.

ആരോഗ്യ ബോധവൽക്കരണം, ഉറവിട നശീകരണം, ജലപരിശോധന, കിണറുകളുടെ ക്ലോറിനേഷൻ, ഹോട്ടലുകളിൽ പരിശോധന എന്നിവ നടത്തിവരുന്നു. സംസ്ഥാനത്ത് രോഗം കണ്ടുവരുന്ന സാഹചര്യത്തിൽ മഞ്ഞപ്പിത്ത രോഗത്തെ പ്രതിരോധിക്കാൻ കൃത്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 31-05-2024-ലെ G.O(Rt)No.1311/2024/H&FWD പ്രകാരം, Severe Hepatitis-A രോഗമുള്ളവരെ ചികിത്സിക്കുന്നത് സംബന്ധിച്ച SOP സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ജീവിതശൈലീരോഗങ്ങളുടെ ഭാഗമായി മരണപ്പെട്ടവരുടെ എണ്ണം

170(3973) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമേഹ രോഗബാധയെത്തുടർന്നുള്ള മറ്റ് രോഗബാധകളിലൂടെ 2016 മുതൽ നാളിതുവരെ ഓരോവർഷവും മരണപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ കാലയളവിൽ ഓരോവർഷവും വിവിധ ജീവിതശൈലീരോഗങ്ങളുടെ ഭാഗമായി മരണപ്പെട്ടവരുടെ എണ്ണം ഇനംതിരിച്ചു വ്യക്തമാക്കുമോ?

(എ&ബി) ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

ആശാ വർക്കർമാരുടെ ആനുകൂല്യങ്ങൾ

171(3974) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആശാ വർക്കർമാർക്ക് നൽകുന്ന ഓണറേറിയവും

മറ്റാനുകൂല്യങ്ങളും കേന്ദ്രവിഹിതം, സംസ്ഥാന സർക്കാർ വിഹിതം, വിവിധതരത്തിലെ തുക വാങ്ങുന്ന ആശമാരുടെ എണ്ണം, 2011 മുതൽ 2016 വരെ നൽകിയിരുന്ന തുക, 2016 മുതൽ 2025 വരെ വർധിപ്പിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 7,000 രൂപ - ഓണറേറിയവും 3,000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ആശമാർക്ക് നൽകിവരുന്നത്. ഇതിൽ ഇൻസെന്റീവുകൾ എല്ലാ 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാർ നൽകുന്നത്. ഓണറേറിയം മുഴുവൻ സംസ്ഥാന സർക്കാർ വിഹിതമാണ്. ഇൻസെന്റീവിന്റെ 40 ശതമാനവും സംസ്ഥാനമാണ് നൽകുന്നത്. വിവിധ തരത്തിൽ തുക വാങ്ങുന്ന ആശമാരുടെ ജനുവരി മാസത്തെ വിവരം ചുവടെ ചേർക്കുന്നു.

ജില്ല	ഇൻസെന്റീവും ഓണറേറിയവും ഉൾപ്പെടെ 7000 രൂപയിൽ താഴെ കൈപ്പറ്റിയിട്ടുള്ള ആശമാരുടെ എണ്ണം	ഇൻസെന്റീവും ഓണറേറിയവും ഉൾപ്പെടെ 7000 രൂപ മുതൽ 10000 രൂപ വരെ കൈപ്പറ്റിയിട്ടുള്ള ആശമാരുടെ എണ്ണം	ഇൻസെന്റീവും ഓണറേറിയവും ഉൾപ്പെടെ 10000 രൂപ മുതൽ 13000 വരെ കൈപ്പറ്റിയിട്ടുള്ള ആശമാരുടെ എണ്ണം	ഇൻസെന്റീവും ഓണറേറിയവും ഉൾപ്പെടെ 13000 രൂപ കൈപ്പറ്റിയിട്ടുള്ള ആശമാരുടെ എണ്ണം
തിരുവനന്തപുരം	8	62	2232	83
കൊല്ലം	5	140	1667	71
പത്തനംതിട്ട	5	142	802	50
ആലപ്പുഴ	5	91	1788	19
കോട്ടയം	1	185	1277	10
ഇടുക്കി	20	179	673	52
എറണാകുളം	0	150	1959	71

തൃശ്ശൂർ	3	58	2107	56
പാലക്കാട്	12	212	1984	34
മലപ്പുറം	5	98	2624	311
കോഴിക്കോട്	5	147	1709	81
വയനാട്	3	8	750	81
കണ്ണൂർ	1	167	1627	42
കാസർഗോഡ്	2	34	761	2
%	0.30	6.79	89.01	3.90

2011 മുതൽ 2025 വരെ നൽകിയിരുന്ന തുക:

സാമ്പത്തിക വർഷം	**അനുവദിച്ച തുക**
2011-12	500
2012-13	600
2013-14	700
2014-15	900
2015-16	1000
2016-17	1500
2017-18	2000
2018-19	4000
2019-20	4500
2020-21	5000
2021-22	6000
2023 ഡിസംബർ	7000

(ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ആശാവർക്കർമാർക്ക് നൽകുന്ന ഓണറേറിയവും മറ്റ് അലവൻസുകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങൾ ആശമാർക്ക് നൽകുന്ന ഓണറേറിയത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാൻസർ പരിചരണത്തിനായി കാൻസർ ഗ്രിഡ്

172(3975) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെമ്പാടും ഒരേതരത്തിൽ ഉയർന്ന നിലവാരമുള്ള കാൻസർ പരിചരണം ലഭ്യമാക്കുവാൻ കാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് മുൻകൂർ രോഗനിർണ്ണയത്തിനും ചികിത്സക്കുമായി സമൂഹത്തിലെ എല്ലാതട്ടിലുമുള്ള ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിൽ കാൻസർ പരിരക്ഷ ഉറപ്പാക്കുന്നതിനാണ് സംസ്ഥാന സർക്കാർ കാൻസർ ഗ്രിഡ് രൂപീകരിച്ചത്. ഇതിലൂടെ വ്യക്തികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തുനിന്നും 50 കിലോമീറ്റർ ചുറ്റളവിൽ രോഗനിർണ്ണയത്തിനും ചികിത്സക്കും സൗകര്യമുള്ള ആശുപത്രികളുടെ സേവനം തേടാവുന്നതാണ്. കൂടാതെ 2025, ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ നടന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന ആദ്യഘട്ടത്തിലെ ക്യാമ്പയിനിൽ പങ്കെടുത്തതും തുടർപരിശോധനകൾ ആവശ്യമായിവരുന്നവർക്കും ഗ്രിഡ് ആശുപത്രികളുടെ സൗകര്യം ഉപകാരപ്രദമായിട്ടുണ്ട്. നിർവചിക്കപ്പെട്ട സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ ഒരു ശൃംഖലയായാണ് കാൻസർ ഗ്രിഡ് വിഭാവനം ചെയ്തിരിക്കുന്നത്. അത്തരത്തിൽ സംസ്ഥാനത്തെ അർബുദ ചികിത്സാ സേവനങ്ങളെ, അവിടെ ലഭ്യമായ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾക്കനുസരിച്ച് നാലുതലങ്ങളായി തരംതിരിച്ചിരിക്കുന്നു.

1. ലെവൽ 4: മൂന്ന് അപെക്സ് കാൻസർ സെന്ററുകൾ (എം.സി.സി. (PGIOSR), സി.സി.ആർ.സി., ആർ.സി.സി.)

2. ലെവൽ 3: ഓങ്കോളജി വിഭാഗമുള്ള മെഡിക്കൽ കോളേജുകൾ
3. ലെവൽ 2: ജില്ലാ ആശുപത്രികൾ
4. ലെവൽ 1 a (FHC, PHC, CHC), ലെവൽ 1 b (താലൂക്കാശുപത്രികൾ, CHC) എന്നിവ

കേരളത്തിൽ നിലവിലെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്നതിനും സമയബന്ധിതമായി അവ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദേശങ്ങളും തന്ത്രങ്ങളുമടങ്ങിയ 'കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-30' (KCCS 2018-30) എന്ന നയരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ അർബുദ രോഗ വിദഗ്ധർ വിവിധതലങ്ങളിൽ ചർച്ച ചെയ്താണ് ഈ നയരേഖ തയ്യാറാക്കിയിട്ടുള്ളത്. കാൻസർ നിയന്ത്രണത്തിന്റെ എല്ലാവശങ്ങളും ഉൾക്കൊള്ളുന്ന സമഗ്രമായ സമീപനമാണ് കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി. അർബുദബാധിതരാകുന്നവരുടെ എണ്ണത്തിൽ കുറവുവരുത്തുവാനും അർബുദ മരണങ്ങൾ കുറയ്ക്കുവാനും അർബുദ രോഗികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനുമാണ് ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്. ലഭ്യമായ വിഭവശേഷിയുപയോഗിച്ച് രോഗനിർണ്ണയം, ചികിത്സ, പ്രതിരോധം എന്നിവ ശാസ്ത്രീയാടിസ്ഥാനത്തിൽ നടപ്പിലാക്കുവാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അർബുദം നേരത്തെ കണ്ടെത്താനുള്ള സൗകര്യമൊരുക്കുക, താലൂക്ക്, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ തുടർപരിശോധനകൾക്കും ജില്ലാ ആശുപത്രികളിൽ അടിസ്ഥാന അർബുദ ചികിത്സകൾക്കും സൗകര്യമൊരുക്കുക, മെഡിക്കൽ കോളേജുകളിൽ സമഗ്രവും നൂതനവുമായ ചികിത്സ ലഭ്യമാക്കുക എന്നിവ ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നു. ഇതിന്റെ ഭാഗമായി എം.സി.സി.-ൽ റോബോട്ടിക് ശസ്ത്രക്രിയ സംവിധാനവും

ഡിജിറ്റൽ പാത്തോളജി സംവിധാനവും ഒരുക്കിയിട്ടുണ്ട്. കാൻസർ കെയർ ഗ്രിഡിലെ ഉചിതമായ സ്ഥാപനത്തിൽനിന്ന് രോഗിക്ക് ഗുണമേന്മയുള്ള പരിചരണം ലഭിക്കുമെന്നതിനാൽ ഇത് അനാവശ്യയാത്രകൾ കുറയ്ക്കുകയും രോഗനിർണ്ണയത്തിനും തുടർപരിചരണത്തിനും സഹായകരമാവുകയും ചെയ്യും. അത്തരത്തിൽ കാൻസർ രോഗികളെയും രോഗ ചികിത്സാ സംവിധാനങ്ങളെയും രോഗനിർണ്ണയ ലാബുകളെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെയും ഏകോപിപ്പിക്കുന്നതിന് ഓരോ ജില്ലകളിലും തയ്യാറാക്കിയിട്ടുള്ള ഒരു നെറ്റ്വർക്കാണ് കാൻസർ ഗ്രിഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഒരു രോഗിക്ക് ഏറ്റവുമടുത്തുള്ള ചികിത്സാകേന്ദ്രത്തിൽതന്നെ പ്രാഥമിക രോഗനിർണ്ണയ പരിശോധനകൾ നടപ്പിലാക്കാൻ സാധിക്കുന്നതും തുടർപരിശോധനകളും തുടർചികിത്സകളും ആവശ്യമായിവന്നാൽ അവ ലഭ്യമായിട്ടുള്ള കേന്ദ്രങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്ന ഈ സംവിധാനത്തിലൂടെ രോഗികൾക്കും സേവനദാതാക്കൾക്കും അനായാസം രോഗത്തിന്റെ പരിചരണം ലഭ്യമാക്കാനും അനാവശ്യമായ പണച്ചെലവും മറ്റ് ബുദ്ധിമുട്ടുകളും ഒഴിവാക്കാനും സാധിക്കുന്നു. ഇതിലൂടെ ഏകീകൃത ചികിത്സാ പ്രോട്ടോക്കോളും മാർഗനിർദേശങ്ങളും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പുമായും ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള പ്രോട്ടോകോളുകളും മാർഗനിർദേശങ്ങളും അംഗീകരിച്ചിട്ടുള്ളതുമായ കാൻസർ ചികിത്സാ കേന്ദ്രങ്ങളെയാണ് കാൻസർ ഗ്രിഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഏകീകൃതമായ മാനദണ്ഡങ്ങളും പ്രവർത്തനരീതികളുമായിരിക്കും ഗ്രിഡിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെല്ലാംതന്നെ അവലംബിക്കുന്നത്. ഇതിലൂടെ എല്ലാ ജില്ലയിലുമുള്ളവർക്ക് ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ ചികിത്സാരീതികൾ

അവലംബിക്കാൻ സാധിക്കും. പ്രധാനമായും സർക്കാർ മേഖലയിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയായി ആരംഭിച്ചിട്ടുള്ള ഈ ഗ്രിഡിൽ സ്വകാര്യ സംരംഭകരെയും ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) കാൻസർ പരിചരണത്തിനായി ഏകീകൃത ചികിത്സാ പ്രോട്ടോകോളുകളും മാർഗനിർദേശങ്ങളും സാധ്യമാക്കാൻ കാൻസർ ഗ്രിഡിലൂടെ കഴിയുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന ആരോഗ്യ വകുപ്പുമായും ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള പ്രോട്ടോകോളുകളും മാർഗനിർദേശങ്ങളും അംഗീകരിച്ചിട്ടുള്ളതുമായ കാൻസർ ചികിത്സ കേന്ദ്രങ്ങളെയാണ് കാൻസർ ഗ്രിഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഏകീകൃത മാനദണ്ഡങ്ങളും പ്രവർത്തനരീതികളുമാണ് ഗ്രിഡിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെല്ലാംതന്നെ അവലംബിക്കുന്നത്. ഇതിലൂടെ എല്ലാ ജില്ലയിലുമുള്ളവർക്ക് ശാസ്ത്രീയവും ചെലവ് കുറഞ്ഞതുമായ ചികിത്സാരീതികൾ അവലംബിക്കാൻ സാധിക്കും. പ്രധാനമായും സർക്കാർ മേഖലയിലുള്ള കാൻസർ ചികിത്സ കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയായി ആരംഭിച്ചിട്ടുള്ള ഈ ഗ്രിഡിൽ സ്വകാര്യ സംരംഭകരെയും ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് കാൻസർ ചികിത്സ, ഗവേഷണം എന്നീ രംഗങ്ങളിൽ വലിയ മുന്നേറ്റമുണ്ടാക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാൻസർ ചികിത്സാരംഗത്ത്

അതിനൂതനമായ ഒട്ടനവധി ചികിത്സാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാൻസർ രോഗനിർണ്ണയത്തിന്റെ ഭാഗമായി പ്രാഥമികതലത്തിലുള്ള എല്ലാ ആശുപത്രികളിലും ഗർഭാശയഗളാർബുദം, വദനാർബുദം, സ്തനാർബുദം എന്നിവ കണ്ടെത്തുന്നതിനുള്ള പ്രാരംഭപരിശോധന ക്ലിനിക്കുകളും വികേന്ദ്രീകൃത കാൻസർ ചികിത്സയുടെ ഭാഗമായി 25 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന ബൃഹത് കാൻസർ നിർണ്ണയ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയതിലൂടെ ഒരു മാസക്കാലയളവിൽ ഏകദേശം 12 ലക്ഷത്തോളം പേർക്ക് കാൻസർ സ്ക്രീനിങ് നടത്തുകയുണ്ടായി. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 30 വയസ്സിനുമുകളിൽ പ്രായമുള്ള സ്ത്രീകൾക്കുവേണ്ടി മാത്രമായി നടത്തിയ ക്യാമ്പയിനിൽ പങ്കെടുത്ത 45,000-ഓളം പേരെ കാൻസർ സ്ഥിരീകരണത്തിന്റെ ഭാഗമായി വിവിധ പരിശോധനകൾക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാൻസറിനെക്കുറിച്ചുള്ള ഗവേഷണം നടപ്പിലാക്കേണ്ടത് റീജിയണൽ കാൻസർ സെന്ററുകളും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളുമാണ്. കൂടാതെ കാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിങ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി മുതലായ അത്യാധുനിക സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ, റേഡിയേഷൻ ചികിത്സ കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി. സിമുലേറ്ററുകൾ എന്നിവയും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. തിരുവനന്തപുരം

മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സക്കായുള്ള 3D CRT, IMRT, Arc therapy എന്നിവ നൽകിവരുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 2022-ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചുകൊണ്ട് സർജിക്കൽ ഓങ്കോളജിയും മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക കാൻസർ ശസ്ത്രക്രിയകൾ നടത്തിവരുന്നു. BMT ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നത് കൂടാതെ പാലിയേറ്റീവ് ഓങ്കോളജി കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. കാൻസർ ഗവേഷണ 5 KMR, SBMR, State-Central സംയുക്ത പ്രോജക്ടുകളും നടന്നുവരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ രണ്ട് ഡോക്ടർമാരും അഡ്വാൻസ്ഡ് ലാപ്രോസ്കോപിക്, തൊറാക്കോസ്കോപിക് ശസ്ത്രക്രിയകളിൽ പരിശീലനമുള്ളവരാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല കാൻസർ സെന്റർ നിലവിൽവന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചു. ബ്രാക്കി തെറാപ്പിയിൽ ആവശ്യമായ ഇൻട്രാ ഓപ്പറേറ്റീവ് ബ്രാക്കി തെറാപ്പി ഇവിടെ ചെയ്യുന്നു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ രോഗവിഭാഗത്തിൽ പുതുതായി മെഡിക്കൽ ഓങ്കോളജി തസ്തിക അനുവദിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും അധ്യാപകരും പി.ജി. വിദ്യാർഥികളും ചേർന്ന് കാൻസർ സംബന്ധമായ ഗവേഷണങ്ങൾ നടത്തിവരുന്നുണ്ട്. SBMR വഴി ഗവേഷണങ്ങൾക്ക് റിസർച്ച് ഗ്രാന്റ് അനുവദിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ചില മെഡിക്കൽ കോളേജുകളിൽ ICMR സഹായത്തോടെ കാൻസർ ഗവേഷണം നടക്കുന്നുണ്ട്. ഗവേഷണങ്ങളിലൂടെ ലഭ്യമാകുന്ന പഠന റിപ്പോർട്ടുകൾ ദേശീയ-അന്തർദേശീയ നിലവാരമുള്ള ജേർണലുകളിൽ

പ്രസിദ്ധീകരിക്കുന്നുമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ കാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള ഭാഗമായി അതിനൂതനമായ റേഡിയേഷൻ ചികിത്സ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Simulator (2024), Treatment Planning System എന്നിവ High Precision, State of the Art ചികിത്സക്കായി പ്രവർത്തനം ആരംഭിച്ചു. ഈ സംവിധാനങ്ങൾവഴി നൂതന റേഡിയേഷൻ ചികിത്സാരീതികളായ 3DCRT, IMRT, Arc Therapy എന്നിവ നൽകുന്നു. ചികിത്സാരീതികൾ സർക്കാർ സ്കീമുകളായ KASP, KBF, MEDISEP, ESI എന്നിവ മുഖേന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നതോടൊപ്പം ഈ സ്കീമുകൾ വഴി വിലയേറിയ കാൻസർ മരുന്നുകളും സൗജന്യമായി നൽകുന്നു. 2022-ൽ ഡിപ്പാർട്ടുമെന്റ് ഓഫ് ഓങ്കോളജി മെഡിക്കൽ കോളേജിൽ ആരംഭിച്ചതോടൊപ്പംതന്നെ റേഡിയേഷൻ ടെക്നോളജിയിൽ പുതിയ ഡിഗ്രി കോഴ്സ് BSC RTT 2023-ൽ ആരംഭിച്ചു. പി.എസ്.സി. വഴി മെഡിക്കൽ ഓങ്കോളജി യോഗ്യതയുള്ള ഒരു അസിസ്റ്റന്റ് പ്രൊഫസറിനെ പുതുതായി നിയമിച്ചു. കേരളത്തിൽ 2018 മുതൽ 2030 വരെ കാൻസർ പ്രതിരോധം, നിയന്ത്രണം എന്നിവ ഫലപ്രദമായി നടപ്പിലാക്കുവാൻ 'കേരള കാൻസർ സ്ട്രാറ്റജി' എന്ന ഒരു മാർഗരേഖയും തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ കേരള കാൻസർ ഗ്രിഡ് എന്ന ആശയത്തിലൂടെ കാൻസർ നിർണ്ണയം, ചികിത്സ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സാധാരണക്കാർക്ക് രോഗനിർണ്ണയവും ചികിത്സയും ഉറപ്പാക്കുവാനുള്ള പദ്ധതിയും ഇതിന്റെ ഫലപ്രാപ്തിക്കായി സ്റ്റേറ്റ് കാൻസർ കൺട്രോൾ ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ജില്ലാതലത്തിൽ കാൻസർ നിർണ്ണയവും നിയന്ത്രണവും ഏകോപിച്ച്

മുന്നോട്ടുകൊണ്ടുപോകുവാനായി ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ കാൻസർ കൺട്രോൾ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകളിലുള്ള കാൻസറുകൾ കൂടിവരുന്ന സാഹചര്യത്തിൽ പ്രധാനപ്പെട്ട കാൻസറുകളായ സ്തനാർബുദവും ഗർഭാശയഗള കാൻസറും നേരത്തെ കണ്ടുപിടിക്കുവാനായി ഈ വർഷം ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ നടന്ന 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന ക്യാമ്പയിനിലൂടെ 12 ലക്ഷത്തിൽപരം സ്ത്രീകളെ ആദ്യഘട്ടത്തിൽ കാൻസർ സ്ക്രീനിങ്ങിന് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള 1500-ൽപരം ആശുപത്രികളുടെ മേൽനോട്ടത്തിലാണ് സ്ക്രീനിങ് പരിശോധന സംഘടിപ്പിച്ചത്.

മലബാർ കാൻസർ സെന്ററിൽ

1) തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു.

2) പുതുതായി നിർമ്മിച്ച ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക് - SPECT CT സ്കാൻ, റേഡിയോ ന്യൂക്ലിഡ് തെറാപ്പി യൂണിറ്റ്, PET-CT സ്കാനർ എന്നിവയുള്ള ന്യൂക്ലിയർ മെഡിസിൻ വകുപ്പ് പ്രവർത്തനക്ഷമമാണ്. ഫോറസ്റ്റ് എഫ് -18 പി.എസ്.എം.എ. സ്കാൻ കേരളത്തിൽ ആദ്യമായി സ്ഥാപിച്ചു.

3) കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സാ വിഭാഗമായ ഒക്യൂലർ ഓങ്കോളജി ആരംഭിച്ചു. ആദ്യത്തെ ഇൻട്രാ അർറ്റീരിയൽ കീമോതെറാപ്പി നടത്തി. അഞ്ചോളം പ്രൊസീജറുകൾ ഇതുവരെ വിജയകരമായി ചെയ്യുവാൻ സാധിച്ചു.

4) രോഗബാധിത കോശങ്ങളെ സംഭരിച്ച് ഭാവിയിലെ ഗവേഷണങ്ങൾക്ക്

ഉപയോഗിക്കുവാനുള്ള ബയോ ബാങ്ക് സംവിധാനം 05-05-2021-ന് ആരംഭിച്ചു. ഏകദേശം 3000-ലധികം സാമ്പിളുകൾ ഇതുവഴി ശേഖരിക്കുവാൻ സാധിച്ചിട്ടുണ്ട്.

5) എല്ലാ ലബോറട്ടറികൾക്കും NABL അക്രഡിറ്റേഷനും NABH റീ-അക്രഡിറ്റേഷനും ലഭിച്ചു.

6) റിബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി താക്കോൽദ്വാര ശസ്ത്രക്രിയ രീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്ന റോബോട്ടിക് ശസ്ത്രക്രിയകൾ 28-05-2024-ന് ആരംഭിച്ചു. ഇതുവരെ 124 റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി.

7) കുട്ടികളുടെ 35-ഓളം മജ്ജ മാറ്റിവയ്ക്കലടക്കം 257-ലധികം മജ്ജ മാറ്റിവയ്ക്കൽ ചികിത്സ വിജയകരമായി പൂർത്തീകരിക്കുകയുണ്ടായി.

8) കുട്ടികളിലെ താലസീമിയക്കുള്ള മജ്ജ മാറ്റിവയ്ക്കൽ 18-01-2024-ന് ആരംഭിച്ചു.

9) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

10) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 3 Tesla MRI, Dexa Scan, Gallium Generator എന്നിവ ഉപയോഗിച്ചുള്ള രോഗനിർണ്ണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

11) NABH-ഡിജിറ്റൽ ഹെൽത്ത് സ്റ്റാൻഡേർഡ് അക്രെഡിറ്റഡ് - സിൽവർ ലെവൽ അംഗീകാരം ലഭിച്ചു.

12) കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർചികിത്സക്കായി ഉപയോഗിക്കുന്ന ചികിത്സാരീതിയായ CAR-T സെൽ തെറാപ്പി 19-07-2024-ന് പ്രവർത്തനമാരംഭിച്ചു. ഇതുവരെയായി 3 CAR-T സെൽ തെറാപ്പി ചെയ്യുകഴിഞ്ഞു.

13) കിഫ്ബി ഫേസ്-1 പദ്ധതിയിൽ ഉൾപ്പെടുത്തി 4 നിലകളോടുകൂടിയ കെട്ടിട സമുച്ചയം- ട്രീറ്റ്മെൻറ് ആൻഡ് അക്കാഡമിക് ബ്ലോക്ക്-84 ബെഡുകളോടുകൂടിയ കീമോതെറാപ്പി വാർഡ്, ബിരുദാനന്തര ബിരുദ സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി റേഡിയേഷൻ, സർജിക്കൽ, മെഡിക്കൽ ഓങ്കോളജി വിഭാഗങ്ങളും ഗവേഷണ സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

14) നവീകരിച്ച ബ്ലഡ്ബാങ്ക്, ബയോകെമിസ്ട്രി ലാബ്, മൈക്രോബയോളജി ലാബ് എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മൂന്നാമത്തെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുവാനുള്ള കെട്ടിടവും ഒരുങ്ങിയിട്ടുണ്ട്.

15) മലബാർ കാൻസർ സെന്റർ ഇന്നൊവേഷൻ ഇൻക്യുബേഷൻ നെസ്റ്റ് (MIINT) പ്രവർത്തനമാരംഭിച്ചു. മലബാർ കാൻസർ സെന്ററിന്റെ ഇൻക്യുബേഷൻ ഫെസിലിറ്റിയായ MIINT-ൽ നിലവിൽ മൂന്ന് സ്റ്റാർട്ടപ്പ് കമ്പനികൾ ഇൻക്യൂബേറ്റികളായുണ്ട്. നാലാമത്തെ സ്റ്റാർട്ടപ്പ് കമ്പനിയുടെ ഇൻക്യുബേഷൻ നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഫെബ്രുവരി മാസം പതിനഞ്ചാം തീയതി MIINT-ന്റെ നേതൃത്വത്തിൽ നടന്ന ഹാക്കത്തോൺ പരിപാടിയിൽ മെഡിക്കൽ പ്രാക്ടീസ് മേഖലയിൽ ആവശ്യകരമായ 50-ൽപരം പ്രശ്ന പ്രസ്താവനകൾ അവതരിപ്പിക്കപ്പെടുകയും അവയുടെ ശാസ്ത്രീയവും വാണിജ്യപരവുമായ സാധ്യതകളെ വിലയിരുത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ IIT മദ്രാസ്, NIT കോഴിക്കോട്, വിവിധ എഞ്ചിനീറിയറിങ് കോളേജുകൾ എന്നിവിടങ്ങളിലെ വിദ്യാർഥികളും സ്റ്റാർട്ടപ്പ് കമ്പനികളും പങ്കെടുത്തു. ഹാക്കത്തോണിൽനിന്നും കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി വിഷയ

വിദഗ്ധരടങ്ങുന്ന ഗ്രൂപ്പുകളും രൂപീകരിച്ചു.

കേരളത്തിലെ കാൻസർ കേസുകളുടെ ഗണ്യമായ വർധനവിന് അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും മലബാർ കാൻസർ സെന്ററിൽ വിവിധങ്ങളായ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ ബ്രസ്റ്റ് കാൻസറിന്റെ പാരമ്പര്യ ജനിതക പ്രത്യേകതകൾ മനസ്സിലാക്കുവാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ വളരെ ഊർജിതമായി നടന്നുവരുന്നു. ബ്രസ്റ്റ് ഡിസീസ് പോലുള്ള ഉന്നതമായ ജേർണലുകളിൽ ഈ പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ വായിലെ കാൻസറിനെക്കുറിച്ചുള്ള പഠനം ICMR സാമ്പത്തിക സഹായത്തോടെ നടന്നുവരുന്നു. ഗർഭാശയഗള കാൻസറിന്റെ കാരണക്കാരനായ HPV വൈറസിനെ തിരിച്ചറിയുവാനുള്ള നൂതന ഉപകരണം നിർമ്മിക്കുവാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ C-MET-ഉമായി ചേർന്ന് നടക്കുന്നു. ഇതുകൂടാതെ കാൻസർ ചികിത്സക്കാവശ്യമായ വാക്സിനുകൾ, CAR-T സെൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. അതിനായി ഗവേഷണ സ്ഥാപനങ്ങളായ കണ്ണൂർ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് മലബാർ കാൻസർ സെന്റർ പ്രവർത്തിച്ചുവരുന്നു.

കാൻസർ രോഗത്തിന് കാരണക്കാരായ പാരിസ്ഥിതിക കാർസിനോജനുകൾ തിരിച്ചറിയുകയെന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഉയർന്ന കാൻസർ നിരക്കുള്ള പ്രദേശങ്ങളിൽ പരിസ്ഥിതി നിരീക്ഷണവും എക്സ്പോഷർ വിലയിരുത്തലും നടത്തുക.

അതുപോലെതന്നെ നിത്യോപയോഗ സാധനങ്ങളിലുള്ള കാർസിനോജിനുകളുടെ അളവ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും വേണം. അതിനായുള്ള ഗവേഷണ പ്രവർത്തങ്ങളും മലബാർ കാൻസർ സെന്ററിൽ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പ്രാഥമികഘട്ടത്തിലാണ്.

(ഡി) എല്ലാവർക്കും കാൻസർ ചികിത്സ ഉറപ്പുവരുത്തുന്നതിന് കാൻസർ ഗ്രിഡിന്റെ മാപ്പിങ് എല്ലാ ജില്ലകളിലും നടന്നുവരുന്നുണ്ടോ; വിശദമാക്കുമോ?

എല്ലാ ജനവിഭാഗങ്ങൾക്കും കാൻസർ ഗ്രിഡ് ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കാൻസർ ഗ്രിഡിനെ ഡിജിറ്റൈസ് ചെയ്യുന്നതിന് ഒരു പദ്ധതി തയ്യാറാക്കുകയും ഇതിന്റെ ഫണ്ട് ലഭ്യമാകുന്നതിന് ദേശീയ ആരോഗ്യ ദൗത്യം വഴി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സ്വകാര്യ ആശുപത്രികളെയും സ്വകാര്യ ലാബുകളെയും ഉൾപ്പെടുത്തിക്കൊണ്ട് കാൻസർ കെയർ ഗ്രിഡ് വിപുലീകരിക്കുന്നതിനാണ് സർക്കാർ പദ്ധതിയിടുന്നത്. കാൻസർ ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ, ജനറൽ, താലൂക്കാശുപത്രികളെയും ഏകോപിപ്പിക്കുവാൻ സാധിക്കും. കാൻസർ ഗ്രിഡ് മാപ്പിങ് ഇതിലെ ന്യൂനതകൾ പരിഹരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. കാൻസർ കെയർ ഗ്രിഡ് പ്രകാരം കേരളത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും അവയുടെ രോഗനിർണ്ണയ, ചികിത്സാ സംവിധാനങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാപ്പിങ് നടത്തിയിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ ഓരോ വ്യക്തിക്കും അവരുടെ വീടിന്റെ അൻപത്

കിലോമീറ്റർ ചുറ്റളവിൽ രോഗനിർണ്ണയ ചികിത്സാസംവിധാനങ്ങൾ ലഭ്യമാക്കി, അതുവഴി ചെലവുകുറഞ്ഞതും വേഗത്തിൽ എത്തിപ്പെടാവുന്നതും മികച്ചതുമായ ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയാണ് ഈ ഗ്രിഡുവഴി ലക്ഷ്യമിടുന്നത്. ഇതുവഴി എല്ലാ വിഭാഗത്തിലുംപെടുന്ന ജനങ്ങൾക്ക് തുല്യമായ ചികിത്സ ലഭ്യമാവുന്നതാണ്. കൂടാതെ കാൻസർ ചികിത്സക്കായി ഇന്ന് സർക്കാരിന്റെ വിവിധ ചികിത്സാ സഹായ പദ്ധതികൾ ഈ സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഈ നടപടികൾ എല്ലാ ജില്ലകളിലും പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ മെഡിക്കൽ ലാബിന്റെ പ്രവർത്തന സമയ ക്രമീകരണം

173(3976) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ ലാബുകളുടെ പ്രവർത്തന സമയം രാവിലെ ഏഴ് മണിമുതൽ ഉച്ചക്ക് രണ്ട് മണിവരെ ക്രമീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രമേഹരോഗികൾ ഉൾപ്പെടെയുള്ളവർക്ക് അവരുടെ ഭക്ഷണക്രമത്തിൽ നിയന്ത്രണം വരുത്തുന്നതിനും ടെസ്റ്റുകൾ നടത്തുന്നതിനും സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ട സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സമയമാറ്റം ഏറെ ഉപകാരപ്പെടുമെന്ന കാര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലാബുകളുടെ പ്രവർത്തന സമയം ക്രമീകരിച്ച് പാവപ്പെട്ട രോഗികൾക്ക് അനുകൂലമായ തീരുമാനം

കൈക്കൊള്ളാൻ തയ്യാറാകുമോ; വിശദമാക്കാമോ?

(എ&ബി) എഫ്.ബി.എസ്. പരിശോധനക്കായി രോഗികൾക്ക് നേരത്തെ സാമ്പിൾ ശേഖരിക്കേണ്ടതിനാൽ ഒരു എൻ.സി.ഡി. ക്ലിനിക് ലാബിന് ഏറ്റവും അനുയോജ്യമായ പ്രവർത്തന സമയം രാവിലെ 7 മണി മുതലാണ്. ഇതിനായാണ് സർക്കാർ മെഡിക്കൽ ലാബുകളുടെ പ്രവർത്തന സമയം രാവിലെ ഏഴ് മണിമുതൽ ഉച്ചക്ക് രണ്ട് മണിവരെ ക്രമീകരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത്. 22-02-2010-ലെ GO(Rt)No.667/10/H&FWD ഉത്തരവുപ്രകാരം താലൂക്കാശുപത്രികൾ മുതൽ നിലവിൽ 24 മണിക്കൂറും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. 16-07-2018-ലെ G.O.(MS)No.134/2018/H&FWD പ്രകാരം പി.എച്ച്.സി/സി.എച്ച്.സി/എഫ്.എച്ച്.സി എന്നിവിടങ്ങളിൽ ലാബുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 4 മണി വരെയാണ്. അധിക മനുഷ്യവിഭവശേഷി എൽ.എസ്.ജി./എച്ച്.എം.സി.-യുടെ സഹായത്തോടെ പ്രാദേശികമായി ക്രമീകരിക്കാവുന്നതും അധിക ലാബ് ടെക്നീഷ്യൻ ലഭ്യമാണെങ്കിൽ, ആദ്യ ലാബ് ടെക്നീഷ്യന്റെ പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 4 വരെയും രണ്ടാമത്തെ ലാബ് ടെക്നീഷ്യന്റെ പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകുന്നേരം 6 വരെയും ആയിരിക്കേണ്ടതുമാണ്. എച്ച്.ആർ. പരിമിതികൾ കാരണം ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തന സമയങ്ങളിൽ മാത്രമേ ലാബ് പ്രവർത്തിക്കാനാകുകയുള്ളൂ.

അവയവമാറ്റ ശസ്ത്രക്രിയ

174(3977) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പാലിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) അവയവമാറ്റത്തിനുള്ള അനുമതികൾ വേഗത്തിലും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

(എ&ബി) 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട്, 2014-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ്, 19-11-2010-ലെ 14931/എസ്2/2009/ആ.കു.വ. നമ്പർ വിജ്ഞാപനം എന്നിവപ്രകാരമാണ് സംസ്ഥാനത്ത് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ, ജില്ലാതല ഓതറൈസേഷൻ കമ്മിറ്റി അവയവദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പുവരുത്തുവാനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ പരിശോധിക്കാറുണ്ട്. കൂടാതെ അവർ തമ്മിലുള്ള അവയവമാറ്റത്തിൽ പണമിടപാടുകളൊന്നും ഇല്ലെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതുപോലെയുള്ള ബന്ധം അവർ തമ്മിലുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽനിന്നോ ജനപ്രതിനിധികളിൽനിന്നോ ഉള്ള സർട്ടിഫിക്കറ്റും പൊലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയിലാണ് ജനപ്രതിനിധികളിൽനിന്നുള്ള സർട്ടിഫിക്കറ്റ് കമ്മിറ്റി പരിഗണിക്കുന്നത്. ഇതിനുപുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ ഏറ്റവുമടുത്ത ബന്ധുക്കളെയും കമ്മിറ്റി നേരിൽ കേൾക്കുകയും

പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകളെയും അവയവദാനത്തിനുശേഷം പുലർത്തേണ്ട ജീവിതശൈലി എന്നിവയെക്കുറിച്ചും ദാതാവിനെയും അവരുടെ അടുത്ത ബന്ധുക്കളെയും ബോധ്യപ്പെടുത്തുന്നതാണ്. കൂടാതെ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമെങ്കിൽ പുനഃപരിശോധന നടത്തുന്നതിനുംവേണ്ടി കമ്മിറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോഡിംഗ് ചെയ്ത് സൂക്ഷിക്കുന്നു. ഇപ്രകാരം സൂക്ഷ്മപരിശോധന നടത്തിയശേഷം മാത്രമാണ് കമ്മിറ്റി ശസ്ത്രക്രിയക്ക് അനുവാദം നൽകുന്നത്. ഈ നടപടിക്രമങ്ങൾ സുതാര്യവും നിയമവിധേയവുമാണ്.

ആശാവർക്കർമാരുടെ ശമ്പളം

175(3978) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം/ശമ്പളം/ഇൻസെന്റീവ്, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിന് ഈ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കാമോ; വകയിരുത്തിയതിൽ എത്ര തുകയാണ് അനുവദിച്ചതെന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ?

ആശാ വർക്കർമാരുടെ ഓണറേറിയം നൽകുന്നത് സംസ്ഥാന സർക്കാരിന്റെ നോൺ പ്ലാൻ ശീർഷകത്തിൽനിന്നാണ്. ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ നോൺ പ്ലാൻ ശീർഷകത്തിൽ ഇതിനായി വകയിരുത്തിയത് 210.09 കോടി രൂപയായിരുന്നു. മുഴുവൻ

തുകയും ചെലവഴിച്ചിട്ടുണ്ട്. ആശാ വർക്കർമാരുടെ ഇൻസെന്റീവ് നൽകുന്നതിന് ഈ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ അംഗീകരിച്ച തുക 149.4 കോടി രൂപയായിരുന്നു. ഇതിന്റെ 60 ശതമാനമായ 89.64 കോടി രൂപയാണ് കേന്ദ്രം അനുവദിക്കേണ്ടത്. ഈ തുകയുൾപ്പെടെ 467.48 കോടി രൂപയാണ് ഇതുവരെ നാഷണൽ ഹെൽത്ത് മിഷന്റെ ക്യാഷ് ഗ്രാന്റായി കേന്ദ്രം അനുവദിച്ചത്. ഈ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാറിന് അനുവദിച്ച അടങ്കൽ തുക മുഴുവൻ ഇതുവരെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമുൾപ്പെടെ ഇതുവരെ 104.58 കോടി രൂപ ആശാ വർക്കർമാരുടെ ഇൻസെന്റീവ് നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ കേന്ദ്ര ക്യാഷ് ഗ്രാന്റാണ് പൂർണ്ണമായും കുടിശ്ശികയായിട്ടുള്ളത്.

(ബി) ആശാ വർക്കർമാരുടെ ഓണറേറിയം/ശമ്പളം/ഇൻസെന്റീവ്, മറ്റ് അലവൻസുകളുൾപ്പെടെ നിശ്ചയിക്കാനും ഉയർത്താനുമുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആശമാർക്ക് ഫിക്സഡ് ഇൻസെന്റീവുകളും ചെയ്യുന്ന സേവനങ്ങൾക്കനുസരിച്ച് വിവിധ ആരോഗ്യ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര-സംസ്ഥാന സർക്കാർ 60:40 എന്ന അനുപാതത്തിൽ നൽകിവരുന്നു. ഇൻസെന്റീവുകളുടെ തുക ഉയർത്തേണ്ടത് കേന്ദ്രസർക്കാരാണ്. എന്നാൽ ഓണറേറിയം മുഴുവൻ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽനിന്നുമാണ് ചെലവഴിക്കുന്നത്.

(സി) ആശാ വർക്കർമാർക്കുള്ള ഓണറേറിയം/ശമ്പളം/ഇൻസെന്റീവ്, മറ്റ് അലവൻസുകൾ നൽകുന്നതിനുള്ള തുക കേന്ദ്രം ഈ സാമ്പത്തിക വർഷം കുടിശ്ശിക

വരുത്തിയിട്ടുണ്ടോ; എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ വർഷത്തെ അല്ല, 2023-24 സാമ്പത്തിക വർഷത്തെ തുകയാണ് പൂർണ്ണമായി കുടിശ്ശികയായിട്ടുള്ളത്.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പിന്റെ പദ്ധതികൾ

176(3979) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പുമുഖേന അനുവദിച്ച ഫണ്ടുകളും നടപ്പിലാക്കിയ പദ്ധതികളും ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

പയ്യന്നൂർ താലൂക്കാശുപത്രിയിൽ കിഫ്ബി ധനസഹായത്തോടുകൂടി 67 കോടി രൂപ മുതൽമുടക്കി നിർമ്മിച്ച കെട്ടിടനിർമ്മാണം പൂർത്തിയായി, പ്രവർത്തനമാരംഭിച്ചു. പെരിങ്ങോം താലൂക്കാശുപത്രിയിൽ നബാർഡ് ധനസഹായം അടിസ്ഥാനമാക്കി 12 കോടി രൂപ ചെലവിലുള്ള നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

ആശാ വർക്കർമാരുടെ ഓണറേറിയം

177(3980)ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2008 മുതൽ നാളിതുവരെ ആശാ വർക്കർമാരുടെ ഓണറേറിയം നൽകാനായി ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കാമോ?

നാളിതുവരെ ഈയിനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ നൽകുന്നു:

ക്രമ നമ്പർ	സാമ്പത്തിക വർഷം	ബഡ്ജറ്റ് (in Cr)	ചെലവ് (In Cr)
1	2011-12	11.15	0.11
2	2012-13	19.78	29.97
3	2013-14	20.88	0
4	2014-15	34.99	40.53
5	2015-16	26.74	52.44
6	2016-17	48.74	46.24
7	2017-18	34.1	36.6
8	2018-19	133.47	130.51
9	2019-20	124.86	124.77
10	2020-21	148.88	149.06
11	2021-22	183.1	182.16
12	2022-23	189.8	183.62
13	2023-24	190.42	189.83
14	2024-25	210.09	211.22

കുഷ്ഠരോഗം നിർമ്മാർജനം ചെയ്യുന്നതിനുള്ള പദ്ധതികൾ

178(3981) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠരോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് നടപ്പിലാക്കുന്ന അശ്വമേധം പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കാമോ?

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും കേരള സർക്കാരിന്റെയും നിർദ്ദേശപ്രകാരം

കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയെന്ന ലക്ഷ്യത്തോടെ ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ (അശ്വമേധം) നടത്തിവരുന്നു. സമൂഹത്തിൽ ഒളിഞ്ഞുകിടക്കുന്ന കുഷ്ഠരോഗികളെ കണ്ടുപിടിക്കുന്നതിനുള്ള LCDC ക്യാമ്പയിൻ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും നടപ്പിലാക്കുകയുണ്ടായി. ഈ ക്യാമ്പയിന്റെ ഭാഗമായി ആശാപ്രവർത്തകർ അഥവാ ഒരു വനിതാ സന്നദ്ധ പ്രവർത്തകയും പരിശീലനം ലഭിച്ച ഒരു പുരുഷ സന്നദ്ധ പ്രവർത്തകനുമടങ്ങുന്ന ടീം അവരവർക്ക് നിർദ്ദേശിച്ചിരിക്കുന്ന ഏരിയയിലെ എല്ലാ വീടുകളും ക്യാമ്പയിൻ കാലയളവിൽ (14 ദിവസം) സന്ദർശിച്ച് കുഷ്ഠരോഗത്തിന് സമാനമായ ലക്ഷണമുള്ള ആളുകളെ കണ്ടുപിടിച്ച് അവരെ രോഗനിർണ്ണയത്തിനായി സമീപത്തുള്ള ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നു. ഇത്തരത്തിലുള്ള അഞ്ച് ടീമുകളുടെ സൂപ്പർവിഷൻ ചുമതല ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനായിരിക്കും. ഗൃഹപരിശോധനയിലൂടെ കണ്ടെത്തി റഫർ ചെയ്ത രോഗികളുടെ രോഗനിർണ്ണയവും തുടർചികിത്സയും സൂപ്പർവൈസർമാർ ഉറപ്പുവരുത്തുന്നു. 2024-25-ൽ നടത്തിയ അശ്വമേധം ക്യാമ്പയിനിൽ കണ്ടെത്തിയ 46 കുഷ്ഠരോഗികൾക്ക് ചികിത്സ നൽകിത്തുടങ്ങിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കുഷ്ഠരോഗികളുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കാമോ; ഇവർക്ക് പ്രത്യേക ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ 333 കുഷ്ഠരോഗികളുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	PB	MB	ആകെ

തിരുവനന്തപുരം	3	36	39
കൊല്ലം	3	9	12
പത്തനംതിട്ട	0	7	7
ആലപ്പുഴ	3	7	10
കോട്ടയം	2	14	16
ഇടുക്കി	0	8	8
എറണാകുളം	4	27	31
തൃശ്ശൂർ	2	23	25
പാലക്കാട്	14	54	68
മലപ്പുറം	13	21	34
കോഴിക്കോട്	1	32	33
വയനാട്	1	5	6
കണ്ണൂർ	2	27	29
കാസർഗോഡ്	4	11	15
ആകെ	**52**	**281**	**333**

ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമാണ്. തീവ്രതകുറഞ്ഞ രോഗികൾക്ക് എല്ലാ സർക്കാർ ആശുപത്രികളിലും ഒ.പി.-യിൽ പ്രത്യേക പരിഗണന നൽകിവരുന്നു. കൂടുതൽ പരിഗണന കിട്ടേണ്ടവർക്കായി ത്വക്കുരോഗ വിഭാഗങ്ങൾ പ്രവർത്തിക്കുന്ന ആശുപത്രികളിൽ കിടത്തിച്ചികിത്സ സൗജന്യമായിത്തന്നെ നൽകിവരുന്നു. ആവശ്യമായ രോഗികൾക്ക് പാദസംരക്ഷണത്തിനായി എം.സി.ആർ. ചെരുപ്പുകൾ, സെൽഫ് കെയർ കിറ്റുകൾ എന്നിവ പ്ലാൻ ഫണ്ടിൽനിന്നും എൻ.എച്ച്.എം. ഫണ്ടിൽനിന്നും നൽകിവരുന്നു. തൊലിപ്പുറത്തുണ്ടാകുന്ന മുറിവുകൾ ഗുരുതരമാകാതിരിക്കുന്നതിനുവേണ്ടി പ്രതിരോധ മരുന്നുകൾ പ്ലാൻ ഫണ്ടിൽനിന്നുമുള്ള തുക വിനിയോഗിച്ച് നൽകിവരുന്നു. അംഗവൈകല്യം സംഭവിച്ചവർക്ക് പുനരുജ്ജീവനത്തിനായി റീകൺസ്ട്രക്ടീവ് സർജറി

ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ആരോഗ്യവകുപ്പിന്റെ പദ്ധതികൾ

179(3982) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് പദ്ധതികൾ തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കിയെന്നും ഇനി ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പൂർത്തിയാക്കാത്ത പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ-ഡി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

- ലാബ് സൗകര്യങ്ങൾ വിപുലീകരിക്കുക
- രോഗികൾക്കുവേണ്ടി കുടിവെള്ള സജ്ജീകരണം, ടി.വി., എയർപോർട്ട് ചെയർ എന്നിവ ഒരുക്കൽ
- പെയിന്റിങ് വർക്കുകൾ

- ഇമേജ് റൂമിന്റെ നവീകരണം
- ആവശ്യമുള്ള ഇലക്ട്രിക്കൽ, പ്ലംബിങ് വർക്കുകളുടെ നവീകരണ പ്രവൃത്തികൾ
- ഗ്രിൽ ഡോർ സ്ഥാപിക്കൽ
- അലൂമിനിയം വർക്കുകൾ
- ഒ.പി. രജിസ്ട്രേഷൻ കൗണ്ടർ
- രോഗികൾക്കുവേണ്ടിയുള്ള റാമ്പിന്റെ നിർമ്മാണം
- ഒബ്സർവേഷൻ റൂമിന്റെ നവീകരണം
- ടോയ്ലറ്റുകളുടെ നവീകരണം
- പ്രീ-ചെക്കപ്പിനുള്ള സംവിധാനം
- ഒ.പി. റൂമുകളുടെ നവീകരണം
- ഒ.പി. റൂമിനോടുചേർന്ന് രോഗികൾക്കുള്ള വെയ്റ്റിങ് ഏരിയ
- ഡ്രസിങ് റൂമിന്റെയും ഓട്ടോക്ലേവ് റൂമിന്റെയും നവീകരണം
- സ്റ്റാഫ് റൂം നവീകരണവും ടോയ്ലറ്റ് നിർമ്മാണവും
- കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നെയിം ബോർഡ് സ്ഥാപിക്കൽ

എൻ.എച്ച്.എം. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഇ) മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൂർത്തിയാക്കാത്ത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ ഏജൻസികൾക്കും എൽ.എസ്.ജി.ഡി. എൻജിനീയറിങ് വിങ്ങിനും നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ മാർഗനിർദേശങ്ങൾ

180(3983) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ സാർവത്രിക പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ മാർഗനിർദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

എല്ലാ കിടപ്പുരോഗികൾക്കും പരാശ്രയം ആവശ്യമുള്ള രോഗികൾക്കും പ്രായഭേദമന്യേ സാമ്പത്തികഭേദമന്യേ സാന്ത്വന പരിചരണം നൽകുകയെന്നതാണ് സാർവത്രിക സാന്ത്വന പരിചരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി പ്രാദേശികതലത്തിൽ ഗൃഹസന്ദർശനം നടത്തി സാന്ത്വന പരിചരണം നൽകുന്ന പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റുകളെ ശക്തീകരിക്കുക എന്നതാണ് പ്രധാനപ്പെട്ട നടപടി. ആരോഗ്യവകുപ്പിനുപുറമെ മെഡിക്കൽ കോളേജുകൾ, ആയുഷ് വിഭാഗം, ഹോമിയോ വിഭാഗം എന്നീ വകുപ്പുകളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് സാന്ത്വന പരിചരണ പരിപാടിയുടെ അടിത്തറ വികസിപ്പിക്കുകയാണ് ചെയ്തുവരുന്നത്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 500-ൽപരം സന്നദ്ധ സംഘടനകളുടെ സേവനംകൂടി ഉറപ്പാക്കുന്നതോടെയാണ് പ്രാഥമിക സാന്ത്വന ചികിത്സാരംഗത്ത് ആവശ്യമുള്ള എല്ലാവർക്കും ഏതുസമയത്തും സാന്ത്വനപരിചരണം ഉറപ്പാക്കാൻ സാധിക്കുന്ന യൂണിവേഴ്സൽ കെയർ അഥവാ 'സാർവത്രിക പരിചരണം' എന്ന

ആശയം നടപ്പിലാക്കാൻ സാധിക്കുന്നത്. 2019-ലെ കേരള സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് കെയർ നയപ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണമെന്ന് നിർദേശം നൽകിയിട്ടുള്ളതും പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. ആതുരശുശ്രൂഷ രംഗത്ത് പാലിയേറ്റീവ് നയം ആദ്യമായി പ്രഖ്യാപിച്ചത് 2008-ൽ കേരളമാണ്. അതിനുശേഷം 2019-ൽ പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയം നിലവിൽവന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, 35-ൽപരം എൻ.ജി.ഒ.-കളും സാമൂഹ്യാധിഷ്ഠിത സംഘടനകളും ആരോഗ്യവകുപ്പും ചേർന്നാണ് പാലിയേറ്റീവ് പരിചരണം സംസ്ഥാനത്ത് പ്രാവർത്തികമാക്കിവരുന്നത്.

ആശുപത്രികളിലെപ്പോലെത്തന്നെ ഗൃഹപരിപാലനത്തിലും ഊന്നൽ നൽകുന്നതാണ് പുതുക്കിയ 2019-ലെ പാലിയേറ്റീവ് പരിശീലന നയം. സാമ്പത്തികമോ സാമൂഹികമോ വ്യക്തിപരമോ ആയ ബുദ്ധിമുട്ടുകൾക്ക് സമൂഹത്തിന്റെ പിന്തുണയുള്ള ഗാർഹിക പരിചരണത്തിലൂന്നി കേരളത്തിലെ ഓരോ വ്യക്തിക്കും നിലവാരമുള്ള ഫലപ്രദമായ പാലിയേറ്റീവ് കെയർ സേവനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ് പുതുക്കിയ പാലിയേറ്റീവ് കെയർ പോളിസിയുടെ ലക്ഷ്യം. ഈ നയരേഖയിൽ കേരളത്തിലുള്ള പാലിയേറ്റീവ് കെയർ ആവശ്യമാകുന്ന രോഗികൾക്കുള്ള ത്രിതല ചികിത്സാ സൗകര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. നയരേഖയിലൂടെ പാലിയേറ്റീവ് കെയർ വിഭാഗത്തിനുവേണ്ടിയുള്ള ആരോഗ്യ പ്രവർത്തകരുടെ പരിശീലനവും സ്ഥാപനങ്ങളുടെ ശേഷി പരിപോഷണവും ലക്ഷ്യം വയ്ക്കുന്നുണ്ട്. പൊതുജനങ്ങൾക്കിടയിൽ സാന്ത്വന

പരിചരണത്തെപ്പറ്റിയുള്ള അവബോധം, അതിന്റെ പ്രാധാന്യം, സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ ഇവ നേടിയെടുക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവയും നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാന്ത്വന പരിചരണരംഗത്തെ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്ഥാപനങ്ങൾ, എൻ.ജി.ഒ. സാമുദായിക സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആയുഷ് വകുപ്പ് തുടങ്ങിയവയുടെ പങ്ക് നയരേഖയിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സജ്ജമാക്കുന്നതിനായി പാലിയേറ്റീവ് കെയർ നയരേഖയെ അടിസ്ഥാനമാക്കി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അഞ്ഞൂറിലധികം സന്നദ്ധ സംഘടനകൾ സാന്ത്വന പരിചരണരംഗത്ത് വർഷങ്ങളായി സേവനമനുഷ്ഠിച്ചുവരുന്നു. പുതുക്കിയ പാലിയേറ്റീവ് കെയർ നയപ്രകാരം ഇപ്രകാരമുള്ള സംഘടനകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടത്തിയിരുന്ന ഈ രജിസ്ട്രേഷൻ പ്രാഥമികതലത്തിൽ ഗൃഹസന്ദർശനം നടത്തി പരിചരണം നൽകുന്ന എല്ലാ സന്നദ്ധ സംഘടനകൾക്കും ഇനിമുതൽ നിർബന്ധമാക്കുന്നതാണ്. പുതിയതായി പുറത്തിറക്കിയ പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെയും പാലിയേറ്റീവ് കെയർ സംഘടനകളുടെ രജിസ്ട്രേഷൻ സാധ്യമാകുന്നതാണ്.

(സി) ഇതിനായി വോളന്റിയർമാർക്ക് വാർഡുതലത്തിൽ പരിശീലനം നൽകിവരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

തദ്ദേശതലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും അതിലെ വോളണ്ടിയർമാർക്കും പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വർഷങ്ങളായി ഉപയോഗിക്കുന്ന വഴി തടസ്സപ്പെടുത്തിയത് പരിഹരിക്കാൻ നടപടി

181(3984) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂർ താലൂക്കാശുപത്രിയുടെ സമീപത്തുള്ള താമസക്കാർ വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരുന്ന വഴി തടസ്സപ്പെടുത്തി ആശുപത്രിയുടെ മതിൽ കെട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

പേരാവൂർ താലൂക്കാശുപത്രിയെ വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ചുറ്റുമതിലിന്റെ നിർമ്മാണപ്രവൃത്തി 09-01-2025-ന് ആരംഭിക്കുകയും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് മുതൽ മൗണ്ട് കാർമൽ ആശ്രമം വരെയുള്ള ഭാഗം ചുറ്റുമതിൽ കെട്ടി പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളത്. പേരാവൂർ താലൂക്കാശുപത്രിയുടെ സ്ഥലം പരിസരവാസികളായ സ്വകാര്യവ്യക്തികൾ അനധികൃതമായി കൈയേറിയാണ് വഴിയായി ഉപയോഗിച്ചിരുന്നത്. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ തടയണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.14049/2021, WP(C) No.21980/22, WP(C) No.36328/22 എന്നീ കേസുകളിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ ബഹുമാനപ്പെട്ട കോടതി തടയാത്ത സാഹചര്യത്തിൽ, ആശുപത്രി ഭൂമി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയുടെ

അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനിന്റെ ഭാഗമായാണ് ചുറ്റുമതിൽ നിർമ്മാണം നടത്തിയിട്ടുള്ളത്. പേരാവൂർ താലൂക്കാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണപ്രവൃത്തി തടസ്സപ്പെടുത്തിയതിനെതിരെ ആശുപത്രി സൂപ്രണ്ട്, പേരാവൂർ പൊലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെയുള്ളവ ഉപയോഗപ്പെടുത്തി ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മിതി

182(3985) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെയുള്ളവ ഉപയോഗപ്പെടുത്തി ആരോഗ്യകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ആരോഗ്യവകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ബി) വരന്തരപ്പിള്ളി, വല്ലച്ചിറ ഗ്രാമപഞ്ചായത്തുകളുടെ പഴയകെട്ടിടം പൊളിച്ചുമാറ്റുന്നതുൾപ്പെടെയുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വരന്തരപ്പിള്ളി കുടുംബാരോഗ്യകേന്ദ്രത്തിലെ മുപ്ലിയം ഉപകേന്ദ്രം പൊളിച്ചുമാറ്റുന്നതിന്

03-02-2025-ലെ പി.എൽ.ബി4-22273/2024/ആ.വ.ഡ. നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം പൊളിച്ചുനീക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. വല്ലച്ചിറ കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിലുള്ള ആറാട്ടുപുഴ സബ് സെന്റർ പൊളിച്ചുമാറ്റുന്നതിന് 30-11-2024-ലെ പി.എൽ.ബി4-25962/2024/ആ.വ.ഡ. നമ്പർ ഉത്തരവുപ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം സബ് സെന്റർ പൊളിച്ചുനീക്കിയിട്ടുള്ളതുമാണ്.

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

183(3986) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പേര്, തുക, പ്രവർത്തന പുരോഗതി എന്നിവ തരംതിരിച്ച് വിശദമാക്കാമോ?

മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 2018-ൽ ഭരണാനുമതി ലഭിച്ച കാഷ്വാലിറ്റി കോംപ്ലക്സ്, പോളിക്ലിനിക്, സി.എസ്.എസ്.ഡി. എന്നിവയുടെ നിർമ്മാണത്തിനായി 3.07 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

02-02-2018-ലെ G.O(Rt)No.396/2018/H&FWD ഉത്തരവുപ്രകാരം 'Major Construction under DHS'-ലുൾപ്പെടുത്തി ചാവക്കാട് താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി കോംപ്ലക്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പണിയുന്നതിന് 150 ലക്ഷം രൂപയുടെയും പോളിക്ലിനിക് ബിൽഡിങ് പണിയുന്നതിന് 110 ലക്ഷം രൂപയുടെയും താലൂക്കാശുപത്രിയുടെ തന്നെ കാഷ്വാലിറ്റി കോംപ്ലക്സിന്റെ രണ്ടാം നിലയിൽ സെൻട്രൽ sterile സപ്ലൈ ഡിപ്പാർട്ട്മെന്റ് പണിയുന്നതിന് 47 ലക്ഷം രൂപയുടെയും ചേർത്ത് ആകെ 3.07 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 17-10-2023-ലെ G.O(Rt)No.2705/2023/H&FWD ഉത്തരവുപ്രകാരം നബാർഡ് RIDF ട്രാഞ്ചെ XXIX (2023-2024)-ൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചാവക്കാട് താലൂക്കാശുപത്രി നിർമ്മാണത്തിനായി 1080 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 3.07 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസലുകൾ ഒന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഹെൽത്ത് ആൻഡ് വെൽനസ്സ് ക്ലിനിക്കുകൾ

184(3987) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഹെൽത്ത് ആൻഡ് വെൽനസ്സ് ക്ലിനിക്കുകൾ പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി ഓരോ ആരോഗ്യ കേന്ദ്രത്തിലും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഹെൽത്ത് ആൻഡ് വെൽനസ്സ് ക്ലിനിക്കുകളുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

രോഗികൾക്കുള്ള കാത്തിരിപ്പ് സ്ഥലം, ക്ലിനിക്, ഓഫീസ് സൗകര്യങ്ങൾ, പ്രതിരോധ കുത്തിവയ്പ് നൽകുന്നതിനുള്ള സൗകര്യമൊരുക്കൽ, ഐ.യു.സി.ഡി. മുറി, മുലയൂട്ടൽ മുറി, ശുചിമുറി സൗകര്യം എന്നിവയാണ് പ്രധാനമായും സജ്ജീകരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സി.എച്ച്.സി. മലയിടംതുരുത്തിനുകീഴിലുള്ള സബ് സെന്റർ കവുങ്ങാപ്പറമ്പ്, എഫ്.എച്ച്.സി. കുമാരപുരത്തിനുകീഴിലുള്ള സബ് സെന്റർ വെമ്പിള്ളി, എഫ്.എച്ച്.സി. മഴുവന്നൂരിനുകീഴിലുള്ള സബ് സെന്റർ വളയംചിറങ്ങര, എഫ്.എച്ച്.സി. മഴുവന്നൂരിനു കീഴിലുള്ള സബ് സെന്റർ കുഴൂർ, എഫ്.എച്ച്.സി. വാഴക്കുളത്തിനുകീഴിലുള്ള സബ് സെന്റർ വാഴക്കുളം സൗത്ത്, എഫ്.എച്ച്.സി പൂതൃക്കക്കുകീഴിലുള്ള സബ് സെന്റർ കുറുകപ്പിള്ളി, സി.എച്ച്.സി. മലയിടംതുരുത്തിനുകീഴിലുള്ള സബ് സെന്റർ ഞാറള്ളൂർ എന്നീ ആരോഗ്യ കേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സി.എച്ച്.സി. വടവുകോടിനുകീഴിലുള്ള സബ് സെന്റർ ബ്രഹ്മപുരം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

ആരോഗ്യ ഔഷധ മേഖലയിലെ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യങ്ങൾ

185(3988) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഔഷധ മേഖലയിലെ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യങ്ങൾക്കെതിരായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നൽകിയ പരാതിയിന്മേലുള്ള കോടതിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതി ഫയലിൽ സ്വീകരിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതി, സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഡ്രഗ്സ് റൂൾ 170, ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് ആക്ട് എന്നിവയുടെ ലംഘനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം സത്യവാങ്മൂലമായി സമർപ്പിക്കുവാൻ ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട കോടതിയുടെ പ്രസ്തുത ഉത്തരവിനുവിധേയമായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യം നടത്തുന്നവർക്കെതിരായി പരാതി സ്വീകരിക്കാനും നടപടികളെടുക്കാനും സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് ആക്ടുപ്രകാരം കർശനനടപടികൾ സ്വീകരിക്കണമെന്ന് കോടതി നിർദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഉന്നയിച്ച പരാതികളുടെ വെളിച്ചത്തിലും എതിർവാദിയായ സ്ഥാപനത്തിനുപുറമെ, മറ്റ് FMCGS/ഫാർമസ്യൂട്ടിക്കൽ കമ്പനികൾ എന്നിവരും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ തങ്ങളുടെ ഉൽപന്നത്തെപ്പറ്റി പരസ്യം നൽകിവരുന്നതിനാലും 1954-ലെ ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് ആക്ട്, ചട്ടങ്ങൾ, 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട്, ചട്ടങ്ങൾ എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെ അനുപാലനം സംബന്ധിച്ച വിഷയം ബഹുമാനപ്പെട്ട കോടതി സൂക്ഷ്മമായി നിരീക്ഷിക്കുന്നതാണെന്ന് WP(C) No.645/22 കേസിൽ 23-04-2024-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ സംസ്ഥാന സർക്കാരുകളെയും കേസിൽ കോ-റെസ്പോൻഡെന്റായി കക്ഷിചേർക്കുകയും ചെയ്തിട്ടുണ്ട്. 7-5-2024, 14-05-2024 എന്നീ തീയതികളിലെ ഉത്തരവുകൾപ്രകാരം 1954-ലെ ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് ആക്ട്, ചട്ടങ്ങൾ, 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട്, ചട്ടങ്ങൾ, 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് എന്നിവ ലംഘിച്ച് പത്രങ്ങളിലും ഇലക്ട്രോണിക് മീഡിയയിലും പരസ്യം ചെയ്തതും പ്രത്യക്ഷപ്പെട്ടതുമായ, പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെയും ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ആരോഗ്യസംബന്ധമായ ഉൽപന്നങ്ങൾ, ഭക്ഷണസാധനങ്ങൾ, ഫുഡ് സപ്ലിമെന്റ് എന്നിവ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ, ഉൽപാദകർ/പരസ്യസ്ഥാപനങ്ങൾ നൽകുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ സത്യവാങ്മൂലം സമർപ്പിക്കുവാൻ എല്ലാ സംസ്ഥാനങ്ങളിലെയും

സ്റ്റേറ്റ് ലൈസൻസിങ് അതോറിറ്റിക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. കോടതി നിർദേശപ്രകാരം Central Ministry of Information and Broadcasting, Broadcast Seva Portal-ൽ പരസ്യക്കാരും ഏജൻസികളും Self Declaration Upload ചെയ്യുന്നതിനും Self Certificate Generate ചെയ്യുന്നതിനുമായി സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് ലഭിക്കുന്ന പരാതികളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ എല്ലാ സംസ്ഥാനങ്ങൾക്കുമായി ഒരു ഡാഷ് ബോർഡ് ഉണ്ടാക്കുവാൻ Ministry of Ayush-ന് നിർദേശം നൽകിയിട്ടുമുണ്ട്.

(ഡി) ഇതുസംബന്ധിച്ച് കേരളം സമഗ്രമായ സത്യവാങ്മൂലമാണ് ഫയൽ ചെയ്തതെന്നും ഗുണകരമായ നിരവധി ശിപാർശകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും കോടതി പ്രത്യേകമായി പരാമർശിച്ചത് സംസ്ഥാനത്തിനുള്ള അംഗീകാരമായി കാണുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കാലാകാലങ്ങളായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ചെയ്തുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ സംസ്ഥാനം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നു. 2016 മുതൽ ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് ആക്ടിന്റെയും ഡ്രഗ്സ് റൂൾസ് 1945-ലെ ചട്ടം 170-ന്റെയും ലംഘനത്തിനെതിരെ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. നിയമലംഘനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുള്ളതായി കോടതി വിലയിരുത്തിയിട്ടുണ്ട്. ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് അനിവാര്യമായ നിയമനിർമ്മാണ ശിപാർശകളും

സത്യവാങ്മൂലത്തിലൂടെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്.

(ഇ) വിവിധ മാധ്യമങ്ങളിലൂടെ സംസ്ഥാനത്ത് നടത്തിവരുന്ന തെറ്റായ പ്രചാരണങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

വിവിധ രോഗാവസ്ഥകൾക്ക് ഫലപ്രദമാണെന്ന് തെറ്റായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള തെറ്റിദ്ധാരണാജനകമായ പരസ്യങ്ങളുടെ അതിപ്രസരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വകുപ്പിലെ എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംസ്ഥാനവ്യാപകമായി 'ഓപ്പറേഷൻ മാജിക്-Ad' എന്ന പേരിൽ റെയ്ഡ് നടത്തിവരുന്നു. പ്രസ്തുത റെയ്ഡിൽ വിവിധ ജില്ലകളിലായി നിരവധി സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട്, 1954 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ പരസ്യം ചെയ്ത് നിർമ്മിച്ച് വിതരണം നടത്തിവന്നിരുന്ന ഉൽപന്നങ്ങൾ കണ്ടുകെട്ടുകയും നിർമ്മാതാക്കൾ/വിതരണക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇപ്രകാരം സംസ്ഥാനത്ത് നടത്തിയ പരിശോധനയിൽ 25-ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ പ്രചരിപ്പിച്ച് ഓൺലൈനായി ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത് കൊണ്ടുതന്നെ ടി പരസ്യങ്ങളുടെ ആധികാരികത കണ്ടെത്താനും തുടർനടപടികൾ സ്വീകരിക്കാനും പലപ്പോഴും ഡ്രഗ്സ് കൺട്രോൾ വകുപ്പിന് പ്രതിസന്ധി നേരിടേണ്ടിവരുന്നുണ്ട്. പൊതുജനാരോഗ്യ

സംരക്ഷണാർത്ഥം ഇത്തരം പരസ്യങ്ങളുടെ അതിപ്രസരണം നിയന്ത്രണവിധേയമാക്കേണ്ടതും പരിശോധനകൾ കർശനമാക്കേണ്ടതും അനിവാര്യമായതുകൊണ്ടുതന്നെ പരിശോധനകൾ ഊർജിതമാക്കി നിയമം ലംഘിക്കുന്നവർക്കെതിരെ വകുപ്പ് കർശനനടപടികൾ സ്വീകരിച്ചുവരുന്നു.

ഹീമോഫീലിയ രോഗികൾക്ക് എമിസിസുമാബ് ചികിത്സ

186(3989) ശ്രീ. പി. പി. സുമോദ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ ചികിത്സാ മരുന്നുകൾക്ക് ആഗോളതലത്തിൽ ലഭ്യതക്കുറവ് അനുഭവപ്പെടുന്ന ഗൗരവകരമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ആഗോളതലത്തിൽ ഹീമോഫീലിയ മരുന്നുകളുടെ കുറവുകൾ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ആരോഗ്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു ഉന്നതതലയോഗം 2025 ജനുവരി 17-ന് ചേർന്നിട്ടുണ്ട്.

(ബി) രാജ്യത്താദ്യമായി ഹീമോഫീലിയ ചികിത്സക്കായി നൂതനമായ 'എമിസിസുമാബ് പ്രൊഫൈലാക്സിസ്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്; ഹീമോഫീലിയ ബാധിതർക്ക് രക്തത്തിൽ കുറവുള്ള ക്ലോട്ടിങ് ഘടകം ഫാക്ടർ 8 മുൻകൂട്ടി കൃത്യമായ ഇടവേളകളിൽ നൽകുന്ന ചികിത്സയാണ് പ്രൊഫൈലാക്സിസ് ചികിത്സ.

എന്നാലിപ്പോൾ ആഗോളതലത്തിൽ പ്രചാരം നേടിവരുന്ന നൂതനമായ ചികിത്സയാണ് എമിസിസുമാബ് പോലുള്ള നോൺ ഫാക്ടർ റീപ്ലേസ്മെന്റ് ചികിത്സ. ഫാക്ടർ ഘടകങ്ങളേക്കാൾ സൗകര്യപ്രദമായ ഈ ചികിത്സ മാസത്തിൽ ഒന്നോ രണ്ടോ തവണമാത്രം തൊലിപ്പുറത്ത് നൽകേണ്ടുന്ന ഇൻജക്ഷനാണ്. ഒപ്പം ചികിത്സയിലുള്ളവർക്ക് അപകടങ്ങൾമൂലം അല്ലാതെയുള്ള രക്തസ്രാവം ഉണ്ടാകുന്നില്ലായെന്നത് ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന ചികിത്സയായി ഇതിനെ മാറ്റുന്നു. രാജ്യത്താദ്യമായി 18 വയസ്സിന് താഴെയുള്ള പ്രൊഫൈലാക്സിസ് ആവശ്യമുള്ള മുഴുവൻ കുട്ടികൾക്കും എമിസിസുമാബ് പ്രൊഫൈലാക്സിസ് ചികിത്സ ആരംഭിച്ചത് കേരളത്തിലാണ്.

(സി) 'എമിസിസുമാബ്' കുട്ടികൾക്കും മുതിർന്നവർക്കുമായി നിലവിൽ എത്രപേർക്ക് നൽകിവരുന്നുണ്ടെന്നും ആയതിന് കഴിഞ്ഞ വർഷം മാത്രം ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്താമോ?

256 കുട്ടികൾക്കും 68 മുതിർന്നവർക്കുമായി ആകെ 11,15,25,607/- രൂപ കഴിഞ്ഞ വർഷം ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഹീമോഫീലിയ രോഗികളുടെ പരിചരണചികിത്സ ഉറപ്പാക്കുന്ന 'ആശാധാര' പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗബാധിതർക്കായി നടപ്പിലാക്കിവരുന്ന സമഗ്രവും വികേന്ദ്രീകൃതവുമായ പദ്ധതിയാണ് 'ആശാധാര'. കേരളത്തിൽ 'ആശാധാര' പദ്ധതിയിൽ ഇതുവരെ 3551 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കുള്ള കോംപ്രഹെൻസീവ് ചികിത്സ ലഭ്യമാക്കുന്നതിനായി എല്ലാ

ജില്ലകളിലും ജില്ലാ ഡേ കെയർ സെന്ററുകൾ (DDCC) ആരംഭിക്കുകയും അതിലേക്ക് ഒരു മുഴുവൻ സമയ പേഷ്യന്റ് കെയർ കോ-ഓർഡിനേറ്ററിനെ നിയമിക്കുകയും ഒരു ഡോക്ടറിന് നോഡൽ ഓഫീസറുടെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ രജിസ്ട്രേഷൻ, രോഗീപരിചരണത്തിന്റെ ഭാഗമായുള്ള ബോധവൽക്കരണം, പരിശോധനകൾ എന്നിവ കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുക, കുട്ടികൾക്കുള്ള പ്രൊഫൈലാക്സിസ് നടത്തുക എന്നിവയാണ് പ്രധാനമായി ജില്ലാ ഡേ കെയർ സെന്ററുകൾ ചെയ്തുവരുന്നത്. ഇതുകൂടാതെ ജില്ലയിൽ ലഭ്യമായ സേവനങ്ങൾ ഫിസിയോതെറാപ്പി ഉൾപ്പെടെ രോഗികൾക്ക് പ്രയോജനകരമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താനും DDCC ശ്രമിച്ചുവരുന്നു. 'ആശാധാര' പദ്ധതിയുടെ ഭാഗമായി പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് നൂതന ചികിത്സാമാർഗമായ monoclonal antibody എമിസിസുമാബ് പ്രൊഫൈലാക്സിസിലേക്ക് മാറ്റാൻ സാധിച്ചു. ഈ ചികിത്സ കേരള സംസ്ഥാനത്തെ ഹീമോഫീലിയ കെയറിലെ ഒരു വലിയ പരിവർത്തനമാണ്. ഇത് severe-Hemophilia A ബാധിച്ച കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെയധികം സഹായിച്ചിട്ടുണ്ട്.

കേരള രാജ്ഭവനിൽ സേവനമനുഷ്ഠിക്കുന്ന ആരോഗ്യപ്രവർത്തകർ

187(3990) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രാജ്ഭവൻ ക്യാമ്പസിൽ സേവനമനുഷ്ഠിച്ചുവരുന്ന ആരോഗ്യപ്രവർത്തകർ സംസ്ഥാന ആരോഗ്യവകുപ്പിനുകീഴിലെ ജീവനക്കാരാണോയെന്ന് വ്യക്തമാക്കാമോ;

(ബി) രാജ്ഭവനിൽ ആകെ എത്ര ആരോഗ്യപ്രവർത്തകരാണ് നിലവിൽ സേവനമനുഷ്ഠിക്കുന്നതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർ ഓരോരുത്തരും എത്രകാലമായി രാജ്ഭവനിൽ സേവനമനുഷ്ഠിച്ചുവരികയാണെന്ന് അറിയിക്കുമോ?

(എ-സി) കേരള രാജ്ഭവൻ ക്യാമ്പസിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് അസിസ്റ്റന്റ് (ഫിസിയോതെറാപ്പി)-നെ ജോലി ക്രമീകരണ വ്യവസ്ഥയിൽ 17-02-2025-ലെ ഉത്തരവുപ്രകാരം അധികചുമതല നൽകി നിയമിച്ചിട്ടുണ്ട്. 06-08-2024-ലെ ഉത്തരവുപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒരു പ്രൊഫസറെ ഗവർണ്ണറുടെ ഓണററി ഫിസിഷ്യനായി നിയമിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പിൽനിന്നും രാജ്ഭവനിൽ ജോലി ചെയ്യുന്നവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ജീവനക്കാർ	**തീയതി**
മെഡിക്കൽ ആഫീസർ	29-08-2011 മുതൽ
സ്റ്റാഫ് നഴ്സ് ഗ്രേഡ് II	06-03-2025 മുതൽ
ഫാർമസിസ്റ്റ് ഗ്രേഡ് I	05-10-2024 മുതൽ
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I	16-05-2024 മുതൽ

(ഡി) ആരോഗ്യവകുപ്പിലെ ജീവനക്കാരെ രാജ്ഭവനിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ടും ഇവരുടെ സേവനം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടും നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

188(3991) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയത്; വിശദാംശം നൽകാമോ?

കെ.പി. കോളനി, പാമ്പാടുംപാറ, സേനാപതി, രാജകുമാരി, ഉടുമ്പൻചോല, ശാന്തൻപാറ, ചെമ്പകപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. കൂടാതെ കരുണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

(ബി) ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും അധികമായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സ്ഥാപനം	അനുവദിച്ച തസ്തികകൾ
എഫ്.എച്ച്.സി., കരുണപുരം	ഫാർമസിസ്റ്റ് -1
എഫ്.എച്ച്.സി., കെ.പി കോളനി	അസിസ്റ്റന്റ് സർജൻ-1 ഫാർമസിസ്റ്റ് -1 ലാബ് ടെക്നീഷ്യൻ -1
എഫ്.എച്ച്.സി., പാമ്പാടുംപാറ	നഴ്സിങ് ഓഫീസർ ഗ്രേഡ് II -1
എഫ്.എച്ച്.സി., ഉടുമ്പൻചോല	അസിസ്റ്റന്റ് സർജൻ-1 നഴ്സിങ് ഓഫീസർ - 2 ഫാർമസിസ്റ്റ് -1 ലാബ് ടെക്നീഷ്യൻ-1
എഫ്.എച്ച്.സി., സേനാപതി	അസിസ്റ്റന്റ് സർജൻ-1

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

	നഴ്സിങ് ഓഫീസർ ഗ്രേഡ് II- 1
എഫ്.എച്ച്.സി., രാജകുമാരി	ഫാർമസിസ്റ്റ് ഗ്രേഡ് II -1
എഫ്.എച്ച്.സി., ശാന്തൻപാറ	നഴ്സിങ് ഓഫീസർ ഗ്രേഡ് II - 1

(സി) ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം നൽകാമോ?

തസ്തിക	**തസ്തികകളുടെ എണ്ണം**
അസിസ്റ്റന്റ് സർജൻ	2
നഴ്സിങ് ഓഫീസർ ഗ്രേഡ് II	1
സീനിയർ ക്ലാർക്ക്	1
ഓഫീസ് അറ്റൻഡന്റ്	1
ഫാർമസിസ്റ്റ് ഗ്രേഡ് II	1
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I	1
ഹെൽത്ത് ഇൻസ്പെക്ടർ	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I	2
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II	2
പബ്ലിക് ഹെൽത്ത് നഴ്സ്	1
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I	2
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II	2
പാർട്ട് ടൈം സ്വീപ്പർ	1
ആകെ	18

(ഡി) ഈ സ്ഥാപനത്തിൽ നാളിതുവരെ സ്റ്റാഫ് നഴ്സ് തസ്തിക അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

14-02-2025-ലെ സ.ഉ.(കൈ)നം.55/2025/ആ.കു.വ. ഉത്തരവുപ്രകാരം നഴ്സിങ് ഓഫീസറിന്റെ ഒരു തസ്തിക അനുവദിച്ചിട്ടുണ്ട്.

(ഇ) ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉണ്ടാവേണ്ട തസ്തികകൾ എന്തൊക്കെയാണ്;

വിശദാംശം നൽകാമോ?

- ഡോക്ടർ
- നഴ്സിങ് ഓഫീസർ
- ഫാർമസിസ്റ്റ്
- ലാബ് ടെക്നീഷ്യൻ
- നഴ്സിങ് അസിസ്റ്റന്റ്
- ഹോസ്പിറ്റൽ അറ്റൻഡന്റ്
- ക്ലാർക്ക്
- ഓഫീസ് അറ്റൻഡന്റ്
- പാർട്ട് ടൈം സ്വീപ്പർ
- ഹെൽത്ത് ഇൻസ്പെക്ടർ
- പബ്ലിക് ഹെൽത്ത് നഴ്സ്
- ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
- ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

(എഫ്) ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അരുവിക്കര നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രം

189(3992) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിവഴി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്നറിയിക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിവഴി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങൾ

- എഫ്.എച്ച്.സി., അരുവിക്കര
- എഫ്.എച്ച്.സി., കുറ്റിച്ചൽ
- എഫ്.എച്ച്.സി., ഉഴമലയ്ക്കൽ
- എഫ്.എച്ച്.സി., കള്ളിക്കാട് ഓൾഡ് (വീരണകാവ്)
- എഫ്.എച്ച്.സി., കാട്ടാക്കട
- എഫ്.എച്ച്.സി., തൊളിക്കോട്
- എഫ്.എച്ച്.സി., മലയടി

(ബി) പ്രസ്തുത ആരോഗ്യസ്ഥാപനങ്ങളിൽ ആർദ്രം പദ്ധതിപ്രകാരം ഈ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

ഈ സർക്കാർ നിലവിൽവന്നതിനുശേഷം മലയടി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് 15.5 ലക്ഷം രൂപ ഭരണാനുമതി നൽകിയതിൽ നിലവിൽ 13.03 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

അരുർ നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്ര സബ് സെന്ററുകൾ

190(3993) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ എത്ര സബ്

സെന്ററുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടെന്ന് വിശദമാക്കാമോ;

(ബി) കെട്ടിടം ഇല്ലാത്ത സബ് സെന്ററുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ടെലികോബാൾട്ട് മെഷിനുപകരം ലീനിയർ ആക്സിലറേറ്റർ മെഷീൻ

191(3994) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മെഡിക്കൽ കോളേജിലെ നിലവിലുള്ള ടെലികോബാൾട്ട് മെഷീൻ ഡീകമ്മീഷൻ ചെയ്യുന്നതിനും പുതിയ ടെലികോബാൾട്ട് മെഷീനുപകരം LINAC (Linear Accelerator) മെഷീൻ വാങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ടെലികോബാൾട്ട് മെഷീൻ ഡീകമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ടെലികോബാൾട്ട് മെഷീനുപകരം LINAC (Linear Accelerator) മെഷീൻ വാങ്ങുന്നതിന് കാസ്പ് ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ രൂപീകരിക്കുന്നതിന് നടപടി

192(3995) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനുകീഴിലുള്ള സ്ഥാപനങ്ങളിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനുകീഴിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിലില്ല. അപ്രകാരം പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ്

193(3996) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനദണ്ഡങ്ങൾ പാലിക്കാതെ ബി.എസ്.എസ്. ഉൾപ്പെടെ നടത്തുന്ന വ്യാജ ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് നിയന്ത്രിക്കുവാൻ കേരള ഡെന്റൽ കൗൺസിൽ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കുമോ?

ഡെന്റൽ കോഴ്സുകളുടെ അംഗീകാരവും നിയന്ത്രണവും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അധികാരപരിധിയിൽവരുന്ന വിഷയമായതിനാൽ അംഗീകാരമില്ലാത്ത ഡെന്റൽ കോഴ്സ് നിയന്ത്രിക്കാൻ കേരള ഡെന്റൽ കൗൺസിലിന് അധികാരമില്ല.

(ബി) സംസ്ഥാനത്ത് കേരള ഹെൽത്ത് യൂണിവേഴ്സിറ്റിക്കുകീഴിൽ എയിംസ് മാതൃകയിൽ ഏറെ തൊഴിലവസരങ്ങളുള്ള ബി.എസ്.സി. ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബി.എസ്.സി. ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് ആരംഭിക്കുവാൻ നിലവിൽ പ്രൊപ്പോസൽ ഒന്നും ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പുതിയ നഴ്സിങ് കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങളും നിയമനങ്ങളും നിർബന്ധിത ഇന്റേൺഷിപ്പും

194(3997) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ നഴ്സിങ് കോളേജുകൾ എവിടെയൊക്കെയാണ് ആരംഭിച്ചത്; പ്രസ്തുത കോളേജുകളിൽ ഇന്ത്യൻ നഴ്സിങ് കൗൺസിലും കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിലും നിർദേശിക്കുന്ന രീതിയിൽ കോളേജ് കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, അധ്യാപകർ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 അധ്യയനവർഷം കൊല്ലം മഞ്ചേരി എന്നിവിടങ്ങളിലായി 2 പുതിയ സർക്കാർ നഴ്സിങ് കോളേജുകൾ ആരംഭിച്ചു.

2023-24 അധ്യയനവർഷം 5 പുതിയ സർക്കാർ നഴ്സിങ് കോളേജുകൾ ചുവടെപ്പറയുന്ന ജില്ലകളിൽ ആരംഭിച്ചു.

1. സർക്കാർ നഴ്സിങ് കോളേജ്, പത്തനംതിട്ട

2. സർക്കാർ നഴ്സിങ് കോളേജ്, ഇടുക്കി

3. സർക്കാർ നഴ്സിങ് കോളേജ്, പാലക്കാട്

4. സർക്കാർ നഴ്സിങ് കോളേജ്, വയനാട്

5. സർക്കാർ നഴ്സിങ് കോളേജ്, കാസർഗോഡ്

മേൽപറഞ്ഞ കോളേജുകൾക്കുപുറമെ തിരുവനന്തപുരം സർക്കാർ നഴ്സിങ് കോളേജിനോടനുബന്ധമായി 100 സീറ്റോടുകൂടി അധിക ബാച്ച് അനുവദിച്ചിരുന്നു.

പുതുതായി ആരംഭിച്ച എല്ലാ നഴ്സിങ് കോളേജുകളിലും ഇന്ത്യൻ നഴ്സിങ് കൗൺസിലും കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിലും അനുശാസിക്കുന്നവിധം അധ്യാപക/അനധ്യാപക തസ്തികകളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നഴ്സിങ് കോളേജുകൾ തുടങ്ങുന്നതിന് അനുവദിച്ച തുകയിൽ അധ്യാപകർക്കായി നീക്കിവച്ചിരുന്ന വിഹിതം ഏതുരീതിയിൽ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ; പുതിയ നഴ്സിങ് കോളേജിൽ അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പുതിയ കോളേജുകളിൽ അധ്യാപകരെ നിയമിക്കാതെ മറ്റ് കോളേജുകളിൽനിന്നും ജോലി ക്രമീകരണംവഴി നിയമനം നടത്തുമ്പോൾ നഴ്സിങ് കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അനുശാസിക്കുന്ന 1:10 എന്ന അധ്യാപക-വിദ്യാർഥി അനുപാതം പാലിക്കപ്പെടുവാൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആവശ്യമായ അധ്യാപകരെ നിയമിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) 20-08-2022-ലെ സ.ഉ.(കൈ)നം.2063/2022/ആരോഗ്യം ഉത്തരവുപ്രകാരം 2022-23-ൽ ആരംഭിച്ച കൊല്ലം, മഞ്ചേരി നഴ്സിങ് കോളേജുകൾക്ക് 50

ലക്ഷം രൂപയും 12-08-2023-ലെ സ.ഉ.(കൈ)നം.198/2023/ആ.കു.വ. ഉത്തരവുപ്രകാരം 2023-24-ൽ ആരംഭിച്ച പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, തിരുവനന്തപുരം (അനക്സ്) നഴ്സിങ് കോളേജുകൾക്കായി ഒരു കോടി രൂപവീതം ആകെ 6 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ടി തുകയിൽ അധ്യാപകർക്കായി പ്രത്യേക വിഹിതം നീക്കിവച്ചിട്ടില്ല. മേൽസൂചിപ്പിച്ച പുതിയ നഴ്സിങ് കോളേജുകളിൽ 15-07-2022-ലെ സ.ഉ.(കൈ)നം.150/2022/ആ.കു.വ., 13-10-2023-ലെ സ.ഉ.(കൈ)നം. 282/2023/ആ.കു.വ. എന്നീ ഉത്തരവുകൾപ്രകാരം അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. സർക്കാർ നഴ്സിങ് കോളേജുകളിൽനിന്നും എം.എസ്.സി. (നഴ്സിങ്) പൂർത്തിയാക്കിയവർക്ക് 11-07-2024-ലെ സ.ഉ.(കൈ)നം.151/2024/ആ.കു.വ. പ്രകാരം ഒരു വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയതിന്റെ ഫലമായി ഇന്ത്യൻ നഴ്സിങ് കൗൺസിൽ അനുശാസിക്കുന്ന അധ്യാപക-വിദ്യാർഥി അനുപാതമായ 1:10 നഴ്സിങ് കോളേജുകളിൽ പാലിക്കപ്പെടുന്നുണ്ട്. തുടർന്നുള്ള അധ്യയനവർഷങ്ങളിൽ നിശ്ചിത അനുപാതം പാലിക്കുന്നതിനാവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) നഴ്സിങ് കോളേജുകളിൽനിന്നും എം.എസ്.സി. പൂർത്തീകരിച്ച വിദ്യാർഥികൾക്ക് ഒരു വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയത് ഏത് സാഹചര്യത്തിലാണ് എന്നറിയിക്കുമോ; ഇപ്രകാരം നിർബന്ധിത ഇന്റേൺഷിപ്പ് നടത്തുന്നതിന് ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഇന്ത്യൻ നഴ്സിങ് കൗൺസിൽ നിഷ്കർഷിക്കുന്ന അധ്യാപക വിന്യാസം പാലിച്ചുകൊണ്ട് 2023-24 അധ്യയനവർഷം സർക്കാർ പുതിയ 5 നഴ്സിങ് കോളേജുകളും തിരുവനന്തപുരം നഴ്സിങ് കോളേജിന് അനുബന്ധമായി ബി.എസ്.സി. (നഴ്സിങ്) കോഴ്സിന് 100 സീറ്റോടെ അധിക ബാച്ചും ആരംഭിച്ചതിന്റെ പശ്ചാത്തലത്തിലും ടീച്ചിങ് ഇന്റേൺഷിപ്പ് മുഖേന ലഭിക്കുന്ന പരിചയം വിദ്യാർഥികളുടെ കരിയർ മെച്ചപ്പെടുത്താൻ ഉപകരിക്കും എന്നതിനാലുമാണ് 11-07-2024-ലെ സ.ഉ.(കൈ)നം.151/2024/ആ.കു.വ. ഉത്തരവുപ്രകാരം എം.എസ്.സി. (നഴ്സിങ്) പൂർത്തീകരിച്ച വിദ്യാർഥികൾക്ക് ഒരു വർഷത്തെ നിർബന്ധിത ടീച്ചിങ് ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയത്. ബോണ്ടഡ് ലക്ചറർമാരായി സേവനമനുഷ്ഠിക്കാൻ താൽപര്യം പ്രകടിപ്പിക്കുന്ന, എം.എസ്.സി. വിജയകരമായി പൂർത്തിയാക്കിയ വിദ്യാർഥികളെ മുൻപും ബോണ്ടഡ് ലക്ചറർമാരായി നിയമിച്ചിരുന്നു. Association of Medical Super Speciality Aspirants and Residents and Ors. Vs. Union of India and Ors. [(2019) 8 SCC 607] എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിപ്രകാരം സ്റ്റൈപെന്റോടെ സർക്കാർ ട്രെയിനിങ് സ്ഥാപനങ്ങളിൽ പഠിച്ച വിദ്യാർഥികൾക്ക് ബോണ്ടിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തുന്നത് ക്രമവിരുദ്ധമല്ല. ബോണ്ടിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തുന്നതിന് ഇന്ത്യൻ നഴ്സിങ് കൗൺസിലിന്റെ അംഗീകാരം ആവശ്യമില്ല. കേരളത്തിലെ സർക്കാർ നഴ്സിങ് കോളേജുകളിലെ എം.എസ്.സി. (നഴ്സിങ്) കോഴ്സ് ഒരു സ്റ്റൈപെന്ററി കോഴ്സാണ്. എം.എസ്.സി. (നഴ്സിങ്) കോഴ്സിന് സർക്കാർ നഴ്സിങ് കോളേജുകളിൽ ആകെ 35,000 രൂപ മാത്രമാണ് ഫീസായി ഈടാക്കുന്നത്. കൂടാതെ എല്ലാ

മാസവും 17,500 രൂപ സ്റ്റൈപെന്റായും നൽകുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും ദന്തൽ കോളേജുകളിൽനിന്നും പി.ജി. പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഒരു വർഷത്തെ നിർബന്ധിത സേവനം നിലവിലുണ്ട്. അതേ മാതൃകയിലാണ് പ്രതിമാസം 25,000 രൂപ വേതനത്തോടെ എം.എസ്.സി. (നഴ്സിങ്) കോഴ്സ് പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ഇ) നിയമപ്രകാരമല്ലാതെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തുകയും അതിന്റെ പേരിൽ വിദ്യാർഥികളുടെ സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കുകയും ചെയ്യുന്ന നടപടി പിൻവലിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിർബന്ധിത ഇന്റേൺഷിപ്പിനെതിരെ ഒരു കൂട്ടം വിദ്യാർഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.37369/2024 എന്ന കേസിലെ 19-12-2024-ലെ വിധിയിൽ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയ 11-07-2024- ലെ സ.ഉ.(കൈ) നം.151/2024/ആ.കു.വ. ഉത്തരവ് ക്രമപ്രകാരമാണെന്ന് നിരീക്ഷിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ വിദ്യാർഥികൾ റിട്ട് അപ്പീൽ നം. 158/2025 ഫയൽ ചെയ്തു. പ്രസ്തുത റിട്ട് അപ്പീലിലെ 29-01-2025-ലെ വിധിയിൽ നിർബന്ധിത ഇന്റേൺഷിപ് ക്രമവിരുദ്ധമല്ലെന്ന് കോടതി നിരീക്ഷിക്കുകയും എന്നാൽ കോഴ്സ് പൂർത്തിയാക്കിയവരെ സംബന്ധിച്ചിടത്തോളം കോഴ്സ് അവസാനിക്കാറായ സന്ദർഭത്തിലാണ് ഇന്റേൺഷിപ് നിർബന്ധമാക്കിയതെന്നതിനാൽ മാത്രം കോഴ്സ് പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാൻ ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ നിർബന്ധമായി തടഞ്ഞുവച്ചിട്ടില്ല.

(എഫ്) നഴ്സിങ് പഠനത്തിന്റെ നിലവാരത്തകർച്ച ഒഴിവാക്കുന്നതിലൂടെ വിദ്യാർഥികളുടെയും പൊതുസമൂഹത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി നഴ്സിങ് കോളേജുകളിലെ അധ്യാപക തസ്തികകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും സ്ഥിരനിയമനം നടത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നഴ്സിങ് വിഭാഗം അധ്യാപക തസ്തികകളിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ നഴ്സിങ് തസ്തികയിലാണ് പി.എസ്.സി. മുഖാന്തരം നേരിട്ട് നിയമനം നടത്തപ്പെടുന്നത്. നിലവിൽ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽനിന്നും ഇതിനോടകം 54 ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിൽ ഫിസിയോതെറാപ്പി കോഴ്സ്

195(3998)ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ഈ വർഷം ആരംഭിക്കുന്ന ഫിസിയോതെറാപ്പി കോഴ്സ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

07-12-2022-ലെ GO(MS)No.269/2022/H&FWD സർക്കാർ ഉത്തരവുപ്രകാരം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ മുപ്പത് സീറ്റുകളോടുകൂടി BPT കോഴ്സ് ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഈ കോഴ്സിന് ആരോഗ്യ സർവകലാശാലയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത വിഷയത്തിൽ സർവകലാശാല ഗവേണിങ് കൗൺസലിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ആരോഗ്യ സർവകലാശാല ഗവേണിങ് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) കേരള അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ കോഴ്സിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കോഴ്സ് നടത്തുന്നതിന് ആവശ്യമായ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) ഇല്ല

(ഇ) അധ്യാപക തസ്തിക അല്ലാത്ത സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ മെഡിക്കൽ എഡ്യൂക്കേഷൻ സർവീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥരെ ഈ കോഴ്സിന്റെ ഭാഗമായി അധ്യാപക തസ്തികയിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്തെ നഴ്സിങ് കോളേജുകൾ

196(3999) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര നഴ്സിങ് കോളേജുകൾ പ്രവർത്തിക്കുന്നു; ഇവയുടെ എണ്ണം സർക്കാർ, അർധസർക്കാർ, സ്വകാര്യമേഖല എന്നിവ തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് നിലവിൽ ആകെ 159 നഴ്സിങ് കോളേജുകൾ പ്രവർത്തിക്കുന്നു.

- സർക്കാർ നഴ്സിങ് കോളേജുകൾ – 14
- സ്വകാര്യ/സ്വാശ്രയ നഴ്സിങ് കോളേജുകൾ – 124

സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സിങ് കോളേജുകൾ

- State Institute of Medical Education and Technology (SIMET) - 11
- Centre for Professional and Advanced Studies (CPAS) – 9
- Co-operative Academy of Professional Education (CAPE) - 1

(ബി) സംസ്ഥാനത്ത് ഒരു അധ്യയനവർഷം എത്ര കുട്ടികൾക്ക് ബി.എസ്.സി. നഴ്സിങ് പഠനത്തിന് പ്രവേശനം നേടാൻ കഴിയും; ആകെ സീറ്റുകളുടെ എണ്ണം സർക്കാർ, അർധസർക്കാർ, സ്വകാര്യമേഖല എന്നിങ്ങനെ തരംതിരിച്ച് നൽകുമോ?

സംസ്ഥാനത്ത് ബി.എസ്.സി. (നഴ്സിങ്) കോഴ്സിന് ആകെ 9823 സീറ്റുകളാണുള്ളത്.

- സർക്കാർ നഴ്സിങ് കോളേജുകൾ – 1090

- സ്വകാര്യ നഴ്സിങ് കോളേജുകൾ – 7613

സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സിങ് കോളേജുകൾ

- State Institute of Medical Education and Technology (SIMET) - 660
- Centre for Professional and Advances Studies (CPAS) – 410
- Co-operative Academy of Professional Education (CAPE) – 50

(സി) 2024-25 അധ്യയനവർഷം എത്ര കുട്ടികൾ നഴ്സിങ് പഠനത്തിനായി അന്യസംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും പോയി എന്നത് സംബന്ധിച്ച വിവരം സർക്കാരിന്റെ കൈയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ലഭ്യമല്ല.

(ഡി) കേരളത്തിൽ സർക്കാർ, അർധസർക്കാർ, സ്വകാര്യമേഖലകളിൽ കൂടുതൽ നഴ്സിങ് കോളേജുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്വീകരിക്കും. 2023-24 അധ്യയനവർഷം 5 പുതിയ സർക്കാർ നഴ്സിങ് കോളേജുകളും തിരുവനന്തപുരം നഴ്സിങ് കോളേജിന് അനുബന്ധമായി ബി.എസ്.സി. (നഴ്സിങ്) കോഴ്സിന് 100 സീറ്റോടെ അധിക ബാച്ചും ആരംഭിച്ചു. 2022-23 അധ്യയനവർഷം 2 സർക്കാർ നഴ്സിങ് കോളേജുകൾ ആരംഭിച്ചിരുന്നു. കൂടുതൽ നഴ്സിങ് കോളേജുകൾ സർക്കാർ മേഖലയിൽ ആരംഭിക്കണമെന്നതാണ് സർക്കാർ നയം. സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളായ State Institute of Medical Education and Technology (SIMET), Centre for

Professional and Advances Studies (CPAS), Co-operative Academy of Professional Education (CAPE) എന്നിവക്കുകീഴിൽ യഥാക്രമം 7, 3, 1 എന്നിങ്ങനെ പുതിയ നഴ്സിങ് കോളേജുകൾ 2023-24 അധ്യയനവർഷം ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ/സ്വാശ്രയ മേഖലയിൽ 21 സ്വകാര്യ നഴ്സിങ് കോളേജുകൾ ആരംഭിക്കുന്നതിനായി സർക്കാർ നിരാക്ഷേപ പത്രം നൽകി. ഇന്ത്യൻ നഴ്സിങ് കൗൺസിൽ അനുശാസിക്കുന്നപ്രകാരവും സർക്കാർ ഉത്തരവുകൾപ്രകാരവും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന സ്ഥാപനങ്ങൾക്ക് കോളേജ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ പരിശോധനകൾ നടത്തി റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് അനുമതി നൽകിവരുന്നു.

പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയിൽ എസ്.ഐ.എം.ഇ.ടി. കോളേജിന്റെ നഴ്സിങ് കോഴ്സ്

197(4000)ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയിൽ എസ്.ഐ.എം.ഇ.ടി. കോളേജിന്റെ നഴ്സിങ് കോഴ്സ് ആരംഭിക്കുന്നതിന് നിലവിലെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

(എ&ബി) 03-10-2023-ലെ സ.ഉ.(കൈ)നം.272/2023/ആ.കു.വ. പ്രകാരം കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ പത്തനാപുരത്ത് പുതുതായി ആരംഭിക്കുന്ന നഴ്സിങ് കോളേജിന്റെ മാതൃ ആശുപത്രിയായി പുനലൂർ താലൂക്കാശുപത്രി അനുവദിച്ചുനൽകിയിരുന്നു. 05-07-2024-ലെ സ.ഉ.(കൈ)നം.143/2024/ആ.കു.വ. പ്രകാരം

പ്രസ്തുത കോളേജിന് സർക്കാർ നിരാക്ഷേപ പത്രം നൽകി. ഇന്ത്യൻ നഴ്സിങ് കൗൺസിൽ മാനദണ്ഡപ്രകാരം ഒരു നഴ്സിങ് കോളേജിന്റെ മാതൃ ആശുപത്രിയുടെ ക്ലിനിക്കൽ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മറ്റൊരു നഴ്സിങ് കോളേജിന് പ്രവർത്തിക്കാൻ സാധിക്കുകയില്ല. ഒരു ആശുപത്രിയെ ഒന്നിലധികം നഴ്സിങ് കോളേജുകളുടെ മാതൃ ആശുപത്രിയായി പരിഗണിക്കാൻ സാധിക്കാത്തതിനാൽ പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയോടനുബന്ധമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SIMET)-നുകീഴിൽ പുതിയ നഴ്സിങ് കോളേജ് ആരംഭിക്കാൻ നിർവാഹമില്ല.

(സി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തിനുപുറത്ത് നഴ്സിങ് പഠനം പൂർത്തിയാക്കുകയും കേരളത്തിലെ നഴ്സിങ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വിദ്യാർഥികളുടെ എണ്ണം അറിയിക്കാമോ?

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തിനുപുറത്ത് നഴ്സിങ് പഠനം പൂർത്തിയാക്കി കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) എസ്.ഐ.എം.ഇ.ടി. കോളേജിന്റെ നഴ്സിങ് കോഴ്സുകളും പാരാമെഡിക്കൽ കോഴ്സുകളും ആരംഭിക്കുന്നതിന്, ഉറപ്പുവരുത്തേണ്ട അടിസ്ഥാന ഭൗതികസൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

17-02-2012-ലെ സ.ഉ.(അച്ചടി)നം.64/2012/ആ.കു.വ., Indian Nursing Council [Revised Regulations and Curriculum for B.Sc. (Nursing) Programme] Regulations, 2020 എന്നിവയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിഷ്കർഷിക്കുന്ന ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങളുണ്ടെങ്കിൽ മാത്രമെ പുതിയ നഴ്സിങ് കോളേജ് ആരംഭിക്കാൻ നിരാക്ഷേപ പത്രത്തിന് അർഹത നേടുകയുള്ളൂ. കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ Minimum Standard Requirements (MSR) ആണ് 31 പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം.

ഹോമിയോപതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം

198(4001) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ പ്രൊബേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ പ്രൊബേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. സീനിയർ സൂപ്രണ്ട് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യരായ (പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച) ജീവനക്കാർ നിലവിലില്ലാത്തതിനാൽ ടി തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് തടസ്സമുണ്ട്. വകുപ്പിലെ ഒഴിഞ്ഞുകിടക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികകളിലേക്ക് പ്രൊമോഷൻ

നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി ഹോമിയോപ്പതി വകുപ്പുമേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഹോമിയോപതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനം

199(4002) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമന അനുപാതം 5:1:1:1 എന്നതിൽ കുറവ് വരുത്തിക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്നുമുതൽ പ്രാബല്യത്തിൽവരുമെന്ന് അറിയിക്കുമോ?

ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമന അനുപാതം 5:1:1:1 എന്നതിൽ കുറവ് വരുത്തിക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടില്ല.

(ബി) സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ (ഫയൽ നമ്പർ ആയുഷ് ബി3/213/2022) പ്രകാരം നഴ്സ്, ഫാർമസിസ്റ്റ്, ക്ലാർക്ക് വിഭാഗങ്ങൾക്ക് മെഡിക്കൽ ഓഫീസർ (ബൈട്രാൻസ്ഫർ) നിയമനത്തിൽ ഓരോ വിഭാഗത്തിനും എത്ര ശതമാനം ഒഴിവുകളാണ് നീക്കിവയ്ക്കാൻ പുതിയ നിയമഭേദഗതിപ്രകാരം നിർദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; അതോ ഓരോ വിഭാഗത്തിനും പ്രത്യേക റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുമോയെന്നും നിലവിലുള്ള 5:1:1:1 എന്ന അനുപാതം തുടരുമോയെന്നും അറിയിക്കുമോ?

ഹോമിയോപ്പതി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ ബൈട്രാൻസ്ഫർ വിഭാഗത്തിനായി മാറ്റിവച്ച ഒഴിവുകൾ സംബന്ധിച്ച് ഭേദഗതിയൊന്നും ശിപാർശ ചെയ്തിട്ടില്ല.

നഴ്സ്, ഫാർമസിസ്റ്റ്, ക്ലാർക്ക് എന്നീ ഓരോ വിഭാഗത്തിനും പ്രത്യേക റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലെ 5:1:1:1 എന്ന അനുപാതത്തിന് ഭേദഗതി വരുത്തുന്നതിന് ശിപാർശ ചെയ്തിട്ടില്ല.

ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ പ്രോത്സാഹിഷിക്കുന്നതിനുള്ള നടപടി

200(4003) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും പാരമ്പര്യാധിഷ്ഠിതമായി ചികിത്സിക്കുന്ന വൈദ്യൻമാർക്കുകൂടി മരുന്നുകൾ നിർമ്മിച്ച് വിപണനം ചെയ്യുവാനുള്ള അനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

കേന്ദ്ര നിയമമായ 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട്, 1945-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ് എന്നിവയനുസരിച്ച് സംസ്ഥാനത്തെ ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ നിയന്ത്രിക്കുന്ന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം, ഉണനിലവാരമുള്ള ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണവും വിപണനവും ഉറപ്പുവരുത്തുവാനായി പ്രസ്തുത നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകാവുന്ന സേവനങ്ങൾ സമയബന്ധിതമായി നൽകിവരുന്നു. 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് ആൻഡ് 1945-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ് അധ്യായം IV എ, അനുബന്ധചട്ടങ്ങളിൽ അനുശാസിക്കുന്ന മതിയായ സൗകര്യങ്ങൾ, സാങ്കേതിക വിദഗ്ധരുടെ സേവനം എന്നിവ ഏർപ്പെടുത്തിക്കൊണ്ട് ഔഷധനിർമ്മാണ ലൈസൻസ് (Drug

manufacturing license in form 25D), ജി.എം.പി. സർട്ടിഫിക്കറ്റ് എന്നിവ നേടിക്കൊണ്ടോ, ലൈസൻസും ജി.എം.പി. സർട്ടിഫിക്കറ്റും നേടിയിട്ടുള്ള സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗപ്പെടുത്തി ലോൺ ലൈസൻസ് (Drug manufacturing Loan license in form 25E) നേടിക്കൊണ്ടോ, നിലവിലെ നിയമപ്രകാരം ഏതൊരാൾക്കും ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്. മേൽപറഞ്ഞപ്രകാരം ലൈസൻസ് അപേക്ഷകൾ സമർപ്പിക്കുന്ന പാരമ്പര്യ വൈദ്യൻമാരുൾപ്പെടെ എല്ലാ അപേക്ഷകർക്കും നിയമപ്രകാരം ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള അനുമതികൾ (ഡ്രഗ് മാനുഫാക്ചറിങ് ലൈസൻസ്/ഡ്രഗ് മാനുഫാക്ചറിങ് ലോൺ ലൈസൻസ്) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽനിന്നും നൽകുന്നുണ്ട്.

സംസ്ഥാന നിയമമായ 2021-ലെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടുപ്രകാരവും കേന്ദ്രനിയമമായ National Commission for Indian System of Medicine Act, 2020 (NCISM Act 2020) പ്രകാരവും കേരളത്തിൽ രോഗികളെ പരിശോധിക്കുന്നതിനും ചികിത്സ ചെയ്യുന്നതിനും അംഗീകൃത യോഗ്യതയും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും അനിവാര്യമാണ്.

ആയുർവേദ ചികിത്സാരീതികളെക്കുറിച്ച് വ്യാജപ്രചാരണം

201(4004) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദം വ്യാജശാസ്ത്രമാണെന്നും മരുന്നുകൾ കരൾ, കിഡ്നി രോഗങ്ങൾ ഉണ്ടാക്കുന്നുവെന്നുമുള്ള തരത്തിൽ പൊതുജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്നവിധം ചില

വ്യക്തികൾ സാമൂഹ്യമാധ്യമങ്ങൾവഴി പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള പ്രചാരണം ആഗോള പ്രശസ്തി നേടിയിട്ടുള്ള ആയുർവേദത്തെയും ഔഷധ നിർമ്മാതാക്കളെയും ഔഷധസസ്യ കർഷകരെയും ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. മോഡേൺ മെഡിസിൻ ഡോക്ടർമാരായ ചില വ്യക്തികൾ സമൂഹമാധ്യമങ്ങളിൽ ആയുർവേദ വൈദ്യശാസ്ത്രത്തിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണം നടത്തുന്നുവെന്ന് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ട്. മേൽ ഡോക്ടർമാർ മോഡേൺ മെഡിസിൻ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആയതിനാൽ ടിയാളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി മോഡേൺ മെഡിസിൻ കൗൺസിലിന് പരാതി കൈമാറിയിരുന്നു. എന്നാൽ നിലവിൽ മോഡേൺ മെഡിസിൻ ഡോക്ടർമാർക്ക് ബാധകമാകുന്ന നിയമങ്ങളോ ചട്ടങ്ങളോ പ്രകാരം ഇതര വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട് മോഡേൺ മെഡിസിൻ ഡോക്ടർമാർ സമൂഹമാധ്യമങ്ങളിൽ നടത്തുന്ന അഭിപ്രായ പ്രകടനങ്ങൾക്കെതിരെ നടപടി പ്രായോഗികമല്ലാത്തതിനാലും സമൂഹമാധ്യമങ്ങളിൽ നടത്തുന്ന ഇത്തരം അഭിപ്രായ പ്രകടനങ്ങളിൽ ഇടപെടുന്നതിനും നടപടി സ്വീകരിക്കുന്നതിനും നിലവിൽ കൃത്യമായ വ്യവസ്ഥയില്ലാത്തതിനാലും ഈ പരാതികളിൽ തുടർനടപടി സ്വീകരിക്കാൻ നിർവാഹമില്ലെന്ന് മോഡേൺ മെഡിസിൻ കൗൺസിൽ തീരുമാനിച്ചതായി രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് അറിയിച്ചിട്ടുണ്ട്.

(സി) വ്യത്യസ്ത വൈദ്യശാസ്ത്രങ്ങൾ തമ്മിലുള്ള ഇത്തരം പഴിചാരൽ

ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ സാമൂഹ്യമാധ്യമങ്ങൾവഴി പൊതുജനങ്ങളിൽ പരിഭ്രാന്തി പരത്തുന്ന തരത്തിൽ പ്രചാരണം നടത്തുന്നവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് എന്നത് കൗൺസിൽ ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ, മോഡേൺ മെഡിസിൻ കൗൺസിൽ എന്നീ നിലയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന മൂന്ന് വ്യത്യസ്തമായ കൗൺസിലുകൾ ചേർന്നതാണ്. ആയതിനാൽ ഇത്തരത്തിൽ പരസ്പരമുള്ള പഴിചാരലുകൾ ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കാൻ KSMP Act 2021, NCISM Act 2020 എന്നിവപ്രകാരം വ്യവസ്ഥയില്ലെന്ന് രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാമൂഹ്യമാധ്യമത്തിലൂടെ ആയുർവേദത്തിനെതിരായ നിഷേധാത്മക പ്രചാരണങ്ങൾ തടയുന്നതിനും ചെറുക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഈ വിഷയം ചർച്ച ചെയ്യുന്നതിന് ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 01-03-2024-ന് ഒരു യോഗം ചേർന്ന് ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ആയുർവേദത്തിന്റെ പ്രാധാന്യം, ഗുണമേന്മ എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

2. സൈബർ സ്പേസിൽ നടക്കുന്ന അസത്യപ്രചാരണങ്ങളെ എതിർക്കാൻ പറ്റുന്ന രീതിയിലുള്ള പ്രചരണങ്ങൾ നടത്തുക.

3. ആയുർവേദ ചികിത്സയുടെ ഗുണങ്ങളെപ്പറ്റി കൂടുതൽ വിശദമായിട്ടുള്ള ചർച്ചകൾ നടത്തി പൊതുജനത്തെ ബോധവൽക്കരിക്കുക.

4. ആയുർവേദ ചികിത്സയുടെ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗവൺമെന്റ് മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ഔഷധനിർമ്മാണ കമ്പനികൾ ഒത്തുചേർന്ന് നടപടികൾ സ്വീകരിക്കുക.

01-03-2024-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയമായ ആയുർവേദ ഔഷധങ്ങളെപ്പറ്റിയും അനുബന്ധ പഠന റിപ്പോർട്ടുകളെപ്പറ്റിയും പരിശോധനയും പഠനവും നടത്തുന്നതിനായി രൂപീകരിക്കാനുദ്ദേശിക്കുന്ന വിദഗ്ധ സമിതിയിലേയ്ക്ക് പരിഗണിക്കുന്നവരെ നാമനിർദേശം ചെയ്യുന്നതിനായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ അംഗങ്ങളുടെ പാനൽ സമർപ്പിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരുന്നു.

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം

202(4005) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ അനുവദിച്ച അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കണ്ണൂരിൽ അനുവദിച്ച അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ (ഒന്നാംഘട്ടം) പ്രവർത്തനം 2025 ഡിസംബർ മാസത്തിനുള്ളിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് ആയുഷ് മേഖലയിൽ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ എത്രയെണ്ണമാണ് പ്രവർത്തിക്കുന്നതെന്നും കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ആയുഷ് മേഖലയിൽ 700 ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളാണ് പ്രവർത്തിക്കുന്നത്. കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ട ഹെൽത്ത് ആൻഡ് ആയുഷ് വെൽനെസ് സെന്ററുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

നാഷണൽ ആയുഷ് മിഷനിലെ തെറാപിസ്റ്റുകളുടെ വേതനം

203(4006) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ആയുഷ് മിഷനിൽ ആയുർവേദ/പഞ്ചകർമ്മ ആശുപത്രികളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തെറാപ്പിസ്റ്റുകൾക്കും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിയോഗിച്ചിട്ടുള്ള തെറാപ്പിസ്റ്റുകൾക്കും നൽകിവരുന്ന പ്രതിമാസ വേതനത്തിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരേ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് വ്യത്യസ്തനിരക്കിൽ വേതനം അനുവദിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നാഷണൽ ആയുഷ് മിഷൻ പ്രവർത്തിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും സ്റ്റേറ്റ് ആയുഷ് ഹെൽത്ത് സൊസൈറ്റിക്ക് ലഭിക്കുന്ന ഫണ്ട് (60% Central Share & 40% State Share) അടിസ്ഥാനമാക്കിയാണ്. കേന്ദ്ര ആയുഷ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മന്ത്രാലയത്തിന്റെ അംഗീകാരത്തോടെയുള്ള സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ (SAAP) പ്രകാരമാണ് കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ ആയുഷ് മിഷന്റെ ജീവനക്കാർക്കുള്ള ശമ്പളം നൽകിവരുന്നത്. വാർഷിക കരാറടിസ്ഥാനത്തിലാണ് ജീവനക്കാരെ ആയുഷ് സൊസൈറ്റിക്കുകീഴിൽ നാഷണൽ ആയുഷ് മിഷൻ നിയമിച്ചുവരുന്നത്. സംസ്ഥാന സർക്കാരിനുകീഴിൽ വകുപ്പ് നടപ്പിലാക്കുന്ന സ്പെഷ്യൽ പ്രോജക്ടുകളിലെ താൽക്കാലിക ദിവസവേതന ജീവനക്കാരുടെ നിലവിലെ വേതനം 11-02-2021-ലെ സ.ഉ. (പി.)നം.29/2021/ധന. ഉത്തരവുപ്രകാരമാണ് നൽകുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതിയിലെ നിയമനങ്ങളും സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളിലെ താൽക്കാലിക ദിവസവേതന ജീവനക്കാരുടെ നിയമനങ്ങളും രണ്ടുതരത്തിലുള്ള നിയമനരീതിയായതിനാലും നാഷണൽ ആയുഷ് മിഷന് ലഭിക്കുന്നത് പരിമിതമായ ഫണ്ട് ആയതിനാലുമാണ് വ്യത്യസ്തനിരക്കിലുള്ള വേതനം അനുവദിക്കേണ്ടിവരുന്നത്.

(ബി) പ്രസ്തുത അനോമലി പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളാമോ; വ്യക്തമാക്കുമോ?

നാഷണൽ ആയുഷ് മിഷനുകീഴിലെ ജീവനക്കാർ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ അനോമലിയായി കാണാൻ സാധിക്കുകയില്ല. നാഷണൽ ആയുഷ് മിഷന് കീഴിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് കൂടുതൽ തുക വേണ്ടിവരുന്നതിനാൽ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അനുമതിയും ആവശ്യമാണ്.

(സി) നാഷണൽ ആയുഷ് മിഷനിൽ തെറാപ്പിസ്റ്റ് ആയി ജോലി ചെയ്തുവരുന്ന

ജീവനക്കാർക്ക് അവരുടെ സർവീസ് കാലയളവ് പരിഗണിക്കാതെ എല്ലാവർക്കും ഒരേരീതിയിൽ വേതന വർധനവ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വേതന വർധനവ് അനുവദിക്കുന്നതിന് ജീവനക്കാരുടെ സർവീസ് കാലദൈർഘ്യംകൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നാഷണൽ ആയുഷ് മിഷനിൽ ജീവനക്കാരെ വാർഷിക കരാടിസ്ഥാനത്തിലാണ് നിയമിക്കുന്നതെന്നതിനാൽ, പുനർനിയമിക്കപ്പെടുന്ന നാഷണൽ ആയുഷ് മിഷൻ ജീവനക്കാർക്ക് ഓരോവർഷവും 5 ശതമാനം വേതന വർധനവ് അനുവദിച്ചുവരുന്നുണ്ട്. വേതന പരിഷ്കരണം നടപ്പിലാക്കുമ്പോൾ സർവീസ് കാലയളവ് പരിഗണിക്കുന്നതാണ്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സ്പെഷ്യൽ പ്രോജക്ടുകളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം കാലാകാലങ്ങളിലെ സർക്കാരിന്റെ ഉത്തരവുപ്രകാരമാണ് നൽകിവരുന്നത്.

തിരൂർ നിയോജകമണ്ഡലത്തിൽ ആയുഷിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ

204(4007) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ആയുഷ് വകുപ്പിനുകീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

തിരൂർ നിയോജകമണ്ഡലത്തിൽ ആയുഷ് വകുപ്പിനുകീഴിൽ നിലവിൽ

പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആയുഷ് വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ നിലവിൽ സർക്കാർ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം, സ്ഥാപനം, തസ്തിക എന്നിവതിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആയുഷ് വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ നിലവിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം, തസ്തിക, സ്ഥാപനം എന്നിവതിരിച്ച് ലഭ്യമാക്കാമോ?

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആയുഷിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ളവ ഏതെല്ലാമാണെന്നും സർക്കാർ നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

തിരൂർ നിയോജകമണ്ഡലത്തിൽ ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ വളവന്നൂർ ജില്ലാ ആയുർവേദ ആശുപത്രി, തോഴന്നൂർ സർക്കാർ ആയുർവേദ ആശുപത്രി, കാട്ടിലങ്ങാടി സർക്കാർ ആയുർവേദ ഡിസ്പെൻസറി, കുറുക്കൻകുന്ന് സർക്കാർ ആയുർവേദ ഡിസ്പെൻസറി, കുറുമ്പത്തൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി, വെട്ടം സർക്കാർ ആയുർവേദ ഡിസ്പെൻസറി എന്നിവയും ഹോമിയോപ്പതി വകുപ്പിനുകീഴിൽ കൽപകഞ്ചേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. മേൽസ്ഥാപനങ്ങൾ ഉൾപ്പെടെ തിരൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിയോജകമണ്ഡലത്തിലെ എല്ലാ ആയുഷ് സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ഇ) തിരൂർ നിയോജകമണ്ഡലത്തിൽ പുതിയതായി ആയുഷ് സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുനാവായ ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങളും അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ തിരൂർ നിയോജകമണ്ഡലത്തിൽ പുതുതായി ഹോമിയോ, ആയുർവേദ, യുനാനി ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ ആൻഡ് കോർപറേഷനുകൾ) കീഴിലും ആയുർവേദ, ഹോമിയോപ്പതി സ്ഥാപനങ്ങൾ നിലവിൽവന്നുകഴിഞ്ഞിട്ടുണ്ട്. പുതുതായി സ്ഥാപനം അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ മരുന്നുകൾ

205(4008) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ 145 മരുന്നുകളുടെയും ഫോർമുലേഷനുകളുടെയും പട്ടിക

പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിനുകീഴിലെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി. ഉൽപാദിപ്പിച്ച മരുന്നും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു മരുന്നിന്റെ ഏത് ബാച്ച് ആണ് പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത മരുന്നിന്റെ ഗുണനിലവാരം സംബന്ധിച്ച സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ കണ്ടെത്തൽ എന്താണെന്നും വിശദമാക്കുമോ;

(സി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനുവേണ്ടി വിവിധ കമ്പനികൾ ഉൽപാദിപ്പിക്കുന്ന മരുന്നുകൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികൾ ഉൽപാദിപ്പിക്കുന്ന ഏതൊക്കെ മരുന്നുകളുടെ ഏതൊക്കെ ബാച്ചുകൾ ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മേൽപറഞ്ഞ കമ്പനികളുമായി മരുന്ന് വിതരണത്തിനുള്ള കരാർ അവസാനിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്പനികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) മേൽപറഞ്ഞ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ മരുന്നുകൾ സംസ്ഥാനത്ത് എതൊക്കെ ആശുപത്രികളിൽ ഏതൊക്കെ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്; പ്രസ്തുത മരുന്നുകൾ ഉപയോഗിച്ച രോഗികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.+ സംസ്ഥാന സർക്കാരിനുകീഴിലെ പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഡി.പി. ഉൽപാദിപ്പിച്ച മരുന്നും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.+

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനുവേണ്ടി മോഡേൺ ലബോറട്ടറീസ് ലിമിറ്റഡ് ഉൽപാദിപ്പിച്ച Vitamin B complex tablet N.F.I, ബാച്ച് നമ്പർ-VBT2301 എന്ന മരുന്നും അനുബന്ധം 1 പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

അനുബന്ധം 2 പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകളായ CETIRIZINE SYRUP IP 5mg/5ml, GLIMEPIRIDE TAB IP 1MG എന്നീ മരുന്നുകളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ടി പട്ടികയിൽ പരാമർശിച്ചിട്ടുള്ള LOSARTAN POTASSIUM TAB IP 25 mg (ബാച്ച് നമ്പർ- LT4019) എന്ന മരുന്നിനെ സംബന്ധിച്ച് പരാതി ലഭ്യമാകുകയും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേക്ക് അയയ്ക്കുകയും ഗുണനിലവാരമില്ല എന്ന പരിശോധനാ ഫലം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുന്നതിലേയ്ക്കായി KMSCL, ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. ടി മരുന്നിന്റെ അന്തിമ പരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

അനുബന്ധം 2 പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകളുടെ, സോഫ്റ്റ്വെയർ പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമായ വിതരണ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.+

സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി

206(4009) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകളെല്ലാംതന്നെ ആശുപത്രികളിൽ ലഭ്യാകുന്നു എന്നുറപ്പാക്കിയാണ് മുന്നോട്ടുപോകുന്നത്. ആരോഗ്യവകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും സമർപ്പിക്കുന്ന അവശ്യമരുന്നുകളുടെ വാർഷിക ഇൻഡന്റിന് അനുസൃതമായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ക്ഷണിക്കുന്ന ദർഘാസുകളിൽ ലഭ്യമായ എല്ലായിനം മരുന്നുകളുടെയും വിതരണം സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലേക്കും കൃത്യമായി നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ടെൻഡർ നടപടികളിൽ ഉൾക്കൊള്ളിച്ചതുപ്രകാരം ഇൻഡന്റിന്റെ 25% കൂടുതൽ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിതരണക്കാരെ ലഭിക്കാത്ത ഇനം മരുന്നുകൾ സ്ഥാപനങ്ങൾക്ക് നേരിട്ടുവാങ്ങി വിതരണം ചെയ്യുന്നതിനുള്ള (Local purchase) അനുമതി നൽകിയിട്ടുണ്ട്. അവശ്യമരുന്നുകൾകൂടാതെ De Addiction, Cancer Care, Cardiac Care, Stroke, Hemodialysis, NPNCD, NPHCE, Swass, DMHP, NVHCP, Mental Health തുടങ്ങി വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾപ്രകാരമുള്ള മരുന്നുകളും കോർപറേഷൻവഴി വിതരണം നടത്തിവരുന്നു. ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് വിവിധ പ്രോജക്ടുകൾവഴിയുള്ള മരുന്ന് പർച്ചേസുകളും ആശുപത്രികളിൽ നടത്താറുണ്ട്. ഇതോടൊപ്പം, കാസ്പ്, ആരോഗ്യകിരണം, ആർ.ബി.എസ്.കെ., മെഡിസെപ്, ടൈബൽ പദ്ധതികളിൽ ഉൾപ്പെടുത്തിയും രോഗികൾക്കാവശ്യമായ മരുന്നുകൾ നൽകിവരുന്നുണ്ട്.

കേന്ദ്രസർക്കാർവഴി ലഭിക്കുന്ന വാക്സിനുകളും മറ്റ് സാധനങ്ങളും (contraceptives Tab, Iron, Calcium, Zinc etc) സ്റ്റോക്കെടുത്ത് വിതരണം ചെയ്യുന്നതിനായി ജില്ലാ/സംസ്ഥാനതലത്തിൽ Stores Officer (Family Welfare) മുഖാന്തരം മോണിറ്റർ ചെയ്യപ്പെടുന്നുണ്ട്. ജില്ലാതലത്തിൽ മരുന്നുകളുടെ സംഭരണ/വിതരണം നടത്തുന്നത് മോണിറ്റർ ചെയ്യാനും സ്റ്റോർ വെരിഫിക്കേഷൻ നടത്തുന്നതിനായും ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ടീം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്നു. ഓരോ സ്ഥാപനത്തിലെയും മരുന്നുവിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷണൽ സ്റ്റോഴ്സ് വെരിഫിക്കേഷൻ നടത്തുന്നതിനും സ്റ്റോഴ്സ് സൂപ്രണ്ട്/ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ/ഫാർമസിസ്റ്റ് എന്നിവരെയും നിയോഗിച്ചിട്ടുണ്ട്. സ്ഥാപനതലത്തിലെ മെഡിക്കൽ ഓഫീസർമാർ/സൂപ്രണ്ടുമാർ മേൽപറഞ്ഞ ഫാർമസി വിഭാഗം ജീവനക്കാർവഴി മരുന്നുകളുടെ സ്റ്റോക്കിന്റെ അവസ്ഥയും വിതരണവും മോണിറ്റർ ചെയ്യുന്നു. സ്ഥാപനങ്ങളുടെ ഘടനക്കനുസരിച്ച് രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും നിലവിലുണ്ട്. ഫാർമസികളിലൂടെയല്ലാതെ കാഷ്വാലിറ്റി, ഇൻപേഷ്യന്റ് (ഐ.പി.) തുടങ്ങിയ

വിഭാഗങ്ങളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാകുന്നുണ്ട്. ജീവൻരക്ഷാ ഔഷധങ്ങളായ ആന്റി സ്നേക് വെനം (ASV), Intra dermal rabies vaccine (IDRV), ERIG തുടങ്ങിയവ മുടക്കംകൂടാതെ ലഭ്യമാകുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. ഓരോ സ്ഥാപനങ്ങളിലെയും സ്റ്റോഴ്സ് കസ്റ്റോഡിയന്മാർ പ്രസ്തുത സ്ഥാപനത്തിലെ വിവിധ യൂണിറ്റ്/സെക്ഷനുകളിൽനിന്ന് ലഭിക്കുന്ന ഇൻഡന്റുകൾ കൺസോളിഡേറ്റ് ചെയ്ത് സ്ഥാപനമേധാവി ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയിൽ അവലോകനം നടത്തി അംഗീകരിച്ചതിനുശേഷം ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് അയക്കുന്നു. മരുന്നുകളുടെ ഷോർട്ടേജ് കണ്ടെത്തുന്നതിനും സ്റ്റോക്ക് പൊസിഷൻ മോണിറ്റർ ചെയ്യുന്നതിനും Drug Distribution Management System (DDMS) എന്ന സോഫ്റ്റ്വെയർ നിലവിലുണ്ട്.

(ബി) അതിരൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെട്ടിട്ടുള്ളത് ഏതെല്ലാം ജില്ല, താലൂക്ക് ആശുപത്രികളിലാണെന്നും അതിന്റെ കാരണവും അറിയിക്കുമോ?

സംസ്ഥാനത്തെ ആശുപത്രികളിലൊന്നുംതന്നെ നാളിതുവരെ അതിരൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെട്ടിട്ടില്ല.

കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖേന സംസ്ഥാനത്തെ സംഭരണശാലകളിലും ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടേയും സ്റ്റോക്ക് ലഭ്യത ദിവസവും നിരീക്ഷിച്ച്, മരുന്നുകളുടെ ലഭ്യത കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കിവരുന്നുണ്ട്. മരുന്നുകളുടെ ലഭ്യത വിലയിരുത്തുന്നതിനായി ആഴ്ചതോറും വെയർഹൗസ് മാനേജർമാരുടെ അവലോകന യോഗം നടത്തിവരുന്നു. കൂടാതെ മാസംതോറും നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ മരുന്നുകളുടെ

നിലവിലെ സ്റ്റോക്ക് നിലവാരം വിശകലനം ചെയ്യുകയും അവയുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു.

മരുന്നുകളുടെ ജില്ലാതല സ്റ്റോക്ക് വിശകലനം ചെയ്ത് സ്റ്റോക്ക് ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആരോഗ്യവകുപ്പുതലത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകനയോഗം സംഘടിപ്പിക്കാറുണ്ട്. ഏതെങ്കിലും ആരോഗ്യ സ്ഥാപനത്തിൽ മരുന്ന് വിതരണത്തിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിച്ച് മരുന്ന് വിതരണം തടസ്സരഹിതമാക്കുന്നതിന് പ്രത്യേക വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ ക്വാളിറ്റി കൺട്രോൾ വിഭാഗം നിലവിലുണ്ട്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും സാമ്പിളുകൾ പരിശോധിച്ച് പരിശോധനാ റിപ്പോർട്ട് നൽകാറുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനിതാ വികസന കോർഷറേഷന്റെ പദ്ധതികൾ

207(4010) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) തൊഴിൽരഹിതരായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത കോർപ്പറേഷൻ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പാ പദ്ധതികളും തൊഴിൽരഹിതരായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വയംതൊഴിൽ വായ്പാ പദ്ധതികളും വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) കോർപ്പറേഷൻ തൊഴിൽ സംരംഭകർക്കായി നൽകിവരുന്ന വായ്പകളുടെ നടപടിക്രമങ്ങൾ ലളിതമാക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ വിശദമാക്കുമോ?

കോർപ്പറേഷൻ തൊഴിൽ സംരംഭകർക്കായി നൽകിവരുന്ന വായ്പകളുടെ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന്റെ ഭാഗമായി വായ്പ വിതരണ പ്രവർത്തനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഓൺലൈൻ സംവിധാനം മുഖേനയാക്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി വായ്പ അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. നെറ്റ് ബാങ്കിങ്, യു.പി.ഐ. മുഖേനയുള്ള നൂതന ബാങ്കിങ് സംവിധാനം മുഖേന തിരിച്ചടവ് ചെയ്യാവുന്നതാണ്. കൂടാതെ വായ്പാ വിതരണത്തിന്റെ മറ്റ് നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ വികസന കോർപ്പറേഷന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

'പടവുകൾ' പദ്ധതി

208(4011) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുന്ന 'പടവുകൾ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യവും മാനദണ്ഡവും അറിയിക്കാമോ?

വിധവകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി വിധവകളുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുകയെന്ന ഉദ്ദേശ്യത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. 'പടവുകൾ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യവും മാനദണ്ഡവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 2235-02-103-77-(NP) ബജറ്റ് ശീർഷകത്തിൽ ആകെ 48,40,000/- രൂപയാണ് വകയിരുത്തിയിരുന്നത്. അതിൽനിന്നും 2022-23-ൽ പെൻഡിങ്ങിലുണ്ടായിരുന്ന 36 ഗുണഭോക്താക്കൾക്ക് 48,27,278/-രൂപ അനുവദിച്ചിട്ടുണ്ട്. പടവുകൾ പദ്ധതി പ്രകാരം 2018-19 മുതൽ അനുവദിച്ചുവരുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	അനുവദിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	2018-19	21,95,148/-	54
2	2019-20	25,02,459/-	50
3	2020-21	17,76,295/-	23
4	2021-22	2,60,95,673/-	300
5	2022-23	43,66,126/-	36
6	2023-24	48,37,364/-	44
7	2024-25	48,27,278/-	36

(സി) പദ്ധതിക്ക് നിലവിലുള്ള കുടിശ്ശികയെത്രയെന്ന് അറിയിക്കാമോ?

'പടവുകൾ' പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ 242 ഗുണഭോക്താക്കൾക്കായി 2,62,82,877/- രൂപയും 2023-24 സാമ്പത്തിക വർഷത്തെ 278 ഗുണഭോക്താക്കൾക്കായി 3,40,47,915/- രൂപയും ഉൾപ്പെടെ നാളിതുവരെ 520 ഗുണഭോക്താക്കൾക്കായി 6,03,30,792/- രൂപ അനുവദിക്കേണ്ടതുണ്ട്.

ഐ.സി.ഡി.എസ്.-ലെ താൽക്കാലിക നിയമനങ്ങൾ

209(4012) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്.-ൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത് തൊഴിൽ വകുപ്പിന്റെ 25941/G2/2013/LBR, LBRD/G2/1/2019/LBR എന്നീ മാർഗനിർദേശങ്ങൾക്ക് അനുസൃതമായിട്ടാണോയെന്ന് വ്യക്തമാക്കാമോ; ഐ.സി.ഡി.എസ്.-ൽ 2016 മുതൽ 31-01-2025 വരെ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഐ.സി.ഡി.എസ്.-ന് കീഴിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിനാണ് നിർദേശം നൽകിയിട്ടുള്ളത്. 2016 മുതൽ 31-01-2025 വരെ നടത്തിയിട്ടുള്ള സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരുടെയും പോഷൻ അഭിയാൻ പദ്ധതിയുടെ കീഴിലുള്ള താൽക്കാലിക നിയമനങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ജില്ലാ ഐ.സി.ഡി.എസ്. സെല്ലുകളിൽ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പ്രോജക്ട് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളതെന്നും ഇവരുടെ കരാർ കാലാവധി എന്നുവരെയായിരുന്നുവെന്നും വ്യക്തമാക്കുമോ; നിലവിൽ കരാർ കാലാവധി കഴിഞ്ഞിട്ടും തുടരുന്ന ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുടെ കീഴിൽ ഒഴിവുവരുന്ന താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നു. ലിസ്റ്റ് ലഭിക്കാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും എൻ.ഒ.സി. വാങ്ങിയും നിയമനം നടത്തുന്നു. ജില്ലാ ഐ.സി.ഡി.എസ്. സെല്ലുകളിൽ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പ്രോജക്ട് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ താൽക്കാലിക നിയമനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) കരാർ കാലാവധി കഴിഞ്ഞിട്ടും തുടരുന്ന ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം എന്നിവ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നതെന്നും കാലാവധി കഴിഞ്ഞിട്ടും എത്ര രൂപ ശമ്പള ഇനത്തിൽ ഇവർക്ക് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

കരാർ, ദിവസവേതന നിയനമങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് കരാർ നിയമനങ്ങൾ പുതുക്കി നൽകുന്നത്. കരാർ നിയമനങ്ങൾ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾക്കിടയിലും പദ്ധതിനിർവഹണത്തിൽ തടസ്സം നേരിടാതിരിക്കുന്നതിനായി പ്രസ്തുത ജീവനക്കാർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ വേതനം അനുവദിക്കുകയും കരാർ നിയമനം പുതുക്കി ഉത്തരവാകുന്നപക്ഷം മാത്രം കുടിശ്ശിക വേതനം അനുവദിക്കുകയും ചെയ്യുന്നു. ദിവസവേതനത്തിൽ തുടരുന്ന ജീവനക്കാർക്ക് 10,08,587/- രൂപ നൽകിയിട്ടുണ്ട്.

(ഡി) ഐ.സി.ഡി.എസ്.-ന് കീഴിലുള്ള താൽക്കാലിക നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഐ.സി.ഡി.എസ്.-ന് കീഴിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്.

ക്ഷേമനിധി വിഹിതം അടച്ചില്ലെന്ന കാരണത്താൽ പെൻഷൻ നിഷേധിക്കുന്നത് ഒഴിവാക്കുന്നത്

210(4013) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 ഒക്ടോബർ 1-ന് അങ്കണവാടി ടീച്ചറായി ചേർപ്പ് ബ്ലോക്ക് ആറാട്ടുപുഴ 42-ാം നമ്പർ അങ്കണവാടിയിൽ തുടർച്ചയായി 28 വർഷം ജോലി ചെയ്യുകയും 2018 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 6 മാസം ഓണറേറിയമില്ലാത്ത ലീവെടുക്കുകയും ചെയ്ത തങ്കമണി എ. കെ.-യ്ക്ക് ലീവെടുത്ത സമയത്തെ ക്ഷേമനിധി വിഹിതം അടച്ചില്ലെന്ന കാരണത്താൽ പെൻഷൻ നിഷേധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ വിഹിതം പിടിക്കേണ്ട ഓഫീസിന്റെ വീഴ്ച കാരണം പെൻഷൻ മുടങ്ങിയ, തുച്ഛമായ വരുമാനം മാത്രമുള്ള, സാമൂഹ്യവും സാമ്പത്തികവുമായി ഏറെ പരാധീനതകളുള്ള തങ്കമണി എ. കെ.-യ്ക്ക് പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2016-ലെ കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ആക്ട് ഖണ്ഡിക 6(2) പ്രകാരം ഒരംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടയ്ക്കാൻ വീഴ്ചവരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്. ഇത്തരത്തിൽ അംഗത്വം നഷ്ടപ്പെട്ട അംഗത്തിന്, 2016 ആക്ടിലെ ഖണ്ഡിക (7) പ്രകാരം അംഗത്വം അവസാനിച്ച തീയതി മുതൽ ആറ് മാസത്തിനകം 12% വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ച് അംഗത്വം പുനരുജ്ജീവിപ്പിക്കാമെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി തങ്കമണി എ. കെ., അംഗത്വം പുനരുജ്ജീവിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിക്ക് പെൻഷൻ നൽകാൻ നിർവാഹമില്ല.

(ബി) നേരത്തെയുണ്ടായിരുന്ന തരത്തിൽ മിനിമം 10 വർഷം ജോലി ചെയ്തവർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അങ്കണവാടി വർക്കർ, ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ്സ് തികയുന്ന ദിവസം സർവീസിലുള്ള ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്ത വർക്കർക്കും ഹെൽപ്പർക്കും പ്രതിമാസ പെൻഷൻ അനുവദിച്ചുവരുന്നുണ്ട്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

211(4014) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്ന് പറയാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആകെ 267 അങ്കണവാടികൾ പ്രവർത്തിക്കുന്നു.

(ബി) ഇവയിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ ഏതെല്ലാമാണെന്ന്

പറയാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 35 അങ്കണവാടികളുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന ഓണറേറിയം വർധിപ്പിക്കാൻ നടപടി

212(4015) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും തുച്ഛമായ പ്രതിമാസ ഓണറേറിയമാണ് ലഭിക്കുന്നതെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന ഓണറേറിയം വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഓണറേറിയം ഇനത്തിൽ സംസ്ഥാനത്ത് വർക്കർമാർക്ക് 13,000/-രൂപ വരെയും ഹെൽപ്പർമാർക്ക് 9,000/- രൂപവരെയും അനുവദിച്ചുവരുന്നുണ്ട്. കൂടാതെ, 2025-26 സാമ്പത്തിക വർഷത്തിൽ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇനത്തിൽ പ്രതിമാസം 1,000/- രൂപ വീതം വർധിപ്പിക്കുന്നതിന് കേരള നിയമസഭയുടെ വിഷയ നിർണ്ണയ കമ്മിറ്റിയോട് അധിക ധനാഭ്യർഥന നടത്തിയിട്ടുമുണ്ട്. നിലവിൽ അങ്കണവാടി പ്രവർത്തകർക്ക് നൽകിവരുന്ന ഓണറേറിയം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) വിരമിച്ച അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും പെൻഷൻ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പെൻഷൻ തുക വർധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി

213(4016) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും കഴിഞ്ഞ അഞ്ച് മാസമായി പെൻഷൻ ലഭിക്കുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിന്റെ കാരണം വിശദമാക്കാമോ;

(ബി) 2022, 2023, 2024 ഏപ്രിൽ മാസങ്ങളിൽ വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശിക ലഭിക്കാനുണ്ടോയെന്നും ഇത് എന്നത്തേയ്ക്ക് നൽകുമെന്നും വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർമാരിൽനിന്നും 500/-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

രൂപയും ഹെൽപ്പർമാരിൽനിന്നും 250/- രൂപയും പ്രതിമാസ ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്ന തുകയും അതിന് ആനുപാതികമായി സർക്കാർ നൽകുന്ന 20% വിഹിതവും ഉൾപ്പെടുത്തിയാണ് നിലവിൽ ക്ഷേമനിധിയിൽനിന്നും പെൻഷൻ അനുവദിച്ചുവരുന്നത്. അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരു മാസം പെൻഷൻ നൽകുന്നതിന് മാത്രമായി 3,90,25,500/- രൂപ ചെലവാകുന്നുണ്ട്. അതിനാൽ നിലവിൽ പ്രതിമാസം 1,79,27,500/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് 2024-25 സാമ്പത്തികവർഷം സർക്കാർ വിഹിതമായി ഇതുവരെ 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. 2023 വരെ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. 2024 ഏപ്രിൽ മാസത്തിൽ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള കുടിശ്ശിക 15-03-2025-നകവും 12/2024 മുതലുള്ള കുടിശ്ശിക പെൻഷൻ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ച് നൽകിവരുന്നുണ്ട്.

(സി) അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും കഴിഞ്ഞ മൂന്ന് വർഷമായി ഓണം അലവൻസ് ലഭിക്കുന്നില്ലെന്നും 2024 ഏപ്രിൽ മാസത്തിൽ വിരമിച്ചവർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങളോ പെൻഷനോ ഇതുവരെ ലഭിച്ചിട്ടില്ലെന്നുമുള്ള കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും ഓണം അലവൻസ് വിതരണം ചെയ്യുന്നതിൽ ഇതുവരെ മുടക്കം വന്നിട്ടില്ല. 2024 ഏപ്രിലിൽ വിരമിച്ച പ്രവർത്തകർക്ക് 11/2024 വരെയുള്ള കുടിശ്ശിക പെൻഷൻ 15-03-2025-നകവും 12/2024 മുതലുള്ള കുടിശ്ശിക പെൻഷനും ക്ഷേമനിധി ആനുകൂല്യങ്ങളും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

'സഖി' വൺസ്റ്റോപ് സംവിധാനം

214(4017) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനിതാ ശിശുക്ഷേമ വകുപ്പിനുകീഴിലുള്ള 'സഖി' വൺസ്റ്റോപ്പ് സംവിധാനത്തിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

മിഷൻ ശക്തി മാനദണ്ഡങ്ങൾക്കനുസൃതമായി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വൺസ്റ്റോപ്പ് സെന്ററിൽ (ഒ.എസ്.സി.) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്നുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് അതിജീവിതർക്ക് വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ നൽകിവരുന്നു.

സേവനങ്ങൾ

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും വൈദ്യസഹായം, നിയമസഹായം, താൽക്കാലിക അഭയം, പൊലീസ് സേവനം, സൈക്കോളജിക്കൽ കൗൺസലിങ് എന്നീ സേവനങ്ങൾ ഒ.എസ്.സി. മുഖാന്തരം നൽകുന്നു.

വൈദ്യസഹായം

അതിക്രമത്തിനിരയായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമെങ്കിൽ ഏറ്റവും അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽനിന്നും വൈദ്യസഹായം നിലവിലുള്ള മെഡിക്കൽ പ്രോട്ടോക്കോൾ പ്രകാരം നൽകുകയും അതിജീവിതയുടെ സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പുവരുത്തി തുടർ ചികിത്സാസഹായവും ലഭ്യമാക്കുന്നു.

നിയമസഹായവും കൗൺസലിങ്ങും

മാനസിക വിഷമതകൾക്കും പീഡനമോ മറ്റേതെങ്കിലും തരത്തിലുള്ള ചൂഷണത്തിനും വിധേയമായ സ്ത്രീകൾക്കും കുട്ടികൾക്കും ഡി.എൽ.എസ്.എ. (ജില്ലാ നിയമ സേവന വേദി)-യുടെ എംപാനൽഡ് അഭിഭാഷകർ വഴി നിയമസഹായവും കൗൺസലിങ്ങും ഉറപ്പുവരുത്തുന്നു.

താൽക്കാലിക അഭയം

അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പരമാവധി 5 ദിവസം വരെ താൽക്കാലിക താമസം നൽകിവരുന്നു. ദീർഘകാല അഭയം ആവശ്യം വരുന്ന സാഹചര്യത്തിൽ ശക്തിസദനുമായി സഹകരിച്ച് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നു. അതിജീവിതയുടെ ആവശ്യവും സാഹചര്യവും വിലയിരുത്തി വൺ സ്റ്റോപ്പ് സെന്ററിൽത്തന്നെ 10 ദിവസത്തേക്കുകൂടി താൽക്കാലിക അഭയം നീട്ടിനൽകുകയും വീണ്ടും കൂടുതൽ ദിവസം ആവശ്യമെന്ന് കണ്ടാൽ ജില്ലാ അധികാരികൾ ബോധ്യപ്പെട്ടതിനുശേഷം അതിജീവിതയ്ക്ക് വീണ്ടും 10 ദിവസത്തേക്കുകൂടി താൽക്കാലിക അഭയം നീട്ടി നൽകിവരുന്നു. ഒ.എസ്.സി. മുഖാന്തരം അഭയം തേടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം, മരുന്ന്, വസ്ത്രങ്ങൾ, വെൽകം

കിറ്റുകൾ എന്നിവയും നൽകുന്നു.

പൊലീസ് സേവനം

അതിക്രമത്തിന് വിധേയരായി വൺസ്റ്റോപ്പ് സെന്ററിലെത്തുന്ന സ്ത്രീകളെയും കുട്ടികളെയും നിയമ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് പൊലീസ് വകുപ്പുമായി സഹകരിച്ച് പൊലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നു.

സൈക്കോളജിക്കൽ കൗൺസലിങ്

പരിശീലനം ലഭിച്ച സൈക്കോ സോഷ്യൽ കൗൺസിലർ ഫോൺ മുഖാന്തരവും നേരിട്ടും സ്ത്രീകളുടെ ആത്മവിശ്വാസത്തെ വർധിപ്പിക്കുന്നതിനും പ്രതികൂല സാഹചര്യത്തെ അതിജീവിക്കാനും ആത്മധൈര്യം ലഭ്യമാകുന്നതിനും ഉതകുന്ന രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നു. കൂടാതെ കുട്ടികൾക്ക് ശിശുസൗഹാർദപരമായ കൗൺസലിങ് നൽകിവരുന്നു.

സ്വകാര്യത സൂക്ഷിക്കൽ

അതിജീവിതയായ കുട്ടി/സ്ത്രീ എന്നിവരുടെ ഫോട്ടോ, പേര്, വിലാസം, കുടുംബവിവരങ്ങൾ, വിദ്യാർഥിയാണെങ്കിൽ പഠിക്കുന്ന സ്കൂൾ, കോളേജ് തുടങ്ങിയ തിരിച്ചറിയത്തക്കതായ വിവരങ്ങൾ യാതൊരു കാരണവശാലും പൊതുജനങ്ങൾക്കോ മറ്റ് മാധ്യമങ്ങൾക്കോ ലഭ്യമാകാത്ത രീതിയിൽ സ്വകാര്യത സൂക്ഷിച്ചുകൊണ്ട് സേവനങ്ങൾ നൽകിവരുന്നു.

വീഡിയോ കോൺഫറൻസിങ് സൗകര്യം

കോടതിയുടെയും പൊലീസിന്റെയും നടപടിക്രമങ്ങൾ നിയമപ്രകാരവും വേഗത്തിലും തടസ്സം കൂടാതെ നടക്കുന്നതിന് വീഡിയോ കോൺഫറൻസിങ്, CCTV സംവിധാനം അതിജീവിതകൾക്കായി പ്രയോജനപ്പെടുത്തുന്നു.

സംസ്ഥാനത്തെ വനിതാ വികസനം

215(4018) ഡോ. കെ. ടി. ജലീൽ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എച്ച്. സലാം:

ശ്രീമതി ശാന്തകുമാരി കെ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതകളിൽ തൊഴിൽ, ലിംഗസമത്വം, സംരംഭകത്വം എന്നിവയിലുണ്ടായിട്ടുള്ള വർധനവ് ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വനിതകളിൽ തൊഴിൽ, ലിംഗസമത്വം, സംരംഭകത്വം എന്നിവയിലുണ്ടായിട്ടുള്ള വർധനവ് പരിശോധിച്ചിട്ടുണ്ട്. ഇക്കണോമിക് സർവെ 2024 ലേബർ ഫോഴ്സ് പാർട്ടിസിപ്പേഷൻ റേറ്റ് (എൽ.എഫ്.പി.ആർ.) കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉയരുന്നതായി പരാമർശിക്കുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം കേരളത്തിലെ സ്ത്രീകളുടെ എൽ.എഫ്.പി.ആർ. (റൂറൽ+അർബൻ) നിരക്ക് ദേശീയ ശരാശരിയേക്കാൾ സ്ഥിരമായി മെച്ചപ്പെടുന്നതായി പരാമർശിച്ചിരിക്കുന്നു. 2023-24-ലെ SDG Index Goal 5 പ്രകാരം ദേശീയതലത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ലിംഗസമത്വത്തിൽ കേരളം മൂന്നാമതായി

(സ്കോർ 66) പരാമർശിച്ചിരിക്കുന്നു.

(ബി) നിലവിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകളുടെയും അവരിൽ തൊഴിൽ ചെയ്യുന്നവരുടെയും എണ്ണത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

നിലവിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകളുടെയും അവരിൽ തൊഴിൽ ചെയ്യുന്നവരുടെയും എണ്ണത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി വിദ്യാഭ്യാസം നേടി career break ഉണ്ടായ സ്ത്രീകളെ ജോലിയിലേക്ക് തിരികെ എത്തിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്ക് നൈപുണ്യപരിശീലനം നൽകുന്ന പദ്ധതി ASAP, Gender Park എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്നു. ടി പദ്ധതിയിലൂടെ ASAP മുഖേന 30 സ്ത്രീകൾക്കും Gender Park മുഖേന 75 സ്ത്രീകൾക്കും പരിശീലനം നൽകി പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനും കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വനിതകളുടെ സാമ്പത്തിക സാമൂഹിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെയും അവരെ സ്വയംപര്യാപ്തമാക്കുന്നതിന്റെയും ഭാഗമായി വിവിധ ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ സഹായത്തോടുകൂടി സംരംഭക വായ്പകൾ നൽകിവരുന്നുണ്ട്. സംരംഭക വായ്പകൾക്ക് പുറമെ വനിതകളെ ധൈര്യപൂർവം ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സ്വയം തീരുമാനമെടുക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾ

കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കുന്നതിനുംവേണ്ടി RSETI മുഖേന പ്രത്യേക സംരംഭക പരിശീലന പരിപാടിയും വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ കോർപ്പറേഷന്റെതന്നെ ഫിനിഷിങ് സ്കൂളായ റീച്ച് മുഖേന വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികളും കോർപ്പറേഷൻ സംഘടിപ്പിച്ചുവരുന്നു. മേൽ സൂചിപ്പിച്ച പ്രകാരം വനിതകളുടെയും ട്രാൻസ്ജെൻഡറുകളുടെയും ഉന്നമനവും സാമ്പത്തിക സ്വാശ്രയത്വവും ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങളിലൂടെ ഒട്ടനവധി സംരംഭകരെയാണ് വിവിധങ്ങളായ വായ്പാ പദ്ധതികളിലൂടെ കോർപ്പറേഷൻ സംസ്ഥാനത്തിന് സംഭാവന ചെയ്തിട്ടുള്ളത്. വളർന്നുവരുന്ന സംരംഭകർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി ശരിയായ ദിശയിൽ അവരുടെ വ്യവസായം ലാഭകരമാക്കി മാറ്റുന്നതിന് സഹായകരമാകുന്ന ഒരു പ്രോജക്ട് കൺസൾട്ടൻസി വിങ്ങും വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കോർപ്പറേഷൻ സ്ത്രീ സംരംഭകർക്കായി ഒരുക്കിയ പ്രദർശന വിപണന മേള 'എസ്കലേറ 25'-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതാ സംരംഭകർക്കായി ഒരുക്കിയ പ്രദർശന വിപണന മേളയാണ് 'എസ്കലേറ എക്സ്പോ 2025'. സംരംഭകരായ വനിതകൾക്ക് വിപണി കണ്ടെത്താൻ സഹായിക്കുകയെന്നതായിരുന്നു എസ്കലേറയുടെ പ്രധാന ലക്ഷ്യം. തിരുവനന്തപുരം ആർ.ഡി.ആർ. കൺവെൻഷൻ സെന്ററിൽ വച്ച് 2025 ഫെബ്രുവരി 25 മുതൽ മാർച്ച് 3 വരെയാണ് മേള സംഘടിപ്പിച്ചത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള സംരംഭകർ മേളയിൽ പങ്കെടുത്തു. മേളയുടെ ഭാഗമായി സെമിനാറുകൾ, കലാപരിപാടികൾ, ഭക്ഷ്യമേള എന്നിവ സംഘടിപ്പിച്ചു. കൂടാതെ എൻ.എച്ച്.എം.-ന്റെ നേതൃത്വത്തിൽ ഏഴ് ദിവസവും കാൻസർ സ്ക്രീനിങ് ക്യാമ്പും സംഘടിപ്പിച്ചിരുന്നു. ഏകദേശം നൂറോളം വനിതാ സംരംഭകർക്ക് പ്രസ്തുത എക്സ്പോ ഗുണകരമായി. അവരുടെ ഉൽപന്നങ്ങൾ വിൽക്കുന്നതിനോടൊപ്പം മറ്റുപല വൻകിട ബിസിനസ് സംരംഭകരുമായി ബന്ധപ്പെടുന്നതിനും കഴിഞ്ഞു. എക്സ്പോയുടെ ഭാഗമായി ഡിജിറ്റൽ മാർക്കറ്റിങ്, ടൂറിസം മേഖലയിൽ വനിതാ സംരംഭകരുടെ സാധ്യതകൾ, സംരംഭകത്വവും വികസനവും എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും ആയത് വനിതാ സംരംഭകർക്ക് വളരെയധികം ഉപയോഗപ്രദമാകുകയും ചെയ്തു. എൻ.എച്ച്.എം.-ന്റെ നേതൃത്വത്തിൽ കാൻസറിനെ കുറിച്ച് സ്ത്രീകൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ സ്ത്രീകൾക്ക് വളരെ ഉപയോഗപ്രദമായിരുന്നു. സ്ത്രീകൾക്ക് സംരംഭകത്വം, ആരോഗ്യം, സാങ്കേതികവിദ്യയുടെ ഉപയോഗം എന്നീ മേഖലകളിൽ പൂർണ്ണമായ അവബോധം നൽകുന്നതിനും ആധുനിക ബിസിനസ് മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനും എസ്കലേറ എക്സ്പോ 2025-ലൂടെ സാധിച്ചു.

ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ

216(4019) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-

വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത വകുപ്പിലെ ട്രാൻസ്ഫർ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പായിട്ടില്ല.

(ബി) പ്രസ്തുത വകുപ്പിലെ ട്രാൻസ്ഫർ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജീവനക്കാരിൽ ഏഴ് വർഷമായി ട്രാൻസ്ഫറില്ലാതെ ഒരേ ഓഫീസിൽ പ്രവർത്തിക്കുന്നവരുടെ പേരുവിവരങ്ങൾ നൽകാമോ?

ട്രാൻസ്ഫർ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജീവനക്കാരിൽ ഏഴ് വർഷമായി ട്രാൻസ്ഫറില്ലാതെ ഒരേ ഓഫീസിൽ പ്രവർത്തിക്കുന്ന ആരുംതന്നെ ഇല്ല.

(സി) ടി വകുപ്പിലെ ട്രാൻസ്ഫർ കൈകാര്യം ചെയ്യുന്ന ജീവനക്കാർ പദവി ദുരുപയോഗം ചെയ്തുകൊണ്ട് ട്രാൻസ്ഫറുകളിൽ അനധികൃതമായ ഇടപെടൽ നടത്തുന്നകാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭക്ഷ്യ സുരക്ഷാ വകുപിലെ ട്രാൻസ്ഫർ

217(4020) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ട്രാൻസ്ഫർ കൈകാര്യം ചെയ്യുന്ന വിഭാഗത്തിലെ എത്ര ജീവനക്കാരാണ് കഴിഞ്ഞ മൂന്നുവർഷക്കാലയളവിന് മുകളിൽ ട്രാൻസ്ഫറില്ലാതെ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽപറഞ്ഞ കാലയളവിന് മുകളിൽ ജോലിചെയ്യുന്ന ജീവനക്കാരെ ആ സ്ഥാനത്തുനിന്നും മാറ്റാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ട്രാൻസ്ഫർ വിഷയം കൈകാര്യം ചെയ്യുന്നത് വിവിധ സീറ്റുകളിലായിട്ടാണ്. അതിൽ ആരുംതന്നെ നിലവിൽ 3 വർഷത്തിൽ കൂടുതലായി ഏതെങ്കിലും ഒരു സീറ്റ് മാത്രമായി കൈകാര്യം ചെയ്യുന്നില്ല.

ഭക്ഷണശാലകൾക്ക് സാനിറ്ററി സർട്ടിഫിക്കറ്റ്

218(4021) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്കും ഭക്ഷണ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യസുരക്ഷയുടെ ഭാഗമായി സാനിറ്ററി സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഹോട്ടലുകൾക്കും ഭക്ഷണ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ നിയമപ്രകാരം സാനിറ്ററി

സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് സാനിറ്ററി സർട്ടിഫിക്കറ്റ് നൽകുന്നില്ല. എന്നാൽ സേവനാവകാശ നിയമപ്രകാരം ആരോഗ്യ വകുപ്പ് ഹോട്ടലുകൾക്കും ഭക്ഷണ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി സാനിറ്ററി സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സാനിറ്ററി സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഓരോ ആരോഗ്യ സ്ഥാപനങ്ങളിലെയും ഹെൽത്ത് ഇൻസ്പെക്ടർമാരാണ്.

(ബി) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ഫീസ് ഉൾപ്പെടെ വിശദീകരിക്കാമോ; എന്തെങ്കിലും തുടർനടപടികൾക്ക് ഈ സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ; വിശദീകരിക്കാമോ?

സേവനാവകാശ നിയമപ്രകാരം ആരോഗ്യ വകുപ്പ് നൽകുന്ന സാനിറ്ററി സർട്ടിഫിക്കറ്റിനായി 270/- രൂപ നിരക്കിൽ ഫീസ് അടച്ച് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും തുടർന്ന് ഹെൽത്ത് ഇൻസ്പെക്ടർ ബന്ധപ്പെട്ട സ്ഥല/സ്ഥാപന പരിശോധന നടത്തി 14 ദിവസത്തിനുള്ളിൽ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്.

പൊതുവിതരണ വകുപ്പിലെ വിശേഷാൽ ചട്ടങ്ങളും ഭേദഗതികളും

219(4022) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-10-1971-ലെ സ.ഉ.(പി.)നം.13/1971/ഭക്ഷ്യ വകുപ്പ് എന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ബി) പൊതുവിതരണ വകുപ്പിലെ സബോർഡിനേറ്റ് സർവീസിലെ വിശേഷാൽ ചട്ടങ്ങളുടെയും ചട്ടങ്ങളിൽ ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെയും പകർപ്പുകൾ നൽകാമോ?

(എ&ബി) G.O.(P)No.13/71/Food dated 01-10-1971, G.O.(P)No.11/71/Food dated 10-09-1971, Notification No.29175/A1/71/Food dated 26-04-1973 (Amendment), Notification No.17568/A1/75-1/Food dated 31-07-1976 (Amendment), G.O.(P)No.4/80/Food dated 28-01-1980 (Amendment), G.O.(P)No.14/83/Food dated 15-07-1983 (Amendment), G.O.(Ms)No.26/79/Food dated 06-06-1979 (Amendment) എന്നീ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

സംഭരിച്ച നെല്ലിന്റെ വില ഉടൻ നൽകാൻ നടപടി

220(4023) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കർഷകർക്ക് നെല്ല് സംഭരിച്ചയുടൻതന്നെ അതിന്റെ വില നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കർഷകരിൽനിന്ന് നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ നെൽ കർഷകരുടെ കൃഷിയിടത്തിൽനിന്ന് സംഭരിച്ച് കരാറിലേർപ്പെട്ടിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മില്ലുകൾ മുഖാന്തരം അരിയാക്കി (CMR-Custom Milled Rice) പൊതുവിതരണ സംവിധാനത്തിലൂടെ (റേഷൻകട) നൽകുന്നതിന് ഏകദേശം 6 മാസത്തിൽ കുറയാതെ സമയമെടുക്കുന്നതാണ്. ടി അരി (CMR) റേഷൻഷോപ്പ് വഴി വിതരണം നടത്തി AePDS PORTAL-ൽ സിവിൽ സപ്ലൈസ് വകുപ്പ് അതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം അതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽനിന്ന് സപ്ലൈകോയ്ക്ക് ലഭിക്കുന്നത്. ഓരോ സീസണിലും നെല്ല് സംഭരണം മുതൽ കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭിക്കുന്നതുവരെ 6 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകന് സമയബന്ധിതമായും പൂർണ്ണമായും സംഭരണവില നൽകുന്നതിന് മാത്രമാണ് പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം കർഷകർക്ക് പണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. 2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ., കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി.ആർ.എസ്. പദ്ധതി പ്രകാരം നെല്ലിന്റെ വില കർഷകരുടെ പേരിൽ ലോണായി നൽകുകയും പലിശ സഹിതം സപ്ലൈകോ സമയബന്ധിതമായി തിരിച്ചടയ്ക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്.

മലമ്പുഴ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

221(4024) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷകട (2 എണ്ണം), കെ-സ്റ്റോർ (4 എണ്ണം), ജനകീയ ഹോട്ടൽ (3 എണ്ണം), "ഒപ്പം" പദ്ധതി എന്നീ പദ്ധതികളാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയിട്ടുള്ളത്.

സുഭിക്ഷ ഹോട്ടലുകൾ

222(4025) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾ പലതും വലിയ ബുദ്ധിമുട്ടിലാണ് പ്രവർത്തിച്ചുവരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഹോട്ടലുകൾ കാര്യക്ഷമമായി നടത്തുന്നതിന് വിലവർധനവുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

വിശദാംശം ലഭ്യമാക്കാമോ?

വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽനിന്നും ലഭ്യതയ്ക്കനുസരിച്ച് ടൈഡ് ഓവർ നിരക്കിൽ അരി (നിലവിൽ കിലോഗ്രാമിന് 10.90/- രൂപയ്ക്ക്) അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സുഭിക്ഷ ഹോട്ടലുകളുടെ ആവർത്തന ചെലവുകളായ സബ്സിഡി തുക, വൈദ്യുതി ചാർജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യ നിർമ്മാർജനത്തിനാവശ്യമായ തുക എന്നിവ സമയബന്ധിതമായി ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്ക് നൽകിവരുന്നു. വിലവർധനവുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ പാപ്പിനിശ്ശേരി അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് ആൻഡ് ടോഡി വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്ന സുഭിക്ഷ ഹോട്ടലിന്റെ പ്രതിമാസ അരി വിഹിതം 600 കിലോയിൽനിന്നും 1000 കിലോ ആയി വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ പാപ്പിനിശ്ശേരി അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് ആൻഡ് ടോഡി വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്ന സുഭിക്ഷ ഹോട്ടലിന്റെ പ്രതിമാസ അരി വിഹിതം 600 കിലോയിൽനിന്നും 1000 കിലോ ആയി വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ

നടപടി സ്വീകരിക്കുകയും സുഭിക്ഷ ഹോട്ടലുകളിലേക്കുള്ള അരിയുടെ പ്രതിമാസ വിഹിതം വർധിപ്പിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുകയുമുണ്ടായി.

പൊതുവിതരണ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

223(4026) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ പുനലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

1. സുഭിക്ഷ – വിശപ്പുരഹിതം പദ്ധതി

പുനലൂർ താലൂക്കിൽ പുനലൂർ ടൗണിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കൈവശത്തുള്ള കെട്ടിടത്തിൽ 03-05-2023 മുതൽ വിശപ്പുരഹിത ഭക്ഷണശാലയായ സുഭിക്ഷ ഹോട്ടൽ പ്രവർത്തിച്ചുവരുന്നു. ടി ഹോട്ടലിൽ ഒരുമാസം ഏകദേശം 7000 എണ്ണം വരെ ഉച്ചയൂണ് വിതരണം ചെയ്തുവരുന്നുണ്ട്.

2. തെളിമ പദ്ധതി

റേഷൻ കാർഡിലെ തെറ്റുകൾ തിരുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് തെളിമ പദ്ധതി. ടി പദ്ധതി പ്രകാരം പുനലൂർ താലൂക്കിൽ ലഭ്യമായ 610

അപേക്ഷകളിന്മേലും നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുള്ളതാണ്.

3. ഓപ്പറേഷൻ യെല്ലോ പദ്ധതി

അനർഹമായ മുൻഗണനാ റേഷൻകാർഡുകൾ കണ്ടെത്തി പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനായി നടപ്പാക്കിയ പദ്ധതിയായ 'ഓപ്പറേഷൻ യെല്ലോ' പദ്ധതി പ്രകാരം പുനലൂർ താലൂക്കിൽ മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ച 10 അനർഹരെ കണ്ടെത്തുകയും പിഴത്തുകയായി 99,557/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

4. സുജലം പദ്ധതി

പൊതുജനങ്ങൾക്ക് റേഷൻ കടകൾ വഴി 10/- രൂപ നിരക്കിൽ കുപ്പിവെള്ളം നൽകുന്ന 'സുജലം പദ്ധതി' പുനലൂർ താലൂക്കിൽ നടപ്പാക്കിയിട്ടുണ്ട്.

5. കരുതലും കൈത്താങ്ങും

പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി താലൂക്കുതലത്തിൽ നടത്തിയ 'കരുതലും കൈത്താങ്ങും' അദാലത്ത് മുഖേന പുനലൂർ താലൂക്കിൽ ലഭ്യമായ 173 അപേക്ഷകളിന്മേലും നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

6. ഭാസുര

ദേശീയ ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് ഗോത്ര വിഭാഗങ്ങളിൽ ഭക്ഷ്യസുരക്ഷയെ കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുന്നതിനുള്ള ഗോത്രവർഗ്ഗ വനിതാ കൂട്ടായ്മയായ 'ഭാസുര' പ്രകാരം പുനലൂർ താലൂക്കിലെ കോളനികളായ കടമാൻകോട്, മുതലമട

എന്നിവിടങ്ങളിൽ 23-12-2021, 19-03-2022 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട ഭക്ഷ്യ കമ്മീഷൻ സന്ദർശനം നടത്തുകയും വിവിധ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജില്ലയിൽ 94 കെ-സ്റ്റോറുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് അനുവദിച്ച പദ്ധതികൾ

224(4027) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതിയതായി 54 റേഷൻകടകൾ കെ-സ്റ്റോറുകളായി പരിവർത്തനം ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്. റേഷൻകടകളിൽ നേരിട്ടെത്തി റേഷൻ സാധനങ്ങൾ കൈപ്പറ്റാൻ സാധിക്കാത്തവരും അശരണരും നിരാലംബരും ഉൾപ്പെടെയുള്ള അതിദരിദ്രരായ ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ 'ഒപ്പം' എന്ന പദ്ധതി മുഖേന വീടുകളിൽ നേരിട്ടെത്തിച്ച് നൽകുന്നുണ്ട്. കൂടാതെ, സുജലം പദ്ധതി പ്രകാരം റേഷൻ കടകളിലൂടെ 10/- രൂപ നിരക്കിൽ കുടിവെള്ളവും നൽകിവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പാക്കിയ പദ്ധതികളുടെയും ഭരണാനുമതി നൽകിയിട്ടുള്ള തുകയുടെയും വിശദാംശം ലഭ്യമാക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കൊന്നും ഭരണാനുമതി തുക ആവശ്യമുള്ളതല്ല. കെ-സ്റ്റോറുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും വച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും ഉപയോഗപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ നിലവിലില്ല. റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഗതാഗതം, വ്യാപാരികൾക്കുള്ള കമ്മീഷൻ എന്നിവ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിച്ചുപോരുന്നു.

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികൾ

225(4028) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഒപ്പം പദ്ധതി:- റേഷൻ കടകളിൽ നേരിട്ടെത്തി റേഷൻ സാധനങ്ങൾ വാങ്ങാൻ സാധിക്കാത്ത അശരണരായ വയോജനങ്ങൾക്ക് ഓട്ടോ തൊഴിലാളികളുടെ സഹായത്തോടെ വീടുകളിൽ നേരിട്ട് റേഷൻ എത്തിക്കുന്ന പദ്ധതി.

2. സുഭിക്ഷ ഹോട്ടൽ:- "വിശപ്പുരഹിത കേരളം" എന്ന പദ്ധതിയുടെ ഭാഗമായി 20/- രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്നതിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.

3. കെ സ്റ്റോർ:- MSME ഉൽപന്നങ്ങൾ, ശബരി ഉൽപന്നങ്ങൾ, മിൽമ ഉൽപന്നങ്ങൾ, CSC Registration സേവനങ്ങൾ എന്നിവ റേഷൻകടകൾ മുഖേന ലഭ്യമാക്കുന്നതിന് ആലത്തൂർ നിയോജകമണ്ഡലത്തിൽ 8 റേഷൻ കടകൾ കെ-സ്റ്റോറുകളായി പ്രവർത്തിക്കുന്നുണ്ട്.

4. ജനകീയ ഹോട്ടൽ:- ആലത്തൂർ നിയോജകമണ്ഡലത്തിൽ 3 ജനകീയ ഹോട്ടലുകൾക്ക് റേഷൻ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡത്തിലെ ഓരോ പഞ്ചായത്തിലും നടപ്പാക്കിയ പദ്ധതികളുടെയും ഭരണാനുമതി നൽകിയിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ നൽകാമോ?

മേൽ പദ്ധതികൾ നടപ്പാക്കിയതിന്റെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സുഭിക്ഷ ഹോട്ടൽ-1 എണ്ണം, ആലത്തൂർ ഗ്രാമ പഞ്ചായത്ത്
2. ജനകീയ ഹോട്ടൽ-എരിമയൂർ, ആലത്തൂർ ഗ്രാമപഞ്ചായത്തുകളിൽ ഒരെണ്ണം വീതം
3. കെ-സ്റ്റോർ

കിഴക്കഞ്ചേരി പഞ്ചായത്ത് - 1 എണ്ണം

എരിമയൂർ പഞ്ചായത്ത് - 4 എണ്ണം

മേലാർകാട് പഞ്ചായത്ത് - 1 എണ്ണം

ആലത്തൂർ പഞ്ചായത്ത് - 1 എണ്ണം

കുത്തന്നൂർ പഞ്ചായത്ത് - 1 എണ്ണം.

ടി പദ്ധതികളിൽ സുഭിക്ഷ ഹോട്ടൽ പദ്ധതിക്ക് മാത്രമെ വകുപ്പ് തുക അനുവദിച്ച് നൽകുന്നുള്ളൂ. നാളിതുവരെ 13,10,197/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്ത്

226(4029) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബറിൽ മാവേലിക്കര താലൂക്കിൽ നടത്തിയ 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിലൂടെ ബി.പി.എൽ. റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളുടെ റേഷനിങ് ഓഫീസ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

മാവേലിക്കര താലൂക്കിൽ ഒരു റേഷനിങ് ഓഫീസും ഇതിന്റെ കീഴിൽ 5 റേഷനിങ് ഫർക്കകളുമാണുള്ളത്. 2024 ഡിസംബർ മാസത്തിൽ മാവേലിക്കര താലൂക്കിൽ നടത്തിയ 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിൽ മുൻഗണനാ കാർഡിനായി ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം ഫർക്ക തിരിച്ച് ചുവടെ ചേർക്കുന്നു.

ഫർക്കകളുടെ പേര്	**അപേക്ഷകളുടെ എണ്ണം**
മാവേലിക്കര	11

തഴക്കര	12
തെക്കേക്കര	14
ഭരണിക്കാവ്	20
താമരക്കുളം	5
ആകെ	**62**

ഇതിൽ 5 അപേക്ഷകൾ ആവർത്തനമാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര ബി.പി.എൽ. റേഷൻകാർഡുകൾ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം റേഷനിങ് ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ?

അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ അനുവദിച്ച് നൽകിയ 35 മുൻഗണനാ റേഷൻകാർഡുകളുടെ എണ്ണം ഫർക്ക തിരിച്ച് ചുവടെ ചേർക്കുന്നു.

ഫർക്കകളുടെ പേര്	**അപേക്ഷകളുടെ എണ്ണം**
മാവേലിക്കര	9
തഴക്കര	4
തെക്കേക്കര	12
ഭരണിക്കാവ്	9
താമരക്കുളം	1
ആകെ	**35**

പ്രസ്തുത അദാലത്തിൽ മുൻഗണനാ വിഭാഗത്തിലേക്ക് തരംമാറ്റുന്നതിനായി ലഭിച്ച 16 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ വിവരങ്ങൾ ഫർക്ക തിരിച്ച് ചുവടെ

ചേർക്കുന്നു.

ഫർക്കകളുടെ പേര്	അപേക്ഷകളുടെ എണ്ണം
മാവേലിക്കര	1
തഴക്കര	3
തെക്കേക്കര	1
ഭരണിക്കാവ്	10
താമരക്കുളം	1
ആകെ	**16**

മുൻഗണന റേഷൻ കാർഡുകൾ

227(4030) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങളുള്ളവരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മാരകരോഗം ബാധിച്ചതും ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളതുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളെയും മുൻഗണനാ ലിസ്റ്റിലുൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) മാരകരോഗം ബാധിച്ച പാവപ്പെട്ടവർക്ക് അത്യാവശ്യഘട്ടങ്ങളിൽ മുൻഗണനാ റേഷൻ കാർഡുകൾ ചികിത്സാ ആനുകൂല്യങ്ങൾക്കായി നൽകുന്നതിന് ഫാസ്റ്റ് ട്രാക്ക്

സംവിധാനം ലഭ്യമാക്കുമോ?

(എ-സി) സംസ്ഥാന ഭക്ഷ്യഭദ്രതാ നിയമം 2018, ഖണ്ഡിക 6-ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക 7-ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും ഗുരുതരമായ അസുഖബാധിതർ ഉൾപ്പെട്ടതുമായ കുടുംബങ്ങളുടെ റേഷൻകാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് താലൂക്ക് സപ്ലൈ ഓഫീസുകളിൽനിന്നും എല്ലാമാസവും ലഭിക്കുന്ന അപേക്ഷകൾ ജില്ലാ സപ്ലൈ ഓഫീസ് മുഖാന്തരം ക്രോഡീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി അർഹതയുള്ളപക്ഷം മുൻഗണനയിലേക്ക് പരിവർത്തനം ചെയ്ത് നൽകുന്നുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങളുണ്ടെങ്കിൽ ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് അർഹതയുള്ളപക്ഷം ടി കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് 27-10-2020-ലെ 319/2020/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരുമായ കുടുംബങ്ങളുടെ കാർഡുകൾ, അപേക്ഷ പ്രകാരം മുൻഗണനാ വിഭാഗത്തിലേക്ക് തരംമാറ്റി നൽകിവരുന്നുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മുൻഗണനാ ഒഴിവുകളുടെ എണ്ണം ജനസംഖ്യയെ അപേക്ഷിച്ച് പരിമിതമായതിനാൽ ഒഴിവാക്കൽ മാനദണ്ഡങ്ങൾ പരിഗണിക്കാതെ മാരകരോഗം ബാധിച്ചതും ഭിന്നശേഷി, ഓട്ടിസം

തുടങ്ങിയവയുള്ളതുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളെയും മുൻഗണനാ ലിസ്റ്റിലുൾപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നതിന് സർക്കാരിന് പരിമിതിയുണ്ട്.

മുൻഗണന, എ.എ.വൈ. കാർഡുകൾക്കായുള്ള അപേക്ഷകൾ

228(4031) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻഗണനാ കാർഡുകൾക്കും എ.എ.വൈ. കാർഡുകൾക്കുമായി എത്ര അപേക്ഷകൾ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽനിന്നും മുൻഗണന കാർഡുകൾക്കായി 3271 അപേക്ഷകളും എ.എ.വൈ. കാർഡുകൾക്കായി 155 അപേക്ഷകളും ലഭ്യമായിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്രപേർക്ക് പുതുതായി മുൻഗണനാ കാർഡുകളും എ.എ.വൈ. കാർഡുകളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയോജകമണ്ഡലത്തിൽ 2608 പേർക്ക് പുതുതായി മുൻഗണനാ കാർഡുകളും 121 പേർക്ക്എ.എ.വൈ. കാർഡുകളും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനർഹരായ എത്രപേരെ മുൻഗണന, എ.എ.വൈ. കാർഡുകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനർഹരായ 1014 പേരെ മുൻഗണനാ കാർഡുകളിൽനിന്നും 186 പേരെ എ.എ.വൈ. കാർഡുകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും മുൻഗണനാ എ.എ.വൈ. കാർഡുകൾക്കായി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ അവ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുൻഗണന/എ.എ.വൈ. കാർഡുകൾക്കായി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വീടില്ലാത്തവർക്ക് റേഷൻ കാർഡുകൾ നൽകാൻ നടപടി

229(4032) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവോരത്ത് താമസിക്കുന്നവർക്ക് ആധാർ കാർഡിന്റെയും വാടകയ്ക്ക് താമസിക്കുന്നവർക്ക് വാടകച്ചീട്ടിന്റെയും അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ നൽകാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

തെരുവോരത്ത് താമസിക്കുന്നവർക്ക് റേഷൻകാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം താമസിക്കുന്ന കുടുംബങ്ങൾക്ക് ബന്ധപ്പെട്ട റേഷനിങ് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി പുതിയ റേഷൻകാർഡ് അനുവദിക്കുന്നു. ഇങ്ങനെ അനുവദിക്കുന്ന കാർഡുകൾ കാലതാമസം കൂടാതെ മുൻഗണനാ വിഭാഗത്തിലേക്ക് തരംമാറ്റി നൽകുകയും ചെയ്തുവരുന്നു.

(ബി) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഭിന്നശേഷിക്കാരായ കുട്ടികളുൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ കുട്ടികളുൾപ്പെടെയുള്ളവർ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുപകരം വെൽഫെയർ പെർമിറ്റുകളാണ് അനുവദിച്ച് വരുന്നത്. നിലവിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം 05-11-2020-ലെ സ.ഉ.(കൈ) 22/2020/ഭ.പൊ.വി.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെയുള്ളവർ താമസിക്കുന്ന സ്ഥാപനത്തെ ക്ഷേമ സ്ഥാപനത്തിന്റെ സ്കീമിലുൾപ്പെടുത്തി വെൽഫെയർ പെർമിറ്റുകളാണ് നൽകിവരുന്നത്. ടി വെൽഫെയർ പെർമിറ്റ് പ്രകാരം ടി സ്ഥാപനത്തിലെ ഒരു അന്തേവാസിക്ക് പ്രതിമാസം 10.5 kg അരിയും 4.5 kg ഗോതമ്പും നൽകിവരുന്നുണ്ട്.

കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിലൂടെ ബി.പി.എൽ. റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ

230(4033) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബറിൽ ആലത്തൂർ താലൂക്കിൽ നടത്തിയ കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിലൂടെ ബി.പി.എൽ. റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളുടെ റേഷനിങ് ഓഫീസ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര ബി.പി.എൽ. റേഷൻകാർഡുകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(എ&ബി) 2024 ഡിസംബർ മാസത്തിൽ ആലത്തൂർ താലൂക്കിൽ നടത്തിയ കരുതലും കൈതാങ്ങും പരാതി പരിഹാര അദാലത്തിൽ റേഷൻ കാർഡ് മുൻഗണന വിഭാഗത്തിലേയ്ക്ക് തരംമാറ്റുന്നതിന് ലഭിച്ച അപേക്ഷകളുടെ ഫർക്ക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ഫർക്കകളുടെ പേര്	**ലഭിച്ച അപേക്ഷകളുടെ എണ്ണം**
വടക്കഞ്ചേരി	24
ആലത്തൂർ	8
കുഴൽമന്ദം	4
മാത്തൂർ	6
ആകെ	**52**

മേൽ അപേക്ഷകളിൽ 22 കാർഡുകൾ PHH വിഭാഗത്തിലേയ്ക്ക് തരംമാറ്റി

നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഫർക്കകളുടെ പേര്	തരംമാറ്റി നൽകിയതിന്റെ എണ്ണം
വടക്കഞ്ചേരി	8
ആലത്തൂർ	6
കുഴൽമന്ദം	2
മാത്തൂർ	6

മുൻഗണനാ റേഷൻ കാർഡുകളാക്കി മാറ്റി നൽകുന്നതിനുള്ള നടപടി

231(4034) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിലെ എത്ര മുൻഗണനേതര റേഷൻകാർഡുകൾ മുൻഗണനാ റേഷൻകാർഡുകളാക്കി മാറ്റി അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിലെ 3915 മുൻഗണനേതര റേഷൻകാർഡുകൾ മുൻഗണനാ റേഷൻ കാർഡുകളാക്കി മാറ്റി നൽകിയിട്ടുണ്ട്.

റേഷൻ വിതരണം

232(4035) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് ആരംഭിച്ച വാതിൽപ്പടി സേവനം നിർത്തലാക്കിയോയെന്ന് അറിയിക്കാമോ?

വാതിൽപ്പടി വിതരണം നിർത്തലാക്കിയിട്ടില്ല.

(ബി) പ്രസ്തുത സേവനത്തിന് എത്ര മാസത്തെ കൂടിശ്ശികയാണ് സർക്കാർ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വാതിൽപ്പടി കൂടിശ്ശികയുടെ പേരിൽ റേഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

വാതിൽപ്പടി വിതരണം/വിട്ടെടുപ്പുമായി ബന്ധപ്പെട്ട് 2024 ഡിസംബർ മാസം വരെ നോർമൽ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് 184.68 കോടി രൂപ നൽകാനുണ്ട്. PMGKAY ഭക്ഷ്യധാന്യങ്ങളുടെ ഗതാഗത കൈകാര്യ ചെലവിനത്തിൽ കേന്ദ്ര വിഹിതത്തിനേക്കാൾ അധികമായി ചെലവഴിച്ച 99.4423267 കോടി രൂപ അനുവദിക്കുന്നതിന് അനുമതിയായിട്ടുണ്ട്. വാതിൽപ്പടി കൂടിശ്ശികയുടെ പേരിൽ റേഷൻ വിതരണം മുടങ്ങിയിട്ടില്ല.

(സി) വാതിൽപ്പടി സേവനം സംബന്ധിച്ച് വാഹനങ്ങൾക്കും കരാറുകാർക്കും നൽകാനുള്ള തുക, ഗോഡൗണുകളുടെ വാടകയിനത്തിൽ നൽകാനുള്ള തുക, തൊഴിലാളികളുടെ കൂലിയിനത്തിൽ കൊടുക്കാനുള്ള കൂടിശ്ശിക തുക എന്നിവ സർക്കാർ കൊടുത്തുതീർത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇനി എത്ര രൂപയാണ് കൊടുക്കാനുള്ളതെന്ന് വിശദീകരിക്കാമോ;

എങ്കിൽ പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തുതീർക്കുമെന്ന് അറിയിക്കാമോ?

(സി&ഡി) ഇല്ല. വാതിൽപ്പടി വിതരണം/വിട്ടെടുപ്പുമായി ബന്ധപ്പെട്ട് ഗതാഗത കരാറുകാർ ഏർപ്പെടുത്തിയിരിക്കുന്ന വാഹനങ്ങളാണ് വാതിൽപ്പടി സേവനത്തിനായി ഉപയോഗിക്കുന്നത്. 2024 ഡിസംബർ മാസം വരെ കരാറുകാർക്ക് നൽകാനുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ട്. 2025 ജനുവരി/ഫെബ്രുവരി മാസങ്ങളിലെ ഗതാഗത കൈകാര്യ ചെലവുകളുടെ കണക്കുകൾ അതത് ഡിപ്പോകളിൽനിന്നും ശേഖരിച്ചുവരുന്നു. മാർച്ച് മാസത്തെ അലോട്ട്മെന്റ് പ്രകാരമുള്ള വിട്ടെടുപ്പ്/വിതരണം പൂർത്തിയായി വരുന്നു. കൂടാതെ 2024 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ഗതാഗത കൈകാര്യ ചെലവുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയതിനുശേഷം നൽകാനുള്ള (10%) തുക 14.38 കോടി രൂപയാണ്. ഇതിനുപുറമെ, 2024 മാർച്ച് മാസം വരെയുള്ള ചെലവുകളിൽ വിവിധ കാരണങ്ങളാൽ ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്തതും വിതരണം ചെയ്യാൻ മറ്റ് തടസ്സങ്ങളില്ലാത്തതുമായ 0.5 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായിട്ടുണ്ട്. NFSA ഗോഡൗണുകളുടെ വാടക ഇനത്തിൽ 4.47 കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. തൊഴിലാളികളുടെ കൂലിയിനത്തിൽ ക്ഷേമനിധി ബോർഡിൽ അടവാക്കാനുള്ള തുകകൂടി ഉൾപ്പെടുത്തിയാണ് വാതിൽപ്പടി വിതരണ കരാറുകാർക്ക് നൽകുന്നത്. അതത് മാസങ്ങളിൽ ബന്ധപ്പെട്ട തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടവ് വരുത്തുന്നത് കരാറുകാർ നേരിട്ടാണ്. ആവശ്യത്തിന് തുക ലഭ്യമാകുന്നമുറയ്ക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

റേഷൻകടകളിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ

233(4036) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻകടകളിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി കെ-സ്റ്റോർ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. റേഷൻകട വഴി ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമെ മിൽമ ഉൽപന്നങ്ങൾ, സപ്ലൈകോയുടെ ശബരി ഉൽപന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടു ഗ്യാസ് (5 kg), വ്യവസായ വാണിജ്യ വകുപ്പിനുകീഴിലുള്ള എം.എസ്.എം.ഇ. (Micro Small and Medium Enterprises) ഉൽപന്നങ്ങൾ, സി.എസ്.സി. (Common Service Centre) സേവനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി ലഭ്യമാണ്.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന നെയ്യാറ്റിൻകര താലൂക്കിൽ 1106478, 1106051, 1106018, 1106479, 1106566, 1106476, 1106391, 1106530, 1106526, 1106536, 1106112 എന്നീ 11 റേഷൻ കടകളും കാട്ടാക്കട താലൂക്കിൽ 1170046, 1170126 എന്നീ 2

റേഷൻകടകളും നിലവിൽ കെ-സ്റ്റോറായി പ്രവർത്തിക്കുന്നു.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻകടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ മാനദണ്ഡം അനുസരിച്ച് കെ-സ്റ്റോറായി പരിവർത്തനം ചെയ്യാൻ താൽപര്യമുള്ള ഏത് റേഷൻകട ലൈസൻസിക്കും അത് അനുവദിച്ച് നൽകുന്നതാണ്.

(ഡി) 2016 മുതൽ നാളിതുവരെ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അതിലേക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ "കെ-സ്റ്റോർ", "സുജലം", "സഞ്ചരിക്കുന്ന റേഷൻകട" എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി, പാറശ്ശാല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ വരുന്ന പൂരവിമല സെറ്റിൽമെന്റിൽ 2022 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണത്തിനുള്ള വാഹനത്തിനായി 5,78,100/- രൂപ നാളിതുവരെയായി അനുവദിച്ച് നൽകിയിട്ടുണ്ട്. ആര്യങ്കോട് ഗ്രാമപഞ്ചായത്തിൽ ഒറ്റശേഖരമംഗലം മാവേലിസ്റ്റോറിനെ 23-11-2016-ൽ സൂപ്പർമാർക്കറ്റായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. അതിലേക്ക് 2,00,676/- രൂപ അനുവദിച്ചിട്ടുണ്ട്. പെരുങ്കടവിള

ഗ്രാമപഞ്ചായത്തിൽ മാരായമുട്ടം മാവേലിസ്റ്റോറിനെ 06-12-2019-ൽ സൂപ്പർമാർക്കറ്റായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. അതിലേക്ക് 8,98,847.97/- രൂപ അനുവദിച്ചിട്ടുണ്ട്. അമ്പൂരി ഗ്രാമപഞ്ചായത്തിൽ 10-09-2024-ൽ കുടപ്പനമൂട് സൂപ്പർമാർക്കറ്റ് ആരംഭിച്ചിട്ടുണ്ട്. അതിലേക്ക് 3,59,293/- രൂപ അനുവദിച്ചിട്ടുണ്ട്.

വർക്കല നിയോജകമണ്ഡലത്തിലെ റേഷൻകടകൾ

234(4037) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദീകരിക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ നിലവിൽ 108 റേഷൻകടകൾ പ്രവർത്തിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനം	റേഷൻ കടകളുടെ എണ്ണം
വർക്കല മുനിസിപ്പാലിറ്റി	24
ഇടവ ഗ്രാമപഞ്ചായത്ത്	13
ഇലകമൺ ഗ്രാമപഞ്ചായത്ത്	14
വെട്ടൂർ ഗ്രാമപഞ്ചായത്ത്	09
നാവായിക്കുളം ഗ്രാമപഞ്ചായത്ത്	19
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്	08
മടവൂർ ഗ്രാമപഞ്ചായത്ത്	09

ചെമ്മരുതി ഗ്രാമപഞ്ചായത്ത്	12
ആകെ	**108**

(ബി) മുൻസർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലയളവിലുമായി പുതുതായി എത്ര റേഷൻകടകൾ വർക്കല നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പുതിയ റേഷൻ കടകളൊന്നും അനുവദിച്ചിട്ടില്ല. നിലവിലെ സർക്കാരിന്റെ കാലയളവിൽ വർക്കല താലൂക്കിലെ ചെമ്മരുതി പഞ്ചായത്തിന്റെ പരിധിയിൽ പുതുതായി അനുവദിച്ച ഒരു റേഷൻകടയ്ക്ക് വിജ്ഞാപനം ക്ഷണിച്ച് ലൈസൻസിയെ നിയമിച്ചിട്ടുണ്ട്.

കെ-സ്റ്റോറുകൾ

235(4038) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻകടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റിയതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 1796 റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റിയത്.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ റേഷൻകടകൾ

236(4039) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച റേഷൻകടകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുന്ന, മാട്ടുമ്മൽ പ്രദേശങ്ങളിലായി പുതുതായി റേഷൻകടകൾ അനുവദിച്ചു. ഈ റേഷൻകടകൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും യോഗ്യരായ അപേക്ഷകരില്ലാത്തതിനാൽ കടകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ പുന്ന, മാട്ടുമ്മൽ എന്നീ സ്ഥലങ്ങളിൽ അനുവദിച്ച റേഷൻകടകൾ നടത്തിപ്പിനായി വിജ്ഞാപനം ചെയ്തതിന്റെ വിവരങ്ങളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

പുന്ന, മാട്ടുമ്മൽ പ്രദേശങ്ങളിൽ അനുവദിച്ച പുതിയ റേഷൻകടകൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനായി പട്ടികജാതി സംവരണ വിഭാഗക്കാരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് 16-05-2022-ൽ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ പുന്ന പ്രദേശത്തെ കടയുടെ അംഗീകാരം ലഭിക്കുന്നതിന് ശ്രീമതി ഓമന അപേക്ഷ സമർപ്പിച്ചു. എന്നാൽ അപേക്ഷക ഡോക്യുമെന്റ് റൈറ്റർ ലൈസൻസി ആയതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാൻ സാധിച്ചില്ല. മാട്ടുമ്മൽ പ്രദേശത്തെ കടയുടെ അംഗീകാരം ലഭിക്കുന്നതിന്

വിജ്ഞാപന പ്രകാരം ആരും അപേക്ഷ സമർപ്പിച്ചില്ല.

(സി) എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അനുവദിക്കുന്ന റേഷൻകടകൾ പ്രസ്തുത വിഭാഗത്തിൽനിന്നും ആരും ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തപക്ഷം മറ്റ് വിഭാഗക്കാരെ പരിഗണിക്കുമോ; വിശദമാക്കാമോ?

KTPDS ഓർഡർ 2021 33(1) പ്രകാരം തുടർച്ചയായ 3 വിജ്ഞാപനങ്ങൾ നടത്തിയിട്ടും സംവരണ വിഭാഗത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലായെങ്കിൽ, അങ്ങനെയുള്ള ഒഴിവുകൾ പൊതുവിഭാഗത്തിൽനിന്നും നികത്താവുന്നതാണ്.

കൂട്ടമ്പുഴ ആദിവാസി നഗർ കേന്ദ്രീകരിച്ച് കെ-സ്റ്റോർ

237(4040) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോർ വഴി നിലവിൽ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

മിൽമയുടെ തിരഞ്ഞെടുത്ത ഉൽപന്നങ്ങൾ, ഐ.ഒ.സി.-യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉൽപന്നങ്ങൾ എന്നിവയ്ക്കുപുറമെ CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പേമെന്റ്, AEPS (Aadhar Enabled Payment System) മുഖേന 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു. കൂടാതെ വ്യവസായ വാണിജ്യ വകുപ്പിനുകീഴിലുള്ള എം.എസ്.എം.ഇ. (Micro Small and Medium Enterprises) ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപന്നങ്ങളും കെ-സ്റ്റോറുകൾ വഴി വിപണനം ചെയ്തുവരുന്നു.

(ബി) നിരവധി ആദിവാസി ഊരുകളുള്ള കുട്ടമ്പുഴ പഞ്ചായത്തിൽ ആദിവാസി നഗർ കേന്ദ്രീകരിച്ച് കെ-സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കുട്ടമ്പുഴ പഞ്ചായത്തിൽ നിലവിൽ കെ-സ്റ്റോറായി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യമുള്ള 2 റേഷൻകടകൾകൂടി കെ-സ്റ്റോറായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടമ്പുഴ പഞ്ചായത്തിലെ തേര, വാരിയം ആദിവാസി ഉന്നതികളിലേക്ക് ആവശ്യമായ സാധനങ്ങൾ കെ-സ്റ്റോർ വഴി എത്തിച്ച് നൽകുന്നതിന് ടി ഉന്നതികളിലെ മൂപ്പന്മാരുമായും പഞ്ചായത്ത് വാർഡ് അധികൃതരുമായും ആലോചിച്ച് കെ-സ്റ്റോർ സംവിധാനം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കെ-സ്റ്റോർ വഴിയുള്ള സേവനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കെ-സ്റ്റോറുകൾ വഴി നിലവിലുള്ള സേവനങ്ങൾക്കുപുറമേ പൊതുമേഖലാ സ്ഥാപനങ്ങളായ കാഷ്യു, കേരള സോപ്പ്, ഖാദി ഉൽപന്നങ്ങൾ, കെൽപാം, കെ.സി.സി.പി.എൽ. എന്നിവയുടെ ഉൽപന്നങ്ങൾകൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുണ്ടാന്തുരുത്തിൽ പുതിയ റേഷൻകട

238(4041) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് പട്ടികജാതി-പട്ടികവർഗ നഗറുകളിലായി തൊണ്ണൂറോളം

കുടുംബങ്ങളുൾപ്പെടെ മുണ്ടാന്തുരിലെ നാന്തുറോളം റേഷൻകാർഡ് ഉടമകൾ മൂന്ന് കിലോമീറ്ററോളം ദൂരെയുള്ള നച്യാട് റേഷൻകടയെയാണ് ആശ്രയിക്കുന്നതെന്നതിനാൽ മുണ്ടാന്തുരിൽ പുതിയ റേഷൻകട തുടങ്ങുന്നത് പരിഗണിക്കുമോ;

(ബി) മുണ്ടാന്തുരിൽ പുതിയ റേഷൻകട അന്തുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിലെ മുണ്ടാന്തുർ എന്ന സ്ഥലത്ത് പുതിയ റേഷൻകട അന്തുവദിക്കുന്നത് സംബന്ധിച്ച് പൊതുവിതരണ ഉപഭോക്തുകാര്യ കമ്മീഷണറേറ്റിൽ ലഭ്യമായ അപേക്ഷ ഇരിട്ടി താലൂക്ക് സപ്ലൈ ഓഫീസറുടെ റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസറിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ചവറ നിയോജകമണ്ഡലത്തിലെ കെ-സ്റ്റോറുകൾ

239(4042) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ ആകെ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്തുണ്ട്; അതിൽ എത്ര കടകൾ കെ-സ്റ്റോറായി പ്രവർത്തിക്കുന്തു; ഏതൊക്കെ സ്ഥലങ്ങളിലാണ് കെ-സ്റ്റോറുകളുള്ളതെന്ന് വ്യക്തമാക്കാമോ?

ചവറ നിയോജകമണ്ഡലത്തിലെ ആകെ 117 റേഷൻകടകളിൽ 8 എണ്ണം

കെ-സ്റ്റോറുകളായി പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പുതിയ റേഷൻകടകൾ അനുവദിക്കുന്നുണ്ടോ; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

നിലവിൽ ചവറ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻകട അനുവദിച്ചിട്ടില്ല. ലൈസൻസി നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് പോർട്ടബിലിറ്റി സംവിധാനം ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് റേഷൻ വിതരണം സുഗമമായി നടത്താൻ കഴിയുമോയെന്നും പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സാമ്പത്തികമായി പ്രായോഗികമാണോയെന്നും പരിശോധിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ റേഷൻകടകൾ അനുവദിക്കുന്നു.

റേഷൻ വിതരണവും സിവിൽ സപ്ലൈസ് വകുപ്പിന്റെ പദ്ധതികളും

240(4043) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസിനുകീഴിലുള്ള വിവിധ റേഷൻകടകളിൽ ഗോഡൗണുകളിൽനിന്നും റേഷൻ സാധനങ്ങൾ യഥാസമയം എത്തിച്ച് നൽകുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ; വിതരണ കരാർ കമ്പനികളുടെ വീഴ്ച പരിശോധിക്കുന്നതിനും യഥാസമയം റേഷൻ സാധനങ്ങൾ റേഷൻകടകളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസിനുകീഴിലുള്ള വിവിധ റേഷൻകടകളിൽ റേഷൻ സാധനങ്ങളെത്തിച്ച് നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. ഏതാനും ചില മാസങ്ങളിൽ ട്രാൻസ്പോർട്ടേഷൻ കരാറുകാരുടെ നിസ്സഹകരണം കാരണം കാലതാമസം നേരിട്ടുവെങ്കിലും തന്മാസംതന്നെ റേഷൻകടകളിലേക്കുള്ള വിതരണം പൂർത്തീകരിക്കുകയും റേഷൻകടകളിൽ യഥാസമയം റേഷൻ സാധനങ്ങളെത്തിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്യമംഗലം നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ?

കയ്യമംഗലം നിയോജകമണ്ഡലത്തിൽ 'വിശപ്പ് രഹിത കേരളം' പദ്ധതി പ്രകാരം പെരിഞ്ഞനം, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിൽ സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത നിയോജകമണ്ഡലത്തിലെ 32 റേഷൻ കടകൾ കെ-സ്റ്റോറുകളായി നവീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ, ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ 'ഒപ്പം പദ്ധതി' പ്രകാരം പ്രായാധിക്യമുള്ളവരും കിടപ്പുരോഗികളുമായ ഉപഭോക്താക്കൾക്ക് റേഷൻ വിഹിതം വീട്ടിലെത്തിച്ച് നൽകുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു.

കൺസ്യൂമർഫെഡ് വഴി നൽകുന്ന സബ്സിഡി സാധനങ്ങൾ

241(4044) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ വഴി മാവേലി സ്റ്റോറുകളിലൂടെ എത്രയിനം സബ്സിഡി സാധനങ്ങളാണ് വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തിവരുന്നുണ്ട്. ടി സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം.	**ഇനം**
1	ചെറുപയർ
2	ഉഴുന്ന്
3	വൻകടല
4	വൻപയർ
5	തുവര പരിപ്പ്
6	മുളക്
7	മല്ലി
8	പഞ്ചസാര
9.	വെളിച്ചെണ്ണ
10	ജയ അരി
11	കുറുവ അരി
12	മട്ട അരി
13	പച്ചരി

സബ്സിഡി നിരക്കിൽ വില്പന നടത്തുന്ന ജയ അരി, മട്ട അരി, കുറുവ അരി എന്നിവ കെ-റൈസ് എന്ന പേരിലാണ് നൽകിവരുന്നത്.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

242(4045) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016-നുശേഷം പുതിയ എത്ര മാവേലി സ്റ്റോറുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016-നുശേഷം 4 സപ്ലൈകോ വില്പന ശാലകളാണ് ആരംഭിച്ചിട്ടുള്ളത്. വില്പന ശാലകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ചേടി റോഡ് മാവേലി സ്റ്റോർ - കാഞ്ഞങ്ങാട് നഗരസഭ

2.കുന്നുമ്മൽ പീപ്പിൾസ് ബസാർ - കാഞ്ഞങ്ങാട് നഗരസഭ

3.കാലിച്ചനടുക്കം മാവേലി സൂപ്പർ സ്റ്റോർ-കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത്

4.പരപ്പാ സൂപ്പർമാർക്കറ്റ് - കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്

പൊതുവിതരണ വകുപ്പ് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക

243(4046) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ ധനകാര്യ വകുപ്പിൽനിന്നും സിവിൽ

സപ്ലൈസ് വകുപ്പിന് അനുവദിച്ച തുക എത്രയാണ്; ഇതിന്റെ വിശദാംശം നൽകാമോ?

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് പദ്ധതിയിനത്തിൽ 66.74 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 1864.1465 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ വകകൊള്ളിച്ചിട്ടുണ്ട്. ആകെ ബജറ്റ് വിഹിതം 1930.8865 കോടി രൂപയാണ്. അധിക ധനാനുമതിയായി പദ്ധതിയിനത്തിൽ 130.0075 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 225.6103 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തികവർഷം നാളിതുവരെ ധനകാര്യ വകുപ്പിൽനിന്നും വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി സപ്ലൈകോയ്ക്ക് അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) അനുവദിച്ച തുക വിലനിലവാരം പിടിച്ചുനിർത്തുന്നതിനും മാർക്കറ്റിൽ ഇടപെടുന്നതിനും പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

വിപണി ഇടപെടലിന്റെ ഭാഗമായി സർക്കാർ നിർദേശപ്രകാരം സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വില്പന നടത്തിയതുമൂലം 2010-11 സാമ്പത്തിക വർഷം മുതൽ 2024-25 (2025 ജനുവരി മാസം) വരെ 4,466.33 കോടി രൂപ ചെലവായിട്ടുണ്ട്. അതിൽ 1,981.46 കോടി രൂപ വിവിധ വർഷങ്ങളിലായി സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) സിവിൽ സപ്ലൈസ് വകുപ്പിന് സാധനങ്ങൾ നൽകിയ ഇനത്തിൽ കരാറുകാർക്ക് എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ട്; ഓരോരുത്തർക്കും നൽകാനുള്ള തുക സംബന്ധിച്ച വിശദാംശം നൽകാമോ; കരാറുകാരുടെ തുക നൽകാത്തതുമൂലം മാവേലിസ്റ്റോറുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അവശ്യസാധനങ്ങൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച മാർഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സപ്ലൈകോയ്ക്ക് സാധനങ്ങൾ നൽകിയ ഇനത്തിൽ വിതരണക്കാർക്ക് ആകെ 508.64 കോടി രൂപ കുടിശ്ശികയായുണ്ട്. തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ കരാറുകാർക്ക് തുക നൽകാത്തതുമൂലം മാവേലിസ്റ്റോറുകളിൽ അവശ്യസാധനങ്ങൾക്ക് ക്ഷാമം നേരിടുന്നത് പരിഹരിക്കുന്നതിനായി ടെൻഡർ/ഓക്ഷൻ എന്നിവ മുഖേന അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഫ്.സി.ഐ.-ൽനിന്നും OMS Scheme പ്രകാരം അരി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സപ്ലൈകോയിലെ സ്റ്റാഫ് പാറ്റേൺ

244(4047) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; സപ്ലൈകോയിൽ 2016-നുശേഷം എത്ര പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സപ്ലൈകോയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർത്തിട്ടുണ്ട്+. 2016 മേയ് മാസം സപ്ലൈകോയ്ക്ക് 23 മൊബൈൽ മാവേലി സ്റ്റോറുകളുൾപ്പെടെ 1380 ചില്ലറ വില്പനശാലകളുണ്ടായിരുന്നു. നിലവിൽ സപ്ലൈകോയ്ക്ക് 21 മൊബൈൽ മാവേലി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്റ്റോറുകളുൾപ്പെടെ 1528 ചില്ലറ വില്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. പുതുതായി അനുവദിക്കുന്ന ഔട്ട്ലെറ്റുകളിലേക്ക് ജീവനക്കാരെ പുനർവിന്യസിച്ചും മറ്റ് ഓഫീസ്/ഔട്ട്ലെറ്റിലെ ജീവനക്കാർക്ക് അധികച്ചുമതല നൽകിയുമാണ് നിലവിൽ പ്രവർത്തിച്ചുപോരുന്നത്. അടിയന്തരഘട്ടത്തിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലുള്ള ജീവനക്കാരെ ഓഫീസർ ഇൻ-ചാർജായി നിയമിക്കുകയും ചെയ്യാറുണ്ട്.

(ബി) മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ 50 വയസ് കഴിഞ്ഞവർക്ക് ഡിപ്പാർട്ട്മെന്റുതല പരീക്ഷയിൽ ഇളവ് അനുവദിച്ചിട്ടുള്ളതുപോലെ സപ്ലൈകോയിലും അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

അനുവദിച്ചിട്ടില്ല.

(സി) സപ്ലൈകോയിൽ എത്ര ജൂനിയർ മാനേജർ തസ്തികകൾ കോർപ്പറേഷൻ ജീവനക്കാർക്കായി അനുവദിച്ചിട്ടുണ്ട്; പ്രസ്തുത ബൈട്രാൻസ്ഫർ നിയമനത്തിനായി പുതിയ നിയമനിർമ്മാണത്തിന് സാധ്യതയുണ്ടോ; വിശദീകരിക്കാമോ?

ഡെപ്യൂട്ടി മാനേജർ, അസിസ്റ്റന്റ് മാനേജർ & ജൂനിയർ മാനേജർ എന്നീ തസ്തികകളിലെ (കോർപ്പറേഷൻ) Block vacancy ആകെ 54 ആണ്. ഇതിൽ ബൈ-ട്രാൻസ്ഫർ നിയമനം 30 ശതമാനമാണ്. CSRR 2021 പ്രകാരം സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് MIS, Accounts, Quality Assurance (Q&A), Tea, Marketing, General, HRD എന്നീ വിഭാഗങ്ങളിലായാണ് ജൂനിയർ മാനേജർ തസ്തിക അനുവദിച്ചിട്ടുള്ളത്. ജൂനിയർ മാനേജർ

തസ്തികയുടെ എണ്ണം പ്രത്യേകമായി നിശ്ചയിച്ചിട്ടില്ല. ഓരോ വിഭാഗങ്ങളിലും ജൂനിയർ മാനേജർ (JM), അസിസ്റ്റന്റ് മാനേജർ (AM), ഡെപ്യൂട്ടി മാനേജർ (DM) എന്നീ തസ്തികകൾ ഒരു ബ്ലോക്ക് വേക്കൻസിയായി നിശ്ചയിച്ചിട്ടുണ്ട്. അത് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ എത്ര ജീവനക്കാർ വീണ്ടും തുടരുന്നുവെന്നും അത് സപ്ലൈകോയ്ക്ക് അധികബാധ്യതയാകില്ലേയെന്നും വിശദമാക്കുമോ?

സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ 4 ജൂനിയർ അസിസ്റ്റന്റ്, 9 സീനിയർ അസിസ്റ്റന്റ്-I എന്നീ ജീവനക്കാർ ജോലിയിൽ തുടരുന്നുണ്ട്. സപ്ലൈകോയിൽ അംഗീകൃത (Sanctioned Strength) തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണവും നിലവിലെ എണ്ണവും (Present Strength) അനുബന്ധമായി ചേർത്തിട്ടുണ്ട്.+ സപ്ലൈകോയിലേക്ക് ഡെപ്യൂട്ടേഷൻ ഉത്തരവായിട്ടും സീനിയർ അസിസ്റ്റന്റ്- I തസ്തികയിലുള്ള 2 പേരും സീനിയർ അസിസ്റ്റന്റ്-II തസ്തികയിലുള്ള 2 പേരും ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള 4 പേരും സപ്ലൈകോയിൽ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. മേൽക്കണക്കുകൾ പ്രകാരം അന്യത്രസേവനത്തിലുള്ള സീനിയർ അസിസ്റ്റന്റ്-I തസ്തികയിലുള്ള ജീവനക്കാരുടെ നിലവിലെ എണ്ണം (290) അന്യത്രസേവനത്തിന് അനുവദനീയമായ (283) എണ്ണത്തെക്കാൾ 7 എണ്ണം കൂടുതലായും അന്യത്രസേവനത്തിലുള്ള സീനിയർ അസിസ്റ്റന്റ്-II തസ്തികയിലുള്ള ജീവനക്കാരുടെ നിലവിലെ എണ്ണം (123) അന്യത്രസേവനത്തിന് അനുവദനീയമായ (125) എണ്ണത്തെക്കാൾ 2 എണ്ണം കുറവായും കാണുന്നു. എന്നാൽ സീനിയർ അസിസ്റ്റന്റ്-I തസ്തികയിലെ ആകെ അനുവദനീയമായ (Direct+Deputation) എണ്ണം 493-ഉം സീനിയർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അസിസ്റ്റന്റ്-1 തസ്തികയിലെ നിലവിലെ ജീവനക്കാരുടെ (Direct+Deputation) എണ്ണം 468-ഉം ആണ്. സീനിയർ അസിസ്റ്റന്റ്-I തസ്തികയിൽ 25 ഒഴിവ് നിലവിലുള്ള സാഹചര്യത്തിൽ അന്യത്രസേവനത്തിലുള്ള 07 സീനിയർ അസിസ്റ്റന്റ്-I തസ്തികയിലുള്ള ജീവനക്കാർ സപ്ലൈകോയിൽ അധികമായി തുടരുന്നത് സപ്ലൈകോയ്ക്ക് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നില്ല.

(ഇ) 2025 ഫെബ്രുവരി മാസത്തിൽ സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-II, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികകളിലായി എത്ര സ്ഥിരം ജീവനക്കാർ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

2025 ഫെബ്രുവരി മാസത്തിലെ സപ്ലൈകോയിലെ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I തസ്തികയിലെ ജീവനക്കാരുടെ നിലവിലെ എണ്ണം ((Direct+Deputation) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(എഫ്) 2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക സപ്ലൈകോയിലും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; സപ്ലൈകോയിലെ കോമൺ സർവീസ് റൂളിലെ അപാകതകൾ നീക്കാനുള്ള ഫയൽ തീരുമാനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ?

ടി വിഷയങ്ങളിന്മേലുള്ള നടപടികൾ പരിശോധനാ ഘട്ടത്തിലാണ്.

മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ മാവേലി സ്റ്റോർ

245(4048) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന മാവേലിസ്റ്റോർ പൂട്ടിക്കിടക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ മാവേലിസ്റ്റോർ പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടം ശോചനീയമായ അവസ്ഥയിലായിരുന്നതിനാലും കെട്ടിടത്തിന്റെ മുകൾഭാഗങ്ങളിലെ ചോർച്ചമൂലം കോൺക്രീറ്റ് അടർന്നുവീണ് ജീവനക്കാരുടെ ജീവന് ഭീഷണിയുണ്ടായിരുന്നതിനാലും സാധനസാമഗ്രികൾക്ക് നാശനഷ്ടം സംഭവിക്കുമെന്നതിനാലുമാണ് അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്തുന്നതുവരെ മൂക്കന്നൂർ മാവേലി സ്റ്റോറിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചത്.

(ബി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പുതിയ മന്ദിരം കണ്ടെത്തി അറിയിച്ചിട്ടും മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സപ്ലൈകോയുടെ മാവേലിസ്റ്റോറിന് അനുയോജ്യമായ കെട്ടിടം ഫർണിഷിങ് ചെയ്ത് ആജീവനാന്ത വാടകരഹിതമായി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വിസമ്മതിച്ചിട്ടുള്ളതാണ്. കെട്ടിട വാടകകൂടി നൽകി വില്പനശാല പ്രവർത്തിപ്പിക്കാൻ അത്യന്തം ബുദ്ധിമുട്ടായതിനാലാണ് പ്രവർത്തനം പുനരാരംഭിക്കാതിരിക്കുന്നത്.

(സി) പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; മാവേലിസ്റ്റോർ എന്ന് ആരംഭിക്കാൻ കഴിയുമെന്ന്

വ്യക്തമാക്കാമോ?

സപ്ലൈകോയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഫർണിഷ് ചെയ്ത കെട്ടിടം ആജീവനാന്തം വാടകരഹിതമായി ലഭ്യമായാലുടൻ വില്പനശാലയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതാണ്.

നടുവണ്ണൂർ കാവുന്തറയിൽ പുതിയ മാവേലി സ്റ്റോറുകൾ

246(4049) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കാവുന്തറയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കാവുന്തറയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

സഞ്ചരിക്കുന്ന മാവേലി സ്റ്റോർ

247(4050) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് നിലവിൽ ക്രമീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വടകര ഡിപ്പോയ്ക്കുകീഴിലുള്ള മൊബൈൽ യൂണിറ്റ് ഒരു മാസം നിലവിൽ സേവനം ലഭ്യമാക്കിവരുന്ന റൂട്ട്, സെയിൽസ് പോയിന്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	തിങ്കൾ	**ചൊവ്വ**	**ബുധൻ**	**വ്യാഴം**	**വെള്ളി**	**ശനി**
1-ാമത്തത്	പണിക്കോട്ടി താഴെ	കീഴൽ	പഴങ്കാവ്	മേപ്പയിൽ	മീങ്കണ്ടി	മലോൽമുക്ക്
2-ാമത്തത്	പണിക്കോട്ടി	വേളംപെരുവയൽ	കുരിക്കിലാട്	ചെരണ്ടത്തൂർ	ശാന്തി നഗർ	മുടപ്പിലാവിൽ
3-ാമത്തത്	പുറങ്കര	കീഴൽ	പഴങ്കാവ്	മേപ്പയിൽ	ചെമ്മരത്തൂർ	വൈക്കിലശ്ശേരി തെരുവ്
4-ാമത്തത്	പണിക്കോട്ടി	വേളംപെരുവയൽ	കുരിക്കിലാട്	പശുക്കടവ്	മുളളംകുന്ന് (വടകര)	കുരിയാടി ബീച്ച്

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിനായി സഞ്ചരിക്കുന്ന മാവേലിസ്റ്റോർ അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ അനുവദിക്കുന്നതിനായി കുറ്റ്യാടി നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിനായി സഞ്ചരിക്കുന്ന മാവേലിസ്റ്റോർ അനുവദിക്കുന്നതിനുള്ള അപേക്ഷ വടകര ഡിപ്പോ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ഒരു സൂപ്പർമാർക്കറ്റ് കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി ടൗണിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിലും സപ്ലൈകോയുടെ നിലവിലെ സാമ്പത്തിക

സ്ഥിതി പരിഗണിച്ചും ഒരു പുതിയ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

നെല്ലിന്റെ താങ്ങുവില

248(4051) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തികവർഷം നെല്ലിന്റെ താങ്ങുവിലയായി കേരളത്തിന് എത്ര കോടി രൂപയാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ?

2024-25 സീസണിൽ 2024 ഏപ്രിൽ മുതൽ 2024 ഡിസംബർ വരെയുള്ള 936.47 കോടി രൂപയുടെ പ്രൊവിഷണൽ ബില്ലുകളും 2025 (January–March)-ലേക്കുള്ള അഡ്വാൻസ് ബില്ലും സമർപ്പിച്ചതിൽ കേന്ദ്രസർക്കാരിൽനിന്ന് താങ്ങുവില (MSP) ഇനത്തിൽ 2025 (January–March)-ലേക്കുള്ള അഡ്വാൻസ് ഉൾപ്പെടെ 1003.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 മുതൽ നാളിതുവരെ 834.68 കോടി രൂപ കേന്ദ്രസർക്കാരിൽനിന്ന് MSP ഇനത്തിൽ സപ്ലൈകോയ്ക്ക് കുടിശ്ശികയാണ്.

(ബി) കേന്ദ്രം താങ്ങുവില അനുവദിക്കുന്നതിലെ മാനദണ്ഡം വിശദീകരിക്കുമോ?

നെല്ലിന്റെ സംഭരണവില സർക്കാർ പ്രഖ്യാപിക്കുന്നു. നെല്ല് സംഭരണ വിലയിൽ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

MSP - Minimum Support Price - അടിസ്ഥാന താങ്ങുവില കേന്ദ്രസർക്കാർ നൽകിവരുന്നു. കേന്ദ്രകൃഷി മന്ത്രാലയത്തിന്റെ കീഴിലുള്ള CACP (കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ്)-ന്റെ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ ഓരോ വർഷവും നെല്ലിന് MSP പ്രഖ്യാപിക്കുന്നു.

SIB-State Incentive Bonus (സംസ്ഥാന പ്രോത്സാഹന ബോണസ്) - താങ്ങുവിലയ്ക്കുപുറമെ SIB-State Incentive Bonus (സംസ്ഥാന പ്രോത്സാഹന ബോണസ്) സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി നൽകിവരുന്നു. വ്യക്തികൾ 5 ഏക്കർവരെയും ഗ്രൂപ്പുകൾ 25 ഏക്കർവരെയും സ്ഥലത്ത് കൃഷിചെയ്യുന്ന നെല്ലിന് മാത്രമായി സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിന് അധികമായി കൃഷി ചെയ്യുന്ന സ്ഥലത്തുനിന്നും കിട്ടുന്ന ഉൽപന്നത്തിന് SIB ലഭിക്കില്ല. മറിച്ച് താങ്ങുവില (MSP) മാത്രമേ ലഭിക്കുകയുള്ളൂ.

നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) എല്ലാ സീസണുകളിലും അഗ്രികൾച്ചറൽ കോസ്റ്റ് & പ്രൈസസ് കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരാണ് പ്രഖ്യാപിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) കൂടി ചേർത്തിട്ടാണ് കേരളത്തിലെ സംഭരണ വില സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്നത്. 2024-25 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 23 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) 5.20 രൂപയും 0.12 രൂപ നിരക്കിൽ കൈകാര്യ

ചെലവുമുൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള സംഭരണ വില 28.32 രൂപ/kg ആണ്.

(സി) സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് എത്ര കോടി രൂപയാണ് നെല്ല് സംഭരണത്തിനായി അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി 16-08-2024-ലെ സ.ഉ.(സാധാ)നം.247/2024/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 50 കോടി രൂപയും 16-11-2024-ലെ സ.ഉ.(സാധാ)നം.369/2024/F&CS നമ്പർ സർക്കാർ ഉത്തരവുപ്രകാരം 175 കോടി രൂപയും ഉൾപ്പെടെ ആകെ 225 കോടി രൂപ സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്.

നെല്ല് സംഭരണം

249(4052) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രണ്ടാംവിള നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങളും സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കാമോ?

നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും എല്ലാ വർഷങ്ങളിലും നെല്ല് സംഭരണ സീസൺ ആരംഭിക്കുന്ന സമയത്ത് സർക്കാരിന്റെ നെല്ലുസംഭരണ ഏജൻസിയായ സപ്ലൈകോ മുഖേന സജ്ജമാക്കാറുണ്ട്. ഇതിന് മേൽനോട്ടം വഹിക്കാനുള്ള ഉദ്യോഗസ്ഥ സംവിധാനവും സപ്ലൈകോ ലഭ്യമാക്കിയിട്ടുണ്ട്. 2024-25

സീസണിലെ രണ്ടാംവിള നെല്ല് സംഭരണം ആരംഭിക്കുന്നതിന് മുന്നോടിയായി 2025 ജനുവരി 1 മുതൽ കർഷക രജിസ്ട്രേഷനായി സപ്ലൈകോ പാഡി പോർട്ടൽ (www.supplycopaddy.in) ഓപ്പൺ ചെയ്ത് നൽകിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് 2024-25 സീസണിൽ crop-1 ൽ 57455 കർഷകരിൽനിന്ന് 145616.954 MT-ഉം crop-2 ൽ 13675 കർഷകരിൽനിന്ന് 32415.804 MT നെല്ലും സംഭരിച്ചിട്ടുണ്ട്. (ആകെ 2024-25 സീസണിൽ ഇതുവരെ (05-03-2025 വരെ) 71130 കർഷകരിൽനിന്ന് 178032.758 MT നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്)

(ബി) നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

2024-25 സീസണിൽ 57 മില്ലുകൾ നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) നെല്ലിന്റെ സംഭരണവില നൽകുന്നതിന് ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കർഷകർക്ക് നെല്ലിന്റെ സംഭരണവില നൽകുന്നതിനായി എസ്.ബി.ഐ., കാനറ എന്നീ ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ട്. ഇപ്രകാരം എസ്.ബി.ഐ.-യുമായി നടപ്പാക്കിയ ധാരണാപത്രത്തിന്റെ കാലാവധി 28-05-2025-ലും കാനറാ ബാങ്കുമായി ഏർപ്പെട്ട ധാരണാപത്രത്തിന്റെ കാലാവധി 31-03-2025-നും അവസാനിക്കുന്നതാണ്. കർഷകരിൽനിന്നും 28-02-2025 വരെ സംഭരിച്ച നെല്ലിന്റെ വില ബന്ധപ്പെട്ട ബാങ്കുകൾക്ക്

സപ്ലൈകോ കൈമാറിയിട്ടുണ്ട്.

വിഷു, ഈസ്റ്റർ, റംസാൻ വിപണിയിൽ വിലക്കയറ്റം തടയുന്നതിനുള്ള നടപടി

250(4053) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിഷു, ഈസ്റ്റർ, റംസാൻ വിപണിയിലെ വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് വിഷു, ഈസ്റ്റർ, റംസാൻ വിപണിയിലെ വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണി വിലയെക്കാൾ 20% മുതൽ 35% വരെ വിലക്കുറവിൽ) സപ്ലൈകോ വില്പനശാലകൾ വഴി വില്പന നടത്തിവരുന്നുണ്ട്. ഇതിനുപുറമെ തേയില, കറി മസാലകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ആട്ട, അപ്പം/പുട്ടുപൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ബ്രാൻഡിൽ സപ്ലൈകോ വില്പനശാലകൾ വഴിയും കെ-സ്റ്റോറുകൾ വഴിയും പൊതുവിപണി വിലയെക്കാൾ 15% മുതൽ 30% വരെ വിലക്കുറവിൽ വില്പന നടത്തുന്നുണ്ട്. കൂടാതെ പ്രമുഖ ബ്രാൻഡുകളുടെ എഫ്.എം.സി.ജി. ഉൽപന്നങ്ങൾ 5% മുതൽ 20% വരെ വിലക്കുറവിലും ആകർഷകമായ ഓഫറുകളിലും സപ്ലൈകോ വില്പനശാലകൾ വഴി പൊതുജനങ്ങൾക്ക് വില്പന നടത്തുന്നുണ്ട്.

മേല്പറഞ്ഞ ഉത്സവകാലങ്ങളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സപ്ലൈകോയുടെ ഇ-ടെൻഡർ/ഇ-ലേലം നടപടികൾ പുരോഗമിച്ചുവരുന്നു. മുൻവർഷത്തേതുപോലെ ഈ വർഷവും എല്ലാ താലൂക്കുകളിലെയും പ്രമുഖ സപ്ലൈകോ വില്പനശാലകൾ വിഷു, ഈസ്റ്റർ ഫെയറുകളായി പ്രവർത്തിക്കുന്നതാണ്. വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജില്ല/താലൂക്കുതല ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ഓഫീസർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും സിറ്റി റേഷനിങ് ഓഫീസർമാരുടെയും നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ എന്നീ വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തിവരുന്നു. അപ്രകാരം നടത്തുന്ന പരിശോധനയിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതിനോടൊപ്പം വകുപ്പിൽ നിലവിലുള്ള താലൂക്കുതല സ്ക്വാഡുകളുടെ സഹായത്തോടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചുനിർത്തുന്ന നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി 23-11-2023-ലെ G.O(Rt)No.470/2023/F&CSD ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതത് ജില്ലാ കളക്ടർ, ഭക്ഷ്യ, കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല

ഉദ്യോഗസ്ഥർ എന്നിവർ എല്ലാമാസവും യോഗങ്ങൾ ചേർന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് സമർപ്പിക്കുന്ന ശിപാർശകൾ സഹിതമുള്ള റിപ്പോർട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തുവരുന്നു. അവശ്യവസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വിലശേഖരണത്തിനുംവേണ്ടി Price Monitoring Cell പ്രവർത്തിച്ചുവരുന്നു. 14 ജില്ലകളിൽനിന്നും വിലകൾ ശേഖരിച്ച് PMS ആപ്പിൽ അപ്ലോഡ് ചെയ്തുവരുന്നു. പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനുംവേണ്ടി സംസ്ഥാനതലത്തിൽ Centre for Price Research Kerala രൂപീകരിച്ചിട്ടുണ്ട്. അതുവഴി അനുദിനം വർധിച്ചുവരുന്ന വിലകളെ കുറിച്ച് പഠനം നടത്തി വിലനിയന്ത്രണത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്

251(4054) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യമാണ് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടുള്ളതെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.എഫ്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടില്ല. കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്

(CFRD)-ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗവേണിങ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ 11-09-2024-ലെ GO (Rt) No. 303/2024/FCS പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സി.എഫ്.ആർ.ഡി.-യുടെ പുരോഗതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുന്നോട്ടുവച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (CFRD)-ന്റെ കീഴിൽ ഫുഡ് ക്വാളിറ്റി മോണിറ്ററിങ് ലബോറട്ടറി (FQML), ഫുഡ് പ്രോസസിങ് ടെയിനിങ് സെന്റർ (FPTC), കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി (CFT-K) എന്നിവ പ്രവർത്തിച്ചുവരുന്നു. മൈക്രോ ബയോളജി, കെമിക്കൽ ഡിവിഷൻ എന്നിവയിൽ NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളതും ഗുണനിലവാരം (Quality), ശുദ്ധത (Safety), പോഷകാഹാര മൂല്യം (Nutritional value) എന്നിവയുടെ പരിശോധനകൾ നടത്തിവരുന്നതുമായ ഫുഡ് ക്വാളിറ്റി മോണിറ്ററിങ് ലബോറട്ടറി (FQML) നവീകരിക്കുന്നതിനും കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി (CFT-K)-യുടെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സ്മാർട്ട് ക്ലാസ് മുറികളടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സി.എഫ്.ആർ.ഡി.-യുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജീവനക്കാർക്കുവേണ്ടി ഫുഡ് പ്രോസസിങ് ട്രെയിനിങ് സെന്ററിൽ (FPTC) നടത്തിവരുന്ന പരിശീലനം പുനരാരംഭിക്കുന്നതിനും ഫുഡ് ക്വാളിറ്റി മോണിറ്ററിങ് ലബോറട്ടറി (FQML)-യിൽ കോളേജ് ഓഫ് ഇൻഡിജനസ് ഫുഡ് ടെക്നോളജി (CFT-K)-യിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന പരിശീലനത്തിനുപുറമെ മറ്റ് കോളേജുകളിലെ വിദ്യാർഥികൾക്കും പരിശീലനം നൽകുന്നതിനും ഫുഡ് ക്വാളിറ്റി മോണിറ്ററിങ് ലബോറട്ടറി (FQML)-യുമായി ബന്ധപ്പെട്ട അനാലിസിസ് ഫീസ് കാലോചിതമായി പരിഷ്കരിക്കുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലാണ്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ ഭക്ഷ്യ- പൊതുവിതരണ വകുപ്പിന്റെ പദ്ധതികൾ

252(4055) ശ്രീമതി ശാന്തകുമാരി കെ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ ഭക്ഷ്യ- പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ 'ഒപ്പം' പദ്ധതിയും പറളിയിൽ ഒരു ജനകീയ ഹോട്ടലും കാഞ്ഞിരപ്പുഴ, തച്ചമ്പാറ, കരിമ്പ, കാരാക്കുറിശ്ശി, കോങ്ങാട്, പറളി എന്നീ ഗ്രാമപഞ്ചായത്തുകളിലായി 11 കെ-സ്റ്റോറുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 'ഒപ്പം' പദ്ധതിയിലൂടെ രണ്ട് ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിൽ എത്തിച്ചുനൽകുന്നുണ്ട്.

കെ- സ്റ്റോർ പദ്ധതി

253(4056) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങൾ മുഖേന നടപ്പാക്കുന്ന കെ-സ്റ്റോർ പദ്ധതി എന്താണെന്ന് വിശദമാക്കുമോ?

പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻകടകളിൽ കൂടുതൽ പൊതുജനോപകാരപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധികവരുമാനം ലഭിക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ് കെ-സ്റ്റോർ. റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമെ, മിൽമ ഉൽപന്നങ്ങൾ, IOC-യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉൽപന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിനുകീഴിലുള്ള എം.എസ്.എം.ഇ. ഉൽപന്നങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് ഇതുവരെ കെ-സ്റ്റോറുകൾ വഴി എത്ര തുകയുടെ ഉൽപന്നങ്ങൾ വില്പന നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

കെ-സ്റ്റോർ പ്രവർത്തനം ആരംഭിച്ചത് മുതൽ 2025 ഫെബ്രുവരി 28 വരെ 1,24,39,715/- രൂപയുടെ ശബരി ഉൽപന്നങ്ങൾ, 1,58,29,243/- രൂപയുടെ മിൽമ ഉൽപന്നങ്ങൾ, 4,86,45,398/- രൂപയുടെ CSC സേവനങ്ങൾ, 10,49,40,839/- രൂപയുടെ എം.എസ്.എം.ഇ. ഉൽപന്നങ്ങൾ, 1,43,89,456/- രൂപയുടെ ചോട്ടു ഗ്യാസ് എന്നിങ്ങനെ ആകെ 19,62,44,651/-

(പത്തൊൻപത് കോടി അറുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി അറുന്നൂറ്റി അൻപത്തൊന്ന് രൂപ മാത്രം) രൂപയുടെ വില്പന കെ-സ്റ്റോറുകൾ മുഖേന നടന്നിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ കെ- സ്റ്റോറുകൾ വഴി എത്ര തുകയുടെ വില്പന നടത്തിയിട്ടുണ്ടെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കെ-സ്റ്റോറുകളിലെ വില്പന വിവരങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഡയറക്ട് സെല്ലിങ് മാർഗരേഖ

254(4057) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിന്റെയും ഓൺലൈൻ മാർക്കറ്റിങ്ങിന്റെ മറവിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിന്റെയും ഓൺലൈൻ മാർക്കറ്റിങ്ങിന്റെ മറവിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും 04-10-2024-ലെ GO(P)No.20/2024/CAD നമ്പർ പ്രകാരം ഡയറക്ട് സെല്ലിങ് മാർഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും.

(ബി) ഉപഭോക്താക്കളുടെയും ഉൽപാദകരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൽ ലോകത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിനുമായി ഡയറക്ട് സെല്ലിങ് മാർഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിന്റെയും ഓൺലൈൻ മാർക്കറ്റിങ്ങിന്റെ മറവിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും 04-10-2024-ലെ GO(P)No.20/2024/CAD നമ്പർ പ്രകാരം ഡയറക്ട് സെല്ലിങ് മാർഗരേഖ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും.

(സി) സംസ്ഥാനത്തെ വ്യാപാരമേഖലയിലെ സുതാര്യത ഉറപ്പാക്കുന്നതിനായി

സർക്കാർ നടത്തുന്ന വിപണി ഇടപെടലിന്റെ ദൃഷ്ടാന്തമായി പ്രസ്തുത മാർഗരേഖ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഡയറക്ട് സെല്ലിങ് മേഖലയെ നിരീക്ഷിക്കുന്നതിനും പ്രസ്തുത മേഖലയിലെ സുതാര്യത ഉറപ്പാക്കുന്നതിനും ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടിയാണ് പ്രസ്തുത മാർഗരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഡയറക്ട് സെല്ലിങ് മേഖലയിലെ സുതാര്യതയും അതുവഴിയുള്ള ഉപഭോക്തൃ സംരക്ഷണവും ഉറപ്പാക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലിന്റെ ദൃഷ്ടാന്തമായി പ്രസ്തുത മാർഗരേഖ കണക്കാക്കാവുന്നതാണ്. ഒരു ഡയറക്ട് സെല്ലിങ് സ്ഥാപനമോ ഡയറക്ട് സെല്ലറോ പിരമിഡ് സ്കീമുകൾ, മണി സർക്കുലേഷൻ സ്കീമുകൾ, തെറ്റിദ്ധരിപ്പിക്കുന്നതോ വഞ്ചനാപരമോ അന്യായമോ ആയ ഏതെങ്കിലും വ്യാപാര രീതികളെ പ്രോത്സാഹിപ്പിക്കുകയോ അതിലേർപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു വ്യക്തിയെ അത്തരമൊരു സ്കീമിൽ ചേർക്കുകയോ ചെയ്യുന്നത് പ്രസ്തുത മാർഗരേഖ പ്രകാരം അനുവദനീയമല്ല.

ലീഗൽ മെട്രോളജി ജില്ലാ ഓഫീസിൽ ഡ്രൈവർ-കം-അറ്റൻഡർ തസ്തികയിലെ ഒഴിവ്

255(4058) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ലീഗൽ മെട്രോളജി ജില്ലാ ഓഫീസിൽ ഡ്രൈവർ-കം-അറ്റൻഡർ തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ?

ലീഗൽ മെട്രോളജി കോഴിക്കോട് (ഫ്ലെയിങ് സ്ക്വാഡ്) ഡെപ്യൂട്ടി കൺട്രോളർ ഓഫീസിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരനെ 07-03-2025-ലെ ഉത്തരവ് പ്രകാരം ആലപ്പുഴ ഡെപ്യൂട്ടി കൺട്രോളർ ഓഫീസിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവായിട്ടുള്ളതാണ്. ജീവനക്കാരനെ പ്രസ്തുത ഓഫീസിൽനിന്ന് വിടുതൽ ചെയ്യുന്നമുറയ്ക്ക് ഡ്രൈവർ തസ്തികയിൽ ഒഴിവുണ്ടാകുന്നതാണ്.

(ബി) എങ്കിൽ പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഇല്ല. ജീവനക്കാരനെ പ്രസ്തുത ഓഫീസിൽനിന്ന് വിടുതൽ ചെയ്യുന്ന മുറയ്ക്കുമാത്രമേ ഒഴിവുണ്ടാകുകയുള്ളൂവെന്നതിനാൽ നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ജീവനക്കാരനെ വിടുതൽ ചെയ്യുന്നമുറയ്ക്കും 8 വാഹനങ്ങളുടെ 15 വർഷ കാലാവധി ഈ വർഷം അവസാനിക്കുന്നതിനാൽ വാഹനങ്ങളുടെ ലഭ്യത, വകുപ്പിൽ നിലവിലുള്ള ഡ്രൈവർമാരുടെ ഡ്യൂട്ടി എന്നിവകൂടി പരിഗണിച്ചശേഷം ആവശ്യമെങ്കിൽ ഒഴിവ് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

എക്സൈസ് വകുപ്പിലെ വാഹനങ്ങളും ഡ്രൈവർ തസ്തികകളും

256(4059) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിന് സ്വന്തമായിട്ടുള്ള 94 വാഹനങ്ങൾക്ക് സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികകളില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

എക്സൈസ് വകുപ്പിൽ 277 സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികയാണ് നിലവിലുള്ളത്. വകുപ്പിൽ ഡ്രൈവർ തസ്തികയില്ലാത്ത ഓഫീസുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അധിക സാമ്പത്തികബാധ്യത വരുത്തുന്ന തസ്തിക സൃഷ്ടിക്കൽ/വാഹനം വാങ്ങൽ ശിപാർശ അംഗീകരിക്കാൻ നിർവാഹമില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വാഹനമുള്ളതും ഡ്രൈവർ തസ്തിക ഇല്ലാത്തതുമായ ഓഫീസുകളിൽ ഓഫീസ് പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ പ്രസ്തുത ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

എക്സൈസ് വകുപ്പിലെ വനിതകൾ

257(4060) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം

എത്രയാണെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ നിലവിൽ 830 വനിതകൾ സേവനമനുഷ്ഠിക്കുന്നുണ്ട്.

(ബി) ഇവരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

ക്രമ നം.	സേവനമനുഷ്ഠിക്കുന്ന തസ്തിക	എണ്ണം	റിമാർക്സ്
1	ലാ ഓഫീസർ	1	
2	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	1	
3	ഫെയർ കോപ്പി സൂപ്രണ്ട്	1	
4	സയന്റിഫിക് ഓഫീസർ	1	
5	എക്സൈസ് ഇൻസ്പെക്ടർ	2	
6	എക്സൈസ് ഇൻസ്പെക്ടർ (ടെയിനി)	18	
7	വനിത സിവിൽ എക്സൈസ് ഓഫീസർ	544	എക്സൈസ് വകുപ്പിന് അനുവദിച്ചിട്ടുള്ള 593 വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിൽ 9 ഒഴിവുകൾ നിലവിലുണ്ട്.
8	വനിത സിവിൽ എക്സൈസ് ഓഫീസർ (ടെയിനി)	40	
9	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	8	
10	ടൈപ്പിസ്റ്റ്	32	
11	ഓഫീസ് അറ്റൻഡന്റ്	42	
12	പാർട്ട് ടൈം സ്വീപ്പർ	133	
13	കാഷ്വൽ സ്വീപ്പർ	6	

14	കുക്ക്	1	
	ആകെ	**830**	

(സി) എക്സൈസ് സ്റ്റേഷനുകളിൽ വനിതാ ജീവനക്കാർക്ക് പ്രത്യേകം ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

എക്സൈസ് ഓഫീസുകളിൽ വനിതാ ജീവനക്കാർക്ക് പ്രത്യേക ശുചിമുറികളും വിശ്രമമുറികളും ഒരുക്കിയിട്ടുണ്ട്.

(ഡി) മദ്യവും മയക്കുമരുന്നും വ്യാപകമായ ഈ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം പര്യാപ്തമാണോയെന്ന് അറിയിക്കാമോ;

(ഇ) എക്സൈസ് വകുപ്പിൽ വനിതകളുടെ എണ്ണം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം അപര്യാപ്തമായതിനാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുന്നതിന് നിർവാഹമില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16-04-2025-ൽ അവസാനിക്കുന്ന

സാഹചര്യത്തിൽ തസ്കരികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ വീണ്ടും പരിശോധിച്ചുവരുന്നു.

സിന്തറ്റിക് ലഹരിയുടെ ഉപഭോഗം തടയാൻ നടപടി

258(4061) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക് ഡ്രഗ്സിന്റെ ഉപഭോഗം വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സിന്തറ്റിക് ഡ്രഗ്സ് എത്തുന്നതിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള സിന്തറ്റിക് ഡ്രഗ്സാണ് സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

എക്സൈസ് വകുപ്പ് കണ്ടെത്തുന്ന വിവിധ കേസുകളിൽ സംസ്ഥാനത്തെത്തുന്ന സിന്തറ്റിക് ഡ്രഗ്സുകൾ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ കേസുകളുടെ അന്വേഷണങ്ങളിൽനിന്നും സിന്തറ്റിക് ഡ്രഗ്സുകൾ കൂടുതലും എത്തുന്നത് ബാംഗ്ലൂരിൽ നിന്നാണെന്ന് വ്യക്തമാകുന്നുണ്ട്. എം.ഡി.എം.എ., മെത്താംഫിറ്റാമിൻ എന്നീ സിന്തറ്റിക് ഡ്രഗ്സുകളാണ് സംസ്ഥാനത്ത് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്.

(സി) ഇത്തരം ലഹരികളുടെ ഉപഭോഗം നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

സംസ്ഥാനത്ത് വർധിച്ചുവരുന്ന ലഹരി ഉപയോഗവും കടത്തും തടയുന്നതിനായി പതിവ് എൻഫോഴ്സ്മെന്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുപുറമെ 'ഓപ്പറേഷൻ ക്ലീൻ സ്റ്റേറ്റ്' എന്ന പേരിൽ 05-03-2025 മുതൽ 12-03-2025 വരെയുള്ള കാലയളവിൽ ശക്തമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ഈ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പരമാവധി മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കുന്നതിന് പുറമെ ഒളിവിൽപോയ പ്രതികൾ, വാറണ്ട് പ്രതികൾ എന്നിവരെ അറസ്റ്റ് ചെയ്യുന്നതിനും സ്ഥിരം കുറ്റവാളികൾക്കെതിരെ PIT NDPS പ്രകാരമുള്ള കരുതൽ തടങ്കൽ സ്വീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നതിന് വിവിധ ബോധവൽക്കരണ പരിപാടികളും തുടർന്നുവരുന്നു. ലഹരി പദാർഥങ്ങളുടെ വില്പന തടയുന്നതിനായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രഹസ്യ വിവരശേഖരണം മുഖേനയും പൊതുജനങ്ങളുടെ സഹായത്തോടെയും സ്വന്തമായും പൊലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെയും ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരിശോധനകളും റെയ്ഡുകളും നടത്തുന്നതിനായി ജില്ലകളിൽ രണ്ട് സ്ട്രൈക്കിങ് ഫോഴ്സ്, ഹൈവേ പട്രോളിങ് ടീമുകൾ, ബോർഡർ പട്രോളിങ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ പരിശോധനകൾ നടത്തി വരുന്നതിനോടൊപ്പം മുൻകാല പ്രതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി അവരുടെ നിലവിലെ പ്രവർത്തനം

നിരന്തരം നിരീക്ഷിച്ചുവരുന്നു. സംസ്ഥാന അതിർത്തികളിൽ ചെക്ക്പോസ്റ്റുകൾ മുഖേനയും ചെക്ക്പോസ്റ്റ് കൂടാതെയുള്ള റോഡുകളിൽ കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) മുഖേനയും വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. അപ്രതീക്ഷിത ദിവസങ്ങളിലും അവധി ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഏകോപിപ്പിച്ച് കോമ്പിങ് ഓപ്പറേഷനും നടത്തിവരുന്നു.

ലഹരി കേസുകൾ

259(4062) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരി കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ; ഇക്കാലയളവിൽ പിടികൂടിയ ലഹരി വസ്തുക്കളുടെ മൂല്യവും ഇനവും ജില്ലയും തിരിച്ച് വിശദമാക്കുമോ?

എക്സൈസ് വകുപ്പ് 2020-ൽ 3667, 2021-ൽ 3922, 2022-ൽ 6116, 2023-ൽ 8104, 2024-ൽ 8160, 2025 ഫെബ്രുവരി വരെ 1883 എൻ.ഡി.പി.എസ്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ പിടികൂടിയ ലഹരി വസ്തുക്കളുടെ മൂല്യവും ഇനവും ജില്ലയും തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത കേസുകളിൽ വിദ്യാർഥികളും യുവജനങ്ങളും പ്രതികളായിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസുകളുടെ എണ്ണവും ശതമാനവും പ്രധാനമായും അവർ ഉപയോഗിക്കുന്ന ലഹരി വസ്തുക്കളുടെ തരവും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

2020 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ സംസ്ഥാനത്ത് വിദ്യാർഥികളും യുവജനങ്ങളും പ്രതികളായിട്ടുള്ള എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണം, ശതമാനം എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് [+]. വിദ്യാർഥികളും യുവജനങ്ങളും കഞ്ചാവ്, MDMA, LSD, മെത്താംഫിറ്റാമിൻ, അംഫിറ്റാമിൻ, ഹാഷിഷ് ഓയിൽ, ഹെറോയിൻ, ബ്രൗൺഷുഗർ, ചരസ്, ഒപ്പിയം, കൊക്കെയ്ൻ, മാജിക് മഷ്റൂം, മോർഫിൻ, നൈട്രോസെപ്പാം, സ്പാസ്മോ പ്രോക്സിവോൺ, വിവിധയിനം ടാബ്ലറ്റുകൾ എന്നീ ലഹരി വസ്തുക്കളാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

(സി) സംസ്ഥാനത്ത് ലഹരിയുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം വർധിച്ചുവരുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കേസുകളിലെ പ്രതികൾക്ക് നൽകുന്ന പരമാവധി ശിക്ഷ എന്താണ്; വിശദാംശം നൽകുമോ?

1985-ലെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കൊമേഴ്സ്യൽ ക്വാണ്ടിറ്റി അളവുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് വ്യത്യസ്ത ശിക്ഷകളാണ് നൽകുന്നത്. കൊമേഴ്സ്യൽ ക്വാണ്ടിറ്റി കേസുകളിൽ മിനിമം 10 വർഷം മുതൽ പരമാവധി 20 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ പിഴയും നൽകുന്നു. കൂടാതെ, എൻ.ഡി.പി.എസ്. ആക്ട് 31 A പ്രകാരം നിശ്ചിത അളവിലുള്ള ആവർത്തിച്ചുള്ള കുറ്റങ്ങൾക്ക് വധശിക്ഷയോ/30 വർഷം വരെ കഠിന തടവോ നൽകാൻ വ്യവസ്ഥയുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എൻ.ഡി.പി.എസ്. ആക്ട് 31 A പ്രകാരം വ്യാവസായികാടിസ്ഥാനത്തിലുള്ള ചില പ്രത്യേക മയക്കുമരുന്നുകൾ ഉൾപ്പെടുന്ന കുറ്റകൃത്യം ചെയ്യുക, നിരന്തരം കുറ്റകൃത്യം ആവർത്തിക്കുക, മറ്റൊരാളുടെ മരണത്തിനിടയാക്കുന്ന കുറ്റകൃത്യം ചെയ്യുക എന്നീ കുറ്റങ്ങൾ ചെയ്യുന്ന പ്രതികൾക്കാണ് വധശിക്ഷ നൽകുന്നത്.

(ഡി) സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ, അതിർത്തി ചെക്ക്പോസ്റ്റുകളിൽ കർശനമായ പരിശോധനകൾ, എൻഫോഴ്സ്മെന്റ്/ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുപുറമെ 05-03-2025 മുതൽ 'ഓപ്പറേഷൻ ക്ലീൻ സ്റ്റേറ്റ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിവരുന്നു. ഈ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പരമാവധി മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കുന്നതിനുപുറമെ ഒളിവിൽപോയ പ്രതികൾ, വാറണ്ട് പ്രതികൾ എന്നിവരെ അറസ്റ്റ് ചെയ്യുന്നതിനും സ്ഥിരം കുറ്റവാളികൾക്കെതിരെ PIT NDPS Act പ്രകാരമുള്ള കരുതൽ തടങ്കൽ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മദ്യഷാപ്പുകളുടെ വിവരങ്ങൾ

260(4063) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ ഇന്നുവരെ സംസ്ഥാനത്ത് ആരംഭിച്ച മദ്യഷാപ്പുകളുടെയും അടച്ചു പൂട്ടിയ മദ്യഷാപ്പുകളുടെയും വിവരങ്ങൾ ജില്ലകളും സ്ഥലങ്ങളുടെ പേരുകളും തിരിച്ച് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ ഇന്നുവരെ സംസ്ഥാനത്ത് ആരംഭിച്ച മദ്യഷാപ്പുകളുടെ ജില്ല തിരിച്ചുള്ള വിവരം, അടച്ചുപൂട്ടിയ മദ്യഷാപ്പുകളുടെ ജില്ല തിരിച്ചുള്ള വിവരം എന്നിവ അനുബന്ധമായി ചേർക്കുന്നു[+]. മുൻ സർക്കാരിന്റെ കാലം മുതൽ ഇന്നുവരെ സംസ്ഥാനത്ത് ആരംഭിച്ച മദ്യഷാപ്പുകളുടെ സ്ഥലം തിരിച്ചുള്ള വിശദാംശം, അടച്ചുപൂട്ടിയ മദ്യഷാപ്പുകളുടെ സ്ഥലം തിരിച്ചുള്ള വിശദാംശം എന്നിവയും അനുബന്ധമായി ചേർക്കുന്നു[+].

പ്രായപൂർത്തിയാകാത്തവർ പ്രതികളായ ലഹരിക്കടത്ത് കേസുകൾ

261(4064) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ വർഷവും പ്രായപൂർത്തിയാകാത്തവർ പ്രതികളായ എത്ര ലഹരിക്കടത്ത് കേസുകൾ, ലഹരി ഉപയോഗിച്ച കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം കുറ്റവാളികൾക്ക് ലഭിച്ചിട്ടുള്ള പരമാവധി ശിക്ഷ എന്താണെന്നും എത്രപേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ സർക്കാരിന്റെ കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള NDPS കേസുകളിലുൾപ്പെട്ടിട്ടുള്ള പ്രായപൂർത്തിയാകാത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

20-05-2021 മുതൽ 31-12-2021 വരെ 13 എണ്ണം, 2022-ൽ 40 എണ്ണം, 2023-ൽ - 39 എണ്ണം, 2024-ൽ 55 എണ്ണം, 2025-ൽ 36 എണ്ണം. ഇതിൽ 86 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരാളെ കുറ്റവിമുക്തനാക്കിയിട്ടുണ്ട്. ഇതിൽ ലഭിച്ച പരമാവധി ശിക്ഷ 4000/- രൂപ പിഴയാണ്. ബാക്കിയുള്ള കേസുകൾ ബഹുമാനപ്പെട്ട കോടതികളുടെ പരിഗണനയിലാണ്.

(ബി) ലഹരിക്കടത്തിന് കുട്ടികളെയുൾപ്പെടെ ദുരുപയോഗം ചെയ്യുന്ന ഗുരുതരമായ സാഹചര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ലഹരിക്കടത്തിന് കുട്ടികളെയുൾപ്പെടെ ദുരുപയോഗം ചെയ്യുന്ന നടപടികൾ തടയുന്നതിനായി എക്സൈസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ഓരോ സ്കൂളുകളുടെയും മേൽനോട്ട ചുമതല ഓരോ എക്സൈസ് ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്ക് കൗൺസിലിങ്ങുൾപ്പെടെ നൽകുന്നതിനായി എക്സൈസ് ജീവനക്കാരിൽ രണ്ടുപേരെ മെന്റർമാരായി നിയോഗിക്കുകയും സ്കൂളുകളിലും ക്ലബ്ബുകളിലും മറ്റ് സ്ഥലങ്ങളിലും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും കുട്ടികളെയുൾപ്പെടുത്തി വിവിധ കലാ-കായിക വിനോദ പരിപാടികൾ നടത്തുകയും ചെയ്തുവരുന്നു. എക്സൈസ് വകുപ്പിന്റെ ലഹരിവിരുദ്ധ ക്ലബ്ബുകൾക്കുപുറമെ ആഭ്യന്തര വകുപ്പിന്റെ

സഹായത്തോടെ എസ്.പി.സി.-യുമായി ചേർന്ന് സ്കൂളുകളിലും പൊതുജനങ്ങൾക്കിടയിലും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവരുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കുമിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്ന കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് സ്കൂൾ, കോളേജ് പരിസരങ്ങളിലും കടകളിലും ലഹരിമരുന്നുകൾ പുകയില ഉൽപന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ച് പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ലഹരിക്കടത്ത് കേസുകളിലുൾപ്പെടുന്ന കുറ്റവാളികൾക്കെതിരെ PIT NDPS Act പ്രകാരം കരുതൽ തടങ്കൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ പരിസരത്തെ വിവിധ കടകളിൽ പരിശോധന നടത്തുകയും ലഹരി പദാർഥങ്ങൾ കണ്ടെത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് നൽകുകയും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ഒരുമണിക്കൂർ മുമ്പും സ്കൂൾ സമയം അവസാനിച്ചതിനുശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിങ്ങും ബൈക്ക് പട്രോളിങ്ങും നടത്തുകയും മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹന പരിശോധന നടത്തുകയും പുകയില, മദ്യം, മയക്കുമരുന്ന്

എന്നിവ ഉപയോഗിക്കുന്ന വിദ്യാർഥികളെ കണ്ടെത്തി കൗൺസലിങ്/ഡീ-അഡിക്ഷൻ ചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്തുവരുന്നു. സ്കൂൾ പരിസരത്തെ കടകളിലും സ്ഥാപനങ്ങളിലും പരിചയമില്ലാത്തതും സംശയമുള്ളതുമായ വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നൽകി അറിയിപ്പ് നൽകിയിട്ടുണ്ട്.

പെരിന്തൽമണ്ണ എക്സൈസ് ഓഫീസിലെ ഡ്രൈവർ തസ്തിക

262(4065) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ ഡ്രൈവർ തസ്തികയില്ലാത്തതും ഇക്കാരണത്താൽ ഓഫീസ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെരിന്തൽമണ്ണ എക്സൈസ് റേഞ്ച് ഓഫീസിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ല. നിലവിൽ ടി ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മുടക്കം വരാതിരിക്കുന്നതിലേക്ക് പ്രസ്തുത ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാർ വകുപ്പുതല വാഹനം ഓടിച്ചുവരുന്നു.

(ബി) ഡ്രൈവർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താത്തതിന്റെ കാരണവും ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ ഡ്രൈവർ നിയമനം എപ്പോൾ

നടത്തുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) എക്സൈസ് വകുപ്പിൽ 277 സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികയാണ് നിലവിലുള്ളത്. വകുപ്പിൽ ഡ്രൈവർ തസ്തികയില്ലാത്ത ഓഫീസുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന തസ്തിക സൃഷ്ടിക്കൽ/വാഹനം വാങ്ങൽ ശിപാർശ അംഗീകരിക്കാൻ നിർവാഹമില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വാഹനമുള്ളതും ഡ്രൈവർ തസ്തികയില്ലാത്തതുമായ ഓഫീസുകളിൽ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സംവരാത്ത രീതിയിൽ പ്രസ്തുത ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ, പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം

263(4066) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഗുരുവായൂർ വില്ലേജിലെ

ഇരിങ്ങപ്പുറത്തുള്ള റവന്യൂ വകുപ്പിന്റെ ഭൂമി അനുവദിച്ചുകിട്ടുന്നതിനായി നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഗുരുവായൂർ വില്ലേജിലെ ഇരിങ്ങപ്പുറത്തുള്ള റവന്യൂ വകുപ്പിന്റെ ഭൂമി അനുവദിച്ച് കിട്ടുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് എക്സൈസ് കമ്മീഷണർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പൊതു ആവശ്യത്തിനായി നീക്കിവച്ച ലാൻഡ്ബോർഡ് ഉത്തരവ് ആവശ്യമായതിനാൽ, ഉത്തരവ് അനുവദിച്ച് കിട്ടുന്നതിനായി ലാൻഡ്ബോർഡ് സെക്രട്ടറിക്ക് തൃശ്ശൂർ ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്.

(സി) 2025-26 വർഷത്തെ ബജറ്റിൽ പ്രസ്തുത ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ച സാഹചര്യത്തിൽ ഭൂമി കൈമാറ്റ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടി സ്വീകരിക്കുന്നതാണ്.

ലഹരിക്കേസുകൾ

264(4067) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മാഫിയകളെ തടയുന്നതിനും ലഹരിയുപയോഗം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ലഹരി മാഫിയകളെ തടയുന്നതിനും ലഹരി മരുന്നിന്റെ ഉൽപാദനം, സംഭരണം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി മരുന്നിന്റെ വ്യാപനം തടയുന്നതിനായി പൊലീസ്, ആർ.പി.എഫ്., എൻ.സി.ബി., ഫുഡ് ആൻഡ് സേഫ്റ്റി, ഡ്രഗ്സ് കൺട്രോൾ, ഹെൽത്ത്, വനം, റവന്യൂ തുടങ്ങിയ ഏജൻസികളുമായി ചേർന്ന് നിരീക്ഷണങ്ങളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. വാട്ട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയകൾ വഴിയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ വഴിയും നടക്കുന്ന മയക്കുമരുന്നുകളുടെ കൈമാറ്റം കണ്ടെത്തുന്നതിനും തടയുന്നതിനുമായി എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൊറിയർ സർവീസ് വഴി ലഹരിക്കടത്ത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തരം നിരീക്ഷണങ്ങളും പരിശോധനകളും നടത്തിവരുന്നു. ലഹരിക്കടത്ത് കേസുകളിലെ പ്രതികളുടെ യാത്രാവിവരങ്ങൾ ശേഖരിച്ചും സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചും ഫോൺ കോളുകളും ടവർ ലൊക്കേഷനുകളും ശേഖരിച്ചും അന്വേഷണം നടത്തി ഇത്തരം കേസുകളിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയുന്നതിനും കണ്ടെത്തുന്നതിനും എക്സൈസ് വകുപ്പിന്റെ ഐ.ടി. സെൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും ലഹരിവസ്തുക്കൾ നമ്മുടെ സംസ്ഥാനത്തേക്ക് പ്രവേശിക്കുന്നത് തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിലെ പ്രധാന റോഡുകളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചും ഇടറോഡുകളിൽ KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്)-ന്റെ സഹായത്തോടെയും വാഹന പരിശോധന നടത്തിവരുന്നു. റെയിൽവേ സ്റ്റേഷനുകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ

തുടങ്ങിയ സ്ഥലങ്ങളിൽ മറ്റ് ഏജൻസികളുമായി ചേർന്ന് നിരീക്ഷണം ശക്തമാക്കി നടപ്പാക്കിവരുന്നുണ്ട്. മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിക്കുകയും അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മയക്കുമരുന്ന് കേസുകളിലുൾപ്പെടുന്ന പ്രതികൾ വീണ്ടും കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനായി PIT NDPS Act 1985 (The Prevention of Illicit Traffic in Narcotics and Psychotropic Substances Act) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നിയമ നടപടികളും മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവത്തിലുള്ള മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും മയക്കുമരുന്ന് കേസുകളിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ആവർത്തിക്കില്ലെന്ന് ബോണ്ടുവയ്പ്പിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് വർധിച്ചുവരുന്ന ലഹരിയുപയോഗം തടയുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ എല്ലാ ജില്ലകളിലും ഓരോ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ വാർഡ്, പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച്

പ്രവർത്തിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ ക്ലബ്ബുകൾക്കുപുറമെ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ എസ്.പി.സി.-യുമായി ചേർന്ന് സ്കൂളുകളിലും പൊതുജനങ്ങൾക്കിടയിലും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കുമിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്ന കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ആദിവാസി മേഖലയിലെ ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ലഹരിയുടെ ഉപയോഗം ഒഴിവാക്കുന്നതിനുമായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ലഹരി ഉപയോഗം സംബന്ധിച്ച എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ലഹരിയുപയോഗം സംബന്ധിച്ച് 72785 അബ്കാരി കേസുകളും 26453 എൻ.ഡി.പി.എസ്. കേസുകളും 301784 കോട്പ കേസുകളുമുൾപ്പെടെ ആകെ 401022 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

265(4068) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിൽ ലഹരി നിർമ്മാർജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് മുഖേന നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കയ്യമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകളും സ്കൂൾ പ്രൊട്ടക്ഷൻ സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. റസിഡൻസ് അസോസിയേഷൻ, ക്ലബ്ബുകൾ, യുവജന പ്രസ്ഥാനങ്ങൾ, സാമൂഹിക സംഘടനകൾ, വായനശാലകൾ എന്നിവയുടെ സഹകരണത്തോടുകൂടി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയപാതകൾ കേന്ദ്രീകരിച്ചും ഉൾപ്രദേശങ്ങളിലും ജനവാസം കുറവുള്ള മേഖലകളിലും പ്രത്യേകം പട്രോളിങ് നടത്തുകയും കേസുകൾ എടുക്കുകയും ചെയ്യുന്നു. തീരദേശം കേന്ദ്രീകരിച്ച് തീരസംരക്ഷണ സേനയുമായി ചേർന്ന് കടലിലും തീരപ്രദേശങ്ങളിലും സംയുക്ത പരിശോധനകൾ നടത്തിവരുന്നു. ലഹരി വിൽക്കുന്നതായി സംശയിക്കുന്ന കടകളും മറ്റും പ്രത്യേകം നിരീക്ഷിച്ച് പരിശോധന നടത്തി കേസുകളെടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സൈസ് കൺട്രോൾ റൂമിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പരിശോധിക്കുന്നതിന് സ്ട്രൈക്കിങ് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്വരക്ഷ ക്ലബ്ബുമായി

ബന്ധപ്പെട്ട് ലഹരി നിർമ്മാർജനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്വരക്ഷ ക്ലബ്ബുമായി ബന്ധപ്പെട്ട് സ്കൂളുകളിലും പരിസരങ്ങളിലും സ്കൂൾ പരിസരങ്ങളിലെ കച്ചവട സ്ഥാപനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തുകയും അതുവഴി വിദ്യാർഥികളിലേക്ക് ലഹരി വസ്തുക്കളൊന്നും എത്തുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സ്കൂൾ തുടങ്ങുന്ന സമയത്തിന് മുമ്പും സ്കൂൾ വിടുന്ന സമയത്തും സ്കൂൾ പരിസരത്തെ ബസ്സ്റ്റോപ്പുകൾ പ്രത്യേകമായി നിരീക്ഷിച്ചുവരുന്നു. കൂടാതെ കുട്ടികളെ ലഹരിയിൽനിന്നും പിൻതിരിപ്പിക്കുന്നതിനായി കലാ-കായിക അഭിരുചികൾ വർധിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുപ്പിക്കുകയും NCC, SPC തുടങ്ങിയ സന്നദ്ധസേനയിൽ അംഗങ്ങളാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിൽ നിരന്തരമായി ലഹരിക്കെതിരെ വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകളും പരിപാടികളും നടത്തിവരുന്നു.

ലഹരി കടത്ത് കേസുകൾ

266(4069) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് എത്ര ലഹരി കടത്ത് കേസുകൾ പിടിക്കൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും എത്ര കേസുകളിൽ ലഹരിയുടെ

ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

2021 മുതൽ 2025 ഫെബ്രുവരി വരെ സംസ്ഥാനത്ത് പിടിക്കൂടിയ ലഹരി കടത്ത് കേസുകൾ, ടി കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള പ്രതികളുടെ എണ്ണം, കുറ്റവിമുക്തരാക്കിയ പ്രതികളുടെ എണ്ണം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ടി കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത എൻ.ഡി.പി.എസ്. കേസുകളിൽ 139 കേസുകളിൽ ലഹരിയുടെ ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

ലഹരി ഉപയോഗവും വിപണനവും

267(4070) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് 2011 മുതൽ 2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കണക്ക് ജില്ല, വർഷം, ലഹരി ഉൽപന്നങ്ങളുടെ തരം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് 2011 മുതൽ 2024 വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ്. കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ ടി കാലയളവിൽ എൻ.ഡി.പി.എസ്. കേസുകളിൽ കണ്ടെത്തിയ പ്രധാനപ്പെട്ട ലഹരി ഉൽപന്നങ്ങൾ കഞ്ചാവ്, MDMA, LSD,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മെത്താംഫിറ്റാമിൻ, അംഫിറ്റാമിൻ, ഹാഷിഷ് ഓയിൽ, ഹെറോയിൻ, ബ്രൗൺഷുഗർ, ചരസ്, ഒപ്പിയം, കൊക്കെയിൻ, മാജിക് മഷ്റൂം, ഡയസെഫാം, മോർഫിൻ, ഫിനാർഗൻ, പ്രോമിത്തെസിൻ കോഡീൻ ഫോസ്ഫേറ്റ്, ബുപ്രിനോർഫിൻ, ലോറസെപ്പം, നൈട്രോസെപ്പാം, സ്പാസ്മോ പ്രോക്സിവോൺ, മാക്സ്ഗോലിൻ, അൽപ്രാസോളം, ലിത്തോസൺ എന്നിവയാണ്.

(ബി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ടവരുടെ കണക്ക് ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

2011 മുതൽ 2024 വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ഡി.പി.എസ്. കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് 2011 മുതൽ 2024 വരെയുള്ള കാലയളവിൽ തമിഴ്നാട്, കർണ്ണാടക, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കണക്ക് എക്സൈസ് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ലഭ്യമല്ല.

ലഹരി വ്യാപനം തടയാൻ നടപടി

268(4071) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോതമംഗലം താലൂക്കിലെ വിവിധ മേഖലകളിൽ രാസലഹരിയുൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനം കർശനമായി തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കോതമംഗലം താലൂക്ക് പരിധിയിലും പരിസര പ്രദേശങ്ങളിലും രാസലഹരിയുൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കോതമംഗലം താലൂക്ക് പരിധിയിൽ കോതമംഗലം എക്സൈസ് സർക്കിൾ ഓഫീസും ടീ ഓഫീസിന്റെ കീഴിൽ രണ്ട് റേഞ്ച് ഓഫീസുകളുമാണുള്ളത്. റേഞ്ച് ഓഫീസുകളുടെയും സർക്കിൾ ഓഫീസിന്റെയും നേതൃത്വത്തിൽ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി വാഹന പരിശോധനകളും റെയ്ഡുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. വാഹന പരിശോധനകളുടെയും റെയ്ഡുകളുടെയും ഫലമായി നിരവധി എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുത്തിട്ടുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ ആന്റി നാർക്കോട്ടിക്ക് ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുട്ടികളിലെ ക്രിയാത്മകതയും സർഗ്ഗാത്മകതയും പ്രോത്സാഹിപ്പിച്ച് ലഹരികളിൽനിന്നും വഴിതിരിച്ച് വിടുന്നതിന് കോതമംഗലം താലൂക്കിന്റെ കീഴിൽവരുന്ന സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പരിശോധനകൾ കൂടുതൽ കർശനമാക്കി ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനാവശ്യമായ നടപടികൾ ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

രാസലഹരി ഉപയോഗം തടയുന്നതിനായി താലൂക്കുതലത്തിൽ റേഞ്ചുകളെ ഏകോപിപ്പിച്ചുകൊണ്ട് സംയുക്ത പരിശോധനകളും സ്പെക്കിങ് ഫോഴ്സുകളും നടത്തിവരുന്നു. കോതമംഗലം താലൂക്ക് യൂണിറ്റുകളായി തിരിച്ച് ഓരോ യൂണിറ്റിനും പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ലഹരി വില്പന സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും ഓഫീസിൽ നേരിട്ടോ ഫോൺ വഴിയോ പൊതുജനങ്ങളിൽനിന്നും മറ്റും ലഭിക്കുന്ന രഹസ്യവിവരങ്ങളെ സംബന്ധിച്ചും അന്വേഷണം നടത്തി കേസുകൾ കണ്ടെത്തുകയും സ്കൂളുകളുടെയും കോളേജുകളുടെയും പരിസരപ്രദേശങ്ങളും വിദ്യാർഥികളും ചെറുപ്പക്കാരും താമസിക്കുന്ന ഹോസ്റ്റലുകളും വീടുകളും നിരീക്ഷിക്കുകയും അനധികൃതമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെടുന്നപക്ഷം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ താലൂക്ക് ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഡിസ്റ്റിലറി/ബ്രൂവറി ആരംഭിക്കുന്നതിനുള്ള മാനദണ്ഡം

269(4072) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിസ്റ്റിലറികളും ബ്രൂവറികളും ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണ്; വിശദാംശം നൽകാമോ?

Kerala Distillery & Warehouse Rules, 1968; Kerala Foreign Liquor (Compounding, Blending & Bottling) Rules, 1975; Brewery Rules, 1967; Kerala Winery Rules, 1970 എന്നീ ചട്ടങ്ങൾ അനുസരിച്ചാണ് ഡിസ്റ്റിലറികൾ, ബ്രൂവറികൾ എന്നിവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകിവരുന്നത്. 2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്ത് മദ്യ ഉൽപാദനത്തിനാവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കുന്നതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അബ്കാരി ചട്ടങ്ങളും സർക്കാരിന്റെ നയങ്ങളും പാലിക്കപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്.

(ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര ഡിസ്റ്റിലറികൾക്കും ബ്രൂവറികൾക്കുമാണ് അനുമതി നൽകിയിട്ടുള്ളതെന്ന വിശദവിവരം നൽകാമോ?

മുൻ സർക്കാരിന്റെ കാലത്ത് ഡിസ്റ്റിലറികൾക്കും ബ്രൂവറികൾക്കും അനുമതി നൽകിയിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഒരു മദ്യ നിർമ്മാണ യൂണിറ്റിന് പ്രാരംഭാനുമതി നൽകിയിട്ടുണ്ട്.

(സി) 2016 മുതലുള്ള മദ്യനയങ്ങളിൽ ഡിസ്റ്റിലറികളും ബ്രൂവറികളും ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്ത് മദ്യ ഉൽപാദനത്തിനാവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കുന്നതിന്

തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) മദ്യവർജനം സർക്കാർ നയമാണോ; എങ്കിൽ സംസ്ഥാനത്ത് കൂടുതൽ ബാറുകളും ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിച്ച് മദ്യോപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ നയത്തിനനുസൃതമാണോ; വിശദമാക്കാമോ?

മദ്യവർജനത്തിൽ ഊന്നിയ നയങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. മദ്യോപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാറുകളും ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കാറില്ല. സർക്കാരിന്റെ അബ്കാരി നയങ്ങളുടെ അടിസ്ഥാനത്തിൽ വ്യാവസായിക ഉന്നമനവും തൊഴിൽ സാധ്യതകളും കണക്കിലെടുത്ത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് മാത്രമെ പുതിയ ബാറുകളും ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കുകയുള്ളൂ. മദ്യവർജനത്തിൽ ഊന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമെ സമൂഹത്തിൽ വർധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് സാധിക്കുകയുള്ളൂവെന്ന യാഥാർഥ്യം ഉൾക്കൊണ്ടാണ് മദ്യനയത്തിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രത്യേകം ഊന്നൽ നൽകിയിട്ടുള്ളത്. പൊതുജനങ്ങളെ മദ്യത്തിന്റെ ഉപഭോഗത്തിനെതിരെ ബോധവൽക്കരണം നടത്തി ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇത്തരത്തിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വഴി സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം വർധിക്കുന്നത് ഫലപ്രദമായി നിയന്ത്രിച്ചുവരുന്നു.

പുനലൂരിൽ എക്സൈസ് റേഞ്ച് ഓഫീസ്

270(4073) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് വിഭജനത്തിന്റെ ഭാഗമായി പുനലൂർ താലൂക്ക് രൂപീകരിച്ചപ്പോൾ പുനലൂരിലുണ്ടായിരുന്ന എക്സൈസ് റേഞ്ച് ഓഫീസ് നഷ്ടപ്പെട്ടതിനാൽ പുതിയ റേഞ്ച് ഓഫീസുകൾ അനുവദിക്കുമ്പോൾ പുനലൂരിന് പ്രഥമ പരിഗണന നൽകുമോ; ഇവിടെ പുതിയ എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ടും പ്രൊപ്പോസലും വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ പകർപ്പ് നൽകാമോ?

കൊല്ലം ജില്ലയിലെ അഞ്ചൽ റേഞ്ച് ഓഫീസ് വിഭജിച്ച് അഞ്ചൽ, പുനലൂർ എന്നീ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതുൾപ്പെടെ അധികാരപരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതുതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി വകുപ്പിൽനിന്നും സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നതിന് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാംഘട്ടത്തിൽ രൂപീകരിക്കാൻ ശിപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും അതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും

എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി കൊല്ലം ജില്ലയിലെ അഞ്ചൽ റേഞ്ച് ഓഫീസ് വിഭജിച്ച് അഞ്ചൽ, പുനലൂർ എന്നീ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതുൾപ്പെടെ 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കാനുള്ള ശിപാർശ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുകൊണ്ട് പുതിയ റേഞ്ച് ഓഫീസുകൾ അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റേഞ്ച് ഓഫീസുകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ലെന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എണ്ണം തസ്തികകളും മറ്റ് വിഭാഗങ്ങളിൽനിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റേഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് (ഉദാ: sentry, കോടതി ഡ്യൂട്ടി) man power savings കണ്ടെത്തിയും പുതിയ റേഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണനിർവഹണത്തിന്റെ ഭാഗമായി തസ്തികകൾ പുന:ക്രമീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ്

അനുബന്ധമായി ചേർത്തിട്ടുണ്ട്.[+]

(ബി) പുനലൂർ സർക്കിൾ പരിധിയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കഞ്ചാവ്, പുകയില, വ്യാജ മദ്യം, ലഹരി എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ എത്രയാണെന്ന് വിശദമാക്കാമോ?

കഞ്ചാവ് കേസുകൾ	237
പുകയില കേസുകൾ	2040
വ്യാജ മദ്യ കേസുകൾ	699
ലഹരി കേസുകൾ	14

(സി) തമിഴ്നാട് അതിർത്തി ഗ്രാമമായ ആര്യങ്കാവിൽ റിപ്പോർട്ട് ചെയ്യുന്ന ലഹരിക്കടത്തു കേസുകൾ, തൊണ്ടി മുതലുകൾ എന്നിവ അറുപത് കിലോമീറ്റർ അകലെയുള്ള അഞ്ചൽ എക്സൈസ് റേഞ്ച് ഓഫീസിൽ കൈകാര്യം ചെയ്യേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാന അതിർത്തിയിൽ പരിശോധന സംഘങ്ങളെ വെട്ടിച്ച് കടന്നുപോകുന്ന വാഹനങ്ങൾ പിന്തുടരുന്നതിന് അഞ്ചൽ എക്സൈസ് റേഞ്ചിൽനിന്നും സംഘം പോകേണ്ടതുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെക്ക്പോസ്റ്റിൽ ഒരു വാഹനവും രണ്ട് ഡ്രൈവർ തസ്തികയും അനുവദിച്ചിട്ടുണ്ട്. അതിനാൽ അഞ്ചൽ റേഞ്ചിൽനിന്നും അനധികൃത വാഹനത്തെ പിന്തുടരേണ്ടി വന്നിട്ടില്ല.

(ഡി) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലുൾപ്പെടുത്തി പുനലൂർ എക്സൈസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന് 3.5 കോടി രൂപ വകയിരുത്തുകയും ഇവിടെ പുതിയ എക്സൈസ് സർക്കിൾ ഓഫീസ്, പുതിയ എക്സൈസ് റേഞ്ച് ഓഫീസ്, വിമുക്തി ട്രെയിനിങ് സെന്റർ, ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിലും അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്ത നിലയിൽ റേഞ്ച് ഓഫീസും സർക്കിൾ ഓഫീസും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ചുകൊണ്ടും വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും പുനലൂരിന് നഷ്ടപ്പെട്ട എക്സൈസ് റേഞ്ച് ഓഫീസ് വീണ്ടും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്ത നിലയിൽ റേഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ചുകൊണ്ടും വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തുന്ന വിഷയം പരിശോധിച്ചതിൽ ലഹരി വസ്തുക്കളുടെ വില്പനയും വിപണനവും വൻതോതിൽ വർധിക്കുന്നതിനാലും യുവജനങ്ങൾ, വിദ്യാർഥികൾ, സ്ത്രീകൾ അടക്കമുള്ളവർ ഇതിൽ പങ്കാളികളാകുന്നതിനാലും ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിന് പുനലൂരും അഞ്ചലും നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമായി കാണാത്തതിനാൽ, അപ്രകാരം ഒരു നടപടി

സ്വീകരിക്കുന്നത് പ്രായോഗികമായി കാണുന്നില്ല.

പാലക്കാട് മദ്യ നിർമ്മാണ യൂണിറ്റ്

271(4074) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മദ്യ നിർമ്മാണ യൂണിറ്റിനായി ഓരോ ഘട്ടത്തിനും പ്രതിദിനം എത്ര ലിറ്റർ വെള്ളം വേണ്ടിവരുമെന്നാണ് ഒയാസിസ് കമ്പനി സർക്കാരിനെ അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പാലക്കാട് മദ്യ നിർമ്മാണ യൂണിറ്റിനായി ഓരോ ഘട്ടത്തിനും പ്രതിദിനം എത്ര ലിറ്റർ വെള്ളം വേണ്ടിവരുമെന്ന് ടി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചാൽ മാത്രമെ കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ പ്രോജക്ടിനാവശ്യമായ വെള്ളം KINFRA Water Supply Scheme-ൽ ഉൾപ്പെടുത്തി നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി 16-06-2023-ലെ KWA/PHC/PKD/8365/01/Vol.II-KINFRA നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതായി കമ്പനി എക്സൈസ് വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ അറിയിച്ചിരുന്നു. Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികളിലെ സിന്തറ്റിക്ക് ലഹരി ഉപയോഗം

272(4075) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക്ക് ലഹരിയുടെ വ്യാപനം തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സിന്തറ്റിക്ക് ലഹരിയുൾപ്പെടെയുള്ള എല്ലാ ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) കൊച്ചിയിൽ ലഹരിക്ക് അടിമയായ പന്ത്രണ്ട് വയസ്സുകാരൻ പത്ത് വയസ്സുകാരിയായ സഹോദരിക്ക് എം.ഡി.എം.എ. ലഹരി നൽകിയതടക്കം കുട്ടികളിലെ ലഹരിയുപയോഗം സംബന്ധിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കിടയിലെ ലഹരിയുപയോഗവും വിപണനവും തടയുന്നതിനായി എക്സൈസ് വകുപ്പ് മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 2021 ജനുവരി മുതൽ 2025 ജനുവരി 31 വരെ ലഹരി ഉപയോഗിച്ചതിന് കുട്ടികൾക്കെതിരെ 194 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടാതെ ലഹരിക്കെതിരെ വിമുക്തി മിഷൻ മുഖേന

വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

പുതിയ എക്സൈസ് ഓഫീസുകൾ

273(4076) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര എക്സൈസ് റേഞ്ച് ഓഫീസുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് എക്സൈസ് റേഞ്ച് ഓഫീസുകളൊന്നും അനുവദിച്ചിട്ടില്ല.

(ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പുതിയ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലം ഉൾപ്പെടുന്ന ഹോസ്ദുർഗ്, നീലേശ്വരം എന്നീ റേഞ്ച് ഓഫീസുകൾ വിഭജിച്ച് ഹോസ്ദുർഗ്, നീലേശ്വരം, വെള്ളരിക്കുണ്ട് എന്നീ റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതുൾപ്പെടെ അധികാര പരിധി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതുതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ 3 ഘട്ടമായി രൂപീകരിക്കുന്നതിനായി വകുപ്പിൽനിന്നും സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായതിൽ നിലവിലുള്ള എക്സൈസ് റേഞ്ച് ഓഫീസുകളെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്ന ശിപാർശ പരിഗണിക്കുന്നതിന് സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും ശിപാർശയിലെ ഒന്നാംഘട്ടത്തിൽ

രൂപീകരിക്കാൻ ശിപാർശ ചെയ്ത പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും അതിനായി പുതിയ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലം ഉൾപ്പെടുന്ന ഹോസ്ദുർഗ്, നീലേശ്വരം, വെള്ളരിക്കുണ്ട് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതുൾപ്പെടെ 17 പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കാനുള്ള ശിപാർശ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ മോശം സാമ്പത്തിക പരിതസ്ഥിതിയിൽ 26 തസ്തികകൾ വീതം പുതുതായി സൃഷ്ടിച്ചുകൊണ്ട് പുതിയ റേഞ്ചുകൾ അനുവദിക്കാനാകാത്തതിനാൽ വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും സർക്കാർ നയത്തിന്റെ ഭാഗമായി സൃഷ്ടിച്ച വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ, ആദിവാസി യുവാക്കളെ നിയമിക്കുന്നതിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ എന്നിവ പുതിയ റേഞ്ചുകൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയിട്ടില്ലെന്നതിനാൽ അത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എണ്ണം തസ്തികകളും മറ്റ് വിഭാഗങ്ങളിൽനിന്നും കണ്ടെത്താൻ കഴിയുന്ന തസ്തികകളും ഉപയോഗപ്പെടുത്തിയും കൂടാതെ റേഞ്ച് ഓഫീസുകളും സർക്കിൾ ഓഫീസുകളും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നെങ്കിൽ രണ്ട് ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് (ഉദാ-sentry, കോടതി ഡ്യൂട്ടി) man power savings കണ്ടെത്തിയും പുതിയ റേഞ്ചുകൾ സ്ഥാപിക്കുന്നതിന് പരമാവധി കണ്ടെത്താൻ കഴിയുന്ന തസ്തികകൾ കണ്ടെത്തി വൈജ്ഞാനിക ഭരണ നിർവഹണത്തിന്റെ ഭാഗമായി തസ്തികകൾ പുന:ക്രമീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം

സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ടും സഹിതം പ്രൊപ്പോസൽ ലഭ്യമാക്കാൻ എക്സൈസ് കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

കുട്ടികളുൾപ്പെട്ട ലഹരി കേസുകൾ

274(4077) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുൾപ്പെട്ട ലഹരി കേസുകൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കുട്ടികൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 2021 ജനുവരി മുതൽ 2025 ജനുവരി 31 വരെ 216 കുട്ടികൾക്കെതിരെ 194 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ലഹരി കടത്തുകാരായി കുട്ടികളെ ഉപയോഗിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുട്ടികളെ ഇതിനായി ഉപയോഗിക്കുന്ന സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ലഹരി മാഫിയകളെ തടയുന്നതിനും ലഹരി മരുന്നിന്റെ ഉൽപാദനം, സംഭരണം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിയുമായി ബന്ധപ്പെട്ട കേസുകളിലെ പ്രതികളുടെ യാത്രാവിവരങ്ങൾ ശേഖരിച്ചും സാമ്പത്തിക ഇടപാടുകൾ

പരിശോധിച്ചും ഫോൺ കോളുകളും ടവർ ലൊക്കേഷനുകളും ശേഖരിച്ചും അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിക്കുകയും അവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മയക്കുമരുന്ന് കേസുകളിലുൾപ്പെടുന്ന പ്രതികളെ PIT NDPS Act 1985 (The Prevention of Illicit Traffic in Narcotics and Psychotropic Substances Act) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളിലുൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നിയമ നടപടികളും മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവത്തിലുള്ള മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധികശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും മയക്കുമരുന്ന് കേസുകളിലെ പ്രതികൾ പുറത്തിറങ്ങിയാൽ ഇനി കുറ്റകൃത്യങ്ങൾ ആവർത്തിക്കില്ലെന്ന് ബോണ്ടുവയ്പ്പിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) കുട്ടികൾക്കിടയിലെ ലഹരിയുപയോഗവും ലഹരി കച്ചവടവും തടയുന്നതിന് പുതുതായി എന്തെങ്കിലും കർമ്മ പരിപാടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

കുട്ടികൾക്കിടയിലെ ലഹരിയുപയോഗവും ലഹരി കച്ചവടവും തടയുന്നതിനായി എൻഫോഴ്സ്മെന്റ് ബോധവൽക്കരണങ്ങൾക്കുപുറമെ 'ഓപ്പറേഷൻ ക്ലീൻ സ്റ്റേറ്റ് ' എന്ന പേരിൽ

05-03-2025 മുതൽ 12-03-2025 വരെയുള്ള കാലയളവിൽ ശക്തമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പരമാവധി മയക്കുമരുന്ന് കേസുകൾ കണ്ടെടുക്കുന്നതിനുപുറമെ ഒളിവിൽപോയ പ്രതികൾ, വാറണ്ട് പ്രതികൾ എന്നിവരെ അറസ്റ്റ് ചെയ്യുന്നതിനും സ്ഥിരം കുറ്റവാളികൾക്കെതിരെ PIT NDPS Act പ്രകാരമുള്ള കരുതൽ തടങ്കൽ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, കടത്ത് എന്നിവ തടയുന്നതിനുള്ള പ്രവർത്തനം പ്രസ്തുത സ്പെഷ്യൽ ഡ്രൈവ് കാലയളവിനുശേഷവും തുടർന്നുവരുന്നു.

വിമുക്തി പദ്ധതി

275(4078) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിലെ പ്രധാന വിദ്യാലയത്തിൽ പത്താം ക്ലാസിലെ യാത്രയയപ്പിന് ലഹരിപ്പാർട്ടിയടക്കമുള്ള സംഭവങ്ങളുണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

ഗൗരവമായി കാണുന്നുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ നടത്തുകയും സ്കൂൾ പരിസരത്ത് നിരന്തരമായി

നിരീക്ഷണവും പരിശോധനയും നടത്തി വരികയും ചെയ്യുന്നു. കുട്ടികൾക്ക് കൗൺസലിങ് നൽകുന്നതിനായി എക്സൈസ് ജീവനക്കാരിൽ രണ്ടുപേരെ മെന്റർമാരായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ജാഗ്രതാ സമിതികളിൽ പങ്കെടുത്ത് എക്സൈസ് വകുപ്പ് ക്രിയാത്മക ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

(ബി) വിമുക്തി പദ്ധതിക്ക് ജില്ലകളിൽ കോ-ഓർഡിനേറ്റർമാരില്ലാത്ത സാഹചര്യം നിലവിലുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

വിമുക്തി പദ്ധതിക്ക് ജില്ലകളിൽ വിമുക്തി കോ-ഓർഡിനേറ്റർമാരുടെ സേവനം വിനിയോഗിച്ചുവരുന്നു. കോ-ഓർഡിനേറ്റർ താൽക്കാലിക തസ്തികകളുടെ കാലാവധി 07-02-2025-ൽ അവസാനിച്ചിട്ടുണ്ട്. ടി താൽക്കാലിക തസ്തികകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

276(4079) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരം മയക്കുമരുന്നിന്റെ ഹബ്ബായി മാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും രഹസ്യാന്വേഷണ പ്രവർത്തനങ്ങൾ, രാത്രികാല

പട്രോളിങ്, മുൻകാല പ്രതികളുടെ വിവരങ്ങൾ ശേഖരിച്ച് അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കരുതൽ തടങ്കൽ പോലുള്ള ശക്തമായ നടപടികൾക്ക് ശിപാർശ ചെയ്യൽ, സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരന്തര പരിശോധനകൾ തുടങ്ങിയവ ഉൾപ്പെടെ ദൈനംദിനം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ബോധവൽക്കരണത്തിലൂടെ ലഹരിയുപയോഗം കുറയ്ക്കാൻ വകുപ്പിന് കഴിയുന്നുണ്ട്.

(ബി) വർധിച്ചുവരുന്ന ലഹരിയുപയോഗം തടയുന്നതിന് എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമോ?

എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിച്ച് ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി പുതുതായി 37 എക്സൈസ് റേഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടമായി രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയ ശിപാർശ നിലവിലെ സാമ്പത്തിക പരിതസ്ഥിതിയിൽ പരിഗണിക്കാൻ കഴിയുകയില്ലെന്ന് 05-11-2023-ലെ നികുതി-എഫ്3/272/2023-നികുതി നമ്പർ സർക്കാർ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം വഴി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും.

(സി) എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള എക്സൈസ് ഇന്റലിജൻസ് ബ്യൂറോയുടെ ജില്ലാ മേധാവിയുടെ തസ്തിക എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള എക്സൈസ് ഇന്റലിജൻസ് ബ്യൂറോയുടെ ജില്ലാ

മേധാവിയുടെ തസ്തിക എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയാക്കി ഉയർത്തുന്ന വിഷയം വകുപ്പ് വിശദമായി പരിശോധിക്കുകയും നിലവിൽ ടി വിഷയം പരിഗണിക്കേണ്ടതില്ലെന്ന താൽക്കാലിക തീരുമാനത്തിലെത്തുകയും ചെയ്തിട്ടുള്ളതാണ്.

കില ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി

277(4080) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പരിശീലനങ്ങൾ കില നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള "ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം" എന്ന കൈപ്പുസ്തകം കില തയ്യാറാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും രണ്ടുദിവസ പരിശീലനം 2024-25 വർഷം നൽകിയിരുന്നു. 2025-26-ൽ സംസ്ഥാനത്ത് മുഴുവൻ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്കും പരിശീലനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കിലയിലും കിലയുടെ കേന്ദ്രങ്ങളിലും ഭിന്നശേഷി വിഭാഗത്തിലുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഈ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാണോയെന്ന് വ്യക്തമാക്കുമോ?

കിലയുടെ സെന്ററുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഭിന്നശേഷി സൗഹൃദമാണ് കില.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്ന കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കിലയും കിലയുടെ കേന്ദ്രങ്ങളും നാളിതുവരെ ഭിന്നശേഷി സൗഹൃദമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാണ്.

(ഇ) കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കില ഹെഡ്ക്വാർട്ടേഴ്സിലെ മെയിൻ ബ്ലോക്ക്, ലൈബ്രറി, എസ്.എ.എസ്. എന്നിവയിൽ റാമ്പുകൾ നിർമ്മിച്ചിട്ടുണ്ട്. കൈപ്പിടികളും എല്ലായിടത്തും ഉറപ്പാക്കിയിട്ടുണ്ട്. പ്രധാന കെട്ടിടത്തിന്റെ മുകൾ നിലയിലേക്ക് ലിഫ്റ്റും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കിലയിലെ പരിശീലന ഹാളിലും ഗസ്റ്റ് ഹൗസുകളിലും വീൽചെയർ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സൈൻബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായുള്ള വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലവും കിലയിൽ ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം കിലയുടെ പ്രധാന പരിശീലന സ്ഥലങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ട്. ഇതുകൂടാതെ കിലയുടെ

മറ്റ് സെന്ററുകളിലും ഇത്തരം പ്രവൃത്തികൾ ചെയ്തിട്ടുള്ളതും ഭിന്നശേഷി സൗഹൃദമാക്കിയിട്ടുള്ളതുമാണ്.

മൂന്നാർ ഹിൽ ഏരിയ അതോറിറ്റി

278(4081) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാനിടയായ സാഹചര്യം എന്താണ്; വിശദമാക്കാമോ?

ഇടുക്കി - മൂന്നാർ മേഖലയിലെ ഭൂപ്രശ്നങ്ങൾ സംബന്ധിച്ച് 11-01-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും ഒപ്പം പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി ഒരു വികസന അതോറിറ്റി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. മൂന്നാർ മേഖലയിലെ പഞ്ചായത്തുകളുടെ ഒറ്റയ്ക്ക് ഒറ്റയ്ക്കുള്ള പ്രവർത്തനത്തിലുപരി ദീർഘവീക്ഷണ കാഴ്ചപ്പാടോടെ മൂന്നാറിന്റെയും സമീപ പ്രദേശങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുകയും അനധികൃത കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും ഇതിനായി ഭരണ സംവിധാനത്തെ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ

അധികാരത്തിലേക്ക് കടന്നുകയറാതെയുള്ള ഒരു ഏകോപന സംവിധാനമെന്ന നിലയ്ക്കാണ് മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത്.

(ബി) പ്രസ്തുത അതോറിറ്റി മൂന്നാർ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; ഇതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മൂന്നാർ ഹിൽ ഏരിയ അതോറിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് 20-04-2023-ലെ G.O.(Ms) No. 96/2023/LSGD ഉത്തരവ് നൽകിയിട്ടുണ്ട്. (പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്[+]). പ്രസ്തുത ഏരിയയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ജോയിന്റ് ആസൂത്രണ കമ്മിറ്റി രൂപീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

(സി) അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ?

അതോറിറ്റിയിലെ അംഗങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ സർക്കാരിന്റെ 20-04-2023-ലെ G.O.(Ms) No. 96/2023/LSGD ഉത്തരവിലെ 2(iv) ആയി നൽകിയിട്ടുണ്ട് (പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്[+]).

തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി

279(4082) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം നിലവിൽ വന്നത് എന്നാണ്; നാളിതുവരെ എത്ര തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്;

(ബി) അംശദായ ഇനത്തിലും മറ്റ് വിഹിതങ്ങളായും എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; എത്ര രൂപയുടെ ആനുകൂല്യങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം 2021 നവംബർ 15-നാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അംഗത്വവും ആനുകൂല്യങ്ങളും നൽകുന്നതിനുള്ള സോഫ്റ്റ്വെയറിന്റെ വികസനം അവസാനഘട്ടത്തിലാണ്. അംഗത്വ വിതരണം ആരംഭിച്ചിട്ടില്ല. അതിനാൽ അംശദായ ഇനത്തിലും മറ്റ് വിഹിതങ്ങളായും തുക പിരിച്ചെടുക്കുകയോ ആനുകൂല്യങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

(സി) പ്രസ്തുത ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് നിലവിലെ സർക്കാർ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

വിവരങ്ങൾ താഴെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപയിൽ)	ചെലവഴിച്ച തുക	വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു.
2021-22	NIL	NIL	-

2022-23	NIL	NIL	-
2023-24	1000	NIL	0%
2024-25	1000	NIL	0%
2025-26	1000	NIL	0%

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

280(4083) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്നും ഓരോ വിഭാഗത്തിലും എത്രപേർ വീതം ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ?

Resource & Development - 34, Operation & Maintenance - 269, Human Resource- 22 എന്നിങ്ങനെ ആകെ 325 ജീവനക്കാരാണുള്ളത്.

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഏറ്റവും ഒടുവിൽ നടന്നത് എപ്പോഴാണ്; ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് കമ്മിറ്റി രൂപീകരിച്ചതെന്നും കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നോയെന്നും അറിയിക്കുമോ?

ഐ.കെ.എം. ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടത്തിയത്

01-09-2017-നാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് 27-11-2024-ൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ട് സിറ്റിങ്ങുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) കെ-സ്മാർട്ട് പദ്ധതി പഞ്ചായത്തുകളിൽകൂടി നടപ്പാക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുത്ത് ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ച് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

281(4084) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് നാളിതുവരെ നടപ്പാക്കിയിട്ടില്ലെന്നകാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) തദ്ദേശ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ വിശദാംശം

282(4085) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ ആകെ എത്ര ജീവനക്കാർ ജോലിചെയ്യുന്നുവെന്നും ഓരോ വിഭാഗത്തിലും എത്രപേർ വീതം ജോലിചെയ്യുന്നുവെന്നും വ്യക്തമാക്കാമോ?

Resource & Development-34, Operation & Maintenance-269, Human Resource-22 എന്നിങ്ങനെ ആകെ 325 ജീവനക്കാരാണുള്ളത്.

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഏറ്റവും ഒടുവിൽ നടന്നത് എപ്പോഴാണ്; ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്; പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ?

ഐ.കെ.എം. ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടത്തിയത് 01-09-2017-നാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് 27-11-2024-ൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ട് സിറ്റിങ്ങുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) കെ-സ്മാർട്ട് പദ്ധതി പഞ്ചായത്തുകളിൽകൂടി നടപ്പാക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുത്ത് ശമ്പള പരിഷ്കരണത്തിനുള്ള നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ച് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

റോഡ് നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ

283(4086) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി.-യുടെ കീഴിലുള്ള റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഇനിഷ്യൽ ലെവലും ഫൈനൽ ലെവലും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് എഴുതി റിപ്പോർട്ട് ചെയ്യുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് ഇത്തരം നടപടിക്രമങ്ങൾ വേഗതയിലാക്കുമോ, വിശദമാക്കാമോ?

(എ&ബി) പരിശോധിക്കുന്നതാണ്.

തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ

284(4087) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിലെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ ടെൻഡർ നടപടികളുടെ വിശദാംശവും അവയ്ക്ക് ഓരോന്നിനും എത്ര തുകവീതം ചെലവഴിക്കുന്നുവെന്നതും

വ്യക്തമാക്കാമോ;

(സി) ടെൻഡർ നടപടികൾ ഉടനടി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) പഴയ തുക്കുപാലം പൊളിക്കുന്ന പ്രവൃത്തികൾക്ക് എഗ്രിമെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളതും പ്രവൃത്തി നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമാണ്. പുതിയ നിർമ്മാണത്തിന്റെ സിവിൽ പ്രവൃത്തി റീ-ടെൻഡർ നടത്തിയിരിക്കുകയാണ്. മെക്കാനിക്കൽ പ്രവൃത്തി ഇറിഗേഷൻ മെക്കാനിക്കൽ വിങ്ങിൽനിന്നും ടെൻഡർ ചെയ്തിട്ടുള്ളതാണ്. ഈ രണ്ട് ടെൻഡറുകളും 12-03-2025-നാണ് തുറക്കുന്നത്. സിവിൽ പ്രവൃത്തിക്ക് 2.0 കോടി രൂപയും മെക്കാനിക്കൽ പ്രവൃത്തിക്ക് 3.21 കോടി രൂപയും പൊളിക്കുന്നതിനുള്ള പ്രവൃത്തിക്ക് 16.0 ലക്ഷം രൂപയുമാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്.

പൊതുനിരത്തുകളിൽ ബോർഡുകളും ബാനറുകളും താൽക്കാലികമായി സ്ഥാപിക്കുന്നതിന് അനുമതി

285(4088) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽ അനധികൃത ബോർഡുകളും ബാനറുകളും സ്ഥാപിക്കുന്നത് തടയുന്നതുസംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് രാഷ്ട്രീയ സാമൂഹ്യ ബഹുജന സാംസ്കാരിക സംഘടനകളുടെ അറിയിപ്പുകൾ, വ്യക്തിഗത ചരമ അറിയിപ്പുകൾ എന്നിവയുൾപ്പെടെയുള്ള ബാനറുകൾക്കും ബോർഡുകൾക്കും

തദ്ദേശസ്ഥാപനങ്ങൾ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പുറത്തിറക്കിയ സർക്കാരിന്റെ 12-12-2024-ലെ RC1/262/2022/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം പൊതുസ്ഥലങ്ങളിലെ നടപ്പാതകളിലും ഹാൻഡ് റെയിലുകളിലും ട്രാഫിക് ഐലൻഡുകളിലും റോഡുകളുടെ മധ്യഭാഗത്തുള്ള മീഡിയനുകളിലും വ്യക്തികളുടെയും പൊതുപ്രവർത്തകരുടെയും മറ്റുപ്രവർത്തകരുടെയും പേരുകൾ, ചിത്രങ്ങൾ, വ്യക്തിത്വം, പ്രസ്ഥാനം എന്നിവ വെളിപ്പെടുത്തുന്ന ബോർഡുകൾ, ബാനറുകൾ, പോസ്റ്ററുകൾ എന്നിവ സ്ഥാപിക്കാൻ പാടുള്ളതല്ല. അപ്രകാരം സ്ഥാപിച്ചിരിക്കുന്ന ബോർഡുകൾ തദ്ദേശസ്ഥാപന സെക്രട്ടറിമാർ അടിയന്തരമായി നീക്കംചെയ്യേണ്ടതും പിഴ ഈടാക്കുന്നതടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിരോധനത്തെത്തുടർന്ന് ബന്ധപ്പെട്ട വ്യക്തികളും സംഘടനകളും നേരിടുന്ന പ്രയാസങ്ങളും ഈ മേഖലയിലെ സംരംഭകരും തൊഴിലാളികളും നേരിടുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ വരുന്ന സ്ഥലങ്ങളിൽ മിതമായ നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാകാത്ത രീതിയിൽ ഇപ്രകാരമുള്ള അറിയിപ്പുകൾ താൽക്കാലികമായി സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04-01-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് റോഡ് സുരക്ഷ മുൻനിർത്തി നിയമവിരുദ്ധമായിട്ടുള്ള പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട്, എന്നാൽ അനുവദനീയമായ തരത്തിലുള്ള പരസ്യപ്രചാരണങ്ങൾ നിർദിഷ്ട ഫീസ് ഈടാക്കി നടപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം

286(4089) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം വിവിധ തദ്ദേശസ്ഥാപനങ്ങൾക്ക് എത്ര തുക വകയിരുത്തിയിരുന്നുവെന്നും ഇതിൽ എത്ര ഗഡുക്കളായി എത്ര തുക ഏതെല്ലാം ഇനത്തിൽ അനുവദിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

	പൊതു ആവശ്യ ഫണ്ട്	സംരക്ഷണ ഫണ്ട്	വികസന ഫണ്ട്

	വകയിരുത്തിയ തുക	അനുവദിച്ച തുക	വകയിരുത്തിയ തുക	അനുവദിച്ച തുക	വകയിരുത്തിയ തുക	അനുവദിച്ച തുക
മുനിസിപ്പൽ കോർപ്പറേഷൻ	218.10	199.13	179.23	179.23	992.22	669.44
മുനിസിപ്പാലിറ്റി	313.91	283.19	552.36	552.36	1487.79	590.81
ജില്ലാ പഞ്ചായത്ത്	84.62	77.57	390.28	390.28	1051.80	935.57
ബ്ലോക്ക് പഞ്ചായത്ത്	120.34	110.31	224.48	224.48	969.29	935.57
ഗ്രാമ പഞ്ചായത്ത്	1805.30	1645.76	2784.84	2784.84	4030.90	3932.01
ആകെ	2542.27	2316.76	4131.19	4131.19	8532.00	7063.40

പൊതു ആവശ്യ ഫണ്ടിൽ 12 ഗഡുക്കളിൽ 11 ഗഡുക്കളും സംരക്ഷണ ഫണ്ടും വികസന ഫണ്ടും മൂന്ന് ഗഡുക്കളിൽ മുഴുവനായും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ ആരോഗ്യ മേഖല ഗ്രാന്റും യു.എൽ.ബി. ഗ്രാന്റും ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) സാമ്പത്തിക വർഷാവസാനത്തിൽ തുക അനുവദിക്കുന്നത് തദ്ദേശസ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നടപ്പ് സാമ്പത്തികവർഷം പൊതു ആവശ്യ ഫണ്ടിൽ 12 ഗഡുക്കളിൽ 11 ഗഡുക്കളും വികസന ഫണ്ടിനത്തിലും സംരക്ഷണ ഫണ്ടിനത്തിലും ബജറ്റിൽ വകയിരുത്തിയ തുകയും ഇതിനോടകംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയ തുക വെട്ടിക്കുറയ്ക്കാതെ സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഇതുവരെയും വെട്ടിക്കുറച്ചിട്ടില്ല.

കെ-സ്മാർട്ട് വഴി തീർപ്പാക്കിയ അപേക്ഷകൾ

287(4090) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-സ്മാർട്ടിലൂടെ നാളിതുവരെ ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷകൾ കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

3264302 അപേക്ഷകളാണ് കെ-സ്മാർട്ടിലൂടെ ലഭിച്ചിട്ടുള്ളത്. 2460022 അപേക്ഷകൾ കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുണ്ട്.

ഉമ്മളത്തൂർ-വെള്ളിപറമ്പ് റോഡ് നിർമ്മാണം

288(4091) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉമ്മളത്തൂർ-വെള്ളിപറമ്പ് റോഡിന്റെ സ്ഥലമേറ്റെടുപ്പിന്റെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നിലവിൽ കോർപ്പറേഷൻ അധീനതയിലുള്ള 2.104 കി.മീ. ദൈർഘ്യമുള്ള ഉമ്മളത്തൂർ-വെള്ളിപറമ്പ് താഴം റോഡിന് 12 മീറ്റർ വീതിയോടുകൂടിയുള്ള അലൈൻമെന്റ് അംഗീകരിച്ചുനൽകിയിട്ടുണ്ട്. നിലവിൽ ബജറ്റിൽ ഈ പ്രവൃത്തിക്ക് തുക വകയിരുത്തിയിട്ടില്ല. ഭൂമി ഏറ്റെടുക്കലുൾപ്പെടെ പ്രവൃത്തി നടപ്പാക്കുന്നതിന് പദ്ധതിരേഖ തയ്യാറാക്കി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പാക്കാൻ സാധിക്കുന്നതാണ്.

പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച തുക

289(4092) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി എത്ര റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ?

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേന്ദ്രവിഹിതം 60 ശതമാനവും സംസ്ഥാന വിഹിതം 40 ശതമാനവുമാണ്.

(സി) അഞ്ച് വർഷത്തെ മെയിന്റനൻസിനായി സംസ്ഥാന ഗവൺമെന്റ് നീക്കിവയ്ക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ുക എത്രയാണെന്ന് അറിയിക്കാമോ?

നിർമ്മാണച്ചെലവിന്റെ (construction cost) 9 ശതമാനമാണ് അഞ്ച് വർഷത്തെ മെയിന്റനൻസിനായി സംസ്ഥാന ഗവൺമെന്റ് നീക്കിവയ്ക്കുന്നത്.

27-10-2022-നുശേഷം നിയമനം ലഭിച്ച ഉദ്യോഗസ്ഥന്റെ സീനിയോറിറ്റി

290(4093) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-10-2022-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 74/2022/ത.സ്വ.ഭ.വ. ഗസറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾ 12(4) ക്ലോസ് വിശദമാക്കാമോ?

27-10-2022-ലെ സ.ഉ.(അച്ചടി)നം.74/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള 2022-ലെ തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 12 (4)-ൽ "Appointment to various posts included in the integrated service which were notified for appointment by Kerala Public Service Commission prior to integration will be based on the special rules then in force" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് പ്രകാരം, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തസ്തികകളിൽ വകുപ്പ് ഏകീകരണത്തിനുമുമ്പ് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനത്തിനായി നോട്ടിഫൈ ചെയ്യപ്പെട്ട സംഗതികളിൽ അന്ന് നിലവിലുണ്ടായിരുന്ന വിശേഷാൽ ചട്ടങ്ങളാണ് ബാധകമാകുക എന്നാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത ക്ലോസ് പ്രകാരം 27-10-2022-നുശേഷം പി.എസ്.സി. അഡ്വൈസ്

പ്രകാരം നിയമനം ലഭിച്ച ജീവനക്കാരനെ വേക്കൻസി മുമ്പുതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കാരണത്താൽ പഴയ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുമോ; സാധിക്കുമെങ്കിൽ കാരണം വിശദമാക്കാമോ?

27-10-2022-നുശേഷം സബോർഡിനേറ്റ് സർവീസിലേക്കോ സ്റ്റേറ്റ് സർവീസിലേക്കോ ആദ്യമായി നിയമനം ലഭിക്കുന്നവർ അതത് സംഗതിപോലെ സബോർഡിനേറ്റ് സർവീസിലോ സ്റ്റേറ്റ് സർവീസിലോ തയ്യാറാക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്.

വാതിൽപ്പടി സേവനം

291(4094) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ വാതിൽപ്പടി സേവനം നടപ്പാക്കിവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത സേവനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും (73 എണ്ണം) ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റികളിലും നിലവിൽ വാതിൽപ്പടി സേവനം നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ വാതിൽപ്പടി സേവനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലൈഫ് ഭവന പദ്ധതിയിലെ കൈവശ ഭൂമിയുടെ പരിധി

292(4095) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മാണത്തിന് അർഹത ലഭിക്കുന്നതിന് കൈവശ ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ പരിധിയിലുള്ള താമസക്കാർക്ക് എത്ര സെന്റ് വീതമാണെന്ന് വ്യക്തമാക്കാമോ?

27-07-2020-ലെ സ.ഉ.(കൈ.)112/2020/ത.സ്വ.ഭ.വ. പ്രകാരം ഭൂമിയുള്ള ഭവനരഹിതരുടെ അർഹതാ മാനദണ്ഡങ്ങളിൽ ക്രമനമ്പർ 4 ആയി ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല).

(ബി) പുതുതായി രൂപീകരിക്കപ്പെട്ടതും ഗ്രാമീണ സ്വഭാവമുള്ളതുമായ നഗരസഭകളിൽ അഞ്ച് സെന്റിൽ അൽപംമാത്രം കൂടുതലുള്ള ഭൂമി കൈവശമുണ്ട് എന്നതിന്റെപേരിൽ ഭവന നിർമ്മാണ ധനസഹായം നിഷേധിക്കപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീടിനുള്ള സഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

മാനദണ്ഡങ്ങൾപ്രകാരം ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ പട്ടികയിൽ നിലവിൽ ഉൾപ്പെട്ടവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

സേവനാവകാശ നിയമപ്രകാരമുള്ള സമയക്രമം പാലിക്കാൻ നടപടി

293(4096) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമപ്രകാരമുള്ള സമയനിബന്ധന പാലിച്ച് സേവനങ്ങൾ നൽകുന്നതിന് പ്രയാസം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സേവനാവകാശ നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ?

ഉണ്ട്. കെ-സ്മാർട്ട് സംവിധാനമുപയോഗിച്ച് അപേക്ഷകന് ആയാസരഹിതമായി അപേക്ഷ സമർപ്പിക്കുന്നതിനും സമർപ്പിച്ച അപേക്ഷകൾ ട്രാക്ക് ചെയ്യുന്നതിനും സംവിധാനമുണ്ട്. സമയപരിധിക്കുള്ളിൽ അപേക്ഷ തീർപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സൂപ്പർവൈസറി ഉദ്യോഗസ്ഥർക്ക് ഡാഷ്ബോർഡ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമെ സേവനാവകാശ നിയമപ്രകാരം നൽകേണ്ട

സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനായി ഓട്ടോ എസ്കലേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സംവിധാനം തയ്യാറാക്കിവരുന്നുണ്ട്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രവൃത്തികളുടെ പുരോഗതി

294(4097) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തികവർഷത്തെ ബജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കുന്നതുമായ കോങ്ങാട് നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രൊപ്പോസലുകൾ

295(4098) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി തിരുവമ്പാടി നിയോജകമണ്ഡലത്തിൽനിന്നും സമർപ്പിക്കപ്പെട്ട പി.എം.ജി.എസ്.വൈ. പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല നിയോജകമണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് തുക

296(4099) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22, 2022-23, 2023-24 വർഷങ്ങളിൽ വർക്കല നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയതും എൽ.എസ്.ജി.ഡി. നിർവഹണ ഏജൻസിയായിട്ടുള്ളതുമായ പ്രവൃത്തികളുടെ ടെൻഡർ സേവിങ്സ് തുക എത്രയെന്ന് വിശദമാക്കാമോ?

ടെൻഡർ സേവിങ്സ് തുക:

2021-22	6,40,641/- രൂപ
2022-23	41,48,440/- രൂപ
2023-24	2,58,419/- രൂപ

പഞ്ചായത്തിന്റെ ലൈസൻസ് നൽകൽ ചട്ടങ്ങളിൽ സമഗ്ര മാറ്റത്തിന്റെ ആവശ്യകത

297(4100) ശ്രീ. ഇ. കെ. വിജയൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വിഭാവനം ചെയ്യുന്ന സംരംഭക വികസന പരിപാടികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നിലവിലുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ,

വ്യാപാര സ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമാറ്റം നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ വൻകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് വേണമെന്ന നിലവിലുള്ള ചട്ടം ഇളവ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിലുൾപ്പെടുന്ന സംരംഭങ്ങൾക്ക് വീടുകളിലുൾപ്പെടെ പ്രവർത്തിക്കാൻ ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിലെ ലൈസൻസ് നൽകൽ ചട്ടങ്ങൾപ്രകാരം പല പുതിയകാല സംരംഭങ്ങൾക്കും ലൈസൻസ് നൽകാൻ സാധിക്കാത്ത സ്ഥിതിയുണ്ടോ; നിയമവിധേയമായ ഏത് സംരംഭത്തിനും പഞ്ചായത്തുകളിൽനിന്ന് അനായാസം ലൈസൻസ് ലഭിക്കുന്നതിന് വ്യവസ്ഥകൾ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിനായി നിലവിലുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ, വ്യാപാരസ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്ര മാറ്റംവരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുള്ള അപേക്ഷകൾ

298(4101) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പാക്കിയ കെ-സ്മാർട്ടിലൂടെ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

3264302 അപേക്ഷകളാണ് കെ-സ്മാർട്ടിലൂടെ ലഭിച്ചിട്ടുള്ളത്. 2460022 അപേക്ഷകൾ കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളിലും കെ-സ്മാർട്ട് നടപ്പാക്കുമോ; വിശദമാക്കാമോ?

കെ-സ്മാർട്ട് സംവിധാനം ത്രിതല പഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ ഭാഗമായി 2025 ജനുവരി 1 മുതൽ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിലും തുടർന്ന് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലും തിരുവനന്തപുരം ജില്ലാപഞ്ചായത്തിലും പൈലറ്റടിസ്ഥാനത്തിൽ വിന്യസിക്കുകയുണ്ടായി. 2025 ഏപ്രിൽ മാസം മുതൽ കേരളത്തിലെ എല്ലാ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലുംകൂടി കെ-സ്മാർട്ട് സംവിധാനം പൂർണ്ണമായും നടപ്പാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്.

തസ്തികമാറ്റം വഴി നിയമിതരായ ജീവനക്കാരുടെ സീനിയോറിറ്റി

299(4102) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-10-2022-ലെ സർക്കാർ ഉത്തരവ് നം.(പി)74/2022/എൽ.എസ്.ജി.ഡി. ഗസറ്റിലെ എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 3 പ്രകാരം 27-10-2022-നുശേഷം സർവീസിൽ പ്രവേശിച്ച ജീവനക്കാരുടെ ഇന്റർ സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം തയ്യാറാക്കിയിട്ടുണ്ടോ; നിലവിൽ ഏതെങ്കിലും തസ്തികയുടെ ഇന്റർ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ക്ലോസിലെ Appointment by different methods എന്നതിലെ Different methods എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ?

27-10-2022-ലെ സ.ഉ.(പി.)നം.74/2022/എൽ.എസ്.ജി.ഡി. പ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങൾ 2022, ചട്ടം 3(3) പ്രകാരം 27-10-2022-നുശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ ഇന്റർ സേ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വ്യത്യസ്ത രീതിയിലുള്ള നിയമനം എന്നതിൽ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനം, ബൈ-ട്രാൻസ്ഫർ നിയമനം എന്നിങ്ങനെ വിശേഷാൽ ചട്ടങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നിയമനങ്ങൾ ഉൾപ്പെടുന്നു.

(ബി) ഇന്റഗ്രേഷന് മുമ്പുണ്ടായിരുന്ന വകുപ്പിലെ ജീവനക്കാരൻ താഴ്ന്ന തസ്തികയിൽനിന്നും തസ്തികമാറ്റം വഴി ഉയർന്ന തസ്തികയിലേക്ക് മാറിയാൽ ഇന്റഗ്രേഷനുശേഷമുള്ള നിയമനമായി കണക്കാക്കി, എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 3 പ്രകാരം ഇന്റർ സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയാണോ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവീസിലേക്കോ സ്റ്റേറ്റ് സർവീസിലേക്കോ 27-10-2022-നുശേഷം ആദ്യമായി വിവിധ മാർഗങ്ങളിലൂടെ നിയമനം

ലഭിക്കുന്നവർക്ക് ഇന്റർ സേ സീനിയോറിറ്റി തയ്യാറാക്കേണ്ടതായിട്ടുണ്ട്.

(സി) ഇന്റഗ്രേഷനുശേഷം തസ്തികമാറ്റം വഴി ഒരു തസ്തികയിൽനിന്നും മറ്റ് തസ്തികയിലേക്ക് നിയമിതരായ ജീവനക്കാരെ നിലവിലെ പഴയ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇന്റഗ്രേഷനുശേഷം സ്റ്റേറ്റ് സർവീസിൽ നിയമിതരായവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാൻ നടപടി

300(4103) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവീസിൽ ജോലി നോക്കിയിരുന്നതും തദ്ദേശസ്വയംഭരണ വകുപ്പ് പൊതു സർവീസിന്റെ ഭാഗമായി തനതുഫണ്ടില്ലാത്ത സ്ഥാപനങ്ങളിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഒഴികെയുള്ള) സ്ഥലംമാറ്റം ലഭിച്ച് അവിടെനിന്നും വിരമിച്ചവർക്ക് പത്തുമാസത്തിലേറെ കഴിഞ്ഞിട്ടും പെൻഷനോ പെൻഷൻ ആനുകൂല്യങ്ങളോ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിനായി ക്രോസ് മാപ്പിങ് വഴി ശീർഷകം അനുവദിച്ച് ബജറ്റിൽ നടപ്പുവർഷം ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മറ്റ് സർവീസുകളിൽനിന്നും സർക്കാർ സർവീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ വിഹിതം കണ്ടെത്തുന്ന ആവശ്യത്തിലേക്ക് ക്രോസ് മാപ്പിങ് വഴി ശീർഷകം

അനുവദിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവിന്റെ വിശദാംശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് 05-02-2025-ലെ കത്ത് പ്രകാരം മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിന് 2023-24 സാമ്പത്തിക വർഷം 2,14,44,595 (രണ്ട് കോടി പതിനാല്വലക്ഷത്തി നാല്പത്തി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപയും 2024-25 സാമ്പത്തിക വർഷം 2,74,48,000 (രണ്ട് കോടി എഴുപത്തി നാല് ലക്ഷത്തി നാല്പത്തി എണ്ണായിരം) രൂപയും വേണ്ടിവരുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ധനകാര്യ (പെൻഷൻ-ബി) വകുപ്പിന്റെ 25-02-2025-ലെ പെൻ-ബി 1/21/2025-ധന.(ഇ-3055559) നമ്പർ കത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം 18-05-2023-ൽ നടന്ന യോഗ തീരുമാനത്തിനനുസരിച്ച് നൽകിയ നിർദേശമടങ്ങിയ കത്തിന്റെ നമ്പർ, തീയതി എന്നിവ അറിയിക്കാമോ?

ധനകാര്യ (പെൻഷൻ-ബി) വകുപ്പിന്റെ 25-02-2025-ലെ പെൻ-ബി 1/21/2025-ധന.(ഇ-3055559) നമ്പർ കത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം 18-05-2023-ൽ നടന്ന യോഗ തീരുമാനത്തിനനുസരിച്ച് നൽകിയ നിർദേശം അടങ്ങിയ കത്തിന്റെ നമ്പർ: പെൻ-ബി5/33/2023-ധന.(ഇ-2424027) തീയതി: 19-05-2023 ആണ്.

(സി) മുനിസിപ്പൽ കോമൺ സർവീസിൽനിന്നും തനതുഫണ്ട് ഇല്ലാത്ത വകുപ്പുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, നിർദേശപ്രകാരം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ അടയ്ക്കാനായി ഏത് ബജറ്റ് ഹെഡ്ഡിൽനിന്നാണ് തുക പിൻവലിക്കേണ്ടതെന്ന് അറിയിക്കാമോ?

15-06-2023-ലെ സർക്കുലർ നമ്പർ 56/2023/ധന. പ്രകാരം മറ്റ് സർവീസുകളിൽനിന്നും സർക്കാർ സർവീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ വിഹിതം 2071-01-107-95(N-V) എന്ന ശീർഷകത്തിൽനിന്നുമാണ് കണ്ടെത്തുന്നത്. ക്രോസ് മാപ്പിങ് വഴി ശീർഷകം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്.

കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി

301(4104) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പാക്കിയോ എന്ന് വിശദമാക്കാമോ?

07-11-2019-ലോ അതിനുമുമ്പോ നിർമ്മാണം നടന്നതോ പൂർത്തീകരിച്ചതോ ആയ സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് യഥാക്രമം 09-02-2024-ലെ ജി.ഒ.(പി.)നം.20/2024/എൽ.എസ്.ജി.ഡി., 09-02-2024-ലെ ജി.ഒ.(പി.)നം.21/2024/എൽ.എസ്.ജി.ഡി. എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും നടപ്പാക്കിവരുന്നതുമാണ്.

(ബി) ഇത്തരത്തിൽ റെഗുലറൈസ് ചെയ്യുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

09-02-2024-ലെ ജി.ഒ.(പി.)നം.20/2024/എൽ.എസ്.ജി.ഡി., 09-02-2024-ലെ ജി.ഒ.

(പി.)നം.21/2024/എൽ.എസ്.ജി.ഡി. എന്നീ ഉത്തരവുകൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിനായി ടി ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

ഹരിതകർമ്മസേന വീടുകളിൽനിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ

302(4105) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മസേന വീടുകളിൽനിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡിന്റെ വശങ്ങളിലാണ് നിലവിൽ സൂക്ഷിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും യൂസർ ഫീ ഈടാക്കി ഹരിതകർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാർഡ് തലത്തിലുള്ള മിനി എം.സി.എഫ്.-ലേക്കും അവിടെനിന്നും തദ്ദേശ സ്ഥാപനത്തിന്റെ ട്രാൻസ്പോർട്ടേഷൻ പ്ലാൻ പ്രകാരം തദ്ദേശസ്ഥാപന തലത്തിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്നു. ഇവിടെനിന്നും തദ്ദേശസ്ഥാപനത്തിന്റെ ലിഫ്റ്റിങ് പ്ലാൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാർ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള കമ്പനി/സ്വകാര്യ ഏജൻസികൾ എന്നിവർക്ക് കൈമാറുന്നു. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേന അജൈവ മാലിന്യം താൽക്കാലികമായി റോഡരികുകളിൽ സൂക്ഷിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം സൂക്ഷിക്കുന്ന മാലിന്യങ്ങൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ വഴിയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ സുരക്ഷിതമായി വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ നിർദേശം നൽകുമോയെന്ന് അറിയിക്കുമോ?

പൊതുനിരത്തുകളിലും പൊതുയിടങ്ങളിലും മിനി എം.സി.എഫ്.-കൾക്കുചുറ്റും അജൈവ മാലിന്യം ശേഖരിച്ച ചാക്കുകൾ സൂക്ഷിക്കുന്നത് ഒഴിവാക്കുന്നതിനായും നിശ്ചിത ഇടവേളകളിൽ പാഴ്വസ്തു നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം നടത്തുന്നതിനും എം.സി.എഫ്.-കളിൽ കൃത്യമായ ഇടവേളകളിൽ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാനും തരംതിരിച്ച പാഴ്വസ്തുക്കളുടെ ബെയിലിങ്/ഷ്രെഡ്ഡിങ് പ്രവർത്തനങ്ങൾക്കുശേഷം കരാറിലേർപ്പെട്ട ഏജൻസിക്ക് നിശ്ചിത ഇടവേളകളിൽ അവ കൈമാറുന്നതിനുമായുള്ള ലിഫ്റ്റിങ് പ്ലാൻ സംബന്ധിച്ച് 03-05-2024-ലെ സ.ഉ.(സാധാ)നം.790/2024/എൽ.എസ്.ജി.ഡി. പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു. ശേഖരിക്കുന്ന പാഴ്വസ്തുക്കൾ സൂക്ഷിക്കുന്നതിന് ഓരോ വാർഡിലും കുറഞ്ഞത് ഒരു മിനി എം.സി.എഫ്. എങ്കിലും നിർമ്മിക്കേണ്ടതാണെന്നും പാഴ്വസ്തുക്കൾ പൊതുയിടങ്ങളിൽ വയ്ക്കാതെ അതത് ദിവസംതന്നെ എം.സി.എഫ്.-ലേക്ക് മാറ്റുന്നതിന് പര്യാപ്തമായ വാഹന സംവിധാനം ഏർപ്പെടുത്തണമെന്നും 07-10-2023-ലെ സ.ഉ.(സാധാ)നം. 1971/2023/എൽ.എസ്.ജി.ഡി. പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്

303(4106) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്തതുമൂലം പ്രസ്തുത വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം, തസ്തികമാറ്റം എന്നിവ നടപ്പാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; മറ്റ് വകുപ്പുകളിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് നൽകുന്ന പത്ത് ശതമാനം സംവരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉണ്ട്. മറ്റ് വകുപ്പുകളിൽനിന്നും വ്യത്യസ്തമായി പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം/ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരെ പഞ്ചായത്തിലെ മാത്രം പാർട്ട് ടൈം/ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. മറ്റുവകുപ്പുകളിലെ പാർട്ട് ടൈം/ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ലഭിച്ചിരുന്ന പല ആനുകൂല്യങ്ങൾ ടി ജീവനക്കാർക്ക് ലഭിച്ചിരുന്നില്ല (അന്തർജില്ല/അന്തർ വകുപ്പ് സ്ഥലംമാറ്റം, ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള 10 ശതമാനം സംവരണം). മുൻ പഞ്ചായത്ത് വകുപ്പിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തയ്യാറാക്കുന്ന പാർട്ട് ടൈം ജീവനക്കാരുടെ ജില്ലാതല

സീനിയോറിറ്റിയിൽനിന്നാണ് ഫുൾടൈം സ്വീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചുവരുന്നത്. എന്നാൽ നഗരാസൂത്രണം, ഗ്രാമവികസനം, എഞ്ചിനീയറിങ് വിഭാഗം ഉൾപ്പെടെയുള്ള മറ്റുവകുപ്പുകളിൽ ജില്ലാ കളക്ടർ തയ്യാറാക്കുന്ന പാർട്ട് ടൈം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നുമാണ് ഫുൾ ടൈം തസ്തികകളിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നത്. ഇത്തരത്തിൽ രണ്ട് സീനിയോറിറ്റി നിലവിലുള്ളതിനാൽ, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ Subordinate Service Special Rule പ്രകാരം പാർട്ട് ടൈം/ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള 10 ശതമാനം സംവരണം അനുവദിക്കുന്നകാര്യം വിശദമായി പരിശോധിച്ചുവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോംസ്റ്റേകൾക്ക് ലൈസൻസ് അനുവദിക്കാൻ നടപടി

304(4107) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോംസ്റ്റേകൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് ലഭിക്കുന്നതിന് ഐ.എൽ.ജി.എം.എസ്. പോർട്ടലിൽ സർവീസ്ഡ് വില്ല എന്ന വാക്കില്ലാത്തതിനാൽ അനുമതി നൽകാൻ സാധിക്കുന്നില്ലെന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കേരള ഹോംസ്റ്റേ ആൻഡ് ടൂറിസം സൊസൈറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട മീറ്റിങ്ങുകൾ നടന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

ഉണ്ട്. 25-11-2024-ലെ യോഗ തീരുമാനപ്രകാരം ഐ.എൽ.ജി.എം.എസ്. പോർട്ടലിൽ സർവീസ്ഡ് വില്ല എന്ന സംരംഭംകൂടി ഉൾപ്പെടുത്തുന്നതിന് നിർദേശമുണ്ടായിട്ടുണ്ട്.

(ഡി) ഹോംസ്റ്റേകൾക്ക് ലൈസൻസ് ലഭ്യമാകുന്ന രീതിയിൽ ഐ.എൽ.ജി.എം.എസ്. പോർട്ടലിൽ സർവീസ്ഡ് വില്ല എന്ന വാക്കുകൂടിയുൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിയമവിധേയമായ എല്ലാ വ്യവസായ വാണിജ്യ സംരംഭങ്ങൾക്കും ലൈസൻസ് നൽകുന്ന രീതിയിൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ചട്ടങ്ങൾ പരിഷ്കരിക്കുന്നതിലൂടെ പഞ്ചായത്ത് പരിധിയിലെ നിയമപരമായ എല്ലാ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും സുഗമമായി ലൈസൻസ് ലഭിക്കുന്നതാണ്.

നടുവണ്ണൂരിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം

305(4108) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടുവണ്ണൂരിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി നിലവിൽ എത്രകോടി രൂപയാണ് അധികമായി നിർമ്മാണ ഏജൻസി ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണുള്ളത്; വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 196 സെന്റ് ഭൂമിയിൽ 120 ഭവനങ്ങളടങ്ങിയ ഭവനസമുച്ചയ നിർമ്മാണത്തിന് 16.80 കോടി രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. നൂതന സാങ്കേതിക വിദ്യയായ LGSF-Light Guage Steel Framing ടെക്നോളജിയാണ് നിർമ്മാണത്തിനായി സ്വീകരിച്ചത്. ആദ്യഘട്ടത്തിലെ 72 ഭവനങ്ങളടങ്ങിയ നിർമ്മാണത്തിന് 9.38 കോടി രൂപയുള്ള സാങ്കേതികാനുമതി ലൈഫ് മിഷൻ ടെക്നിക്കൽ കമ്മിറ്റി നൽകുകയും M/s Mitsumi Housing Ltd.-ന് 09-12-2020-ൽ കരാർ നൽകുകയും ചെയ്തു. നിർമ്മാണ കാലാവധി 6 മാസമായിരുന്നു. നിർമ്മാണത്തിന്റെ തുടക്കത്തിൽ കോവിഡ് മഹാമാരി കാരണവും പിന്നീട് ഇ.ഡി. അന്വേഷണവുമായി ബന്ധപ്പെട്ടും നിർമ്മാണത്തിന് തടസ്സം നേരിടുകയുണ്ടായി. നിർമ്മാണ സാമഗ്രികൾക്കുണ്ടായ വില വർധനവ് കാരണം കരാർ ഏറ്റെടുത്ത കമ്പനി കരാർ

തുക വർധനവ് ആവശ്യപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. കരാർ തുകയുടെ 40 ശതമാനം (3,42,78,552/- രൂപ) അധിക വർധനവാണ് നിർമ്മാണ കമ്പനിയായ M/s Mitsumi Housing Ltd. ആവശ്യപ്പെട്ടിട്ടുള്ളത്. ഫ്ലാറ്റുകളുടെ കരാർ തുകകളുടെ വർധനവ് പരിശോധിക്കുന്നതിന് 27-04-2022-ലെ സ.ഉ.(സാധാ)നം.1052/2022/ത.സ്വ.ഭ.വ. പ്രകാരം സാങ്കേതിക സമിതി രൂപീകരിക്കുകയും കരാറുകാരുടെ ആവശ്യം വിശദമായി പരിശോധിച്ച് സാങ്കേതിക സമിതി സമർപ്പിച്ച ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയുമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിലെ ഒഴിവുകൾ

306(4109) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികളിലും മറ്റ് പഞ്ചായത്തുകളിലുമായി അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ടെന്ന വിശദാംശം മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി - 3 ഒഴിവുകൾ

ഓവർസിയർ ഗ്രേഡ് II	2 ഒഴിവ്
ഓവർസിയർ ഗ്രേഡ് I	1 ഒഴിവ്

ഷൊർണ്ണൂർ മുനിസിപ്പാലിറ്റി - 2 ഒഴിവുകൾ

ഓവർസിയർ ഗ്രേഡ് II	1 ഒഴിവ്

ഓവർസിയർ ഗ്രേഡ് I	1 ഒഴിവ്

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികളിലും മറ്റ് പഞ്ചായത്തുകളിലുമായി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) പ്രസ്തുത ഒഴിവുകളിൽ സ്ഥിരം ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതാണ്.

കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

307(4110) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള

അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) "കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തി "കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യം വർധിപ്പിക്കൽ" എന്നാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർഥിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കെട്ടിടങ്ങൾക്കുമുമ്പിലെ താൽക്കാലിക നിർമ്മാണങ്ങൾ

308(4111) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മുമ്പിൽ താൽക്കാലിക ഷീറ്റിടുന്നത് പ്രത്യേക നിർമ്മിതിയായി കണക്കാക്കാതിരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2019-ലെ കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 2(1)(n) പ്രകാരം building-ന്റെ നിർവചനം ചുവടെ പറയുന്നു.

'building' means any structure for whatsoever purpose and of whatsoever materials constructed and every part thereof whether used for human habitation or not and includes foundation, plinth, walls, floors, roofs, chimneys, plumbing and building services, fixed platforms, verandah, balcony, cornice or projection, part of a building or anything affixed

thereto or any wall enclosing or intended to enclose any land or space and signs and outdoor display structures, tanks constructed or fixed for storage of chemicals in any form and for storage of water, effluent etc., അതുപ്രകാരം താൽക്കാലികമായി പണിയുന്ന ഷീറ്റിട്ടുള്ള നിർമ്മാണങ്ങൾ കെട്ടിടത്തിന്റെതന്നെ ഭാഗമായി കണക്കാക്കുന്നതും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാകുന്നതുമാണ്. എന്നാൽ വീടുകളിൽ നിർമ്മിക്കുന്ന ഇത്തരം ഷീറ്റിട്ടുള്ള നിർമ്മാണങ്ങൾ പ്രത്യേക നിർമ്മിതിയായി കണക്കാക്കാതിരിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് പരിശോധിച്ചുവരുന്നു.

നെന്മാറ നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡ് പ്രവൃത്തികൾ

309(4112) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ച ഗ്രാമീണ റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങുന്നതിന് എന്തെല്ലാം നിർദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് നിർദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി നെന്മാറ നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന്

നിർദേശം നൽകിയിട്ടുണ്ട്. നാലുമാസത്തിനകം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നെന്മാറ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് പദ്ധതികൾ

310(4113) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കേണ്ട നെന്മാറ നിയോജകമണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടേക്കാട്-പനങ്ങാട്ടിരി റോഡ്, കരിങ്കുളം-പാറശ്ശേരി റോഡ്, കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ കെട്ടിടം, പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ പല്ലാവൂർ ത്രയം സാംസ്കാരിക കേന്ദ്രം എന്നീ പദ്ധതികൾ നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

1. എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടേക്കാട്-പനങ്ങാട്ടിരി റോഡ്, കരിങ്കുളം-പാറശ്ശേരി റോഡ് എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭ്യമായിട്ടുണ്ട്. അത് സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2. കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ കെട്ടിടത്തിന് ഡി.പി.ആർ., ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ പല്ലാവൂർ ത്രയം സാംസ്കാരിക കേന്ദ്രം

നിർമ്മിക്കുന്നതിനുള്ള സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ?

ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം

311(4114) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് 08-08-2019-ലെ ജി.ഒ. (എം.എസ്.) നം. 104/2019/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ നാവായിക്കുളം ജി.എച്ച്.എസ്.എസ്.-ൽ കിഫ്ബി മുഖാന്തരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 355 ലക്ഷം രൂപയുടെ ഭരണാനുമതി 2018-19 സാമ്പത്തികവർഷം ലഭ്യമായിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി നിലവിലുള്ളതും ഫിറ്റ്നസുള്ളതുമായ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പ്രകാരം ഉടമസ്ഥാവകാശ സാക്ഷ്യപത്രം, കാലപ്പഴക്ക സാക്ഷ്യപത്രം, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഉപയോഗക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സർവെ റിപ്പോർട്ട്, ടി റിപ്പോർട്ട്

അംഗീകരിച്ച ഭരണസമിതി തീരുമാനം, വിദ്യാഭ്യാസ ഡയറക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശ സഹിതം ലഭ്യമാക്കുന്നതിന് 05-02-2025-ലെ LSGD/PD/4365/2025-REV1 കത്ത് മുഖേന തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

എം.എസ്.എം.ഇ.-കളുടെ ലിസ്റ്റ്

312(4115) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021, 2022, 2023, 2024 കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച എം.എസ്.എം.ഇ.-കളുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ എം.എസ്.എം.ഇ.-കളുടെ പേര്, വിലാസം, തുടങ്ങിയ തീയതി എന്നീ വിവരങ്ങളടങ്ങുന്ന ലിസ്റ്റ് നൽകാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഫീസുകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകൾ ലൈസൻസ് അനുവദിക്കുന്നത്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം മൂലധന

നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഫീസുകളുടെ അടിസ്ഥാനത്തിലാണ് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ലൈസൻസ് അനുവദിക്കുന്നത്. അതിനാൽ 2006-ലെ The Micro Small And Medium Enterprises Development Act പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ പ്രത്യേകമായിട്ടുള്ള പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ല.

ഡിവൈ.എസ്.പി., എസ്.പി. ഓഫീസുകളിൽ കുടുംബശ്രീ എക്സ്റ്റൻഷൻ സെന്ററുകൾ

313(4116) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് തുണയായി സംസ്ഥാനത്തെ എല്ലാ ഡിവൈ.എസ്.പി., എസ്.പി. ഓഫീസുകളിലും കുടുംബശ്രീ എക്സ്റ്റൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനരീതി വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ എല്ലാ ഡിവൈ.എസ്.പി., എസ്.പി. ഓഫീസുകളിലും (84 എണ്ണം) കുടുംബശ്രീ സ്നേഹിത-പൊലീസ് എക്സ്റ്റൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ആദ്യഘട്ട സംസ്ഥാനതല പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ബാച്ചുകളുടെ പരിശീലനങ്ങൾ നടന്നുവരുന്നു. മൂന്ന് ബാച്ച് പരിശീലനങ്ങളും പൂർത്തീകരിച്ചശേഷം 2025 മാർച്ച് മാസത്തിൽ പദ്ധതി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിക്രമങ്ങൾക്കിരയായി പൊലീസ്

സ്റ്റേഷനുകളിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പ്രാഥമിക മാനസിക പിന്തുണ, കൗൺസലിങ്, കൂടുതൽ പിന്തുണ ആവശ്യമുള്ളവരെ മാനസികാരോഗ്യ വിദഗ്ധരുടെ അടുത്തേക്ക് റഫർ ചെയ്യുക എന്നിവയാണ് പ്രസ്തുത സെന്ററുകളിലേക്ക് നിയോഗിക്കപ്പെടുന്ന കമ്മ്യൂണിറ്റി കൗൺസിലർമാരുടെ പ്രധാന കർത്തവ്യങ്ങൾ. സ്നേഹിത-പൊലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ സെന്ററുകൾ ആഴ്ചയിൽ മുൻ നിശ്ചയിക്കപ്പെട്ട രണ്ടുദിവസം പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനതല പരിശീലനം പൂർത്തീകരിച്ച കമ്മ്യൂണിറ്റി കൗൺസലർമാരെ സംസ്ഥാനത്തെ എല്ലാ ഡിവൈ.എസ്.പി., എസ്.പി. ഓഫീസുകളിലും നിയമിച്ചുകൊണ്ട്, ഓഫീസിലെ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നിർദേശപ്രകാരം മേല്പറഞ്ഞ പിന്തുണ ഉറപ്പാക്കുന്നതാണ് പ്രവർത്തനരീതി.

(ബി) പ്രസ്തുത സെന്ററുകളിൽ നിയമിക്കുന്ന ജീവനക്കാരുടെ തസ്തികകളും അതിനുള്ള യോഗ്യതകളും നിയമനരീതിയും ശമ്പളവും വിശദമാക്കാമോ?

കുടുംബശ്രീയുടെ ഭാഗമായി നിലവിൽ പ്രവർത്തിച്ചുവരുന്ന പഞ്ചായത്തുതല സംവിധാനമായ ജെൻഡർ റിസോഴ്സ് സെന്ററുകളിൽ (ജി.ആർ.സി.) ചുമതല നൽകിയിട്ടുള്ള കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് നിശ്ചിത പ്രവർത്തന ദിവസങ്ങൾ അധികരിക്കാതെ അധിക ചുമതല നൽകിക്കൊണ്ട് പ്രസ്തുത വ്യക്തികളെ എല്ലാ ഡിവൈ.എസ്.പി./എസ്.പി. ഓഫീസുകളിലും നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്. എം.എസ്.ഡബ്ല്യൂ., എം.എ. സൈക്കോളജി, എം.എസ്സി. സൈക്കോളജി അഥവാ തത്തുല്യ യോഗ്യതയുള്ളവരെയാണ് ഡിവൈ.എസ്.പി., എസ്.പി. ഓഫീസുകളിൽ നിയമിക്കുന്നതിന് പരിഗണിക്കുന്നത്. എന്നാൽ അവരുടെ അഭാവത്തിൽ മാനസികാരോഗ്യ മേഖലയിൽ പ്രവൃത്തിപരിചയവും

കാര്യശേഷിയും പരിഗണിച്ച് ഏതെങ്കിലും ബിരുദമുള്ളവരെയും പരിഗണിച്ചിട്ടുണ്ട്. നിയമനത്തിന് അഭിരുചി, നൈപുണ്യം എന്നിവയും പരിഗണിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാമിഷൻ എഴുത്ത് പരീക്ഷ/ഇന്റർവ്യൂ എന്നിവ നടത്തി പ്രതിദിന സേവനത്തിന് 750/- രൂപ നിരക്കിൽ മാസം പരമാവധി 12,000/- രൂപയിൽ കവിയാത്ത ഓണറേറിയത്തിൽ നിയമിക്കുന്നു.

വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണം

314(4117) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുൾപ്പെട്ട ഭൂമി ലഭ്യമാക്കണമെന്ന വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വളാഞ്ചേരി സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലം അനുവദിക്കുന്നതുസംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറിൽനിന്ന് ലഭ്യമാക്കിയ പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽ അഭിപ്രായമാരാഞ്ഞുകൊണ്ട് നൽകിയിരിക്കുന്ന ഫയലിൽ പ്രസ്തുത വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് ഈ വകുപ്പിൽനിന്നും തുടർനടപടികൾ

സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ആർ.സി.3/1564/2019 നമ്പർ ഫയലിൽ ഗ്രാമവികസന കമ്മീഷണറേറ്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ 29-10-2021-ന് ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ദേവികുളം നിയോജകമണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

315(4118) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച ഗ്രാമീണ റോഡ് പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ&ബി) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങളും നിലവിലത്തെ സ്ഥിതി വിവരങ്ങളുമടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ

316(4119) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര തസ്തികകളാണ് സംസ്ഥാനത്താകെയുള്ളതെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വകുപ്പ് സംയോജനത്തിലൂടെ ഇതര വകുപ്പുകളിൽനിന്നും നിയമിച്ച എത്രപേർ നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ആകെ 941 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകളാണുള്ളത്. നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ 81 ഒഴിവുകളുണ്ട്. വകുപ്പ് സംയോജനത്തിലൂടെ ഇതര വകുപ്പുകളിൽനിന്നും നിയമിച്ച 66 ജീവനക്കാർ നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി ജോലി ചെയ്യുന്നുണ്ട്.

(ബി) നേരിട്ടുള്ള നിയമനത്തിലൂടെ പ്രവേശിച്ച എത്രപേരാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/സമാന തസ്തികകളിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

നേരിട്ടുള്ള നിയമനത്തിലൂടെ പ്രവേശിച്ച 161 പേർ നിലവിൽ സീനിയർ സൂപ്രണ്ട്/സെക്രട്ടറി LSGI കാറ്റഗറിയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

(സി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനത്തിന് പബ്ലിക് സർവീസ് കമ്മീഷൻ ഇന്റർവ്യൂ നടത്തി ലിസ്റ്റ് പബ്ലിഷ് ചെയ്യാതിരുന്നിട്ടും 59 ഒഴിവുകൾ നികത്താതെ നേരിട്ടുള്ള നിയമനത്തിനായി ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

ഗ്രാമപഞ്ചായത്ത് തസ്തികയിൽ നേരിട്ടും ബൈ-പ്രൊമോഷൻ മുഖേനയുമായാണ്

നിയമനം നടത്തുന്നത്. നേരിട്ടുള്ള 220 നിയമനങ്ങളിൽ 161 പേർ മാത്രമാണ് നിലവിൽ സീനിയർ സെക്രട്ടറി/സെക്രട്ടറി LSGI തസ്തികയിൽ സേവനമനുഷ്ഠിക്കുന്നത്. ഒരു തസ്തികയിലേക്ക് വ്യത്യസ്ത രീതികളിൽ നിയമനം നടത്തുമ്പോൾ ഓരോ രീതിയിലൂടെയും നിയമനം നടത്തേണ്ട ഒഴിവുകൾ നിശ്ചിത ശതമാനം/അനുപാതത്തിലായിരിക്കണമെന്നുള്ള KS&SSR 1958-ലെ ചട്ടം 5 നോട്ട് (3)-ലെ വ്യവസ്ഥകൾക്കനുസൃതമായാണ് ഇപ്രകാരമുള്ള 59 ഒഴിവുകൾ നികത്താതെ നേരിട്ടുള്ള നിയമനത്തിനായി ഒഴിച്ചിട്ടിരിക്കുന്നത്.

(ഡി) നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തണമെന്ന് ഏതൊക്കെ സർവീസ് സംഘടനകളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും അപേക്ഷയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സെക്രട്ടറി തസ്തിക സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) സെക്രട്ടറി തസ്തികയിലേക്കുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തണമെന്നാവശ്യപ്പെട്ട് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (SEU) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറിൽനിന്ന് നിവേദനം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. SEU സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(എഫ്) ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഇടപെടൽ ഇക്കാര്യത്തിലുണ്ടെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ വേഗത്തിലാക്കാൻ തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഇടപെടൽ ഇക്കാര്യത്തിലുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ സർവീസ് ചട്ടങ്ങളിലും അനുസംബന്ധിച്ച ഉത്തരവുകളിലും നിഷ്കർഷിച്ചിട്ടുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തദ്ദേശ റോഡ് നവീകരണം

317(4120) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് നവീകരണത്തിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നും 2024-25 വർഷം ഏതെല്ലാം പ്രവൃത്തികളാണ് നിർദേശിക്കപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകവീതമാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

(എ&ബി) തദ്ദേശ റോഡ് നവീകരണത്തിനായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നും നിർദേശിച്ച 26 പ്രവൃത്തികൾക്ക് തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പേര്, അനുവദിച്ച തുക എന്നീ വിവരങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) ഗ്രാമീണ റോഡുകളുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ 2025 ഏപ്രിൽ 30-നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ നിയമനം

318(4121) ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിലേക്കുള്ള നിയമനത്തിനായി ഉദ്യോഗാർഥികളുടെ ലിസ്റ്റ് ഹൈക്കോടതിയിൽനിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നിയമന നടപടികൾ വൈകിയെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ ഒഴിവുണ്ട്. കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിൽ ജുഡീഷ്യൽ മെമ്പർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്കുള്ള നിയമനത്തിനായി രണ്ട് വ്യക്തികളെ ശിപാർശ ചെയ്ത് സെലക്ഷൻ കമ്മിറ്റി ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്തിമതീരുമാനമായിട്ടില്ല.

(സി) ദ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്ട് പ്രകാരം കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പറാകുന്നതിന്

നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്; ഇത് സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിനാധാരമായ സാഹചര്യം അറിയിക്കാമോ; ഭേദഗതി ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിലെ ജുഡീഷ്യൽ മെമ്പറുടെ യോഗ്യത സംബന്ധിച്ച് കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ &ഡെവലപ്മെന്റ്) ആക്ട് 2016 സെക്ഷൻ 46(b)-ൽ ചുവടെപ്പറയും പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. "in the case of a Judicial Member he has held a judicial office in the territory of India for at least fifteen years or has been a member of the Indian Legal Service and has held the post of Additional Secretary of that service or any equivalent post, or has been an advocate for at least twenty years with experience in dealing with real estate matters". പ്രസ്തുത യോഗ്യതയിൽ ഭേദഗതി വരുത്തിയിട്ടില്ല.

പത്തിരിപ്പാല സ്കൂൾ കെട്ടിട നിർമ്മാണം

319(4122) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കുന്നതും 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ചതുമായ പത്തിരിപ്പാല സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ

വിശദാംശം അറിയിക്കാമോ?

(എ&ബി) പത്തിരിപ്പാല സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി ടെൻഡർ നടപടികളിലൂടെ അക്രഡിറ്റഡ് ഏജൻസിയായ KEL-നെ പി.എം.സി.-യായി തിരഞ്ഞെടുത്തിട്ടുള്ളതും ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 14-02-2024-ന് കത്ത് പ്രകാരം നിർദേശം നൽകിയിട്ടുള്ളതുമാണ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം

320(4123) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലുൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഇ.ആർ.എ.3/84/22 എന്ന ഫയലിന്മേൽ പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലുൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ഇ.ആർ.എ.3/84/22/ത.സ്വ.ഭ.വ. എന്ന ഫയലിന്മേൽ പരിശോധിച്ചുവരികയാണ്.

(ബി) ജീവനക്കാരുടെ സ്പാർക്ക്, ജി-സ്പാർക്ക് ഡാറ്റയുടെ ഇന്റർ ട്രാൻസ്ഫറബിലിറ്റി സംബന്ധിച്ച നിർദേശങ്ങളിൽ അഭിപ്രായം ലഭ്യമാക്കാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട

പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ വിശദീകരണം നൽകാമോ?

സ്പാർക്ക്, ജി-സ്പാർക്ക് ട്രാൻസ്ഫറബിലിറ്റി സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലുൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര പരിഹാരം കാണാൻ ധനകാര്യ വകുപ്പുമായി യോജിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി

321(4124) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതിക്കായുള്ള 4515-00-102-49 നമ്പർ ബജറ്റ് ശീർഷകത്തിലേക്ക് 2021-22 സാമ്പത്തിക വർഷംമുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചുവെന്നതും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

തദ്ദേശസ്വയംഭരണ വകുപ്പ് നിയമിച്ച ഇന്റേൺസിന്റെ വേതനം

322(4125) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തുടങ്ങിയ സംരംഭങ്ങളുടെ കണക്ക് തിട്ടപ്പെടുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് ഇന്റേൺസിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇവർക്ക് നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ?

സംരംഭങ്ങളുടെ കണക്ക് തിട്ടപ്പെടുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് വഴി ഇന്റേൺസിനെ നിയമിച്ചിട്ടില്ല. എന്നാൽ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭങ്ങൾ തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കുവേണ്ട സഹായങ്ങൾ നൽകുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ്, എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 1153 പ്രൊഫഷണലുകളെ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് (EDE)-കളായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 2022-2023 സാമ്പത്തികവർഷം ഒരു വർഷ കാലയളവിൽ കരാറടിസ്ഥാനത്തിൽ 20,000/- രൂപ പ്രതിമാസ വേതനത്തിലാണ് ഇവരെ നിയമിച്ചിരുന്നത്. അതിനുശേഷം 2023-2024, 2024-2025 സാമ്പത്തികവർഷങ്ങളിൽ പ്രതിമാസം 22,000/- രൂപ വേതനത്തിൽ കരാർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ കുടുംബശ്രീ സംരംഭങ്ങൾ

323(4126) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ കുടുംബശ്രീ ജില്ലാ മിഷനുകീഴിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഓരോ സംരംഭത്തിനും നൽകിയ തുക വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ കുടുംബശ്രീ ജില്ലാ മിഷനുകീഴിൽ 107 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിൽ 17 സംരംഭങ്ങൾക്കായി 11,44,400/- രൂപ നൽകിയിട്ടുണ്ട്. തുക നൽകിയ സംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സംരംഭകയുടെ പേര്	സംരംഭത്തിന്റെ പേര്	അനുവദിച്ച തുക
1	സുജിത	വീട്ടിലെ ഊണ്	50000/-
2	സിബിലി	എയ്ഞ്ചൽസ് ബ്യൂട്ടിപാർലർ	50000/-
3	ശാന്തകുമാരി	ടെയ്ലറിങ്	50000/-
4	സുചിത്ര	ഫിഷ് ഫാമിങ്	50000/-
5	പുഷ്പ	പുഷ്പമ്മാസ് കറിപൗഡർ	50000/-
6	സിജി	സിജീസ് കളക്ഷൻസ്	50000/-
7	സൗദാബി	സ്റ്റാർ ഷൈൻ ലിക്വിഡ്	50000/-
8	ജയകല	ആദി സ്റ്റോർ	50000/-
9	സജ്ന	ഗോൾഡൻ ബ്ലൂം	50000/-
10	സുധ	ഷീ ലുക്സ്	50000/-

11	ജസീന	ബീവി ഫുഡ്സ്	40000/-
12	റസിയ	നേഹ പിക്കിൾസ്	40000/-
13	സുബൈദ	സ്നാക്സ്	40000/-
14	സലീം	സോഡ & സോഫ്റ്റ് ഡ്രിങ്ക്സ്	74400/-
15	അബ്ദുൾ റഹിമാൻ	ബേക്കറി & ക്ലൂബാർ	200000/
16	മുഹമ്മദ് അർഷാദ്	റെഡിമെയ്ഡ് ഷോപ്പ്	100000/
17	പ്രിയ, അഖില, സിന്ധു, സജിത, പ്രതിഭ, ശോഭന	സ്ത്രീ ശക്തി പ്ലേറ്റ് യൂണിറ്റ്	150000/
	ആകെ		11,44,400/-

(ബി) പ്രസ്തുത സംരംഭങ്ങളുടെ ഏതെങ്കിലും ഉൽപന്നം ബ്രാൻഡ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ബ്രാൻഡ് ചെയ്തിട്ടില്ല.

(സി) നിയോജകമണ്ഡലത്തിൽ ഇക്കാലയളവിൽ കുടുംബശ്രീ ജില്ലാ മിഷന്റെകീഴിൽ എത്ര പേർക്ക് വിവിധ നൈപുണ്യ പരിശീലനങ്ങൾ നൽകിയെന്ന് വിശദമാക്കാമോ?

കുടുംബശ്രീ ജില്ലാ മിഷന്റെ കീഴിൽ 85 പേർക്ക് വിവിധ നൈപുണ്യ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

അജൈവ മാലിന്യശേഖണ സംവിധാനം

324(4127) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് വലുതും ചെറുതുമായി എത്ര മാലിന്യ നിർമ്മാർജന പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് വലുതും ചെറുതുമായി 1139 പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. തുമ്പൂർമുഴി പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, റെൻഡറിങ് പ്ലാന്റുകൾ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണ ഫാക്ടറി (CKCL)-Kunnamthaanam G.P. (കിൻഫ്രാ വ്യവസായ പാർക്ക്, പത്തനംതിട്ട), STP, FSTP, Windrow Composting Unit, Robobin Bio Waste Treatment, Aerobic Composting Units, CBG Plant, BSF Plant, സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റുകൾ, RDF പ്ലാന്റുകൾ എന്നിവ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളുടെ വിശദാംശം അറിയിക്കുമോ; ഇത്രയും മാലിന്യം ശേഖരിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 2174 TPD അജൈവ മാലിന്യം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. പ്രസ്തുത മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ വാർഡുതലത്തിലെ മിനി എം.സി.എഫ്.-കൾ, തദ്ദേശ സ്ഥാപന തലത്തിലെ എം.സി.എഫ്.-കൾ, ആർ.ആർ.എഫ്.-കൾ എന്നിവിടങ്ങളിൽ ക്ലീൻ കേരള കമ്പനി തുടങ്ങിയ ഏജൻസികൾക്ക് കൈമാറുന്നതുവരെ സൂക്ഷിക്കുന്നു. MCF, RRF-ൽ നടത്തുന്ന രണ്ടാം തരംതിരിവിലൂടെ പുനഃചംക്രമണയോഗ്യമായവ റീസൈക്ലിങ്ങിനായിട്ടും പുനഃചക്രമണയോഗ്യമല്ലാത്തതും

കലോറിഫിക് മൂല്യമുള്ളതുമായ മാലിന്യം സിമന്റ് ഫാക്ടറികളിലെ ചൂളകളിൽ ഇന്ധനമായി ഉപയോഗിക്കാവുന്ന RDF ആയും കൈമാറുന്നു.

(സി) പ്രസ്തുത സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് പഠനം നടത്തുമോ?

കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (KSWMP)-യുടെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക റിവ്യൂ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശങ്ങളിലും ഗ്യാപ് അനാലിസിസ് നടത്തിയതിൽ മതിയായ മിനി എം.സി.എഫ്.-കളുടെ അപര്യാപ്തത, എം.സി.എഫ്.-കളിലെ സ്ഥല പരിമിതി, ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ MCF/RRF-കളിലെ മെഷിനറികളുടെ അപര്യാപ്തത, അഗ്നി സുരക്ഷാ സംവിധാനങ്ങളുടെ വിടവ്, ചിലയിടങ്ങളിൽ പൊതുജനങ്ങളുടെ എതിർപ്പ്, FSTP/STP എന്നിവയുടെ അപര്യാപ്തത എന്നിവ കണ്ടെത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പഠനത്തിൽ പര്യാപ്തമല്ലെന്ന് കണ്ടെത്തുന്നപക്ഷം അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള MCF/RRF-കളിലെ നിലവിലെ അനുബന്ധ സൗകര്യങ്ങളുടെ പോരായ്മകൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ ശേഖരിക്കുകയും അത് നികത്തുന്നതിലേക്കാവശ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സംബന്ധമായ വിഷയം പരിഹരിക്കുന്നതിന് പുറമ്പോക്ക് സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർമാർ മുഖാന്തരം

സ്വീകരിച്ചുവരുന്നു.

പാറശാല നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ

325(4128) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫണ്ടിനം, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവയുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) നിയോജകമണ്ഡലത്തിൽ 2016 മേയ് മാസം മുതൽ 2025 മാർച്ച് മാസം വരെ എം.എൽ.എ. എ.ഡി.എഫ്., എസ്.ഡി.എഫ്. എന്നിവ മുഖേന അനുമതി ലഭ്യമായ പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാത്തതും നടപ്പാക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; അതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

326(4129) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്രപേർ തൊഴിലെടുക്കുന്നുണ്ടെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇവർക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ?

നടപ്പുസാമ്പത്തിക വർഷം ഫെബ്രുവരി 28 വരെയുള്ള കണക്കുകൾ പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 55928 തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ആകെ 2161854 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതുപ്രകാരം ഒരാൾക്ക് ശരാശരി 38.65 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം

327(4130) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ വേതനമാണ് മുടങ്ങിയിട്ടുള്ളതെന്നും വേതനം മുടങ്ങാനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ?

ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം കേന്ദ്ര സർക്കാർ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. 2024 ഡിസംബർ മുതൽ കേന്ദ്രസർക്കാർ വേതന വിതരണം നടത്തിയിട്ടില്ല. 06-03-2025 തീയതിയിലെ കണക്കുപ്രകാരം 43394.73 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിൽനിന്നും തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേതന കുടിശ്ശികയായി ലഭിക്കാനുള്ളത്.

(ബി) മുടങ്ങിയ വേതനം എപ്പോൾ വിതരണം ചെയ്യുമെന്ന് അറിയിക്കുമോ?

കേന്ദ്ര സർക്കാർ കൂടിശ്ശിക തുക അനുവദിക്കുന്നമുറയ്ക്ക് തൊഴിലുറപ്പ് തൊഴിലാളികൾക്ക് DBT (Direct Beneficiary Transfer) സംവിധാനം മുഖേന അവരവരുടെ അക്കൗണ്ടിലേക്ക് നേരിട്ട് വേതനം ലഭ്യമാകുന്നതാണ്.

കോന്തുരുത്തി പുഴയുടെ കരകളിൽ താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി

328(4131) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ കോന്തുരുത്തി പുഴയുടെ കരകളിലും മറ്റുമായി വർഷങ്ങളായി താമസിച്ചിരുന്നവരുടെ പുനരധിവാസം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായെന്ന് അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) കോന്തുരുത്തി പുഴയിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. ജെ. ടോമി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C)1812/2016 നം. കേസിൽ ഒരു വർഷത്തിനകം പുഴ പുറമ്പോക്ക് കൈയേറി താമസിക്കുന്നവരെ പുനരധിവസിപ്പിച്ച് കൈയേറ്റങ്ങളൊഴിപ്പിക്കുന്നതിനും പുഴ പുനരുദ്ധരിക്കുന്നതിനും ഉത്തരവായിരുന്നു. കോടതി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുനരധിവാസത്തിന് അർഹരായി കണ്ടെത്തിയ 122 പേരിൽ ലൈഫ് ഭ്രരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട 56 കുടുംബങ്ങൾ ഒഴികെയുള്ളവരെ ഗുണഭോക്തൃ

പട്ടികയിലുൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിക്കൊണ്ടും അർഹരായ 122 കുടുംബങ്ങൾക്ക് പള്ളുരുത്തി വില്ലേജിൽ 144/1, 144/5, 144/10 എന്നീ സർവെ നമ്പരുകളിലായി ജി.സി.ഡി.എ., കൊച്ചി നഗരസഭക്ക് കൈമാറിയ ഒരേക്കർ 38 സെന്റ് 200 സ്ക്വയർ ലിങ്ക്സ് സ്ഥലത്ത് ലൈഫ് ഭവന സമുച്ചയം കൊച്ചി നഗരസഭ മുഖേന നിർമ്മിക്കുവാൻ തത്വത്തിൽ അനുമതിയും അതിന് ലൈഫ് മിഷന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഫണ്ട്, ധനകാര്യ വകുപ്പിന്റെ അനുമതിക്ക് വിധേയമായി, ലൈഫ് പാർപ്പിട മിഷൻ (അർബൻ) 4217-60-051-95-പ്ലാൻ എന്ന ശീർഷകത്തിൽ ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽനിന്നും കൊച്ചി നഗരസഭക്ക് ലൈഫ് മിഷൻ കൈമാറുന്നതിനുള്ള അനുമതിയും നൽകിക്കൊണ്ട് 24-06-2022-ലെ സ.ഉ.(കൈ.)നം.132/2022/എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുനരധിവസിപ്പിക്കുന്നതിന് അർഹരായ 122 പേരുടെ പട്ടിക കൊച്ചിൻ നഗരസഭ തയ്യാറാക്കുകയും കൊച്ചി നഗരസഭയും എറണാകുളം ജില്ലാ ഭരണകൂടവും സംയുക്തമായി തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്തു. എന്നാൽ അവസാനഘട്ടത്തിൽ കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കാൻ ജി.സി.ഡി.എ., കൊച്ചി നഗരസഭക്ക് കൈമാറിയതും ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാൻ കൊച്ചി കോർപ്പറേഷൻ ഡി.പി.ആർ. തയ്യാറാക്കിയതുമായ ഭൂമി Critically Vulnerable Coastal Area (CRZ-1A)-യിൽ ഉൾപ്പെട്ട സ്ഥലമാണെന്ന് KCZMA റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി ഉത്തരവ് നടപ്പാക്കാൻ സാധിച്ചിരുന്നില്ല. പുനരധിവാസത്തിനായി സ്ഥലം കണ്ടെത്തുന്നതിന് കൊച്ചി കോർപ്പറേഷൻ നിരന്തര ശ്രമം നടത്തിയിരുന്നു. പുതുവൈപ്പ് വില്ലേജ്, വാഴക്കാല തുടങ്ങിയ സ്ഥലങ്ങൾ പുനരധിവാസത്തിനായി പരിഗണിച്ചിരുന്നെങ്കിലും ചതുപ്പ്, CRZ-ൽ ഉൾപ്പെട്ടവ,

പുനരധിവസിപ്പിക്കുന്നവരുടെ എതിർപ്പ് ഇവമൂലം സ്ഥലം കണ്ടെത്താനായില്ല. ലൈഫ് ഭവന സമുച്ചയം മുഖേനയുള്ള പുനരധിവാസം സാധ്യമാകാത്ത സാഹചര്യത്തിൽ നിലവിലെ നിയമ പ്രകാരം കൈയേറ്റം ഒഴിപ്പിക്കുമ്പോൾ ഒഴിഞ്ഞുപോകുന്നവർക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിലവിലെ നിയമ പ്രകാരം കോർപ്പറേഷൻ പരിധിയിൽ ഭൂമി വാങ്ങുന്നതിനായി പരമാവധി ഒരു കുടുംബത്തിന് (ജനറൽ വിഭാഗം) 5.25 ലക്ഷം രൂപയും (സ.ഉ. (കൈ.)നം.115/2022/ത.സ്വ.ഭ.വ.) ലൈഫ് മിഷൻ മാനദണ്ഡപ്രകാരം വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപ ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമെ നൽകാൻ സാധിക്കുകയുള്ളൂ എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് കോടതിയെ അറിയിച്ചിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 19-07-2024-ലെ ഇടക്കാല ഉത്തരവ് പ്രകാരം ലീഗൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സബ്കളക്ടർ ഫോർട്ട് കൊച്ചി, അഡീഷണൽ സെക്രട്ടറി റവന്യൂ വകുപ്പ്, മെമ്പർ സെക്രട്ടറി ലീഗൽ സർവീസ് അതോറിറ്റി എന്നിവർ അംഗങ്ങളായ ഒരു സമിതി രൂപീകരിച്ച് തുക വിഭജിച്ചുനൽകി കൈയേറ്റഭൂമി തിരിച്ചുപിടിക്കുന്നതിൽ തീരുമാനമെടുക്കാൻ നിർദേശിച്ചിരുന്നു. പരമാവധി ഒരു കുടുംബത്തിന് ലൈഫ് മിഷൻ മാനദണ്ഡപ്രകാരം വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപ ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമെ സർക്കാർ തലത്തിൽ നൽകാൻ സാധിക്കുകയുള്ളൂ എന്ന സാഹചര്യം വിശദമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽകൂടിയ യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിലെ ഒഴിവുകൾ

329(4132) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള വിവിധ തസ്തികകളിൽ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽനിന്നും നിയമനശിപാർശ ലഭ്യമാകുന്നമുറയ്ക്ക് യഥാസമയം ബന്ധപ്പെട്ട ഉദ്യോഗാർഥികൾക്ക് നിയമനം നൽകാറുണ്ടെന്നും അപ്രകാരം നിയമനഉത്തരവ് നൽകുന്ന ഉദ്യോഗാർഥികളിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തവരുടെ വിവരങ്ങൾ ബന്ധപ്പെട്ട കാര്യാലയങ്ങളിൽനിന്നും ശേഖരിച്ച് കാലതാമസം കൂടാതെതന്നെ എൻ.ജെ.ഡി. ഒഴിവായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസ്ഥലംമാറ്റത്തിന് മിശ്രവിവാഹിതർക്കുള്ള ഇളവുകൾ

330(4133) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും

എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷയിൽ മിശ്രവിവാഹിതർക്ക് എന്തൊക്കെ ഇളവുകളുണ്ടെന്ന് വിശദമാക്കാമോ?

16-03-2024-ലെ സ.ഉ.(കൈ.)നം.46/2024/എൽ.എസ്.ജി.ഡി. ഉത്തരവിന്റെ ഖണ്ഡിക 9(ii) പ്രകാരം പ്രത്യേക മുൻഗണന അർഹിക്കുന്നവരെ സംബന്ധിച്ച പട്ടിക(2)-ൽ ക്രമ നമ്പർ 14-ൽ മിശ്രവിവാഹിതർക്ക് മിശ്രവിവാഹിതരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം പ്രത്യേക മുൻഗണനയായി 30 മാർക്ക് നൽകിയിട്ടുണ്ട്.

(ബി) മിശ്രവിവാഹിതരായ തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് ഒരേ ഓഫീസിൽ എത്ര വർഷംവരെ തുടരാനാകുമെന്ന് വ്യക്തമാക്കാമോ?

16-03-2024-ലെ സ.ഉ.(കൈ)നം.46/2024/എൽ.എസ്.ജി.ഡി. ഖണ്ഡിക 2 (ബി)-യിൽ "ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി/തസ്തികയിൽ അതത് വർഷം മാർച്ച് 31-ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മിശ്രവിവാഹിതരായ ജീവനക്കാർക്ക് ഈ നിബന്ധനയിൽ പ്രത്യേക ഇളവുകളൊന്നും നൽകിയിട്ടില്ല.

തിരൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക

331(4134) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

2024-25 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനം	2024-2025 വർഷത്തിൽ നാളിതുവരെ ലഭ്യമായ തുക
1	തിരൂർ നഗരസഭ	8,43,22,000
2	വളവന്നൂർ ഗ്രാമപഞ്ചായത്ത്	5,32,11,879
3	കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്	7,22,13,000
4	വെട്ടം ഗ്രാമപഞ്ചായത്ത്	6,75,37,000
5	തലക്കാട് ഗ്രാമപഞ്ചായത്ത്	81704000
6	തിരുനാവായ ഗ്രാമപഞ്ചായത്ത്	9,63,70,000
7	ആതവനാട് ഗ്രാമപഞ്ചായത്ത്	8,52,67,000
ആകെ		54,06,24,879

(ബി) 2024-25 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ ഇനി ചെലവഴിക്കാൻ ബാക്കിയുണ്ടോയെന്നും അനുവദിച്ചിട്ടുള്ള തുകയിൽ ഇനി എത്ര തുക ബാക്കി നൽകാനുണ്ടെന്നും അറിയിക്കുമോ?

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനം	ചെലവഴിക്കാൻ ബാക്കിയുള്ള തുക	2024-2025 വർഷത്തിൽ അനുവദിച്ച തുകയിൽ ഇനി ലഭിക്കാനുള്ള തുക
1	തിരൂർ നഗരസഭ	1,77,89,688	4,60,80,000 (സി.എഫ്.സി. ഗ്രാന്റ്)
2	വളവന്നൂർ ഗ്രാമപഞ്ചായത്ത്	2,52,76,824	0

3	കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്	3,30,00,974	0
4	വെട്ടം ഗ്രാമപഞ്ചായത്ത്	3,18,76,148	0
5	തലക്കാട് ഗ്രാമപഞ്ചായത്ത്	4,13,47,951	0
6	തിരുനാവായ ഗ്രാമപഞ്ചായത്ത്	4,31,06,031	0
7	ആതവനാട് ഗ്രാമപഞ്ചായത്ത്	3,74,17,475	0
ആകെ		22,98,15,091	4,60,80,000

(സി) 2025-26 സാമ്പത്തികവർഷം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ?

ക്രമ നം.	തദ്ദേശസ്വയംഭരണസ്ഥാപനം	2025-2026 വർഷം നീക്കി വയ്ക്കപ്പെട്ടിട്ടുള്ള തുക
	തിരൂർ നഗരസഭ	15,27,04,000
	വളവന്നൂർ ഗ്രാമപഞ്ചായത്ത്	6,86,96,000
	കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്	5,60,63,000
	വെട്ടം ഗ്രാമപഞ്ചായത്ത്	9,47,00,000
	തലക്കാട് ഗ്രാമപഞ്ചായത്ത്	6,57,27,000
	തിരുനാവായ ഗ്രാമപഞ്ചായത്ത്	8,57,19,000
	ആതവനാട് ഗ്രാമപഞ്ചായത്ത്	8,31,13,000
ആകെ		60,67,22,000

കോങ്ങാട് നിയോജകമണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

332(4135) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-01-2025-ലെ സ.ഉ.(കൈ.)നം.14/25/എൽ.എസ്.ജി.ഡി. പ്രകാരം കോങ്ങാട് നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

(എ&ബി) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി കോങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങളും പുരോഗതിയും സംബന്ധിച്ച വിവരങ്ങളടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു+.

വർക്കല നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ

333(4136) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി വർക്കല നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി വർക്കല നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങളും നിലവിലത്തെ സ്ഥിതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരങ്ങളുമടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു+.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

334(4137) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭ്യമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളാരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കാമോ?

തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള വിശദാംശങ്ങളും നിലവിലത്തെ സ്ഥിതി വിവരങ്ങളുമടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) ഭരണാനുമതി ലഭിച്ച ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രവൃത്തികൾ

335(4138) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവതരിപ്പിച്ച സംസ്ഥാന ബജറ്റുകളിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിർവഹണ ചുമതലയിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണുള്ളതെന്ന് വർഷം, എസ്റ്റിമേറ്റ്, നീക്കിയിരിപ്പ് തുക എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) മറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിഷ്കരണം

336(4139) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവ പരിശോധിച്ചുവരുന്നു.

(ബി) കെട്ടിട നിർമ്മാണ ചട്ടത്തിൽ ജനോപകാരപ്രദമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സംസ്ഥാനത്ത് നടത്തിയ തദ്ദേശ അദാലത്തിൽ ലഭിച്ച അപേക്ഷകളും മറ്റും പരിഗണിച്ച് കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതി വരുത്തുന്നതിനായി 12-11-2024-ലെ സ.ഉ. (സാധാ)നം.2162/2024/എൽ.എസ്.ജി.ഡി. പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട വ്യവസായ-വാണിജ്യ മേഖലയെ സംബന്ധിച്ച ചട്ടങ്ങളിൽ നടത്തിയ കാലോചിതമായ പരിഷ്കാരങ്ങളെപ്പറ്റി വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വ്യവസായ സൗഹൃദമാക്കുന്നതിന് ലൈസൻസ് ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള കരട് ചട്ടങ്ങൾ പരിശോധിച്ചുവരികയാണ്.

(ഡി) പഞ്ചായത്തുകളിൽക്കൂടി കെ-സ്മാർട്ട് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ-സ്മാർട്ട് ആപ്ലിക്കേഷൻ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നതിന്റെ ഭാഗമായുള്ള പൈലറ്റ് ലോഞ്ച് തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 01-01-2025 മുതൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും 2025 മാർച്ച് മാസത്തിൽതന്നെ പൈലറ്റ് ലോഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുതുടർച്ചയായി 2025 ഏപ്രിൽ മുതൽ 940 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലും 14 ജില്ലാ പഞ്ചായത്തുകളിലും കെ-സ്മാർട്ട് വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായമാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(എഫ്) നിലവിൽ പുതിയ കാലത്തെ പല സംരംഭങ്ങൾക്കും ലൈസൻസ് നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ അത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) കടിൽ വ്യവസായങ്ങൾക്കും വീടുകളിലെ മറ്റ് വാണിജ്യ സേവന പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകാൻ വ്യവസ്ഥയില്ലാത്ത സാഹചര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(ഇ-ജി) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരുന്നതിനായി തയ്യാറാക്കിയിട്ടുള്ള കരട് ചട്ടങ്ങൾ പരിശോധിച്ചുവരികയാണ്.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ

337(4140) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽവരുന്ന പ്രദേശങ്ങളിൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടത്താതെ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

13-02-2025-ലെ WM3/35/2025/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന്റെയും മറ്റുവകുപ്പുകളുടെയും പങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളോടൊപ്പംതന്നെ വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ, 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ, ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തലങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി ഫെസിലിറ്റീസ് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും ലക്ഷ്യമിടുന്നുണ്ട്. മാർച്ച് 1-ന് ആരംഭിച്ച് 31-ന് അവസാനിക്കുന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങളും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കൊതുക്, ഈച്ച തുടങ്ങിയ രോഗവ്യാപന സ്വഭാവമുള്ള പ്രാണികളുടെ പ്രജനന സൗകര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഓടകൾ, നീർച്ചാലുകൾ, പൊതുജലാശയങ്ങൾ തുടങ്ങി എല്ലാ ജല നിർഗമന പാതകളും വൃത്തിയാക്കുക, കിണറുകൾ വൃത്തിയാക്കി ക്ലോറിനേഷൻ ചെയ്യുക എന്നിവയ്ക്കുള്ള നടപടികൾ.

വീടുകൾ, സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കുക. മാർച്ച് മാസത്തിലെ 5 ഞായറാഴ്ചകളിലും ഡ്രൈ ഡേ ആചരിക്കുക.

മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായിവരുന്ന ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, ഹരിത സ്ഥാപനം, ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത ടൗൺ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിനുള്ളിൽ പരമാവധി പൂർത്തീകരിച്ച് രോഗവ്യാപന സാധ്യത തടയുന്നതിനുള്ള മാതൃകയാകുക.

ശുചീകരണ പ്രവർത്തനങ്ങൾവഴി ലഭ്യമാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പ്രകാരം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ.

പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പരാതിപ്പെടാനുള്ള സിംഗിൾ വാട്ട്സ് ആപ് നമ്പർ (9446700800) പൊതുജനങ്ങൾക്കിടയിൽ പരമാവധി പ്രചാരണംനടത്തി ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി പരിഹാരം കാണുക.

വസ്തുനികുതിയിനത്തിൽ ലഭിച്ച തുക

338(4141) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷം മുതൽ 2024-25 വരെ ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയായി എത്ര രൂപവീതമാണ് പിരിച്ചെടുത്തത്; കുടിശ്ശികയിനത്തിൽ തുക ലഭിക്കാനുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

2021-22 സാമ്പത്തികവർഷം പിരിച്ചെടുത്ത നികുതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

Demand	Collection	Balance
2098.49 കോടി	959.23 കോടി	1139.17 കോടി

2022-23 സാമ്പത്തികവർഷം പിരിച്ചെടുത്ത നികുതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

Demand	Collection	Balance
2827.28 കോടി	1186.51 കോടി	1640.82 കോടി

2023-24 സാമ്പത്തികവർഷം പിരിച്ചെടുത്ത നികുതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

Demand	Collection	Balance
2642.18 കോടി	985.16 കോടി	1656.89 കോടി

2024-25 സാമ്പത്തികവർഷം പിരിച്ചെടുത്ത നികുതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

Demand	Collection	Balance
2607.01 കോടി	1123.47 കോടി	1533.45 കോടി

("ഡിമാൻഡിൽ നിന്ന് കളക്ഷൻ കുറയ്ക്കുമ്പോൾ ബാലൻസിൽ കാണിക്കുന്ന അധികതുക റവന്യൂ റിക്കവറി നടപടികളുമായി ബന്ധപ്പെട്ട് കോടതി സ്റ്റേ ചെയ്ത തുകയാണ്.")

കൂടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) വസ്തുനികുതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നുൾപ്പെടെ സർവീസ് ചാർജ് ഈടാക്കി വരുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഈയിനത്തിൽ പിരിച്ചെടുക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വസ്തുനികുതിയുടെ പരിധിയിൽവരുന്ന എത്ര കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ പ്രകാരം ഇളവ് നൽകിയിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 'ടേക്ക് എ ബ്രേക്ക്' പദ്ധതി

339(4142) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന്

വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

തദ്ദേശ സ്ഥാപനം	സ്ഥലം	നിലവിലെ സ്ഥിതി
കുറിച്ചി	കുറിച്ചി ഔട്ട് പോസ്റ്റ്	പൂർത്തീകരിച്ചു. പ്രവർത്തനക്ഷമമാണ്
മാടപ്പള്ളി	മാമൂട് ജങ്ഷൻ	പണി പൂർത്തീകരിച്ച് കുടുംബശ്രീയെ ഏൽപ്പിച്ചു. മാർച്ച് മാസം ഉദ്ഘാടനം നടത്തും.
പായിപ്പാട്	ഫിഷ് മാർക്കറ്റ്	നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തിപ്പിക്കുന്നതിനായി പഞ്ചായത്തിന് നിർദേശം നൽകിയിട്ടുള്ളതാണ്.
തൃക്കൊടിത്താനം	അമ്പലത്തിന് സമീപം	പൂർത്തീകരിച്ചു. പ്രവർത്തനക്ഷമമാണ്
	കുന്നുംപുറം ജങ്ഷൻ	പൂർത്തീകരിച്ചു. പ്രവർത്തനക്ഷമമാണ്
ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി	മുനിസിപ്പൽ പാർക്ക്	പൂർത്തീകരിച്ചു. പ്രവർത്തനക്ഷമമാണ്
	പെരുന്ന	പൂർത്തീകരിച്ചു. പ്രവർത്തനക്ഷമമാണ്

ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

340(4143) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നത് ഏത് റൂൾ അടിസ്ഥാനപ്പെടുത്തിയാണ്; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ നിലവിലില്ല. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ശക്തീകരിച്ച് ഇ-ഗവേണൻസ് പരിപാടികൾ നടപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി 12-08-1999-ലെ ജി.ഒ.(എം.എസ്.)നമ്പർ 38/99/പ്ലാനിങ് സർക്കാർ ഉത്തരവ് (അനുബന്ധമായി ചേർക്കുന്നു+) പ്രകാരം പ്ലാനിങ് ബോർഡിനുകീഴിൽ സി-ഡിറ്റിന്റെ ഒരു പ്രോജക്ടായാണ് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) രൂപീകരിച്ചത്. ഓരോ വർഷവും സർക്കാർ എക്സ്റ്റൻഷൻ നൽകി മുന്നോട്ടുപോകുന്ന രീതിയായതിനാൽ നിർവചിക്കപ്പെട്ട സേവന വേതന സംവിധാനം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. മിഷൻ മോഡ് പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ ജോലികൾക്കായി ജീവനക്കാരെ നിയോഗിക്കുന്നതിന് അധികാരം അന്നത്തെ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർക്കായിരുന്നു. ഇത് 28-01-2004-ലെ സ.ഉ. (എം.എസ്.)നം.46/2004/ത.സ്വ.ഭ.വ. (അനുബന്ധമായി ചേർക്കുന്നു+) പ്രകാരം സർക്കാർ അംഗീകരിച്ച Memorandum of Understanding-e Clause-3 3.4-ൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഇൻഫർമേഷൻ കേരള മിഷനിൽ ആകെ എത്ര സ്ഥിരം ജീവനക്കാരുണ്ട്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും ശമ്പള സ്കെയിലും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) ഇൻഫർമേഷൻ കേരള മിഷനിലെ കോൺട്രാക്ട്, ഡെയിലി വേജസ് ജീവനക്കാർ എത്രയാണ്; പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും ശമ്പളവും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഇൻഫർമേഷൻ കേരള മിഷനിലെ കോൺട്രാക്ട് വ്യവസ്ഥയിൽ 49 ജീവനക്കാരും ദിവസവേതനത്തിൽ 2 ജീവനക്കാരും ജോലിചെയ്യുന്നു. ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ഡി) ഇതിൽ 10 വർഷം പൂർത്തിയായ എത്ര ജീവനക്കാരാണുള്ളത്; ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

10 വർഷം പൂർത്തിയാക്കിയ 1 ദിവസവേതന ജീവനക്കാരി നിലവിലുണ്ട്. ദിവസവേതന ജീവനക്കാരിയായതിനാൽ സ്പെഷ്യൽ റൂൾ പ്രൊപ്പോസലിൽ ഇവരെ ഉൾപ്പെടുത്തിയിട്ടില്ല.

പാക്കോയി പാലം നിർമ്മാണം

341(4144) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാക്കോയി പാലത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതിയും പ്രസ്തുത നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനം എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വാണിമേൽ ഭാഗത്തേക്കുള്ള അപ്രോച്ച് റോഡിന്റെ പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുഴപുറമ്പോക്ക് ഭൂമിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

342(4145) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുഴപ്പുറമ്പോക്ക് ഭൂമിയിലെ നിർമ്മാണ പ്രവർത്തനം, ഭൂമി കൈമാറ്റം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പുഴപുറമ്പോക്ക് ഭൂമിയിൽ ജലഗതാഗതം, വിനോദസഞ്ചാരം എന്നീ ആവശ്യങ്ങൾക്ക് വികസന പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ?

(എ&ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 218(1), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 208 എ(1) എന്നിവ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള പുഴപുറമ്പോക്ക് ഭൂമി മേൽപറഞ്ഞ വകുപ്പിലെ (3)-ാം ഉപവകുപ്പനുസരിച്ച് സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചശേഷവും അതിന് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക്

അർഹമായ പരിഗണന നൽകിയശേഷവും ഏതൊരു പൊതുജല സ്രോതസ്സിന്റെയും അതിന് തൊട്ടടുത്തുള്ളതും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെയും ഭരണം ഏറ്റെടുക്കാവുന്നതാണെന്ന് വ്യവസ്ഥചെയ്യുന്നു. എന്നാൽ പ്രസ്തുത ഭൂമിയിലെ നിർമ്മാണ പ്രവർത്തനം, ഭൂമി കൈമാറ്റം എന്നിവ സംബന്ധിച്ച് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

നെന്മാറ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിഭാഗത്തിലെ ഒഴിവുകൾ

343(4146) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ് വിഭാഗത്തിൽ വിവിധ ഓഫീസുകളിലായി ഏതെല്ലാം തസ്തികകളിലാണ് നിലവിൽ ഒഴിവുകളുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ് വിഭാഗത്തിൽ 3 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നെന്മാറ ബ്ലോക്ക് പഞ്ചായത്ത്- ഓവർസിയർ ഗ്രേഡ് II: 1 ഒഴിവ്

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്- ഓവർസിയർ ഗ്രേഡ് II: 1 ഒഴിവ്

ഓവർസിയർ ഗ്രേഡ് III: 1 ഒഴിവ്

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതാണ്.

ചോട്ടിലപ്പാറ പാലം നിർമ്മാണം

344(4147) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ചൂണ്ടൽ പഞ്ചായത്ത് 15-ാം വാർഡിലെ ചോട്ടിലപ്പാറ പാലം നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ചോട്ടിലപ്പാറ പാലം നിർമ്മാണ പ്രവൃത്തി നിലവിൽ പൈലിങ് പൂർത്തീകരിച്ചുകൊണ്ട് നിയമാനുസൃതമായ ടെസ്റ്റുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക, കരാർ വച്ച തീയതി, നിർമ്മാണം ആരംഭിച്ച തീയതി എന്നിവ അറിയിക്കാമോ;

(സി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) അടങ്കൽ തുക 2.90 കോടി രൂപ, കരാർ തീയതി 29-12-2023. പ്രസ്തുത നിർമ്മാണ പ്രവൃത്തി 07-12-2024-ലാണ് ആരംഭിച്ചത്. 31-10-2025-ന് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പഞ്ചായത്ത് തലത്തിലെ ഇ-സേവനങ്ങൾ

345(4148) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തലത്തിലെ ഇ-സേവനങ്ങളെക്കുറിച്ച് ഓരോ കുടുംബത്തിലും ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി പ്രത്യേകം പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇങ്ങനെയൊരു പദ്ധതി പ്രാബല്യത്തിൽ വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

ഗ്രാമപഞ്ചായത്തുകളെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പഞ്ചായത്തുകളാക്കി മാറ്റുന്നതിനും സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കി വിവരസാങ്കേതികവിദ്യയുടെ ഗുണങ്ങൾ അവരിലേക്ക് ഫലപ്രദമായി വ്യാപിപ്പിച്ച് അവരുടെ ശക്തീകരണം ഉറപ്പാക്കുകയും സർക്കാർ നൽകുന്ന ദൈനംദിന സേവനങ്ങൾ എളുപ്പത്തിൽ ഉപയോഗിക്കുന്നതിനും വികസന പദ്ധതികളിൽ പങ്കാളികളായി അതിന്റെ ഫലങ്ങൾ അനുഭവവേദ്യമാക്കുന്നതിനും "ഡിജി കേരളം-സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പദ്ധതി" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) നിലവിൽ കെട്ടിട നികുതി അടച്ച രസീത് നഷ്ടപ്പെട്ടാൽ അതിന്റെ പകർപ്പ് നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് മാത്രമേ സാധിക്കുന്നുള്ളൂ എന്നതുകൊണ്ട് അത്യാവശ്യക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

വസ്തുനികുതി അടച്ച രസീത് നഷ്ടപ്പെട്ടാൽ അതിന്റെ പകർപ്പ് നൽകുന്നതിന്

പഞ്ചായത്ത് സെക്രട്ടറിക്ക് മാത്രമെ സാധിക്കുന്നുള്ളൂ എന്നതുകൊണ്ട് അത്യാവശ്യക്കാർ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വസ്തുനികുതി രസീത് നഷ്ടപ്പെട്ടാൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി ILGMS സോഫ്റ്റ്വെയറിൽ സെക്രട്ടറിയുടെ അംഗീകാരത്തോടെ രസീത് പകർപ്പ് അനുവദിക്കുന്നതിനുള്ള ക്രമീകരണം നിലവിലുണ്ട്. നഗരസഭകളിലും കോർപ്പറേഷനുകളിലും കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ സിറ്റിസൺ ലോഗിനിൽനിന്നും തുക അടവാക്കിയ രസീതിന്റെ പകർപ്പ് എത്ര തവണ വേണമെങ്കിലും ഡൗൺലോഡ് ചെയ്യാവുന്നതാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഏപ്രിൽ 2025 മുതൽ കെ-സ്മാർട്ട് നടപ്പാക്കുന്നതിനാൽ പ്രസ്തുത സൗകര്യം ഗ്രാമപഞ്ചായത്തുകളിലും ഏപ്രിൽ 2025 മുതൽ ലഭ്യമാകുന്നതാണ്.

കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം

346(4149) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ബജറ്റിൽ അനുവദിച്ചിട്ടുള്ള കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് കുണ്ടറ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തുകൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; അതിനായി ചേർന്നിട്ടുള്ള യോഗനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 ബജറ്റിൽ അനുവദിച്ചിട്ടുള്ള കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ, ത്രിതല

പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 06-08-2024-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ഇളമ്പള്ളൂർ വില്ലേജിൽപ്പെട്ട സ്വകാര്യ വ്യക്തിയുടെ സ്ഥലം അനുയോജ്യമാണെന്ന് കെ.എസ്.ആർ.ടി.സി. പ്രതിനിധി ഉൾപ്പെടുന്ന കമ്മിറ്റി കണ്ടെത്തുകയുണ്ടായി. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത സ്ഥലത്തിന്റെ സർവെ നമ്പരും പ്രവേശനമാർഗം ഉൾപ്പെടെയുള്ള സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

വേളം ഗ്രാമപഞ്ചായത്തിലെ അരമ്പോൽ സ്കൂൾ കെട്ടിട നിർമ്മാണം

347(4150) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വേളം ഗ്രാമപഞ്ചായത്തിലെ അരമ്പോൽ സ്കൂൾകെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചയുടനെ നിലച്ചുപോയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വേളം ഗ്രാമപഞ്ചായത്തിലെ അരമ്പോൽ ജി.എൽ.പി. സ്കൂൾകെട്ടിട നിർമ്മാണ പ്രവൃത്തി നിലച്ചിട്ടില്ല. പ്ലിന്ത് ബീം കോൺക്രീറ്റ് പൂർത്തീകരിച്ച് പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തി അടിയന്തരമായി

പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കുണ്ടറ ഗ്രാമപഞ്ചായത്തിലെ സെൻസസ് അപാകത

348(4151) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ സെൻസസിൽ കുണ്ടറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ തെറ്റായി രേഖപ്പെടുത്തിയതുമൂലം പട്ടികജാതി പദ്ധതിവിഹിതത്തിൽ കുറവുവന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വാർഷിക പദ്ധതിയിൽ ലഭ്യമായ പട്ടികജാതി ഉപപദ്ധതി വിഹിതം സെൻസസ് അപാകതമൂലം കുറവുവന്നത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് കുണ്ടറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ അപേക്ഷിച്ചിരുന്നു. ഇത്തരത്തിൽ അപാകത ഉണ്ടായിട്ടുണ്ടോയെന്ന് വിശദമായി പരിശോധിക്കുന്നതിനായി പേരയം, കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പ്രസിഡന്റുമാർ, പേരയം, മുളവന വില്ലേജ് ഓഫീസർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ചിറ്റുമല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ യോഗം ജില്ലാകളക്ടറുടെ നേതൃത്വത്തിൽ അടിയന്തരമായി വിളിച്ചുചേർത്ത് ഓരോ ഗ്രാമപഞ്ചായത്തിലെയും 2011-ലെ ജനസംഖ്യ സംബന്ധിച്ച കണക്ക് നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച് തുടർനടപടികൾക്കായി ധനവകുപ്പിന് നൽകാൻ കൊല്ലം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ

12-02-2025-ന് ബഹുമാനപ്പെട്ട ജില്ലാകളക്ടർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിട്ടുള്ളതും തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടറും പട്ടികജാതി വികസന ഓഫീസറും സംയുക്ത പരിശോധനനടത്തി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിങ് ബോർഡ് എന്നിവർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനും പകർപ്പ് ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളിൽ നികത്തേണ്ടതായ ജനപ്രതിനിധികളുടെ എണ്ണം നിശ്ചയിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വിജ്ഞാപനം ഇറക്കിയപ്പോൾ സെൻസസിലുണ്ടായ അപാകതമൂലം പട്ടികജാതി വനിതകൾക്ക് സംവരണം ചെയ്യേണ്ട രണ്ട് സ്ഥാനങ്ങൾ കുണ്ടറ ഗ്രാമപഞ്ചായത്തിൽ നഷ്ടപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സെൻസസ് വകുപ്പിൽനിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതുക്കിയ അംഗസംഖ്യ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. 2011-ലെ സെൻസസ് പ്രകാരം കുണ്ടറ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 14651-ഉം പട്ടികജാതി ജനസംഖ്യ 1110-ഉം ആണ്. 2011-ലെ സെൻസസ് ഡാറ്റപ്രകാരം പട്ടികജാതി വിഭാഗത്തിന് ഒന്നിലധികം പ്രാതിനിധ്യം ലഭിക്കുന്നതിനായി നിശ്ചിത അനുപാതം ജനസംഖ്യ കുണ്ടറ ഗ്രാമപഞ്ചായത്തിലില്ല.

വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിക്ക് നിരാക്ഷേപ പത്രം അനുവദിക്കാൻ നടപടി

349(4152) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 2022-23-ലെ ബജറ്റിൽ പദ്ധതിയുടെ 20 ശതമാനം തുക അനുവദിച്ച മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നുള്ള നിരാക്ഷേപ പത്രം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മണലൂർ എം.എൽ.എ. സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ (ആർ.ഇ.) വകുപ്പിന്റെ പരിഗണനയിലുള്ള ആർ.ഇ.2/380/2023/ത.സ്വ.ഭ.വ. നമ്പർ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽത്തന്നെ നിലനിർത്തിക്കൊണ്ട്, ബീച്ച് ടൂറിസം പദ്ധതിക്കായി വിട്ടുനൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ആർ.ഇ.2/380/2023/ത.സ്വ.ഭ.വ. നമ്പർ ഫയൽ ടി വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളതാണ്.

(ഡി) പദ്ധതിക്കുവേണ്ട നിരാക്ഷേപ പത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിക്കുവേണ്ട നിരാക്ഷേപ പത്രം

ലഭ്യമാക്കുന്ന കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാര്യം

350(4153) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ എണ്ണം കാലോചിതമായി പരിഷ്കരിക്കുന്നതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പഞ്ചായത്ത് വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; തദ്ദേശ പൊതു സർവീസ് രൂപീകരിക്കപ്പെട്ട സന്ദർഭത്തിൽ പഞ്ചായത്ത് വകുപ്പിലെ എത്ര തസ്തികകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

പഞ്ചായത്ത് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതോടെ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെതുടർന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അധികംവന്ന തസ്തികകൾ പഞ്ചായത്തുകളിലേക്ക് വിനിയസിക്കേണ്ടതാണെന്നുള്ള 2020-2021-ലെ സംസ്ഥാന ബജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 208 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ടി വകുപ്പിന്റെ കേഡറിൽനിന്ന് കുറവുവരുത്തി അത് പഞ്ചായത്ത് വകുപ്പിൽ 14 ജില്ലകളിലായി പുനർവിന്യസിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 10-11-2022-ലെ സ.ഉ.

(കൈ.)നം.250/2022/എൽ.എസ്.ജി.ഡി. പ്രകാരം 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 താൽക്കാലിക തസ്തിക അനുവദിച്ചിട്ടുള്ളതാണ്. 25-06-2022-ലെ സ.ഉ.(കൈ.)നം.134/2022/എൽ.എസ്.ജി.ഡി. പ്രകാരം പഞ്ചായത്ത് വകുപ്പിൽ അപ്ഗ്രേഡ് ചെയ്ത തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	നിലവിലുണ്ടായിരുന്ന തസ്തിക	അപ്ഗ്രേഡ് ചെയ്ത തസ്തിക
1	ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്	ഡെപ്യൂട്ടി ഡയറക്ടർ
2	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്	അസിസ്റ്റന്റ് ഡയറക്ടർ
3	ഇന്റേണൽ വിജിലൻസ് ഓഫീസർ	അസിസ്റ്റന്റ് ഡയറക്ടർ
4	അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	അസിസ്റ്റന്റ് ഡയറക്ടർ
5	പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ പഞ്ചായത്ത് വകുപ്പ്	അസിസ്റ്റന്റ് ഡയറക്ടർ
6	ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 പഞ്ചായത്ത് വകുപ്പ്	പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1

അധികമായി ഈടാക്കുന്ന കെട്ടിട നികുതി ഒഴിവാക്കുന്നതിന് നടപടി

351(4154) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പാക്കിയ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളിൽനിന്നും മൂന്നിരട്ടി കെട്ടിട നികുതി ഈടാക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അധിക നികുതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ തീരദേശ പരിപാലന നിയമം നടപ്പാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിയമപരമായ കെട്ടിടങ്ങൾക്ക് മൂന്നിരട്ടി കെട്ടിട നികുതി ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് സെക്ഷൻ ആക്ട് സെക്ഷൻ 235 എഎ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരവും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് പ്രസ്തുത തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ, കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതായിരുന്നതെങ്കിൽ അടവാക്കേണ്ട വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിവരുന്ന തുകയും ചേർന്നുള്ള മൂന്നിരട്ടി തുക കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകാൻ കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കുന്നതാണ്. ഇപ്രകാരം തീരദേശ പരിപാലന നിയമം ലംഘിക്കപ്പെട്ട് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മൂന്നിരട്ടി ടാക്സ് ഈടാക്കിവരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 04-09-2024-ലെ സ.ഉ.(കൈ.)നം.115/2024/എൽ.എസ്.ജി.ഡി. പ്രകാരം 60 ച.മീ. വരെയുള്ള അവരവരുടെ സ്വന്തം താമസത്തിനുപയോഗിക്കുന്ന വീടുകൾക്ക് മൂന്നിരട്ടി നികുതി ഈടാക്കേണ്ടതില്ല.

അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി

352(4155) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിച്ച് നീക്കണമെന്നാവശ്യപ്പെട്ട് സ്കൂളധികൃതർ നൽകിയ കത്തിന്മേൽ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി വിശദമാക്കാമോ?

മാവേലിക്കര നഗരസഭയിലെ മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ക്രമീകരിക്കുന്നതിനായി സ്കൂളിന്റെ മുൻവശം നിൽക്കുന്ന തേക്ക് മരങ്ങൾ മുറിച്ചുമാറ്റേണ്ടതുണ്ട്. 12-03-2025-ൽ കൂടിയ ടീ കമ്മിറ്റിയിൽ മരം മുറിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതാണ്. മാവേലിക്കര നഗരസഭ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ടി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം കെട്ടിടം നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായും ടി കെട്ടിടം നിർമ്മിക്കേണ്ട ഭാഗത്തായി ഒരു പാലമരവും മറ്റൊരു പാഴ്മരവും വളർന്നുനിൽക്കുന്നത് കെട്ടിട നിർമ്മാണത്തിന് തടസ്സമാണെന്നും വൃക്ഷങ്ങൾ അടിയന്തരമായി മുറിച്ചുനീക്കണമെന്നുമാവശ്യപ്പെട്ട് 18-02-2025-ന് നൽകിയ കത്തുപ്രകാരം 12-03-2025-ൽ നഗരസഭയിൽ ടീ കമ്മിറ്റി കൂടുകയും കമ്മിറ്റി തീരുമാനപ്രകാരം മേൽപറഞ്ഞ രണ്ടു സ്കൂളുകളിലും കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ടി കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്ന പി.ഡബ്ല്യു.ഡി. ബിൽഡിങ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മാവേലിക്കരയ്ക്ക് നിർദേശം നൽകി കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വൃക്ഷങ്ങൾ മുറിച്ചുനീക്കാത്തതിനാൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് തടസ്സമായി വൃക്ഷങ്ങൾ നിൽക്കുന്നത് സ്കൂളധികൃതർ നൽകിയ കത്തിൽനിന്നുമാണ് അറിയാൻ കഴിഞ്ഞത്. അതുപ്രകാരം അടിയന്തര നടപടി നഗരസഭാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 12-03-2025-നുചേർന്ന നഗരസഭ ട്രീ കമ്മിറ്റി തീരുമാനമെടുത്ത് കെട്ടിട നിർമ്മാണം നടത്തുന്ന പി.ഡബ്ല്യു.ഡി. ബിൽഡിങ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മാവേലിക്കരയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

അമൃത് കുടിവെള്ള പദ്ധതി

353(4156) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈരാറ്റുപേട്ട നഗരസഭയിൽ നടപ്പാക്കുന്ന 20 കോടി രൂപയുടെ അമൃത് കുടിവെള്ള പദ്ധതിയുടെ സർവെ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷനും ണ്ടി 26-09-2023-ൽ

19.183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സർവെ പൂർത്തിയാക്കിയിട്ടുണ്ട്. 20 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അമൃത് 2.0-യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കൊടുവള്ളി നഗരസഭയിലെ നികുതി ഈടാക്കുന്നതുസംബന്ധിച്ച പ്രതിസന്ധി

354(4157) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ കുടിശ്ശികയായ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിനുശേഷം പ്രസ്തുത തുക ഈടാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാൻ പാടില്ലെന്ന് കേരള മുനിസിപ്പാലിറ്റി ആക്ടിലെ 539-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിരിക്കെ, നികുതിയായി കിട്ടാനുള്ള തുക സംബന്ധിച്ച് വർഷങ്ങളായി കക്ഷികൾക്ക് അറിയിപ്പോ നോട്ടീസോ നൽകാതിരിക്കുകയും നാല് മുതൽ പത്ത് വർഷം വരെയുള്ള കുടിശ്ശികയായി ഭീമമായ തുകയടയ്ക്കാൻ കെട്ടിട ഉടമകളോട് നോട്ടീസ് മുഖേന ആവശ്യപ്പെടുകയുംചെയ്യുന്ന കൊടുവള്ളി നഗരസഭയുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൊടുവള്ളി നഗരസഭക്ക് പിരിഞ്ഞുകിട്ടേണ്ടതായ വസ്തുനികുതി പിരിച്ചെടുക്കുന്നതിനായി കെ-സ്മാർട്ട് സോഫ്റ്റ്വെയർ പ്രകാരം ലഭ്യമായ കെട്ടിടങ്ങളുടെ

നാളിതുവരെയുള്ള നികുതി കുടിശ്ശിക സംബന്ധിച്ച ഡിമാൻഡ് നോട്ടീസുകൾ കുടുംബശ്രീവഴി എല്ലാ കെട്ടിട ഉടമകൾക്കും നൽകിയിട്ടുണ്ട്. വിവിധ നികുതി പിരിവ് അവലോകനയോഗങ്ങളിൽ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 100 ശതമാനം വസ്തുനികുതി പിരിച്ചെടുക്കുന്നതിനാണ് എല്ലാ കെട്ടിടങ്ങൾക്കും ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളത്. 12-02-2025-ലെ സ.ഉ.(സാധ)നം.435/2025/എൽ.എസ്.ജി.ഡി. പ്രകാരം വസ്തുനികുതി കുടിശ്ശിക സഹിതം അടയ്ക്കുന്നവർക്ക് പൂർണ്ണമായും ഒറ്റത്തവണ പിഴപലിശ ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാവർക്കും കുടുംബശ്രീ പ്രവർത്തകർവഴി വസ്തുനികുതി ഡിമാൻഡ് നോട്ടീസ് നൽകിയിരിക്കുന്നത്. ഭൂരിഭാഗം കെട്ടിട ഉടമകളും ഡിമാൻഡ് നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വമേധയാതന്നെ വസ്തുനികുതി പൂർണ്ണമായും കുടിശ്ശിക സഹിതം അടവാക്കിയിട്ടുണ്ട്. പല കെട്ടിട ഉടമകളും ഇത്തരം നികുതി കുടിശ്ശിക അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വമേധയാതന്നെ നികുതിപിരിവ് ക്യാമ്പുകളിലും നഗരസഭ ഓഫീസുകളിലുമെത്തി യഥാവിധി നികുതി കുടിശ്ശിക അടച്ചുവരുന്നുമുണ്ട്. ചില കെട്ടിട ഉടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകിയതിൽ മുമ്പ് അടച്ച രസീതുകൾ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ പോസ്റ്റ് ചെയ്യാത്ത സാഹചര്യമുണ്ട്. അത് കക്ഷികൾ അറിയിക്കുന്നമുറയ്ക്ക് രേഖകൾ പരിശോധിച്ച് പോസ്റ്റിങ് നടത്തി നികുതി ക്രമപ്പെടുത്തി നൽകുന്നുണ്ട്. കൊടുവള്ളി നഗരസഭ അനധികൃതമായി ഭീമമായ സംഖ്യ വസ്തുനികുതിയിനത്തിൽ കെട്ടിട ഉടമകളിൽനിന്ന് ഈടാക്കിയിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

(ബി) യഥാസമയം നികുതി പരിഷ്കരണം നടത്താത്തതുമൂലം പ്രസ്തുത നഗരസഭയിൽ നികുതി ഈടാക്കുന്നതിലുണ്ടായിരിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

അതിന് ഉദ്യോഗസ്ഥതല വീഴ്ച കാരണമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉണ്ട്. 2015-ൽ കൊടുവള്ളി ഗ്രാമപഞ്ചായത്തിനെ നഗരസഭയാക്കിയെങ്കിലും വിവിധ കാരണങ്ങളാൽ നഗരസഭയിൽ യഥാസമയം വസ്തുനികുതി പരിഷ്കരണം നടത്തിയിരുന്നില്ല എന്നതൊരു വസ്തുതയാണ്. അതിന്റെ ഫലമായി പരിഷ്കരിച്ച വസ്തുനികുതി ഈടാക്കുന്നതിനും കാലതാമസം നേരിട്ടിട്ടുണ്ട്. ഇതിന്റെഫലമായി നഗരസഭയിലെ കെട്ടിട ഉടമകളിൽനിന്നും മുൻകാല പ്രാബല്യത്തോടെ വസ്തുനികുതി ഈടാക്കേണ്ടിവന്നിട്ടുണ്ട്. നഗരസഭയായതിനുശേഷം വസ്തുനികുതി പരിഷ്കരണംവഴി അടവാക്കേണ്ട നികുതിയിൽനിന്നും കെട്ടിട ഉടമകൾ നേരത്തെ അടവാക്കിയ വസ്തുനികുതി കിഴിച്ച് ബാക്കിവരുന്ന കുടിശ്ശികയാണ് പിന്നീട് ഈടാക്കിയിട്ടുള്ളത്. യഥാവിധി വസ്തുനികുതി പരിഷ്കരണം നടത്താത്തതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതല വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വേസ്റ്റ് മാനേജ്മെന്റ്

355(4158) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം

നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇല്ല. 'Smart Trivandrum'-ന്റെ ഭാഗമായി അനുദിനം നഗരവൽക്കരണവുമായി ബന്ധപ്പെട്ട ഭാവികാല വെല്ലുവിളികൾ മുൻകൂട്ടികണ്ട് ജൈവമാലിന്യ സംസ്കരണ രംഗത്ത് കേന്ദ്രീകൃത പ്ലാന്റുകളുൾപ്പെടെ പരിഗണിച്ചുവരുന്നു. ഗാർഹിക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നൽകിവരുന്ന കിച്ചൻ ബിന്നുകളും കേന്ദ്രീകൃത തുമ്പൂർമുഴി എയറോബിക് പ്ലാന്റുകളും തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. വ്യാപാര സ്ഥാപനങ്ങളിലെ മിച്ചഭക്ഷണശേഖരണം നഗരസഭ അംഗീകരിച്ചതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുള്ളതുമായ ഏജൻസികൾ വഴിയും അജൈവ മാലിന്യശേഖരണം ക്ലീൻ കേരള കമ്പനിവഴിയും നിർവഹിച്ചുവരുന്നു.

(ബി) പ്രസ്തുത ഓഫീസുകളിൽ വേസ്റ്റ് മാനേജ്മെന്റിനുപയോഗിക്കുന്ന കാലഹരണപ്പെട്ട എത്ര വാഹനങ്ങളാണുള്ളത്; പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരസഭ ഫോർട്ട് മെയിൻ ഗ്യാരേജിൽ നിലവിൽ രജിസ്ട്രേഷൻ കാലാവധി അവസാനിച്ച, ഉപയോഗിക്കാൻ സാധിക്കാത്ത 37 വാഹനങ്ങളുണ്ട്. ടി വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനപരിധിയിൽ തെരുവുനായ്ക്കളുടെ ശല്യം വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉണ്ട്. തെരുവുനായ്ക്കളുടെ പ്രജനനം തടയുന്നതിനുള്ള എ.ബി.സി. പദ്ധതി മൃഗാശുപത്രി

കേന്ദ്രീകരിച്ച് നടപ്പാക്കിവരുന്നു. ഒരു വർഷം ശരാശരി 1200 നായ്ക്കളെ എ.ബി.സി. സർജറിക്ക് വിധേയമാക്കാനുള്ള ഭൗതിക സാഹചര്യം ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ നായ്ക്കളെ എ.ബി.സി.-ക്ക് വിധേയമാക്കാൻ ടി ആശുപത്രിയിൽ മതിയായ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉദ്ദേശം 3 മാസംകൊണ്ട് നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നഗരസഭയുടെകീഴിൽ മറ്റൊരു സെന്ററിന്റെ നിർമ്മാണവും നടന്നുവരുന്നു. 2 എ.ബി.സി. സെന്ററുകളും പൂർണ്ണസജ്ജമായാൽ പ്രതിവർഷം 4000 നായ്ക്കളെ എ.ബി.സി.-ക്ക് വിധേയമാക്കുവാൻ സാധിക്കും. 2024-25 സാമ്പത്തിക വർഷം ശരാശരി 7110 നായ്ക്കളിൽ ആന്റി റാബീസ് വാക്സിൻ നൽകുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഓഫീസുകളിൽ ഉപയോഗശൂന്യമായ ഓഫീസ് ഉപകരണങ്ങൾ കൂട്ടിയിട്ടിരിക്കുന്നതുമൂലം ജീവനക്കാരും പൊതുജനങ്ങളും ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇല്ല. വിവിധ വകുപ്പുകളുടെ പരിധിയിൽ ഉപയോഗക്ഷമമല്ലാതെ കിടക്കുന്ന വാഹനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുവാൻ അതത് വകുപ്പുകൾക്ക് നിർദേശമുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3790, 3809, 3829, 3837, 3839, 3840, 3841, 3842, 3854, 3899, 3914, 3938, 3949, 3964, 3971 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

അനുബന്ധം II

സർക്കാർ മേഖലയിൽ കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കൽ സംബന്ധിച്ച് ശ്രീമതി സി. കെ. ആശ എം.എൽ.എ. ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരടക്കമുള്ള ഭിന്നശേഷിക്കാരെയും സമൂഹത്തിന്റെ പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളെയും ചേർത്തുപിടിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. The Rights of Persons With Disabilities Act, 2016 (RPWD Act)-ലെ വ്യവസ്ഥകൾ ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. ഭിന്നശേഷിക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ചുകൊണ്ടും RPWD ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായും വിവിധ തരത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി പുനരധിവാസം, ആരോഗ്യം, സ്വയംതൊഴിൽ, വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന പ്രീ-സ്കൂൾ തലത്തിൽത്തന്നെ കുട്ടികൾക്ക് അനുയോജ്യമായ പരിശീലനവും പരിചരണവും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്പെഷ്യൽ അങ്കണവാടികൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അക്കാദമിക പരിശീലനത്തോടൊപ്പം തെറാപ്പികൾ, നൈപുണ്യ വികസനം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ, റീജിയണൽ

ഓട്ടിസം റിഹാബിലിറ്റേഷൻ സെന്ററുകൾ, ചൈൽഡ് ഡെവലപ്മെന്റ് റിസർച്ച് സെന്റർ, ഓട്ടിസം സ്ക്രീനിംഗ്, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കൾക്കും ഡോക്ടർമാർക്കുമുള്ള വിദഗ്ധ പരിശീലനം, നൈപുണ്യവികസനം തുടങ്ങിയവ നടപ്പാക്കുന്ന സ്പെക്ട്രം (SPECTRUM) പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും കോഴിക്കോട് IMHANS-ലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഘട്ടംഘട്ടമായി എല്ലാ മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ പ്രത്യേകമായി ലഭ്യമാക്കുന്നതിനും ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച് സെന്റർ പ്രവർത്തിച്ചുവരുന്നു. കൂടാതെ നിഷിലും ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഉൾച്ചേർക്കൽ വിദ്യാഭ്യാസമെന്ന നയത്തിലൂന്നി ആരംഭിച്ച പദ്ധതികളിലൊന്നാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ. 84 സ്കൂളുകൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ ഇത്തരം കുട്ടികൾക്കുവേണ്ട സൗഹൃദാന്തരീക്ഷം ഉണ്ടാക്കുന്നതിനുപുറമേ വിവിധ പരിശീലനങ്ങൾ, തെറാപ്പി സൗകര്യം വർദ്ധിപ്പിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന എൻ.ജി.ഒ.-കളുടെ കീഴിലെ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ഡി.ഡി.ആർ.എസ്. ഗ്രാന്റ് ലഭിക്കുന്ന സ്കൂളുകൾ എന്നിവയ്ക്ക് 2019-20 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. 2023-24 വർഷത്തിൽ ഗ്രാന്റിനായി അപേക്ഷ സമർപ്പിച്ചതിൽ സർക്കാർ ഉത്തരവുകൾപ്രകാരം അർഹതയുള്ള 275 സ്കൂളുകൾക്ക് 44,91,00,610/- (നാല്പത്തിനാല് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അറുന്നൂറ്റി

പത്ത് രൂപ) സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജ് പദ്ധതിക്കായി 2024-25 വർഷം സർക്കാർ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജിനായി 288 സ്കൂളുകളുടെ അപേക്ഷകളാണ് എസ്.എസ്. പോർട്ടൽവഴി ലഭ്യമായിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പുകളുടെ കിഴിലുള്ള ബഡ്സ് സ്കൂളുകൾക്കും പാക്കേജിൽ തുക അനുവദിച്ചിട്ടുണ്ട്.

ഭിന്നശേഷി വിദ്യാർഥികളുടെ പഠനപിന്തുണയ്ക്കായി വിവിധ പരിപാടികൾ സമഗ്ര ശിക്ഷ കേരളം ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്.

1. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം
2. വെർച്വൽ ക്ലാസ്സ് മുറികൾ
3. ചങ്ങാതിക്കൂട്ടം
4. സ്പെഷ്യൽ കെയർ സെന്ററുകൾ
5. പർച്ചേസ്/ഡെവലപ്മെന്റ് ഓഫ് ഇൻസ്പെക്ഷണൽ മെറ്റീരിയൽസ്
6.അലവൻസുകൾ (എസ്കോർട്ട് അലവൻസ്, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, ട്രാൻസ്പോർട്ട് അലവൻസ്)
7. മെഡിക്കൽ ക്യാമ്പ്
8. സഹായ ഉപകരണങ്ങളുടെ വിതരണം
9. സ്പോർട്സ് & എക്സ്പോഷർ വിസിറ്റ്
10. തെറാപ്പി സേവനങ്ങൾ
11. പഠന സാമഗ്രികൾ വികസിപ്പിക്കൽ
12 ഓമെന്റേഷൻ ഓഫ് ഓട്ടിസം സെന്റേഴ്സ്
13. എൻവയോൺമെന്റ് ബിൽഡിംഗ് പ്രോഗ്രാം
14 ഹെൽപ്പർ/ആയ/അറ്റൻഡന്റ്
15. സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം
16. ഇൻസർവീസ് ട്രെയിനിംഗ് ഫോർ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്
17. റിസോഴ്സ് റൂമുകൾക്കാവശ്യമായ ഉപകരണങ്ങൾ

എസ്.സി.ഇ.ആർ.ടി. മുഖേനയും ഇത്തരം കുട്ടികളുടെ പഠനപിന്തുണയ്ക്കായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്. RPWD Act 2016 പ്രകാരം അംഗീകരിക്കപ്പെട്ട 21 ഭിന്നശേഷി വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളെ സ്കൂൾ തലത്തിൽ PRASHAST (പ്രശസ്ത്) സ്ക്രീനിങ് ടൂൾ ഉപയോഗിച്ച് സ്ക്രീൻ ചെയ്ത് കണ്ടെത്തുകയും അവർക്ക് വിവിധ തെറാപ്പികൾക്ക് സൗകര്യമൊരുക്കുകയും ചെയ്യുന്നു. ക്ലാസ് മുറികളിൽനിന്നും കുട്ടികൾക്ക് ലഭിക്കുന്ന പഠന

പ്രവർത്തനങ്ങൾ കൂടുതൽ അനുരൂപീകരണ സാധ്യതകൾ ഉൾപ്പെടുത്തി സ്പെഷ്യൽ കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. 1385 സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ബൗദ്ധിക ഭിന്നശേഷി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ 378 ബഡ്സ് സ്ഥാപനങ്ങൾ (166 ബഡ്സ് സ്കൂളുകളും 212 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെ 13081 പരിശീലനാർഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് പിന്തുണ ലഭിക്കുന്നു. ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 36 ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപ വീതം കുടുംബശ്രീ അനുവദിച്ചുനൽകിയിരുന്നു. ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപ വീതം 259 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി SCERT-യുമായി ചേർന്ന് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുകയും അതിൽ അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തു. ബഡ്സ് സ്ഥാപനങ്ങളിലെത്തുന്ന കുട്ടികൾക്കും അമ്മമാർക്കുമായി ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ലൈവ്‌ലിഹുഡ് പാക്കേജിൽ ഉൾപ്പെടുത്തി 230 സ്ഥാപനങ്ങളിൽ ഉപജീവന പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ അനുവദിച്ചുനൽകി. പരിശീലനം പൂർത്തീകരിച്ച് ഉൽപന്ന നിർമ്മാണം ആരംഭിച്ചു. കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സഞ്ജീവനി-അഗ്രിതെറാപ്പി എന്ന പേരിൽ പഴം/പച്ചക്കറി കൃഷി നടത്തുന്നു.

സാമൂഹ്യനീതി വകുപ്പിന്റേയും കോഴിക്കോട് സർവകലാശാലയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ബുദ്ധിവികാസ പരിമിതിയുള്ളവർക്കുവേണ്ടി കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് & റീഹാബിലിറ്റേഷൻ പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി നടപ്പാക്കിവരുന്നു. സ്പെഷ്യൽ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട 18 വയസ്സിൽ താഴെയുള്ള 20 ഭിന്നശേഷിക്കാർ വേണമെന്ന നിബന്ധന ഒഴിവാക്കുന്ന വിഷയം സർക്കാർ

പരിശോധിച്ചുവരികയാണ്. ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂരിൽ പ്രത്യാശാ ഭവൻ, കൊല്ലത്ത് പ്രിയാ ഹോം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്തിന്റെ മൂന്നുമേഖലകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുമെന്ന സർക്കാർ നയപ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. കേരളത്തിലെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള മുഴുവൻ വ്യക്തികൾക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സമഗ്ര ഇൻഷ്വറൻസ് നടപ്പാക്കിവരുന്നുണ്ട്. RPWD Act 2016 സെക്ഷൻ 34 (1) പ്രകാരം, നിലവിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിന് 1% തൊഴിൽ സംവരണം നടപ്പാക്കിവരുന്നുണ്ട്. 1600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ, തീവ്ര ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 600/- രൂപ നിരക്കിൽ നൽകൽ എന്നീ ആനുകൂല്യങ്ങളും സർക്കാർ ലഭ്യമാക്കിവരുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ വിഷയത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ഈ മേഖലയിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ആലോചിച്ചുവരുന്നു. ഇതിന് മാത്രമായി ഒരു കോടി രൂപ 2025-2026 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായി 4 കോടി (400 ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേനയും ഈ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്.

എല്ലാ രീതിയിലും ബൗദ്ധിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരടക്കമുള്ള എല്ലാ ഭിന്നശേഷിക്കാരെയും അരികുവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗം ജനതയെയും ചേർത്തുപിടിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

അനുബന്ധം III

റാന്നിയിലെ കർഷകർക്ക് പട്ടയം സംബന്ധിച്ച് ശ്രീ. പ്രമോദ് നാരായൺ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശം വച്ച് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്ന കർഷകർ ഉൾപ്പെടെയുള്ള ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്ന വിഷയം സർക്കാർ വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്. പട്ടയ വിഷയങ്ങൾക്ക് അതിന് അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഹാരം കാണുന്നതിനായി റാന്നി നിയോജകമണ്ഡലത്തിലെ ചുവടെപ്പറയുന്ന പട്ടയ വിഷയങ്ങൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടെ ചേർത്ത് സർക്കാർ പരിശോധിച്ചിട്ടുള്ളതും പട്ടയം നൽകുന്നതിനുള്ള പ്രശ്നപരിഹാരത്തിന് സാധ്യമായ നിർദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റാന്നി നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാനായി 17-01-2025-ന് റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് പൊന്തൻപുഴ പട്ടയപ്രശ്നം

ആദ്യഘട്ട ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയായപ്പോൾ പെരുമ്പെട്ടി വില്ലേജിൽ പട്ടയം ലഭിക്കാനുള്ള കൈവശങ്ങൾ വലിയകാവ് റിസർവിനും ജണ്ടയ്ക്കും പുറത്തായാണ് സ്ഥിതി ചെയ്യുന്നതെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. പെരുമ്പെട്ടി, അങ്ങാടി, ചേത്തക്കൽ എന്നീ വില്ലേജുകളിലായാണ് വലിയകാവ് റിസർവ് സ്ഥിതി ചെയ്യുന്നത്. പെരുമ്പെട്ടി വില്ലേജിൽ 540.4605 ഹെക്ടറും അങ്ങാടി വില്ലേജിൽ 213.94 ഹെക്ടറും ചേത്തക്കൽ വില്ലേജിൽ 10.1880 ഹെക്ടറും (മുൻ സർവെ 283/1 & റീസർവെ 174 മുതൽ 211 വരെ) വനഭൂമി

ഉൾപ്പെട്ടുവരുന്നതായാണ് ഡിജിറ്റൽ സർവെ പൂർത്തിയായപ്പോൾ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഫോറസ്റ്റ് നോട്ടിഫിക്കേഷൻ പ്രകാരം വലിയകാവ് റിസർവിന്റെ വിസ്തൃതി 1771 ഏക്കറാണ്. മൂന്ന് വില്ലേജുകളിലായി ഡിജിറ്റൽ സർവെയിൽ കണ്ടെത്തിയിട്ടുള്ള വനത്തിന്റെ വിസ്തൃതി 1889.29 ഏക്കറാണ്. ഇത് നോട്ടിഫിക്കേഷൻ പ്രകാരമുള്ള വന വിസ്തൃതിയേക്കാൾ വളരെ കൂടുതലാണ്. പെരുമ്പെട്ടി, ചേത്തക്കൽ വില്ലേജുകളിൽ 9(2) വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞു. പെരുമ്പെട്ടി വില്ലേജിൽ മാത്രം നിലവിൽ 747 കൈവശക്കാരുടെ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

മുൻ സർവെ 283/1-ൽ ഉൾപ്പെട്ട ഭൂമിയുടെ ഇനം സെറ്റിൽമെന്റ് രജിസ്റ്ററിൽ 'പുറമ്പോക്ക്' എന്നും റിമാർക്സ് കോളത്തിൽ 'റിസർവ്' എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജണ്ടയ്ക്കും റിസർവ് വനത്തിന്റെ വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന വിസ്തീർണ്ണത്തിനും അതിർത്തിക്കും പുറത്തുള്ളതും ബി.റ്റി.ആർ.-ലെ റിമാർക്സ് കോളത്തിൽ 'RF' (റിസർവ് വനം) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയുടെ ബി.റ്റി.ആർ.-ലെ 'RF' എന്ന റിമാർക്സ് കോളത്തിലെ രേഖപ്പെടുത്തൽ മാറ്റുന്നതിനും 13 നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പായി മുഴുവൻ കൈവശക്കാർക്കും പട്ടയം നൽകുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

<u>റാന്നി താലൂക്കിൽ അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി പട്ടയപ്രശ്നം</u>

സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 3430.69 ഏക്കർ ഭൂമിയുടെ ഇനം 'പുറമ്പോക്ക്' എന്നും റിമാർക്സിൽ 'റിസർവ്' എന്നും രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ഭൂമിക്ക് പട്ടയം അനുവദിക്കുന്ന വിഷയത്തിൽ വനം വകുപ്പ് എതിർപ്പ് അറിയിച്ചതിനെത്തുടർന്നാണ് പട്ടയ നടപടികൾ തടസ്സപ്പെട്ടിട്ടുള്ളത്. എന്നാൽ, ഈ ഭൂമി വനാതിർത്തി പങ്കിടാത്ത പ്രദേശമാണ്. നിലവിൽ പ്രസ്തുത സ്ഥലത്ത് ഡിജിറ്റൽ സർവെ നടപടി പൂർത്തീകരിച്ചിട്ടുള്ളതും 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും റിമാർക്സ് കോളത്തിൽ കൈവശങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ പ്രദേശത്ത് ഉൾപ്പെടുന്ന 24.0487 ഹെക്ടർ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) 27193/17 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസിലെ 07-11-2024-ലെ

ഉത്തരവിൽ ഭൂമി 6 മാസത്തിനുള്ളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി അടിയന്തരമായി തുടർനടപടികൾ പൂർത്തീകരിക്കുന്നതിന് നിർദേശം നൽകി ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ, 17-01-2025-ന് നടന്ന യോഗത്തിൽ ടി വിഷയം ചർച്ച ചെയ്യുകയും പരാമർശ ഭൂമി ജണ്ടയ്ക്ക് പുറത്തായതിനാൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്യാനും വനാതിർത്തി പങ്കിടാത്ത പ്രദേശമായതിനാലും നിലവിൽ വനം വകുപ്പ് തടസ്സങ്ങൾ ഉന്നയിക്കാത്തതിനാലും ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്യാനും വനാതിർത്തി ഉന്നയിക്കാത്തതിനാലും പട്ടയ നടപടികളുമായി മുന്നോട്ടുപോകാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

<u>റാന്നി താലൂക്കിൽ ചേത്തയ്ക്കൽ വില്ലേജിലെ വലിയപതാൽ ഉന്നതിയിലെ പട്ടയപ്രശ്നം</u>

റാന്നി താലൂക്കിൽ ചേത്തക്കൽ വില്ലേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹിന്ദു-മലവേട സമുദായക്കാരായ 38 കുടുംബങ്ങൾക്ക് 2 ഏക്കർ വീതം ആകെ 76 ഏക്കർ ഭൂമി അനുവദിച്ച പ്രദേശമാണ് വലിയപതാൽ ഗിരിവർഗ്ഗ ഉന്നതി. 1968-ൽ ഭൂമി അനുവദിക്കുകയും 1974-ൽ 12 കുടുംബങ്ങൾക്ക് പട്ടയം നൽകി ടിയാൾക്കാർ കരം ഒടുക്കിയിട്ടുള്ളതുമാണ്. ശേഷിച്ച 26 കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനുമുമ്പുതന്നെ മറ്റ് ഇതര സമുദായക്കാർക്ക് ഭൂമി കൈമാറി ടി സ്ഥലം വിട്ടുപോയിട്ടുള്ളതാണ്. നിലവിൽ ടി ഭൂമിയിൽ 298 കൈവശക്കാരുള്ളതിൽ 56 കുടുംബങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുന്നവരാണ്. ഒരിക്കൽ പട്ടയം അനുവദിച്ച ഭൂമിക്ക് വീണ്ടും പട്ടയം അനുവദിക്കുന്നതിനെ സംബന്ധിച്ചും പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച ഭൂമി മറ്റിതര വിഭാഗക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ചും നിലനിന്നിരുന്ന നിയമപ്രശ്നം 17-01-2025-ന് നടന്ന യോഗത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. Kerala Restriction on Transfer by and Restoration of Lands to Scheduled Tribes Act, 1999-ലെ സെക്ഷൻ (5) പ്രകാരം 01-01-1960-നും 24-01-1986-നും ഇടയിൽ നടന്ന 2 ഹെക്ടർ വരെയുള്ള ഭൂമി കൈമാറ്റങ്ങൾ സാധുവാണെന്നതിനാൽ റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്,

വൈദ്യുതി ബില്ലുകൾ, വോട്ടർ ഐ.ഡി. മുതലായ രേഖകൾ പരിശോധിച്ച് പട്ടികവർഗ്ഗക്കാർ അല്ലാതെയുള്ള മറ്റ് കൈവശക്കാർക്ക് ഭൂമി കൈവശം വന്നത് 01-01-1960-നും 24-01-1986-നും ഇടയിലാണോയെന്ന് കണ്ടെത്തി അർഹത പരിശോധിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ 'ടൈബൽ സെറ്റിൽമെന്റ്' എന്നുള്ള രേഖപ്പെടുത്തലുകളൊന്നും തന്നെ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.റ്റി. ആക്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും 02-06-2020-ലെ സ.ഉ.(സാധാ)നം.2020/2020/ആർ.ഡി., 04-11-2023-ലെ സ.ഉ.(സാധാ) നം.3966/2023/ആർ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ, 02-02-2024-ലെ REV-A3/404/2018 നമ്പർ സർക്കാർ കത്ത് എന്നിവയിൽ പ്രസ്താവിച്ചിരിക്കുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പട്ടയ നടപടികൾ ആരംഭിക്കും.

<u>റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിലെ എക്സ്-സർവ്വീസ് മെൻ ഉന്നതിയിലെ പട്ടയപ്രശ്നം</u>

വെച്ചൂച്ചിറ എക്സ്-സർവീസ്മെൻ ഉന്നതിക്കായി സർക്കാർ അനുവദിച്ചിട്ടുള്ള 1500 ഏക്കർ ഭൂമിയിൽനിന്നും പട്ടയം കൊടുത്തത് കഴിച്ചുള്ള 300 ഏക്കർ ഭൂമിയിലെ 189.76 ഏക്കർ ഭൂമിയിലാണ് നിലവിൽ കൈവശങ്ങളുള്ളത്. ഉന്നതി നിവാസികളിൽനിന്നും കരാർ ഉടമ്പടി പ്രകാരം ഭൂമി കൈമാറി വാങ്ങിയ എക്സ്-സർവീസ്മെൻ അല്ലാത്തവരായ കൈവശ കക്ഷികളും പ്രസ്തുത പ്രദേശത്ത് താമസിച്ചുവരുന്നു. ഏകദേശം 400-ന് മുകളിൽ കൈവശങ്ങൾ നിലവിലുണ്ട്. നിലവിലെ കൈവശക്കാരിൽ എക്സ്-സർവീസ്മെൻ അല്ലാത്തവരും ഉള്ളതിനാൽ, നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് പട്ടയം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

<u>റാന്നി താലൂക്കിലെ ടൈബൽ സെറ്റിൽമെന്റുകളിലെ (പരുവ, മണക്കയം, കുറുമ്പൻമൂഴി, കക്കുടുക്ക, മണ്ണടിശ്ശാല, ഒളികല്ല്, അരയാഞ്ഞിലിമൺ, അടിച്ചിപ്പുഴ, കടുമീൻച്ചിറ, കുടമുരുട്ടി) പട്ടയപ്രശ്നം</u>

റാന്നി താലൂക്കിലെ പരുവ, മണക്കയം, കുറുമ്പൻമൂഴി, കക്കുടുക്ക, മണ്ണടിശ്ശാല, ഒളികല്ല്,

അരയാഞ്ഞിലിമൺ, അടിച്ചിപ്പുഴ, കടുമീൻച്ചിറ, കുടമുരുട്ടി ടൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ പ്രശ്നം

02-06-2020-ലെ സ.ഉ. (സാധാ)നം.2020/2020/ആർ.ഡി, 04-11-2023-ലെ സ.ഉ. (സാധാ)നം.3966/2023/ആർ.ഡി. ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഹരിക്കും. സെറ്റിൽമെന്റ് രജിസ്റ്ററിൽ ഭൂമിയുടെ ഇനം 'പുറമ്പോക്ക്' എന്നും റിമാർക്സ് കോളത്തിൽ 'വനം' എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ, അത്തരം പ്രദേശങ്ങളിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിനായാണ് മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിലെ മുക്കുഴി, ചേത്തയ്ക്കൽ വില്ലേജിലെ അരയൻപാറ പ്രദേശങ്ങളിലെ പട്ടയപ്രശ്നം

ഒരിക്കൽ മിച്ചഭൂമി പട്ടയം അനുവദിച്ച ടി പ്രദേശങ്ങളിൽ വീണ്ടും പട്ടയം അനുവദിക്കുന്നതിനും ഏത് ചട്ടം പ്രകാരം പട്ടയം അനുവദിക്കണമെന്നതും സംബന്ധിച്ച് സർക്കാരിൽനിന്നും സ്പഷ്ടീകരണം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കാൻ റാന്നി നിയോജകമണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 17-01-2025-ന് നടന്ന യോഗത്തിൽ തീരുമാനമായിട്ടുള്ളതാണ്.

റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിലെ വലിയകുളം പ്രദേശത്തെ പട്ടയപ്രശ്നം

വില്ലേജ് രേഖകൾ പ്രകാരം സ്വകാര്യ വ്യക്തിയുടെ പേരിലുള്ള ടി ഭൂമി വെള്ളപ്പൊക്ക ബാധിതർക്കും ഭൂരഹിതരായ ആളുകളെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി കേരള ഗവർണ്ണറുടെ പേരിൽ വിലയ്ക്ക് വാങ്ങിയിട്ടുള്ളതാണ്. സ്ഥലപരിശോധന നടത്തി പട്ടയം ലഭിച്ച് കരം അടയ്ക്കുന്നവരുടെ വിസ്തീർണ്ണം കണക്കാക്കി, ബാക്കിയുള്ള സ്ഥലം പുറമ്പോക്കിലേക്ക് മാറ്റിയിട്ടുള്ളതും കൈവശ കക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

റാന്നി താലൂക്കിൽ പെരുനാട് വില്ലേജിലെ കണ്ണന്നുമൺ പ്രദേശത്തെ പട്ടയപ്രശ്നം

പെരുനാട് വില്ലേജിൽ സർവെ 900/1-ൽ ഉൾപ്പെട്ട 13.19 ഏക്കർ പ്രദേശം സെറ്റിൽമെന്റ്

രജിസ്റ്റർ പ്രകാരം തോട് പുറമ്പോക്കിൽ ഉൾപ്പെട്ടതാണ്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട് വന്നിട്ടില്ലാത്തതിനാൽ, തോടുമായി അതിർത്തി പങ്കിടുന്ന കൈവശ ഭൂമി തോട്ടിൽനിന്നും 4 മീറ്റർ മാറ്റി കേരള ഭൂമി പതിവ് ചട്ടം 1964 സെക്ഷൻ 11(2)(v) പ്രകാരം കൈവശകക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നു.

വനഭൂമി പട്ടയം

പത്തനംതിട്ട ജില്ലയിലെ കുടിയേറ്റ കർഷകർ കൃഷി ചെയ്ത് ജീവിച്ചുവരുന്നതും എന്നാൽ ഡിസ്-റിസർവ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാത്തതും വനത്തിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതുമായ പ്രദേശങ്ങളിൽ ഭൂമി കൈവശം വച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനായി കോന്നി, റാന്നി, മല്ലപ്പള്ളി എന്നീ താലൂക്കുകളിൽ നിന്നായി ആകെ 1970.04 ഹെക്ടർ വനഭൂമി പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിക്കായി പരിവേഷ് പോർട്ടൽ മുഖേന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. അതിൽ റാന്നി താലൂക്കിലെ കൊല്ലമുള, പെരുനാട്, വടശ്ശേരിക്കര, അത്തിക്കയം എന്നീ വില്ലേജുകളിലും മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലുമായി ആകെ 1038 കൈവശങ്ങളും 327.8737 ഹെക്ടർ വിസ്തീർണ്ണവും ഉൾപ്പെട്ടുവരുന്നു. പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കൈവശക്കാരുടെ 1977-നുമുമ്പുള്ള കൈയേറ്റം തെളിയിക്കുന്നതിനുള്ള രേഖകൾ, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം ഇതിലേയ്ക്കായുള്ള നടപടിക്രമം, മാനദണ്ഡങ്ങൾ എന്നിവകൂടി സമർപ്പിക്കാൻ കേന്ദ്ര പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിരുന്നതും ആയതുപ്രകാരം 1977-നുമുമ്പുള്ള കൈയേറ്റമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഭൂമിയിൽ കുടിയേറ്റം നടത്തി കൈവശം വച്ചിരുന്ന ഭൂരിഭാഗം ആളുകളും വിദ്യാഭ്യാസം ചെയ്തിട്ടില്ലാത്തവരാണെന്ന് കണ്ടെത്തിയിട്ടുള്ളതും 01-01-1977-നുമുമ്പുള്ള ലഭ്യമായ സ്കൂൾ രേഖകളും മറ്റ് അനുബന്ധരേഖകളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് 15-10-2024-ന് ജില്ലാ കളക്ടർ നല്കിയിട്ടുള്ളതുമാണ്. ടി വിഷയത്തിൽ കേന്ദ്ര

സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.